803934

# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


വാല്യം 1

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

വാല്യം 2

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

വാല്യം 3

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

വാല്യം 4

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

വാല്യം 5

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

വാല്യം 6

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

വാല്യം 7

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

വാല്യം 8

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

വാല്യം 9

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

വാല്യം 10

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

വാല്യം 11

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

വാല്യം 12

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

5

### വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

### വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

### വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

### വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

### വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

### വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

### വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

### വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

### വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

### വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

### വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

### വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

### വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

### വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

### വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

| വാല്യം 43 |
|---|

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

| വാല്യം 44 |
|---|

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

| വാല്യം 45 |
|---|

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

| വാല്യം 46 |
|---|

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

| വാല്യം 47 |
|---|

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

| വാല്യം 48 |
|---|

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

| വാല്യം 49 |
|---|

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

| വാല്യം 50 |
|---|

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

| വാല്യം 51 |
|---|

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

| വാല്യം 52 |
|---|

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

| വാല്യം 53 |
|---|

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

| വാല്യം 54 |
|---|

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

| വാല്യം 55 |
|---|

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

| വാല്യം 56 |
|---|

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| വാല്യം 57 |
|---|

### കാഞ്ഞിരപ്പള്ളി ബ്ലോക്ക്
*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| വാല്യം 58 |
|---|

### അടിമാലി ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| വാല്യം 59 |
|---|

### ദേവികുളം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| വാല്യം 60 |
|---|

### നെടുംകണ്ടം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| വാല്യം 61 |
|---|

### ഇളംദേശം ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| വാല്യം 62 |
|---|

### ഇടുക്കി ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| വാല്യം 63 |
|---|

### കട്ടപ്പന ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| വാല്യം 64 |
|---|

### തൊടുപുഴ ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| വാല്യം 65 |
|---|

### അഴുത ബ്ലോക്ക്
*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| വാല്യം 66 |
|---|

### പറവൂർ ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| വാല്യം 67 |
|---|

### ആലങ്ങാട് ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| വാല്യം 68 |
|---|

### അങ്കമാലി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| വാല്യം 69 |
|---|

### കൂവപ്പടി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

| വാല്യം 70 |
|---|

### വാഴക്കുളം ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| വാല്യം 71 |
|---|

### ഇടപ്പള്ളി ബ്ലോക്ക്
*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

| വാല്യം 72 |
|---|

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

| വാല്യം 73 |
|---|

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

| വാല്യം 74 |
|---|

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

| വാല്യം 75 |
|---|

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

| വാല്യം 76 |
|---|

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

| വാല്യം 77 |
|---|

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

| വാല്യം 78 |
|---|

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

| വാല്യം 79 |
|---|

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

| വാല്യം 80 |
|---|

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

| വാല്യം 81 |
|---|

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

| വാല്യം 82 |
|---|

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

| വാല്യം 83 |
|---|

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

| വാല്യം 84 |
|---|

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

12

| വാല്യം 128 |
|---|

## തോടന്നൂർ ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

| വാല്യം 129 |
|---|

## മേലടി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

| വാല്യം 130 |
|---|

## പേരാമ്പ്ര ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

| വാല്യം 131 |
|---|

## ബാലുശ്ശേരി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

| വാല്യം 132 |
|---|

## പന്തലായിനി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

| വാല്യം 133 |
|---|

## ചേളന്നൂർ ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

| വാല്യം 134 |
|---|

## കൊടുവള്ളി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

| വാല്യം 135 |
|---|

## കുന്നമംഗലം ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

| വാല്യം 136 |
|---|

## കോഴിക്കോട് ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

| വാല്യം 137 |
|---|

## മാനന്തവാടി ബ്ലോക്ക്
*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

| വാല്യം 138 |
|---|

## സുൽത്താൻ ബത്തേരി ബ്ലോക്ക്
*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

| വാല്യം 139 |
|---|

## കൽപറ്റ ബ്ലോക്ക്
*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

| വാല്യം 140 |
|---|

## പയ്യന്നൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

| വാല്യം 141 |
|---|

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

| വാല്യം 142 |
|---|

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

| വാല്യം 143 |
|---|

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

| വാല്യം 144 |
|---|

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

| വാല്യം 145 |
|---|

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

| വാല്യം 146 |
|---|

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

| വാല്യം 147 |
|---|

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

| വാല്യം 148 |
|---|

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

| വാല്യം 149 |
|---|

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

| വാല്യം 150 |
|---|

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

| വാല്യം 151 |
|---|

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

| വാല്യം 152 |
|---|

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനംതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്



## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

പി.ഒ. പുത്തൻവേലി.

# വികസനറിപ്പോർട്ട്

അധികാരം ജനങ്ങളിലേയ്ക്ക്

ജനകീയാസൂത്രണ പ്രസ്ഥാനം

# പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്
# വികസനറിപ്പോർട്ട്.

**വികസന സെമിനാർ 23-11-1996**
**പുത്തൻ വേലിക്കര P.S.M.L.P.S.**

## താളുകൾ മറിക്കുമ്പോൾ.......

പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

ഒരു വാക്ക്.

തിരിഞ്ഞുനോക്കുമ്പോൾ

ഭൂപ്രകൃതിവിഭവങ്ങൾ

വികസന മേഖലകൾ

1) കൃഷിയും ജലസേചനവും

2) മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

3) വിദ്യാഭ്യാസം

4) കുടിവെള്ളവും പൊതുജനാരോഗ്യവും.

5) വ്യവസായം

6) ഗതാഗതവും ഉർജ്ജവും.

7) പാർപ്പിടവും സാമൂഹ്യ ക്ഷേമവും


8) സംസ്കാരം

9) വനിത

10) സഹകരണം

11) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

12) വിഭവസമാഹരണം.



പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്
പ്രധാന റോഡുകൾ
N
W
E
S
മേത്തല പഞ്ചായത്ത്.
കോട്ടപ്പുറം കായൽ.
പൊയ്യ പഞ്ചായത്ത്.
മാളവന.
പെരിയാർ.
ചേന്ദമംഗലം പഞ്ചായത്ത്.

# പുത്തൻവേലിക്കര പഞ്ചായത്ത് വികസന റിപ്പോർട്ട്.

## പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| 1. പേര്. | - | പുത്തൻവേലിക്കര |
| 2. വിസ്തീർണ്ണം | - | 19.87 ച. കിലോമീറ്റർ. |
| 3. ജനസംഖ്യ | - | 25615 (91 സെൻസസ്) |
| 4. വില്ലേജ് | - | പുത്തൻവേലിക്കര |
| 5. ബ്ലോക്ക് | - | പാറക്കടവ് |
| 6. താലൂക്ക് | - | പറവൂർ |
| 7. ജില്ല | - | എറണാകുളം |
| 8. അസംബ്ലി നിയോജകമണ്ഡലം | - | വടക്കേക്കര |
| 9. പാർലമെന്റ് നിയോജകമണ്ഡലം | - | മുകുന്ദപുരം |
| 10. അതിരുകൾ | - | വടക്ക് - പൊയ്യ, കുഴൂർ പഞ്ചായത്തുകൾ<br>തെക്ക് - കരുമല്ലൂർ, ചേന്ദമംഗലം പഞ്ചായത്തുകൾ<br>കിഴക്ക് - കുന്നുകര പഞ്ചായത്ത്<br>പടിഞ്ഞാറ് - കോട്ടപ്പുറം കായൽ |
| 11. സാക്ഷരത | - | 93.2% |
| 12. പ്രതിവർഷ വരുമാനം | - | 23,54,285 രൂപ. |
| 13. ജനസാന്ദ്രത | - | 1289/സ്ക്വയർ കി.മി. |
| 14. ജനന നിരക്ക് | - | 14 |
| 15. വാർഡുകൾ | - | 11. |
| 16. സ്ത്രീ പുരുഷാനുപാതം | - | 1000 പുരുഷന്മാർക്ക് 1049 സ്ത്രീകൾ |
| 17. വിദ്യാലയങ്ങൾ | - | പ്രൈമറി സ്കൂൾ - 5, ഹൈസ്കൂൾ - 2, കോളേജ് - ഇല്ല,<br>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ - ഇല്ല |
| 18. ആരോഗ്യകേന്ദ്രങ്ങൾ | - | ഗവ. ആശുപത്രി - 1<br>സ്വകാര്യ ആശുപത്രി - 2<br>ഹെൽത്ത് സെന്റർ - 4 |
| 19. ഗ്രന്ഥശാലകൾ | - | ഒന്ന് |

20. മതങ്ങൾ - ഹിന്ദുമതം, ക്രിസ്തുമതം

21. ഇപ്പോഴത്തെ പ്രസിഡന്റ് - ശ്രീമതി ഷീല തോമസ്സ്.

22. ഇപ്പോഴത്തെ വൈസ് പ്രസിഡന്റ് - ശ്രീ. എൻ.ജി. ശശിധരൻ

1950ൽ ഭാരതത്തിന് പരമാധികാര രാഷ്ട്ര പദവി ലഭിച്ചതിനെ തുടർന്ന് ഭരണഘടനാനുസരണം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ 1953 മുതൽ നിലവിൽ വന്നു. അന്നു മുതൽ ഭരണസാരഥ്യം വഹിച്ചിരുന്നവർ താഴെപ്പറയുന്നവരാണ്.

| കാലം | പ്രസിഡന്റ് |
|---|---|
| 1953 - '57 | ശ്രീ. പി.സി ദേവസ്സി. |
| 1957 - '63 | ശ്രീ. പി.ജി. മേനോൻ |
| 1963 - '79 | ശ്രീ. ഒ.എൻ.ജി. പണിക്കർ |
| 1979 - '84 | ശ്രീ. പി.കെ സുബ്രഹ്മണ്യൻ |
| 1984 - '87 | ഉദ്യോഗസ്ഥ ഭരണം. |
| 1987 - '94 | ശ്രീ. വി.കെ. വർക്കി. |
| 1995 | ശ്രീമതി ഷീല തോമസ്സ്. |

ഭരണഘടനക്കനുസൃതമായി നിലവിൽ വന്ന പഞ്ചായത്തുകൾക്ക് മുമ്പ് ഈ ഗ്രാമഭരണം വില്ലേജ് യൂണിയനുകളാണ് നിർവ്വഹിച്ചിരുന്നത്. പ്രസ്തുത യൂണിയനുകളാവട്ടെ, മേൽത്തട്ടിൽ നിന്ന് അടിച്ചേൽപ്പിക്കപ്പെട്ടവയായിരുന്നു. അവസാനത്തെ യൂണിയന്റെ പ്രസിഡന്റ് എ.ജി.മേനോൻ എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ശ്രീ. അമ്പാടത്ത് ഗോവിന്ദ മേനോൻ ആയിരുന്നു.

1994 - '95 കാലത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ ഭരണമായിരുന്നു.

# ഒരു വാക്ക്......

"ദീപങ്ങളൊക്കെക്കെടുത്തി നാം പ്രാർത്ഥിപ്പൂ ദീപമേ നയിച്ചാലും" എന്ന കവിവാക്യത്തിലെ കറുത്ത നൈരാശ്യത്തിന് അറുതി വരുത്തിക്കൊണ്ട് ഒരു പുതിയ ദീപശിഖയുമായി നാം പ്രയാണമാരംഭിക്കുകയാണ്. ആ പുതിയ ദീപശിഖയാകട്ടെ 1948 ന് മുമ്പ് നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി കൊളുത്തിയതുമാണ്. തന്റെ ശിഷ്യരും അനുയായികളുമടങ്ങിയ ആദ്യ മന്ത്രി സഭാംഗങ്ങളുടെ നേരെ വിരൽ ചൂണ്ടി അദ്ദേഹം ചോദിച്ചു : 'ഭാരതത്തിലെ ലക്ഷക്കണക്കിന് ഗ്രാമങ്ങളുടെ ഭാഗധേയം ദൽഹിയിലിരുന്നു കൊണ്ട് നിങ്ങൾ ഏതാനും പേരാണോ നിർണ്ണയിക്കാൻ പോകുന്നത്? ' എന്ന്. ദൗർഭാഗ്യവശാൽ ആ ചോദ്യം ഉത്തരമില്ലാത്തതായി കിടന്നു; എട്ടു പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞു; കേന്ദ്രീകൃത ആസൂത്രണം മുറയ്ക്കു നടന്നു; ശരീരത്തിൽ അവിടിവിടെ മുഴകൾ ഉണ്ടാകുന്നതുപോലെ അവിടെയും ഇവിടെയും അല്പം വികസനം നടന്നു; കൊടുങ്ങല്ലൂർ കാവിലെ പഴമേറു പോലെ പദ്ധതി വിഹിതം ഭാഗിയ്ക്കപ്പെട്ടു. എല്ലാം ശുഭം. ദുർബ്ബലൻ കൂടുതൽ ദുർബ്ബലനായി, ഗ്രാമവാസി ഭരണത്തിന്റെ ദന്തഗോപുരത്തിൽ നിന്ന് ബഹുദൂരം അകറ്റി നിർത്തപ്പെട്ടു.

പദ്ധതി ആസൂത്രണത്തിലെ അപാകതകൾ ഈ അസമത്വ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. അവയിൽ മുഖ്യമായിട്ടുള്ളത് ഡിപ്പാർട്ടുമെന്റലിസവും ഉദ്യോഗസ്ഥ മേധാവിത്വവും വിഭവ പരിമിതികണക്കിലെടുക്കാതെ നിരവധി പദ്ധതികൾ ഒരേ സമയം ഏറ്റെടുത്തതുമാണ്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലൂടെ – ജനപങ്കാളിത്തം, സന്നദ്ധ പ്രവർത്തനം വിദഗ്ധരുടെ പങ്കാളത്തം, ഉദ്യോഗസ്ഥ പങ്കാളിത്തം – എന്നിവ ഉറപ്പാക്കി ഈ പോരായ്മകൾ പരിഹരിക്കാൻ കഴിയും. നമ്മുടെ ഭരണഘടനയുടെ 73ാം ഭേദഗതിയിലൂടെ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പങ്കാളിത്തം ഉറപ്പു നൽകുന്നു. ഈ അധികാരം ഉപയോഗിച്ചുകൊണ്ട് തങ്ങളിൽ അർപ്പിതമായ നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് കേരളത്തിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുകന്നതിന് വേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടിട്ടുള്ളത്. ഒമ്പതാം പദ്ധതിയുടെ അടങ്കൽത്തുകയുടെ 3540% തുകയ്ക്ക് വരുന്ന സ്കീമുകൾ ജനപങ്കാളിത്തത്തടെ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി രൂപപ്പെടുത്തി നടത്തുന്ന പരിശീലനം, പ്രചാരണം, സന്നദ്ധ സേവനം മുതലായ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും ജനകീയാസൂത്രണം ലക്ഷ്യമിടുന്നു. ഒമ്പതാം പദ്ധതി – വികേന്ദ്രീകരണവും ജനപങ്കാളിത്തവും – ബഹുജനപ്രസ്ഥാനം ' എന്ന സർക്കാർ വിജ്ഞാപന പ്രകാരമാണ് ജനകീയാസൂത്രണ പിരപാടി സംസ്ഥാന ആസൂത്രണ ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സ്വയം ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സമിതികളാണ് ഈ പ്രവർത്തനങ്ങൾ നടത്തുക. അവയെ സഹായിക്കുന്ന ചുമതലയാണ് പരിശീലകർ ഏറ്റെടുത്തിട്ടുള്ളത്.

22

**ജനകീയ ആസൂത്രണ പരിപാടിയെ അഞ്ചു ഘട്ടങ്ങളായി തിരിക്കാം.**

1. ഗ്രാമ സഭകൾ – ഓരോ വാർഡിലേയും വികസന പ്രശ്നങ്ങൾ തിട്ടപ്പെടുത്തുക.
2. വികസന സെമിനാർ – വികസന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു.
3. കർമ്മ സമിതിയുടെ പ്രവർത്തനം – വികസന സെമിനാറിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻകഴിയുന്ന വിധം സ്കീം പ്രൊപ്പോസലുകൾ തയ്യാറാക്കുന്നു.
4. പദ്ധതിയ്ക്ക് രൂപം നൽകൽ – വികസന സ്കീമുകളിൽ നിന്ന് ആസൂത്രണ ബോർഡിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം പഞ്ചായത്ത് പദ്ധതികൾക്ക് രൂപം നൽകുന്നു.
5. പഞ്ചായത്ത് തല പദ്ധതികളെ ബ്ലോക്കടിസ്ഥാനത്തിലും, ജില്ലാടിസ്ഥാനത്തിലും, സംസ്ഥാനാടിസ്ഥാനത്തിലും സംയോജിപ്പിക്കൽ.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരിക ഉദ്ഘാടനം 1996 ആഗസ്റ്റ് 17ന് തിരുവനന്തപുരത്ത് വെച്ച് നടന്നു. തുടർന്ന് സംസ്ഥാന ജില്ലാ ക്യാമ്പുകളും, സെപ്തംബർ 5, 6, 7, തീയതകളിൽ ആലുവ ഫെല്ലോഷിപ്പ് ഹാളിൽ നടന്ന ജില്ലാ തല ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധാനം ചെയ്ത് താഴെ പറയുന്നവർ പങ്കെടുത്തു.

സർവ്വ ശ്രീ
1. സുലേഖ ശശിധരൻ
2. ഡേവിസ് പനയ്ക്കൽ
3. ഷില തോമസ്സ്
4. കെ. പരമു മാസ്റ്റർ
5. പി.ഒ. വർഗ്ഗീസ്
6. എ.എസ്. സദാശിവൻ
7. കെ.കെ. സേവ്യർ
8. പി.ജെ ഫ്രാൻസിസ്
9. എം.കെ. സുബ്രഹ്മണ്യൻ
10. വി.എസ്. ജയിൽലാൽ
11. കെ.ടി ആന്റണി.

ജില്ലാതല പരിശീലനത്തിനു ശേഷം 1491996 ൽ പഞ്ചായത്തു തല പരിശീലനക്യാമ്പു നടക്കുകയും ദ്വിതീയ വിവരശേഖരണവും ഗ്രാമസഭാ സമ്മേളനവും നടത്തുന്നതിന് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. സെപ്തംബർ 21 മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ പുത്തൻവേലിക്കര പഞ്ചായത്തിലെ 11 ഗ്രാമസഭകൾ നടക്കുകയുണ്ടായി. ഗ്രാമസഭകളുടെ ജനപങ്കാളിത്തം താഴെ കാണിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

| വാർഡ് | ആകെ പങ്കെടുത്തവർ | പുരുഷൻ | സ്ത്രീ |
|---|---|---|---|
| I | 138 | 93 | 45 |
| II | 136 | 84 | 52 |
| III | 118 | 55 | 63 |
| IV | 96 | 76 | 20 |
| V | 82 | 65 | 17 |
| VI | 120 | 77 | 43 |
| VII | 118 | 85 | 33 |
| VIII | 153 | 116 | 37 |
| IX | 411 | 281 | 130 |
| X | 167 | 146 | 21 |
| XI | 216 | 149 | 67 |

അഭൂതപൂർവ്വമായ ആവേശത്തോടെ ജനങ്ങൾ പങ്കെടുത്ത ഗ്രാമസഭകളിൽ വിവിധ മേഖലകളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടക്കുകയുണ്ടായി. 'ഒന്നും നടക്കില്ല' എന്ന നിരാശാബോധത്തിൽ നിന്ന് ചിലതെല്ലാം നടക്കുമെന്ന ധാരണ ഗ്രമീണരിൽ ഉണ്ടാക്കിയെടുക്കാൻ ഈ ഗ്രാമസഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. ചർച്ചയുടെ ഫലങ്ങൾ ക്രോഡീകരിച്ച് ഗ്രാമസഭാ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ആകാവുന്നത്ര സ്ഥിതിവിവരക്കണക്കുകൾ ശേഖരിയ്ക്കയും ചെയ്തതോടെ പ്രഥമഘട്ട പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീണു.

അധികം വൈകാതെ തന്നെ രണ്ടാം ഘട്ട പരിപാടിയുടെ ആഗമനമായി. 1996 ഒക്ടോബർ 14 മുതൽ 21 വരെ നടന്ന സംസ്ഥാന പരിശീലന ക്യാമ്പുകളും തുടർന്ന് ബ്ലോക്കുതലത്തിൽ ജില്ലാ പരിശീലനവും നടക്കുകയുണ്ടായി. പ്രാഥമിക ജില്ലാതല പരിശീലനത്തിൽ പങ്കെടുത്ത സർവ്വശ്രീ കെ.പരമു മാസ്റ്ററും, പി.ഒ.വർഗ്ഗീസും സംസ്ഥാനതല പരിശീലകരായി ഉയർത്തപ്പെട്ടതിനെ തുടർന്ന് സർവ്വശ്രീ. സി.എ. പ്രദീപ്, എം.പി.ഷാജൻ എന്നിവരെ

കൂടി ജില്ലാ തല പരിശീലനത്തിൽ പങ്കെടുപ്പിച്ചു. പാറക്കടവു ബ്ലോക്കിൽ ഒക്ടോബർ 23, 24, 25 തീയതികളിൽ നടന്ന ജില്ലാ തല പരിശീലനത്തിനു ശേഷം 2-11- 96ൽ പഞ്ചായത്തുതല ശിൽപ്പശാല നടത്തി. പ്രസ്തുത ശില്പശാലയിൽ കൃഷി ഓഫീസർ, പഞ്ചായത്തു സെക്രട്ടറി, VEO, ഹെൽത്ത് അസിസ്റ്റന്റ് മാർ തുടങ്ങിയ ഉദ്യോഗസ്ഥർ പങ്കെടുത്തു. ദ്വിതീയ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം പൂർണ്ണമാക്കുകയും വികസന റപ്പോർട്ടിനു രൂപം കൊടുക്കുക, വികസന സെമിനാർ നടത്തുക തടങ്ങിയ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർണ്ണമാക്കുന്നതിനുള്ള രൂപരേഖ ഉണ്ടാക്കലായിരുന്നു, ശിൽപ്പശാലയുടെ ഉദ്ദേശ്യം. 30-10-96 ൽ പഞ്ചായത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നടത്തിയ പഠന പര്യടനം ഏറെ ശ്രദ്ധേയവും പഞ്ചായത്തിനെ നേരിട്ട് മനസ്സിലാക്കാൻ സഹായകമായ പ്രാഥമിക വിവരശേഖരവുമായിരുന്നു. മേൽപ്പറഞ്ഞ ജില്ലാതല പരിശീലകരെ കൂടാതെ ഏതാണ്ട് 55 പ്രദേശികതല പരിശീലകരും (LRPമാർ) ഈ പ്രവർത്തകരിൽ വ്യാപൃതരായി.

പഠനപര്യടനം, ലഭ്യമായ ദ്വിതീയ വിവരങ്ങൾ കാരണവന്മാരുമായി നടത്തിയ സംഭാഷണങ്ങൾ കിട്ടാവുന്നത്ര ഗ്രന്ഥരേഖകൾ എന്നിവ വിശകലനം ചെയ്താണ് ജനകീയാസൂത്രണത്തിന്റെ നാഴികക്കല്ലായ ഈ വികസന റിപ്പോർട്ട് പൂർണ്ണമാക്കിയത്. വികസന സെമിനാറിലെ സൃഷ്ടി പരമായി ഉയരേണ്ട പ്രശ്നപഠനങ്ങൾക്കും പരിഹാരനിർദ്ദേശങ്ങൾക്കും ഒരു കൈവിളക്കായിത്തീരും ഈ രേഖയെന്ന ഉറപ്പോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

## തിരിഞ്ഞുനോക്കുമ്പോൾ

തുരുത്തിപ്പുറം, തുരുത്തൂർ, വെള്ളോട്ടുപുറം, കല്ലേപ്പറമ്പ്, പുത്തൻവേലിക്കര, പഞ്ഞിപ്പള്ള, മാനംചാരിക്കുന്ന്, വട്ടേക്കാട്ടുകുന്ന്, കൊടിക്കുത്തു കുന്ന്, ഇളന്തിക്കര, കീഴൂപ്പാടം, കോഴിത്തുരുത്ത്, തേലത്തുരുത്ത്, ചെറുകടപ്പുറം എന്നീ പ്രധാന പ്രവശ്യകളും ഏതാനും തുരുത്തുകളും ചേർന്നതാണ് പുത്തൻവേലിക്കര പഞ്ചായത്ത്. പുതിയതായുണ്ടായ വേലിയേറ്റം നിർമ്മിച്ച കരയാണ് പുത്തൻ വേലിക്കര എന്നാണ് പഴമൊഴി. ഈ ഭൂഭാഗത്ത് കുഴിച്ചുനോക്കുമ്പോൾ കാണപ്പെടുന്ന കടൽജീവികളുടെ അവശിഷ്ടങ്ങൾ ഈ ചൊല്ലിന്റെ സാക്ഷികളാണ്. പണ്ട് ഉപ്പളങ്ങളായിരുന്ന ഈ പ്രദേശത്തിന് മുസിരിസു (കൊടുങ്ങല്ലൂർ) മായി വാണിജ്യബന്ധമുണ്ടായിരുന്നെന്നും അങ്ങനെ വിപണനത്തിനു വന്ന് ഇവിടെ താമസം തുടങ്ങിയവരാണ് ദിവാൻ പേഷ്കാർ ശങ്കുണ്ണിമേനോന്റെ കുടുംബക്കാർ എന്നും പറയപ്പെടുന്നു. തുരുത്തായഊര് തുരുത്തൂരും, അതിനപ്പുറമുള്ള കര തുരുത്തിപ്പുറവും, വെള്ളമൊട്ടുമില്ലാത്ത പുറം വെള്ളോട്ടുപുറവും, പഞ്ഞി വളർന്നു നിൽക്കുന്ന കുന്നിൻ ചരിവ് പഞ്ഞിപ്പള്ളയും, മാനം മുട്ടി നിൽക്കുന്ന മാനംചാരിക്കുന്നും, ടിപ്പുസുൽത്താൻ കൊടികുത്തിയ കൊടികുത്തുകുന്നും, ഇളന്ദിയുടെ കരയായ ഇളന്തിക്കരയും ചുറ്റും കാടുണ്ടായിരുന്ന വട്ടേക്കാട്ടുകുന്നും, കീഴൂർ മനയുടെ സ്വത്തായ കീഴൂപ്പാടവും, പണ്ടു ചെറിയകടലുപോലെയിരുന്ന കൊടുങ്ങല്ലൂർ കായലിന്റെ പുറമായിരുന്ന ചെറുകടപ്പുറവും എല്ലാം ചേർന്ന് നമ്മുടെ പഞ്ചായത്തിന്റെ ഭൂഭാഗം തീർത്തിരിക്കുന്നു.

സംഘകാല ദ്രാവിഡരെ ഓർമ്മിപ്പിക്കുന്ന നന്നങ്ങാടികൾ ഇളന്തിക്കര ഹൈസ്ക്കൂൾ ഗ്രൗണ്ട് നിർമ്മിക്കുമ്പോൾ കണ്ടുകിട്ടിയതിൽ നിന്ന് ഈ പ്രദേശത്ത് വളരെ മമ്പേതന്നെ ജനവാസം ഉണ്ടായിരുന്നുവെന്നും ദ്രാവിഡരായിരുന്ന ആദ്യകാല നിവാസികളെന്നും ബോദ്ധ്യമാവുന്നു. അയ്യർചാൽ, കണ്ണങ്കേരിപ്പൊക്കം എന്നീ സ്ഥലനാമങ്ങൾ മുൻപറഞ്ഞ അഭ്യൂഹം ശക്തിപ്പെടുത്തുന്നു. മുസിരിസുമായുണ്ടായിരുന്ന വ്യാപാരബന്ധം മറ്റുവർഗ്ഗക്കാരുടെ കുടിയേറ്റത്തിനു വഴിവയ്ക്കുകയും ഇന്നത്തെ ജനസമ്പത്ത് പഞ്ചായത്തിൽ ഉണ്ടാവുകയും ചെയ്തിരിക്കാം. ഈ വ്യാപാര ബന്ധം തന്നെയായിരിക്കാം ക്രിസ്തുമതത്തിന്റെ കടന്നു വരവിനും വഴിവച്ചത്. മദ്ധ്യകാലഘട്ടത്തിൽ മറ്റെല്ലായിടത്തും സംഭവിച്ചതുപോലെ ഭൂമി മുഴുവൻ ദേവസ്വങ്ങളും, ബ്രഹ്മസ്വങ്ങളും ആയിത്തീർന്നു. പാലിയം, കീഴൂർ മന, പായ്ക്കാട്ടു മന, പനമന, കാഞ്ഞിരക്കാട്ട് തുടങ്ങിയ ജന്മിമാരുടെ കീഴിലമർന്നിരുന്ന ഗ്രാമഭൂമി യഥാർത്ഥ കർഷകരിലേക്ക് എത്തിയത് ഭൂപരിഷ്കരണ നിയമങ്ങൾക്കു ശേഷമാണ്.

സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ഒരു ശാഖ പുത്തൻവേലിക്കരയിലുണ്ടായിരുന്നു. സർവ്വശ്രീ. ശങ്കരൻ വൈദ്യർ, പി.സി. ദേവസ്സി, കൃഷ്ണനാചാരി എന്നിവർ കോൺഗ്രസ് പ്രവർത്തകരും, സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ പങ്ക് വഹിച്ചവരുമാണ്. പ്രസിദ്ധമായ പാലിയം സമരത്തിൽ ശ്രീമതി T.N സുശീല ടീച്ചർ പുത്തൻവേലിക്കരയിൽ നിന്നുള്ള വാളന്റിയർമാരെ നയിച്ചു. ഗോവൻ വിമോചനസമരത്തിൽ പങ്കെടുത്ത ഗ്രാമവാസിയാണ് ശ്രീ. വി.എ. സുഗുണൻ.

ഭൂപരിഷ്കരണ നിയമം ഗ്രാമത്തിന്റെ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾക്ക് തീകൊളുത്തി, പാട്ടക്കാരും വാരക്കാരുമായി അധഃപതിച്ചു കിടന്നിരുന്ന കർഷകർ നവോന്മേഷത്തോടെ ഉണർന്നെഴുന്നേൽക്കുകയും കാർഷിക മേഖലയിൽ അഭൂതപൂർവ്വമായ ഉൽപ്പാദനത്തിനു ഹേതുവായിത്തീരുകയുമുണ്ടായി. എന്നാൽ ഈ കാലയളവിൽ നിലങ്ങൾക്കുനേരെ കടന്നാക്രമണമാരംഭിച്ചു. പല നിലങ്ങളും നികത്തി തെങ്ങുകൃഷി നടത്തുകയും അവശ്യം നിലനിർത്തേണ്ടിയിരുന്ന തോടുകൾ നികത്തി കൃഷി ചെയ്തതുവഴി ഇന്ന് കാർഷികരംഗത്ത് നേരിടുന്ന പല പ്രശ്നങ്ങൾക്കും ബീജാവാപം ചെയ്തത് ഇതേ കാലയളവിലാണ്.

പുത്തൻവേലിക്കര പഞ്ചായത്ത് കൊച്ചി രാജ്യത്തിന്റേയും തിരുവിതാംകൂറിന്റെയും സാംസ്കാരിക പൈതൃകം ഉൾക്കൊണ്ടിട്ടുണ്ട്. കൊച്ചിത്തമ്പുരാൻ തിരുവിതാംകൂറിനു കൈമാറിയ പറവൂർ താലൂക്കിലാണ് പുത്തൻവേലിക്കര കിടക്കുന്നതെന്നതാണ് അതിനു കാരണം. ചുങ്കം പിരിവിന് തിരുവിതാം കൂർ ഏർപ്പെടുത്തിയിരുന്ന ചൗക്ക എളന്തിക്കരയിലായിരുന്നു. കാലം മാറിയിട്ടും ഇപ്പോഴും ചൗക്കക്കടവ് എന്നുതന്നെയാണ് ഈ കടവ് അറിയപ്പെടുന്നത്. ഇങ്ങനെ തിരുക്കൊച്ചി സംസ്കാരങ്ങളുടെ സമ്മേളനമായ ഈ നാട്ടിൽ വിദ്യാഭ്യാസ വ്യാപനം വളരെ മുമ്പേതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. തുടക്കത്തിൽ ഏതാനും എഴുത്തുപള്ളിക്കൂടങ്ങളായിരുന്നു വിദ്യാലയങ്ങൾ. എന്നാൽ 1918ൽ ശ്രീ. എ.ജി. മേനോൻ തന്റെ പൂർവ്വികനായിരുന്ന ദിവാൻ പേഷ്ക്കാർ ശങ്കുണ്ണി മേനോന്റെ സ്മരണയ്ക്കായി ഒരു പ്രൈമറി വിദ്യാലയം (P. M .S .L .P .S) പുത്തൻവേലിക്കരയിൽ ആരംഭിച്ചതോടെ സ്ഥാപനവൽകൃത വിദ്യാഭ്യാസം ആരംഭിച്ചു. തുടർന്ന് എളന്തിക്കരയിൽ സെന്റ് ജോർജ്ജ് പള്ളിയുടെ കീഴിൽ 1926ൽ S .H .J. L .P .S ആരംഭിച്ചു. 1948ൽ യശഃശരീരനായ ഡോ. സി.കെ.ശങ്കരൻ പഞ്ചായത്തിലെ

ആദ്യത്തെ ഹൈസ്ക്കൂൾ ആരംഭിച്ചു. V.C സഭയുടെ ഹൈസ്ക്കൂൾ നിലവിൽ വരുന്നതുവരെ പഞ്ചായത്തിന്റെ ചരിത്രത്തിൽ പ്രാഥമികാതീത വിദ്യാഭ്യാസത്തിന്റെ സ്രോതസ്സായിരുന്നു ഈ സരസ്വതീ ക്ഷേത്രം. ഇപ്പോൾ പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും, അഞ്ച് പ്രൈമറി സ്ക്കൂളുകളും ഉണ്ടെങ്കിലും കോളേജുകളോ സാങ്കേതിക വിദ്യാലയങ്ങളോ ഇല്ല.

പഞ്ചായത്തിന്റെ ഈ പശ്ചാത്തലം തീരുന്നതിനുമുമ്പ് ഏതാനുംചില ഗ്രാമസന്തതികളെ ഓർക്കാതിരിയ്ക്കുന്നത് കൃതഘ്നതയാകും. തിരുവിതാം കൂർ ദിവാൻ പേഷ്ക്കാറും പ്രമുഖ ചരിത്രകാരനുമായ ശങ്കുണ്ണിമേനോൻ, പാരമ്പര്യ ഭിഷഗ്വരനായിരുന്ന രാമൻകുട്ടി വൈദ്യർ, സംസ്കൃത വിദ്യാഭ്യാസത്തിന് അമൂല്യ സംഭാവന ചെയ്ത ഡോ. പി. ആർ ശാസ്ത്രി, ആദ്യ ഹൈസ്ക്കൂൾ സ്ഥാപകനും പൊതുജനസേവകനുമായിരുന്ന ഡോ.സി.കെ ശങ്കരൻ, ഗണിതശാസ്ത്ര മേഖലയിൽ ലോകമെമ്പാടും അറിയപ്പെടുന്ന തുരുത്തൂർ ജോർജ്ജ്മാസ്റ്റർ, തിരുക്കൊച്ചി എം.എൽ.സി. ആയിരുന്ന എ.ജി.മേനോൻ, കാലിക്കറ്റു സർവ്വകലാശാല വൈസ്ചാൻസ്ലർ ആയിരുന്ന ടി.എൻ. ജയചന്ദ്രൻ, തൃശ്ശൂർ രൂപതയുടെ ആദ്യ മലയാളി മെത്രാനായിരുന്ന റവ. ഡോ. ഫ്രൻസിസ് വാഴപ്പിള്ളി, പുത്തൻവേലിക്കര ഗവ. ആശുപത്രിയുടെ സ്ഥാപകനായ ബ്രഹ്മശ്രീ പായ്ക്കാട്ടു മനയ്ക്കൽ രാമൻ നമ്പൂതിരിപ്പാട്, നാട്ടുചികിത്സാ വിദഗ്ധനായിരുന്ന ശ്രീ.വെട്ടത്തു വൈദ്യർ എന്നിവർ ഈ ഗ്രമത്തിന്റെ അഭിമാനസ്തംഭങ്ങളാണ്.

ഇന്നലെയുടെ ഓർമ്മകളിൽ നിന്ന് ഒരു കൊച്ചുഗ്രമത്തിന്റെ വളർച്ച വിശകലനം ചെയ്യുമ്പോൾ നിസ്വാർത്ഥരായ ഏതാനും സാമൂഹ്യ സേവകരുടെ പ്രയത്നവും, തജ്ജന്യമായി നിലനിന്ന സംസ്ക്കാരിക പാരമ്പര്യവും നമ്മുടെ വളർച്ചയെ ഗണ്യമായി സഹായിച്ചു. കഠിനപ്രയത്നം, കാർഷിക വൃത്തിയിലുള്ള അഭിവാഞ്ഛ, സഹിഷ്ണുത, സമുദായമൈത്രി, എന്നീ ഗുണങ്ങളാണ് നമ്മുടെ പൂർവ്വീകരെ ഉത്ക്കർഷേച്ചുക്കളാക്കിയത്. എന്നാൽ ഇന്നത്തെ സ്ഥിതിവിശകലനം ചെയ്യുമ്പോൾ മേൽപ്പറഞ്ഞ ഗുണങ്ങൾ ഇന്ന് മങ്ങലേറ്റിരിക്കുന്ന അവസ്ഥയാണ്. നമ്മുടെ വികസനം വഴിമുട്ടി നിൽക്കുന്നതിന്റെ കാരണങ്ങളിലൊന്ന് ഇതല്ലേയെന്ന് ഒന്നു ചിന്തിയ്ക്കുന്നത് ഗുണകരമാവാനിടയുണ്ട്.

# പുത്തൻവേലിക്കര പഞ്ചായത്ത്

### ഭൂപ്രകൃതിവിഭവങ്ങൾ

ഭൂപ്രകൃതിയനുസരിച്ച് പുത്തൻവേലിക്കരയെ നാലായി തിരിക്കാം.

1. കുന്നിൻപ്രദേശം
2. ചരിവ് പ്രദേശം
3. സമതല പ്രദേശം
4. തീരസമതലം

പട്ടിക- 1

| ക്ര.ന. | തരം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം | മണ്ണ് തരം |
|---|---|---|---|---|
| 1. | കുന്നിൻപ്രദേശം | 238 | 12% | ചുവപ്പുരാശിയുള്ള ചെങ്കൽമണ്ണ്. |
| 2. | ചരിവുപ്രദേശം | 398 | 20% | ചരൽകലർന്ന പശിമ രാശിയുള്ള ചെമ്മണ്ണ് |
| 3. | സമതലപ്രദേശം | 1192 | 60% | എക്കൽമണ്ണ്. (കളിമണ്ണ്കലർന്നതും, മണൽക്കൂട്ടുള്ളതും) |
| 4. | തീരസമതലം | 159 | 8% | ഓർക്കാലുള്ള എക്കൽമണ്ണ് |
| ആകെ | - | 1987 | 100 | |

## 1. കുന്നിൻ പ്രദേശം

തുരുത്തൂർ, പഞ്ഞിപ്പള്ള, മാനംചാരിക്കുന്ന്, പനച്ചക്കുന്ന്, കപ്പേളക്കുന്ന്, വട്ടേക്കാട്ട് കുന്ന്, കൊടികുത്തിയകുന്ന്, എളന്തിക്കരക്കുന്ന്, പരമനാശാരിക്കുന്ന്, ഇഞ്ചാരക്കുന്ന് എന്നീക്കുന്നുകളുടെ ഉയർന്ന സമതല പ്രദേശങ്ങൾ ഉൾപ്പെടുന്നഭൂഭാഗം ഈവിഭാഗത്തിലുൾപ്പെടുന്നു. പഞ്ചായത്തന്റെ ഭൂഭാഗങ്ങളുടെ 12 ശതമാനത്തോളം വരുന്ന 238 ഹെക്ടർ ഭൂമി ഈ ഗണത്തിൽപ്പെടുന്നു. താരതമ്യേന വളക്കുറവുള്ള ചെങ്കൽ ( ലാറ്ററ്റ്) മണ്ണാണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. മാനംചാരിക്കുന്ന്, വട്ടേക്കാട്ട്കുന്ന്, കൊടികുത്തിയകുന്ന് എന്നീ പ്രദേശങ്ങളിൽ മേൽ മണ്ണ് വളരെ ആഴം കുറഞ്ഞതും കൂടുതൽ ഉറപ്പുള്ളതുമാണ്. കെട്ടിട നിൽമ്മാണത്തിനുപയോഗിക്കുന്ന കാഠിന്യമുള്ള ചെങ്കൽ ഈ കുന്നുകളിൽ കാണപ്പെടുന്നു. വേനലിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന ഈ കുന്നുകളിൽ കാശുമാവും,പ്ലാവും, മാവുമാണ് സാധാരണയായി കാണപ്പെടുന്ന ഫലവൃക്ഷങ്ങൾ. വർഷക്കാലത്ത് ചില യിടങ്ങളിൽ പയറും കപ്പയും കൃഷിചെയ്യുന്നു. എന്നിരിക്കിലും കുറെ സ്ഥലങ്ങൾ മുഴുവൻ സമയവും തരിശായിക്കിടക്കുന്നു. മണ്ണൊലിപ്പ് താരതമ്യേന കുറവാണ്. ശുദ്ധജല ദൗർലഭ്യം ഏറ്റവും രൂക്ഷമായ ഈ പ്രദേശങ്ങളിലും ജനസാന്ദ്രത താരതമ്യേന കൂടുതലാണ്.

## 2. ചരിവ് പ്രദേശം

കുന്നിൻ പ്രദേശങ്ങളുടെ താഴ്ന്നഭാഗങ്ങളിലായും സമതലപ്രദേശത്തിന് മുകളിലായും കാണപ്പെടുന്ന ചരിഞ്ഞ പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്. ഉദ്ദേശം 20% ത്തോളം വരുന്ന 398 ഹെക്ടർ സ്ഥലമുണ്ട് ഈ ഗണത്തിൽ. ചരൽകലർന്ന ചെമ്മണ്ണോടുകൂടിയതും, കളിമണ്ണുമാണീ ഭൂഭാഗങ്ങളിൽ കാണപ്പെടുന്നത്. മൺപാളി താരതമ്യേന ആഴമുള്ളതും വളക്കൂറുള്ളതു

മാണ്. നീർവ്വാർച്ച താരതമ്യേന കൂടുതലായ ഈ മണ്ണിൽ മഴയെ ആശ്രയിച്ചു മാത്രമാണിപ്പോൾ കൃഷി ചെയ്യുന്നത്. ജലസേചനം ലഭ്യമാക്കുന്ന പുതുക്കാടു പാടത്തിന്റെ ചരിവുകളിലും, സ്വകാര്യപമ്പ്സെറ്റുകളുമുള്ള ചുരുക്കം ചിലയിടങ്ങളിലും മാത്രമാണ് വേനൽ കൃഷി സാധ്യമാകുന്നത്. തെങ്ങ് ചുരുങ്ങിയ തോതിലും, വാഴ, കുരുമുളക്, കശുമാവ്, മാവ്, പ്ലാവ് മുതലായവയും കൃഷിചെയ്യപ്പെടുന്നു. മാനംചാരിക്കുന്നിന്റെ കിഴക്കേച്ചെരുവിൽ 5 ഏക്കറോളം റബ്ബർ കൃഷി ചെയ്തിട്ടുണ്ട്. പുത്തൻവേലിക്കരയിൽ നവാഗതമായ ഈ കൃഷി സാമാന്യേന നല്ല വിളവ് നൽകുന്നുണ്ടെന്നാണ് രണ്ട് വർഷത്തെ വളവെടുപ്പിനു ശേഷമുള്ള റിപ്പോർട്ട്.

താരതമ്യേന താഴ്ന്ന ചരുവുകളിൽ കപ്പ, പയർ, പച്ചക്കറികൾ എന്നിവയിൽ നിന്നും നല്ല വിളവ് ലഭ്യമാകുന്നുണ്ട്. മണ്ണൊലിപ്പ് വളരെകൂടുതലാണ്. ജലസേചനം ലഭ്യമായാൽ വിള സാന്ദ്രത വർദ്ധിപ്പിക്കാവുന്നതും നല്ല ഫലം നേടാവുന്നതുമായ മണ്ണാണിത്.

## സമതല പ്രദേശം

പഞ്ഞിപ്പള്ള, പുത്തൻവേലിക്കര, തടംതാണിക്കൽപ്പാടം, മുട്ടിക്കൽപാടം, താഴംചിറപ്പാടം, പുതുക്കാട്ട് പാടം, എളന്തിക്കര – പാണ്ടിപ്പാടം, മേപ്പാടം എന്നിവ കൂടാതെ ചാലക്കുടിയാറിനാലും പെരിയാറിലും വേർപെടുത്തപ്പെട്ട പത്ത് പതിനൊന്ന് വാർഡുകൾ ഉൾപ്പെടുന്ന ചെറുകടപ്പുറം, തേലത്തുരുത്ത്, നാലുവശങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ട മുണ്ടൻ തുരുത്ത്, കോഴിത്തുരുത്ത്, പൗലോണിത്തുരുത്ത്, ധർമ്മത്തുരുത്ത്, വലിയപഴമ്പിള്ളി തുരുത്തിന്റെ ചിലഭാഗങ്ങൾ ചുക്കന്തുരുത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂരിപക്ഷപ്രദേശമാണ് സമതല പ്രദേശം. 1192 ഹെക്ടർ വരുന്ന ഏറ്റവും ഫലഭൂയിഷ്ടമായ പ്രദേശമാണിത്. താരതമ്യേന നീർവാർച്ചയുള്ള എക്കൽ മണ്ണാണീ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. പഞ്ഞിപ്പള്ള, എളന്തിക്കര മുതലായസ്ഥലങ്ങളിൽ ചരലും കളിമണ്ണും കലർന്ന എക്കലും കാണപ്പെടുന്നു. നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, ചേന, പച്ചക്കറികൾ എന്നിവയാണ് പ്രധാനവിളകൾ. തെങ്ങിന് ഇട വിളയായും വാഴകൃഷിനടത്തുന്നുണ്ട്. ചെറുകടപ്പുറം ഭാഗത്താണ് ഏറ്റവും ഫലഭൂയിഷ്ഠമായ മണ്ണ് കാണപ്പെടുന്നത്, എന്നാൽ ഈ കൃഷിയിടങ്ങൾ ഇഷ്ടികക്കളങ്ങൾക്കുവേണ്ടി മണ്ണെടുത്ത് ഏറെ വെള്ളക്കെട്ടുള്ള കുളങ്ങളായി മാറിയിരിക്കുന്നു. താരതമ്യേന നല്ല വിളവുതരുന്ന തെങ്ങുകളാണ് ഇവിടെയുള്ളത്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം ഈ പ്രദേശങ്ങളിൽ അനുഭവപ്പെടുന്നു. പ്രത്യേകിച്ചും വേനൽക്കാലങ്ങളിൽ. രാസവളത്തിന്റെയും കീടനാശിനകളുടേയും അനിയന്ത്രിതമായ ഉപയോഗവും മണ്ണുപരിശോധനയുടെ കുറവും മണ്ണിന്റെ ഫലഭൂയിഷ്ടത കുറക്കുകയും പരിസ്ഥിതി സന്തുലിതാവസ്ഥ തെറ്റിക്കുകയും ചെയ്തിരിക്കുന്നു.

## തീരസമതലം

തുരുത്തിപ്പുറം വെള്ളോട്ടുപുറം, തുരുത്തൂരിന്റെ വടക്കുപടിഞ്ഞാറേ ഭാഗങ്ങൾ, മാളവന, സ്റ്റേഷൻ കടവ്, കുരിശിങ്കൽ കടവ് പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭൂഭാഗങ്ങൾ തീരസമതലത്തിൽ ഉൾപ്പെടുന്നു. ഓരു കയറുന്നതുമൂലം ഉപ്പുരസമുള്ള മണൽ കലർന്ന എക്കൽ മണ്ണും കളിമണ്ണുകലർന്ന എക്കൽ മണ്ണുമാണീ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. തെങ്ങും കവുങ്ങുമല്ലാതെ മറ്റ് വിളകളൊന്നും ഇവിടങ്ങളിൽ കാര്യമായ ഫലം തരുന്നില്ല. വെള്ളക്കെട്ട മൂലം തെങ്ങിന്റെ തടിയിൽ മൂന്നടിയിലേറെ ഉയരത്തിലും വേരുകൾ കാണാവുന്നതാണ്. കൂടാതെ വെള്ളോട്ടും പുറം – അകത്തുചാൽ, എളന്തിക്കര – താന്തോന്നിച്ചിറ, തേലത്തുരുത്ത്–വെളുത്തേടൻ ചിറ എന്നീ പ്രദേശങ്ങൾ എക്കാലവും വെള്ളക്കെട്ടുള്ള പ്രദേശങ്ങളാണ്. ജലസംഭരണശേഷി കൂടിയ കറുത്തമണ്ണാണീ പ്രദേശങ്ങളിൽ കാണുന്നത്. മണ്ണൊലിപ്പ് കുറവാണ്. അകത്തുചാലിൽ ഓരു ജലം തടഞ്ഞുനിർത്തി ചെമ്മീൻ കൃഷി നടത്തുന്നു. താന്തോന്നിച്ചിറയും, വെളുത്തേടൻ ചിറയും ഉപയോഗപ്പെടുത്താത്തതുമൂലം കാടും പടലും നിറഞ്ഞ് പായൽമൂടിക്കിടക്കുന്നു. ഇവയുടെ പുനരുദ്ധാരണവും സംരക്ഷണവും മത്സ്യകൃഷിക്കും ജലസേചനത്തിനും കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിനും ഉപകരിക്കും.

പുത്തൻവേലിക്കരയുടെ ഭൂപ്രകൃതിയുടെ ഒരു ഛേദം ഏടുത്താൽ അത് താഴെ കാണുന്നതുപോലെയിരിക്കും.

| ഭൂപ്രകൃതി | തീര സമതലം | ചെരിവ് പ്രദേശം | കുന്നിൻ പ്രദേശം | കുന്നുകൾക്കിടയിലെ സമതലം | കുന്നിൻ പ്രദേശം | സമതലം |
|---|---|---|---|---|---|---|
| മൺതരം | ഉപ്പുരസമുള്ള എക്കൽ | ചരൽ കലർന്ന ചെമ്മണ്ണ് | ലാറ്ററൈറ്റ് | കളിമണ്ണ് എക്കൽ | ലാറ്ററൈറ്റ് | എക്കൽ മണ്ണ് |
| പ്രധാന വിള | തെങ്ങ് | വാഴ,തെങ്ങ്, കപ്പ, പച്ചക്കറികൾ | കശുമാവ്, കപ്പ | നെല്ല്, തെങ്ങ്, | കശുമാവ് വാഴ, പച്ചക്കറികൾ | തെങ്ങ്, കവുങ്ങ്, നെല്ല് |
| ഫല ഭൂയിഷ്ടത | ശരാശരി | ശരാശരി | കുറവ് | ഉയർന്നത് | കുറവ് | ഉയർന്നത് |
| ജലലഭ്യത | ധാരാളം വെള്ളക്കെട്ട് | കുറവ് | വരൾച്ച | ശരാശരി | കുറവ് | ശരാശരി |

## കാലാവസ്ഥ

മദ്ധ്യ കേരളത്തിലെ കാലാവസ്ഥയോട് സമാനതപുലർത്തുന്നു. 27 ഡിഗ്രി സി മുതൽ 34 ഡിഗ്രി സി വരെ യാണ് താപാന്തരം. നൂറ്റിയിരുപത് ദിവസങ്ങളിലേറെയായി 277 cm മഴയാണ് ശരാശരി ലഭിക്കുന്നത്. തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റും, വടക്കുകിഴക്കൻ മൺസൂൺ കാറ്റും ഇവിടെ ലഭിക്കുന്നു. കാലാവസ്ഥാ ചക്രത്തെ താഴെ സൂചിപ്പിക്കും പ്രകാരം തിരിക്കാവുന്നതാണ്.

ജൂൺ – സെപ്തംബർ – കാലവർഷം

ഒക്ടോബർ – നവംബർ – തുലാവർഷം

ഡിസംബർ – ഫെബ്രുവരി – മിതോഷ്ണകാലം

മാർച്ച് – മെയ് – ഉഷ്ണകാലം

ജൂൺ മാസത്തിന്റെ ആരംഭത്തോടെ തുടങ്ങുന്ന കാലവർഷത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. പുഴയിലും കായലിലും ഉയരുന്ന വെള്ളം ഈ ഘട്ടത്തിൽ സമതല പ്രദേശങ്ങളെ മുക്കിക്കളയാറുണ്ട്. വർഷക്കാലത്തിന്റെ രണ്ടാംഘട്ടം ഒക്ടോബറോടെ ആരംഭിക്കുന്ന തുലാവർഷമാണ്. ഈ മഴയുടെ വ്യതിയാനം നെൽകൃഷിയെ കാര്യമായി ബാധിക്കാറുണ്ട്. നവംബറോടെ ദുർബലമാകുന്ന തുലാവർഷത്തിന്റെ അന്ത്യത്തിൽ വേനൽ പിറവിയെടുക്കുന്നു. ഫെബ്രുവരി മാസം വരെ 30 മുതൽ 32 ഡിഗ്രി സി വരെ മാത്രമേ ചൂട് അനുഭവപ്പെടാറുള്ളു. മാർച്ച് – മെയ് മാസങ്ങളിൽ 30 ഡിഗ്രി സി മുതൽ 34 ഡിഗ്രി സി വരെ ഉഷ്ണം അനുഭവപ്പെടാറുണ്ട്. കുന്നൻ പ്രദേശങ്ങളിൽ കഠിനമായ വരൾച്ചയും കായലിൽ നിന്ന് പുഴയിലേക്ക് കയറുന്ന ഉപ്പുവെള്ളവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ ഗ്രമത്തെ ശുദ്ധജലക്ഷാമത്തിന്റെ പിടിയിലമർത്തുന്നു.

## മണ്ണ്

പഞ്ചായത്തിലെ മൺതരങ്ങൾ പ്രധാനമായും എക്കൽ മണ്ണ്– കളിമണ്ണ് കലർന്നതും, മണൽ കൂടുതലുള്ളതും – , ചെങ്കൽ മണ്ണ്. ചരൽ കലർന്ന ചെമ്മണ്ണ്, ഓർക്കാലുള്ള എക്കൽമണ്ണ് എന്നിങ്ങനെ തിരിക്കാം. കുന്നിൻ പ്രദേശങ്ങളിൽ പൊതുവായികാണപ്പെടുന്നത് ചെങ്കൽമണ്ണാണ് (ലാറ്ററേറ്റ് ). ഇത് കുടുതൽ നീർവാർച്ചയുള്ളതും പശിമ താരതമ്യേന കുറഞ്ഞുതുമാണ്. കുറ

ഞ്ഞവിളവ് ലഭിക്കുന്ന ഈ മണ്ണ് ശാസ്ത്രീയമായ കൃഷി രീതികൾക്ക് അനുയോജ്യമാണ്. കശുമാവ്, പ്ലാവ്, മാവ്, മുതലായ ഫലവൃക്ഷങ്ങളാണ് കൂടുതലും വളരുന്നത്. ഇത്തരം മണ്ണ് കാണപ്പെടുന്ന മാനംചാരിക്കുന്ന്, കൊടികുത്തിയകുന്ന് എന്നിവിടങ്ങളിൽ ധാരാളം സ്ഥലം തരിശായികിടക്കുന്നു. തരിശുഭൂമിയിൽ ചിലയിടങ്ങളിലെങ്കിലും കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ കാഠിന്യമേറിയ ചെങ്കല്ല് കാണപ്പെടുന്നുണ്ട്.

കുന്നുകളുടെ ചരുവുകളിൽ ചരൽകലർന്ന ചെമ്മണ്ണാണ് കൂടുതലായും കാണപ്പെടുന്നത്. താരതമ്യേന ഫലഭൂയീഷ്ടമായ ഈ മണ്ണിൽ എല്ലാത്തരം കൃഷികളും നന്നായ് വളരുന്നു. മണ്ണൊലിപ്പ് കൂടുതലായി അനുഭവപ്പെടുന്നതാണ് ഈ മണ്ണ് നേരിടുന്ന ഏറ്റവും വലിയ ഭീഷണി. വേനലിൽ ജലസേചനം ലഭ്യമാകുന്ന ചുരുക്കം സ്ഥലങ്ങളിലെങ്കിലും നല്ല വിളവാണ്. ലഭിക്കുന്നത്.

സമതലപ്രദേശങ്ങളിലാണ് എക്കൽ മണ്ണ് കുടുതലായും കാണപ്പെടുന്നത്. കാലവർഷത്തിലെ വെള്ളപ്പൊക്കമാണ് ഈ മണ്ണിനെ പോഷിപ്പിക്കുന്നത്. എന്നാൽ വർഷങ്ങളായി വെള്ളപ്പൊക്കം ഈ ഭാഗങ്ങളിൽ കാര്യമായി ബാധിക്കാറില്ല. നെല്ല്, വാഴ, പച്ചക്കറികൾ എന്നിവ ധാരാളമായ തോതിൽ കൃഷിചെയ്യപ്പെടുന്നു. മണ്ണു പരിസോധനയുടെ കുറവും, അനിയന്ത്രിതമായ രാസവളപ്രയോഗവും, രാസകീടനാശിനികളുടെ ഉപയോഗവും ഈ മണ്ണിന്റെ പുഷ്ടി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണിരയും സൂക്ഷ്മാണുക്കളും മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കാണപ്പെടുന്നതോടൊപ്പം ശത്രുകീടങ്ങളുടെ വളർച്ചക്കും ഇവ ഹേതുവായിട്ടുണ്ട്. പാണ്ടിപ്പാടം മുതലായ സ്ഥലങ്ങളിൽ കളിമണ്ണ് കലർന്ന എക്കൽ മണ്ണാണ്ണ് കാണപ്പടുന്നത്. ഓരു കയറുന്നതുമൂലം മണ്ണിന് ഉപ്പുരസമുണ്ട്. പുത്തൻവേലിക്കര, സ്റ്റേഷൻ കടവു ഭാഗങ്ങളിൽ മണൽ കലർന്ന ഓർക്കാലുള്ള എക്കലാണ് കാണപ്പെടുന്നത്. ഈ ഭാഗങ്ങളിൽ തെങ്ങൊഴികെ മറ്റ് കൃഷികളൊന്നും സാധ്യമാകുന്നില്ല.

## ജലലഭ്യത

പ്രഥമിക ജലസ്രോതസ്സായ മഴയമാണ് പുത്തൻവേലിക്കരയുടെ ഏറ്റവും വലിയ ജലസ്രോതസ്സ്. കാലവർഷത്തിലും തുലാവർഷത്തിലുമായി ലഭിക്കുന്ന 260Cmനും 290Cmനും ഇടയ്ക്ക് മഴയും കൂടാതെ വേനലിലെ ഇടമഴകളുമാണിവ. കാലവർഷത്തിന്റെ ഏറ്റക്കുറച്ചിലുകൾ ഇവിടുത്തെ ജല ലഭ്യതയെ കാര്യമായി ബാധിക്കാറുണ്ട്.

## ദ്വിതീയ ജലസ്രോതസ്സുകൾ

1. പുഴകളും കായലും
2. തോടുകളും തുറകളും
3. കിണറുകളും കുളങ്ങളും.

## പുഴകളും കായലും.

പഞ്ചായത്തിനെ രണ്ടായിപ്പിളർന്നുകൊണ്ടൊഴുകുന്ന ചാലക്കുടിയാറും, ആലുവായിൽനിന്നും രണ്ടായിപ്പിരിഞ്ഞ് വടക്കോട്ടൊഴുകുന്ന പെരിയാറിന്റെ ഒരു കൈവഴിയും എളന്തിക്കരയിൽ സംഗമിച്ച്, പഞ്ചായത്തിന്റെ പടിഞ്ഞാറോട്ടൊഴുകി കൊടുങ്ങല്ലൂർ കായലിൽ പതിക്കുന്നു. ഈ പുഴകളും കായലുമാണ് മഴ കഴിഞ്ഞാൽ പുത്തൻവേലിക്കരയിലെ ഏറ്റവും വലിയ ജലസ്രോതസ്സുകൾ. വർഷക്കാലത്ത് കുന്നുകളിലും മലകളിലും പെയ്തിറങ്ങുന്ന വെള്ളം മണിക്കൂറുകൾക്കകം അഴിമുഖത്തെത്തിച്ചേരുന്നതുമൂലം മഴവെള്ളം വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. കാലവർഷക്കാലത്ത് ചാലക്കുടിയാറിലൂടെയും പെരിയാറിലൂടെയും പ്രതിദിനം 2100 ദശലക്ഷം ലിറ്ററിലധികം ജലം ഒഴുകിയെത്തുന്നുണ്ട്. ഇത് നേരെ കടലിലേക്കൊഴുകിപ്പോകുന്നു. ഏറ്റവും കഠിനമായ വേനലിൽപ്പോലും പ്രതിദിനം 600 ദശലക്ഷം ലിറ്റർ ജലം ഈ നദികളിലൂടെ ഒഴുകിയെത്തുന്നു. എന്നാൽ ഇത് കൊടുങ്ങല്ലൂർ കായലിലെ ഓരു ജലത്തോടു ചേർന്ന് ഉപയോഗശൂന്യമായിപ്പോകുമ്പോൾ ചുറ്റുപാടിലുമുള്ള ജനങ്ങൾ കുടിവെള്ളത്തിനും ജലസേജനത്തിനുമായി നെട്ടോട്ടമോടുന്ന കാഴ്ചയാണ് ഇന്ന് നിലവിലുള്ളത്. ഇളന്തിക്കരയിൽ കോഴിത്തുരുത്തിനെ ബന്ധിപ്പിച്ചുകൊണ്ട് മണൽ ബണ്ട് കെട്ടിയാണ് കിഴക്കൻ പ്രദേശങ്ങളെ ഓരു ഭീഷണിയിൽ നിന്നും രക്ഷിച്ചു പോരുന്നത്.

## തോടുകൾ

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽവരെ കൊച്ചി തിരുവിതാംകൂർ നാട്ടുരാജ്യങ്ങളെ വേർതിരിക്കുന്ന 'മോർത്തോട്' എന്ന തോട് നിലവിൽ ഉണ്ടായിരുന്നു. തോണ്ടൽ തോടുവഴി മോർത്തോടിലൂടെ കുണ്ടൂരിലേക്ക് ജലഗതാഗതത്തിനുള്ള ഒരു കുറക്കുവഴിയായിരുന്നു ഇതെന്ന് പറയപ്പെടുന്നു. മണ്ണിടിഞ്ഞും, മാനുഷികമായ ഇടപെടൽ മൂലവും മുപ്പതുകളോടെ തൊടിന്റെ വിസ്താരം ഏറെക്കുറഞ്ഞു. 1952ൽ തോടിനു കുറകെ റോഡുണ്ടാക്കുന്നതിനു വേണ്ടി ബണ്ടുകെട്ടിയതോടെ തോട്ടിലെ നീരൊഴുക്ക് പൂർണ്ണമായും നിലച്ചു. ക്രമേണ തോടിനിരുവശവും കയ്യേറ

പ്പെടുകയും ആളുകൾ താമസമാക്കുകയും ചെയ്തു. മുപ്പതടിയിലധികം വീതിയുണ്ടായിരുന്ന ഈ തോടിന്റെ ചിലഭാഗങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ തോട് പൂർണ്ണമായും നിലനിന്നിരുന്ന കാലഘട്ടത്തിൽ ഇതിന്റെ കൈവഴിവഴികൾ കടന്നുപൊയ്ക്കൊണ്ടരുന്ന താഴംചിറപ്പാടം, മുട്ടിക്കപ്പാടം, തടംതാണിക്കപ്പാടം, പാപ്പനംകോട് പാടം, കുറ്റിക്കാട്ട് പാടം എന്നിവടങ്ങളിൽ ഇരുപ്പൂകൃഷി ചെയ്തുകൊണ്ടിരുന്നു. എന്നാലിന്ന് ജലസേചനത്തിനുവേണ്ടി ഈ ഭാഗങ്ങളിലെ കർഷകർ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. മാളവന മോർത്തോട്, തോണ്ടൽത്തോട്, പുത്തൻവേലിക്കരബസാറിന് കിഴക്കുഭാഗത്തുകൂടെ പാപ്പനംകോട്, കുറ്റിക്കാട്ടുപാടം വഴി അകത്തുചാൽ വരെയെത്തുന്ന തോടും ഇതിന്റെ കൈവഴികളായിരുന്നു. ഈ തോടുകളുടെ നാശവും ഇന്നേതാണ്ട് പൂർണ്ണമായിക്കഴിഞ്ഞിരിക്കുന്നു. ഈ തോടുകളുടെ ചിലഭാഗങ്ങൾ വിസ്താരമേറിയതും ഏറെ ജലസംഭരണ ശേഷിയുള്ളവയുമായിരുന്നു. ഇവയെ തുറകൾ എന്ന് സ്ഥലവാസികൾ വിളിച്ചിരുന്നു. സമീപപ്രദേശങ്ങളിലെ കർഷകർ അവ സംരക്ഷിക്കാതിരുന്നതുമൂലം ഇന്നവ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. വേനൽക്കാലങ്ങളിൽ ഈ പാടങ്ങളിലും സമീപപ്രദേശങ്ങളിലെ കിണറുകളിലും ശുദ്ധജലംലഭിച്ചിരുന്നതിൽ ഇവയുടെ പങ്ക് വഴരെ വലുതായിരുന്നു.

എളന്തിക്കരക്കുന്നിൽ നിന്നും ഒഴുകിയിരുന്ന കൈത്തോടുകൾ ചേർന്ന് മാളവനയിലവസാനിച്ചിരുന്ന പാണ്ടിപ്പാടം തോട് ഈ പാടശേഖരങ്ങളിലും സമീപകുന്നിൻ ചരുവുകളിലും വെള്ളമെത്തിച്ചിരുന്നു. എന്നാൽ കൈത്തോടുകളും പ്രധാനതോടും നശിച്ചുകൊണ്ടിരിക്കുകയാണ്.

കുരിശിങ്കൽ കടവിനു സമീപത്തുനിന്നും ആരംഭിച്ച് ചിറ്റാരപ്പാടത്തവസാനിക്കുന്ന കണ്ടങ്കേരിത്തോടിന് ഏതാനും വർഷങ്ങൾ മുൻപ് വരെ 22 അടി വീതിയുണ്ടായിരുന്നതായി സമീപവാസികൾ പറയുന്നു. ഇന്നത് നികന്ന് എട്ടടിയോളം മാത്രം വീതിയുള്ള ചെറിയതോടായി മാറിക്കഴിഞ്ഞു. ഈ തോട് പൂർവ്വാവസ്ഥയിലാക്കണമെന്നും ആറിന്റെ മുഖപ്പിൽ ബണ്ടുകെട്ടി ഓരിന്റെ ഭീഷണിയിൽ നിന്നും രക്ഷിക്കണമെന്നുമുള്ള നാട്ടുകാരുടെ ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്.

സ്റ്റേഷൻ കടവിൽ നിന്നും ആരംഭിക്കുന്ന തോണ്ടൽത്തോട് താഴംചിറപ്പാടത്തേക്ക് വേനലിലെത്തിക്കുന്നത് ഓരുജലമാണ്. തുരുത്തിപ്പുറം പെള്ളോട്ടുംപുറം ഭാഗങ്ങളിൽ കൊടുങ്ങല്ലൂർ കായലിലേക്ക ധാരാളം തോടുകളുണ്ട്. വർഷക്കാലത്ത് ഈ തീരപ്രദേശങ്ങളെ വെള്ളക്കെട്ടിൽ നിന്നും രക്ഷിക്കുന്നത് ഈതോടുകളാണ്. ഈ തോടുകളിലേക്ക് തുറന്നിരിക്കുന്ന കക്കൂസുകളുടെ കുഴലുകൾ ജനസാന്ദ്രത കൂടിയ ഈ പ്രദേശങ്ങളിൽ സൃഷ്ടിക്കുന്ന മലിനീകരണം ചില്ലറയല്ല. കല്ലുങ്കൽക്കടവിന് കിഴക്കുഭാഗത്തുനിന്നും ആരംഭിച്ച് തുരുത്തൂരിനെ ചുറ്റിയൊഴുകുന്ന പഞ്ഞിപ്പള്ളത്തോടാണ് ഈ ഭാഗത്തെ ഒരു ജലസ്രോതസ്സ്. പക്ഷെ വേനലിലെ ഓരുജലം ജനത്തെ വലയ്ക്കുന്നു. പഞ്ഞിപ്പള്ളത്തോടിൽ നവംബർ ആദ്യവാരത്തിൽ ബണ്ടുകെട്ടിയാൽ മാത്രമേ സമീപപ്രദേശങ്ങളെ കുടിവെള്ളഭീഷണിയിൽ നിന്നും രക്ഷിക്കാനാകൂ.

പഞ്ചായത്തിന്റെ വടക്കു കിഴക്കുഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത് തിരുത്തേപ്പാടത്തിനും പുതുക്കാട്ടുപാടത്തിനുമിടയിൽ ഒരു കിണർകുഴിച്ച് അതിൽ നിന്നും പമ്പ് ചെയ്ത് നിലവിലുള്ള പൈപ്പുകൾ വഴിയാണ്. കുടിവെള്ളമായുപയോഗിക്കുന്ന ഈ ജലം പൂർണ്ണമായും ശുദ്ധീകരിക്കപ്പെട്ടതല്ല. കന്നുകാലികളെ കുളിപ്പിക്കുന്നതും, മനുഷ്യർ കുളിക്കുന്നതും, അലക്കുന്നതും, ഓലചീയ്ക്കുന്നതും മറ്റും ഇതിന് സമീപത്താണ്. കൂടാതെ മുൻ സൂചിപ്പിച്ച പാടശേഖരങ്ങളിൽ തളിക്കുന്ന കീടനാശിനികളുടെയും രാസവളങ്ങളുടേയും മലിനാവശിഷ്ടങ്ങൾ ഒഴുകിയെത്തുന്നതും ഈ ഭാഗത്താണ്.

പഞ്ചായത്തിലെ മൂന്നു വലിയ ജലസംഭരണികളാണ് അകത്തുചാൽക്കെട്ട്, താന്തോന്നിച്ചിറ, വെളുത്തേടൻ ചിറ എന്നിവ. 29 ഏക്കറോളം വിസ്താരമുള്ള ജലസംഭരിണിയാണ് അകത്തുചാൽക്കെട്ട്. വേനൽക്കാലത്ത് ഓരുജലം കെട്ടിനിർത്തി ചെമ്മീൻ കൃഷിനടത്തുന്ന ഈ കെട്ട് പഞ്ചായത്തിന്റെ ഒരു വലിയ വരുമാനമാർഗ്ഗമാണ്.

ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ വലിയജലസ്രോതസ്സിനു ചുറ്റും താമസമാക്കിയ ആയിരക്കണക്കിന് ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി ആഴ്ചയിലൊരിക്കൽ വെള്ളമെത്തുന്ന ടാപ്പുകളേയും, തുരുത്തൂരിലെ ഏതാനും കിണറുകളെയും ആണ് ആശ്രയിക്കുന്നത്. വേനലിന്റെ മൂർദ്ധന്യത്തിൽ തുരുത്തൂരിലെ കിണറുകൾ വറ്റിപ്പോകും. അതിനുശേഷം പഞ്ചായത്ത് ടാങ്കർ ലോറിയിൽ ആണ് കുടിവെള്ളമെത്തിക്കുന്നത്.

എളന്തിക്കരക്കുന്നിനും പാണ്ടിപ്പാടത്തിനുമിടയിലായി മൂന്നേക്കറിലേധികം വരുന്ന താന്തോന്നിച്ചിറ ഒരു വലിയ ജലസ്രോതസ്സാണെങ്കിലും ഇന്നത് ചളിനിറഞ്ഞ്, പായൽ മൂടി കാടുപിടിച്ചുകിടക്കുകയാണ്. ഈ ചിറ വൃത്തിയാക്കി ചാലക്കുടിയാറുമായി ബന്ധിപ്പിച്ചാൽ ഇവിടെ മത്സ്യകൃഷി നടത്താമെന്നു മാത്രമല്ല, പാണ്ടിപ്പാടം, കൂട്ടക്കടമ്പ്, കുറുണേലിപ്പാടം മുതലായ പാടശേഖരങ്ങളിൽ ജലമെത്തിക്കുവാനും കഴിയും.

ഇവ കൂടാതെ ധാരാളം തുറകളും, കുളങ്ങളും ചെറുതോടുകളും ഇവിടെയുണ്ടായിരുന്നു. അവയിൽ ഭൂരിപക്ഷവും നശിച്ചുകഴിഞ്ഞു. ശേഷിക്കുന്നവ സംരക്ഷിക്കുന്നതിന് ആരും തൽപ്പര്യം കാണിക്കുന്നില്ല. കുടിവെള്ളത്തിനും ജലസേചനത്തിനുമായി 5,6,7,8,9 വാർഡുകളിൽ രണ്ടായിരത്തിയഞ്ഞൂറോളം സ്വകാര്യ കിണറുകളെയാണ് പ്രധാനമായി ആശ്രയിക്കുന്നത്. എട്ടാം വാർഡിന്റെയും ഒമ്പതാം വാർഡിന്റേയും ചില ഭാഗങ്ങളിൽ ജലസേചനത്തിന് പുതുക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാധിക്കുന്നുണ്ട്. എന്നാൽ അതിന്റെ പൂർണ്ണമായ കഴിവുപയോഗിക്കപ്പെടുകപോലും ചെയ്യുന്നില്ല.

## ഭൂവിനിയോഗം

ഭൂമി സംബന്ധിച്ച വിവരണം (അവലംബം കൃഷിഭവൻ രേഖകൾ, പഠനപര്യടനം)

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 250. |
| പുരയിടം | 1115. |
| കൃഷി യോഗ്യമായ തരിശ് | 32. |
| കൃഷിയോഗ്യ മല്ലാത്ത തരിശ് | 590 |
| ആകെ | 1987. |

പഞ്ചായത്തിന്റെ മൊത്തം 1987 ഹെക്ടർ വരുന്ന ഭൂപ്രദേശത്തിൽ 250 ഹെക്ടറോളം നെൽപ്പാടങ്ങളാണ്. ഇതിൽ 500 ഹെക്ടറോളം സ്ഥലം ഇഷ്ടിക വ്യവസായത്തിന് വേണ്ടി മണ്ണെടുത്ത് കുഴികളായി മാറിക്കഴിഞ്ഞു. ബാക്കി സ്ഥലങ്ങളിൽ മാത്രമേ ഇപ്പോൾ കൃഷിയിറക്കുന്നുള്ളു. ഇതിൽ പാണ്ടിപ്പാടം, കണ്ടങ്കേറിച്ചാൽ എന്നിവയുൾപ്പെടുന്ന 50 ഹെക്ടർ ഒരുപ്പു നിലങ്ങളാണ്. 50 ഹെക്ടർ സ്ഥലത്ത് മുപ്പൂകൃഷി സാധ്യമാകുമ്പോൾ നൂറു ഹെക്ടർ നെൽപ്പാടങ്ങളിൽ ഇരുപ്പു കൃഷി സാധ്യമാകുന്നുണ്ട്. ഏകദേശം അൻപതോളം വർഷങ്ങൾക്കു മുമ്പ് നെൽപ്പാടങ്ങളുടെ വിസ്തൃതി ഇന്നത്തേതിന്റെ ഇരട്ടിയോളമായിരുന്നു. മുപ്പതുകളിലും നാൽപ്പതുകളിലും തെങ്ങുനടുന്നത് വ്യാപകമായി. തുരുത്തിപ്പുറം, വെള്ളോട്ടുംപുറം, സ്റ്റേഷൻ കടവ്, എളന്തിക്കരയുടെ ചിലഭാഗങ്ങൾ എന്നീ പ്രദേശങ്ങളിൽ മാത്രമേ ഇതിനും മുമ്പ് തെങ്ങു നട്ടിരുന്നുള്ളു. നെൽപ്പാടങ്ങൾ നികത്തിയും, കൂനകൂട്ടിയുമാണ് തെങ്ങുനട്ടിരുന്നത്. ഇന്നും നെൽപ്പാടങ്ങൾ നികത്തുന്നത് അനുസ്യൂതം തുടരുന്നു. പൊക്കാളി നെല്ല് കൃഷി ചെയ്തിരുന്ന അകത്തുചാലിലും സമീപപ്രദേശങ്ങളിലലും ഇന്ന് ഓരു വെള്ളം കെട്ടി നിർത്തി മത്സ്യകൃഷിയാണ് നടത്തുന്നത്.

## പുരയിടം

1115 ഹെക്ടറോളം വരുന്ന ചരിവുകളും സമതലങ്ങളും കുന്നിൻ പ്രദേശങ്ങളും ഉൾപ്പെടുന്ന പുരയിടങ്ങളിൽ 75 ശതമാനത്തോളം കാർഷികഭൂമിയാണ്. ജനസംഖ്യ വർദ്ധിക്കുന്നതിനാൽ പാർപ്പിടത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമായാണ് ബാക്കി പുരയിടം ഉപയോഗിക്കുന്നത്. കാർഷിക ഭൂമിയുടെ മുക്കാൽ പങ്കും തെങ്ങുകൃഷിയാണ് ചെയ്യുന്നത്. വാഴ, കുരുമുളക്, ജാതി, പച്ചക്കറികൾ മുതലായവയും തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. കപ്പ, പയർ എന്നിവ കൂടാതെ മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളും കുന്നുകളിലും ചരുവുകളിലും കൃഷിചെയ്യുന്നു.

## തരിശുഭൂമി.

പഞ്ചായത്തിലെ റോഡുകൾ, തോടുകൾ, കാവുകൾ, മൈതാനങ്ങൾ, വെള്ളക്കെട്ടുള്ള കൃഷിയോഗ്യമല്ലാത്ത ഭൂപ്രദേശങ്ങൾ, ഉപയോഗ ശൂന്യമായ കുന്നുഭൂമികൾ മുതലായവ ഉൾപ്പെടുന്ന 590 ഹെക്ടറോളം ഭൂപ്രദേശം ഈ ഗണത്തിൽ ഉൾപെടുന്നു. 20Km.ടാർ ചെയ്ത റോഡും 42Km.ൽ അധികം വരുന്ന ചെമ്മൺ പാതകളും അതിലധികം ഇടവഴികളുമുണ്ട്. ഈ റോഡുകളുടെ ഇരുവശങ്ങളിലും ഉണ്ടായിരുന്ന പുറമ്പോക്കു ഭൂമികൾ മിക്കവാറും ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. എളന്തിക്കര ഹൈസ്ക്കൂളിന് സമീപവും മാനാഞ്ചേരിക്കുന്നിൽ പഴയപഞ്ചായത്താഫീസിന് സമൂപവും തരിശായ മൈതാനങ്ങൾ കാണുവാൻ കഴിയും. കുന്നിൻ മണ്ടകളിൽ പലേടത്തും തരിശുകിടക്കുന്ന ഭൂമികാണാവുന്നതാണ്. ഏതാനും വർഷങ്ങൾക്കു മുൻപുവരെ വളരെ നല്ല നിലയിൽ സംരക്ഷിച്ചുപോന്ന ഒൻപതു കാവുംകളും ഇന്നേതാണ്ട് അപ്രത്യക്ഷമായി കഴിഞ്ഞു.

(അവലംബം – അടിസ്ഥാനവിവര രജിസ്റ്റർ)

| വിള | വിസ്തീർണ്ണം(ഹെക്ട.) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത |
|---|---|---|---|
| നെല്ല് | | | |
| 1. വിരിപ്പ് | 150 | 3,00,000Kg. | 2000Kg. |
| 2.മുണ്ടകൻ | 200 | 6,00,000Kg. | 3000Kg. |
| 3 പുഞ്ച | 100 | 2,50,000Kg. | 2500Kg. |
| തെങ്ങ് | 800 | 72,00,000 | 9000തേങ്ങ |
| വാഴ | 106 | 21,20,000Kg. | 20000Kg. |
| പച്ചക്കറികൾ | 50 | | |
| കപ്പ | 150 | 1,50,000Kg. | 10,000Kg. |
| കവുങ്ങ് | 150 | | |
| കശുമാവ് | 400 | 3,00,000Kg. | 750Kg. |
| പയർ | 12 | | |
| റബ്ബർ | 05 | | |
| മാവ് | 10 | | |
| കുരുമുളക് | 25 | 6,250Kg. | 250Kg. |
| വെറ്റില | 02 | | |
| പ്ലാവ് | 09 | | |
| മറ്റുള്ളവ | 18 | | |

## ജൈവ-സസ്യസമ്പത്ത്

ഭൂപരിഷ്കരണത്തിനുശേഷം തുണ്ടുവൽക്കരിക്കപ്പെട്ട ഭൂമികളിലുണ്ടായിരുന്ന കാടുകളും കാവുകളും വെട്ടിനശിപ്പിക്കുവാനും തോടുകളും തുറകളും കുളങ്ങളും നികത്തുവാനും ആരംഭിച്ചു. അവയെ സംരക്ഷിക്കുന്നതിൽ പൂർവ്വീകർക്കുണ്ടായിരിക്കുന്ന താൽപ്പര്യം പിന്നീടുണ്ടായില്ല. കൂടാതെ ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി വീടുകളും, ഗതാഗതത്തിനായി റോഡുകളും ഉണ്ടാക്കുന്നതിനു വേണ്ടിയും ഇടം കണ്ടെത്തുന്നതിന് ശ്രമിക്കുമ്പോൾ ഇത്തരം ഭൂമികൾ 'ശരിപ്പെടുത്തി' എടുത്തതിന്റെയും ഫലമായി ആവാസവ്യവസ്ഥക്ക് വലിയ പരിക്കേറ്റു.

## മൃഗസമ്പത്ത്

ആയിരത്തിലധികം വീടുകളിൽ വളർത്തുന്ന

പശു, ആട്, എരുമ മുതലായ മൃഗങ്ങളാണിവിടുത്തെ മൃഗസമ്പത്ത്. നാടൻ ഇനം പശുക്കളെയാണ് ഇന്നും കൂടുതൽ കർഷകർ വളർത്തുന്നത്. ഉൽപ്പാദന ക്ഷമത കൂടിയ ഇനങ്ങളിലേക്ക് കർഷകരുടെ ശ്രദ്ധ ഇനിയും കാര്യമായി തിരിഞ്ഞിട്ടില്ല. മൂവായിരത്തിലധികം നായ്ക്കൾ പഞ്ചായത്തതിർത്തിക്കുള്ളിലുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ ലൈസൻസോടെ വൃത്തിയായി നായ്ക്കളെ വളർത്തുന്നവരുടെ എണ്ണം തലോം പരിമിതമാണ്. അലഞ്ഞുതിരിയുന്ന തെരുവു നായ്ക്കൾ വളർത്തു മൃഗങ്ങൾക്കും മനുഷ്യർക്കും ഒരുപോലെ ശല്യമാണ്.

മൂർഖൻ, അണലി, ശംഖുവരയൻ മുതലായ വിഷപ്പാമ്പുകളും, ചേര, നീർക്കോലി മുതലായ വിഷമില്ലാത്ത പാമ്പുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാധാരണയായി ഇന്നും കണ്ടുവരുന്നു. എലികളുടെ എണ്ണവും താരതമ്യേന കൂടുതലാണ്. ഇവ കൃഷിക്ക് വരുത്തിത്തീർക്കുന്ന നാശനഷ്ടങ്ങൾ അതിഭീമ മാണ്. പാടശേഖരങ്ങളിൽ ധാരാളമായി കണ്ടിരുന്ന ഞവണിയ്ക്ക (നത്തയ്ക്ക) ഇന്ന് ഒരപൂർവ്വ ജീവിയായി മാറിക്കഴിഞ്ഞു. കൂടാതെ വരാൽ, കല്ലട, ചെമ്മീൻ മുതലായവയും പാടശേഖരങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കീടനാശിനികളുടെ വർദ്ധിച്ച ഉപയോഗത്താൽ ഇവയുടെ വംശനാശം ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

ചാലക്കുടിയാറിലും, പെരിയാറിലും, കൊടുങ്ങല്ലൂർ കായലിലും ധാരാളമായി ലഭിച്ചിരുന്ന തിരുത, കണമ്പ്, കരിമീൻ, കാളാഞ്ചി, ഏരി, കൂരി, വറ്റ, പ്രായൽ മുതലായ നല്ലയിനം മത്സ്യങ്ങളും ഇന്ന് പണ്ടേപ്പോലെ ലഭിക്കുന്നില്ല. അശാസ്ത്രീയമായ മത്സ്യബന്ധനവും അനിയന്ത്രിതമായ മണൽവാരലുമാണ് ഇതിന് പ്രധാനകാരണങ്ങൾ. മണൽ വാരൽ വ്യാപകമായതോടെ കായലിൽ സുലഭമായി ലഭിച്ചിരുന്ന കക്കയിറച്ചി വളരെ കുറഞ്ഞിരിക്കുന്നു. അതോടൊപ്പം പുഴയിൽ മുങ്ങി കക്കവാരി കക്കവിറ്റ് ഉപജീവനം നടത്തിയിരുന്ന ഒത്തിരിയാളുകളുടെ തൊഴിലും ഇതോടൊപ്പം നഷ്ടമായിട്ടുണ്ട്. തവളകൾ, പൂമ്പാറ്റകൾ മുതലായവയും വളരെയധികം കുറഞ്ഞിട്ടുണ്ട്. അതോടൊപ്പം ഏതാനും വർഷം മുമ്പുവരെ ഇവിടെ അന്യമായിരുന്ന കൊതുകുകൾ ഇന്ന് ഇവിടെ ധാരാളമാണ്. ചാഴികളും മറ്റ് ശത്രുകീടങ്ങളും ധാരാളമായി വർദ്ധിക്കുന്നതായിട്ടാണ് അനുഭവം.

വീട്ടുമുറ്റക്കോഴികളുടെ വളർത്തൽ വീട്ടമ്മമാരുടെ ഒരു ഹോബി എന്നതിനേക്കാളുപരി ഒരു വലിയ വരുമാനമാർഗ്ഗവുമാണ്. ശരാശരി ഒരു വീട്ടിൽ എട്ടു കോഴികളെങ്കിലുമുണ്ട്. അമ്പതുകോഴികൾ വരെ ചില വീടുകളിൽ വളർത്തുന്നുണ്ട്. എല്ലാ വർഷവും ബാധിക്കുന്ന കോഴിവസന്ത ഇതിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചുറ്റുപാടും ജലാശയങ്ങൾ ഉണ്ടെങ്കിലും താറാവ് വളർത്തൽ ഇവിടെ വ്യാപകമല്ല. കാക്ക, പ്രാവ്, മുതലായ പക്ഷികളെ ധാരാളമായി കണ്ടുവരുന്നു. എന്നാൽ തത്ത, മാടത്ത, കൊക്ക് മുതലായ പക്ഷികളെ ചില സീസണുകളിൽ മാത്രമേ കൂട്ടത്തോടെ കാണാറുള്ളു.

ഹിമാലയത്തിൽ നിന്നും വരുന്ന എരണ്ട പക്ഷികൾ പുത്തൻവേലിക്കരയുടെ പ്രത്യേകതയാണ്. ജൂൺ മാസത്തിന്റെ അവസാനത്തോടെ ഇവിടുത്തെ പാടശേഖരങ്ങളിൽ എത്തുന്ന ഇവ മുട്ടയിട്ട് വിരിഞ്ഞ് ആഗസ്റ്റ് മാസത്തോടെ ഇവിടെനിന്നും യാത്രയാകുന്നു. താരതമ്യേന വലിപ്പം കൂടിയ ഈപക്ഷികളെ കല്ലൻ എരണ്ട എന്നാണ് സമീപവാസികൾ വിളിക്കുന്നത്. ഏതാനും വർഷങ്ങളായി അവ ഇവിടെ വേട്ടയാടപ്പെടുന്നുമുണ്ട്. ജനുവരി മാസത്തിൽ ഈ മേഖലകളിലൂടെ കടന്നുപോകുന്ന ചെറിയ 'എരണ്ട'കൾ (സൈബീരിയൻ) ചിലപ്പോഴങ്കിലും ഇവിടുത്തെ പാടങ്ങളിൽ ഇറങ്ങാറുണ്ട്. ആയിരത്തോളം പരുന്ന കൂട്ടമായെത്തുന്ന ഇവ നെൽകൃഷിക്ക് ഭീമമായ നാശമേൽപ്പിക്കാറുണ്ട്. ഇവയെ പേടിച്ച് കുറെ വർഷങ്ങളായി കുട്ടാടൻ കൃഷി കർഷകർ നിർത്തിവച്ചിരിക്കുകയാണ്.

## സസ്യസമ്പത്ത്.

കാർഷിക വിളകൾക്ക് പുറമേ ധാരാളം മരങ്ങളും കുറ്റിച്ചെടികളും ഔഷധച്ചെടികളും ഇന്നും കണ്ടുവരുന്നു. ഔഷധച്ചെടികളുടെ വമ്പിച്ച ശേഖരം തന്നെ ഇവിടെയുണ്ടായിരുന്നു. തൊട്ടാവാടി, തുമ്പ, മുയൽച്ചെവി, മുക്കൂറ്റി, ആടലോടകം, കയ്യോന്നി, മുത്തങ്ങ, കറുക, കുറുന്തോട്ടി, കൊടവൻ, കുറ്റിപ്പാണൽ, കാട്ടുതൃത്താവ്, ബ്രഹ്മി, കൊഴുപ്പ, വയൽച്ചുള്ളി, ആര്യവേപ്പ്, തകര, തഴുതാമ, പൂവാങ്കുരുന്നിൽ. മരോട്ടി, കുന്നി, കൂവളം, തുളസി മുതലായവ ഇന്നും ഇവിടെ ധാരാളമായി കണ്ടുവരുന്നു. എന്നാൽ കാട്ടുചെത്തി, തുക്കുചെത്തി, കീഴാർനെല്ലി, ചിറ്റമൃത്, പോത്തമൃത്, കാട്ടുതിപ്പല്ലി, എരുക്ക്, പൊൻതകര, പാവട്ട, ഉഴിഞ്ഞ, ഒടിച്ചുകുത്തി മുതലായ ധാരാളമായി ഇവിടെക്കണ്ടുവന്നിരുന്ന ഔഷധച്ചെടികൾക്ക് വംശനാശം സംഭവിച്ചതുപോലുണ്ട്.

ഇഞ്ചാരക്കുന്നിന്റെ ചരുവിലും പഞ്ഞിരപ്പള്ളക്കുന്നിന്റെ ചരുവിലും ഒരേക്കറിൽ താഴെ വരുന്ന വള്ളിപ്പടർപ്പുകൾ നിറഞ്ഞ കുറ്റിക്കാടുകൾ കാണുവാൻ കഴിയും. പനിക്കൂർക്ക,വയമ്പ്, ശംഖുപുഷ്പം മുതലായവ ചിലവീടുകളിലെങ്കിലും ഇന്ന് നട്ടുവളർത്തുന്നുണ്ട്. ചെറുകടപ്പുറം, തേലത്തുരുത്ത് ഭാഗങ്ങളിൽ ധാരാളം പുൽമേടുകൾ കാണുവാൻ കഴിയും. പച്ചില വളത്തിനു വേണ്ടി ഈടുകളിൽ നട്ടുവളർത്തുന്ന ശീമക്കൊന്നയും, ധാരാളമായി വളരുന്നുണ്ട്. ഏതാനും വർഷ

ങ്ങളായി തേക്ക്, മാഞ്ചിയം മുതലായ വൃക്ഷങ്ങൾ പുരയിടങ്ങളിൽ നടുന്നത് വ്യാപകമായിട്ടുണ്ട്. അലങ്കാരച്ചെടികളും, പൂച്ചെടികളും വീട്ടുമുറ്റപ്പൂന്തോട്ടങ്ങളിൽ ചെറിയതോതിൽ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും കുറ്റിമുല്ല, ജമന്തി, വാടാമല്ലി മുതലായലവയുടോയോ, ഓർക്കിഡ്, ആന്തൂറിയം മുതലായവയുടേയോ വ്യാപാരാടിസ്ഥനത്തിലുള്ള കൃഷിയെപ്പറ്റി ജനം ചിന്തിച്ചുതുടങ്ങിയിട്ടില്ല. മാത്രമല്ല, വംശനാശഭീഷണി നേരിചുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ട ശ്രമം ഒരു ഭാഗത്തുനിന്നും ഇതുവരെയുണ്ടായിട്ടില്ല.

## ജനപ്രകൃതി

| വാർഡ് നം. | ആകെ ജനസംഖ്യ | | | വീടുകളുടെ | പട്ടികജാതി | | |
|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | ആകെ | എണ്ണം. | പു. | സ്ത്രീ | ആകെ |
| 1 | 1111 | 1179 | 2290 | 427 | 30 | 22 | 52 |
| 2 | 971 | 1002 | 1973 | 377 | 31 | 34 | 65 |
| 3 | 958 | 1100 | 2058 | 397 | 19 | 20 | 39 |
| 4 | 993 | 1093 | 2086 | 423 | 51 | 59 | 110 |
| 5 | 1204 | 1305 | 2509 | 508 | 186 | 187 | 373 |
| 6 | 1289 | 1336 | 2625 | 525 | 221 | 236 | 457 |
| 7 | 1144 | 1182 | 2326 | 459 | 108 | 117 | 225 |
| 8 | 1460 | 1453 | 2913 | 565 | 186 | 203 | 389 |
| 9 | 1670 | 1688 | 3358 | 649 | 190 | 197 | 387 |
| 10 | 901 | 942 | 1843 | 344 | 180 | 185 | 365 |
| 11 | 798 | 836 | 1634 | 330 | 160 | 174 | 334 |
| ആകെ | 12499 | 13116 | 25615 | 5004 | 1362 | 1434 | 2796 |

1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25615 ആണ്. ഇതിൽ 13116 സ്ത്രീകളും 12499 പുരുഷന്മാരും ആണ്. മൊത്തം ജനസംഖ്യയുടെ 10.9% പട്ടികജാതിവർഗ്ഗത്തിൽ പെടുന്നവരാണ്. ആറുവയസ്സിൽ താഴെ പ്രായമുള്ളവരുടെ എണ്ണം 2707 ആണ്. ഇത് ജനസംഖ്യയുടെ 10.6% വരുന്നുണ്ട്. ആറു വയസ്സിനു മുകളിൽ പ്രയമുള്ളവരിൽ 93.2% സാക്ഷരരാണ്. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 90.5 ശതമാനവും പുരുഷന്മാരുടേത് 95.9 ശതമാനവും ആണ്. ഏറ്റവും കൂടിയ ജനസംഖ്യ 9–ാം വാർഡിലും ഏറ്റവും കുറഞ്ഞ ജനസംഖ്യ 11–ാം വാർഡിലുമാണ്. 15 വയസ്സിന് മുകളിലുള്ളവരിൽ നാൽപ്പതു ശതമാനത്തിനു മുകളിൽ SSLC പാസ്സായവരാണ്. എണ്ണൂറോളം ബിരുദധാരികളും, നൂറിൽ താഴെ ബിരുദാനന്തര ബിരുദധാരികളും അഞ്ഞൂറിലധികം ITI പാസ്സായവരും ഇരുന്നൂറിൽ താഴെ ഡിപ്ലോമക്കാരും ഉണ്ടെങ്കിലും എഞ്ചിനിയറിംങ്, മെഡിക്കൽ, നിയമ. ഗവേഷണ ബിരുദങ്ങൾ നേടിയവരുടെ എണ്ണം തുലോം പരിമിതമാണ്.

സ്ത്രീ പുരുഷാനുപാതത്തിൽ മുതിർന്നവരുടെ ഇടയിൽ സ്ത്രീകളാണ് മുൻപന്തിയിൽ. 51.2% (1000പു.: 1049സ്ത്രീ) എന്നിരിക്കിലും ആറു വയസ്സിനു താഴെ പ്രയമുള്ളവരിൽ 52% ആൺകുട്ടികളും 48% പേർ പെൺകുട്ടികളുമാണ്. (1000പു. 923 സ്ത്രീ) സ്ത്രീ വിവേ

ചനം കാര്യമായ തോതിൽ നിലവിലില്ലെങ്കിലും കാർഷികമേഖലയിലും കെട്ടിടനിർമ്മാണ മേഖലയിലും കൂലിയുടെ കാര്യത്തിൽ വിവേചനം നിലനിൽക്കുന്നുണ്ട്. ഗാർഹിക ചുറ്റു പാടുകളിൽ സ്ത്രീയുടെ സാന്നിധ്യം ഇന്നും അത്യന്താപേക്ഷിതമായി തുടരുന്നതിനാൽ പുരുഷൻമാർക്കൊപ്പം പൂർണ്ണമായി എത്തിച്ചേരാൻ ഇവർക്ക് സാധിച്ചിട്ടില്ല. സ്ത്രീധനം ആ പേരിൽ അറിയപ്പെടുന്നില്ലെങ്കിലും മറ്റുപല ഓമനപേരുകളിൽ വിളിക്കപ്പെടുകയും രൂക്ഷമായ തോതിൽത്തന്നെ ഇവിടെ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീധന പീഢനവും സ്ത്രീപീഢനവും കാര്യമായി പറഞ്ഞുകേൾക്കുന്നില്ലെങ്കിൽപ്പോലും വളരെ ചെറിയതോതിൽ സമൂഹത്തിൽ കണ്ടുവരുന്നുണ്ട്. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഗാർഹികമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടിവരുമ്പോൾ അവരുടെ ജോലിഭാരം ഇരട്ടിയാകുന്നുണ്ടെങ്കിലും അതിനനുസരിച്ച അംഗീകാരം അവർക്ക് നൽകാൻ സമൂഹം തയ്യാറായിട്ടുണ്ടോ എന്ന് സംശയമാണ്.

ജനസംഖ്യയുടെ 11 ശതമാനത്തോളം വരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ ഏതാണ്ട് പൂർണ്ണമായിത്തന്നെ എല്ലാത്തരം വിഭാഗീയതകൾക്കുമതീതമായി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മിക്കവാറും എത്തിക്കഴിഞ്ഞു. സാക്ഷരതയിലും, വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഇവരും മറ്റ് സമുദായങ്ങൽക്കൊപ്പമെത്തിക്കൊണ്ടിരിക്കുന്നു. ജാതിപ്പേര് വിളിക്കുന്നത് പൂർണ്ണമായി അവസാനിച്ചിട്ടില്ലെങ്കിൽ പോലും യുവതലമുറയിൽ ഈ പ്രവണത ഒട്ടും തന്നെ കണ്ടുവരുന്നില്ല. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ നേടിയ പുരോഗതിയുടെ സൂചന ഇതിൽ നിന്നുതന്നെ വെളിവാകുന്നുണ്ട്.

ജനസാന്ദ്രത സംസ്ഥാനനിരക്കിനേക്കാളും ($724/Km^2$) ജില്ലാ നിരക്കിനേക്കാളും ($1170/Km^2$) വളരെ ഉയർന്നതാണ്. ചതുരശ്ര കിലോമീറ്ററിന് 1289. എന്നാൽ ജനസംഖ്യാ വളർച്ചാനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

## തൊഴിൽ മേഖല (തൊഴിൽപ്രാതിനിധ്യം)

| | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| മുഴുവൻ സമയതൊഴിലാളികൾ | 1775 | 5855 | 7630 |
| നാമമാത്ര തൊഴിലാളികൾ | 665 | 423 | 1088 |
| തൊഴിൽ രഹിതർ | 10676 | 6221 | 16897 |
| ആകെ | 13116 | 12499 | 25615 |

**തൊഴിൽ വിഭജനം**

(അവലംബം - സെൻസസ് - 1991)

| തൊഴിൽ മേഖലകൾ | പുരുഷന്മാർ | സ്ത്രീ. | ആകെ |
|---|---|---|---|
| കർഷകർ | 411 | 63 | 474 |
| കർഷകത്തൊഴിലാളികൾ | 745 | 589 | 1334 |
| മൃഗസംരക്ഷണം/മത്സ്യ ബന്ധനം | 1043 | 31 | 1074 |
| ഖനനം | | | |
| പാറപൊട്ടിക്കൽ | | | |
| കല്ല് വെട്ട് | 201 | 63 | 264 |
| കിണർകുഴിക്കൽ | | | |
| കുടിൽ വ്യവസായം | 34 | 27 | 61 |
| മറ്റ് വ്യവസായങ്ങൾ | 926 | 410 | 1336 |
| നിർമ്മാണതൊഴിലാളികൾ | 892 | 12 | 904 |
| വാണിജ്യം | 663 | 103 | 766 |
| ഗതാഗതം/വാർത്താവിനിമയം | 360 | 72 | 432 |
| മറ്റ് സേവന മേഖലകൾ | 580 | 405 | 985 |
| ആകെ | 5855 | 1775 | 7630 |

പഞ്ചായത്തിലെ തൊഴിൽ സന്നദ്ധരായവരിൽ ഭൂരിഭാഗം പേരും ഏതെങ്കിലും തുറയിൽ എന്തെങ്കിലും തൊഴിൽ ചെയ്യുന്നവരാണ്. എന്നിരിക്കിലും ആർജ്ജിച്ച വിദ്യാഭ്യാസ യോഗ്യതയുടേയോ, ലഭിക്കുന്ന തൊഴിൽ ദിനങ്ങളുടെ അടിസ്ഥാനത്തിലോ ഇവരെ സ്ഥിരം തൊഴിലുകാർ എന്ന് നിർവ്വചിക്കുവാൻ കഴിയില്ല. കൃഷി പൂർണ്ണവരുമാന മാർഗ്ഗമായി നടത്തുന്നവരുടെ എണ്ണം 474 എന്ന് കാണുന്നുണ്ട്. എന്നാൽ അത്രയുമുണ്ടോ എന്ന് സംശയമാണ്. കർഷകത്തൊഴിലാളിയാകട്ടെ 1274 പേരും. കുടിൽ വ്യവസായം നടത്തുന്നവർ 61 എന്നാണ് കണക്കിലെങ്കിലും അതിലധികമുള്ളതായികാണുന്നു.

മറ്റ് വ്യവസായമേഖലകളിൽ തൊഴിൽ ചെയ്യുന്നവർ 1393 പേർ ഉണ്ട്. ഇവരിൽ ഭൂരിഭാഗവും ഇഷ്ടികവ്യവസായവുമായി ബന്ധപ്പെട്ടവരാണ്. നിർമ്മാണത്തൊഴിലാളികൾ 968 പേരുണ്ട്. ഇവരിൽ അധികവും വിദഗ്ധരായ മരപ്പണിക്കാരും കൽപ്പണിക്കാരും ആണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇവിടത്തെ പ്രഗത്ഭരായ മരപ്പണിക്കാർ തൊഴിൽ ചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെ ഇവരുടെ കഴിവുകളെ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ വളർച്ചക്കുവേണ്ടതൊന്നും തന്നെ ഇതുവരെ ചെയ്തിട്ടില്ല. സർക്കാർ പൊതുമേഖലാ ജീവനക്കാരുടെ എണ്ണം 1417 ആണ്. 1088 നാമമാത്ര തൊഴിലാളികളും 16897 തൊഴിൽ രഹിതരും ഉണ്ടെന്ന് ജനസംഖ്യക്കണക്ക് സൂചിപ്പിക്കുന്നു. എന്നാൽ 18 വയസ്സിൽ താഴെ പ്രായം വരുന്ന 8121 പേരും 60 വയസ്സിന് മുകളിൽ ഉള്ള ആയിരത്തഞ്ഞൂറോളം പേരെയും ഒഴിച്ചുനിർത്തിയാൽ ബാക്കിയുള്ളവർ 6000 ന് മുകളിൽ മാത്രമാണ്. ഇവരിൽത്തന്നെ ആയിരത്തോളം ആളുകൾ ഗൾഫ് രാജ്യങ്ങളിലും മറ്റും ജോലിചെയ്യുന്നവരും, ഗാർഹിക കാര്യങ്ങളിൽ മാത്രം മുഴുകിക്കഴിയുന്ന ആയിരത്തഞ്ഞൂറോളം പേരും കഴിഞ്ഞാൽ യഥാർത്ഥതൊഴിൽരഹിതരുടെ എണ്ണം നാലായിരത്തിന് മുകളിലാണെന്നുകാണാം. എന്നിരിക്കിലും ഇതു തന്നെ പഞ്ചായത്തിലെ തൊഴിൽ സന്നദ്ധരുടെ 25% ത്തിൽ അധികം വരുമെന്നത് ഇവിടുത്തെ തൊഴിലില്ലായ്മയുടെ രൂക്ഷതയിലേക്ക് വിരൽ ചൂണ്ടുന്നു.

## വികസന മേഖലകൾ

### (1) കൃഷി - ജലസേചനം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പുത്തൻവേലിക്കര പഞ്ചായത്തിന്റെ മിക്കവാറും ഭൂപ്രദേശങ്ങളും അഞ്ച് ഭൂവുടമകളുടെ കൈവശത്തിലായിരുന്നു. അൻപതുകളിൽ ഈ നിലയ്ക്ക് മാറ്റം സംഭവിച്ചു. 1971ലെ ഭൂപരിഷ്ക്കരണനിയമത്തിലൂടെ പാട്ടക്കുടിയാനും കുടികിടപ്പുകാരനും ഭൂമിയുടെ ഉടമസ്ഥരാകാൻ കഴിയുന്ന നില വന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടുകൂടി ഭൂമി ചെറിയ ചെറിയ തുണ്ടുകളായി യഥാർത്ഥ കർഷകരിൽ എത്തിച്ചേർന്നു.

പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ 80% കൃഷിയെ ആശ്രയിച്ചു ജിവിക്കുന്നവാരാണ്. 1970 വരെ പുത്തൻവേലിക്കര പഞ്ചായത്തിൽ നെൽകൃഷി ലാഭകരമായിരുന്നു. കർഷകത്തൊഴിലാളകളുടെ ബാഹുല്യമവും കുറഞ്ഞകൂലിയുമായിരുന്നു അതിനു കാരണം. പട്ടിണി കൊടികുത്തി വാണിരുന്ന അക്കാലത്ത് കാർഷികമേഖലയിൽ പണിയെടുക്കുന്ന ഒരു പുരുഷത്തൊഴിലാളിക്ക് ഒരു ദിവസത്തെ കൂലി (പതമ്പ്) ഒരിടങ്ങഴി (നാല് നാഴി) നെല്ലും സ്ത്രീ തൊഴിലാളിക്ക് 3 നാഴി നെല്ലും ആയിരുന്നു. പകലന്തിയോളം തൊഴിൽ ചെയ്തെങ്കിൽ മാത്രമേ മേൽപ്പറഞ്ഞ കൂലി ലഭിക്കുമായിരുന്നുള്ളു. കൂടാതെ വിളവെടുപ്പുകാലത്ത് കൊയ്തെടുക്കുന്ന നെൽ കതിരുകൾ (കറ്റകൾ/ ചുരുട്ടുകൾ) തലച്ചുമടായി ജന്മിയുടെ കളപ്പുരയിലെത്തിച്ച് അവ മെതിച്ച് പേറ്റി ഏഴു പറ ജന്മിക്കളന്നാൽ മാത്രമേ എട്ടാമത്തെ പറ നെല്ല് കർഷക തൊഴിലാളിക്ക് ലഭിക്കുമായിരുന്നുള്ളു. തൊഴിലാളികൾ സംഘടിക്കുവാൻ തുടങ്ങിയതോടെ മാന്യമായ വേതനം കൊടുക്കുവാൻ ഭൂവുടമകൾ നിർബ്ബന്ധിതരായി. അക്കാലങ്ങളിൽ പഞ്ചായത്തിന്റെ താഴ്ന്ന നെൽപ്പാടങ്ങളായ താഴഞ്ചിറപ്പാടത്തും തടംതാണിക്കപ്പാടത്തും മൂപ്പുകൂടിയ കട്ടാടൻ എന്ന നാടൻ നെൽ വിത്താണ് ഉപയോഗിച്ചിരുന്നത്. കാലവർഷത്തന്റെ ആരംഭത്തിൽ വിത്തുവിതച്ചാൽ മകരമാസത്തിലാണ് നെല്ലു വിളയുന്നതും കൊയ്ത്താരംഭിക്കുന്നതും. മകരകൊയ്ത്തിന്റെ ആ ഉത്സവ കാലം ഇന്ന് ഒരു പഴം കഥ മാത്രം. വിദേശങ്ങളിൽ നിന്നും പറന്നെത്തുന്ന 'എരണ്ടകൾ' എന്നയിനം പക്ഷിക്കൂട്ടങ്ങൾ കുട്ടാടൻ കർഷകരുടെ സ്വപ്നങ്ങൾ തല്ലിത്തകർക്കാൻ

തുടങ്ങിയതോടുകൂടി ചാൽ നിലങ്ങളിലെ നെൽകൃഷി പരിപൂർണ്ണമായും വേണ്ടെന്നു വച്ചു. ആയിരങ്ങൾ അടങ്ങുന്ന ഈ പക്ഷിക്കൂട്ടങ്ങൾ വീഴുന്ന, വിളഞ്ഞു പാകമായ നെൽപ്പാടങ്ങളിൽ നിന്നും വിത്തിനുള്ള വക പോലും കർഷകന് ലഭിക്കാറില്ലായിരുന്നു. കുന്നിൻ ചരിവുകളിലെ ഉയർന്ന സമതലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്തു പോന്നു. അതിൽ വിരിപ്പു കൃഷി പലപ്പോഴും മലവെള്ളത്താൽ നശിച്ചുപോകുകയും മുണ്ടകൻ കൃഷി ജലസേചനമില്ലാത്തതുകൊണ്ട് നല്ല വിള ലഭിക്കാതെ പോകുകയും ചെയ്യാറുണ്ട്. എങ്കിൽപ്പോലും വിരിപ്പിനെ ആപേക്ഷിച്ച് മുണ്ടകൻ കൃഷിയിൽ നിന്നാണ് കർഷകന് നല്ല വിളവ് ലഭിച്ചിരുന്നത്. പഴയ കാലങ്ങളിൽ ചാൽ നിലങ്ങളിൽ നെൽപ്പാടങ്ങളുടെ പുറം ബണ്ട് ഉറപ്പിച്ചശേഷം ചക്രം ചവിട്ടി വെള്ളം വാർത്തുകളഞ്ഞ് പുഞ്ചകൃഷി നടത്തുകയും വേത്തിന്റെയും ചക്രത്തിന്റെയും സഹായത്താൽ തുറകളിൽ നിന്നും ജലസേചനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് നെൽപ്പാടങ്ങളെന്നു പറയാൻ വെറും 250 ഹെക്ടർ സ്ഥലമേ നിലവിലുള്ളു. അവയിൽ തന്നെ 50 ഹെക്ടറോളം വരുന്ന 9, 10, 11 വാർഡുകളിലെ നെൽപ്പാടങ്ങൾ ഇഷ്ടികക്ക് മണ്ണെടുത്ത് കൃഷിയിറക്കാൻ കഴിയാത്ത ആഴമുള്ള കുഴികളായി മാറിക്കഴിഞ്ഞു. ഇഷ്ടികക്കുവേണ്ടി മണ്ണെടുക്കുമ്പോൾ ലഭിക്കുന്ന ഭീമമായ സംഖ്യമായണ് ഈ ദുരന്തത്തിലെക്ക് അറിഞ്ഞുകൊണ്ട് എത്തപ്പെടുന്നതിന് കർഷകരെ പ്രലോഭിപ്പിക്കുന്നത്. പഞ്ചായത്തലെ ഏറ്റവും ഫലഭൂയിഷ്ഠമായ ചെറുകടപ്പുറം കോഴിത്തുരുത്ത്, പുതുക്കാട്ട് പാടം എന്നിവിടങ്ങളിലാണ് ഇതിന്റെ തോത് അധികമായി കാണപ്പെടുന്നത്. അവശേഷിക്കുന്ന നെൽപ്പാടങ്ങളെങ്കിലും സംരക്ഷിച്ചു നിർത്തുന്നതിന് സർക്കാരിന്റെ ഇടപെടൽ അനിവാര്യമാക്കിത്തീർത്തിരിക്കുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ് രണ്ടാം വാർഡിലെ അകത്തുചാൽ പ്രദേശങ്ങളിൽ പൊക്കാളികൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിന്റെ അധീനതയിലുള്ള 29 ഏക്കറോളം വരുന്ന അകത്തുചാലിൽ ഓരു ജല മത്സ്യകൃഷി നടത്തുന്നതുമൂലം സമീപത്തുള്ള കുളങ്ങളിലും കിണറുകളിലും ഉപ്പുകയറുന്ന അവസ്ഥയായി.

താരതമ്യേന ഫലഭൂയിഷ്ഠമായ അഞ്ചാം വാർഡിലെ പാപ്പനംകോട് പാടം, കുറ്റിക്കാട്ട് പാടം എന്നിവിടങ്ങളിൽ വിള സാന്ദ്രത വർദ്ധിപ്പിക്കുന്നതിനുള്ള പ്രധാന തടസ്സം ജലസേചനസൗകര്യങ്ങളുടെ അഭാവമാണ്. പഞ്ചായത്തിലെ നാല് ഒമ്പത് വാർഡുകളിലെ പാടശേഖരങ്ങൾ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ്. എന്നാൽ ഇവിടങ്ങളിൽ വേനൽകാലത്ത് ഓരു ജല ഭീഷണി നിലനിൽക്കുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖരം താഴഞ്ചിറപ്പാടം, തടംതാണിക്കപ്പാടം, മൂട്ടിക്കപ്പാടം എന്നിവയാണ്. ജലസേചന സൗകര്യം ലഭിക്കുകയാണെങ്കിൽ മൂന്ന് പൂവ് കൃഷിയിറക്കാൻ കഴിയുന്നവായാണ്. ഈ പാടശേഖരങ്ങളിൽ നിലവിലുള്ള പഞ്ചായത്ത് തോടിൽ പുതുക്കാട് ലിഫ്റ്റ് ഇറിഗേഷൻ മുഖാന്തിരം ലഭിക്കുന്ന നാമമാത്രമായ ജലം സംഭരിച്ച് തോടിന് ഇരു കരകളിലുമുള്ള ഉത്സാഹ ശീലരായ കർഷകർപുഞ്ചകൃഷിയും നടത്തിവരുന്നുണ്ട്.

പൊതുവിൽ കൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നം മണ്ണു പരിശോധന കൂടാതെയുള്ള രാസവള പ്രയോഗവും ഹ്യൂറഡാൻ പോലുള്ള കീടനാശിനികളുടെ അമിതമായ ഉപയോഗവുമാണ്. ഇതുമൂലം വർഷക്കാലങ്ങളിൽ വ്യാപകമായ രീതിയിൽ മത്സ്യ സമ്പത്തും നശിച്ചുപോകുന്നു. എട്ട് പഞ്ചവത്സര പദ്ധതികൾ പൂർത്തീകരിച്ചിട്ടും പുത്തൻവേലിക്കരയുടെ പാടശേഖരങ്ങളിലേക്ക് ഒറ്റ ജലസേചനപദ്ധതിപോലും കടന്നു വന്നിട്ടില്ലായെന്നത് ഏവരെയും അമ്പരപ്പിക്കുന്ന വസ്തുതയാണ്. നമ്മുടെ നെൽ കൃഷി പച്ചപിടിക്കുന്നതിന്റെ യാതൊരു ലക്ഷണവും ഈ കാലയളവിൽ ഉണ്ടായിട്ടില്ല. എന്നും ശുദ്ധജലം വഹിക്കുന്ന ചാലക്കുടിയാറ് ഇതൊന്നുമറിയാത്ത ഭാവേന നിർവിഘ്നം പഞ്ചായത്തിന്റെ നെല്ലറകളാകേണ്ട പ്രദേശത്തെ രണ്ടായ് പിളർന്നുകൊണ്ട് തെക്കോട്ടൊഴുകി പെരിയാറിൽ സന്ധിക്കുന്നു.

നെൽ കൃഷി ലാഭകരമല്ലാതായതോടുകൂടി ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളോടെ കർഷകർ കൂടുതൽ ആദായം ലഭിക്കുന്ന തെങ്ങുകൃഷിയിലേക്ക് തിരിഞ്ഞു. ഓരുജലം തെങ്ങുകൃഷിക്ക് നാശം വിതക്കില്ലെന്നു മനസ്സിലാക്കിയ കർഷകർ വ്യാപകമായി വയൽ നികത്തി തെങ്ങ് കൃഷിചെയ്യുവാൻ തുടങ്ങി.

പുഴയോരങ്ങളിൽ ഓരോ വെള്ളപ്പൊക്കത്തിനും കരക്കടിഞ്ഞുകൂടിയ എക്കൽ മണ്ണ് തെങ്ങു കൃഷിയെ പരിപോഷിപ്പിച്ചു. വെള്ളക്കെട്ടില്ലാത്ത നല്ല നീർവാർച്ചയുള്ള സ്ഥലങ്ങളിൽ തെങ്ങിൽ നിന്നും നല്ല നിലയിൽ ആദായം ലഭിക്കുവാൻ തുടങ്ങി. ആദ്യ കാലഘട്ടങ്ങളിൽ തെങ്ങിൽ നിന്നും ശരാശരി 200 നാളികേരം ലഭിച്ചിരുന്നു. അക്കാലത്ത് വെള്ളക്കെട്ടില്ലാത്ത നീർവാർച്ചയുള്ള സ്ഥലങ്ങളിൽ മാത്രമാണ് തെങ്ങ് കൃഷി ചെയ്തിരുന്നത്.

അനുയോജ്യമായ ജൈവ ഭൗതിക ഘടകങ്ങളുടെ അഭാവത്തിൽ യാതൊരു വിളയും ലാഭകരമായി കൃഷിചെയ്യുവാൻ കഴിയുകയില്ല. പക്ഷെ ഇതൊന്നും ശ്രദ്ധിക്കാതെ നെൽപാടങ്ങൾ വ്യാപകമായി നികത്തി തെങ്ങ് കൃഷി ചെയ്യാൻ ആരംഭിച്ചത് ഇവയുടെ ഉൽപ്പാദന ക്ഷമത അടിക്കടി താഴോട്ട് പോരുവാൻ കാരണമായി. കൂനിന്മേൽ കുരുവെന്നോണം, വേരുരോഗം

നമ്മുടെ പഞ്ചായത്തിലെ തെങ്ങുകളിലും തുടങ്ങി. കഴിഞ്ഞ മൂന്ന് പതിറ്റാണ്ട്കൊണ്ട് ഈ രോഗം (Root Wilt) പഞ്ചായത്തിൽ വ്യാപകമായി കൂടാതെ മഞ്ഞളിപ്പ്, കൂമ്പുചീയൽ എന്നീ രോഗങ്ങളും പിടിപെടാൻ തുടങ്ങി. ജലസേചനത്തിന്റെ അഭാവവും തെങ്ങുരോഗങ്ങളും ഈ കൃഷിയേയും ലാഭകരമല്ലാതാക്കി ത്തീർത്തു.

വേരുരോഗത്തിനെതിരെ യാതൊരു പ്രതിവിധികളും കണ്ടെത്താൻ നമ്മുടെ കൃഷിശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽകുമ്പു ചീയൽ മഞ്ഞളിപ്പ് എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ നിലവിലുണ്ടെങ്കിലും അത്തരം പ്രവർത്തനങ്ങൾ വ്യാപകമായി നമ്മുടെ കർഷകർ ചെയ്തുകാണുന്നില്ല. തെങ്ങിന് വർഷത്തിൽ രണ്ടുപ്രവശ്യം ബ്രോഡോ മിശ്രിതം തളിക്കുന്നതും തെങ്ങിൻ തടത്തിൽ മഗ്നീഷ്യം സൾഫേറ്റ് വർഷാരംഭത്തിൽ ചേർത്ത് കൊടുക്കുന്നതും ബി.എച്.സി പൗഡറും മണലും സമം കലർത്തി വർഷാരംഭത്തിനുമുമ്പായി ഇരുപതു വർഷത്തിനു താഴെ പ്രായമുള്ള തെങ്ങുകളുടെ കൊരുളുകളിൽ നിറക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച രോഗങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണെങ്കിലും കർഷർ ഇവയൊന്നും സാധാരണ ചെയ്യാറില്ല.

1990-91ലെ സ്ഥിതിവിവരക്കണക്ക് പ്രകാരം നാളികേരത്തിന്റെ ശരാശിരി ഉൽപ്പാദനം കേരളത്തിൽ ഹെക്ടറിന് 4864 മാത്രമായിരുന്നപ്പോൾ നമ്മുടെ പഞ്ചായത്തിൽ അത് 6892 ആയിരുന്നു. അതായത് ഒരു തെങ്ങിൽ നിന്നും ഒരാണ്ടിൽ 34 നാളികേരം പഞ്ചായത്തിൽ ശരാശരി ലഭിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ഉയർന്ന ചരിവുകളിൽ ജലസേചന സൗകര്യമുള്ള ചില പ്രദേശങ്ങളിലെ തെങ്ങുകളിൽ 200ൽ കൂടുതൽ നാളികേരം (ഒരാണ്ടിൽ) ഇന്നും ലഭിക്കുന്നുണ്ട്. അത്തരം നീർവാർച്ചയുള്ളതും ജലസേചനസൗകര്യമുള്ളതും ശാസ്ത്രീയ വളപ്രയോഗം നടത്തുന്നതുമായ തോട്ടങ്ങളിൽ തെങ്ങുകൃഷി ഇന്നും ലാഭകരമാണ്. അത്തരം സ്ഥലങ്ങളിൽ വേരു രോഗം കൂടുതലായി കാണുന്നില്ല.

ഭൂരിപക്ഷം കർഷകരും തങ്ങളുടെ നാളികേരം ഇടനിലക്കാരിലൂടെ വിറ്റഴിക്കപ്പെടുന്നതുകൊണ്ട് വ്യാപകമായ ചൂഷണത്തിന് വിധേയരാകുന്നു. പരിമിതമായ തോതിലാണെങ്കിലും സഹകരണ സ്ഥാപനങ്ങൾ ഈ ചൂഷണത്തിന് അറുതിവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. എട്ടാം പദ്ധതി കാലത്ത് സഹകരണസ്ഥാപനങ്ങൾക്ക് കൊപ്ര ഉണക്കുന്നതിന് പുകപ്പുര നിർമ്മിക്കാൻ 25,000 രൂപ വരെ സബ്സീഡി അനുവദിച്ചിട്ടും നമ്മുടെ പഞ്ചായത്തിൽ അതിന്റെ പ്രയോജനം ലഭിച്ചില്ല. 1994-'95, 1995-'96 വർഷങ്ങളിൽ കേരളസർക്കാർ കേരകർഷകർക്കായി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നെങ്കിലും നമ്മുടെ പഞ്ചായത്തിനു ലഭിച്ച വിഹിതം തുച്ഛമാണ്. ഉദാഹരണത്തിന് വേരുരോഗം ബാധിച്ച തെങ്ങുകളിൽ പത്ത് ശതമാനം പോലും വെട്ടി നശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല അത്തരം തെങ്ങുകളുടെ രോഗത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ സർവ്വേ ഈ അടുത്തകാലത്തൊന്നും നടത്തിയിട്ടില്ല. ജലസേചന സൗകര്യമില്ലാത്ത തെങ്ങിൻ തോപ്പുകൾക്ക് ഫെബ്രുവരി മുതൽ മെയ് വരെയുള്ള കടുത്ത വേനലിനെ അതിജീവിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അവയുടെ ഉൽപ്പാദനക്ഷമത നശിക്കുന്നു. അതു കൊണ്ടുതന്നെ 80% കേരകർഷകരുടേയും വരുമാനത്തിൽ ശോഷണം സംഭവിക്കുന്നു.

മറ്റു മേഖലകളെ അപേക്ഷിച്ച് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കൂലി കുറവാണ്. പാടത്തോ പറമ്പിലോ പണിയെടുക്കുന്ന ഒരു പുരുഷതൊഴിലാളിക്ക് 75 നും 85നും ഇടയിൽ രൂപ ലഭിക്കുന്നു. സ്ത്രീ തൊഴിലാളികൾക്ക് 40 നും 55 നും ഇടയ്ക്കും. എന്നാൽ ഇഷ്ടികക്കളങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ പുരുഷന് 100നും 150നും ഇടക്ക് സ്ത്രീതൊഴിലാളിക്ക് 60നും 70നും ഇടയ്ക്ക് കൂലിലഭിക്കുന്നു. ഉഴവിന് ഉച്ചവരെ 100രൂപ കൂലി ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ ചില കർഷകർ തെങ്ങിന് രാസവളം മാത്രം പ്രയോഗിക്കുമ്പോൾ മറ്റുചിലർ ജൈവവളം മാത്രം ഉപയോഗിക്കുന്നു. മണ്ണിന്റെ ഘടനക്ക് വിഘ്നം വരാതെ ശാസ്ത്രീയവളപ്രയോഗം നടത്തുന്നവർ വളരെ വിരളമാണ്. എങ്കിലും ജലസേചന സൗകര്യമുണ്ടായാൽ നമ്മുടെ കേരകർഷകർ ഈ പഞ്ചായത്തിൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കും.

**കാർഷികോപകരണങ്ങൾ**

| ഉഴവു യന്ത്രങ്ങൾ | മരുന്നുതളി ഉപകരണം | മെതിയന്ത്രം | തെങ്ങു കയറ്റയന്ത്രം |
|---|---|---|---|
| ട്രാക്ടർ - 2<br>ടില്ലർ-8 | റേക്ക് സ്പ്രേയർ-11<br>നാപ്സ്റ്റാക്ക്-38 സ്പ്രേയർ | 2 | 2 |

**കർഷകർ**

| നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|
| 3409 | 624 | 204 |

കവുങ്ങ് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തുവരുന്നു. ജലസേചന സൗകര്യമുള്ള തോട്ടങ്ങളിൽ ഇവ ലാഭകരമാണ്. പഞ്ചായത്തിലെ 150 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്തുവരുന്നു. നാടൻ ഇനങ്ങളും മംഗള എന്ന ഇനവുമാണ് പഞ്ചായത്തിൽ കൂടുതൽ പ്രചാരത്തിലുള്ളത്. 1970 വരെ വ്യവസായികാടിസ്ഥാനത്തിൽ പൈങ്ങ സംസ്ക്കരിക്കുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ എളന്തിക്കരയിൽ നിലനിന്നിരുന്നു. എന്നാൽ ഇന്ന് പൈങ്ങയുടെ 90% ഇടനിലക്കാരായ കച്ചവടക്കാർ വഴി പഞ്ചായത്തിനു പുറത്ത് സംസ്ക്കരിച്ച് കയറ്റിയയക്കുന്നു.

വാഴ തനിവിളയായും തെങ്ങിൻ തോപ്പിൽ ഇടവിളയായും കൃഷിചെയ്തുവരുന്നു. പുത്തൻവേലിക്കര പഞ്ചായത്തിന്റെ 9,10,11, വാർഡുകളിൽ വ്യാപകമായും 4,5,6,7,8 വാർഡുകളിൽ ചെറിയതോതിലും ഏത്തവാഴ കൃഷി (നേന്ത്രൻ) ചെയ്തുവരുന്നു. ജലദൗർല്ലഭ്യമുള്ള പ്രദേശങ്ങളിൽ ഇവ വേനൽ വാഴകളാണ്. കൂടാതെ ചെറുവാഴയിനങ്ങളായ പാളയം കോടൻ, കണ്ണൻ, പൂവൻ, കദളി എന്നിവയും റോബസ്റ്റോ, ചെംകദളി അഥാവാ കപ്പവാഴ എന്ന ഇനവും പഞ്ചായത്തിൽ വ്യാപകമായി കാണാം. വാഴകൃഷി പൊതുവേ ലാഭകരമാണ്. അതുകൊണ്ട് ധാരാളം കർഷകർ ഈ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ട്.

താങ്ങുകാലുകളുടെ അപാരമായ വിലക്കയറ്റവും വിളവെടുപ്പു കാലങ്ങളിലെ ഇടനിലക്കാരുടെ ചൂഷണവുമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. വാഴയുടെ തണ്ടിനെ ആക്രമിക്കുന്ന കീടങ്ങളും കാലവർഷാരംഭത്തിൽ നിരന്തരം വീശിയടിക്കാറുള്ള ശക്തിയേറിയ കാറ്റും കർഷകരുടെ പേടി സ്വപ്നങ്ങളാണ്. വാഴകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം കർഷകരും ഭൂമി പാട്ടത്തിനെടുത്താണ് കൃഷിചെയ്തു വരുന്നത്. കേരള സർക്കാർ '95-'96 വർഷം മുതൽ വിള ഇൻഷുറൻസ് പദ്ധതി ആരംഭിച്ചത് കർഷകർക്ക് അൽപ്പം ആശ്വാസമായിട്ടുണ്ട്. ഭൂരിപക്ഷം വാഴകർഷകരും ഈ പദ്ധതിയിൽ ചേർന്ന് തങ്ങളുടെ വിള ഇൻഷ്വർ ചെയ്തുവരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത ഭൂരിപക്ഷം കർഷകർക്കും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ളതും എന്നാൽ നാളിതുവരെ ആരാലും ശ്രദ്ധിക്കപ്പെടാതെ നിൽക്കുന്നതുമായ മറ്റൊരു കൃഷിയാണ് കശുമാവ്. നാനൂറ് ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്തുവരുന്നു. നമ്മുടെ പഞ്ചായത്തിലെ ഫലപുഷ്ടി കുറഞ്ഞ കുന്നിൻ പ്രദേശങ്ങളിലും ചരിവുകളിലും ഈ കൃഷി ചെയ്തുവരുന്നു. ശാസ്ത്രീയമായി കശുമാവ് മുഖ്യവിളയായി കൃഷിചെയ്യുന്ന വരലിലെണ്ണാവുന്ന കർഷകരെ നമ്മുടെ പഞ്ചായത്തിലുള്ളൂ. കാര്യമായ വളപ്രയോഗമോ ജലസേചനമോ ഇല്ലാതെ കർഷകർക്ക് ദീർഘകാല വിളയായ കശുമാവിൻ തോട്ടങ്ങളിൽനിന്ന് നല്ല ആദായം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ കൃഷി യോഗ്യമായ തരിശിൽ ഈ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. അത്യുൽപ്പാദനശേഷിയുള്ള ഒട്ടുമാവിൻ തയ്കൾ കർഷകരുടെ ആവശ്യാനുസരണം ഇപ്പോൾ പഞ്ചായത്തിൽ ലഭിക്കുന്നില്ല. കശുമാവിൽ കണ്ടുവരുന്ന ചെന്നീരൊലിപ്പ് തടയാനും പൂങ്കുലകളിലെ നീരൂറ്റി കുടിക്കുന്ന തേയില കൊതുകുകളെ നശിപ്പിക്കാനും കീടനാശിനി പ്രയോഗം ആവശ്യമായി വന്നിരിക്കുകയാണ്. ഇന്ന് നാം പാഴാക്കിക്കളയുന്ന കശുമാമ്പഴത്തിൽ നിന്നും സ്ക്വാഷുകളും ചൊറുക്കയും മറ്റും നിർമ്മിക്കാവുന്നതാണ്. വരും കാലങ്ങളിൽ ഈ കൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ വൻ വികസനസാദ്ധ്യതകളുണ്ട്.

കേരളത്തിന്റെ ഭൂപ്രകൃതിയിൽ ഏറ്റവും ആദായകരമായ റബ്ബർകൃഷി പുത്തൻ വേലിക്കരയിൽ വെറും 5 ഹെക്ടറിൽ ഒതുങ്ങിനിൽക്കുന്നു. ആറാം വാർഡിലെ മാനഞ്ചാരിക്കുന്നിലും ഒമ്പതാം വാർഡിലെ ഒന്നുരണ്ടു കുന്നിൻ പ്രദേശങ്ങളിലും മാത്രമേ ഈ കൃഷി നിലവിലുള്ളു. അതിൽ മാനഞ്ചാരിയിലെ കൃഷിയിൽ നിന്നും വിളവെടുത്തുതുടങ്ങി. വരും കാലങ്ങളിൽ ഈ കൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി പ്രചരിക്കാൻ സാധ്യതയുണ്ട്. കശുമാവ് കൃഷിക്ക് അനുയോജ്യമായ ഭൂമി റബ്ബർ കൃഷിക്കും അനുയോജ്യമാണ്.

ഉദ്യാനവിളകൾക്ക് പ്രത്യേകിച്ച് പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും പറ്റിയ മൺതരങ്ങളാണ് നമ്മടെ പഞ്ചായത്തിലുള്ളത്. ഒരു കാലത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തമായിരുന്ന പുത്തൻവേലിക്കര ഇന്ന് തമിഴ്നാട്ടിൽ നിന്നും എത്തിച്ചേരുന്ന പച്ചക്കറികളെയാണ് ആശ്രയിക്കുന്നത്. പ്രതിവർഷം ഏതാണ്ട് 60 ലക്ഷം രൂപയോളം ഈ ഇനത്തിൽ നാം ചെലവാക്കുന്നുണ്ട്. പയർ, പാവലം, പടവലം, വെള്ളരി, മത്തൻ ,കുമ്പളം, ചീര, പീച്ചിൽ, വെണ്ട എന്നീ പച്ചക്കറികളും ചേമ്പ്, കൂർക്ക, ചേന എന്നിവയും ഇവിടെ കൃഷിചെയ്തു വരുന്നു. കീടനാശിനി തളിക്കാത്ത അൽപ്പം പച്ചക്കറി ഏതൊരു വീട്ടമ്മയുടേയും സ്വപ്നമാണ്. അല്പം താൽപര്യവും ശ്രദ്ധയുമുണ്ടെങ്കിൽ വർഷക്കാല പച്ചക്കറികൃഷി വൻ ലാഭകരമായി നടപ്പാക്കുവാൻ നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്. തൊട്ടടുത്തുതന്നെ കോട്ടപ്പുറം, പറവൂർ മാർക്കറ്റുകൾ ഉള്ളതുകൊണ്ട് വിപണനം ഒരു പ്രശ്നമാകുകയുമില്ല.

കുരുമുളകാണ് ഏറെപ്രാധാന്യമുള്ള മറ്റൊരു കൃഷി. കരിമുണ്ട, പന്നിയൂർ-1 എന്നീയിനങ്ങൾ പഞ്ചാ

യത്തിൽ കൃഷിചെയ്തു വരുന്നു. വേരുപിടിപ്പിച്ച അത്യുൽപാദന ശേഷിയുള്ള കുരുമുളകിനങ്ങൾ ആവശ്യാനുസരണം നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നില്ല. ദ്രുതവാട്ടത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കർഷകരിൽ ഇന്നും എത്തിച്ചേർന്നിട്ടില്ല. കൃഷി വിജ്ഞാന വ്യാപനത്തിന്റെ അഭാവമാണ് ഇതിനു കാരണം.

മാവ് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്തുവരുന്നു. അവയിൽ തന്നെ ഏറ്റവും പ്രസിദ്ധമായ ഒരു നാടൻ ഇനമാണ് പ്രിയോർ. നീർവ്വാർച്ചയുള്ള മണ്ണും ധാരാളം സൂര്യപ്രകാശം ലഭിക്കാവുന്ന അവസ്ഥയുമുണ്ടെങ്കിൽ ഇവ നല്ല വിളവു തരും. കേന്ദ്രത്തിലേയും കേരളകത്തിലേയും ഗവൺമെന്റുകൾ മാമ്പഴകൃഷിക്കു നൽകുന്ന സഹായങ്ങൾ ഈ പഞ്ചായത്തിൽ ഇതുവരെ ലഭിച്ചിട്ടില്ല. ഉൽപ്പാദന ക്ഷമത കൂടിയ ഒട്ടുമാവിൻ തൈകൾ കർഷകരിൽ എത്തിക്കുന്നതിന് തീവ്ര പരിശ്രമം ആവശ്യമാണ്. ശുങ്കിരി, മുവാണ്ടൻ, എന്നീ നാടൻ ഇനങ്ങളും നീലൻ, മൽഗോവ, മുതാലായ ആധുനിക ഇനങ്ങളും അങ്ങിങ്ങ് കണ്ടുവരുന്നു.

കുടമ്പുളി അടുത്തകാലത്തായി ലാഭകരമായ ഒരു കൃഷിയായി മാറിയിരിക്കുകയാണ്. 1 കലോഗ്രാം ഉണങ്ങിയ കുടംമ്പുളിക്ക് മാർക്കറ്റിൽ നൂറു രൂപയിൽ കൂടുതൽ വില ലഭിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഏറെ സാദ്ധ്യതയുള്ള ഒരു കൃഷിയാണിത്. ഇതിന്റെ ഒട്ടുതൈകൾ കർഷകർക്ക് തീരെ ലഭ്യമല്ല.

സമൃദ്ധിയായി ചക്കപ്പഴം നൽകുന്ന പ്ലാവുകൾ അനുദിനം വെട്ടിമാറ്റപ്പെടുകയാണ്. മരത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യമാണ് ഇതിനു കാരണം. ചക്കപ്പഴത്തിന് തീരെ വില ലഭിക്കുന്നില്ല. ഇതുപയോഗിച്ച് ജാം പോലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്.

പഞ്ഞപ്പുല്ല്, മുതിര, ചാമ എന്നിവ ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തിരുന്നു. എന്നാൽ ഇന്ന് വളരെ ചെറിയതോതിലേ ഈ കൃഷി ചെയ്തുകാണുന്നുള്ളു. വെറ്റില കൃഷിക്ക് പേരുകേട്ട പ്രദേശമായിരുന്നു നമ്മുടേത്. കോട്ടപ്പുറം, പറവൂർ മാർക്കറ്റുകളിൽ നിരന്തരം വെറ്റില എത്തിച്ചിരുന്ന നമ്മുടെ പ്രദേശത്ത് പരിമിതമായെങ്കിലും ഇന്നും ഈ കൃഷി ചെയ്തുവരുന്നു. താരതമ്യേന ലാഭകരമായി ഈ കൃഷിനടത്തുവാൻ കഴിയുന്നുണ്ട്.

കണിക ജലസേചനത്തിന് (ഡ്രിപ്പ് ഇറിഗേഷൻ) കേന്ദ്ര സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ കർഷകർ ഇത് വേണ്ടവിധം ഉപയോഗപ്പെടുത്തി കാണുന്നില്ല. മൊത്തം ചെലവാകുന്ന തുകയുടെ അമ്പതു ശതമാനം സഹായധനമായി നൽകുന്ന ഈ പരിപാടിയെ കുറിച്ച് വ്യാപകമായ പ്രചാരണം ആവശ്യമാണ്. അതുപോലെ തന്നെ കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്നും കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന പല പദ്ധതികളും നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നില്ലായെന്ന പരാതി പൊതുവെ കർഷകർക്കുണ്ട്.

പഞ്ചായത്തിൽ പൂകൃഷി മെച്ചപ്പെട്ട ഒരു സ്ഥിതിയിലല്ല. വിപണന സാദ്ധ്യതയേറിയ ഓർക്കിഡ് ആന്തൂറിയം എന്നിവയുടെ കൃഷിമുറകൾ നാം സ്വായത്തമാക്കേണ്ടിയിരിക്കുന്നു. കുറ്റിമുല്ല, ജമന്തി എന്നിവയും നമ്മുടെ നാടിന് അനുയോജ്യമായ പൂകൃഷിവിളകളാണ്.

തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കടന്നു വരാൻ പറ്റിയ മറ്റൊരു മേഖലയാണ് കൂൺകൃഷി. അവയുടെ വിത്തുകൾ കർഷകർക്ക് ലഭിക്കുന്ന സ്ഥലങ്ങളെക്കുറച്ച് വ്യാപകമായ പ്രചാരണം ആവശ്യമാണ്. കാർഷിക മേഖലയിൽ വളരെയേറെ പ്രതീക്ഷകൾക്ക് വകയുള്ള ഈ പ്രദേശത്ത് ജലസേചന സൗകര്യത്തിന്റെ അഭാവമാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. ഇവിടെയാണ് നീർമറി (water shed) വികസനത്തിന്റെ പ്രസക്തി. ഭൂമിയുടേയും ജലത്തിന്റേയും പ്രകൃത്യായുള്ള പെരുമാറ്റ രീതികൾ ഭൂമിയിൽത്തന്നെയുള്ള അതിർവരമ്പുകൾ കൊണ്ട് വേർതിരിക്കപ്പെട്ട രീതിയിൽ വിവിധ യൂണിറ്റുകളിൽ വ്യത്യസ്തമായി കാണപ്പെടുന്നു. ഈ യൂണിറ്റുകൾക്കാണ് വാട്ടർ ഷെഡ് എന്നു പറയുന്നത്. മഴയെ ആശ്രയിച്ച് കൃഷിനടത്തുന്ന പ്രദേശങ്ങളിൽ മാത്രം നടത്തുന്ന പദ്ധതിയാണിത്. കൃഷിയും അതിനോട് ബന്ധപ്പെട്ട കന്നുകാലിവളർത്തൽ മത്സ്യ- ജലകൃഷികൾ, വനവൽക്കരണം തുടങ്ങിയ മേഖലകളിലെ വികസനവും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

**നമ്മുടെ പഞ്ചായത്തിനെ അഞ്ച് സൂക്ഷ്മ നീർമറി (micro water shed) പ്രദേശമായി തരംതിരിക്കാം.**

| നം. | നീർമറി പ്രദേശത്തിന്റെ പേര് | വിസ്തീർണ്ണം(ഹെക്ട.) | | | ആകെ |
|---|---|---|---|---|---|
| | | നിലം | പുരയിടം | തരിശ് | |
| 1. | തുരുത്തൂർ-പഞ്ഞിപ്പള്ള (ഒന്നുമുതൽ അഞ്ചുവരെ വാർഡുകൾ) | 29 | 544.5 | 26.1 | 834.5 |
| 2. | പുത്തൻവേലിക്കര (മാനാഞ്ചേരിക്കുന്ന്, കപ്പേളക്കുന്ന് വട്ടേക്കാട്ടു കുന്നു പ്രദേശങ്ങൾ) | 171 | 238.4 | 186.6 | 596 |
| 3. | എളന്തിക്കര (പടിഞ്ഞാറ്) (എട്ടാം വാർഡ് ഉൾപ്പെടുന്ന പ്രദേശം) | 6 | 62 | 31 | 99 |
| 4. | എളന്തിക്കര (കിഴക്കുംഭാഗം) (കിഴക്കേചരിവുകളും പുതുക്കാട് പാടശേഖരവും) | 23 | 127.2 | 68.4 | 218.6 |
| 5. | തേലത്തുരുത്ത് (കുന്നുകരയുടെ ചരിവുകൾ) | 21 | 142.9 | 75 | 238.9 |
| ആകെ | | 250 | 1115 | 622 | 1987 |

പ്രാകൃതികമായി കുന്നുകൾ അതിരിടുന്ന ചെരിവുകലളും താഴ്വരകളും മഴവെള്ളം ഒലിച്ചിറങ്ങുന്ന തോടുകളും ഊറ്റുറവു ശേഖരിക്കപ്പെടുന്ന ജലസംഭരണികളും ഈ അഞ്ച് നീർമറി പ്രദേശങ്ങളിലും നിലവിലുണ്ട്. ജലസേചനസൗകര്യത്തിനും വിളകളുടെ ക്രമീകരണത്തിനുമായി ഈ പ്രദേശങ്ങളെ ആസ്പദമാക്കി വാട്ടർ ഷെഡ് അസ്സോസിയേഷനുകൾ രൂപീകരിച്ച് അവ രജിസ്റ്റർ ചെയ്ത് വികസന പദ്ധതികൾ അവയെ കേന്ദ്രീകരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

ഓരോ നീർത്തടപ്രദേശങ്ങളുടേയും സമഗ്രവികസനം സാധ്യമാക്കുന്നതിന് പ്രതിബന്ധം നിൽക്കുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനു വേണ്ടുന്ന കാര്യങ്ങളും ഗ്രാമസഭാചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെചേർക്കുന്നു.

1. അകത്തുചാലിൽ ബണ്ടുകെട്ടി ഓരുവെള്ളം തടഞ്ഞ് 1,2,3, വാർഡുകളുടെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കുന്നതോടൊപ്പം ഇപ്പോൾ നടത്തുന്ന ഓരു ജല ചെമ്മീൻകൃഷിക്കുപകരം കൊഞ്ചോ മറ്റ് ശുദ്ധ ജല മത്സ്യങ്ങളോ വളർത്തി സാമ്പത്തികനഷ്ടം ഒഴിവാക്കാവുന്നതും സമീപ പ്രദേശങ്ങളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതുമാണ്.

2. കണക്കൻകടവ് വടക്കുഭാഗത്തുനിന്നും ആരംഭിച്ച് അകത്തുചാൽ വരെയുണ്ടായിരുന്ന മോർത്തോട് പൂർവ്വാവസ്ഥയിലാക്കുകയും മുട്ടിക്കൽ പ്പാടം, തടംതണിക്കപ്പാടം, താഴംചിറപ്പാടം, പാപ്പനംകോട്പാടം, കുറ്റിക്കാട്ട്പാടം എന്നിവിടങ്ങളിലേക്കും അകത്തുചാൽ വരെയും ശുദ്ധജലമെത്തിച്ച് ജലസേചന സൗകര്യങ്ങളുണ്ടാക്കി വിളസാന്ദ്രത വർദ്ധിപ്പിക്കാവുന്നതും സമീപ കുന്നിൻ പ്രദേശങ്ങളിൽ വേണ്ടിടത്ത് ലിഫ്റ്റ് ഇറഗേഷൻ സൗകര്യം ഏർപ്പെടുത്താവുന്നതുമാണ്.

3. പുതുക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പഞ്ചായത്ത് ഏറ്റെടുത്ത് കനാൽ വൃത്തിയാക്കി ജലസേചനം വിപുലപ്പെടുത്താവുന്നതാണ്.

4. കണക്കൻകടവിൽ നിന്നും താന്തോന്നിച്ചിറ കൂട്ടക്കടമ്പ് വഴി പാണ്ടിപ്പാടത്തേയ്ക്ക് ഒരു ചാൽ കീറി ഈ പ്രദേശങ്ങളിലെ ജലസേചനവും വിളസാന്ദ്രതയും വർദ്ധിപ്പിക്കാവുന്നതാണ്.

5. പഞ്ചായത്ത് തലത്തിൽ ജൈവവളം നിർമ്മിക്കാവുന്നതും നല്ലയിനം വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യാവുന്നതുമാണ്.

6. പച്ചക്കറി, മാമ്പഴം, ചക്കപ്പഴം, നാളികേരം മുതലായവയുടെ വിപണന സംസ്ക്കരണ സാധ്യതകൾ വർദ്ധിപ്പിച്ച് വരുമാന വർദ്ധന നേടാവുന്നതാണ്.

7. അമിതമായ രാസവള-രാസകീടനാശിനി ഉപയോഗത്തിനെതിരെയും, നെൽപാടം കുഴിക്കുന്നതിനും, നികത്തുന്നതിനുമെതിരെ ഒരു സാമൂഹ്യാവബോധം സൃഷ്ടിക്കുവാൻ വേണ്ടത് ചെയ്യാവുന്നത്.

8. ഈ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള രണ്ട് CCDP പദ്ധതികൾ ഉടൻ നടപ്പിലാക്കേണ്ടതാണ്. ഇതിൽ പുത്തൻവേലിക്കര ജലസേചനപദ്ധതി നടപ്പിലാക്കിയാൽ എളന്തിക്കര മുതൽ മാനംചാരിക്കുന്നുവരെയുള്ള കുന്നുകളുടെ മുകളിലും, അതകത്തുചാൽവരെയുള്ള പാടശേഖരങ്ങളിലും ശുദ്ധജലമെത്തിക്കുവാൻ കഴിയും. ചെറുകടപ്പുറം, ജലസേചന പദ്ധതി പൂർത്തിയാക്കിയാൽ കണക്കൻകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തിയാകുമ്പോൾ 10, 11 വാർഡുകളിലെ ജലസേചന സൗകര്യം വിപുലപ്പെടുത്താവുന്നതുമായതിനാൽ ഇവ അടിയന്തിര പ്രാധാന്യം അർഹിക്കുന്നു.

## 2. മൃഗസംരക്ഷണം, മത്സ്യബന്ധനം

### മൃഗസംരക്ഷണം

കാർഷിക സമ്പദ്‌വ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ ആകെ 5004 കുടുംബങ്ങളാണ് ഉള്ളത്. ആദികാലം മുതൽ തന്നെ ഇവിടെ കൃഷിയും കന്നുകാലിവളർത്തലുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു. ഏതാണ്ട് ഒന്നര പതിറ്റാണ്ടുമുമ്പുവരെ ഉഴവുജോലികൾക്ക് കന്നുകാലികളെ പൂട്ടുന്ന കലപ്പയാണ് ഉപയോഗത്തിലിരുന്നത്. കാർഷിക മേഖലയിൽ ആധുനിക യന്ത്രോപകരണങ്ങളുടെ ആവിർഭാവത്തോടെ കന്നുപൂട്ടൽ അപ്രസക്തമായി എങ്കിലും ഈ രീതി ഇന്നും കുറെയൊക്കെ പ്രാബല്യത്തിലുണ്ട്. കാളവണ്ടികൾ ഒരു കാല്ത്ത് ഇവിടെ വ്യാപകമായിട്ടുണ്ടായിരുന്നു. ചരക്കുഗതാഗതത്തിന് പൂർണ്ണമായും കാളവണ്ടികളെയാണ് അക്കാലത്ത് ആശ്രയിച്ചിരുന്നത്. എന്നാൽ കാളവണ്ടികൾ ഇന്ന് പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. ജൈവവളമായി കാലിവളമാണ് കർഷകർ കൂടുതലായും ഉപോയഗിച്ചിരുന്നത്. കാലിവളം ഇന്ന് ആവശ്യത്തിന് ലഭ്യമല്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് പാലുൽപാദനത്തിനെന്നപോലെ കാർഷികാവശ്യങ്ങൾക്കും കന്നുകാലി വളർത്തലിന് ഇന്നും ഇവിടെ ഏറെ പ്രസക്തിയുണ്ട്.

പശു, എരുമ, ആട്, കാള, പോത്ത് മുതലായവയാണ് ഇവിടെ കൂടുതലായും വളർത്തപ്പെട്ടിരുന്ന മൃഗങ്ങൾ. എന്നാൽ ഇന്ന് കാള, പോത്ത് എന്നിവയുടെ എണ്ണത്തിൽ ഗണ്യമായ കുറവുവന്നിട്ടുണ്ട്. 1987ലെ കണക്കു പ്രകാരം മേൽപ്പറഞ്ഞ വിഭാഗങ്ങളിലായി 4878 മൃഗങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇവയ്ക്കു പുറമേ 1000ത്തോളം വർത്തു നായ്ക്കളും അതിലേറെ അലഞ്ഞുതിരിയുന്ന നായ്ക്കളും, 500 ഓളം പൂച്ചകളും പഞ്ചായത്തിലുണ്ട്. വളർത്തു മൃഗങ്ങളുടെ വിവരം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| കന്നുകാലികൾ | | എരുമ/ | ആട് | പന്നി | പട്ടി | പൂച്ച | ആകെ |
|---|---|---|---|---|---|---|---|
| നാടൻ | ക്രോസ്സ് | പോത്ത് | | | | | |
| 2291 | 1051 | 167 | 1343 | 26 | 1000 | 500 | 6378 |

അവലംഭം: കന്നുകാലി സെൻസസ്സ് 1987
1996 ലെ കണക്ക് ലഭ്യമല്ല.

പട്ടികപ്രകാരം ആകെയുള്ള 3342 പശുക്കളിൽ മൂന്നിൽ രണ്ടു ഭാഗത്തിലധികം നാടൻ പശുക്കളാണെന്നു കാണാം. 1057 എണ്ണം മാത്രമേ സങ്കരയിനത്തിൽ പെട്ടവയുള്ളു. ഇത് ആകെ പശുക്കളുടെ 31.45% മാത്രമേയുള്ളു. സമീപകാലത്ത് അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നത് വർദ്ധിച്ചു വരുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കന്നുകാലികളുടെ എണ്ണത്തിലും പാലുൽപ്പാദനത്തിലും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഉൽപ്പാദന ക്ഷമതയിൽ വർദ്ധനവുണ്ടായിട്ടില്ല. ആകെയുള്ള 3342 പശുക്കളിൽ ഏതാണ്ട് 1550 കറവപ്പശുക്കളാണുള്ളത്. പ്രതിദിനപാലുൽപ്പാദനം ഏതാണ്ട് 4500 ലിറ്ററാണ്. ഒരു പശുവിൽ നിന്നുള്ള ശരാശരി പാലുൽപ്പാദനം 3 ലിറ്റർ മാത്രമേ ആകുന്നുള്ളു. കാലിത്തീറ്റകളുടെ വർദ്ധിച്ച വില ഉൽപ്പാദനക്ഷമത കുറയുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്. മുൻപൊക്കെ പ്രകൃതി വിഭവങ്ങളായ പുല്ലും, വൈക്കോലും, മറ്റുമായിരുന്നു കന്നുകാലികളുടെ മുഖ്യാഹാരം. ഇന്ന് അവയുടെ ലഭ്യത കുറവാണെന്നു മാത്രമല്ല, വൈക്കോലിന്റെ വില വൻതോതിൽ വർദ്ധിക്കുകയും ചെയ്തു. പഴയകാലത്ത് കന്നുകാലികളെ മേയ്ക്കുന്നതിനുള്ള സൗകര്യം കുറച്ചൊക്കെ ഉണ്ടായിരുന്നത് ഇന്ന് പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. തീറ്റപ്പുല്ലു കൃഷി ചെയ്യുന്നവർ പഞ്ചായത്തിൽ മൂന്നു പേർ മാത്രമാണുള്ളത്. ഇക്കാരണങ്ങളാൽ വിപണിയിൽ കിട്ടുന്ന കാലിത്തീറ്റകളെ ആശ്രയിച്ചാണ് കന്നുകാലി വളർത്തൽ മുന്നോട്ടുപോകുന്നത്. അതുകൊണ്ട് കാലി വളർത്തൽ ചെലവേറിയ ഒന്നായി മാറിയിരിക്കുകയാണ്. ഇതിനു പുറമേ ക്ഷീരോദ്പാദകർക്ക് മതിയായ വില ലഭിക്കുന്നില്ലെന്ന പരാതിയും നിലനിൽക്കുന്നു.

നമ്മുടെ പശുക്കളിൽ ബഹുഭൂരിപക്ഷവും ഉൽപ്പാദനക്ഷമത കുറഞ്ഞ നാടൻ ഇനങ്ങളാണെന്നതും ഉൽപ്പാദനക്ഷമത കുറയുന്നതിനു കാരണമാകുന്നുണ്ട്. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് കർഷകരെ പ്രേരിപ്പിക്കേണ്ടിയിരിക്കുന്നു. ക്ഷീരവിപണനരംഗത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ആദ്യത്തേത് 1971ൽ ആരംഭിച്ച തേലത്തുരുത്ത് സ്വതന്ത്ര ക്ഷീരോൽപ്പാദക സഹകരണ സംഘമാണ്. ഇതിൽ 157 അംഗങ്ങളാണുള്ളത്. രണ്ടാമത്തേത് പുത്തൻവേലിക്കര ക്ഷീരോൽപ്പാദക സഹകരണ സംഘമാണ്. 1978ൽ ആരംഭിച്ച ഈ സംഘത്തിൽ 676 അംഗങ്ങളുണ്ട്. 1988 ൽ ആരംഭിച്ച ചെറുകടപ്പുറം ക്ഷീരോൽപ്പാദക സഹകരണ സംഘമാണ് മൂന്നാമത്തേത്. ഇതിൽ 166 അംഗങ്ങളുണ്ട്. 238 അംഗങ്ങളുള്ള ഇളന്തിക്കര ക്ഷീരോൽപ്പാദക സഹകരണസംഘമാണ് നാലാമത്തേത്. ഇത് 1990ലാണ് ആരംഭിച്ചത്. അഞ്ചാമതായി തുരുത്തൂരിലെ സി.സി.ഡി.പി.യാണ്. 1992ൽ ആരംഭിച്ച ഈ സംഘത്തിൽ 221 അംഗങ്ങളാണുള്ളത്. ഈ സംഘങ്ങൾ താരതമ്യേന ലാഭത്തിൽ പ്രവർത്തിക്കുന്നവായാണ്. ചില സംഘങ്ങളിലൂടെ കാലിത്തീറ്റയും വിതരണം ചെയ്യുന്നുണ്ട്. ആകെ

ഉൽപ്പാദിപ്പിക്കുന്ന 4500 ലിറ്റർ പാലിൽ 2450 ലിറ്ററാണ് വിവിധ ക്ഷീരസംഘങ്ങളിലെത്തുന്നത്. ബാക്കി ഉൽപ്പാദകർ നേരിട്ടുതന്നെ ഗ്രാമത്തിൽ വിറ്റഴിക്കുന്നു. സംഘങ്ങളിലെത്തുന്നതിൽ 313 ലിറ്റർ പാലാണ് പ്രാദേശിക വിപണിയിൽ വിൽക്കപ്പെടുന്നത്. ബാക്കിയുള്ളത് മിൽമയ്ക്ക് നൽകുകയാണ് മിക്കവാറും സംഘങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് വിപണനത്തിൽ കാര്യമായ പ്രശ്നങ്ങളൊന്നും അനുഭവപ്പെടുന്നില്ല. എന്നാൽ ബന്ദും, പണിമുടക്കും മറ്റുമുണ്ടാകുമ്പോൾ ഇവിടെനിന്നും പാൽകൊണ്ടുപോകാൻ കഴിയാറില്ല.

ആടുവളർത്തലിന് പൊതുവേ അനുകൂലമായ സ്ഥിതിയാണുള്ളതെങ്കിലും വ്യാപകമായി കാണുന്നില്ല. 1987ലെ കണക്കനുസരിച്ച് 1343 ആടുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഉള്ളവതന്നെ അധികവും പാലുൽപ്പാദന ശേഷി കുറഞ്ഞ നാടൻ ഇനങ്ങളാണ്. പ്രായേണ ചെലവു കുറഞ്ഞതെങ്കിലും ജനങ്ങൾ ആടുവളർത്തലിൽ ആകൃഷ്ടരായി കാണുന്നില്ല. എരുമ വളർത്തലും ആദായകരമെങ്കിലും എരുമകളും തുലോം കുറവാണ്. എരുമകളും പോത്തുകളുമായി ആകെ 167 എണ്ണം മാത്രമാണ് ഉള്ളത്. പന്നിവളർത്തലും ഇവിടെ ഒറ്റപ്പെട്ട സംരംഭങ്ങൾ മാത്രം. വൻതോതിൽ പന്നിവളർത്തുന്ന കേന്ദ്രങ്ങളോന്നും തന്നെ ഇവിടെയില്ല. മുയൽ വളർത്തലിനും സാദ്ധ്യതകളുണ്ടെങ്കിലും പ്രയോജനപ്പെടുത്തുന്നില്ല. ഭക്ഷ്യാവശ്യത്തിനായി പ്രതിവർഷം 4000 ത്തിനും 5000നും ഇടയ്ക്ക് ആടുമാടുകൾ ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയെ മിക്കവാറും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണ്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനം മാനംചാരിക്കുന്നിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിമാത്രമാണ്. പഞ്ചായത്തിന്റെ ഒരറ്റത്തു സ്ഥിതിചെയ്യുന്നു എന്നതുതന്നെ ഇതിന്റെ പരിമിതികളിൽ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തിൽ കന്നുകാലികളെ വളർത്തുന്ന മുഴവൻ പേർക്കു ഇതിന്റെ സേവനം യഥാവിധം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പലപ്പോഴും ഇവിടെ ഡോക്ടറുടെ സേവനം ലഭിക്കാറില്ല. കൃത്രിമ ബീജ സങ്കലന സൗകര്യം ഇവിടെ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. അതുകൊണ്ട് നമ്മുടെ പശുക്കുട്ടികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് കഴിയാതെ വരുന്നു. പശു, എരുമ, ആട് എന്നീ വിഭീഗങ്ങളിലായി 1049 കന്നുകാലികൾക്ക് വിവിധരോഗങ്ങളുള്ളതായി കാണുന്നു. ദഹന സംബന്ധമായ രോഗങ്ങൾ, അകിടുവീക്കം, പരാദരോഗങ്ങൾ, കുളമ്പുരോഗം മുതലായവയാണ് ഇവിടുത്തെ കന്നുകാലികളിൽ സാധാരണയായി കണ്ടുവരുന്നത്. അറവുമാടുകളിൽ നിന്നാണ് രോഗം കൂടുതലായും പകരുന്നത്. ആശുപത്രിയുടെ സേവനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇറച്ചിക്കോഴികളെ കൂടാതെ 17262 വളർത്തുപക്ഷികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ സിംഹഭാഗവും മുട്ടക്കോഴികളാണ്. ഏതാണ്ട് 90% വീടുകളിലും മുട്ടക്കോഴികളെ വളർത്തുന്നുണ്ട്. ഇതിൽ ഏറിയ പങ്കും നാടൻ കോഴികളാണ്. വൻതോതിൽ മുട്ടക്കോഴികളെ വളർത്തുന്ന കേന്ദ്രങ്ങളൊന്നും ഇവിടെയില്ല. ഇടയ്ക്കിടെ ഉണ്ടാകുന്ന കോഴിവസന്തമൂലം ധാരാളം കോഴികൾ ചത്തുപൊകുന്നതിനിടയാകുന്നു. ഇതുതടയുന്നതിനു വേണ്ട നടപടികളെടുക്കുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കുന്നില്ല. കോഴിവളർത്തലിൽ നിന്ന് കർഷകർ പിൻമാറുന്നതിന് ഇത് കാരണമാകുന്നുണ്ട്. ഇറച്ചിക്കോഴികളെ വളർത്തുന്ന പതിനാലു പൗൾട്രീ ഫാമുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അവിടങ്ങളിലെല്ലാമായി ശരാശരി 1220 വീതം 17100 കോഴികളെ ഒരു സമയത്ത് പുറത്തിറക്കാൻ കഴിയന്ന സംവിധാനമുണ്ട്. പഞ്ചായത്തിനു പുറത്താണ് കൂടുതലായും ഇവയ്ക്ക് വിപണി കണ്ടെത്തുന്നത്. തൃശ്ശൂർ ജില്ലയിലെ ഒരു സ്വകാര്യ ഏജൻസി വഴിയാണ് മിക്കവാറും കച്ചവടം നടക്കുന്നത്. കോഴിത്തീറ്റയും ഇവർതന്നെയാണ് വിതരണം നടത്തുന്നത്. ലാഭകരമായി നടന്നിരുന്ന ഈ കൃഷി സമീപകാലത്ത് കോഴിയുടെ വിലയിലുണ്ടായ ഗണ്യമായ കുറവുമൂലം നഷ്ടത്തിലേക്കു കൂപ്പുകുത്തിയിരിക്കുകയാണ്. തമിഴ്നാട്ടിൽ നിന്നും മറ്റും വൻതോതിൽ കോഴികളെ കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതാണ് ഇവിടെ വിലകുറയാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. തമിഴ്നാട്ടിൽനിന്നുള്ള കോഴികളെ 28 മുതൽ 30 രൂപവരെ വിലയ്ക്കു ലഭിക്കുമ്പോൾ ഉൽപ്പാദനച്ചെലവുമായി ബന്ധിപ്പിക്കുമ്പോൾ ഇവിടുത്തെ കോഴികൾക്ക് 35 രൂപ മുതൽ 38 രബപവരെ വിലവരുന്നു. മിക്കവാറും ഫാമുകളും ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്.

വൻതോതിൽ താറാവുകൃഷി നടന്നിരുന്ന ഈ നാട്ടിൽ നിന്നും താറാവുകൃഷി ഏതാണ്ട് അപ്രത്യക്ഷമായിരിക്കുകയാണ്, ഇടയ്ക്കിടെയുണ്ടാകുന്ന രോഗംമൂലം ധാരാളം താറാവുകൾ ചത്തുപോകുന്നത് കർഷകർക്ക് വൻ നഷ്ടം വരുത്തിത്തീർക്കുന്നു. ഇതിനെ പ്രതിരോധിക്കാൻ കഴിയാത്തതും തീറ്റയുടെ ലഭ്യതയിലുണ്ടായ കുറവും ഈ കൃഷി ഇല്ലാതാക്കുവാൻ ഇടയാക്കി. ഇപ്പോൾ തകാറാവുകൾ ഇവിടെ നാമമാത്രമായി മാത്രമേയുള്ളു. ഇത്തരം പ്രതിസന്ധികളൊക്കയുണ്ടെങ്കിലും അവയെ പ്രതിരോധിച്ച് കന്നുകാലി , കോഴി, താറാവു കൃഷികൾ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായലേ കാർഷിക – സാമ്പത്തിക മേഖലകളിൽ നമുക്കു മുന്നേറുവാനാകു.

## പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ പലഭാഗത്തും പ്രത്യേകിച്ച് തുരുത്തിപ്പുറം മേഖലയിൽ ക്ഷീരസംഘങ്ങളില്ല.

അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ അഭാവം

കാലിത്തീറ്റയുടേയും, കോഴിത്തീറ്റയുടേയും അമിതമായ വിലവർദ്ധനവ്.

മൃഗാശുപത്രിയിലെ സേവനം തൃപ്തികരമല്ല.

മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്തുസ്ഥിതി ചെയ്യുന്നതുകൊണ്ട് മറ്റുപലപ്രദേശങ്ങളിലുമുള്ളവർക്ക് പ്രയോജനപ്പെടുത്താൻ ബുദ്ധിമുട്ടേറുന്നു.

നല്ലയിനം ആടുകളുടേയും കോഴിക്കുഞ്ഞുങ്ങളുടേയും ലഭ്യതക്കുറവ്.

പലപ്രദേശങ്ങളിലും കാലിവളർത്തലിന് ഏറെ സാദ്ധ്യതകളുണ്ടായിട്ടും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

ഇറച്ചിക്കോഴികളുടെ വിലയിലുണ്ടായ കുത്തനെയുള്ള ഇടിവ്.

ഇളന്തിക്കരയിൽ ഒരു വെറ്റിനറി സബ് സെന്ററിന്റെ അഭാവം

പല പ്രദേശങ്ങളിലും നായ്ക്കളുടെ ശല്യം – ചിലപ്പോഴൊക്കെ പേപ്പട്ടി ശല്യവും.

## സാദ്ധ്യതകൾ

ക്ഷീരോത്പാദക സംഘങ്ങൾ ഇല്ലാത്തിടങ്ങളിൽ കർഷകരെ സംഘടിപ്പിച്ച് സംഘങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ്.

സർക്കാരിന്റെ സ്വയം തൊഴിൽ പദ്ധതികൾ പരമാവധി ഉപയോഗപ്പെടുത്തി അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വാങ്ങി വളർത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളിലൂടെ ശ്രമിക്കാവുന്നതും, സഹകരണസംഘങ്ങൾ വഴി ഇതിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കാവുന്നതുമാണ്.

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും, സമീപ പ്രദേശങ്ങളിൽ നിന്ന് സംഭരിക്കാവുന്നതുമായ പുളിങ്കുരു, ചക്കക്കുരു മുതലായവും തവിട്, കൊപ്ര പിണ്ണാക്ക് മുതലായവയും ഉപയോഗപ്പെടുത്തി ഒരു ചെറുകിട കാലിത്തീറ്റ വ്യവസായം ആരംഭിക്കുന്നതിന് സാധ്യതയുണ്ട്.

മൃഗാശുപത്രി ഇപ്പോൾ പഞ്ചായത്താഫീസ് പ്രവർത്തിക്കുന്ന, പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗമായ ബസ്സാറിലേക്കുമാറ്റി സ്ഥാപിക്കുക എന്നത് ഏറെ പണച്ചെലവുള്ള കാര്യമല്ല. അത് മാറ്റിസ്ഥാപിക്കാൻ വേണ്ട നടപടികൾ പഞ്ചായത്തു കമ്മറ്റിക്കു സ്വീകരിക്കാവുന്നതേയുള്ളു. അതോടൊപ്പം ഇവിടെ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം പരമാവധി ഉപയോഗപ്പെടുത്താൻ കർഷരെ പ്രേരിപ്പിക്കുകയും ചെയ്താൽ നമ്മുടെ കന്നുകാലികളുടെ ഗുണമേന്മ വർദ്ധിക്കുന്നതിന് ഇത് സഹായകമാകും.

നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പിൽ ഇപ്പോൾ തന്നെ നിലവിലുണ്ടെന്നറിയുന്നു. ഇത് ഊർജ്ജിതമാക്കുവാൻ സാധിക്കും.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് തേലത്തുരുത്തു ഭാഗത്ത് പശുക്കളെ വളർത്തുന്നതിന് ഏറെ സാധ്യതയുണ്ട്. എന്നാൽ പൊതുവേ ദരിദ്രവിഭാഗങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് കാലിവളർത്തുന്നതിനു തയ്യാറുള്ളവരെ കണ്ടെത്തി സ്വയം തൊഴിൽ പദ്ധതിയിലൂടെയോ സഹകരണ സംഘങ്ങൾ വഴിയോ ഉൽപ്പാദനശേഷികൂടിയ ഇനം പശുക്കളെ വിതരണം നടത്താൻ പഞ്ചായത്ത് കമ്മറ്റിയും സാമൂഹ്യ സംഘടനകളും ശ്രമിച്ചാൽ സാദ്ധ്യമാകുന്നതാണ്.

കാലിത്തീറ്റ വില വർദ്ധനവിനെ നേരിടുന്നതിന് കൃഷിക്കുപയോഗപ്പെടുത്താനാവാത്ത പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സ്ക്കൂൾ കോംപൗണ്ടുകൾ , സർക്കാരാഫീസ് കോംപൗണ്ടുകൾ, വീടുകളിലെ വേലിയിറമ്പുകൾ മുതലായിടങ്ങളിൽ തീറ്റപ്പുല്ലുകൃഷിചെയ്യുവാനാകും.

ഇറച്ചിക്കോഴികളുടെ വിലയിടിവിനെ നേരിടാൻ പ്രദേശികമായി ലഭിക്കുന്ന ധാന്യങ്ങൾ, അറവുശാലകളിൽ നിന്നുള്ള രക്തം മുതലായവ ഉപയോഗിച്ച് ചെറുകിട കോഴിത്തീറ്റ വ്യവസായത്തിന് സാധ്യതയുണ്ട്.

ഇളന്തിക്കര എൽ.പി. സ്ക്കൂളിനടുത്ത് പഞ്ചായത്തിന്റേതായ പുറമ്പോക്കു ഭൂമിയിൽ ഒരു വെറ്ററിനറി സബ് സെന്റർ ആരംഭിക്കുന്നതിന് ഏറെ ചെലവുവരുന്നതല്ല. ഇവിടെയുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ഇതിനുപയോഗപ്പെടുത്താവുന്നതാണ്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സാധിക്കും. ബഹുജനങ്ങളുടെ സഹകരണവും ഇതിനു ലഭ്യമാക്കാൻ ശ്രമിക്കാവുന്നതാണ്.

## മത്സ്യബന്ധനം

മൂന്നുവശവും നദികളാലും കയലിനാലും ചുറ്റ

പ്പെട്ട നമ്മുടെ പഞ്ചായത്തിലെ രണ്ടു വാർഡു കളൊഴികെ എല്ലാ വാർഡുകളും നദിയുമായോ കായ ലുമായോ ബന്ധപ്പെട്ടു കിടക്കുന്നു. ചാലക്കുടിയാറും, കൈവഴികളും, പെരിയാറും, ഇവ സംഗമിച്ചൊഴുകുന്നു കൊടുങ്ങല്ലൂർ കായലും ഉൾപ്പെടെ പന്ത്രണ്ടു കിലോ മീറ്ററോളം നീളത്തിൽ കിടക്കുന്നു നമ്മുടെ പ്രധാന ഉപരിജലസ്രോതസ്സ്. ഇതിനു പുറമേ 29 ഏക്കർ വിസ്തീർണ്ണം വരുന്ന അകത്തുചാൽ, 6 കിലോമീറ്റ റോളം വരുന്ന തോടുകൾ, പഞ്ചായത്തിന്റെ പല ഭാഗ ങ്ങളായി സ്ഥിതിചെയ്യുന്ന ചെറുതും വലുതുമായ 26 ചിറകൾ എന്നിവയാണ് മറ്റു ഉപരിതല ജലസ്രോതസ്സു കൾ. ഇതിനു പുറമേ ചെമ്മീൻ കെട്ടുകളുള്ള 35 ഏക്ക റിലേറെ വരുന്ന ചതുപ്പും ഇവിടെയുണ്ട്. ഏകദേശം 300 കുടുംബബങ്ങളിലായി 600ഓളംമത്സ്യത്തൊഴിലാ ളികൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായുണ്ട്. ഇവരിൽ അഞ്ഞൂറോളം പുരുഷന്മാരും നൂറോളം സ്ത്രീകളുമാണ്. സ്ത്രീകളിൽ അധികം പേരും മത്സ്യ വിപണനവുമായി ബന്ധപ്പെട്ട മേഖലകളിലാണ് ഏർപ്പെ ട്ടിരിക്കുന്നത്. പുരുഷന്മാരാകട്ടെ ഏറിയ പങ്കും മത്സ്യ ബന്ധനത്തിനു പോകുന്നവരാണ്. എല്ലാവരും തന്നെ നദികളും കായലുകളുമടങ്ങുന്ന ഉൾനാടൻ ജലാശയ ങ്ങളിൽ മത്സ്യബന്ധനം നടത്തുന്നവരാണ്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്നവർ ഇവിടെ ഇല്ലെന്നു പറയാം. പരമ്പരാഗത മത്സ്യബന്ധന രീതികളാണ് ഇവിടെ മത്സ്യബന്ധനത്തിനുപയോഗിക്കുന്നത്. യന്ത്രോപകരണങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന മുറകൾ ഇവിടെയില്ല. പ്രതിദിനം 400 മുതൽ 500 വരെ കിലോഗ്രാം വരെ വിവിധയിനം മത്സ്യങ്ങൾ നദി യിൽനിന്നും കായലിൽ നിന്നുമായി ലഭിക്കുന്നു. കരി മീൻ ചെമ്പല്ലി, കണമ്പ്, നച്ചറ, കൂരി, ചേറൻ, പാലാൻ, വറ്റ മുതലായവയാണ് കൂടുതലായും ലഭിക്കുന്ന മത്സ്യഇനങ്ങൾ. കൂടാതെ ചെറിയതോതിൽ കൊഞ്ചും ലഭിക്കാറുണ്ട്. ചിലകാലങ്ങളിൽ തിരുതയും കുറ ച്ചൊക്കെ ലഭിക്കാറുണ്ട്. കാളാഞ്ചി, ഏരി മുതലായ മത്സ്യങ്ങൾ മുൻ കാലങ്ങളിൽ ലഭിക്കാറുണ്ടായിരുന്നു. എന്നാൽ ഇന്ന് അവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കു കയാണ്. ഇതനു പുറമേ ചെമ്മീൻ കെട്ടുകളിൽ നിന്ന് പ്രതിവർഷം 10 ടണ്ണോളം ചെമ്മീനും ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലുള്ള മൂന്നോ നാലോ സ്വകാര്യ മത്സ്യവിപണന കേന്ദ്രങ്ങൾ വഴിയാണ് മത്സ്യങ്ങളുടെ വിപണനം മിക്കവാറും നടക്കുന്നത്. വിപണനകേന്ദ്ര ങ്ങൾ തൊഴിലാളികളിൽ നിന്നും മത്സ്യം വാങ്ങി ഉപ ഭോക്താക്കൾക്കു വിൽക്കുകയാണ് ചെയ്യുന്നത്. വിപ ണിയിൽ ഉപഭോക്താക്കൾ പുഴമത്സ്യങ്ങൾക്ക് കി. ഗ്രാമിന് 60 മുതൽ 100 രൂപ വരെ നൽകേണ്ടി വരു മ്പോൾ 45 മുതൽ 75 വരെയാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. മത്സ്യത്തിന്റെ ലഭ്യതയും മുൻ കാല ങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. പുഴകളിൽ നിന്ന് വളരെ ആഴത്തിൽ മണലെടുക്കുന്നതും തുരുത്തിപ്പുറം ഭാഗത്തുനടത്തിയിരുന്ന വൻതോതിലുള്ള കക്ക ഡ്രഡ്ജിങ്ങും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കണ്ണിയിറക്കം വളരെ കൂടിയ വല കൾപോലും ഇപ്പോൾ അപര്യാപ്തമായി കാണുന്നു. അമിത തോതിലുള്ള ഈ മണൽ വാരൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇതു മൂലം സമീപ പ്രദേശങ്ങളിലെ കിണറുകളിലും ചെറു ജലാശയങ്ങളിലും ഉപ്പിന്റെ അംശം വർദ്ധിക്കുന്നതിനു കാരണമാകുന്നു. വൻതോതിലുള്ള കക്ക ഖനനം ഇതി നേക്കാൾ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും വഴി വെച്ചേക്കാം.

ഗ്രാമാന്തരങ്ങളിലുള്ള ചെറു ജലാശയങ്ങളിൽ നിന്ന് വലിയതോതിൽ മത്സ്യങ്ങളൊന്നും ലഭിക്കുന്നില്ല. പ്രതിവർഷം ഏതാണ്ട് 500 കിലോഗ്രാം മത്സ്യം ഇവിട ങ്ങളിൽ നിന്നും ലഭിക്കുന്നു. നല്ല തോതിൽ മത്സ്യങ്ങൾ ലഭിച്ചിരുന്ന പല ചിറകളും നികത്തപ്പെട്ടിട്ടുണ്ട്. എടു ത്തുപറയേണ്ട മറ്റൊരു കാര്യം- മത്സ്യബന്ധനത്തി ലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെ ങ്കിലും ഉൽപ്പാദനത്തിൽ ആനുപാതികമായ വർദ്ധന വുണ്ടായിട്ടില്ല എന്നതാണ്. നിലവിലുള്ള പല ചിറകളും വൻതോതിൽ മത്സ്യ- ജലകൃഷിക്കുപയുക്തമാക്കാവു ന്നതാണ്. മത്സ്യതൊഴിലാളികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് മത്സ്യരോഗങ്ങൾ. നദികളിലേയും ചെറു ജലാശയങ്ങളിലേയും മത്സ്യങ്ങളിൽ രോഗങ്ങൾ ഇട യ്ക്കിടെ കണ്ടുവരുന്നു. ജൂൺ - ജൂലൈ മാസങ്ങളാണ് ഇലിടുത്തെ മത്സ്യങ്ങളുടെ പ്രജനനകാലം. ജൂൺ മുതൽ ആഗസ്റ്റ് വരെ മത്സ്യത്തിന്റെ ലഭ്യത കുറവായി കാണുന്നു. ഇവിടുത്തെ മത്സ്യതൊളിലാളികളിലേറെ പ്പേർക്കും സ്വന്തമായി വലകളോ മറ്റുപകരണങ്ങളോ ഇല്ല.

ഊന്നിവല, ചീനവല, തിരുതവല, ഒരുക്കുവല, വീശുവല, അടക്കംകൊല്ലി വല, വെള്ളോല, ചൂണ്ട മുത ലായവയാണ് ഇവിടെ പ്രധാനമായും മത്സ്യബന്ധന ത്തിനുപയോഗിക്കുന്നത്. വെള്ളോട്ടുപുറത്തുള്ള അക ത്തുചാൽ സമീപപ്രദേശങ്ങളിലുള്ള കെട്ടുകൾ എന്നി വിടങ്ങളിൽ സാമാന്യം നല്ല രീതിയിൽ ചെമ്മീൻ ലഭി ക്കുന്നുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനങ്ങ ളിൽ ഒന്നാണിത്. കഴിഞ്ഞവർഷം ഉവയിൽ നിന്നും 171454 രൂപ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. ജലകൃഷിക്ക നുയോജ്യമായ ചതുപ്പുകൾ വെള്ളോട്ടുപുറം ഭാഗത്ത് ഇനിയുമുണ്ട്. അവയെല്ലാം ഉപയോഗപ്പെടുത്തേണ്ട തുണ്ട്.

കടൽ മത്സ്യങ്ങളാണ് പഞ്ചായത്തിൽ കൂടുത ലായും വിപണനം നടക്കുന്നത്. സ്ത്രീകളും പുരുഷ ന്മാരുമടക്കം 325 പേരോളം ഈ രംഗത്തു തൊഴിൽ

ചെയ്യുന്നു. പറവൂർ, മുനമ്പം, വൈപ്പിൻ മുതലായ ഭാഗങ്ങളിൽ നിന്ന് കടൽ മത്സ്യം വിലയ്ക്കു വാങ്ങിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന ഇവർ ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരാകുന്നു. സൈക്കിളിലും മറ്റും ഗ്രാമാന്തരങ്ങളിൽ ചെന്ന് വില്പന നടത്തുന്നവരാണ് പുരുഷന്മാരിൽ അധികവും. സ്ത്രീകളാകട്ടെ തലച്ചുമടായി വീടുകളിൽ കയറിയിറങ്ങി വിൽപ്പന നടത്തുന്നവരാണ് ഏറിയ പങ്കും. മത്സ്യച്ചന്ത എന്ന തരത്തിൽ പുത്തൻവേലിക്കര ബസ്സാറിലുള്ള പഞ്ചായത്ത് വക പൊതുമാർക്കറ്റ് മാത്രമാണ്. ഇവിടെ മേൽക്കൂരയുണ്ടെങ്കിലും ഇത് ഉപയോഗപ്പെടുത്തുന്നില്ല. കൂടാതെ പല പ്രദേശങ്ങളിലും റോഡുവക്കുകളെ മത്സ്യചന്തകളാക്കി ഉപയോഗപ്പെടുത്തുന്നുണ്ട്. മൂന്നു സ്വകാര്യ കോൾഡ് സ്റ്റോറേജുകളൊഴികെ കോൾഡ് സ്റ്റോറേജുകളോ മത്സ്യസംസ്കരണ കേന്ദ്രങ്ങളോ പഞ്ചായത്തിലില്ല.

ഇവിടത്തെ മത്സ്യതൊഴിലാളികളുടെ സ്ഥിതി പരിശോധിച്ചാൽ ഏറെ പേരുടേയും നില തൃപ്തികരമല്ലെന്നു കാണാം. മത്സ്യത്തൊഴിലാളി സംഘങ്ങളൊന്നും പഞ്ചായത്തിലില്ല. മത്സ്യകൃഷിക്കും, മത്സ്യബന്ധനത്തിനുമുള്ള സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയാൽ ഇവരുടെ നില മെച്ചപ്പെടുത്തുന്നതിനും പഞ്ചായത്തിലാവശ്യമുള്ള മത്സ്യത്തിന്റെ ഒരു ചെറിയ ഭാഗമെങ്കിലും ഉല്പാദിപ്പിക്കുന്നതിനും സാദ്ധ്യമാകും. അതുകൊണ്ട് ആ നിലയ്ക്കുള്ള പ്രവർത്തനം ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

ജലകൃഷിക്കുപയുക്തമായ പ്രദേശങ്ങിൽ സാദ്ധ്യതകൾ ഉപോയോഗപ്പെടുത്തുന്നില്ല.

മത്സ്യതൊഴിലാളി സംഘങ്ങളില്ലാത്തതിനാൽ അവർ ചൂഷണത്തിനു വിധേയരാകുന്നു.

ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യച്ചന്തകളില്ല.

തൊഴിലാളികൾക്ക് ആവശ്യത്തിന് മത്സ്യബന്ധനോപകരണങ്ങളില്ല.

വ്യാപകവും, ആഴത്തിലുള്ളതുമായ മണൽ വാരലും വൻ തോതിലുള്ള കക്കഖനനവും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടവരുത്തുന്നു.

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചെങ്കിലും മത്സ്യോല്പാദനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടായിട്ടില്ല.

## സാധ്യതകൾ

തുരുത്തിപ്പുറം, വെള്ളോട്ടുപുറം ഭാഗത്തുള്ള അകത്തുചാൽ ഉപ്പുവെള്ളം കയറാതെ ചിറകെട്ടിയാൽ ചെമ്മീൻ കെട്ടിനു പകരം ശുദ്ധജല മത്സ്യങ്ങളോ കൊഞ്ചോ വളർത്തുന്നതിനും ആ ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനും സാധ്യമാകും.

വലിയ പണച്ചെലവില്ലാതെ വെള്ളൊട്ടുപുറം ഭാഗത്തെ ചതുപ്പ് ശുദ്ധജല മത്സ്യ– കൊഞ്ച് കൃഷിക്കുപയുക്തമാക്കുവാൻ സാധിക്കും. മാളവനയിലുള്ള ചമർതോട്, ഇഞ്ചാരക്കുന്നിനു താഴെയുള്ള കുളം എന്നിവ ആഴവും, വിസ്തൃതിയും കൂട്ടി അരികുകെട്ടുകയാണെങ്കിൽ ശുദ്ധജല മത്സ്യകൃഷിക്കും ജലസേചനത്തിനും ഉപയോഗപ്പെടുത്തുവാൻ കഴിയും. ഈ പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ നടത്തുവാൻ സാധിക്കും.

ഇളന്തിക്കരയിലുള്ള മൂനേക്കർ വിസ്തീർണ്ണമുള്ള താന്തോന്നിച്ചിറയിലേക്ക് നേരത്തേ ഉണ്ടായിരുന്ന തോട് തെളിച്ചോ, പൈപ്പുവഴിയോ കണക്കൻകടവിൽ നിന്നും ശുദ്ധജലമെത്തിച്ചാൽ ഈ ചിറ ശുദ്ധജല മത്സ്യകൃഷിക്കും ജലസേചനത്തിനും ഉപയോഗപ്പെടുത്തുവാൻ സാധിക്കും. ഇതിനും ബഹുജന പങ്കാളിത്തം ഉപയോഗപ്പെടുത്തുവാൻ കഴിയും.

ചെറുകടപ്പുറം ഭാഗത്ത് ഇഷ്ടികക്കളങ്ങൾക്കു വേണ്ടി വൻതോതിൽ മണ്ണെടുത്തതുമൂലം കൊടുംവേനലിൽപോലും വറ്റാത്തകുളങ്ങളായി മാറിയ സ്ഥലങ്ങളിൽ ശുദ്ധജല മത്സ്യകൃഷിനടത്തുവാനാകും.

തേലത്തുരുത്തിലുള്ള വിസ്തൃതമായ വെളുത്തോടൻ ചിറ ഇന്ന് ജലസസ്യങ്ങളാൽ മൂടപ്പെട്ടു കിടക്കുകയാണ്. ഇത് തെളിച്ചെടുത്താൽ വൻ തോതിൽ മത്സ്യകൃഷിക്കുപയോഗിക്കാനാകും. ഇതിനു ബഹുജന പങ്കാളിത്തം ഉറപ്പാക്കാൻ സാദ്ധ്യമാണ്.

മത്സ്യത്തൊഴിലാളി സംഘങ്ങൾ രൂപീകരിച്ച് മത്സ്യഫെഡുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും സംഘങ്ങൾ വഴി മത്സ്യവിപണനം സാധ്യമാക്കുകയും ചെയ്താൽ അവർ ഇന്നനുഭവിക്കുന്ന ചൂഷണത്തിൽ നിന്നും മുക്തരാകാൻ കഴിയും. അതുപോലെ ആവശ്യമായ ഉപകരണങ്ങളും മറ്റും സംഘങ്ങൾ വഴി ലഭ്യമാകുവാനും സാധിക്കും.

ADAK, FFDA, M.P.E.D.A. മുതലായ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി ജല കൃഷി ആരംഭിക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും സാധ്യമാകും.

അമിതമായ തോതിലുള്ള മണൽ വാരൽ കക്കഖനനം എന്നിവ മൂല്യമുള്ള പ്രശ്നങ്ങൾ വിദഗ്ധ പഠനവിധേയമാക്കേണ്ടതും അതനുസരിച്ച് നടപടികളെടുക്കാവുന്നതാണ്.

## 3. വിദ്യാഭ്യാസം

പഞ്ചായത്തിലെ മൊത്തത്തിലുള്ള വിദ്യാഭ്യാസ നിലവാരം വിലയിരുത്തുന്നത് തുടർന്നുള്ള പ്രവർത്തനങ്ങൾ ആസൂത്രണേ ചെയ്യുന്നതിന് ഏറെ സഹായകമായിരിക്കും. പൊതുസ്ഥിതി പരിശോധിച്ചാൽ സാക്ഷരതയിൽ നാം പിന്നിലല്ലെന്നു പറയാം. 93.2% ജനങ്ങളും സാമാന്യവും അതിലുപരിയും വിദ്യാഭ്യാസമുള്ളവരാണ്. ബിരുദധാരികളും ബിരുദാനന്ദര ബിരുദധാരികളും ധാരാളമുണ്ടെങ്കിലും പ്രൊഫഷണൽ മേഖലകളായ എഞ്ചിനീയറിംങ്ങ് - മെഡിക്കൽ രംഗത്ത് ഉന്നത യോഗ്യതയുള്ളവർ വിരലിലെണ്ണാവുന്നവരേ പഞ്ചായത്തിലുള്ളൂ. ഇത് അഭിമാനകരമല്ല. അതുകൊണ്ട് വരും കാലങ്ങളിലെങ്കിലും ഈ പോരായ്മകൾ പരിഹരിക്കാൻ എല്ലാ ശ്രമങ്ങളും ഉണ്ടാകണം.

1991ലെ സെൻസസ് പ്രകാരം 25615 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ പൊതുവെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവാണ്. പഞ്ചായത്തതിർത്തിയിൽ ആകെ 7 സ്ക്കൂളുകളാണ് നിലവിലുള്ളത്. 4 എൽ. പി. സ്ക്കൂളുകളും, ഒരു യു.പി. സ്ക്കൂളും, രണ്ട് ഹൈസ്ക്കൂളുകളും ഹൈസ്ക്കൂളുകളോടനുബന്ധിച്ച് യു.പി. സ്ക്കൂളുകളും യു.പി. സ്ക്കൂളിനോടനുബന്ധിച്ച് എൽ.പി.സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. ഏറെ പഴക്കമുള്ള നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യത്തെ വിദ്യാലയം സ്വാതന്ത്ര്യ ലബ്ധിക്കും വളരെ മുമ്പ് സ്ഥാപിക്കപ്പെട്ട പി.എസ്.എം.എൽ.പി. എസ്സ് ആണ്. 1918ൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ സ്ഥാപനത്തിൽ മുഖ്യ പങ്കുവഹിച്ച ശ്രീ എ.ജി.മേനോനെ വിസ്മരിക്കാൻ ഈ ഗ്രാമവാസികൾക്ക് കഴിയില്ല. ഇദ്ദേഹത്തിന്റെ പൂർവ്വീകനായ ദിവാൻ പേഷ്ക്കാർ ശങ്കുണ്ണി മേനോന്റെ മഹത്സ്മരണക്കുവേണ്ടിയാണ് സ്ഥാപനത്തിന് ഈ പേര് നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ മധ്യത്തിൽ ബസ്സാർ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രീ-പ്രൈമറിയും പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്നത് ഈ സ്ക്കൂളിന് ഇന്നൊരു ഭീഷണിയാണ്. ഈ വിദ്യാലയം സർക്കാർ മേഖലയിലാണ്. പഞ്ചായത്തിലെ രണ്ടാമത്തെ സ്ക്കൂളായ എസ്സ്. എച്ച.ജെ.എൽ.പി.എസ്സ്. മാളവനയിൽ സ്ഥിതിചെയ്യുന്നു. എയ്ഡഡ് സ്ക്കൂളായ ഇതിന്റെ മാനേജ്മെന്റ് മാളവന സെന്റ് ജോർജ്ജ് പള്ളിയാണ്. ഇവിടെയും കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നു. മൂന്നാമത്തെ വിദ്യാലയം പഞ്ചായത്തിലെ ഏക യു.പി.സ്ക്കൂളായ സെന്റ് തോമസ്സ് യു.പി.എസ്സ് ആണ്. മൂന്നാം വാർഡായ തുരുത്തൂരിൽ സ്ഥിതിചെയ്യുന്ന ഇത് തുരുത്തൂർ സെന്റ് തോമസ്സ് പള്ളിയുടെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്ക്കൂളാണ്. നാലാമത്തെ സ്ക്കൂൾ ഇളന്തക്കരയിൽ പ്രവർത്തിക്കുന്ന ഗവ. എൽ.പി.എസ്. ആണ്. അഞ്ചാമത്തെ സ്ക്കൂൾ നാലാം വാർഡിന്റെ കിഴക്കേയറ്റത്ത് മദ്ധ്യഭാഗത്തായി സ്ഥിതചെയ്യുന്ന ഇൻഫന്റ് ജീസസ് പള്ളിയുടെ നിയന്ത്രണത്തിലുള്ള എയ്ഡഡ് സ്ക്കൂളായ ഐ.ജെ.എൻ.പി.എസ്സ് ആണ്. ഇവിടെയും കുട്ടികൾ കുറഞ്ഞുവരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളായ ഇളന്തിക്കര ഹൈസ്ക്കൂൾ 1948ൽ ആണ് സ്ഥാപിതമായത്. എയ്ഡഡ് മേഖലയിലുള്ള ഈ വിദ്യാലയത്തിന്റെ സ്താപകൻ മനുഷ്യസ്നേഹിയും പൊതുകാര്യതൽപ്പരനുമായിരുന്ന ശ്രീ. ഡോ.സി.കെ. ശങ്കരൻ എന്ന മഹത്വ്യക്തിണ്. രണ്ടായിത്തിലേറെ വിദ്യാർത്ഥികളുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ 878 വിദ്യാർത്ഥികളേയുള്ളൂ. യു.പി.സ്ക്കൂളായിരുന്ന പുത്തൻ വേലിക്കര വി.സി.എസ്. അയിരൂരിലെ സെന്റ് തോമസമസ് യു.പി. എന്നിവ ഹൈസ്ക്കൂളാക്കി ഉയർത്തിയത് ഇവിടെ കുട്ടികൾ കുറയുന്നതിനുള്ള കാരണങ്ങളിൽ പ്രധാനമാണ്. 1953ൽ ആരംഭിച്ചതും, 1981വരെ യു.പി. സ്ക്കൂളായിരിക്കുകയും 1982ൽ ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്ത വി.സി.എസ്.എച്.എസ്. ആണ് മറ്റൊരു ഹൈസ്ക്കൂൾ. പുത്തൻ വേലിക്കര വിവേക ചന്ദ്രിക സഭയുടെ നിയന്ത്രണത്തിലുള്ള ഈ എയ്ഡഡ് സ്ക്കൂൾ ഏഴാം വാർഡിന്റെ തെക്കു പടിഞ്ഞാറെ അറ്റത്തു സ്ഥതിചെയ്യുന്നു. അടുത്തകാലത്തായി ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് മീഡിയവും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിയിൽ ഈ വിദ്യാലയങ്ങൾ ഗണ്യമായ പങ്കു വഹിക്കുന്നു.

പൊതു വിദ്യാലയങ്ങളുടെ സ്ഥിതിവിവരങ്ങൾ താഴെ പട്ടികയിൽ (സ്ക്കൂളുകളിൽ നിന്ന് നേരിട്ട് ശേഖരിച്ചത്)

ജനസംഖ്യയിലെ പൊതുസ്ഥിതിക്കു വിപരീതമായി സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ആൺകുട്ടികളാണ്. (51.55%)

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | ഡിവിഷനുകൾ എണ്ണം | | | | വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | L.P. | | | U.P. | | | H.S. | | |
| | | | L.P. | U.P. | H.S. | TOTAL | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | പി. എസ്സ്. എം. എൽ. പി. എസ്സ്. | ഗവ: | 7 | - | - | 7 | 110 | 111 | 221 | | | | | | |
| 2 | എസ്സ്. എച്ച്. ജെ. എൽ. പി. എസ്സ്. | എയ്ഡഡ് | 4 | - | - | 4 | 50 | 65 | 115 | | | | | | |
| 3. | സെന്റ്. തോമസ്സ്. യു.പി.സ്കൂൾ | എയ്ഡഡ് | 8 | 7 | - | 15 | 92 | 98 | 190 | 197 | 182 | 379 | | | |
| 4. | ഗവ. എൽ. പി. എസ്സ്. ഇളന്തിക്കര. | ഗവ. | 11 | - | - | 11 | 217 | 164 | 381 | | | | | | |
| 5. | ഐ.ജെ. എൽ. പി. എസ്സ്. | എയ്ഡഡ് | 7 | - | - | 7 | 104 | 101 | 205 | | | | | | |
| 6. | ഇളന്തിക്കര ഹൈസ്കൂൾ. | എയ്ഡഡ് | - | 10 | 12 | 22 | - | - | - | 201 | 185 | 386 | 246 | 246 | 492 |
| 7. | വി. സി. എസ്സ്. എച്ച്. എസ്സ്. | എയ്ഡഡ് | - | 12 | 14 | 26 | - | - | - | 263 | 196 | 495 | 250 | 278 | 528 |
| | | | 37 | 29 | 26 | 92 | 573 | 539 | 1112 | 661 | 563 | 1224 | 496 | 524 | 1020 |

| | സ്ക്കൂളിന്റെ പേര് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1. | പി.എസ്സ്എം.എൽ.പി.എസ്. | 110 | 111 | 221 |
| 2. | എസ്.എച്ച്.ജെ.എൽ.പി.എസ് | 50 | 65 | 115 |
| 3. | സെന്റ് തോമസ്സ് യു.പി.സ്ക്കൂൾ | 289 | 280 | 569 |
| 4. | ഗവ.എൽ.പി.സ്ക്കൂൾ ഇളന്തിക്കരപട്ടിക | 217 | 164 | 381 |
| 5. | ഐ.ജെ.എൽ.പി.എസ്. | 104 | 101 | 205 |
| 6. | വി.സി.എസ്സ്.എച്ച്.എസ് | 513 | 474 | 987 |
| 7. | ഇളന്തിക്കര ഹൈസ്ക്കൂൾ | 447 | 431 | 878 |
| | | 1730 | 1626 | 3356 |

കഴിഞ്ഞ പത്തു വർഷക്കാലത്തിലിടയ്ക്ക് പഞ്ചായത്തിലെപൊതു വിദ്യാലയങ്ങളുടെ എണ്ണത്തിൽ മാറ്റമൊന്നുമുണ്ടായിട്ടില്ലെങ്കിലും എല്ലാ സ്ക്കൂളുകളിലേയും കുട്ടികളുടെ എണ്ണം ഗമ്യമായി കുറഞ്ഞിട്ടുണ്ട്. ഡിവിഷനുകൾ കുറഞ്ഞതുകൊണ്ട് ഇളന്തിക്കര ഹൈസ്ക്കൂളിലെ പല കെട്ടിടങ്ങളും ഒഴിഞ്ഞുകിടക്കുകയാണ്. അദ്ധ്യാപകരിൽ കുറേപ്പേർ പ്രൊട്ടക്ഷനിൽ മറ്റു സ്ക്കൂളുകളിലേക്ക് പോകേണ്ടതായി വന്നിട്ടുണ്ട്. കുട്ടികളുടെ എണ്ണം കുറഞ്ഞതുകൊണ്ട് സ്ക്കൂളുകൾ 'നഷ്ട'ത്തിന്റെ പേരിൽ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണ്. ഉദാ: എസ്സ്.എച്ച്.ജെ.എൽ.പി.എസ്സ്. ഇവിടെ ഒന്നു മുതൽ നാലുവരെ ക്ലാസുകളിലായി ആകെ 115 കുട്ടികളേയുള്ളൂ. പൊതു വിദ്യാലയങ്ങളിലെ സ്ഥിതി ഇതായിരിക്കേ സമീപകാലത്തായി ചില അനംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിന് ഇത് ഒരു പരിധി വരെ കാരണമാകുന്നുണ്ട്. 'മെച്ചപ്പെട്ട' വിദ്യാഭ്യാസം തേടി പഞ്ചായത്തിനു പുറത്തുള്ള അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ തേടിപ്പോകുന്ന രക്ഷിതാക്കളും വിദ്യാർത്ഥികളും ഏറി വരുന്നു. ഈ പ്രവണത അശാസ്യമല്ല. കൂടാതെ സംസ്ഥാന ശരശരിയേക്കാൾ താഴ്ന്ന ജനന നിരക്കും വിദ്യാലയങ്ങളിൽ കുട്ടികളുടെ കുറവിന് ഒരളവോളം കാരണമാകുന്നുണ്ട്. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്നവരിൽ ധാരാളം കുട്ടികൾ കൂഴൂർ, പൊയ്യ പഞ്ചായത്തുകളിൽ നിന്നുള്ളവരാണ്. പ്രത്യേകിച്ച് ഇളന്തിക്കര ഹൈസ്ക്കൂളിലും ഇളന്തിക്കര ഗവ. എൽ.പി.എസ്സ്.ലും. അതുപോലെ പഞ്ചായത്തിലെ തുരുത്തിപ്പുറം ഭാഗത്തുള്ള മിക്കവാറും കുട്ടികളും ചേന്ദമംഗലം പഞ്ചായത്തിലെ ചത്തേടം സ്ക്കൂളിനെയാണാശ്രയിക്കുന്നത്

അദ്ധ്യാപകരുടെ വിവരം സൂചിപ്പിക്കുന്ന പട്ടിക:

അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ (സ്ക്കൂളുകളിൽ നിന്നും ശേഖരിച്ചത്)

| സ്ക്കൂളിന്റെ പേര | അദ്ധ്യാപകരുടെ എണ്ണം,യോഗ്യത | | | | | |
|---|---|---|---|---|---|---|
| | B.Ed. | | | T.T.C. | | |
| | പു. | സ്ത്രീ | ആകെ. | പു. | സ്ത്രീ | ആകെ. |
| പി.എസ്സ്.എം.എൽ.പി.എസ്സ്. | – | – | – | 1 | 6 | 7 |
| എസ്സ്.എച്ച്.ജെ.എൽ.പി.എസ്സ് | – | 1 | 1 | 1 | 2 | 4 |
| സെന്റ് തോമസ്സ് യു.പി.എസ്. | – | – | – | – | 18 | 18 |
| ഗവ. എൽ.പി.എസ്. ഇളന്തിക്കര | – | 1 | 1 | 4 | 5 | 10 |
| ഐ.ജെ.എൽ.പി.എസ്. | 1 | – | 1 | 2 | 4 | 7 |
| ഇളന്തിക്കര ഹൈസ്ക്കൂൾ | 12 | 10 | 22 | 2 | 10 | 34 |
| വി.സി.എസ്സ്.എച്ച്.എസ്സ്. | 12 | 26 | 38 | – | 2 | 40 |
| ആകെ | 25 | 38 | 63 | 10 | 47 | 120 |

ഇവിടുത്തെ സ്ക്കൂളിലെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണെന്ന് പട്ടികയിൽ നിന്ന് മനസ്സിലാകും. അതായത് അദ്ധ്യാപകരിൽ 29.17% പുരുഷന്മാരും 70.83% സ്ത്രീകളുമാണെന്നുകാണാം. യഥാക്രമം 35 പേരും 85 പേരും.

സ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചാൽ നില തൃപ്തികരമല്ല. പല സ്ക്കൂളുകളിലും പ്രഥമിക സൗകര്യങ്ങൾ വേണ്ടത്രയില്ല. കുടിവെള്ളത്തിനുള്ള സംവിധാനം എല്ലാ സ്ക്കൂളുകളിലുമുണ്ടെങ്കിലും വലയിടത്തും അവ അപര്യാപ്തമാണ്. വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത സ്ക്കൂളുകളും ഇക്കൂട്ടത്തിലുണ്ട്. ആവശ്യത്തിന് ഫർണ്ണിച്ചറുകളും, ബ്ലാക്ക് ബോർഡുകളും ഇല്ലാത്തവയും ഉണ്ട്.

ദൈനംദിന ജീവിതവുമായി ബന്ധമില്ലാത്ത പാഠ്യപദ്ധതി നമ്മുടെ വിദ്യാഭ്യാസ സമ്പ്രതായത്തിന്റെ പാകപ്പിഴയാണ്. ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുത്തുന്ന വിധത്തിൽ പാഠ്യപദ്ധതിയെ പരിഷ്കരിക്കേണ്ടതുണ്ട്. പരീക്ഷ സമ്പ്രദായത്തിലും പല അപാകതകൾ ദൃശ്യമാണ്. അതുകൊണ്ട് പരീക്ഷാരീതികളിലും മാറ്റങ്ങൾ അനിവാര്യമാണ്.

അദ്ധ്യാപകരക്ഷാകർതൃ സമിതികൾ എല്ലാ സ്ക്കൂളുകളിലുമുണ്ടെങ്കിലും പല സമിതികളുടേയും പ്രവർത്തനം തൃപ്തികരമല്ല. എന്നാൽ താരതമ്യേന നല്ല പ്രവർത്തനം നടത്തുന്ന പി.ടി.എ. കളും ഉണ്ട്. ഇളന്തിക്കര ഗവ. എൽ.പി.എസ്സിലെ പി.ടി.എ. ഇതിനുദാഹരണമാണ്. ഇളന്തിക്കര ഹൈസ്ക്കൂളിലേയും പി.ടി.എ സാമാന്യം നന്നായി പ്രവർത്തിക്കുന്നുണ്ട്. വി.സി.എസ്സ്.എച്ച്.എസ്സ്. ലേയും പി.ടി.എ പല പ്രവർത്തനങ്ങളിലും സഹകരിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളും മറ്റും ഒരുക്കുന്നതിൽ പി.ടി.എ. കൾ ശ്രദ്ധിച്ചുതുടങ്ങിയിട്ടുണ്ട്. ഇതൊരു നല്ല സൂചനയായിക്കാണാം. ഇളന്തിക്കര എൽ.പി.എസ്സി.ലെ പി.ടി.എ. യുടെ സഹായത്തോടെ സ്ക്കൂളിന് ഭാഗീകമായെങ്കിലും ചുറ്റുമതിൽ കെട്ടുവാൻ കഴിഞ്ഞു. വദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണം മിക്കവാറും പി.ടി.എ. കളുടെ സഹായത്തോടെയാണ് നടക്കുന്നത്. ഇതൊക്കെയാണെങ്കിലും വിദ്യാലയങ്ങളിലെ അദ്ധ്യയന നിലവാരമുയർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ ഇപ്പോഴും പരിമിതികളുള്ളതായി കാണുന്നു.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ മിക്കസ്ക്കൂളുകളിലും വളരെ ചെറിയ തോതിലേ നടക്കുന്നുള്ളു. ഹൈസ്ക്കൂളുകളിൽ ലൈബ്രറികളുണ്ടെങ്കിലും അവയെ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നല്ല. സ്ക്കൂളിലെ സയൻസ് ക്ലബ്ബുകൾ മിക്കവാറും പ്രവർത്തന രഹിതമാമെന്നു പറയാം. പഠന വിനോദയാത്രകൾ ചില സ്ക്കൂളുകളെങ്കിലും സംഘടിപ്പിക്കാറുണ്ട്. പ്രത്യേകിച്ചും ഹൈസ്ക്കൂളുകൾ. പഠ്യേതര പ്രവർത്തനങ്ങൾ നാമമാത്രമായി മാത്രം നടക്കുന്ന അവസ്ഥയാണിന്നുള്ളത്. സാഹിത്യസമാജങ്ങൾ രണ്ടു ഹൈസ്ക്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. മുൻകാലങ്ങളിൽ എല്ലാ ആഴ്ചകളിലും നടത്തിയിരുന്ന ക്ലാസ്സ് മീറ്റിങ്ങുകൾ ഇപ്പോൾ വല്ലപ്പോഴുമേ നടത്താറുള്ളു. സ്ക്കൂൾ യുവജനോത്സവങ്ങളും വാർഷികദിനാഘോഷങ്ങളും മിക്കവാറും സ്ക്കൂളുകൾ നടത്താറുണ്ട്. വാർഷിക ദിനാഘോഷങ്ങളുടെ ഭാഗമായി കലാ-കായിക മത്സരങ്ങൾ അതതു സ്ക്കൂളുകളിൽ നടത്താറുണ്ടെങ്കിലും പഠനകാര്യങ്ങളിലെന്നപോലെ നിലവാരത്തകർച്ച ഇവിടെയും ദൃശ്യമാണ്. ജില്ലാ – സംസ്ഥാന കലാ കായികോത്സവങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നവർ ഇവിടുത്തെ സ്ക്കൂളുകളിൽ കുറവാണ്. ജില്ലാ യുവജനോത്സവത്തിൽ സമ്മാനം ലഭിച്ച ഒരു പെൺകുട്ടി പഞ്ചായത്തിലെ വി.സി.എസ്സ്.എച്ച്.എസ്സ്. ൽ ഉണ്ടെന്നതു വിസ്മരിക്കുന്നില്ല. സംസ്ഥാനത്തിൽ നടന്ന എൽ.എസ്സ്.എസ്സ് പരീക്ഷയിൽ സ്ക്കോളർഷിപ്പ് ലഭിക്കുന്ന ഒരു പെൺകുട്ടിയും രണ്ട് ആൺകുട്ടികളും ഇളന്തിക്കര ഗവ. എൽ.പി.സ്ക്കൂളിലും, യു.എസ്സ്.എസ്സ്. സ്കോളർഷിപ്പ് ലഭിക്കുന്ന രണ്ടു പെൺകുട്ടികൾ ഇളന്തിക്കര ഹൈസ്ക്കൂളിലുമുണ്ട്. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ പറവൂർ താലൂക്കിൽ എറ്റവും കൂടുതൽ മാർക്ക് നേടിയത് നമ്മുടെ പഞ്ചായത്തിലെ ഇളന്തിക്കര ഹൈസ്ക്കൂളിലെ ഒരു വിദ്യാർത്ഥിയാണെന്നത് അഭിമാനാർഹമാണ്. ഇങ്ങിനെ ഒറ്റപ്പെട്ട ചില നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കഴിഞ്ഞ അഞ്ചു വർഷമായി നമ്മുടെ സ്ക്കൂളിലെ എസ്സ്.എസ്സ്.എൽ.സി പരീക്ഷാ വിജയ ശതമാനം ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുന്നതായി കാണുന്നു. താഴെ പട്ടിക പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും.

| എളന്തിക്കര ഹൈസ്ക്കൂൾ | | | | വി.സി.എസ്സ്.എച്ച്.എസ്സ് | | | |
|---|---|---|---|---|---|---|---|
| വർഷം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | വർഷം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
| 1991 - 92 | 129 | 99 | 76.74 | 1991 - 92 | 138 | 114 | 82.60 |
| 1992 - 93 | 155 | 102 | 65.80 | 1992 - 93 | 158 | 121 | 76.58 |
| 1993 - 94 | 145 | 82 | 56.55 | 1993 - 94 | 165 | 132 | 80.00 |
| 1994 - 95 | 119 | 84 | 70.59 | 1994 - 95 | 165 | 109 | 66.00 |
| 1995 - 96 | 134 | 83 | 61.94 | 1995 - 96 | 180 | 126 | 70.00 |

കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയ ശതമാനം
സ്ക്കൂളുകളിൽ നിന്നും ശേഖരിച്ചത്

മൂനുമുതൽ പത്തുവരെ ക്ലാസ്സുകളിലെ 18.3% കുട്ടികൾ 30%ത്തിൽ താഴെ മാർക്കു വാങ്ങുന്നവരാണ്. മുഴുവൻ അക്ഷരങ്ങളുമറിയാത്ത – സംഖ്യാബോധമില്ലാത്ത കുട്ടികൾ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പോലുമുണ്ട്. ഇങ്ങനെ ഏതു നിലയിൽ പരിശോധിച്ചാലും നമ്മുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുകയല്ല, മറിച്ച് അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്നു കണ്ടെത്താൻ ഏറെ ബുദ്ധിമുട്ടേണ്ടി വരില്ല. പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിന് ഇതുകാരണമാകുന്നുണ്ട്.

കോളേജ് വിദ്യാഭ്യാസത്തിന് നമ്മുടെ പഞ്ചായത്തിൽ യാതൊരു സൗകര്യവുമില്ല. പഞ്ചായത്തിലെവിടെയെങ്കിലും ഒരു കോളേജ് അനുവദിക്കണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. എന്നാൽ ഇതുവരെ സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. സമാന്തര മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് അനംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ എൽ.കെ.ജി.മുതൽ മൂന്നാം സ്റ്റാന്റേർഡ് വരെയുള്ള 235 കുട്ടികളുണ്ട്. സമാന്തര മേഖലയിലുള്ള മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം തുരുത്തിപ്പുറത്തു പ്രവർത്തിക്കുന്ന ഒരു പാരലൽ കോളേജാണ്. ഇവിടെ പ്രീ–ഡിഗ്രി III, IV ഗ്രൂപ്പുകൾക്കും ബി.എ. ഡിഗ്രിക്കും ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇവിടെ പ്രീ–ഡിഗ്രിക്ക് III, IV ഗ്രൂപ്പുകളിൽ ഇരു വർഷങ്ങളിലുമായി 130 വിദ്യാർത്ഥികളും ഡിഗ്രിക്ക് പഠിക്കുന്ന (മൂന്നു വർഷങ്ങളിലുമായി) 37 വിദ്യാർത്ഥികളുമുണ്ട്. (ആകെ 167 പേർ ) ഇവരിൽ ബഹുഭൂരിപക്ഷവും പെൺകുട്ടികളാണ്. പത്തു സ്ത്രീകളും മൂന്നു പുരുഷന്മാരുമായി പതിമൂന്ന് അദ്ധ്യാപകരാണ് ഇവിടെ ഉള്ളത്. കോളേജ് വിദ്യാഭ്യാസത്തിന് മറ്റു സൗകര്യങ്ങളില്ലാത്ത ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രവർത്തനം അനുഗ്രഹമാണ്. ഈ മേഖലയിലുള്ള വേറൊരു സ്ഥാപനം ഇവിടെയുള്ള മറ്റൊരു പാരലൽ സ്ക്കൂളാണ്. ഇവിടെ വിവിധ കാരണങ്ങളാൽ എസ്.എസ്.എൽ.സി. വരെ എത്താൻ കഴിയാതിരുന്ന കുട്ടികളെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. കൂടാതെ സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ട്യൂഷനും നൽകുന്നു. 26 പെൺകുട്ടികളും 22 ആൺകുട്ടികളുമടക്കം 48പേർ പഠിക്കുന്നുണ്ട്. ഇവയെകൂടാതെ ഏതാനും ചില ട്യൂഷൻ സെന്ററുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നു പറയാം. ആകെയുള്ളത് പുത്തൻവേലിക്കരയിലുള്ള ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രവും, മൂന്നു ടൈപ്പ് റൈറ്റിങ് സ്ക്കൂളുകളും തുരുത്തൂരിലും, തുരുത്തിപ്പുറത്തും, എളന്തിക്കരയിലും ഉള്ള ഓരോ ടൈപ്പ് റൈറ്റിങ് സ്ക്കൂളുകളുമാണ്. ഇവടെയല്ലാമായി 150തോളം പേർ പരിശീലനം നേടുന്നുണ്ട്. ഒരു വൊക്കേഷനൽ ഹയർ സെക്കന്ററി സ്ക്കൂളെങ്കിലും ഈ പഞ്ചായത്തിലനുവദിക്കേണ്ടത് അനിവാര്യമാണ്.

1,2,4,5,7,9 വാർഡുകളിലായി 7 നഴ്സറി സ്ക്കൂളുകളും, 3 'കിന്റർ ഗാർഡൻ' എന്നു വിളിക്കപ്പെടുന്ന സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 4–ാം വാർഡിൽ ഒരു കുടിപ്പള്ളിക്കൂടവും ഉണ്ട്. ഇവയ്ക്കെല്ലാം പുറമേ പി.എസ്സ്.എം. എൽ.പി.എസ്സ്. നോട് അനുബന്ധിച്ച് ഒരു പ്രീ– പ്രൈമറി സ്ക്കൂളും ഇവിടെ പ്രവർത്തിക്കുന്നു. പത്ത് ആൺ കുട്ടികളും 22 പെൺകുട്ടികളുമാണ് ഇവിടെയുള്ളത്. പരിശീലനം ലഭിച്ച ഒരു ടീച്ചറും ആയയും ഇവിടെയുണ്ട്. എന്നാൽ ഇവർക്ക് വേതനമൊന്നും ലഭിക്കുന്നില്ല. നിലവിലുള്ള നഴ്സറിക്ൾക്ക് പരിമിതികൾ ഏറെയുണ്ട്.

അനൗപചാരിക മേഖലയിൽ ഇന്ന് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന ഏക സ്ഥാപനം 1947ൽ സ്ഥാപിതമായ ഇളന്തിക്കരയിലെ ഗുരുസ്മാരക വായനശാല മാത്രമാണെന്നു പറയാം. സർക്കാർ ഗ്രാന്റ് വാങ്ങിയിരുന്ന ഒരു പട്ടികജാതി– പട്ടികവർഗ്ഗ വായനശാല നാലാം വർഡിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തിലധികമായി ഇത്

പ്രവർത്തന രഹിതമാണ്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി രണ്ടു ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവയിൽ പഞ്ഞിപ്പള്ളയിലുള്ളതുമാത്രമാണ് പ്രവർത്തിക്കുന്നത്. സായാഹ്ന പത്രങ്ങൾ ഉൾപ്പെടെ മൂവായിരം വർത്തമാന പത്രങ്ങളും, സിനിമാ മാസികകൾ, തൊഴിൽ വാർത്ത അടക്കം 2250 മാസികകളും, ആഴ്ചപ്പതിപ്പുകളും 600 കുട്ടികളുടെ മാസികകളും പഞ്ചായത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്.

ഔപചാരിക-അനൗപചാരിക മേഖലകളിൽ അനുദിനം നിലവാരത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സംവിധാനത്തെ തകർച്ചയിൽ നിന്നും രക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമായാണ്. കുട്ടികൾ എന്തുപഠിക്കുന്നു, എങ്ങനെ പഠിക്കുന്നു, പഠിക്കുന്നതു അവർ മനസ്സിലാക്കുന്നുണ്ടോ എന്നന്വേഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. കാണാപ്പാഠം പഠിക്കുന്ന 'മിടുക്കൻമാർക്ക്' പകരം കാര്യങ്ങൾ മനസ്സിലാക്കി പഠിക്കുന്ന മിടുക്കന്മാർ നമ്മുടെ സ്ക്കൂളുകളിൽ ഉണ്ടാകണം. ഈ നാടിനെ അറിയുന്ന, നാട്ടാരെയറിയുന്ന, നാടിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന, നാടിന്റെ പുരോഗതിക്കുതകുന്ന വിദ്യാർത്ഥി സമൂഹത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനായുള്ള യത്നം തുടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും വൈകാനില്ല- നമുക്കിവിടെ തുടങ്ങാം.

## പ്രശ്നങ്ങൾ

ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. പ്രത്യേകിച്ച് 3,5,6,8,11 വാർഡുകളിൽ.

സ്ഥലസൗകര്യം, ഉപകരണങ്ങൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നിവ നിലവിലുള്ള നഴ്സറി സ്ക്കൂളുകളിൽ പലതിലും ഇല്ല.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.

പി.എസ്സ്.എം. എൽ.പി.എസ്സ്.ലെ നഴ്സറി ടീച്ചറിനും ആയയ്ക്കും വേതനം ലഭിക്കുന്നില്ല.

മിക്കവാറും സ്ക്കൂളുകളും, ചില പ്രത്യേക പ്രദേശങ്ങളിൽ അടുത്തടുത്ത് സ്ഥിതിചെയ്യുന്നത് പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

ചില പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് രണ്ട് കിലോമീറ്ററിലധികം നടന്ന് വേണം സ്ക്കൂളിലെത്താൻ. ഹൈസ്ക്കൂളിലേക്ക് 3 4 കി.മി. വരെയുണ്ട്.

ചെറുകടപ്പുറം, തേലത്തുരുത്ത്, കോഴിത്തുരുത്ത് മുതലായ ഭാഗങ്ങളിലെ കുട്ടികൾക്ക് സമീപപ്രദേശത്ത് ഒരു പ്രൈമറി വിദ്യാലയം പോലും ഇല്ല. ഇളന്തിക്കരയിലെ സ്ക്കൂളുകളിലെത്താൻ ഇവർക്ക് ഏറെ ബുദ്ധിമുട്ടേണ്ടിവരുന്നു.

ഐ.ജെ.എൽ.പി.എസ്സ്. ലും , സെന്റ് തോമസ്സ് യു.പി.എസ്സ്.ലും പ്രാഥമിക സൗകര്യങ്ങൾക്ക് പരിമിതിയുണ്ട്.

ഇളന്തിക്കര എൽ.പി. സ്ക്കൂളിൽ ആവശ്യത്തിന് ഫർണീച്ചറുകളും, ബ്ലാക്ക് ബോർഡും ഇല്ല.

എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഡിവിഷൻ കുറയുവാനുള്ള സാധ്യത നിലനിൽക്കുന്നു.

അംഗീകൃതവും അല്ലാത്തതുമായി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ വർദ്ധിച്ചുവരുന്നത് പൊതുവിദ്യാലയങ്ങൾക്ക് ഭീഷണിയാകുന്നു.

ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പഠന സൗകര്യമില്ല.

സ്ക്കൂളുകളിൽ ആവശ്യത്തിന് പഠനോപകരണങ്ങളില്ല.

പല സ്ക്കൂളുകളിലും കളിസ്ഥലങ്ങളില്ല.

ഹൈസ്ക്കൂളുകളിലെ എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരുന്നു.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളോ, കോളേജോ പഞ്ചായത്തിലില്ല.

കോളേജ് വിദ്യാഭ്യാസത്തിന് വളരെ ദൂരെ പോകേണ്ടതായി വരുന്നു.

ആവശ്യത്തിന് ഗ്രന്ഥശാലയോ വായനശാലകളോ ഇല്ല.

സാക്ഷരതാ തുടർ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല.

ബഹുഭൂരിപക്ഷം അദ്ധ്യാപകരും സ്ത്രീകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.

പി.ടി.എ. കളുടെ പ്രവർത്തനം തൃപ്തികരമല്ല.

## സാധ്യതകൾ

സന്നദ്ധസംഘടനകളുടെ സഹായത്തോടെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സായാഹ്ന ക്ലാസുകൾ സംഘടിപ്പിക്കാൻ സാധിക്കും.

അംഗീകാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ പ്രവർത്തനം തടയുന്നതിനു വേണ്ട നടപടികൾ

സ്വീകരിക്കാവുന്നതാണ്.

അദ്ധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളെ സമ്മർദ്ദം ചെലുത്തുന്നതിന് ശ്രമിക്കാം.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുന്നതിന് അധികാരികളിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്.

ലോവർ പ്രൈമറി ഉൾപ്പെടെയുള്ള ക്ലാസുകളിൽ ഇലക്ട്രോണിക മാധ്യമങ്ങളെ പഠനത്തിന് ഉപയോഗപ്പെടുത്തുവാൻ ഇത്തരം സംവിധാനം ഒരുക്കുന്നതിന് സ്പോൺസർമാരെ കണ്ടെത്താൻ ശ്രമിക്കാവുന്നതാണ്.

കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് എൽ.പി. തലം മുതൽ യോഗ്യതയുള്ള കായികാദ്ധ്യാപകരെ നിയമിക്കുന്നതിന് അധികൃതരിൽ പ്രേരണ ചെലുത്താനാകും.

പഞ്ചായത്തിൽ ഒരു കോളേജ് ആരംഭിക്കുന്നതിനു വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ജനങ്ങളുടെ സഹായത്തോടെ ഒരുക്കാൻ ശ്രമിക്കാം. കോട്ടപ്പുറം രൂപതയുടെ ഇതിനു വേണ്ടിയുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

ഡിവിഷനുകൾ കുറഞ്ഞതുമൂലം ഒഴിഞ്ഞുകിടക്കുന്ന ഇളന്തിക്കര ഹൈസ്ക്കൂളിലെ കെട്ടിടങ്ങളും, ഫർണിച്ചറുകളും, മറ്റു സൗകര്യങ്ങളും, സെക്കന്ററി / ഹയർ സെക്കന്ററി സ്ക്കൂളിനു വേണ്ടി ഉപയോഗപ്പെടുത്താനാകും. കൂടാതെ വി.സി.എസ്സ്.എച്ച്.എസ്സ്. ലും ഇതിനു സാധ്യതകളുണ്ട്.

അയൽപക്കസ്ക്കൂൾ സംമ്പ്രദായത്തിനു വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയും.

എല്ലാ വിദ്യാലയങ്ങളിലേയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സിന് രൂപം നൽകാവുന്നതാണ്. ഇതുവഴി വിദ്യാലയങ്ങൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കുന്നതിനും പാഠ്യ പദ്ധതികൾ കൂട്ടായി രൂപപ്പെടുത്തുന്നതിനും കഴിയുന്നതോടൊപ്പം പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധനം നടത്തുന്നതിനും സൗര്യമുണ്ടാക്കുവാൻ കഴിയും.

പി.ടി.എ.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലൂടെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ഏറെ പരിഹരിക്കാൻ സാധിക്കും.

പഞ്ചായത്തു തലത്തിൽ ഒരു ലൈബ്രറി ആരംഭിക്കുകയും നിലവിലുള്ള ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പ്രവർത്തന രഹിതമായിക്കിടക്കുന്ന ലൈബ്രറിയെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യാനകും. ലൈബ്രറിക്കുവേണ്ടി കുറെപുസ്തകങ്ങൾ ജനങ്ങളിൽ നിന്ന് സംഭരിക്കാൻ കഴിയും.

# 4. കുടിവെള്ളവും പൊതുജനാരോഗ്യവും

**ആമുഖം**

എറണാകുളം ജില്ലയിലെ 85 ഗ്രാമ പഞ്ചായത്തുകളിൽ പലതിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നുണ്ട്. പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്തിന്റെയും സ്ഥിതി മറിച്ചല്ല. കുടവെള്ള രംഗത്തു നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് കാരണങ്ങൾ പലതാണ്. അവയോരോന്നും ശരിയാം വണ്ണം വിലയിരുത്തിയാൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളരംഗം നേരിടുന്ന വൻ ഭീഷണിയുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനാകും.

നദികൾ, ചിറകൾ, കുളങ്ങൾ, കിണറുകൾ, ടാപ്പുകൾ, കുഴൽകിണറുകൾ മുതലായവയാണ് പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ സാധാരണയായി ഉപയോഗിക്കപ്പെടുന്ന കുടിവെള്ള സ്രോതസ്സുകൾ. പഞ്ചായത്തിൽ ആകെയുള്ള 5004 വീടുകളിൽ താമസിക്കുന്ന 25615 ആളുകളിൽ എഴുപതുശതമാനം പേരും കുടിവെള്ളത്തിനും മറ്റു ഗാർഹികാവശ്യങ്ങൾക്കും കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകളെ ആശ്രയിക്കുന്നവരിൽ ഭൂരിഭക്ഷം പേർക്കും സ്വന്തം കിണറുകൾ ഇല്ല. പൊതു കിണറുകളിൽ നിന്ന് വെള്ളമെടുക്കുന്നവർ അഞ്ചു ശതമാനമേ വരൂ.

പഞ്ചായത്തിൽ ആകെയുള്ള പൊതു കിണറുകളുടെ എണ്ണം 23 ആണ്, അവയിൽ നിന്ന് വെള്ളമെടുക്കുന്ന കുടുംബങ്ങൾ 300ഓളം വരും. പൊതുകിണിറുകളിൽ മിക്കവയും ഏപ്രിൽ മെയ് മാസങ്ങളിൽ വറ്റുന്നവയാണ്.

19.87 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിലെ മുപ്പതു ശതമാനം ആളുകൾ ഉപയോഗിക്കുന്നത് പൈപ്പ് വഴി വിതരണം ചെയ്യുന്ന ജലമാണ്. ഇതിനുവേണ്ടി ഏക പദ്ധതി മാത്രമാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ എളന്തിക്കര വാർഡിലുള്ള കൊടികുത്ത് കുന്നിലാണ് ഇതിനുള്ള ടാങ്ക് നിർമ്മിച്ചിട്ടുള്ളത്. 1,80,000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്നതിനുള്ള ശേഷി പ്രസ്തുത ടാങ്കിനുണ്ട്. ടാങ്കിലേക്ക് വെള്ളം എത്തിക്കുന്ന പമ്പ് ഹൗസ് കുന്നിന്റെ കിഴക്കേ ചരിവിലൂടെ കടന്നുപോകുന്ന തോടിനു സമീപമാണ് സ്ഥിതി ചെയ്യുന്നത്. തോട്ടിലെ ജലമാണ് പമ്പ് ചെയ്തു വരുന്നത്.

ജലവിതരണത്തിനു വേണ്ടി 45 കിലോമീറ്ററോളം നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം 206 വരും. കൂടാതെ 75 ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഒന്നു മുതൽ ഒമ്പതു വരെ വാർഡുകളിൽ മാത്രമേ ഈ ജല വിതരണ പദ്ധതി ഉപയോഗപ്പെടുന്നുള്ളു. ചാലക്കുടിയാർ വേർ തിരിച്ചിരിക്കുന്ന ചെറുകടപ്പുറത്തും തേലത്തുരുത്തിലും ഇതിന്റെ ഗുണം ലഭിക്കുന്നില്ല. ശരാശരി 70 മീറ്റർ അകലത്തിലാണ് ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത് . ചിലയിടങ്ങളിൽ ടാപ്പുകളുടെ അകലം 150 മീറ്ററിൽ കൂടുതലാണ്. പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങൾ ധാരാളമുണ്ട്. LIC of India യുടെ ധനസഹായത്തോടെ ഗ്രാമപഞ്ചായത്ത് 1985ൽ നിർമ്മാണം പൂർത്തിയാക്കിയ ജല വിതരണ പദ്ധതിയുടെ നിർമ്മിതിയിൽ സംഭവിച്ച പാളിച്ചകൊണ്ട് ഇതുവരെ വെള്ളം ലഭിക്കാത്ത ടാപ്പുകളും ഇക്കൂട്ടത്തിൽ ഉണ്ട്.

| ഇനം | എണ്ണം | അവസ്ഥ | | | |
|---|---|---|---|---|---|
| | | ഉപയോഗിക്കുന്നവ | ഉപോയഗിക്കാത്തവ | വറ്റുന്നവ | വറ്റാത്തവ |
| കിണറുകൾ | 2513 | 1987 | 526 | 1498 | 489 |
| പൊതുകിണറുകൾ | 23 | 17 6 | 14 | 3 | |
| ടാപ്പുകൾ | 206 | 123 | 83 | – | – |
| കുളങ്ങൾ | 132 | 26 | 106 | – | – |
| ചിറകൾ | 26 | 12 | 14 | 5 | 21 |
| കുഴൽ കിണറുകൾ | 22 | 10 | 12 | – | – |

വർഷത്തിൽ 365 ദിവസവും പൈപ്പ് വെള്ളം ലഭിക്കാവുന്ന സാഹചര്യം പത്തുകൊല്ലത്തിനിടയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. 16 മണിക്കൂർ മാത്രമാണ് വെള്ളം പമ്പ് ചെയ്തു വരുന്നത്. വേനൽക്കാലത്തുള്ള വൈദ്യുതി പ്രതിസന്ധി ഘട്ടങ്ങളിൽ പമ്പിംങ് സമയത്തിന്റെ കൃത്യത തകിടം മറിഞ്ഞു പോകുന്നുണ്ട്. കുന്നുകളും, ചരിവുകളും സമതലങ്ങളുമായിട്ടുള്ള ഗ്രാമത്തിന്റെ ഭൂപ്രകൃതിയെ അതിജീവിച്ച് ആവശ്യമനുസരിച്ച എല്ലായിടത്തും വെള്ളമെത്തിക്കാൻ പൈപ്പ് ലൈനിൽ വിവിധ കേന്ദ്രങ്ങളിലായി 7 വാൽവുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ക്രമീകരണത്തിൽ വലിയ പാകപ്പിഴകൾ വന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ ഒന്നു മുതൽ അഞ്ചു വരെയുള്ള വാർഡുകളിലാണ് പൈപ്പു വെള്ളത്തിന്റെ 70 ശതമാനത്തോളം ഉപയോഗിക്കേണ്ടി വരുന്നത്. ഓരു ജല ഭീഷണിയിൽ പെട്ടുകഴിയുന്ന ആ പ്രദേശത്ത് പകരമൊരു സംവിധാനത്തിന് വഴികാണുന്നില്ല.

കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകമാണ്. ജലസ്രോതസ്സുകളാൽ സമ്പന്നമായ നാടാണെങ്കിലും ഈ ഗ്രാമത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു എന്നുള്ളത് എടുത്തുപറയേണ്ട ഒരു വൈരുദ്ധ്യമാണ്. കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിലുണ്ടായ വേനൽക്കാലത്തിന്റെ രൂക്ഷതമൂലം കുടിവെള്ളത്തിനു വേണ്ടി ജനങ്ങൾ പരക്കം പായേണ്ട സ്ഥിതിതന്നെ സംജാതമായിട്ടുണ്ട്. പൈപ്പ് വെള്ളത്തെ മാത്രം ആശ്രയിച്ചു കഴിയേണ്ടി വരുന്ന പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലുള്ള ആളുകൾ കുടിവെള്ളത്തിനു വേണ്ടി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പറഞ്ഞറിയിക്കാനാകാത്തതാണ്. കാലപ്പഴക്കം കൊണ്ട് പൈപ്പ് ലൈനിനും ടാപ്പുകൾക്കും സംഭവിച്ചിരിക്കുന്ന കേടുപാടുകൾ തീർക്കാത്തതിന്റെ രൂക്ഷ ഫലം ഇന്നാട്ടുകാർ പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ അനുഭവിച്ചുവരികയാണ്. ആഴ്ചകളോളം കുടിവെള്ളം ലഭിക്കാത്ത സ്ഥിതി ആവർത്തിച്ചാവർത്തിച്ച് ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്ന് വഞ്ചിയിൽ വെള്ളം എത്തിക്കേണ്ട അവസ്ഥ മഴക്കാലത്തുപോലും ഉണ്ടാകുന്നത് ജനങ്ങൾക്ക സഹിക്കാവുന്നതിനുമപ്പുറമാണ്.

കുന്നിൻ പ്രദേശങ്ങളായ തുരുത്തൂർ, മുതുപറമ്പ്, കല്ലേപ്പറമ്പ്, പഞ്ഞിപ്പള്ള, മാനംചാരികുന്ന്, പനച്ചക്കുന്ന്, ഇഞ്ചാരക്കുന്ന്, കുടിയിക്കക്കുന്ന്, വട്ടേക്കാട്ട് കുന്ന്, മുട്ടിക്കക്കുന്ന്, കൊടികുത്ത് കുന്ന്, സാൻജിയോ കോളനി, കീഴൂപ്പാടം മുതലായ സ്ഥലങ്ങളിൽ വേനൽക്കാലത്ത് ജല ലഭ്യത തീരെക്കുറവാണ്. എല്ലാ കിണറുകളുംവറ്റിവരളുന്ന സമയത്ത് പൈപ്പ് വെള്ളം ലഭിക്കാതെ കിലോമീറ്റർ താണ്ടിയാണ് ജനങ്ങൾ കുടിനീർ ശേഖരിക്കുന്നത്. പാവപ്പെട്ട തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ കൂലിപ്പണി കഴിഞ്ഞുവന്ന് വൈകിട്ടോ, രാവിലെ പണിക്കു പോകുന്നതിനു മുമ്പോ വേണം ഇങ്ങനെ ചെയ്യേണ്ടിവരുന്നത്. ഇത് മൂലം ഭക്ഷണം സമയത്ത് പാകം ചെയ്യുന്നതിനോ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനോ, മറ്റ് ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനോ സമയം കിട്ടാതെ വരുന്നു.

പ്രകൃതിയുടെ വരദാനമായിട്ടുള്ള ചിറകളും, തോടുകളും, കുളങ്ങളും മിക്കവാറും ഉപയോഗശൂന്യമാണ്. പായൽ വന്ന് മൂടിയും, മണ്ണിടിഞ്ഞ് നശിച്ചും കിടക്കുന്ന അവയെ പഴയ കാലപ്രതാപത്തോടെ പുനരുദ്ധരിച്ചാൽ ജലസേചനരംഗത്ത് പുതിയ ഉണർവ്വ് ഉണ്ടാകുന്നതോടൊപ്പം കുടവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം ഉണ്ടാവുകയും ചെയ്യും.

അഞ്ച് വാർഡുകളിൽ കുഴൽകിണറുകൾ ഉണ്ട്. അവ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഉദ്ദേശം 183 വരും ഭൂഗർഭജലത്തിന്റെ സാധ്യത തള്ളിക്കളയാവുന്നതല്ലെങ്കിലും കുടിനീർ ക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മാണം പണച്ചെലവേറുന്നതിനാൽ വ്യാപകമാക്കാനാവുമെന്ന് തോന്നുന്നില്ല.

ഗ്രാമീണജനങ്ങൾ അനുഭവിച്ചുപോരുന്ന കുടിനീർ ക്ഷാമത്തോടൊപ്പം വർദ്ധിച്ച തോതിലുള്ള ഓരു ജല ഭീഷണിയും നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ 238 ഹെക്ടർവരുന്ന കുന്നും പ്രദേശവും 398 ഹെക്ടറോളം വരുന്ന ചരിവ് പ്രദേശവും (ആകെ 32%) ഒഴികെ ഭൂരിഭാഗം പ്രദേശങ്ങളും ഓരുജലഭീഷണി നേരിടുന്നത് കുടിവെള്ള രംഗം നേരിടുന്ന വലിയ വെല്ലുവിളിയാണ്. പഞ്ചായത്തന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും സ്വാധീനം ചെലുത്തുന്ന ചാലക്കുടിയാറിന്റേയും പെരിയാറിന്റേയും സാന്നിധ്യം ഈ നാടിന് വലിയൊരനുഗ്രഹമാണ്. നദിയിലെ ഓരുജലത്തെ തടഞ്ഞ് ജലസേചനം പുഷ്ടിപ്പെടുത്തുന്നതിന് വർഷംതോറും കണക്കൻ കടവ് ഭാഗത്ത് നിർമ്മിച്ചുവരുന്ന ബണ്ട് ഗ്രാമത്തിലെ ന്യൂനപക്ഷം വരുന്ന ആളുകൾക്ക് മാത്രമാണ് പ്രയോജനപ്പെടുന്നത്. ഇതിന്റെ നിർമ്മാണം യഥാസമയം ചെയ്യാത്തതിനാൽ പലപ്പോഴും പൈപ്പ് വെള്ളത്തിൽ വരെ ഉപ്പിന്റെ അംശം കലരാൻ ഇടവരുന്നുണ്ട്.

പഞ്ചായത്തിൽ അറുപത്തെട്ടു ശതമാനത്തോളം പ്രദേശത്ത് വർഷം തോറും ലവണാംശം കൂടിക്കൂടി വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കിണറുകളിലെ ജലം കുടിക്കാനാകാത്തതിനാൽ വേനൽക്കാലത്ത് തീര സമതലങ്ങളിൽ സുലഭമായി കുടിവെള്ളം എത്തിക്കേണ്ട ആവശ്യകതയുണ്ട്. തുരുത്തിപ്പുറം,

വെള്ളോട്ടുപുറം ഭാഗങ്ങളിൽ ഇക്കാര്യത്തിൽ അടിയന്തിരശ്രദ്ധ പതിപ്പിക്കുകതന്നെ വേണം.

പഞ്ചായത്തിലെ ഏകശുദ്ധല വികരണപദ്ധതിയിലൂടെ വിതരണം ചെയ്യുന്ന ജലം ചാലക്കുടിയാറിന്റെ കൈവഴിയായ തോട്ടിൽ നിന്നാണ് പമ്പുചെയ്യുന്നതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ തോട്ടിൽ സ്വരൂപിക്കപ്പെടുന്ന ജലത്തിൽ സമീപകുന്നുകളിൽ നിന്നുള്ള മാലിന്യങ്ങൾ കൂടാതെ പാടശേഖരങ്ങളിലെ കീടനാശിനികളുടേയും, ഓരുജലത്തിന്റേയും അംശം ഉണ്ടാകും. ഇവ കൂടാതെ കന്നുകാലികളെ കുളിപ്പിക്കുന്നതും, ഓലചീയിക്കുന്നതും ബണ്ടിനുള്ളിലെ നിശ്ചല ജലത്തെ കൂടുതൽ മലിനപ്പെടുത്തുന്നു. നാമമാത്രമായ ശുദ്ധീകരണം മാത്രം നടത്തിയാണ് ഈ ജലം വിതരണത്തന് തയ്യാറാക്കി വരുന്നത്. ഈ ജലം കഴിഞ്ഞ പത്തുവർഷക്കാലമായി ഉപയോഗിച്ചുവരുന്നത് പകരം സംവിധാനം ഇല്ലാത്തതുകൊണ്ടുമാത്രമാണ്.

കിണർ ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മാത്രം ഉപയോഗിക്കുന്ന കാര്യത്തിലും ജനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല. പൊതുകിണറുകൾ മാത്രമല്ല, വിദ്യാലയങ്ങളിലുള്ള കിണറുകളും കാലാകാലങ്ങളിൽ ശുദ്ധീകരക്കാൻ വേണ്ട നടപടികൾ എടുക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗരൂകരല്ല. ശുദ്ധമായ പ്രാണവായു പോലെ പ്രധാനപ്പെട്ടതാണ് കുടിവെള്ളമെന്നുള്ള ബോധം പൊതുജനങ്ങളിൽ കുറവാണ്. അതകൊണ്ടുതന്നെ ജലജന്യരോഗങ്ങൾക്കുള്ള സാധ്യത തള്ളിക്കളായവുന്നതല്ല.

പുത്തൻ വേലിക്കര പഞ്ചായത്തിനെ സ്പർശച്ചൊഴുകുന്ന ചാലക്കുടിയാറിലും പെരിയാറിലും അമിതമായ തോതിൽ വ്യാപകമായി മണൽ വാരുന്നത് വലിയൊരു പരിസ്ഥിതി പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. നദിയിലെ ജലനിരപ്പ് താഴുന്നതിന് ഇത് ഇടവരുത്തുന്നു. അതോടൊപ്പം ഭൂഗർഭജലത്തിൽ പ്രതികൂലമായ പ്രകത്യാഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. മണ്ൽ വാരൽ കൂടാതെ പഞ്ചായത്തന്റെ പടിഞ്ഞാറൻ മേഖലയിൽ കക്ക ഡ്രഡ്ജിങ്ങ് നടത്തുന്നത് മേൽപ്പറഞ്ഞ പ്രശ്നത്തെ കൂടുതൽ വഷളാക്കുകയും ചെയ്യുന്നുണ്ട്. ഓരു കയറ്റത്തെ ത്വരിതപ്പെടുത്തുകയും തീരഭൂമിക്ക് തകരാറ് സൃഷ്ടിക്കുകയും ചെയ്യുന്ന മണൽ വാരലും കക്ക ഡ്രഡ്ജിങ്ങും വരും കാലങ്ങളിൽ കുടിവെള്ള ലഭ്യതയ്ക്ക് വൻ ഭീഷണിയാകും.

പഞ്ചായത്തിന്റെ 9,10,11 വാർഡുകളിൽ ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി പരിധിവിട്ട് ഭൂമി താഴ്ത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഓരുജലത്തെ ആകർഷിക്കാവുന്ന തരത്തിൽ വയലുകളെ വലിയ കുണ്ടും കുഴികളുമാക്കിയിട്ടിരിക്കുന്നത് കുടിവെള്ള ലഭ്യതയെ മാത്രമല്ല കൃഷിയേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൈപ്പ് വെള്ളം ലഭിക്കാത്ത 10, 11,വാർഡുകളിൽ ഭൂമിയുടെ നേരെയുള്ള കടന്നുകയറ്റം ഏവരേയും ഞെട്ടിക്കും.

നിർമ്മാണം പൂർത്തിയായി വരുന്ന കണക്കൻ കടവ് റഗുലേറ്റർ – കം – ബ്രിഡ്ജ്, പൈപ്പ് ജലത്തിലും കാർഷികാവശ്യത്തിന് നമ്മുടെ ഗ്രമത്തിലുപയോഗിക്കുന്ന ജലത്തിലും ഓരിന്റെ അളവ് വർദ്ധിപ്പിക്കുമെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. പമ്പിങ്ങ് സ്റ്റേഷനിൽ നിന്ന് ആവശ്യമായ അകലത്തിലാണോ റഗുലേറ്റർ നിർമ്മിക്കപ്പെടുന്നത് എന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

കൃഷിപ്പണിയോടുള്ള ഗ്രമീണരുടെ ആഭിമുഖ്യക്കുറവ് പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യത്തിലും നിഴലിക്കുന്നുണ്ട്. വിവിധ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിയ്ക്കുന്നതുകൊണ്ട് കുന്നുകളിലും ചരിവുകളിലും മണ്ണൊലിപ്പ് വർദ്ധിച്ചുകാണുന്നു. അതുവഴി വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളം കുന്നുഭൂമിയിൽ സംഭരിക്കാനുള്ള പ്രവണത കുറഞ്ഞ് വർദ്ധിച്ച തോതിൽ വാർന്നൊലിച്ച് താഴോട്ടുപോകാനിടവരുന്നു. ഇതിന്റെ പ്രത്യാഘാതമെന്ന നലയിൽ വേനൽക്കാലത്ത് വളരെ വേഗത്തിൽ കിണറുകൾ വറ്റുകയും ചെയ്യുന്നു.

വേനൽക്കാലത്ത് രൂക്ഷമായ കുടിലെള്ളക്ഷാമം അനുഭവപ്പെടുമ്പോൾ ഒന്നു മുതൽ ഒമ്പതു വരെയുള്ള വാർഡുകളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്. പ്രധാന റോഡുകളുടെ ഇരുപുറങ്ങളിലുള്ളവർക്ക് നിശ്ചിത കേന്ദ്രങ്ങളിൽ വച്ചാണ് ആ വെള്ളം വിതരണം ചെയ്യുന്നത്. അവശേഷിക്കുന്ന ഭൂരിപക്ഷത്തിന് ടാങ്കർ ജലത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല. രണ്ടും നാലും ദിവസങ്ങൾക്കിയിൽ ഒരു തവണമാത്രം കുടിവെള്ളമെത്തിക്കുന്നതിന് കഴിഞ്ഞകൊല്ലം 2,97,100/രൂപയോളം ചിലവിടേണ്ടിവന്നിട്ടുണ്ട്.

## പ്രശ്ന സംഗ്രഹം

1. രൂക്ഷമായ കുടിവെള്ളക്ഷാമം ആനുഭവപ്പെടുന്ന സ്ഥലങ്ങൾ താഴെ പറയുന്നു.

തുരുത്തിപ്പുറം, വെള്ളോട്ടുപുറം, തുരുത്തൂർ, പുലിയംതുരുത്ത്, പഞ്ഞിപ്പള്ള, മാനാഞ്ചാരിക്കുന്ന്, സ്റ്റേഷൻകടവ് (വാർഡ് – 7), വാഴവളപ്പ് (വാർഡ് – 7), വട്ടേക്കാട്ട് കുന്ന് (വാർഡ് 8), കൊടികുത്ത്കുന്ന് (വാർഡ് 9), സാൻജിയോ കോളനി (വാർഡ് 9), മാളവന, കീഴൂപ്പാടം (വാർഡ്8,9), കോഴിത്തുരുത്ത്, തേലത്തുരുത്ത്.

ഇതിൽനിന്നും പഞ്ചായത്തിന്റെ 7,8,9 വാർഡുകളിലെ ഏതാനും സ്ഥലങ്ങളിലൊഴികെ എല്ലാവാർഡു

കളിലും ഏറെക്കുറെ പൂർണ്ണമായി കുടിവെള്ള ക്ഷാമ മുണ്ടെന്ന് കാണാം.

2. ഓരുകയറ്റം കുടിവെള്ളത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥലങ്ങൾ

തിരുത്തിപ്പുറം, വെള്ളാട്ടുപുറം, തുരുത്തൂർ, ചെറുകടപ്പുറം, തേലത്തുരുത്ത്.

അവശേഷിക്കുന്ന സ്ഥലങ്ങളിൽ 6–ാം വാർഡൊഴികെ എല്ലാവാർഡുകളിലേയും ചില പ്രദേശങ്ങളിൽ ഓരുജല ഭീഷണിയുണ്ട്.

3. കുന്നുഭൂമിയിലുള്ള ഭൂരിഭാഗം കിണറുകളുടേയും ആഴം പരമാവധി വർദ്ധിപ്പിച്ചുകഴിഞ്ഞതിനാൽ വീണ്ടും ആഴം കൂട്ടി ജലലഭ്യതയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കാനാവില്ല.

4. രുചിവത്യാസം അനുഭവപ്പെടുന്നതിനാൽ മിക്ക കുഴൽകിണറുകളിലേയും ജലം ശുദ്ധമല്ല.

5. പൈപ്പുവെള്ളം രാത്രി സമയത്തുമാത്രം ലഭിക്കുന്ന അവസരങ്ങളിൽ സ്ത്രീകൾ വലിയ ബുദ്ധിമുട്ടനുഭവിക്കുന്നു.

6. പൈപ്പ് ലൈനിന്റേയും ടാപ്പുകളുടേയും ഗുണനിലവാരം മോശമായതിനാലും, വാൽവ് നിയന്ത്രണ സംവിധാനത്തിന്റെ അപാകതകൊണ്ടും, ധാരാളം കുടിവെള്ളം നഷ്ടപ്പെടുന്നുണ്ട്. അറ്റകുറ്റപ്പണികൾക്ക് കാലതാമസം നേരിടുന്നു.

7. വാൽവ് അടച്ച് ടാങ്കിൽ വെള്ളം നിറച്ചതിനുശേഷം ജലവിതരണം നടത്തുന്ന രീതിയല്ല നിലവിലുള്ളത്. അതുകൊണ്ട് ഉയർന്ന സ്ഥലങ്ങളിൽ ജലം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.

8. ജലസേചനത്തിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും മറ്റും ധാരാളം പൈപ്പുവെള്ളം ദുരുപയോഗം ചെയ്യുന്നു.

9. പുതിയ പൈപ്പ് ലൈനിട്ട് ടാപ്പുകൾ സ്ഥാപിക്കേണ്ട സാഹചര്യം വർഷങ്ങളായി എല്ലാ വാർഡുകളിലും നിലനിൽക്കുന്നു.

10. പൈപ്പ് വെള്ളം ശുദ്ധമല്ലെന്ന് വ്യാപകമായ പരാതിയുണ്ടെങ്കിലും പരിഹാരം കാണാൻ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

11. പൊതു കിണറുകളടക്കം മിക്കവാറും കിണറുകളും സമയബന്ധിതമായി ശുചീകരിക്കാനുള്ള നടപടികൾ ഉണ്ടാകാത്തത് ജല മലിനീകരണത്തിനും, ജലജന്യരോഗങ്ങൾക്കുമുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

12. അനാഥാവസ്ഥയിൽ കിടക്കുന്ന ചിറകളും, കുളങ്ങളും, തോടുകളും സംരക്ഷിക്കണമെന്ന ബോധം ഗ്രാമീണരിൽ കാണുന്നില്ല.

13. പഞ്ചായത്തതിർത്തിയിൽ ലഭിക്കുന്ന മഴയുടെ അളവ് കുറഞ്ഞുവരുന്നുഎന്നതിനാൽ ജലസംഭരണവും കുറയുന്നതായി കാണുന്നു.

പുത്തൻവേലിക്കര ഗ്രാമപ്പഞ്ചായത്തിലെ കുടിവെള്ള രംഗം സങ്കീർണ്ണമായ പല പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നതായി ഇതുവരെയുള്ള വിവരണങ്ങളിൽ നിന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്. ജലസമ്പന്നതയ്ക്കിടയിലും കുടിവെള്ളക്ഷാമം അനുഭവിക്കേണ്ടിവരുന്ന ദുഃഖസത്യമാണ് നമ്മുടെ കൺമുന്നിലുള്ളത്.

## സാധ്യതകൾ

കുടിവെള്ളം ഒരു അമൂല്യനിധിയാണെന്നും അതിന്റെ സംരക്ഷണം ജീവപരമ്പരകളുടെ നിലനിൽപ്പിന് അനിവാര്യമാണെന്നുള്ള ബോധം നമുക്കുണ്ടായേ തീരു. അതിനെ മുഖ്യലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ജല നയം പുത്തൻ വേലിക്കര ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പാക്കാൻ തുനിയേണ്ടതുണ്ട്. ലഘുലേഖകൾ വഴിയും മറ്റു ബോധവൽക്കരണരീതികൾ അവലംബിച്ചും കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാനും ജല ദുർവ്വിനിയോഗം തടയാനും സാധിക്കും.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി രൂപകൽപ്പന ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതിപ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നു. നമ്മുടെ പഞ്ചായത്തിനെ സമഗ്രമായി സ്പർശിക്കാവുന്ന തരത്തിൽ വിഭാവന ചെയ്ത് നിർമ്മാണോദ്ഘാടനം നടന്നുകഴിഞ്ഞ CCDP പദ്ധതികളുടെ പുരോഗതി ഉറപ്പുവരുത്തേണ്ടത് ഈ സന്ദർഭത്തിൽ അനിവാര്യമാണ്. നിലവിലുള്ള ശുദ്ധജല വിതരണ സമ്പ്രദായത്തിലെ അപാകതകൾ നീക്കുന്നതിനു വേണ്ടി വാട്ടിർ അതോറിറ്റി രൂപം കൊടുത്തിട്ടുള്ള 98ലക്ഷം രൂപയുടെ നൂതന പദ്ധതി ഇഇഉജ വഴി ജലസേചന രംഗത്തുണ്ടാവാനിടയുള്ള മാറ്റങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൈപ്പ് ജലത്തിനു വേണ്ടി പമ്പ് ചെയ്യുന്ന തോട്ടിലെ മാലിന്യം കലർന്ന ജലത്തിനു പകരം ചാലക്കുടിയാറിലെ ജലം പമ്പിംങ് സ്റ്റേഷന് സമീപമുള്ള കിണറ്റിൽ നേരിട്ട് എത്തിക്കാനുള്ള സംവിധാനത്തെപ്പറ്റി ആരായുവാൻ സാധിക്കും. കൂടാതെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ഈ ജലം ശുദ്ധമാക്കാനും അണുവിമുക്തമാക്കാനും സാധിക്കും.

കേടുബാധിച്ച പൈപ്പുകളും ടാപ്പുകളും കാലതാമസം കൂടാതെ നന്നാക്കുന്നതിനും ജലവിതരണ പദ്ധതിയുടെ ദൈനദിന പ്രശ്നങ്ങൾക്ക് ഉടനടി പരി

ഹാരം കാണുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പഞ്ചായത്തിലുണ്ടാകുന്നത് നല്ലതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുതന്നെ അത്തരമൊരു ഉദ്യോഗസ്ഥന്റെ സേവനം വിട്ടുകിട്ടാൻ ശ്രമിക്കാവുന്നതാണ്.

പൈപ്പുജലം പാഴായിപ്പോകുന്നതിനും നിശ്ചിത സ്ഥലങ്ങളിൽ വെള്ളമെത്താതിരിക്കുന്നതിനും മുഖ്യ കാരണം വാൽവ് കൺട്രോളിങ്ങിലെ അപാകതയാണ്. വാൽവുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുന്നതോടൊപ്പം പുത്തൻവേലിക്കര ബസ്സാർവരെ വിതരണം ചെയ്യാതെ ടാങ്കിൽ നിന്ന് പടിഞ്ഞാറൻ മേഖലയിലേക്ക് നേരിട്ട് വെള്ളം എത്തിച്ച് ആ പ്രദേശങ്ങളിൽ വിതരണം ചെയ്യാവുന്ന തരത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

കുടിവെള്ളത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത മുൻനിർത്തി പമ്പിംങ് സമയം 24 മണിക്കൂർ ആക്കുന്നതിനുള്ള ശ്രമം നടത്താവുന്നതാണ്.

നീർമറി പ്രദേശങ്ങളിൽ സ്വാഭാവിക ജലസംഭരണത്തിനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

ജലസേചന പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ പഞ്ചായത്തിലെ ചിറകൾക്കും കുളങ്ങൾക്കും നവോന്മേഷം ലഭിക്കാതിരിക്കില്ല. അവ ജനപങ്കാളിത്തത്തോടുകൂടി നന്നാക്കുന്നതിനുള്ള ശ്രമം തുടങ്ങാവുന്നതാണ്.

സാനിറ്ററി പ്രശ്നങ്ങളില്ലാത്ത തോടുകളെ ബണ്ടുകൾ നിർമ്മിച്ച് ഓരുജലത്തെ തടയാൻ സാധിക്കും. കുന്നുകളിലെ മണ്ണൊലിപ്പ് തടഞ്ഞ് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് മരം വച്ചു പിടിപ്പിക്കാൻ കഴിയുന്നതാണ്. ബോധവൽക്കരണം വഴി മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിനുള്ള ശീലം ഉണ്ടാക്കിയെടുക്കാനാകും.

എറണാകുളം ജില്ലയിലെ ഒട്ടനവധി പഞ്ചായത്തുകൾക്കൊപ്പം പുത്തൻവേലിക്കര ഗ്രാമപ്പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഗതാഗതമാർഗ്ഗം തുറന്നുകിട്ടുന്നതിനും വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒന്നാണ് വെടിമറ ശുദ്ധജല വിതരണ പദ്ധതി. ഇത് പ്രവർത്തികമാക്കുന്നതിനുള്ള ശ്രമങ്ങൾ സമീപ പഞ്ചായത്തുകൾക്കൊപ്പം പുത്തൻവേലിക്കരയിലും ആരംഭിച്ചിട്ടുണ്ട്. ഇത് ഊർജ്ജിതമാക്കേണ്ടതാണ്.

അയിരൂർ – പാറക്കടവ്–പുത്തൻവേലിക്കര ശുദ്ധ ജല വിതരണ പദ്ധതി നടപ്പാക്കിയാൽ പഞ്ചായത്തിലെ 10, 11 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

## പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് പഞ്ചായത്തിന്റെ പ്രഥമ വിഭവമായിട്ടുള്ളത്. പഞ്ചായത്തിന്റെ സമഗ്രമായ വികസനം മുഖ്യമായും മാനുഷിക വിഭവത്തിന്റെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു. ഈ കാര്യക്ഷമത പ്രധാനമായും പഞ്ചായത്തിലെ പൊതുജനാരോഗ്യ സുസ്ഥിതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇത് വിലയിരുത്തപ്പെടുന്നത് അടിസ്ഥാന മാനദണ്ഡങ്ങളായ 4 ആരോഗ്യ സൂചികകളുടെ അടിസ്ഥാനത്തിലാണ്. അവ താഴെ സൂചിപ്പിക്കുന്നു.

1. പൊതു മരണ നിരക്ക്
2. ശിശു മരണനിരക്ക്
3. മാതൃമരണനിരക്ക്
4. ജനന നിരക്ക്.

മേൽപ്പറഞ്ഞ സൂചികകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടാതാണെന്ന് വിലയിരുത്തണം.

**ആരോഗ്യ സൂചികകൾ – താരതമ്യ പഠനം:**

| ക്ര.നം. | ആരോഗ്യ സൂചികകൾ | സംസ്ഥാന ശരാശരി | പഞ്ചായത്ത് ശരാശരി |
|---|---|---|---|
| 1. | പൊതുമരണ നിരക്ക് | 5.9 | 4.73 |
| 2. | ശിശുമരണനിരക്ക് | 16 | 8.5 |
| 3. | മാതൃമരണനിരക്ക് | 1ൽതാഴെ | 0 |
| 4. | ജനനനിരക്ക് | 17 | 16 |

അവലംബം:
1. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ രേഖകൾ
2. 1991ലെ സെൻസസ്
3. പഞ്ചായത്ത് രേഖകൾ

ജനനനിരക്ക് വിലയിരുത്തുമ്പോൾ സംസ്ഥാന ശരാശരി 17ൽ നിൽക്കേ നമ്മുടെ പഞ്ചായത്തിൽ അത് 16ൽ താഴെയാണ്. അതുപോലെ മറ്റെല്ലാ ആരോഗ്യസൂചികകളും സംസ്ഥാന ശരാശരിയിൽ താഴെയാണ്. ഇത് പഞ്ചായത്തിലെ മൊത്തം ആരോഗ്യ സേവന പ്രവർത്തന മേന്മയേയും ജനങ്ങളുടെ ഉയർന്ന ബോധനനിലവാരത്തേയും സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ പ്രതിരോധ സുരക്ഷാ രംഗത്ത് നാലു കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ചികിത്സാരംഗത്ത് സർക്കർ മേഖലയിൽ ഒരു ആശുപത്രിയും സ്വകാര്യ മേഖലയിൽ രണ്ട് ആശുപത്രികളും ഒരു ദന്താശുപത്രിയും നിലവിലുണ്ട്. ഇതു കൂടാതെ മൂന്നു ഹോമിയോ ഡിസ്പെൻസറികളും അഞ്ചോളം പാരമ്പര്യ വൈദ്യന്മാരും പ്രവർത്തിച്ചുവരുന്നു.

രോഗപ്രതിരോധകുടുംബക്ഷേമ സേവനങ്ങൾ ലഭ്യമാകുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ആകെ നാലെണ്ണമാണുള്ളത്. 5000 ജനസംഖ്യക്ക് ഒന്ന് എന്ന നിലയിൽ അഞ്ച് ഉപകേന്ദ്രങ്ങൾ വേണ്ടിടത്താണ് ഇത്.

**ഉപകേന്ദ്രങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു:**

| ക്ര.നം. | സബ്സെന്ററിന്റെ പേര് | ഉൾക്കൊള്ളുന്ന വാർഡുകൾ |
|---|---|---|
| 1. | FWC തുരുത്തൂർ | 1,2,3. |
| 2. | FWC പുത്തൻവേലിക്കര | 4,5,6. |
| 3. | FWC വട്ടേക്കാട്ട് കുന്ന് | 7,8. |
| 4. | FWC ഇളന്തിക്കര | 9,10,11. |

അവലംബം പഞ്ചായത്ത് സ്ഥാപന രജിസ്റ്റർ

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രതിരോധ ചികിത്സാ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം ജനിച്ച ആകെ കുട്ടികളിൽ മൂന്നു പേർക്ക് മാത്രമാണ് പ്രതിരോധ കുത്തിവെയ്പ്പുകൾ ലഭിക്കാത്തത്. അവശ്യം വേണ്ട ഉദ്യോഗസ്ഥരെ ഈ മേഖലയിൽ നിയമിക്കാത്തത് പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ നാല് ഉപകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇളന്തിക്കര സബ് സെന്ററിന്റെ കെട്ടിടം ശോചനീയാവസ്ഥയിലാണ്. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാർ സ്ഥിരമായി താമസിക്കുന്ന ഈ സബ്സെന്ററുകളിൽ പുത്തൻവേലിക്കര സബ്സെന്ററിൽ (മാനംചാരിക്കുന്ന്) കിണറില്ല. ഇതൊരു പോരായ്മയാണ്. തുരുത്തൂർ, വട്ടേക്കാട്ട് കുന്ന് സെന്ററുകളിൽ കിണറുണ്ടെങ്കിലും വേനൽക്കാലത്ത ജലദൗർലഭ്യം അനുഭവപ്പെടുന്നു. തുരുത്തൂർ സബ്സെന്ററിന് ഇതുവരെ വൈദ്യുതിയും ലഭിച്ചിട്ടില്ല. കണക്കൻകടവ്- തുരുത്തിപ്പുറം റോഡിന്റെ വശത്തുള്ള ഇളന്തിക്കര സെന്ററിന്റെ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കപ്പെടേണ്ടതാണ്.

ഈ ഉപകേന്ദ്രങ്ങളുടെ കുടുംബക്ഷേമരംഗത്തെ പ്രവർത്തനങ്ങൾ സമാന്യം തൃപ്തികരമാണ്. ഈ തുറയിലെ പ്രവർത്തനങ്ങളിൽ ജനസാമാന്യത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്തിൽ കുടുംബക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന അർഹരായ ദമ്പദിമാരിൽ 85%വും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

പഞ്ചായത്തിലെ 9,10,11 വാർഡുകൾക്കുവേണ്ടി ഇളന്തിക്കരയിൽ ഒരു FWസെന്ററാണ് പ്രവർത്തിക്കുന്നത്. എന്നാൽ 10, 11 വാർഡുകൾ സബ്സെന്ററുമായി ഭൂമിശാസ്ത്രപരമായി വേറിട്ടുകിടക്കുന്നതിനാൽ സേവനം കാര്യക്ഷമമായി ഈ വാർഡുകളിൽ ലഭിക്കുന്നില്ല.

ചികിത്സാ രംഗത്തെ പ്രധാന സ്ഥാപനമായ പുത്തൻവേലിക്കര ഗവ. ആശുപത്രി പഞ്ചായത്തിലെ 7ാം വാർഡിൽ സ്ഥിതിചെയ്യുന്നു. രണ്ടു ഡോക്ടർമാരും ഏഴു സ്റ്റാഫ് നേഴ്സുമാരും ഒരു ഫാർമസിസ്റ്റും എട്ട് അറ്റന്റർമാരും ഉൾപ്പെടേയുള്ള സ്റ്റാഫ് സംവിധാനം ഇവിടെയുണ്ടെങ്കിലും ഉപഭോക്താക്കളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇത് കറവാണ്.

ദിനംപ്രതി 150നും 300നും ഇടയ്ക്ക് രോഗികൾ ഈ ആശുപത്രിയിൽ എത്തിച്ചേരുന്നു. ഇതിൽ 80%വും നിർദ്ധന കുടുംബങ്ങളിലെ സ്ത്രീകളും കുട്ടികളും ആണ്. ചികിത്സയ്ക്കായി എത്തുന്നവരിൽ ഭൂരിഭാഗവും ശ്വാസകോശ രോഗങ്ങളും ജലജന്യ രോഗങ്ങളും പിടിപെട്ടവരാണ്. 10%ൽ താഴെ മാത്രമാണ് മറ്റുരോഗങ്ങളുമായി എത്തുന്നത്.

48കിടക്കകളുള്ള ഈ ആശുപത്രിയിൽ ഏതാണ്ട് അത്രതന്നെ രോഗികളെ കിടത്തിചികിത്സിക്കുന്നുണ്ട്. ഇവിടെയുള്ള 48 കിടക്കകളിൽ 6 എണ്ണം മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളു. നിർദ്ധനകുടുംബങ്ങളിലെ സ്ത്രീകൾ ഗർഭകാല പരിചരണം, പ്രസവം, അതോടനുബന്ധിച്ച മറ്റസുഖങ്ങൾ, ഇവ ചികിത്സിക്കുന്നതിന് ആശ്രയിക്കുന്ന ഏക ആശുപത്രി ആയതുകൊണ്ട് ഇവിടെ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം അത്യന്താപേക്ഷിതമാണ്. ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ഒരു മെഡിക്കൽ സൂപ്രണ്ടിന്റെ ആവശ്യകതയും ഉണ്ട്. 50ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്ന ഈ ആശുപത്രിയിൽ ഇതുവരെ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. ഇവിടെയുള്ള കിണറ്റിൽ ആവശ്യത്തിന് വെള്ളവും ലഭ്യമല്ല. ആശുപത്രിയിൽ ഒരു ടെലിഫോൺ

കണക്ഷൻ വളരെ അത്യാവശ്യമാണ്. പരിസര മലിനീകരണം ഈ ആശുപത്രിയുടെ ശാപമാണ്. ഈ ആശുപത്രിയുടെ ചുറ്റുമതിൽ നാശോന്മുഖമാണ്. കൂടാതെ ഡോക്ടർമാർക്കും സ്റ്റാഫിനും ആവശ്യമായ ക്വോർട്ടേഴ്സ് ഇവിടെയില്ല. അവശ്യ മരുന്നുകളുടെ ദൗർലഭ്യം ഒരു പ്രധാനപ്രശ്നമാണ്. വൈദ്യുതിക്ഷാമം ഏറെ നേരിടുന്ന നമ്മുടെ പഞ്ചായത്തിലെ ആശുപത്രി എന്ന നിലയ്ക്ക് ഇവിടെ ഒരു ജനറേറ്റർ വളരെ അത്യാവശ്യമാണ്.

ഈവിടെയുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സക്ക് ആവശ്യമായിവരുന്ന ചെലവുകൾ കണക്കാക്കുമ്പോൾ തക്കതായ സേവനം ലഭിക്കുന്നുവോ എന്നത് സംശയമാണ്.

പഞ്ചായത്തിലെ മൊത്തം രോഗാവസ്ഥ പരിശോധിക്കുമ്പോൾ പൊതുആരോഗ്യ നിലവാരം താരതമ്യേന മെച്ചമാണെങ്കിലും രോഗാതുരത കൂടുതലാണെന്നു കാണാം. ശ്വാസകോശ രോഗങ്ങൾ വയറിളക്ക രോഗങ്ങൾ രക്തസമ്മർദ്ദം, പനി, തലവേദന, ത്വക്ക് രോഗങ്ങൾ എന്നിവയാണ് പഞ്ചായത്തിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ.

തീരദേശ വാർഡുകളിൽ വർഷക്കാലത്ത് ചിലപ്പോൾ വയറിളക്ക രോഗങ്ങൾ പൊട്ടിപ്പുറപ്പെടാറുണ്ടെങ്കിലും ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതുകൊണ്ട് ജനസാമാന്യത്തെ സാരമായി ബാധിക്കാറില്ല. ശുദ്ധജല ലഭ്യതയുടെ അഭാവം, ശുചിത്വമില്ലാത്ത ജലസ്രോതസ്സുകൾ തുടങ്ങിയവ ജലജന്യരോഗങ്ങളുടെ വ്യാപനത്തെ ഊർജ്ജിതമാക്കുന്നു.

ന്യൂനപോഷണം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലെങ്കിലും - പ്രത്യേകിച്ച് ചില കോളനികളിൽ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമാണ്. പോഷകാഹാര ദൗർല്ലഭ്യമല്ല മറിച്ച്, ആഹാരസാധനങ്ങൾ തെരഞ്ഞെടുക്കുന്നതിലുള്ള അജ്ഞതയും അശ്രദ്ധയുമാണ് പ്രധാന പ്രശ്നം. ടിന്നിലടച്ച വിലകൂടിയ ആഹാരസാധനങ്ങൾ ഉപയോഗിക്കാതെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഇലക്കറികളും, ധാന്യങ്ങളും പയറുവർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി ഈ പ്രശ്നം ഒരളവുവരെ പരിഹരിക്കാം. പ്രോട്ടീനിന്റെ കുറവ് ഇവിടെ പൊതുവെ കണ്ടുവരുന്നുണ്ട്. പയറുവർഗ്ഗങ്ങളുടെ ഉപയോഗം വർദ്ധിപ്പിച്ചാൽ ഇത് പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിൽ 60% പേർക്ക് മാത്രമേ പ്രാഥമികാവശ്യങ്ങൾക്ക് ആരോഗ്യകരമായ കക്കൂസുകൾ ഉള്ളു. പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനി നിവാസികൾ ഭൂരിഭാഗത്തിനും കക്കൂസുകൾ ഇല്ല. തീരദേശ വാർഡുകളിൽ പ്രധാനമായും ആ വാർഡുകളിലൂടെ തലങ്ങും വിലങ്ങും ഒഴുകുന്ന തോടുകളിലേക്കാണ് കക്കൂസുകളുടെ ബഹിർഗ്ഗമന കുഴലുകൾ കൊടുത്തിരിക്കുന്നത്. വളരെ ഗൗരവമായി പരിഗണിക്കേണ്ട ഒരു പൊതുജനാരോഗ്യ പ്രശ്നമാണിത്.

പഞ്ചായത്തിൽ മൊത്തത്തിലും 1,2,5,7,10,11 വാർഡുകളിൽ പ്രത്യേകിച്ചും ഉള്ള മറ്റൊരു ആരോഗ്യ പ്രശ്നമാണ് ആ ഭാഗങ്ങളിലെ വെള്ളക്കെട്ട് സൃഷ്ടിക്കുന്നത്. പുഴകളിലേയ്ക്കും മറ്റു പ്രധാന ജലാശയങ്ങളിലേയ്ക്കും ഊറ്റുറവു വെള്ളം ഒലിച്ചുപോകുന്നതിന് സജ്ജമായിരുന്ന തോടുകളും ചാലുകളും ഭൂവുടമകൾ നികത്തിയത് വെള്ളക്കെട്ട് സൃഷ്ടിക്കുന്നതിനിടയാക്കി. ചില പ്രധാന ജലജന്യരോഗങ്ങളുണ്ടാകുന്നതിൽ ഇത് സുപ്രധാന പ്രേരകശക്തിയായി വർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ മാംസഭോജ്യങ്ങൾ ജനങ്ങൾ പ്രാധാന്യത്തോടെ ഉപയോഗിച്ചുവരുന്നുണ്ട്. പഞ്ചായത്തിൽ വർഷംതോറും ഏതാണ്ട് 4000ത്തിനും 5000ത്തിനും ഇടയ്ക്ക് ആടുമാടുകളെ അനധികൃതമായി കശാപ്പുചെയ്ത് മാംസം വിറ്റുവരുന്നു. ഭൂരിഭാഗം അറവുശാലകളും പൊതു നിരത്തുകളുടെ ഓരത്ത് ഏറ്റവും വൃത്തിഹീനമായ ചുറ്റുപാടുകളിൽ പ്രവർത്തിച്ചുവരുന്നവയാണ്. മാംസവിൽപ്പന ശാലകൾ പൊതുജനാരോഗ്യനിയമപ്രകാരം വേണ്ട യാതൊരു നിബന്ധനകളും ഏറ്റവും ചെറിയതോതിൽപ്പോലും പാലിക്കുന്നില്ല. ഈ വിൽപ്പനശാലകളിൽ നിന്ന് വമിക്കുന്ന ദുർഗ്ഗന്ധം സമീപവാസികൾക്ക് അസഹനീയമാണ്. അറവുശാലകളിൽ കശാപ്പുചെയ്യുന്ന മൃഗങ്ങളെ യാതൊരു പരിശോധനകളും നടത്താതെയാണ് ഇവിടെയെത്തിക്കുന്നത്. അതുകൊണ്ടുതന്നെയാണ് വിൽപ്പന നടത്തിയ മാംസത്തിൽ പുഴുക്കളെ കണ്ടെത്തിയതും, ചത്തപശുവിനെ വെട്ടി വിലകുറച്ചുവിറ്റതും ഒറ്റപ്പെട്ട സംഭവങ്ങളല്ലാത്തത്.

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി നിരവധി സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഉദാഹരണമായി ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ക്രമമായ പരിശോധനകൾ, ഗർഭിണികളിൽ വിളർച്ചക്കുള്ള ഇരുമ്പുസത്ത് ഗുളികകളുടെ വിതരണം മുതലായവ. അജ്ഞതകൊണ്ടോ ദുരഭിമാനം കൊണ്ടോ ഇത്തരം സേവനങ്ങൾ സ്വീകരിക്കാൻ പൊതുജനങ്ങൾ വൈമുഖ്യം കാണിക്കുന്നു. ഈ പ്രവണത മാറുകയും സർക്കാർ നൽകുന്ന സേവനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വേണം.

## പ്രശ്ന പരിഹാര സാധ്യതകൾ

വിവിധ വൈദ്യശാസ്ത്ര മേഖലകളിലായി 10ഓളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും അലോപ്പതി ചികിത്സാരീതിയെയാണ് ജനങ്ങൾ

കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. പാരമ്പര്യം അവകാശപ്പെടാവുന്ന ആയുർവ്വേദ ചികിത്സാ വിധിക്ക് ഇന്ന് പ്രാധാന്യം ഏറിവരുന്നുണ്ട്. പഞ്ചായത്തിലെ ഏറെ ജനങ്ങൾ ഇപ്പോൾ ഈ ചികിത്സാ വിധി ഉപയോഗപ്പെടുത്തിവരുന്നു. ഈ ആഭിമുഖ്യവും 8,9 വാർഡുകളിലെ ജനങ്ങൾ തൃശ്ശൂർ ജില്ലയിലെ മഠത്തുംപടിയിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവ്വേദ ഡിസ്പെൻസറിയുടെ സേവനം പ്രയോജനപ്പെടുത്തുന്നു എന്നുമുള്ള വസ്തുതകൾ വെച്ചുകൊണ്ടാവണം ഒരു ഗവ. ആയുർവ്വേദ ആശുപത്രി വേണം എന്ന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യത്തെ പരിഗണിക്കാൻ ഇതിനുവേണ്ടി ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന പഴയ പഞ്ചായത്താഫീസ് കെട്ടിടം ഉപയോഗിക്കാവുന്നതാണ്.

ഇതിനുപുറമേ പഞ്ചായത്തിലെ ഏക ഗവ. ആശുപത്രിക്ക് ഇപ്പോഴുള്ള പോരായ്മകൾ നികത്തപ്പെടണം. ആശുപത്രിയുടെ ചുറ്റുമതിൽ അടിയന്തിരമായി കെട്ടി സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിന് ബഹുജന പങ്കാളിത്തം ഉണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്. ഖരമാലിന്യങ്ങൾ കത്തിച്ചു കളയുന്നതിന് ഒരു ഇൻസിനറേറ്റർ സ്ഥാപിക്കേണ്ടതുണ്ട്. ആധുനിക ചികിത്സാവിധികൾ താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുത്തൻവേലിക്കര ആശുപത്രയിൽ ഒരു എക്സ്- റേ യൂണിറ്റ് സ്ഥാപിക്കുകയും ഒരു ലബോറട്ടറി ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കുകയും വേണം. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഓപ്പറേഷൻ തീയറ്ററും അടിയന്തിര പ്രാധാന്യത്തോടെ സ്ഥാപിക്കപ്പെടേണ്ടതാണ്. ആശുപത്രിയുമായി ബന്ധപ്പെട്ട് മുമ്പ് പ്രസ്താവിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ തന്നെ അവയുടെ പരിഹാര സാധ്യതകൾ സ്വയം വ്യക്തമാക്കപ്പെടുന്നതുകൊണ്ട് അവ വീണ്ടു ഇവിടെ ആവർത്തിക്കുന്നില്ല.

ഇവിടത്തെ പ്രതിരോധ കുടുംബക്ഷേമരംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആസ്ഥാനം ചെങ്ങമനാടാണ്. ഭൂമിശാസ്ത്രപരമായി വേറിട്ടുനിൽക്കുന്ന ഈ പ്രദേശത്തേക്ക് എത്തിപ്പെടാനുള്ള സൗകര്യക്കുറവ് കുടുംബക്ഷേമരംഗത്തെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രശ്നപരിഹാരമെന്ന നിലയിൽ പുത്തൻവേലിക്കര ഗവ.ആശുപത്രിയോട് ചേർന്ന് ഒരു പി.പി.യൂണിറ്റ് (പോസ്റ്റ് പാർട്ടം കെയർ യൂണിറ്റ്) സ്ഥാപിക്കപ്പെടേണ്ടതാണ്. ഇതിനുപുറമേ 10,11, വാർഡുകൾക്കായി ഒരു കുടുംബക്ഷേമ ഉപകേന്ദ്രം അടിയന്തിരമായി സ്ഥാപിക്കാനാകും. ഇത് ആ വാർഡുകളിലെ കുടുംബക്ഷേമ പ്രവർത്തനം ത്വരിതപ്പെടുത്തും. കുടുംബക്ഷേമ കേന്ദ്രങ്ങളിലൂടെ സർക്കാർ നൽകുന്ന സേവനങ്ങൾ സ്വീകരിക്കാൻ ജനങ്ങളെ ബോധവാന്മാരാക്കാൻ സാധിക്കും. ഈ പ്രവർത്തനങ്ങളിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിവിധ സാമൂഹ്യസംഘടനകൾ സന്നദ്ധ പ്രവർത്തകർ നേഴ്സറി – പ്രീ പ്രൈമറി സ്ക്കൂൾ ടീച്ചർമാർ മുതലായവരുടെ സേവനം വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ICDS പദ്ധതി നമ്മുടെ പഞ്ചായത്തിലും പ്രവർത്തനമാരംഭിക്കാവുന്നതാണ്. ഈ പദ്ധതിയിലുള്ള അംഗൻവാടികളിലൂടെ കുടുംബക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും നൂൺ ഫീഡിങ്ങ് പ്രോഗ്രാമിലൂടെ കുട്ടികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ഗർഭിണികളുടേയും പോഷണ നിലവാരം ഉയർത്തുവാനും സാധിക്കും.

പഞ്ചായത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും എല്ലാ വാർഡുകളേയും ഒരു പോലെ ബാധിക്കുന്നതുമായ ഒരു പൊതുജനാരോഗ്യ പ്രശ്നമാണല്ലോ കക്കൂസുകളുടേത്. തീരദേശ വാർഡുകളിൽ ഭൂനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്ന ടാങ്കുകളോടുകൂടിയ കക്കൂസുകളാവണം നിർമ്മിക്കപ്പെടേണ്ടത്. മറ്റു പ്രദേശങ്ങളിൽ ESP കക്കൂസുകൾ നിർമ്മിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്ക് സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താനാവും.

ചില വാർഡുകളിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ ഗ്രാമ പഞ്ചായത്ത് സത്വര ശ്രദ്ധ പതിപ്പിക്കണം. ഇതിനായി പണ്ടുണ്ടായിരുന്ന നീർച്ചാലുകൾ പൊതുജന സഹകരണത്തോടെ പുനഃസ്ഥാപിക്കുകയോ പുതിയ ക്രമീകരണങ്ങൾ ആവിഷ്കരിക്കുകയോ വേണം.

ശുചിത്വ രഹിതമായ ചുറ്റുപാടുകളിൽ ഭക്ഷണത്തിനായി മാംസം വിൽക്കുന്നത് തടയാൻ പഞ്ചായത്തന്റെ മേൽനോട്ടത്തിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ കേന്ദ്രീകൃത അറവുശാല സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇവിടെ അറുക്കപ്പെടുന്ന മൃഗങ്ങൾ മാത്രമേ പഞ്ചായത്തിൽ വിൽക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുകയും വേണം.

ശുചിത്വമാർന്ന ചുറ്റുപാടുകളും മലിനമാകാത്ത കുടിവെള്ളവും ആരോഗ്യമുള്ള സമൂഹവും ആരോഗ്യത്തിന്റെ അടിസ്ഥാനമാകയാൽ ഇതെല്ലാം പഞ്ചായത്തിലെ ഓരോ വ്യക്തിക്കും ലഭ്യമാകുന്നു എന്ന് ഗ്രാമപ്പഞ്ചായത്തിന് ഉറപ്പുവരുത്താവുന്നതാണ്.

മദ്യമെന്ന മഹാവിപത്തിന്റെ സ്വാധീനം വലിയൊരളവു വരെ നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞിട്ടുണ്ടെങ്കിലും ചില വാർഡുകളിൽ വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിൽപ്പനയും ഇപ്പോൾ വ്യാപകമായിട്ടുണ്ട്. ഗവ.സഹായത്തോടെ ഈ പ്രവണതകൾ അവസാനിപ്പിക്കാൻ പഞ്ചായത്തിന് ശ്രമിക്കാവുന്നതാണ്. ആരോഗ്യ സുസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന പുകവലി വെറ്റില മുറുക്ക് ചില പുകയില ഉൽപ്പന്നങ്ങ

ളുടെ ഉപയോഗം എന്നിവ എല്ലാ പ്രയക്കാരും പ്രത്യേകിച്ച് യുവതലമുറയിൽ മുമ്പെന്നത്തേക്കാൾ കൂടുതലായിക്കാണുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ശരിയായ ആരോഗ്യ വിദ്യാഭ്യാസത്തിലൂടെ ഈ പ്രവണത ഒരളവുവരെ കുറച്ചുകൊണ്ടുവരാൻ സാധ്യമാണ്. സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തിന് നടത്താനാകും.

ആരോഗ്യമെന്നത് സാമൂഹികവും മാനസികവും ശാരീരികവുമായ സുസ്ഥിതിയാണ്. മറിച്ച് കേവലം രോഗമോ വൈകല്യമോ ഇല്ലാത്ത അവസ്ഥയല്ല. ഈ സുസ്ഥിതി നിലനിർത്താനും പരിപോഷിപ്പിക്കാനും സാധിക്കുന്ന ഒരു നല്ല നാളത്തേക്കുവേണ്ടി ആശിച്ചു കൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളട്ടെ.

## വ്യവസായം

**ആമുഖം :-**

പുത്തൻവേലിക്കര പഞ്ചായത്ത് വ്യവസായികമായി കേരള ശരാശരിയേക്കാൾ വളരെ പുറകിലാണ്. പഞ്ചായത്തിൽ ഒരു ദശകത്തിന് മുമ്പ് പരമ്പരാഗത വ്യവസായങ്ങൾ മാത്രമേ മുഖ്യമായും ഉണ്ടായിരുന്നുള്ളു. പരമ്പരാഗത വ്യവസായങ്ങളിൽ ഇന്ന് പഞ്ചായത്തിൽ മുഖ്യമായിട്ടുള്ളത് കയർ വ്യവസ്യമാണ്. 400 പേർക്ക് തൊഴിൽ കൊടുത്തിരുന്ന കയർ സഹകരണ സംഘം audit objection- നെ തുടർന്ന് മരവിച്ച അവസ്ഥയിലായിരുന്നു എന്നാൽ കഴിഞ്ഞ ഒന്നര വർഷത്തെ ശ്രമഫലമായി കയർ സഹകരണ സംഘത്തെ പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 35 തൊഴിലാളികളാണ് ഇന്ന് കയർ സഹകരണ സംഘവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നത്. DWCRA പദ്ധതിയുടെ കീഴിലുള്ള കൈരളി കയർ വർക്ക്സ് ഒരു കുടിൽ വ്യവസായ യൂണിറ്റാണ്. ചില സ്വകാര്യ സംരഭങ്ങളും കയർ വ്യവസായ രംഗത്തുണ്ട്.

ഒരു കാലത്ത് നാടിന്റെ മുഖ്യ വരുമാന മാർഗ്ഗമായിരുന്ന കൈത്തറി വ്യവസായം ഇന്ന് വളരെ ശോചനീയമായ അവസ്ഥയിലാണ്. അഖിലേന്ത്യാ കസ്തൂർബാ ട്രസ്റ്റിന്റെ കീഴിൽ ഒരു കസ്തൂർബാ കേന്ദ്രം 1948 മുതൽ എളന്തിക്കര എൽ.പി. സ്കൂളിന് സമീപം പ്രവർത്തിച്ചിരുന്നു. ഒരു ഗവൺമെന്റ് കണക്കനുസരിച്ച് 1960 നു മുൻപ് പുത്തൻ വേലിക്കര പഞ്ചായത്തിൽ 500 കുടുംബങ്ങൾ കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്നു. കൈത്തറി വ്യവസായ രംഗത്ത് പഞ്ചായത്തിൽ പ്രധാനമായും എടുത്തു പറയാവുന്നത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന SC/ST വനിതാ ഹാൻഡ്‌ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. 15 പേരോളം ഹാൻഡ്‌ലൂം സൊസൈറ്റിയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നുണ്ട്. എടുത്തു പറയാവുന്ന മറ്റൊരു സ്ഥാപനം എളന്തിക്കര എസ്.എൻ.ഡി.പി ഹാളിൽ പ്രവർത്തിക്കുന്ന നൂൽ നൂൽപു സംഘമാണ്. ഖാദി ബോർഡിനു കീഴിലാണ് സംഘം പ്രവർത്തിക്കുന്നത്. 25 പേർ ഇവിടെ തൊഴിൽ ചെയ്യുന്നുണ്ട്. ഒറ്റപ്പെട്ട ചില സ്വകാര്യ സ്ഥാപനങ്ങളും കൈത്തറി മേഖലയിലുണ്ട്. മറ്റൊരു പരമ്പരാഗത വ്യവസായമായ 'ബീഡി തെറുപ്പ്' പൂർണമായും ഇല്ലാത്ത അവസഥയിലാണ്.

തൊഴിൽ ലഭ്യതയുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യുമ്പോൾ പഞ്ചായത്തിലെ പ്രമുഖ വ്യവസായം ഇഷ്ടിക വ്യവസായമാണ്. 2500 പേർ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. 1500 സ്ത്രീകളും 1000 പുരുഷൻമാരും ഭാഗികമായ തൊഴിൽ ആണ് ഇവർക്ക് ലഭിക്കുന്നത്. 6 മാസമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത്. ഇഷ്ടിക വ്യവസായവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയതാണ്. കരിങ്കൽ വ്യവസായവുമായി ബന്ധപ്പെട്ട് 100 പേർ തൊഴിൽ ചെയ്യുന്നുണ്ട്. മാളവനയിൽ പ്രവർത്തിക്കുന്ന കരിങ്കൽ സൊസൈറ്റിയാണ് ഇതിൽ മുഖ്യമായിട്ടുള്ളത്. കാരിത്താസ് ഇന്റർനാഷണലിന്റെ സഹായ ധനത്തോടെയാണ് ഇത് ആരംഭിച്ചത്. മാളവന പള്ളി വികാരിയായിരുന്ന ഫാ. ജോസ് വേഴപ്പറമ്പിലായിരുന്നു ഈ സംരംഭം തുടങ്ങിയത്.

കഴിഞ്ഞ ദശകത്തിന്റെ ആരംഭം മുതൽ ഏതാനും ചെറുകിട ആധുനിക വ്യവസായങ്ങൾ രൂപം കൊണ്ടിട്ടുണ്ട് ഇതിൽ മുഖ്യമായത് അഞ്ചാം വാർഡിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. കട്ട്ലെസ് റബർ ബുഷ് ഉണ്ടാക്കുന്ന ത്രീ സ്റ്റാർ മെറ്റൽസ്, പ്ലാസ്റ്റിക്ക് ക്യാൻ ഉണ്ടാക്കുന്ന പാരഗൺ പ്ലാസ്റ്റിക്സ്, കരിങ്ങാലിപൊടി ഉണ്ടാക്കുന്ന മഞ്ചുളാ പ്രോസക്ട്സ് , ബനിയനുകളുണ്ടാക്കുന്ന ക്രൗൺ നിറ്റിംഗ്സ് എന്നിവയാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ എതാനും എഞ്ചിനീയറിംഗ് ചെറുകിട വ്യവസായങ്ങളുമുണ്ട്. താഴംചിറയിലെ വെൺമനശ്ശേരിൽ- മൈക്രോ, മാളവനിയിലുള്ള പ്രീമിയോടെക് എന്നിവ

യാണ് ഇതിൽ മുഖ്യം. പഞ്ചായത്തിൽ എട്ട് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളുണ്ട്. ഫർണീച്ചർ വർക്കുമായി ബന്ധപ്പെട്ട് ഏതാനും ചെറുകിട സ്ഥാപനങ്ങളുമുണ്ട്. ഇലക്ട്രോണിക് അസംബ്ളിംഗ് രംഗത്ത് പഞ്ചായത്തിൽ ഇദംപ്രഥമമായുള്ള ഒരു ചെറിയ സംരംഭം തുരുത്തിപ്പുറത്തുണ്ട്.

തുരുത്തൂർ പ്രദേശത്ത് 20തു പേർ പണിയെടുക്കുന്ന ഒരു യന്ത്രവൽകൃത കയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

**പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ :**

പരമ്പരാഗത വ്യവസായം.

കയർ മേഖല

ആധുനിക സാങ്കേതിക വിദ്യയില്ലാത്ത അവസ്ഥ, ഉദാ:- മെക്കാനിക്കൽ സ്പിന്നിംഗ്, പച്ചമടലിൽ നിന്നും ചചകരിയുണ്ടാക്കുന്ന രീതി മുതലായവ

സംരംഭകർക്ക് പ്രവർത്തന മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭിക്കാത്ത അവസ്ഥയുണ്ട്.

കയർ പിരിക്കുന്നതിനാവശ്യമായ തൊഴിലാളികളുടെ ലഭ്യതക്കുറവ്. കൂലി കുറവായതിനാൽ തൊഴിലാളികൾ മറ്റ് തൊഴിൽ തേടി പോകുന്നു.

കൂലി വർദ്ധനയില്ലായ്മ.

കയർ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാകണമെങ്കിൽ ആധുനിക സാങ്കേതിക വിദ്യ ആവശ്യമാണ്.

കയർ പിരിക്കുന്ന തൊഴിലാളികൾ മറ്റു മേഖലകളിൽ തൊഴിൽ ചെയ്യുന്നതുകൊണ്ട് കയർ പിരിക്കുന്നതിനാവശ്യമായ കൈത്തറി തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയുണ്ട്. ഈ പോരായ്മകൾ പരിഹരിച്ച് സംഘം പ്രവർത്തനക്ഷമമാകണമെങ്കിൽ ഫാക്ടറി അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കണം. പച്ച മടലിൽ നിന്നും ചകിരിയുണ്ടാക്കി കയർ പിരിക്കുന്നതിന് മെക്കാനിക്കൽ റാട്ടുകൾ ഉപയോഗിച്ചുള്ള രീതിക്കാണ് സാധ്യത. അതുപോലെ തന്നെ ഡി.ഡബ്ള്യൂ.സി.ആർ.എ പദ്ധതിയുടെ കീഴിലുള്ള കൈരളി കയർ വർക്ക്സലാഭത്തിൽ പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയ വിലയ്ക്ക് മടലിൽ നിന്നും ചകരിയുണ്ടാക്കുന്നതിനുള്ള സംവിധാനം വേണം. മറ്റൊരു പ്രധാന പ്രശ്നം ഈ മേഖലയിലെ തൊഴിലാളികൾക്ക് ആനുപാതികമായി കൂലി വർദ്ധനവ് ഉണ്ടാകുന്നില്ല.

കൈത്തറി മേഖല

കൂലി വളരെ തുഛം

മാർക്കറ്റിംഗ് സാധ്യത കുറവ്.

ഉൽപാദന ചെലവ് കൂടുതൽ

ആധുനിക സാങ്കേതിക വിദ്യ ഇല്ലാത്ത അവസ്ഥ.

എസ്സ്.സി./എസ്.റ്റി ഹാൻഡ്ലൂം സൊസൈറ്റിയുടെ ഉൽപ്പന്നങ്ങൾക്ക് ലോക്കൽ റിറ്റെയിൽ സെയിൽ മാത്രമേയുള്ളു. വില കൂടുതലായതിനാൽ പൊതുവേ വിപണനം കുറവാണ്. നിലവിലുള്ള ഉൽപാദന രീതി ഉപയോഗിച്ചാൽ തുണിത്തരങ്ങളുടെ വില കുറയ്ക്കുക അസാദ്ധ്യമാണ്. ആകെ തുണിത്തരങ്ങൾ ചെലവാകുന്നത് ഉത്സവകാലങ്ങളിലെ റിബേറ്റിന്റെ സഹായത്തിലാണ്. സ്വന്തമായി ഡൈയിംഗ് തുടങ്ങിയാൽ ഉത്പാദന ചെലവ് കുറയ്ക്കാം. പക്ഷേ ഡൈയിംഗ് തുടങ്ങുന്നതിനാവശ്യമായ ജല ലഭ്യത ഇല്ല.

ഇഷ്ടിക വ്യവസായം

നെൽപാടങ്ങളിൽ നിന്നും മണ്ണെടുക്കുന്നത്മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശനങ്ങൾ ഉണ്ട്.

കരിങ്കൽ വ്യവസായം

കരിങ്കല്ല് കുഴിച്ചെടുക്കുന്നതിനുള്ള സ്ഥല ലഭ്യതക്കുറവ്.

**പരിസ്ഥിതി പ്രശ്നങ്ങൾ**

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്രശ്നങ്ങൾ

ജലദൗർലഭ്യം:-ജലലഭ്യത കുറവുമൂലം സ്വന്തമായി ഒരു ഡൈയിംഗ് യൂണിറ്റ് തുടങ്ങുവാനുള്ള സാദ്ധ്യത എസ്. സി. /എസ്. ടി ഹാൻഡ്ലൂം സൊസൈറ്റിക്കില്ല. സ്വന്തമായി സൈയിംഗ് യൂണിറ്റുണ്ടെങ്കിൽ ഉൽപ്പാദനചെലവു കുറക്കാനും സ്ഥാപനം ലാഭകരമാക്കുവാനും കഴിയും. ഇതേ പ്രശ്നങ്ങൾ തന്നെ ത്രീശ്റ്റാർ മെറ്റൽസിനും ക്രൗൺ നിറ്റിംഗ്സിനുമുണ്ട്.

പവർ കട്ടും വോൾട്ടേജില്ലാത്ത അവസ്ഥയും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

ഹയർ പർച്ചേയ്സിംഗ് വ്യവസ്ഥയിലാണ് ഡി.ഐ.സി സ്വകാര്യ സംരംഭകർക്ക് എസ്റ്റേറ്റ് കൊടുത്തിരിക്കുന്നത്. 20 വർഷം കൊണ്ട് തുക തിരിച്ചടച്ചാൽ സ്ഥാപനം സ്വന്തം പേരിലാകേണ്ടതാണ്. എന്നാൽ 20 വർഷം കൊണ്ട് തുക തിരിച്ചടച്ച ക്രൗൺ നിറ്റിംഗ്സിന് ഇതു വരെ സ്വന്തമായ രീതിയിൽ സ്ഥലവും കൊടുത്തിട്ടില്ല.

**നിലവിലുള്ള വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പൊതു പ്രശ്നങ്ങൾ :-**

സ്ഥാപന വികസനത്തിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നു.

അപ്രഖ്യാപിത പവർകട്ടും വോൾട്ടേജില്ലായ്മയും പ്രശ്നങ്ങളാണ്.

പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഴിയാതെ വരുന്നു. ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തനമൂലധനം കൊടുക്കുന്നില്ല.

**പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതവസ്തുക്കൾ.**

പുത്തൻവേലിക്കര പഞ്ചായത്തിൽ കാർഷിക മേഖലക്കാണ് പ്രാധാന്യം. അതുകൊണ്ടുതന്നെ കാർഷികോൽപ്പന്നങ്ങൾ സുലഭമായുണ്ട്.

നാളികേരം: വർഷത്തിൽ 72,000,0 പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്.

മടൽ: 72,000,000

ചിരട്ട :- 72,000,000

തെങ്ങ് (മരത്തിന്റെ ആവശ്യത്തിന്) കണക്കുകൾ ലഭ്യമല്ല.

പഴവർഗ്ഗങ്ങൾ :- ചക്ക, മാങ്ങ, വാഴപ്പഴം.

ഇനിയും ഉപയോഗിക്കപ്പെടാത്ത, പ്രകൃത് കനിഞ്ഞനുഗ്രഹിച്ച അസംസ്കൃത വസ്തുക്കവാണ് കക്ക, ഒട്ടനവധി വ്യവസായ (കണക്കുകൾ ലഭ്യമല്ല).

മത്സ്യസമ്പത്ത്.

നെല്ല് - 1150,000 സഴ

കരിങ്കല്ല് - വെട്ടുകല്ല്, മണൽ

ചകിരിച്ചോറ് - തുരുത്തൂരിൽ ചകിരിച്ചോറിന്റെ വിപുലമായ ശേഖരണം ഉണ്ട്.

## തൊഴിൽ ലഭ്യത :-

പഞ്ചായത്തിൽ വിപുലമായി, വിവധ തുറകളിൽ പരിശീലനം സിദ്ധിച്ച ഒരു തൊഴിൽ സേനയുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ, സിവിൽ, ആട്ടോമൊബൈൽ, കെമിക്കൽ, എന്നീവിഷയങ്ങളിൽ ഐ.ടി.ഐ, കെ.ജി.ടി.ഇ, വി - എച്ച്, എസ്,സി, ഡിപ്ലോമ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഉള്ളവർ ഉണ്ട്. കൂടാതെ കൊട്ട, വടി നെയ്ത്തറിയാവുന്നവർ 500ലേറെ പേരുണ്ട്. തയ്യൽ അറിയാവുന്നവർ 600ന് മുകളിൽ വരും. അതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കയർ വ്യവസായത്തിനനുയോജ്യരായവർ ആയിരത്തിലേറെ പേരുണ്ട്.

| സാങ്കേതിക സ്ഥാപനങ്ങളിൽ പിദ്യാഭ്യാസം പൂർത്തിയാക്കിയവർ | |
|---|---|
| **യോഗ്യത** | **എണ്ണം** |
| എഞ്ചിനീയേഴ്സ് | 15 |
| ഡിപ്ളോമാ ഹോൾഡേഴ്സ് | 150 |
| ഐ.ടി.ഐ, ഐ.ടി.സി | 600 |
| കെ.ജി.ടി.ഇ | 400 |
| വി.എച്ച്.എസ്.സി | 50. |
| **പമ്പരാഗത തൊഴിലെടുക്കുന്നവർ** | |
| **തൊഴിൽ** | **എണ്ണം** |
| നെയ്ത്ത് | 200 |
| തയ്യൽ | 600 |
| കുട്ടനെയ്ത്ത് | 500 |
| കാർപ്പെന്റർ | 1000 |
| സ്മിത്ത്വർക്ക് | 50 |

**പഞ്ചായത്ത് വ്യവസായ വികസനം നേരിടുന്ന പ്രശ്നങ്ങൾ !**

1. ഗൾഫിൽനിന്നു തിരിച്ചു നാട്ടിൽ വരുന്നവരിൽ വ്യവസായം തുടങ്ങുന്നതിന് ധനശേഷിയുള്ളവർ ധാരാളമുണ്ട്. എന്നാൽ വ്യവസായ സാദ്ധതകളെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ് കൃത്യമായ മാർഗ്ഗനിർദ്ദേശം ഇല്ലാതിരിക്കൽ, പഞ്ചായത്തടിസ്ഥാനത്തിൽ വ്യവസായ സംരംഭകർക്കുള്ള സഹായമില്ലാതിരിക്കൽ തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ കൊണ്ട് ഗൾഫ് പണം വ്യവസായ മേഖലയിൽ നിക്ഷേപിക്കപ്പെടുന്നില്ല. പകരം ഊഹ കച്ചവടങ്ങൾക്കും ബ്ളേഡ് കമ്പനി പ്രവർത്തനങ്ങളിലുമായി ഈ തുക നിക്ഷേപിക്കപ്പെടുന്നു.

2. വ്യവസായത്തിനനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിനോ സംരംഭകർക്കാവശ്യമുള്ള സഹായം ചെയ്യുന്നതിനൊള്ള സംവിധാനം ഇല്ല.

3. വൈദ്യതി കണക്ഷൻ വഭിക്കുവാൻ താമസം നേരിടുന്നു.

4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ വഭിക്കുവാൻ ബദ്ധിമുട്ടനുഭവപ്പെടുന്നു. പ്രവർത്തന മൂലധനം (വർക്കിംഗ് ക്യാപിറ്റൽ) സ്വരൂപിക്കുവാൻ സഹായങ്ങൾ കിട്ടുവാനുള്ള സംവിധാനമില്ല.

5. വിപുലമായ ഒരു തൊഴിൽ സേനയുണ്ടെങ്കിലും ആധുനിക വ്യവസായങ്ങൾക്കനുയോജ്യമായ

രീതിയിലുള്ള വൈദഗ്ധ്യമുള്ളവർ നന്നേ കുറവാണ്. പരമ്പരാഗത വ്യവസായങ്ങളിൽ ആധുനിക സാങ്കേതികവിദ്യ കൈകാര്യം ചെയ്യാനറിയാവുന്നവരും തീരെ കുറവാണ് കരിങ്കൻ, ഇഷ്ടിക വ്യവസായ.ങ്ങളിൽ ആധുനിക രീതിയിലുള്ള സംവിധാനങ്ങളില്ല.

6. പരമ്പരാഗത വ്യവസായങ്ങളിലും, ചെറുകിട ആധുനിക വ്യവസായങ്ങളിലും അർഹമായ കൂലി വർദ്ധന ഉണ്ടാക്കുവാൻ കഴിയുന്നില്ല.

**പഞ്ചായത്തിലെ വ്യവസായ വികസന സാദ്ധ്യതകൾ**

അസംസ്കൃതവസ്തുക്കൾ, തൊഴിൽലഭ്യത, സാങ്കേതികവിദ്യ. മൂലധന സ്വരൂപീകരണം. സ്ഥലസൗകര്യം. എന്നീ ഘടകങ്ങൾ പരിശോധിച്ച് വിശകലനം ചെയ്തതിൽനിന്നും താഴെ പറയുന്ന സാദ്ധ്യതകളാണ് പഞ്ചായത്തിലുള്ളത്.

**കോക്കനട്ട് കോപ്ളക്സ്.**

തേങ്ങ, മടൽ, തെങ്ങ്, ചിരട്ട എന്നിങ്ങനെ തെങ്ങുമായി ബന്ധപ്പെട്ട് എല്ലാ അസംസ്കൃതവസ്തുക്കളും പഞ്ചായത്തിൽ സുലഭമാണ്. അതു കൊണ്ടു തന്നെ പുത്തൻവേലിക്കര പഞ്ചായത്തിന്റെ വ്യവസായിക വികസനം കോക്കനട്ട് കോപ്ളക്സിലൂടെ സാധ്യമാകും

**കയർ വ്യവസായം**

നിലവിലുള്ള കയർ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുക

ആധുനിക സാങ്കേതിക വിദ്യ ആവശ്യമായത് :-

പച്ചമടലിൽ നിന്നും ചകിരി ഉണ്ടാക്കുന്നതിനുള്ള മെഷിൻ ലഭ്യമാക്കുക.

മെക്കനൈസസ് സ്പിന്നിങ്ങ്.

ഫാക്ടറി അടിസ്ഥാനത്തിൽ കയർ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുക.

ആ ആധുനിക സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കയർ ഉൽപ്പാദനശാല നിർമ്മിക്കാവുന്നതാണ്. പൊതു ഉടമയിലോ സഹകരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലോ സ്ഥാപനം ആരംഭിക്കാവുന്നതാണ്. ഈ ഫാക്ടറിയോടു ബന്ധപ്പെട്ടുതന്നെ ചകിരിച്ചോറിൽനിന്നുണ്ടാക്കാവുന്ന ഒരു അനുബന്ധവ്യവസായവും വേണം. ഇഷ്ടിക നിർമ്മാണത്തിനോ ബ്ളോക്ക്ബോർഡ് ഉണ്ടാക്കുന്നതിനോ ചകിരിച്ചോറ് ഉപയോഗിക്കാം. സി. ഡബ്ളിയു. സി. ആർ. എ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള കുടിൽ കയർ വ്യവസാങ്ങൾക്ക് ആവിശ്യമായ ചകിരി ഈ ഫാക്ടറിയിൽ നിന്നു ലഭ്യമാക്കണം.

ഈ സഹകരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തേങ്ങ സംഭരിച്ച് കൊപ്രയാക്കാവുന്നതാണ്. കൊപ്ര ഉണ്ടാക്കുന്നതിന് നവീനരീതികൾ ഉപയോഗിക്കാം. കൊപ്ര സംഭരണത്തിന് സഹകരണ അടിസ്ഥാനത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണം. നാളികേര കർഷകന് ന്യായമായ വില ഉറപ്പാക്കുവാൻ ഇതു മൂലം കഴിയും.

ഈ ഹൈ കപ്പാസിറ്റി എക്സ്പെല്ലർ ഉപയോഗിച്ച് വെളിച്ചെണ്ണ ഉണ്ടാക്കാവുന്ന മില്ല് ഉണ്ടാവണം. ഡബിൾ റിഫയിൻഡ് ഓയിൽ, കുക്കിംഗ് ഓയിൽ എന്നീ ബ്രാൻഡുകൾ ഉണ്ടാക്കുവാനുള്ള സംവിധാനം മില്ലിലുണ്ടാവണം. പഞ്ചായത്തിൽ കാറ്റിൽഫീസിന് നല്ല ഡിമ്ൻഡ് ഉള്ളതിനാൽ മില്ലിനോട് ബന്ധപ്പെട്ട ഒരു കാറ്റിൽഫീസ് നിർമ്മാണശാല ഉണ്ടാവണം.

കൊപ്ര ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന ഡ്രയറിൽ ചിരട്ട നിയന്ത്രിതമായി കത്തിച്ച് ആക്ടിവേറ്റഡ് കാർബൺ ഉണ്ടാക്കുവാനുള്ള സംവിധാനം ഉണ്ടാകണം. ആക്ടിവേറ്റഡ് കാർബൺ വൻവ്യവസായങ്ങൾക്ക് ആവശ്യമുള്ള പദാർദ്ധമാണ്.

**കൈത്തറി മേഖല**

യന്ത്രസൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന കൈത്തറിയൂണിറ്റുകൾ പഞ്ചായത്തിൽ അനുയോജ്യമാണ്.

**ഫർണിച്ചർ വർക്സ്**

മരത്തിൽ നിന്നും ഫർണിച്ചർ ഉണ്ടാക്കുന്നതിനുള്ള ഒരു കൂട്ടായ സംരംഭം പഞ്ചായത്തിന് അനുയോജ്യമാണ്. മരപ്പണി അറിയാവുന്നവരും കര കൗശല വിദഗ്ദരും പഞ്ചായത്തിൽ ധാരാളമുണ്ട് തെങ്ങും മറ്റു മരങ്ങളും പഞ്ചായത്തിൽ ലഭ്യമാണ്. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായ.ത്തിൽ ഫർണിച്ചർവർക്സിന് ഏറെ സാദ്യതയുണ്ട്. ഫർണിച്ചർ കൂടാതെ കൊത്തുപണിയുള്ള വാതിലുകൾ തുടങ്ങിയവ ഉണ്ടാക്കാവുന്നതാണ് നിലവിലുള്ള സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി സ്ഥിരമായ തൊഴിൽ ഭേദപ്പെട്ട സേവനവേതന വ്യവസ്ഥകൾ എന്നിവ ലഭ്യമാക്കുവാൻ ഈ സംരംഭത്തിനു കഴിയും

**ഇലക്ട്രോണിക് അസംബ്ളിങ്ങ് യൂണിറ്റുകൾ:**

ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് രംഗത്ത് സങ്കേതിക പരിജ്ഞാനമുള്ളവർ പഞ്ചായത്തിൽ ധാരാളമുണ്ട്. തടസ്സമില്ലാത്ത വൈദ്യുതി വിതരണ സംവിധാനം (യു. പി. എസ്) ചോക്ക്. ഇത്യാദി സാധനങ്ങൾ പഞ്ചായത്തിൽ തന്നെ അസംബിൾ ചെയ്യാവുന്നതാണ്. കുറഞ്ഞ മുതൽ മുടക്ക്, കുറഞ്ഞ സ്ഥലസൗകര്യം

തുടങ്ങിയ ഘടകങ്ങൾ ഈ വ്യവസായത്തിനുള്ള സാധ്യതയെ കാണിക്കുന്നു

റെഡിമെയ്ഡ് ഗാർമെന്റ്സ്

റെഡിമെയ്ഡ് ഗാർമെന്റ്സ് ഉണ്ടാക്കുന്ന ചെറുകിടവ്യവസായ സമൂഹം പഞ്ചായത്തിൻ തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുന്നതിൻ അനുയോജ്യമാണ്.

കൺസ്ട്രക്ഷൻ മെറ്റീരിയലുകളുടെ ഉൽപാദനം

അസംസ്കൃത വസ്തുക്കളായ മണൽ വെട്ടുകല്ല്, കരിങ്കല്ല് എല്ലാംതന്നെ ഇവിടെ ലഭ്യമാണ്.

ഫുഡ്പ്രോസസിംഗ് വ്യവസായം

കശുമാങ്ങ, ചക്ക, മാങ്ങ, തുടങ്ങിയ സീസൺ വിഭങ്ങൾ നമ്മുടെനാട്ടിൽ ചുരുങ്ങിയ വിലയ്ക്ക ലഭ്യമാണ്. ജാം മറ്റു വിഭവങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് പഞ്ചായത്തിൻ അനുയോജ്യമാണ്. ഇതോടനുബന്ധിച്ച് കറിമസാലപ്പോടികൾ അച്ചാറുകൾ തുടങ്ങിയവയ്ക്കുള്ള സാദ്ധ്യതകളും ഏറെയാണ്.

പനമ്പ്, പായനെയ്ത്ത്

അസംസ്കൃത വസ്തുവായ ഈറ്റ പഞ്ചായത്തിൽ ലഭ്യമല്ലെങ്കിലും ധാരാളം തൊഴിലാളികൾ ഉള്ളതിനാൽ ബാംബു കോർപ്പറേഷനുമായി സഹകരിച്ച് പായ, പനമ്പുനെയ്ത്ത് എന്നിവയുടെ സാധ്യത ഈ പഞ്ചായത്തിലുണ്ട്.

നെല്ലു സംസ്കരണശാല

ചെറിയമുതൽ മുടക്കിൽ തുടങ്ങാവുന്ന ഒന്നാണ് നെല്ലു സംസ്കരണ യൂണിറ്റ് . പഞ്ചായത്തിൽ നിന്നു തന്നെ ആവശ്യമായ നെല്ല് സംഭരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ശുദ്ധി ചെയ്ത അരിക്ക് പഞ്ചായത്തിൽ തന്നെ നല്ല വിപണന സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ
വികസനത്തിനായി ചെയ്യണ്ട കാര്യങ്ങൾ

പഞ്ചായത്ത് വികസന സമതി മാർഗ്ഗനിർദ്ധേശം കൊടുക്കുന്നതും, വ്യവസായ സഹകരണ ബാങ്ക് നേതൃത്വം കൊടുക്കുന്നതുമായ സഹകരണ സ്വകാര്യ സംരംഭങ്ങൾ ജനപിന്തുണയോടെ നടപ്പിലാക്കുമ്പോൾ മാത്രമേ യഥാർ വ്യവസായ വികസനം പഞ്ചാത്തിൽ സാധ്യമാകൂ.

സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിന് വ്യവസാങ്ങൾക്ക് അനുയോജ്യമായരീതിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഉണ്ടാക്കേണ്ടതാവശ്യമാണ്. ഇവിടെ ആവശ്യമായ വൈദ്യുതി ജലം ഗതാഗത സൗകര്യം എന്നിവ ഉറപ്പാക്കേണ്ടതുമാണ്.

പഴയപഞ്ചായത്ത് ഓഫീസിരിക്കുന്ന സ്ഥലം ജലലഭ്യതയുണ്ടാകുമെങ്കിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് അനുയോജ്യമാണ് ചൗക്കകടവ് ഭഗത്തുള്ള പഞ്ചായത്തു സ്ഥലവും പരിഗണിക്കാവുന്നതാണ്.

II ഒരു ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്. സ്വകാര്യ സംരംഭകർക്ക് പ്രവർത്തന മൂലധനം – ലഭ്യമാക്കുക (വർക്കിംഗ് ക്യാപ്പിറ്റൽ) സഹകരണ അടിസ്ഥാനത്തിൽ വ്യവസായങ്ങൽ തുടങ്ങുക എന്നിവ ലക്ഷ്യങ്ങൾ ആയിരിക്കേണ്ടതാണ്.

III അസംസ്കൃത വസ്തുക്കളുടെ സംഭരണം പുതിയ വിപണികൾ കണ്ടെത്തൽ സംരംഭകർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശ്ശങ്ങളും സഹായങ്ങളും ചെയ്യുക. സംരംഭകത്വ പരിശീലനം നൽകുക, ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കുക എന്നീ കാര്യങ്ങൾക്കായി ഒരു സ്ഥിരം സംവിധാനം വേണം ഇതിനായി വ്യവസായികളും പഞ്ചായത്തു മെംബർമാരും വ്യവസായ വിദഗ്ദരും ഒന്നു ചേർന്നുള്ള ഒരു വ്യവസായ വികസന കമ്മറ്റി ആവിശ്യമാണ്.

ഗ്രാമസഭയിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളും സാധ്യതകളും.

ഗ്രാമസഭയിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ എല്ലാം തന്നെ പഞ്ചായത്തിന് അനുയോജ്യമാണ് കൂലംകക്ഷമായ സുക്ഷമ പരിശോധന്യ്ക്ക് ഗ്രാമസഭാ നിർധേശങ്ങൾ വിധേയമാക്കേണ്ടതുണ്ട്.

ഗ്രാമസഭ – നിർദ്ദേശങ്ങൾ – സാധ്യതകൾ –

I കോക്കനട്ട് കോപ്ളക്സ് :- തെങ്ങിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സാധ്യമായ വ്യവസായങ്ങളെല്ലാം

a. വെളിച്ചെണ്ണ ഉൽപാദനശാല

b. കന്നുകാലി തീറ്റ ഫാക്ടറി

c. ചകിരിച്ചോറ് അസംസകൃത പദാർഥമാക്കി ഉപയോഗപ്പെടുത്തി വളം, ഇഷ്ടിക എന്നിവ നിർമ്മിക്കാം

d. കയർ സഹകരണസംഘം ഉണ്ടാക്കണം ആധുനികരീതിയിൽ ഉള്ള കയർ ഫാക്ടറ ഉണ്ടാക്കണം

2. ഫുഡ്പ്രോസംസിംഗ് വ്യവസായം വേണം

കശുമാങ്ങ, ചക്ക, മാങ്ങ, തുടങ്ങിയ സീസൺ വിഭവങ്ങളിൽ നിന്നും ജാം ഉണ്ടാക്കാവുന്നതാണ്.

3. കറിമസാലപ്പൊടികൾ, അച്ചാറുകൾ എന്നിവയുണ്ടാക്കുന്ന വ്യവസായം വേണം.

4. ഇലക്ട്രോണിക്ക്സ് അസംബ്ളിംഗ് യൂണിറ്റ് വേണം.

5. ടെക്സ്റ്റയിൽസ് വ്യവസായം വേണം

6. കശുവണ്ടി വ്യവസായം വേണം.

7. ഇലക്ട്രിക്ക് ഉപകരണങ്ങളുടെ പീസ് യൂണിറ്റ്

തുടങ്ങണം.

8. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന സ്ഥാപനം വേണം.

9. നെല്ല് സംസ്ക്കരണശാല ഉണ്ടാകണം.

10. റെഡിമെയ്ഡ് ഗാർമെന്റ്സിൽ വ്യവസായം വേണം.

11. പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനം വേണം.

12 ഫർണിച്ചർ വർക്സ് കൂട്ടായ സംരംഭം വേണം.

13. എൻഞ്ചിനീയറിങ്ങ് വ്യവസായങ്ങളായ ഗേറ്റ് ഗ്രില്ല് ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ ഉണ്ടാകണം

14. പനമ്പ്, പായ്നെയ്ത്ത് എന്നിവ സഹകരണ മേഖലയിൽ തുടങ്ങണം.

15. ബുക്ക് ബയ്ൻഡിംഗ്, പ്രിന്റിഗ് എന്നിവയ്ക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്.

16. തീപ്പെട്ടി വ്യവസായത്തിന് സാധ്യതയുണ്ട്

17 പ്ളാസ്റ്റിക്ക് കെയ്നിംഗിന് സാധ്യതയുണ്ട്.

18. മത്സ്യസംസ്കരണ സാധ്യത ഏറെയുണ്ട്.

19. മെഴുകുതിരി നിർമ്മാണ ശാലയുണ്ടാകണം.

20. കുട നിർമ്മാണം തുടങ്ങാൻ സാധ്യതയുണ്ട്.

21. കൈത്തറിരംഗം സജീവമാകണം.

എന്നീ നിർദ്ദേശങ്ങളാണ് ഗ്രാമസഭയിൽ നിന്നുയർന്നു വന്നത്.

| SL No. | | പേര്: സ്ഥലം | സ്വകാര്യം / പൊതുമേഖല സഹകരണം. | പരമ്പരാഗതം / ആധുനികം | തൊഴിലെടുക്കുന്നവർ | | | കൂലി | ഉല്പന്നം | അസംസ്കൃത വസ്തുക്കൾ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | പു. | സ്ത്രീ | ആകെ | | | | |
| 1. | ചെ. | ജി.പി.ഓയിൽ മിൽസ് | സ്വകാര്യം | ആധുനികം | 5. | 2. | 7. | 75 രൂപ ദിവസം | വെളിച്ചെണ്ണ തേങ്ങാപിണ്ണാക്ക് | കൊപ്ര ചിരട്ട ലാഭം | |
| 2. | ചെ | ത്രീ സ്റ്റാർ മെറ്റൽസ് പുത്തൻ വേലി | സ്വകാര്യം | ആധുനികം | 11 | 1 | 12 | Rs. 800 To 2000 | കട്ടലഡ് റബർ ബുഷ് | ഗൺ മെറ്റൽ ഫർണഡ് ഓയിൽ റബർ | ലാഭം |
| 3. | ചെ | പാരഗൺ പ്ളാസ്റ്റിക്സ് (ഇൻഡ:എസ്റ്റേറ്റ്) പുത്തൻവേലി | സ്വകാര്യം | ആധുനികം | 2 | 1 | 3 | Rs. 425 To 1200 | കുത്തതും വെളുത്തതുമായ പ്ളാസ്റ്റിക് ക്യാൻ | പ്ളാസ്റ്റിക്സ് ഗ്രാന്യൂൾ | ലാഭം |
| 4. | ചെ | sc/st കൈത്തറി സഹകരണ സംഘം പുത്തൻവേലി | സഹകരണം | പരമ്പരാഗതം | - | 15 | 15 | പീസ് റേറ്റ് കൈലി 15 രൂപ | ബെഡ് ഷീറ്റ്, കൈലി പില്ലോകവർ ടർക്കി ടവൽ മുതലായവ | നൂൽ നഷ്ടം | |
| 5. | ചെ | മഞ്ജുള പ്രോസസ് (ഇൻ: എസ്റ്റേറ്റ് പുത്തൻവേലി | സ്വകാര്യം | ആധുനികം | 2 | 6 | 8 | 800 രൂപ മുതൽ 1200 വരെ പീസ് റേറ്റ് | കരിങ്ങാലി പൊടി | കരിങ്ങാലി പൊടി | ലാഭം |
| 6. | ചെ | ക്രൗൺ നിറ്റിംഗ്സ് (ഇന്റ: എസ്റ്റേറ്റ് പുത്തൻ വേലി) | സ്വകാര്യം | ആധുനികം | - | - | 4 | - | ബനിയനു കഥ | നൂൽ ലാഭം | |
| 7. | ചെ | കയർ സഹ കരണ സംഘം തുരുത്തൂർ | സഹകരണം | പരമ്പരാഗം | 15 | 20 | 35 | പീസ് റേറ്റ് 100 മടൽ പോളപൊ ളിച്ചാൽ 120 രുപ | കയർ | ചീഞ്ഞ മടൽ | |
| 8. | | പ്രിയദർശനി വസ്ത്രാലം കാവാലം കുഴി ചിറ, തുരുത്തി | D W C R A | ആധുനികം | - | 9 | 9 | – | പാവാട നൈറ്റി | തുണി ത്തരങ്ങൾ | നഷ്ടം |
| 9. | കൂ | കൈരളി കയർ വർക്സ് വെള്ളോട്ട പുറം | D W C R A | പരമ്പരാഗതം | - | 9 | 9 | – | കയർ | ചീഞ്ഞ മടൽ നഷ്ടം | |
| 10. | | ഇലക്ട്രോണിക് അസംബ്ളി യൂണിറ്റ്,തുരു ത്തിപ്പുറം | സ്വകാര്യം | ആധുനികം | 3 | - | 3 | – | ചോക്ക് എമർജൻസി ക്കാവിശ്യമായ ഇൻവർട്ടർ | കപ്പാസിറ്റർ സയോഡ് | നഷ്ടം |
| 11. | | ജനുഫർ ണിച്ചർ യൂ ണിറ്റ് തുരു ത്തിപ്പുറം | സ്വകാര്യം | ആധുനികം | 3 | - | 3 | പീസ് റേറ്റ് | കട്ടിൽ മേശ കസേര മുതലായ | മരം ലാഭം | |

| SL No. | | പേര്. സ്ഥലം | സ്വകാര്യം / പൊതുമേഖല സഹകരണം. | പരമ്പരാഗതം/ ആധുനികം | തൊഴിലെടുക്കുന്നവർ | | | കൂലി | ഉല്പന്നം | അസംസ്കൃ വസ്തുക്കൾ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|
| 12. | | മാർഷൽ ഫർണിച്ചർ വർക്സ് തുരുത്തിപ്പുറം | സ്വകാര്യം | ആധുനികം | 3 | - | 3 | പീസ് റേറ്റ് | കട്ടിൽ മേശ കസേര മുതലായവ | മരം | ലാഭം |
| 13. | | പയ്യപ്പള്ളിൽ ഫർണിച്ചർ എളനിക്കര | സ്വകാര്യം | ആധുനികം | 3 | - | 3 | പീസ് റേറ്റ് | കട്ടിൽ മേശ കസേര മുതലായവ | മരം | ലാഭം |
| 14. | | മറ്റു ചെറുകിട ഫർണിച്ചർ യുണിറ്റുകൾ | സ്വകാര്യം | ആധുനികം | 12 | - | 12 | പീസ് റേറ്റ് | കട്ടിൽ മേശ കസേര മുതലായവ | മരം | ലാഭം |
| 15. | | പ്രീമിയോ ടെക്ക് എളനിക്കര | സ്വകാര്യം | ആധുനികം | - | - | 2 | 75 രൂപ | അലമാര സ്റ്റീൽ ഫർണിച്ചറുകൾ | മെറ്റൽ ഷീറ്റ് | ലാഭം |
| 16. | | വെൺമനിറയുംരിൽ എഞ്ചിനിയറിംഗ് വർക്സ് മാളവന/ മൈക്രോ എഞ്ചിനിയറിംഗ്‌വർക്സ് | സ്വകാര്യം ഷേയർ | ആധുനികം | 4<br>2 | -<br>- | -<br>6 | 40<br>65<br>perday | ഫർണിച്ചർ ഗേറ്റ്, ഗ്രിൽ<br>റബ്ബർ ബുഷ് | സ്റ്റീൽ ഗൺ മെറ്റൽ | ലാഭം |
| 17. | | എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ് സ്റ്റേഷൻ കടവ്<br>തോംസൺ എഞ്ചിനിയറിംഗ് വർക്സ്<br>ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് പുത്തൻ വേലി | | | | | | | | | |
| 18. | | എഞ്ചിനിയറിംഗ് വർക്സ് എളനിക്കര, വിജയൻ | | | | | | | | | |
| 19. | | കരിങ്കല്ല വ്യവസായം കരിങ്കല്ല് സൊസൈറ്റി മാടവന | സ്വകാര്യ | --------- | 21 | 51 | 72 | പുരുഷൻ മാർക്ക്95മുതൽ 122 വരെസ്ത്രീകൾക്ക് 60 മുതൽ 45 രൂപാവരെ | പല സൈസിലുള്ള മെറ്റൽ | കരിങ്കല്ല | ലാഭം |
| 20. | | കൊടികുത്ത് കുന്ന് DWCRA കേന്ദ്രം എളനിക്കര | സഹകരണം | | - | 15 | 15 | | വിവിധ ഇനം മെറ്റൽ | കരിങ്കല്ല് | ലാഭം |
| | | | | | | | | | | | |

## ഗതാഗതവും ഊർജ്ജവും

ഏതൊരു നാടിന്റേയും സംസ്ക്കാരികവും സാമ്പത്തീകപുമായ വികസനത്തിന്റെ ആധാരശില അന്നാട്ടിലെ ഗതാഗതയോഗ്യമായിട്ടുള്ള റോഡുകൾ തന്നെയാണ്. മൂന്നുവശങ്ങളും വെള്ളത്താൽചുറ്റപ്പെട്ടുക്കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ ജലഗതാഗത മാർഗ്ഗത്തെ വൻതോതിൽ ഉപയോഗപ്പെടുത്തിയിരുന്നു. പ്രധാനപ്പെട്ട തോടുകൾ ഇന്ന് ഗതാഗതയോഗ്യമല്ലെന്ന് മാത്രമല്ല ചില പ്രദേശങ്ങളിൽ തോടുകളേ അവശേഷിക്കുന്നില്ല. ഉൾനാടൻ ജലഗതാഗതമാർഗ്ഗങ്ങളെ മെച്ചപ്പെടുത്തുന്നതിന് ഇനിയും സാധ്യതകളുണ്ട്.

ഇപ്പോൾ നമ്മൾ പ്രധാനമായും ആശ്രയിക്കുന്നത് റോഡുഗതാഗതത്തെയാണ്. മൊത്തത്തിൽ പഞ്ചായത്തിലെ റോഡിന്റെ സ്ഥിതി പരാശോധിക്കുമ്പോൾ 16. കീ.മീ. വരുന്ന ടാർ ചെയ്ത പി. ഡബ്ലിയുഡി റോഡുൾപ്പെടെ വലിയൊരു റോഡു ശൃംഖല തന്നെയുണ്ട്. അവയിൽ പ്രധാനപ്പെട്ടവ തുരുത്തിപ്പുറം- അയിരൂർറോഡ്, സ്റ്റേഷൻകടവ്- പൊയ്യറോഡ്, മാള- ഇളന്തിക്കരറോഡ്, എന്നിവയാണ്. ഇവയ്ക്കുപുറമെ 63 കി. മീ നീളം വരുന്ന ചെമ്മൺ പാതകളും 9 കീ.മീ നീളത്തിൽ ടാർ ചെയ്ത പഞ്ചായത്ത് റോഡുകളുമുണ്ട്. പി. ഡബ്ലിയു. ഡി റോഡിന്റെ പ്രധാനഭാഗമായ പുത്തൻവേലിക്കര ബസാർ റോഡ് കുണ്ടും കുഴിയും നിറഞ്ഞതാകയാൽ വാഹനങ്ങൾക്കോ, വഴിയാത്രക്കാർക്കോ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. റോഡുകൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളേറെ വാഹനങ്ങൾ ഈറോഡിലൂടെ ഇന്ന് സഞ്ചരിക്കുന്നു.

**നമ്മുടെ പഞ്ചായത്തിലുള്ള രജിസ്റ്റർ ചെയ്ത വാഹനങ്ങൾ**

| സീരിയൽ നമ്പർ | ഇനം | എണ്ണം നമ്പർ | സീരിയൽ | ഇനം | എണ്ണം |
|---|---|---|---|---|---|
| 1 | ബസ്സ് | 23 | 5 | ടെമ്പോ | 46 |
| 2 | ജീപ്പ | 26 | 6 | ലോറി | 1 |
| 3 | ഓട്ടോറിക്ഷ | 48 | 7 | മോട്ടോർ സൈക്കിൾ | 203 |
| 4. | ടാക്സികാർ/ ടൂറിസ്റ്റ്കാർ | 36 | 8 | സൈക്കിൾ | 1562 |
| | | | 9 | മറ്റുള്ളവ | 158 |

മുകളിൽ പറഞ്ഞ വാഹനങ്ങളും മറ്റു ഭാഗങ്ങളിൽനിന്നും വരുന്നവയും ഉൾപ്പെട്ട 2450ഓളം വാഹനങ്ങൾ ഈ റോഡുകളിലൂടെ സഞ്ചരിക്കുന്നുണ്ട്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പഞ്ചായത്ത് റോഡുകളുടെ നീളം 11.കി.മി വർദ്ധിച്ചിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇതേകാലയളവിൽ 15 ലക്ഷം രൂപയോളം തുക ചെലവുചെയ്തു. പക്ഷെ അതിനനുസരിച്ച് റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മിക്കറോഡുകളും വയൽ നികത്തി ഉയർത്തി എടുത്തതായതിനാൽ വെള്ളകെട്ട് ഒരു തീരാശാപമാണ്. റോഡുകളുടെ ഒരു ഭാഗത്തും ഓവുചാലുകളില്ല. കലുങ്കുകളാവട്ടെ മണ്ണുവീണ് വെള്ളം ഒഴുകിപോകുവാൻ സാധിക്കാതെ കിടക്കുന്നു.

**പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്ത് - റോഡുകൾ**

| വാർഡ് | റോഡുകളുടെ പേര് | റോഡിന്റെ നീളം |
|---|---|---|
| I | ട്രിസറന്റ് റോഡ് | 500 |
| I | തുരുത്തിപ്പുറം ചത്തേടം ഹൈസ്കുൾ റോഡ് | 400 |
| I | തുരുത്തിപ്പുറം ഗോതുരുത്ത് കടവ് റോഡ് | 400 |
| I £ II | തുരുത്തിപ്പുറം വെള്ളോട്ടുപുറം (ബംഗ്ളാവ് റോഡ്) | 1.500 |
| II | തുരുത്തിപ്പുറം കൃഷ്ണൻകോട്ട റോഡ് (ഗോതമ്പ് റോഡ്) | 1.000 |
| III | കല്ലുപാലം തിരുത്തൂർ റോഡ് | 1,500 |
| III | പഞ്ഞിപ്പള്ള കല്ലുപാലം റോഡ് | 1.500 |
| III | കല്ലിങ്കൽകടവ് - കല്ലേപറമ്പ് റോഡ് | 1.250 |

| | | |
|---|---|---|
| III | കല്ലുപാലം തുരുത്തൂർ തീരദേശം റോഡ് | 1.500 |
| IV | ചിറ്റാരപ്പള്ളി റോഡ് - പുത്തൻ വേലിക്കര | 1.40 |
| IV | പൂവൻ പാടം - കുറുമ്പത്തുരുത്ത് റോഡ് | 1,200 |
| IV | കണ്ണൻങ്കേരി കുരിശിങ്കൽ റോഡ് | 1.സാ |
| IV | മുല്ലക്കൽ തുരുത്തിപ്പുറം റോഡ് | 1.500 |
| IV | കുരിശിങ്കൽ കല്ലേപ്പറമ്പു റോഡ് | 1.km |
| IV | മാവേലി-പടയാമ്പ് റോഡ് | 1.500 |
| IV | കുരിശിങ്കൽ സ്റ്റേഷൻ കടവ് റോഡ് | 1.500 |
| IV | പടയമ്പ് കുരിശിങ്കൽ 4 വഴി റോഡ് | 1.200 |
| IV | മുക്കുപറമ്പ് പടയാമ്പ് റോഡ് | 5000 |
| IV | കൂട്ടാലകടവ് - തുരുത്തിപ്പുറം റോഡ് | 1 km |
| | (പുലിയൻ തുരുത്ത്റോഡ്) | |
| IV | പോസ്റ്റാഫീസ് മഞ്ഞക്കുളം ലിങ്ക് റോഡ് | 4000 |
| IV | മെത്രാപ്പൂരം സ്റ്റേഷൻ കടവ് റോഡ് | 7000 |
| IV | മഞ്ഞക്കുളം കണ്ണംകേരി റോഡ്. | 4000 |
| IV | കാവുങ്കൽ റോഡ് | 1.500 |
| IV | മാവേലിറോഡ് 1.km | |
| V | പഞ്ഞിപ്പള്ള - മാനാഞ്ചേരി റോഡ് | 3km |
| V | പഞ്ഞിപ്പള്ള - ബസാർ റോഡ് | 2.500 |
| V | പഞ്ഞിപ്പള്ള - എലിച്ചിറ റോഡ് | 1.500 |
| V | പഞ്ഞിപ്പള്ള - കുഴൽകിണർ റോഡ് | 1.250 |
| V | പഞ്ഞിപ്പള്ള - കുട്ടിച്ചിറപാലം റോഡ് | 1km |
| V | പഞ്ഞിപ്പള്ള - മിനികോളനി റോഡ് | 2km |
| | (Spi. Cumplanpwd | |
| V | വടക്കുംമുറി ക്രോസ് റോഡ് . | 500 |
| V | കല്ലേപറമ്പ് OLH കോളനി റോഡ് | 1km |
| V | തീയ്യേറ്റർ വടക്കുംമുറി ബ്രാഞ്ച് റോഡ് . | 5000 |
| V | പഞ്ഞിപ്പള്ള - കുന്നിക്കാട് ഹരിജൻ കോളനി റോഡ് | 1.200 |
| V | പനച്ചി - മനപ്പിള്ളി റോഡ് | 1.500 |
| VI | മാനാഞ്ചേരിക്കുന്ന് - മടത്തുംപടി റോഡ് | 3km |
| VI | മാനാഞ്ചേരി - പനച്ചറോഡ് | 1.500 |
| VI | മാനാഞ്ചേരിക്കുന്ന് - മടത്തുംപടി റോഡ് | 1 km |
| VI | മൃഗാശുപത്രി റോഡ് -ONG road | |
| VI | മാനഞ്ചേരി ലക്ഷംവീട് കോളനി റോഡ് . | 4000 |

| | | |
|---|---|---|
| VIII | മാളവനഫെറി റോഡ് . | 4000 |
| VIII | ഗവൺമെന്റ് ആശുപത്രിറോഡ് . | 1000 |
| VII | കളത്തിപ്പറമ്പ് – രാക്കരക്കുന്ന് റോഡ് | 1.800 |
| VII | മനക്കപ്പടി – തരുപ്പറമ്പ് റോഡ് . | 500 |
| VII | സ്റ്റേഷൻകടവ് – മാളവന റോഡ്. | 1.500 |
| VII | ആവേത്തു റോഡ് . | 800 |
| VII | അക്കച്ചിപ്പള്ളം – കൊളനിറോഡ് | 1.500 |
| VII | വാഴവളപ്പ് കോളനി റോഡ് | 1 km |
| VII | വയലകം റോഡ് | 1.200 |
| VIII | തോണ്ടൽ കൊമരക്കേരിപ്പൊക്കം റോഡ് | 1.250 |
| VIII | ചൗക്ക ക്കടവ് – സ്റ്റേഷൻകടവ് റോഡ് | 5.100 |
| VIII | വട്ടേക്കാട്ടുകുന്ന് – മടത്തുംപടി റോഡ് | 3km |
| VIII | ഇഞ്ചാരക്കുന്നു – മാളവന റോഡ് | 3 |
| VIII | മുട്ടിക്കൽ കപ്പേള റോഡ് | 1.500 |
| VIII | ഇളന്തിക്കര – മരോട്ടിത്തറ റോഡ് | 1.00 |
| VIII | തഴംചിറ കപ്പോള റോഡ് | 1.500 |
| VIII | ചൗക്കക്കടവ് മാളവന റോഡ് | 1.500 |
| VIII | വട്ടേക്കാട്ട് കുന്നു – ഇളന്തിക്കര കോളനി റോഡ് | 1.500 |
| | ചൗക്കകടവ് തോപ്പ്റോഡ് . | 2km |
| IX | ഇളന്തിക്കര ഹെൽത്ത് സെന്റർ റോഡ് | 3km |
| IX | താന്തോന്നിചിറ റോഡ് 1മ്മ സാഴ്യീംശഹഹലറ | |
| IX | ഇളന്തിക്കര – ഹൈസ്കൂൾ റോഡ് (കൊവേന്ത റോഡ്) | 500 |
| IX | ആലമറ്റം കണക്കൻ കടവ് റോഡ് . | 600 |
| IX | ഇളന്തിക്കര (ഹൈസ്കൂൾ റോഡ്) ചൗക്കകടവ് റോഡ് | 3.750 |
| IX | ഇളന്തിക്കര കോളനി റോഡ് | 1.500 |
| IX | ഇളന്തിക്കര – ഇടമനതോപ്പിൽറോഡ് ഹരിജൻ കോളനി റോഡ് | 1.530 |
| IX | ഇടവന – ഇളന്തിക്കര റോഡ് | 1km |
| IX | ഇളന്തിക്കര ഹൈസ്കൂൾ റോഡ് – ചൗക്കകടവ് റോഡ് | 750 |
| IX | സൽബുദ്ധിമാതാ റോഡ് | 1km |
| X | പട്ടം – മാഞ്ഞാലി റോഡ് | 1km |
| X | പട്ടം – കുളിക്കടവ് റോഡ് . | 2000 |

| | | |
|---|---|---|
| X | കണക്കൻ കടവ് – കോഴിത്തുരുത്ത് റോഡ് | 4000 |
| X | കാഞ്ഞിരക്കാട്ട് – പട്ടം റോഡ് | 3 |
| X | കാഞ്ഞിരക്കാട്ട് – ചിറ റോഡ് | 1km |
| XI | തേലത്തുരുത്ത് – ചെട്ടിക്കാട്ട് റോഡ് | 3km |
| XI | തേലത്തുരുത്ത് – മാഞ്ഞാലി റോഡ് | 3km |
| | ചൗക്കകടവ് – മാഞ്ഞാലി റോഡ് | 1.500 |
| XI | തേലത്തുരുത്ത് – ലക്ഷം വീട് കോളനി റോഡ് . | 800 |
| XI | തേലത്തുരുത്ത് ഹരിജൻ കോളനി റോഡ് | 1km |
| XI | പാണ്ടിപ്പാടം റോഡ് | 1½ km |
| XI | കിഴുപ്പാടം – തിരുത്തെപ്പാടം റോഡ് | 1km |
| | വി. പി. തുരുത്ത് റോഡ് | 7000 |
| | തുരുത്തിപ്പുറം ന്യൂ ചർച്ച് റോഡ് | |
| II | എസ്. എൻ. ഡി. പി റോഡ് | 4400 |

**ഗ്രാമസഭകളിൽ നിന്ന്**
**ഉയർന്നു വന്ന ആവശ്യങ്ങൾ :-**

പ്രധാനറോഡുമായി ബന്ധിപ്പിക്കുന്നതും രണ്ടാം വാർഡിലൂടെ കടന്നുപോകുന്നതുമായ ബേക്കറി – തുരുത്തൂർ റോഡ് ടാറിംഗ് നടത്തുക. തുരുത്തൂർ നിവാസികൾക്ക് എളുപ്പത്തിൽ അവരുടെ തൊഴിൽ മേഖലാപ്രദേശങ്ങളായ കൊടുങ്ങല്ലൂർ, പറവൂർ എന്നിവിടങ്ങളിലേക്ക് ബന്ധപ്പെടുവാൻ സാധിക്കുന്ന റോഡാണിത്.

4-ാം വാർഡിൽ നിന്ന് തുടങ്ങി 2,3,5 വാർഡുകളെ ബന്ധിച്ചുകൊണ്ട് കടന്നുപോകുന്ന തുരുത്തൂർ കല്ലുങ്കൽ കടവ് – കുരുശിങ്കൽ റോഡു വെള്ള ക്കെട്ടുമാറ്റി ടാറിംഗ് നടത്തുക. ഈ റോഡിനെ ആശ്രയിക്കുന്ന എകദേശം 2000 യാത്രക്കാർക്ക് ഗുണം ലഭിക്കും കൂടാതെ പൊയ്യയിൽ നിന്ന് ചേന്ദമംഗലം വഴി പറവൂരുമായി ബന്ധിപ്പിക്കുന്ന ഏറ്റവും എളുപ്പവഴിയു മാണ് .

വെള്ളോട്ടുപുറംകൂടി കൃഷ്ണൻകോട്ട കട ത്തുവരെ പോകുന്ന ഗോതമ്പ് റോഡ് വെള്ളക്കെട്ടുമാറ്റി പൂർണ്ണമായും സഞ്ചാരയോഗ്യ മാക്കുക. മാള, കൊടുങ്ങല്ലൂർ, എന്നീ പ്രദശങ്ങളിലേയ്ക്ക് വളരെ എളുപ്പത്തിൽ എത്തുവാൻ സാധിക്കുന്ന റോഡാണിത്.

മാളവനഫെറി – കൂട്ടാലക്കടവു റോഡ് വെള്ളക്കെട്ടുമാറ്റി ടാറിംഗ് നടത്തുക. നമ്മുടെ പഞ്ചായത്തിന്റെ പ്രധാന റോഡിനു സമാന്തരമായി ഒരു തീരദേശ റോഡാക്കിമാറ്റുവാൻ കഴിയും. ഏകദേശം 4000ത്തോളം വരുന്ന ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

പ്രധാന റോഡുമായി ബന്ധപ്പെടുന്ന പടയാമ്പ് – കൂട്ടാലക്കടവ് റോഡ് ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കുക. മുതുപറമ്പ് ഭാഗത്തുള്ളവർക്കും പുലിയൻ തുരുത്തുകാർക്കും എളുപ്പത്തിൽ പ്രധാന റോഡിൽ എത്തുവാൻ സഹായിക്കുന്ന റോഡാണിത്. ഇതുമായി ബന്ധപ്പെടുന്ന വില്ലേജ് റോഡിലുള്ള വെള്ളക്കെട്ടും മാറ്റേണ്ടതാണ്.

അഞ്ചാം വാർഡിലൂടെ കടന്നുപോകുന്ന ബസാർ – പഞ്ഞിപ്പള്ള – ഊളൻ ചിറ റോഡ് ടാറിംഗ് നടത്തുക.

പൊയ്യ പഞ്ചായത്ത് പ്രദേശത്ത് തൊഴി ലെടുക്കുവാൻ പോകുന്നവർക്ക് വളരെ പ്രയോജനം ലഭിക്കുന്നതായിരിക്കും. കൂടാതെ ഈ റോഡ് പുത്തൻ വേലിക്കരയിൽ നിന്ന് എളുപ്പത്തിൽ പൊയ്യയിൽ എത്തിച്ചേരുവാനുള്ള ഒരു സമാന്തര റോഡാണ്.

തുരുത്തൂർ പുലിയം തുരുത്ത് റോഡ് സഞ്ചാരയോഗ്യമാക്കിയാൽ ആ മേഖലയിലുള്ള

1000ത്തോളം വരുന്ന ഗ്രാമവാസികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും.

പണിപ്പള്ളറോഡിനെ മിനി പട്ടികജാതി കോളനി റോഡുമായി ബന്ധപ്പെടുത്തികൊണ്ട് സഞ്ചാരയോഗ്യമാക്കിമാറ്റുക. തുരുത്തിപുറം റോഡുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ കഴിയുന്ന റോഡാണിത്.

പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന ആവേത്ത് ചിറ്റാര റോഡിന്റെ വെള്ളക്കെട്ട് മാറ്റാൻ മണ്ണിട്ടുയർത്തി സഞ്ചാരയോഗ്യമാക്കണം. ആയിരത്തോളം വരുന്ന ഏഴാം വാർഡ് നിവാസികൾക്ക് ഇതു വളരെ ഉപകാരപ്രദമായിരിക്കും

തോണ്ടൽ വാഴവളപ്പ് റോഡ് കപ്പേളകുന്നിൽ നിന്നും താഴംചിറയ്ക്കുള്ള ഒരു എളുപ്പമാർഗ്ഗമാണ്. ഈ റോഡിന്റെയും പ്രധാനപ്രശ്നം വെള്ളക്കെട്ടാണ്. ഈറോഡിലെ വെള്ളക്കെട്ടുമാറ്റുകയും ഇഞ്ചാരകുന്ന് – മാളവന ഫെറി റോഡ് മെറ്റൽ ചെയ്ത് ടാറിടുകയും ചെയ്യുക. കപ്പേള കുന്നിനെ എളുപ്പത്തിൽ മാളവന ഫെറിയുമായ് ബന്ധിപ്പിക്കുന്ന റോഡാണിത് .

മാള – ചൗക്കക്കടവ് റോഡ് കോഴിത്തുരുത്തു കടവ് വരെ നിലവിൽ ടാറിംഗ് നടത്തിയിട്ടുണ്ട്. ഈറോഡിന്റെ ബാക്കിഭഗം 8 മീറ്റർ വീതിയിൽ വളരെ നാളുകൾക്കുമുമ്പുതന്നെ ജനങ്ങൾ റോഡിനുവേണ്ടി വിട്ടുകൊടുത്തിട്ടുള്ളതാണ്. കോഴിത്തുരുത്തു കടവുമുതൽ ചൗക്കക്കടവു വരെ മെറ്റൽ ചെയ്ത് ടാറിംഗ് നടത്തണം. തേലേത്തുരുത്ത്, മാഞ്ഞാലി ഭാഗങ്ങളിലേയ്ക്ക് പോകുവാനുള്ള എളുപ്പമാഗ്ഗമാണിത്.

പാണ്ടിപ്പാടം – ചൗക്കക്കടവ് റോഡിന്റെ സ്ഥിതിയും മെച്ചമല്ല. പാടത്തുള്ള ഭാഗം അരിക് കെട്ടി വീതി കൂട്ടിയിട്ടുണ്ട്. അതിന് അപ്പുറവും ഇപ്പുറവും ഇതുവരെ വീതി കൂട്ടുന്നതിനുള്ള ശ്രമം നടന്നിട്ടല്ല ഈറോഡിലെ വെള്ളകെട്ടുമാറ്റി ടാറിംഗ് നടത്തേണ്ടതാണ്. ചൗക്കകടവിനെ മാളവനഫെറിയുമായി ബന്ധിപ്പിക്കുന്ന റോഡാണിത്.

താഴഞ്ചിറഅമ്പലത്തിന്റെ അടുത്തുനിന്ന് തുടങ്ങി വടക്കോട്ടുകുന്ന പട്ടികജാതി കോളനിയിലൂടെ മടത്തും പടിയുമായി ബന്ധിപ്പിക്കുന്ന വട്ടേക്കാട്ടുകുന്ന് റോഡ് മണ്ണിട്ടുപൊക്കി ടാർ ചെയ്ത് നന്നാക്കിയെടുക്കേണ്ടതാണ്. മാളവനഫെറിയിൽനിന്നും മാളയ്ക്കുള്ള യാത്രാദൂരം ഏകദേശം 2 കി.മീ കുറയ്ക്കുവാൻ ഉതകുന്ന റോഡാണിത്.ഈറോഡിന്റെ ശാഖയായ പരമാനാശാരിക്കുന്ന് റോഡും വെള്ളക്കെട്ടുമാറ്റി ടാറിംഗ് നടത്തേണ്ടതാണ്.

കണക്കൻകടവിൽനിന്നുതുടങ്ങി ആലമറ്റം കുണ്ടൂർ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ഇപ്പോൾ വളരെ മോശമായ അവസ്ഥയിലാണ്. പ്രധാനമായ പ്രശ്നം വെള്ളക്കെട്ടുതന്നെയാണ്. ഏകദേശം 300 മീ വരുന്ന ഈ റോഡ് ടാറ്ചെയ്താൽ കുണ്ടൂർ ബാഗത്തുവരെ വന്നുനിൽക്കുന്ന ഏകദേശം 15 ബസ്സുകൾക്ക് നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെടുത്തി സർവ്വീസ് ദീർഘിപ്പിക്കുവാൻ കഴിയും. അതുകൊണ്ട് ആലുവ, എരവത്തൂര്, കുഴൂർ, എന്നിവിടങ്ങളിലേയ്ക്ക് നല്ലൊരുയാത്രാമാർഗ്ഗം തുറന്നുകിട്ടുകയും ചെയ്യും.

പഴയമൃഗാശുപത്രപരിസരിത്തുനിന്ന് തുടങ്ങി കപ്പേളകുന്ന് – അഞ്ചുവഴികൂടിക്കടന്ന് –മാനാഞ്ചേരികുന്നുമായി എളുപ്പത്തിൽ ബന്ധപ്പെടുന്ന റോഡ് ഇപ്പോൾ വളരെ മോശമായനിലയിലാണ്. ഈ റോഡിന്റെ ശോചനീയാവസ്ഥമാറ്റുകയാണെങ്കിൽ വളരെയധികം ആളുകൾക്ക് അതുകൊണ്ട പ്രയോജനം ഉണ്ടാകും.

ഇതിനു പുറമെ പ്രധാനറോഡുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ധാരാളം പോക്കറ്റ് റോഡുകൾ ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ ശിപ്പായിക്കടമുതൽ രണ്ടാം വാർഡിലേക്ക് പോകുന്ന റോഡ്, കല്ലുപാലം തുരുത്തൂർ കടവ് തീരദേശ റോഡ്, മിനി നഴ്സിംഗ് ഹോം – പഞ്ഞിപ്പള്ള റോഡ് കുട്ടിച്ചിറ – ഊളൻ ചിറ റോഡ്, തീയറ്റർ – വട്ക്കുംമുറി ക്രോസ് റോഡ്, പഞ്ഞിപ്പള്ളറോഡ്, കല്ലുപാലം – ചിറ്റാര റോഡ്, കാവലംകുഴിച്ചിറ – കൂട്ടാലപ്പാടം റോഡ്, ബംഗ്ളാവ് റോഡ്, ന്യൂചർച്ച് റോഡ, 2–ാം വാർഡിലെ കോളനി റോഡ്, 9–ാം വാർഡിലെ പട്ടികജാതി കോളനി – ആലമിറ്റം റോഡ് (പമ്പ് ഹൗസ് വരെ) എന്നിവയിലൂടെ ധാരാളം ആളുകൾ ദിനം പ്രതി യാത്രചെയ്തുകൊണ്ടിരിക്കുന്നു. ഇവ മെറ്റലിംഗ് നടത്തി ടാർചെയ്ത് സഞ്ചാരയോഗ്യമാക്കണം.

പുത്തൻവേലിക്കര ബസ്സാർഭാഗത്ത് ബസ്സുകൾ പാർക്കുചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ് കൂടാതെ ബസ്സുകൾ നിർത്തുന്ന നാലുവഴിയിൽ വെള്ളക്കെട്ടുകാരണം യാത്രക്കാർക്ക് ബസ്സിൽ കയറുവാനും ഇറങ്ങുവാനും തീരെ സൗകര്യമില്ല. ഈ വെള്ളക്കെട്ടിനെ നിക്കംചെയ്യണമെങ്കിൽ ഭൂമിയുടെ കിടപ്പ്മനസ്സിലാക്കി ഓടകൾ നിർമിച്ച് പാപ്പനംകോട് ചാലിലേക്കുള്ളതോടിലേയ്ക്ക് വെള്ളം ഒഴുക്കിവിടണം.

വളരെ കാലങ്ങൾക്കുമുമ്പ് നമ്മുടെ പഞ്ചായത്തിൽ വളരെ കൃത്യമായ രീതിയിൽ തലങ്ങും വിലങ്ങും സഞ്ചരിക്കുന്നതിന് തോടുകൾ ഉണ്ടായിരുന്നു ആ തോടുകളിൽ ഏറ്റവും പ്രധാനപ്പെട്ടവ 1, 2, 4,7,8,9,10,11, എന്നീ വർഡുകളിലൂടെയായിരുന്നു. ഇന്ന് അവയെല്ലാം പൂർണ്ണമായി മൂടിയ ആവസ്ഥയിലാണ്. തുണ്ടുഭൂമികൾ മാത്രം കൈവശം വന്നപ്പോൾ കെട്ടിടം

നിർമ്മിക്കുന്നതിനും മറ്റും പുരയിടത്തിലൂടെ പോകുന്നതോടിനെ നികത്തേണ്ടി വന്നകാഴ്ച എവിടെയും കാണാം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് അതിർത്തിതോടിലൂടെ മോറത്തോടുവഴി തോങ്ങൽ സ്റ്റേഷൻ കടവിലൂടെ പോയിരുന്നതോടാണ്. സാധനങ്ങൾ കുണ്ടൂർ, കുഴൂർ ഭാഗത്തുനിന്നും ചേന്ദമംഗലത്തുണ്ടായിരുന്ന ചന്തയിലേയ്ക്കും മറ്റും എളുപ്പത്തിൽ ഈ തോടിലൂടെ എത്തിക്കുന്നതിന് മുൻ കാലങ്ങളിൽ സാധിച്ചിരുന്നു. ഇന്ന് അതിന്റെ അവസ്ഥ വളരെ ദയനീയമാണ്. ഇതിലും പ്രധാനമായി ചാലക്കുടി പുഴയിലൂടെ ഒഴുകി എത്തുന്ന ശുദ്ധ ജലത്തെ പഞ്ചായത്തിന്റെ ഹൃദയഭാഗത്തേക്ക് ഒഴുക്കിഎത്തിച്ചിരുന്നത് ഈ തോടുമുഖേനയാണ്. ഇപ്പോൾ പ്രധാനമായും ജില്ലയുടെ മറ്റുഭാഗങ്ങളിലേയ്ക്ക് ജലമാർഗ്ഗം ബെന്ധപ്പെടുന്നതിന് സഹായിക്കുന്നത് മാഞ്ഞാലി - തേലത്തുരുത്തു ഫെറി,മാളവന ഫെറി, തുരുത്തിപ്പുറം ഫെറി, ചാത്തേടം ഫെറി, കണക്കൻ കടവ് കടത്ത്, കോഴിത്തുരുത്ത് കടത്ത്, ചൗക്കകടവ്കടത്ത്, തിരുത്തൂർ പോയ്യ എന്നിവയാണ്. ഇതിൽ മാളവനഫെറിയിലെ ജെട്ടിയുടെ സ്ഥല പരിമിതിമൂലം വാഹനങ്ങൾ കയറ്റി ഇറക്കികൊണ്ടുപോകുന്നതിന് ധാരാളം സമയം എടുക്കുന്നുണ്ട്. വാഹനങ്ങൾ പാർക്കുചെയ്യുന്നതിനോ തിരിച്ചെടുക്കുന്നതിനോ കഴിയുന്നില്ല. തുരുത്തിപ്പുറത്താകട്ടെ ചെങ്ങാടമില്ലാത്ത ബോട്ട് സർവ്വീസാണ് മാഞ്ഞാലി - തേലത്തുരുത്ത് ഫെറി പഞ്ചായത്തിന്റ ഒരു പ്രധാന വരുമാനമാർഗ്ഗമാണ്. നമ്മുടെ പഞ്ചായത്തിൽ കംഫർട്ട് സ്റ്റേഷനുകൾ ഇല്ലാ എന്നുള്ളത് വളരെ സങ്കടകരമാണ്. പ്രത്യേകിച്ചും പുത്തൻ വേലിക്കര ബസ്സാറിൽ.

## പ്രശ്നങ്ങൾ:

തീരെ സഞ്ചാരയോഗ്യമല്ലാത്ത വഴിയിലൂടെ പോലും ഭാരം കയറ്റിയ വണ്ടികൾ ഓടിക്കുന്നു

പൊതുവഴി കൈവശപ്പെടുത്താനുള്ള പ്രവണത കൂടുന്നു.

കെട്ടിട നിർമ്മാണത്തിൽ റോഡ് - കെട്ടിടം - ദൂര പരിധി പാലിക്കപ്പെടുന്നില്ല.

പഞ്ചായത്തിലെ റോഡുകൾക്കൊന്നും കാനകൾ ഇല്ല.

പ്രധാനസ്ഥലങ്ങളിൽ പോലും ഷെൽട്ടറുകളില്ല

തോടുകൾ നികത്തി ജലഗതാഗതമാർഗ്ഗം ഇല്ലാതാക്കി

ഫെറീസർവ്വീസുകളിൽ ധാരാളം ബുദ്ധിമുട്ടുകളുണ്ടാകുന്നു.

ഇരുവശങ്ങളിലെ ഭൂമിയെ അപേക്ഷിച്ച് റോഡുകൾ താഴ്ന്നുകിടക്കുന്നു

ടെലഫോൺ, വാട്ടർ അതോറിട്ടി എന്നിവരുടെ പരസ്പരധാരണയില്ലാത്ത കുത്തിപ്പൊളി റോഡിന്റെ സ്ഥിതിയെ ബാധിക്കുന്നു.

തിരുത്തൂർ - കല്ലുങ്കൽ കടവു പാലം പണിയുക

താഴെപ്പറയുന്ന റോഡുകൾ മെറ്റൽ ഇട്ട് ടാറ്ചെയ്ത് സഞ്ചാര യോഗ്യമാക്കണം.

മുണ്ടകപ്പാടം-കോളനി റോഡ്

കോഴിത്തുരുത്ത് കടവ് - കോഴാത്തുരുത്ത് പാലം റോഡ്

കോഴിത്തുരുത്ത് തേലത്തുരുത്ത് റോഡ്.

തേലത്തുരുത്ത് ലക്ഷം വീട് കോളനി റോഡ്

തേലത്തുരുത്ത് - ചന്തക്കടവ് റോഡ്.

തേലത്തുരുത്ത് - കോളനി റോഡ്

കടവിലെ പത്തും കോളനു റോഡ്

തുരുത്തൂർ ന്യൂ കോൺവെന്റ് റോഡ്

വി.പി.തുരുത്ത് റോഡ്

മിനി കോളനി റോഡുകൾ

8-ാം വാർഡിലെ 4 സെന്റ് കോളനി റോഡ്

മാതുവന - മാറോട്ടിത്തറ റോഡ്, ശിവഭേദം റോഡ്

വടക്കുംമുറി ക്രോസ് റോഡ്

മാനഞ്ചേരി കുന്ന് - പനച്ച റോഡ്

മാനഞ്ചാരി കുന്ന് - മടത്തുംപടി റോഡ്

മാനഞ്ചാരി കുന്ന് - മടത്തുംപടി ചിറ റോഡ്

മാനഞ്ചാരി കുന്ന് - ലക്ഷംവീട് കോളനി റോഡ്, കോളനി റോഡ്

അഞ്ചുവഴികപ്പേടകുന്ന്, ബസ്സാർ റോഡ്

കല്ലേപ്പറമ്പ് ലക്ഷംവീട് കോളനി റോഡ്

താഴംചിറ - കുറ്റിക്കാട് റോഡ്

തുരുത്തിപ്പുറം ലക്ഷം വീട് കോളനി റോഡ്

**നിർമ്മിക്കേണ്ട വലുതും ചെറുതുമായ പാലങ്ങൾ**

തുരുത്തിപ്പുറത്തേക്കും കോട്ടപ്പുറത്തേക്കും ബന്ധിപ്പിക്കുന്ന പാലം

തുരുത്തൂർ - പൊയ്യപ്പാലം

മുപ്പതുപറ (10 -ാം വാർഡ്)

തുരുത്തിപുറം പാപ്പനംകോട്

തുരുത്തിപുറം - ചാത്തേടം അതിർത്തി

കാവാലംകുഴി ചിറയ്ക്ക് വടക്കുഭാഗം

തിരുത്തൂർ പള്ളിയ്ക്കുതാഴെ

ഗോതമ്പുറോഡിനു സമീപം - തുരുത്തിപുറത്ത് ഇറ്റാമൻ തോട്ടിൽ കലുങ്ക് നിർമ്മിക്കുക

തേലത്തുരുത്ത് - കോഴിത്തുരുത്ത് കടത്ത് ഗതാഗതയോഗ്യമാക്കണം.

തുരുത്തിപുറത്ത് ജട്ടി നിർമ്മിക്കുക

വെള്ളോട്ടുംപുറം ഇടിഞ്ഞുപോയപാലം നിർമ്മിക്കുക

തേലേതുരുത്ത് - മാഞ്ഞാലി ഫെറി ഇരുവശത്തും ജട്ടി നിർമ്മിക്കുക

**സാദ്ധ്യതകൾ**

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ റോഡുകളുടെ വീതികൂട്ടൽ കാനകോരൽ മുതലായപണികൾ ചെയ്തുതീർക്കാം.

ബസ്, ലോറി, ടംമ്പോ, മറ്റു വാഹനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വരൂപിച്ച് റോഡുവികസനം നടത്താം

ഏറ്റവും കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന റോഡുകൾ മുൻഗണനാ ക്രമം നിശ്ചയിച്ചു നന്നാക്കുക.

ഓരോ കി.മി. റോഡുകളേയും സംരക്ഷിക്കുന്നതിന് അതാതുഭാഗത്തുള്ളവരുടെ കൂട്ടായ്മ - സമിതികൾക്ക് രൂപം കൊടുക്കാം.

റോഡുകൾ നമ്മുടേതാണ് എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ പഞ്ചായത്തുതലത്തിൽ സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക

സമിതികൾ മുഖേന വിഭവ സമാഹരണം നടത്തി ചെറിയചെറിയ പണികൾ ഏറ്റെടുത്ത് നടത്താം

വൈദ്യുതി / ടെലഫോൺ ഡിപ്പാർട്ടുമേന്റുകളെ പരസ്പര ധാരണയോടെ പ്രവർത്തിപ്പിക്കുവാൻ കഴിയും

തോടുകൾ വൃത്തിയാക്കുകയും തമ്മിൽ ബന്ധിപ്പിയ്ക്കുവാനും കഴിയും

കുമരകം മോഡൽ പ്ളാസ്റ്റിക്ക് ബോട്ടുകൾ ഉപയോഗപ്പെടുത്തി ടൂറിസ വികസനം സാധ്യമാക്കാം.

എൻ. എച്ച. 47 - എൻ. എച്ച് 17 വുമായി ബന്ധപ്പെടുത്തികൊണ്ട് തുരുത്തിപ്പുറം പാലം പണിതാൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹായകമാവും.

## ഊർജ്ജം

പുത്തൻവേലിക്കര പഞ്ചായത്തിൽ ഗാർഹികാവിശ്യങ്ങൾക്കുള്ള ഊർജ്ജ സ്രോതസ്സ് പ്രധാനമായും വിറക്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവയാണ്. പരിമിതങ്ങളായ ബയോഗ്യാസ് പ്ളാന്റുകളും, എൽ.പി.ജി. ഉപയോഗവും ഉണ്ട്. വ്യവസായിക വാണിജ്യാവശ്യങ്ങൾക്ക് പ്രധാനമായും എണ്ണ, വൈദ്യുതി, വിറക് എന്നിവയാണ് ഉപയോഗിക്കുന്നത്. കൃഷി ആവശ്യങ്ങൾക്കായി എണ്ണ (മണ്ണെണ്ണ, ഡീസൽ) യും വൈദ്യുതിയും ഉപയോഗിക്കുന്നു ഒരു സമഗ്ര ഊർജ്ജാസൂത്രണം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. കാരണം ശാസ്ത്രീയമായ ഊർജ്ജാസൂത്രണത്തിലൂടെ ഊർജ്ജവ്യയം കുറക്കുവാനും ജീവിത മേന്മ ഉയർത്തുവാനും കഴിയും. പഞ്ചായത്തിൽ 36 ശതമാനം കുടുംബങ്ങളും ദക്ഷത (എഫിഷ്യൻസി) കുറഞ്ഞ അടുപ്പാണ് ഉപയോഗിക്കുന്നത്. 3.4% വീടുകളിൽ ദക്ഷതകൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നു. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവരിൽ ആധുനിക രീതിയിൽ ഉള്ള ദക്ഷത കൂടിയ സ്റ്റൗ ഉപയോഗിക്കുന്നവർ കുറവാണ്. ബയോഗ്യാസ് പ്ളാന്റുകൾ പഞ്ചായത്തിൽ വളരെ വിരളമാണ്. എന്നാൽ 230/തോളം വീടുകളിൽ ബയോഗ്യാസ് പ്ളാന്റ് ഉണ്ടാക്കുന്നതിനുള്ള സ്ഥിതിയുണ്ട്. 3 ൽ കുടുതൽ കന്നുകാലികളുള്ളവർക്ക് വളരെ വിജയകരമായി പ്രവർത്തിപ്പിക്കാവുന്നതാണ് ബയോഗ്യാസ് പ്ളാന്റുകൾ. ബയോഗ്യാസ് പ്ളാന്റുകളുടെ നിർമ്മാണത്തിനും ധനസഹായത്തിനും സഹായിക്കുന്ന ഗവൺമെന്റ് ഏജൻസികളുണ്ട്.

കാർഷിക രംഗത്ത് ഊർജ്ജം ഉപയോഗിക്കുന്നത് മുഖ്യമായും ജലം പമ്പ്ചെയ്യുന്നതിനാണ്. പൈപ്പുകളും വാൽവുകളും തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധകാണിച്ചാൽ കാര്യമായ ഊർജ്ജസംരക്ഷണം സാധ്യമാണ്. പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 1. പൈപ്പിങ്ങിൽ ഷാർപ്പ് കോർണറുകൾ ഒഴിവാക്കുക. കഴിയാവുന്നിടത്തോളെ ഘർഷണം കുറഞ്ഞ പൈപ്പുകളും ഉപയോഗിക്കുക. T യുടേയും ബെൻഡുകളുടേയും ഉപയോഗം കുറയ്ക്കുക കൂടുതൽ ഘർഷണ നഷ്ടം ഉണ്ടാകുന്ന ഗ്ളോബ് വാൽവുകൾക്ക് പകരം ഘർഷണം കുറഞ്ഞ വാൽവുകൾ ഉപയോഗിക്കുക. തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചാൽ കുറഞ്ഞചിലവിൽ കാര്യങ്ങൾ നടത്തുവാൻ കഴിയും.

| ഉപയോഗ | വിറക് | മണ്ണെണ്ണ/ ഡീസൽ പെട്രോൾ | ഗ്യാസ് | വൈദ്യുതി | ബയോഗ്യാസ് |
|---|---|---|---|---|---|
| ഗാർഹികം | 17,200kg | 510 liters | 65.17kg | | 15.6kg |
| | ദിവസം | ദിവസം | ദിവസം | | ദിവസം |
| വ്യവസായം/ | | 25kg | കണക്കുകൾ | | കണക്കുകൾ |
| വാണിജ്യം | | ദിവസം | ലഭ്യമല്ല | | ലഭ്യമല്ലകൃഷി |
| കണക്കുകൾ | | 840kg | കണക്കുകൾ | | മൊത്തം |
| | | | | | ഉപഭോഗത്തിന്റെ |
| | | ലഭ്യമല്ല | വർഷം | ലഭ്യമല്ല | 16% |

അവലംബം - സാമ്പിൾ സർവ്വേ

പഞ്ചായത്തിൽ വ്യവസായം, വാണിജ്യം, കൃഷി, ഗാർഹികം, എന്നീ മേഖലകളിൽ വൈദ്യുതിയാണ് മുഖ്യ ഊർജ്ജ സ്രോതസ്സ്. പുത്തൻവേലിക്കര പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് കൊടുങ്ങല്ലൂർ 66 K.V. സബ്സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും കണക്കാക്കിയതിൽ നിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. പഞ്ചായത്തിൽ കാർഷിക മേഖലയിൽ 16% വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. സമീപകാലത്ത് കാർഷിക മേഖലയിലെ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മൊത്തം വൈദ്യുതി കണക്ഷനുകളുടെ 73% ഗാർഹിക മേഖലയിലാണ്. പഠനപര്യടനത്തിൽ നിന്നും കഴിഞ്ഞത് പ്രേഷണ വിതരണ സംവിധാനത്തിൽ കാര്യമായ തകരാറ് ഉണ്ട് എന്നുള്ളതാണ് ഇതിനുള്ള പ്രധാനകാരണം ട്രാൻസ്ഫോർമറു കളുടെ അധികഭാരവും, വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകൾ,മരച്ചില്ലകൾ വൈദ്യുത കമ്പികളിൽ മുട്ടികിടക്കുന്നത് ഡിമാൻഡ് കേന്ദ്രങ്ങളുടെയും സപ്ളേകേന്ദ്രങ്ങളുടെയും വ്യത്യാസത്തിലുള്ള അശാസ്ത്രീയത തുടങ്ങിയവയാണ് പുത്തൻ വേലിക്കര പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്തക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കുറഞ്ഞ വോൾട്ടേജും അപ്രഖ്യാപിത പവർകട്ടും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

**പുത്തൻ വേലിക്കര ഗ്രാമപഞ്ചായത്ത്**
**വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ**

| | | | | |
|---|---|---|---|---|
| 1. | നിലവിലുള്ളഉപഭോക്താക്കൾ: | (a) | ഗാർഹികം | 3100 |
| | | (b) | വ്യാപാരം | 430 |
| | | (c) | വ്യവസായികം | 46 |
| | | (d) | കാർഷികം | 530 |
| 2. | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | (a) | ഓർഡിനറി | 271 |
| | | (b) | O.T.P | 24 |
| | | (c) | O.Y.E.C | 64 |
| 3. | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | (a) | ബൾബ് 40W | 423. |
| | | | 60W | 35 |
| | | | | 458 |
| | | (b) | ട്യൂബ് 40W | 15 Nos. |
| 4. | ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | | | 10 |
| 5. | സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | | | 5812 രൂപ |

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുത് വിതരണം ചെയ്യുന്ന L T ട്രാൻസ്ഫോർമറുകളുടെ പേരുകൾ:

| | | | | | |
|---|---|---|---|---|---|
| 1. | തുരുത്തൂർ | No: 1 | 13. | എളന്തിക്കര | |
| 2. | തുരുത്തൂർ | No: 2 | 14. | വാട്ടർ സപ്ളെ | |
| 3. | തുരുത്തൂർ | No: 3 | 15. | പുതുക്കാട്ട് ലിഫ്റ്റ് ഇമിഗ്രേഷൻ | |
| 4. | തുരുത്തിപ്പുറം | No: 1 | 16. | ജി.സി.യിൽ | |
| 5. | തുരുത്തിപ്പുറം | No: 2 | 17. | പുത്തൻവേലിക്കര വാഴവളപ്പ് | |
| 6. | തുരുത്തിപ്പുറം | No: 3 | 18. | പുത്തൻവേലിക്കര | No: II |
| 7. | പുത്തൻവേലിക്കര മിനി | | 19. | മാഞ്ഞാലി | |
| 8. | പുത്തൻവേലിക്കര അഞ്ചുവഴി | | 20 | കുത്തിയതോട് ചർച്ച് | |
| 9. | പുത്തൻവേലി കപ്പേളകുന്ന് | | 21. | പട്ടം | |
| 10. | ബസാർ | | 22. | ചെറുകടപ്പുറം | |
| 11. | മാളവന | | 23. | ചെറുകടപ്പുറം ജംഗ്ഷൻ | |

**അവലംബം - ദ്വിതീയ സ്ഥിതി വിവര ശേഖരണം(വൈദ്യുതി ബോർഡ്)**

**പഞ്ചായത്തിലെ ഊർജ്ജാസൂത്രണവുമായി ബന്ധപ്പെട്ട സാധ്യതകൾ**

ദക്ഷതകൂടിയ അടുപ്പ് :- സാധാരണ വിറക് അടുപ്പ് ദക്ഷത കുറവായതിനാൽ പൂർണ്ണമായും ദഹനം നടക്കാതെ കാർബൺമൊണോക്സൈഡ്, പുക, കരി, എന്നിവയുണ്ടാകുന്നു. പരിസരം വൃത്തികേടാകുന്നതോടൊപ്പം മാരകമായ പുകമാലിന്യങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. വീട്ടമ്മമാരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് മുഖ്യ കാരണം ഇത്തരം അടുപ്പുകളാണ്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് ദക്ഷതകൂടിയ അടുപ്പുകൾ ഉപയോഗിക്കാം. പുകയില്ലാ എന്നതിനോടൊപ്പം കുറഞ്ഞചിലവിൽ പാചകകാര്യങ്ങൾ ചെയ്യുവാൻ കഴിയും എന്ന മേന്മ ദക്ഷതകൂടിയ അടുപ്പിനുണ്ട്. പരിഷത്ത് അടുപ്പിന് സാധാരണ അടുപ്പിനേക്കാൾ 30% കൂടുതൽ ദക്ഷതയുണ്ട്. ദക്ഷതകൂടിയ അടുപ്പുകളുപയോഗിച്ചാൽ ഓരോ വ്യക്തിക്കും പഞ്ചായത്തിൽ മൊത്തത്തിലും ഉണ്ടാക്കാൻ കഴിയുന്ന മേന്മ ടേബിൾ ഉണ്ടാക്കി കൊടുത്തിരിക്കുന്നു.

| സാധാരണ വിറക് അടുപ്പുകളുടെ എണ്ണം | ദക്ഷതകുടിയ അടുപ്പുകളുടെ എണ്ണം | കോംപാക്ട് ഫ്ളൂറസെന്റ് ലാംബ് സാധ്യത | ബയോഗ്യാസ് പ്ളാന്റ് സാധ്യത | ദക്ഷതകുടിയ അടുപ്പുകളുടെ സാധ്യത |
|---|---|---|---|---|
| 4300 | 172 | 5004 | 230 | 4800 |

**ദക്ഷതകൂടിയ അടുപ്പിന്റെ - വിശകലനം.**

| അടുപ്പുതരം | ദക്ഷത | വിറക് ഉപയോഗം | ചെലവ് | ലാഭം / നഷ്ടം |
|---|---|---|---|---|
| സാധാരണ വിറക്അടുപ്പ് | 10% | 4 കെ.ജി | 5 രൂ | നഷ്ടം |
| ദക്ഷത കൂടിയ അടുപ്പ് (പരിഷത്ത് അടുപ്പ്) | 30% | ലാഭം 1.33 കെ.ജി | 1.75ദിവസം | 3.25 രൂ |

ശ്രദ്ധയ്ക്ക് :- ഒരു ദിവസം ഉപയോഗിക്കേണ്ട വിറക് സാധാരണ അടുപ്പിന് 4 കെ.ജി. എന്ന് കണക്കാക്കിയിരിക്കുന്നു ഒരു കെ.ജി. വിറകിന് 1.25രൂ എന്നും കണക്കാക്കിയിരിക്കുന്നു.

**ദക്ഷത കൂടിയ അടുപ്പ് - പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശകലനം**

| അടുപ്പുതരം | എണ്ണം | ആവശ്യമായ വിറക് | ചെലവ്(രൂപ) | ദക്ഷത | ലാഭം/നഷ്ടം |
|---|---|---|---|---|---|
| സാധാരണ വിറകടുപ്പ് | 4300 ദിവസം | 17200 കെ.ജി | 22360 | 10% | നഷ്ടം |
| സാധാരണ അടുപ്പുകൾക്കു പകരം പരിക്ഷത്ത് അടുപ്പുകൾ ഉപയോഗിച്ചാലുള്ള ലാഭം | 4300 ദിവസം | 5733 കെ.ജി | 7453 | 30% | 14967രൂ ലാഭം |

ശ്രദ്ധയ്ക്ക്;- നിലവിലുള്ള വിറകടുപ്പുകൾ ദക്ഷത കൂടിയ അടുപ്പുകളാക്കിയാൽ പഞ്ചായത്തിന് പ്രതിദിനം 14907 രൂപയുടെ ലാഭം ഉണ്ടാകുന്നു.

പഞ്ചായത്തിൽ ദക്ഷത കൂടിയ അടുപ്പ് 172 എണ്ണം മാത്രമേയുള്ളു. 4800 വീടുകളിൽ പരിഷത്ത് അടുപ്പിനുള്ള സാധ്യതയുണ്ട്. ഒരു പരിക്ഷത്ത് അടുപ്പ് സ്ഥാപിക്കുന്നതിന് 375 രൂപ വേണ്ടിവരും. അതിൽ 275 രൂപാ അനർട്ട് ഓഫീസിൽ നിന്ന് സബ്സിഡിയായി ലഭിക്കും. യഥാർത്ഥത്തിൽ ഗുണഭോക്താവിന് 100 രൂപ ചെലവ് മാത്രമേ വരുന്നുള്ളു.

2) മണ്ണെണ്ണ സ്റ്റൗ :- നൂതൻ സ്റ്റൗ തുടങ്ങിയ ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ പഞ്ചായത്തിൽ പ്രചരിപ്പിക്കണം.

3) ബയോഗ്യാസ് :- പഞ്ചായത്തിൽ 230തോളം വീടുകൾക്ക് ബയോഗ്യാസ് ഗുണമാണ്. ഈ സാധ്യതയെ പ്രയോജനപ്പെടുത്തണം.

4) സി.എഫ്. എൽ – ലാംബ് :- വളരെ നല്ല പ്രകാശം നല്കുന്ന സി. എഫ്. എൽ കുറഞ്ഞ വോൾട്ടതയിൽ പ്രവർത്തിക്കുന്നു. വൈദ്യുത നഷ്ടം കുറക്കുന്നതിന് വിടുകളിൽ സി. എഫ. എൽ പ്രചാരത്തിൽ വരുത്തണം. ഒരു കാർഡുടമയ്ക്ക് ഒരു സി. എഫ്. എൽ – എന്ന രീതിയിൽ അനർട്ട് 175 രൂപാ സബ്സിഡി കൊടുക്കുന്നു. സി. എഫ്. എൽ നേട്ട കോട്ട വിശകലനം ടേബിളാക്കി താഴെ കൊടുത്തിരിക്കുന്നു.

ഒരു സാധാരണ 60 വാൾട്ട് ബൾബിന് 10രൂപാ വരുമ്പോൾ ഒരു സി. എഫ്. എൽ. ലാബിന് 300 രൂപാ വരുന്നു. എന്നാൽ ഈട് കുറഞ്ഞ കറന്റ് ഉപയോഗം എന്നിവ കണക്കിലെടുത്താൽ സി. എഫ്. എൽ ലാഭകരമാണെന്നു കാണാം.

ഒരു സാധാരണ ബൾബിന് 1000 മണിക്കൂർ മാത്രമേ ഈടുള്ളു. എന്നാൽ ഇ.എ.ഘ — ലാംബിന് 10,000 മണിക്കൂർ ഈട് ഉണ്ട് ദിവസം 4 മണിക്കൂർ ബൾബ് ഉപയോഗിക്കുന്നതായി കണക്കാക്കിയാൽ സാധാരണ ബൾബിനേക്കാൾ 700 രൂപാ കറന്റ് ഉപയോഗത്തിൽ ഇ.എ.ഘ — ന് കിട്ടും.

5. വൈദ്യുതിപ്രേക്ഷണ – വിതരണ നഷ്ടം ഇല്ലാതാക്കുന്നതിന് ചെയ്യാവുന്ന കാര്യങ്ങൾ.

ജംബർ മെച്ചപ്പെടുത്തുക, വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരചില്ലകൾ മുറിച്ചുമാറ്റുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക. ഈ ആവിശ്യത്തിന് ലയിൻ മാപ്പ് നിർമിക്കേണ്ടത് ആവശ്യമാണ്.

ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും – സാധ്യതകളും.

## പ്രശ്നങ്ങൾ

**വൈദ്യുതി എത്താത്ത മേഖലകൾ**

1. വെള്ളോട്ടുപുറം 2. തുരുത്തൂർ നാല് സെന്റ് കോളനി 3. പഞ്ഞിപള്ള പടിഞ്ഞാറുവശം 4. ഇളന്തിക്കര നാലു സെന്റ് കോളനി 5. മാളവന തോപ്പുഭാഗം 6. കീഴുപ്പാടം പള്ളിയ്ക്കുതാഴെ.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

1. കുരിശിങ്കൽ നാലുവഴി 2. പണിപ്പ്ള്ള 3. കൈതച്ചിറഭാഗം 4. കോഴിതുരുത്ത് ഭാഗം 5. വട്ടേക്കാട്ട് കുന്നുഭാഗം

6. ചൗക്കകടവ്

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മാള 66 കെ.വി. സ്റ്റേഷനിൽ നിന്ന് പൂഞ്ഞാൻ വേലിക്കര ലൈനുമായി കണക്ടുചെയ്യുക.

സ്ട്രീറ്റ് ലൈറ്റുകൾ എത്തിക്കേണ്ട സ്ഥലങ്ങൾ

കുരിശിങ്കൽ സ്റ്റേഷൻ കടവ് റോഡ്

കുരിശിങ്കൽ മണക്കുളം വഴിപ്പായാമ്പ് റോഡ്

പഞ്ഞിപ്പള്ള ബസാർ റോഡ

അസ്സീസ്സിയുടെ അടുത്തുനിന്നും പഞ്ഞിപ്പള്ള

ട്ട മിനി കോളനി മുതൽ പഞ്ഞിപ്പള്ള

ട്ട തിരുത്തൂർകല്ലുംങ്കൽകടവുവരെ

## സാധ്യതകൾ

1. ദക്ഷത കൂടിയ അടുപ്പുകൾ പഞ്ചായത്തിൽ വ്യാപകമാക്കുക

2. ട്യൂബ് ലൈറ്റ്, സി.എഫ്. എൽ ലാംബുകൾ ഉപയോഗിച്ച് വൈദ്യുതിയുടെ ഉപഭോഗം കുറക്കുക

3. സോളാർ ലാംബുകൾ ഉപയോഗിക്കുക.

# 7 പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന് ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ അവന്റെ ചിന്ത തനിക്കൊരു കിടപ്പാടം വേണമെന്നു തന്നെയാണ്. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം പൂർത്തിയാക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. അതിനു പ്രധാന കാരണം സ്വന്തമായി ഭൂമി ഇല്ലാത്തതും ഭൂമി ഉള്ളവരിൽ തന്നെ പലർക്കും അതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതിനാലുമാണ്. സ്വന്തമായി ഭൂമിയുള്ള വർക്ക് പല സന്നദ്ധസംഘടനകൾ വഴി വീടുവെച്ചു കൊടുക്കുന്ന പദ്ധതി ഉണ്ടെങ്കിലും അർഹരായ പലർക്കും അതു പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞി ട്ടില്ല സ്വന്തമായി ഭൂമിയില്ലാത്തത് മറ്റൊരു പ്രശ്നമാണ്.

ഏതാണ്ട് അര നൂറ്റാണ്ടു മുമ്പുവരെ കൂട്ടുകുടംബ സമ്പ്രദായമാണിവിടെ നിലവിലുണ്ടായിരുന്നത്. ഈ വ്യവസ്ഥിതിയിലുണ്ടായ മാറ്റം വീടുകളുടെ എണ്ണം വർദ്ധിക്കുന്നതിനും അതുമൂലം ആവാസയോഗ്യമായ ഭൂമിയുടെ ലഭ്യത കുറയുകയും അതോടൊപ്പം നിർമ്മാണ വസ്തുക്കൾ കൂടുതലായി ആവശ്യമായി വരികയും ചെയ്തു. മാത്രമല്ല ഇത് സാമൂഹിക ബന്ധ ങ്ങളി ലുള്ള അകൽച്ചയ്ക്ക് കാരണമായി. ഇന്നിപ്പോൾ ചെറുകുടുംബങ്ങളുടെ എണ്ണം നിയന്ത്രണാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയും ആവാസ വ്യവസ്ഥയിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കു കയും ചെയ്യുന്നു. ഇതിന്റെയൊക്കെ ഫലമായി കൂടു തൽ ആളുകൾ ഇരഹിതരും ഭവന രഹിതരുമായി മാറു ന്നതിനിടയാകുന്നു. ഇന്നു കാണുന്ന പാർപ്പിട പ്രശ്ന ത്തിന് പരിഹാരം കാണുക എന്നത് സമൂഹത്തിന്റെ മൊത്തം ബാധ്യതയാണ്.

പഞ്ചായത്തിൽ ആകെ 5004 വീടുകളാണുള്ളത് ഇതിൽ 20 ശതമാനം ഓലപ്പുരകളും 45 ശതമാനം ഓടിട്ട പുരകളും 35 ശതമാനം വാർക്ക പുരകളും 5 ശതമാനം കുടിലുകളുമാണ്. ഇതിനുപുറമെ 224 പേർ ഭവന രഹി തരും 275 പേർ ഇരഹിതരുമാണ്. സ്വന്തമായി വീടുക ളുള്ള 20 ശതമാനം പേർക്ക് പ്രാഥമിക സൗകര്യങ്ങ ളില്ല. 25 ശതമാനം പേർക്ക് സ്വന്തമായി കിണറുകളുണ്ട്. പുരയിടങ്ങൾ മിക്കതും തുണ്ടു ഭൂമികളാണ്

പഞ്ചായത്തിൽ ആകെ 9 പട്ടികജാതി കോളനി കളുണ്ട് പഞ്ഞിപ്പള്ളി പ്രദേശത്തുള്ള കോളനിയിൽ ആകെയുള്ള 207 കുടുംബങ്ങളിൽ 91 എണ്ണം പട്ടികജാ തിയിൽ പെടുന്നവരുടേതാണ്. മാനഞ്ചേരിക്കുന്നിലുള്ള 84 കുടുംബങ്ങളിൽ 32 എണ്ണം പട്ടിക ജാതിക്കാരുടേ താണ്. മാളവന വാർഡിലുള്ള 56 കുടുംബങ്ങളിൽ 22 എണ്ണവും ഇളന്തിക്കരയിലുള്ള രണ്ടു കോളനികളിലാ യുള്ള 139 കുടുംബങ്ങളിൽ 53 എണ്ണവും ചെറുകടപ്പു റത്തുള്ള രണ്ടുകോളനികളിലെ 93 ൽ 40 കുടുംബ ങ്ങളും തേലത്തുരുത്തിലുള്ള 28 കുടുംബങ്ങളിൽ 12 എണ്ണവും പട്ടികജാതിക്കാരു ടേതാണ്. എല്ലാ കോള നികളിലുമായി ആകെ 271 കുടുംബങ്ങൾ പട്ടികജാതി ക്കാരുടേതാണ്. ഈ കോളനിയിൽ പലതിന്റേയും അവസ്ഥ ശോചനീയമാണ്. ഇവിടെയുള്ള വീടുകളിൽ 60 ശതമാനവും പുതുക്കി പണിയേണ്ട അവസ്ഥയി ലാണ്. വെള്ളവും വൈദ്യുതിയും എത്താത്തവയാണ് പല കോളനികളും. ഇവിടെയുള്ള വീടുകളിൽ 90 ശത മാനത്തിലും പ്രാഥമിക സൗകര്യങ്ങളില്ല.

പഞ്ചായത്തിലിപ്പോൾ ഭവനരഹിതരായ 495 പേരാണുള്ളത്. ഇവർക്ക് പാർപ്പിട സൗകര്യം ഉണ്ടാ ക്കിക്കൊടുക്കേണ്ട ശ്രമകരമായ പ്രവർത്തനം സമൂഹം കൂട്ടായി ഏറ്റെടുക്കേണ്ടതാണ്. ഭവനനിർമ്മാണം ഇപ്പോൾ ചെലവേറിയ ഒരു പ്രക്രിയയാണ്. നമ്മുടെ പരമ്പരാഗത ഭവനനിർമ്മാണ ശൈലി പാടേ അവഗ ണിക്കപ്പെട്ടിരിക്കുന്നു. കോൺക്രീറ്റ് യുഗത്തിന്റെ അത്യുച്ച സ്ഥായിലെത്തി നിൽക്കുന്ന ഈ അവസര ത്തിൽ നമ്മുടെ ഗ്രാമത്തിലും എവിടെയും കോൺക്രീറ്റു കൂരകൾ വ്യാപകമായി കഴിഞ്ഞു. നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വില സാധാരണ ക്കാരന്റെ പാർപ്പിട മോഹം പൂവണിയുന്നതിനു വിഘാ തമായിരിക്കുന്നു. ഇവിടെയാണ് ചെലവ് നിയന്ത്രിത വീടുകളുടെ പ്രസക്തി ഏറുന്നത്. ഭവനനിർമ്മാണ ചെല വുകൾ വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഭവന സങ്കല്പം തന്നെ മാറേ ണ്ടിയിരിക്കുന്നു. പ്രാദേശികമായി ഏറ്റവും വില കുറച്ചു കിട്ടാവുന്ന വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് ലളി തവും ആവശ്യാധിഷ്ഠിതവുമായ നിർമ്മാണ രീതി നാം സ്വീകരിക്കേണ്ടിയിരി ക്കുന്നു. എന്നാൽ നമ്മുടെ പൊതുസ്ഥിതി നേരെ വിപരീതമാണ്. ഒരുവന്റെ ആയു സ്സിന്റെ മുഴുവൻ സമ്പാദ്യവും ഉപയോഗിച്ച് യാതൊരു തത്വദീക്ഷയു മില്ലാതെ കൂറ്റൻ ബംഗ്ളാവുകൾ പണി തുയർത്തുന്ന മനോഭാവം മാറേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇഷ്ടിക, ചെങ്കല്ല് മുതലായ സാധനങ്ങൾ സുലഭമാ ണെങ്കിലും വിലയിൽ കാര്യമായ കുറവൊന്നും അനു ഭവപ്പെടുന്നില്ല. കോൺക്രീറ്റ് നിർമ്മിതമായ കട്ടിള, ജനൽ മുതലായവയും നമ്മുടെ ഗ്രാമത്തിൽ നിർമ്മി ക്കപ്പെടുന്നുണ്ട്. നമ്മുടെ പുഴയിൽ നിന്നും വാരുന്ന മണലും സുലഭമാണെങ്കിലും ഇടനിലക്കാരുടെ ചൂഷണം മൂലം അതിന്റെയും വില വർദ്ധിച്ചുകൊണ്ടി രിക്കുന്നു. ഈ സാഹചര്യങ്ങൾ പരിഗണിച്ചുവേണം പഞ്ചായത്തിൽ അടിയന്തിരമായി നിർമ്മിക്കേണ്ടുന്ന 500 വീടുകളെക്കുറിച്ചു ചിന്തിയ്ക്കാൻ. വീടുകളാവശ്യ മുള്ള മിക്കവാറും പേരും കുറഞ്ഞ വരുമാനക്കാരും പലരും ഭൂരഹിതരുമാ ണ്. പഞ്ചായത്തിൽ ഭവന നിർമ്മാണ ഏജൻസികൾ ഒന്നുംതന്നെയില്ല. സഹക രണ സംഘങ്ങൾ ഒരു നിശ്ചിത തുകവരെ ഭവന നിർമ്മാണ വായ്പ യായി നൽകുന്നുണ്ട്. എന്നാൽ വർദ്ധിച്ച പലിശനിരക്ക് (18%) സാധാരണ ക്കാർക്ക് താങ്ങാവുന്നതിനപ്പുറമാണ്. ഇവിടെയുള്ള ചില സംഘ ടനകളുടെ നേതൃത്വത്തിൽ ഫണ്ടുപയോഗിച്ച് ഏതാനും വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ ഇത് പല ആരോപണങ്ങൾക്കും വിധേയമായി ട്ടുണ്ട്. യഥാർത്ഥത്തിൽ അർഹരായവർക്കു കൊടുക്കാതെ പലതും പാർശ്വ വർത്തികൾക്കു കൊടുത്തു എന്നാ ണാക്ഷേപം. എന്തായാലും കുറച്ചു പേരെങ്കിലും ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ടെന്നതിൽ സംശ

യമില്ല.

പുറംപോക്കുകളിൽ വീടുവെച്ചു താമസിക്കുന്ന ഏതാണ്ട് നൂറോളം കുടുംബ ങ്ങൾ നമ്മുടെ ഗ്രാമത്തി ലുണ്ട്. എന്നാൽ കടത്തിണ്ണയിലും മറ്റും അന്തിയുറ ങ്ങുന്നവർ നമ്മുടെ ഗ്രാമത്തിലില്ലാ എന്നു തന്നെ പറയാം. തമിഴ്നാട്ടിൽ നിന്നു വന്ന് ഇവിടെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ പ്രത്യേകിച്ച് ഇഷ്ടികക്കളങ്ങളിൽ തൊഴിലെടുക്കുന്നവർക്ക് തൊഴി ലുടമകൾ വെച്ചുകൊടുത്ത കുടിലുകളാണ് ആശ്രയം.

കേരളത്തിന്റെ തനത് വാസ്തുശില്പമാതൃക യിൽ നിർമ്മിച്ച വീടുകൾ അപൂർവ്വമായേ അവശേഷി ക്കുന്നുള്ളു. കേരളത്തനിമയ്ക്ക് മകുടോദാഹര ണമാ യിരുന്ന കുറ്റിക്കാട് മഠം എട്ടുകെട്ടു രീതിയിൽ പണി തീർത്തതായിരു ന്നു. ഇന്നത് പൂർണ്ണമായും പൊളിച്ചു നീക്കിക്കഴിഞ്ഞു. പരമ്പരാഗത വാസ്തു ശില്പകാ രൻമാർ ഇവിടെ ധാരാളമുണ്ടെങ്കിലും അവരുടെ കഴിവു കൾ ഉപയോഗപ്പെടുത്തുവാൻ അവസരങ്ങൾ ഇല്ലാതാ യിരിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പണി തീർത്തിട്ടുള്ള വീടുകളിൽ 90 ശതമാനവും കോൺക്രീറ്റു വീടുകളാണ്. ഇവയിലൊന്നും ചെലവ് നിയന്ത്രിക്കുന്നതിനുള്ള ആധിനിക രീതികൾ ഉപയോ ഗിച്ചു കാണുന്നില്ല . ഇത്തരം നിർമ്മാണ രീതിയിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ ഇവിടെ വിരള മാണ്. എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പണി കഴിപ്പിച്ചിട്ടുള്ള വീടുകളും ചുരുക്കമാണ്. ചെലവു നിയ ന്ത്രിത കെട്ടിട നിർമ്മാണ ശൈലി സ്വീകരിക്കാത്തതിനു പ്രധാന കാരണം ഈ ശൈലിയെ ക്കുറിച്ചുള്ള അജ്ഞ തയും കെട്ടിടങ്ങളുടെ സുരക്ഷിതത്തെക്കുറിച്ചുള്ള ആശങ്കയുമാണ്. ആയതിനാൽ ഈ കാര്യങ്ങളിൽ ബോധവൽക്കരണ പ്രവർത്തനം ആവശ്യമാണ്. കമ്പി യുടേയും സിമന്റിന്റേയും ഉപയോഗം കുറച്ചു കൊണ്ടുള്ള നിറപ്പ് സ്ലാബ് സമ്പ്രദായം (Filling slab) അവലംബിയ്ക്കേണ്ടതാണ്. ഇത്തരം നിർമ്മാണ രീതി യിൽ പരിശീലനം നൽകുന്നതി നുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരി ഹരിക്കുന്നതിന് നമ്മുടെ ശ്രദ്ധ അടിയന്തിരമായി പതി യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

ഭൂമിയുടെ ലഭ്യത കുറവ്

നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം, ലഭ്യത ക്കുറവ്

സ്വന്തമായി ഭൂമി ഇല്ലായ്മ, സാമ്പത്തിക ഞെരുക്കം

വായ്പകൾ ലഭ്യമാക്കാനുള്ള ഏജൻസികളുടെ അഭാവം

പാവപ്പെട്ടവർക്ക് വീടുവെച്ചു കൊടുക്കുന്ന പദ്ധ തികളുടെ അപര്യാപ്തത

ചെറുകുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധ നവ്

നിർമ്മാണ രംഗത്തെ ചെലവ് നിയന്ത്രിത വീടു കളുടെ ശൈലിയെക്കുറി ച്ചുള്ള അജ്ഞത, അവയോ ടുള്ള വൈമനസ്യം

വീടു വെയ്ക്കുന്നതിനായി വൻതോതിൽ വയ ലുകൾ നികത്തുന്നു.

കെട്ടിട നിർമ്മാണത്തിൽ ആർഭാടം കൂടുന്നു.

കോസ്റ്റ് ഫോർഡ്, നിർമ്മിതി കേന്ദ്രം മുതലായ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല.

ചെലവു നിയന്ത്രിത വീടു നിർമ്മാണ ശൈലി യിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം

പട്ടികജാതി കോളനികളിൽ പല വീടുകളുടേയും നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാ നായിട്ടില്ല.

സാധ്യതകൾ

പഞ്ചായത്ത് തലത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരി ക്കുകയും കുറഞ്ഞ പലി ശനിരക്കിൽ വായ്പകൾ ലഭ്യമാക്കുകയും ചെയ്യാം.

ഗവൺമെന്റ് പദ്ധതികൾ പഞ്ചായത്ത് സമിതി കൾ വഴി സന്നദ്ധ സേവന ങ്ങൾ കൂടി ഉപയോഗപ്പെ ടുത്തി ഉപഭോക്താക്കളുടെ കൂടി പങ്കാളിത്തത്തോ ടെ വീടുകൾ നിർമ്മിക്കാനാകും.

ഭവന നിർമ്മാണ പദ്ധതിയിലേക്കായി സംഭാവ നകൾ, വിവിധ സന്നദ്ധ സംഘടനകളുടെ സഹായവും ലഭ്യമാക്കാനാകും.

കെട്ടിട നിർമ്മാണ രംഗത്തെ നിർമ്മാണ വസ്തു ക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനായി ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്താനാകും.

കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രം മുതലായവ യുടെ സഹായം ലഭ്യമാക്കാനാവും.

തരിശു ഭൂമികളിൽ ചെലവു നിയന്ത്രിത രീതി യിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വിലയ്ക്ക് നല്കാ നാകും.

ഭവന നിർമ്മാണത്തിൽ പരമ്പരാഗത ശൈലി കൾ നിലനിർത്താനുള്ള ബോധവൽക്കരണ പ്രവർത്ത നങ്ങൾ നടത്താനാകും

എം.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകിയാൽ തൊഴി ലിൽ ഗുണമേന്മ വർദ്ധിപ്പിക്കാനാവും.

വേലികൾ നിലനിർത്തേണ്ടുന്നതിനെക്കുറിച്ചുള്ള ശാസ്ത്രീയവശങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പി ക്കാനാകും.

## സാമൂഹ്യക്ഷേമം

(അവലംബം IRDP സർവ്വേ)

I.R.D.P. സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

**A** . വാർഡ് നം. **B**. സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം **C.** ഇതിൽ SC/ST കുടുംബങ്ങൾ **D.** നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബം **E.** ഇതിൽ SC/ST **F.** സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ കുടുംബം **G.** ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബം (സഹായം ലഭിച്ചവർ ഉൾപ്പെടെ)

| A | B | C | D | E | F | G |
|---|---|---|---|---|---|---|
| 1. | 203 | 1 | 11 | | 5 | 198 |
| 2. | 243 | 3 | 24 | 3 | 12 | 231 |
| 3. | 272 | 4 | 10 | 1 | 4 | 268 |
| 4. | 176 | 9 | 19 | 8 | 10 | 166 |
| 5. | 329 | 55 | 13 | 4 | 2 | 327 |
| 6. | 360 | 69 | 49 | 34 | 24 | 336 |
| 7. | 195 | 17 | 30 | 11 | 21 | 174 |
| 8. | 295 | 45 | 53 | 42 | 47 | 248 |
| 9. | 359 | 40 | 54 | 37 | 46 | 313 |
| 10. | 111 | 36 | 23 | 19 | 13 | 98 |
| 11. | 160 | 15 | 24 | 11 | 15 | 145 |
| ആകെ | 2974 | 345 | 357 | 196 | 227 | 2747 |

സാമൂഹ്യ സാമ്പത്തിക നിലവാരങ്ങളും ഭൗതിക ജീവിത നിലവാര സൂചികകളും വിലയിരുത്തിക്കൊണ്ട് കഞളജ സർവ്വേപ്രകാരം അവലോകനം നടത്തുകയാണെങ്കിൽ പഞ്ചായത്തിലെ 50% ന് മുകളിൽ കുടുംബങ്ങൾ ദരിദ്രരിൽ ദരിദ്രരാണെന്ന് കാണാം. ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമിക ആവശ്യങ്ങൾ അവയുടെ ഏറ്റവും ചുരുങ്ങിയ അളവിൽ നിറവേറ്റുവാൻ വേണ്ട ത്രാണിനേടാത്തവരാണിവർ. പുത്തൻവേലിക്കരയിൽ ഏതെങ്കിലുമൊരു പ്രത്യേക വിഭാഗമാണ് അവശതയനുഭവിക്കുന്നതെന്ന് ഈ രേഖകളിൽ കണ്ടെത്താൻ കഴിയില്ല. ഇവരിൽ പട്ടികജാതി വിഭാഗങ്ങളുടെ അനുപാതം 12 ശതമാനത്തോളമേ വരുന്നുള്ളു. ദാരിദ്ര്യത്തെ അതിന്റെ യഥാർത്ഥാവസ്ഥയിൽ കണക്കിലെടുത്താണോ ഈ കണക്കുകൾ തയ്യാറാക്കിയതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം ഒരാളെങ്കിലും ശരാശരി തൊഴിൽ ചെയ്യുന്ന കുടുംബങ്ങളിലെ സാമ്പത്തികാവസ്ഥ ഇന്ന് നാട്ടിലെ എല്ലാ മേഖലകളിലെയും കൂലി നിരക്ക് വച്ച് വിലയിരുത്തുമ്പോൾ ഇത്ര വലിയ ഭാഗം ജനത ദരിദ്രരിൽ ദരിദ്രരെ തിരിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെ വരാനുള്ള സാധ്യത വിരളമാണ്. കൂലി വേലക്കാർക്കും സാമാന്യം ഭേദപ്പെട്ട വേതനം ലഭിക്കുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനെ വേണ്ടവിധം കണക്കിലെടുക്കാത്തതോ വരും ചിലവുകണക്കുകൾ ക്ലിപ്തപ്പെടുത്തി ജീവിതം ചിട്ടപ്പെടുത്തുന്നതിന് സാധിക്കാത്തതോ ആയിരിക്കാം ഇതിന് കാരണം. അന്നന്നത്തെ അപ്പത്തേക്കാളുപരി നാളെയെ പ്പറ്റിക്കൂടി ചിന്തിക്കാനുള്ള പ്രാപ്തി ലഭിക്കുന്ന പക്ഷം ഈ സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം.

പഞ്ചായത്തിൽ ഇതുവരെ നടപ്പാക്കിയിട്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും തീർത്തും അപര്യാപ്തമായിരുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 965 ആണ് എന്നാൽ വിവിധ പദ്ധതികളിലായി നൂറ്റിയൻപതു വീടുകൾ മാത്രമാണിവിടെ അനുവദിച്ചു കിട്ടിയിട്ടുള്ളത്. അതുപോലെ സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം വിവിധ പദ്ധതികളിലായി 35 കക്കൂസുകൾ അനുവദിച്ചു കിട്ടിയതിനുശേഷവും 800 ൽ അധികമായി തുടരുന്നു. ഏറ്റവും പ്രധാനപ്പെട്ട ഈ ആവശ്യം നിറവേറ്റാത്തത് ഇവിടുത്തെ ആരോഗ്യപാരിസ്ഥിതിക പ്രശ്നങ്ങളെ വഷളാക്കുന്നുണ്ടെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന ജീവിത നിലവാരം പുലരുന്ന കേരള സാഹചര്യത്തിൽ കഞളജ പോലുള്ള പദ്ധതികൾ ഒരു സമ്പൂർണ്ണ പരാജയമാണെന്ന് കാണുവാൻ കഴിയും. ഈ പദ്ധതിപ്രകാരം സഹായം ലഭിച്ചവരിലധികം പേരും പൂർവ്വാവസ്ഥയിൽത്തന്നെ കഴിയുന്നു. വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് സഹായിക്കുന്ന ട്രൈസം പോലുള്ള പദ്ധതികൾ താരതമ്യേന ഗുണം ചെയ്യുന്നുണ്ടെന്നാണ് സൂചന. വിവിധ തുറകളിൽ പരിശീലനം ലഭിച്ച 71 പേരിൽ 42 പേർ അതാത് മേഖലകളിൽത്തന്നെ തൊഴിൽ കണ്ടെത്തുകയും 29 പേർ ഇതര മേഖലകളിൽ തൊഴിലിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരം പദ്ധതി കളുടെ പോരായ്മകൾ പരിഹരിച്ച് സമഗ്രമായി നടപ്പാക്കേണ്ടുന്നതിലേക്കിത് വിരൽ ചൂണ്ടുന്നു.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരങ്ങൾ - (അവലംബം - IRDP സർവ്വേ)

തൊഴിൽ മേഖല പരിശീലനം ലഭിച്ചവർ സ്വ...
തൊഴിൽ കണ്ടെത്തിയവർ ഇതര മേഖലക...
തൊഴിൽ നേടിയവർ

| | | | |
|---|---|---|---|
| ലെതർ വർക്സ് | 7 | 1 | 6 |
| ഹെയർ കട്ടിംഗ് | 2 | 2 | 0 |
| പെയിന്റിംഗ് | 19 | 8 | 11 |
| ടെയ്‌ലറിംഗ് | 26 | 21 | 5 |
| റേഡിയോ/ടി.വി." റിപ്പയറിംഗ് | 5 | 2 | 3 |
| കൈത്തറി നെയ്ത്ത് | 2 | 2 | 0 |
| റെഫ്രിജറേഷൻ | 2 | 1 | 1 |
| മോട്ടോർ റീവൈന്റിംഗ് | 4 | 3 | 1 |
| പ്രിന്റിംഗ്/കംപോസിംഗ് | 4 | 2 | 2 |
| ആകെ | 71 | 42 | 29 |

അർഹതയുള്ളവർക്ക് സഹായമെത്തിക്കുന്നതിന് വളരെ ചെറിയ തോതിലേ കഴിഞ്ഞിട്ടുള്ളു. തൊഴിൽ രഹിതരായ ഏറെപ്പേർക്ക് തൊഴിൽ പരിശീലന വും വേണ്ട മറ്റ് സഹായങ്ങളും തൊഴിൽ രഹതരുടെ എണ്ണം ഏറെ കുറയ്ക്കാനും അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുവാനും സാധിക്കും. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണം നൽകുന്ന ടൂൾ–കിറ്റ് പ്രോഗ്രാം അനുസരിച്ച് 519 പേർ അതിനർഹരുണ്ടെങ്കിലും വെറും 7 പേർക്ക് മാത്രമാണ് സഹായമെത്തിക്കു വാൻ കഴിഞ്ഞിട്ടുള്ളത്.

ഉണഇഞഅ പദ്ധതിപ്രകാരം രൂപപ്പെട്ട 4 യൂണിറ്റുകളിലായി 33 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇവയിലൊന്ന് 2ാാം വാർഡിൽ 1994 ൽ സ്ഥാപിച്ച കയർ പിരി (റാട്ട്) യൂണിറ്റാണ്. 9 പേർ തൊഴിൽ ചെയ്യുന്ന ഈ സ്ഥാപനം താരതമ്യേന നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 1995 ൽ ആരംഭിച്ച 1,4 വാർഡുകളിലെ വസ്ത്ര നിർമ്മാണ യൂണിറ്റുകളും ഒരുവിധം നല്ല നിലയിൽത്തന്നെ പ്രവർത്തിക്കുന്നുണ്ട്. 1995 ൽ തന്നെ 8 ാാം വാർഡിൽ സ്ഥാപിച്ച സരിഗ മെറ്റൽ ക്രഷിംഗ് യൂണിറ്റ് നന്നായി പ്രവർത്തി ച്ചിരുന്നു. എന്നാൽ ഇതിലെ തൊഴിലാളികളിൽ പലരും മറ്റു തൊഴിലുകൾ തേടിപ്പോയതു മൂലം ഇതിന്റെ പ്രവർത്തനം മന്ദഗതിയിലായിരിക്കുകയാണ്.

എല്ലാത്തൊഴിലുകളും മഹത്തരമാണെന്നുള്ള ഒരു സാമൂഹ്യാവബോധം ഉണർത്താൻ കഴിഞ്ഞാൽ ഇന്നിന്റെ തൊഴിൽ രാഹിത്യത്തിനൊരു പരിധി വരെ പരിഹാരമാകുമെന്നാശിക്കാം. വിദ്യാസമ്പന്നർക്ക് കാർഷികവൃത്തിയും അനുബന്ധ മേഖലകളും ധാരാളം തൊഴിൽ സാധ്യത യുള്ളതാണെങ്കിലും യുവതീ യുവാക്കൾ ഈ മേഖലകളിലേക്ക് കടന്നു വരുന്നില്ല. മികച്ച ഒരു തൊഴിൽ സംസ്ക്കാരം രൂപപ്പെടുത്തിയാൽ ഇന്നത്തെ സാമൂഹ്യ സാമ്പത്തിക പരിതാപാവസ്ഥയിൽ നിന്നും ഉയർത്തെഴുന്നേൽ ക്കാൻ നിർദ്ധനർക്ക് സാധ്യമാകും.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളും മറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും എടുത്തു പറയത്തക്കതോതിൽ ഇവിടെ നടക്കുന്നില്ല. അംഗൻവാടികൾ ബാലവാടികൾ മഹിളാ സമാജങ്ങൾ എന്നിവയുടെ പ്രവർത്തനവും നാമമാത്രമെന്ന് പറയാതെ വയ്യ. 5,10 വാർഡുകളിൽ ഓരോ അംഗൻവാടികളും 5,10,11 വാർഡുകളിൽ ഓരോ ബാലവാടി വീതവും 9 ാാം വാർഡിൽ പട്ടികജാതി നേഴ്സറിയും 5, 6, 7, 10 വാർഡുകളിൽ ഓരോ മഹിളാ സമാജങ്ങൾ വീതവും പ്രവർത്തിക്കുന്നുണ്ട്. താരതമ്യേന നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളുടെ സേവനം മറ്റ് പ്രദേശങ്ങളിലും അത്യന്താപേക്ഷിതമാണ്. ആരോഗ്യ ക്ഷേമ പ്രവർത്തന ങ്ങളും ഇവയുടെ ഒപ്പം തന്നെ പുരോഗമിപ്പിക്കേണ്ടതുണ്ട്. വെള്ളോട്ടു പുറം തേലത്തുരുത്ത്, വാഴവളപ്പ് പ്രദേശങ്ങൾ എല്ലാ വിധത്തിലും ദാരിദ്ര്യത്തിൽ രൂക്ഷത ഏറിയ പ്രദേശങ്ങളാണ്. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഈ പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടത് അനിവാര്യമാണ്. വെള്ളോട്ടു പുറത്തെ കക്കൂസുകളുടെ ശോച്യാവസ്ഥ പ്രത്യേക പരിഗണനയർഹിക്കുന്നു.

വിവിധയിനം പെൻഷനുകൾക്കും മറ്റ് സഹായ പദ്ധതികൾക്കും അർഹരായ വരുടെ എണ്ണം നിരവധിയാണെങ്കിലും അത് ലഭിക്കുന്നവരുടെ എണ്ണം തുലോം പരിമിതമാണ്. വിവിധ പെൻഷനുകളും സഹായങ്ങളും ലഭിക്കു ന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. വാർദ്ധക്യകാല പെൻഷൻ – 19
2. വികലാംഗ പെൻഷൻ – 5
3. വിധവാ പെൻഷൻ – 48
4. കർഷകത്തൊഴിലാളി പെൻഷൻ – 192
6. കാൻസർ രോഗികൾക്കുള്ള പെൻഷൻ – 3

ഇതിൽ വികലാംഗ പെൻഷൻ താലൂക്ക് ഓഫീസിൽ നിന്നും പഞ്ചായത്തോ ഫീസിലേക്ക് മാറ്റിയെങ്കിലും ബന്ധപ്പെട്ട ഫയലുകൾ ഇതേവരെ കൈമാറപ്പെട്ടിട്ടില്ല. ബഹുഭൂരിപക്ഷം വരുന്ന കെട്ടിട നിർമ്മാണ തൊഴിലാളികളും ജലക്ഷേനിധിയിൽ ചേർന്നിട്ടില്ല. ചേർന്നവർ തന്നെ ഇതിന്റെ വരിസംഖ്യ ഒടുക്കേണ്ടത് ബാങ്കിലാണെന്നതിനാൽ കൃത്യമായി പണമടയ്ക്കാറുമില്ല. കർഷക തൊഴിലാളികളിൽ ഭൂരിപക്ഷവും ക്ഷേമനിധിയിൽ ചേർന്നിട്ടുണ്ട് (1600 പേർ) . വിവിധ പെൻഷനുകളെപ്പറ്റി അതിനർഹരായവർ ബോധവാൻമാരല്ലാത്തതും അവർക്ക് സഹായം ലഭ്യമാകുന്നതിന് തടസ്സമാകുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിലുമുള്ള പ്രശ്നങ്ങളും സാധ്യതകളും ഗ്രാമസഭാ ചർച്ചകളുടെ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ –

അംഗൻവാടികളും ബാലവാടികളും വേണ്ടത്രയില്ല. ഉള്ളവയിൽത്തന്നെ വേണ്ട സൗകര്യങ്ങളില്ല. ഇവ ഇല്ലാത്ത പ്രദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ഉള്ളവയുടെ കുറവുകൾ പരിഹരിക്കുകയും ചെയ്യുക ഇതിനു വേണ്ടിവരുന്ന പ്രാഥമിക ചിലവുകൾ പ്രാദേശികതലത്തിൽ കണ്ടെത്താനും സാധ്യകളുണ്ട്. നല്ല പ്രവർത്തനം ഉറപ്പാക്കണമെന്നു മാത്രം.

വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് അതിനർഹരായവർ അജ്ഞരാണ് അവരെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താനും ലഭ്യമാക്കാനും ജനപ്രതി നിധികളുടെ സഹായത്തോടെ ഉദ്യോഗസ്ഥർ ശ്രമിക്കുന്നതിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് പല പദ്ധതികൾക്കും ഫണ്ട് ഉണ്ടാകുന്നില്ല. അവ വിതരണം ചെയ്യുന്ന മാനദണ്ഡങ്ങളും ദുരൂഹമാണ് അതുകൊണ്ട് ലഭ്യമായ ഫണ്ട് അർഹരായവർക്ക് നൽകുന്നതിന്

വേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കുകയും മുൻഗണനാക്രമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്താൽ അപേക്ഷകരുടെ തെറ്റിദ്ധാരണകൾ നീക്കുവാനും സാധിക്കും.

ട്രൈസം ട്രെയിനിംഗ് ലഭിക്കുന്നവരുടെ എണ്ണം വളരെക്കുറവാണ് മാത്രമല്ല പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാധ്യതകൾ ഉറപ്പു വരുത്തുന്നുമില്ല. അതുകൊണ്ട് കൂടുതൽ യുവതീയുവാക്കൾക്ക് തൊഴിൽ സാധ്യത ഉറപ്പു നൽകിക്കൊണ്ട് പരിശീലനം നൽകുക. വിവിധ സന്നദ്ധ സംഘടനകളുടെ യും സംരംഭകരുടെയും സേവനം നാം ഇതിനു ലഭ്യമാക്കാവുന്നതാണ്.

ഉദ്യോഗസ്ഥർ ഇന്നും ജനങ്ങളിലേക്ക് പൂർണ്ണമായും എത്തിയിട്ടില്ല. ഇവരുടെ സേവനം ആവശ്യമായ ജനങ്ങൾക്ക് ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്.

ഗാർഹിക തലത്തിൽ കൃത്യമായ ആസൂത്രണം നടത്തുന്നതിന് വേണ്ടി സാധാരണ ജനങ്ങൾക്ക് പരിശീലനം നൽകാവുന്നതും അതുവഴി ഭൗതിക ജീവിത സാഹചര്യങ്ങളും മുൻഗണനാ ക്രമത്തിൽ പൂർത്തിയാക്കപ്പെടുന്നു റപ്പിക്കുവാൻ സാധിച്ചാൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ദ്രുതഗതിയി ലുള്ള വളർച്ച സാധ്യമാക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

ഒരു നാടിന്റെ സംസ്ക്കാരം അവിടത്തെ ജനങ്ങളുടെ വൈയക്തികവും സാമൂഹ്യവുമായ ബന്ധപ്പെടലുകളുടേയും പ്രവർത്തനങ്ങളുടേയും സഞ്ചയമാണല്ലോ. സാമൂഹികമായിപ്പറഞ്ഞാൽ പുത്തൻവേലിക്കര പഞ്ചായത്ത് സാംസ്ക്കാരികമായി ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. നാളിതുവരെ രജിസ്റ്റർ ചെയ്യപ്പെട്ട വ്യവഹാരങ്ങളുടെ കണക്കുകൾ കാണിക്കുന്നത് ആരോഗ്യപരമായൊരു സാമൂഹ്യജീവിതം ഇവിടെ നിലനിന്നിരുന്നുവെന്നാണ്. സ്ത്രീ പീഡനക്കേസുകളും, പട്ടികജാതികൾ ക്കെതിരെയുള്ള അക്രമങ്ങളും ഇല്ല എന്നതും നമ്മുടെ ഗ്രാമത്തിന് അഭിമാന ത്തിനു വകനല്കുന്നു. സാമുദായിക സംഘർഷങ്ങൾ കലുഷമാക്കാത്ത വളരെ കുറവ് ഗ്രാമങ്ങളിൽ ഒന്ന് പുത്തൻവേലിക്കരയാണ്. കലാമേഖലയിൽ തനതായ സംഭാവനകൾ നൽകാനും നമ്മുടെ ഗ്രാമത്തിനായിട്ടുണ്ട്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും ഏതാണ്ട് ഒപ്പത്തിനൊപ്പമുള്ള പഞ്ചായത്താണ് പുത്തൻവേലിക്കര. 7 പ്രധാന ഹൈന്ദവ ദേവാലയങ്ങളും ഒട്ടനവധി കുടുംബ പ്രാദേശിക കോവിലുകളും ഉണ്ട്. ഏറ്റവും പഴക്കമേറിയ മാളവന ശിവക്ഷേത്രവും തൃക്കയിൽ വിഷ്ണുക്ഷേത്രവും ഏതാണ്ട് ഒരേകാലത്ത് പ്രൗഢിയോടെ നിലനിന്നിരുന്നതായും ഉത്സവങ്ങൾ നടന്നിരുന്നതായും പറയപ്പെടുന്നതിൽ നിന്ന് പഞ്ചായത്തിൽ ശൈവ വൈഷ്ണവ സമന്വയം നിലനിന്നിരുന്നുവെന്ന് തെളിയുന്നു. പ്രാചീന ഹൈന്ദവ കലാരൂപങ്ങളായ യക്ഷി തുള്ളൽ, കളമെഴുത്ത് പാട്ട്, മുടിയാട്ടം എന്നിവ ഇക്കാലത്തും ചില ദേവാലയങ്ങളിൽ നിലനില്ക്കുന്നു. ഒമ്പതു പ്രധാന ക്രിസ്ത്യൻ ദേവാലയങ്ങൾ പഞ്ചായത്തിലുണ്ട്. സെന്റ് ഫ്രാൻസിസ് അസ്സീസിപ്പള്ളി തുരുത്തിപ്പുറം, സെന്റ് തോമസ് പള്ളി തുരുത്തൂർ, സെന്റ് ജോർജ് പള്ളി മാളവന എന്നിവയാണ് ഏറ്റവും പഴയ ദേവാലയങ്ങൾ. തുരുത്തൂർ പള്ളിപ്പെരുന്നാൾ ജില്ലയിലെ തന്നെ ഏറ്റവും വലിയ ഉത്സവ ങ്ങളിൽ ഒന്നാണ്. നാനാ ജാതിമതസ്ഥർ ഇവിടെ സമ്മേളിക്കുന്നു. ദേവാലയങ്ങൾക്കു പുറമേ S.N.D.P. സംഘങ്ങൾ, ധീവര സംഘങ്ങൾ, N.S.S. കരയോഗം, കേരള പുലയർ മഹാസഭ എന്നിങ്ങനെ സാമുദായിക സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൊത്തത്തിൽ എല്ലാ സമുദായിക വിഭാഗങ്ങളും ഇണങ്ങിക്കഴിയുന്ന ഒരു സാമഞ്ജസ്യമാണ് പുത്തൻവേലിക്കരയുടെ മുഖമുദ്ര.

മൊത്തം ജനസംഖ്യയിൽ 51 ശതമാനത്തോളം സ്ത്രീകളാണ് പഞ്ചായത്തി ലുള്ളത്. സ്ത്രീ വിദ്യാഭ്യാസനിരക്ക് ഏതാണ്ട് പുരുഷ വിദ്യാഭ്യാസ നിരക്കിനു തുല്യമാണ്. മാത്രമല്ല സ്ത്രീകളുടെ പദവി പണ്ടുമുതലേ ഉന്നത മായിരുന്നുവെന്നുള്ളതിന് തെളിവാണ് പാലിയം സമരത്തിൽ പുത്തൻവേലി ക്കരയെ നയിച്ചത് ശ്രീമതി T.N. സുശീല ടീച്ചറാണ് എന്ന വസ്തുത. സ്ത്രീധന വ്യവസ്ഥ നിലവിലുണ്ടെങ്കിലും സ്ത്രീപീഡനം വളരെ വളരെ വിരളമാണ്. ഭസ്ത്രീകൾ അദൃശ്യരാണ്' എന്ന പ്രസ്താവവും പഞ്ചായത്തി നെ സംബന്ധിച്ചിടത്തോളം പ്രസക്തമാണെന്നു തോന്നുന്നില്ല.

വിവിധ വിഭാഗങ്ങളിലായി 11 ശതമാനം പട്ടികജാതിക്കാരും അതിലേറെ അവർണ്ണ ഹിന്ദുക്കളുമാണ് പഞ്ചായത്തിലുള്ളത്. തീരെയില്ലായിരുന്നു എന്നു പറയാനില്ലെങ്കിലും തീണ്ടൽ, തൊടീൽ, അയിത്തം തുടങ്ങിയ അനാചാര ങ്ങളുമായി ബന്ധപ്പെട്ട അക്രമങ്ങളൊന്നും തന്നെ കാരണവന്മാർക്കു പോലും ഓർമ്മയില്ല. ഇന്നത്തെ അവസ്ഥയാകട്ടെ യാതൊരു ഭേദചിന്തയുമില്ലാതെ ഇഴചേർന്നുള്ള ജീവിതം എല്ലാത്തുറയിലും കാണാനുമുണ്ട്. ഈ വക അനാചാരങ്ങളെ ഭയന്ന് ക്രിസ്തുമതം സ്വീകരിച്ചവരും തുലോം തുച്ഛമായ എണ്ണം മാത്രമേയുള്ളു.

സ്വാതന്ത്ര്യ ലബ്ധിയ്ക്കു മുമ്പുതന്നെ കലാരംഗത്ത് സദ് പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ നമ്മുടെ മുൻതലമുറയ്ക്കായിട്ടുണ്ട് എന്നതിന്റെ തെളിവാണ് 1940 കാലത്ത് രൂപം കൊണ്ട ചന്ദ്രനടന കലാസമിതിയും, ചവിട്ടു നാടക സംഘവും, പുത്തൻവേലിക്കരയുടെ ആദ്യകാല നാടകാവ തരണം മുഴുവൻ നിർവ്വഹിച്ചിരുന്നത് ചന്ദ്രനടന കലാ സമിതിയായിരുന്നു. തുരുത്തിപ്പുറത്ത് രൂപമെടുത്ത ചവിട്ടുനാടകസംഘം ഒട്ടേറെ ദൃശ്യവേദികൾ ഒരുക്കുകയും പ്രശസ്ത ആചാര്യനായ റപ്പാശാന്റെ കീഴിൽ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിൽ നിന്നുവരെ പുരസ്ക്കാരങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഇവിടെ ലളിതകലാ അക്കാദമി പുരസ്ക്കാരം ലഭിച്ച ശ്രീ E.C. ജോസഫിന്റെ സ്വാതന്ത്ര്യ ലബ്ധിയെത്തുടർ ന്നുണ്ടായ നവോത്ഥാന കാലത്ത് എളന്തിക്കരയിൽ രൂപമെടുത്ത ജയഭാരതം ആർട്സ് ക്ലബ്ബ് പഞ്ചായത്തിന്റെ കലാവേദിയിൽ മറക്കാനാവാത്ത ഭാഗമാണ് വഹിച്ചിരുന്നത്. എന്നാൽ മേൽപ്പറഞ്ഞ കലാസംഘടനകളെല്ലാം ഇന്ന് വിസ്മൃത

കോടിയിലാണ്. മാളവനയിൽ രൂപമെടുത്ത് ഒട്ടേറെ ആധുനിക നാടകങ്ങൾക്ക് അവതരണാവസരം നൽകുകയും മറ്റു കലാവിഭാഗങ്ങൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്ന യുവചേതനയും അംഗങ്ങൾ ഇല്ലാത്തതുകൊണ്ട് അകാലമൃത്യുവരിച്ചു. ഇന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട കലാ സംഘടനകൾ താഴെ പറയുന്നവയാണ്.

1. ചിന്ത തിയേറ്റേഴ്സ്
2. സംസ്ക്കാര
3. സിംഫണി
4. P.R.C.
5. സാൽമൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
6. നാദശ്രീ കലാ സാംസ്ക്കാരിക വേദി
7. യുവധാര ആർട്സ് & സ്പോർട്ട്സ്
8. ഫൈൻ ആർട്സ് സൊസൈറ്റി
9. നവജ്യോതി ആർട്സ് & സ്പോർട്സ് ക്ലബ്ബ്
10. ഗുരുസ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബ്
11. ശിവജി ആർട്സ് & സ്പോർട്സ് ക്ലബ്ബ്
12. വൈ.എസ്.കെ.എസ്
13. P.K.M. ആർട്സ് ക്ലബ്ബ്
14. വിന്നേഴ്സ് ക്ലബ്ബ്
15. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്
16. യുവധാര കലാവേദി
17. ഗ്യാഗ് ഓഫ് ഐലന്റ്
18. യുവജന സാംസ്ക്കാരിക വേദി
19. കലാസാംസ്ക്കാരിക വേദി
20. ലൈവ് ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ്
21. നളന്ദ ആർട്ട്സ് ക്ലബ്ബ്

കലോന്മുഖമായ ഗ്രാമത്തിന്റെ തുടിപ്പുകൾ ഏറ്റുവാങ്ങുന്നവയാണ് ഇവയെല്ലാമെങ്കിലും പ്രവർത്തനമാന്ദ്യം ഈ സംഘങ്ങളുടെ ഒരു ശാപമാണ്. മേൽപ്പറഞ്ഞ സംഘടനകളിൽ ഏറ്റവും പ്രമുഖം ഫൈൻ ആർട്ട്സ് സൊസൈറ്റിയാണ്. വർഷംതോറും ഏതാനും നാടകങ്ങൾക്ക് വേദിയൊരുക്കുകയും അവശ്യം ചില കലാവിഭാഗങ്ങൾക്ക് പരിശീലനം നല്കുകയും ചെയ്യുന്നുണ്ടെന്നതൊഴിച്ചാൽ ഒരു സംയോജിത സാംസ്ക്കാരിക കേന്ദ്രമെന്ന് പറയാനാവുന്നതല്ല സൊസൈറ്റിയുടെ പ്രവർത്തനം പോലും. നൃത്തനൃത്ത്യങ്ങൾ, നാടകം, കവിത, കഥ, ചിത്രരചന എന്നി മേഖലകളിൽ വൈയക്തിക മികവു പുലർത്തുന്ന ഒട്ടേറെ കലാകാരന്മാർ പഞ്ചായത്തിലുണ്ടെങ്കിലും അവസരങ്ങളുടേയും പ്രോത്സാഹനത്തിന്റെയും കുറവ് ഒരു മുരടിപ്പുണ്ടാക്കിയിട്ടുണ്ട്.

സാക്ഷരകേരള സൃഷ്ടിയുടെ കാലത്ത് പുത്തൻവേലിക്കര പഞ്ചായത്തിൽ നിരക്ഷരരായ 1894 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. വായനാശീലം പത്രമാസികകളിൽ മാത്രം ഒതുങ്ങേണ്ടി വന്നിരിക്കുന്ന ഒരവസ്ഥയാണ് ഗ്രാമത്തിന്റെ വിവിധ മേഖലകളിൽ. ശരിയായി പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥാലയമേ പഞ്ചായത്തിലുള്ളു ഒമ്പതാം വാർഡിൽ 1947ൽ ഡോ. സി.കെ. ശങ്കരൻ സ്ഥാപിച്ച ഗുരുസ്മാരക വായനശാല. റഫറൽ ഗ്രന്ഥ ശേഖരം വരെയുണ്ടായിരുന്ന ഈ ഗ്രന്ഥാലയത്തിന്റെ വളർച്ചയും ഇന്ന് ഒച്ചിന്റെ വേഗത്തിലാണ്. ഗ്രാമത്തിന്റെ മാറി വരുന്ന താല്പര്യങ്ങൾക്ക് നിദർശനമാണ് ഈ ഗ്രന്ഥാലയത്തിന്റെ ഒഴിഞ്ഞു കിടക്കുന്ന വായനശാല.

പത്രമാസികകളുടെ വ്യാപനം പഞ്ചായത്തിൽ വളരെ മുമ്പേ നടന്നിരുന്നു. സായാഹ്ന പത്രങ്ങൾ ഉൾപ്പെടെ 3000 പത്രങ്ങളും, സിനിമാ മാസികകൾ , തൊഴിൽ വാർത്തയടക്കം 2250 മാസികകളും ആഴ്ചപ്പതിപ്പുകളും 600 കുട്ടികളുടെ പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. മുൻപറഞ്ഞ വിവരങ്ങൾ വെളിവാക്കുന്നതുപോലെ ആനുകാലിക വിജ്ഞാന വ്യാപനം ഈ പഞ്ചായത്തിലും തകൃതിയായി നടക്കുന്നുവെന്നു പറയാം.

1960 കളിൽ സെന്റ് ജോർജ്ജ് പള്ളിയിൽ റവ. ഫാ. ജോർജ് ചിറമ്മൽ ആരംഭിച്ച സാമൂഹ്യ സേവാ സംഘമാണ് പാഞ്ചായത്തിലെ ആദ്യത്തെ നൂറു ശതമാന ജീവകാരുണ്യ സംഘടന. പട്ടിണിക്കാർക്ക് ആഹാരം, വസ്ത്രം, വിദ്യാർത്ഥികൾക്ക് പാർപ്പിടം എന്നിവ നൽകുന്നതിൽ ഇടവകയുടെ പരിധിയിലാണെങ്കിൽപ്പോലും ഒട്ടൊക്കെ ഈ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താക്കൾ ജാതിമത വ്യത്യാസമില്ലാതെ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. ഈ സംഘടന പിന്നീട് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ ലയിച്ച് പ്രവർത്തനം തുടർന്ന് പോരുന്നു. മറ്റൊരു പേരെടുത്തു പറയേണ്ട സംഘടനയാണ് ESSO എന്ന ചുരുക്കപേരിലറിയപ്പെടുന്ന എളന്തിക്കര സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ. 59 വീട്ടുകാർക്ക് പാർപ്പിടം നൽകാനും 25 കുടുംബങ്ങൾക്ക് പശുക്കളെ നൽകാനും സർവ്വോപരി പുതുക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 75000 രൂപ വായ്പ നൽകി അതിനെ പുനരുജ്ജീവിപ്പിയ്ക്കാനും ഈ സംഘടനയ്ക്കായിട്ടുണ്ട്.

സംസ്കാരിക രംഗം പഞ്ചായത്തുതലത്തിൽ ഉയർന്ന നിലവാരം പുലർത്തിയിരുന്നുവെന്നു നാം കണ്ടുവല്ലോ. ഭേദപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ ചിന്താപദ്ധതിയെത്തന്നെ മഹത്വവൽക്കരിയ്ക്കയും വിജ്ഞാന വ്യാപനം വർദ്ധിപ്പിക്കുകയും ചെയ്തു. സംഘർഷരഹിതമായൊരു അന്തരീക്ഷം സൃഷ്ടിയ്ക്കുവാനും ഈ സാംസ്ക്കാരിക പ്രബുദ്ധതയാണ് കാരണം. എന്നാൽ ഒട്ടേറെ സംഗതമായ പ്രശ്നങ്ങൾ നാം കാണാതിരുന്നിട്ടു കാര്യമില്ല.

1. തനതു പ്രതിഭകളെ കണ്ടെത്തി വളർത്താനുള്ള പദ്ധതികൾ ഒന്നും തന്നെയില്ല.

2. ഒരു സംയോജിത സാംസ്ക്കാരിക കേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

3. വാർഡു തോറും വേണ്ടതിനു പകരം പഞ്ചായത്തിൽ ഒമ്പതാം വാർഡിൽ മാത്രമേ ഒരു ഗ്രന്ഥാലയമുള്ളു. പ്രസ്തുത ഗ്രന്ഥാലയം തന്നെ അഗണ്യാവസ്ഥയിലുമാണ്.

4. പൊതു വായനശാലകളുടെ ആവശ്യം പഞ്ചായത്തിൽ വളരെയേറെയാണ്.

5. സാംസ്ക്കാരിക സ്ഥാപനങ്ങൾ പലതും മന്ദീഭവിച്ചുപോകുന്നതിനു കാരണം സാമ്പത്തിക ഞെരുക്കമാണ്.

6. തനതായ ഒരു സാംസ്ക്കാരിക വകുപ്പോ നയമോ നാളിതുവരെ പഞ്ചായത്തിലുണ്ടായിട്ടില്ല.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പഠിക്കുമ്പോൾ നമുക്കു മനസ്സിലാവുന്ന ആദ്യ വസ്തുത നമുക്ക് ഒരു സാംസ്ക്കാരിക നയം രൂപപ്പെടുത്താൻ എളുപ്പമാകുമെന്നാണ്. നിലവിലുള്ള സംഘടനകളെ ഏകോപിപ്പിക്കയും സാമ്പത്തികസഹായമുൾപ്പെടെ സഹകരണം നല്കി അവയെ പരിപോഷിപ്പിക്കുകയും ചെയ്യാവുന്നതാണ്. സംയോജിത സാംസ്ക്കാരിക കേന്ദ്രം മേൽപ്പറഞ്ഞ സാംസ്ക്കാരിക സംഘടനകളുടെ സഹകരണ

ത്തോടെ ആവിഷ്ക്കരിക്കാവുന്നതാണ്. അങ്ങനെ ചെയ്താൽ തനതു പ്രതിഭകളെ കണ്ടെത്തി ഭാരതത്തിന്റെ സാംസ്ക്കാരിക ചരിത്ര ത്തിൽ ഒരു അദ്ധ്യായം സ്വന്തം പേരിൽ കുറിയ്ക്കാനും പഞ്ചായത്തിനാകും.

**സാക്ഷരതാ പ്രസ്ഥാനം**

അറിവുള്ളവർക്കേ ജനാധിപത്യം സ്വപ്നം കാണാനവകാശപ്പെടൂ എന്നത് ബോധിപ്പിച്ച രാഷ്ട്രപിതാവിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് അറിവിന്റെ വ്യതിയാനങ്ങൾ കൊട്ടിയടക്കപ്പെട്ട് ജീവിക്കുവാൻ വിധിക്കപ്പെട്ടവർക്ക് അക്ഷരദീപം കൊണ്ട് വെളിച്ചമേകുന്നതിനുവേണ്ടി 1989 ജനുവരി മാസം 26–ാം തീയതി എറണാകുളം ജില്ലയിലാരംഭിച്ച സമ്പൂർണ്ണ സാക്ഷരതായജ്ഞത്തെ പുത്തൻവേലിക്കര പൂർണ്ണമായും ഉൾക്കൊണ്ടു. തത്ഫലമായി 778 പുരുഷന്മാരും 1126 സ്ത്രീകളും ഉൾപ്പെടെ ആകെയുണ്ടായിരുന്ന 1894 നിരക്ഷരിൽ 90 ശതമാനത്തിലധികം പേർ സാക്ഷരരായി മാറുകയുണ്ടായി. ഈ പരിപാടിയുടെ തുടക്കത്തിൽ തന്നെ ഇതിന്റെ മഹത്വത്തെ ഉൾക്കൊള്ളേണ്ട ഒട്ടേറെപേർ ഇതിലേക്ക് കടന്നു വരികയും ഇരുന്നൂറോളം ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 189 ക്ലാസ്സുകളിലൂടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുകയും ചെയ്തു. ഈ മഹാപ്രസ്ഥാനത്തിന്റെ ഹെഡ്മാസ്റ്റർ ട്രെയിനിയായി പ്രവർത്തിച്ചത് ശ്രീ. കെ. പരമുമാസ്റ്ററാണ്. 1990 ഏപ്രിൽ മാസം 14–ാം തീയതി ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. വി.പി. സിംഗ്, എറണാകുളം ജില്ലയെ ഇന്ത്യയുടെ പ്രഥമ സാക്ഷര ജില്ലയായി പ്രഖ്യാപിച്ചതോടെ പുത്തൻവേലിക്കരയും സമ്പൂർണ്ണ സാക്ഷരയായി മാറി. നാടിന്റെ നന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി വമ്പിച്ച ജനമുന്നേറ്റം സാധ്യമാക്കാമെന്ന് തെളിയിച്ച ഒരു സംരംഭമായിരുന്നു ഇത്.

സാക്ഷരതാ പ്രസ്ഥാനത്തിന്റെ സ്മരണ നിലനിർത്തുന്ന സ്ഥാപനമാണ് പഞ്ഞിപ്പള്ളിയിലെ ജനവിദ്യാകേന്ദ്രം ഇത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ JRY ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

## 9 വനിതാക്ഷേമം

1991ലെ സെൻസസ് പ്രകാരം 25615 ജനസംഖ്യയുള്ള പുത്തൻവേലിക്കര പഞ്ചായത്തിലെ ആകെ സ്ത്രീകളുടെ എണ്ണം 13116 ആണ്. ജനസംഖ്യ യുടെ 51.20% വരും. ഇതിൽ 1299 പേർ 6 വയസ്സിൽ താഴെയുള്ള പെൺകുട്ടികളാണ്. പട്ടികജാതിയിൽപെട്ട 1434 സ്ത്രീകളാണുള്ളത്. ജനസംഖ്യയിൽ സ്ത്രീപുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1049 സ്ത്രീകളാണ്. ഇത് ജില്ലാ ശരാശരിയേക്കാളും, സംസ്ഥാന ശരാശരിയേക്കാ ളും കൂടുതലാണ്. എന്നാൽ സമീപകാലത്ത് പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. 6 വയസ്സിനു താഴെയുള്ള 1299 പെൺ കുട്ടികളുള്ളപ്പോൾ ആൺകുട്ടികളുടെ എണ്ണം 1434 ആണ്. ഇത് 1000 ആൺകുട്ടികൾക്ക് 922 പെൺകുട്ടികൾ മാത്രമേ ആകുന്നുള്ളു. ഇവിടുത്തെ സ്കൂളുകളിലും പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ കുറവാണെങ്കിലും ഇതിന്റെ പ്രതിഫലനമാണെന്നു തോന്നുന്നില്ല. ആകെയുള്ള 3356 കുട്ടികളിൽ 48.4 ശതമാനമാണ് പെൺകുട്ടികൾ (1626) ഇവരിൽ പട്ടികജാതിയിൽപ്പെട്ട 265 പെൺകുട്ടികളാണുള്ളത്. ഇത് പട്ടിക ജാതിയിൽപ്പെട്ട കുട്ടികളുടെ 47.5 ശതമാനം വരും. സ്കൂളുകളിലെ മൊത്തത്തിലുള്ള സ്ഥിതി ഇതാണെങ്കിലും ഒന്നാം ക്ലാസ്സിലെ മാത്രം കണക്കുകൾ പരിശോധിച്ചാൽ പെൺകുട്ടികൾ കൂടുതലാണെന്നു കാണാം. ഒന്നാം ക്ലാസ്സിൽ ആകെയുള്ള 239 കുട്ടികളിൽ 132 പേർ പെൺകുട്ടികളാണ് (55.23%) സ്കൂളുകളിലെ പൊതുസ്ഥിതിക്കു വിപരീതമായി കോളേജു വിദ്യാഭ്യാസത്തിനു പോകുന്നവരിലധികവും പെൺകുട്ടികളാണ്. പട്ടികജാതിയിൽപെട്ട കുട്ടികളിൽ പൊതുവേ വിദ്യാഭ്യാസം കുറവായി കാണുന്നു. ടൈപ്പ്റൈറ്റിംഗ് ഒഴികെ മറ്റു സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുന്ന പെൺകുട്ടികൾ പഞ്ചായത്തിൽ കുറവാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രീകൾ ഇവിടെ ധാരാളമുണ്ട്. എന്നാൽ ഉന്നത പ്രൊഫഷണൽ ബിരുദധാരികൾ നാമ മാത്രമാണ്. സ്ത്രീ സാക്ഷരതാ നിരക്ക് 90.5% ശതമാനമാണ്.

ആരോഗ്യകാര്യങ്ങളിൽ സ്ത്രീകളുടെ നില പുരുഷന്മാരുടേതിനേക്കാൾ മോശമാണ്. രോഗാതുരത സ്ത്രീകളിൽ കൂടുതലായി കാണുന്നു. 48 കിടക്കകളുള്ള ഒരു സർക്കാർ ആശുപത്രിയുണ്ടെങ്കിലും സ്ത്രീരോഗ വിദഗ്ദ്ധരുടെ സേവനം ലഭ്യമല്ല. 3, 6, 8, 9 വാർഡുകളിലായി 4 പി.എച്ച്. സബ്സെന്ററുകളുണ്ടെങ്കിലും അവിടങ്ങളിൽ ഡോക്ടറുടെ സേവനം മതിയായ തോതിൽ ലഭ്യമല്ല. പ്രത്യേകിച്ച് സ്ത്രീ–ശിശുരോഗ വിദഗ്ദ്ധരുടെ സർക്കാർ ആശുപത്രിയിലും പി.എച്ച്.സെന്ററുകളിലും രണ്ടു സ്വകാര്യ ആശുപത്രിയിലും ചികിത്സയ്ക്കായെത്തുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളും കുട്ടികളുമാണ്. പഞ്ചായത്തിലെ ജനന നിരക്ക് 14 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പോഷകാഹാരക്കുറവ് ചില പ്രദേശങ്ങളിലെ സ്ത്രീകളിൽ കാണുന്നുണ്ട്. പോഷകാഹാര വിതരണ സംവിധാനം പഞ്ചായത്തിലില്ല.

സാമാന്യവിദ്യാഭ്യാസവും ഉപരിവിദ്യാഭ്യാസവും ലഭിച്ചിട്ടുള്ളവരാണെങ്കിലും തൊഴിലെടുക്കുന്ന സ്ത്രീകൾ വളരെ കുറവാണ്. ഇതിനു പ്രധാന കാരണം തൊഴിലവസരങ്ങളില്ലാത്തതാണ്. ഗതാഗതവും, വാർത്താവിനിമയവുമുൾ പ്പെടെ സേവനമേഖലയിൽ ജോലിചെയ്യുന്ന 477 സ്ത്രീകളാണ് ഇവിടെയു ള്ളത് അവരിൽ അധികം പേരും പഞ്ചായത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. ഇവിടുത്തെ വിദ്യാലയങ്ങളിലെ അദ്ധ്യാപക രിൽ സിംഹഭാഗവും സ്ത്രീകളാണ്. ഇവരിൽ പലരും പഞ്ചായത്തിനു പുറത്തുള്ളവരാണ്. സർക്കാർ – സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരിൽ കൂടുതലും സ്ത്രീകളാണ്. ഇവയെ കൂടാതെ സേവന മേഖലയിൽ ഇവിടെ തൊഴിലവസരങ്ങൾ ഇല്ലെന്നു തന്നെ പറയാം.

ഉല്പാദന മേഖലയിൽ പ്രധാനമായും കൃഷി, കെട്ടിട നിർമ്മാണം, ഇഷ്ടിക വ്യവസായം, കയർ വ്യവസായം, ഓട്ടുകമ്പനി, കരിങ്കൽ പണി, തയ്യൽ എന്നീ തുറകളിലാണ് സ്ത്രീകൾ കൂടുതലായും തൊഴിലെടുക്കുന്നത്. തയ്യലറിയാവുന്ന ധാരാളം പെൺകുട്ടികൾ പഞ്ചായത്തിലുണ്ടെങ്കിലും ഉപജീവനത്തിനായി

ഇതിനെ പൂർണ്ണമായും ഉപയോഗിക്കുവാൻ ഇവർക്ക് കഴിയുന്നില്ല. ഓട്ടുകമ്പനിയിൽ ജോലിചെയ്യുന്നവർ ജോലിതേടി പഞ്ചായത്തിനു പുറത്ത് ആജൂർ, അന്നവ നട, അഷ്ടമിച്ചിറ, ചാലക്കുടി, മാഞ്ഞാലി മുതലായ സ്ഥലങ്ങളിലാണ് പോകുന്നത്. ഇവിടെയെല്ലാം വളരെ കുറഞ്ഞ നിരക്കിലാണ് ഇവർക്കു വേതനം ലഭിക്കുന്നത്. മറ്റു ചില മേഖലകളിലും സ്ത്രീകളുടെ കൂലി നിരക്ക് പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. കെട്ടിട നിർമ്മാണ രംഗത്ത് സ്ത്രീതൊഴിലാളിക്ക് 6065 രൂപ കൂലി ലഭിക്കുമ്പോൾ പുരുഷന്മാർക്ക് 85 രൂപ ലഭിക്കുന്നുണ്ട്. ഇഷ്ടിക വ്യവസായത്തിൽ സ്ത്രീതൊഴിലാളികൾക്ക് 60 രൂപ കൂലി ലഭിക്കുന്ന ഇവിടെ സ്ത്രീകളും പുരുഷന്മാരും ഒരേ ജോലികളല്ല ചെയ്യുന്നത്. അതിനാൽ സ്ത്രീപുരുഷ അന്തരം പ്രകടമല്ല. കാർഷിക മേഖലയിൽ സ്ത്രീകൾക്ക് 50 രൂപയാണ് കൂലി നിരക്ക്. ഈ മേഖലയിൽ വ്യത്യസ്ഥ ജോലികളാണ് സ്ത്രീകളും പുരുഷന്മാരും ചെയ്യുന്നത്. അതിനാൽ നിരക്കിൽ പ്രകടമായ വ്യത്യാസം ദൃശ്യമല്ല. കയർവ്യവസായത്തിൽ പീസ് റേറ്റാണ് നിലവിലുള്ളത്. അതിനാൽ ഇവിടെയും വിവേചനമുണ്ടെന്നു പറയുവാനാവില്ല. കരിങ്കൽ മടകളിൽ സ്ത്രീതൊഴിലാളികൾക്ക് 60 മുതൽ 95 വരെ കൂലി ലഭിക്കുന്നു. ഇവിടെയും സ്ത്രീകളും, പുരുഷന്മാരും ഒരേ ജോലികളല്ല ചെയ്യുന്നത്. കയർ, കാർഷിക മേഖലകളിൽ നിന്ന് സ്ത്രീ തൊഴിലാളികളുടെ ഒഴിഞ്ഞു പോക്ക് വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതിനു കാരണം ഈ മേഖലകളിലെ കൂലി കുറവും കയർ ,വ്യവസായം നേരിടുന്ന തകർച്ചയുമാണ്. നാനൂറോളം തൊഴിലാളികൾ (സ്ത്രീയും, പുരുഷന്മാരും ഉൾപ്പെടെ) ജോലി ചെയ്തിരുന്ന സഹകരണ മേഖലയിലുള്ള ഒരു കയർ വ്യവസായത്തിൽ ഇന്ന് കേവലം 35 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ഇവരിൽ 20 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ഇവരിൽ 20 പേർ സ്ത്രീകളാണ്. താരതമ്യേന കൂലി കൂടുതലുള്ള കെട്ടിട നിർമ്മാണം, ഇഷ്ടിക വ്യവസായം എന്നീ മേഖലകളിലേക്കാണ് ഇവർ മിക്കവാറും ചേക്കേറുന്നത്. ഏതാനും വർഷങ്ങൾക്കു മുമ്പു വരെ വ്യാപകമായുണ്ടായി രുന്ന പായ നെയ്ത്ത്, ഈറ്റ, മുള എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, കളിമൺപാത്ര നിർമ്മാണം എന്നീ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഇന്ന് ഏതാണ്ട് ഇല്ലാതായിരിക്കുന്നു. ധാരാളം സ്ത്രീകൾ ഈ രംഗത്ത് തൊഴിൽ ചെയ്തിരുന്നു. ഇവയെ പുനരുജ്ജീവിപ്പിക്കുകയും, ഉല്പന്നങ്ങൾ നവീകരിക്കുകയും, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ചെയ്യണം. താരതമ്യേന കായികാദ്ധ്വാനം കുറഞ്ഞ കാർഷിക ജോലികളിൽ നിന്ന് കായികാദ്ധ്വാനമേറിയ കെട്ടിട നിർമ്മാണം, ചുമട്ടുപണി മുതലായ മേഖലകളിലേക്കുള്ള സ്ത്രീതൊഴിലാളികളുടെ കുടിയേറ്റം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. മത്സ്യവിപണനം തൊഴിലാക്കി യിട്ടുള്ള 100 ഓളം സ്ത്രീകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. പഞ്ചായത്തിലെ മൂന്നിലൊന്നു വീട്ടമ്മമാർ ആടുമാടുവളർത്തൽ, കോഴി വളർത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് മിക്കവാറും സ്ത്രീകളാണു പോകുന്നത്.

നിലവിൽ വിധവാപെൻഷൻ ലഭിക്കുന്ന 48 പേരാണ് പഞ്ചായത്തിലുള്ളത്. അർഹതയുള്ള ധാരാളം പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നില്ല. പല വിധവകളുടേയും കുടുംബങ്ങളിലെ സ്ഥിതി ശോചനീയമാണ്. I.C.D.S. പദ്ധതി പ്രകാരമുള്ള അംഗൻവാടികളൊന്നും പഞ്ചായത്തിലില്ല. അല്ലാതെ യുള്ള 9 അംഗൻവാടികൾ പഞ്ചായത്തിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല. സ്ത്രീകളുടെ നേതൃത്വ ത്തിലുള്ള പാറക്കടവ് ബ്ലോക്ക് വനിതാ സഹകരണ സംഘം 1985 മുതൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ 1432 അംഗങ്ങളുണ്ട്. വനിത കളുടെ നേതൃത്വത്തിലുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വനിതകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങളൊന്നും സഹകരണസംഘം നടത്തുന്നില്ല. ചാരിറ്റബിൾ സൊസൈറ്റി ചെറിയ തോതിലുള്ള ചില പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. D.W.C.R.A. പദ്ധതിയിലൂടെ നടത്തുന്ന കാവലംകുഴി ചിറയിലുള്ള കയർ യൂണിറ്റിൽ 9 സ്ത്രീകൾ ജോലി ചെയ്യുന്നു. ഈ സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഖാദി ബോർഡിന്റെ കീഴിൽ രണ്ടു നൂൽനൂൽപ് കേന്ദ്രങ്ങൾ ഇളന്തിക്കരയിലും, പുത്തൻവേലിക്കരയിലുമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ അമ്പതോളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് പ്രതിമാസം 200 രൂപ മുതൽ 400 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. D.W.C.R.A. പദ്ധതിയിലൂടെ തന്നെ സ്ഥാപിച്ച പ്രിയദർശിനി വസ്ത്രാലയത്തിലും 9 പേർ ജോലി ചെയ്യുന്നു. ഇതും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. D.W.C.R.A. പദ്ധതി പ്രകാരമുള്ള മൂന്നാമതൊരു യൂണിറ്റുകൂടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൊടുകുത്തിയ കുന്നിലുള്ള കരിങ്കൽ വ്യവസായ യൂണിറ്റാണത്. 15 പേർ ചേർന്ന് ആരംഭിച്ച് ഈ യൂണിറ്റിൽ ഇപ്പോൾ 5 പേർ മാത്രമേയുള്ളു. കരിങ്കൽ വാങ്ങി ഉടച്ചു മെറ്റലാക്കി വിൽക്കുന്ന യൂണിറ്റാണിത്. കൂലി കുറവു മൂലം മറ്റുള്ളവർ ഈ ജോലി ഉപേക്ഷിച്ചു പോയി. കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ വനിതകൾ സഹകരണാടിസ്ഥാനത്തിൽ നടത്തുന്ന ഒരു കരിങ്കൽ വ്യവസായം തുരുത്തിപ്പുറത്തുണ്ട്. ഇതിനു പുറമേ സ്വയംതൊഴിൽ സംരംഭമായി സ്ത്രീകൾ നടത്തുന്ന മേൽപറഞ്ഞപോലുള്ള ഒരു കരിങ്കൽ വ്യവസായം പഞ്ചായത്തിലെ മാനം ചാരിക്കുന്നു ഭാഗത്തുണ്ട്. ഇവ സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പട്ടികജാതി സ്ത്രീകൾ നടത്തുന്ന ഒരു കൈത്തറി നെയ്ത്തുശാല പ്രവർത്തിക്കുന്നുണ്ട്. (SC/ST. വനിതാ കോപ്പറേറ്റീവ് സൊസൈറ്റി). ഇവിടെ 15 സ്ത്രീകൾ ജോലി ചെയ്യുന്നു. ഇതും നഷ്ടത്തിലാണു പ്രവർത്തിക്കുന്നത്. വനിതകൾക്കുകൂടി പങ്കാളിത്ത മുള്ള മാളവനയിലെ കരിങ്കൽ സൊസൈറ്റികൾക്കുവേണ്ടി പങ്കാളിത്തമുള്ള മാളവനയിലെ കരിങ്കൽ സൊസൈറ്റിയിൽ 51 സ്ത്രീകൾ പണിയെടുക്കുന്നു. ഇവരുടെ നില പരിതാപകരമാണ്. പഞ്ചായത്തിനകത്തും പുറത്തുമുള്ള ഇഷ്ടിക വ്യവസായങ്ങളിൽ 400 ഓളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. ഇവിടങ്ങളിലൊന്നും പ്രാഥമിക സൗകര്യങ്ങളില്ല. ഇവിടെ ആൺപെൺ ഭേദമില്ലാതെ കുറഞ്ഞകൂലി നിരക്കിൽ കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമെ തയ്യലും മറ്റുമായി ചില ഒറ്റപ്പെട്ട തൊഴിൽ സംരംഭങ്ങളും സ്ത്രീകളുടേതായിട്ടുണ്ട്. ഇങ്ങനെ വിവിധ മേഖലയിലായി തൊഴിലെടുക്കുന്ന 1775 സ്ത്രീകളാണ് പഞ്ചായത്തിലുള്ളത്. ബാക്കിയുള്ള വലിയൊരു ഭാഗം സ്ത്രീകളും തൊഴിൽ രഹിതരാണ്. ജനസംഖ്യയിൽ 51 ശതമാനത്തിലേറെ വരുന്ന സ്ത്രീകളുടെ അദ്ധ്വാനശേഷികൂടി

പ്രയോജനപ്പെടുത്താതെ നമ്മുടെ സമ്പദ് ഘടനയ്ക്ക് മുന്നേറാനാവില്ല. അതുകൊണ്ട് ആ വഴിക്കുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കണം.

പഞ്ചായത്തിലെ തൊഴിൽ വിഭജനം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

തൊഴിൽ പ്രാതിനിധ്യം

| തൊഴിൽമേഖല | പു. | സ്ത്രീ. | ആകെ |
|---|---|---|---|
| കർഷകർ | 411 | 63 | 474 |
| കർഷകതൊഴിലാളികൾ | 745 | 529 | 1274 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | 1043 | 31 | 1074 |
| ഖനനം ( | 201 | 63 | 264 |
| പാറപൊട്ടിക്കൽ, കല്ലുവെട്ട്, | | | |
| കിണർ കുഴിക്കൽ) | | | |
| കുടിൽ വ്യവസായങ്ങൾ | 926 | 410 | 1336 |
| നിർമ്മാണ തൊഴിലാളികൾ | 829 | 76 | 968 |
| ഗതാഗതം വാർത്താവിനിമയം | 360 | 72 | 432 |
| മറ്റ് സേവന മേഖലകൾ | 580 | 405 | 985 |
| | 5855 | 1775 | 7630 |

അവലംബം: 1991 ലെ സെൻസസ്

പഞ്ചായത്തിൽ വനിതാ സമാജങ്ങളൊഴികെ സംഘടനകളിലൊന്നിലും വനിതാ നേതൃത്വമില്ല. ഇരുപതോളം വനിതാ സമാജങ്ങൾ നിലവിലുണ്ടെ ങ്കിലും മിക്കവയും പ്രവർത്തന രഹിതമോ നാമമാത്രമായി പ്രവർത്തിക്കു ന്നവയോ ആണ്. തൃപ്തികരമായി പ്രവർത്തിക്കുന്ന മഹിളാസമാജം ഒന്നു പോലുമില്ല. ബഹുജന സംഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവാണ്. സാമൂഹ്യപശ്ചാത്തലം - പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവം - ഇവരെ മോശമായി ചിത്രീകരിക്കുന്ന പ്രവണത, സ്ത്രീ സ്വാതന്ത്ര്യക്കുറവ്, സർവ്വോപരി ഇക്കാര്യത്തിൽ സ്ത്രീകൾക്കുള്ള അലസമനോഭാവവും, താല്പര്യക്കുറവും ഇതിനു കാരണങ്ങളാണ്. സ്ത്രീ - സ്ത്രീപീഡനം ചെറിയ തോതിലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നുണ്ട്. ചാരായ നിരോധന ത്തിനുശേഷം ഈ സ്ഥിതിക്ക് ഏറെ കുറവു വന്നിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് തുരുത്തിപ്പുറം മേഖലയിൽ വ്യാജചാരായം പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഇതുമൂലം ചില കുടുംബ ങ്ങളിലെങ്കിലും അസമാധാനത്തിന്റെ സൂചനകളുണ്ട്. സ്ത്രീകളോടുള്ള അതിക്രമം ചില പ്രദേശങ്ങളിൽ നാമമാത്രമായെങ്കിലും ഉണ്ടാകാറുണ്ട്. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന ചില പോസ്റ്ററുകൾ ഇടയ്ക്കൊ ക്കെ പ്രത്യക്ഷപ്പെടുന്നു. ഇവയെ തടയേണ്ടതുണ്ട്.

കലാകായിക രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം പൊതുവേ കുറഞ്ഞു കാണുന്നു. നദികളാൽ ചുറ്റപ്പെട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ നീന്തൽ, ഡൈവിംഗ് മുതലായവയിൽ പ്രാവീണ്യമുള്ള സ്ത്രീകളും പെൺകുട്ടികളുമുണ്ട്. ഇത്തരം കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർ ത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. നൃത്തകലയിൽ താല്പര്യമുള്ള ഏറെ പെൺകുട്ടികൾ നമ്മുടെ ഗ്രാമത്തിലുണ്ട്. കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളൊന്നും ഇവിടെയില്ല. വായനാശീലം വളർത്തുന്നതിനും, ബൗദ്ധിക വികാസത്തിനും മറ്റും സഹായകമായ ഏകസ്ഥാപനം - ഇളന്തിക്കരയിലെ ഗുരുസ്മാരക വായനശാല മാത്രമാണ്. ഇത് പഞ്ചായത്തിലെ മുഴുവൻ പേരുടേയും ആവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമാണ്. വനിതകൾക്ക് തൊഴിൽ പരിശീലനം നല്കുന്ന പദ്ധതികളൊന്നും പഞ്ചായത്തിലില്ല. അതുകൊണ്ട് പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടേയും സർവ്വതോന്മുഖമായ വളർച്ചയ്ക്കുതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങൾ

സ്ത്രീകളുടെ തൊഴിലില്ലായ്മ - പ്രത്യേകിച്ചും അഭ്യസ്ത വിദ്യരുടെ

ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ

ആശുപത്രിയിൽ സ്ത്രീരോഗ വിദഗ്ദ്ധരുടെ സേവനം ലഭ്യമല്ല.

ഒറ്റപ്പെട്ടുകിടക്കുന്ന ചെറുകടപ്പുറം - തേലത്തുരുത്ത് - കോഴിത്തുരുത്ത്

പ്രദേശങ്ങളിൽ പി.എച്ച് സെന്ററുകളില്ല.

കൂലിയിൽ സ്ത്രീ വിവേചനം

സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങളില്ല.

നിലവിലുള്ള തൊഴിൽ സാദ്ധ്യതകൾ കുറയുന്നു.

കാർഷിക - കുടിൽ വ്യവസായമേഖലകളിൽ നിന്നുള്ള ഒഴിഞ്ഞു പോക്ക്.

കന്നുകാലി വളർത്തൽ, കോഴിവളർത്തൽ മുതലായ മേഖലകളിൽ സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല.

വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഫലപ്രദമായി ഉപയോഗ പ്പെടുത്തുവാൻ കഴിയുന്നില്ല.

സ്വയംതൊഴിൽ സംരംഭസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

തയ്യൽ അനുബന്ധതൊഴിലറിയുന്ന ധാരാളം പേരുണ്ടെങ്കിലും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

വനിതാ സമാജങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല.

നേതൃത്വം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പരിപാടികളില്ല.

സ്ത്രീകൾക്ക് ആനുപാതികപ്രതിനിധ്യം ഒരു മേഖലയിലും ലഭിക്കുന്നില്ല.

പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

സ്ത്രീപീഡനം

വ്യാജചാരായത്തിന്റെ പുനരവതാരം

കലാകായിക രംഗങ്ങളിലെ അവസരകുറവ്.

വായനശാലകളുടെ അഭാവം

വനിതകൾക്കായി കളിസ്ഥലമില്ല

വൈദഗ്ദ്ധ്യ പോഷണ സാദ്ധ്യതയില്ല.

തൊഴിൽ പരിശീലന സൗകര്യങ്ങളില്ല.

കോളേജ് ഉന്നത വിദ്യാഭ്യാസത്തിന് വളരെദൂരെ പോകണം.

പൊതുസ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും, തൊഴിലിടങ്ങളിലും പ്രാഥമികാ വശ്യങ്ങൾ നിറവേറ്റുന്നതിനു സൗകര്യങ്ങളില്ല.

നദീതീരത്ത് ആവശ്യത്തിന് കുളിക്കടവുകളില്ല.

നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

പുത്തൻവേലിക്കര സർക്കാരാശുപത്രയിൽ സ്ത്രീരോഗ വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ചെറുകടപ്പുറം, തേലത്തുരുത്ത് വാർഡുകൾക്കായി ഒരു പി.എച്ച് സബ്ബ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ പ്രേരണ ചെലുത്താവുന്നതാണ്.

സ്ത്രീകളുടെ സഹകരണസംഘം രൂപീകരിച്ച് ചെറുകിട - കുടിൽ വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. തയ്യലറിയാവുന്ന ധാരാളം പെൺകുട്ടികളുള്ള ഇവിടെ പഞ്ചായത്തടിസ്ഥാ നത്തിൽ റെഡിമേയ്ഡ് കേന്ദ്രത്തിന്റെ മാതൃ യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുള്ളവർക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ സംവിധാനമുണ്ടാക്കാനും വസ്ത്രങ്ങളുടെ വിപണനത്തിന് സാദ്ധ്യതകൾ കണ്ടെത്തുന്നതിനും ശ്രമിക്കാനാവും.

ചെറുകിട ഇലക്ട്രോണിക് വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്.

ഉദാ: ഇലക്ട്രോണിക് ചോക്ക്.

പഞ്ചായത്തിൽ സുലഭമായി ഉണ്ടാകുന്ന ചക്കപ്പഴവും മറ്റു പഴങ്ങളും ഉപയോഗപ്പെടുത്തി ജാം മുതലായ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെയാണ്.

പഞ്ചായത്തിൽ പൊതുവേയും, ചെറുകടപ്പുറം, തേലത്തുരുത്ത് ഭാഗങ്ങളിൽ പ്രത്യേകിച്ചും പനമ്പനെയ്ത്തിന് ഏറെ സാദ്ധ്യതയുണ്ട്. ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ട് പനമ്പ്നെയ്ത്ത് വ്യവസായം ആരംഭിക്കാ വുന്നതാണ്.

കളിമണ്ണുപയോഗിച്ചുള്ള കരകൗശലവസ്തുക്കൾ, ചെടിച്ചട്ടി നിർമ്മാണം എന്നിവ ഏറെ വിപണന സാദ്ധ്യതകളുള്ളതാണ്.

പായനെയ്ത്ത്, കൈത്തറി മുതലായവയെ പ്രോത്സാഹിപ്പിക്കുന്നതിനും അവയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും ശ്രമിക്കാവുന്നതാണ്.

സ്ത്രീകളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അച്ചാർ, കറിപൗഡർ മുതലായവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് ഗുണനിലവാരവും, വിപണിയും ഉറപ്പുവരുത്തുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു മഹിളാസമാജവും അതിന്റെ നേതൃത്വത്തിൽ വാർഡുതോറും മഹിളാസമാജങ്ങൾ രൂപീകരിച്ച് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കണം. വികസന പ്രവർത്തനങ്ങളിൽ ഇവയെ പങ്കാളിയാക്കുവാൻ സാധിക്കും.

സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പാക്കുകയും സ്ത്രീധനത്തി നെതിരെ ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനായി സാമൂഹിക-സാംസ്ക്കാരിക-വനിതാ പ്രസ്ഥാനങ്ങളെ സജ്ജമാക്കുവാൻ സാധിക്കും.

സ്ത്രീധന പീഢനത്തിനും, സ്ത്രീകളുടെ നേരെയുള്ള കടന്നാക്രമണങ്ങൾ ക്കുമെതിരെ പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും, നിയമപരമായ നടപടികൾക്ക് ബ്ലോക്ക് -ജില്ല തലത്തിൽ ലീഗൽ സെല്ലുകൾ ക്കും രൂപം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സാധ്യമാക്കുവാൻ കഴിയും.

വ്യാജചാരായ വിൽപനയ്ക്കെതിരെ കർശനനടപടികളെടുക്കുകയും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്നതിന് സർക്കാരിൽ പ്രേരണ ചെലുത്തുകയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനും സാദ്ധ്യമാണ്. കലാകായികരംഗത്തെ പ്രവർത്തനങ്ങളെ പോഷിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കലാകായികവേളകൾ നടത്തുകയും, വർദ്ധിച്ച തോതിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുവാനാകും.

ചെറുകടപ്പുറം ഭാഗത്ത് ചാലക്കുടിയാറിന്റെ തീരത്ത് സ്ത്രീകൾക്കു വേണ്ടി ഒരു കുളിക്കടവ് ഉണ്ടാക്കുക എന്നത് ബഹുജന പങ്കാളിത്തത്തോടെ എളുപ്പം സാധിക്കാവുന്നതേയുള്ളു.

## 10. സഹകരണമേഖല

ജനകീയ സ്വഭാവം നിലനിൽക്കുന്ന സ്ഥാപനങ്ങളാണ് സഹകരണ സംഘങ്ങൾ. തുറന്ന അംഗത്വവും ജനകീയ ഭരണവും അവയുടെ സവിശേഷതകളാണ്.

പുത്തൻവേലിക്കര പഞ്ചായത്തിലെ പ്രസ്ഥാനത്തിന് ദീർഘകാലത്തെ ചരിത്രമുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ ആവേശം നിലനിന്നിരുന്ന കാലത്താണ് തിരുത്തിപ്പുറം സഹകരണ സംഘത്തിന് രൂപം നൽകുന്നത്. ബ്രിട്ടീഷ് ഭരണത്തെ അനുകൂലിച്ചിരുന്ന ജന്മി വർഗ്ഗം സാധാരണക്കാരായ കൃഷിക്കാരെ ചൂഷണം ചെയ്യാൻ തുടങ്ങി. നാട്ടിൽ പണമിടപാടു സ്ഥാപനങ്ങൾ ഒന്നുമില്ലായിരുന്നു. പാവപ്പെട്ട കൃഷിക്കാർ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമീപിച്ചിരുന്നത് ജന്മിമാരെയാണ്. ഭൂമി പണയപ്പെടുത്തി പണം കടം വാങ്ങിയ കൃഷിക്കാർക്ക് അവരുടെ സ്വന്തം കിടപ്പാടങ്ങളും ഭൂമിയും നഷ്ടപ്പെട്ടു. ജന്മിമാർ അവരുടെ ഭൂമി വഞ്ചിച്ചെടുത്തു.

ഈ ജന്മിനാടുവാഴിത്ത വ്യവസ്ഥിതിക്കെതിരെ നടന്ന ജനമുന്നേറ്റമാണ് തുരുത്തിപ്പുറം സഹകരണസംഘത്തിന്റെ ആവിർഭാവത്തിന് കാരണമായത്. പാവപ്പെട്ട കർഷകരെ സംഘടിപ്പിച്ച് ഒരു കാർഷികസംഘം കൊല്ല വർഷം 1104 ൽ രൂപംകൊണ്ടു, സ്വാതന്ത്ര്യത്തിന് 18 വർഷം മുമ്പ്. ആ സംഘമാണ് ഇന്ന് വളർന്ന് പന്തലിച്ചു നിൽക്കുന്ന തുരുത്തിപ്പുറം സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്.

ഈ സംഘം രൂപീകരിക്കുന്നതിന് ചീഫ് പ്രമോട്ടറായി പ്രവർത്തിച്ചത് ഫാ. ഇഗ്നേഷ്യസ് അരൂജയാണ്. അദ്ദേഹം തന്നെയായിരുന്നു ആദ്യത്തെ പ്രസിഡന്റും. ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തകരായിരുന്ന ചിറയത്ത് ചീക്കു, പടയാട്ടുമ്മൽ റോക്കി, കപ്പിത്താൻ ഇട്ട്യാതി, കോഴിപ്പറമ്പിൽ കോരു തുടങ്ങിയവരുടെ പേരുകൾ ഇവിടെ പ്രസ്താവിക്കട്ടെ. (ഈ ലിസ്റ്റ് പൂർണ്ണമല്ല)

ഈ സംഘം ഒരു ബാങ്കായി ഉയർത്തപ്പെട്ടത് 1987 ലാണ്. ഈ പഞ്ചായത്തിൽ സ്വാതന്ത്ര്യത്തിന് മുമ്പ് ഒന്നും, 194760 കാലത്ത് രണ്ടും 196180 കാലത്ത് മൂന്നും 188191 കാലത്ത് നാലും 199196 കാലത്ത് രണ്ടും സംഘങ്ങൾ രൂപം കൊണ്ടു. കൂടുതൽ സംഘങ്ങൾ 198190 കാലത്താണെന്ന് കാണാൻ കഴിയും. സ്വാതന്ത്ര്യാനന്തര കാലത്ത് ബഹുജന പ്രസ്ഥാനങ്ങളുടേയും പുരോഗമന പ്രസ്ഥാനങ്ങളുടേയും പ്രവർത്തന ഫലമായി പ്രവർത്തനഫലമായി ജനങ്ങളിൽ രൂപംകൊണ്ട സംഘബോധവും, ജനാധിപത്യവീക്ഷണവും, ഏതാനും പ്രവർത്തകരുടെ നേതൃത്വവുമാണ് ഈ സംഘങ്ങളുടെയെല്ലാം രൂപീകരണത്തിനു നല്ലനിലയിലുള്ള പ്രവർത്തനത്തിനും വഴിയൊരുക്കിയത്.

സഹകരണ സംഘങ്ങളെ പൊതുവെ രണ്ടായി തിരിക്കാം; വായ്പാ സംഘങ്ങളും, വായ്പേതര സംഘങ്ങളും. നമ്മുടെ പഞ്ചായത്തിൽ 5 വായ്പാ സഹകരണ സംഘങ്ങളും 7 വായ്പേതര സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ഇവകൂടാതെ 4 വിദ്യാലയ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

വായ്പാ സഹകരണസംഘങ്ങൾ

1. തുരുത്തിപ്പുറം സർവ്വീസ് സഹകരണബാങ്ക് നമ്പർ. 1789

2. ചെറുകടപ്പുറം സർവ്വീസ് സഹകരണ സംഘം ' 2959

3. പുത്തൻവേലിക്കര സർവ്വീസ് സഹകരണ ബാങ്ക് ' 3445

4. പാറക്കടവ് ബ്ലോക്ക് വനിതാ സഹകരണ സംഘം '6793

5. പുത്തൻവേലിക്കര പട്ടികജാതി /പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ' 749

വായ്പേതര സഹകരണ സംഘങ്ങൾ

1. പുത്തൻവേലിക്കര ക്ഷീരോൽപാദക സഹകരണ സംഘം നമ്പർ E30 (D)

2. എളന്തിക്കര ക്ഷീരോല്പാദക സഹകരണ സംഘം ' E 31 (D)

3. ചെറുകടപ്പുറം ക്ഷീരോല്പാദക സഹകരണ സംഘം ' E 180 (D)

4. തുരുത്തൂർ പി.ഡി.ഡി.പി. സംഘം '

5. തേലത്തുരുത്ത് സ്വതന്ത്ര ക്ഷീരോല്പാദക സംഘം ' ER 247

6. പുത്തൻവേലിക്കര വനിതാ പട്ടികജാതി/പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സംഘം ' 107

7. തുരുത്തൂർ കയർ വ്യവസായ സഹകരണ സംഘം ' E578

വിദ്യാലയ സഹകരണ സംഘങ്ങൾ

1. എളന്തിക്കര HS സഹകരണസംഘം.

2. പുത്തൻവേലിക്കര V.C.S.H.S. സഹകരണ സംഘം.

3. തുരുത്തൂർ St. Thomas, UPS സഹകരണ സംഘം.

4. എളന്തിക്കര Govt. L.P.S. മാളവന. S.H. L.P.S.

പുത്തൻവേലിക്കര P.S.M., L.P.S., പുത്തൻവേലിക്കര I.J.L.P.S. എന്നീ വിദ്യാലയങ്ങൾക്കു വേണ്ടിയുള്ള സ്കൂൾ മൂന്നെണ്ണം സഹകരണ സംഘങ്ങളുമാണ്.

സഹകരണ ബാങ്കുകൾ

1. തുരുത്തിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് No. 1789

ഈ ബാങ്കിന്റെ ഉത്ഭവവും വളർച്ചയും നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. നമ്മുടെ പഞ്ചായത്തിന്റെ 1 മുതൽ 3 വരെ വാർഡുകളാണ് ഇതിന്റെ പ്രവർത്തന മേഖല. ഒരു ബാങ്കായി മാറിയതിനുശേഷം നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കാർഷിക വായ്പ, സാധാരണ വായ്പ, സ്വർണ്ണപ്പണയ വായ്പ, വ്യവസായ വായ്പ, ഉപഭോക്തൃ വായ്പ, സ്വയം തൊഴിൽ വായ്പ, ഭവന നിർമ്മാണ വായ്പ, I.R.D.P. വായ്പ, ഓലപ്പുര ഓടുവെയ്ക്കാനുള്ള വായ്പ, കക്കൂസ് നിർമ്മാണ വായ്പ തുടങ്ങിയ വായ്പകൾ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങൾക്ക് നൽകിയ വായ്പാ തുകകൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ ഇനം. | തുക |
|---|---|
| 1. കാർഷിക വായ്പകൾ | 18,90,000 |
| 2. സ്വർണ്ണപണയ വായ്പ | 25,37,000 |
| 3. ബിസിനസ്സ് വായ്പ | 3,40,000 |
| 4. സാധാരണ വായ്പ | 25,15,000 |
| 5. കൺസ്യൂമർ വായ്പ | 3,11,000 |
| 6. ഭവന നിർമ്മാണ വായ്പ | 8,20,000 |
| 7. I.R.D.P. വായ്പ | 1,84,000 |
| 8. സ്വയം തൊഴിൽ വായ്പ | 3,36,000 |
| 9. കക്കൂസ് നിർമ്മാണ വായ്പ | 1,10,000 |
| 10. ഓട് മേയാൻ വായ്പ | 35,000 |
| 11. Secrued വായ്പ | 2, 65,000 |
| ആകെ | 66,22,000 |

ചിട്ടി നടത്തിപ്പ്, മരണ സഹായ നിധിയുടെ രൂപീകരണം മുതലായ പ്രവർത്തനങ്ങളിലൂടെ ഈ ബാങ്കിന് ജനങ്ങളുടെ പിന്തുണ നേടാനും ഇത് ജനങ്ങളുടെ ബാങ്കാണ് എന്ന വികാരം അവരിൽ ജനിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പുതിയ മേഖലകളിലേക്ക് കടന്നുവരാൻ ഈ ബാങ്കിനു കഴിയണം.

കാർഷിക മേഖലയുടെ ഉയർച്ചക്കുവേണ്ടി 18,90,000 രൂപ വായ്പ നൽകിയിട്ടുണ്ട്. ആ തുക കാർഷിക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി തന്നെയാണോ ഉപയോഗിച്ചിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതുണ്ട്. സ്വയം തൊഴിൽ വായ്പ, ഭവന നിർമ്മാണ വായ്പ, കണ്ജജ വായ്പ, മുതലായ വായ്പകൾ ഈ ബാങ്കിന്റെ സേവനതല്പരയെ സൂചിപ്പിക്കുന്നു. സുരക്ഷിത കക്കൂസിന്റെ ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ് ഈ ബാങ്കിന്റെ പ്രവർത്തനമേഖല. കക്കൂസ് നിർമ്മാണത്തിന് വായ്പ കൊടുക്കാൻ ഈ ബാങ്ക് മുന്നോട്ടു വന്നിട്ടുള്ളത് പ്രശംസനീയമാണ്.

എന്നാൽ വിതരണം ചെയ്ത വായ്പാ തുകയുടെ 15,42,660 രൂപ – വായ്പ നൽകിയ തുകയുടെ 25% ൽ കൂടുതൽ കുടിശിഖയാണ്. ബാങ്ക് നഷ്ടത്തിലേക്ക് നീങ്ങുമെന്നതിന് സൂചനയാണ് ഈ ഉയർന്ന കുടിശിഖ ശതമാനം.

കുടിശിഖയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | ഇനം | തുക |
|---|---|---|
| 1. | സാധാരണ വായ്പ | 9,40,000 |
| 2. | മദ്ധ്യകാല വായ്പ | 3,38,000 |
| 3. | ഭവന നിർമ്മാണ വായ്പ | 90,000 |
| 4. | പലവക | 1,74,660 |
| ആകെ | | 16,42,660 |

2. പുത്തൻവേലിക്കര സർവ്വീസ് സഹകരണ ബാങ്ക് No. 3445

സ്വാതന്ത്ര്യസമരത്തിൽ നിന്നും ഉൾക്കൊണ്ട

ആവേശവും ജനകീയ ഭരണത്തിനോടുള്ള താല്പര്യവും പുത്തൻവേലിക്കരയിലെ ജനവിഭാഗങ്ങ ളിൽ സംഘബോധം ഉണർത്തിവിട്ടു. അതിന്റെ സാക്ഷാത്കാരമാണ് പുത്തൻ വേലിക്കര സർവ്വീസ് സഹകരണ സംഘം. പുത്തൻവേലിക്കരയി ലെ പഞ്ഞ്യ കൃഷിക്കാരാണ് ഇതിന്റെ രൂപീകരണത്തിന് മുഖ്യമായ പങ്കു വഹിച്ചിട്ടുള്ളത്. അവർ ഉല്പാദിപ്പിക്കുന്ന പഞ്ഞ്യക്ക് ന്യായമായ വില ലഭിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഈ സംഘത്തിന്റെ പ്രൊമോട്ടറായി പ്രവർത്തിച്ചത് തൃശൂർ D.S.P. ഓഫീസിലെ ക്ലാർക്കായിരു ന്ന പുലിയൻ തുരുത്ത് നിവാസി ശ്രീ. മാധവൻ മാസ്റ്റർ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ തുരുത്തിപ്പുറം സഹകരണ സംഘത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. കൃഷ്ണപിള്ള മുന്നോട്ടുവന്നു. നിരവധി പ്രതിബന്ധങ്ങൾ തരണം ചെയ്ത് 1954 ൽ ഈ സംഘം നിലവിൽ വന്നു. ശ്രീ. മാധവൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്.

1985 ൽ ഈ സംഘം ഒരു ബാങ്കായി ഉയർത്തപ്പെട്ടു. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിച്ചും ജില്ലാബാങ്കിന്റെ വായ്പകൾ സ്വീകരി ച്ചുമാണ് ഈ ബാങ്കിന്റെ പ്രവർത്തനം നടത്തുന്നത്. ഈ പഞ്ചായത്തിലെ 4 മുതൽ 9 വരെയുള്ള വാർഡുകളാണ് ഇതിന്റെ പ്രവർത്തന മേഖല.

ബാങ്ക് നൽകിയിട്ടുള്ള വായ്പകൾ താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| മദ്ധ്യകാല വായ്പ | 55857 |
| ഹൃസ്വകാല വായ്പ | 2,10,606 |
| മദ്ധ്യകാല വായ്പ | 3,03,749 |
| സാധാരണ വായ്പ | 38,03,164 |
| IRDP | 4,02,687 |
| ഭവന നിർമ്മാണം | 5,33,266 |
| സ്വർണ്ണപണയം | 19,49,826 |
| ആകെ | 72,58,152 |

പ്രാഥമിക മേഖലയുടെ അഭിവൃദ്ധിയ്ക്ക് വായ്പകൾ കാര്യമായി കൊടുത്തതായി കാണുന്നില്ല. ഈ മേഖലയിൽ മദ്ധ്യകാലവായ്പക്ക് അപേക്ഷകർ കുറവാണ്താനും. ഗൃഹോപകരണ വായ്പ, മരണാനന്തര സഹായം, ഓണചന്ത നടത്തൽ മുതലായ സേവന തുറകളിലേക്ക് ബാങ്ക് കടന്നുവന്നിട്ടുണ്ട്. ബാങ്ക് നടത്തുന്ന കൺസ്യൂമർസ്റ്റോർ, വളം ഡിപ്പോ എന്നിവ ഉപഭോക്താക്കളെ സഹായിക്കുന്നുണ്ട്.

എന്നാൽ വായ്പാ കുടിശിഖയുടെ കാര്യത്തിൽ ഈ ബാങ്ക് പിന്നിലല്ല.

| ക്ര:ന: | ഇനം | തുക |
|---|---|---|
| 1. | സാധാരണ വായ്പ | 6,46,768 |
| 2. | ഹൃസ്വകാല വായ്പ | 18,377 |
| 3. | മദ്ധ്യകാല വായ്പ | 13,450 |
| 4. | ദീർഘകാല വായ്പ | 51,646 |
| 5. | I.R.D.P. വായ്പ | 8042 |
| | ആകെ | 7,38,283 |

ഈ പഞ്ചായത്തിലെ രണ്ട് പ്രധാനപ്പെട്ട ജനകീയ സ്ഥാപനങ്ങളാണ് തിരുത്തിപ്പുറം, പുത്തൻവേലിക്കര സഹകരണ ബാങ്കുകൾ എന്നാൽ ഇവയുടെ പ്രവർത്തനങ്ങളാൽ ജനപങ്കാളിത്തം കുറവാണ് എന്ന വസ്തുത നിലനിൽക്കുന്നു. തിരുത്തിപ്പുറം സഹകരണ ബാങ്കിന്റെ 1993 ലെ പൊതു യോഗത്തിൽ 1215 പേരാണ് പങ്കെടുത്തത്. പുത്തൻവേലിക്കര സഹകരണ ബാങ്കിന്റെ പൊതുയോഗങ്ങളിലാകട്ടെ 1992 ൽ 2380 പേരും 1994 ൽ 242 പേരും 1995ൽ 129 പേരും ആണ് പങ്കെടുത്തത്, പൊതുയോഗങ്ങൾ ഇങ്ങനെ ശുഷ്കമാകുന്നതിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

**വായ്പാ സഹകരണ സംഘങ്ങൾ**

1. ചെറുകടപ്പുറം സർവ്വീസ് സഹകരണ സംഘം. No.2959

സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട ഏതാനും കർഷകർ ചേർന്ന് കൊല്ലവർഷം 1124 ൽ രൂപീകരിച്ച ചാലാക്ക ഗ്രാമോദ്ധാരണ സഹകരണ സംഘമാണ് ചെറുകടപ്പുറം സർവ്വീസ് സഹകരണ സംഘം ഇതിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ. പരമേശ്വരൻ നായർ ആയിരുന്നു. പുത്തൻവേലിക്കര പഞ്ചായത്തിലെ ചെറുകടപ്പുറം, കോഴിത്തുരുത്ത്, തേലത്തുരുത്ത് എന്നീ പ്രദേശങ്ങളും കുന്നുകര പഞ്ചായത്തിലെ ചാലാക്ക, ചെറിയതേയ്ക്കാനം എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇതിന്റെ പ്രവർത്തന മേഖല.

ആദ്യകാലത്ത് നന്നായി പ്രവർത്തിച്ച സംഘം ഇടയ്ക്ക് തളർന്നു. അടുത്ത കാലത്ത് സംഘത്തിന്റെ ജനകീയ അടിത്തറ ഉറപ്പിക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം വിപുലമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 30.6.1996 ൽ സംഘത്തിന്റെ സ്ഥിതി ഇപ്രകാരമാണ്.

| | |
|---|---|
| ഓഹരി മൂലധനം | 5,00,000 |
| സർക്കാർ ഓഹരി | 31,000 |
| നിക്ഷേപങ്ങൾ | 10,40,916 |
| ജില്ലാ ബാങ്ക് വായ്പ | 12,33,124 |
| നൽകിയ വായ്പ | 21,00,125 |
| വായ്പ കുടിശിഖ | 4,97,452 |

വിതരണം ചെയ്ത വായ്പയുടെ 23.77 കുടിശിഖയാണ്. കുടിശിഖ നിർമ്മാർജ്ജനം ചെയ്തില്ലെങ്കിൽ സംഘം നഷ്ടത്തിലാകും. ഓണചന്ത നന്നായി നടത്തുന്ന സംഘമാണിത്.

**പാറക്കടവ് ബ്ലോക്ക് വനിതാ സഹകരണ സംഘം E793**

1985ൽ രൂപീകരിച്ച ഈ സംഘം നമ്മുടെ പഞ്ചായത്തിലെ സഹകരണരംഗത്ത് ഒരു വാഗ്ദാനമാണ്. വനിതകൾക്ക് സഹകരണ രംഗത്ത് നല്ല പങ്കാളിത്തം വഹിക്കാൻ സാധിക്കുമെന്നും മാനേജ്മെന്റിൽ അവരുടെ സംഭാവന ശ്ലാഘനീയമാണ് എന്നും തെളിയിച്ച സംഘമാണിത്. പാറക്കടവ് ബ്ലോക്കിനെ പ്രതിനിധീകരിക്കുന്ന സംഘമാണെങ്കിലും മിക്കവാറും അംഗങ്ങൾ പുത്തൻവേലിക്കര നിവാസികളാണ്. ഇതിന്റെ പ്രമോട്ടർ പി.പി.സേബിയും, ആദ്യത്തെ പ്രസിഡന്റ് ശ്രീമതി മേരി ജോസഫുമാണ്.

ഒരു ബാങ്കിന്റെ എല്ലാ പ്രവർത്തനങ്ങളും താത്തുന്നതൊടൊപ്പം കാര്യമായി ചിട്ടിനടത്തിക്കൊണ്ടുപൊരുന്ന ഒരു സ്ഥാപനം കൂടിയാണ് ഇത്. 3,05,00 രൂപ പ്രവർത്തമൂലധനവും 25,000 രൂപ സർക്കാർ ഓഹരിയുമുള്ള ഈ സ്ഥാപനം പൊതുജനങ്ങളിൽ നിന്ന് 39,97, 743 രൂപ നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. പലയിനങ്ങളിലായി 29,88,879 രൂപ വായ്പയായി നൽകിയിട്ടുണ്ട്. 3,67,414 രൂപ കുടിശിഖയാണ് ആകെ വായ്പയുടെ 12.57%.

| വായ്പയുടെ ഇനം | തുക | കുടിശിഖ |
|---|---|---|
| സാധാരണ വായ്പ | 2,18,414 | 29,352 |
| മദ്ധ്യകാല വായ്പ | 17,47,115 | 2,22,067 |
| സ്വർണ്ണപണയ വായ്പ | 7,73,192 | 1,15,978 |
| സെക്യൂവേർഡ് വായ്പ | 2,00,158 | |
| ആകെ | 29,38,877 | 3,67,417 |

വനിതാ വ്യവസായ യൂണിറ്റുകൾ രൂപീകരിച്ച്

സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹാരം കാണാൻ ഈ സ്ഥാപനത്തിന് കഴിയണം.

3. പുത്തൻവേലിക്കര പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം -E749.

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി വിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് 1981ൽ ഈ സംഘം രൂപീകരിച്ചത്. സാമ്പത്തിക പരാധീനത മൂലം ഈ സംഘം ഇപ്പോൾ പ്രതിസന്ധിയെ നേരിടുകയാണ്. രണ്ടുലക്ഷം രൂപ അംഗീകൃത മൂലധനവും 24,500 രൂപ സർക്കാർ ഓഹരിയുമുള്ള ഈ സംഘം 12,000 രൂപ കാർഷികവായ്പയായി നല്കിയിട്ടുണ്ട്. അതിൽ 7361 രൂപ കുചിശിഖയാണ്.

വായ്പ്പാ സംഘങ്ങൾ /ബാങ്കുകൾ

| സംഘത്തിന്റെ/ ബാങ്കിന്റെ പേര് | ഓഹരി മൂലധനം | സർക്കാർ ഓഹരി | നിക്ഷേപം സ്ഥിരം | നിക്ഷേപം ഹ്രസ്വം |
|---|---|---|---|---|
| തുരുത്തിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | 20,05,000 | 50,000 | 1,27,00000 | 10,00,000 |
| പുത്തൻവേലിക്കര സർ. സഹകരണ സംഘം | 15,00000 | 89,000 | 92,01560 | 11,71,940 |
| ചെറുകടപ്പുറം സർവ്വീസ് സഹരണ സംഘം | 500000 | 31,000 | 5,25,783 | 5,15,133 |
| പാറക്കടവ് ബ്ലോക്ക് വനിതാസഹകരണ സംഘം | 3,05,000 | 25,000 | 35,82,849 | 6,46,894 |
| പുത്തൻവേലിക്കര Sc/St | 2,00000 | 24,500 | | |

വായ്പാ സംഘങ്ങളിൽ മൊത്തം 13,499 അംഗങ്ങളാണുള്ളത്. അഗത്വത്തിന് അർഗതയുള്ള വരുടെ ചെറിയ ഒരു ഭാഗം മാത്രം. ഇവയിൽ പുത്തൻവേലിക്കര പട്ടികജാതി/വർഗ്ഗ സംഹകരണ സംഘം ഒഴികെ മറ്റെല്ലാം നന്നായി പ്രവർത്തിക്കുന്നു.

**വായ്പേതരസംഘങ്ങൾ**

വായ്പേതരസംഘങ്ങളിൽ 5എണ്ണം ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണ്. ഈ സംഘങ്ങളെല്ലാം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

**ക്ഷീരോൽപ്പാദക സംഘങ്ങൾ**

ഈ സംഘങ്ങളിലൂടെ പ്രതിദിനം സംഭരിക്കുന്ന 2250 ലിറ്റർ പാലിൽ 313 ലിറ്റർ പ്രാദേശികമായി വിറ്റഴിയുന്നു.

ഈ സംഘങ്ങളുടെ നേതൃത്വത്തിൽ കർഷകർക്ക് പശുക്കളെ വാങ്ങാനും തൊഴുത്തു വെയ്ക്കുവാനുമുള്ള ആവശ്യത്തിന് വായ്പ സാധ്യമാക്കിയാൽ പാൽ ഉൽപ്പാദന രംഗത്ത് നമുക്ക് സ്വയം പര്യാപ്തത നേടാൻ കഴിയും. നമ്മുടെ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും വളർച്ചക്കും സമീകൃതാഹാരമായ പാൽ സുപ്രധാന പങ്കുവഹിക്കുന്നു. പക്ഷേ, പാലിന്റെ ആഭ്യന്തര ഉപയോഗം ആവശ്യത്തിന് നമ്മുടെ പഞ്ചായത്തിലില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

രണ്ടുൽപ്പാദക സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. SC/ST വനിതാ കൈത്തറി സഹകരണ സംഘം. നം.107

84 അംഗങ്ങളുള്ള ഈ സംഘം 1990ൽ ആണ് സ്ഥാപിച്ചത്. നൂൽ പുറമേനിന്ന് വാങ്ങി വസ്ത്രമാക്കുന്ന ജോലിയാണ് ഇവിടെ. 15 പട്ടികജാതി വനിതകൾ ജോലിചെയ്യുന്ന ഈ സ്ഥാപനം ഇന്ന് തകർച്ചയെ നേരിടുന്നു.

ഉൽപ്പന്നങ്ങൾക്ക് വിപണി ഇല്ലാത്തതാണ് മുഖ്യ പ്രശ്നം. ശുദ്ധജലം ലഭ്യമല്ലാത്തതുകൊണ്ട് നൂല് ചായം പിടിപ്പിക്കുന്ന പ്രവർത്തനം ഇവിടെ നടത്താൻ സാധിക്കുന്നില്ല. കൂലി വളരെ കുറവായതുകൊണ്ടാണ് പരിശീലനം ലഭിച്ച ബഹുഭൂരിപക്ഷം പേരും ജോലിക്ക് വരാത്തത്. ഒരു മുണ്ട് നെയ്യുന്നതിന് തൊഴിലാളിക്ക് 15 രൂപയാണ് ലഭിക്കുന്നത്. കഠിനമായി കൂടുതൽ സമയം ജോലിചെയ്താൽ ഒരു തൊഴിലാളിക്ക് 3 മുണ്ട് നെയ്യാൻ കഴിയും.

2.തുരുത്തൂർ കയർ ഉൽപ്പാദക സഹകരണ സംഘം E-578

1990ൽ പ്രവർത്തനം ആരംഭിച്ചു. 10,00,000 രൂപ ഓഹരിമൂലധനമുള്ള സംഘമാണിത്. ജനപങ്കാളിത്തക്കുറവ് തൊഴിലാളികളുടെ വിമുഖത, മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മുതലായകാരണങ്ങൾ ഈ സംഘത്തിന്റെ പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ ധാരാളം കയർ തൊഴിലാളികൾ ഉണ്ട്. ഇവരുടെ ജീവിതം ഭദ്രമാക്കാൻ ഈ സംഘത്തെ ശക്തിപ്പെടുത്തേണ്ടതും, ഇതിന്റെ ശാഖകൾ മറ്റുവാർഡുകളിൽ സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്.

**സ്ക്കൂൾ സഹകരണസംഘങ്ങൾ**

ഓരോ വിദ്യാലയത്തിലേയും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുകയാണ് ഇവയുടെ പ്രവർത്തനം

ജനകീയ ആസൂത്രണ രംഗത്ത് പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികൾക്ക് നടപ്പാക്കുന്നതിൽ നിർണ്ണായകമായ പങ്ക് സഹകരണസ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാനാകും; ആകണം. ഉൽപ്പാദന വ്യാപാരരംഗങ്ങളിലെ പഞ്ചായത്തിന്റെ ഇടപെടലിന് ഏറ്റവും ശക്തമായ ഉപകരണമായി സഹകരണമേഖലയെ ഉപയോഗപ്പെടുത്താനാവണം.

**ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങൾ**

നാലാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന കയർ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. അത് നല്ലരീതിയിൽ പ്രവർത്തിക്കുകയും അതിന്റെ ആവശ്യങ്ങൾ പഞ്ചായത്തിന്റെ സാദ്ധ്യതയുള്ള വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്യുക.

ക്ഷീര സഹകരണസംഘങ്ങളുടെ പാൽ സംഭര

ണകേന്ദ്രങ്ങൾ സ്ഥാപിച്ച് പാൽ സംഭരണം സുഗമമാക്കുക.

ക്ഷീരകർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് പണിയുന്നതിനും വായ്പ ലഭ്യമാക്കുക.

പഞ്ചായത്ത് ആസ്ഥാനത്തിൽ ഒരു കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കുക.

പുത്തൻ വേലിക്കര കൺസ്യൂമർ സ്റ്റോറിന്റെ ബ്രാഞ്ചുകൾ മറ്റു ഭാഗങ്ങളിൽ സ്ഥാപിക്കുക.

പ്രത്യേക സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

കാർഷിക വായ്പതുക 50,000 രൂപയായി വർദ്ധിപ്പിക്കുക.

കാർഷിക വായ്പകൾ പ്രത്യേകിച്ച് സബ്സീഡിയുള്ള വായ്പകൾ കർഷർക്ക് ലഭ്യമാക്കുക.

വായ്പാ വിതരണത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

സഹകരണസ്ഥാപനങ്ങളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ രീതിയിൽ തെരഞ്ഞെടുപ്പുനടത്തുക.

സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിടുക. നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുക.

നിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

എസ്സ്സി/എസ്.ടി വനിതാ കൈത്തറി സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക.

ഈ സംഘത്തിലെ പരിശീലകർക്ക് നൽകിയിരുന്ന ഗ്രാന്റ് ഗവൺമെന്റ് നിറുത്തലാക്കിയത് പുനഃസ്ഥാപിക്കുക.

ഈസംഘത്തിന്റ പ്രവർത്തനം സുഗമമാക്കാനും ഉൽപ്പാദനം ചെയ്ത് കുറയ്ക്കാനും നൂല് ചായം കൊടുക്കുന്നതിനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുക.

പുത്തൻവേലിക്കര SC/ST സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും 8,9, വാർഡുകൾക്കുവേണ്ടി ഒരു പുതിയ SC/ST സംഘം രൂപീകരിക്കുകയും ചെയ്യുക.

പച്ചക്കറി, നാണ്യവിളകൾ എന്നിവ സംഭരിച്ച് വിപണനം നടത്തുന്നതിന് വിപണനസഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

നെൽകൃഷിസംഘങ്ങൾ, കേരസംഘങ്ങൾ എന്നിവയുടെ പ്രവർത്തനം വിപുലവും കാര്യക്ഷമവുമാക്കുക. കൃഷിഭവന്റെ സഹായം എല്ലാ കർഷർക്കും ലഭ്യമാക്കുക.

മാളവന, എളന്തിക്കര എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ ടൂറിസ്റ്റ് കോംപ്ലക്സുകൾ രൂപീകരിക്കുക.

മത്സ്യഫെഡിന്റെ കീഴിൽ മത്സ്യ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

ഏഴാം വാർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംബേദ്കർ മെമ്മോറിയൽ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുക. സ്ഥലം, കെട്ടിടം, വ്യവസായ സംരഭം എന്നിവയ്ക്ക സാമ്പത്തിക സഹായം ലഭ്യമാക്കുക.

റേഷൻ കടകളുടെ നടത്തിപ്പും പ്രവർത്തനവും സഹകരണസംഘങ്ങൾ ഏറ്റെടുക്കുക.

**സാധ്യതകൾ**

സഹകരണസംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾക്കുവേണ്ടി കാലാകാലങ്ങളിൽ ജില്ലാബാങ്കിന്റെ നേതൃത്വത്തിൽ പഠനക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. സംഘങ്ങളുടെ പ്രവർത്തനം ഗുണകരമാകാൻ ഇത് സഹായിക്കു.

വായ്പ അനുവദിച്ച കാര്യത്തിനാണോ അതുപയോഗിച്ചതെന്ന് ഉറപ്പാക്കുക. ഓരോ സംഘവും നൽകുന്ന വായ്പകൾ എന്തൊക്കെയാണെന്ന് സഹകാരികളെ ബോധ്യപ്പെടുത്തുക. അവശ്യം വേണ്ട പ്രചാരണത്തിലൂടെയും സഹകാരികൾക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ഇത് സാധിക്കാവുന്നതാണ്.

ഓരോ സംഘത്തിന്റേയും പ്രവർത്തന പരിധിൽ വരുന്നന്ന ജനങ്ങളെ അംഗങ്ങളാക്കിമാറ്റാനുള്ള പ്രവർത്തനം സംഘടിപ്പിക്കുക. ഇങ്ങനെയായാൽ സംഘങ്ങളുടെജനകീയ അടിത്തറ വികസിപ്പിക്കാൻ കഴിയും.

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ ഡെപ്പോസിറ്റുകൾ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നിക്ഷേപ സമാഹരണം ജനപങ്കാളിത്തത്തോടെ നടപ്പാക്കിയാൽ ഇത് സാധിക്കാവുന്നതാണ്. സഹകരണസംഘങ്ങളിലെ ജീവനക്കാർക്കും ഉൽപ്പാദക സംഘങ്ങളിലെ തൊഴിലാഴികൾക്കും കാലാകാലങ്ങളിൽ പഠനക്ലാസുകളും പരിശീലനവും നൽകിയാൽ സംഘങ്ങളെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയും.

സർവ്വീസ് ബാങ്കുകളും ക്ഷീരസംഘങ്ങളും സഹകരിച്ച് ടൈ അപ്പ് സമ്പ്രദായത്തിലൂടെ ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാനും തൊഴുത്തുവയ്ക്കാനുമുള്ള വായ്പ ലഭ്യമാക്കാവുന്നതാണ്. ഇതിന് സഹകരണ ബാങ്കുകൾ/സംഘങ്ങൾ പ്രത്യേക താല്പര്യമെടുക്കണം.

എസ്.സി / എസ്.ടി സഹകരണസംഘങ്ങൾ, വിപണനസംഘങ്ങൾ, ഉല്പാദക സംഘങ്ങൾ, കൺസ്യൂമർസംഘങ്ങൾ മുതലായ പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ലഭിക്കുന്ന വായ്പകളേക്കാൾ ലാഭകരമാണ് സഹകരണസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വായ്പകളെന്ന ബോധം പ്രചാരണത്തിലൂടെ ഉണ്ടാക്കിയെടുക്കാവുന്നതാണ്. സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ് ലഭിക്കാൻ എളുപ്പവുമാണെന്ന് അവരെ ബോധ്യപ്പെടുത്താവുന്നതാണ്.

സഹകരണസ്ഥാപനങ്ങളുടെ കണക്കുകൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയാൽ ഈ സ്ഥാപനങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

## 11. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

25615 ജനസാന്ദ്രതയുള്ള നമ്മുടെ പഞ്ചായത്തിൽ ആകെ 2976 പട്ടിക ജാതിക്കാരാണുള്ളത് (പട്ടിക വർഗ്ഗ്കാർ നമ്മുടെ ഗ്രാമത്തിലില്ല) ഇത് ജനസംഖ്യയുടെ 10.92% വരും. ഇവരിൽ 1434 സ്ത്രീകളും 1362 പുരുഷന്മാരുമാണുള്ളത്. ജനസംഖ്യയിൽ സ്ത്രീപുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1049 സ്ത്രീകൾ ആണെന്നിരിക്കെ ഇവരിൽ സ്ത്രീപുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1052 സ്ത്രീകൾ എന്നാണ്. പൊതുവെ

വിദ്യാഭ്യാസം ഇവർക്ക് കുറവായികാണുന്നുവെങ്കിലും കുട്ടികൾ മിക്കവരും സ്ക്കൂളിൽ പോകുന്നവരാണ്. ഇവിടുത്തെ വിദ്യാലയങ്ങളിൽ പട്ടികജാതിക്കാരായ 479 കുട്ടികളാണുള്ളത്. ഇവരിൽ 233പേർ പെൺകുട്ടികളും 246പേർ ആൺകുട്ടികളുമാണ്. ഇടയ്ക്കു പഠനം നിറുത്തി പോകുന്നവർ വളരെ വിരളമാണ്. മിക്കവാറും പേരും ഹൈസ്ക്കൂൾ വരെ എത്തുന്നുണ്ടെങ്കിലും തുടർന്ന് വിദ്യാഭ്യാസം ചെയ്യുന്നവർ കുറവാണ്. എന്നാൽ ബിരുധധാരികളും ബിരുദാനന്തര ബിരുദധാരികളും ഇവർക്കിടയിലുണ്ട്. ഏറെ ആനുകൂല്യങ്ങൾ ഉണ്ടെങ്കിലും പഠനത്തിൽ വിമുഖത കാണിക്കുന്നവരാണ് ഏറിയ പങ്കും. സാമ്പത്തിക ബുദ്ധിമുട്ട് ഇതിനൊരു കാരണമാണ്. തൊഴിൽനിലയിലും ഇവർ ഏറെ പിന്നിൽ നിൽക്കുന്നു. മിക്കവാറും പേരും കാർഷിക മേഖലയിലും ഇഷ്ടിക വ്യവസായത്തിലും തൊഴിലെടുക്കുന്നവരാണ്. തെങ്ങുകയറ്റതൊഴിലാളികളും കുറച്ചുപേരുണ്ട്. സേവന മേഖലയിൽ ജോലിചെയ്യുന്ന നൂറോലം പട്ടികജാതിക്കാരാണ് പഞ്ചായത്തിലുള്ളത്. ഉന്നത സ്ഥാനങ്ങളിലിരിക്കുന്നവർ ഇല്ലെന്നു തന്നെ പറയാം. പൊതുവേ താഴ്ന്ന ജീവിതനിലവാരത്തിലുള്ള ഇവർ സാമൂഹ്യമായും ഏറെ പിന്നിലാണ്. പ്രാദേശികമായി നേതൃപദവിയിലുള്ളവർ രണ്ടോ മൂന്നോ പേരാണ്. ഇക്കൂട്ടർക്കിടയിലുള്ള ഇവർ സാമൂഹ്യമായും ഏറെ പിന്നിലാണ്. പ്രദേശികമായി നേതൃപദവിയിലുള്ള രണ്ടോമുന്നോ പേരാണ് ഇക്കൂട്ടിർക്കിടയിലുള്ളത്. പല സംഘടനകളും ഇവരുടെതായുണ്ടെങ്കിലും അവയ്ക്കോന്നും ഇവരുടെ ജീവിത നിലവാരം ഉയർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താനാകുന്നില്ല.

പത്ത് അംഗീകൃത പട്ടികജാതികോലനികളിൽ 319 കുടുംബങ്ങളിലായി 1506 പട്ടികജാതിക്കാൽ താമസിക്കുന്നു. പട്ടികജാതികോളനികളായി അംഗീകരിച്ചിട്ടില്ലാത്തതും എന്നാൽ ഇവർ കൂട്ടമായി താമസിക്കുന്നതുമായ പ്രദേശങ്ങൾ വേറെയുമുണ്ട്.കുറെയേറെപ്പേർ കോളനികളല്ലാതെ മറ്റു ജനവിഭാഗങ്ങളുമായി ഇടകൽന്നു താമസിക്കുന്നവരുമുണ്ട്. തുരുത്തിപ്പുറം ഭാഗത്ത് ഇവർ കൂട്ടമായി താമസ്ക്കുന്നു. പത്തോളം വീടുകളിളുണ്ടെങ്കിലും ിതിനെ പട്ടികജാതി കോളനിയായി അംഗീകരിച്ചിട്ടില്ല. അതിനാൽ ഈ ലക്ഷം വീടു കോളനിക്ക് പട്ടികജാതി കോളനികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. തുരുത്തൂരിലുള്ള നാലു സെന്റ് കോളനിയിലും ഇതുതന്നെയാണ് അവസ്ഥ. ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. പട്ടികജാതിക്കാൽ കൂടുതലായി താമസിക്കുന്ന മൂപ്പതുപറയേയും പട്ടികജാതി കോളനിയായി അംഗീകരിക്കാത്തതിനാൽ വിവിധ വകുപ്പുകൾ വഴി പട്ടികജാതിക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളാകുവാൻ ഇവർക്കും കഴിയുന്നില്ല. വെള്ളോട്ടുപുറം ഭാഗത്തും ഈ വിഭാഗക്കാരുടെ നില പരിതാപകരമാണ്. ഇവിടെയും പട്ടികജാതി കോളനികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. മേൽപ്പറഞ്ഞ കോളനികളിലൊന്നിലും മതിയായ പ്രാഥമിക സൗകര്യങ്ങളില്ല. പല വീടുകളിലും ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. അയ്യർചാൻ പ്രദേശത്തും ധാരാളം പട്ടികജാതിക്കാർ താമസിക്കുന്നു. പ്രഥമിക സൗകര്യങ്ങൾ ഇവിടെയും കുറവാണ്. ഇതിനെ പട്ടികജാതി സങ്കേതമാക്കി മാറ്റേണ്ടതാണ്. ചാത്തനാട്ടുതറയിലുണ്ടായിരുന്ന പട്ടികജാതി വായനശാല കഴിഞ്ഞ അഞ്ചിലേറെ വർഷമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ ഏറ്റവുമധികം പട്ടികജാതിക്കാരുള്ല കോളനി പഞ്ഞിപ്പള്ളയിലെ മിനി കോളനിയാണ്. ഇവിടെയുള്ള 116 കുടുംബങ്ങളിൽ 91 എണ്ണവും ഇവരുടേതാണ്. 464 കോളനി നിവാസികളിൽ 395 പേരും പട്ടികജാതിക്കാരാണ്. 199192 വർഷത്തിൽ പട്ടികജാതി കോളനികളുടെ തീവ്രവികസന പദ്ധതിയുടെ ഭാഗമായി ഇവിടെ 21,72,920 രൂപയുടെ പദ്ധതികൾ വിവിധ വകുപ്പുകൾ വഴിയായി ആവിഷ്ക്കരിച്ചിരുന്നു. എന്നാൽ ഇതിൽ ഒരു ഭാഗം മാത്രമം പൂർത്തിയായിട്ടുള്ളു. ഇന്നും പണിതീരാത്ത വീടുകൾ അവിടെയുണ്ട്. ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ ശ്രമം നടന്നിട്ടുണ്ടെങ്കിലും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഇനിയും എല്ലവർക്കും ലഭ്യമായിട്ടില്ല. വൈദ്യുതീകരിക്കാത്ത വീടുകൾ ഇനിയുമുണ്ട്. കമ്മ്യൂണിറ്റി ഹാൾ പണിയുന്നത് പദ്ധതിയിൽ പെടുത്തിയുന്നെങ്കിലും അതിന്റെ പണി ഇനിയും ആരംഭിച്ചിട്ടില്ല. കർമ്മ പരിപാടിയിൽപ്പെടുത്തി ഇതിനായി 2,40000 രൂപയും അനുവദിച്ചിരുന്നതായറിയുന്നു. ഇവിടെ ഒരു ശ്മശാനത്തിനായി 50000 രൂപയും അനുവദിച്ചിരുന്നതായറിയുന്നു. എന്നാൽ ഈ രണ്ടു പദ്ധതികളും പ്രവർത്തികമാക്കിയിട്ടില്ല. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടേതായ കുന്നുകര - പുത്തൻവേലിക്കര സർവ്വീസ് സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ വിഭാഗത്തിന് ഉപകാരപ്രദമായ പദ്ധതികളാവിഷ്കരിക്കാൻ ഇതിനു കഴിഞ്ഞിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാരുടേതായി ഒരു വനിതാ കൈത്തറി നെയ്ത്ത് സഹകരണസംഘം ഇവിടത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇന്നിതു നഷ്ടത്തിലാണ്. അടിസ്ഥാനഘടകങ്ങളുടെ ലഭ്യതക്കുറവ് - പ്രത്യേകിച്ചും ജലദൗർലഭ്യം ഇതിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്. ഇവ ലഭ്യമാക്കാൻ വേണ്ട നടപടികളൊന്നുമെടുത്തിട്ടില്ല. മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധിതികൾ നിർദ്ദേശിക്കപ്പെട്ടിരുന്നില്ലെങ്കിലും പ്രവർത്തികമായില്ല.

52 കുടുംബങ്ങളുള്ള മാനംചാരിക്കുന്നു കോളനിയിൽ 32 കുടുംബങ്ങൾ പട്ടികധാതിക്കാരുടേതാണ്. ഇവലിടെയുള്ള 312 ആളുകളിൽ 122 പേർ ഈ വിഭാഗക്കാരാണ്. കുടിവെള്ളക്ഷാം ഇവിടെ അതിരൂക്ഷമാണ്. ഓലമേഞ്ഞ കുടിലുകളിലും പണിപൂർത്തിയാകാത്ത വീടുകളിലമായാണ് ഇവർ കഴിയുന്നത്. വൈദ്യുതീകരിക്കാത്ത വീടുകൾ ഇനിയുമുണ്ട്. ഭൗതീക സൗകര്യങ്ങളില്ലാത്തവയാണ് മിക്കവാറും വീടുകളും. ഇവിടെയുള്ള കിണർ വേനർക്കാലത്തു വരണ്ടുപോകുന്നതാണ്. തൊട്ടടുത്ത കപ്പേളക്കുന്നു കോളനികളിലും സ്ഥിതി ഭിന്നമല്ല. ഇവിടെ 21 കുടുംബങ്ങളിലായി നൂറോളം പേരാണുള്ളത്. വാസയോഗ്യമല്ലാത്ത വീടുകളിലാണ് ഇവരിൽ അധികവും താമസിക്കുന്നത്. താരതമ്യേന നിരക്ഷരർ കൂടുതലുള്ള പ്രദേശമാണിത്.

**പട്ടികജാതി ജനസംഖ്യ**

| വാർഡ് | സ്ത്രീ | പു. | ആകെ |
|---|---|---|---|
| 1 | 22 | 30 | 52 |
| 2 | 34 | 31 | 65 |
| 3 | 20 | 19 | 39 |
| 4 | 59 | 51 | 110 |
| 5 | 187 | 186 | 373 |
| 6 | 236 | 221 | 457 |
| 7 | 117 | 108 | 225 |
| 8 | 203 | 186 | 389 |
| 9 | 197 | 190 | 387 |
| 10 | 185 | 180 | 365 |
| 11 | 174 | 160 | 334 |
| ആകെ | 1434 | 1362 | 2796 |

വട്ടേക്കാട്ടുകുന്ന് പട്ടികജാതിസങ്കേതത്തിൽ 22 വീടുകളിലായി 113 പട്ടികജാതിക്കാരുണ്ട്. മിക്കവാറും ഓലക്കുടിലുകളും പണിതീരാത്തവീടും തന്നെ, ഇവിടെയും. പ്രഥമിക സൗകര്യങ്ങൾ ഇവിടെയുമില്ല. വൈദ്യുതി ലഭിക്കാത്തവീടുകളുമുണ്ട്. ഇളന്തിക്കരയിലെ മറ്റൊരു കോളനിയിലും ഏതാണ്ടിതുതന്ന സ്ഥിതി. ഓലക്കുടിലുകളാണെല്ലാം. വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളില്ല. ഇവിടെ 16 കുടുംബങ്ങളിലായി 81 പേരുണ്ട്. കുടിവെള്ളത്തിനായി ഒരു കിണർ ഉണ്ടെങ്കിലും വേനൽക്കാലത്തു വെള്ളം ലഭ്യമല്ല. കൊടികുത്തുന്ന കുന്നിലുള്ള കോളനിയിൽ 37 കുടുംബങ്ങളാണുള്ളത്. ഇവിടെ ഇവരുടെ സംഖ്യ 183 വരും ഓടുമേഞ്ഞ വീടുകൽ കുറച്ചൊക്കെയുണ്ട് പതിനഞ്ചിലധികം ഓലപ്പുരകളും. പ്രാഥമിക സൗകര്യങ്ങൾ മിക്കവീടുകളും ഇല്ല. ജലസംഭരണിക്കു തൊട്ടുകതാഴെയുള്ളതാണെങ്കിലും ഇവിടുത്തെ ടാപ്പുകളിൽ ജലം ലഭിക്കാറില്ല. പൊതുകിണറുകളുണ്ടെങ്കിലും വേനൽക്കാലത്ത് വരണ്ടുപോകുന്നതാണ്. ഒരു ബാലവാടി ഇവിടെയുണ്ടെങ്കിലും അതിന്റെ പ്രവർത്തനം തൃപ്തികരമല്ല. സ്ഥലപരിമിതിയും ഉപകരണങ്ങളുടെ കുറവും ഇതിൽ പ്രധാനമാണ്. ഒരു വീടിന്റെ വരാന്തയിലാണ് ഇന്നിതു പ്രവർത്തിക്കുന്നത്. കൊടികുന്നത്തു കുന്നിൽ ഒരു ശ്മശാനത്തിനു സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പിന്നീട് ഒരു പ്രവർത്തനവും നടന്നില്ല.

പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും വേറിട്ടു കിടക്കുന്ന ചെറുകടപ്പുറത്തും, സമീപത്തുള്ള മുണ്ടകപ്പാടത്തും ഓരോ പട്ടികജാതി കോളനികളുണ്ട്. ചെറുകടപ്പുറം കോളനിയിൽ 15 വീടുകളിലായി 76ഉം മുണ്ടകപ്പാടത്ത് 25 വീടുകളിലായി 125ഉം പട്ടികജാതിക്കാരുണ്ട്. ഇവിടങ്ങളിലേയും സ്ഥിതി പരിതാപകരം തന്നെ. മതിയായ ഗതാഗത സൗകര്യങ്ങവും , പ്രാഥമിക സൗകര്യങ്ങളുമില്ല. മുണ്ടകപ്പാടം കോളനിയിൽ പട്ടികജാതി സങ്കേതങ്ങളുടെ തീവ്രവികസന പദ്ധതി (കളജ) നടപ്പാക്കാനുള്ള ശ്രമം 199394ൽ ആരംഭിച്ചിരുന്നു. 8,60,000 രൂപ ചെലവുവരുന്ന പദ്ധതി ആവിഷ്ക്കരിച്ചിരുന്നെങ്കിലും ഈ പദ്ധതി പ്രകാരം പണിയാനുദ്ദേശിച്ച ഭൂരിഭാഗം വീടുകളുടേയും പണി പൂർത്തീകരിക്കാനായിട്ടില്ല. ഭവനനിർമ്മാണത്തിനായി 12,000 രൂപ വീതമാണ് ഓരോ വീടുകൾക്കും അനുവദിച്ചിരുന്നത്. എന്നാൽ ഈ തുക വീടുകളുടെ തുക പൂർത്തീകരിക്കാൻ പര്യാപ്തമല്ല. ഇതോടനുബന്ധിച്ച മറ്റു പദ്ധതികളൊന്നും ആരംഭിച്ചതേയില്ല. ഓലക്കുടിലുകളും, മണ്ണെണ്ണ വിളക്കുകളും തന്നെ ഇന്നും ഇവർക്കാശ്രയം.

തേലത്തുരുത്തിലെ അംഗീകൃത കോളനിയിൽ 44 വീടുകളിലായി 247പേരാനുള്ളത്. ഇവിടേയും ഇവരുടെ നിലവാരം ഉയർത്താനായിട്ടില്ല. ഈ വാർഡിൽതന്നെയുള്ള കോഴിത്തുരുത്തു കോളനിയിലും സ്ഥിതി വിഭിന്നമല്ല. 16കുടുംബങ്ങളിലായി 64 പേർ ഇവിടേയും ഉണ്ട്. മിക്കവാറും ഓലക്കുടിലുകളിൽ കഴിയുന്ന ഇവർക്കും പ്രാഥമിക സൗകര്യങ്ങളും, വൈദ്യുതിയും മറ്റും ഇന്നും വദുരസ്വപ്നം മാത്രം. പഞ്ചായത്തിന്റെ മുഖ്യധാരയിൽനിന്നും വേറിട്ടുകിടക്കുന്ന ചെറുകടപ്പുറം, തേലത്തുരുത്ത്, കോഴിത്തുരുത്തു ഭാഗങ്ങളിലുള്ളവർ ഏറെ കഷ്ടത അനുഭവിക്കുന്നു. ഏറിയപങ്കും ദരിദ്ര വിഭാഗങ്ങൾ അധിവസിക്കുന്ന ഇവിടങ്ങളിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രമോ, പ്രൈമറിസ്ക്കൂൾ പോലുമോ ഇല്ല. ഏറെ ബുദ്ധിമുട്ടിയാണ് ഇവിടുത്തെ കുട്ടികൾ ഇളന്തിക്കരയിലും, കുന്നുകരയിലുമുള്ള സ്ക്കൂളുകളിലെത്തുന്നത്. ഒരു പ്രഥമികാരോഗ്യ കേന്ദ്രം ഇവിടെ അത്യന്താപേക്ഷിതമാണ്. ഇവിടുത്തെ അംഗീകൃതവും അല്ലാത്തതുമായ എല്ലാ കോളനികളിലേയും സ്ഥിതി പരിതാപകരമാണ്. ചല കോളനികളെയെങ്കിലും മെച്ചപ്പെടുത്തുവാനുള്ള ശ്രമമുണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും വേണ്ടത്ര പ്രയോജനം ചെയ്തിട്ടില്ല. പദ്ധതികളെല്ലാം ഔദ്യോഗിക തലത്തിൽ മാത്രമാണ് നടപ്പാക്കിയതെന്നത് ഇതിന്റെ പരാജയകാരണങ്ങളിൽ പ്രധാനമാണ്. ബഹുജനപങ്കാളിത്തത്തോടെ നടപ്പാക്കിയിരുന്നെങ്കിൽ ഇതിനേക്കാൾ മെച്ചപ്പെട്ട ഫലം ലഭിക്കുമായിരുന്നു.

പഞ്ചായത്തിൽ പൊതുവേ ജാതിപരമായ ഉച്ചനീചത്വമില്ലെങ്കിലും ചില പ്രദേശങ്ങളിൽ ചെറുതായെങ്കിലും നില നില്കുന്നതാണ് ഗ്രാമസഭാ റപ്പോർട്ടുകളിൽ കാണുന്നത്. എന്നാൽ ഇതിനെ സാമാന്യവൽക്കരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിനായി കേന്ദ്ര – സംസ്ഥാന ഗവൺമെന്റുകൾ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടെങ്കിലും ഇതന്റെ ഗുണഭോക്താക്കൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെന്നു കാണുന്നു. പട്ടികജാതി സങ്കേതങ്ങളുടെ തീവ്രവികസന പദ്ധതി, സംയോജിത ഭവന നിർമ്മാണ പദ്ധതി, നിർദ്ധനരായവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതി, പ്രീ–മെട്രിക് ഹോസ്റ്റൽ, കിണറുകൾക്കും, സുദ്ധജലത്തിനും വേണ്ടിയുള്ള പദ്ധതി മുതലായവ ഇവർക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ചില പദ്ധതികളാണ്. പദ്ധതികളെപ്പറ്റി ഇവർക്കുള്ള അജ്ഞത ഇവയെ ഉപയോഗപ്പെടുത്താത്തതിനു കാരണമാകുന്നുണ്ട്. ഇവർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിലുള്ള അപര്യാപ്തയുമുണ്ട്. ഔദ്യോഗിക തലത്തിലുള്ള നൂലാമാലകളും പദ്ധതികളെ പ്രയോജനപ്പെടുത്തുന്നതിൽ നിന്ന് ഇവരെ പിന്തിരിപ്പിക്കുന്നു.

സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും അവയെ പ്രയോജനപ്പെടുത്തുകയും ചെയ്താൽ ഏറെ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാനാകും. പദ്ധതി നടത്തിപ്പിൽ ഉപബോക്താക്കളുടേയും ബഹുജനങ്ങളുടേയും പങ്കാളിത്തം കൂടിയുണ്ടായാൽ സംഗതികൾ കൂടുതൽ എളുപ്പമാവുകയും ചെയ്യും. അതിനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

എല്ലാ കോളനികളിലും പട്ടികജാതിക്കാർ കൂട്ടമായിതാമസിക്കുന്ന മറ്റു പ്രദേശങ്ങളിലും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ ഫലവത്താകുന്നില്ല.

വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ

ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം വായ്പയെടുത്ത പലരും യഥാവിധം ഉപോയഗപ്പെടുത്തുന്നില്ല.

തൊഴിൽപരമായ പിന്നോക്കാവസ്ഥ

സാമൂഹ്യ ഉച്ചനീചത്വങ്ങൾ ചെറ്യ തോതിലെങ്കിലും നിലനിൽക്കുന്നു.

അർഹമായ ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത. അവ ലഭ്യമാക്കുന്നതിൽ ഔദ്യോഗികതലത്തിലുള്ള നൂലാമാലകൾ

ആനുകൂല്യങ്ങൾ പലപ്പോഴും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു.

**സാധ്യതകൾ**

പഞ്ചായത്ത് ജനസംഖ്യാനുപാതികമായി ഇവ

രുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തുക മാറ്റിവെയ്ക്കുകയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഉപഭോക്തൃ–ബഹുജന പങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

ചെറുകിട– കുടിൽ വ്യവസായ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി അവയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റിയും മറ്റു വിദഗ്ധരുമടങ്ങുന്ന സമിതികളെ നിയോഗിക്കാനാവും. കളിമണ്ണുകൊണ്ടുള്ള ചെടിച്ചട്ടി, ദക്ഷത കൂടിയ അടുപ്പുകൾ മുതലായവയുടെ നിർമ്മാണം, പനമ്പുനെയ്ത്ത്, പായനെയ്ത്ത, മുതലായവയ്ക്ക് സാധ്യതകളുണ്ട്. ഇതിനായി ഈ വിഭാഗക്കാരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. പ്രായം ചന്ന നിരക്ഷരർക്കുവേണ്ടി സാക്ഷരതാ ക്ലാസ്സുകൾ തുടർന്നു നടത്തുന്നതിനും, വിദ്യാഭ്യാസത്തിൽ പിന്നിലായ കുട്ടികൾക്ക് ട്യൂഷൻ നല്കുന്നതിനും സന്നദ്ധ പ്രവർത്തകരും സഹായം ലഭ്യമാക്കാനാവും.

വിവിധ വകുപ്പുകൾ വഴിയുള്ള പദ്ധതികളെക്കുറിച്ച് ഇവരെ ഗ്രഹിപ്പിക്കുകയും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതി നടപ്പിലാക്കുമ്പോൾ ബഹുജന പങ്കാളിത്തവും ഉപഭോക്താവിന്റെ പങ്കാളിത്തവും ഉറപ്പാക്കി പദ്ധതി കൂടുതൽ കാര്യക്ഷമവും ചെലവുകുറഞ്ഞതുമാക്കുവാൻ കഴിയും.

സഹായങ്ങൾ ലഭിക്കുന്നതിലുള്ള നൂലാമാലകൾ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് നേരിട്ടിടപെടാനാകും.

സാമൂഹ്യഉച്ചനീചത്വം ഇല്ലാതാക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനം നടത്താവുന്നതാണ്.

ഇവരെ പ്രത്യേകം കോളനികളിൽ താമസിപ്പിക്കാതെ മറ്റുള്ളവരുമായി ഇടകലർന്നു ജീവിക്കാൻ അവസരം സൃഷ്ടിച്ചാൽ അവരുടെ സാമൂഹ്യനില കുറേക്കൂടി മെച്ചമാകാനിടയുണ്ട്.

## 12. വിഭവസമാഹരണം

കൃഷിയിൽ അധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയുള്ള ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണല്ലോ നമ്മുടേത്. 1991 സെൻസസ് പ്രകാരം 464 കർഷകരും 1284 കർഷകത്തൊഴിലാളികളും ഇവിടെ കൃഷിയുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്നു. കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നത് ഇവിടത്തെ കാർഷികമേഖലയെ മുരടിപ്പിനെ സൂചിപ്പിക്കുന്നു. കാർഷിക മേഖലയെപ്പോലെ തന്നെ വ്യാവസായിക മേഖലകളിലും നമുക്ക് പുരോഗതി കൈവരിക്കാനാവുന്നില്ല. നമ്മുടെ സാമ്പത്തിക ഞെരുക്കമാണ് ഇതിനു പ്രധാന കാരണം. ഈ മേഖലകളിൽ പുതിയ സംരംഭങ്ങളില്ലാതെ നമുക്കിനിയും മുന്നേറാനാകില്ല. അതിന് സാധ്യമാകുന്ന എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 28,77,000 രൂപയുടെ സ്ഥാവര സ്വത്തുക്കളാണ് പഞ്ചായത്തിനുള്ളത്.

**സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിവിരങ്ങൾ**

| | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം | മതിപ്പുവില |
|---|---|---|---|---|
| 1. | കല്ലേപ്പറമ്പ് ലക്ഷം വീട് | പുത്തൻവേലിക്കര . | 15 സെന്റ് | 15,000 |
| 2. | മാനംചാരിക്കുന്ന് | ' . | 10സെന്റ് | 10000 |
| 3. | പഴയപഞ്ചായത്താഫീസ് | ' | 2.50 | 1,00,000 |
| 4. | മിനി ലക്ഷംവീട് | ' | .80 | 80,000 |
| 5. | തുരുത്തൂർ ലക്ഷംവീട് | ' . | 40 | 40,000 |
| 6. | ഉത്തനാൽ ലക്ഷംവീട് | ' | .07 | 7,000 |
| 7. | പഞ്ചായത്ത് മാർക്കറ്റ് | ' | .50 | 7,50,000 |
| 8. | കാർസ്റ്റാന്റ് | ' | .40 | 6,00,000 |
| 9. | പഞ്ചായത്ത് ആഫീസ് | ' | .40 | 10,00,000 |
| 10. | അകത്തുചാൽ | ' | 28.78 | 75,000 |
| | ആകെ | | | 2877000 |

വസ്തുകൈമാറ്റ നികുതി, കെട്ടിട നികുതി, വിനോദനികുതി, തൊഴിൽ നികുതി എന്നിലവയാണ് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട നികുതി വരുമാന ശ്രോതസ്സ്. ഇവയ്ക്കു പുറമേ മത്സ്യ ബന്ധനം, മണൽ ഷട്ടർ, ഫെറി എന്നീ നികുതിയേതര വരുമാന മാർഗ്ഗങ്ങളുമാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക നില പരിശോധിക്കുമ്പോൾ കഴിഞ്ഞ ചില വർഷങ്ങളിലെ വരവുചെലവുകൾ താരതമ്യപ്പെടുത്തേണ്ടത് ആവശ്യമാണ്.

## 1990 91ലെ വരവുചെലവു കണക്കുകൾ

| ഇനം | വരവ് | ഇനം | ചെലവ് |
|---|---|---|---|
| | | | 2,63,500.00 |
| കെട്ടിടനികുതി | 1,11,137.04 | പൊതുമരാമത്ത് | 2,13,100.00 |
| തൊഴിൽ നികുതി | 49,902.00 | വിദ്യാഭ്യാസം | 6,700.00 |
| പ്രദർശന നികുതി | 842.00 | ജലവിതരണം | 3,05,000.00 |
| വിനോദനികുതി | 9,760.00 | മെറ്റീരിയൽസ് | 1,500.00 |
| പി.എഫ്..എ. | 702.00 | പൊതുജനാരോഗ്യം | 5,600 |
| ജനന-മരണരജിസ്റ്റർ | 565.00 | തെരുവുവിളക്ക് | 30,800.00 |
| വാടക | 98,824.00 | മൃഗസംരക്ഷണം | 1,660.00 |
| ഫെറി | 11,000.00 | സാമൂഹ്യക്ഷേമം | 3,5000.00 |
| ലൈസൻസ് ഫീസ് | 4380.00 | ഫെറി | 2,600.00 |
| സിനിമ (റഗുലേഷൻ ആക്ട്) | 630.00 | മറ്റിനങ്ങൾ | 5,22,913.00 |
| വിവിധ ഗ്രന്റുകൾ | 7,61,893.00 | ആകെ | 13,56,873.00 |
| മറ്റിനങ്ങൾ | 1,55,586.00 | | |
| ആകെ | 12,05,221.04 | | |

1990-91 വർഷത്തിൽ പഞ്ചായത്തിന്റെ മൊത്തവരുമാനം 12,05,221 രൂപയും ചെലവ് 13,56,873രൂപയുമാണെന്നു കാണാം. ഇതിൽ 7,61,893 രൂപ ഗവൺമെന്റ് ഗ്രന്റായി കിട്ടിയിട്ടുള്ളതാണ്. അൺടൈസ്ഫണ്ട് ഇനത്തിൽ 1,70,000 രൂപയാണ് ലഭിച്ചിട്ടുള്ളത്. ചെലവുകൾ വരവിനെ അധികരിച്ചിരിക്കുന്നതായും കാണാം.

**1995-96ലെ വരവുചെലവു സംബന്ധിച്ച വിവരണങ്ങൾ.**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|
| കെട്ടിടനികുതി | 190334.50 | 190334.50 |
| തൊഴിൽ നികുതി | 98860.00 | 98860.00 |
| വിനോദനികുതി | 18985.00 | 18985.00 |
| അഡി. വിനോദനികുതി | 11422.00 | 11422.00 |
| പ്രദർശന നികുതി | 2222.00 | 2222.00 |
| ' ' സർച്ചാർജ്ജ് | 555.50 | 555.50 |
| ചന്തവരവ് | 2220.00 | 2220.00 |
| ലൈസൻസ് ഫീസ് | 13642.00 | 13642.00 |
| വസ്തുകൈമാറ്റ നികുതി15% | 106876.00 | 106876.00 |
| ' ' 25% | 219485.00 | 219485.00 |
| ഡെപ്പോസിറ്റ് | 27577.00 | 27577.00 |
| മറ്റുള്ളവ | 165891.00 | 165891.00 |
| ഫെറി | 131350.00 | 131350.00 |
| മണൽഷട്ടർ | 130398.00 | 130398.00 |
| മത്സ്യബന്ധനം | 171454.00 | 171454.00 |
| നിക്ഷേപപലിശ | 49806.00 | |
| ആകെ | 1341078.85 | 1279272.85 |

**199596ലെ ചെലവു സംബന്ധിക്കുന്ന വിവരങ്ങൾ**

| ഇനം | തുക |
|---|---|
| ഭരണം | 480536.95 |
| പൊതുമരാമത്ത് | 441264.00 |
| വിദ്യാഭ്യാസം | 14935.10 |
| ജലവിതരണം, | 45386.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 95760.00 |
| മറ്റുള്ളവ | 600.00 |
| ആകെ | 1078482.05 |

**പൊതുസമ്പത്തിക നില**

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച് |
|---|---|---|---|
| വരവ് | 2354285.50 | | |
| ചെലവ് | 1384074.50 | | |

**പൊതുമരാമത്ത് പണികൾ സംബന്ധിച്ച വിവരങ്ങൾ**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് ഗ്രാന്റ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 264200.00 | | | 232241 |
| മൈനർ ഇറിഗേഷൻ | 21180.00 | 18462.00 | | |
| കെട്ടിടം | ഇല്ല. | | | |
| നടപ്പാലം, കലുങ്ക് | 280000.00 | | 190561 | |
| ആകെ | 565380 | 18462 | 190561 | 232241 |

**പട്ടിക**

**1995 – 96 ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ**

| VRM Rs. | MI Rs. | VTCRs. | അടിസ്ഥാനനികുതി 25 % | 75 % | Spl. Grant. | JRY | Untide Fund | ആകെ |
|---|---|---|---|---|---|---|---|---|
| 19897 | 13600 | 365127 | 33,424 | | | 3,38,441 | 2,76,700 | 10,47,783 |

സർക്കാർ ഗ്രന്റില്ലാതെ പഞ്ചായത്തിന് ദൈനംദിനപ്രവർത്തനങ്ങൾക്ക് പോലും നടത്താനാവാത്ത സ്ഥിതിയാണുള്ളതെന്നാണ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്തിന്റെ തനതുവാർഷിക വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാകുന്നില്ലെന്നു കാണുന്നു. അൺടൈഡ് ഫണ്ട് ഇനത്തിൽ സർക്കരിൽ നിന്നും കിട്ടിയ തുകയിലും കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. നികുതിവരുമാനത്തിൽ കാര്യമായ വർദ്ധനവൊന്നും ഉണ്ടായിട്ടില്ലെങ്കിലും 199596 വർഷത്തിൽ നികുതിയിതര വരുമാനങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കെട്ടിട നികുതി നിർണ്ണയിക്കുന്നതിലും മറ്റും ഏറെ അപാകതകൾ കാണുന്നുണ്ട്.

സർക്കാർ ഗ്രാന്റടക്കമുള്ള ഇപ്പോഴത്തെ വരുമാനത്തിന്റെ നല്ലയൊരു ഭാഗം ഭരണച്ചെലവുകൾക്കുതന്നെ ആവശ്യമായിവരുന്നു. 9596 വർഷത്തിൽ ഇത് ഗ്രന്റടക്കമുള്ള വരുമാനത്തിന്റെ 21,41 ശതമാനമാണ്. ബാക്കിയുള്ള തുക സേവനമേഖലയിലെ ആവശ്യങ്ങൾക്കും അൽപ്പം ചില മരാമത്തുപണികൾക്കും മാത്രമാണ് ഉപയോഗിക്കുന്നത്. ഉള്ള തുക വിഭജിക്കപ്പെട്ടു പോകുന്നതിനാൽ പല പ്രവർത്തനങ്ങളും യഥാസമയം പൂരത്തീകരിക്കാനുമാകുന്നില്ല. രാമേശ്വരത്തെ ക്ഷൗരം പോലെയുള്ള ഈ രീതി മാറ്റേണ്ടിയിരിക്കുന്നു. ഇതിനു പുറമേ മരാമത്തുപണികൾ ടെണ്ടർ സമ്പ്രദായത്തിലായതുകൊണ്ട് ഇടത്തട്ടുകാരും ഇതിലൊരു ഭാഗം തട്ടിയെടുക്കുന്നുണ്ട്.

കാർഷിക വ്യവസായിക മേഖലകളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അതുവഴി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ഏകോപിത പ്രവർത്തനങ്ങൾ കാര്യമായൊന്നും നടക്കുന്നില്ല. ഈ മേഖലകളിൽ വൻതോതിൽ നിക്ഷേപം ആവശ്യമായി വരുന്നു. അതിനാൽ ഇതിനുള്ള മാർഗ്ഗങ്ങൾ നാം ആരായേണ്ടതുണ്ട്. പഞ്ചായത്തിന്റെ തനതുവലരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. നികുതി സാദ്ധ്യതകളുൾപ്പെടെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തണം. നേരത്തെ സൂചിപ്പിച്ചപോലെ കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ചാൽ അതിൽ നിന്നുള്ള വരമാനം കുറച്ചൊക്കെ വർദ്ധിക്കും. അതുപോലെ സാദ്ധ്യമാകുമെങ്കിൽ വീടുകളുടെ വിസ്തീർണ്ണത്തിന് പരിധി നിശ്ചയിക്കുകയും പരിധിക്കപ്പുറം വിസ്തീർണ്ണമുള്ള വീടുകൾക്ക് നിർമ്മാണച്ചെലവിന്റെ നിശ്ചിത ശതമാനം ഫീസ് ഈടാക്കാനുള്ള വ്യവസ്ഥയുണ്ടാകേണ്ടതാണ്. ഏറെ നികുതി സാധ്യതകൾ ഇനിയുമുണ്ട്. ഇവയൊക്കെ പരമാവധി പദയോജനപ്പെടുത്തിയാൽ സാമ്പത്തിക നില ഏറെ മെച്ചപ്പെടുത്താൻ സാധിക്കും.

സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുചെയ്യാവുന്ന മറ്റൊരു കാര്യം പഞ്ചായത്തിലുള്ള സാമ്പത്തിക സ്ഥാപനങ്ങലെ ഉപയോഗപ്പെടുത്തുകയാണ്. രണ്ടു ഷെഡ്യൂൾഡ് ബാങ്കുകളും രണ്ടു സഹകരണ ബാങ്കുകളും, മൂന്നു സഹകരണ സംഘങ്ങളും, ഇവയ്ക്കു പുറമേ അനേകം സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളും ചിട്ടി കമ്പനികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കാത്തലിക് സിറിയൻ ബാങ്കും, ലോഡ്കൃഷണ ബാങ്കുമാണ് ഇവിടെയുള്ള ഷെഡ്യൂൾഡ് ബാങ്കുകൾ. ഇവയിലെ നിക്ഷേപങ്ങളുടെ ഒരു ചെറിയഭാഗം മാത്രമേ നമ്മുടെ പഞ്ചായത്തിൽ വിവിധ വായ്പകളായി നല്കുന്നുള്ളു. കേരളത്തിലെ ഷെഡ്യൂൾഡ് നാഷനലൈസ്ഡ് ബാങ്കുകളിൽ കണ്ടുവരുന്ന പ്രവണത ഇവിടെയുമുണ്ട്. കേരളത്തിലെ ബാങ്കുകൾ നട്ടിൽ നിന്നുശേഖരിക്കുന്ന നിക്ഷേപങ്ങളുടെ 30% മുതൽ 40%വരെ മാത്രമാണ് കേരളത്തിൽ വായ്പയായി നല്കുന്നത്. ശേഷിക്കുന്ന 6070ശതമാനവും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്. ഈ സ്ഥാപനങ്ങളിലെ പണം കൂടുതലും ഇവിടെത്തന്നെ ഉപയോഗപ്പെടുത്തുന്നതിനു വേണ്ട ശ്രമം ബാങ്കധികൃതരുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്.

ഇവിടെയുള്ള രണ്ടു സഹകരണബാങ്കുകളുടേയും രണ്ടു വായ്പാ സംഘങ്ങളുടേയും വാർഷിക ടേണോവർ 10,35,23,301 രൂപയാണ്. ഇലയിൽ എല്ലാം കൂടി 2,60,10,192 രൂപയുടെ സ്ഥിരനിക്ഷേപവും 33 ,33,967 രൂപയുടെ ഹൃസ്വകാല നിക്ഷേപവുമുണ്ട്. 1,87,86,571 രൂപ ഇവ വായ്പ നൽകിയിട്ടുണ്ട്. ഇവയുടെ ശേഷി വർദ്ധിപ്പിച്ചാൽ പഞ്ചായത്തിൻരെ വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ ഈ സംഘങ്ങൾക്ക് സാധിക്കും ദേശസാൽകൃത - ഷെഡ്യൂൾഡ് ബാങ്കുകളെ അപേക്ഷിച്ച് ഇവയ്ക്കുള്ള പ്രത്യേകത ഇവിടെ സ്വരൂപിക്കുന്ന പണം ഈ പ്രദേശത്തു തന്നെ വിനിയോഗിക്കപ്പെടുന്നു എന്നുള്ളതാണ്. ഈ പണം ഇവിടുത്തെ കാർഷിക വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കാൻ പഞ്ചായത്തിനു കഴിയണം. വ്യവസായ സംരംഭകർക്കും കർഷകർക്കും മറ്റും വായ്പകൾ അനായാസം ലഭ്യമാക്കുന്നതിന് വേണ്ട ഇടപെടലുകൾ പഞ്ചായത്തധികാരികളിൽ നിന്നുണ്ടാകണം.

അതുപോലെ വിദേശങ്ങളിൽ ജോലിചെയ്യുന്ന ആയിരം പേരെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ടാകും. അവരിൽ നിന്നും മുന്നരക്കോടി രൂപയെങ്കിലും പ്രതിവർഷം നമ്മുടെ പഞ്ചായത്തിലെത്തുന്നുണ്ട്. ഈ പണം മിക്കവാറും കെട്ടിടനിർമ്മാണ പ്രവർത്തനത്തിനുപയോഗിക്കുകയോ ഷെഡ്യൂൾഡ് - നാഷ്ണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ ബാങ്കുകളിൽ നേരത്തെ സൂചിപ്പിച്ച പരിമിതികളുണ്ട്. അതുകൊണ്ട് അലരെ അത്രം നിക്ഷേപങ്ങളിൽ നിന്നും പിന്തിരിപ്പിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രേരിപ്പിക്കുവാൻ പഞ്ചായത്തിന് കഴിയണം. അതുമല്ലെങ്കിൽ കുറഞ്ഞപക്ഷം സഹകരണബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സാദ്ധ്യതയെങ്കിലും ഉണ്ടാക്കണം. ഇങ്ങിനെയായാൽ ഈ പണം മുഴുവൻ ഇവിടുത്തെ വികസന പ്രവർത്തനങ്ങൾക്കുപയോഗപ്പെടുത്താനുള്ള പരോക്ഷ സാദ്ധ്യതയെങ്കിലുമുണ്ടാകും. അതുകൊണ്ട് ഇതിനുവേണ്ട ശ്രമങ്ങൾ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടാകണം. ഇവരെ സ്വാധീനിക്കാൻ കവിയുന്ന മറ്റുവ്യക്തികലുടേയും പ്രസ്ഥാനങ്ങളുടെയും സഹകരണം തേടാവുന്നതാണ്. കൂടാതെ പല പ്രവർത്തനങ്ങൾക്കും സാമ്പത്തിക സഹായം ചെയ്യാൻ സന്നദ്ധതയുള്ള ധാരാളം പേർ നമ്മുടെ നാട്ടിലുണ്ട്. വിഭവസമാഹാരത്തിനു നമുക്ക് ഇവരേയും ഉപയോഗപ്പെടുത്താവുന്നതാണ്.

ഇവയ്ക്കെല്ലാം പുറമേ പഞ്ചായത്തിലെയെന്നല്ല രാജ്യത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട വിഭവമായ മനുഷ്യവിഭവം ഇവിടെ സുലഭമാണ്. സ്ത്രീകളും പുരുഷന്മാരുമടക്കം പൂർണ്ണ സമയതൊഴിലാളികളായ 7630 പേരും ഭാഗീകമായി തൊഴിലുകളുമുള്ള 1088 പേരും തിലുപരി തൊഴിൽ രഹിതരായ 16897 പേരുമടങ്ങുന്ന തൊവിൽ ശക്തി നമ്മുടെ പഞ്ചായത്തിനുണ്ട്. സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും അല്ലാതെയും ഇവരുടെ ശേഷി ഉപയോഗപ്പെടുത്താൻ കൂട്ടായിശ്രമിച്ചാൽ നമുക്കുകഴിയുമെന്നതിൽ സംശയമില്ല. ഇവരുടെ നാലിലൊന്നു ശേഷിയെങ്കിലും സന്നദ്ധപ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുവാൻ നമുക്കു കഴിയും. നാടിന്റെ സമഗ്രമായ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി അവരെ സജ്ജരാക്കാൻ കക്ഷിരാഷ്ട്രീയ - സമൂഹ്യ - സാംസ്ക്കാരിക സന്നദ്ധ പ്രസ്ഥാനങ്ങളും വിശിഷ്യ പഞ്ചായത്തധികാരികളും സർവ്വോപരി നമ്മളോരോരുത്തരും ഇപ്പോഴേ ശ്രമമാരംഭിക്കണം. വിജയത്തെക്കുറിച്ച് ആശങ്കയേ വേണ്ട.

**പ്രശ്നങ്ങൾ**

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനാകുന്നില്ല.

വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപോയഗപ്പെടുത്തുന്നില്ല.

ഭരണച്ചലവു വർദ്ധിക്കുന്നു.

പഞ്ചായത്തന്റെ വരമാനം സേവന മേഖലയിലെ പ്രവർത്തനങ്ങൾക്കുതന്നെ തികയുന്നില്ല.

കാഷിക വ്യാവസായിക മേഖലകളെ അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികൾക്ക് പണമില്ല.

ധനകാര്യസ്ഥാപനങ്ങളെ യഥാവിധം ഉപോയഗപ്പെടുത്താവുന്നില്ല.

വായ്പകളുടെ ലക്ഷ്യംവിട്ടുള്ള ഉപയോഗം.

**സാദ്ധ്യതകൾ**

കെട്ടിട നികുതി നിർണ്ണയം ശരിയായ രീതിയിൽ നടത്തിയാൽ പഞ്ചായത്തിന്റെ വരമാനം വർദ്ധിപ്പിക്കാനാകും.

വെള്ളോട്ടുപുറം ഭാഗത്തെ ചതുപ്പുനിലങ്ങൾ ജലകൃഷിക്കുപയുക്തമാക്കിയാൽ പഞ്ചായത്തിന് അതൊരു നല്ല വരുമാന മാർഗ്ഗമാരിക്കും.

ഇളന്തിക്കരയിലുള്ള താന്തോന്നിച്ചിറയിൽ മുമ്പുണ്ടായിരുന്ന തോടുതെളിച്ചോ, പൈപ്പുവഴിയോ ശുദ്ധജലമെത്തിച്ചാൽ മത്സ്യകൃഷിക്കും കൊഞ്ചുവളർത്തലിനും, ജലസേചനത്തിനും ഉപയോഗപ്പെടുത്താനാകും. പഞ്ചായത്തിന് ഇതൊരു വരുമാന സ്രോതസ്സായി മാറുകയും ചെയ്യും.

തെലത്തുരുത്തിലുള്ള വെളുത്തേടൻ ചിറ വൃത്തിയാക്കിയെടുത്താൽ അവിടേയും മത്സ്യകൃഷിക്കുപയുക്തമാക്കിയെടുക്കാം.

പഞ്ചായത്താഫീസിനോടനുബന്ധിച്ചുള്ള സ്ഥലത്ത ഷോപ്പിംങ് കോംപ്ലക്സ് പണിത് വാടകയ്ക്കു കൊടുത്താൽ അതും നല്ല ഒരു വരുമാനമാർഗ്ഗമാകാവുന്നതാണ്.

നിലവിലുള്ള ട്ക്സിസ്റ്റാന്റിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വാടകനിരക്കു കൂട്ടാനാക്കും.

ഒരു കമ്മ്യൂണിറ്റി ഹാൾ പണികഴിപ്പിച്ചാൽ അതിൽ നിന്നും വരമാനമുണ്ടാക്കാനാകും.

പഞ്ചായത്തിനകത്തുള്ള പരസ്യബോർഡുകൾക്ക് നികുതി ഏർപ്പെടുത്താനാകും.

വിവിധസ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസ് നിരക്ക് സംസ്ഥാനിരക്കിനേക്കാൾ വളരെതാഴെയാണ്. ഇത് ഇനം തിരിച്ച് എ ,ബി,സി എന്നിങ്ങനെ പട്ടികപ്പെടുത്തി നികുതി നിരക്ക് വർദ്ധിപ്പിക്കാനാകുന്നതാണ്.

പല സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്റ്റർ ചെയ്യിക്കേണ്ടതും നിർബന്ധമായും ഫീസ് ഈടാക്കേണ്ടതുമാണ്.

എല്ലാവിധ വിവാഹങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാൻ നിഷ്ക്കർഷിക്കുകയും ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

ആർഭാടപൂർവ്വം നടത്തുന്ന വിവാഹങ്ങൾക്ക് ചെലവിനു വരിധിനിശ്ചയിക്കുകയും പരിധിക്കപ്പുറം ചെലവാക്കുന്നവരിൽ നിന്ന് നിശ്ചിത ശതമാനം തുക ഈടാക്കാവുന്നതുമാണ്.

വീടുകളുടെ വിസ്തീർത്തിനു പരിധി നിർണ്ണയിക്കുകയും പരിധിക്കപ്പുറമുള്ള വീടുകൾ പണിയുന്നവരോട് നിർമ്മാണച്ചലവിന്റെ നിശ്ചിത ശതമാനം ഫീസ്

ചുമത്തി ആ തുകകൊണ്ട് ദരിദ്രവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഒരു ഭവനനിർമ്മാണ നിധി രൂപീകരിക്കുകയും ചെയ്യാം.

സഹകരണസംഘങ്ങൾ ഉൾപ്പെടെ ബാങ്കിംങ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവിടങ്ങളിൽ നിന്ന് വായ്പകൾ തരപ്പെടുത്താനാകും.

വിദേശമലയാളികളുമായി ബന്ധപ്പെട്ട് അവരുടെ നിക്ഷേപങ്ങൾ കുറച്ചെങ്കിലും ലഭ്യമാക്കാൻ കഴിയും.

വികസന പ്രശ്നങ്ങൾക്കു കുറെയൊക്കെ പണം സംഭാവനകളിൽലൂടെ സ്വരൂപിക്കാനാകും.

പരമാവധി സന്നദ്ധ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താനാകും.

പഞ്ചായത്തിതല വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സമാഹരണം നടത്താൻ ശ്രമിക്കാവുന്നതാണ്.

ഭൂപരിവർത്തന നികുതി ഏർപ്പെടുത്താവുന്നതാണ്.

### പുത്തൻ വേലിക്കര ഗ്രാമ പഞ്ചായത്ത് – ഭരണസമിതി

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ഷീലാ തോമസ്സ് |
| വൈസ്. പ്രസിഡന്റ് | : | ശ്രീ. എൻ. ജി. ശശിധരൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ | : | ശ്രീമതി. വി. കെ. രാധ |

കമ്മറ്റി അംഗങ്ങൾ :

ശ്രീ. പി. എൽ. ഫ്രാൻസിസ്സ്, ശ്രീമതി. ത്രേസ്യ ഫ്രാൻസിസ്സ്, ശ്രീ. പി. ഒ. ജോസഫ്, ശ്രീമതി. മണി ബാബു, ശ്രീ. പി. കെ. ഉല്ലാസൻ, ശ്രീ. കെ. എം. നാരായണൻ, ശ്രീ. എ. എസ്സ്. വിദ്യാധരൻ, ശ്രീ. പി. ഒ. സുരേന്ദ്രൻ.

### റിപ്പോർട്ട് തയ്യാറാക്കിയവർ

| | |
|---|---|
| ശ്രീ. എ. എസ്സ്. സദാശിവൻ | (കൺവീനർ) |
| ശ്രീ. കെ. കെ. സേവ്യർ | (ഡി. ആർ. പി) |
| ശ്രീ. പി. ജെ. ഫ്രാൻസിസ്സ് | " |
| ശ്രീ. സി. എ. പ്രദീപ | " |
| ശ്രീ. എം. പി. ഷാജൻ | " |
| ശ്രീ. ടി. എസ്സ്. ശശിധരൻ | (എൽ. ആർ. പി) |
| ശ്രീ. കെ. ടി. അശോകൻ | " |
| ശ്രീ. എസ്സ്. ബിജോഷ് | " |
| ശ്രീ. വി. കെ. മണിമാസ്റ്റർ | " |

### നിർദേശങ്ങൾ നൽകിയവർ

ശ്രീ. പി. ഒ. വർഗ്ഗീസ്സ് (കെ. ആർ. പി)

ശ്രീ. കെ. പരമു മാസ്റ്റർ(കെ. ആർ. പി. & ബ്ലോക്ക് കൺവീനർ)

*പഞ്ചായത്ത് ഭരണ സമിതിക്കുവേണ്ടി പ്രസിഡന്റ്. ശ്രീമതി. ഷീലാ തോമസ്സ് 23 – 11 – 96 ന് പി. എസ്സ്. എം. എൽ. പി. എസ്സ്. ൽ നടക്കുന്ന പഞ്ചായത്ത് വികസന സെമിനാറിനു വേണ്ടി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്.*

Printed at: *silcon graphics,* Tripunithura.

ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത്

# വികസന സെമിനാർ

# റിപ്പോർട്ട്

**1996 നവംബർ 17 (ഞായർ)**

**ജെ. ബി. എസ്സ്. ദേശം**

**ഒൻപതാം പദ്ധതി - ജനകീയ പദ്ധതി**

# ചെങ്ങമനാട്
# ഗ്രാമ പഞ്ചായത്ത്
# വികസന റിപ്പോർട്ട്

# ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട് 1996

## ആമുഖം

നമ്മുടെ ഭരണഘടന പഞ്ചവൽസര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ് /നഗരപാലികാ സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പുനൽകുന്നു. കേരള നിയമസഭ പാസാക്കിയ പഞ്ചായത്ത്മുൻസിപ്പൽ നിയമങ്ങൾ ഈ ചുമതലകളെ കൂടുതൽ വ്യക്തമായി നിർവചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1997 ഏപ്രിൽ മാസം മുതൽ ആരംഭിക്കേണ്ട 9-ാം പഞ്ചവൽസര പദ്ധതിയുടെ രൂപികരണത്തിന് ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങളുണ്ട്.

താഴെ തട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ മുൻ അനുഭവങ്ങളുടെ അഭാവം, വികസനത്തെക്കുറിച്ചുള്ള വികലമായ അവബോധം, വേണ്ടത്ര അധികാരങ്ങളോ ഉചിതമായ ചട്ടങ്ങളോ ഇല്ലാത്തത്, വേണ്ടത്ര ഉദ്യോഗസ്ഥരുടേയും വിദഗ്ധരുടേയും അഭാവം തുടങ്ങിയവ എല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്.

മുകളിൽ സൂചിപ്പിച്ച എല്ലാവിധ പ്രതിബന്ധങ്ങളേയും മറികടന്ന് സമയബന്ധിതമായി തങ്ങളിൽ അർപ്പിതമായ നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം നൽകിയിട്ടുള്ളത്. ഒൻപതാം പദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകയ്ക്കുവരുന്ന സ്കീമുകൾ പഞ്ചായത്ത് സമിതികൾ വഴി രൂപപ്പെടുത്തുക മാത്രമല്ല ഉദ്ദേശം. ഇതുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിശീലനം, പ്രചാരണം, സന്നദ്ധ സേവനം ഇത്യാതി വിവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും പ്രസ്ഥാനം ലക്ഷ്യമിടുന്നു.

ജനകീയ ആസൂത്രണത്തിൽ പരിശീലനം സിദ്ധിച്ച അനേകം സന്നദ്ധഭടന്മാരുടെ സേവനം ആവശ്യമാണ്. ഇതിനുവേണ്ടി ആലുവാ താലൂക്കിനെ കേന്ദ്രീകരിച്ചുള്ള ജില്ലാതല പരിശീലന ശില്പശാല 96 സെപ്തംബർ 10, 11, 12 തിയതികളിൽ അങ്കമാലി CSA ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. ജില്ലാ ആസൂത്രണ ബോർഡ് നിർദ്ദേശിച്ചത് പ്രകാരം 7 പേരെ പഞ്ചായത്തിൽ നിന്നും നിയോഗിച്ചു.

ജില്ലാതല പരിശീലകർ (DRP) താഴെപ്പറയുന്നവരാണ്

1. കെ.ജി. രാമകൃഷ്ണപിള്ള
2. ആർ ബാലകൃഷ്ണൻ
3. എസ്. ഹംസ.
4. വി.കെ. സിയാദ്
5. ഗോപാലകൃഷ്ണൻ പി.
6. T.V. ജോണി.
7. A.M. അബ്ദുൾ ഖാദർ

ജില്ലാ പരിശീലനത്തിനു ശേഷം പഞ്ചായത്തിന്റെ 11 വാർഡുകളിലും ഗ്രാമസഭ ചേരുകയുണ്ടായി. താഴെ പറയും പ്രകാരം അംഗങ്ങൾ ഗ്രാമ സഭയിൽ പങ്കെടുത്തു.

| വാർഡ് നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 202 | 20 | 222 |
| II | 90 | 1 | 91 |
| III | 63 | 11 | 74 |
| IV | 96 | 5 | 101 |
| V | 145 | 6 | 151 |
| VI | 51 | 18 | 69 |
| VII | 59 | 3 | 62 |
| VIII | 176 | 84 | 260 |
| IX | 75 | - | 75 |
| X | 138 | 19 | 157 |
| XI | 153 | 40 | 193 |
| ആകെ | 1248 | 207 | 1455 |

ഗ്രാമസഭ ചേരുന്നതിനുമുമ്പായി ലോക്കൽ റിസോഴ്സ് പേഴ്സൺ(LRP) 45 പേർക്ക് പരിശീലനം പഞ്ചായത്തിൽ നടത്തിയിരുന്നു. വീണ്ടും അവർക്ക് രണ്ടുപ്രാവശ്യം പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമസഭക്കുശേഷം ചേർന്ന പരിശീലന ശിൽപശാലയിൽ വച്ച് 9 ഗ്രൂപ്പുകളായി തിരിക്കുകയുണ്ടായി. ദ്വിതീയ സ്ഥിതിവിവരം ശേഖരിക്കുന്നതിനു വേണ്ടിയായിരുന്നു ഇങ്ങനെ ഗ്രൂപ്പുകളായി തിരിച്ചത്. ജില്ലാ തലപരിശീലകർക്ക് രണ്ടാം ഘട്ട പരിശിലനം ഒക്ടോ: 23, 24, 25 തീയതികളിലായി പൂവത്തുശേരിയിൽ വച്ച് നൽകി. അതിനുശേഷം ചെങ്ങമനാട് പഞ്ചായത്തിൽ മൂന്ന് ദിവസങ്ങളിലായി പഠന പര്യടനം നടത്തുകയുണ്ടായി.

PRP-മാരും LRP-മാരും ശേഖരിച്ച ദ്വിതീയ സ്ഥിതി വിവരക്കണക്കുകളുടേയും പഠനപര്യടനങ്ങളുടേയും വിവിധ ഓഫീസർമാരുടെ സഹകരണത്തോടെയും വികസന റിപ്പോർട്ടിന്റെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

ജനകീയസൂത്രണ പ്രസ്ഥാനത്തിന്റെ മറ്റൊരു ഘട്ടമെന്ന നിലക്ക് നവംബർ 1 പുനരർപ്പണ ദിനമായി ആചരിക്കുകയുണ്ടായി. ഈ പഞ്ചായത്തിലെ V-ാം വാർഡിൽ കരിങ്ങനാം കുറ്റി റോഡ് ഒരു കിലോമീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും ആ പ്രദേശത്തെ ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളോടുകൂടി നിർമ്മാണമാരംഭിച്ചു.

96 നവംബർ 12-ാം തീയതി കൂടിയ ചെങ്ങമനാട് പഞ്ചായത്ത് കമ്മറ്റി വികസന റിപ്പോർട്ട് ചർച്ചക്ക് വിധേയമാക്കി അംഗീകരിച്ചു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | – | 1) ചെങ്ങമനാട് വില്ലേജ് 2) നെടുമ്പാശ്ശേരി വില്ലേജ്. |
| ബ്ലോക്ക് പഞ്ചായത്ത് | – | പാറക്കടവ്. |
| താലൂക്ക് | – | ആലുവ. |
| അസംബ്ലി മണ്ഡലം | – | വടക്കേക്കര. |
| വിസ്തീർണ്ണം | – | 15.58 ച. കി. മീ. |
| അതിരുകൾ | – | വടക്ക് – നെടുമ്പാശ്ശേരി പഞ്ചായത്ത്. |
| | | വടക്ക് കിഴക്കതിര് – നെടുമ്പാശ്ശേരി വിമാനത്താവളം. |
| | | കിഴക്ക് – ശ്രീമൂലനഗരം പഞ്ചായത്ത് പ്രദേശം. |
| | | പടിഞ്ഞാറ് – കുന്നുകര പഞ്ചായത്ത്. |
| | | തെക്ക് പടിഞ്ഞാറ് – പെരിയാർ നദിയുടെ ഒരു ശാഖ. |
| ജനസംഖ്യ | – | 25,249 (1991 സെൻസസ്) |
| വാർഡുകൾ | – | 11 |
| പ്രസിഡണ്ടിന്റെ പേര് | – | ശ്രീ കെ. വാസു. |
| വൈസ് പ്രസിഡണ്ടിന്റെ പേര് | – | ശ്രീ. എ.എം. അബ്ദുൾ ഖാദർ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | – | ശ്രീമതി. മറിയാമ്മ ജോണി. |
| സെക്രട്ടറി | – | ശ്രീ. വി. എ. രാമചന്ദ്രൻ |
| മെമ്പർമാർ: | | |
| വാർഡ് I | – | സർവ്വശ്രീ കെ. എം. അബ്ദുൾഖാദർ |
| II | – | എം. എ. സതീശൻ |
| III | – | സരസ്വതി പുരുഷോത്തമൻ |
| IV | – | ആർ. പി. രമേശൻ |
| V | – | ടി.വി. ജോണി. |
| VI | – | ശോഭന കൃഷ്ൻനായർ |
| VII | – | കെ.കെ നബീസ |
| VIII | – | കെ. വാസു |
| IX | – | എ. എം. അബ്ദുൾ ഖാദർ |
| X | – | പി. എൻ. കൃഷ്ണൻകുട്ടി |
| XI | – | മറിയാമ്മ ജോണി. |

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ:

| | | |
|---|---|---|
| ചെങ്ങമനാട് ഡിവിഷൻ മെമ്പർ | – | ശ്രീ. ടി. പി. ഭാസി. |
| നെടുവന്നൂർ ഡിവിഷൻ മെമ്പർ | – | ശ്രീ. ഇ. എം. സലീം |
| ജില്ലാ പഞ്ചായത്ത് മെമ്പർ | – | ശ്രീ പി.പി. പൗലോസ് മാസ്റ്റർ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | – | ശ്രീ പി.കെ. ഇബ്രാഹിംകുട്ടി |

പ്രസിദ്ധമായ ആലുവ ശിവരാത്രി മണൽപ്പുറം ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു. തെക്കുവശത്തുകൂടി പോകുന്ന പെരിയാർ രണ്ടായി തിരിയുന്നത് ആലുവയിൽ വച്ചാണ്. പെരിയാറിന്റെ ഒരു കൈവഴി ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു വശത്തുകൂടി ഒഴുകുന്നു. ചെങ്ങമനാട് റവന്യൂ വില്ലേജ് പൂർണ്ണമായി ഈ പഞ്ചായത്തിലാകുന്നു. പൊതുവെ സമതല പ്രകൃതമായ ഈ പഞ്ചായത്തു പ്രദേശത്തെ ചുറ്റിയൊഴുകുന്ന പറമ്പയം – ചെങ്ങൽതോടും അതിനോടു ബന്ധപ്പെടുന്ന മറ്റു ചെറുതോടുകളും വളരെയേറെ പരിക്കുകളോടെയാണ് നിൽക്കുന്നതെങ്കിലും അവ ഈ പഞ്ചായത്തിന്റെ സുപ്രധാന ജല സ്ത്രോതസ്സായി മാറ്റേണ്ടതുണ്ട്. പഴയ തിരുവിതാം കൂറിന്റെ അതിരുകളിൽ രൂപംകൊണ്ട പഞ്ചായത്തുകളിൽ ഒന്നായ ചെങ്ങമനാട് 1954–ൽ രൂപം കൊള്ളുമ്പോൾ ഇന്നത്തെ നെടുമ്പാശ്ശേരി ചെങ്ങമനാട് ഭൂവിഭാഗങ്ങളായിരുന്നു.

മുൻ പഞ്ചായത്തു പ്രസിഡന്റുമാർ:

1. ശ്രീ. കെ. പി. പത്മനാഭപിള്ള കൂക്കംപാറ
2. ശ്രീ. എളമന ഹസൻ കാദർപിള്ള
3. ശ്രീ. അമ്പേലി കൃഷ്ണപിള്ള
4. ശ്രീ. കെ. പി. പരമേശ്വരൻപിള്ള
5. ശ്രീ. അഡ്വ. എ.കെ. കുഞ്ഞുമുഹമ്മദ്
6. ശ്രീ. കെ. വാസു
7. ശ്രീ. സി. എ. ചന്ദ്രൻപിള്ള
8. ശ്രീ. എ. ആർ. നാരായണൻ

63 മുതൽ 79 വരെ 16 വർഷം എ.കെ. കുഞ്ഞുമുഹമ്മദിന് പ്രസിഡണ്ടായിരിക്കേണ്ടി വന്നു. ഇക്കാലയളവിൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് നടന്നിരുന്നില്ല.

## ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളികളും

ഈ നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ രൂപം കൊണ്ട ഈ പഞ്ചായത്തിന് പ്രത്യേകതകളൊന്നും അവകാശപ്പെടാനില്ലായിരുന്നു. ഈ പഞ്ചായത്തിൽ തുരുത്ത്, പുറയാർ, ദേശം, കപ്രശ്ശേരി, നെടുവന്നൂർ, പുതുവാശ്ശേരി, ചെങ്ങമനാട്, പാലപ്രശ്ശേരി എന്നീ കരകളാണ് ഉള്ളത്.

സ്വാതന്ത്ര്യ പ്രക്ഷോഭത്തിൽ ശ്രദ്ധേയമായ ഏടുകളൊന്നും ഈ പഞ്ചായത്തിൽ കണ്ടെത്താൻ കഴിഞ്ഞില്ല. 1942-ൽ ക്വിറ്റിന്ത്യാ പ്രക്ഷോഭത്തിൽ പങ്കെടുത്ത ചെങ്ങമനാട് വടക്കേടത്ത് ശങ്കരപിള്ളയുടെ മകൻ ശാരദപ്രസാദ് എന്നൊരാൾ ജയിൽവാസം അനുഭവിച്ചിട്ടുള്ളതായി അറിയുന്നു.

നവോത്ഥാന കാലാഘട്ടത്തിലും അതിനു ശേഷം കർഷകരുടേയും തൊഴിലാളികളുടേയും സംഘടിത രൂപങ്ങൾ ജനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്ക് വഴിതെളിയിച്ചു. 1951-ൽ ചെങ്ങമനാട് പ്രദേശത്തെ കമ്പനികൾക്കൂടി ഉൾപ്പെടുന്ന ആലുവ ടൈൽ ആന്റ് പോട്ടറി വർക്കേഴ്സ് യൂണിയൻ സ്ഥാപിതമായി. ശ്രീ. ഇ. ബാലാനന്ദൻ, ശ്രീ. K.C. പ്രഭാകരൻ, ശ്രീ. T.A. അയ്യപ്പൻ കുട്ടി എന്നിവരായിരുന്നു നേതൃത്വം നൽകിയത്. 1953-ൽ 3 മാസം നീണ്ടുനിന്ന ഒരു സമരം നടക്കുകയുണ്ടായി.

ആദ്യകാലങ്ങളിൽ നെൽകൃഷിയായിരുന്നു പ്രധാന വിള. കരിമ്പും മറ്റു ഫല വൃക്ഷങ്ങളും ഉണ്ടായിരുന്നു. ഈ നൂറ്റാണ്ടിന്റെ മധ്യകാലങ്ങളിലും ജന്മി – നാടുവാഴിഭരണം അഭംഗുരം നിലനിന്നിരുന്നു. അവർണ്ണർക്ക് ക്ഷേത്രപ്രവേശനം അസാധ്യമായിരുന്നു. അസ്പൃശ്യതയും അതുപോലുള്ള നിരവധി അനാചാരങ്ങളും സമൂഹത്തിൽ നിലനിന്നിരുന്നു. നേരത്തെ രൂപം കൊണ്ട തൊഴിലാളി – കർഷക പ്രസ്ഥാനങ്ങൾ ഈ അനാചാരങ്ങൾക്കെതിരെയും പോരാടിയിരുന്നു.

പഴയ കാലത്തിന്റെ ഒരു പ്രത്യേകതയെ സൂചിപ്പിക്കുന്ന ഒരു പ്രധാനസംഭവം കൊല്ല വർഷം 99ലെ വെള്ളപ്പൊക്കമാകുന്നു. ഈ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ സ്ഥലങ്ങളും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ അനുഭവിക്കുകയുണ്ടായി.

ചെങ്ങമനാട് പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ സ്ക്കൂൾ ദേശം സ്ക്കൂളാണ്. 1902-ൽ സ്ഥാപിതമായി എന്നു കരുതുന്നു. 1911-ൽ ചെങ്ങമനാട് പ്രൈമറി സ്കൂൾ സ്ഥാപിതമായി. കൊല്ല വർഷം 1100-ൽ തുരുത്ത് കരയിൽ പ്രൈമറി സ്ക്കൂൾ ആരംഭിച്ചു. അതിനു ശേഷം കപ്രശ്ശേരിയിലും പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുകയുണ്ടായി. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ആലുവായിലും പിന്നീട് നെടുമ്പാശ്ശേരി ഹൈസ്ക്കൂളിലും അകവൂർ സ്ക്കൂളിലും ആയിരുന്നു ആശ്രയം. 1921-ൽ സ്ഥാപിതമായ ആലുവാ യു.സി. കോളേജിനെയാണ് ഉന്നതവിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത്.

1921-ൽ മഹാകവി കുമാരനാശാന്റെ മേൽനോട്ടത്തിൽ ചെങ്ങമനാട് യൂണിയൻ ടൈൽവർക്സ് സ്ഥാപിതമായി. ചെങ്ങമനാടും പരിസര പ്രദേശങ്ങളിലുമുള്ളവരായിരുന്നു തൊഴിലാളികൾ. ആലുവായിലും സമീപപ്രദേശങ്ങളിലും ഇത്തരത്തിലുള്ള വ്യവസായസ്ഥാപനങ്ങൾ രൂപമെടുത്തു. ദേശം, തുരുത്ത് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ചുരുക്കം ചിലർ ഇവിടങ്ങളിൽ ജോലിക്കുപോയിരുന്നു. റെയിൽവേ ജോലിക്കായും കുറെയാളുകൾ പഞ്ചായത്തിൽ നിന്നും പോയിരുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിതം പോക്കിയിരുന്നത്. പാട്ടവും, വാരവും, കൂടിയായ്മ തുടങ്ങിയവ കൃഷിക്കാരെ പാപ്പരാക്കിയിരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ജന്മിത്വവാഴ്ചക്കെതിരായി കൃഷിക്കാരുടെ സംഘടനകൾ ചില നടപടികൾ സ്വീകരിച്ചു. സംസ്ഥാനവ്യാപകമായി നടന്ന കൃഷിക്കാരുടെ ഭൂമിക്കുവേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലും കർഷക പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചു. 1957 മുതൽ 77 വരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടു. ഇതേ കാലയളവിൽ ചെത്തുതൊഴിലാളികളുടേയും മറ്റും സംഘടനകൾ ശക്തി പ്രാപിച്ചു. ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയും ഭൂപരിഷ്കരണത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളും നാടിന്റെ സാമൂഹ്യ രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചു. ഭൂപരിഷ്കരണ പ്രക്ഷോഭത്തിനുശേഷമാണ് ജന്മിത്വവാഴ്ച ക്ഷയിച്ചു തുടങ്ങിയതെന്നുപറയാം. ബഹുഭൂരിപക്ഷം കൂടിയാന്മാർക്കും കുടികിടപ്പുകാർക്കും ഭൂമി സ്വന്തമായി ലഭിക്കുവാനിടയായി. ജന്മിക്കു നൽകിയിരുന്ന പാട്ടം നിർത്തലാക്കിയപ്പോൾ കൃഷിക്കാർക്കാശ്വാസമായി. കിടക്കാൻ ഒരു തുണ്ടുഭൂമി സ്വന്തമായി ലഭിച്ച കർഷകതൊഴിലാളിയുടെ വിലപേശൽ കഴിവ് വർദ്ധിച്ചു.

ഭൂവുടമബന്ധങ്ങളിൽ വന്ന മാറ്റം ജന്മിത്വത്തിന്റെ മേധാവിത്വം കുറക്കുവാൻ സഹായിച്ചു. ഭൂപരിഷ്കരണം സമസ്ത മേഖലകളിലും വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിചചു. 1957-ൽ വിദ്യാഭ്യാസ രംഗത്ത് സർക്കാർ സ്വീകരിച്ച നയപരപാടികൾ സാധാരണക്കാർക്ക് ആശ്വാസകരമായി. വിദ്യാഭ്യാസം നേടുവാൻ ദരിദ്ര ജനവിഭാഗങ്ങൾക്ക്, അവസരം ലഭിച്ചുതുടങ്ങി. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിച്ചതായിരുന്നു 57-ലെ വിദ്യാഭ്യാസ ബില്ല്.

അതിനുശേഷം കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഒരു വിപ്ലവം നടന്നത് 87-ലെ ഗവൺമെന്റിന്റെ കാലത്താണ് 89 ഏപ്രിൽ 14ന് പ്രധാനമന്ത്രി V.P.സിംഗ് ഉത്ഘാടനം ചെയ്തു. സാക്ഷരതാ പ്രവർത്തനം ഇന്ത്യക്കും ലോകത്തിനാകെയും മാതൃകയാക്കിയ സംഭവമയിരുന്നു.

### ഈ പഞ്ചായത്തിലെ ആരാധനാലയങ്ങൾ

**ക്ഷേത്രങ്ങൾ**

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ഥാപിച്ച ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പ്രാചീന ശിൽപകലകളും കൊത്തു പണികളും ഇവയിൽ ദൃശ്യമാണ്. നിശ്ചിത കാലയളവുകളിൽ നടക്കുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും ധാരാളം പേർ പങ്കെടുക്കുന്നുണ്ട്.

**മോസ്ക്**

ഈ നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ സ്ഥാപിച് മസ്ജിദുകൾ ഈ പഞ്ചായത്തിലുണ്ട്. എല്ലാ മസ്ജിദുകളും ആധുനിക രീതിയിൽ പുതുക്കി പണിയുകയും ചെയ്തിട്ടുണ്ട്. ധാരാളം വിശ്വാസികൾ ദിനംപ്രതി നിസ്കാരത്തിനു വേണ്ടി എത്തുന്നു.

**ചർച്ച്**

50-60കളിൽ സ്ഥാപിച്ച ചർച്ചുകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇന്നുകാണുന്ന തരത്തിൽ നവീകരിച്ചിട്ട് മൂന്നു ദശകങ്ങളെങ്കിലുമാകും. നിശ്ചിത പള്ളിപരിപാടികൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ❑

# ഭൂപ്രകൃതി

**അവലംബം:**

പഠനപര്യടനം, കൃഷിഭവൻ രേഖകൾ, റവന്യൂ രേഖകൾ

ഭൂപ്രകൃതിയനുസരിച്ച് ചെങ്ങമനാട് പഞ്ചായത്തിനെ 4 മേഖലകളായി തിരിക്കാം.

1. പുഴയോര സമതലം
2. ചെറിയ ചരിവു പ്രദേശം
3. പശിമയുള്ള ചളിപ്രദേശം
4. കുന്നിൻ പ്രദേശം

**1. പുഴയോര സമതല പ്രദേശം**

പഞ്ചായത്തിലെ കൂടുതൽഭാഗം വരുന്ന ഭൂവിഭാഗം പുഴയോര സമതലത്തിൽപ്പെട്ടതാണ്. പെരിയാർ തീരവും അതിന്റെ രണ്ട് കൈവഴികളും പഞ്ചായത്തിന്റെ രണ്ട് അതിരുകളാണ്. I, II, IV, VII വാർഡുകൾ പുഴയുടെ തീരങ്ങളിലാണ്. IV-ാം വാർഡിൽ ഉയർന്ന പ്രദേശം ഉണ്ട്. വെള്ളപ്പാറയും ചുവന്നപാറയും ഉള്ള സ്ഥലമായതിനാൽ വെള്ളം ഊർന്നിറങ്ങാൻ പ്രയാസമാണ്. III, IV, VII വാർഡുകൾ കുടിവെള്ളക്ഷാമം കൂടുതൽ ഉള്ള പ്രദേശങ്ങളിൽ നെല്ല്, തെങ്ങ്, വാഴ ഫലവൃക്ഷങ്ങൾ എന്നിവയാണ്. പ്രധാന കൃഷി.

**2. ചരിവുപ്രദേശം**

I, II, വാർഡുകളുടെ മധ്യഭാഗവും III-ാം വാർഡ് പൊതുവേയും IV, VII വാർഡുകളുടെ ¼ ഭാഗവും ചരിവുപ്രദേശമാണ്. ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടങ്ങളിൽ പൊതുവെ കണ്ടുവരുന്നത്. കൃഷി ചെയ്യാത്ത ഭൂമി ഇവിടങ്ങളിൽ ഇല്ലെന്നുപറയാം. പൊതുവെ തെങ്ങ്, വാഴ, ഫലവൃക്ഷങ്ങൾ, ജാതി മരച്ചീനി എന്നിവ കൃഷിചെയ്യുന്നു.

**3. പശിമയുള്ള ചളിപ്രദേശം**

മഴവെള്ളം ശേഖരിക്കപ്പെടുന്ന ഈ പ്രദേശങ്ങളിലെല്ലാം കാണുന്ന മണ്ണാണ് പശിമയുള്ള ചളി. ഫലഭൂയിഷ്ഠമായ ഈ പ്രദേശങ്ങളിൽ നെൽകൃഷിയാണ് പ്രധാന വിള. ക്രമേണ എല്ലാ വാർഡുകളിലും ഇഷ്ടികനിർമ്മാണത്തിന്റെ കേന്ദ്രമായി മാറുകയായിരുന്നു. പഞ്ചായത്തിൽ വളരെയേറെ സ്ഥലങ്ങൾ ഇഷ്ടിക നിർമ്മാണത്തിനുപയോഗിച്ചതിനാൽ നെൽകൃഷി കുറയുകയായിരുന്നു.

**4. കുന്നിൻ പ്രദേശം**

ലാറ്ററേറ്റും ചെമണ്ണും കലർന്ന പ്രദേശങ്ങൾ I മുതൽ VII വാർഡുകളിലും കാണാവുന്നതാണ്. വെള്ളപ്പാറയും ചുവന്ന പാറയും ഫലവൃക്ഷങ്ങൾ കൃഷിചെയ്യുന്ന സ്ഥലമാണ്. നികത്തൽ നടത്തുന്നതിന് ഈ ഭൂവിഭാഗങ്ങളിൽ നിന്നും മണ്ണുമാറ്റുന്ന രീതി തുടങ്ങിയിട്ടുണ്ട്.

### ജനപ്രകൃതി

അവലംബനം. കാനേഷുമാരി കണക്കുകൾ 1991

ചെങ്ങമനാട് പഞ്ചായത്തിലെ ജനസംഖ്യ 25249

പുരുഷന്മാർ 12504

സ്ത്രീകൾ 12745

6 വയസ്സുവരെയുള്ളവർ 2934
ആൺകുട്ടികൾ 1473
പെൺകുട്ടികൾ 1461

പഞ്ചായത്തിലെ വീടുകൾ 4846
ശരാശരി വീടൊന്നിന് 5.21 ആളുകൾ വീതമുണ്ട്
സംസ്ഥാന ശരാശരി 5.6 ആണ്.

| | | |
|---|---|---|
| പട്ടികജാതി | പുരുഷന്മാർ | 976 |
| | സ്ത്രീകൾ | 1000 |
| | ആകെ | 1976 |

സെൻസസ് പ്രകാരം സാക്ഷരതാ നിരക്ക് 78.6 എന്നാൽ നിരക്ഷരരുടെ എണ്ണം തുച്ഛമാണ്. 15 വയസ്സിനുമേൽ പ്രായമുള്ളവരിൽ 50% S.S.L.C. യും അതിനുപരിയും വിദ്യാഭ്യാസമുള്ളവരാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനെ അപേക്ഷിച്ച് കുറവാണ്.

മൊത്തം ജനസംഖ്യയിൽ 31.5 ശതമാനം അതായത് 7971 ആളുകളാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള കണക്കുകൾ പട്ടിക 3-ൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും വെളിവാകുന്ന പ്രധാനപ്പെട്ട പ്രവണത സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്കാണ്.

കുടുംബവുമായി ബന്ധപ്പെട്ട് സ്ത്രീകൾ ചെയ്യുന്ന പല ഉല്പാദനപരമായ കണക്കുകളും കാനേഷുമാരികണക്കെടുപ്പുകൾ പരിഗണിക്കുന്നില്ല എന്നത് ന്യൂനതയായി കാണേണ്ടതാണ്. പ്രത്യക്ഷമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവമായ പ്രശ്നമാണ്.

പട്ടിക 2

തൊഴിലെടുക്കുന്നവരുടെ എണ്ണം

| | സ്ത്രീകൾ | പുരുഷന്മാർ | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 1792 | 6179 | 7971 |
| ഭാഗിക തൊഴിലുകൾ | 379 | 280 | 659 |
| മൊത്തം | 2171 | 6459 | 8630 |

തൊഴിലാളികളുടെ മേഖല വിതരണമെടുത്താൽ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം കാർഷിക മേഖലയുടെ താരതമ്യേന അപ്രധാനമായ അവസ്ഥയായിരിക്കും. 21.6 ശതമാനം ആളുകളേ കാർഷികമേഖലയെ തൊഴിലിനായി ആശ്രയിക്കുന്നുള്ളു. ഇതിൽത്തന്നെ മുക്കാൽ പങ്കും കാർഷികത്തൊഴിലാളികളാണ് എന്നതും ശ്രദ്ധേയമാണ്. വ്യവസായ മേഖലയ്ക്കാണ് പ്രാമുഖ്യം. കുടിൽ വ്യവസായം അപ്രധാനമാണ്. സേവന മേഖലയിൽ 13 ശതമാനവും വാണിജ്യമേഖലയിൽ 13.4 ശതമാനവും പേർ പണിയെടുക്കുന്നു. വാർത്താവിനിമയ രംഗത്ത് 9 ശതമാനവും മറ്റു സേവനരംഗത്ത് 13 ശതമാനവും പേർ ജോലി ചെയ്യുന്നു.

പട്ടിക 3
തൊഴിലാളികളുടെ എണ്ണം വിവിധമേഖലകളിൽ മുഖ്യതൊഴിലുകൾ മാത്രം

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | % |
|---|---|---|---|---|
| കൃഷിക്കാർ | 515 | 148 | 663 | 8.3 |
| കർഷക തൊഴിലാളികൾ | 557 | 505 | 1062 | 13.3 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 267 | 52 | 319 | 4.0 |
| ഖനനം, പാറപ്പൊട്ടിക്കൽ | 44 | 2 | 46 | 0.5 |
| കുടിൽ വ്യവസായം | 78 | 59 | 137 | 1.8 |
| കുടിലേതര വ്യവസായം | 1969 | 533 | 2502 | 31.4 |
| കെട്ടിട, റോഡ് നിർമ്മാണം | 367 | 27 | 394 | 5.0 |
| വാണിജ്യം | 988 | 79 | 1067 | 13.4 |
| ഗതാഗതം വാർത്താവിനിമയം | 721 | 28 | 749 | 9.3 |
| മറ്റു സേവനങ്ങൾ | 673 | 359 | 1032 | 13.0 |
| | 6179 | 1792 | 7971 | |

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ 25 ശതമാനമേയുള്ളു. സ്ത്രീതൊഴിലാളികൾ അല്പം കൂടുതലുള്ളത് കാർഷികതൊഴിലാളികളിലും, പരമ്പരാഗത മേഖലയിലുമാണ്. ഒരു മതിപ്പ് കണക്കെടുക്കുകയാണെങ്കിൽ തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയമുള്ളവരിൽ നാലിലൊന്നു പേർക്ക് പണിയില്ലെന്നു കണക്കാക്കാം.

തൊഴിലില്ലായ്മ സ്ത്രീകളിലാണ് ഏറ്റവും രൂക്ഷമായിരിക്കുന്നത്. തൊഴിലെടുക്കാനാഗ്രഹിക്കുന്ന സ്ത്രീകളിൽ 50 ശതമാനം പേർക്കും തൊഴിലില്ല.

പട്ടികജാതി കുടുംബങ്ങളുടെ എണ്ണം മൊത്തം വീടുകളുടെ 7.2 ശതമാനമേ വരുന്നുള്ളു. പട്ടിക ജാതി വിഭാഗത്തെ ഒഴിവാക്കിയാൽ എല്ലാ ജാതികളിലും പണക്കാരേയും പാവപ്പെട്ടവരേയും കാണാൻ കഴിയും. ഭൂവുടമസ്ഥരിൽ ഒരു ചെറിയ ശതമാനം മാത്രമേ സ്വയം കൃഷിക്കരായുള്ളൂ. ഒരു ചെറു ന്യൂനപക്ഷം മാത്രമേ ഭൂമിയെ ഇന്ന് മുഖ്യവരുമാനമായി കാണുന്നുള്ളു. ചെറുകിട ഭൂവുടമസ്ഥരിൽ മഹാഭൂരിപക്ഷവും മറ്റു മേഖലകളിൽ കൂലിപ്പണിയോ, ശമ്പളപ്പണിയോ എടുക്കുന്നവരാണ്. എന്നാൽ ഇവർ തങ്ങളുടെ പറമ്പിലും വയലിലും കൃഷിപ്പണിചെയ്യുവാൻ കർഷകത്തൊഴിലാളികളെ കൂലിവേലയ്ക്ക് എടുക്കുകയും ചെയ്യുന്നു. അതീവ സങ്കീർണ്ണമായ ഒരു ചെറുകിട ഉല്പാ

ദന വ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. വ്യവസായ മേഖലകളിലോ സേവന മേഖലകളിലോ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും കാർഷിക ജോലി ചെയ്യുന്നില്ല.

**ജലവിഭവങ്ങൾ**

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഇവിടെയുള്ളത്. വർഷ പാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 75 ശതമാനവും കാലവർഷത്തിൽ നിന്നാണെന്നു കാണാം. വേനൽക്കാലത്താകട്ടെ കടുത്ത ജലക്ഷാമവും അവുഭവപ്പെടുന്നു.

പെരിയാറും അതിന്റെ രണ്ട കൈവഴികളും ഈ പഞ്ചായത്തിനരികിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിലും വർഷത്തിൽ 2 മുതൽ 5 മാസം വരെ ജലക്ഷാമം അനുഭവപ്പെടുന്നു. 11 വാർഡുകളിൽ 10 വാർഡുകളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

പറമ്പയം – ചെങ്ങൽതോട് പഞ്ചായത്തിന്റെ 8 വാർഡുകളേയും ബന്ധിപ്പിക്കുന്ന സുപ്രധാന ജലസ്രോതസ്സാണ്. നല്ല വീതിയും ആഴവുമുണ്ടായിരുന്ന ഈ തോട് ഇന്ന് അത്യന്തം വികൃതമാക്കപ്പെട്ടിരിക്കുകയാണ്. ഈ തോടിന്റെ സംരക്ഷണത്തിനുവേണ്ടി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിൽ നിന്നും സന്നദ്ധ പ്രവർത്തനത്തിന് ജനങ്ങൾ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. ഈ തോടിന്റെ ആഴം കൂട്ടിയും വീതി പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്താൽ ജലമാർഗ്ഗഗതാഗതത്തിന് സഹായമാകും. ഏകദേശം 20 കിലോമീറ്റർ കൂടുതൽ നീളം വരുന്ന ഈ തോടിന്റെ പല ഭാഗങ്ങളിലും ഇന്ന് നീരൊഴുക്കില്ലാതിരിക്കുകയാണ്. ചിലർ കയ്യേറി നികത്തിയെടുക്കുകയും ചില സ്ഥലത്ത് മണ്ണിടിഞ്ഞ് നീരൊഴുക്കിന് തടസ്സമായിത്തീരുകയും ചെയ്തിരിക്കയാണ്. വളരെയേറെ മനുഷ്യാധ്വാനം സന്നദ്ധ പ്രവർത്തനത്തിലൂടെ സമാഹരിക്കാനും ഈ തോടിന്റെ പുനർനിർമ്മാണം വമ്പിച്ച പദ്ധതിയാക്കിമാറ്റുവാനും കഴിയും. പഞ്ചായത്തിലെ മുഖ്യ ഉപരിതല ജലസ്രോതസ്സാക്കിത്തീർക്കുവാനും അതുവഴി സമീപ വർഡുകളിലെ കിണറുകളിലെ ജലവിതാനം നിലനിർത്തുവാനും സാധിക്കും. ഈ തോടിന്റെ കൈവഴികളും സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

പള്ളപ്പാടം– ഒറോഴിപ്പാലം വരെയുള്ള തോട് സംരക്ഷണം ആവശ്യമാണ്. പനയക്കടവ് പുത്തൻതോട്, മാങ്ങാംപിള്ളി ചിറ–കീരിത്തല ചിറ എന്നിവയുടെ സംരക്ഷണം നൂറുകണക്കിനേക്കർ കൃഷി ഭൂമിയുടെ ജലസ്രോതസ്സാണ്. മേൽപ്പറഞ്ഞ തോടുകൾക്കും ചിറകൾക്കും സൈഡ് കെട്ടലും പായൽ വാരലും ആഴം വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായി കാണുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള പൊതു കുളങ്ങളുടെ സംരക്ഷണം അനുപേക്ഷണീയമാണ്. ഈ കുളങ്ങൾ ശുചിത്വത്തോടെ സംരക്ഷിക്കാൻ വേണ്ട നടപനികൾ സ്വീകരിക്കേണ്ടതുണ്ട്. നിലവിലുള്ള ഭൂഗർഭ ജലസമ്പത്ത് സംരക്ഷിക്കുന്നതിലൂടെ നിലവിലുള്ള വെള്ളക്ഷാമം കുറെയേറെ പരിഹരിക്കുവാൻ കഴിയും ●

# കൃഷിയും ജലസേചനവും

ചെങ്ങമനാട് പഞ്ചായത്ത് പ്രദേശം പൊതുവെ ഒരു കാർഷിക പ്രദേശമാണ്. എല്ലാ ഭാഗത്തും കൃഷി വ്യാപിച്ചിരുന്നു. കൃഷിയുടെ വ്യാപനം കാര്യമായ പരിഗണന അർഹിക്കുന്നില്ല. എന്നാൽ വിളക്രമങ്ങളിൽ പ്രകടമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

കൂടുതലും സമതലപ്രദേശമായ ഇവിടെ നെല്ലു തെങ്ങും പ്രധാനവിളയാണ്. നെല്പാടങ്ങളിൽ ഏറെ സ്ഥലം ഇഷ്ടികനിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിച്ചു. 30 വർഷമായി ഇഷ്ടിക വ്യവസായം ആരംഭിച്ചിട്ടുണ്ട്. മിക്ക വാർഡുകളിലും ഇതിനുവേണ്ടി സ്ഥലം ഉപയോഗിച്ചിട്ടുണ്ട്. സ്വാഭാവികമായി നെൽകൃഷി ഉല്പാദനത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയാണ്. നെല്പാടങ്ങൾ തെങ്ങിൻ തോപ്പുകളായി മാറുന്ന ഈ പ്രക്രിയയുടെ തുടക്കം 1960കളുടെ അവസാനത്തിലായിരുന്നു.

1950 കളുടെ അവസാനത്തോടെ നിലവിൽ വന്ന കുടിയായ്മ നിയമം പാട്ട കുടിയാന്മാർക്ക് സംരക്ഷണം നൽകിയതോടെ പാടങ്ങളിൽ തെങ്ങ് നടാൻ തുടങ്ങി. 1971ലെ ഭൂപരിഷ്ക്കരണ നിയമം ഇതിന് ആക്കംകൂട്ടി. തെങ്ങുകൃഷി നെൽകൃഷിയേക്കാൾ ലാഭകരമായിതീർന്നു. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകതൊഴിലാളികളുടെ പിൻമുറക്കാർ മറ്റു തൊഴിൽ മേഖലകളിലേക്കു മാറി തുടങ്ങിയതാണ് മറ്റൊരു പ്രധാന കാരണം.

നെൽപാടങ്ങൾ നികത്തുന്നതും മറ്റും പച്ചക്കറി കൃഷികളേയും ഗണ്യമായി ബാധിച്ചിട്ടുണ്ട്. നെല്ല്, പയർ, പച്ചക്കറി, കരിമ്പ് എന്നതായിരുന്ന പാടങ്ങളിലെ സാധാരണ വിളക്രമം. പുരയിടകൃഷിയിലും ഈ കാലയളവിൽ പ്രകടമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. തെങ്ങ്, കുരുമുളക്, കപ്പ, വാഴ, പച്ചക്കറികൾ, പ്ലാവ്, മാവ് തുടങ്ങിയവയായിരുന്നു പ്രധാനമായും കൃഷിചെയ്തിരുന്നത്. എന്നാൽ മിക്കപുരയിടങ്ങളിലും ഇപ്പോൾ കൃഷി തെങ്ങു മാത്രമായി മാറിക്കൊണ്ടിരിക്കയാണ്.

ജന സംഖ്യാവർദ്ധനവ് ഭൂമിയിൽ ചെലു

ത്തിയ സമ്മർദ്ദമാണ് കാർഷികമേഖലയെ സ്വാധീനിച്ച മറ്റൊരു പ്രധാനഘടകം.

പരമ്പരാഗതമായി പീഠഭൂമികളിലും ചരിവുകളിലും ആയിരുന്നു ആൾപ്പാർപ്പ് കൂടുതലുണ്ടായിരുന്നത്. എന്നാലിപ്പോൾ തീരസമതലങ്ങളിലും പാടശേഖരങ്ങളിലും ധാരാളം വീടുകൾ നിർമ്മിക്കുന്നു. ഭൂമിയുടെ വിലക്കുറവ് ആയിരുന്നു കാരണം. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ റോഡുകളും വർദ്ധിച്ചു.

കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതുജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യ സംവിധാനം ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ഇല്ലാതായി. കുടിയാന്മാരുടെ സഹായത്തോടുകൂടി ജന്മിമാരായിരുന്നു ഇവ സംരക്ഷിച്ച് പോന്നിരുന്നത്. ഈ ജല സ്രോതസ്സുകൾ സമൂഹത്തിന്റെ പൊതു സ്വത്തായതോടുകൂടി സംരക്ഷിക്കുവാനാളില്ലാതായി. ചിലർ ഈ തോടുകളും കുളങ്ങളും കയ്യേറി നികത്തുകയുണ്ടായി. ഇങ്ങനെ ബണ്ടുകൾ ഇടിഞ്ഞും കാടും പടലും പിടിച്ചും തോടുകളിലെ ജലപ്രവാഹത്തിന് തടസ്സമുണ്ടായിരിക്കുന്നത് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് ഇടയാക്കിയിട്ടുണ്ട്. പ്രകൃതിദത്തമായ ഈ ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ കഴിയേണ്ടതുണ്ട്.

കർഷകരംഗത്തെ പ്രശ്നങ്ങൾ പരിശോധിക്കാം. ചെറുകിട, ഭൂഉടമസ്ഥരാണ് അധികവും 85 ശതമാനം കുടുംബങ്ങളും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരാണ്. ഭൂമിയുടെ തുണ്ടവൽക്കരണം നിലനിൽക്കെ ശാസ്ത്രീയമായ കാർഷികമുറകൾ നടപ്പാക്കുക അസാദ്ധ്യമാണെന്ന് പറയേണ്ടതില്ലല്ലോ.

മുഖ്യവിളകളായ തെങ്ങിന്റെയും നെല്ലിന്റേയും ഉല്പാദനത്തേയും ഉല്പാദനക്ഷമതയേയും പരിശോധിക്കാം. തെങ്ങുകളിൽ ശരാശരി ഉല്പാദന ക്ഷമത 30 നാളികേരമാണ്. (ഒരു തെങ്ങിൽ നിന്ന് ഒരു വർഷം ലഭിക്കുന്നത്) നെല്ലിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഒരേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള പാടങ്ങളിൽ ഏക്കറിന് 1000 മുതൽ 1200 കി. ഗ്രാം. നെല്ല് ലഭിക്കുമ്പോൾ 20 സെന്റിൽ കുറഞ്ഞ പാടങ്ങളിൽ ഏക്കറിന് 560 മുതൽ 700 കി. ഗ്രാം നെല്ല് കിട്ടുന്നു. തുണ്ടു ഭൂമികളിൽ ഉല്പാദനം കുറയുന്നുവെന്നുകാണാം.

പട്ടിക 4

**ഭൂവിനിയോഗം**

| ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടർ |
|---|---|
| നെല്ല് വിരിപ്പ് | 218.10 |
| നെല്ല് മുണ്ടകൻ | 233.67 |
| നെല്ല് പുഞ്ച | 197.54 |
| തെങ്ങ് | 717.99 |
| കമുക് | 5.80 |
| ഏത്തവാഴ | 24.28 |
| മറ്റുവാഴ | 17.15 |
| മരച്ചീനി | 25.5 |
| മറ്റുപച്ചക്കറി | 8.61 |
| കുരുമുളക് | 24.50 |
| റബ്ബർ | 20.91 |
| പ്ലാവ്, മാവ്, പുളി | 42.81 |
| കെട്ടിടവും പരിസരവും | 82.42 |
| മറ്റുള്ളവ | 20.37 |

നെല്ലിന്റെ കാര്യത്തിലും അത്യല്പാദനശേഷിയുടെ ഇനങ്ങളേക്കാൾ നാടൻ വിത്തിനങ്ങളോടാണ് പ്രിയം കൂടിവരുന്നത്. നാടൻ ഇനങ്ങൾ തണ്ടുറുപ്പുള്ളതും ചെറുത്തുനില്പ് ശേഷി കൂടുതലുള്ളതുമാണ് മേനി കുറവാണെങ്കിലും നാടൻ ഇനങ്ങളോടുള്ള താല്പര്യത്തിനു കാരണം. പഞ്ചായത്തിൽ മൂന്ന് രാസവളവില്പന കേന്ദ്രങ്ങളുമുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളൊന്നും ഉണ്ടായിട്ടില്ല. ജൈവവള പ്രയോഗം കുറഞ്ഞു വരുന്നു.

കാർഷികരംഗത്ത് തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയിലും യന്ത്രോപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചിട്ടില്ല. ഉപയോഗിക്കുന്ന യന്ത്രോപകരണങ്ങളിൽ പ്രധാനം പമ്പുസെറ്റുകൾ, സ്പെയർ, ടില്ലർ, ട്രാക്ടർ എന്നിവയാണ്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച് വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്.

1. നിലവിവുള്ള കനാലുകൾ, മോട്ടറുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ജോലികൾ നടക്കുന്നില്ല.
2. നെൽകൃഷി പ്രായേണ ലാഭകരമല്ല.
3. തേങ്ങയ്ക്ക് വെണ്ടത്ര വില കിട്ടുന്നില്ല.
4. കാർഷിക ഉല്പന്നങ്ങൾ വാങ്ങാൻ ഒരു ഏജൻസി വേണം.
5. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിചെയ്യാൻ പറ്റുന്നില്ല.
6. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
7. കർഷകതൊഴിലാളികളുടെ സേവനനില വാരമാകട്ടെ കുറഞ്ഞുവരുന്നു.
8. തെങ്ങിന്റെ ഇടയകലം കുറവാണ്.
9. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തിവരുന്നത്.
10. ജൈവവളങ്ങളുടെ ഉപയോഗം നാമമാത്രമാണ്.
11. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
12. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
13. കൃഷി മുഖ്യതോഴിലായിട്ടുള്ളവരുടെ എണ്ണം വളരെ കുറവാണ്. അതിനാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൽ പൊതുവെ താല്പര്യകുറവ്.

14. കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യങ്ങളില്ല.

15. പച്ചക്കറികൃഷി വികസിപ്പിക്കണം.

16. കൃഷിഭവന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.

17. ഹൊർട്ടികൾച്ചറൽ, (പൂകൃഷി) എന്നിവ വ്യാപിപ്പിക്കുന്നതിൽ വേണ്ട നടപടി വേണം.

18. കുരുമുളക്, പച്ചക്കറി കൃഷികൾ എന്നിവയും വിപുലീകരിക്കണം.

**വാർഡുകളിലെ പ്രത്യേക നിർദ്ദേശങ്ങൾ**

വാർഡ് I

1. നിവവിലുള്ള ജറിഗേഷൻ കനാൽ സി. സി. കനാലാക്കുകയും, കിഴക്കേഭാഗത്തേക്കും 300 മീറ്റർ വീതം പുതിയകനാൽ നിർമ്മിക്കുകയും വേണമെന്ന് നിർദ്ദേശിച്ചു.

കിഴക്കെവശത്തെ പാടശേഖരത്തെ വെള്ളക്കെട്ടതീർക്കുന്നതിനായി വടക്കുവശത്തുനിന്നും ഒരു കലിങ്ക്കെട്ടി റോഡു ക്രോസ് ചെയ്ത് വെള്ളം തെക്കുവശത്തേക്കു കടത്തി സർക്കാർ തോടായ കുഴിയാം തോടിനോട് ബന്ധിപ്പിച്ച്, മേപ്പടിതോടിന്റെ ഇരുവശവും കരിങ്കല്ലുകൊണ്ട് കെട്ടി ജനങ്ങൾക്ക് ഇറങ്ങുന്നതിനും കന്നുകാലികളെ ഇറക്കുന്നതിനും വെള്ളം പുഴയിലേക്ക് പോകുന്നതിനും സൗകര്യപ്പെടുന്ന വിധത്തിൽ കെട്ടി സംരക്ഷിക്കണം. ടി കനാലിന്റെ പണി പൂർത്തീകരിക്കണം.

2. നിലവിലുള്ള സർക്കാർ വക തോട് മനക്കപടിമുതൽ പുഴവരെ രണ്ടുവശവും കരിങ്കല്ലുകൊണ്ട് കെട്ടി ഒരുഷട്ടറും ഇട്ട് രക്ഷിക്കണം.

3. തുരുത്തിന്റെ നാലുവശവും പുഴയിലേക്ക് ഇടിഞ്ഞു പൊയികൊണ്ടിരിക്കുന്നതിനാൽ എത്രയും വേഗം സേവ് പെരിയാർ പദ്ധതിയിൽപ്പെടുത്തി സംരക്ഷിക്കണം.

4. സീഡ്ഫാം, കൃഷി ആധുനികവൽക്കരിക്കണം.

വാർഡ് II

1. ആര്യംബിള്ളിതോട് നന്നാക്കണം. മഠത്തിമൂല പാലത്തിന്റെ വെള്ളം ഒഴുകാനുള്ള തടസ്സം മാറ്റണം. ഇങ്ങനെ മണ്ണെടുത്ത് കുഴിഞ്ഞ 100 ഏക്കർ കൃഷി സ്ഥലം ഉപയോഗപ്രദമാക്കാം.

2. ചാഞ്ഞേലിപാടം, വെള്ളനംങ്ങോട്ടുചാൽ, പാപ്പാട്ടുപാടം, കുറ്റിക്കാട്ടുപാടം മുതലായ കൃഷി സ്ഥലങ്ങളിലെ നിർവാർത്ത് തോട് നന്നാക്കിയെടുക്കണം.

3. ആവണംകോട് ദേശംകനാൽ ഇരുഭാഗവും സംരക്ഷണ ഭിത്തികെട്ടി പൂർത്തിയാക്കുകയും, കൈത്തോടുകൾ നന്നാക്കുകയും വേണം.

വാർഡ് III

1. കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

2. നിലങ്ങൾ തരിശിടാതിരിക്കാനുള്ള നടപടി ഉണ്ടാക്കണം.

3. ഇറിഗേഷൻ പമ്പുമുതൽ ദേശം കവല വരെ പുഴയുടെ വശം കരിങ്കല്ലുകൊണ്ട് കെട്ടി സംരക്ഷിക്കണം.

വാർഡ് IV

1. ഈ പ്രദേശത്തെ നെൽകൃഷിസ്ഥലം പ്രധാനമായും ഇരുപ്പുകൃഷി ചെയ്യുന്നവയാണ്. വെള്ളം കെട്ടിക്കിടക്കുന്നതിനാൽ 60 ഏക്കർ സ്ഥലം കൃഷിചെയ്യാൻ പറ്റുന്നില്ല. ദേശം വെസ്റ്റ് ഇറിഗേഷൻ സ്ക്കീമിൽ സമയത്തിന് റിപ്പയർ നടത്തുന്നില്ല. കനാൽ സംബന്ധിച്ച സംരക്ഷണം ഉറപ്പു വരുത്തണം. ജലസേചനത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള ബണ്ടുകൾ കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഒഴിപ്പിക്കണം. വെള്ളക്കരം കൂടുതലായാണ് ഇവിടെ ഈടാക്കുന്നത്. ഇപ്പോഴുള്ള മോട്ടോറുകൾ മാറ്റി പുതിയ മോട്ടോറുകൾ സ്ഥാപിക്കണം. നെല്ലു കൃഷിക്കാരിൽ നിന്നും ന്യായമായ നിരക്കിൽ സഹകരണ സംഘങ്ങൾ നെല്ലും തേങ്ങയും സമാഹരിക്കാൻ നടപടി സ്വീകരിക്കണം. കേടുവന്ന തെങ്ങ് വെട്ടിമാറ്റാൻ സഹായം നൽകേണ്ടതാണ്. റബ്ബർ ബോർഡു പോലെ തന്നെ കേരബോർഡും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്.

വാർഡ് V

1. മാങ്ങാംപിള്ളി ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിച്ച് 50 HP മോട്ടോർ വച്ച് ചുണ്ടാംതുരുത്തി തോട്ടിൽനിന്നും തോടുതാഴ്ത്തി മാങ്ങാംപിള്ളി ചിറയിൽ ചാടിച്ചാൽ ഏകദേശം 400 ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാക്കാം.

2. പടമിറ്റം ലിഫ്റ്റ് ഇറിഗേഷൻ പെരിയാറിന്റെ തീരത്ത് 50 HP മോട്ടോർ സ്ഥാപിച്ച് വാർഡിന്റെ തെക്കുഭാഗം ചുങ്കം വരെയും ഏകദേശം 300 ഏക്കർ സ്ഥലം കൃഷിവർദ്ധിപ്പിക്കാൻ കഴിയും.

വാർഡ് VI

1. ചെങ്ങമനാട് നമ്പർ 2 ഇറിഗേഷൻ ഇപ്പോഴുള്ള ബണ്ടിൻമേൽ 2 അടി പൊക്കിയാൽ ഓഞ്ഞപ്പുറം പാടം വരെ വെള്ളമെത്തിക്കാൻ കഴിയും. ഇത് നടപ്പിലാക്കിയാൽ ഇന്നുള്ളതിന്റെ ഇരട്ടിസ്ഥലം കൃഷിക്കുപയുക്തമാക്കാം.

2. ചെങ്ങമനാട് 5,6,7, വാർഡിലെ കൃഷിക്കാർക്ക് ഒരു ജൈവവളപ്ലാന്റ് സ്ഥാപിക്കണം.

3. കൂൺകൃഷി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

4. പുത്തൻ തോട്ടിൽ നിന്നും വടക്കോട്ടുള്ള തോട് മാങ്ങാംപിള്ളിചിറയിൽ നിന്നും ചുണ്ടാം തുരുത്തിപുഴയിൽ എത്തിച്ചാൽ ആ ഭാഗത്ത് 3 പൂവ് കൃഷിചെയ്യുന്നതിന് സാധിക്കും.

5. ഓഞ്ഞപ്പുറം – മാങ്ങാം പിള്ളി തോട് പുനരുദ്ധരിക്കുക.

6. കൃഷിസ്ഥലങ്ങൾ മണ്ണെടുത്ത് താഴ്ത്തുന്നത് ഒഴിവാക്കുക.

7. ചെങ്ങമനാട് നമ്പർ 2 ഇറിഗേഷൻ പൊക്കി ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള മോട്ടോറിനുപകരം

50 HP ആക്കിയാൽ 3 പൂവ് കൃഷിചെയ്യാനും 250 ഏക്കർ ഉപയോഗിക്കാനും കഴിയും.

വാർഡ് VII

1. 30 ഏക്കർവരുന്ന ഞൗണിപ്പാടം ഒരു മോട്ടോർ കൂടവച്ചാൽ 2 പൂവ് കൃഷി ചെയ്യാം.

2. പനയക്കടവിൽ ഒരു ബണ്ടുനിർമ്മിച്ച് ഷീപ്പ് ഇട്ടാൽ വെള്ളത്തെ നിയന്ത്രിക്കാൻ കഴിയുകയും പമ്പിങ്ങ് സുഗമമായി നടക്കുകയും 2 പൂവ് കൃഷിക്കുപയുക്തമാകുകയും ചെയ്യും.

3. കണ്ടംതുരുത്തിൽ ഒരു 50 HP മോട്ടോർ സ്ഥാപിച്ച് എല്ലാവർക്കും വെള്ളം ലഭ്യമാക്കണം.

4. കോഴിക്കകടവിൽ ഒരു പമ്പുസ്റ്റേഷൻ സ്ഥാപിച്ച് ചെങ്ങമനാട് കുന്നുപുറത്ത് കൂടി വെള്ള ക്ഷാമം പരിഹരിക്കാം.

വാർഡ് VIII

1. കുളങ്ങളിലെ വെള്ളം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

2. പറമ്പയം – പനയകടവ് തോടിന് വേണ്ടത്ര വീതിയില്ലാത്തതിനാൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു.

3. പനയക്കടവിൽ നിന്നും പുത്തൻതോടിലേക്ക് പോകുന്ന തോട് താഴ്ത്തി വീതികൂട്ടി മേല്പടി സ്ഥലത്ത് മോട്ടോർ വച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ 150 ഏക്കർ ഭൂമി കൃഷിക്കുപയോഗിക്കാം. പുത്തൻകുളം താഴ്ത്തി പമ്പ് വച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം.

വാർഡ് IX

1. വേനൽക്കാലത്ത് കൈതക്കാട്ട് ചിറയിൽ പണിതിട്ടുള്ള 3 ഷീപ്പുകൾ ഉപയോഗപ്രദമാക്കുക. വർഷക്കാലത്ത് ആവണംകോടുഭാഗത്തുനിന്നുള്ള വെള്ളം ഈ തോട്ടിൽകൂടി മാത്രം വേണം താഴോട്ടു പോകാൻ. തോടിന്റെ ആഴം കൂട്ടിയും സൈഡ് കെട്ടിയും സംരക്ഷിക്കണം.

2. തൈക്കാട്ടു ചിറയിൽ വേനൽക്കാലത്ത് വെള്ളം വറ്റി കൃഷിക്കും കുടിവെള്ളത്തിനും ക്ഷാമമുണ്ട്. ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് ചിറയിലേക്ക് വെള്ളം പമ്പുചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

വാർഡ് X

1. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പാക്കണം.

2. ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.

3. കർഷകർക്ക് ഇൻഷുറൻസ് സൗകര്യം ഏർപ്പെടുത്തണം.

4. ആവണംകോട് 1 A ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ സംരക്ഷണം ഉറപ്പുവരുത്തുക. CC കനാലാക്കുക.

5. കൈതക്കാട്ട് ചിറയിലേക്ക് കനാൽ വെള്ളം ചാടിച്ച് കൃഷി സംരക്ഷിക്കുക.

6. കൈതക്കാട്ടു ചിറയിൽ പി.ടി. ഉഷ റോഡിന്റെ അറ്റത്ത് നിലവിലുള്ള ക്രോസ് വേയ്ക്കും വീതികൂട്ടിയാൽ കർഷകർക്ക് യന്ത്രസാമഗ്രികളടക്കം കൊണ്ടുപോകുന്നതിന് സഹായകമാകും.

വാർഡ് XI

1. ദേശം – ആവണംകോട് സ്ക്കീമിൽ നിന്ന് മണലോടി (മുപ്പായി) ഇറിഗേഷൻ കനാലിൽ നിന്ന് ആലക്കട ഭാഗത്ത് ചെങ്കൽതോടിൽ ചാടിക്കത്തക്കവിധം ഒരു ജലസേചന സ്ക്കീമുണ്ടാക്കണം.

2. ആലക്കിളി പമ്പിങ്ങ് സ്റ്റേഷനെ (നെടുവന്നൂർ) റി–പമ്പിങ്ങ് ചെയ്യുന്നതിന് വെള്ളം ലഭിക്കും.

3. ഇപ്പോൾ നിലവിലുള്ള ആലക്കിളി പമ്പിങ്ങ് സ്റ്റേഷനെ പുഞ്ചകൃഷിക്കു വെള്ളം കിട്ടുന്നതിനുവേണ്ടി ആവണംകോട് ഇറിഗേഷൻ കനാലിൽ നിന്ന് 2 സ്പൗട്ട് ഇട്ടു കിട്ടിയാൽ ഏകദേശം 60 ഏക്കർ സ്ഥലം പുഞ്ചകൃഷിചെയ്യാൻ സാധിക്കും.

4. കുറ്റിക്കുഴിക്ക് പടിഞ്ഞാറുവശത്തുള്ള ഓൾപ്പിപ്പള്ളം നിലത്തിന്റെ പടിഞ്ഞാറെ വഴിയുള്ള തോട് ഉപയോഗമായി കിടക്കുന്നതുകൊണ്ട് പാടത്തുനിന്നും വെള്ളം തോട്ടിൽ പോകുന്നില്ല. അതുകൊണ്ട് കൃഷിനശിക്കാനിടയാകുന്നു. ഈ തോട് നന്നാക്കേണ്ടതുണ്ട്.

# മൃഗസംരക്ഷണം

കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കാലിവളർത്തൽ. ഉഴലുമാടുകളെന്ന നിലയിലും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. ഗോബർ ഗ്യാസ് പ്ലാന്റുകൾക്കും ഇവ ആവശ്യമാണ്. പശു, എരുമ, പോത്ത്, കാള, ആട് എന്നിവയാണ് ചെങ്ങമനാട് പഞ്ചായത്തിലെ വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളും താറാവുമാണ്.

കാലി വളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഇന്ന് ചെങ്ങമനാട് പഞ്ചായത്തിലുണ്ട്. കാലികളെ മേയ്ക്കുന്നതിനുയോഗ്യമായ സ്ഥലങ്ങൾ കുറവാണ്. കറവമാടുകൾക്ക് തൊഴുത്തുകളിലേക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുന്ന രീതിയാണ് അധികവും. കന്നുകാലികളുടെ ആവശ്യത്തിനനുസരിച്ച് തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കുന്ന സമ്പ്രദായം കാണുന്നില്ല. വയ്ക്കോൽ ഒരു മുഖ്യ ആഹാരമായിട്ടാണ് കാണുന്നത്. എന്നാൽ നെൽ കൃഷി ഇല്ലാത്ത കാലി വളർത്തുകാർക്ക് വിലകൂടുതൽ കാരണം ആവശ്യത്തിന് വാങ്ങാൻ കഴിയുന്നില്ല.

പട്ടിക 5

വളർത്തു മൃഗങ്ങളും പക്ഷികളും

| ഇനം | 1992 |
|---|---|
| പശു | 1156 |
| കന്നുകുട്ടികൾ | 96 |
| എരുമ | 87 |
| പോത്ത് | 152 |
| കാള | 203 |
| ആട് | 817 |
| കോഴി | 13627 |
| താറാവ് | 480 |
| കാളവണ്ടി | 1 |
| കലപ്പ | 20 |

കാളവണ്ടിയുടെ ഉപയോഗം പ്രായേണ ഇല്ലാതായി കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തിനിടയിൽ പശു, കാള, എരുമ, ആട് എന്നിങ്ങനെ പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളുടെയെല്ലാം എണ്ണം ഗണ്യമായി കുറഞ്ഞതായി കാണാം. നെൽകൃഷികുറഞ്ഞതുകൊണ്ടും കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതുമാണ് പൊതുവെ കാണുന്ന കാരണം. ഇപ്പോഴുള്ള കന്നുകാലികളിൽ പകുതിയും അത്യുല്പാദന ശേഷിയുള്ള വയത്രെ.

പഞ്ചായത്തിൽ മൃഗസംരക്ഷണ സംവിധാനത്തിന് കേന്ദ്രങ്ങളില്ല. പഞ്ചായത്തിനു വെളിയിൽ നിന്നും വെറ്റിനറിപ്രവർത്തകരെ കൊണ്ടു വരേണ്ടതുണ്ട്. പഞ്ചായത്താഫീസിനോടനുബന്ധിച്ച് ഈ അടുത്തകാലത്ത് ഒരു മൃഗാശുപത്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കപ്രശ്ശേരി തുരുത്ത് എന്നിവടങ്ങളിൽ ഓരോ സബ് സെന്ററും പ്രവർത്തിക്കുന്നു.

ക്ഷീരവിപണന രംഗത്ത് സംഘടിതശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ 3 ക്ഷീര സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. P.D.D.P എന്ന സ്ഥാപനവും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു

ഇറച്ചി കോഴി വളർത്തൽ സാമാന്യം ലാഭകരമായി നടക്കുന്നുണ്ടിവിടെ. എല്ലാ വാർഡുകളിലും ഉണ്ടെന്നു പറയാം. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഇറച്ചി കോഴികളുടെ വിലകളുമായി മത്സരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്.

മുട്ടകോഴി വളർത്തൽ വ്യവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ഒറ്റയൂണിറ്റുപോലുമില്ല. വീടുകളിൽ നാടൻ മുട്ട കോഴികളെ വളർത്തുന്നുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭിക്കുന്നില്ല.

2. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ വിപുലീകരിക്കണം.

3. മൃഗ സംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

4. പാല്, ഇറച്ചി, മുട്ട എന്നിവയുടെ മാർക്കറ്റിങ്ങ് സൗകര്യം വർദ്ധിപ്പിക്കണം.

## മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ ഇന്ന് മത്സ്യബന്ധനം നടക്കുന്നില്ല. മത്സ്യ വിപണനം മാത്രമേ നടക്കുന്നുള്ളു. ഈ പഞ്ചായത്തിന്റെ മുഖ്യ ജലസ്രോതസ്സായി മാറ്റേണ്ട പറമ്പയം ചെങ്ങൽ തോടും പള്ളപ്പാടം - ഒറോഴിപാലം തോടും ഇവയുടെ കൈവഴികളും, പനയകടവ് മങ്ങാപിള്ളിചിറ, കീരിത്തലചിറ എന്നിവയെല്ലാം പണ്ട് കാലങ്ങളിൽ ധാരാളം മത്സ്യം ലഭിച്ചിരുന്നതാണ്. ഉൾനാടൻ മത്സ്യത്തിന് സംഭവിച്ച രോഗവും മറ്റും ഒരു കാരണമാണ്. മേൽ പറഞ്ഞ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതുവഴി ഇവ ഉൾ നാടൻ മത്സ്യബന്ധനത്തിന് വമ്പിച്ച സാദ്ധ്യതകൾ ഉണ്ടാകുന്നതാണ്.

ഇഷ്ടിക നിർമ്മാണത്തിന് മണ്ണെടുത്ത്

വലിയ കുളങ്ങളായി രൂപാന്തരം ഭവിച്ച ഒട്ടേറെ സ്ഥലങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവയും മത്സ്യം വളർത്താൻ പറ്റുമോയെന്നു പരിശോധിക്കണം. എല്ലാ വാർഡുകളിലും സ്ഥിതിചെയ്യുന്ന പൊതുകുളങ്ങളും മത്സ്യം വളർത്തുന്നതിന് അനുയോജ്യ സ്ഥലങ്ങളാണ്. കിണറ്റുകളിൽ മീൻ വളർത്തുന്ന പതിവ് പണ്ടുകാലങ്ങളിലുണ്ടായിരുന്നു. അവയുടെ സാദ്ധ്യതയും ഉപയോഗിക്കപ്പെടേണ്ടതുണ്ട്.

പെരിയാറിൽ നിന്നും പണ്ട് കാലങ്ങളിൽ ലഭിച്ചതുപോലെ മത്സ്യം ഇപ്പോൾ ലഭിക്കുന്നില്ല. ഇവയെക്കുറിച്ചും പഠിക്കേണ്ടതുണ്ട്. പെരിയാറിന്റെ കൈവഴികളിലും മത്സ്യ കൃഷി വർദ്ധിപ്പിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടാക്കണം.

ഉയർന്ന പ്രശ്നങ്ങൾ

1. കുളങ്ങളിലും, കിണറുകളിലും മത്സ്യ കൃഷി നടത്താന് താല്പര്യമുള്ളവർക്ക് മത്സ്യ കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

2. തോടുകളിലും മറ്റും മത്സ്യം വളർത്തുന്നതിന് ആവശ്യമായ ബോധവത്കരണം വേണം.

3. മത്സ്യ വില്പന കേന്ദ്രം വേണം. അവ ശുചിത്വമായി സൂക്ഷിക്കണം.

4. വഞ്ചി, വല എന്നിവ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കണം.

# വ്യവസായം

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി ചെങ്ങമനാട് പഞ്ചായത്തിലെ അവസ്ഥ വളരെ മോശമല്ലയെന്നു കാണാം. തൊഴിൽ സേനയുടെ മൂന്നിലൊന്നിലധികം ഭാഗം വ്യവസായ മേഖലയിലാണ് തൊഴിൽ എടുക്കുന്നത്. വ്യവസായ തൊഴിലാളികളിൽ ഗണ്യമായൊരു ഭാഗം പഞ്ചായത്തിനു പുറത്തുള്ള വ്യവസായശാലകളിലാണ് ജോലി ചെയ്യുന്നത്. പഞ്ചായത്തിൻ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6 ലും വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 7 ലും കൊടുക്കുന്നു.

പട്ടിക 6

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ തൊഴിലാളികൾ |
|---|---|---|---|
| ടൈൽസ് | 40 | 120 | 160 |
| മണ്ണുകൊണ്ടുള്ള നിർമ്മാണം | 98 | 102 | 200 |
| എഞ്ചിനിയറിംഗ് | 46 | 7 | 53 |
| സിമന്റുല്പന്നങ്ങൾ | 12 | 14 | 26 |
| റിപ്പയർ മെയിന്റനൻസ് | 24 | 4 | 28 |
| തടി | 21 | 3 | 24 |
| ക്രഷർ | 40 | 46 | 86 |
| ചെറുകിട ഫാക്ടറി | 24 | 14 | 38 |
| ഫാക്ടറി | 44 | 20 | 64 |
| കുടിൽ വ്യവസായം | 12 | 6 | 18 |
| കൈത്തൊഴിൽ | 50 | 110 | 160 |
| മറ്റുള്ളവ | 52 | 64 | 116 |
| ആകെ | 463 | 510 | 973 |

ഇഷ്ടിക നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ 3000 പേർ പണിയെടുക്കുന്നുണ്ട്. ഇവരിൽ അധികം പേരും തമിഴ്നാട്ടിൽ നിന്നും വന്നവരാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ കൈത്തറി മൺ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. വളരെ കുറഞ്ഞ കൂലിനിരക്കാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. കൂലിവർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലല്ല ഈ വ്യവസായം. സഹകരണസംഘങ്ങൾ ഇവ നിയന്ത്രിക്കുന്നത് ആധുനിക രംഗത്തെ പ്രവണതകൾക്കനുസരിച്ച് ഉയരാൻ ഇവർക്ക് കഴിയുന്നില്ല. അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു.

പട്ടിക 7

വ്യവസായ യൂണിറ്റുകൾ സമ്പന്ധിച്ച വിവരങ്ങൾ

| വ്യവസായത്തിന്റെ തരം | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂണിറ്റുകൾ | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|
| | 20 ൽ കുറവ് | 20-50 | 50ൽ കൂടുതൽ | | |
| മണ്ണുകൊണ്ടുള്ള ഉല്പന്നം | 6 | 3 | – | 9 | 160 |
| തടി | 8 | – | – | 8 | 24 |
| എഞ്ചിനീയറിംഗ് | 7 | – | – | 7 | 55 |
| പ്ലാസ്റ്റിക് & രബ്ബർ ഉല്പനങ്ങൾ | 4 | 1 | – | 5 | 65 |
| ഭക്ഷ്യ വസ്തു സംസ്ക്കരണം | 10 | – | – | 10 | 24 |
| റിപ്പയർ & മെയിന്റനൻസ് | 7 | 2 | – | 9 | 28 |
| തുണി | 15 | 2 | 2 | 19 | 160 |
| മറ്റുള്ളവ | 12 | 2 | – | 14 | 180 |
| ആകെ | 69 | 10 | 2 | 81 | 696 |

തടി അധിഷ്ഠിത വ്യവസായ യൂണിറ്റുകളിൽ 2 എണ്ണം അറപ്പ് മില്ലുകളാണ്. ഗുണ നിലവാര മുള്ള തടികൾ ലഭിക്കുവാനുള്ള ദൗർലഭ്യമുണ്ട്. സ്റ്റീൽ ഫർണീച്ചറുകളുടെ ഉല്പാദനം മരം ഉല്പ ന്നങ്ങളുടെ മാർക്കറ്റ് കുറക്കുന്നു. മരനിർമ്മിത വ്യവസായ രംഗത്ത് ഒരു സഹകരണ സംഘം പോലുമില്ല.

ടൈൽസ് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥം മണ്ണാണ്. ഒരു നിശ്ചിത അളവിൽ കൂടുതൽ ഭൂമി കുഴിക്കുന്നതിനെ സർക്കാർ തടഞ്ഞിരിക്കയാണ്. അതു കൊണ്ട് മണ്ണ് ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ പ്രതിസന്ധി ഈ വ്യവസായത്തിനെ പ്രതികൂലമായി ബാധി ക്കുന്നുവെന്ന് പറയേണ്ടതില്ലല്ലൊ.

മണ്ണുകൊണ്ട് നിർമ്മിക്കുന്ന മറ്റു ഉല്പന്ന സ്ഥാപനങ്ങൾക്കും വളരെയേറെ ബുദ്ധിമുട്ടനു ഭവപ്പെടുന്നു.

സിമന്റുല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട സംരംഭകർക്ക് ആവശ്യമായ സഹായം ലഭിക്കു ന്നില്ല എന്ന പരാതിയുണ്ട്. ക്രഷർ പ്രവർത്തനം പരിസരവാസികൾക്ക് ഏറെ ബുന്ധിമുട്ടുണ്ടാക്കു ന്നു. പൊടി വ്യാപനം നിയന്ത്രിക്കുകയും ശബ്ദ മലിനീകരണം കുറയ്ക്കുവാനും വേണ്ട ക്രമീ കരണം ഉണ്ടാകണം.

ആട്ടോമോബൈൽ റിപ്പയർ രംഗത്ത് വേണ്ടത്ര ജോലിയുള്ളതിനാൽ വികസന സാധ്യ തയുള്ള ഒരു മേഖലയാണിത്. ഇവർക്ക് സംയോ ജിതമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് അഭിപ്രായമുണ്ട്.

ആധുനിക വ്യവസായങ്ങളിൽ പ്രധാനപ്പെ ട്ടവയാണ്. പൈപ്പു ഫാക്ടറി, റൂബെക്സ്, ഡയ നാമിക്ക്, മെക്ക്, ഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റോ എഞ്ചി നിയറിങ്ങ്, പ്രീമിയർ ഇന്റസ്റ്റ്രീസ് എന്നിവയെല്ലാം. ഈ സ്ഥാപനങ്ങളെല്ലാം ലാഭകരമയാണ് പ്രവർത്തിക്കുന്നത്. ആഭരണ നിർമാണത്തിനുള്ള ടൂൾ നിർമാണ്ണം നടത്തുന്ന ഒരു യൂണിറ്റ് ചെങ്ങ മനാടുണ്ട്. ബസ്ബോഡി നിർമ്മാണം നടത്തുന്ന യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്.

### പ്രശ്നങ്ങൾ

1. ഊർജ പ്രതിസന്ധി വ്യവസായങ്ങളുടെ വികസനത്തിന് തടസ്സം നിൽക്കുന്നു.
2. സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യ മായ വ്യവസായ പരിശീലനം ലഭിക്കുന്നില്ല.
3. വ്യവസായ സംരംഭകർക്ക് ആവശ്യമായ അനുയോജ്യമായ സ്ഥലസൗകര്യം ലഭിക്കു ന്നില്ല.
4. മുഖ്യ കാർഷികോത്പന്നമായ തേങ്ങ വ്യവസായ രംഗത്ത് കാര്യമായി പ്രയോജനപ്പെ ടുത്തുന്നില്ല.
5. കൈത്തറി മുതലായ പരമ്പരാഗത വ്യവ സായങ്ങളിലെ തൊഴിലാളികൾക്ക് മറ്റുമേഖലക ളിലെ അപേക്ഷിച്ച് കൂലി വളരെ കുറവാണ്.
6. കൈത്തറി വ്യവസായങ്ങൾക്ക് മിതമായ വിലയ്ക്ക് നൂൽ കിട്ടണം
7. സിമന്റ് ഉല്പനങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ നിയന്ത്രിത വിലക്ക് സിമന്റ് ലഭി ക്കണം.
8. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകൾക്കും പരിശീലനം ലഭിക്കാനുള്ള സംവിധാനമില്ല.
9. വനിതകൾക്ക് തൊഴിലവസരങ്ങൾ പൊതുവെ കുറവാണ്.
10. വ്യവസായങ്ങളുടെ വികസനത്തിനും വ്യാപനത്തിനും സർക്കാർ വകുപ്പിന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.
11. വ്യവസായം കൊണ്ടുണ്ടാകുന്ന പരി സ്ഥിതി സംരക്ഷണം ഉറപ്പുവരുത്തണം.
12. ഇൻഡസ്റ്റ്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്ന തിനുള്ള ഊർജിതമായ പ്രവർത്തനം ആവശ്യ മാണ്.
13. തുരുത്തിലെ സർക്കാർ Sead Farm ടൂറിസ്റ്റ് റിസോർട്ടായി വികസിപ്പിക്കുക.

# ഊർജ്ജം

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലും വ്യവസായപുരോഗതിയിലും മറ്റും വളരെയേറെ സ്വാധീനം ചെലുത്തുന്ന ഒരു അവശ്യ ഘടകമാണ് വൈദ്യുതി. എല്ലാവർക്കും ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല എന്ന വസ്തുത നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വൈദ്യുതിയുടെ ലഭ്യതകുറവുകാരണം വ്യവസായ മാന്ദ്യം, കാർഷിക ഉല്പാദനക്കുറവ്, ഗാർഹികപ്രയാസം എന്നിവ അനുഭവപ്പെടുന്നു. ഇതിനുപരിഹാരമായി നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പരമാവധി കുറച്ച് വൈദ്യുതി ഉപയോഗിക്കുകയും ഒരു യൂണിറ്റ് വൈദ്യുതി പോലും പാഴായ്പ്പോകാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ നമ്മുടെ ഇന്നത്തെ അവസ്ഥ ഇതല്ല. നമ്മളിൽ ബഹുഭൂരിപക്ഷം ജനങ്ങളും വിചാരിച്ചാൽ പാഴായ്പ്പോകുന്ന വളരെയധികം വൈദ്യുതി ലാഭിക്കാൻ സാധിക്കും. പാഴായ്പ്പോകുന്ന ഒരു യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിച്ചാൽ അത് ഒരു യൂണിറ്റ് വൈദ്യുതി പുതിയതായി ഇല്പാദിപ്പിക്കുന്നതിന് തുല്യമാണെന്ന വസ്തുത നാമെല്ലാവരും ഓർത്തിരിക്കേണ്ടതാണ്. രാത്രി കാലങ്ങളിൽ കത്തിക്കൊണ്ടിരിക്കുന്ന Street Light പകലും കത്തിക്കൊണ്ടിരിക്കുന്ന അവസ്ഥ അവസാനിപ്പിച്ചേ മതിയാകൂ.

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും തീകത്തിക്കുവാൻ വിറകാണ് ഉപയോഗിക്കുന്നത്. ഗ്യാസ് ഉപയോഗിക്കുന്നവർ വളരെ കുറവാണ്. അതുകൊണ്ടു തന്നെ ധാരാളം വിറക് നമുക്ക് ആവശ്യമായി വരുന്നു. എന്നാൽ ഈ വിറക് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഊർജ്ജം മുഴുവനായും ഉപയോഗിക്കാൻ നമുക്കു സാധിക്കുന്നില്ല. അതിനാൽ പരിഷത്ത് അടുപ്പുകളോ ഭക്ഷത അടുപ്പുകളോ ഉപയോഗിച്ചാൽ പരമാവധി ഊർജ്ജനഷ്ടം കുറയ്ക്കാനും അതു വഴി വിറക് ലാഭിക്കാനും സാധിക്കും. ഇതുപോലെയുള്ള സാധ്യതകൾ നാം ആലോചിക്കേണ്ടതാണ്.

ചെങ്ങമനാട് പഞ്ചായത്തു പ്രദേശങ്ങളിൽ 1950 നു മുമ്പുതന്നെ വൈദ്യുതി എത്തിയിരുന്നു. കാർഷിക വ്യവസായിക ആവശ്യങ്ങൾക്കും അവികസിത പ്രദേശങ്ങളുടെ ഉന്നതിക്കും പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിലും, SC/ST കോളനികളിലും മറ്റും വൈദ്യുതി വിതരണം ചെയ്യുന്നതിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ പഞ്ചായത്തു പ്രദേശങ്ങളിലെമ്പാടും വൈദ്യുതി എത്തിക്കുവാൻ സഹായകമായി.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഉദ്ദേശം 6980 കണക്ഷനുകൾ നിലവിലുണ്ട്. അതിൽ 122 എണ്ണം വ്യവസായത്തിനും 1049 എണ്ണം കാർഷിക ആവശ്യങ്ങൾക്കും 4821 എണ്ണം ഗാർഹിക ആവശ്യങ്ങൾക്കും 998 എണ്ണം മറ്റാവശ്യങ്ങൾക്കും ഉള്ളവയാണ്. ഏതാണ്ട് 500 ഓളം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടിയിരിക്കുന്നു. കൂടാതെ 430 തെരുവു വിളക്കുകൾഉള്ളവയിൽ 150 എണ്ണം ട്യൂബുസെറ്റുകളാണ്. കൂടാതെ റൂബക്സ്, യൂണിയൻ എയർ തുടങ്ങിയ HT ഉപഭോക്താക്കളുണ്ട്. ഉദ്ദേശം 150 പേർ കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരായുണ്ട്. 1991 സെപ്തംബർ മാസം വരെ അപേക്ഷിച്ചവർക്കേ കണക്ഷൻ കൊടുക്കുവാൻ സാധിച്ചിട്ടുള്ളു.

കഴിഞ്ഞ വർഷം ജനറൽ കോട്ടയിൽ 30 OTPയിൽ 10 ഉം OYECയിൽ 70 കണക്ഷൻ നല്കിയിട്ടുണ്ട്. പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മുപ്പത്തി നാല് ട്രാൻസ്ഫോമറുകളിൽ നിന്നുമാണ് വൈദ്യുതി വിതരണം ചെയ്തുവരുന്നത്. അതിൽ തുരുത്തിൽ മാത്രം 4 ട്രാൻസ്ഫോമറുകളുണ്ട്. എന്നാൽ ശരിയായ വോൾട്ടേജിലും തടസ്സങ്ങൾ കൂടാതെയും വൈദ്യുതി വിതരണം ചെയ്യുവാൻ ഇനിയും കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കായി വൈദ്യുതി ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി ചെയ്തു തീർക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിയുടെ പ്രവർത്തനം വൈകാതെ ആരംഭിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്ത് തെരുവു വിളക്കുകൾ കത്തിക്കുന്നതിനുവേണ്ടി പ്രതിമാസം 7235 രൂപയാണ് ചെലവഴിക്കുന്നത്.വർഷത്തിൽ 86820 രൂപ. അതായത് പഞ്ചായത്തിന്റെ വരുമാനത്തിന്റെ 4.1 ശതമാനം ഇതിനുവേണ്ടി

ചെലവഴിക്കുന്നു.

പഞ്ചായത്ത് 1995-96 വർഷത്തിൽ ചെലവ് ചെയ്ത തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| ഭരണം | 404064 - 80 |
| പൊതുമരാമത്ത് | 536622.50 - 50 |
| വിദ്യാഭ്യാസം | 37172 - 55 |
| വൈദ്യുതി | 86820 |
| ജലവിതരണ, ഓടകൾ | |
| പൊതുജനാരോഗ്യം | 166192 00 |
| മറ്റുള്ളവ | 224152 |
| ആകെ | 1455023 85 |

ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പ്രവർത്തനങ്ങൾ നടത്തിയാൽ ഇന്നത്തെ ചെലവു വളരെ കുറയ്ക്കുവാൻ സാധിക്കും. മാത്രവുമല്ല വികസനപ്രവർത്തനങ്ങൾ ചിട്ടയായും ഭംഗിയായും നടത്തുവാനും കഴിയും. വൈദ്യുതി ലാഭിക്കുന്നതുപോലെ തന്നെ മണ്ണെണ്ണ , പെട്രോൾ എന്നിവയുടെ ഉപയോഗവും കുറയ്ക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ ധാരാളമുണ്ട്. വയറിംഗ് കഴിഞ്ഞ് വർഷങ്ങളായി കാത്തിരിക്കുന്ന ലക്ഷം വീടു മേഖലകൾ പോലുമുണ്ട്.

വൈദ്യുതി ഉള്ള പലഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. തെരുവു വിളക്കുകൾ ഇല്ലാത്ത റോഡുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഉള്ള തെരുവു വിളക്കുകളിൽ ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റിയിടാത്തതുകൊണ്ട് വെളിച്ചം കിട്ടുന്നില്ല.

വ്യവസായിക കാർഷിക ഗാർഹിക മേഖലകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം ഒരു പ്രധാന പ്രശ്നം തന്നെയാണ്.

പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നില്ല.

ഇലക്ട്രിസിറ്റി ബില്ല് അടക്കാൻ ഇന്ന് പഞ്ചായത്തിലുള്ള സൗകര്യങ്ങൾ മതിയാകുന്നില്ല,

ദേശംകടവിൽ ലൈറ്റില്ലാത്തതുമൂലം സന്ധ്യക്കുശേഷം കടത്തു വഞ്ചി ഉപയോഗിക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ട്. (പ്രത്യേകിച്ച് ശിവരാത്രി ഉത്സവ നാളുകളിൽ).

## പരിഹാര നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലെ Street ലൈറ്റ് ഇല്ല. താഴെ പറയുന്ന സ്ഥലങ്ങളിൽ Street Light സ്ഥാപിക്കുക.

1. ചായക്കകെത്തട്ട് മൂല മുതൽ കടന്നോത്ത് ജംഗ്ഷൻവരെ ഇറിഗേഷൻ കനാൽ റോഡിൽ
   a. കടന്നോത്ത് കവല - കനാൽ റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
   b. റെയിൽ ഗേറ്റ് പുതിയ ഗേറ്റ് മുതൽ പഴയ ഗേറ്റ് വരെ.
   c. സ്വർഗ്ഗം റോഡിൽ പുറയാർ തൃപുറയാർ അമ്പലത്തിന്റെ സമീപത്ത് നിന്നും നിലവിലുള്ളത് വരെ.
2. പുറയാർ വെണ്ണിപ്പരമ്പ് റോഡിൽ, കോട്ടപ്പള്ളിക്കടവ് - ഗാന്ധിപുരം
3. പാണ്ടിപ്പുഴ മുതൽ അമ്പലക്കടവ് വരെയുള്ള റോഡിൽ
4. പട്ടേരിമൂല മുതൽ ആര്യാപ്പിള്ളി തോട് വരെയുള്ള ഭാഗത്ത്
5. കുന്നുംപുറത്ത് പഞ്ചായത്തു കിണർ മുതൽ കാട്ടിലെകാവുവരെയുള്ള ഭാഗത്ത്.
6. ആശുപത്രിപ്പടി കോഴിക്കടവ് റോഡിൽ
7. കുളവൻകുന്ന് അമ്പലനട റോഡിൽ
8. കുണ്ടലിക്കടവ് റോഡിൽ
9. മഞ്ഞപ്ര റോഡിൽ
10. ഇളയിടം റോഡിൽ
11. കമ്പനിക്കടവ് റോഡിൽ
12. ചെങ്ങമനാട് മുതൽ ചുങ്കം വരെയുള്ള റോഡിലും അതിനെതുടർന്നുള്ള റോഡുകളിലും.
13. ഖാദി ഇൻഡസ്ട്രീസ് റോഡിൽ
14. P.T ഉഷ റോഡിൽ
15. അമ്പലം - കൈതക്കാട്ടു റോഡിൽ ഇല്ലിടത്ത് വഴി സ്ട്രീററ് ലൈറ്റ് സ്ഥാപിക്കുക.

തോട്ടോത്ത് റോഡിൽ ലൈൻ വലിച്ച്

സ്ട്രീറ്റ് ലൈറ്റ് ഇടുക.

## സ്ട്രീറ്റ് ലൈറ്റ് ഇടേണ്ടവ

തുരുത്ത് – വടക്കേടത്ത് റോഡ്
കാട്ടിലക്കടവ് ഹരിജൻ കോളനി ലിസ്റ്റ് റോഡ്
പുത്തൻ വീട് എടവഴി
വാര്യത്ത് പറമ്പ് റോഡ്
മംഗലപ്പുഴ കടവ് റോഡ്
കീടേത്ത് എടവഴി
ഉസ്മാനിയ കടവ്
തുണ്ടാലകത്തുട്ട് കടവ്
കുറുപ്പാലി കടവ്
മാക്കനായി കടവ്
ദേശം – മാത്തിമൂല റോഡ്
കല്ലുകോട് മെയിൻ കനാൽ റോഡ്
മൈലിക്കര തോട്ടപാടം റോഡ്
ദേശം കവല മുതൽ പാറടത്ത് പടി വരെ
എടവഴിക്കടവ് – റെയിൽവെ ലൈൻ
ചെങ്ങമനാട് ടെമ്പിൾ റോഡ് – മാള റോഡ് ക്രോസ് റോഡ്
പുതുവാശ്ശേരി ലക്ഷം വീട് മുതൽ തെക്കുളം വരെ
കോട്ടായി പനയ കടവ് റോഡ്
കമലാലയം മുതൽ നാല് സെന്റ് വരെ
കല്ലൻകോട്ടായി – എളമനംപള്ള റോഡിൽ പുറക്കോട്ടത്ത് കവലവരെ
മടത്തിമൂല – കപ്രശ്ശേരി
ആണിപ്പാറ – തോട് റോഡ്
പരിയാരക്കോട് റോഡ്
പള്ളി – പള്ളപ്പാടം റോഡ്
ലിറ്റിൽ ഫ്ളവർ – പള്ളിപ്പാടം റോഡ്
നെടുവന്നൂർ കനാൽ റോഡ്
ദേശം കവല – പറമ്പയം N.H റോഡിൽ

16. റെയിൽവേ കുളക്കടവു റോഡിൽ കടന്നോത്ത് മൂല – റെയിൽവേ ലൈൻ റോഡിൽ
17. കുറുവപ്പള്ളം അമ്പലം റോഡിൽ
എ. പാറോത്ത് കടവ് – കോട്ടപ്പിള്ളി റോഡ്
18. മെയിൻ റോഡ് – അമ്പലം റോഡിൽ
എ. കപ്രശ്ശേരി വിത്ത് സംഭരണകേന്ദ്രം റോഡ്
19. മെയിൻ റോഡ് ദേവി വിലാസം റോഡ്
20. പയിനാടത്തുകവല – ആര്യാമ്പിള്ളി തോടു റോഡിൽ
21. ദേശം കടവിലേക്ക് ലൈൻ വലിച്ച് Tube ലൈറ്റ് ഇടണം.

തുരുത്തിലെ പ്രധാന ഭാഗങ്ങളായ പാലം, സ്കൂൾ, അമ്പലം, പാണ്ടിപ്പുഴ, പള്ളി എന്നീ ഭാഗങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

ലക്ഷം വീടു കോളനികൾ സൗജന്യമായി വൈദ്യുതീകരിക്കുക.

ആശുപത്രിക്കടവ് മുതൽ കമ്പനിപ്പടിവരെയും കമ്പനിപ്പടി മുതൽ തേറാട്ടിക്കുന്ന് വരെയും കുളവൻകുന്ന് ലക്ഷം വീടുകോളനി മുതൽ കിഴക്കേ അറ്റം വരെയും ത്രീ ഫേസ് ലൈൻ ആക്കുക.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഇന്ന് നിലവിലുള്ള ട്രാൻസ്ഫോമറുകളുടേയും കപ്പാസിറ്റി വർദ്ധിപ്പിക്കുകയും താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

ചെങ്ങമനാട് കുന്നുംപുറത്ത്

1. പുറയാർ പുതുവാംകുന്ന് ഭാഗത്ത്
എ. പുറയാർ സെന്റർ
2. ദേശം കുന്നുംപുറം
3. തേറാട്ടികുന്നിൽ
എ. 8ാം വാർഡിൽ 4 സെന്റ്
4. ഒടിയപ്പാടത്ത്
എ. നെടുവന്നൂർ അമ്പലം ഭാഗത്ത്
5. S.N.D.P ഭാഗത്ത് കപ്രശ്ശേരി
6. തുരുത്ത് കിഴക്ക്

പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കാൻ കഴിവും താല്പര്യവും ഉള്ളവർക്ക് അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക.

ഇലക്ട്രിസിറ്റി ബില്ല് അടക്കുന്നതിനുള്ള കളക്ഷൻ സെന്റർ ചെങ്ങമനാട് പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിക്കുക.

ഇലക്ട്രിസിറ്റി പരാതി ബുക്ക് പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വെയ്ക്കുക.

പ്രധാനപ്പെട്ട കവലകളിൽ കോംപാറ്റ് ലാമ്പുകൾ സ്ഥാപിക്കുക.

രാത്രിയിൽ എല്ലാ ട്യൂബ് ലൈറ്റുകളും കൃത്യമായി കത്തിക്കാനും രാവിലെ തന്നെ അവ

യെല്ലാം ഓഫ് ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കുക.

11KV ലൈൻ അങ്കമാലിയിൽനിന്നും ആലുവയിൽ നിന്നും ചാർജ്ജു ചെയ്യുന്നത് ദേശം പമ്പുഹൗസിന്റെ സമീപത്തുനിന്നുമാണ്. ഇടക്കുവച്ച് ലൈനിൽ എന്തെങ്കിലും സംഭവിച്ചാൽ അതിന് ഒരു ബദൽ സംവിധാനമെന്ന നിലയിൽ ഒറോഴി പാലത്തിനു സമീപം കാലടിയിൽ നിന്ന് ചാർജ്ജ് ചെയ്യാൻ വേണ്ടി ഇട്ടിരിക്കുന്ന കേടുവന്ന കേബിൾ മാറ്റി സ്ഥാപിക്കുകയോ തുരുത്തിശ്ശേരിയിൽ നിന്ന് കണക്ഷൻ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യുക.

കറന്റു ക്ഷാമം നിലനില്ക്കുന്ന സന്ദർഭങ്ങളിൽ ഇഷ്ടിക കളക്കാർക്ക ഇഷ്ടംപോലെ വൈദ്യുതി കൊടുക്കുന്നുത് നിർത്തലാക്കുക. അതിനു പകരമായി അവർക്ക് disel എഞ്ചിൻ ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

ടൗണുകളിലും കവലകളിലും മറ്റുമുള്ള കടകളിൽ വ്യക്തികളും മറ്റും ഉപയോഗിക്കുന്ന ഡീസൽ എഞ്ചിനുകൾ വളരെയേറെ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നുണ്ട്. വ്യക്തികൾ ഉപയോഗിക്കുന്ന ചെറിയ എഞ്ചിനുകൾക്കു പകരം പല വ്യക്തികൾ ചേർന്ന് ശക്തികൂടിയ വലിയ എഞ്ചിനുകൾ ഉപയോഗിച്ചാൽ അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും ചെലവു കുറയ്ക്കാനും കഴിയും.

Street Light കൾ സ്ഥാപിക്കുമ്പോൾ ഇന്നത്തെ ബൾബുകൾക്കും ട്യൂബുകൾക്കും പകരം കോംപാറ്റു ട്യൂബുകൾ ഉപയോഗിച്ചാൽ വളരെ കുറച്ചു വൈദ്യുതിയേ വേണ്ടി വരികയുള്ളൂ.

വൈദ്യുതി ആവശ്യത്തിനു മാത്രം ഉപയോഗിക്കാനും ഒരു യൂണിറ്റു പോലും പാഴാക്കികളയാതിരിക്കാനും ആവശ്യമായ പ്രചരണവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

# റോഡ് ഗതാഗതം

ഒരു പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിനും പുരോഗതിക്കും ആവശ്യമായ ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് റോഡുകളും ഗതാഗതസൗകര്യങ്ങളും. നമ്മുടെ പഞ്ചായത്തിൽ ധാരാളം റോഡുകൾ ഉണ്ടെങ്കിലും മെറ്റൽചെയ്ത് ടാറിട്ട റോഡുകൾ വളരെ കുറവാണ്. തുരുത്തുപോലെയുള്ള പ്രദേശങ്ങളിൽ ടാറിട്ട റോഡുകളേയില്ല എന്നതാണ് സത്യം.

നാഷണൽ ഹൈവേ 3 കി.മീറ്റർ ദൂരത്തിൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നത്.

### ഈ പഞ്ചായത്തിലെ PWD വക ടാറിട്ട റോഡുകൾ താഴെപറയുന്നവയാണ്.

| | | |
|---|---|---|
| 1. | പറമ്പയം – ആവണംകോട് റോഡ് | 7 കി.മീ. |
| 2. | മംഗലപ്പുഴ – ചൊവ്വര റോഡ് | 2.75 കി.മീ. |
| 3. | മംഗലപ്പുഴ – പനയത്തോട് | 2.83 കി.മീ. |
| 4. | പനയ്ക്കടവ് – പാറക്കടവ് | 2 കി.മീ. |
| 5. | ചെങ്ങമനാട് – കോഴിക്കടവ് | 1 കി.മീ. |
| 6. | പുത്തൻതോട് – ചുങ്കംകവല വരെയുള്ള റോഡ് | 4 കി.മീ. |
| | ആകെ | 19.580 കി.മീ. |

### പഞ്ചായത്തുവക റോഡുകൾ

| | |
|---|---|
| ടാറിട്ടത് | 9.57 കി.മീ. |
| മെറ്റലിട്ടത് | 6.4 കി.മീ. |
| ഗ്രാവൽ | 45.096 കി.മീ. |
| കച്ചറോഡ് | 52.910 കി.മീ. |

നമ്മുടെ പഞ്ചായത്ത് കഴിഞ്ഞ വർഷം റോഡുകൾക്കുവേണ്ട് ചെലവാക്കിയ തുക 536622.50 രൂപയാണ്. അതായത് വരുമാനത്തിന്റെ 9.8 ശതമാനം. നമ്മൾ കാഴ്ചക്കാരായി നോക്കിനില്ക്കുന്ന സാഹചര്യത്തിലാണ് ഈ ചെലവ്. നമ്മുടെ മനുഷ്യപ്രയത്നം ഉൾപ്പെടെയുള്ള വിഭവസമാഹരണത്തിലൂടെ നാം മുന്നോട്ട് പോയാൽ ഇതിന്റെ എത്രയോ ഇരട്ടി റോഡുകൾ ഉണ്ടാക്കാനും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കാനും നമുക്കു സാധിക്കും എന്നുള്ളത് നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗ്രാമസഭകളിൽനിന്ന് റോഡ്, ഗതാഗതത്തെക്കുറിച്ച് വളരെയധികം ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ജനകീയ ആസൂത്രണം എന്ന പുതിയ കാഴ്ചപ്പാട് എന്താണെന്ന് ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങിയതിന്റെ തെളിവായിട്ടാണ് അതിനെ കാണേണ്ടത്. ജനകീയ ആസൂത്രണത്തിൽ – ജനകീയ പദ്ധതിയിൽ – പങ്കെടുക്കാനുള്ള ജനങ്ങളുടെ ആവേശമാണ് ഇവയിലെല്ലാം നിഴലിക്കുന്നത്.

### പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും ജനങ്ങൾക്ക് യാത്രചെയ്യുന്നതിന് വേണ്ടത്ര റോഡുകൾ ഇല്ല. പല സ്ഥലങ്ങളിലേയും റോഡുകൾ ഗതാഗതയോഗ്യമല്ല.

വീതികുറഞ്ഞ റോഡുകളും ടാറിംഗ് നടത്താത്ത റോഡുകളും നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പുഴയോരങ്ങളിലുള്ള കടവുകൾ ഇപ്പോൾ സുരക്ഷിതവും ഉപയോഗയോഗ്യവുമല്ല. അവ ഉപയോഗയോഗ്യമാക്കിയാൽ വളരെയധികം ജനങ്ങൾക്ക് ഉപകരിക്കും.

റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ റോഡുകൾ മോശമായിരിക്കുന്നു.

പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും വാഹനഗതാഗതസൗകര്യമില്ലാത്തതിനാൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ട്. പുറയാർ കടന്നോത്ത് ബസ്സ് റൂട്ട് ആദ്യം ഉണ്ടായിരുന്നു. അത് നിർത്തലാ

ക്കിയതുകാരണം ആ ഭാഗത്തെ ജനങ്ങൾക്ക് യാത്ര ചെയ്യാൻ മറ്റു സൗകര്യങ്ങളില്ല.

റെയിൽവേഗേറ്റിൽ ഒരു ഓവർബ്രിഡ്ജ് ഇല്ലാത്തതിനാൽ അതുവഴി കടന്നുപോകുന്ന ജനങ്ങളുടെ പ്രയാസങ്ങൾ ഏറെയാണ്.

പല ചെറിയ ചെറിയ റോഡുകളും വഴികളും മഴക്കാലത്ത് വെള്ളത്തിൽമുങ്ങുന്നതുകാരണം ആ വഴികളിലൂടെയുള്ള യാത്ര ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും പാലങ്ങൾ ഇല്ലാത്ത അവസ്ഥയുണ്ട്.

പല റോഡുകളിലും ഇലക്ട്രിക് പോസ്റ്റുകളും Telephone പോസ്റ്റുകളും യാത്രക്ക് തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്.

## ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ

1. പുത്തൻകടവു പനയക്കടവ് റോഡ് വികസിപ്പിച്ച് പയാറ്റിക്കാടു ഭാഗത്ത് ഇരുവശവും കെട്ടിസംരക്ഷിച്ച് പാനായിത്തോട് - പുത്തൻതോട്ടിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക. മാങ്ങാട്ടുമഠം - തലകൊള്ളി റോഡ് പാലം.

2. പറമ്പയം ആവണംകോട് റെയിലിനു പടിഞ്ഞാറുവശം റോഡുനിർമ്മിച്ച് അങ്കമാലിയുമായി ബന്ധിപ്പിച്ച് റോഡ് ഉണ്ടാക്കണം.

3. കപ്രശ്ശേരി – മുഴിയാർ റോഡ് ഇന്നത്തേക്കാൾ കൂടുതൽ വികസിപ്പിക്കണം.
   പുതുവാശ്ശേരി – ദേശം റോഡ്.

4. റെയിൽവേഗേറ്റിൽ over or under ബ്രിഡ്ജ് പണിത് ഗതാഗതക്കുരുക്ക് ഇല്ലാതാക്കുക.

5. പയിനാടത്തുകവല - ആര്യാമ്പിള്ളിതോട് റോഡ് സൈഡ്കെട്ടി സഞ്ചാരയോഗ്യമാക്കുക.

6. കോഴിക്കടവ് കണ്ടാംതുരുത്ത് പാലം പണിയുക.

7. കപ്രശ്ശേരി പുറയാർ ആയി ബന്ധിപ്പിക്കുന്ന പാലം പണിയുക.

## താഴെപ്പറയുന്ന റോഡുകൾ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

1. കൊല്ലാറ - പൂതാംകുന്ന് (പുറയാർ - പൂതാംകുന്ന് റോഡ്) നെടുവന്നൂർ ഇറിഗേഷൻ റോഡ്.

2. കിഴക്കേദേശം - പുറയാർ റോഡ്.

3. ഉദയംചേരി അമ്പലം മുതൽ പള്ളിപ്പാട്ടുകാവുവരെയുള്ള റോഡ്.

4. പുത്തൻവീട്ടിൽ റോഡ്

5. പാപ്പാളി മുതൽ വടുതല വരെയുള്ള റോഡ് വീതികൂട്ടി പഞ്ചായത്ത് ഏറ്റെടുക്കണം.

6. വില്ലേജ് ഓഫീസിന്റെ പുറകിൽക്കൂടി വാര്യത്ത് റോഡ് പൊതുകുളിക്കടവുവരെയുള്ള വഴി.

7. സ്വർഗ്ഗം റോഡ് (സൈഡ് കെട്ടുകയും വേണം)

8. മാങ്ങാമ്പിള്ളിച്ചിറ റോഡ്.

9. അമ്പലനട റോഡ്

10. ഇളയിടം റോഡ്

11. അമ്പലനട - കുളവൻകുന്ന് റോഡിന്റെ സഞ്ചാരയോഗ്യമല്ലാതെകിടക്കുന്ന ഭാഗം.

12. പുത്തൻതോടു മുതൽ അമ്പലം വരെയുള്ള റോഡ്.

13. മുനിക്കല്ല് - ചെങ്ങമനാട് അമ്പലനട റോഡ്.

14. പുത്തൻതോട് - ചെങ്ങമനാട് ടെമ്പിൾ റോഡ്.

15. ലക്ഷംവീടുകോളനി റോഡ്

16. പുതുവാശ്ശേരി കവലയിൽനിന്നും വടക്കോട്ടുള്ള ലിങ്ക് റോഡ്.

17. കപ്രശ്ശേരി - മാത്തിമൂല റോഡ്.

18. മാത്തിമൂല - തെക്കെ കപ്രശ്ശേരി റോഡ്.

19. SNDP പള്ളപ്പാടം റോഡ്

20. പള്ളി - പള്ളപ്പാടം റോഡ്

21. മെയിൻ റോഡ് - പള്ളപ്പാടം റോഡ്.

22. പറമ്പയം - മാത്തിമൂല റോഡ്

23. ഖാദി ഇൻഡസ്ട്രീസ് റോഡ്

24. P.T. ഉഷ റോഡ്

25. പരിയാരകോട്ട് റോഡ്

26. ലിറ്റിൽ ഫ്ളവർ - പള്ളിപ്പാടം. ഇറിഗേഷൻ കനാൽ - റെയിൽവേലൈൻ റോഡ്. മിൽമ - പാറോത്ത് ഇടവഴി റോഡ്.

25. അമ്പലം - കൈതക്കാട്ടുചിറ റോഡ്

26. റെയിൽവേ - കുളക്കക്കടവ് റോഡ്

27. റെയിൽവേ - കുറവപ്പള്ളം

28. കുറുവപ്പള്ളം - അമ്പലം റോഡ് (സൈഡുകൾ കെട്ടുകയും വേണം)

29. മെയിൻ റോഡ് - അമ്പലം റോഡ്

30. ഗേറ്റിന് സമീപം പൂലോക്കുഴി ഹരിജൻ കോളനി റോഡ്

31. തോട്ടോത്ത് റോഡ്.

32. തടായി റോഡ്
a. കപ്പിങ്ങാട്ട റോഡ്.

33. ഇല്ലത്തു ഇടവവഴി റോഡ് (സൈഡ് കെട്ടുകയും വേണം)
a. മിൽമ - കോട്ടപ്പള്ളിക്കടവ്

34. കോഴിക്കോട്ടു പള്ളം റോഡ്

35. അടാങ്ങാട്ട് റോഡ് (ക്രോസ് റോഡ്)
b. റെയിൽവെ - വേലന്റെ ഇടവഴി റോഡ്

36. കുന്നുംപുറത്ത് പാറക്ക ഹരിജൻ കോളനി ലിങ്ക് റോഡ്

37. കുന്നുംപുറം ഹരിജൻ കോളനി റോഡ് കിഴക്കും പാറ വരെ.

38. അമ്പാട്ടുപള്ളം വഴി

39. ശാസ്താംകടവ് റോഡ്

**താഴെപറയുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ഉപയോഗയോഗ്യവും ഗതാഗത യോഗ്യവുമാക്കുക.**

1. തുരുത്തിൽ P.W.D. റോഡ് അവസാനിക്കുന്നിടത്തുനിന്ന് ബാക്കിയുള്ള റോഡുനിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

2. പാണ്ടിപ്പുഴ മുതൽ വടക്കോട്ട് അമ്പലക്കടവ് വരെയുള്ള റോഡ്.

3. പാണ്ടിപ്പുഴ - തുമ്പാകടവ് റോഡ്.

4. ലക്ഷം കടവ് - മസ്ജിദ്പനയക്കടവ് ലിങ്ക് റോഡ്.

5. ഗേറ്റ് - വെണ്ണിപ്പറമ്പ് കോളനി റോഡ്.

6. കിഴക്കേ ദേശം - പഞ്ചായത്തുകടവ് റോഡ്.

7. കടന്നോത്തു മൂല മുതൽ വിരുത്തിമൂല വരെയുള്ള കനാൽ റോഡ്.

8. പുറയാർ - അമ്പാട്ടുകുടി കനാൽ റോഡ്.

9. മയിലിക്കര - പടതോളിൽ റോഡ്. (സൈഡിൽ കനാൽ കെട്ടുകയും വേണം.

10. 3-ാം വാർഡിലെ ഹരിജൻ കോളനി റോഡ്.
a. കല്ലൻ കോട്ടായി - പുറക്കോടത്ത് കവല ടാറിംഗ്

11. പാമടത്തു തോട്ടുപാടം റോഡ്.

12. ചുങ്കം - കൊച്ചുമഠം റോഡ്.

13. കുണ്ടലിക്കടവ് റോഡ്.

14. മഞ്ഞപ്ര റോഡ്.
a. കമ്പനിപ്പടി ശ്രീകൃഷ്ണ റോഡ്.

15. ആശുപത്രിപ്പടി - കോഴിക്കക്കടവ് റോഡ്.

16. തേറാട്ടിക്കുന്ന് - പൊയ്ക്കാട്ടുശ്ശേരി റോഡ്.

17. ചെങ്ങമനാട് - ഇടയാറ്റുപടി റോഡ്.

18. ലിഫ്റ്റ് ഇറിഗേഷൻ No.1 ടെമ്പിൾ റോഡ്.

19. യൂണിയൻ ടൈൽ വർക്സ് കമ്പനിക്കടവ് റോഡ്.

20. കൊളക്കാട്ട് (തൊടിയിൽ റോഡ്).

21. പാലിയപ്പാടം റോഡ്

22. കല്ലിൽ റോഡ്.

23. കോഴിക്കക്കടവ് - ആശുപത്രി റോഡ്.

24. 9-ാം വാർഡിൽ നിന്നും 2-ാം വാർഡിലേയ്ക്ക് പോകുന്ന ആണിപാറ പാലം

25. മെയിൻ റോഡ് - ദേവിവിലാസം റോഡ്.

26. പറമ്പയം നെടുവന്നൂർ റോഡ് (സൈഡിൽ കാനയും നിർമ്മിക്കണം.)

27. മെയിൻ റോഡ് - ദേവിവിലാസം റോഡ് സൈഡ് കെട്ടി ഇറിഗേഷൻ സബ് കനാലിൽ എത്തിക്കണം.

28. സ്കൂൾ - ഹരിജൻ കോളനി റോഡ്.

29. സ്കൂൾ - കൈതക്കാട്ടുചിറ റോഡിന്റെ അറ്റത്തുനിന്നും കിഴക്കോട്ടു പോയി കുരിച്ചാലിൽ അവസാനിക്കുന്ന റോഡ്.

30. മനലോടി ഹരിജൻ കോളനി നടപ്പാത (വീതി കൂട്ടുകയും വേണം. എളമന പള്ളം - മങ്ങാട്ടുമഠം റോഡ്

## താഴെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടത്തണം

1. പഞ്ചായത്തിലെ റോഡുകളിൽ പല സ്ഥലങ്ങളിലും ഇലക്ട്രിക് പോസ്റ്റുകളും, ടെലിഫോൺ പോസ്റ്റുകളും റോഡിലേയ്ക്ക് കയറ്റിയിട്ടിരിക്കുന്നത് റോഡിന്റെ സൈഡിലേയ്ക്ക് മാറ്റി സ്ഥാപിക്കണം.

2. ദേശം കടവ് മുതൽ കിഴക്കോട്ട് ബണ്ട് വരെയുള്ള ഭാഗത്ത് മെയിൻ റോഡിന്റെ ഇരുവശവും വീതി കൂട്ടുകയും, ആവശ്യമായ സ്ഥലങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടുകയും ചെയ്യുക. അതോടൊപ്പം റോഡിന്റെ സൈഡിൽകൂടി കൃഷി സ്ഥലങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് കനാൽ കെട്ടുകയും വേണം.

3. മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് നടന്നുപോകാൻ പോലും പറ്റാത്ത ഏറാട്ടുപാടം റോഡ്, രക്തേശ്വരി അമ്പലത്തിന്റെ പടിഞ്ഞാറുവശത്തുള്ള വഴി, ആലുംകടവ് റോഡ്, ഇടവഴക്കടവ്, R.P. സാമിയുടെ വീടിന്റെ സൈഡിലൂടെയുള്ള റോഡ് കുന്നത്ത് മനക്കടവ് റോഡ്, എന്നിവ മണ്ണിട്ട് പൊക്കുകയും വെള്ളമൊഴുകി പോകുന്നതിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. ചെങ്ങമനാട് - മാഞ്ഞാലി റോഡ് വീതി കൂട്ടി വികസിപ്പിക്കുകയും ചെയ്യുക.

4. ദേശം കടവ് പൊതു കുളിക്കടവായി മാറ്റുക.

5. ആലുവായിൽ നിന്നും ചെങ്ങമനാട്, അങ്കമാലി ഭാഗത്തേയ്ക്ക് കൂടുതൽ K.S.R.T.C. ബസ്സുകൾ ഓടിക്കുക.

6. അമ്പല നട - മുനിക്കൽ റോഡ് മാഞ്ഞാലി റോഡുമായി ബന്ധിപ്പിക്കണം. പള്ളിക്ക് കിഴക്ക് വശം വടക്കോട്ടുപോകുന്ന റോഡ് കെട്ടി സംരക്ഷിച്ച് മണ്ണൊലിപ്പ് തടയണം.

7. കോട്ടായി മുതൽ പനയക്കടവുവരെ ആവശ്യമായ സ്ഥലങ്ങളിൽ മെറ്റലിംഗ്, ടാറിംഗ് നടത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

8. കാട്ടിലെക്കാവിന് പടിഞ്ഞാറുവശം ശ്രീ. ആന്റണിയുടെ പറമ്പിനും പൊങ്ങഴിപ്പറമ്പിനും ഇടയ്ക്കുള്ള പഞ്ചായത്തുവഴി പൂർവ്വസ്ഥിതിയിലാക്കുക.

9. എല്ലാ കടവുകളും സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുക. അതോടൊപ്പം തന്നെ പുഴയോരം ഇടഞ്ഞു പോകാതിരിക്കുന്നതിന് വേണ്ടി കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

### യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന ബസ്സ് റൂട്ടുകൾ ആരംഭിക്കുക.

1. പുറയാർ – കടന്നോത്ത് ബസ് റൂട്ട് വീണ്ടും ആരംഭിക്കുക.

2. ആലുവ മുതൽ പൂതാംകുന്നു വരെ ബസ് റൂട്ടാരംഭിക്കുക.

3. ദേശം, മാത്തിമൂല, കപ്രശ്ശേരി, നെടുവന്നൂർ, ചൊവ്വര വഴി കാലടിയിലേയ്ക്ക് ബസ് റൂട്ടാരംഭിക്കുക.

### കടത്തുകൾ

പാലങ്ങളില്ലാത്ത സ്ഥലങ്ങളിൽ ജനങ്ങൾക്ക് യാത്ര ചെയ്യുന്നതിന് കടത്തുവഞ്ചികളേയാണ് ആശ്രയിക്കുവാനുള്ളത്. കണ്ടം തുരുത്ത്, കോഴിക്കടവു കടത്ത് മാത്രമാണ് പഞ്ചായത്തുചിലവിൽ നടത്തുന്നത്. P.W.D. കടത്തുകളായിരുന്ന മൂന്നുകടത്തുകൾ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും P.W.D. തന്നെയാണ് കടത്തുകാർക്ക് ശമ്പളം കൊടുക്കുന്നത്. ദേശം കടത്ത്, പനയക്കടവ്, അമ്പലക്കടവ് കടത്തുകൾ ആണ് പഞ്ചായത്തിന് കൈമാറിയ P.W.D. കടത്തുകൾ.

വികസനപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കൂടുതൽ ജനവിഭാഗങ്ങളെ മുന്നോട്ട് കൊണ്ടുവരുന്നതിന് ആവശ്യമായ പ്രചാരണവും ബോധവൽക്കരണവും നടത്തേണ്ടതാണ്. അവരുടെ അദ്ധ്വാനശേഷി ഉൾപ്പെടെ പ്രയോജനപ്പെടുത്തിയാൽ റോഡ് ഗതാഗത രംഗത്തും മറ്റുരംഗങ്ങളിലുമെല്ലാം നമ്മുടെ പഞ്ചായത്തിൽ വികസന കാര്യത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്നതിൽ സംശയമില്ല.

# ആരോഗ്യം,കുടിവെള്ളം, പരിസരശുചിത്വം

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളുമായി നാം മുന്നോട്ടു പോവുകയാണല്ലോ. നമ്മുടെ സംസ്ഥാന ബഡ്ജറ്റിന്റെ 17% മാണ് ഈ ഇനത്തിൽ ചിലവഴിക്കപ്പെടുന്നത്. ഇൻഡ്യയിലെ മറ്റേതു സംസ്ഥാനത്തേക്കാളും ആരോഗ്യമേഖലയിൽ ഗുണപരമായ പ്രവർത്തനങ്ങളിലൂടെ മുന്നിട്ടു നിൽക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും കർമ്മനിരതമായ പ്രവർത്തനത്തിലൂടെയും , ജനകീയ പങ്കാളിത്തത്തോടെയും ഈ മേഖല കുറേക്കൂടെ സംപുഷ്ടവും ഗുണപരവും ആക്കി മാറ്റുവാൻ കഴിയും എന്നത് നിസ്തർക്കമാണ്. ആരോഗ്യ സേവനരംഗത്ത് ചില കാര്യങ്ങളാൽ പരിഷ്കൃത രാജ്യങ്ങളുമായി മത്സരിക്കാവുന്ന നിലയിലേക്ക് കേരളം വളർന്നിട്ടുണ്ടെന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്.

| ആയുർ ദൈർഘ്യം | കേരളം 72% | ഇൻഡ്യ 60% | താഴ്ന്ന വരുമാന 52% | അംഗീകരിക്കമുള്ള 76% |
|---|---|---|---|---|
| ശിശുമരണ 1000 നിരക്ക് | 17 | 85 | 91 | 9 |
| ജനന നിരക്ക് | 17 | 31 | 38 | 16 |
| വരുമാനം ഡോളർ | 298 | 330 | 350 | 22,240 |

പ്രതിശീർഷവരുമാനം കുറവായിരുന്നിട്ടു പോലും മറ്റു സംസ്ഥാനത്തേക്കാൾ ഏറെ മുന്നോട്ടു പോകുവാൻ കഴിഞ്ഞതും അമേരിക്ക പോലുള്ള വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ അന്തരം ഉണ്ടാകാതെ നിലനിർത്താൻ കഴിഞ്ഞതും നമുക്ക് തീർച്ചയായും അഭിമാനിക്കാൻ കഴിയാവുന്ന വിധത്തിൽ നാം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

II നമ്മുടെ പഞ്ചായത്തിൽ 1,66,192 രൂപയാണ് കുടിവെള്ളത്തിനും ആരോഗ്യസംരക്ഷണത്തിനുമായി ചിലവഴിക്കുന്നത്. ഇത് മൊത്തം ചിലവിന്റെ 11.42% വരും. 1946 ലാണ് നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ആരംഭിച്ചത്. ഈ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സയ്ക്ക് വരുന്ന ഔട്ട് പേഷ്യൻസിന്റെ എണ്ണം താഴെ ചേർക്കുന്നു.

| 9293 | 9394 | 9495 | 9596 |
|---|---|---|---|
| 27654 | 26124 | 25303 | 27394 |

III നമ്മുടെ പഞ്ചായത്തിൽ 9394 ൽ 81 മരണവും 9495 ൽ 75 മരണവും 9596 ൽ 78 മരണവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മരണ നിരക്ക് സംസ്ഥാന ശരാശരി 5.9% ആണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ 3.9% ആണ് കണക്കാക്കപ്പെടുന്നത്. ജനനം സംബന്ധിച്ച് പൂർണ്ണമായ ഒരു ചിത്രം ലഭ്യമായിട്ടില്ല. പഞ്ചായത്ത് രജിസ്റ്ററിൽ 9394 5ജനനവും 9495ൽ ഒന്നും 9596ൽ 3 ജനനവും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജനനസംബന്ധമായി മുൻസിപ്പൽ പ്രദേശങ്ങളിലും മറ്റു പഞ്ചായത്തു പ്രദേശങ്ങളിലും രജിസ്ട്രേഷൻ നടത്തീട്ടുള്ളതിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല.

ഏകദേശം 25,000 ജനസംഖ്യ വരുന്ന നമ്മുടെ പഞ്ചായത്തിൽ ചികിത്സയ്ക്കായി കിലോമീറ്ററോളം സഞ്ചരിച്ച് ആലുവായിലോ അങ്കമാലിയിലോ എത്തേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ചെങ്ങമനാട് പ്രഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ അവസ്ഥ തീർത്തും പരിതാപകരമാണ്. കോമ്പൗണ്ട് വാൾ ഇല്ലാത്തതും, ശുദ്ധജലക്ഷാമം , കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, സ്റ്റാഫ് കോർട്ടേഴ്സിന്റെ അറ്റകുറ്റപണി, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഒഴിവുള്ള തസ്തികൾ നികത്താത്തത് ഇവയൊക്കെ ഇവിടെ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. തുരുത്ത് വാർഡിലുള്ള F.W സെന്ററും അറ്റകുറ്റപണികൾ യഥാസമയം ചെയ്യാത്തതിനാൽ ശോചനീയമായ അവസ്ഥയിലാണ്. കപ്രശ്ശേരിയിൽ ലഭ്യമായ സ്ഥലത്ത് F.W സെന്ററിന് കെട്ടിടം പണിയാനും ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിഞ്ഞിട്ടില്ല. ദേശം, പുതുവാശ്ശേരി എന്നീ സ്ഥലങ്ങളിൽ F.W സെന്റർ പ്രവർത്തനം, ജലവും കെട്ടിടവും ലഭ്യമല്ലാത്തതിനാൽ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

### കുടിവെള്ളം

പഞ്ചായത്തിലെ 10 വാർഡുകളിലും കുടിവെള്ളക്ഷാമം ഒരു വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. അതിൽ തന്നെ 3, 4, 5, 6, 7, 8 വാർഡുകളിൽ കുടിവെള്ള ക്ഷാമം അതീവ ഗുരുതരമാണ്. ഭൂരിഭാഗം കുടുംബങ്ങളും കുടി

വെള്ളത്തിനായി കിണറുകളെയാണ് ആശ്രയി ക്കുന്നത്. ചെങ്ങമനാട് കുന്നുംപുറത്ത് കിണർ സ്ഥാപിച്ച് പൈപ്പ് കണക്ഷൻ കൊടുത്തുവെ ങ്കിലും വെള്ളം ലഭ്യമല്ലാത്തതിനാൽ ആ പദ്ധതി പരാജയപ്പെടുകയുണ്ടായി. പകരം പുഴയ്ക്കു സമീപം കിണർ താഴ്ത്തി വെള്ളം പമ്പ് ചെയ്തു കൊടുക്കുന്നുണ്ടെങ്കിലും അവ ആവശ്യത്തിന് പര്യാപ്തമാകുന്നില്ല. ദേശം കുന്നുപുറത്ത് ചൊവ്വരയിൽനിന്നും പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കുന്നുണ്ടെങ്കിലും പൈപ്പ് പൊട്ടി യതുമൂലം ഏറെ ദിവസം വെള്ളം വിതരണം ചെയ്യാൻ കഴിയാതെ വന്നിരുന്നു. ഇപ്പോൾ അതിന്റെ പൊട്ടിയ പൈപ്പുകൾ നീക്കം ചെയ്യുന്ന പണികൾ നടന്നു വരികയാണ്.

സാധ്യതകൾ

ചെങ്ങമനാട്, നെടുമ്പാശ്ശേരി പഞ്ചായ ത്തുകൾക്ക് ഉപയുക്തമാക്കാവുന്ന തിരുവിലാം കുന്ന് വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്താൽ ഈ പഞ്ചായത്തിന്റെ എല്ലാ വാർഡു കളിലേയും കുടിവെള്ള പ്രശ്നം പരി ഹരിക്കപ്പെടും.

ചെങ്ങമനാടുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം CHC ആയി ഉയർത്തുകയും ചുറ്റുമ തിൽ കെട്ടുകയും ചെയ്യുക. ഒഴിവുള്ള തസ്തി കൾ നികത്തുകയും Staff Quarsters ന്റേയും അറ്റകുറ്റപണികൾ തീർക്കുകയും ചെയ്യുക.

1-ാം വാർഡിലെ FW സെന്ററിന്റെ ചുറ്റു മതിൽകെട്ടുകയും കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ തീർക്കുകയും ചെയ്യുക.

കപ്രശ്ശേരിയിൽ FW Centre നു ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുക.

ദേശം, പുതുവാശ്ശേരി സ്ഥലങ്ങളിൽ FW Centre പ്രവർത്തിപ്പിക്കുന്നതിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

ചെങ്ങൽ-പറമ്പയം തോട് വീതി വർദ്ധി പ്പിച്ച് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക. ഇഷ്ടിക നിർമ്മാണത്തിനായി ക്രമാതീതമായി ഭൂമി താഴ്ത്തുന്നതു മൂലം ജലനിരപ്പു താഴുകയും തദ്വാരാ കിണറുകളും മറ്റും വേനൽ തുടങ്ങു മ്പോൾ വരളുകയും ചെയ്യുന്നു. ഭൂമി ക്രമാതീ തമായി താഴ്ത്തുന്നത് തടയുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കുക. കക്കൂസുകൾ ഇല്ലാത്ത ദുർബല വിഭാഗക്കാർക്ക് കക്കൂസുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കു വാൻ പ്രധാന നിരത്തുകളിൽ ഇരുവശവും കാന കൾ നിർമ്മിക്കുക.

കൊതുകു ശല്യം ഒഴിവാക്കുന്നതിനായി നഗരപ്രദേശങ്ങളിൽ ചെയ്യുന്നതു പോലെ മരുന്നു തളിക്കുന്നതിനുള്ള സംവിധാനം ഏർപ്പെ ടുത്തുക.

തോടുകളിലേയ്ക്കും പൊതുസ്ഥലങ്ങ ളിലേക്കും വ്യവസായസ്ഥാപനങ്ങളിൽ നിന്നും അഴുക്കുജലം തുറന്നു വിടുന്നത് ഒഴിവാക്കു കയും വായു മലിനീകരണം തടയുന്നതിന് നട പടികൾ സ്വീകരിക്കുകയും ചെയ്യുക.

ആരോഗ്യപരിപാലനത്തിനും, ശുചിത്വ ത്തിനുമായി ബോധവൽക്കരണ ക്ലാസ്സുകൾ നട ത്തുക.

പഞ്ചായത്തതിർത്തിയിലെ കുളിക്കടവു കൾ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാവുന്ന രീതിയിൽ കെട്ടി നന്നാക്കുക.

കൂടാതെ ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന മറ്റു നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർക്കുന്നു..

## VI ഗ്രാമ സഭ നിർദ്ദേശങ്ങൾ

1 തുരുത്ത് വാർഡിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് അറ്റകുറ്റ പണികൾ നട ത്തുകയും, കോമ്പൗണ്ട് വാൾ കെട്ടുകയും ചെയ്യുക. എല്ലാ ദിവസവും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.

2 L.P സ്ക്കൂളുകളിൽ ഉള്ള കിണർ നന്നാക്കുകയും കുട്ടികൾക്ക് കുടിവെള്ളം ലഭി ക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുക. ആശാരിക്കടവ്, കുറുപ്പ്പാലിക്കടവ്, കുണ്ടലകത്തുട്ട് കടവ്, തൊണ്ടിക്കടവ് എന്നിവ കെട്ടി നന്നാക്കുക.

II കുടുംബക്ഷേമ കേന്ദ്രം തുടങ്ങണം. അന്തരീക്ഷ മലിനീകരണം കുറക്കാൻ സംവി ധാനം ചെയ്യണം. കുളിക്കടവുകെട്ടി നന്നാ

ക്കണം. ദേശം-പൂറയാർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ട് 5 വർഷമായി. എത്രയും വേഗം കമ്മീഷൻ ചെയ്യണം. ഗെയിറ്റ്ക്കടവ്, വേലന്റെ ഇടവഴിക്കടവ് കെട്ടിനന്നാക്കുക.

III ദേശം കടവ് പൊതുജനങ്ങൾക്ക് ഉപയോഗമാക്കുന്നതിന് കുളിക്കടവ് കെട്ടണം. കടവിൽ കുടിവെള്ളത്തിന് പൈപ്പിടണം.

ഇഷ്ടിക നിർമ്മാണത്തിന് ഭൂമി ക്രമാതീതമായി താഴ്ത്തുന്നതു മൂലം കിണറുകളിൽ വെള്ളം ലഭിക്കുന്നില്ല. 5 അടിയിൽ കൂടുതൽ ഒരു കാരണവശാലും താഴ്ത്താൻ അനുവദിക്കാതിരിക്കുക. ഇഷ്ടികക്കളത്തിലെ പുക മൂലം സമീപപ്രദേശത്തുള്ളവരുടെ ആരോഗ്യത്തിന് ഹാനി സംഭവിക്കുകയും വൃക്ഷങ്ങൾക്ക് കേടുപാടുകൾ പറ്റുകയും ചെയ്യുന്നു. ബോയിലർ ഏർപ്പെടുത്തി പുക വളരെ ഉയരത്തിൽ ബഹിർഗമിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

കൊതുകു ശല്യം ഇല്ലാതാക്കുന്നതിന് നഗരപ്രദേശങ്ങളിൽ ചെയ്യുന്നതുപോലെ മരുന്നടിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണം.

പുഴയിൽ മണൽ വാരുന്നത് തടയണം. കക്കൂസ് ഇല്ലാത്ത ദുർബല വിഭാഗക്കാർക്ക് കക്കൂസുകൾ ഏർപ്പെടുത്തുവാൻ സഹായിക്കണം.

Health Centre ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

അഴുക്കു വെള്ളം നിർമ്മാർജ്ജനം ചെയ്യണം.

കുടിവെള്ള പ്രശ്നം പരിഹരിക്കണം.

പറമ്പയം തോട്ടിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയണം

ക്രഷറുകൾ ഉണ്ടാകുന്ന അന്തരീക്ഷ മലനീകരണം ഒഴിവാക്കണം

ശ്മശാനം സ്ഥാപിക്കണം.

മൂന്നാം വാർഡിൽ റബ്ബർ ഷീറ്റുണ്ടാക്കുന്ന വ്യവസായ സ്ഥാപനത്തിൽ നിന്നും അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നത് ഒഴിവാക്കണം. വർക്ക്ഷോപ്പുകളിലെ Waste NH ൽ തന്നെ നിക്ഷേപിക്കുന്നതു തടയണം.

റോഡിൽ ഇട്ട് വാഹനങ്ങൾ റിപ്പയർ ചെയ്യുന്നത് സ്ഥലമലിനീകരണം ഉണ്ടാക്കുന്നുണ്ട് അത് തടയണം.

ഹോട്ടലുകളിലെ മലിനജലം റോഡിലേക്ക് ഒഴുക്കി വിടുന്നത് തടയണം.

പൊതുകുളിക്കടവിലേക്ക് പോകുന്ന പഞ്ചായത്ത് വഴി കയ്യേറ്റങ്ങൾ ഒഴിവാക്കി കടവ് കെട്ടി നന്നാക്കണം.

(കാട്ടിലെക്കാവിനും പടിഞ്ഞാറുവശം ശ്രീ.ആന്റണിയുടെ പറമ്പിൽ പൊക്കുഴി പറമ്പിനും ഇടയ്ക്കുള്ള വഴി)

വില്ലേജ് ഓഫീസിന്റെ പിറകിൽ കൂടിയുള്ള വഴി അവസാനിക്കുന്ന (പൂക്കുടി മണലാട്ട്) കുളിക്കടവ് കെട്ടി നന്നാക്കുക.

N.H ഉൾപ്പെടെയുള്ള റോഡുകളിൽ കാനകൾ ഇല്ലാത്തതിനാൽ വെള്ളംകെട്ടി കിടക്കുന്നു. ഇതൊഴിവാക്കാൻ കാനകൾ നിർമ്മിക്കണം.

പഞ്ചായത്ത് മുൻപായി നിന്നുകൊണ്ട് കുടിവെള്ളം ലഭ്യമാക്കുവാൻ സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കണം. ദേശത്ത് പൊക്കമുള്ള സ്ഥലത്ത് ഒരു വാട്ടർ ടാങ്ക് കെട്ടി പെരിയാറിൽ നിന്നും വെള്ള സംഭരിച്ച് എല്ലാ ജനങ്ങൾക്കും Supply ചെയ്യത്തക്ക രീതിയിൽ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

ചൊവ്വരയിൽ നിന്നും വെള്ള എത്തിക്കുവാൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

ടാങ്ക് കെട്ടുന്നത് ദേശം കുന്നുംപുറത്ത് പൊക്കമുള്ള സ്ഥലത്തോ, മംഗലപ്പുഴയ്ക്കു സമീപം പൊക്കമുള്ള സ്ഥലത്തോ വേണം.

പൊതുജന ആരോഗ്യത്തിന് യാതൊരു സംവിധാനവും ഇല്ല. PH Centre ആരംഭിക്കണം. പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന Flat കളിൽ നിന്നും ഉണ്ടാകുന്ന മലിനീകരണവും മറ്റു പരിസര മലിനീകരണവും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊതുജനാരോഗ്യത്തിന് ഹാനികരമായ മെറ്റൽ ക്രഷുകൾ സ്ഥാപിക്കാൻ അനുവാദം കൊടുക്കരുത്.

128

VII പഞ്ചായത്തിലെ ഒരേയൊരു ഹൈസ്ക്കൂളാണ്. കുടിവെള്ളം കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കണം. കക്കൂസ്, മൂത്രപ്പുര സൗകര്യം വർദ്ധിപ്പിക്കുക.

ഈ പഞ്ചായത്തിലെ PHCയുടെ ശോച്യാവസ്ഥ പരിഹരിക്കുക, ശുദ്ധജലം ലഭ്യമാക്കുക, മരുന്നുകൾ ലഭ്യമാക്കുക, കോമ്പൗണ്ടു വാൾ കെട്ടുക, കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക. പ്രസവ വാർഡ്, പോസ്റ്റ്മാർട്ടം തുടങ്ങിയ സൗകര്യം ഏർപ്പെടുത്തുക.

കുടിവെള്ളക്ഷാമം രൂക്ഷമായ തേറാട്ടിക്കുന്ന്, കുളവൻകുന്ന്, പാലപ്രശ്ശേരി, ഇളയിടം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക. കമ്പനിക്കടവ്, ഇളയിടം കടവ്, ചുങ്കം കടവുകൾ നന്നാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കി മാറ്റണം.

10% വീടുകളിൽ കക്കൂസ് സൗകര്യങ്ങൾ ഇല്ല. അവ ഏർപ്പെടുത്തണം.

ഹോമിയോ ആശുപത്രിയും ആയുർവ്വേദ ഡിസ്പെൻസറിയും സ്ഥാപിക്കുക. കുടുംബക്ഷേമ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

ചെങ്ങമനാട് ഇറിഗേഷൻ വിപുലീകരിക്കുകയോ തിരുവിലാംകുന്ന് Water Supply Scheme കമ്മീഷൻ ചെയ്യുകയോ ചെയ്യുക.

കുളവൻകുന്ന്, ആശുപത്രിപരിസരം മാലിന്യം കുന്നുകൂടുന്നത് ഒഴിവാക്കുക.

ഹരിജൻ കോളനികളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുക.

ചെങ്ങമനാട് ചിറയിൽ വേലത്തിക്കടവിൽ തൊടുകുഴി കൃഷ്ണനൻ നായരുടേയും അറക്കൽ വക സ്ഥലത്തിന്റേയും ഇടക്കുള്ള വഴി ചെന്നെത്തുന്ന സ്ഥലം കുളിക്കടവ് നിർമ്മിക്കുക.

കുടിവെള്ളത്തിന് പൈപ്പ് കണക്ഷൻ അപേക്ഷിച്ചിട്ടുള്ളവർക്ക് കണക്ഷൻ സാങ്കേതികകരണം ലഭിക്കാതിരിക്കയാണ്. സാങ്കേതിക തടസ്സം നീക്കി കണക്ഷൻ ലഭ്യമാക്കുക.

ചെങ്ങമനാട് പ്രദേശത്ത് മഴക്കാലങ്ങളിൽ വെള്ളം കെട്ടികിടക്കുന്നത് ഒഴിവാക്കാൻ കാനകൾ നിർമ്മിക്കുക.

മാസത്തിൽ ഒരിക്കൽ Health Visitor വീടുകളിൽ വരണം.

ആസ്പത്രിക്ക് കിഴക്ക് വശത്തുള്ള പൈപ്പ് ലൈൻ നീട്ടുക.

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടിയുണ്ടാകണം.

PHC ചെങ്ങമനാട് CHC ആയി ഉയർത്തുകയും 50 രോഗികളെ എങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

ചെങ്ങമനാട് ജംഗ്ഷനുകളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ സമയാസമയങ്ങളിൽ നീക്കുവാൻ നടപടിയുണ്ടാവണം.

ചെങ്ങമനാട് ചിറ ശുചീകരിക്കണം.

പുത്തൻതോടിൽ നിന്നും വടക്കോട്ടുപോകുന്ന റോഡ് അമ്പലച്ചിറ, മാങ്ങാപള്ളി വഴി നിലവിലുള്ള തോട് താഴ്ത്തി ചൂണ്ടാൻ തുരുത്തി പുഴയുമായി ബന്ധിപ്പിച്ചാൽ കുടിവെള്ളത്തോടൊപ്പം കൃഷിക്കും ഉപയുക്തമാണ്.

തിരക്കേറിയ ചെങ്ങമനാട് ജംഗ്ഷനിൽ ഒരു പൊതു കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കുകയും കനാലുകളുടെ കേടുപാടുകൾ കാലാകാലങ്ങളിൽ തീർക്കുക.

ശുചിത്വത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കണം.

കോഴിക്കടവിൽ ഒരു പമ്പ് സ്റ്റേഷൻ സ്ഥാപിച്ച് ചെങ്ങമനാട് കുന്നുംപുറത്ത് വെള്ളമെത്തിച്ചാൽ കൃഷിയോടൊപ്പം കുടിവെള്ളത്തിനും അല്പം പരിഹാരമുണ്ടാക്കാം.

ചെങ്ങമനാട് ഉപയോഗശൂന്യമായ പഞ്ചായത്തു കിണറുകൾ വൃത്തിയാക്കണം.

കക്കൂസ് ഇല്ലാത്ത അൻപതോളം കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം ഏർപ്പെടു

ത്തണം.

പരിസര ശചീകരണത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

വാർഡിൽ ആരോഗ്യകേന്ദ്രം ആരംഭിക്കണം.

കോട്ടായി നാഷണൽ ഹൈവേയിൽ ഓഫീസിലെ ജീവനക്കാർ മലമൂത്രവിസർജ്ജനം നടത്തുന്നത് തടയണം.

പുതുവാ തോടിന്റെ സൈഡിൽ വെള്ളം കെട്ടി നിർത്തി 10 HP മോട്ടോർ വച്ചാൽ കൃഷിയാവശ്യത്തിനും, കുടിവെള്ളത്തിനും ഉപകരിക്കും.

പുതുവാ തോടിൽ ചപ്പുചവറുകൾ നീക്കം ചെയ്ത് വീതിയും ആഴവും കൂട്ടി കുളിക്കടവ് കെട്ടണം.

ലക്ഷം വീട് പ്രദേശത്തുള്ള മാലിന്യങ്ങൾ നീക്കാൻ സാഹചര്യമുണ്ടാക്കണം.

ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും കൈതക്കാട്ട് ചിറയിലേക്ക് വെള്ളം പമ്പ് ചെയ്താൽ കൃഷിക്കും കുടിവെള്ളപ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമുണ്ടാകും.

ചെങ്ങമനാട് പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

10-ാം വാർഡിൽ ആരോഗ്യകേന്ദ്രത്തിന്റെ ടൗയ ഇലിഷ്യേല തുടങ്ങുന്നതിന് വാങ്ങിയിട്ടുള്ള സ്ഥലത്ത് കെട്ടിടെ പണിത് സബ് സെന്റർ തുടങ്ങാനുള്ള പണി ത്വരിതപ്പെടുത്തണം.

പറമ്പയം ആവണക്കംകോട് റോഡിന് ഇരുവശവുംകാനകൾ നിർമ്മിക്കണം.

അമ്പല താമസിക്കുന്ന ഏഴ് ഹരിജൻ തേമാലിൽ വീട്ടുകാരുടെ പറമ്പിൽ നിന്നും നീർജലം ഒഴുക് പോകുന്നതിന് പൈപ്പിട്ട് സംവിധാനം ചെയ്യുക.

പൊതു ശ്മശാനം ഉണ്ടാക്കണം.

കക്കൂസ് സൗകര്യം ഇല്ലാത്ത ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുക.

Health Centre തുടങ്ങുന്നതിന് സർക്കാരിൽ ഏല്പിച്ചിട്ടുള്ള 5 സെ: സ്ഥലത്ത് കെട്ടിടം പണിത് തുടങ്ങുവാനുള്ള നടപടി അടിയന്തിരമായി ഉണ്ടാകണം.

10-ാം വാർഡിൽ ആയുർവ്വേദ ആസ്പത്രി ആരംഭിക്കണം.

ലക്ഷം വീട് കോളനിയിൽ ഒരു കുഴൽ കിണർ സ്ഥാപിക്കുക.

കക്കൂസ് സൗകര്യം ഇല്ലാത്ത വീടുകളിൽ അവ ഏർപ്പെടുത്താൻ നടപടിയുണ്ടാകണം.

ലക്ഷം വീട് കോളനിയിൽ നിന്നും അഴുക്കു ജലം ഒഴുകി പോകുന്നതിന് കാനകൾ നിർമ്മിക്കണം.

കോളനിയിൽ കെട്ടിയിട്ടില്ലാത്ത കിണറുകളുടെ സമീപം അശാസ്ത്രീയമായി കക്കൂസ് നിർമ്മിച്ചിരിക്കുന്നു. കിണറുകൾ കെട്ടികൊടുക്കുന്നതിനോ, കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനോ സംവിധാനം ഉണ്ടാകണം.

കോളനിയിൽ വെറുതെ കിടക്കുന്ന സ്ഥലത്ത് Children Park തുടങ്ങണം.

വാർഡിൽ ഒരു Play ground ആരംഭിക്കണം.

P.T ഉഷ റോഡിന്റെ അവസാനത്തിൽ കുളിക്കടവ് കെട്ടുക, റെയിൽവേസ്റ്റേഷൻ റോഡിലുള്ള കുളിക്കടവ് കെട്ടി നന്നാക്കുക. കുറുപ്പ്കുളം റോഡിൽ നിന്നും തെക്കുമാറി ആണിപാറയിൽ കുളിക്കടവ് നിർമ്മിക്കുക.

അമ്പലം-കൈതക്കാട്ട് ചിറയിലുള്ള കുളിക്കടവ് കെട്ടി നന്നാക്കുക.

ലക്ഷം വീട് കോളനിയിലെ ശ്മശാനത്തിനു ചുറ്റു മതിൽ കെട്ടുക.

കുളിക്കടവ് റെയിൽവേ റോഡിന്റെ ഇരുവശത്തും സൈഡിലൂടെ ചെറിയ കാന നിർമ്മിച്ച് അഴുക്കുവെള്ളം പോകാൻ സംവിധാനം ചെയ്യുക

ആയുർവേദ ആശുപത്രി നെടവന്നൂറിൽ സ്ഥാപിക്കുക.

ആരോഗ്യ സെമിനാറുകളും സൗജന്യ വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കണം.

കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് സൗകര്യം ഏർപ്പെടുത്തണം.

അംഗൻവാടിയിൽ കുഴൽകിണർ സ്ഥാപിക്കുക.

ചൊവ്വര വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തി പൈപ്പുകൾ ഇട്ടിട്ടുണ്ട്. ഈ സ്കീം കമ്മീഷൻ ചെയ്യുക.

അറവുശാല, പൊതുകനാൽ, ചായക്കട തുടങ്ങിയവയിലെ മാലിന്യങ്ങളും, ദുർഗന്ധവും ഒഴിവാക്കാൻ നടപടിയുണ്ടാക്കണം.

പകർച്ച വ്യാധികൾ തടയാൻ Health Centre ന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ജംഗ്ഷനിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ ഒഴിവാക്കാൻ സംവിധാനം ഏർപ്പെടുത്തണം.

ഹരിജൻ കോളനിയിൽ ഒരു കിണർ സ്ഥാപിക്കണം.

Play ground സ്ഥാപിക്കണം

നിലവിൽ ഉള്ള കുളിക്കടവ് പുതുക്കി പണിയണം.

താടായി കുളിക്കടവ് കെട്ടി നന്നാക്കണം.

# വിദ്യാഭ്യാസം

ചെങ്ങമനാടിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യത്തിനും എത്രയോമുൻപ് ആരംഭിച്ചിരുന്നു എന്ന് മനസ്സിലാക്കാം. ഈ പഞ്ചായത്തിന്റെ മുഴുവൻ അഭ്യുന്നതിക്കും എക്കാലത്തും ചെങ്ങമനാടുകര മാർഗ്ഗ ദർശിയായിട്ടുണ്ട്. വടക്കേടത്തു ശങ്കരപ്പിള്ള കർമ്മയോഗിയിലൂടെയാണ് നമ്മുടെ വിദ്യാഭ്യാസചരിത്രത്തിന്റെ നാന്ദികുറിക്കുന്നത്. തന്റെ സ്വന്തം പുരയിടത്തിൽനിന്നും ദാനമായി നീക്കിവക്കപ്പെട്ട ഏകദേശം 50 സെന്റ് സ്ഥലത്ത് സ്വന്തമായി നിർമ്മിച്ച ഒരു കെട്ടിടത്തിലാണ് 1911 ൽ വിദ്യാലയം പ്രവർത്തിപ്പിച്ചുതുടങ്ങിയത്. തന്റെ നിശ്ചയദാർഢ്യത്തോടെയുള്ള സമീപനങ്ങളിലൂടെയും, പിഴയ്ക്കാത്ത കാൽവെപ്പുകളിലൂടെയും 1913 ൽ അദ്ദേഹത്തിന് തിരുവനന്തപുരത്തുനിന്നും ഗവ. പ്രൈമറി സ്കൂളായി അംഗീകാരം നേടിയെടുക്കാൻകഴി ഞ്ഞു. അങ്ങനെ ചെങ്ങമനാടിന്റെ ചരിത്രത്തിലെ ഒന്നാമത്തെ പ്രൈമറി വിദ്യാലയം വേരുറക്കുന്നു. പടിപടി യായ ഉയർച്ചയിലൂടെ നാട്ടുകാരുടെ മുഴുവൻ സഹകരണത്തോടെയും 1971 ആയപ്പോഴേക്കും ഇതിനെ ഒരു ഹൈസ്കൂളാക്കി ഉയർത്തുവാൻകഴിഞ്ഞു. അതാണു നമ്മുടെ പഞ്ചായത്തിലുള്ള ചെങ്ങമനാട് ഗവ. ഹൈസ്കൂൾ. നാളിതുവരെയായി ഈ സ്ഥാപനത്തിൽനിന്നും 14532 പേർക്ക് വിജ്ഞാനത്തിന്റെ ദീപശിഖ തെളിക്കുവാനായിട്ടുണ്ട്. ജീവിതത്തിന്റെ നാനാമേഖലകളിൽ പ്രഗത്ഭരും, പ്രശസ്തരുമായ ഒട്ടനവധി പ്രതി ഭകളെ ഈ സ്ഥാപനം നാടിനു സംഭാവനചെയ്തിട്ടുണ്ട്. കർമ്മോത്സുകരായ അദ്ധ്യാപകർക്കും അവരെ പ്രോത്സാഹിപ്പിച്ച രക്ഷിതാക്കൾക്കും ഇത് അഭിമാനത്തിനു വകനല്കുന്നു.

ചെങ്ങമനാടു പഞ്ചായത്തിലെ ഒന്നാം വാർഡായി അറിയപ്പെടുന്ന തുരുത്തിൽ 1925 ൽ പേരാമ്പറ്റ കിട്ടുപിള്ളയുടെ നേതൃത്വത്തിൽ ഒരു പ്രൈമറി വിദ്യാലയം ആരംഭിച്ചു. വളരെ കുറഞ്ഞ സ്ഥലസൗകര്യ ത്തിൽ ആരംഭിച്ച ആ സ്ഥാപനം 1956ൽ സർക്കാരിനു കൈമാറിയെങ്കിലും ഇന്നും അങ്ങനെതന്നെ സ്ഥിതി ചെയ്യുന്നു. ഇതേകാലയളവിൽ ദേശത്തും ഒരു പ്രൈമറി വിദ്യാലയം ആരംഭിക്കുകയുണ്ടായിട്ടുണ്ട്. ഒടുവി ലായി 1946ൽ കപ്രശ്ശേരികരയിലും ഒരു പ്രൈമറി വിദ്യാലയം ആരംഭിച്ചു. അത് ഇപ്പോൾ കപ്രശ്ശേരി ഗവ. അപ്പർ പ്രൈമറി സ്കൂളായി അറിയപ്പെടുന്നു. ഹൈസ്കൂളാക്കണമെന്ന നാട്ടുകാരുടെ അഭിലാഷം പൂവണി ഞ്ഞിട്ടില്ല.

## വിദ്യാലയ വിവരങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകർ | | | യോഗ്യത | |
|---|---|---|---|---|---|---|---|---|---|---|
| | | | ആ | പെ | ആകെ | ആ | പെ | ആകെ | BEd. | TTC |
| 1. | G. L.P.S. ചെങ്ങമനാട് | സർക്കാർ | 203 | 199 | 402 | 4 | 8 | 12 | 1 | 11 |
| 2. | G.H.S. ചെങ്ങമനാട് | സർക്കാർ | 404 | 405 | 809 | 9 | 24 | 33 | 18 | 15 |
| 3. | K.Y. L.P.S. തുരുത്ത് | സർക്കാർ | 54 | 56 | 110 | 26 | 4 | 6 | – | 6 |
| 4. | J.B.S. ദേശം | സർക്കാർ | 44 | 60 | 104 | – | 6 | 6 | – | 6 |
| 5. | G. U.P.S കപ്രശ്ശേരി | സർക്കാർ | 252 | 213 | 465 | 4 | 15 | 19 | – | 18 |
| | ആകെ | | 957 | 933 | 1890 | 19 | 57 | 76 | 19 | 46 |

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | G. L.P.S. ചെങ്ങമനാട് | 1 ഏക്കർ 1 സെന്റ് | ✓ | - | - | 150 | ✓ | ✓ | X | ✓ | ✓ | X |
| 2. | G. H.S. ചെങ്ങമനാട് | 2 ഏക്കർ 55 സെന്റ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3. | K.Y. L.P.S. തുരുത്ത് | 15 സെന്റ് | X | X | X | X | ✓ | X | X | X | X | X |
| 4. | J.B.S. ദേശം | 50 സെന്റ് | ✓ | X | X | X | ✓ | ✓ | ✓ | X | X | ✓ |
| 5. | G. U.P.S. കപ്രശ്ശേരി | 1 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |

ചെങ്ങമനാട് പ്രൈമറി സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയത് അന്നത്തെ ആലുവാ DEO യുടെ കാലഘട്ടത്തിലാണ്. ഇന്നത്തേതുപോലെ ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ അക്കാലത്ത് ഇല്ലാതിരുന്നതിനാൽ സർക്കാർ നിർദ്ദേശാനുസരണമാണ് അങ്ങനെ ഒരു തീരുമാനം കൈക്കൊണ്ടത്. സ്കൂളിനുവേണ്ട കെട്ടിടം നാട്ടുകാരുടെ സഹകരണംകൊണ്ടു നിർമ്മിക്കുവാൻ കഴിഞ്ഞു. അക്കാലത്തെ PTA യുടെ നിർലോഭമായ സഹകരണവും ആത്മാർത്ഥതയും എടുത്തുപറയേണ്ടതാണ്. സ്കൂൾ വികസനത്തിനുവേണ്ട സ്ഥലം വിട്ടുതരുവാൻ നാട്ടുകാർ കാണിച്ച സന്മനസ്സിന് എത്രമാത്രം നന്ദിപറഞ്ഞാലാണു മതിയാവുക. അന്നത്തെ സ്ഥലം MLA ആയിരുന്ന ശ്രീ E. ബാലാനന്ദൻ അവർകളുടെ ശ്രമവും താല്പര്യവും വളരെയേറെയുണ്ട്. നമ്മുടെ നാടിന്റെ സമഗ്രവികസനത്തെ ലാക്കാക്കി നാം നടത്തുന്ന ഈ ശ്രമങ്ങളിൽ ഇത്തരം ചില കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്.

ചെങ്ങമനാടു പഞ്ചായത്തിന് സമീപപഞ്ചായത്തുകളേക്കാൾ വിദ്യാഭ്യാസരംഗത്ത് കാലപ്പഴക്കം അവകാശപ്പെടാമെങ്കിലും വിദ്യാഭ്യാസപരമായ കാഴ്ചപ്പാടിനേക്കുറിച്ച് കുറച്ചുകൂടി വിലയിരുത്തേണ്ടതുണ്ട്. 15.58 ചതുരശ്രകിലോമീറ്ററോളം വിസ്തൃതിയും 4846 ഓളം കുടുംബങ്ങളും 25429 ജനങ്ങളും അധിവസിക്കുന്ന ഈ ചെങ്ങമനാടു പഞ്ചായത്തുപ്രദേശത്ത് ആകെ ഒരൊറ്റ ഹൈസ്കൂൾ മാത്രമേ നിലവിലുള്ളു എന്നതു തന്നെ മതിയായ തെളിവാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇന്നാട്ടുകാർക്കുണ്ടായ ഉന്നതമായ ചിന്താഗതി നിലനിന്നിരുന്നു എങ്കിൽ ഇങ്ങനെ ആകുമായിരുന്നോ. ചുരുക്കം രണ്ടു ഹൈസ്കൂളുകളെങ്കിലും ഭംഗിയായി പ്രവർത്തിപ്പിക്കാൻ കഴിയേണ്ടതാണ്. ഈ നാട്ടിൽ വിദ്യാഭ്യാസപ്രായത്തിലുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞതുകൊണ്ടാണോ ഇങ്ങനെ സംഭവിച്ചത്. അതോ മറ്റുവല്ല കാരണങ്ങളുമാണോ.

## സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

| നമ്പർ | തരം | ശരാശരി ദൂരം(കി.മീ) | പരമാവധി ദൂരം(കി.മീ) |
|---|---|---|---|
| 1 | ലോവർ പ്രൈമറി സ്കൂൾ | 0.75 കി.മീ. | 2.25 കി.മീ. |
| 2 | അപ്പർ പ്രൈമറി സ്കൂൾ | 1 കി.മീ. | 3 കി.മീ. |
| 3 | ഹൈസ്കൂൾ | 3.3 കി.മീ. | 9 കി.മീ. |

മേൽസൂചിപ്പിച്ച കണക്കുകളിൽനിന്നും ഒരു കാര്യം വ്യക്തമാണ്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള 4 ലോവർ പ്രൈമറി സ്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും ജനസംഖ്യാനുപാതികമായി പരിമിതമാണെന്നുള്ളതാണ്. കുട്ടികൾക്ക് സ്കൂളുകളിലേക്ക് എത്തിപ്പെടുന്നതിനുള്ള ദൂരം ഒരു പ്രശ്നമാണ്. നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണവും കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ശരാശരിയേക്കാൾ അദ്ധ്യാപകരുടെ എണ്ണം കൂടുതലുണ്ട്. പക്ഷേ കുട്ടികളുടെ പഠനനിലവാരത്തിന്റെ അവസ്ഥ നോക്കിയാൽ ഇത് ഈ രംഗം അനാകർഷകമാകാൻ ഒരു കാരണമായി തോന്നാം.

| | വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| ചെങ്ങമനാട് ഗവ. ഹൈസ്കൂൾ | 92–93 | 172 | 95 | 55.23% |
| | 93–94 | 168 | 73 | 43.45% |
| | 94–95 | 159 | 74 | 47% |
| | 95–96 | 151 | 42 | 27.8% |

വിദ്യാലയങ്ങളിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തിയിട്ടില്ലെങ്കിലും കുട്ടികളുടെ നിലവാരത്തകർച്ചക്ക് ഒരു പരിധിവരെ അദ്ധ്യാപകർ ഉത്തരവാദികളാണ്. തങ്ങളിലർപ്പിതമായ കടമ വേതനത്തെമാത്രം കേന്ദ്രീകരിച്ചുപോകാതെ തങ്ങളുടെ ഉത്തരവാദിത്വങ്ങളിലേക്കും, ചുമതലകളിലേക്കും തിരിച്ചുവിടേണ്ടതാണ്. ഇക്കാര്യത്തിലും, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്ത് ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കാര്യക്ഷമമായ പി.ടി.എ. പ്രവർത്തനം ഇവിടങ്ങളിലൊന്നും നടക്കുന്നില്ലെന്നുകാണാം.

| നമ്പർ | സ്കൂളിന്റെ പേര് | വാർഷിക അറ്റകുറ്റപ്പണികൾ | ഡസ്ക്, ബഞ്ച്, ഉപകരണങ്ങൾ | സ്പോർട്സ് | കലാ പരിപാടികൾ |
|---|---|---|---|---|---|
| 1. | G. L.P.S. ചെങ്ങമനാട് | ഇല്ല | ഡസ്ക് ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | G.H.S. ചെങ്ങമനാട് | ഇല്ല | ആവശ്യത്തിനില്ല | ഉണ്ട് | ഉണ്ട് |
| 3. | K.Y.L.P.S. തുരുത്ത് | ഇല്ല | ഇല്ല | സ്ഥലമില്ല | ഉണ്ട് |
| 4. | J.B.S. ദേശം | ഇല്ല | ഇല്ല | സ്ഥലമില്ല | ഉണ്ട് |
| 5. | G.U.P.S. കപ്രശ്ശേരി | നടത്തുന്നു | ഉണ്ട് | ഉണ്ട് | ഉണ്ട് |

സ്കൂളുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കോ, അതുപോലെതന്നെ ഉപകരണങ്ങളുടെ ആവശ്യാനുസരണമുള്ള ലഭ്യതയെക്കുറിച്ചോ, P.T.A. കൾ ശ്രദ്ധപതിപ്പിക്കാറില്ല. മിക്കവാറും സർക്കാർ സ്കൂളുകളിൽ P.T.A. എന്നുപറയുന്നത് ഒരു പരിധിവരെ മാതൃസംഗമങ്ങളായി മാറിയിട്ടുണ്ട്. പല വിദ്യാർത്ഥികളുടേയും പിതാക്കൾ തങ്ങളുടെ മക്കളെ കൊണ്ടുവന്നുചേർക്കുന്നതിനോ, മക്കൾ പഠിക്കുന്ന സ്കൂൾ തന്റെ മകന്റെ അല്ലെങ്കിൽ മകളുടെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ഒരിക്കലെങ്കിലും കാണുന്നതിനുപോലുമോ, അദ്ധ്യാപകരുമായി തങ്ങളുടെ അനുഭവം പങ്കുവക്കുന്നതിനുമോ ശ്രമിക്കുന്നില്ല. ഇതും ഇന്നത്തെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ നിലവാരത്തകർച്ചക്കു കാരണമാണ്.

വിദ്യാഭ്യാസമേഖല മൊത്തത്തിൽ വ്യവസായവല്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പുത്തൻ കാലഘട്ടത്തിൽ തല്പരകക്ഷികളുടെ പ്രചരണത്തിൽ കുടുങ്ങി രക്ഷിതാക്കൾ സർക്കാർ സ്കൂളുകളെ അടച്ചാക്ഷേപിക്കുന്ന ഒരു രീതിയിലേക്കു നീങ്ങുന്നത് ഈ രംഗത്തെ മൂല്യച്യുതിക്ക് കാരണമാകുന്നു. രക്ഷിതാക്കൾ തങ്ങളുടെ കടമകൾ ഒരിക്കൽപോലും നിറവേറ്റാൻ തുനിയാതെ അതു മുറപോലെ നടന്നുകൊള്ളും എന്ന കാഴ്ചപ്പാടോടുകൂടി മാറിനിന്നാൽ, ലാഭക്കണ്ണോടെ പ്രവർത്തിക്കുന്ന സമാന്തര സ്ഥാപനങ്ങളുടെ കടന്നുകയറ്റത്തിൽ നമ്മുടെ പൊതുസ്ഥാപനങ്ങൾ നാടുനീങ്ങുമെന്നും, അങ്ങനെ സംഭവിച്ചാൽ ഇതിനെ മാത്രം ആശ്രയിക്കുന്ന കുറേയേറെ നിർദ്ധനർക്ക് മറ്റൊരു പോംവഴിയില്ലാതെ ഒരു നിരക്ഷരപ്പടയെ സൃഷ്ടിക്കുകയായിരിക്കും ഫലമെന്നും ഗൗരവപൂർവ്വം ഓർമ്മിക്കേണ്ടതുണ്ട്. വിദ്യാഭ്യാസരംഗത്ത് ഇന്ന് നടക്കുന്ന കലാകായിക മത്സരങ്ങളോടു ബന്ധപ്പെട്ടു മാത്രമാണ് നമ്മുടെ സർക്കാർ സ്കൂളുകളിൽ എന്തെങ്കിലും പരിപാടികൾ നടക്കുന്നത്. നമ്മുടെ കുഞ്ഞുങ്ങളുടെ അഭിരുചിക്കനുസരിച്ചതരത്തിൽ അവരെ തിരിച്ചുവിട്ട് അവർക്കുവേണ്ടുന്ന പരിശീലനം കൊടുക്കാൻ ഇവിടങ്ങളിലൊന്നും ഒരു സൗകര്യവുമില്ല. ആകെ ചെങ്ങമനാടു ഗവ. ഹൈസ്കൂളിൽ മാത്രമാണ് കലാകായിക അദ്ധ്യാപകർ ഉള്ളത്. ഇവരെ നമ്മുടെ പഞ്ചായത്തിലെ മറ്റു സ്കൂളുകളിലേക്കുംകൂടി ഫലപ്രദമായി ഉപയോഗിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സ്കൂൾ കോംപ്ലക്സും, P.T.A.യും കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ആവശ്യകതകളെപ്പോഴൊക്കെയാണുവരുന്നത്.

ഇന്നുമൊത്തത്തിൽ LKG, UKG സംസ്കാരം പടർന്നുപിടിച്ചിരിക്കുകയാണെങ്കിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 5 ബാലവാടികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല പഞ്ചായത്തിൽനിന്നും ധനസഹായം സ്വീകരിച്ചുകൊണ്ടു പ്രവർത്തിക്കുന്ന അഞ്ച് നിലത്തെഴുത്താശാൻമാരും നമ്മുടെ മേഖലയിലുണ്ട്. കൂടാതെ വിവിധ സാമുദായിക സംഘടനകളുടേയും മറ്റും മേൽനോട്ടത്തിൽ നടക്കുന്ന 6 പ്രീപ്രൈമറി സ്കൂളുകളും രണ്ട് അംഗീകാരരഹിത പ്രൈമറി സ്കൂളുകളും നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതും, അതിനു സഹായകമാകുംവിധം പ്രവർത്തിക്കുന്നതും, സ്കൂൾ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതുമായ ഏകദേശം അരഡസനോളം സമാന്തരസ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ടെന്ന കാര്യം കാണാതെവയ്യ.

## വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഗ്രാമസഭകളിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ.

വാർഡ് I

(1) K.Y.L.P.S. ന്റെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിച്ച് കുട്ടികളുടെ ശരിയായ വളർച്ചക്കുതകുംവിധം അതിനെ വളർത്തിയെടുക്കുക. ചുറ്റുമതിലും, കളിസ്ഥലവും, പ്രാഥമികസൗകര്യങ്ങൾക്കുള്ള സംവിധാനവും ഏർപ്പെടുത്തുക. സ്കൂളിലെ കിണർ ഉപയോഗയോഗ്യമാക്കുക.

(2) നിലവിലുള്ള ബാലവാടി വിപുലീകരിക്കുകയും സർക്കാർ സ്കൂളിൽതന്നെ നഴ്സറി സ്ഥാപിക്കുകയും ചെയ്യുക.

(3) സ്കൂളിൽ ആവശ്യത്തിന് ഫർണീച്ചറുകൾ ഉണ്ടാക്കുകയും ഉള്ളവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

വാർഡ് II

(1) വാർഡുതലത്തിൽ പ്രൈമറിസ്കൂൾ സ്ഥാപിക്കുക.

(2) മദ്രസ്സയിൽ പ്രവർത്തിക്കുന്ന പള്ളിവക നേഴ്സറി പ്രൈമറിതലംവരെ ഉയർത്തുക.

വാർഡ് III

(1) ദേശം J.B.S. ആദ്യം U.P. സ്കൂളായും പിന്നീട് ഹൈസ്കൂളായും ഉയർത്താൻവേണ്ട ശ്രമം നടത്തുക.

വാർഡ് IV

(1) ദേശം J.B.S.ൽ പ്രവർത്തനക്ഷമമായ P.T.A. രൂപീകരിക്കുക.

(2) J.B.S. ആദ്യമായി U.P. സ്കൂളായും പിന്നീട് ഹൈസ്കൂളായും ഉയർത്തുക.

വാർഡ് V

(1) ചെങ്ങമനാട് ഗവ. ഹൈസ്കൂളിന്റെ കെട്ടിടം പണി ഉടൻ പൂർത്തിയാക്കണം.

(2) P.T.A. പ്രവർത്തനം കാര്യക്ഷമമാക്കണം.

(3) ആണ്ടുതോറും വിദ്യാർത്ഥികളുടെ എണ്ണത്തിൽ വരുന്ന കുറവിനേപ്പറ്റി അന്വേഷണം നടത്തുക.

(4) G.H.S.ലെ ലാബ്രട്ടറി വികസിപ്പിക്കുക. ലൈബ്രറി സജീവമാക്കുക.

(5) കളിസ്ഥലം നന്നാക്കി വിപുലപ്പെടുത്തുക.

(6) മദ്രസ്സയിൽ പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിനു പഞ്ചായത്തിന്റെ പ്രോത്സാഹനം ഉറപ്പാക്കുക.

(7) വാർഡിൽ ഒരു അംഗൻവാടി സ്ഥാപിക്കുക.

വാർഡ് VI

(1) ചെങ്ങമനാട് ഗവ.ഹൈസ്കൂൾ വികസിപ്പിക്കുക.

(2) L.P.S.ന് ആവശ്യമായ കെട്ടിടങ്ങൾ പണിയുക.

(3) സ്കൂളിന് എത്രയുംവേഗം ചുറ്റുമതിൽ കെട്ടുക.

വാർഡ് VII

(1) സ്കൂൾ കെട്ടിടംപണി പൂർത്തിയാക്കുക.

(2) സ്കൂളുമായി ബന്ധപ്പെട്ടു നടത്തിയ പിരിവുകളുടെ കണക്കുകൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക.

വാർഡ് VIII

(1) ചെങ്ങമനാട് G.H.S.ന്റെ ശോചനീയാവസ്ഥ പരിഹരിക്കുക.

(2) P.T.A.യുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻവേണ്ട നടപടികൾ കൈക്കൊള്ളുക.

(3) വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക.

വാർഡ് IX

(1) കപ്രശ്ശേരി U.P. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

(2) വാർഡിൽ ഒരു പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുക.

വാർഡ് X

(1) കപ്രശ്ശേരി U.P. സ്കൂളിൽ വേണ്ടത്ര ഉപകരണങ്ങൾ ഉണ്ടാക്കുക.

(2) അടിക്കടിയുള്ള അദ്ധ്യാപകരുടെ സ്ഥലംമാറ്റം നിയന്ത്രിക്കുക.

(3) അദ്ധ്യാപകരുടെ ഒഴിവുകൾവരാതെ ശ്രദ്ധിക്കുക.

(4) അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തിത്തീർക്കുക.

(5) ഭക്ഷണാവശിഷ്ടങ്ങളും മറ്റും നിക്ഷേപിക്കുന്നതിന് ഒരു പിറ്റുണ്ടാക്കുക.

(6) പ്രീപ്രൈമറി ഗവ. ഏറ്റെടുത്ത് നടത്തണം.

(7) ഈ വിദ്യാലയത്തെ ഹൈസ്കൂളായി ഉയർത്തുക.

വാർഡ് XI

(1) അംഗൻവാടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

(2) അംഗൻവാടിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുക.

## ക്രോഡീകരണം

പൊതുവേ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിരിക്കുന്ന ആവശ്യങ്ങളിൽ പ്രമുഖമായി നില്ക്കുന്നത് നിലവിലുള്ള സ്കൂളുകളുടെ നവീകരണമാണ്. ഈ സ്കൂളുകളുടെ പ്രവർത്തനരീതി ഇന്നത്തേക്കാൾ മെച്ചമാക്കുന്നതിന് ഈ നവീകരണപ്രക്രിയകളിലൂടെ കഴിയണം. അങ്ങനെ കാര്യക്ഷമത വർദ്ധിക്കുകയും നിലവാരം ഉയരുകയും ചെയ്യുമ്പോൾ വിദ്യാർത്ഥികൾ തന്റെ മുറ്റത്തുള്ള വിദ്യാലയം മറികടന്ന് മറ്റു സ്ഥാപനങ്ങളെ അന്വേഷിച്ചുപോകില്ലെന്നു നമുക്കു പ്രത്യാശിക്കാം.

ചെങ്ങമനാട് ഗവ. ഹൈസ്കൂൾ ഒരു ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി ഉന്നതവിദ്യാഭ്യാസത്തിനുള്ള തുടക്കംകുറിക്കണമെന്നും ഇതോടൊപ്പം നിർദ്ദേശിക്കുന്നു. രക്ഷിതാക്കളുടെ കൂട്ടായ്മ വളർത്തിയെടുക്കാൻ ജനകീയ ആസൂത്രണത്തിലൂടെ സാധിക്കട്ടെ.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ചെങ്ങമനാട് പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തുകളിലെ ആകെ വീടുകളുടെ എണ്ണം 4846 ആണ്. ഇതിൽ 3202 വീടുകൾ ഓടിട്ടതാണ്. 1315 എണ്ണം വാർക്കയാണ്. 273 എണ്ണം ഓലയും ആണ്. മറ്റുള്ളവ 56 ആണ്. ഒന്നിൽക്കൂടുതൽ നിലയുള്ളത് 279 എണ്ണം. തുരുത്ത് വാർഡൊഴിച്ച് എല്ലാ വാർഡുകളിലും ഓലമേഞ്ഞ വീടുകൾ ഉണ്ട്. കഴിഞ്ഞ 5 വർഷംകൊണ്ട് 654 വീടുകൾ ആണ് നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചത്.

ഭൂരിപക്ഷം വീടുകളും സിമന്റ് ഉപയോഗിച്ചാണ് ഫ്ളോറിംഗ് നടത്തിയിട്ടുള്ളത്. മൊത്തം വീടിന്റെ 7 ശതമാനം വീടുകളുടെ തറ മൊസൈക്ക് ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സഹകരണ സംഘങ്ങൾ ഇല്ല. എന്നാൽ ചെങ്ങമനാട് സർവ്വീസ് സഹകരണ ബാങ്ക്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, H.D.F.C., G.C.D.A. തുടങ്ങിയവയുടെ സഹായം നമ്മുടെ പഞ്ചായത്തിലെ പല വാർഡുകളിലും വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

പാർപ്പിടപ്രശ്നം തൃപ്തികരമാണെങ്കിലും ചില വാർഡുകളിലെങ്കിലും ഇത് രൂക്ഷമാകുന്നുണ്ട്. കോളനികളിൽ ഉള്ള പല വീടുകളും കാലോചിതമായ പരിഷ്കരണം ആവശ്യമുള്ളവയാണ്. റോഡ് പുറമ്പോക്ക്, കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് വീടും ഭൂമിയും നല്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

ഗൾഫ് വരുമാനം ഏറിയപങ്കും ഭവന നിർമ്മാണ മേഖലയിൽ ആണ് ചിലവഴിക്കപ്പെടുന്നത്. സമീപ പഞ്ചായത്തുകളിലെ വ്യവസായ മേഖലയിലെ തൊഴിൽസാദ്ധ്യതയും ഈ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.

പഞ്ചായത്തിൽ ആകെ ഏതാണ്ട് 500 ഓളം വീടുകൾ നിർമ്മിക്കേണ്ടതായിട്ടാണ് ഗ്രാമസഭ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതിൽ ഭൂരിപക്ഷത്തിനും ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഭൂരഹിതരായ ആളുകളും ഇക്കൂട്ടത്തിൽപ്പെടുന്നു. ഒരു ചെറിയ ശതമാനം ആളുകൾക്ക് മാത്രമാണ് സ്വന്തമായ മുതൽമുടക്കിൽ വീട് പണിയുന്നതിനുള്ള സാദ്ധ്യതകൾ ഉള്ളത്.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 4 സെന്റ് കോളനി, ഹരിജൻ കോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിലെ പാർപ്പിടപ്രശ്നം രൂക്ഷമാണ്. ഇവർക്ക് സൗജന്യമായി വീട് പണിയുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ചില കോളനിയിൽ വീട് എന്ന് പറയാൻ ഒരു ഷീറ്റ് മറച്ച്വെച്ചിട്ടുള്ള അവസ്ഥയും ഈ മേഘലയിൽ കാണാവുന്നതാണ്.

റെയിൽവേ ലൈനിന്റെ ബൗണ്ടറിയിൽനിന്നും 30 മീറ്റർ മാറിമാത്രമേ കെട്ടിടം നിർമ്മിക്കാൻ കഴിയൂ എന്ന നിയമം നമ്മുടെ പഞ്ചായത്തിലെ I, II, X, XI വാർഡുകളിലെ ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ നിയമത്തിലെ അശാസ്ത്രീയത പരിഹരിക്കുക.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി നമ്മുടെ പഞ്ചായത്തിലെ ഭവന നിർമ്മാണ മേഘലയിൽ കാണുന്ന ഒരു പ്രധാന പ്രവണത കൂടുതൽ പേരിലും കോൺക്രീറ്റ് ഭ്രമം കൂടിവരുന്നു എന്നുള്ളതാണ്. വാസ്തുശില്പമാതൃകയിലുള്ള ഭവന നിർമ്മാണം ഇല്ല എന്നുതന്നെ പറയാം. അതുപോലെ അശാസ്ത്രീയമായ മതിലുകളുടെ നിർമ്മാണം കൂടുതൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിന് ജൈവവേലികളുടെ നിർമ്മാണത്തിന് പ്രചാരണം കൊടുക്കുക.

നിർമ്മാണരംഗത്ത് അനാവശ്യചിലവുകൾ വർദ്ധിക്കുന്നു. ദൂർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള ചെലവ് കുറഞ്ഞ നിർമ്മാണരീതിക്ക് നല്ല പ്രചാരണം കൊടുക്കേണ്ടതുണ്ട്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിയന്ത്രണാതീതമായ വിലവർദ്ധനവ് പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ചിലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാധനങ്ങളുടെ നിർമ്മാണകേന്ദ്രം ജില്ലാകേന്ദ്രത്തിൽ ഉണ്ടെങ്കിലും അതിന്റെ പ്രചാരണം പഞ്ചായത്ത് തലത്തിൽ കുറവാണ്. നിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യം ആണ് ഈ മേഘലയിലെ മറ്റൊരു പ്രധാന പ്രശ്നം. മെച്ചപ്പെട്ട വേതനവ്യവസ്ഥ ഉണ്ടെങ്കിൽപോലും ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ല എന്ന പരാതി പരക്കെയുണ്ട്. അതുപോലെ തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം തൃപ്തികരമല്ല.

നമ്മുടെ പഞ്ചായത്തിൽ ദുർബല ജനവിഭാഗങ്ങൾക്കും പട്ടികജാതി പട്ടികവിഭാഗക്കാർക്കുംവേണ്ടി പഞ്ചായത്ത്ഫണ്ടിൽനിന്നും JRY പോലുള്ള ഫണ്ടുകൾ ഉപയോഗപ്പെടുത്തിയും സൗജന്യഭവനം നിർമ്മിച്ചുകൊടുക്കുന്നുണ്ട്. ഏതാണ്ട് 60 ഓളം വീടുകൾ ഇങ്ങനെ നിർമ്മിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം ആണ് കെട്ടിനികുതി. പലപ്പോഴും കൃത്യമായി നികുതി ഈടാക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നു. അതുപോലെ ചെലവ്കൂടിയ വീടുകളുടെ ഉടമസ്ഥരുടെ പക്കൽനിന്നും കൂടുതൽ നികുതി ഈടാക്കി കെട്ടിടനിർമ്മാണരംഗത്തെ ആഢംബരങ്ങൾ ഒഴിവാക്കാൻ പ്രേരിപ്പിക്കുക. പഞ്ചായത്തിലെ ആകെ നികുതിവരുമാനം 347838 രൂപ ആണ്.

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും ദൗർലഭ്യം, വിലക്കയറ്റം.
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ.
5. കോളനികളിൽ പശ്ചാത്തല സൗകര്യം ഇല്ലാത്ത അവസ്ഥ.
6. ദുർവ്യയം ഇല്ലാത്ത വീടുകൾ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധരുടെ അഭാവം.

## സാദ്ധ്യതകൾ

1. ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
3. ചെലവ് കുറഞ്ഞ നിർമ്മാണരീതികളുടെ പ്രചാരണത്തിന് നടപടി എടുക്കുക.
4. തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനം സംഘടിപ്പിക്കുക.
5. ലൈസൻസിംഗ് സുതാര്യമാക്കുക.
6. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പരിപാടി.
7. ദുർവ്യയ ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്തിയുള്ള നികുതിസംവിധാനം.
8. ജൈവവേലി പ്രചരിപ്പിക്കുക.

## സാമൂഹ്യക്ഷേമം

ചെങ്ങമനാടു പഞ്ചായത്തിൽ 1666 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്. ഇതിൽ 107 കുടുംബങ്ങൾ SC/ST കുടുംബങ്ങൾ ആണ്. ഇവരിൽ 255 കുടുംബങ്ങൾ മാത്രമേ നാളിതുവരെ ഏതെങ്കിലും ക്ഷേമപദ്ധതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നേടിയിട്ടുള്ള. ഇതിൽ 92 കുടുംബങ്ങൾ SC/ST ആണ്.

ദാരിദ്ര്യനിർമാർജന പരിപാടികളുടെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ഒട്ടേറെ പേർക്ക് സാമ്പത്തികസഹായം നല്കിവരുന്നു. IRDP സർവ്വേ ലിസ്റ്റ് പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള 43 കുടുംബങ്ങൾക്ക് CRSP പ്രകാരം കക്കൂസ് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. 95-96ൽ JRY ഫണ്ട് ഉപയോഗപ്പെടുത്തി 42 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. C.S.S. അനുസരിച്ച് 2 കിണർ, 2 പമ്പ്സെറ്റ്, 2 പമ്പ് ഹൗസുകൾ, 23 സെന്റ് സ്ഥലത്ത് ജലസേചനസൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

ട്രൈസം പരിപാടി അനുസരിച്ച് 24 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ 16 പേർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. 8 പേർ യാതൊന്നും ചെയ്യാതെ ഇപ്പോഴും തൊഴിലില്ലാത്തവരായി അവശേഷിക്കുന്നു.

D.W.C.R.A പദ്ധതിപ്രകാരം പഞ്ചായത്തിലെ VIII-ാം വാർഡിൽ 7 വനിതകൾ ചേർന്ന് സിമന്റ് കട്ട ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് 13-9-96ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നന്നായി നടക്കുന്ന യൂണിറ്റാണിത്. എന്നാൽ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും വിലക്കയറ്റവും ഈ യൂണിറ്റിന്റെ ലാഭകരമായ നടത്തിപ്പിനെ വല്ലാതെ ബാധിക്കുന്നു. വായ്പ സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.

II-ാം വാർഡിൽ 9 വനിതകൾക്ക് റെക്സിൻബാഗ് നിർമാണത്തിന്റെ പരിശീലനം നടക്കുന്നു. നന്നായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന യൂണിറ്റാണിത്.

R.A.P. പദ്ധതിപ്രകാരം ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി). I.R.D.P. പ്രകാരം 116 കൈത്തൊഴിലുകൾ നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. 11 പേർക്ക് ഇത് പ്രകാരം സഹായം ലഭിച്ചിട്ടുണ്ട്. 105 പേർ ഇനിയും സഹായത്തിന് അർഹരായവർ ഉണ്ട്.

സാമൂഹ്യക്ഷേമവകുപ്പ്വഴിയും അല്ലാതെയും നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന സഹായപദ്ധതികൾ വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയാണ്. കർഷകതൊഴിലാളി പെൻഷൻ, ദുർബലജനവിഭാഗങ്ങൾക്ക് ഉള്ള മറ്റ് നിരവധി സഹായധനങ്ങൾ പഞ്ചായത്ത്വഴി വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 82 പേർക്ക് വിധവാ പെൻഷനും 42 പേർക്ക് വാർദ്ധക്യ പെൻഷൻ വിതരണം ചെയ്യുന്നു. ആനുകൂല്യം കിട്ടുന്നതിന്റെ ഇരട്ടി ആളുകൾ ആനുകൂല്യം കിട്ടുന്നതിന് വേണ്ട് അപേക്ഷ നല്കി കാത്തിരിക്കുന്നു. അർഹ

രായ ആളുകൾ നിരവധിയുണ്ട്. കാലാകാലങ്ങളിൽ അപേക്ഷയിൽ തുടർന്ന് നടക്കുന്ന അന്വേഷണം പലപ്പോഴും പ്രഹസനമായിമാറുന്നു. ഇവിടെ അഴിമതിക്ക് നന്നായി വേരുള്ള മേഖലകൂടിയാണ്. യഥാർത്ഥത്തിൽ ആനുകൂല്യം കിട്ടേണ്ട പലരും ഒഴിവാക്കപ്പെടുന്നു.

പഞ്ചായത്തിൽ ഏതാണ്ട് 133 വികലാംഗർ ആണ് ഉള്ളത്. ഇവർക്ക് പലവിധ ആനുകൂല്യങ്ങൾ നല്കിവരുന്നുണ്ട്. എന്തെങ്കിലും ആരെങ്കിലും ഉള്ളതായി രേഖകളിൽ കാണുന്നില്ല.

പഞ്ചായത്തിൽ ഏതാണ്ട് 5 ബാലവാടിയും മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നു. ഏതാണ്ട് മിക്ക വാർഡുകളിലും ഇവ പ്രവർത്തിക്കുന്നു. ചില വാർഡുകളിൽ സ്വന്തമായ കെട്ടിടമോ ആസ്ഥാനമോ പോലുമില്ലാതെ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു. ചില മഹിളാസമാജങ്ങൾ കേന്ദ്രീകരിച്ച് പോഷകാഹാര വിതരണം നടന്നുവരുന്നുണ്ട്. ചില കേന്ദ്രങ്ങളിൽ തയ്യൽ പരിശീലനവും നടക്കുന്നു. ഇവയിൽ മിക്കവയുടെയും പ്രവർത്തനം തൃപ്തികരമല്ല.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമാർജന പദ്ധതികൾ വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു.
2. I.R.D.P. ലിസ്റ്റിൽ അനർഹരായ പലർക്കും ആനുകൂല്യം കിട്ടാത്ത അവസ്ഥ ഉണ്ട്.
3. അഴിമതി.
4. ഇടത്തട്ടുകാരുടെ ചൂഷണം.
5. പദ്ധതികളുടെ വിവരം പലർക്കും അറിയില്ല. വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതികൾ.
6. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം കിട്ടുന്നില്ല.

## സാദ്ധ്യതകൾ

1. I.R.D.P. സർവ്വേ ലിസ്റ്റ് പരിശോധിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി ആവിഷ്കരിക്കുക.
2. വനിതകൾക്കായി പുതിയ D.W.C.R.A. യൂണിറ്റുകൾ സ്ഥാപിക്കൽ.
3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽസാദ്ധ്യത ഉണ്ടാക്കാനുള്ള പരിപാടികൾ.
4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഉള്ള ജനകീയ സംവിധാനം.
5. ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.

# പട്ടികജാതി- പട്ടിക വർഗ്ഗക്ഷേമം

ചെങ്ങമനാട് പഞ്ചായത്തിൽ 300 കുടുംബങ്ങളാണ് ഉള്ളത്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം ജനസംഖ്യാകണക്കനുസരിച്ച് 1967 പേരാണ്. 967 പുരുഷൻമാരും 1000 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.7% വരും. പൊതുവേ പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ 5 കോളനികളാണുള്ളത്.

1. വെങ്ങോലംകുന്ന്
2. ദേശം കുന്നുംപുറം
3. കുളവൻകുന്ന്
4. പുത്തൻകടവ്
5. തവിടപ്പിള്ളി

ഈ കോളനികൾക്കു പുറമേ ചിതറികിടക്കുന്ന ഹരിജന കുടുംബങ്ങളും എല്ലാം വാർഡുകളിലും ഉണ്ട്. പല കോളനികളുടേയും അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. പ്രധാനമായും കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ അഭാവം നേരിടുന്നു.

അസ്പൃശ്യതയും അനാചാരങ്ങളും മാറിയെങ്കിലും സാമൂഹ്യ പുരോഗതി കൈവരിക്കുവാൻ, ഇനിയും കഴിഞ്ഞിട്ടില്ല. നിരക്ഷരർ അങ്ങിങ്ങായി കാണുന്നുണ്ട്. വീടില്ലാത്തവരുടേയും വീട് വൈദ്യുതീകരിക്കാത്തവരുടേയും എണ്ണം യഥാക്രമം 50 ഉം 60ഉം ആണ്. ഭൂരിഭാഗം പട്ടികജാതി - പട്ടികവർഗ്ഗക്കാരും ഏതെങ്കിലും ബഹുജനപ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ളവരാണ്. ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം അത്രമെച്ചമല്ല എന്ന് കാണാൻ കഴിയും. ദിവസകൂലിക്ക് തൊഴിലെടുക്കുന്നവരാണ് അധികവും. അപൂർവ്വം ചിലർ സർക്കാർ സർവ്വീസിലും ഉണ്ട്.

ബഹുഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. ഉച്ചനീചത്വങ്ങൾ പൂർണ്ണമായും മാറാതെ നിൽക്കുന്നു. പഴയതിൽ നിന്നും വ്യത്യസ്തമായി ഇവരുടെ വിവാഹചടങ്ങുകളുലും മറ്റ് ആഘോഷങ്ങളിലും മറ്റു സമുദായക്കാർ പങ്കെടുക്കുന്നുണ്ട്. അങ്ങിനെ ചെയ്യുന്നവർ എല്ലാവരും ഭക്ഷണം കഴിക്കാൻ ഇനിയും തയ്യാറായിട്ടില്ല. ജാതി പറഞ്ഞ് വിളിക്കുന്ന രീതിയും പലസ്ഥലങ്ങളിലും നിലനിൽക്കുന്നു.

പരമ്പരാഗത തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരെ പരിശോധിച്ചാൽ അവരുടെ സാംസ്കാരിക തനിമ നഷ്ടമായിരിക്കുന്നു. നാടൻ കലകളും ഇല്ലാതായി എന്നു പറയാം. കൊയ്ത്തുപാട്ടുകളും ഞാറ്റുപാട്ടുകളും മൺമറഞ്ഞു. ഇവരുടെ പൂർവ്വപിതാക്കൾ അനുഭവിച്ച പീഢനങ്ങൾ പുതിയതലമുറക്ക് കടം കഥകളായി മാത്രമേ അനുഭവപ്പെടുന്നുള്ളൂ.

വിദ്യാഭ്യാസപരമായുള്ള പിന്നോക്കാവസ്ഥ പരിശോധിക്കപ്പെടേണ്ടതാണ്. പൊതുവിജ്ഞാനം ആർജ്ജിക്കാനുള്ള താല്പര്യം കുറവാണ്. കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കാര്യമായ ശ്രമം നടത്തികാണുന്നില്ല. സാക്ഷരതാപ്രവർത്തനം നടന്നിരുന്ന കാലയളവിൽ കുട്ടികളുടെ വിദ്യാഭ്യാസം താരതമ്യേന മെച്ചമായിരുന്നു. മിക്കവാറും വീടുകളിലെ ആളുകളും ശുചിത്വം പാലിക്കുവാൻ ശീലിച്ചു വരുന്നു. വസ്ത്രം ധരിക്കുന്നതിലും മറ്റും പ്രകടമായ മാറ്റങ്ങൾ വന്നു കഴിഞ്ഞു.

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരല്ലാത്ത ആളുകളുണ്ട്. ചിലർക്കാണെങ്കിൽ ലഭ്യമായ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താനുള്ള പ്രാപ്തിക്കുറവും ഉണ്ട്.

അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. വീടും സ്ഥവും ഇല്ലാത്ത SC/ST വിഭാഗത്തിന് അവ ഉണ്ടാക്കാൻ കാലോചിതമായ തുക വർദ്ധനവ് നടപ്പിൽ വരുത്തുക.
2. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് അവ നിർമ്മിക്കുന്നതിനാവശ്യമായ സഹായം നൽകുക. 120 കക്കൂസെങ്കിലും നൽകേണ്ടതായി വരും.
3. പുറമ്പോക്കുകളിൽ താമസിക്കുന്ന 15

കുടുംബങ്ങൾക്ക് സ്ഥലവും വീടും അനുവദിക്കേണ്ടതാണ്.

4. കോളനി കേന്ദ്രീകരിച്ചെങ്കിലും ടി.വി സ്ഥാപിച്ചുകൊടുക്കണം.

5. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ സമ്പ്രദായം നടപ്പിലാക്കണം. അതിനാവശ്യമായ ഫണ്ട് പഞ്ചായത്തിലേക്ക് ലഭ്യമാക്കണം.

6. SC/ST വകുപ്പ് വഴിയുള്ള പ്രവർത്തനങ്ങങ്ങൾ പഞ്ചായത്തുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

7. സാങ്കേതിക തൊഴിൽ പരിശീലനത്തിന് അവസരങ്ങൾ സൃഷ്ടിക്കുക.സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിലും ഇവർക്ക് സംവരണം ഏർപ്പെടുത്തുക.

8. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വേണ്ടി തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കണം.

IRDP ലിസ്റ്റ് പ്രകാരം ദാരിദ്രരേഖക്ക് താഴെയുള്ളവർ ഈ പഞ്ചായത്തിൽ 207 ആണ്. 92 പേർക്ക് വിവധ സാമൂഹ്യക്ഷേമപദ്ധതികളിൽകൂടി സഹായം കിട്ടിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലംസംഗ്രാന്റും സ്റ്റൈപ്പെന്റും ലഭിക്കുന്നുണ്ട്. □

# വിവിധഗ്രാമ സഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

### വാർഡ് I

വാർഡിൽ 10 പട്ടികജാതി കുടുംബങ്ങളുണ്ട്. കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഇല്ല. ഈ കുടുംബങ്ങളെ ഉൾപ്പെടുത്തി പട്ടികജാതി കോളനിയായി അംഗീകരിക്കണമെന്ന് നിർദ്ദേശിച്ചു. വീടില്ലാത്ത 4 പേർക്ക് സ്ഥലവും വീടും നൽകണം. പട്ടികജാതിക്കാരുടെ വീടുകൾ സ്ഥിതിചെയ്യുന്നത് ഉയരത്തിലായതുകൊണ്ട് മണ്ണിടിച്ചിലുണ്ട്. ഇവർക്ക് സൈഡ് കെട്ടികൊടുക്കണം. അടുത്തകൂടിയൊഴുകുന്ന കനാൽവെള്ളംലീക്ക്ചെയ്ത് വീടുകളുടെ ഭിത്തിപൊട്ടുന്നു. അതിനാൽ കനാലിന്റെ ലീക്ക് നീക്കണം.

### വാർഡ് II

20 കുടുംബങ്ങൾ വാർഡിലുണ്ട്. കക്കൂസ് ഇല്ലാത്ത കുടുംബങ്ങളാണ് പകുതിയും. കനാൽ സൈഡിൽ താമസിക്കുന്നവർക്ക് വെളിച്ചവുമില്ല. സബ്കനാൽമുതൽ കടന്നോത്തുവരെ ലൈൻവലിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക. ഇവിടേയും കനാൽവെള്ളം ലീക്ക് ചെയ്യുന്നു. അതുകൊണ്ട് C.C കനാൽ ആക്കുന്ന നടപടി ത്വരിതപ്പെടുത്തണം. ഈ ഭാഗത്ത്പൊതുവഴി ഇല്ല. വിരുത്തി മുതൽ കടന്നോത്തുവരെ കനാൽ സൈഡിൽക്കൂടി പൊതുവഴി നിർമ്മിക്കുക.

### വാർഡ് III

രണ്ട് കോളനികളാണ് ഈ വാർഡിലുള്ളത്. വെങ്ങോലംകുന്ന്, ദേശംകുന്നുംപുറം എന്നിവയാണവ. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളത് ദേശം കുന്നുംപുറത്താണ്. കക്കൂസും വൈദ്യുതിയുമില്ലാത്ത നിരവധി വീടുകൾ രണ്ടു കോളനിയിലുമുണ്ട്.

### വാർഡ് IV

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കണം. വാർഡിലുള്ള 4 പൊതു കിണറുകളുടെ അറ്റകുറ്റപ്പണികൾ നന്നാക്കണം. ദേശം ധനലക്ഷ്മി ബാങ്ക് എന്നിവയിലൂടെ ലോൺസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ചെങ്ങമനാട്, നെടുമ്പാശ്ശേരി പട്ടികജാതി പട്ടികവർഗ്ഗ വിവിധോദ്ദേശ്യ സഹകരണസംഘം കൂടുതൽ പ്രവർത്തനക്ഷമമാക്കണം. പൊതുശ്മശാനവും കളിക്കളവും സ്ഥാപിക്കണം.

### വാർഡ് V

വാർഡിൽ 55 കുടുംബങ്ങളുണ്ട്. കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ഇല്ല. നെടുമ്പാശ്ശേരി തിരുവിലാംകുന്ന് വാട്ടർടാങ്കിന്റെ പണി പൂർത്തീകരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണം.

### വാർഡ് VI

DWCRA യൂണിറ്റ്, ലൈബ്രറി, അംഗൻവാടി ഇവ സ്ഥാപിക്കുക. കക്കൂസ്, വൈദ്യുതി ഇവ ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുക. കുടിവെള്ളക്ഷാമം പരിഹരിക്കുക.

### വാർഡ് VII

വാർഡിൽ 10 കുടുംബങ്ങളുണ്ട്. കോട്ടക്കരോട്ട് ഭാഗത്ത് ഒരു കോളനിക്കുവേണ്ടി നിർദ്ദേശം വക്കണം. പൊതുവഴി ഉണ്ടാക്കണം (കനാൽസൈഡിൽകൂടി). തൊഴിലില്ലായ്മക്ക് പരിഹാരം കാണണം.

### വാർഡ് VIII

ഈ വാർഡിൽ പുത്തൻകടവ് കേന്ദ്രീകരിച്ച് പട്ടികജാതി കോളനി നിലവിലുണ്ട്. കക്കൂസ് വൈദ്യുതി എന്നിവ ഇല്ലാത്ത വീടുകൾ ഉണ്ട്. ഇവയുടെ ക്ഷാമം പരിഹരിക്കണം.

വീടുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതുമാണ്.

**പഞ്ചായത്ത് മുഖ്യപരിഗണന നൽകി നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നു.**

1. ചെങ്ങമനാട് പ്രാഥമിക ആരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുക.
2. ചെങ്ങമനാട് ഒരു ബസ് സ്റ്റാന്റ് നിർമ്മിക്കുക.
3. പഞ്ചായത്താസ്ഥാനമായി പറമ്പയത്ത് ഒരു പോസ്റ്റാഫീസ് സ്ഥാപിക്കുക.
4. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
5. പ്രധാന കേന്ദ്രങ്ങളിൽ വെയിറ്റിഗ് ഷെഡ് സ്ഥാപിക്കുക.
6. ചെങ്ങമനാട് ഒരു മിനി മാർക്കറ്റ് ആരംഭിക്കുക.
7. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
8. ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
9. രജിസ്ട്രാഫീസ്, കൃഷിഭവൻ, ഇലക്ട്രിസ്റ്റി ഓഫീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസ്, മൃഗാശുപത്രി എന്നിവക്ക് കെട്ടിടങ്ങൾ പണിയുക.
10. പൊതു കളിസ്ഥലം നിർമ്മിക്കുക.
11. റോഡുസൈഡുകളിലും പുറമ്പോക്കു സ്ഥലങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കുക.
12. ഷോപ്പിങ്ങ് കോപ്ലക്സ് സ്ഥാപിക്കുക.
13. പറമ്പയം ചെങ്ങൽ തോട് ആഴം കൂട്ടിയും സൈഡ് കെട്ടിയും സംരക്ഷിക്കണം.

# വനിത

കേരളവികസനപ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. 9ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ തിരുത്തുകയെന്നതാണ്.

പഞ്ചായത്തിലെ ജനസംഖ്യ 25249 ആണ്. ആകെ ജനസംഖ്യയിൽ സ്ത്രീകൾ 12745 ഉം പുരുഷൻമാർ 12504 ഉം ആണ്. സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതൽ. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ 1976 ആണ്. അതിൽ സ്ത്രീകൾ 1000 പുരുഷന്മാർ 976.

വിദ്യാഭ്യാസ കാര്യങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. രോഗാതുരയുടെ കാര്യത്തിൽ സ്ത്രീകൾ പൊതുവേ മോശമാണ്. പ്രത്യേക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ കുറവാണ്. കൃഷി, കെട്ടിട നിർമ്മാണം, പരമ്പരാഗത വ്യവസായസ്ഥാപനങ്ങൾ എന്നിവയാണ് സ്ത്രീകൾ പ്രധാനമായും ജോലിചെയ്യുന്ന മേഖലകൾ. വിശേഷിച്ച് തൊഴിലൊന്നും ചെയ്യാത്ത സ്ത്രീകൾ ഗൃഹജോലിയുമായി കഴിയുന്നു.

82 പേർക്ക് പഞ്ചായത്തിൽ വിധവാ പെൻഷൻ കിട്ടുന്നുണ്ട്. സ്ത്രീകൾ സാമൂഹിക രംഗത്തേക്ക് കടന്ന് വരുന്നതിന് മടിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. പുരോഗമന ചിന്താഗതിയുള്ളവരെന്ന് അവകാശപ്പെടുന്നയാളുകൾ പോലും സ്ത്രീകളെ പൊതു രംഗത്ത് കൊണ്ടുവരാൻ ഇഷ്ടപ്പെടുന്നില്ല. തൊഴിൽ മേഖലയിലും പുരുഷമേധാവിത്വം പ്രകടമാണ്. തുല്യജോലിയാണെങ്കിൽക്കൂടിയും തുല്യവേതനം എന്ന അവസ്ഥ എങ്ങും ഇല്ല. രാഷ്ട്രീയ നേതൃത്വത്തിലും സ്ത്രീകളുടെ പങ്കാളിത്വം നാമമാത്രമാണ്. സ്ത്രീകൾ നേതൃത്വസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടനകൾ നമ്മുടെപഞ്ചായത്തിൽ കുറവാണ്. ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുള്ള പഞ്ചായത്തരാജ് നിയമം വഴി അംഗത്വത്തിലും പ്രസിഡന്റ് സ്ഥാനത്തിലും മൂന്നിലൊന്ന് സംവരണം ചെയ്തിട്ടുണ്ടെങ്കിലും സ്ത്രീകളുടെ പങ്കാളിത്വം ഉറപ്പാക്കാൻ ഇതു കൊണ്ടു മാത്രം കഴിയില്ല. ശരിയായ കാഴ്ച്ചപ്പാടിന്റെ അഭാവം കഴിഞ്ഞ കാലങ്ങളിൽ ഭരണരംഗത്തുണ്ടായിരുന്ന ഭൂരിഭാഗം വനിതാപ്രതിനിധികളുടേയും പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തിയിട്ടുണ്ട്. പതിവു ചുമതലകൾ നിറവേറ്റലും കമ്മറ്റികളിൽ അവകാശങ്ങൾ വിനിയോഗിക്കലും മാത്രമായി പല വനിത പ്രതിനിധി ജനപ്രതിനിധികളുടേയും പ്രവർത്തനമേഖല ചുരുങ്ങി പോയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതാപ്രതിനിധികളുടെ യഥാർത്ഥ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്ത്രീകളുടെ നിലമെച്ചപ്പെടുത്തുന്നതിനും പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഓഫീസുകളിലും പൊതുരംഗത്തും പുരുഷന്മാരുടെ പെരുമാറ്റം പലപ്പോഴും സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകുവാൻ ഉതകുന്നതല്ല. പുരുഷമേധാവിത്വത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെ ആശയപരവും പ്രായോഗികവുമായ പ്രചരണം ബോധപൂർവ്വം തുടർച്ചയായും നടത്തേണ്ടുന്ന ഒന്നാണ്. സ്ത്രീ വിമോചനത്തെക്കുറിച്ച് സ്ത്രീ പ്രതിനിധികൾ മാത്രമല്ല പുരുഷപ്രതിനിധികളേയും ബോധവൽക്കരിക്കണം.

പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം ഇന്നും നോക്കികാണുന്നത് വളരെ മ്ലേച്ഛമായാണ്. സ്ത്രീ പണത്തിന് പകരം ചരക്കായും ഉപയോഗിക്കുന്ന വാർത്തകളും നാം നിത്യേന കേൾക്കുന്നു. വർദ്ധിച്ച് വരുന്ന സ്ത്രീപീഡന കഥകൾ ഉൽക്കണ്ഠ ജനിപ്പിക്കുന്നവയാണ്.

സ്ത്രീപീഡനത്തിന്റെ അളവ് കൂടിയും കുറഞ്ഞും നമ്മുടെ പഞ്ചായത്തിലും ഉണ്ടെന്ന് കാണാൻ കഴിയുന്നു. ഇത് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കണം. ഓരോ വികസന സ്കീമുകളേയും സ്ത്രീപക്ഷത്തു നിന്ന് അവലോകനം ചെയ്യുകയും അവയുടെ ഗുണവും സ്ത്രീപങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിന് ബോധപൂർവ്വമായ പരിശ്രമം നടത്തുകയും വേണം.

സ്ത്രീകൾ സ്വന്തമായി തൊഴിൽ അന്വേഷിച്ച് കണ്ടെത്തുന്ന പ്രവണത വളരെ കുറവാണ്. എന്നാൽ DWCRA വഴി നമ്മുടെ പഞ്ചാ

യത്തിലെ 3 വാർഡുകളിലായി 24 വനിതകൾ വ്യത്യസ്ഥങ്ങളായി തൊഴിൽ സംരഭത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ട്രൈസം പരിശീലന പരിപാടികളിൽ കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കുകയും അവർക്ക് യഥാസമയം തൊഴിൽ കണ്ടെത്താനുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്യണം.

സ്ത്രീകൾക്കായി നിരവധി സാമൂഹ്യ ക്ഷേമപദ്ധതികൾ ഉണ്ടെങ്കിൽ പോലും നമ്മുടെ പഞ്ചായത്തിൽ അവ കാര്യക്ഷമമായി ഉ പ യോഗപ്പെടുത്തുന്നില്ല എന്നുള്ളത് ഒരു പോരായ്കയാണ്.

പഞ്ചായത്തിന്റെ ഏതാണ്ട് മിക്കവാറും വാർഡുകളിലും മഹിളാ സമാജങ്ങളും ബാലവാടികളും പ്രവർത്തിക്കുന്നു. ഇവയിലൂടെ പല പ്രദേശങ്ങളിലും പോഷകാഹാരം വിതരണവും നടക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ മാത്രമാണ് സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ചില സ്ഥലങ്ങളിൽ ആസ്ഥാനം പോലും ഇല്ലാത്ത അവസ്ഥയും ഉണ്ട്.

സ്ത്രീകളുടെ രാഷ്ട്രീയ ഉത്തരവാദ്ത്വം വർദ്ധിപ്പിക്കാനും പുരുഷനുമായി ചേർന്ന് കൂട്ടായ പ്രവർത്തനം വിപുലപ്പെടുത്താനും വനിതകളുടെ സാമൂഹ്യപദവി ഉയർത്താനും സഹായകരമായ പുതിയ അവസരങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ വികസനപ്രിക്രിയയിൽ സമൂലമായ മാറ്റത്തിന് വഴിയൊരുക്കണം.

### പ്രശ്നങ്ങൾ

- സ്ത്രീകളുടെ തൊഴിലില്ലായ്മ
- തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവചനം
- ദാരിദ്ര നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീയോടുള്ള അവഗണന
- പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത
- സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
- സ്ത്രീപീഡനം
- അനാചാരങ്ങൾ
- പൊതുസ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യമില്ലായ്മ

### സാധ്യതകൾ

- കൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.
- കൂടുതൽ വനിതാ സഹകരണ വ്യവസായ സംരഭങ്ങൾ അനുവദിക്കുക.
- സ്ത്രീകൾക്കുള്ള പ്രത്യേക നേതൃത്വ പരിശീലനം സംഘടിപ്പിക്കൽ.
- അനാചാരത്തിനെതിരെ ബോധവൽക്കരണം.
- അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
- സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന.
- സ്ത്രീപുരുഷ സമത്വബോധം വളർത്താൻ ഉപകരിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ഇടപാടുകൾ.

# സംസ്കാരം

A.D. 1090 മുതൽ 1102 വരെ പ്രജാഹിതം മാനിച്ചുകൊണ്ടുള്ള കുലശേഖര ചക്രവർത്തിമാരുടെ ശോഭനമായ ശാസനത്തിൻകീഴിൽ വ്യവസ്ഥാപിതമായ ഭരണവും സാർവ്വത്രികമായ അഭിവൃദ്ധിയും നിലനിന്നിരുന്നതായി കാണാം. സമുജ്ജ്വലമായ സാംസ്കാരികോൽക്കർഷത്തിന്റെ കാലമായിരുന്നു അത്. ആദ്യകാലഘട്ടങ്ങളിൽ സാമൂഹ്യമായും സാമ്പത്തികമായും വികാസവും അവസാനഘട്ടങ്ങളിൽ വമ്പിച്ച വ്യതിയാനങ്ങൾക്കും ഇടവന്നു. ആ കാലഘട്ടത്തിൽ ഭരണസൗകര്യത്തിനായി പല പ്രവിശ്യകളായി തിരിച്ചതിൽ 'കാൽക്കരൈനാടി'ൽ ഉൾപ്പെട്ടതായിരുന്നു നമ്മുടെ ചെങ്ങമനാട്. ഭരണകാര്യങ്ങളിൽ മുത്തൂറ്റുവർ, അറുനൂറ്റുവർ തുടങ്ങിയ പ്രാദേശികസമിതികളെ സഹായത്തിനായി ഏല്പിച്ചിരുന്നതായി കാണാം. നമ്മുടെ ഭരണം ഇതിൽ അറുനൂറ്റുവരിൽ നിക്ഷിപ്തമായിരുന്നതായി ചരിത്രം കാണിക്കുന്നു. അന്നത്തെ കുടിയാൻ ആകെയുള്ള ഉല്പന്നത്തിന്റെ അഞ്ചിലൊന്നു നികുതിയായി കൊടുത്തിരുന്നു. ജന്മി കുടിയാൻ വ്യവസ്ഥ അന്നു രൂപംകൊണ്ടതായിരിക്കണം. രാജശേഖരൻ കേരള ചക്രവർത്തിയായി വാണകാലഘട്ടത്തിലാണ് ശൈവ വിശ്വാസകേന്ദ്രങ്ങൾ ആരംഭിച്ചതെന്നു കാണുന്നു. അന്നു ക്ഷേത്രങ്ങളുടെ നിർമ്മാണത്തിനും, സംരക്ഷണത്തിനും ഉദാരമായ സഹായംചെയ്യാൻ ഭരണാധികാരികളും അതോടൊപ്പം ജനങ്ങളും പരസ്പരം മത്സരിക്കുകയായിരുന്നു എന്നു തോന്നുന്നു. ക്ഷേത്രങ്ങൾക്ക് ധാരാളം സ്വത്തുണ്ടായിരുന്നതിനാൽ ഇതിനെ നോക്കിനടത്തുന്നതിന് നാടുവാഴികൾക്കും, ദേശവാഴികൾക്കും കൂട്ടങ്ങൾക്കും അധികാരംകൊടുത്തതായി കാണുന്നു. 'മൂഴിക്കുളം കച്ച'ത്തിൽ ഇതിനേപ്പറ്റി പറയുന്നു.

ചെങ്ങമനാടു മഹാദേവക്ഷേത്രത്തിന്റെ ഭരണം 9 ഗ്രാമണിമാരും 1 ആഴ്‌വാരും ആയിരുന്നു എന്നത് ഇതിനെ ബലപ്പെടുത്തുന്നു.

ജംഗമ മഹർഷി തപസ്സനുഷ്ടിച്ച സ്ഥലമാണ് ജംഗമനാടെന്നറിയപ്പെട്ടതെന്നും ജംഗമനാടിന്റെ തത്ഭവമാണ് ചെങ്ങമനാടെന്നും പണ്ഡിതന്മാർ അവകാശപ്പെടുന്നു. ഭൂപരിഷ്ക്കരണ നിയമം നിലവിൽവരുന്നതുവരെ ചെങ്ങമനാടു മഹാദേവക്ഷേത്രത്തിനു കരമൊഴിവായി ധാരാളം ഭൂസ്വത്തും, മലകളും ഉണ്ടായിരുന്നത് ഇതിന്റെ ചരിത്രപശ്ചാത്തലത്തിന്റെ ആക്കം കൂട്ടുന്നുണ്ട്. ലളിതാംബികാ അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി എന്ന കൃതിയിലും ചെങ്ങമനാടു ക്ഷേത്രത്തെപ്പറ്റി പറയുന്നു. ക്ഷേത്രസന്നിധിയിൽ ഭക്തന്മാർ കൂട്ടംചേർന്ന് ആലപിക്കുന്ന കീർത്തനങ്ങൾ ഒരുമാതിരി വയോജന വിദ്യാഭ്യാസത്തിന്റെ ഗുണം ചെയ്തിരുന്നതായും നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിന്നു തുടക്കംകുറിച്ചത് ഇതുപോലുള്ള ആരാധനാലയങ്ങളാണെന്നതും വിസ്മരിക്കവയ്യ.

പില്ക്കാലത്ത് പറമ്പയത്ത് ഒരു മുസ്ലീം ആരാധനാലയവും, നെടുവന്നൂർ, കപ്രശ്ശേരി, ചെങ്ങമനാട് എന്നിവിടങ്ങളിൽ ക്രിസ്തീയ ദേവാലയങ്ങളും നിലവിൽവന്നിട്ടുണ്ട്.

ഇന്ന് ചെങ്ങമനാടു പഞ്ചായത്തിൽ ആകെ ക്ഷേത്രങ്ങളും, ക്രിസ്ത്യൻ, മുസ്ലീം ആരാധനാലയങ്ങളുമായി 16 സ്ഥാപനങ്ങൾ നിലനിൽക്കുന്നുണ്ട്.

## വായനശാലകൾ

'വായിച്ചുവളരുക' എന്ന സന്ദേശം ഗ്രാമതലത്തിലേക്കെത്തിച്ച ഗ്രന്ഥശാലാ പ്രസ്ഥാനം 1900ങ്ങളിൽതന്നെ ചെങ്ങമനാടുകരയിൽ പ്രവർത്തനംതുടങ്ങിയതായി കാണാം. ശ്രീമൂലകേരളപട്ടാര്യ സമാജം പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ ഇതിനോടുചേർന്ന് വാണീവിലാസം വായനശാല രൂപീകരിച്ചു പ്രവർത്തിപ്പിച്ചിരുന്നു. പില്ക്കാലത്ത് ഇതൊരു സാമുദായിക സംഘടനയെ ആശ്രയിച്ചു നിലവിൽവന്ന കേന്ദ്രമായതിനാൽ വളർച്ച മുരടിക്കുകയും തുടർന്ന് 1925ൽ അന്നത്തെ വിജ്ഞാനകുതുകികളായ ഏതാനും ചെറുപ്പക്കാർ ചേർന്ന് വാണീകളേബരം വായനശാലക്ക് തുടക്കംകുറിക്കുകയും ചെയ്തു. വാണീവിലാസത്തിലെ പുസ്തകങ്ങൾ ഇവിടേക്കു കൈമാറി. 1942 ൽ ചെങ്ങമനാട് തളിയിൽ മനയിലെ ശ്രീ. R. നാരായണൻ നമ്പൂതിരിപ്പാട് MLA വായനശാലക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുവേണ്ടി സർക്കാരിന്റെ സത്വരശ്രദ്ധ ക്ഷണിക്കുകയും ചെയ്തതായി രേഖകൾ കാണുന്നു. P. സുബ്രഹ്മണ്യപിള്ള, ശങ്കരനാരായണപിള്ള, K. അച്യുതവാര്യർ, കുമാരപിള്ള, കൃഷ്ണപിള്ള, രാഘവൻനമ്പ്യാർ, കുട്ടികൃഷ്ണവാര്യർ, തുപ്പക്കുളം വാസുദേവൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ ഈ ഗ്രന്ഥശാലയുടെ ആദ്യകാലപ്രവർത്തകരിൽ പ്രമുഖരായിരുന്നു എന്നു കാണാം. മഹാകവി വള്ളത്തോൾ, G. ശങ്കരക്കുറുപ്പ്, കുറ്റിപ്പുഴ കൃഷ്ണപിള്ള, ഡോക്ടർ S.K. നായർ, മന്നത്തു പത്മനാഭൻ തുടങ്ങിയവർ വായനശാലാ സന്ദർശകരിൽ പ്രശസ്തരാണ്.

'ജ്ഞാനാതുരർക്കമിതപോഷകവസ്തുവായ
ജ്ഞാനാന്ധകാര വിവശർക്കു ദീപമായി
ക്ഷോണീതലത്തിൽ അതികീർത്തി വളർത്തിനിത്യം
വാണീകളേബരം ഉയർന്നുവിളങ്ങിടട്ടേ'

എന്നു വാണീകളേബരത്തേപ്പറ്റി മഹോപാദ്ധ്യായ ശ്രീ S.N. പിള്ള എഴുതിക്കാണുന്നു.

കിഴക്കേദേശത്ത് റോഡ്സൈഡിൽ S.S. പിള്ള യുടെ നേതൃത്വത്തിൽ രൂപീകരിച്ച വായനശാല ശ്രീമാൻ കേശവൻ മാസ്റ്റർ അവർകളുടെ പുരയിട ത്തിൽ അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ രൂപീകൃത മായ സംഘത്തിന്റെ മേൽനോട്ടത്തിൽ A.K.G. വായ നശാല പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ചെങ്ങമനാട് പഞ്ചായത്തിനോടുചേർന്ന പഞ്ചായത്തുവക റീഡിംഗ് റൂമും ലൈബ്രറിയും ഈരംഗത്ത് പ്രവർത്തനം കാഴ്ചവക്കുന്നു. പ്രവർത്തനോന്മുഖ മായ മറ്റു വായനശാലകൾ നമ്മുടെ പഞ്ചായത്തിൽ വേറെ ഇല്ലെന്നുതന്നെ പറയാം.

## സാഹിത്യരംഗം

സംസ്കാരത്തിന്റെ ഒരു ഭാഗമാണല്ലോ സാഹിത്യം. വളരെക്കൂടുതൽ പ്രഗത്ഭരെ നമ്മുടെ നാടിന് സമ്മാനിക്കാനായിട്ടില്ലെങ്കിലും ഉള്ളവർ തങ്ങളുടെ വ്യക്തിമുദ്ര ഈ രംഗത്തു പതിപ്പിച്ചവരാ ണെന്നതിൽ നമുക്കഭിമാനിക്കാം. മിസിസ് തങ്കം നായർ (W/o. Dr.K.V.N. നായർ, വടക്കുംചേരി, ചെങ്ങമനാട്) വിശ്വസാഹിത്യമാല 4 ഭാഗങ്ങൾ മല യാളത്തിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. മാത്രമല്ല നാഷണൽ ബുക് ട്രസ്റ്റിനുവേണ്ടി ജെയിൻ എയർ, സൈലസ് മാർണർ തുടങ്ങിയവയും മലയാളത്തി ലേക്ക് തർജമ ചെയ്യുകയുണ്ടായിട്ടുണ്ട്. കൂടാതെ സായി പ്രസിദ്ധീകരണങ്ങളും പ്രകാശനം ചെയ്തി ട്ടുണ്ട്. സുപ്രസിദ്ധ കവി ശ്രീ N.K. ദേശം ഈ രംഗത്തെ പ്രകാശഗോപുരമായി നിലകൊള്ളുന്നു. വേണു V. ദേശം, K.R. ചെങ്ങമനാട്, മംഗള ബാല കൃഷ്ണൻ തുടങ്ങിയവരും നമ്മുടെ പഞ്ചായത്തിൽ ഈ രംഗത്തെ പുഷ്ടിപ്പെടുത്താൻ ശ്രമിച്ചവരാണ്. നിരവധി സ്കൂൾ, കോളേജ് അവാർഡുകൾ വാങ്ങിയ കുമാരി രജനി ഗോപിനാഥ് അറിയപ്പെടുന്ന കാഥികയാണ്.

## പ്രശസ്ത വ്യക്തികൾ

ശ്രീമൂലം പ്രജാസഭയിലെ MLC ആയിരുന്ന ചെങ്ങമനാടു തളിയിൽ മനയിലെ ശ്രീ R. നാരായ ണൻ നമ്പൂതിരി, U.C. കോളേജിലെ ആദ്യകാലാ ദ്ധ്യാപകനായിരുന്ന ചെങ്ങമനാട്ടെ ഒന്നാമത്തെ ബിരുദാനന്തര ബിരുദധാരി ശ്രീ V.N. രാമൻപിള്ള MA (വടക്കുംചേരി, ചെങ്ങമനാട്), D.S.P. യായിരുന്ന ശ്രീ K. മാധവൻപിള്ള IPS, ISRO ശാസ്ത്രജ്ഞൻ Dr. ശിവശങ്കരപ്പിള്ള, പൊല്യൂഷൻ കൺട്രോൾ ബോർഡ് ഡയറക്ടർ ശ്രീ Dr.ബാലചന്ദ്രൻ, Dy. ചീഫ് എഞ്ചി നീയർ ആയിരുന്ന ശ്രീ K. പ്രഭാകരൻപിള്ള, DMO ആയി വിരമിച്ച Dr. K.V.N. നായർ FRCS ലണ്ടൻ, ജസ്റ്റീസ് N.D.P. നമ്പൂതിരി ഇവരെല്ലാം നമ്മുടെ നാടിന്റെ കീർത്തി രാജ്യത്തെ അറിയിച്ചവരാണ്.

## ബഹുമതികൾ

DSP യായി റിട്ടയർചെയ്ത അന്തരിച്ച ശ്രീ K. മാധവൻപിള്ള അവർകൾക്ക് പ്രശസ്തസേവനത്തി നുള്ള ശ്രീചിത്തിര തിരുനാൾ പോലീസ് മെഡലും, രാഷ്ട്രപതിയിൽനിന്നും രണ്ടു സ്വർണ്ണമെഡലുകളും, കീർത്തിമുദ്രയും ലഭിച്ചിട്ടുണ്ട്. 1930 കാലഘട്ടത്തിൽ മഹാത്മാഗാന്ധി കേരള സന്ദർശനത്തിനുവന്ന അവ സരത്തിൽ കൊട്ടാരക്കര ടി.ബി.യിൽ താമസിക്കു വാൻ ഇടവരുകയും അന്നത്തെ കൊട്ടാരക്കര ഇൻസ്പെക്ടറായിരുന്ന ശ്രീ. മാധവൻപിള്ള അവർകൾ ഗാന്ധിജിയുടെ സംരക്ഷണം ഏറ്റെടുക്കു കയും ഗാന്ധിജിയുടെ അനുമോദനം ലഭിക്കാൻ ഇട യാവുകയുമുണ്ടായിട്ടുണ്ട്.

സുപ്രസിദ്ധ പാഠകവിദ്വാനായിരുന്ന ചെങ്ങ മനാട് ദാമോദരൻനമ്പ്യാർക്ക് പല കാലഘട്ടങ്ങളി ലായി നിരവധി പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടാ യിട്ടുണ്ട്. സംസ്കൃത പണ്ഡിതനായിരുന്ന ഇദ്ദേഹം ആകാശവാണി തൃശൂർ നിലയത്തിലെ പാഠകവിദ്വാ നായും സേവനമനുഷ്ടിച്ചിട്ടുണ്ട്.

ശ്രീ N.K. ദേശം തന്റെ കവിതക്ക് നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

Dr. ശിവശങ്കരപ്പിള്ള ISRO ശാസ്ത്രജ്ഞൻ ദേശം നിവാസിയാണ്.

ശ്രീ C.N. ദിവാകരൻപിള്ള മാതൃകാദ്ധ്യാപ കനുള്ള ദേശീയപുരസ്കാരവും സംസ്ഥാന ബഹു മതിയും നേടിയിട്ടുള്ള മഹൽവ്യക്തിയാണ്.

## ദേശീയപ്രസ്ഥാനങ്ങൾ

ഇന്ത്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ കേരളത്തിലുടനീളം സഞ്ചരിച്ച് ഹിന്ദി പ്രചാരണം നടത്തിയ ശ്രീ V. ശ്രീധരൻമൂസ്സത് അവിസ്മരണീ യനാണ്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ നാടിന്റെ നാനാഭാഗത്തുമുണ്ടെന്നത് നമുക്കഭിമാനമാണ്.

ക്വിറ്റിൻഡ്യാസമരത്തിൽ പങ്കെടുത്ത് പോലീ സിന്റെ ക്രൂരമായ മർദ്ദനമേറ്റ് ദിവംഗതനായ ശ്രീമാൻ ശാരദപ്രസാദും നമ്മുടെ നാടിന്റെ പ്രിയപുത്രനാണ്.

ക്ഷേത്രപ്രവേശനവിളംബരം നടപ്പിലാക്കുന്ന കാലഘട്ടത്തിൽ ചെങ്ങമനാടു മഹാദേവക്ഷേത്ര ത്തിലെ പൂജാരി ശ്രീ. മാധവൻ എമ്പ്രാന്തിരി ആയി രുന്നു. സമസ്ത ഹിന്ദുക്കളും ശ്രീ R. നാരായണൻ നമ്പൂതിരി MLC യുടെ അനുവാദപ്രകാരം ക്ഷേത്ര പ്രവേശനം നടത്തുന്നു എന്നറിഞ്ഞ അദ്ദേഹം രാവിലെ പൂജകഴിഞ്ഞശേഷം തന്റെ സഹോദരൻ ശ്രീ കൃഷ്ണൻപോറ്റിയെ വിളിച്ച് പൂജയുടെ ചുമ തല ഏല്പിച്ച് ഒഴിഞ്ഞുപോയി എന്നു പറയുന്നു. അന്നുമുതൽ ഈ അടുത്തകാലംവരെ ചെങ്ങമനാടു

മഹാദേവക്ഷേത്രത്തിലെ പൂജാരി ശ്രീ കൃഷ്ണൻപോറ്റിയായിരുന്നു.

രാജഭരണകാലത്ത് കരമൊഴിവ് കൊടുത്ത പ്രദേശമാണ് രായമ്മൽദേശം. രായമ്മൽദേശം ദേശമായി മാറിയതാണെന്ന് പ്രായംചെന്നവർ പറയുന്നു. ഏതാണ്ട് 38 നമ്പൂതിരി കുടുംബങ്ങളുടെ ആധിപത്യകേന്ദ്രമായിരുന്നു രായമ്മൽദേശം. അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്കുവേണ്ടി പിന്നോക്കജാതിക്കാരേയും ഇതരമതസ്ഥരേയും കൊണ്ടുവന്ന് താമസിപ്പിച്ചതാണെന്നും പറയപ്പെടുന്നു. തൊട്ടുകൂടായ്മയും തീണ്ടീക്കൂടായ്മയും ശക്തമായി നിലനിന്നിരുന്നു. ഏറെപ്പഴക്കം ചെന്ന ഉദയഞ്ചേരി ക്ഷേത്രം ദേശത്താണ് സ്ഥിതിചെയ്യുന്നത്.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ ദേശം, പുതുവാശ്ശേരി ഭാഗങ്ങളിൽ കലാസാംസ്കാരിക പ്രവർത്തനങ്ങളും നടന്നിരുന്നു. ദേശത്ത് രൂപം കൊണ്ട മോർണിംഗ് സ്റ്റാർ ആർട്ട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കലാപ്രവർത്തനങ്ങൾ, നാടകാവതരണം എന്നിവ സംഘടിപ്പിക്കപ്പെട്ടിരുന്നു. അമേച്വർ നാടകവേദിയുടെ ആരംഭകാലമായിരുന്നു അത്. പുതുവാശ്ശേരിയിൽ കലാപ്രവർത്തനങ്ങളോടൊപ്പം ഫുട്ബോൾ കളികളടക്കമുള്ള കായികവിനോദങ്ങൾ, ഗാനമേളകൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു.

## കലാകായികരംഗം

ചെങ്ങമനാടിന്റെ ചരിത്രത്തിൽ തളിയിൽ മന കേന്ദ്രീകരിച്ച് ഒരു കഥകളിസംഘം പ്രവർത്തിച്ചിരുന്നതായി കാണുന്നു. കുഞ്ഞുപിള്ള പണിക്കർ സംഘത്തിന്റെ ആശാനായിരുന്നു എന്നും, അറക്കൽ ശങ്കരക്കുറുപ്പ്, മരക്കോട്ട് നാരായണൻനായർ തുടങ്ങിയവർ പ്രശസ്ത കളിക്കാരായിരുന്നു എന്നും പറയപ്പെടുന്നു. അതുപോലെ തന്നെ സദാരാമ നാടക സംഘം പ്രശസ്തമായ രീതിയിൽ നാടിന്റെ പലഭാഗത്തും നാടകങ്ങൾ അക്കാലത്ത് അവതരിപ്പിച്ചതായും പഴമക്കാർ പറയുന്നു.

നമ്മുടെ കാരണവന്മാർക്കുണ്ടായിരുന്ന ഈ കഴിവുകൾ പിന്മുറക്കാർക്കു നിലനിർത്തുവാൻ കഴിയാതെപോയി എന്നത് ഈ രംഗത്തെ പിന്നോട്ടടിയുടെ ഒരു തെളിവാണ്.

കലാകായികരംഗത്തെ പരിപോഷിപ്പിക്കുന്നതിനു നാം എത്രയുംവേഗം ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. കായികരംഗത്തിന് ആഗോളപ്രശസ്തിയുള്ള ഈ കാലഘട്ടത്തിൽപോലും ചെങ്ങമനാട്ടുകാർക്ക് നല്ല പ്രതിഭകളെ വളർത്തിയെടുക്കാൻ കഴിയുന്നില്ല. നമുക്കതിനുപറ്റിയ ഒരു നല്ല ഗ്രൗണ്ട് ഇല്ലാ എന്നത് ഒരു കുറവാണ്. ഇന്ന് ചെങ്ങമനാട് ഗവ. ഹൈസ്കൂളിലെ ഗ്രൗണ്ട് വികസിപ്പിച്ച് ഇതിനൊരു പരിഹാരം കാണാവുന്നതാണ്. പരിശീലനകളരി ഒരുക്കിയാൽ പ്രതിഭകൾ രൂപമെടുക്കുമെന്ന് ആശിക്കാം.

ഇന്നു നടക്കുന്ന കേരളോത്സവം പോലുള്ള പരിപാടികൾ ഒരു ചടങ്ങാക്കിമാറ്റാതെ ഇതോടൊപ്പം കവിതാരചന, കഥാരചന, മറ്റു സാഹിത്യരചനകൾ, ചിത്രരചന, തുടങ്ങിയവ നടത്തുകയും എല്ലാ വർഷവും ചുരുങ്ങിയത് രണ്ട് മാസികകളെങ്കിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രകാശനം ചെയ്യുകയും, കലാമത്സരങ്ങൾ ഭംഗിയായ മുന്നൊരുക്കങ്ങളോടെ നടത്തുകയും ചെയ്താൽ കലാരംഗത്തും ഒരു മാറ്റത്തിന്റെ കാറ്റുവീശുന്നതായിരിക്കും. ഇതോടൊപ്പം കുറ്റിയറ്റുപോകുന്ന നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയാൽ നമ്മുടെ സാംസ്കാരികരംഗത്തെ പുഷ്ടിപ്പെടുത്തുവാൻ കഴിയില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമസഭകളുടെ പ്രശ്നങ്ങൾ

### വാർഡ് I

1. നിലവിലുള്ള വായനശാല നല്ലരീതിയിൽ പ്രവർത്തിപ്പിക്കുക.
2. ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കുക.
3. പരുന്തുറാഞ്ചി മണൽപ്പുറം പൊതുകളിസ്ഥലമാക്കുക.

### വാർഡ് II

1. A.K.G. വായനശാല വികസിപ്പിക്കുകയും മെമ്പർഷിപ്പ് വർദ്ധിപ്പിക്കുകയും ചെയ്യുക.

### വാർഡ് IV

1. വായനശാല സ്ഥാപിക്കുക.

### വാർഡ് V

1. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. പാലപ്രശ്ശേരി യുവജനസമാജം വായനശാല പ്രവർത്തനക്ഷമമാക്കുക.
3. തേറാട്ടിക്കുന്ന്, കുളവൻകുന്ന്, ഇളയിടം. ചുങ്കം തുടങ്ങിയ കോളനികളിൽ TV സെറ്റ് സ്ഥാപിക്കുക.

### വാർഡ് VI

1. വാണീകളേബരം വായനശാല വികസിപ്പിക്കുന്നതിനായി തറകെട്ടിയിട്ടിരിക്കുന്നു. പൂർത്തി

യാക്കാൻ ധനസഹായം ആവശ്യമാണ്. ഗ്രാന്റ് കിട്ടാനുള്ള നടപടി എടുക്കുക.

2. മഹിളാസമാജം വികസിപ്പിക്കണം.

### വാർഡ് VII

1. വാർഡിൽ ഒരു റീഡിംഗ് റൂം സ്ഥാപിക്കുക.

### വാർഡ് VIII

1. സാക്ഷരതാപ്രവർത്തനം കാര്യക്ഷമമാക്കണം.

### വാർഡ് IX

1. നിലവിലുള്ള ഗ്രന്ഥശാല വികസിപ്പിക്കുകയും, റഫറൻസ് പുസ്തകങ്ങളും, പ്രധാന പത്രങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

### വാർഡ് X

1. ഒരു വായനശാലയും ഗ്രന്ഥാലയവും നിർബന്ധമായും ഉണ്ടാക്കണം. അതോടുചേർന്ന് സാക്ഷരതാക്ലാസ്സും വേണം.

### വാർഡ് XI

1. മഹിളാസമാജം പ്രവർത്തനക്ഷമമാക്കുക.
2. അംഗൻവാടിക്കും മഹിളാസമാജത്തിനും കെട്ടിടം പണിയുക.
3. ഹരിജൻ കോളനിയിൽ T.V. സ്ഥാപിക്കണം.
4. പഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം വാർഡിലേക്കു വ്യാപിപ്പിക്കുക.
5. പഞ്ചായത്ത് കലാമത്സരങ്ങൾ നടത്തുമ്പോൾ നാടൻകലാരൂപങ്ങൾക്ക് പ്രാധാന്യം നല്കുക.

# സഹകരണം

ഈ പഞ്ചായത്ത് അതിർത്തിയിൽ ആദ്യമായി ആരംഭിച്ച സഹകരണ സംഘം ചെങ്ങമനാട് കൈത്തറി നെയ്ത്ത് സഹകരണ സംഘമാണ്. 1955 ൽ ആരംഭിച്ച ഈ സംഘത്തിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. V.K. കൃഷ്ണപിള്ള ആയിരുന്നു. ക്രഡിറ്റ് മേഖലയിൽ 1964ൽ പ്രവർത്തനം ആരംഭിച്ച ചെങ്ങമനാട് പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘമാണ് ആദ്യത്തേത്. ഇതിന്റെ ചീഫ് പ്രമോട്ടർ പരേതനായ ശ്രീ. എസ്. പരമേശ്വരൻ പിള്ളയും പ്രഥമ പ്രസിഡന്റ് പരേതനായ അഡ്വ. A.K. കുഞ്ഞുമുഹമ്മദുമാണ്. പിന്നീട് വിവിധ മേഖലകളിൽ നിരവധി സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തനം തുടങ്ങി എങ്കിലും പലതും ശൈശവ ദശയിൽ തന്നെ നിന്നു പോവുകയുണ്ടായി. പലതുറളിലായി 9 രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ നിലവിലുണ്ടെങ്കിലും പലതിന്റേയു പ്രവർത്തനം സഹകാരികൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയിലാണ്.

നിലവിലുള്ള സംഘങ്ങൾ

1. ചെങ്ങമനാട് കൈത്തറി സഹകരണ സംഘം
2. ചെങ്ങമനാട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്.
3. ചെങ്ങമനാട് – പട്ടികജാതി/വർഗ്ഗ വിവിധോദ്ദേശ സഹകരണ സംഘം.
4. കേരള വേളാർ സർവ്വീസ് സഹകരണ സംഘം.
5. കപ്രശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം.
6. പുറയാർ ക്ഷീരോൽപാദക സഹകരണ സംഘം.
7. കപ്രശ്ശേരി ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം.
8. ചെങ്ങമനാട് ക്ഷീരോൽപാദക സഹകരണ സംഘം.
9. നെടുവന്നൂർ വനിതാ സഹകരണ സംഘം.

ഇതുകൂടാതെ ആലുവ അർബൻ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് ചെങ്ങമനാട് പ്രവർത്തനം ഉണ്ട്. ചില വാർഡുകളിൽ മാത്രം ഒതുങ്ങി പ്രവർത്തിക്കുന്ന കളിമൺ/മൺപാത്ര സംഘങ്ങൾ ഉണ്ടെങ്കിലും അവ സഹകരണ രംഗവുമായി ബന്ധപ്പെടാറില്ല.

മേൽ പറഞ്ഞവയിൽ നിലവിൽ വേളാർ സർവ്വീസ് സൊസൈറ്റി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി, വനിതാ സഹകരണസംഘം എന്നിവ പ്രവർത്തനരഹിതമാണ്. പട്ടികജാതി/വർഗ്ഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം ഭാഗീകമായേ നടക്കുന്നുള്ളു. ക്ഷീരോൽപാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം ക്ഷീരകർഷകരെ കൂടുലായി ആകർഷിക്കുന്നില്ലെന്ന് മാത്രമല്ല അംഗങ്ങളുടെ എണ്ണം താരതമ്യേന കുറഞ്ഞുവരുന്ന സ്ഥിതിയിലുമാണ്. ക്ഷീരരംഗം ആകർഷകതയുള്ളതാക്കി തീർക്കുവാനും, ക്ഷീരകർഷകരെ സഹായിക്കുവാനും നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നില്ല. അതിനുള്ള തടസ്സം സാമ്പത്തികവും പാൽ ലഭ്യത കുറവുമാണ്.

കൈത്തറി സംഘത്തിൽ പ്രധാന വെല്ലുവിളി വിപണന മാന്ദ്യമാണ്. ഉൽപന്നങ്ങൾ കെട്ടിക്കിടക്കുന്നത് കൂടാതെ യഥാസമയങ്ങളിൽ സർക്കാർ നൽകേണ്ടതായ ഗ്രാന്റുകൾ പോലും കൃത്യമായി ലഭിക്കാറില്ല.

അസംസ്കൃതസാധനങ്ങളുടെ ഗുണമേന്മ കുറവ്. കുറഞ്ഞകൂലി കൊടുക്കുന്നതിനാൽ തൊഴിലാളികൾ സ്ഥിരമായി നിൽക്കുന്നില്ല.

ക്രഡിറ്റ് മേഖലയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കേന്ദ്രീകൃത പ്രവർത്തനം നടത്തുന്നത് ചെങ്ങമനാട് സർവ്വീസ് സഹകരണ ബാങ്കാണ്. കാർഷിക സഹകരണ സംഘമാണെങ്കിലും കർഷകരുടെ കൂട്ടായ്മ കുറവായി കാണുന്നു. വായ്പാവിതരണത്തിൽ കാർഷികേതര വായ്പകൾക്കാണ് മുൻതൂക്കം. മാത്രമല്ല, നിയമവ്യവസ്ഥകളും ജാമ്യവ്യവസ്ഥകളും വായ്പ എടുക്കുന്നതിൽ നിന്നും കർഷകരെ പിന്നോട്ടടിപ്പിക്കുന്നു. കാർഷിക മേഖലയിൽ നൂതനമായ പദ്ധതികൾ കുറവാണ്. പൊതുവിതരണ രംഗത്ത് വികസിത സാദ്ധ്യതകൾ ഏറെയുണ്ട്. ചെറുകിട, കുടിൽ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുവാൻ സൗകര്യങ്ങൾ ഉണ്ടെങ്കിലും വിനിയോഗിക്കുന്നതായി കാണുന്നില്ല. ഒരു കോടിയിൽ പരം രൂപ വായ്പാവിതരണം നടത്തിയിട്ടുണ്ടെങ്കിലും പലതും പ്രത്യുൽപാദനരംഗത്ത് വിനിയോഗിച്ചതായി കാണുന്നില്ല. ഈ രംഗത്ത് മാനേജ്മെന്റ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ സഹകരണ സംഘങ്ങളെ കൂടാതെ ധനലക്ഷ്മി ബാങ്ക്, ഇൻഡ്യൻ ബാങ്ക് എന്നീ ധനകാര്യ ബാങ്കുകളുടെ പ്രവർത്തനവും ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മറ്റുവാർഡുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയോ പുതിയതാത് തുടങ്ങുകയോ ചെയ്യുക.

2. പ്രൈവറ്റ ഏജൻസികളുടെ പാൽവിതരണം ജനപങ്കാളിത്തത്തോടുകൂടി ബോധവൽക്കരണം നടത്തി നിരുത്സാഹപ്പെടുത്തുകയോ സ്ഥലപരിധി നിശ്ചയിക്കുകയോ വേണം.

3. സഹകരണസംഘങ്ങളിൽ നിന്നും ഏജൻസികളെ നിയോഗിച്ച് ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് പാൽ ശേഖരിക്കുവാനും വിതരണത്തിനും ഏർപ്പാടുണ്ടാക്കണം.

4. സംഘങ്ങൾ നേരിട്ട് വിദഗ്ദ്ധരുടെ സഹായത്തോടെ പശുക്കളെ വിതരണം നടത്തണം. ഇത് ഒരു കുടിൽ വ്യവസായം പോലെ പ്രവർത്തിക്കുവാനുള്ള സൗകര്യങ്ങൾ പല വാർഡുകളിലും ഉണ്ട്.

5. പുൽകൃഷി വ്യാപിപ്പിക്കുകയും സഹകരണ സംഘങ്ങളിൽ നിന്നും ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുവാൻ ക്ഷീരസംഘങ്ങൾ മുൻകൈ എടുക്കണം.

6. പശു പരിപാലനത്തിൻ പ്രത്യേക ക്ലാസ്സുകൾ നടത്തി ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.

7. ഖാദി വ്യവസായം സർക്കാർ സഹായത്തോടെ പുനരുദ്ധരിച്ച് പ്രവർത്തനം പഞ്ചായത്ത് തലത്തിലാക്കണം.

8. പട്ടികജാതി വിഭാഗത്തിന് പരമാവധി പ്രയോജനം ലഭിക്കത്തക്കവിധത്തിൽ വിപുലമായ പ്രചരണം നൽകി സഹകരണതത്വത്തിന്റെ അടിസ്ഥാന പ്രമാണത്തിലൂടെ ഒരു വിഭാഗം സംഘത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി പൂർണ്ണസമയ പ്രവർത്തനത്തിന് വേദിയൊരുക്കണം.

9. വനിതസംഘം പുനരുദ്ധരിക്കുകയോ പുതിയത് തുടങ്ങുകയോ വേണം. സ്ത്രീകളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തണം.

10. കാർഷിക മേഖലയിലെ സംഘത്തിന്റെ പ്രധാന ഉദ്ദേശം കാർഷിക മേഖലയെ ഉദ്ധരിക്കലാകണം. ഓരോ പ്രദേശത്തും കർഷകരെ കൂട്ടി കൃഷിഭവന്റെയും മറ്റും സഹായത്താൽ കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തണം.

11. പച്ചക്കറി കൃഷി വ്യാപകമാക്കുകയും സഹകരണ സംഘം അതിന്റെ ഏജന്റായി പ്രവർത്തിക്കുകയും വേണം. വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

12. നല്ലയിനം വിത്തുകൾ, വളം എന്നിവ സമയാസമയങ്ങളിൽ സഹകരണ സംഘം വഴി വായ്പയായി വിതരണം നടത്തണം.

13. നിലവിലുള്ള പഴകി, തുരുമ്പിച്ച നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കണം. ഉദാഹരണം ഷെയർ അനുപാതം, ജാമ്യ വ്യവസ്ഥ ഉദ്യോഗസ്ഥ ഭരണം.

14. സഹകരണസംഘങ്ങളിൽ നിന്നും ഓരോരുത്തരുടേയും അഭിരുചിക്കനുസരിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള വായ്പാ സൗകര്യം ഏർപ്പെടുത്തണം.

15. പരമ്പരാഗത വ്യവസായങ്ങളായ പനമ്പ് നെയ്ത്ത, പായ നെയ്ത്, കയർ തുടങ്ങിയവയ്ക്ക ഉദാരമായ വ്യവസ്ഥയിൽ വായ്പ നല്കുകയും ഉൽപന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി വിഹരിക്കാനുള്ള സാഹചര്യവും ഉണ്ടാക്കുകയും വേണം.

16. ചെറുകിട കച്ചവടക്കാർക്ക് വായ്പ നൽകുകയും ദിവസേന ചെറിയതുകകളായി പിരിച്ചെടുക്കുവാനുള്ള Collection Agentമാരെ നിയമിക്കുകയും ചെയ്യുക.

17. ക്രഡിറ്റ് സംഘത്തിന്റെ ബ്രാഞ്ചുകൾ തുടങ്ങുകയും കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ആരംഭിക്കുകയും ചെയ്യുക.

18. കാർഷിക ഉപകരണങ്ങൾ സംഘങ്ങൾ നേരിട്ട് വാങ്ങി കർഷകരുടെ ആവശ്യത്തിനായി ഉപയോഗിക്കുക.

19. സഹകരണ സംഘങ്ങൾ വഴി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

20. മെഴുകുതിരി, തയ്യൽ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കോഴിവളർത്തൽ തുടങ്ങിയ ചെറുകിടവ്യവസായങ്ങൾ സഹകരണസംഘങ്ങളുടെ സഹായത്തോടെ ആരംഭിക്കുക.

21. ഓരോ വിഭാഗം സഹകരണസംഘങ്ങളിലേയും ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും പഞ്ചായത്തുതലത്തിൽ പരിശീലനം ഏർപ്പെടുത്തുക.

22. വായ്പ എടുക്കുന്ന തുക കൃത്യമായി തിരിച്ചടക്കാൻ അംഗങ്ങളിൽ പ്രചരണം നടത്തുക.

23. വർഷത്തിലൊരിക്കലെങ്കിലും സഹകരണ സെമിനാറുകൾ നടത്തി ജനങ്ങളിൽ ബോധ വൽക്കരണം നടത്തുക.

24. എല്ലാ പരിപാടികളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

25. സർവ്വോപരി അംഗങ്ങളും ഭരണസമിതിയും ജീവനക്കാരും പരസ്പരബന്ധം ഊട്ടിഉറപ്പിക്കുക.

26. സഹകരണസംഘം ഭരണസമിതി തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നവർക്ക് മാനദണ്ഡം നിശ്ചയിക്കുകയും മത്സരിക്കുന്നവർ പണം കെട്ടിവയ്ക്കാൻ നിബന്ധന കൊണ്ടുവരികയും ചെയ്യുക.

27. പൊതുവിതരണരംഗത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നല്കുന്നതുപോലെ സഹകരണസംഘങ്ങൾക്ക് സർക്കാർ സഹായം നല്കുക.

28. ദീർഘകാല കാർഷിക വായ്പകൾ നല്കുന്ന ഗ്രാമവികസനബാങ്കിന്റെ പ്രവർത്തനം പഞ്ചായത്ത് അതിർത്തിയിൽ വ്യാപിപ്പിക്കുക.

29. സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കുക.

30. പഞ്ചായത്തിന്റെ ഉല്പാദനമേഖലകളുമായുള്ള വികസന പദ്ധതികൾക്ക് വിപണന സൗകര്യത്തിനായി മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തുക.

31. സഹകരണ മാനേജുമെന്റിൽ സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പാക്കുക.

32. സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുകയും നിർമ്മാണ തൊഴിലാളികളുടെ രംഗത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.

33. അയൽക്കൂട്ടങ്ങളുടെ ആവശ്യം മനസ്സിലാക്കി സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കുക.

34. ജനറൽ ബോഡികളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരിപാടികൾ തയ്യാറാക്കുക.

35. എസ്റ്റാബ്ലിഷ് / കണ്ടിജൻസി ചെലവുകൾ നിയന്ത്രിക്കുക.

36. പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി തുടങ്ങുക.

37. ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഞ്ചായത്തിലേക്ക് വ്യാപിക്കണം.

## പൊതുവിവരം

## നോൺക്രഡിറ്റ്

| | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | മൂലധനം | ടേൺ ഓവർ | ലാഭം/ നഷ്ടം | |
|---|---|---|---|---|---|---|---|---|
| 1. | കപ്രശ്ശേരി ക്ഷീരോല്പാദന സഹകരണസംഘം | | 436 | 2 | 4000 | 6 ലക്ഷം | ലാഭം | |
| 2. | പുറയാർ ക്ഷീരോല്പാദക സഹകരണസംഘം | 1988 | 285 | 2 | 3800 | 3 ലക്ഷം | ലാഭം | |
| 3. | ചെങ്ങമനാട് ക്ഷീരോത്പാദക സംഘം | 1989 | 450 | 3 | 4850 | 8 ലക്ഷം | ലാഭം | |
| 4. | ചെങ്ങമനാട് കൈത്തറി സഹകരണസംഘം | 1954 | 346 | 2 | | | നഷ്ടം | തൊഴിലാളികൾ 100 – (താല്ക്കാലികം) |
| 5. | ചെങ്ങമനാട് പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് | 1964 | 8352 | 7 | 1,32,0000 | 6,61,00000 | ലാഭം | |

# വിഭവസമാഹരണം

നാളിതുവരെ പഞ്ചായത്തിൽ ഉണ്ടാകുന്ന വരുമാനത്തിന്റെ ഒരു പങ്ക് വികസന പ്രവർത്തനത്തിൽ മാറ്റി വെക്കുന്ന പ്രവണതയാണ് നാം അവലംബിച്ചുവരുന്നത്. എന്നാൽ പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ കൈവന്നിട്ടുള്ള വിപുലമായ അധികാരവകാശങ്ങൾ ഉപയോഗപ്പെടുത്തി സന്നദ്ധപ്രവർത്തനത്തിലൂടെയും പ്രാദേശീക വിഭവസമാഹരണത്തിലൂടെയും വികസനപ്രവർത്തനങ്ങൾക്ക് മൂല ധനം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇന്നലെവരെ നമുക്ക് എന്ന് കിട്ടും എന്നാണ് നാം ഓരോരുത്തരും ചിന്തിച്ചിരുന്നതെങ്കിൽ ഇന്ന് നമുക്ക് സമൂഹത്തിന്റെ വികസനത്തിനു വേണ്ടി എന്തു ചെയ്യാൻ കഴിയും എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

ഒരു പ്രദേശത്ത് ഒരു റോഡിന് വേണ്ടിയോ അതല്ലെങ്കിൽ മറ്റേതെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി കുറച്ച് പണം അനുവദിച്ചാൽ അതോടൊപ്പം നമ്മുടെ സന്നദ്ധപ്രവർത്തനം വഴിയുംപ്രാദേശികമായ സാമ്പത്തിക സമാഹരണം വഴിയും 25% പണം ആ പ്രവർത്തിക്ക് വേണ്ടി കൂടുതൽ ചിലവഴിക്കാൻ കഴിയും. അഴിമതിയും സ്വജനപക്ഷപാതവും ഈ മേഖലയിൽ കൂടിവരുന്നു. എന്നാൽ ജനങ്ങളുടെ നേരിട്ടുള്ള മേൽനോട്ടം എല്ലാ പ്രവർത്തനത്തിലും ഉണ്ടാകുന്നതോടെ പദ്ധതിക്ക് വേണ്ടി മാറ്റി വെക്കപ്പെട്ട മുഴുവൻ പണവും വിനിയോഗിക്കാൻ നമുക്കു കഴിയുന്നു.

പഞ്ചായത്തിലെ മൊത്തം വരവ്
ചിലവ് കണക്ക്

വരുമാനം

| | |
|---|---|
| കെട്ടിടനികുതി | 347838 |
| തൊഴിൽ നികുതി | 159313 |
| വിനോദ നികുതി | 18751.85 |
| അഡീ: വിനോദ നികുതി | 11226 |
| പ്രദർശന നികുതി | 1926 |
| പ്രദർശന നികുതിയിൻ മേലുള്ള സർ ചാർജ് | 481.50 |
| ലൈസൻസി ഫീസ് | 37586 |
| വസ്തു കൈമാറ്റ നികുതി | 323465 |
| മറ്റ് വരവുകൾ | 44072.35 |
| മണൽ ലേലം | 468707 |
| ഡെപ്പോസിറ്റ് | 23215 |
| അൺടൈഡ് ബേസിക് ടാക്സ് VTC, VRM,MI. | 677021 |
| ആകെ | 2113543 |

ചിലവുകൾ

| | |
|---|---|
| ഭരണം | 404064.80 |
| പൊതുമരാമത്ത് | 536622.50 |
| വിദ്യാഭ്യാസം ജലവിതരണം | 37172.55 |
| പൊതുജനാരോഗ്യം | 166192.00 |
| തെരുവ് വിളക്ക് | 86820.00 |
| മറ്റുള്ളവ | 224152.00 |
| ആകെ വരവ് | 2113793.05 |
| ചിലവ് | 1455023.85 |

മൊത്തം വരുമാനത്തിൽ തനത് വരുമാനം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വർദ്ധിക്കുകയാണ്. ഓരോ നികുതി ഇനത്തിലും ഇത് ബാധകമാണ്. എന്നാൽ നികുതി സാദ്ധ്യതക്കനുസരിച്ച് വരവിനം ഉയർന്നിട്ടുണ്ടോ എന്ന് പരിശോധിക്കണം. സർചാർജ് ഏർപ്പെടുത്തിക്കൊണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.

സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്താൽ അൺടൈഡ് ഫണ്ട് ഏകദേശം 32 ശതമാനം ആണ്.

പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന JRY ഫണ്ട് ആണ്. പുതിയ പഞ്ചായത്ത് നിയമപ്രകാരം കുറെ അധികാരങ്ങൾ താഴെ കൈമാറിയിട്ടുണ്ടെങ്കിലും അതനുസരിച്ച് സഹായധനത്തിൽ വർദ്ധനവ് വന്നിട്ടില്ല.

കൃഷിയുടെ മേഖലക്ക് അനുവദിച്ച 122250 രൂപയും മറ്റ് വകുപ്പുകൾ വഴി 10238 രൂപയും ആണ് ലഭിച്ചിട്ടുള്ളത്.

ആകെ ചിലവിന്റെ 27.77 ശതമാനം തുക ഭരണകാര്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നു. 23.32 ശതമാനം പൊതുമരാമത്ത് പണികൾക്ക് വേണ്ടി ചിലവഴിക്കുന്നു. ഈ തുക ഏറിയ പങ്കും

റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും വേണ്ടി ഉപയോഗിക്കുന്നു. ഈ രംഗത്ത് സന്നദ്ധപ്രവർത്തനം വഴിയും പ്രാദേശികമായ സാമ്പത്തിക സമാഹരണത്തിലൂടെയും കുറെ തുക മിച്ചം വെക്കാൻ കഴിയുകയും ആ തുക ഉൽപാദന മേഖലകളിലേയ്ക്ക് ഉപയോഗിക്കാനും കഴിയണം.

അത് പോലെ ഇപ്പോൾ മരാമത്ത് പണികൾ കോൺട്രാക്ടർ, നോമിനി വഴിയാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ പദ്ധതിക്ക് വേണ്ടി നീക്കിവെച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നില്ല. ഇത് മാറ്റി പകരം പൂർണ്ണമായും ജനകീയ പങ്കാളിത്തത്തോട് കൂടി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയേണ്ടതുണ്ട്.

മറ്റ് ചിലവുകൾ പഞ്ചായത്തുവഴി നടപ്പാക്കുന്ന ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം കക്കൂസ് നിർമ്മാണം, ക്ഷേമ പദ്ധതികളുടെ വതരണം തുടങ്ങിയവയാണ്.

ഏതെങ്കിലും ധനകാര്യസ്ഥാപനത്തിൽ നിന്നും ലോൺ എടുത്തതിന്റെ തിരിച്ചടവ് ഇല്ല.

പഞ്ചായത്തുകളിലെ ധനകാര്യ അവകാശങ്ങളിലും ചട്ടങ്ങളിലും സമൂലമായമാറ്റം വരുത്തേണ്ടതുണ്ട്.

**പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ധനകാര്യസ്ഥാപനങ്ങൾ**

ഇൻഡ്യൻ ബാങ്ക് ചെങ്ങമനാട് ശാഖ
ധനലക്ഷ്മി ബാങ്ക് ദേശം ശാഖ
ചെങ്ങമനാട് സർവ്വീസ് സഹകരണ ബാങ്ക്
ആലുവ അർബൻ സഹകരണ ബാങ്ക് ചെങ്ങമനാട് ബ്രാഞ്ച്

തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ. ഇതോടൊപ്പം പഞ്ചായത്തിന് പുറത്ത് ഉള്ള ചില വാണിജ്യ ബാങ്കുകളുടേയും സഹകരണ വായ്പാ സംഘങ്ങളുടേയും സഹായം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. കൂടാതെ ഏതാനും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും ചിട്ടി സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും സാമ്പത്തിക മേഖലയിലെ മുഖ്യസ്രോതസ്സ് ആയി നിലകൊള്ളുന്നത് ചെങ്ങമനാട് പഞ്ചായത്ത് സഹകരണ ബാങ്കാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളും അതിന്റെ പ്രവർത്തന മേഖലയാണ്. കൂടുതൽ ബ്രാഞ്ചുകൾ തുറന്നും പ്രവർത്തന വൈപുല്യത്തിലൂടെയും കുറെക്കൂടി മെച്ചപ്പെട്ട സേവനം കാഴ്ച്ചവെക്കാൻ കഴിയണം.

| | |
|---|---|
| ആകെ നിക്ഷേപം | 1കോടി 15 ലക്ഷം |
| വായ്പ | |
| കൃഷി | 548000 |
| വ്യവസായം | 95000 |
| ഭവന നിർമ്മാണം | 1631000 |
| വിദ്യാഭ്യാസം | |
| മറ്റ് വായ്പകൾ | 53000 |
| ആകെ | 10886000/ |

ഇതിൽ കൃത്യമായി തിരിച്ചടക്കാൻ കഴിയാത്ത തുക 12,00000 ആണ്.

ചെങ്ങമനാട് ഇന്ത്യൻ ബാങ്ക് ശാഖ മുഖ്യമായും കാർഷിക മേഖലയിലാണ് കൂടുതൽ വായ്പ നൽകുന്നത്. കപ്രശ്ശേരി പ്രദേശം ഊർജ്ജിത നെല്ല് ഉല്പാദന പരിപാടിയുടെ ഭാഗമായി ബാങ്ക് ഏറ്റെടുത്ത് പ്രവർത്തനം നടത്തി വരുന്നു. അത് പോലെ പല വാർഡുകളിലും തെങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടിയും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ജില്ലാ ഗ്രാമവികസന ബാങ്ക് ഭൂപണയ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയവയുടെയും സഹായം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. വാണിജ്യ ബാങ്കുകളിൽ നിന്ന് കൃത്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ലാത്തതുകൊണ്ട് കൂടുതൽ ഒന്നും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല.

സംസ്ഥാന വായ്പാതോത് 40 ശതമാനമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇതിനേക്കാൾ കൂടുതലാണ് വായ്പാതോത്. പഞ്ചായത്ത് സഹകരണബാങ്കിന്റെ പ്രവർത്തനത്തിലൂടെയാണ് ഇത് സാധിക്കുന്നത്. എന്നാൽ വാണിജ്യ ബാങ്കുകൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറഞ്ഞ ശതമാനം മാത്രമേ വായ്പ നൽകുന്നുള്ളു. അതു പരിഹരിക്കണം. മേൽപറഞ്ഞവ കൂടാതെ അനൗപചാരികം ആയി പണം പലിശക്ക് കൊടുക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഉണ്ട്. പഞ്ചായത്തിലെ പ്രധാന

വ്യാപാരകേന്ദ്രമായ ചെങ്ങമനാട് പ്രദേശത്ത് ഇത് വ്യാപകമാണ്. ഉയർന്ന പലിശനിരക്കാണ് ഇത്തരം വായ്പകൾക്കുള്ളത്. കച്ചവടക്കാർ ആണ് കൂടുതലും ഇതിന് ഇരയാകുന്നത്. ഇത്തരത്തിലുള്ളവർക്ക് മെച്ചപ്പെട്ട സാമ്പത്തിക സഹായങ്ങൾ, വായ്പ പദ്ധതി ലഘൂകരിക്കിക്കുക എന്നതിനെ ആലോചിക്കണം.

ഗൾഫ് പണത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിൽ ഒരു വലിയ ഘടകമാണ്. പാലപ്രശ്ശേരി, ചെങ്ങമനാട്, പറമ്പയം, തുരുത്ത്, പുറയാർ തുടങ്ങിയ പ്രദേശങ്ങളിൽ ഗൾഫ് പോക്കറ്റുകൾപോലും ഉണ്ട്. ഇവരിൽ ഭൂരിപക്ഷവും ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നു. ഒരു ന്യൂനപക്ഷം ആളുകൾ മാത്രമേ പാശ്ചാത്യ രാജ്യങ്ങളിൽ പണി എടുക്കുന്നവരായുള്ളൂ. തരക്കേടില്ലാത്ത സാമൂഹിക സാമ്പത്തിക ചുറ്റ്പാടുകൾ ആണ് ഇക്കൂട്ടർക്കുള്ളത്. എന്നാൽ ഈ വരുമാനത്തിന്റെ ഒരു വലിയ പങ്ക് വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേക്ക് പോകുന്നത്. ഉല്പാദന മേഖലയിൽ ഈ പണത്തിന്റെ സ്വാധീനം ഇല്ല എന്ന് തന്നെ പറയാം. നാട്ടിലെ സാമൂഹ്യ സാംസ്കാരിക സാമുദായിക മേഖലയിൽ പൊതു പ്രവർത്തനങ്ങൾക്ക് ഇവർ ഉദാരമായി സംഭാനചെയ്യുന്നു.

ഗൾഫിൽ പണിയെടുക്കുന്നവരുടെ സമ്പാദ്യങ്ങൾ കൃഷിയുടേയും വ്യവസായത്തിന്റേയും ഉൽപാദനത്തിന്റേയും മേഖലയിലേക്ക് തിരിച്ച് വിടേണ്ടിയിരിക്കുന്നു. ഗൾഫ് മലയാളികളുടെ സംഭാനയുടെ അടിസ്ഥാനത്തിൽ സാമൂഹിക സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി വമ്പിച്ച വിഭവസമാഹരണത്തിന് സാദ്ധ്യതയുണ്ട്. സംഭാവനകളിലൂടെ മാത്രമല്ല സന്നദ്ധപ്രവർത്തനത്തിലൂടെയും വിഭവസമാഹരണം സാദ്ധ്യമാവണം. കാര്യമായ സന്നദ്ധപ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ല. എന്നാൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നവ:1 ന് പുനരർപ്പണ ദിനത്തിൽ സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ സന്നദ്ധപ്രവർത്തനം ആ പദ്ധതിയുടെ ഉപഭോക്താക്കളുടെ മാത്രമായി ചുരുങ്ങിപോകുന്നു എന്നത് തുടക്കത്തിലേ തിരുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിരവധി സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ സേവനം നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതിൽ ആണ് നമ്മുടെ വിജയം.

**പ്രശ്നങ്ങൾ**

പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തായ്മ.

ഭരണചെലവിന്റെ വർദ്ധനവ്

ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ

പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ.

വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം. സന്നദ്ധപ്രവർത്തനങ്ങളിലെ താൽപര്യക്കുറവ്.

**സാദ്ധ്യതകൾ:**

നികുതി പിരിവ് കാര്യക്ഷമമാക്കൽ. വെട്ടിപ്പ് തടയൽ. പുതിയ സേവനങ്ങൾ നല്കി അവയ്ക്ക് ചാർജ് ഈടാക്കൽ. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ. ഭരണ ചെലവ് കുറയ്ക്കൽ. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ. സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കൽ. വിദ്യാഭ്യാസ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധി സ്വരൂപിക്കൽ. പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കൽ. കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക. ഗ്രാമസഭയിൽ അവതരിപ്പിക്കുക.

സന്നദ്ധസംഘടനകൾക്കുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക. വിഭവ സമാഹാരണത്തിന്റെ ഭാഗമായി 9ാം പദ്ധതിയിൽ ഉൾപ്പെടുത്തി 10,000 തൊഴിൽ ദിനങ്ങൾ പഞ്ചായത്തിൽ സംഭരിക്കാൻ കഴിയണം.

# ഉപസംഹാരം

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ഗ്രാമ സഭകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും, ഈ സ്ഥാപനത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കിയും പ്രായം ചെന്ന നിരവധി കാരണവന്മാരോട് ചോദിച്ചറിഞ്ഞും തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ജനകീയ ആസൂത്രണ പരിപാടിയുടെ മുഖ്യ ലക്ഷ്യം ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുക എന്നതാണ്. നാടിന്റെ വളർച്ച എന്നു പറഞ്ഞാൽ എല്ലാ വിഭാഗം ജനങ്ങളുടേയും സർവ്വതല സ്പർശിയായ വികാസമാണ്. അങ്ങനെയുള്ള നാടിന്റെ വികസനത്തിൽ പങ്കാളിയാകാൻ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ. ആർ. ബാലകൃഷ്ണന് ജില്ലാ പരിശീലകൻ
2. " അബ്ദുൾഖാദർ എ.എം "
3. " എസ്.ഹംസ "
4. " കെ.ജി. രാമകൃഷ്ണൻ മാസ്റ്റർ "
5. " വി.കെ. സിയാദ് "
6. " പി. ഗോപാലകൃഷ്ണൻ "

സഹായിച്ചവർ

അൻവർസാദത്ത്, കെ.ഗോപാലൻ നായർ, വി.കെ. പരമേശ്വരൻനായർ, ഷാജി ജോർജ്(അഗ്രി:ഓഫീസർ), ഡോ:സി.ആർ. മോഹൻദാസ്, ബ്ലോക്ക് ഗ്രാമ പഞ്ചായത്തംഗങ്ങൾ, ശ്രീ. വി. രാമചന്ദ്രൻ(സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്), ശ്രീ.മാത്യു കുരിയാക്കോസ് (യു.ഡി.ക്ലർക്ക്, ഗ്രാമ പഞ്ചായത്ത്), രാജീവൻ എന്നിവർക്കും വിവിധ വകുപ്പു മേധാവികളോടും, ജീവനക്കാരോടും , മറ്റുള്ളവരോടും നന്ദി രേഖപ്പെടുത്തികൊള്ളുന്നു.


എന്ന്,

K.G. രാമകൃഷ്ണൻ മാസ്റ്റർ
(ജ:കൺവീനർ)

അച്ചടി : ജയ്ഹിന്ദ് പ്രിന്റേഴ്സ്, ആലുവ

**അധികാരം ജനങ്ങളിലേയ്ക്ക്**

**ജനകീയാസൂത്രണ പ്രസ്ഥാനം**




# നെടുമ്പാശേരി പഞ്ചായത്ത്

# വികസന റിപ്പോർട്ട്

## നവംബർ 1996


തയ്യാറാക്കിയത്

**പഞ്ചായത്ത് ആസൂത്രണസമിതി**

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്

മേയ്ക്കാട്. പി. ഒ , പിൻ - 683 589

ഫോൺ : (0484) 452331

"അധികാരം ജനങ്ങളിലേക്ക്"

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണപ്രസ്ഥാനം

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

നവംബർ -1996

തയാറാക്കിയത്

പഞ്ചായത്തു വികസനസമിതി
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്
മേയ്ക്കാട് പി.ഒ.
683589
Ph: (0484) 452331

157

# ഒരു വാക്ക്...............

കേരളത്തിൻെറ 9-ാം പഞ്ചവൽസരപദ്ധതി ജനകീയപദ്ധതി ആക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ ജനകീയാസൂത്രണയജ്ഞം നടക്കുന്നത്. ഈയവസരത്തിൽ നെടുമ്പാശ്ശേരി പഞ്ചായത്തിൻെറ ഭാവിയെ സംബന്ധിപ്പിച്ചിടത്തോളം ഏറെ സുപ്രധാനമായ കാലഘട്ടമാണ്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ നിർമ്മിക്കപ്പെടുമെന്നു പറയുന്ന കൊച്ചി അന്താരാഷ്ട്രവിമാനത്താവളം പഞ്ചായത്തിൻെറ ആകൃതിയേയും പ്രകൃതിയേയും സാരമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈയൊരവസ്ഥയിൽ നിന്നുകൊണ്ട് വേണം അടുത്ത പഞ്ചവൽസരപദ്ധതി കാലഘട്ടത്തിലെ പഞ്ചായത്തിൻെറ വികസനത്തിന് രൂപകല്പന ചെയ്യുവാൻ. ഇങ്ങനെയൊരു സന്നിഗ്ദ്ധാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും ജനകീയാസൂത്രണപദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വിവിധ വാർഡുകളിലെ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ജനകീയാവശ്യങ്ങളും നിർദ്ദേശങ്ങളും പ്രാഥമിക-ദ്വിതീയ സ്ഥിതി വിവരക്കണക്കുകളും ചേർത്ത് വായിച്ചും, ചെത്തിമിനുക്കിയുമാണ് ഇവിടെ പഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകളും നാട്ടറിവുകളും, കേട്ടറിവുകളും ആധാരമാക്കി നിർമ്മിച്ചിട്ടുള്ള ഈ രേഖ സമ്പൂർണ്ണമല്ല എന്നതിൽ സംശയമില്ല. എന്നാൽ ജില്ലാ പരിശീലകർ, പ്രാദേശിക പരിശീലകർ,സന്നദ്ധപ്രവർത്തകർ, പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ആശ്രാന്തപരിശ്രമം ഇതിൻെറ പിന്നിലുണ്ട്.

പഞ്ചായത്തിൻെറ വരും വർഷങ്ങളിലെ വികസനത്തിൻെറ ആധാരശിലയായി വർത്തിക്കേണ്ട ഈ രേഖ, ജനകീയാസൂത്രണത്തിൻെറ രണ്ടാംഘട്ടത്തിൻെറ അവസാനം നടക്കുന്ന പഞ്ചായത്ത് വികസനസെമിനാറിൽ പഠിച്ചും, ചർച്ച ചെയ്തും കൂടുതൽ സമ്പുഷ്ടവും പൂർണ്ണവുമാക്കണമെന്ന അഭ്യർത്ഥനയോടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കുമായി സമർപ്പിക്കുന്നു.

എന്ന്

**നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് സമിതി.**

158

# വിഷയവിവരം


| | പേജ് |
|---|---|
| 1. ആമുഖം | 3 |
| 2. കൃഷി, ജലസേചനം | 15 |
| 3. മൃഗപരിപാലനം, മത്സ്യബന്ധനം | 27 |
| 4. വ്യവസായം | 33 |
| 5. വിദ്യാഭ്യാസം | 41 |
| 6. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 53 |
| 7. ഊർജ്ജം, ഗതാഗതം | 61 |
| 8. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | 71 |
| 9. സംസ്ക്കാരം | 79 |
| 10. വനിത | 87 |
| 11. സഹകരണമേഖല | 91 |
| 12. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 97 |
| 13. വിഭവസമാഹരണം | 105 |

# ആമുഖം

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | നെടുമ്പാശ്ശേരി, ചെങ്ങമനാട് വില്ലേജിൻെറ വടക്കുകിഴക്കുഭാഗം |
| ബ്ലോക്ക്പഞ്ചായത്ത് | : | പാറക്കടവ് |
| ബ്ലോക്ക് ഡിവിഷൻ | : | നെടുമ്പാശ്ശേരി, മേയ്ക്കാട് |
| താലൂക്ക് | : | ആലുവ |
| അസംബ്ലി നിയോജകമണ്ഡലം | : | വടക്കേക്കര |
| അതിരുകൾ | : | വടക്ക് : പാറക്കടവ് പഞ്ചായത്ത്, അങ്കമാലി മുൻസിപ്പാലിറ്റി |
| കിഴക്ക് | : | അങ്കമാലി മുൻസിപ്പാലിറ്റി, ശ്രീമൂലനഗരം |
| പടിഞ്ഞാറ് | : | പാറക്കടവ് പഞ്ചായത്ത് |
| തെക്ക് | : | ചെങ്ങമനാട് പഞ്ചായത്ത് |
| വിസ്തീർണ്ണം | : | 23.14 സ്ക്വയർ കിലോമീറ്റർ |
| ജനസംഖ്യ | : | 28316 (1991 സെൻസസ്സ്) |
| വാർഡുകൾ | : | 12 |
| പ്രസിഡൻറ് | : | ശ്രീ. തമ്പിപോൾ |
| വൈ. പ്രസിഡൻറ് | : | ശ്രീമതി ആനിതോമസ് |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. ടി. കെ. ശങ്കരൻ |
| സെക്രട്ടറി | : | ശ്രീ. കെ. പി. ഗംഗാധരൻ |
| മറ്റു പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീമാൻമാർ. ബി. ടി ആൻറണി, സി. വൈ. ശാബോർ, പി. വൈ. വർഗ്ഗീസ്, കെ. കെ. അച്ചു, വിൻസൻറ് ജോസഫ്, എ. തങ്കപ്പൻ, ശ്രീമതിമാർ. അന്നമ്മ ബേബി, പി.ടി. കുഞ്ഞുമോൾ, രാജേശ്വരി സുഗതൻ |
| പാർലമെൻറ് അംഗം | : | ശ്രീ. പി. സി. ചാക്കോ |
| നിയമസഭാ അംഗം | : | ശ്രീ. എസ്. ശർമ |
| ജില്ലാ പഞ്ചായത്ത് അംഗം | : | ശ്രീ. പി. പി. പൗലോസ് മാസ്റ്റർ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. പി. കെ. ഇട്ടൂപ്പ്, ശ്രീമതി ആർ. വൽസല |

**ആമുഖം**

കേരളത്തിൻെറ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാരും, സംസ്ഥാനാസൂത്രണബോർഡും ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുകയാണ്. ആസൂത്രണപ്രക്രിയയിൽ ഒരു പുതുയുഗപ്പിറവി കുറിക്കുന്ന ജനകീയാസൂത്രണപരിപാടി അധികാരവികേന്ദ്രീകരണത്തിലേക്കുള്ള ഒരു സുപ്രധാനചുവടുവയ്പ്പാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹികപ്രക്രിയയാണ് വികസനം. കേരളത്തിൻെറ ഉയർന്ന ജീവിതഗുണമേന്മ കേരള മോഡൽ വികസനമെന്ന ഒരു സമസ്യയായിത്തന്നെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ചർച്ച ചെയ്യപ്പെടുകയാണ്.

**ഉയർന്ന ജീവിതഗുണമേന്മയ്ക്കുള്ള കാരണങ്ങൾ:**

1. പൊതുവിദ്യാഭ്യാസം, പൊതു ആരോഗ്യം, പൊതുവിതരണം എന്നിവ സാർവ്വത്രികമാക്കിയതാണ് ഈ നേട്ടങ്ങൾക്കു പ്രധാനകാരണം. സാർവ്വത്രിക സാക്ഷരതയിലേക്കും, താഴ്ന്ന ശിശുമരണനിരക്കിലേക്കും, ഉയർന്ന ജീവിതദൈർഘ്യത്തിലേക്കും അതു നയിച്ചു.

2. ഭൂപരിഷ്കരണം, സമ്പത്തിൻെറ വിതരണം കൂടുതൽ നീതിപൂർവ്വകമാക്കിത്തീർത്തു.

3. ദേശീയപ്രസ്ഥാനത്തിൻെറ തുടർച്ചയായി രൂപം കൊണ്ട ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ, പ്രത്യേകിച്ച് നാട്ടിൻപുറങ്ങളിലെ അസംഘടിത തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിൽ വിജയിച്ചു.

161

**നാം നേരിടുന്ന വെല്ലുവിളികൾ :**

കേരളത്തിൻെറ സമ്പത്തുല്പാദനമേഖല വളരെ ദുർബലമാണ്. കേരളത്തിൻെറ ആളോഹരി വരുമാനം ദേശീയശരാശരിയേക്കാൾ വളരെ താഴ്ന്നതാണ്. 1995 ൽ ഇന്ത്യാക്കാരൻെറ ശരാശരി പ്രതിശീർഷ ഉല്പാദനം 8237 രൂപയുടേതായിരുന്നപ്പോൾ കേരളീയൻേറത് 6983 രൂപയുടേതായിരുന്നു. കേരളത്തിലെ ഓരോ വിളയുടേയും ഉല്പാദനക്ഷമതയെടുത്ത് പരിശോധിച്ചാൽ അത് ദേശീയശരാശരിയിൽ നിന്ന് വളരെ താഴ്ന്നതാണെന്നു കാണാൻ കഴിയും.

കൂലിയുടേയും മറ്റുല്പാദനച്ചിലവുകളുടേയും വർദ്ധനക്കനുസൃതമായി കാർഷികമേഖലയിലെ ഉല്പാദനക്ഷമത ഉയരാത്തത് കൃഷിയെ അനാകർഷകമാക്കി. വ്യവസായവളർച്ചയുടെ കാര്യത്തിലാണെങ്കിൽ വളരെ തുച്ഛമായ വളർച്ചയേ കേരളത്തിലുണ്ടായിട്ടുള്ളൂ. പരമ്പരാഗതവ്യവസായങ്ങളുടെ പ്രതിസന്ധി മൂർച്ഛിച്ചുവരുന്നു. എന്നാൽ ഇവയ്ക്കു പകരം ആധുനികവ്യവസായങ്ങൾ ഉണ്ടാകുന്നുമില്ല. വൻകിടവ്യവസായങ്ങളുടെ കാര്യത്തിലാണെങ്കിൽ കേന്ദ്രപൊതുമേഖലയുടേയും ദേശീയകുത്തകകളുടേയും നിക്ഷേപം താരതമ്യേന കുറവാണിവിടെ.

വൈദ്യുതിക്ഷാമം നിലവിലുള്ള വ്യവസായങ്ങൾക്കു പോലും ഭീഷണിയായിത്തീർന്നിരിക്കുന്നു. സാമ്പത്തികമേഖലയിൽ ഇടപെടാനുള്ള സംസ്ഥാനസർക്കാരിൻെറ വിഭവശേഷി കുറഞ്ഞുവരികയുമാണ്. സാമൂഹ്യക്ഷേമ ആവർത്തനച്ചിലവുകളുടെ ഭാരം മറ്റേതു സംസ്ഥാനത്തേക്കാളും കൂടുതലാണെന്നതിനാൽ റവന്യൂ കമ്മി വർഷം തോറും വർദ്ധിക്കുന്നു. വികസനത്തിനുവേണ്ടി മിച്ചം വയ്ക്കാനുള്ള തുക കുറഞ്ഞുവരുന്നു. ഇത് കേരളത്തിൻെറ സേവന-ക്ഷേമ പ്രവർത്തനങ്ങളെപ്പോലും പ്രതികൂലമായി ബാധിച്ചിരിക്യുകയാണ്.

സാമ്പത്തികരംഗത്തെ അപകടകരമായ ഈ സ്ഥിതിവിശേഷം പ്രകടമാകാത്തതിന് മുഖ്യ കാരണം ഗൾഫു മലയാളികളിൽ നിന്നുള്ള വൻവരുമാനമാണ്. ഇതിൻെറ ഫലമായി ജനങ്ങളുടെ ഉപഭോഗനിലവാരം ഉയരുകയും സേവനമേഖല അതിവേഗത്തിൽ വളരുകയും ചെയ്തിരിക്കുന്നു. കെട്ടിനിർമ്മാണം, ഉപഭോഗവസ്തുക്കൾ എന്നിവയിലുള്ള അഭിനിവേശം തൃപ്തിപ്പെടുത്തുന്നതിന് വൻതോതിലുള്ള ഇറക്കുമതിയെ ആശ്രയിക്കുന്നതിനാൽ ഗൾഫുവരുമാനത്തിൻെറ ഗുണഫലങ്ങൾ സംസ്ഥാനത്തിൻെറ ഉല്പാദനമേഖലയിലേക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. മാത്രവുമല്ല കേരളത്തിൽ നിന്നു ലഭിക്കുന്ന നിക്ഷേപത്തിൻെറ നാല്പത്തഞ്ച് (45) ശതമാനം മാത്രമാണ് ബാങ്കുകൾ കേരളത്തിനകത്ത് വായ്പയായി അനുവദിക്കുന്നത്. വരുമാനത്തിൻെറ നല്ലൊരു പങ്ക് ബാങ്കുകൾ വഴി സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നു.

സാമ്പത്തികവളർച്ചയ്ക്ക് അനുകൂലഘടകങ്ങളായ ഉല്പന്നങ്ങൾക്കുള്ള വമ്പിച്ച ആഭ്യന്തരഡിമാൻറ്, സാങ്കേതികപരിജ്ഞാനമുള്ള വിദ്യാസമ്പന്നരായ തൊഴിലാളികൾ, വൻതോതിലുള്ള സാമ്പത്തിക വിഭവങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നതിൽ നമ്മുടെ ഉല്പാദനമേഖല പരാജയപ്പെട്ടിരിക്കുന്നു.

ഈ രൂക്ഷമായ സാമ്പത്തികപ്രതിസന്ധി ഒരു സാമൂഹ്യ-രാഷ്ട്രീയ വെല്ലുവിളിയാണ്. ഇതു തുടർന്നാൽ നാനാവിധ ശിഥിലീകരണ, ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളുടെ വിളനിലമായിത്തീരും നമ്മുടെ സംസ്ഥാനം. ഇതിനൊരു പരിഹാരം സാമ്പത്തികമേഖലകളുടെ സ്വാഭാവികവളർച്ചയ്ക്ക് ആക്കം കൂട്ടുന്ന വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നുള്ളതാണ്. അതായത് പ്രഥമമേഖലയിലെ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം മറ്റു അനുബന്ധഘടകങ്ങൾ എന്നിവയുടെ വളർച്ചയിലൂടെ വർദ്ധമാനമായ തോതിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

പ്രഥമമേഖലയുടെ വളർച്ചയുടെ ഫലമായി ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ സംസ്കരിക്കാനുള്ള വ്യാവസായിക സംരംഭങ്ങളും അവയ്ക്കുവേണ്ട പശ്ചാത്തലസൗകര്യങ്ങളും വർദ്ധിപ്പിക്കുക. ഇത്തരം സംരംഭങ്ങൾ കേരളത്തിനു പുറത്തേക്കു പോകുന്നത് തടയുകയും അവരെ ആകർഷിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. അതുവഴി പ്രഥമമേഖലയിൽ ആഗിരണം ചെയ്യാൻ കഴിയാത്ത തൊഴിൽശക്തിയെ ഉപയോഗിക്കാൻ ചെയ്യാൻ കഴിയും. ഇത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിലൊരു പരിധി വരെ സഹായിക്കും.

ഈ രണ്ടു മേഖലകളുടേയും (പ്രഥമ, ദ്വിതീയ) വളർച്ചയുടെ ഫലമായി വളർന്നുവരേണ്ടതും എന്നാൽ ഇന്ന് ശക്തി പ്രാപിച്ചിട്ടുള്ളതുമായ സേവനമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക വഴി ഒന്നും രണ്ടും മേഖലകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും. ഈയൊരു ഒരു വളർച്ചാക്രമം, അതായത് പ്രഥമമേഖലയുടെ വളർച്ച, ദ്വിതീയമേഖലയേയും, പ്രഥമ, ദ്വിതീയ മേഖലകളുടെ വളർച്ച തൃതീയ മേഖലയേയും വികസിപ്പിക്കുന്ന ആസൂത്രിതമായ ഒരു വികസനസംസ്കാരത്തിലൂടെ മാത്രമേ കേരളത്തിൻെറ ഇന്നത്തെ വെല്ലുവിളിയെ നേരിടാൻ കഴിയൂ. ഇതിനായി ഈ മേഖലകളിലെ ആസൂത്രണത്തേയും പദ്ധതി നടത്തിപ്പിനേയും ജനകീയതീരുമാനങ്ങളുമായി ബന്ധിപ്പിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്.

സാമൂഹികതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രവർത്തനത്തിനാണ് ആസൂത്രണം എന്നു പറയുന്നത്. എന്നാൽ നിലവിലുള്ള സമ്പ്രദായമനുസരിച്ച് ആസൂത്രണത്തിലും നടകത്തിപ്പിലും അതിരു കടന്ന കേന്ദ്രീകരണം മൂലം ഓരോ പ്രദേശത്തിൻേറയും ഭൂപ്രകൃതിക്കോ, ജനങ്ങളുടെ ആവശ്യങ്ങൾക്കോ അനുസരിച്ചുള്ള സ്കീമുകളല്ല പദ്ധതികളായി വരുന്നത്. ആസൂത്രണം ഫലത്തിൽ വിവിധവകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത വെറും ഡിപ്പാർട്ടുമെൻറലിസമായി അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. പദ്ധതികളുടെ ആസൂത്രണത്തിലോ നിർവഹണത്തിലോ ജനപങ്കാളിത്തമില്ലാത്തതിനാൽ പദ്ധതിപ്രവർത്തനം ജനങ്ങളിൽ എന്നും അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശിക

വിഭവസമാഹരണസാധ്യതകളെ ഇല്ലാതാക്കുകയും നടത്തിപ്പിൻെറ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യു. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഈ പോരായ്മകൾ പലതും പരിഹരിക്കുവാൻ കഴിയും. ഓരോ പ്രദേശത്തിൻേറയും ഭൂപ്രകൃതിയുടെ സാധ്യതകളേയും, ജനങ്ങളുടെ ആവശ്യങ്ങളേയും കണക്കിലെടുത്തുകൊണ്ട് പദ്ധതികളാവിഷ്കരിക്കുന്നതിന് സാധിക്കുകയും ചെയ്യും.

ശാസ്ത്രീയവും സമഗ്രവുമായ രീതിയിൽ പഞ്ചായത്ത് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്നത് അങ്ങേയറ്റം അഭിലഷണീയമാണെങ്കിലും ഒൻപതാം പദ്ധതിയുടെ രൂപവൽക്കരണത്തിന് ലഭിച്ചിട്ടുള്ള സമയപരിധിക്കുള്ളിലത് പ്രയോഗികമല്ല. ആധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന പ്രക്രിയ കാലവിളംബം കൂടാതെ നടപ്പിലാക്കുവാൻ കണ്ടെത്തിയിട്ടുള്ള ഒരു പ്രായോഗികനടപടിയാണ് ഒൻപതാം പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജനകീയാസൂത്രണപരിപാടി.

**ലക്ഷ്യങ്ങൾ**: ഒൻപതാം പദ്ധതിയുടെ ഏതാണ്ട് 40 ശതമാനം തുകയ്ക്കുള്ള വികസനപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ആസൂത്രണം ചെയ്യുകയും, നടപ്പിലാക്കുകയും വേണമെന്നാണ് സംസ്ഥാനസർക്കാരിൻെറ കാഴ്ചപ്പാട്. മാത്രമല്ല വിവിധ വകുപ്പുകൾ നടപ്പാലാക്കുന്ന പദ്ധതികളിലേക്കും താഴേ നിന്നും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടണം. പഞ്ചായത്ത് സമിതികളുടെ നേതൃത്വത്തിൽ ജനകീയചർച്ചകളുടെ അടിസ്ഥാനത്തിലാവണം ഇതിലേക്കുള്ള മുൻഗണനകൾ നിശ്ചയിക്കേണ്ടത്.

**ഗ്രാമസഭകളുടെ സംഘാടനം**: 73 ഉം 74ഉം ഭരണഘടനാഭേദഗതികൾ പഞ്ചായത്തീരാജ്/ നഗരപാലികാ ഭരണസംവിധാനത്തിന് തുടക്കം കുറിച്ചു. ഈ ഭരണഘടനാഭേദഗതികളനുസരിച്ച് കേരളനിയമസഭ പാസാക്കിയ പഞ്ചായത്ത് മുൻസിപ്പൽ നിയമങ്ങൾ ഓരോ വാർഡിലേയും എല്ലാ വോട്ടർമാരും അംഗങ്ങളായുള്ള ഗ്രാമസഭയ്ക്ക് രൂപം നൽകി. ഈ ഗ്രാമസഭകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് 9-ാം പഞ്ചവൽസരപദ്ധതി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യാൻ സംസ്ഥാന ആസൂത്രണബോർഡ് തീരുമാനിച്ചിട്ടുള്ളത്. ഇതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകളുടെ സംഘാടനം സംബന്ധിച്ച പ്രവർത്തനങ്ങൾ 10. 9. 96 ൽ അങ്കമാലി C.S.A ഹാളിൽ നടന്നു. ജില്ലാപരിശീലകരുടെ ശില്പശാലയോടെ ആരംഭിച്ചു. ജില്ലാ പരിശീലകരായി ശ്രീമാൻമാർ പി. കെ. മത്തായി മാസ്റ്റർ, കെ. കെ. ജോർജ് മാസ്റ്റർ, സുരേഷ് നാരായണൻ, കെ. ജെ. ഐസക്, കെ. കെ. വിജയപ്രകാശ്, വി. സെയ്തു മുഹമ്മദ്, കെ. ടി. ജോയി, വി. ഗംഗാധരൻ, ശ്രീമതി ലതാ ഗീവർഗ്ഗീസ് എന്നിവർ പങ്കെടുത്തു. ജില്ലാ പരിശീലകരുടെ കൺവീനറായി ശ്രീ. കെ. കെ. ജോർജ് മാസ്റ്റർ പ്രവർത്തിക്കുന്നു.

പഞ്ചായത്താഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന സ്വാഗതസംഘ രൂപീകരണയോഗത്തിൽ എല്ലാ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമസഭാ സംഘാടനത്തിനായുള്ള ആസൂത്രണം നടത്തി. 21. 9. 96 ൽ പ്രാദേശികപരിശീലകരുടെ ശില്പശാല നടത്തി. പ്രഥമ, ദ്വിതീയ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണത്തിനു വേണ്ടിയുള്ള ഗ്രൂപ്പുകളെ നിശ്ചയിച്ചു. പഞ്ചായത്ത് ഭരണസമിതിയും ജില്ലാപരിശീലകരും സംയുക്തമായി ഓരോ ഘട്ടത്തിലേയും പ്രവർത്തനത്തിൻെറ പുരോഗതി അവലോകനം ചെയ്തു.

**ഗ്രാമസഭകൾ -ഒരു അവലോകനം**

ജനകീയാസൂത്രണപ്രസ്ഥാനം വിഭാവനം ചെയ്തതനുസരിച്ചുള്ള ഒരു ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായില്ല എന്നത് പ്രത്യേകം പരിശോധിക്കപ്പെടേണ്ട വിഷയമാണ്. പ്രാഥമിക വിശകലനത്തിൽ ഇതിൻെറ പ്രധാനകാരണം പ്രാദേശികമായ ചില പ്രത്യേകതകളും മറ്റു ചില പ്രദേശങ്ങളിൽ അതിൻെറ സംഘാടനത്തിൽ വന്നിട്ടുള്ള പിഴവുകളുമാണെന്നു കാണാം. ഗ്രാമസഭകളിലെ പങ്കാളിത്തം നാം പരിശോധിക്കുമ്പോൾ മറ്റുള്ളവയെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ പങ്കാളിത്തമുണ്ടായത് മൂന്നാം വാർഡിലും ഏറ്റവും കുറവ് പത്താം വാർഡിലുമാണ്. (പട്ടിക 1.1 കാണുക)

പട്ടിക 1.1

ഗ്രാമസഭകളിലെ ജനപങ്കാളിത്തം പട്ടിക 1

| വാർഡ്നമ്പർ | സ്ത്രീകൾ | പുരുഷന്മാർ | ആകെ | സ്ത്രീപങ്കാളിത്തശതമാനം |
|---|---|---|---|---|
| I | 34 | 170 | 204 | 16.66 |
| II | 3 | 110 | 113 | 2.65 |
| III | 41 | 207 | 248 | 16.53 |
| IV | 4 | 79 | 83 | 4.81 |
| V | 60 | 168 | 228 | 26.31 |
| VI | 26 | 215 | 241 | 10.78 |
| VII | 19 | 106 | 125 | 15.20 |
| VIII | 2 | 83 | 85 | 2.35 |
| IX | 69 | 148 | 217 | 31.79 |
| X | 6 | 67 | 73 | 8.21 |
| XI | 11 | 65 | 76 | 14.47 |
| XII | 50 | 160 | 210 | 23.80 |

സ്ത്രീപങ്കാളിത്തം താരതമ്യേന കൂടുതൽ ഉണ്ടായിട്ടുള്ളത് ഒൻപതാം വാർഡിലാണ്. 31.79% . ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ സന്ദേശം എല്ലാ വീടുകളിലും എത്തിക്കണം എന്ന ലക്ഷ്യത്തിൻെറ അടിസ്ഥാനത്തിലാണ് നാം പ്രവർത്തനം നീക്കിയത്. എന്നാൽ അത് പല പ്രദേശങ്ങളിലും വെറും ക്ഷണക്കത്തു കൊടുക്കലായി ചുരുക്കിയത് ഗ്രാമസഭയിലെ ജനപങ്കാളിത്തത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഗ്രാമസഭകളിൽ ജനങ്ങൾ വളരെ ആവേശപൂർവ്വം പങ്കെടുക്കുകയും എന്നാൽ വിഷയഗ്രൂപ്പടിസ്ഥാനത്തിലുള്ള ചർച്ചകളിൽ വെറും ആവശ്യങ്ങളും പരാതികളുമായി ചുരുങ്ങിപ്പോയതും ജനകീയാസൂത്രണത്തിൻെറ യഥാർത്ഥസന്ദേശം ജനങ്ങളിൽ എത്തിയില്ല എന്നതിൻെറ തെളിവാണ്.

ഈ കുറവ് കണ്ടുകൊണ്ടാണ് വികസനസെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ വിളിച്ചുചേർത്തുകൊണ്ട് വാർഡ്തലത്തിൽ വിഷയംഗ്രൂപ്പടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ തീരുമാനിച്ചത്. എന്നാൽ ഇതും പല മേഖലകളിലും വേണ്ടത്ര ഫലപ്രദമായില്ല.

ഈ ഒരു ദൗർബല്യം വിശകലനം ചെയ്യുകൊണ്ടാണ് ജില്ലാപരിശീലകരുടെ രണ്ടാം ഘട്ട പരിശീലനം ഒക്ടോബർ 23, 24, 25 തീയതികളിൽ പൂവത്തുശ്ശേരി YMCA ഹാളിൽ നടന്നത്. പഞ്ചായത്ത് വികസനസെമിനാർ വിജയിപ്പിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ എന്തൊക്കെയായിരിക്കണമെന്നതായിരുന്നു ശില്പശാലയിലെ ക്ലാസുകൾ ഊന്നൽ നൽകിയത്. അതായത് വികസനസെമിനാറിൽ അവതരിപ്പിക്കേണ്ട വികസനറിപ്പോർട്ട് എങ്ങനെ തയ്യാറാക്കണം, വികസനറിപ്പോർട്ടിൽ എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളിക്കണം, അതിൻെറ ഘടന എന്തായിരിക്കണം, പ്രാദേശീകപരിശീലകരുടെ രണ്ടാംഘട്ട ശില്പശാല 3. 11. 96 ൽ നെടുമ്പാശ്ശേരി MAHS ൽ നടത്തി. 28. 10. 96 ൽ വാർഡ് അടിസ്ഥാനത്തിൽ ഭൂപടനിർമ്മാണത്തിനാവശ്യമായ ഭൂപ്രകൃതി, വിളക്രമം, മൺതരം, ജലസ്രോതസ്സ് എന്നീ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഗ്രൂപ്പുകളെ നിശ്ചയിച്ചു പ്രവർത്തനം നടത്തി. 8. 11. 96 ൽ ഉദ്യോഗസ്ഥന്മാരുടേയും പ്രാദേശീക, ജില്ലാ പരിശീലകരുടേയും വാർഡ്മെമ്പർമാരുടേയും സംയുക്തയോഗം വിളിച്ചുചേർത്ത് നടപ്പുപദ്ധതികളെക്കുറിച്ച് അവലോകനം നടത്തി. 10. 11. 96 ൽ നെടുമ്പാശ്ശേരി MAHSൽ വികസനസെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ വിഷയഗ്രൂപ്പടിസ്ഥാനത്തിൽ വിളിച്ചുചേർത്ത് ഗ്രാമസഭാറിപ്പോർട്ടുകൾ ചർച്ച ചെയ്തു ക്രോഡീകരിച്ചു.

ഇതോടൊപ്പം തന്നെ ജനകീയാസൂത്രണപ്രസ്ഥാനവുമായി ബന്ധപ്പെട്ട് സംസ്ഥാനവികസനപ്രക്രിയയിൽ സന്നദ്ധസേവനപ്രവർത്തനങ്ങളുടെ പ്രാധാന്യം വിളിച്ചോതിക്കൊണ്ട് കേരളമൊട്ടുക്കും നവംബർ ഒന്നാം തീയതി ആചരിച്ച പുനർസമർപ്പണദിനത്തിൻെറ ജില്ലാതല ഉദ്ഘാടനം നടന്നത് ഈ പഞ്ചായത്തിലായിരുന്നു. അത്താണിക്കു സമീപം കല്പകനഗർ പ്രദേശത്തെ വെള്ളക്കെട്ടൊഴിവാക്കാനും താഴ്ന്ന പ്രദേശങ്ങളിൽ കൃഷിക്കുപയുക്തമാകുകയും ചെയ്യുന്ന തോട് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ നിരവധി സന്നദ്ധസേവകർ വൃത്തിയാക്കി ഉപയോഗപ്രദമാക്കി. അന്നു രാവിലെ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. പി. കെ. ഇബ്രാഹിം കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ചു വടക്കേക്കര എം. എൽ. എ. ശ്രീ. എസ്. ശർമ ഈ സന്നദ്ധ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

നമ്മുടെ പഞ്ചായത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പല ഗവർമെൻറ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഭൂപ്രകൃതി, ജനപ്രകൃതി, മനുഷ്യനിർമ്മിത ആസ്തികൾ മറ്റു പശ്ചാത്തല, അനുബന്ധസൗകര്യങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അവയുടെ വികസനം ആസൂത്രണം ചെയ്യുന്നതിൽ മുഖ്യപങ്കു വഹിക്കേണ്ടതുമായ ഒരു സ്ഥാപനമാണ് പഞ്ചായത്താഫീസ്. അത് സ്വന്തം കെട്ടിടത്തിൽ കരിയാട് കവലയിൽ നാഷണൽ ഹൈവേയോട് ചേർന്നു പ്രവർത്തിക്കുന്നു. ഈ ഓഫീസിൽ 12 (പന്ത്രണ്ട്) ജീവനക്കാരുണ്ട്. പഞ്ചായത്താഫീസിനോടു തൊട്ടടുത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ഓഫീസാണ് നെടുമ്പാശേരി വില്ലേജാഫീസ്. ഈ പഞ്ചായത്തിലുൾപ്പെട്ട നെടുമ്പാശ്ശേരി വില്ലേജിലെ മുഴുവൻ ഭൂമിയുടേയും സർവ്വേ നമ്പർ അനുസരിച്ചുള്ള ഭൂമിയുടെ വിവരങ്ങളും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും സൂക്ഷിക്കുകയും അതിന്മേൽ നിയന്ത്രണാധികാരം ഉള്ളതുമായ ഒരു പ്രധാനസ്ഥാപനമാണ് നെടുമ്പാശ്ശേരി വില്ലേജാഫീസ്. ജനങ്ങളുമായി നേരിട്ട് ഇടപെടേണ്ട ഈ ഓഫീസിൽ 6 ജീവനക്കാരാണുള്ളത്. ജനങ്ങളുടെ സാമൂഹ്യപ്രവർത്തനവുമായി നേരിട്ടു ബന്ധമുള്ള ഈ ഓഫീസ് അതിൻെറ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിക്കുന്ന ഒരു കലവറകൂടിയാണ്. ജനങ്ങളുടെ വരുമാനം, സാമൂഹ്യസ്ഥിതി എന്നിവ അധികാരമുള്ള ഈ ഓഫീസിൻെറ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ ജൈവസമ്പത്ത്, ജന്തുസമ്പത്ത് എന്നീ ഉല്പാദനമേഖലകളിൽ ഇടപെട്ടുകൊണ്ട് വികസനപ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കുവാൻ കഴിവുള്ള ഒരു സ്ഥാപനമായ കൃഷിഭവൻ അത്താണി കവലയിൽ സ്ഥിതി ചെയ്യുന്നു. കർഷകരുമായി ഉറ്റ ബന്ധം സ്ഥാപിക്കേണ്ട ഈ സ്ഥാപനത്തിൻെറ പ്രവർത്തനം ഇനിയും വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ സാമ്പത്തികതിരിമറിക്കായുള്ള ഇന്നത്തെ അവസ്ഥയിൽ നിന്നും ഭൂമിയെ മോചിപ്പിച്ച് അതിനെ തികച്ചും ഉല്പാദനകേന്ദ്രമായി മാറ്റാൻ കഴിയും.

ഈ പഞ്ചായത്തിലെ ഒരു പ്രദേശമായ കാരക്കാട്ടുകുന്നു കവലയിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രധാനസ്ഥാപനമാണ് പ്രൈമറി ഹെൽത്ത്സെൻറർ. ആരോഗ്യമുള്ള ജനതയാണ് ഒരു പ്രദേശത്തിൻെറ സമ്പത്ത്. മാതൃശിശുസംരക്ഷണം, രോഗപ്രതിരോധപ്രവർത്തനം എന്നീ മേഖലകളിൽ നേരിട്ട് ഇടപെട്ട് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിച്ചു രോഗവിമുക്തമാക്കാൻ കഴിയുന്ന ഈ സ്ഥാപനത്തിന് മറ്റു അഞ്ച്

സബ്സെൻററുകളും ഉണ്ട്. ആരോഗ്യരംഗത്തു മാറാ രോഗങ്ങളുമായി മല്ലിടുന്ന രോഗികളുടെ അത്താണിയാണ്. കാരക്കാട്ടുകുന്നിൽ തന്നെ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രി.

ഈ പഞ്ചായത്തിൻെറ ജീവനാഡിയായി പ്രവർത്തിക്കുന്ന വൈദ്യുതിയുടെ വിതരണം നിയന്ത്രിക്കുന്ന സ്ഥാപനങ്ങളാണ് മൊത്തം അഞ്ച് മേഖലകളായി പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ഓഫീസുകൾ. ഇതിൽ അത്താണി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥിതി ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലാണ്. 66 KV അങ്കമാലി സബ്സ്റ്റേഷൻ നമ്മുടെ പഞ്ചായത്തിലാണ്. നമ്മുടെ ജന്തു സമ്പത്തിൻെറ പരിപാലനവും ആരോഗ്യസംരക്ഷണവും നടത്തുന്ന മൃഗാശുപത്രി ഈ പഞ്ചായത്തിലെ മറ്റൊരു സ്ഥാപനമാണ് ഇതിൻെറ ഓഫീസ് മേയ്ക്കാവിലാണ് സ്ഥിതി ചെയ്യുന്നത്. ഇതു കൂടാതെ ഒരു പ്രജനനകേന്ദ്രവും ICDP സബ്സെൻററും ഉണ്ട്. ഇതു നെടുമ്പാശ്ശേരിയിലാണ് സ്ഥിതി ചെയ്യുന്നത്.

### ചരിത്രപശ്ചാത്തലം

അടുത്തകാലത്തായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണപ്രദേശം എന്ന നിലയിൽ, നെടുമ്പാശ്ശേരി അന്താരാഷ്ട്രതലത്തിൽ തന്നെ പ്രശസ്തി ആർജ്ജിച്ചിട്ടുണ്ട്. എന്നാൽ നെടുമ്പാശ്ശേരി പഞ്ചായത്തിന് അതിൻേറതായ സമ്പന്നമായ ഒരു ചരിത്രപശ്ചാത്തലം കൂടിയുണ്ട്. തിരുവിതാംകൂറിൻേറയും കൊച്ചിയുടേയും അതിർത്തിയിൽ സ്ഥിതി ചെയ്തിരുന്ന ഈ പ്രദേശത്തിൻെറ പേരുതന്നെ സംഘകാലചരിത്രവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അക്കാലത്തും പിന്നീടും പ്രാദേശികഭരണങ്ങൾക്കായി കേരളത്തിലെ വിവിധപ്രദേശങ്ങൾ, നാട്ടുകൂട്ടങ്ങൾ, ചേരികൾ അഥവാ (ശ്ശേരി) കളായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. പതിനെട്ടര "ശ്ശേരി" കൾ വളരെ പ്രസിദ്ധമാണല്ലോ? അതിൽപ്പെട്ടതല്ലെങ്കിലും നെടുമ്പാശ്ശേരി പഞ്ചായത്തിൽ നെടുമ്പാശ്ശേരി, മള്ളുശ്ശേരി, പൊയ്ക്കാട്ടുശ്ശേരി, തുരുത്തിശ്ശേരി, കുന്നിശ്ശേരി, വലിയവാപ്പാലശ്ശേരി, ചെറിയവാപ്പാലശ്ശേരി, പറമ്പുശ്ശേരി, മേയ്ക്കാട്, അകപ്പറമ്പ്, ആവണംകോട്, കീഴ്പരിയാരം എന്നീ പ്രദേശങ്ങൾ ഉൾപെടുന്നു. കൂടാതെ കരിയാട്, അത്താണി എന്നീ ചെറു വാണിജ്യകേന്ദ്രങ്ങളും ദേശീയപാതയിൽ സ്ഥിതിചെയ്യുന്നു.

പതിനഞ്ചാം നൂറ്റാണ്ടു മുതലുള്ള നാടുവാഴിത്തകാലഘട്ടത്തിൽ 'മുത്തേരിപ്പാട്' എന്ന സ്ഥാനപ്പേരുള്ള സാമന്തപ്രഭുവിൻെറ കീഴിലുള്ള പ്രദേശമായിരുന്നു ആലങ്ങാട് അല്ലെങ്കിൽ മങ്ങാടു സ്വരൂപം. ആദ്യകാലത്ത് ഈ പ്രദേശം മങ്ങാട്ടുകൈമളുടെ കീഴിലായിരുന്നതുകൊണ്ടാണ് ഇതിന് മങ്ങാടെന്നു പേരു കിട്ടിയത്. ഈ സ്വരൂപത്തിലായിരുന്നു ആലങ്ങാട്, അയിരൂർ, ചെങ്ങമനാട്, കോതകുളങ്ങര, മഞ്ഞപ്ര തുടങ്ങിയ ഗ്രാമങ്ങൾ. ഇവ കിഴക്ക് പെരിയാറിൻെറ തീരവനങ്ങളിലൂടെ മലയാറ്റൂർ വരെ വ്യാപിച്ചുകിടന്നിരുന്നു. ഇതിൽ ചെങ്ങമനാട് ഗ്രാമത്തിൻെറ കീഴിലായിരുന്നു ഇന്നത്തെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ പ്രദേശങ്ങൾ. ആലങ്ങാട് കൊച്ചിയെ എല്ലായ്പ്പോഴും യുദ്ധങ്ങളിൽ സഹായിച്ചിട്ടുണ്ടെങ്കിലും പിന്നീട് തിരുവിതാംകൂറിൻെറ മേൽക്കോയ്മ അംഗീകരിക്കുകയും 1764 ൽ തിരുവിതാംകൂറിൻെറ ഭാഗമായിത്തീരുകയും ചെയ്തു. ഇതോടെ ഇന്നത്തെ നെടുമ്പാശ്ശേരി പഞ്ചായത്തിലുൾപ്പെട്ട പ്രദേശം സ്വാതന്ത്ര്യലബ്ധിവരെ തിരുവിതാംകൂറിലും തുടർന്നു തിരുക്കൊച്ചിയിലും ഉൾപ്പെട്ട പ്രദേശമായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നത്തെ നെടുമ്പാശ്ശേരി, ചെങ്ങമനാട് പഞ്ചായത്തതിർത്തിയിലെ പ്രദേശങ്ങൾ കൂടിച്ചേർന്ന് ചെങ്ങമനാട് വില്ലേജ് യൂണിയൻ എന്ന പ്രാദേശികഭരണസംവിധാനമായിരുന്നു ഉണ്ടായിരുന്നത്. ആ സംയുക്ത യൂണിയൻെറ പ്രസിഡൻറ് തുരുത്തിശ്ശേരിയിലെ വയലിപ്പറമ്പിൽ ഇട്ടിയവിരയായിരുന്നു. അന്ന് അഞ്ചുരൂപ കരമൊടുക്കുന്നവർക്കു മാത്രമേ പ്രതിനിധിയായി മത്സരിക്കാൻ യോഗ്യതയുണ്ടായിരുന്നുള്ളൂ. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടപ്രതിനിധികളായിരുന്നു പൊയ്ക്കാട്ടുശ്ശേരി കരയിൽ നിന്ന് അമ്പാട്ടു താരു, പട്ടരുമഠത്തിൽ ശ്രീ. ചെറിയ വൈദ്യൻ, മള്ളുശ്ശേരി കരയിൽ നിന്നും ശ്രീ. കാച്ചപ്പിള്ളി കുര്യാക്കോസ്, വാപ്പാലശ്ശേരി കരയിൽ നിന്നും ശ്രീ. കയ്യാല വർഗ്ഗീസ് എന്നിവർ. കൂടാതെ സർക്കാർ പ്രതിനിധിയായി ശ്രീ. പടപ്പമന പരമേശ്വരൻ നമ്പൂതിരിപ്പാടും വില്ലേജ് യൂണിയൻ ഭരണസമിതിയിൽ ഉണ്ടായിരുന്നു.

1953ൽ ചെങ്ങമനാട് വില്ലേജ് യൂണിയൻ രണ്ടായി പിരിഞ്ഞ് നെടുമ്പാശ്ശേരി പഞ്ചായത്ത് നിലവിൽ വന്നു. അങ്ങനെ നിലവിൽ വന്ന ഇന്നത്തെ നെടുമ്പാശ്ശേരി പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറ് പറവൂർ വീട്ടിൽ ശ്രീ. ജി. രാമൻനായരായിരുന്നു. അദ്ദേഹത്തെ കൂടാതെ ശ്രീമാൻമാർ കയ്യാല വർഗ്ഗീസ്, കാച്ചപ്പള്ളി കുര്യാക്കോസ്, തുരുത്തി നമ്പൂതിരി, തറിയത് വൈദ്യൻ, പാപ്പു എന്നിവരും ആദ്യത്തെ ഭരണസമിതിയിൽ അംഗങ്ങളായിരുന്നു. പിന്നീട് നെടുമ്പാശ്ശേരി പഞ്ചായത്തിൻെറ പ്രസിഡൻറുമാരായിരുന്നത് യഥാക്രമം ശ്രീമാൻമാർ ആവണംകോട് മൂത്തമനയ്ക്കൽ എം. എൻ. ഭട്ടതിരിപ്പാട്, പി.വി. കൃഷ്ണൻ, പി. കെ. ഇട്ടൂപ്പ് എന്നിവരായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിലും ഉണ്ടായ സാമൂഹ്യവിപ്ലവപ്രസ്ഥാനങ്ങളുടെ അലയൊലി ഈ പഞ്ചായത്തിലും പ്രതിധ്വനിച്ചു. സവർണ്ണമേധാവിത്തത്തിനെതിരെ ശ്രീനാരായണഗുരു നയിച്ച പ്രസ്ഥാനത്തിലും, ചെറായി സമരത്തിലും ഈ പഞ്ചായത്തിലെ സാമൂഹ്യപ്രവർത്തകരും പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലും തുടർന്ന് ഇടതുപക്ഷപ്രസ്ഥാനങ്ങളിലും സജീവമായി പങ്കെടുത്ത നിരവധി പേർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ഇവരിൽ പ്രധാനി ഇടപ്പള്ളി പോലീസാക്രമണകേസിൽ പ്രതിയായിരുന്ന ശ്രീ. എം. എ. പ്രഭാകരൻപിള്ളയായിരുന്നു. സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്ന പലരും ഇന്നും ഈ പഞ്ചായത്തിൽ ഉണ്ട്. ആവണംകോട് മൂത്തമനയ്ക്കൽ പരമേശ്വരൻ ഭട്ടതിരിപ്പാട്, എം. എൻ. ഭട്ടതിരിപ്പാട് തുടങ്ങിയവരുടെ പ്രവർത്തനമാണ് ഈ പഞ്ചായത്തിലെ പുരോഗമന, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. കേരളത്തിലെ സ്മാർത്തവിചാരത്തിൻെറ അധിപനായിരിക്കാനുള്ള അവകാശമുണ്ടായിരുന്ന

മൂത്തമന ഇല്ലത്തു തന്നെ ഇത് സംഭവിച്ചത് വിരോധാഭാസമായിത്തോന്നാം. എന്നാൽ ഇവരുടെ പിതാവും സംസ്കൃതപണ്ഡിതനുമായിരുന്ന ശ്രീ. മൂത്തമന നാരായണൻ ഭട്ടതിരിപ്പാട് വിദ്യാഭ്യാസപ്രചരണപ്രവർത്തനങ്ങളിൽ സജീവമായി പങ്കു വഹിച്ചത് അവർക്കു പ്രചോദനമായി തീർന്നിട്ടുണ്ടാവാം. തുടർന്ന് കേരളത്തിലെ ഇടതുപക്ഷ, കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളുടെ സ്ഥാപകനേതാക്കളടക്കം പലരുടേയും ഒളിവുസങ്കേതമായിരുന്നത് ഈ പഞ്ചായത്തിലെ ആവണംകോട്ടും, പരിസരപ്രദേശങ്ങളുമായിരുന്നു എന്നത് കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ഈ പഞ്ചായത്തിൽ വേരോടാൻ സഹായകമായിത്തീർന്നു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അടക്കമുള്ളവർക്ക് ഒളിവുസങ്കേതമായിത്തീർന്നത് തിരുവിതാംകൂർ, കൊച്ചി അതിർത്തിയിലുള്ള ആവണംകോട് പ്രദേശമായിരുന്നു. അന്നത്തെ ബ്രിട്ടീഷ് സർക്കാരിന്റെ കീഴിലായിരുന്ന റെയിൽമാർഗ്ഗം വേഷപ്രച്ഛന്നനായും അല്ലാതെയും സഞ്ചരിച്ച ഇ.എം.എസിനെ അറസ്റ്റു ചെയ്യാൻ കൊച്ചി പോലീസിനോ, തിരുവിതാംകൂർ പോലീസിനോ കഴിഞ്ഞിരുന്നില്ല. കൂർമ്പൻ തൊപ്പി ധരിച്ചും, കർഷകതൊഴിലാളി വേഷത്തിലും, വേഷം മാറി നിരവധി വട്ടം പോലീസിനെ കബളിപ്പിച്ച് ഈ നേതാക്കന്മാർ നമ്മുടെ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനം പുരോഗമന ഇടതുപക്ഷപ്രവർത്തനത്തിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഓരേടാണ്. കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായ ശ്രീ. പി. കൃഷ്ണപിള്ള, ടി. വി. തോമസ്. എ.കെ.ജി. എന്നിവരുടേയും കോൺഗ്രസ് നേതാവായിരുന്ന ശ്രീ. ആർ. ശങ്കറിന്റേയും ഒളിവു പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിട്ടുണ്ട്. തിരുക്കൊച്ചി നിയമസഭയിൽ മുകുന്ദപുരം മണ്ഡലത്തെ പ്രതിനിധീകരിച്ച ശ്രീ. പി. ഒ. തോമസ് ഈ പഞ്ചായത്തിലെ മള്ളുശ്ശേരി ദേശക്കാരനായിരുന്നു. കോൺഗ്രസ് നേതാവും നിയമസഭാ സാമാജികൻ, മന്ത്രി, സ്പീക്കർ, എന്നീ നിലകളിൽ പ്രവർത്തിച്ച ശ്രീ. പി. പി. തങ്കച്ചൻ ജനിച്ചുവളർന്നത് ഈ പഞ്ചായത്തിലെ കീഴ്പരിയാരം പ്രദേശത്തായിരുന്നു.

**ട്രേഡ് യൂണിയനുകളുടെ വളർച്ച :**

ഇടതുപക്ഷപ്രസ്ഥാനങ്ങളുടേയും ട്രേഡ് യൂണിയനുകളുടേയും വളർച്ചയുടെ ഫലമായി മുൻപ് ജാതി വിരുദ്ധ പ്രസ്ഥാനങ്ങൾ ജാതീയമായി മാത്രം സംഘടിപ്പിച്ചതിനു പകരം വർഗ്ഗപരമായി സംഘടിപ്പിക്കുന്നതിനും ജാതിവിരുദ്ധപ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും കാരണമായി. ചുരുക്കത്തിൽ തൊഴിലാളി, കർഷക, കർഷകതൊഴിലാളി സമരങ്ങൾ ജാതിക്കും സാമൂഹ്യഅനാചാരങ്ങൾക്കും എതിരായ പ്രക്ഷോഭങ്ങളായും മാറി. ഇതോടൊപ്പം ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഉയർന്ന ജാതികളിലുണ്ടാക്കിയ സ്വാധീനം ഈ സാമൂഹ്യമാറ്റം, കുറെക്കൂടി എല്ലാ ജാതികളിലേയും ഉൽപതിഷ്ണുക്കളുടെ പങ്കാളിത്തത്തോടും സാമൂഹ്യസംഘർഷം കുറച്ചുകൊണ്ടും നേടിയെടുക്കാൻ കഴിഞ്ഞു.

കർഷക -കർഷകതൊഴിലാളികളുടെ നിരവധി സമരങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കൃഷിഭൂമിക്കുവേണ്ടിയും, മര്യാദകൂലിക്കുവേണ്ടിയും, കിടപ്പാടത്തിനുവേണ്ടിയും ആവണംകോട്, മേയ്ക്കാട് പ്രദേശങ്ങളിൽ നടന്ന സമരങ്ങൾ ശ്രദ്ധേയങ്ങളായിരുന്നു. കീഴ്പെരിയാരം പ്രദേശത്തെ (1977 ഒക്ടോബറിലെ) സമരം വെടിവയ്പ്പിൽ വരെ ചെന്നെത്തുകയുണ്ടായി. വ്യവസായ, നിർമ്മാണ, സേവനമേഖലകളിലെ സംഘടിതരും, അസംഘടിതരുമായ തൊഴിലാളികളുടെ നിരവധി സമരങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ, കേരളാ ലാംപ്സ് ലിമിറ്റഡ്, കേരള ആയുർവേദ ഫാർമസി, ബോംബെ ഓയിൽസ് തുടങ്ങിയ ഇടത്തരം കമ്പനികളിലും ഓട് നിർമ്മാണ കമ്പനികൾ, ഇഷ്ടിക -വയർക്കട്ട നിർമ്മാണക്കളങ്ങൾ, കയറ്റിറക്ക് മേഖല എന്നിവയിലും ട്രേഡ് യൂണിയനുകൾ ഇന്നും ശക്തമാണ്.

**ഭൂമിയുടെ ഉടമസ്ഥത:**

കേരള ഭൂപരിഷ്കരണ നിയമത്തിന്റെ നിയമപ്രാബല്യത്തോടെയാണ് ഭൂമിയുടെ ഉടമസ്ഥതയിൽ ഗണ്യമായ മാറ്റം വന്നത്. അമ്പതുകളിൽ കൈവിരലിലെണ്ണാവുന്ന ദേവസ്വങ്ങളുടേയും ഒരു ഡസനിൽ താഴെ മാത്രം ഭൂപ്രഭുക്കന്മാർമാരുടേയും ഉടമസ്ഥതയിലായിരുന്നു ഈ പഞ്ചായത്തിലെ മുഴുവൻ ഭൂമിയും. വില്ലേജ് രേഖപ്രകാരം ഈ പഞ്ചായത്തിലെ 90 ശതമാനം പേർക്കും കുടികിടപ്പ് പട്ടയാവകാശം ലഭ്യമായത് ഭൂപരിഷ്കരണനിയമങ്ങളുടെ നിയമപ്രാബല്യത്തിനു ശേഷമാണ്. എന്നാൽ അൻപതുകളുടെ അവസാനം തുടങ്ങിവച്ച ഭൂപരിഷ്കരണ നിയമ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയമസാധുത ലഭിക്കാൻ 1970 വരെ കാത്തിരിക്കേണ്ടിവന്നത് ചുരുക്കം ചില പ്രഭുക്കന്മാർക്ക് ഭൂമി തങ്ങളുടെ ആശ്രിതരുടെ പേരിൽ സ്വന്തമാക്കാനോ, വിറ്റ് ധനമാക്കാനോ കഴിഞ്ഞു. ഇത് തടഞ്ഞു നിർത്തുന്നതിന് രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് ശക്തമായ പ്രവർത്തനങ്ങൾ നടത്തേണ്ടതായി വന്നിട്ടുണ്ട്.

സേവന, പശ്ചാത്തലമേഖലകളിൽ ഗതാഗതം, പാർപ്പിടം എന്നീ രംഗങ്ങളിൽ കഴിഞ്ഞ അമ്പു പതിറ്റാണ്ട് വമ്പിച്ച മാറ്റം വരുത്തിയിട്ടുണ്ട്. നാഷണൽ ഹൈവേ 47 ഉം, ഷൊർണ്ണൂർ-എർണാകുളം റെയിൽവേ ലയിനും നമ്മുടെ പശ്ചാത്തല മേഖലയ്ക്ക് ഒരു മുതൽകൂട്ട് തന്നെയാണ്. നിരവധി റോഡുകൾ നിർമ്മിക്കുകയും ടാർചെയ്യുകയും ചെയ്തത് ഗതാഗതത്തിന് വളരെയേറെ പ്രയോജനം ചെയ്തിട്ടുണ്ട്. 1972 ൽ പ്രസദ്ധീകരിച്ച ജില്ലാ മാന്വലിൽ, നമ്മുടെ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്കായുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകളിൽ എന്തെങ്കിലും പ്രവർത്തനം നടന്നിട്ടുള്ളത് ഈ രംഗത്താണെന്നത് ശ്രദ്ധേയമാണ്. ഇതൊക്കെയാണെങ്കിലും എത്തിപ്പെടാൻ പൊതുഗതാഗത മാർഗങ്ങളില്ലാത്തത് യാത്രവളരെ ദുഷ്കരമാക്കിയിട്ടുണ്ട് ഇതിനായി ഗ്രാമീണർക്ക് ചിലവേറിയ സ്വകാര്യവാഹനങ്ങളേയാണ് ആശ്രയിക്കേണ്ടിവരുന്നത്. പഞ്ചായത്തിലെ എല്ലാവാർഡുകളിലും വൈദ്യുതി എത്തിയില്ലെങ്കിലും കോളനികളടക്കം ചില പ്രദേശങ്ങളിൽ ജനങ്ങൾ ഇരുട്ടിലാണ്.

അശാസ്ത്രീയമായ വൈദ്യുതി ലൈനകളുടെ വിന്യാസമാണ് ഇതിനു കാരണം.

പാർപ്പിട മേഖലയിൽ വലിയ മുന്നേറ്റ മുണ്ടായിട്ടുണ്ടെങ്കിലും കോളനികളിലെ വീടുകളുടെ അവസ്ഥ ശോചനീയമാണ്. സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട് ഉള്ള വീടുകളിൽ ചുരുക്കം ചില ഓലമേഞ്ഞവ ഒഴിച്ചാൽ ഓടിട്ടതോ, ടെറസ് കെട്ടിടങ്ങളോ ആണ് ബാക്കിയുള്ളവ.

വിദ്യാഭ്യാസം : മലയാളകാവ്യ നഭസ്സിൽ വെള്ളിവെളിച്ചം തൂകി പ്രശോഭിച്ച ശ്രീ. ജി. ശങ്കരകുറുപ്പ്, ഹരിശ്രീകുറിച്ചത് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ അകപ്പറമ്പ് ലോവർ പ്രൈമറി ബോയിസ് സ്ക്കൂളിലായിരുന്നു. എന്നത് നമുക്ക് ഏറെ അഭിമാനം പകരുന്ന ചരിത്രശകലമാണ്. ചരിത്രമുറങ്ങുന്ന ഈ വിദ്യാലയം 1893ൽ അകപ്പറമ്പ് യാക്കോബായ പള്ളിവകസ്ഥലത്ത് സ്ഥാപിതമായത്. ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിൽ ശ്രീ വയലപ്പറമ്പിൽ വർഗീസ്സാറിന്റെ പങ്കിനെ നാം കൃതജ്ഞതയോടെ സ്മരിക്കേണ്ടതുണ്ട് · തുടർന്ന് അതിന്റെ മനേജരായി വന്ന നിതാന്ത വന്ദ്യ ദിവ്യ ശ്രീ ഗീവർഗീസ് മാർഗ്രഗോറിയസ് മെത്രപ്പോലീത്ത ഈ സക്കൂളിന്റെ വികസനത്തിനായി അക്ഷീണം പ്രവർത്തിച്ചിട്ടുമുണ്ട്. മൂന്ന് പതിറ്റാണ്ടിലധികം ഈ സ്കൂളിനെ വളരെ പ്രശ്സതമായ നിലയിൽ നയിച്ച പ്രധാന അദ്ധ്യാപകൻ റവ: ഫാദർ കെ. വി. തര്യൻ കോർ എപ്പിസ്കോപ്പയുടെയും പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

സമ്പൂർണ്ണ സാക്ഷരതതായജ്ഞം കാര്യമായി നടത്തിയ പഞ്ചായത്ത് എന്ന ബഹുമതിയും നമ്മുടെ പഞ്ചായത്തിനാണ്. പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നു. ശ്രീ പി. കെ. ഇട്ടൂപ്പിന്റെ പ്രവർത്തനം സ്മരണീയമാണ്. ആകെ 2051 നിരക്ഷരർ ഉണ്ടായിരുന്നാ ഈ പഞ്ചായത്തിൽ വളരെ ആവേശകരമായി സാക്ഷരത പ്രവർത്തനം സംഘടിപ്പിച്ചിരുന്നു. പത്തുപേർ അടങ്ങുന്ന പഠിതാക്കൾക്ക് ഒരു ഇൻസട്രക്ടർ എന്ന തോതിൽ, ,സൗകര്യപ്രദമായ വീടുകളിൽ ക്ലാസുകൾ നടത്തിയത് ഒളിമങ്ങാത്ത ഓർമ്മകളായി ഇന്നും നിറഞ്ഞു നിൽക്കുന്നു.

സംസ്ക്കാരം : ഗതകാല ജീവിതം അവശേഷിപ്പിച്ചുപോയ മൂല്യങ്ങളാണ് സംസ്ക്കാരം. സാമ്പത്തിക അടിത്തറയിൽ കെട്ടിപ്പടുക്കുന്ന ഭൗതിക ജീവിതത്തിന്റെ മേൽപുരകൂടിയാണ് സംസ്ക്കാരം എങ്കിൽ ഒരു പ്രദേശത്തിന്റെ സംസ്ക്കാരമെന്നത് അവിടുത്തെ ജനങ്ങളുടെ ജീവിതരീതിയുടെ പ്രതിഫലനമായിരിക്കും. ജീർണ്ണ സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളുടെയും ശാപമായിരുന്നു. ഉൾനാടൻ പ്രദേശങ്ങളിലെ വ്യജമദ്യ കേന്ദ്രങ്ങളായിരുന്നു. ഇത്തരം സാമൂഹ്യവിരുദ്ധ ശക്തികളുടെ വിഹാരകേന്ദ്രങ്ങൾ. യുവശക്തിയെ കർമ്മോത്സുകതയിൽ നിന്നും വ്യതിചലിപ്പിച്ച് സാമൂഹ്യവിരുദ്ധരോ, നിർജ്ജീവരോ ആക്കിമാറ്റുന്നതിനുള്ള കേന്ദ്രങ്ങളായി ഇത്തരം മേഖലകൾ മാറിയത് സാംസ്ക്കാരിക മുന്നേറ്റത്തിന് സംഭാവനചെയ്യാൻ, യഥാസമയത്ത് യുവശക്തികളെ അശക്തരാക്കി തീർത്തു. ഇതിനെ വെല്ലുവിളിച്ചുകൊണ്ടുവേണമായിരുന്നു പലപ്രദേശങ്ങളിലും പുരോഗമനപ്രവർത്തനങ്ങൾക്ക് സംസ്ക്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ. പല പ്രദേശങ്ങളിലും ചെറിയ ക്ലാസുകൾ രൂപം കൊണ്ടെങ്കിലും പലതും സ്വയം പ്രവർത്തനശേഷിയുള്ളവയായിരുന്നില്ല. ഇതിനുകാരണം. യുവാക്കൾ ആകർഷിക്കപ്പെട്ടത് സാംസക്കാരിക പ്രവർത്തനങ്ങൾക്കായിരുന്നു. ഗ്രമോത്സവങ്ങൾ സംഘടിപ്പിക്കുകയും നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയും ചെയ്തിരുന്നു ചെറിയ വാപ്പാലശ്ശേരിയിലെ ഒരു സാംസ്ക്കാരിക കേന്ദ്രമായ നളന്ദ തീവെച്ചു നശിപ്പിച്ച സംഭവം ആ പ്രദേശത്തെ സാംസ്ക്കാരിക പ്രവർത്തകർ ഇന്നും അയവിറക്കുന്നു. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഇത്തരം സംഭവങ്ങൾ പഞ്ചായത്തിലെ പല പ്രദേശങ്ങളിലേയും സംസ്ക്കാരിക പ്രവർത്തകർക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. യുവജനശക്തിയുടെ കർമ്മശേഷിയെ തളച്ചിടുന്ന, നിർജീവമാക്കുന്ന അതുമല്ലെങ്കിൽ അവരെ ശിഥിലീകരണ, വിധ്വംസക പ്രവർത്തനങ്ങളുടെ ആയുധമണിയിക്കുന്ന. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളും വിശിഷ്യ പൈങ്കിളി പ്രസിദ്ധീകരണങ്ങളും സാംസ്ക്കാരിക രംഗത്തെ പുതിയ വെല്ലുവിളിയാണ്.

**ഭാഷാപ്രശ്നങ്ങൾ**

ഈ പഞ്ചായത്തിലെ പ്രധാന വ്യവസായശാലകളായ കാംകോ, കേരള ഫാർമസി, കേരള ഇലക്ട്രക്കൽ ലാംപ് വർക്ക്സ്, കാൻകോർ എക്ട്രാക്ടസ് സമീപപ്രദേശമായ അങ്കമാലി മുൻസിപ്പാൽ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ടെൽക്ക് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾ നല്ലൊരു ശതമാനവും ഈ പഞ്ചായത്തിൽ സ്ഥിരതാമസമാക്കിയവരാണ്. കാസർകോട് മുതൽ പാറശ്ശാല വരെയുള്ള പ്രദേശങ്ങളിൽ ജനിച്ചു വളർന്ന ഇവരുടെ അംഗസംഖ്യ നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ ഒരു ഗണ്യമായ ഭാഗം വരും. താരതമ്യേന വിദ്യാസമ്പന്നരായ ഇവരുടെ സങ്കലനം ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക, സാമൂഹ്യ, ജീവിതത്തിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. വിവിധ പ്രദേശങ്ങളിലെ ജനങ്ങളുടെ സംസാര ഭാഷാശൈലി ക്രമേണ അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. തികഞ്ഞ വള്ളുവനാടൻ ശൈലി മുതൽ അക്ഷരലോപംകൊണ്ട് പിശുക്കിയ ഉത്തര മലബാർ ശൈലിവരെ ഇന്ന് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രിയങ്കരങ്ങളാണ്. ആയുർവേദ വിദ്യാഭ്യാസ ചികിൽസാരംഗത്ത് അഷ്ടവൈദ്യൻ പടമറ്റം തിരുമേനി, മന:ശാസ്ത്രചികത്സാ രംഗത്ത് റവ: ഫാ: മങ്ങാട്ടുംപിള്ളി അലക്സാണ്ടർ കോർ എപ്പിസ്കോപ്പാ എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടതാണ്. മേയ്ക്കാട് പട്ടരുമഠം കോട്ടയ്ക്കൽ കുടുംബക്കാർ തലമുറകളായി ആയുർവേദചികിത്സാ രംഗത്ത് നൽകിവരുന്ന സേവനം പ്രസിദ്ധമാണ്. ഇതൊക്കെയാണെങ്കിലും അലോപ്പതി ചികിത്സാരംഗത്ത് ഈ പഞ്ചായത്തിനു കൈപ്ര, ശ്രീമൂലനഗരം സർക്കാർ ആശുപത്രിയും, അങ്കമാലി സർക്കാർ ആശുപത്രിയുമായിരുന്നു. ഈ പഞ്ചായത്തിലെ സാധാരണക്കാരുടെ ആശ്രയകേന്ദ്രങ്ങൾ. ഇന്നാകട്ടെ നാല് അലോപ്പതി ആശുപത്രികൾ, ഒരു പ്രൈമറി ഹെൽത്ത് സെൻറർ, അഞ്ച് സബ് സെൻററുകൾ, അഞ്ച് ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ, നിരവധി ഹോമിയോ, അലോപ്പതി ഡോക്ടർമാരുടെ

സേവനം എന്നിവ ഈ പഞ്ചായത്തിൽ ലഭ്യമാണ്.

## പുരാതന ദേവാലയങ്ങൾ

ഈ പഞ്ചായത്തിൽ നിരവധി ദേവാലയങ്ങൾ ഉണ്ട് ഇതിൽ അകപ്പറമ്പ് യാക്കോബായ പള്ളി, കത്തോലിക്കാ പള്ളി, അവണംകോട് സരസ്വതിക്ഷേത്രം എന്നിവ വളരെ പ്രസിദ്ധങ്ങളാണ്. അകപ്പറമ്പ് യാക്കോബായ പള്ളിയുടെ ഭിത്തികളിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് വരച്ച മനോഹരങ്ങളായ ചുവർചിത്രങ്ങൾ കേരളത്തിലെ ചിത്രകലാസ്വാദകർ ശ്രദ്ധയോടെ പഠിച്ചു വരുന്നു. ആവണംകോട് സരസ്വതീക്ഷേത്രസന്നിധിയിൽ കേരളത്തിൻെറ വിവധഭാഗങ്ങളിൽനിന്ന്, വിജയദശമിനാളിൽ അനേകായിരങ്ങൾ അറിവിൻെറ ആദ്യക്ഷരങ്ങൾ കുറിക്കാൻ വന്നുചേരുന്നതും ശ്രദ്ധേയമാണ്.

ഭൂപ്രകൃതിയും വിഭവങ്ങളും : ചെങ്ങമനാട് പാറക്കടവ് പഞ്ചായത്തുകളുടെയും അങ്കമാലി മുനിസിപ്പാലിറ്റിയുടെയും ഇടയിൽ സ്ഥിതിചെയ്യുന്ന 23.14 ചതുശ്ര കിലോമീറ്റർ വിസ്തീർണ്ണമുളള ഈ പഞ്ചായത്തിൽ രണ്ട് ഉയർന്ന കുന്നിൻ പ്രദേശങ്ങളും, കുറച്ച് ചെറിയ ചരിവുകളും ബാക്കി താഴ്‌വരകളുമാണ്. അതുകൊണ്ട് തന്നെ ഈ പഞ്ചാ[illegible] വളരെ കാർഷികപ്രധാന്യമുളളതാണെന്ന് കാണാം കാലാവസ്ഥയാണെങ്കിൽ സാമന്യം നല്ലതോതിൽ മഴലഭ[illegible] മിതശീതോഷ്ണവസ്ഥയാണ്. 1987 മുതൽ 1991 വരെ ലഭിച്ച മഴയെ സംബന്ധിച്ചു പട്ടിക ചുവടെ ചേർക്കു[illegible]

പട്ടിക 1.2

**1987 മുതൽ 1991 വരെ ലഭിച്ച മഴ**

| വർഷം | മഴലഭ്യത (മില്ലിമീറ്റർ) |
|---|---|
| 1987 | 2402 |
| 1988 | 2810 |
| 1989 | 2844 |
| 1990 | 2467 |
| 1991 | 3328 |

മൊത്തം വിസ്തീർണ്ണത്തിൻെറ പത്തുശതമാത്തിൽ താഴെ മാത്രമാണ് കുന്നിൻ പ്രദേശമുളളത്. തീരെ ചെങ്കുത്തായ ചരിവുകൾ ഇല്ലാത്തതിനാൽ വാസയോഗ്യവും, ദീർഘകാലവിളകളായ തെങ്ങ്, സുഗന്ധവിളകൾ, റബ്ബർ എന്നിവയ്ക്ക് യോജിച്ച ഭൂപ്രകൃതിയാണ് ചരിവ് പ്രദേശങ്ങളിലുളളത്. മണ്ണൊലിപ്പിൻെറ കാഠിന്യം പ്രയേണ കുറവാണ്. താഴ്ന്ന സമതലങ്ങളിൽ നെൽകൃഷിക്ക്യോജിച്ച ഭൂപ്രകൃതി.യാണ്. ഈ പഞ്ചയത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ 9,8,11 വാർഡുകളുടെ ഇടയിൽകിടക്കുന്ന തിരുവിലാംകുന്ന് 4-ാം വാർഡിലുളള കാരക്കാട്ട് കുന്നുമാണ്. തൊണ്ണൂറ്റൊമ്പതാമാണ്ടിലെ വെളളപ്പൊക്കത്തിൽ സമീപപദേശങ്ങളിലെ ജനങ്ങൾക്ക് അഭയകേന്ദമാറിയത് തിരുവിലാംകുന്ന് പ്രദേശമായിരുന്നു. കുടിവെളളക്ഷാമംകൊണ്ട് പൊറുതിമുട്ടിയ ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുഷ്കരമാണ്.

ഈ പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറ് മൂലയിലൂടെ കടന്നുപോകുന്ന മാഞ്ഞാലി പുഴ മാത്രമാണ് ഭൂമിയുടെ നീർവാർച്ച നിയന്ത്രിക്കുന്ന പ്രധാന ജല സ്രോതസ്സ്. അതിനാൽ ജലസേചനത്തിനും കുടിവെളളത്തിനും ഈ പ്രദേശം മഴയേയും പെരിയാറിൽ നിന്നുമുളള ജലസേചന കനാലുകളേയുമാണ് പ്രധാനമായി അശ്രയിക്കുന്നത് നൂറിൽപരം കെട്ടുവളളങ്ങളുടെ ഗതാഗതം മാഞ്ഞാലി പുഴയുടെ ഗതകാല സമരണയായി നിലനിൽക്കുന്നു. തുലാവർഷത്തിൻെറ ഏറ്റക്കുറച്ചിലുകൾ ഈ പഞ്ചായത്തിലെ ജലലഭ്യതയെ സാരമായി ബാധിക്കുന്നു. മാഞ്ഞാലി പുഴയിലെ ഓരു വെളള ഭീഷണി കൃഷിക്കാരുടെ മറ്റൊരു തലവേദനയാണ്. ഉയർന്ന പ്രദേശങ്ങളിൽ ചെങ്കൽമണ്ണും, കാഴ്‌വരകളിൽ നെൽകൃഷിക്കുപയുക്തമായ ചെളിമണ്ണുമാണ് ഉളളത്. മട്ടി, കുളപാറ, വിരിപാറ എന്നീ പാളികൾ ഭൂമിക്കടിയിൽ പല സ്ഥലത്തും കാണപ്പെടുന്നു. ഇത് പുരയിട കിണർ നിർമ്മാണത്തെ സാരമായി ബാധിക്കുന്ന പ്രശ്നമായി ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നു.

ഒരോ കരഭൂമിയോടും ചേർന്നുളള വിസ്തൃതമായ പാടശേഖരങ്ങൾ ഒരു കാലത്ത് ഈ പഞ്ചായത്തിൻെറ ഭക്ഷ്യാവശ്യങ്ങൾ നിറവേററുന്നതിന് പര്യാപ്തമായിരുന്നു. ഒരു പൂ കൃഷി മാത്രമായിരുന്നു ഈ പഞ്ചായത്തിൽ ഭൂരിഭാഗം പാടശേഖരങ്ങളിലും നടന്നിരുന്നത്. ജൈവസമ്പുഷ്ടതയും, വർഷകാലത്തൊലിച്ചെത്തുന്ന എക്കലും ചേർന്ന പാടശേഖരങ്ങളിൽ പ്രകൃതിദത്തമായ ഒരു ജൈവാവരണം തന്നെ തീർത്തിരുന്നത് ഒരു സ്മരണമാത്രമായി അവശേഷിക്കുന്നു. പച്ചില, ചാണകം എന്നിവ സുലഭമായിരുന്നതിനാൽ മറ്റ് രാസവളപ്രയോഗങ്ങളുടെ പാരസ്ഥിതികപ്രശ്നങ്ങൾ കർഷകർക്ക് ഉണ്ടായിരുന്നില്ല. ഒററവിള കൊണ്ടുതന്നെ ഈ പ്രദേശത്തെ ജനങ്ങളുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേററപ്പെട്ടിരുന്നു. 'ആയിരപ്പറയ്ക്ക് അരപ്പറകുറവ്' എന്നതായിരുന്നു, ആവണംകോട്, അകപ്പറമ്പ് പാടശേഖരങ്ങളിലെ നെല്ലുല്പാദനുമായി ബന്ധപ്പെട്ട ചൊല്ലുതന്നെ, എന്നാൽ വർഷകാലത്തെ വെളളപ്പൊക്കവും, വേനൽക്കാലവരൾച്ചയും ജനസംഖ്യാ വർദ്ധവിനുആനുപാതികമായ വിളവർദ്ധനവ് അസാദ്ധ്യമാക്കിത്തിർത്തു. ഇത് കൃത്രിമ ജലസേചന പദ്ധതികളെ ആശ്രയിക്കുന്നുതിലേയ്ക്ക് കർഷകരെ പ്രേരിപ്പിച്ചു. എന്നാൽ ഇടക്കാലങ്ങളിൽ അവയുടെ ശരിയായ പ്രവർത്തനമില്ലായ്മയും പ്രകൃതിദത്ത ജൈവസ്രോതസുകളുടെ ശോഷിപ്പും, ഭൂമിയുടെ ഉടമസ്ഥതാ മാറ്റങ്ങളും വിളക്രമത്തെയും വിളയുടെ ഉല്പാദനക്ഷമതയെയും സാരമായി ബാധിച്ചു. കർഷകതൊഴി

ലാളികളുടെ ദൗർലഭ്യവും ഉയർന്ന ജീവിതനിലവാരത്തിനനുസരിച്ചുള്ള കൂലിനിരക്കും, കൃഷിയെ ലാഭകരമല്ലാതാക്കിയിട്ടുണ്ട് കാലങ്ങൾ കുറെ പിന്നിട്ടു. ഇതിനിടയിൽ കൃഷി ഭൂമി കാർഷികേതരാവശ്യത്തിനായി ധാരാളം ഇടപാടുകൾ നടന്നത് കൃഷി ഭൂമിയുടെ ശോഷണത്തിലേയ്ക്കും വിശിഷ്യ നെൽകൃഷി ഗണ്യമായി കുറഞ്ഞു വരുന്നതിലേയ്ക്കും നയിച്ചു. പല നെൽപാടങ്ങളും കൃഷിചെയ്യാതെ തരിശായികിടക്കുന്ന അവസ്ഥയും ഈ പഞ്ചായത്തിൻെറ പ്രത്യേകതയാണ്. അഞ്ചുവർഷം മുൻപുവരെ നാടൻകുത്തരി സുലഭമായി ലഭിച്ചിരുന്നത് ഇന്ന് തീരെ ഇല്ലാതായിരിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രധാന കൃഷി നെൽകൃഷിതന്നെയാണ്. കൂടാതെ തെങ്ങ്, കവുങ്ങ് റബർ, സുഗന്ധ വിളകളായ ഗ്രാമ്പൂ, ജാതി, ഇഞ്ചി, വാഴ മുതലായവയും ധാരാളമുണ്ട്. തെങ്ങിന്റെ രോഗബാധ ഈ പഞ്ചായത്തിലെ തെങ്ങ് കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ അവസ്ഥാവിശേഷം അടുത്തകാലത്തായി മറ്റൊരു ദീർഘകാലവിളയായ റബർ കൃഷിയിലേക്ക് കൃഷിക്കാരെ പ്രേരിപ്പിക്കുന്നുണ്ട്. ഉല്പന്നത്തിൻെറ വിപണനസാദ്ധ്യതയും റബ്ബർ കൃഷിക്കുള്ള സർക്കാർ സഹായവും അതിൻെറ വ്യാപനത്തിന് കാരണമായിട്ടുണ്ട്.

അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിലെ മൂന്ന് പൂ കൃഷിചെയ്യുന്ന പാടശേഖരങ്ങളും വിവിധവിളകൾ നിറഞ്ഞപുരയിടവും ഏറ്റെടുത്തത് ഈ പ്രദേശത്തെ ഭൂമിയുടെ നീർവാർച്ച, ജലസേചനം, കാലാവസ്ഥ എന്നിവയെ സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പരിസരപ്രദേശങ്ങളിലെ ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവിനും കാരണമായിട്ടുണ്ട്. ഇത് കൃഷിഭൂമിയെ വീണ്ടും കാർഷികേതരാവശ്യങ്ങൾക്കായി ഇടപാട് നടത്തുന്നതിലേയ്ക്കും വഴിവെച്ചിരിക്കുകയാണ്.

## ജനപ്രകൃതി

1961 ൽ, 15083 ആയിരുന്ന ഈ പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കനേഷുമാരി കണക്കുപ്രകാരം 28316 അയി ഉയർന്നിട്ടുണ്ട് ഇതിൽ 14180 പുരുഷന്മാരും 14316 സ്ത്രീകളുമാണുള്ളത്. അതായത് സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷൻന്മാർക്ക് 990 സ്ത്രീകൾ എന്ന തോതിലാണ്. നമ്മുടെ സംസ്ഥാനത്തിലെ അനുപാതവുമായി നോക്കുമ്പോൾ ഇത് നേരെ വിപരീതമാണ്, അതായത് ആയിരം പുരുഷന്മാർക്ക് 1040 സ്ത്രീകൾ ആണ് സംസ്ഥാനത്തിൻെറ അനുപാതം. സ്ത്രീജന സംഖ്യാ വീണ്ടും കുറഞ്ഞുവരുന്നതായിട്ടാണ് 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ ബോദ്ധ്യമാവുന്നത്. മൊത്തം 3086 കുട്ടികളിൽ 1593 ആൺകുട്ടികളും 1493 പെൺകുട്ടികളുംമാനുള്ളത്. അതായത് 1000 ആൺകുട്ടികൾക്ക് 937 പെൺകുട്ടികൾ എന്ന അനുപാത്തിൽ പെൺകുട്ടികൾ കുറഞ്ഞുവരുന്നതായി കണക്കുകൾ കാണിക്കുന്നത് ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 14.23 ശതമാനംപേർ പട്ടികജാതി-വർഗ്ഗവിഭാഗത്തിൽപെടുന്നു 4030 പട്ടികജാതി വിഭാഗത്തിൽ പെടുന്ന ജനസംഖ്യയിൽ 1990 പുരുഷന്മാരും 2040 സ്ത്രീകളുമാണ്. അതായത് 1000 പുരുഷന്മാർക്ക് 1020 സ്ത്രീകൾ എന്ന നിരക്കിലാണ്. ഇതു വ്യക്തമായും കാണിക്കുന്നത് സ്ത്രീപുരുഷ അനുപാതവ്യതിയാനത്തിനു പ്രധാനകാരണം. ഇതരവിഭാഗങ്ങളിലെ വളർച്ചാ വ്യതിയാനമാണെന്നതാണ്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ 26 പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർ താമസിക്കുന്നുണ്ട്. ഇവർ ഈ പഞ്ചായത്തിനു പുറത്തുനിന്നും ഇവിടെ വന്നു താമസിക്കുന്നവരാണ്. പഞ്ചായത്തിലെ ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ താഴേപട്ടികയിൽ കൊടുക്കുന്നു.

പട്ടിക 1.3

**ജനസംഖ്യാ വിവരങ്ങൾ**

(അവലംബം 1991ലെ സെൻസസ്സ്)

| | ആകെ | പുരുഷന്മാർ | സ്ത്രീകൾ | 1000പുരുഷന്മാർക്ക് |
|---|---|---|---|---|
| കേരളം | 2,90,98,518 | 1,42,88,995 | 1,48,09,523 | 1040 |
| നെടുമ്പാശ്ശേരി പഞ്ചായത്ത് | 28316 | 14180 | 14316 | 960 |
| 6വയസ്സിനു താഴേയുള്ള കുട്ടികൾ | 3086 | 1593 | 1493 | 937 |
| പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ | 4030 | 1990 | 2040 | 1020 |

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ 11744 പുരുഷന്മാരും 10993 സ്ത്രീകളും സാക്ഷരരാണ്. ആറ് വയസ്സിനു താഴെയുള്ള കുട്ടികളെ ഒഴിവാക്കിയാൽ ഈ പഞ്ചായത്തിൻെറ സാക്ഷരത 90.11 ശതമാനമാണ്. പുരുഷ സാക്ഷരത 93.3 ശതമാനവും സ്ത്രീ സാക്ഷരത 86.94 ശതമാനവുമാണ്. പട്ടിക കാണുക

പട്ടിക1.4

**സാക്ഷരതാ ശതമാനം** (അവലംബം 1991ലെ സെൻസസ്സ്)

| | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| ഇന്ത്യ | 63.86 | 39.42 | 52.11 |
| കേരളം | 94.45 | 86.93 | 90.69 |
| നെടുമ്പാശ്ശേരി | 93.30 | 86.94 | 90.11 |

നമ്മുടെ പഞ്ചായത്തിലെ ആകെ തൊഴിലെടുക്കുന്നവരുടെ എണ്ണം 1991ലെ കനേഷുമാരി കണക്കനുസരിച്ച് 9444 പേരാണ്. കൂടാതെ നാമമാത്ര തൊഴിൽ ഉള്ളവരായി 1095 പേരും ഉണ്ട്. 18നും 60 വയസ്സിനുമിടയിലുള്ള 13000 പേരിൽ 9000പേർക്കാണ് തൊഴിലുള്ളത്. അതായത് മൂന്നിലൊന്നുപേർക്കും നാമമാത്രമായ തൊഴിൽ പോലുമില്ലന്നർത്ഥം.

ഇഷ്ടിക നിർമ്മാണം, ഓട് നിർമ്മാണം, വീടുനിർമ്മാണം, കൃഷി തുടങ്ങിയ അസംഘടിതമേഖലകളിൽ അധികവും സ്ത്രീകളാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി കുറവാണെന്നത് സ്ത്രീകളെ ചൂഷണം ചെയ്യുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഗൾഫ് മേഖലയിലും മറ്റു വിദേശരാജ്യങ്ങളിലും ജോലി ചെയ്യുന്നവരുടെ എണ്ണം ഈ പഞ്ചായത്തിൽ കുറവാണ്.

വിദ്യാഭ്യാസപരമായി ഏറെ ഉയർന്നിട്ടുണ്ടെങ്കിലും വനിതകളുടെ സാമൂഹ്യപദവി ഇന്നും പരിതാപകരമാണ്. അതുകൊണ്ടുതന്നെ കുറഞ്ഞ കൂലിക്ക് അന്യായമായി ഇവരെ ചൂഷണം ചെയ്യുന്ന ഈ ഒരവസ്ഥയ്ക്ക് ഇടയാക്കിയിട്ടുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**പാരിസ്ഥിതിക പ്രശ്നങ്ങൾ**

ഈ പഞ്ചായത്തു നേരിടുന്ന ഈ രംഗത്തെ പ്രശ്നങ്ങൾ താഴെ കാണും വിധമാണ്. വിശദവിവരങ്ങൾ അതാതു മേഖലകളുടെ വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- വരാൻ പോകുന്ന വിമാനത്താവളം ഈ പഞ്ചായത്തിൻെറ കൃഷി, ജലസേചനം, ഭൗതിക സാമ്പത്തിക പരിസ്ഥിതികളെ എങ്ങിനെ ബാധിക്കുമെന്ന് കൃത്യമായി പറയാറായിട്ടില്ല.
- കൃഷിഭൂമി താല്ക്കാലിക ലാഭത്തിനുവേണ്ടി മറ്റുമേഖലകൾ ചൂഷണം ചെയ്യുന്നു.
- കുടിവെള്ളം ക്ഷാമം ഈ പഞ്ചായത്തിൻെറ മിക്ക പ്രദേശത്തും ഉണ്ട്. ഇത് വർഷംതോറും രൂക്ഷമായി വരുന്നു.
- ഇവിടെ വായുജന്യ രോഗങ്ങളുടെ അളവ് വളരെ കൂടുതലാണ്.

ഏറെക്കുറെ സമ്പന്നമായ ഇന്നലെകളും സ്വാതന്ത്ര്യലബ്ധിക്കുശേഷം വലിയ തോതിലുള്ള വികസനവും വിശിഷ്യാ സാമൂഹ്യസേവനരംഗത്ത് ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. എന്നാൽ ഇന്നിലേക്ക് എത്തിനിൽക്കുമ്പോൾ ഉല്പാദനമേഖല - അതായത് കൃഷി, വ്യവസായം എന്നിവ മുരടിച്ചു നിൽക്കുകയാണ്. കൃഷിയുടെ ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും മുരടിപ്പ് വ്യക്തമാണ്. പ്രാദേശിക കൂട്ടായ്മപ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ കാര്യമായി നടന്നിട്ടില്ല. അറുപതുകളിലും എഴുപതുകളുടെ തുടക്കത്തിലും ഉണ്ടായതുപോലുള്ള വ്യവസായസംരംഭങ്ങളൊന്നും ഈ പഞ്ചായത്തിൽ പിന്നീട് ഉണ്ടായില്ല. ഇതെല്ലാം തൊഴിൽസാധ്യത കുറയ്ക്കുന്നതിലേക്കു നയിച്ചു. അസംഘടിതമേഖലകളിലേക്ക് തൊഴിലാളികൾ ചേക്കേറി പഞ്ചായത്തിലെ പ്രകൃതിവിഭവങ്ങളെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതിലേക്കും, കൃഷിഭൂമി കുറയുന്നതിലേക്കും, പാരിസ്ഥിതിക അസന്തുലിതാവസ്ഥയിലേക്കും നയിക്കുന്ന സ്ഥിതിവിശേഷം പഞ്ചായത്ത് നേരിടുന്ന ഗൗരവമേറിയ പ്രശ്നമാണ്.

# കൃഷിയും ജലസേചനവും

# കൃഷിയും ജലസേചനവും

പ്രധാനമായും കാർഷികമേഖലയായ ഒരു പഞ്ചായത്താണ് നെടുമ്പാശ്ശേരി. ഇവിടെ ഈ നൂറ്റാണ്ടു പിറക്കുമ്പോൾത്തന്നെ കൃഷി, വിശിഷ്യാ നെൽക്കൃഷി മിക്കവാറും സ്ഥലങ്ങളിൽ വ്യാപകമായിരുന്നു. വളരെ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും തരിശുഭൂമി കുറവായിരുന്നു എന്നുമാത്രമല്ല പുറമ്പോക്കൊഴികെ മിക്കവാറും പ്രദേശങ്ങളിൽ വിവിധയിനം കൃഷി നടത്തിയിരുന്നു. നെൽക്കൃഷിയോടൊപ്പംതന്നെ വാഴ, ചേന, എന്നിവയുടെ കൃഷിയും പരക്കെ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ കാർഷികരംഗത്ത് ത്വരിതഗതിയിലുള്ള മാറ്റങ്ങൾക്കു ഈ പഞ്ചായത്ത് വിധേയമായി. ഓരോ പതിറ്റാണ്ടിലും ഈ മേഖലയിലെ മാറ്റം കുറേയൊക്കെ ബാഹ്യസമ്മർദ്ദം മൂലമായിരുന്നു എന്നും കാണാം.

ജലസേചനത്തിനായി ഈ പഞ്ചായത്തു പ്രദേശം പ്രധാനമായും ആശ്രയിച്ചിരുന്നത് മഴയെത്തന്നെയായിരുന്നു. പ്രസിദ്ധമായ തൊണ്ണൂറ്റിഒമ്പതിലെ വെള്ളപ്പൊക്കം ഈ പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളെ ബാധിച്ചതായി പഴമക്കാർ പറയുന്നു. മഴയെക്കൂടാതെ ഈ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് മാഞ്ഞാലിത്തോടിനേയും തെക്കു കിഴക്കുഭാഗം കുഴുപ്പം തോടിനെയും ആശ്രയിച്ചിരുന്നു. ഇതെല്ലാം വ്യക്തമാക്കുന്നത് കൃഷി പൂർണ്ണമായും കാലാവസ്ഥാവ്യതിയാനത്തെ ആശ്രയിച്ചായിരുന്നു എന്നതാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം അമ്പതുകളുടെ തുടക്കത്തോടെ ഈ പ്രദേശത്തിന്റെ കാർഷികവികസനത്തിൽ വിശിഷ്യാ നെൽക്കൃഷിയുടെ കാര്യത്തിൽ ആധുനികജലസേചനസംവിധാനങ്ങൾ പ്രധാനപങ്കു വഹിക്കാനെത്തി. പെരിയാറിനെ ഉപയോഗിച്ചുകൊണ്ടുള്ള ആലുവ 1, 1A, കാലടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ നെൽക്കൃഷി വ്യാപകമാക്കുകയും മൂന്നു പൂ കൃഷിക്ക് വളരെയേറെ നെൽപാടശേഖരങ്ങൾ ഉപയോഗയോഗ്യമാക്കിത്തീർക്കുകയും ചെയ്തു. എന്നാൽ ഇന്നും ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗം ജലസേചനപദ്ധതികളുടെ ഭാഗമാകാത്തതിനാൽ നെൽക്കൃഷി വേണ്ടത്ര വികസിക്കാത്ത മേഖലയാണ് പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ശുദ്ധജലസ്രോതസ്സുകളാണുള്ളത്. എന്നാൽ വടക്കുപടിഞ്ഞാറു കുറച്ചു ഭാഗം മാത്രം ഓരുജലനിയന്ത്രണം ആവശ്യമായ പ്രദേശമാണ്. അമ്പതുകളിലെ ആസൂത്രിത ജലസേചനപദ്ധതികളുടെ ലഭ്യതയും ഒന്നാം പഞ്ചവൽസരപദ്ധതിയിൽ കൃഷിക്കു നൽകിയ പ്രാമുഖ്യവും ഈ പഞ്ചായത്തിലും കൂടുതൽ പ്രദേശത്തും കൂടുതൽ പ്രാവശ്യവും നെൽക്കൃഷി നടത്താൻ പ്രേരണ നൽകി. ലഭ്യമായ കൂടുതൽ ജലസേചനസൗകര്യം പുരയിടങ്ങളിൽ കൂടുതൽ ഇടവിളകളെടുക്കുവാനും വേനൽക്കാലത്തെ വരൾച്ചക്ക് അറുതി വരുത്താനും ഇടയാക്കി.

അറുപതുകളിൽ ഈ പഞ്ചായത്തിലെ കൃഷി മേഖലയിൽ കാര്യമായ വ്യതിയാനങ്ങളുണ്ടായി. വൈദ്യുതിയുടെ ലഭ്യത ചെറുകിട ജലസേചനപദ്ധതികളെ പ്രോത്സാഹിപ്പിച്ചു. ഒരു പ്രത്യേക പാടശേഖരത്തിനും വീടുകളിൽ തന്നെയും വൈദ്യുതി പമ്പുകളുടെ സഹായത്തോടെ കൂടുതൽ ജലസേചനസൗകര്യം ലഭിച്ചു. സ്വകാര്യപമ്പുസെറ്റുകളുടെ ഉപയോഗം വളരെവേഗം വ്യാപിക്കുകയും ചെയ്തു. ജലവൈദ്യുതപദ്ധതികളെ ആശ്രയിച്ചുള്ള വിദ്യുച്ഛക്തി ഉല്പാദനം മൂലം വളരെ ചുരുങ്ങിയ നിരക്കിൽ കർഷകർക്ക് വൈദ്യുതി എത്താൻ കാരണമായി. ഏലൂരിലെ FACT യെന്ന പൊതുമേഖലാ രാസവളം നിർമ്മാണകമ്പനിയുടെ പ്രചരണവും മറ്റും രാസവളങ്ങളുടെ വ്യാപകമായ ഉപയോഗത്തിന് തുടക്കമിട്ടു. ഇതൊക്കെത്തന്നെ ഈ പഞ്ചായത്തു സ്ഥിതിചെയ്യുന്ന എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ നിന്നും വന്നിരുന്ന പച്ചിലവളങ്ങളുടെ ഉപയോഗം കുറയ്ക്കാനും ഇടയാക്കിയെങ്കിലും തന്നെ നെൽക്കൃഷിയെ കൂടുതൽ വ്യാപകമാക്കാനും പുതിയ നെൽവിത്തുകൾ ഉപയോഗിച്ചുതുടങ്ങാനും സഹായകരമായി. പറമ്പുകളിലെ ജലസേചനസൗകര്യങ്ങൾ വർദ്ധിച്ചതോടെ തെങ്ങ്, വാഴ, പച്ചക്കറികൾ, സുഗന്ധവിളകളായ ജാതി, ഗ്രാമ്പു, കുരുമുളക് എന്നിവയുടെ കൃഷിയും മരച്ചീനി കൃഷിയും വ്യാപകമായി.

ഈ പഞ്ചായത്തിന്റെ കാർഷികപ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് 1965ൽ കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ സംസ്ഥാനപൊതുമേഖലയിൽ പഞ്ചായത്തിലെ അത്താണി കേന്ദ്രമായി പ്രവർത്തിച്ചു തുടങ്ങിയത്. ജാപ്പനീസ് സഹായത്തോടെ പുതിയ കൃഷിരീതികൾ പരീക്ഷിച്ച്, പുതിയ കാർഷിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ നെൽക്കൃഷി ആധുനികവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഇതിനായി തുടക്കത്തിൽ ഒരു കൃഷി ഫാം ഉണ്ടാക്കുകയും ജാപ്പനീസ് വിദഗ്ദ്ധർ ഇവിടെ താമസിച്ച് പരീക്ഷണങ്ങൾ നടത്തുകയുമുണ്ടായി. ഈ സംരംഭം വേണ്ടത്ര വിജയിക്കാതെ പോയതിനാൽ അവിടെ പവർ ടില്ലറുകൾ ഉണ്ടാക്കാനായി കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ സംസ്ഥാന പൊതുമേഖലയിൽ തന്നെ ആരംഭിച്ചു. ഈ ഫാക്ടറി ഉപയോഗിക്കുന്ന സ്ഥലം ഒഴിച്ച് പഴയ കൃഷി ഫാമിന്റെ 17 ഏക്കറിലധികം സ്ഥലം ഇന്നും തരിശായിത്തന്നെ കിടക്കുകയാണ്. തുടർന്ന് കേരള ആഗ്രോ ഇൻഡസ്ട്രീസിന്റെ ഈ പ്രദേശത്തെ പ്രവർത്തനം നാമമാത്രമാക്കിക്കുറയ്ക്കുകയും അതിന്റെ ആസ്ഥാനം തിരുവനന്തപുരത്തേക്കു മാറ്റുകയും ചെയ്തു.

എഴുപതുകളുടെ തുടക്കത്തോടെ ഉണ്ടായ ഭൂപരിഷ്കരണ നിയമങ്ങളുടെ നിയമപ്രാബല്യവും പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും അറുപതുകളുടെ അവസാനത്തിലും എഴുപതുകളുടെ തുടക്കത്തിലും തുടങ്ങിയ ഇടത്തരം വ്യവസായസംരംഭങ്ങളും ഈ പഞ്ചായത്തിലെ കാർഷികമേഖലയിൽ വിശിഷ്യാ വിളക്രമങ്ങളിൽ മാറ്റം വരുത്താൻ ഇടയായി. കൃഷിഭൂമിയുടെ അവകാശം കർഷകനു വന്നതോടെ ഭൂമി തുവാലത്തുണ്ടുകളായി മുറിഞ്ഞുപോയി. വ്യവസായികരംഗത്തെ തൊഴിൽ സാധ്യതകൾ വർദ്ധിച്ചതോടെ കൃഷിയുടെ വ്യാപനം തടഞ്ഞു എന്നു മാത്രമല്ല കുറയ്ക്കുക കൂടി ചെയ്തു.

ചിതറിയ കൃഷിഭൂമിയിൽ കർഷകർ നാമമാത്ര കർഷകരായി മാറി. ഇവരുടെ കാർഷികവരുമാനം തുച്ഛവുമായി. കാർഷികവരുമാനം പ്രധാനവരുമാനമല്ലാതായതോടെ കൃഷിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിൽ ഇക്കൂട്ടരുടെ താല്പര്യവും കുറഞ്ഞു. മറ്റു ജോലികൾ ലഭിച്ചവർക്കു കൃഷിയുടെ പരിപാലനം പോലും വേണ്ടപോലെ ചെയ്യാൻ സമയവും താല്പര്യവുമില്ലാതാക്കി. കർഷകർ തന്നെ തങ്ങളുടെ ഭൂമിയിൽ നിന്ന് അന്യവൽക്കരിക്കപ്പെടുകയും അതു പഞ്ചായത്തിലെ നെൽക്കൃഷിയെ സാരമായി ബാധിക്കുകയും ചെയ്തു.

കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും, വേതനവ്യവസ്ഥയിൽ വന്ന മാറ്റവും കാർഷിക യന്ത്രവൽക്കരണരംഗത്തെ അഭാവവും നെൽക്കൃഷിയുടെ ചുരുങ്ങലിലാണ് കലാശിച്ചത്. പല നെൽപ്പാടങ്ങളും നികത്തി തെങ്ങു വയ്ക്കുകയും, സുഗന്ധവിളകൾ ഇടവിളയായി കൃഷി ചെയ്യാനാരംഭിക്കുകയും ചെയ്തു.

ഇതു കൂടാതെ എഴുപതുകളിൽ നെൽക്കൃഷിയെ തളർത്തിയ മറ്റൊന്ന് അമ്പതുകളിലും അതിനുശേഷവും തുടങ്ങിയ ജലസേചനപദ്ധതികളുടെ തോടുകൾക്കും മറ്റും വേണ്ടത്ര അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം അവ പ്രയോജനരഹിതമായതാണ്. ജലസേചനവകുപ്പിലെ ഉദ്യോഗസ്ഥന്മാരാകട്ടെ സമയാസമയത്തിന് കർഷകർക്കാവശ്യമായ രീതിയിൽ ഷട്ടറിട്ടും, മോട്ടോർ പ്രവർത്തിപ്പിച്ചും ജലം നൽകാൻ തയ്യാറാകാതെ വന്നു. എന്തു ചെയ്യണമെങ്കിലും കർഷകർ നേരിട്ടുപോയി കൈക്കൂലി കൊടുത്തു ചെയ്യിക്കണമെന്നുള്ള അവസ്ഥയിലേക്കു നീങ്ങി. 1971 ൽ ഉണ്ടാക്കിയ ഈ പഞ്ചായത്തിൻെറ മാസ്റ്റർ പ്ലാനിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് നിലവിലുള്ള സ്കീമുകളെ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നതിനും അഞ്ചുവർഷംകൊണ്ട് നടത്തേണ്ട പുതിയ സ്കീമുകളും തയ്യാറാക്കിയെങ്കിലും കാൽ നൂറ്റാണ്ടിനുശേഷവും അതിലൊന്നുപോലും നടപ്പിലായിട്ടില്ല എന്നതാണ് ദുഃഖകരമായ വസ്തുത. എന്നാൽ ഇന്നും ഈ പദ്ധതികളുടെ ഉപയോഗത്തിനായി കർഷകരിൽ നിന്നും വെള്ളക്കരം സ്ഥിരമായി പിരിക്കുന്നതിനായി ഗ്രാമസഭ ചർച്ചകൾ കാണിക്കുന്നു.

ഇതു കൂടാതെ നിലവിലുണ്ടായിരുന്ന കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതുജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യസംവിധാനം ഭൂപരിഷ്കരണനിയമങ്ങളുടെ ആവിർഭാവത്തോടെ ഇല്ലാതെയായി. ഇതും നല്ലൊരു പരിധിവരെ ജലസേചനസൗകര്യങ്ങൾ കുറയ്ക്കുകയും കൃഷിയെ തളർത്തുകയും ചെയ്തു. ഇന്നാകട്ടെ ഇവയിൽ അധികവും സ്വകാര്യവ്യക്തികൾ കയ്യേറി കൈക്കലാക്കുകയും പുരയിടമോ, കൃഷിസ്ഥലമോ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

എൺപതുകളിലും കൃഷിയുടെ കാര്യത്തിൽ, വിശിഷ്യാ നെൽക്കൃഷിയുടെ കാര്യത്തിൽ വളരെ പ്രതികൂലമായ സാഹചര്യങ്ങളാണ് ഉണ്ടായത്. നെൽക്കൃഷിക്കാവശ്യമായ ജലലഭ്യത വീണ്ടും കുറഞ്ഞു. കർഷകതൊഴിലാളികളുടെ ദൗർലഭ്യവും കാർഷികയന്ത്രങ്ങളുടെ അഭാവവും കർഷകത്തൊഴിലാളികളുടെ വേതനനിരക്കിലുണ്ടായ വർദ്ധനവും കൃഷി ചുരുങ്ങുന്നതിന് ഇടയാക്കി. ഇതൊടൊപ്പം തന്നെ ഭവനനിർമ്മാണമേഖലയും കൃഷിയെ സാരമായിത്തന്നെ ബാധിച്ചു. ഈ പഞ്ചായത്തിലും പ്രാന്തപ്രദേശങ്ങളിലുമുണ്ടായ ഫാക്ടറികളിലെ ജീവനക്കാർ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നും ഇവിടെ കുടിയേറിപ്പാർക്കാൻ ഇടയായി. താരതമ്യേന വില കൂടിയ ഉയർന്ന പുരയിടങ്ങളിൽ നിന്നും വില കുറഞ്ഞ നെൽപ്പാടങ്ങളിലേക്ക് ഭവനനിർമ്മാണം വ്യാപിക്കുകയും ചെയ്തു. ഇത് നെൽപ്പാടങ്ങൾ നികത്തി ഭവനനിർമ്മാണം നടത്താൻ കാരണമായി.

കെട്ടിടനിർമ്മാണത്തിനുപയോഗിച്ചിരുന്ന വെട്ടുകല്ലിൻെറ അഭാവം ഈ പ്രദേശത്തും ജില്ലയിലും സംസ്ഥാനത്തും പൊതുവെ വ്യാപകമായി. പകരം ഇഷ്ടിക ഉപയോഗിക്കുക എന്ന നിലവന്നു. ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണ് ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യമായതിനാൽ നെൽപാടങ്ങൾ താഴ്ത്തി മണ്ണെടുത്ത് ഇഷ്ടികനിർമാണം വ്യാപകമായി. കൃഷിയേക്കാൾ ഇതു കൂടുതൽ ലാഭകരമാണെന്നു കണ്ടതോടെ 80 കളിൽ ഈ പ്രവണത അതിവേഗം വികസിച്ചു.

തൊണ്ണൂറുകളുടെ പകുതിയിലും ഈ പ്രവണത നിലനിൽക്കുകയാണ്. ഇത് ഈ പ്രദേശത്തെ ഏതുതരത്തിലുമുള്ള കൃഷിക്ക് യോഗ്യമല്ലാതാക്കിത്തീർക്കുകയും സമീപപ്രദേശങ്ങളിലെ ജലനിരപ്പ് താഴ്ത്തുകയും ചെയ്യും.

വാസ്തവത്തിൽ പരിശോധിച്ചാൽ എഴുപതുകളിൽ തുടങ്ങിയ പ്രശ്നങ്ങൾ നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്നു പരിഹൃതമായിട്ടില്ല എന്നു മാത്രമല്ല കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്

ചെയ്തിട്ടുള്ളത്. പട്ടിക 2-1 ഭൂവുടമസ്ഥതയെ സംബന്ധിച്ച വിവരങ്ങളാണ്.

പട്ടിക 2.1

**ഭൂവുടമസ്ഥതാ വിവരങ്ങൾ**

അവലംബം - കൃഷിഭവൻ രേഖകൾ

| ഭൂവിസ്തീർണ്ണം | ഉടമസ്ഥരുടെ എണ്ണം |
|---|---|
| 1 - 10 സെൻറ് | 3870 |
| 10 - 25 സെൻറ് | 2026 |
| 20 -50 സെൻറ് | 1026 |
| 50 -1 ഏക്കർ | 1444 |
| 1 -2 ഏക്കർ | 452 |
| 2 -5 ഏക്കർ | 328 |
| 5 ഏക്കറിനു മുകളിൽ | 221 |

മേൽ പട്ടിക പരിശോധിച്ചാൽ ഭൂരിഭാഗമാളുകളും നാമമാത്ര കർഷകർ മാത്രമാണ്. പിന്നീട് അപം ചെറുകിട കർഷകനും മൊത്തം കർഷകരിൽ 40%പേർ ഒരേക്കറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. രണ്ടു ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവൻ 1.5% മാത്രമാണ്. പട്ടിക 2-2 നോക്കുക.

പട്ടിക 2.1

**കർഷകരുടെ ഭൂവുടമസ്ഥത**

**അവലംബം കൃഷിഭവൻ രേഖകൾ**

| ഇനം | എണ്ണം |
|---|---|
| നാമമാത്ര കർഷകർ (ഒരു ഹെക്ടാറിൽ താഴെ) | 445 |
| ചെറുകിട കർഷകർ (1.-2 ഹെക്ടാർ) | 629 |
| വൻകിട കർഷകർ (2 ഹെക്ടാറിനു മീതെ) | 16 |

ഇവിടെ വ്യക്തമാവുന്നത് ഭൂമി തുവാലത്തുണ്ടായിത്തന്നെ ഇരിക്കുകയും പ്രാദേശികമായ കൂട്ടായ്മയുടെ അഭാവവുമാണ്. ഇത് ചെറുകിട കർഷകരെ നെൽക്കൃഷിയിൽ നിന്ന് പിൻതിരിപ്പിക്കുകയാണ്. കർഷക തൊഴിലാളികളുടെ ലഭ്യതയും ഗുണനിലവാരവും കൂടുതൽ മോശമാണ്. കാർഷികയന്ത്രങ്ങളുടെ ഉപയോഗം ഒട്ടും തന്നെ വ്യാപകമായിട്ടില്ല. ഏറ്റവും അവസാനമായി ഇപ്പോൾ ഈ പഞ്ചായത്തു പ്രദേശത്ത് നിർമ്മിക്കണമെനു പറയപ്പെടുമെന്ന കൊച്ചി അന്തർദേശീയ വിമാനത്താവളം ഈ പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശത്തെ കൃഷിയുടെ അന്ത്യം കുറിക്കുമെന്നു തന്നെ പറയാം. 9, 11, 12 എന്നീ വാർഡുകളിൽ നിന്നു മാത്രമായി 600ൽ അധികം മുപ്പൂ കൃഷി ചെയ്യുന്ന നെല്ലുകളും തെങ്ങും സുഗന്ധവിളകളും വളരുന്ന പുരയിടങ്ങളും വിമാനത്താവളത്തിനായി എടുത്തു പോകും. കൂടാതെ മുന്നൂറിലധികം കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ നിന്നു മാത്രമായി കുടിയിറങ്ങാൻ പോകുന്നത്. റൺവേക്കും മറ്റുമായി എടുക്കുന്ന ഭൂരിഭാഗം പ്രദേശവും ഒരു പാഴ്ച്ചെടി പോലും മുളക്കാത്ത ഭൂമിയായാണ് മാറുന്നത്. ഇവിടെ നിന്നും കുടിയൊഴിപ്പിക്കുന്നവർ മറ്റിടങ്ങളിലേക്ക് കുടിയേറിപ്പാർക്കണമെന്നതിനാൽ ആ പ്രദേശങ്ങളിലും കൃഷിക്കായി ഭൂമി കുറയുകയും ചെയ്യും. ഇത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കർഷീകരംഗത്ത് ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല.

1970കൾ മുതൽ തുടങ്ങിയ കൃഷിഭൂമിയുടെ ഇണ്ടാകലും കാർഷികമേഖലയിലെ തൊഴിലാളികളുടെ ലഭ്യതക്കുറവും, ജൈവവളലഭ്യതയില്ലാത്തതിനാൽ അമിതമായ രാസവളപ്രയോഗത്തിൻെറ ആവശ്യകതയും ജലസേചനലഭ്യതയുടെ കുറവുമൂലമുള്ള കൃഷി നാശവുമെല്ലാം ഇന്നും നിലനിൽക്കുകയാണ്. സ്ഥിതിവിവരക്കണക്കുകളും ഇതുതന്നെയാണ് കാണിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ 2.3യിൽ നിലവിലുള്ള ഭൂവിനിയോഗത്തെ സംബന്ധിച്ച വിവരങ്ങളാണ്.

പട്ടിക 2.3

## ഭൂവിനിയോഗവിവരങ്ങൾ

**അവലംബം - കൃഷിഭവൻ സ്ഥിതിവിവരക്കണക്കുകൾ**

| വിള | വിസ്തീർണ്ണം (ഹെക്ടർ ഭൂമി) | വിള | വിസ്തീർണ്ണം (ഹെക്ടർ ഭൂമി) |
|---|---|---|---|
| നെല്ല് (Paddy) ഒന്നാം വിള | 827 | മരച്ചീനി (Tapioca) | 50 |
| നെല്ല് (Paddy) രണ്ടാം വിള | 803 | കുരുമുളക് (Pepper) | 50 |
| നെല്ല് (Paddy) മൂന്നാം വിള | 250 | പ്ലാവ് (Jack fruit) | 5 |
| പയറിനങ്ങൾ | 15 | കശുമാവ് ( Cashewnut) | 6 |
| എള്ള് (Gingelly) | 20 | മാവ് (Mango fruit) | 3 |
| പച്ചക്കറികൾ (Vegitable) | 25 | റബ്ബർ (Rubber) | 20 |
| തെങ്ങ് (Coconut) | 982 | കവുങ്ങ് (Arracknut) | 50 |
| വാഴ | 10 | ഇഞ്ചി (Ginger) | 15 |

തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം 982 ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നുണ്ടെങ്കിലും തെങ്ങുകളെല്ലാം മൊത്തം നാശത്തിൻെറ വക്കിലാണ്. വ്യാപകമായ രോഗബാധയും ശരിയായ ജലസേചനത്തിൻെറ ദൗർലഭ്യവുമാണ് ഇതിനു പ്രധാന കാരണം. രോഗലക്ഷണങ്ങൾ കണ്ടാൽത്തന്നെ തെങ്ങു കർഷകന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനോ രോഗപ്രതിരോധനടപടിയിൽ ഉടൻ അവനെ സഹായിക്കാനോ അവശ്യമായ സംവിധാനങ്ങൾ ഒന്നും തന്നെ ഇന്നില്ല. കൂടാതെ തെങ്ങിൻെറ ശുശ്രൂഷ ചെയ്യാനും നാളികേരമിടുന്നതിനും വേണ്ടത്ര തൊഴിലാളികളേയും ലഭ്യമല്ല. ഈ ജോലിയിലുള്ള പ്രകടമായ അപകടസാധ്യതകളും അതിന് ആവശ്യമായ സാമൂഹ്യസുരക്ഷിതത്വസംവിധാനങ്ങളുടെ അഭാവവും ഈ രംഗത്ത് പുതിയ ജോലിക്കാർ കടന്നുവരുന്നതിനെ തടയുകയാണ്. തെങ്ങു കൃഷിയേയും രോഗബാധയേയും സൂചിപ്പിക്കുന്ന കണക്കുകൾ പട്ടിക 2.4 ൽ കൊടുക്കുന്നു.

**പട്ടിക 2.4**

## തെങ്ങിൻെറ രോഗബാധയെ സംബന്ധിച്ച വിവരങ്ങൾ

**അവലംബം കൃഷിഭവൻ രേഖകൾ**

| | |
|---|---|
| ആകെ തെങ്ങുകൾ | 141380 |
| കായ്ക്കാത്ത തെങ്ങുകൾ | 47660 |
| കായ്ക്കുന്ന തെങ്ങുകൾ | 93720 |
| റൂട്ടുവിൺറ്റ് ബാധിച്ച തെങ്ങുകൾ | 30890 |
| ലീഫ് റോട്ടുള്ള തെങ്ങുകൾ | 4126 |
| ഡെറ്റം ബ്ലീഡിങ്ങ് | 607 |
| ബഡ്റൂട്ടുള്ള തെങ്ങുകൾ | 2840 |
| മറ്റു രോഗങ്ങൾ ബാധിച്ചവ | 4230 |
| ആകെ രോഗം ബാധിച്ച തെങ്ങുകൾ | 42693 |

മുപ്പതുശതമാനത്തിലധികം തെങ്ങുകളും പഞ്ചായത്തിൽ രോഗബാധിതമാണെന്നു കാണാം. തെങ്ങു കൃഷി ശാസ്ത്രീയമായല്ല ചെയ്യുന്നതെന്നാണു മറ്റൊരു പ്രശ്നം. ഇത്തരത്തിൽ കൃഷി ചെയ്യുന്ന തെങ്ങിൻതോപ്പുകൾ വളരെ കുറവാണ്. ശരിയായ ജലസേചനം, പരിചരണം എന്നിവ നടക്കുന്നില്ല എന്നതാണു പ്രശ്നം. കേടു വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള തുക തീരെ അപര്യാപ്തവും അശാസ്ത്രീയവുമാണ്. രോഗസംക്രമണം തടയണമെങ്കിൽ മൊത്തത്തിൽ കേടു വന്ന തെങ്ങുകളുടെ നശീകരണവും രോഗപ്രതിരോധപ്രവർത്തനവും ആവശ്യമത്രെ. ഇതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നതിനാൽ ഇത്തരം നശീകരണം വഴി രോഗബാധ തടയാൻ ആവില്ലെന്നു മാത്രമല്ല ചിലവാകുന്ന തുക പാഴിലാവുകയും ചെയ്യാം.

നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ശനിദശ തുടരുകയാണ്. ആകെയുള്ള 2250 ഹെക്ടർ സ്ഥലത്തിൽ 827 ഹെക്ടറിൽ മാത്രമാണ് നെൽക്കൃഷി നടക്കുന്നത്. ഇതുതന്നെ പല പ്രദേശത്തും ഒരു വിള മാത്രമാണെടുക്കുന്നത്. മൂന്നു പൂവ് കൃഷി നടത്തുന്ന ഭൂമി തുലോം തുച്ഛമാണെന്നു കാണാം. നിലവിൽ ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ ചുരുങ്ങിയത് നൂറു ഹെക്ടറോളം നെൽപ്പാടം ഓരോ വർഷവും കാർഷികേതര ആവശ്യങ്ങൾക്കായി മാറി വിനിയോഗിക്കുന്നു എന്ന ദുരവസ്ഥ തുടരുന്നു.

ജനസംഖ്യയിൽ വന്ന വർദ്ധനവാണ് കൃഷിഭൂമിയിൽ ഏറെ സമ്മർദ്ദം ചെലുത്തിയ പ്രധാനഘടകങ്ങളിൽ മറ്റൊന്ന്. കഴിഞ്ഞ 30 വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിലെ ജനസംഖ്യ 15083 ൽ നിന്ന് 28316 ആയി

വർദ്ധിച്ചു. ഇതിൽ കുറെ പേർ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലായി ഈ പഞ്ചായത്തിലും ചുറ്റുപാടുമുള്ള വ്യാവസായിക സ്ഥാപനങ്ങളിലെ ജോലിക്കാരാണ്. താരതമ്യേന വിലകൂടുതലായ പുരയിടങ്ങളിൽ നിന്നും വില കുറഞ്ഞ നെൽപ്പാടങ്ങളിലേക്ക് വീടുകൾ വ്യാപിക്കുന്നത് കൂടിയപ്പോൾ പുതിയ റോഡുകളുടെ എണ്ണവും വർദ്ധിച്ചു. നീർവാഴ്ച കണക്കിലെടുക്കാതെ നിർമ്മിച്ച റോഡുകൾ നിലം നികത്തലിലും നിലവിലുണ്ടായിരുന്ന നീർച്ചാലുകളുടേയും കുളങ്ങളുടേയും തോടുകളുടേയും നാശത്തിൽ കലാശിക്കുകയും പാടശേഖരങ്ങളിൽ വെള്ളക്കെട്ടുകൾ മൂലം കാർഷികോൽപ്പാദനത്തിൻെറ കുറവോ, നാശമോ തന്നെ സംഭവിക്കുകയും ചെയ്യുന്നു.

നെൽക്കൃഷിയുടെ കാര്യത്തിൽ സ്ഥലത്തിൻെറ അളവ് കുറയുന്നതോടൊപ്പം തന്നെ ഉൽപ്പാദനക്ഷമതയിലെ കുറവും വളരെ വ്യക്തമാണ്. കൃഷിഭവൻ രേഖകളിൽനിന്നും കർഷകരുടെ നേരിട്ടുള്ള വിവരണങ്ങളിൽ നിന്നും നെൽക്കൃഷിക്ക് ശരാശരി 15 മുതൽ 18 വരെ വിളവു മാത്രമാണ് ലഭിക്കുന്നത്. ജലസേചനസൗകര്യങ്ങളിലെ കുറവുകൾ നാമമാത്രകർഷകരുടെ താൽപര്യക്കുറവ് എന്നിവയെല്ലാം കാരണമാണ്. ഇത് നെൽക്കൃഷിയെ സംബന്ധിച്ചു മാത്രമല്ല മറ്റു വിളയിനങ്ങളിലും ബാധകമാണ്. വിളയിനങ്ങളും ഉല്പാദനക്ഷമതയും പട്ടിക 2.5 ൽ ചേർത്തിരിക്കുന്നു.

പട്ടിക 2.5
വിളകളും ഉല്പാദനക്ഷമതയും
അവലംബം കൃഷിഭവൻ കണക്കുകൾ

| വിളയിനം | ഉല്പാദനക്ഷമത | വിളയിനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് | 3200 കിലോഗ്രാം/ഹെക്ടർ | വാഴ | 6 കിലോ / വൃക്ഷമൊന്നിന് |
| പയർ | 900 | മരച്ചീനി | 3 |
| എള്ള് | 300 | പ്ലാവ് | 25 |
| പച്ചക്കറികൾ | 700 | കശുമാവ് | 10 |
| ഇഞ്ചി | 2000 | മാവ് | 30 |
| തെങ്ങ് | 50 നാളികേരം / തെങ്ങൊന്നിന് | കവുങ്ങ് | 4 |

തെങ്ങിനെ സംബന്ധിച്ചിടത്തോളം മാവ്, പ്ലാവ് മുതലായവയെപ്പോലെ അശാസ്ത്രീയമായ രീതിയിലാണ് കൃഷി ചെയ്യുന്നത്. മാവ്, പ്ലാവ് എന്നിവയുടെ പരിപാലനം കാർഷികാടിസ്ഥാനത്തിൽ തന്നെ ചെയ്യുന്നില്ല. അതിൽ നിന്നു ലഭിക്കുന്ന ഉല്പാദനങ്ങളുടെ വിപണി ശരിയല്ല എന്നതാണ്. അത്തരം ഒരു രീതിയിലാണ് തെങ്ങിൻെറ കാര്യത്തിലും പല കർഷകരും ഇപ്പോൾ കാണുന്നത്.

കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും ലഭ്യമായവരുടെ തന്നെ ഗുണനിലവാരത്തകർച്ചയുമാണ് കൃഷിയെ ബാധിച്ചിട്ടുള്ള മറ്റൊരു പ്രശ്നം. വിദ്യാഭ്യാസം സാർവ്വത്രികമായതോടെ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും കുടുംബത്തിൽ നിന്നുള്ള യുവാക്കൾ കാർഷികപ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിഞ്ഞു. 1985ലെ കണക്കുപ്രകാരം 1197 പുരുഷന്മാരും 1030 സ്ത്രീകളുമാണ് ഈ പഞ്ചായത്തിലെ കാർഷികമേഖലയിൽ പണിയെടുക്കുന്നത്. എന്നാൽ ഒരു പതിറ്റാണ്ടിനുശേഷം ഇന്ന് ഈ സംഖ്യയിൽ വലിയ കുറവു വന്നിട്ടുണ്ട് എന്നാണ് ഏകദേശക്കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകളുൾപ്പെടെ കാർഷിക തൊഴിൽമേഖലയിൽ പ്രവർത്തിച്ചിരുന്നവർ അതുവിട്ട് കെട്ടിടനിർമ്മാണം, ഇഷ്ടികനിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാൻ തുടങ്ങി. ഇത് കൃഷിയെ കൂടുതൽ രൂക്ഷമായി ബാധിച്ചു. കർഷകത്തൊഴിലാഴികളേക്കാൾ വേതനം കുറവാണെങ്കിൽ പോലും സാമൂഹ്യമാന്യതയുടെ പേരിൽ കൂടിയാണ് ഇത്തരം തൊഴിലുകളെടുക്കുവാൻ തയ്യാറാകുന്നത്. തൊഴിലാളികളുടെ എണ്ണത്തിലെ കുറവ് കർഷകത്തൊഴിലാളികളുടെ കൂലി നിരക്കിൽ വർദ്ധനവുണ്ടാക്കി. ഈ പഞ്ചായത്തിൽ കാർഷികമേഖലയിൽ പുരുഷന് ശരാശരി 100രൂപയും സ്ത്രീകൾക്ക് 60 - 70 രൂപയുമാണ് ദിവസക്കൂലി.

പച്ചക്കറി കൃഷിയെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിലെ വളരെ ചുരുങ്ങിയ പ്രദേശത്തുമാത്രമാണ് കൃഷി നടക്കുന്നത്. ഒരു വർഷം 12 ടണ്ണോളം മാത്രമാണ് പഞ്ചായത്തിലെ പച്ചക്കറിയുൽപ്പാദനം എന്നു കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് ഈ പഞ്ചായത്തിൽ ആവശ്യമായ പച്ചക്കറിയുടെ പത്തുശതമാനത്തിൽ താഴെയാണ്. 90 ശതമാനം പച്ചക്കറികളും പുറത്തുനിന്നും വരികയാണു ചെയ്യുന്നത്. ശരാശരി 12500 രൂപയുടെ പച്ചക്കറിയാണ് ദിനംപ്രതി മറ്റു പ്രദേശങ്ങളിൽ നിന്ന് ഈ പഞ്ചായത്തിലെത്തുന്നത്.

ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ കർഷകരെ ഭൂമി തരിശിടാനോ അല്ലെങ്കിൽ ദീർഘകാല വിളയായ റബർ കൃഷിക്കോ പ്രേരിപ്പിക്കുന്നു. റബ്ബർ കൃഷിരംഗത്ത് ഉല്പന്നങ്ങളുടെ വിലയിടിവ് തടയാനും വമ്പിച്ച സബ്സിഡി നൽകി പ്രത്സാഹിപ്പിക്കാനും സർക്കാരും തയ്യാറാകുന്നതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. ഈ പഞ്ചായത്തിൽ 20 ഹെക്ടർ സ്ഥലത്തു ഇന്നു റബ്ബർ കൃഷി ചെയ്യുന്നുണ്ടെന്ന് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു.

വിവിധഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും, ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടേയും അടിസ്ഥാനത്തിൽ നെടുമ്പാശ്ശേരി പഞ്ചായത്തിലെ കാർഷികരംഗത്തെ പ്രധാനപ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

176

- ഭവനനിർമ്മാണം, ഇഷ്ടികനിർമ്മാണം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളനിർമ്മാണം എന്നിവയ്ക്കായി കൃഷിസ്ഥലങ്ങൾ വ്യാപകമായ രീതിയിൽ നിരത്തിയും മണ്ണെടുത്തും കൃഷിയിടം കുറയ്ക്കുന്നു.
- നാമമാത്രകർഷകർക്ക് അവരുടെ തുണ്ടുഭൂമികളിൽ കൃഷി ലാഭകരമായി നടത്താൻ കഴിയുന്നില്ല.
- കൃഷിജോലി ലാഭകരമല്ലാത്തതിനാൽ കർഷകർ അതു തുടർന്നുനടത്താൻ വിമുഖരാകുന്നു.
- വേണ്ട സമയത്ത് ജലസേചനം ലഭ്യമാകാത്തതും അനാവശ്യ നീർക്കെട്ടും നെൽക്കൃഷിയെ സാരമായി ബാധിക്കുന്നു.
- കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലെന്നു മാത്രമല്ല കിട്ടുന്നവരുടെ സേവനനിലവാരം തൃപ്തികരമല്ല.
- കർഷകത്തൊഴിലാളികളുടെ വേതനനിരക്കുകൾ ഉയർന്നതാണ്.
- മണ്ണു പരിശോധന നടത്തി കൃഷിക്കാർക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്ന സംവിധാനങ്ങൾ തീരെ പ്രവർത്തിക്കുന്നില്ല.
- ജൈവവളങ്ങളുടെ ലഭ്യത കുറവായതിനാൽ രാസവളപ്രയോഗത്തെ കാര്യമായി ആശ്രയിക്കേണ്ടിവരുന്നു. ഇതു മണ്ണിൻെറ ഘടനയെ സാരമായി ബാധിച്ച് മണ്ണിൻെറ ഗുണനിലവാരം കുറയുന്നു.
- കാർഷികയന്ത്രോപകരണങ്ങൾ ആവശ്യമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള അറിവോ, ഉപകരണങ്ങളുടെ ലഭ്യതയോ ഇല്ല.
- കൃഷി മുഖ്യ തൊഴിലായിട്ടുള്ളവരുടെ എണ്ണം കുറയുന്നതിനാൽ കൃഷിയിലുള്ള അവരുടെ താൽപര്യവും കുറയുന്നു.
- കാർഷികസഹകരണസംഘങ്ങളുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ തുലോം അപര്യാപ്തമാണ്.
- തെങ്ങിൻെറ വ്യാപകമായ രോഗബാധ മൂലം തെങ്ങുകൃഷി മൊത്തത്തിൽ നാശത്തിലേക്കു നീങ്ങുകയാണ്.
- നാളികേരത്തിനു ന്യായമായ വില ലഭിക്കുന്നില്ല.
- കാർഷികോല്പന്നങ്ങൾക്കു ന്യായമായ വില കർഷകനു ലഭിക്കുന്നതിനായി സംഭരണത്തിനും, സംസ്കരണത്തിനും വേണ്ട സംവിധാനങ്ങളില്ല.
- കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നൽകുന്ന സബ്സിഡികളും മറ്റു സഹായങ്ങളും കർഷകർക്ക് സമയാസമയങ്ങളിൽ ലഭിക്കുന്നില്ല
- കൃഷിഭവൻെറ പ്രവർത്തനം കാര്യമായ രീതിയിൽ കർഷകർക്കു ലഭിക്കുന്നില്ല.
- ജലസേചനപദ്ധതികൾ വേണ്ടരീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തനരഹിതമായിത്തീർന്ന്- കൃഷിക്കുപയോഗിക്കാൻ കഴിയാതെ വരുന്നു. എന്നല്ലാ കർഷകർ വെള്ളക്കരം അടക്കേണ്ടതായും വരുന്നു.)
- ചെറുകിട ജലസേചനപദ്ധതികൾക്കായി അനുവദിച്ച തുകയുടെ തൊണ്ണൂറു ശതമാനവും ചിലവാക്കിയിട്ടും നിസ്സാരപണികൾ തീർക്കുന്നതിനു വന്നിട്ടുള്ള കാലതാമസം കൊണ്ട് വർഷങ്ങളായി കർഷകർക്ക് ഉപയോഗിക്കാൻ കഴിയാതെ വന്നിരിക്കുന്നു.
- ആധുനിക ജലസേചനാസമ്പ്രദായങ്ങളായ സ്പ്രിംഗ്ളർ ജലസേചനം, കണികജലസേചനം എന്നിവയെ സംബന്ധിച്ച് വേണ്ടത്ര വിവരങ്ങളും അതിനു സർക്കാർ നൽകുന്ന ധനസഹായവും കർഷകരിൽ എത്തിച്ചിട്ടില്ല.
- വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന പുളി, മാവ്, പ്ലാവ് എന്നിവയെ അത്തരത്തിൽ കൃഷി ചെയ്യാതെ തുലോം വിറകിനും, തടിക്കും വേണ്ടിയുള്ള വൃക്ഷങ്ങളായി മാത്രം കാണുന്നു.
- വ്യാവസായികാടിസ്ഥാനത്തിൽ കുറഞ്ഞ സ്ഥലത്ത് കൂടുതൽ ആദായകരമായ കൃഷികൾ തിരഞ്ഞെടുത്തു നടത്തുന്നതിനാവശ്യമായ കാർഷികമാനേജ്മെൻറിൻെറ വിവരങ്ങൾ കർഷകർക്കു ലഭിക്കുന്നില്ല.
- ഈ പഞ്ചായത്തിലെ കാർഷികരംഗത്ത് ഇത്രയേറെ പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിലും ഇതിനെ മറികടക്കുവാൻ പ്രാദേശിക കൂട്ടായ്മ ഉണ്ടാകുന്നില്ല എന്ന സ്ഥിതിയാണ് തുടർന്നു പോരുന്നത്.
- ഔഷധസസ്യകൃഷി നടത്തുന്നതിൽ പഞ്ചായത്തിന് പ്രകടമായ സാധ്യതകൾ ഉണ്ടെങ്കിലും ഈ വഴിക്ക് ഒട്ടും തന്നെ മുന്നേറ്റം ഉണ്ടായിട്ടില്ല.
- കർഷകതൊഴിലാളികളെ വേണ്ടത്ര അറിവുകളും നൽകി സാമൂഹ്യപദവിയും, സുരക്ഷിതത്വവും നൽകി ഈ രംഗത്തേക്ക് കൊണ്ടുവരേണ്ടതിൻെറ ആവശ്യകത കർഷകർക്കു തന്നെ മനസ്സിലായിട്ടില്ല.
- കാർഷികമേഖലയിൽ ഉന്നതപഠനം നടത്തിയിട്ടുള്ള വിദഗ്ദ്ധർ ഈ പഞ്ചായത്തിൽ പൊതുവേ കുറവാണ്.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

മേൽപ്പറഞ്ഞ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ, കൃഷിയുടെ നിലവിലുള്ള ദുരവസ്ഥക്കു പരിഹാരം കണ്ട് വികസിപ്പിക്കുന്നതിനായി വിവിധഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

## പൊതുവായ നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിനു പൊതുവേയും സംസ്ഥാനത്തുതന്നെയും ബാധകമാകുന്ന പൊതുനിർദ്ദേശങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

1. ഈ പഞ്ചായത്തിലെ കാർഷികവികസനത്തിന് വിശിഷ്യാ നെൽക്കൃഷി വികസനത്തിന് ഏറ്റവും വലിയ വിഘാതമായി നിൽക്കുന്നത് നെൽപ്പാടങ്ങൾ കാർഷികേതരാവശ്യങ്ങളായ ഭവനനിർമ്മാണം, ഇഷ്ടികനിർമ്മാണം മുതലായവക്കായി നികത്തുന്നതാണ്. ഇത്തരം ആവശ്യങ്ങൾക്കായി കൃഷിസ്ഥലം ഉപയോഗിക്കുന്നതിനെ യാഥാർത്ഥ്യബോധത്തിൽ ഊന്നിക്കൊണ്ടു നിയന്ത്രിക്കേണ്ടതുണ്ട്.

2. അന്താരാഷ്ട്ര വിമാനത്താവളം പോലെയുള്ള ദീർഘകാലപരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ, ജനസാന്ദ്രത കുറഞ്ഞതും, ഫലപൂയിഷ്ഠവുമായ പാടശേഖരങ്ങളുടെ നാശം ഒഴിവാക്കാവുന്നതുമായ പ്രദേശത്തേയക്ക് മാറ്റേണ്ടതുണ്ട്. കൂടാതെ ഈ പദ്ധതി നടപ്പാക്കുന്നതിനു മുമ്പായി ഇതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതപഠനം (Environmentel Impact Analysis) നടത്തി പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

3. നാമമാത്ര കർഷകരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നത് കൃഷി ലാഭകരമല്ലാത്തതിനാലാണ്. അത് അനിവാര്യമായ കാർഷികമാനേജ്മെൻറിൻെറ അഭാവം, ശാസ്ത്രീയമായ കമ്പോളവികസനത്തിൻെറ കുറവ്, കാർഷികജോലിക്കാവശ്യമായ മനുഷ്യവിഭവത്തിൻെറ ദൗർലഭ്യം എന്നിവ മൂലമാണ്. ഇതു കൃഷിയുടെ നാശത്തിലാണ് ചെന്നുഭവിക്കുക. ഇതിനു പരിഹാരമായി നിർദ്ദേശിക്കാവുന്ന പരിഹാരമാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

- ✦ കാർഷികരംഗത്തെ പ്രാദേശിക കൂട്ടായ്മകൾ വിശിഷ്യാ, മുമ്പ് നെൽക്കൃഷിമേഖലയിൽ നടത്തിയിരുന്ന ഗ്രൂപ്പ്ഫാമിങ്ങ് സമ്പ്രദായം പുനഃസ്ഥാപിക്കുകയും വ്യാപകമാക്കുകയും ചെയ്യുക. കൂടാതെ ഇത് തെങ്ങ്, സുഗന്ധവിളകൾ എന്നീ രംഗങ്ങളിലേക്കും വ്യാപിപ്പിക്കുക. നാമമാത്രകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇത് മൂലം കൃഷിഭാരം കുറയ്ക്കുകയും കൂടുതൽ മെച്ചപ്പെട്ട കാർഷികമാനേജ്മെൻറ് സംവിധാനം ഉപയോഗിക്കാൻ കഴിയുകയും ചെയ്യും.
- ✦ കാർഷികരംഗത്തെ യന്ത്രവൽക്കരണം കൂടുതൽ വിപുലീകരിക്കുക. ഈ പഞ്ചായത്തിലെ കാർഷികസഹകരണസംഘങ്ങളുടെ ആഭിമുഖ്യത്തിൽ രണ്ടോ മൂന്നോ അഗ്രികൾച്ചറൽ സർവ്വീസ് സെൻററുകൾ തുടങ്ങി കർഷകർക്കാവശ്യമായ വിത്ത്, വളം, യന്ത്രോപകരണോപയോഗം, കാർഷിക മാനേജ്മെൻറ് കഴിവുകൾ എന്നിവ യഥാസമയങ്ങളിൽ ഉറപ്പു വരുത്തുക.
- ✦ തെങ്ങിനു സംയോജിത കീടനിയന്ത്രണ പദ്ധതി നടപ്പാക്കുക.
- ✦ കർഷകരുടെ ഉല്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കുംവിധം ഉല്പന്നങ്ങൾ വാങ്ങി സംസ്കരിക്കാനും വിപണനം നടത്താനും സഹകരണമേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങുക.
- ✦ സർക്കാർ കർഷകർക്കായി ഇന്നു നൽകുന്ന സബ്സിഡി സമ്പ്രദായം പരിശോധിച്ച് പരിഷ്കരിച്ച് കർഷകർക്ക് പാടശേഖരസമിതികൾ വഴി വേണ്ട സമയത്തു പണമായിത്തന്നെ നൽകുക.
- ✦ ഈ പ്രദേശത്തിൻെറ പ്രത്യേക പരിതസ്ഥിതിയിൽ കാർഷികാവശ്യത്തിനാവശ്യമായ ഭൂമി ക്രമമായും ഒന്നിച്ചും ചുരുങ്ങുന്നതിനാൽ കുറവു സ്ഥലം ആവശ്യമുള്ളതും കൂടുതൽ വില ലഭിക്കുന്നതുമായ അലങ്കാരസസ്യകൃഷി, അലങ്കാര പുഷ്പകൃഷി എന്നിവ പോഷിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ, ധനസഹായം വിപണനസാധ്യതകൾ എന്നില ലഭ്യമാക്കണം. വിദ്യാസമ്പന്നരായ തൊഴിലില്ലാത്ത വീട്ടമ്മമാർക്ക് ഇതിൽ വലിയൊരു പങ്കു വഹിക്കുവാൻ കഴിയും. ഇതിലേക്കായി തുരുത്തുശ്ശേരിയിലുള്ള ഈ രംഗത്തു പ്രശസ്തസേവനം കാഴ്ച വച്ചിട്ടുള്ള ഒരു വിദഗ്ദൻെറ സഹകരണം ലഭ്യമാക്കാൻ പഞ്ചായത്തിനു കഴിയും.
- ✦ ഈ പഞ്ചായത്തിൽ ആയുർവേദമരുന്നുകൾ വൻതോതിൽ ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയും മറ്റു ചെറുകിട സ്ഥാപനങ്ങളും നിലവിലുണ്ട്. അതുകൊണ്ടുതന്നെ ഇതുവരെ ശ്രദ്ധിക്കപ്പെടാതിരുന്ന വ്യവസായികാടിസ്ഥാനത്തിൽ ഔഷധകൃഷി നടത്തുന്നതിനുള്ള വൻസാധ്യതകൾ ഈ സ്ഥാപനങ്ങളെ കൂടി സംയോജിപ്പിച്ച് വിപുലമായ രീതിയിൽ ഉപയോഗിക്കണം.
- ✦ രാസവളത്തിൻെറ ക്രമാതീതമായ ഉപയോഗം മണ്ണിൻെറ ഘടനയെ മോശമാക്കിയും കർഷകൻെറ ചിലവ് ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പരിഹാരമായി പ്രാദേശികകൂട്ടായ്മയിൽ ജൈവവളം ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- ✦ മണ്ണ് പരിശോധിച്ച് ഫലം ലഭിക്കുവാൻ ഇന്നു സൗകര്യമില്ല. ഇതു പരിഹരിച്ച് പഞ്ചായത്തുതലത്തിൽ അതിനു സൗകര്യമുണ്ടാക്കണം. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ കർഷകർക്കു നൽകേണ്ടതുണ്ട്. കുറച്ചുവർഷങ്ങൾക്കു മുൻപു വരെ വില്ലേജ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം കർഷകർക്ക് വിപുലമായ തോതിൽ ലഭിച്ചിരുന്നു. എന്നാൽ ഈ സർക്കാർവകുപ്പിൻെറ പുനക്രമീകരണം വഴി ഈ സേവനം തീരെ ലഭ്യമല്ലാതായിരിക്കുന്നു. കൂടാതെ കൃഷിഭവൻ ഉദ്യോഗസ്ഥന്മാർക്ക് പഞ്ചായത്തിലെ കാർഷികാവസ്ഥയുടെ യഥാർത്ഥരൂപം ലഭിക്കുന്നുമില്ല. ഇത് കണക്കുകളും പദ്ധതിനിർദേശങ്ങളും ഓഫീസ് മേശയുടെ മുന്നിലിരുന്ന് ഭാവനാപരമായി മാത്രം നിർമ്മിക്കുന്ന ഒരവസ്ഥയിൽ എത്തിച്ചിട്ടുണ്ട്. ഈ ദുരവസ്ഥ മാറ്റി കൃഷിഭവൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലം പരിശോധിച്ച് കാർഷികവികസന സമിതികൾ വഴി കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്.

178

- ആധുനിക ജലസേചനസമ്പ്രദായങ്ങൾ, ഉപകരണങ്ങൾ, കാർഷികമാനേജ്മെൻറ് എന്നിവയിൽ കർഷകരുടെ അറിവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിലോ, പ്രാദേശികതലത്തിലോ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ശില്പശാലകൾ നടത്തണം.

കണികജലസേചനം, സ്പ്രിംഗ്ളർ ജലസേചനം എന്നിവയിൽ കൂടുതൽ ധനസഹായം അനുവദിച്ച്, പ്രചരണം നടത്തി, മാതൃകാതോട്ടങ്ങൾ നിർമ്മിച്ച് കർഷകരെ അറിവുള്ളവരാക്കി ജല മാനേജ്മെൻറ് കുറ്റമറ്റതാവണം ഇതിലേക്കായി ഇത്തരം സംവിധാനങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്ന ഏജൻസികളുടെ സഹായവും തേടാവുന്നതാണ്.

കാർഷികവിളകൾ അടിസ്ഥാനമാക്കിയുള്ള വ്യാവസായികസംരംഭങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതിന് ഇത്തരം ഏജൻസികളുടെ സഹായത്തോടെ ക്ലാസുകളും, സെമിനാറുകളും സംഘടിപ്പിക്കണം.

4. ഈ പഞ്ചായത്തിലെ കാർഷികാഭിവൃദ്ധിക്ക് വിലങ്ങുതടിയായി നിൽക്കുന്ന പ്രധാനവസ്തുത ഇവിടുത്തെ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതകളാണ്. ഇതിനുവേണ്ടി കർഷകർ നിരന്തരമായി മുറവിളി കൂട്ടിയിട്ടും വികസനപദ്ധതികളിൽത്തന്നെ ഉൾപ്പെടുത്തിയിട്ടും ഒന്നും നടക്കാതെ വന്നിട്ടുള്ള ഒരവസ്ഥയാണുള്ളത്. അടിയന്തിരമായി ഈ രംഗത്ത് നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. ഇവ വിശദമായി പരിശോധിച്ചു പഠിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ ആക്കി മാറ്റാൻ ജനകീയാസൂത്രണ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

- പണി തൊണ്ണൂറു ശതമാനവും പൂർത്തിയായിട്ടും നിസ്സാര കാരണങ്ങളാൽ കഴിഞ്ഞ രണ്ടുവർഷത്തിലധികമായി പ്രവർത്തനം തുടങ്ങാതെ കിടക്കുന്ന മള്ളുശ്ശേരി ജലധാരാ പദ്ധതി, മള്ളുശ്ശേരി ജലജീവൻ പദ്ധതി, പറമ്പുശ്ശേരി പഞ്ചായത്ത് ചെറുകിട പദ്ധതി, മേയ്ക്കാട് ചമ്പന്നൂർ തോട് സൈഡു കെട്ടൽ, കടുകുഴി പുഞ്ച -വലിയ തോട് വശങ്ങൾ കെട്ടി സംരക്ഷിക്കൽ, പൊയ്ക്കാട്ടുശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ ഉടൻ പൂർത്തീകരിച്ച് കർഷകർക്ക് ഉപയോഗപ്രദമാക്കുക. 2,3,4,5,9 എന്നീ വാർഡുകൾക്കാണ് പ്രയോജനം.
- കൈപ്പാലം -മധുരപ്പുറം (വലിയ തോട്) താഴ്ത്തി വീതി കൂട്ടി, കുന്നുകുഴി ഭാഗത്ത് ഒരു കലുങ്കും. താഴേക്കലുങ്കിൻെറ താഴോട്ടുള്ള ഭാഗം വീതി കൂട്ടി, അറ്റകുറ്റപ്പണികൾ നടത്തി കൈത്തോടുകൾ കോൺക്രീറ്റു ചെയ്ത് പഞ്ചായത്തിലെ 500 ഏക്കർ നിലത്തിൽ ഒരു പൂപ്പുകൂടി നെൽക്കൃഷി ചെയ്യാൻ കഴിയും.
- പൂന്തുറത്തോട് രണ്ടുവശവും കെട്ടി കടുക്കുഴി പ്രദേശത്ത് കൂടി വലിയ തോടുമായി ബന്ധിപ്പിച്ചാൽ ഈ തോടിനു ചുറ്റും ഇന്ന് വേനൽക്കാലത്തുണ്ടാകുന്ന വരൾച്ച മൂലമുള്ള കൃഷി നാശം ഒഴിവാക്കാം.
- കുറുമശ്ശേരിയിൽ നിന്നും തെക്കോട്ടു പോകുന്ന കുരിയേലിത്തോട് ഇരുവശവും കെട്ടി സംരക്ഷിച്ചാൽ ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയും.
- വാച്ചാൽ തോട് ഇരുവശവും കെട്ടി സുരക്ഷിതമാക്കിയാൽ ഒന്നാം വാർഡിൽ ജലസേചനസൗകര്യങ്ങൾ വർദ്ധിക്കും.
- അങ്കമാലി-മാഞ്ഞാലിത്തോട് താഴ്ത്തി വീതി കൂട്ടി ഇരുവശവും കെട്ടി സംരക്ഷിച്ച് നിലവിലുള്ള ബന്ധപ്പെട്ട ചെറുതോടുകൾ വീതി കൂട്ടി കോൺക്രീറ്റു ചെയ്താൽ 1,2,3,4,5 എന്നീ വാർഡുകളിൽ നിലവിലുള്ള വെള്ളക്കെട്ടൊഴിവാക്കി കൃഷിക്ക് ഉപയുക്തമാക്കുവാൻ കഴിയും. അങ്കമാലി മുനിസിപ്പാലിറ്റി, നെടുമ്പാശ്ശേരി, പാറക്കടവ്, കുന്നുകര പഞ്ചായത്തുകൾ സംയുക്തമായി നടത്തേണ്ട പദ്ധതിയാണിത്.
- തളരായി മുതൽ വഴുതക്കാട് വരെയുള്ള ലിഫ്റ്റ് ഇറിഗേഷൻ കയ്യാണി വാർത്തുകെട്ടി സംരക്ഷിക്കുന്നത് ഒന്നാം വാർഡിലെ ജലസേചനസൗകര്യം വർദ്ധിപ്പിക്കും.
- അങ്കമാലി മാഞ്ഞാലി കനാലിൽ ചാക്കാലയിലുള്ള കെട്ടിന് ഷട്ടർ സ്ഥാപിച്ച് പിറപ്പാടം, മനക്കപ്പുഞ്ച, മധുരപ്പുറം, നടീലപ്പാടം എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള വെള്ളക്കെട്ടു മാറ്റിയാൽ പഞ്ചായത്തിലെ 100 ഹെക്ടർ സ്ഥലം കൃഷിക്കുപയുക്തമാക്കാം. കുന്നുകര, നെടുമ്പാശ്ശേരി പഞ്ചായത്തുകളും അങ്കമാലി മുൻസിപ്പാലിറ്റിയും ചേർന്നു ചെയ്യേണ്ട പദ്ധതിയാണിത്.
- മനയ്ക്ക പുഞ്ചപ്പാടത്ത് 10HP മോട്ടോർ പമ്പു സ്ഥാപിച്ചാൽ 50 ഏക്കർ നിലം കൂടി ഒരു പൂവ്വ് കൃഷിക്കുപയുക്തമാക്കാൻ കഴിയും.
- ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ IA സ്കീമിൻെറ ഇന്ന് വിമാനത്താവളനിർമ്മാണപദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള പ്രദേശത്തുൾപ്പെടെ കനാൽ നിലനിർത്തുകയും, ശോച്യാവസ്ഥ പരിഹരിച്ച് നിരപ്പു ശരിയാക്കി ഇരുവശവും കോൺക്രീറ്റു ചെയ്താൽ 11,10,9,8, എന്നീ വാർഡുകളിൽ മൂന്നു പൂപ്പു കൃഷി നടത്താൻ കഴിയും. ഈ പദ്ധതിയിലെ ഒരു പമ്പിൻെറ ജലം ഒരു പൈപ്പു വഴി കരിയാട് -മറ്റൂർ റോഡിനു വടക്കുവശമെത്തിച്ച് വഴിത്തോട്ടിൽ വീഴ്ത്തിയാൽ അതിനെ മേക്കാട് വേദ് ചിറയിൽ എത്തിക്കാവുന്നതാണ്. ഇത് 2,3 വാർഡുകൾക്കും 9 -ാം വാർഡിൻെറ തെക്കുപടിഞ്ഞാറും ഭാഗത്ത് കൃഷിക്കും, ജലസേചനത്തിനുപകരിക്കും. ഇതേ കനാലിൻെറ കപ്രശ്ശേരി ഭാഗത്തുനിന്ന് ഒരു തോടു നിർമ്മിച്ച് മുഴയാൽ ഭാഗത്തെത്തിച്ചാൽ 8,7, എന്നീ വാർഡുകളിലെ 500 ഏക്കർ സ്ഥലത്ത് ഒരു പൂവ്വു കൂടി നെൽകൃഷി നടത്താൻ കഴിയും. നെടുമ്പാശ്ശേരി, ചെങ്ങമനാട് പഞ്ചായത്തുകൾ ചേർന്നു നടത്തേണ്ട പദ്ധതിയാണിത്.
- വഴിത്തോട്, വാപ്പാലശ്ശേരി മുതൽ മേയ്ക്കാട് വേദ്ചിറയുടെ താഴെ കൊങ്ങോശ്ര പടന്നനിലം വരെയുള്ള

തോടുകൾ താഴ്ത്തി, വീതി കൂട്ടി, ഇരുവശവും കരിങ്കൽ ഭിത്തിയുണ്ടാക്കി വേനൽക്കാലത്തും ജലം നിർത്താവുന്നതാണ്. ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങൾക്കു പുറമേ ആറു ഷട്ടറുകൾ കൂടി നിർമ്മിക്കേണ്ടതായി വരും.

- അങ്കമാലി സൗത്ത് KANCOR ഫാക്ടറിയിൽ നിന്നും വരുന്ന മലിനജലം മൂലമുണ്ടാകുന്ന കൃഷിനാശം തടയാനുള്ള പദ്ധതികൾ നടപ്പാക്കണം.
- പണി മുടങ്ങിക്കിടക്കുന്ന ആനപ്പാറക്കുളം ലിഫ്റ്റ് ഇറിഗേഷൻെറ മുടങ്ങിക്കിടക്കുന്ന പണി ഉടൻ തീർത്ത് പ്രവർത്തിപ്പിച്ചാൽ നടീലപ്പാടത്ത് ഇരുപ്പൂ കൃഷി ചെയ്യാം. ഈ പദ്ധതിയുടെ ഗുണം 2,3,4,5,6 എന്നീ വാർഡുകൾക്ക് ലഭ്യമാകും.
- മാഞ്ഞാലി -അങ്ങാടിക്കടവ് തോട് വികസിപ്പിച്ച് ആനപ്പാറ ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധിപ്പിച്ചാൽ 2,4,5 വാർഡുകളിലെ നെൽക്കൃഷിക്ക് ഗുണം ലഭിക്കും.
- കൊത്താപ്പിള്ളി വല്ലേക്കാടിനുമിടയിൽ നിലവിലുള്ള രണ്ടു തോടുകൾ വശങ്ങൾ കെട്ടി സംരക്ഷിച്ചാൽ നാലാം വാർഡിൻെറ തെക്കുഭാഗത്തും മദ്ധ്യഭാഗത്തുമുള്ള വെള്ളക്കെട്ടൊഴിവാക്കി കൃഷി നടത്തുന്നതിനും MAHS - കൊങ്ങോത്ര റോഡ് കേടു വരാതെ സൂക്ഷിക്കാനും കഴിയും.
- കാരക്കാട്ടു ചിറത്തോട് - അങ്കമാലി മാഞ്ഞാലിത്തോടുമായി ബന്ധിപ്പിച്ച് ഷട്ടറിട്ടാൽ 1,2,4 വാർഡുകൾക്ക് ഗുണം ലഭിക്കും.
- കൊളന്നാപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ച് അഞ്ചാം വാർഡിൻെറ ഉയർന്ന പ്രദേശത്ത് വെള്ളമെത്തിച്ചാൽ 300 ഏക്കർ സ്ഥലത്തുകൂടി നെൽകൃഷി നടത്താൻ കഴിയും. ഈ പദ്ധതിയുടെ ഗുണം ആറാം വാർഡിലും ലഭ്യമാണ്.
- കരിമ്പാടം, ചൂണ്ടാം തുരുത്ത് എന്നീ ഇറിഗേഷൻ പദ്ധതികളുടെ ശോച്യാവസ്ഥ പരിഹരിച്ച് അഞ്ചാം വാർഡിലെ 300 ഏക്കർ സ്ഥലത്തെ സ്ഥിരമായ കൃഷിനാശം പരിഹരിക്കണം.
- അങ്കമാലി - മാഞ്ഞാലിത്തോടിൻെറ കരയിലുള്ള ചൂണ്ടാണിത്താഴം, കരിമ്പാടം പാടശേഖരത്തിനു കുറുകെ 10 മീറ്റർ വീതിയിൽ ഒരു തോടു നിർമ്മിച്ച് 50 HP മോട്ടോർ സ്ഥാപിച്ച് റീപമ്പിംഗ് നടത്തിയാൽ 250 ഏക്കർ ഒരുപ്പൂനിലം ഇരുപ്പൂനിലമാക്കാം.
- മാങ്ങാംപള്ളിച്ചിറ, കാരയ്ക്കാട്ടുചിറ എന്നിവ താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിച്ചാൽ 2,4,5,6 വാർഡുകൾക്ക് ജലസേചനത്തിനുപയോഗിക്കാം.
- ചൂണ്ടാംതുരുത്തി പാലം മുതൽ തെക്കോട്ട് അങ്കമാലി മാഞ്ഞാലി തോടിൻെറ കിഴക്കുവശം ചേർന്ന് കൂടി ഇടിക്കെട്ടൻ മൂപ്പുവരെ റോഡുണ്ടാക്കി നെടിയത്തു പാടത്തെ കൃഷിക്കാർക്ക് ഗതാഗതസൗകര്യം ഉണ്ടാക്കണം.
- അരപ്പനപ്പാടം തോട് ഇരുവശവും കെട്ടി കുടുക്കുഴിയിൽ മുട്ടിച്ച് അവിടെ നിന്നും 100 മീറ്റർ ദൂരം ഇരുവശവും കോൺക്രീറ്റ് സ്ലാബുകൾ ഇട്ടാൽ കർഷകർക്ക് കറ്റ, വളം, കന്നുകാലികൾ എന്നിവ കൊണ്ടുപോകാൻ സഹായകരമായിരിക്കും.
- കൈതക്കാട്ടുചിറയിൽ തട കെട്ടി നിലവിലുള്ള 50 HP മോട്ടോർ ശക്തി കൂട്ടി കുണ്ടേലപ്പാടത്തിലൂടെയുള്ള ബണ്ട് പുനർനിർമ്മാണം നടത്തി മുഴയാൻ ഭാഗത്തെത്തിച്ചാൽ 7,8 വാർഡുകളിലെ നെൽപ്പാടങ്ങളിൽ ഇരുപ്പൂകൃഷി മുപ്പൂവാക്കാൻ കഴിയും.
- കാരക്കാട്ടു ചിറയുടെ താഴ്ച കൂട്ടി നിലവിലുള്ള 50 HPമോട്ടോർ പ്രവർത്തിപ്പിച്ചാൽ 500 ഏക്കർ കരഭൂമിയിൽ വാഴ, തെങ്ങ്, പച്ചക്കറികൾ മുതലായവ കൃഷി ചെയ്യുന്നതിന് സഹായകരമായിരിക്കും.
- കോരത്തോട് - കരിങ്കണ്ടം തോട് വീതി കൂട്ടി, വശങ്ങൾ കരിങ്കൽഭിത്തി കെട്ടി, വേണ്ട സ്ഥലങ്ങളിൽ തടയിട്ട് ആവണംകോട് IA ഇറിഗേഷനുമായി ബന്ധിപ്പിച്ച്, രണ്ടോ മൂന്നോ ഭാഗത്ത് കുറുകെ കാർഷികയന്ത്രങ്ങൾ കൊണ്ടുപോകുന്നതിന് സ്ലാബിടണം.
- കുറുന്തലക്കോട്ട് ചിറ അളന്ന് തിട്ടപ്പെടുത്തി ആഴവും വീതിയും കൂട്ടി, വശങ്ങൾ കെട്ടി, പടിഞ്ഞാറോട്ട് അനാവശ്യമായി ഒഴുകിപ്പോകുന്ന വെള്ളം ഷട്ടറിട്ട് നിയന്ത്രിച്ചാൽ 6,7,8 വാർഡുകളിൽ കൃഷിക്കും കുടിവെള്ളത്തിനും സഹായകരമായിരിക്കും.
- തേൻകുളം റോഡും, പടപ്പമന റോഡും തമ്മിൽ ബന്ധിപ്പിച്ച് ഒരു ചെറു പാലമുണ്ടാക്കിയാൽ 2,3 വാർഡുകളിലെ കർഷകർക്ക് കൃഷിയാവശ്യങ്ങൾക്കായി വളവും യന്ത്രസാമഗ്രികളും കൊണ്ടുപോകാൻ ഏറെ സഹായകരമായിരിക്കും.
- പേരിലാട്ടു തോട് താഴ്ത്തി വീതി കൂട്ടി ചുരപ്പട്ടമാലിയിലെ വർഷകാലത്തെ വെള്ളക്കെട്ട് ഒഴിവാക്കുകയും പുത്തൻതോട് - ചെങ്ങമനാട് സ്കീമിലെ വെള്ളം വേനൽക്കാലത്ത് ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടായാൽ ആറാം വാർഡിലെ 100 ഏക്കർ സ്ഥലത്ത് ഒരു പൂവ്വു കൂടി കൃഷി ചെയ്യാം. നാലാം വാർഡിനും ഇതിൻെറ ഗുണം ലഭിക്കും.
- കുറുന്തലക്കോട്ട് ചിറയിൽ നിന്നും തോടു വീതി കൂട്ടി പനയക്കടവിൽ ഷട്ടർ സ്ഥാപിച്ചാൽ ഈ ഭാഗത്തു ഇന്നുള്ള വെള്ളക്കെട്ടൊഴിവാക്കാനും വേലിയേറ്റം തടയാനും അതുവഴി 300 ഏക്കർ സ്ഥലത്ത് ഒരുപ്പൂ

കൃഷി, ഇരുപ്പൂവാക്കി മാറ്റാനും കഴിയും. നെടുമ്പാശ്ശേരി, ചെങ്ങമനാട് പഞ്ചായത്തുകൾ സംയോജിതമായി നടപ്പാക്കേണ്ട പദ്ധതിയാണിത്.

- ചെങ്ങമനാട് ചിറ വീതി കൂട്ടി കോട്ടത്തുപടിയുടെ മേൽഭാഗത്ത് ഷട്ടർ സ്ഥാപിച്ചാൽ 300 ഏക്കർ സ്ഥലത്ത് ഒരുപ്പൂ കൃഷി മുപ്പൂവാക്കി മാറ്റാൻ കഴിയും. 500 ഏക്കറോളം കരഭൂമിയിൽ നാണ്യവിളകൾ കൃഷി ചെയ്യാനും കഴിയും. ചെങ്ങമനാട്, നെടുമ്പാശ്ശേരി പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കേണ്ട പദ്ധതിയാണിത്.
- അത്താണിയിൽ നിന്നും പാണൊലിപ്പാടത്തുകൂടി പോകുന്ന തോടു നന്നാക്കി, പാണ്ടെലിക്കുളം വികസിപ്പിച്ച് പമ്പുസെറ്റു വച്ചാൽ ഈ പ്രദേശത്ത് ഒരുപ്പൂ കൂടി നെൽകൃഷി നടത്താൻ കഴിയും.
- കൈതക്കാട്ടു ചിറ ലിഫ്റ്റ് ഇറിഗേഷൻ കനാൽ മുഴുവൻ പുനരുദ്ധരിച്ച് 200 ഏക്കർ സ്ഥലത്ത് ഒരുപ്പൂ കൂടി നെൽക്കൃഷി നടത്താൻ കഴിയും.
- കാലടി പഞ്ചായത്തിലെ പ്രാരൂരിൽ നിന്നും ആരംഭിച്ച് നായത്തോടു തുറയിൽ കൂടിച്ചേർന്ന് അങ്കമാലി മുൻസിപ്പൽ പ്രദേശം വഴി നെടുമ്പാശ്ശേരി പഞ്ചായത്തിലെ 10,9,3,2 എന്നീ വാർഡുകളിലൂടെ കടന്ന് മാഞ്ഞാലിപ്പുഴയിലെത്തുന്ന വഴിത്തോട് വീതി കൂട്ടി, ചീർപ്പിടുകയും കാലടിപദ്ധതിയുടെ 100 HP യുടെ 5 പമ്പുകളിൽ ഒന്നിൻെറ വെള്ളം കനാൽ വഴി ഈ തോട്ടിലെത്തിക്കുകയും ചെയ്താൽ 2,3,4,9,10 എന്നീ വാർഡുകളിലെ 600 ഏക്കറോളം സ്ഥലത്ത് ഒരുപ്പൂ കൂടി നെൽക്കൃഷി നടത്താൻ കഴിയും. ഇടത്തിച്ചിറ, ആലിലചിറ (വാർഡ് IX) താഴ്ത്തി കെട്ടി സംരക്ഷിക്കുക.
- വലിയ തോട്, വഴിത്തോട്, ചെറിയ തോട് ഇവ താഴ്ത്തി നന്നാക്കി ചീർപ്പിട്ടാൽ ഈ വാർഡിലെ 60 ഏക്കറോളം സ്ഥലത്ത് കൃഷിക്കു ജലം ലഭ്യമാകും.
- ചാറ്റുപാടം, കാഞ്ഞിലിക്കോട്, ചലാലം വഴി പോകുന്ന വലിയ തോടിൻെറ കൈത്തോട് വീതി കൂട്ടി ജലമെത്തിച്ചാൽ 200 ഏക്കർ സ്ഥലത്ത് ഒരുപ്പൂ കൂടി നെൽകൃഷി നടത്താൻ കഴിയും. ആവണംകോട് 1 (കാലടി ലിഫ്റ്റ് ഇറിഗേഷൻ) 10-ാം വാർഡിലെ ചാറ്റു പാടത്തുള്ള വാലറ്റത്ത്, നിരപ്പു ശരിയാക്കി വെള്ളമെത്തിച്ചാൽ 60 ഏക്കർ സ്ഥലം ഒരുപ്പൂ കൂടി കൃഷിക്ക് ഉപയുക്തമാകും.
- പഴംചിറക്കുളവും അതിനോടനുബന്ധിച്ചുള്ള കുഴൽക്കിണർ എന്നിവ താഴ്ത്തി ശരിയാക്കി മോട്ടോർ പ്രവർത്തിപ്പിച്ചാൽ 400 ഏക്കർ സ്ഥലത്ത് തെങ്ങുകൃഷിക്കുപയോഗിക്കാം.
- 12-ാം വാർഡിൻെറ കിഴക്കുഭാഗത്ത് ഇഷ്ടികക്കളങ്ങൾക്കുവേണ്ടി താഴ്ത്തിയ പാടങ്ങൾ ഇനി താഴ്ത്താതെ തട്ടിനിരത്തി വെള്ളം പുറത്തേക്കു പമ്പു ചെയ്താൽ ഇരിപ്പൂ കൃഷിക്കുപയോഗിക്കാം. സമീപപ്രദേശങ്ങളിലെ ജലസേചനത്തിനും സഹായകമായിരിക്കും.
- ആലക്കട ലിഫ്റ്റ് ഇറിഗേഷൻ സ്ഥിതി ചെയ്യുന്ന ഭാഗത്ത് ചെക്ക്ഡാം (തടയണ) നിർമ്മിച്ചാൽ 100 ഏക്കർ സ്ഥലത്ത് പുഞ്ച കൂടി കൃഷി ചെയ്യാൻ കഴിയും. തുറവഴിത്തോടിൻെറ പടിഞ്ഞാറു ഭാഗത്ത് ഷട്ടറിട്ടാൽ ആവണംകോട് ലിഫ്റ്റ് LI No: Iൽ നിന്നും വരുന്ന ലീക്കുവെള്ളം ഈ പ്രദേശത്ത് കൃഷിക്കുപയോഗിക്കുവാനാകും.
- പെരുന്തോട്, തോട്ടം കരയ്ക്കിട്ട പടവ് തോട് എന്നിവ ഇരുവശവും കെട്ടി സുരക്ഷിതമാക്കിയാൽ 60 ഏക്കർ സ്ഥലത്ത് ജലസേചനത്തിനുപയുക്തമാക്കാം.
- അന്താരാഷ്ട്രവിമാനത്താവളത്തിൻെറ നിർമ്മാണത്തിനായി മുറിഞ്ഞുപോകുന്ന കുഴിപ്പം തോട് നിലനിർത്തി കൈവഴികൾ വഴി 12 -ാം വാർഡിൽ കൃഷിക്കുപയുക്തമാക്കാം.
- ഈ പഞ്ചായത്തിലെ വിവിധവാർഡുകളിലായി കിടക്കുന്ന പൊതു കുളങ്ങൾ, തോടുകൾ എന്നിവ നന്നാക്കി പുഷ്ടിപ്പെടുത്തണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാം തന്നെ കൂടുതൽ സ്ഥലം കൃഷിക്കുപയുക്തമാക്കാനും, കൃഷിക്കായി ഉപയോഗിക്കുന്ന സ്ഥലത്തുതന്നെ കൂടുതൽ വിളവെടുക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുമാണ്. ഇതിൽ ജല മാനേജ്മെൻറ്, വിള മാനേജ്മെൻറ് അറിവുകൾ കർഷകർക്ക് സുപ്രധാനമാണ്. കർഷകരുടെ അനുഭവപരിചയവും അറിവുകളും ഉദ്യോഗസ്ഥരുടെ അറിവും, വിദഗ്ദരുടെ പഠനനിർദ്ദേശങ്ങളും സമന്വയിപ്പിക്കേണ്ട ഉത്തരവാദിത്തം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. ഇതിനുള്ള അധികാരവും ധനവും ഉദ്യോഗസ്ഥതലത്തിലെ സഹായവും ഈ സ്ഥാപനങ്ങൾക്ക് കൈമാറിയാൽ മാത്രമേ മേൽപ്പറഞ്ഞ കാർഷികരംഗത്തെ മുരടിപ്പു മാറ്റി കർഷകരെ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കാനും നിലനിർത്താനും സാധിക്കൂ.

# മൃഗപരിപാലനം - മത്സ്യബന്ധനം

# മൃഗപരിപാലനം

പാടശേഖരങ്ങളും വയലേലകളും തിങ്ങിനിറഞ്ഞ നമ്മുടെ പഞ്ചായത്തിൽ ധാരാളമായി കന്നുകാലികളെ വളർത്തിയിരുന്നു. ഉഴവുമാടുകളെന്ന നിലയിലും വണ്ടി വലിക്കുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ സ്രോതസ്സും കന്നുകാലികളായിരുന്നു.

എന്നാൽ ഇന്ന് വളർത്തുമൃഗങ്ങളുടേയും വളർത്തുപക്ഷികളുടേയും എണ്ണം പൊതുവെ കുറവായിരിക്കുന്നു. ഭൂപരിഷ്കരണനിയമവും ജനസംഖ്യാവർദ്ധനവും മൂലം ഭൂപ്രദേശങ്ങൾ തുണ്ടുവൽക്കരിക്കപ്പെടുകയും പുരയിടങ്ങൾക്കുചുറ്റും വേലിയോ മതിലോ കെട്ടി വേർതിരിക്കപ്പെടുകയും ചെയ്തപ്പോൾ സ്വന്തമായി കാലികളെ മേയിക്കുന്നതിനു കഴിയാതെയായി. നെൽക്കൃഷി കുറഞ്ഞുവന്നപ്പോൾ കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതും തീറ്റക്കാവശ്യമായ വൈക്കോൽ ലഭിക്കുന്നതിലുണ്ടായ ദൗർലഭ്യവും എണ്ണക്കുറവിനു മറ്റൊരു കാരണമായി കാണാൻ കഴിയുന്നു.

പശു, ആട് എന്നിവയാണ് ഇന്നു നമ്മുടെ പഞ്ചായത്തിൽ വളർത്തിവരുന്ന പ്രധാനമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും. ചില വാർഡിൽ കുറഞ്ഞ തോതിൽ താറാവുകളേയും വളർത്തിവരുന്നു. പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ വളർത്തുന്നതിനായി മറ്റൊരാളെ ഏൽപ്പിക്കുന്ന രീതിയും ഏതാനും വർഷങ്ങൾക്കുമുൻപുവരെ നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. കന്നുകൾക്കും പക്ഷികൾക്കും ബാധിക്കുന്ന രോഗങ്ങളും കാലി, കോഴിത്തീറ്റകൾ ലഭിക്കുന്നതിലുള്ള ദൗർലഭ്യവും അവയുടെ വിലക്കൂടുതലുമാണ് കർഷകർ നേരിടുന്ന പ്രധാനപ്രശ്നങ്ങൾ. ഇതിനു പ്രതിവിധിയായി വേണ്ടത്ര മരുന്നുകളും തീറ്റസാധനങ്ങളും വേണ്ടത്ര അളവിൽ വേണ്ട സമയത്തു ലഭിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ആകെ നിലവിലുള്ള മൃഗസംരക്ഷണസംവിധാനം മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ 10-ാം വാർഡിൽ മേക്കാവിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയും 6-ാം വാർഡിൽ നെടുമ്പാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു പ്രജനനകേന്ദ്രവുമാണ്. ഇപ്പോൾ വാടകക്കെട്ടിടത്തിൽ വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി മാത്രം പ്രവർത്തിച്ചുവരുന്ന മൃഗാശുപത്രി എല്ലാ ആധുനികസൗകര്യങ്ങളോടും കൂടിയുള്ള (സ്വന്തമായ കെട്ടിടം, ഫർണിച്ചറുകൾ, ലബോറട്ടറി സൗകര്യം, ഓപ്പറേഷൻ തീയേറ്റർ, ആവശ്യമായ മരുന്നുകൾ, സ്വന്തമായ വാഹനം മുതലായവ) ഒരു പോളി ക്ലിനിക്കായി ഉയർത്തേണ്ടത് മൃഗസംരക്ഷണരംഗത്ത് നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരടിയന്തിരാവശ്യമാണ്. പ്രജനനകേന്ദ്രത്തിലേയും സൗകര്യങ്ങൾ തൃപ്തികരമല്ല. വേണ്ടത്ര എല്ലാസൗകര്യങ്ങളോടും കൂടി പ്രജനനകേന്ദ്രം വികസിപ്പിക്കേണ്ടതുണ്ട്.

ക്ഷീരവിപണനരംഗത്ത് സഹകരണമേഖലയിൽ 6 ഡയറികളാണ് ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പൊതുമേഖലയിൽ നാലും സ്വകാര്യമേഖലയിൽ രണ്ടും. ക്ഷീരകർഷകരുടെ യാത്രാക്ലേശം പരിഗണിച്ച് കൂടുതൽ പ്രദേശങ്ങളിൽ ക്ഷീരസംഭരണകേന്ദ്രങ്ങൾ ആവശ്യമാണ്. പാൽ ഒരു ഉത്തമ സമീകൃതാഹാരം എന്ന നിലയിലുള്ള ഉപയോഗം വീടുകളിൽ വേണ്ടത്ര ഇല്ല എന്നു കാണാൻ കഴിയുന്നു. തീറ്റസാധനങ്ങളുടെ ദൗർലഭ്യവും ലഭിക്കുന്നവയ്ക്കുള്ള വിലക്കൂടുതലും ക്ഷീരകർഷകരെ സ്വന്തമായി പാലുപയോഗിക്കുന്നതിൽ മിതത്വം പാലിക്കാൻ പ്രേരിപ്പിക്കുന്നതായി കാണുന്നു. ക്ഷീരവിപണനരംഗത്തെ ഡയറികളുടെ വിശദ വിവരങ്ങൾ സഹകരണമേഖലയുടെ അവലോകനത്തിൽ വിശദമായി ചേർത്തിട്ടുണ്ട്.

ഇപ്പോഴുള്ള വളർത്തുമൃഗങ്ങൾ താരതമ്യേന അത്യുല്പാദനശേഷിയുള്ളവയാണ്. പ്രത്യേകിച്ചും പശുക്കൾ. ചിലവു കുറഞ്ഞ സങ്കരയിനം നാടൻ പശുക്കളെ വളർത്തി വീട്ടുപയോഗത്തിനുള്ള പാൽ ഉല്പാദിപ്പിക്കാവുന്നതാണ്. വീട്ടുപയോഗത്തിനായി നാടൻ പശുക്കളെ വളർത്തുന്ന രീതി പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ, ദഹനസംബന്ധമായവ, പരാദരോഗങ്ങൾ, ത്വക്കുരോഗങ്ങൾ മുതലായവയാണ് നമ്മുടെ കന്നുകൾക്കിടയിൽ കണ്ടുവരുന്ന പ്രധാനരോഗങ്ങൾ.

പട്ടിക 3.1

**വളർത്തുമൃഗസംഖ്യ**

| | പശു, കാള | ബ്രീഡ് ക്രോസ് | എരുമ | ആട് | പന്നി |
|---|---|---|---|---|---|
| വാർഡ് I to XII | 4647 | 3058 | 225 | 1278 | 111 |

വളർത്തു പക്ഷികളുടെ കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല.

പട്ടിക 3.2

**രോഗവിവരങ്ങൾ 4/95 മുതൽ 3/96 വരെ രോഗങ്ങളും നടത്തിയ ചികിൽസയും**

| No. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധം | 479 | 36 | 256 | 11 | | | | | | |
| 2, | ശ്വാസകോശസംബന്ധം | 35 | | 17 | 1 | | 31 | | | | |
| 3. | ഉപായസംബന്ധം | 89 | 10 | 24 | | | | | | | |
| 4. | ത്വക്ക് രോഗങ്ങൾ | 122 | | 124 | | 33 | | | | | |
| 5. | ധാതുലവണ അഭാവം | 46 | 5 | 14 | | 15 | | | | | |
| 6. | പരാദരോഗങ്ങൾ | 178 | 3 | 25 | 1 . | | 78 | | | | |
| 7. | പ്രത്യുൽപാദനവ്യവസ്ഥ യുമായി ബന്ധപ്പെട്ടവ | | 280 | 3 | 33 | | | | | | |
| 8. | വന്ധ്യത | | | | | | | | | | |
| 9. | അകിടുവീക്കം | | | | | | | | | | |
| 10 | മുടന്തൻ പനി | | | | | | | | | | |
| 11. | പകർച്ചവ്യാധികൾ | | | | | | | | | | |
| 12 | മറ്റുള്ളവ | 128 | | 20 | | | | | | | |

**പട്ടിക 3.3**

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ (4/95-3/96)**

| ഇനം | ആകെ | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു<br>കിടാരി<br>എരുമ | 993 | 821 | 172 |

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

**മൃഗസംരക്ഷണം**

1. ഒരു കാലി കോഴിത്തീറ്റ നിർമ്മാണയൂണിറ്റ് ആരംഭിച്ച് സബ്സിഡി നൽകി വിതരണം ചെയ്യണം.
2. അനധികൃത അറവുശാലകൾ നിറുത്തലാക്കണം. (മലിനീകരണം, ആരോഗ്യപ്രശ്നങ്ങൾ മൂലം) ശാസ്ത്രീയരീതിയിലുള്ള അറവുശാലകൾ ലൈസൻസ് നൽകി സ്ഥാപിക്കണം.
3. പ്രാദേശികതലത്തിൽ ഇറച്ചി സ്റ്റാളുകൾ സ്ഥാപിക്കണം.
4. ക്ഷീരകർഷകർക്ക് കറവ പരിശീലനം നൽകുന്നതിനാവശ്യമായ ഏർപ്പാടുകൾ ഉണ്ടാകണം.
5. സാധ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽക്കൃഷി ആരംഭിക്കണം.
6. പാലിന് ന്യായമായ വില ലഭ്യമാക്കണം.
7. പഞ്ചായത്ത് തലത്തിൽ ഒരു പാൽ സംസ്കരണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം
8. ബോധവൽക്കരണസെമിനാറുകൾ നടത്തണം.
9. പേവിഷനിർമ്മാർജ്ജനത്തിന് ആവശ്യമായ പ്രതിരോധകുത്തിവയ്പ്പുകൾ സൗജന്യനിരക്കിൽ നടത്തണം.
10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടി നശിപ്പിക്കണം. (ആയതിനാവശ്യമായ പരിശീലനം പഞ്ചായത്തിൽ തന്നെ തിരഞ്ഞെടുക്കപ്പെടുന്നവർക്കു നൽകണം)
11. പട്ടിയെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തണം
12. പന്നി, ആട്, മുയൽ, താറാവ് വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനു താല്പര്യമുള്ള എല്ലാ കുടുംബങ്ങൾക്കും നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കി ആവശ്യമായ സംവിധാനങ്ങളുണ്ടാക്കി സൗകര്യപ്പെടുത്തണം.

184

13. പഞ്ചായത്തുതലത്തിൽ വന്ധ്യതാ നിവാരണക്യാമ്പ്, ഗോരക്ഷ, വാക്സിനേഷൻ ക്യാമ്പ് എന്നിവ നടത്തുകയും പഞ്ചായത്തുതല മൃഗസംരക്ഷണമേള, കന്നുകാലി പ്രദർശനം, ശാസ്ത്രപ്രദർശനം, കർഷകസംഗമം തുടങ്ങിയവ സംഘടിപ്പിച്ച് ഗുണഭോക്താക്കളെ ഉത്സുകരും തൽപരരും ആക്കണം.
14. ബ്രോയിലർ കോഴിവളർത്തൽയൂണിറ്റ് ആരംഭിക്കുന്നതിന് താൽപര്യമുള്ളവർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണം.
15. പഞ്ചായത്തുതലത്തിൽ ഒരു എഗ്ഗർ നഴ്സറി ആരംഭിച്ച് വിവിധയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.
16. "വീട്ടുമുറ്റത്തെ കോഴി വീട്ടമ്മമാർക്ക് അനുഗ്രഹം" 45 ദിവസം പ്രായമുള്ള 5 കോഴിക്കുഞ്ഞുങ്ങളെ വീതം 50%സബ്സിഡി നിരക്കിൽ താൽപര്യമുള്ള എല്ലാ വീട്ടമ്മമാർക്കും നൽകണം.
17. കോഴികൾക്കുള്ള കുത്തിവയ്പ്പ് വാർഡടിസ്ഥാനത്തിൽ നടത്താനാവശ്യമായ നടപടികൾ ഉണ്ടാകണം.

**മത്സ്യബന്ധനം**

ഒരു ജോലി എന്ന നിലയിൽ മത്സ്യബന്ധനസാധ്യത കുറവുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിൽ 24 കുടുംബങ്ങൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളവരായുണ്ട്.

പട്ടിക 3.4

| | | |
|---|---|---|
| വാർഡ് | I | 7 |
| വാർഡ് | IV | 1 |
| വാർഡ് | V | 8 |
| വാർഡ് | IX | 1 |
| വാർഡ് | X | 2 |
| വാർഡ് | XI | 5 |

നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ മത്സ്യബന്ധനസാധ്യതകൾ കുറെയൊക്കെയുണ്ട്. കുത്തുവല, വീശൽവല, നാടൻ ചൂണ്ട എന്നിവയുപയോഗിച്ച് മീൻ പിടിച്ച് സ്വന്തം ആഹാരാവശ്യങ്ങൾക്കുപയോഗിക്കുകയും കുറഞ്ഞ തോതിൽ വിൽപ്പന നടത്തിവരുകയും ചെയ്യുന്നുണ്ട്. ഉൾനാടൻ മത്സ്യബന്ധനസാധ്യതയുള്ള ചിറകളും തോടുകളും കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

**ഗ്രാമസഭകളിൽ നിന്നുമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും**

1. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് വള്ളവും വലയും സൗജന്യമായി നൽകണം.
2. പഞ്ചായത്തധീനതയിലുള്ള കുളങ്ങളുടേയും ചിറകളുടേയും അരികുകകൾ കെട്ടി മത്സ്യം വളർത്തൽ സാധ്യത പരിശോധിക്കേണ്ടതാണ്.
3. മത്സ്യം കൃഷി ചെയ്യാനാഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് നല്ലയിനം മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.
4. മൽസ്യപ്രജനനകാലത്ത് പൊതുതോടുകളിൽ സ്വകാര്യവ്യക്തികൾ തടയിടുന്നത് അവസാനിപ്പിക്കണം.
5. പഞ്ചായത്തുതലത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ മൽസ്യമാർക്കറ്റുകൾ ആരംഭിക്കണം.
6. സഹകരണാടിസ്ഥാനത്തിൽ മൽസ്യസംസ്കരണയൂണിറ്റുകൾ ആരംഭിക്കണം.
7. അലങ്കാര മൽസ്യകൃഷിയിൽ താൽപര്യമുള്ളവരെ പ്രോത്സാഹിപ്പിക്കണം.
8. മത്സ്യഫെഡിൻെറ വാഹനങ്ങൾ വഴി പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ മൽസ്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ വേണം.

# വ്യവസായം

186

## വ്യവസായം

സമൂഹത്തിൻെറ സമഗ്രമായ പുരോഗതിയിൽ പ്രധാനപങ്കു വഹിക്കുന്ന മേഖലയാണ് വ്യവസായം. നമ്മുടെ പഞ്ചായത്തിലെ മൊത്തം ആഭ്യന്തരവരുമാനത്തിൻെറ പ്രധാനഭാഗം വ്യവസായിക മേഖലയിൽ നിന്നാണ് ഉണ്ടാകുന്നത്. ഇത് സംസ്ഥാനനിരക്കിനേക്കാൾ കൂടുതലാണ്. 1991 -ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ തൊഴിൽ സേനയായ 9444പേരിൽ 40% വ്യവസായികമേഖലയിലാണ് പണിയെടുക്കുന്നത്. നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി താരതമ്യേന മുന്നിട്ടു നിൽക്കുന്നു എന്നു കാണുവാൻ കഴിയും.

### വ്യവസായഘടന

ആധുനികവും പരമ്പരാഗതവും എന്ന നിലയിൽ വ്യവസായങ്ങളെ തിരിക്കുമ്പോൾ മുഖ്യമായും ആധുനികവ്യവസായങ്ങളാണ് പഞ്ചായത്തിലുള്ളത്. രജിസ്റ്റർ ചെയ്ത കണക്കനുസരിച്ച 34 ഇടത്തരം ഫാക്ടറികളും 99 ചെറുകിട വ്യവസായങ്ങളും മില്ലുകൾ ഉൾപ്പെടെ 160 വ്യാപാരസ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പരമ്പരാഗതവ്യവസായങ്ങൾ താരതമ്യേന ദുർബലമാണ്. മൊത്തം മൂലധനനിക്ഷേപം ഏകദേശം 45 കോടിയോളം വരും.

### ഇടത്തരം വ്യവസായങ്ങൾ

പ്രധാനമായും മൂന്ന് ഫാക്ടറികളാണ് പഞ്ചായത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. മൊത്തം മൂലധനനിക്ഷേപം ഏകദേശം 35 കോടിയോളം വരും. ഈ മേഖലയിൽ ആകെ 12 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഈ മേഖലയിൽ മൊത്തം വിറ്റുവരവ് ഏകദേശം 85കോടി രൂപയാണ്.

പ്രായം കൊണ്ടും വലുപ്പം കൊണ്ടും പഞ്ചായത്തിലെ പ്രധാനവ്യവസായസ്ഥാപനം ബൾബും ട്യൂബും ഉൽപ്പാദിപ്പിക്കുന്ന ക്രോംപ്റ്റൺഗ്രീവ്സിൻെറ ഒരു ഡിവിഷനാണ്. കാർഷിക പരിഷ്കരണം കേരളത്തിൻെറ വ്യാവസായിക വളർച്ചക്ക് വേഗത കൂട്ടിയ കാലമായിരുന്നു 1968. കൂടുതൽ വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതിനുള്ള ഗവൺമെൻറുശ്രമങ്ങളുടെ ഫലം നെടുമ്പാശ്ശേരിയിലും ഉണ്ടായി. 1968ലാണ് പഞ്ചാബിലെ പ്രശസ്ത വ്യവസായിയായ C.L ആനന്ദ് മുൻകൈ എടുത്ത് ജപ്പാനിലെ തോഷിബ കമ്പനിയുമായി കൂട്ടു ചേർന്ന് തോഷിബാ ആനന്ദ് ലാബ്സ് ലിമിറ്റഡ് എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിലുണ്ടായിരുന്ന 250 തൊഴിലാളികളുടെ കഠിനപ്രവർത്തനം കമ്പനിയെ അതിവേഗത്തിൽ പുരോഗതിയിൽ എത്തിച്ചു. മാനേജ്മെൻറിൻെറ ദീർഘവീക്ഷണമില്ലായ്മയുടേയും കെടുകാര്യസ്ഥതയുടേയും ഫലമായി 1977 ആയപ്പോഴേക്കും കമ്പനി നഷ്ടത്തിലാകാൻ തുടങ്ങി. അടച്ചുപൂട്ടുന്ന സ്ഥിതിയിലെത്തിയപ്പോൾ ക്രോംപ്റ്റൺഗ്രീവ്സ് കമ്പനി ഏറ്റെടുക്കുകയും 1991ൽ ക്രോംപ്റ്റൺഗ്രീവ്സിൻെറ ഒരു ഡിവിഷൻ ആക്കിമാറ്റുകയും ചെയ്തു. ഇന്ത്യയിലും വിദേശത്തുമായി ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന ഈ കമ്പനിയിൽ ഇപ്പോൾ 758 തൊഴിലാളികൾ ജോലി ചെയ്യുന്നു. വൈദ്യുതിയുടെ ദൗർലഭ്യം ഒഴിച്ചാൽ കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് മറ്റു പ്രതിബന്ധങ്ങൾ ഒന്നും തന്നെയില്ല.

രണ്ടാമത്തെ ഇടത്തരം ഫാക്ടറിയായ കാംകോ (കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ) പഞ്ചായത്തിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏകസ്ഥാപനം ആണ്. കാർഷികമേഖലക്കാവശ്യമായ പവ്വർ ടില്ലറും കൊയ്ത്തു യന്ത്രവുമാണ് ഇവിടത്തെ പ്രധാന ഉല്പന്നം. 1965ൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന പേരിൽ ജപ്പാനിലെ കുബോട്ട കമ്പനിയുടെ സഹായത്തോടെ ആരംഭിച്ച ഈ സ്ഥാപനം ആധുനിക കൃഷിരീതിയും കാർഷികയന്ത്രങ്ങളുടെ ഉപയോഗരീതിയെക്കുറിച്ചുള്ള പഠനവുമാണ് നടത്തിയിരുന്നത്. 1973ൽ കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ ആക്കി മാറ്റുകയും കാർഷികയന്ത്രങ്ങളുടെ ഉല്പാദനത്തിൽ ഏർപ്പെടുകയും ചെയ്തു.

450ഓളം ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. നിർമ്മാണത്തിനാവശ്യമായ ഘടകങ്ങളിൽ മിക്കവയും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ബംഗാൾ, ത്രിപുര, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇവിടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും വിറ്റഴിക്കുന്നത്. ഈ കമ്പനിയുടെ രണ്ടു യൂണിറ്റുകൾ കളമശ്ശേരിയിലും പാലക്കാട്ടും ഇതിനകം ആരംഭിച്ചുകഴിഞ്ഞു. തികച്ചും ലാഭകരമായി പ്രവർത്തിക്കുന്ന ഈ കമ്പനിയോടു ചേർന്ന് 17 ഏക്കർ സ്ഥലം തരിശായി കിടക്കുന്ന സാഹചര്യത്തിലാണ് പുതിയ യൂണിറ്റുകൾ മറ്റു പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുള്ളത്. പുതിയ യൂണിറ്റുകൾ ഈ തരിശായി കിടക്കുന്ന സ്ഥലത്ത് തുടങ്ങിയിരുന്നുവെങ്കിൽ പഞ്ചായത്തിൻെറ വ്യാവസായിക വളർച്ചക്ക് ഒരു മുതൽക്കൂട്ടാകുമായിരുന്നു.

1986ൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി ആരംഭിച്ച കേരള ആയുർവേദ ഫാർമസി പഞ്ചായത്തിലെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന ആയുർവേദ ഔഷധങ്ങൾ ഇന്ത്യയിലും വിദേശത്തുമായി വിറ്റഴിക്കുന്നു. 84 തൊഴിലാളികളാണ് പഞ്ചായത്തിലുള്ള ഇതിൻെറ രണ്ടു ഫാക്ടറി യൂണിറ്റുകളിലായി ജോലി ചെയ്യുന്നത്. ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ വളരെ വികസനസാധ്യതയുള്ള ഒരു വ്യവസായമായി ഇതിനെ കണക്കാക്കാം. വികസനത്തിൻെറ ഭാഗമായി 10 കോടി രൂപയുടെ പുതിയ പ്രോജക്ടിൻെറ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

### ചെറുകിട വ്യവസായങ്ങൾ

ചെറുകിട വ്യവസായങ്ങളിൽ ആകെ 99 യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ മേഖലയിൽ മൊത്തം മൂലധനനിക്ഷേപം ഏകദേശം 3 കോടി രൂപയോളം വരുന്നു. ഈ മേഖലയിലെ മൊത്തം വിറ്റുവരവ് 2 കോടി രൂപയോളം വരുന്നു. നിക്ഷേപവിറ്റുവരവ് അനുപാതം ഇത്തരം വ്യവസായങ്ങളേക്കാൾ കൂടുതലാണ് എന്നത് വളരെ പ്രധാനമായ കാര്യമാണ്. ഇടത്തരം വ്യവസായങ്ങളിൽ കൂടുതലും അസംഘടിതമേഖലയിൽ ആണ്.

ചെറുകിട വ്യവസായങ്ങളിൽ മുഖ്യമായും ആധുനികവ്യവസായങ്ങൾ തന്നെയാണ് പഞ്ചായത്തിലുള്ളത്. വളം നിർമ്മാണരംഗത്തു പ്രവർത്തിക്കുന്ന വീനസ് ഫെർട്ടിലൈസേഴ്സ് ആണ് ഏറ്റവും പഴക്കം ചെന്നത്. എല്ലുപൊടിയാണ് പ്രധാന ഉല്പന്നം. അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം ഈ വ്യവസായം നേരിടുന്ന പ്രധാനപ്രശ്നമാണ്. മലബാറിൽ നിന്നാണ് പ്രധാനമായും അസംസ്കൃതവസ്തുവായ എല്ലുകൾ കൊണ്ടുവരുന്നത്. പഞ്ചായത്തുതലത്തിൽ എല്ലുകൾ സൂക്ഷിക്കുന്ന ഒരു ആധുനിക സംവിധാനം ഏർപ്പെടുത്തുന്നത് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് സഹായകരമാണ്. ഉല്പന്നങ്ങൾ പ്രധാനമായും കേരളത്തിൽ തന്നെ വിറ്റഴിക്കുന്നു. വളരെ പഴക്കം ചെന്ന ഈ സ്ഥാപനം ഇന്നും ലാഭകരമായി

പ്രവർത്തിക്കുന്നു.

196 പേർ ജോലി ചെയ്യുന്ന കാൻകോർ എക്സ്ട്രാക്റ്റ് പ്രൈവറ്റ് ലിമിറ്റഡിൻെറ ഒരു ഡിവിഷൻ നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. കുരുമുളക്, സാധാരണ മുളക് മഞ്ഞൾ, കടുക്, കറുകപ്പട്ട, കുടപ്പുളി എന്നിവയിൽ നിന്നും സത്തെടുക്കുന്നതാണ് ഇവിടത്തെ പ്രവർത്തനം. മലേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് അസംസ്കൃത സാധനങ്ങൾ കൊണ്ടുവരുന്നു. ഉല്പന്നങ്ങൾ പ്രധാനമായും പാശ്ചാത്യരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു. അമേരിക്കയാണ് പ്രധാനമാർക്കറ്റ്. വളരെ ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നൊഴുകുന്ന മലിനജലം പല പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

ഓട് നിർമ്മാണം പഞ്ചായത്തിൽ വളരെ സജീവമായി നിൽക്കുന്ന വ്യവസായമേഖലയാണ്. 6 ഓട് ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നു. മോടി പിടിപ്പിക്കാൻ ഉപയോഗിക്കുന്ന ഓടുകൾ ഉൾപ്പെടെ പല ഓടുകളും ഇവിടെ നിർമ്മിക്കുന്നു. അസംസ്കൃതവസ്തുവായ കളിമണ്ണ് കിട്ടാനില്ല എന്നതാണ് ഈ മേഖല നേരിടുന്ന പ്രധാനപ്രശ്നം. തമിഴ്നാട്ടിലും കേരളത്തിൻെറ വിവിധ ഭാഗങ്ങളിലുമായി ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നു. അസംസ്കൃതവസ്തുക്കളുടെ ഇന്നത്തെ ദൗർലഭ്യം തുടരുന്ന പക്ഷം ഈ സ്ഥാപനങ്ങളുടെ ഭാവി ഇരുളടഞ്ഞതാണ്. സാധാരണ ഓടിൻെറ ഡിമാൻറ് കുറയുന്നതും ഈ മേഖല നേരിടുന്ന മറ്റൊരു പ്രശ്നമാണ്.

ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് ഇഷ്ടിക നിർമ്മാണം. 45ഓളം വയർക്കട്ട യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം 2500റോളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. അസംസ്കൃതവസ്തുവായ മണ്ണിൻെറ ദൗർലഭ്യം ഈ വ്യവസായം നേരിടുന്ന പ്രധാനപ്രശ്നമാണ്. വിറകിൻെറ വിലയും മറ്റും ഈ മേഖലയുടെ ലാഭം കുറയ്ക്കുന്നു. കൃഷിഭൂമി താഴ്ത്തുന്നത് മൂലം ഈ വ്യവസായം സൃഷ്ടിക്കുന്ന പരിസ്ഥിതിപ്രശ്നം പരിഹരിക്കണം. ക്രഷർ മെറ്റൽ നിർമ്മാണരംഗത്ത് പഞ്ചായത്തിൽ ഒരു യൂണിറ്റു മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 1977ൽ ആരംഭിച്ച സാൻജോ ഇൻഡസ്ട്രീസ് തിരുവിലാം കുന്നിൽ പ്രവർത്തിക്കുന്നു. ഇതിൽ 12 സ്ഥിരം തൊഴിലാളികൾ പണിയെടുക്കുന്നു. ആധുനിക സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ അസംസ്കൃത വസ്തുക്കൾ എളുപ്പം ലഭ്യമാണ്. മത്സരം ശക്തമാണെങ്കിലും വിപണനരംഗം സജീവമാണ്. ടിൻഷീറ്റു കൊണ്ട് മുഴുവൻ കവർ ചെയ്തിരിക്കുന്ന സിസ്റ്റം പരിസ്ഥിതി പ്രശ്നങ്ങൾക്ക് പൂർണ്ണമായും പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ആധുനികസംവിധാനത്തോടെ ഇത്തരത്തിലുള്ള ഒരു യൂണിറ്റ് തുടങ്ങുന്നതിന് ഇന്ന് ഏകദേശം 15 ലക്ഷം രൂപ മുതൽമുടക്കുവരുന്നു.

ഹോളോ ബ്രിക്സ് നിർമ്മാണരംഗത്ത് രണ്ടു യൂണിറ്റുകളാണ് പഞ്ചായത്തിലുള്ളത്. വിപണനരംഗത്ത് നില നിൽക്കുന്ന ശക്തമായ മത്സരം ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നമാണ്. 1991ൽ തുടങ്ങിയ മയൂർ എൻറർപ്രൈസ് 94-95 കാലയളവിൽ ലാഭകരമായി പ്രവർത്തിച്ചിരുന്നു. സിമൻറിൻെറ ദൗർലഭ്യവും വിലകൂടുതലും വെള്ളത്തിൻെറ ദൗർലഭ്യവും ഈ വ്യവസായം നേരിടുന്ന മറ്റു പ്രശ്നങ്ങളാണ്. 7,50,000 രൂപയോളം മുതൽ മുടക്കിയ ഈ സ്ഥാപനത്തിൽ 6 പേർ ജോലി ചെയ്യുന്നു.

കോൺക്രീറ്റ് ജനൽ, വാതിൽ എന്നിവയുടെ നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനയൂണിറ്റാണ് നെടുമ്പാശ്ശേരിയിലുള്ള മോഡേൺ ബിൽഡിങ്ങ് പ്രൊഡക്ട് എന്ന സ്ഥാപനം. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും വെള്ളത്തിൻെറ ദൗർലഭ്യവും ഈ സ്ഥാപനം നേരിടുന്ന പ്രധാനപ്രശ്നങ്ങളാണെങ്കിലും യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നു. 5 ലക്ഷം രൂപയോളം മുതൽ മുടക്കുള്ള ഈ സ്ഥാപനം വികസനത്തിൻെറ പാതയിലാണ്.

ഫർണ്ണിച്ചർ നിർമ്മാണരംഗത്ത് കരിയാട്ടിൽ പ്രവർത്തിക്കുന്ന ലവീന ഇൻഡസ്ട്രീസ് ഉൾപ്പെടെ നാലു യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന പ്രധാനപ്രശ്നം.

ട്രെഡ് റബ്ബർ നിർമ്മാണരംഗത്തു പ്രവർത്തിക്കുന്ന ടി. ജെ. റബ്ബർ ഇൻഡസ്ട്രീസ് ലാഭകരമായി പ്രവർത്തിക്കുന്ന മറ്റൊരു യൂണിറ്റാണ്. 10 തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ സ്ഥാപനത്തിൻെറ ഉല്പന്നങ്ങൾ കേരളത്തിനു വെളിയിലാണ് വിറ്റഴിക്കുന്നത്.

ചമ്പന്നൂർ വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന വി.ജെ. മോഡേൺ റൈസ് മിൽ പ്രവർത്തനം തുടങ്ങിയിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. 97 ലക്ഷത്തോളം മുതൽ മുടക്കിയിട്ടുള്ള ഈ സ്ഥാപനത്തിൽ 7 തൊഴിലാളികൾ പണിയെടുക്കുന്നു. അസംസ്കൃത വസ്തുവായ നെല്ല് ആലപ്പുഴ, പാലക്കാട് എന്നിവിടങ്ങളിൽ നിന്നായി കൊണ്ടുവരുന്നു. നെല്ല്, വെള്ളം, വൈദ്യുതി എന്നിവയുടെ ദൗർലഭ്യം ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന മറ്റൊരു യൂണിറ്റാണ് നെറ്റിക്കാടൻ ഇൻഡസ്ട്രീസ്. മുഖം നോക്കുന്ന കണ്ണാടി ഉത്പാദിപ്പിക്കുന്ന ഈ സ്ഥാപനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ശുദ്ധവെള്ളത്തിൻെറ ദൗർലഭ്യവും കമ്പോള മത്സരവും ആകുന്നു. ലോക്കൽ മാർക്കറ്റിനെ പ്രധാനമായും ആശ്രയിക്കുന്ന ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നു. മറ്റൊരു വ്യവസായ യൂണിറ്റാണ് ആലുവ ബേക്കിങ്ങ് ആൻറ് ക്യാനിങ്ങ്. ബ്രഡ്ഡും ബണ്ണും ഉല്പാദിപ്പിക്കുന്ന ഈ സ്ഥാപനം വിപണനരംഗത്ത് ശക്തമായ മത്സരത്തെ നേരിടുന്നു. 25 പേർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണരംഗത്ത് 4 വനിതാ വ്യവസായ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. മഹിളാ പ്രവർത്തക സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചന്ദനത്തിരി നിർമ്മാണം, അലൂമിനിയ പാത്രങ്ങൾ ഉണ്ടാക്കുന്ന പുതുശ്ശേരി ഇൻഡസ്ട്രീസ്, ഫിൽറ്റർ ഉണ്ടാക്കുന്ന ഒരു വനിതാ സംരംഭവും പൊയ്ക്കാട്ടുശ്ശേരിയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളാണ്. ആവണംകോട് പ്രവർത്തിക്കുന്ന സ്വാതി ഗ്ലൗസ് നിർമ്മാണയൂണിറ്റും പഞ്ചായത്തിലെ മറ്റു വനിതാ വ്യവസായ യൂണിറ്റുകളാണ്. കാരക്കാട്ടുകുന്നിൽ പ്രവർത്തിക്കുന്ന ജട്ടി നിർമ്മാണ യൂണിറ്റ് പഞ്ചായത്തിലെ മറ്റൊരു വ്യവസായയൂണിറ്റാണ്. ഏകദേശം 15 എഞ്ചിനീയറിംഗ് വർക്കുഷോപ്പുകളും ഒരു സോമില്ലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ SSI രെജിസ്ട്രേഷനുള്ള 6 പ്രിൻറിങ്ങ് പ്രസ്സുകളും പ്രവർത്തിക്കുന്നു.

പരമ്പരാഗത വ്യവസായരംഗത്തു നാമമാത്രമായ പനമ്പുനെയ്ത്തും കള്ളുചെത്തും മാത്രമാണുള്ളത്. ഈറ്റയുടെ ദൗർലഭ്യം പനമ്പുനെയ്ത്തു മേഖലയിൽ രൂക്ഷമാണ്.

പട്ടിക 4.1

**അവലംബം പ്രഥമിക സ്ഥിതിവിവരകണക്കുകൾ**


| വ്യവസായങ്ങളുടെ തരങ്ങൾ | യൂണിറ്റുകളുടെ എണ്ണം | ഉടമസ്ഥത | | | | ഇടത്തരം വ്യവസായങ്ങൾ എണ്ണം | ചെറുകിട വ്യവസായങ്ങൾ എണ്ണം | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| | | സ്വകാര്യമേഖല | | | മറ്റുള്ളവ | | | |
| | | വ്യക്തിഗത സംരംഭം | കൂട്ടുസംരംഭം | കമ്പനി | | | | |
| ബൾബു നിർമ്മാണം | 1 | | | 1 | | 1 | | |
| ആയുർവേദ ഔഷധനിർമ്മാണം | 3 | 2 | | 1 | | 1 | 2 | |
| കാർഷിക അനുബന്ധവ്യവസായം | 4 | | 3 | 0 | 1(പൊതുമേഖല) | 1 | 3 | |
| കളിമണ്ണു അനുബന്ധ വ്യവസായം (Clay baised Industries) | 52 | 15 | 35 | 2 | | | 52 | |
| ട്രേഡ് റബ്ബർ നിർമ്മാണം | 1 | | | 1 | | | 1 | |
| ഫർണിച്ചർ നിർമ്മാണം | 5 | 3 | 2 | | | | 5 | |
| ക്രഷർമെറ്റൽ നിർമ്മാണം | 1 | | 1 | | | | 1 | |
| ഹോളോ ബ്രിക്സ് & കോൺക്രീറ്റ് ഉല്പന്നങ്ങൾ | 4 | 2 | 2 | | | | 4 | |
| മറ്റുള്ളവ | 28 | 10 | 14 | | 4(കോപ്പറേറ്റീവ്) | | 28 | (10എണ്ണംവനിതാവ്യവസായ യൂണിറ്റുകൾ) |
| | 99 | 32 | 57 | 5 | 5 | 3 | 96 | |

පട്ടിക 4.2


വ്യവസായമേഖലയിലെ തൊഴിലാളികൾ

| | തൊഴിലാളികൾ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീകൾ | ആകെ |
| ബൾബ് നിർമ്മാണം | 533 | 225 | 758 |
| ആയുർവേദ ഔഷധനിർമ്മാണം | 64 | 20 | 84 |
| പവർടില്ലർ നിർമ്മാണം | 414 | 35 | 450 |
| ഭക്ഷ്യവസ്തു സംസ്ക്കാരം | 189 | 7 | 196 |
| വളംനിർമ്മാണം | 12 | - | 12 |
| ഇഷ്ടിക നിർമ്മാണം | 1300 | 1200 | 2500 |
| ഫർണ്ണീച്ചർ നിർമ്മാണം | 18 | 2 | 20 |
| ക്രഷർ മെററൽ | 3 | 9 | 12 |
| ഹോളോബ്രിക്സ്, കോൺക്രീറ്റ് ഉല്പന്നങ്ങൾ | 15 | 4 | 19 |
| മറ്റുളളവ | 80 | 20 | 60 |
| | 2588 | 1523 | 4111 |

**മൂലധന നിക്ഷേപം**




F-1




F-2


## വ്യാവസായിക മുരടിപ്പിൻെറ സൂചനകൾ

പഞ്ചായത്തിലെ ആധുനിക വ്യവസായ മേഖല പരിശോധിക്കുമ്പോൾ വ്യവസായ യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും നിക്ഷേപത്തിൻെറ നിരക്ക് കുറയുന്നതായി കാണാം. 1966നും 1986നും ഇടയ്ക്കുള്ള വർഷങ്ങളിലാണ് ഇടത്തരം വ്യവസായങ്ങളിൽ നിക്ഷേപം ഉണ്ടായിട്ടുള്ളത്. 1986നു ശേഷം അത്തരത്തിലുള്ള നിക്ഷേപം കാര്യമായി വന്നില്ല എന്നുള്ളതുകൊണ്ടാണ് യൂണിറ്റുകൾ വർദ്ധിക്കുന്ന നിരക്കിൽ നിക്ഷേപത്തിൻെറ വർദ്ധനവ് വരാനിരുന്നത്. യൂണിറ്റുകളുടെ വർദ്ധനവ് പ്രധാനമായും അസംഘടിത മേഖലയിലുള്ള ഇഷ്ടിക നിർമ്മാണത്തിലാണ്. ഈ മേഖല ഇപ്പോൾ തകർച്ചയെ നേരിടുകയാണ്. ഏതാനും വർഷങ്ങൾ കഴിയുമ്പോൾ ഇഷ്ടിക നിർമ്മാണം പഞ്ചായത്തിൽ ഇല്ലാതായി വരുന്ന അവസ്ഥയാണ് കാണുന്നത്. പൊതുവിൽ യൂണിറ്റുകളുടെ വർദ്ധനവ് വ്യവസായ മുന്നേറ്റമായി കാണാൻ കഴിയില്ല എന്നു മാത്രമല്ല ചുരുങ്ങിയ കാലത്തിനുള്ളിൽ പഞ്ചായത്തിൽ ഒരു വ്യാവസായിക മുരടിപ്പിൻെറ സൂചനയാണ് തരുന്നത്. ഇതിൻെറ ഫലമായി രൂക്ഷമായ തൊഴിലില്ലായ്മയാണ് ഉണ്ടാകാൻ പോകുന്നത്.

ഈ മുരടിപ്പിനെ അതിജീവിച്ചുകൊണ്ടല്ലാതെ വ്യാവസായികമായ ഒരു മുന്നേറ്റം കൈവരിക്കാൻ കഴിയില്ല.

F-3

### വ്യവസായങ്ങളും മൂലധനനിക്ഷേപവും




നിലവിലുള്ള പരിതസ്ഥിതിയിൽ നിന്നുകൊണ്ട് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നു നോക്കാം. കണക്കുകൾ സൂചിപ്പിക്കുന്ന ഒരു കാര്യം വളരെ പ്രധാനമാണ്. വ്യവസായങ്ങളുടെ നിക്ഷേപ വിറ്റുവരവ് അനുപാതം പരിശോധിക്കുമ്പോൾ കൂടുതൽ മൂലധനം നിക്ഷേപിച്ചിട്ടുള്ള ഇടത്തരം വ്യവസായങ്ങളേക്കാൾ ചെറുകിയ വ്യവസായങ്ങളിലാണ് വിറ്റുവരവ് കൂടുതൽ ഉള്ളത്. അതുകൊണ്ട് ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതായിരിക്കും നല്ലത്. കൂടാതെ ചെറുകിട വ്യവസായങ്ങളിൽത്തന്നെ അനുബന്ധവ്യവസായങ്ങളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം. കാംകോ, ക്രോംപ്റ്റൺ ഗ്രീവ്സ്, ആയുർവേദ ഫാർമസി, ടെൽക്ക് എന്നിവ നമ്മുടെ പഞ്ചായത്തിലും സമീപപ്രദേശത്തുമുള്ള പ്രധാനഫാക്ടറികളാണ്. ഈ കമ്പനികൾക്കാവശ്യമായ നിർമ്മാണവസ്തുക്കൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇവയെല്ലാം തന്നെ നമുക്കിവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്നവയാണ്. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം മാർക്കറ്റ്, ടെക്നോളജി, മറ്റു പശ്ചാത്തലസൗകര്യങ്ങൾ എല്ലാം തന്നെ അനുബന്ധ വ്യവസായങ്ങൾക്ക് വളരാൻ അനുകൂല ഘടകങ്ങളാണ്. നിലവിലുള്ള ഇഷ്ടികനിർമ്മാണ മേഖലയിലെ വ്യവസായികളെ ഇത്തരത്തിലുള്ളതും മറ്റിടത്തരം വ്യവസയി യൂണിറ്റുകളിലേക്കും അവരുടെ മൂലധനത്തെ നിക്ഷേപമാക്കി മാറ്റുവാൻ കഴിയണം.

ഇഷ്ടികനിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ ലഭിക്കത്തക്കവിധം സഹകരണമേഖലയിൽ കുടിൽ വ്യവസായങ്ങളെ ശക്തിപ്പെടുത്തണം. കാർഷികമേഖലയുടെ സമഗ്രമായ പുരോഗതി ഉറപ്പാക്കാൻ കഴിഞ്ഞാൽ കാർഷിക ഉല്പന്നങ്ങൾ സംസ്കരിക്കുന്ന വ്യവസായമേഖല വികസിപ്പിക്കാൻ കഴിയും. അന്തർദേശീയവിമാനത്താവളത്തിൻെറ സൗകര്യവും കയറ്റുമതി വ്യവസായരംഗത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണം.

ഗ്രാമസഭകളിൽ നിന്നുവന്നിട്ടുള്ള ചർച്ചകളുടെ ക്രോഡീകരണം താഴെ കൊടുക്കുന്നു.

**പ്രശ്നങ്ങൾ**

1. അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും കമ്പോള മത്സരവും ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രധാനപ്രശ്നങ്ങളാണ്.
2. വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നു.
3. ശുദ്ധവെള്ളക്ഷാമം പല വ്യവസായങ്ങൾക്കും പ്രശ്നമായിത്തീരുന്നു.
4. സാങ്കേതിക വിദ്യ ലഭിച്ചവർക്ക് തൊഴിൽ ലഭിക്കാൻ സൗകര്യമില്ല.
5. വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യങ്ങൾ ലഭിക്കുന്നില്ല.
6. വ്യവസായസംരംഭകർക്ക് ആവശ്യമായ പരിശീലനം കൊടുക്കാനുള്ള സംവിധാനങ്ങളില്ല.

7. മുഖ്യ കാർഷികോല്പന്നങ്ങളെ വ്യവസായരംഗത്തു കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല.
8. വനിതകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
9. കളിമണ്ണ് കരകൗശലവസ്തുക്കളുടെ നിർമ്മാണരംഗത്തു പ്രയോജനപ്പെടുത്തുന്നില്ല.
10. സഹകരണമേഖലയിലുള്ള വ്യവസായങ്ങൾ വളരെ കുറവാണ്.
11. അനുബന്ധവ്യവസായങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.
12. പരമ്പരാഗതവ്യവസായരംഗത്ത് നിലനിൽക്കുന്ന വസ്തുക്കളുടെ ദൗർലഭ്യം രൂക്ഷമാണ്.

**സാദ്ധ്യതകൾ**

1. കരകൗശലവസ്തുക്കളുടെ നിർമ്മാണരംഗത്ത് ധാരാളം വിദഗ്ദ്ധ തൊഴിലാളികളും ആവശ്യമായ അസംസ്കൃത വസ്തുക്കളും പഞ്ചായത്തിൽ ലഭ്യമാണ്. ഇവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയിൽ ചെറുകിടവ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.
2. ചെറുകിട വ്യവസായമേഖലയിൽ താല്പര്യമുള്ള ധാരാളം വനിതകൾ പഞ്ചായത്തിൽ തൊഴിൽ രഹിതരായി നിലനിൽക്കുന്നു. ജില്ലാ, വ്യവസായകേന്ദ്രങ്ങളുടെ നാനാവിധത്തിലുള്ള സഹായവും ലഭ്യമാണ്. ജില്ലാ വ്യവസായകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിദഗ്ദ്ധതൊഴിൽ പരിശീലനവും അസംസ്കൃത വസ്തുക്കളും മറ്റു മെഷിനറി സൗകര്യങ്ങളും ഈ വ്യവസായങ്ങൾക്കു നൽകുന്നുണ്ട്. പ്രധാനമായും ലോക്കൽ മാർക്കറ്റിനെ ആശ്രയിച്ചുകൊണ്ട് ചെരിപ്പ്, നോട്ടുബുക്ക്സ്, ബാഗ്, കുപ്പിവളകൾ, തുടങ്ങിയ സാധനങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന വനിതാവ്യവസായ യൂണിറ്റുകൾ സഹകരണമേഖലയിൽ പഞ്ചായത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് തുടങ്ങുവാൻ കഴിയും.
3. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ (കാംകോ) എന്ന സ്ഥാപനത്തിൻെറയും ക്രോംപ്റ്റൺ ഗ്രീവ്സിൻേറയും അനുബന്ധവ്യവസായങ്ങൾ എന്ന നിലയിൽ കാംകോയുടെ 17 ഏക്കർ തരിശായിക്കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഒരു വ്യവസായപാർക്കിന് സാദ്ധ്യതയുണ്ട്.
4. കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി നിരവധി വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകളുമുണ്ട്.
5. ഈറ്റയുടെ ക്ഷാമം പരിഹരിച്ചുകൊണ്ട് പനമ്പുവ്യവസായം പഞ്ചായത്തിൽ ശക്തിപ്പെടുത്തണം.
6. വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്തണം

# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

വിശ്വക്ഷേമത്തെ ലക്ഷ്യമാക്കുന്ന സമർപ്പിതചേതസ്സുകളെ രൂപപ്പെടുത്തുകയാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമെന്നു വംഗദേശീയനായ വിശ്വകവി രവീന്ദ്രൻെറ വിശ്വഭാരതിയിലൂടെ നാമറിയുന്നു. നോബൽസമ്മാനജേതാവായ മഹാകവിയുടെ കാലത്തിനും എത്രയോ മുമ്പുതന്നെ ഭാരതം ഇതംഗീകരിച്ചിരുന്നു. നളന്ദയും തക്ഷശിലയും വിക്രമശിലയും വളഭിയും നാദിയായും മിഥിലയും ജഗദ്ദലയും അവശേഷിപ്പിച്ച അനുമാനങ്ങൾ ഈ സത്യം വിളിച്ചോതുന്നവയാണ്. 8500 വിദ്യാർത്ഥികളുടെ ചുമതല വഹിക്കുന്ന 1500 അദ്ധ്യാപകരെ ഉൾക്കൊണ്ടിരുന്ന നളന്ദയിലെ ലൈബ്രറി ഏതു സർവ്വകലാശാലക്കും അഭിമാനിക്കത്തക്ക വിധം സമ്പന്നമായിരുന്നു. ഇവയുടെ ഉയർച്ചയും, വളർച്ചയും തകർച്ചയും അവ്യക്തതയുടെ പുകമറയ്ക്കുള്ളിലാണ്. അനുഗ്രഹിക്കുന്ന ഗുരുവും അനുസരിക്കുന്ന ശിഷ്യനും ഗുരുകുലത്തിൻെറ മഹത്വവും പ്രസ്ഥാനത്തിൻെറ വളർച്ചയുമായി കരുതിയിരുന്ന ഒരു കാലം, കാലത്തിൻെറ പ്രയാണത്തിൽ മാറ്റത്തിൻെറ മാറ്റൊലി എങ്ങും മുഴങ്ങിയപ്പോൾ ചരിത്രത്തിൻെറ ഏടുകളിൽ എവിടേയോ ഒതുങ്ങിപ്പോയി.

കാലത്തിൻെറ കുത്തൊഴുക്കിൽ ഇന്ത്യ ബ്രിട്ടൻെറ കോളനിയായി. 1813 ൽ പൂർവ്വേന്ത്യാ കമ്പനിയുടെ ആക്ടിൽ 43 -ാമത്തെ വകുപ്പായി കൂട്ടിച്ചേർത്ത ഭേദഗതി ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ ശിരോരേഖയായും അടിസ്ഥാനശിലയായും പരിണമിച്ചു. 1834 ജൂൺ 10 ന് ഇന്ത്യയിൽ എത്തിച്ചേർന്ന തോമസ് ബാബിങ്ടൺ മെക്കോളയുടെ, പ്രധാനമായും ആറു പരാമർശങ്ങൾ ഉൾക്കൊള്ളുന്ന മിനിട്ട്സിൻെറ അടിസ്ഥാനത്തിൽ 1835 മാർച്ച് 7ന് വില്യം ബെൻറിക് പ്രഭുവിൻെറ കൗൺസിൽ അംഗീകരിച്ച പ്രമേയത്തിൻെറ അടിസ്ഥാനത്തിലാണ് ഇന്ന് നിലനിൽക്കുന്ന ഇന്ത്യൻ വിദ്യാഭ്യാസസൗധം കെട്ടിയുയർത്തിയിട്ടുള്ളതെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് നമുക്ക് നമ്മുടെ പഞ്ചായത്തിലേക്കു വരാം.

കേരളത്തിൻെറ പേരും പെരുമയും ചക്രവാളങ്ങൾക്കുമപ്പുറമെത്തിച്ച് ജ്ഞാനപീഠം കരത്തിലൊതുക്കിയ മഹാകവി ജി.ശങ്കരക്കുറുപ്പിന് അറിവിൻെറ ആദ്യാക്ഷരങ്ങൾ ഓതിക്കൊടുത്ത വിദ്യാലയം നമ്മുടെ പഞ്ചായത്തിലാണെന്നത് അഭിമാനപൂർവ്വം ഓർത്തുകൊണ്ട് വിദ്യാഭ്യാസമേഖലയുടെ ഇന്നത്തെ അവസ്ഥ എങ്ങനെ? എവിടെ? എന്തുകൊണ്ട്? എന്തു ചെയ്യാം? എന്ന് ഹ്രസ്വമായി ചിന്തിക്കാം.

നാലു ഗവൺമെൻറ് എൽ.പി.എസും, ഒരു എയ്ഡഡ് ഹൈസ്കൂളും, ഒരു അംഗീകൃത യു.പി. സ്കൂളും, ഒരു അൺ എയ്ഡഡ് സ്കൂളും ഔപചാരിക വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ പ്രൈമറി വിദ്യാഭ്യാസരംഗത്ത് മൂന്ന് അനധികൃതസ്കൂളും - (1. അസ്സീസി എൽ.പി.എസ്. അത്താണി 2. തുരുത്തിശ്ശേരി സിംഹാസനപ്പള്ളിയുമായി ബന്ധപ്പെട്ട ഒരു സ്കൂളും 3. വാപ്പാലശ്ശേരി പള്ളി പാരീഷ് ഹാളിൽ പ്രവർത്തിക്കുന്ന സ്കൂളും) ഒരു പാരലൽ കോളേജും നിരവധി ട്യൂഷൻ സെൻററുകളും ഉണ്ട്. സ്കൂളുകളുടെ പേരുവിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5.1

| | |
|---|---|
| ഗവ:എൽ.പി.ബി.എസ് | അകപ്പറമ്പ് |
| ഗവ: എസ്.വി.എൽ.പി.എസ് | മേയ്ക്കാട്ട് |
| ഗവ:എൽ.പി.എസ് | പൊയ്ക്കാട്ടുശ്ശേരി |
| ഗവ:എൽ.പി.എസ് | തുരുത്തിശ്ശേരി |
| മാർ അത്തനേഷ്യസ് ഹൈസ്കൂൾ | നെടുമ്പാശ്ശേരി -എയ്ഡഡ് |
| സെൻറ് ഫ്രാൻസിസ് അസ്സീസി. യു. പി. എസ് | അത്താണി -അംഗീകൃതം |
| വിദ്യാധിരാജാ വിദ്യാഭവൻ | മേയ്ക്കാട്ട് |

ഇന്നത്തെ വിദ്യാഭ്യാസസ്ഥിതി അവലോകനവിധേയമാക്കുന്നതിനു മുൻപ് ഇന്നലെകളുടെ ഇളകിയ മണ്ണിലൂടെ നമുക്കല്പം പരതാം. കാരണം, ഇന്നുകൾ ഇന്നലെകളുടെ തുടർച്ചയാണല്ലോ. ഇവിടെ ലഭ്യമായിട്ടുള്ള ആധികാരിക വിവരങ്ങൾക്കൊപ്പം നാട്ടറിവും, കേട്ടറിവും കലർത്തിയിട്ടുണ്ട്.

കേരളത്തിൽ പശ്ചാത്യവിദ്യാഭ്യാസം പ്രചരിച്ചതിൻെറ ചരിത്രം കുറിക്കുമ്പോൾ മിഷനറിമാരുടെ സേവനം വിസ്മരിച്ചുകൂടാ. കേരളത്തിലെ വിദ്യാഭ്യാസത്തിൻെറ ചരിത്രത്തിൽ മുഖ്യമായ ഒരേടാണിത്. ക്രിസ്തുമതപ്രചരണത്തിനു വേണ്ടി ഇന്ത്യയിലെത്തിയ പാതിരിമാരിൽ പണ്ഡിതന്മാരും സേവനതല്പരരും ആയ ഒട്ടേറെ പേർ ഉണ്ടായിരുന്നു. നമ്മുടെ ഈ കൊച്ചു ഗ്രാമത്തിലും അവരുടെ ശ്ലാഘനീയ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1170 വർഷം പഴക്കമുള്ള അകപ്പറമ്പ് യാക്കോബായ സിറിയൻ പള്ളിയിൽ തുടക്കം കുറിച്ച വിദ്യാലയമാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്നത്. 1893ൽ പള്ളി വക സ്ഥലത്ത് ആരംഭിച്ച ഈ വിദ്യാലയം ഇന്ന് അകപ്പറമ്പ് ഗവ:എൽ.പി.ബി.എസ് എന്നറിയപ്പെടുന്നു. ഈ വിദ്യാലയം പ്രവർത്തിക്കുന്ന കെട്ടിടം 25/- രൂപ വാടകയ്ക്ക് ഗവൺമെൻറ് ഏറ്റെടുത്ത് പൊതുമേഖലയിൽപെടുത്തി പ്രവർത്തനം തുടങ്ങി. ഇതിൻെറ കരാർ സംബന്ധിച്ച രേഖകൾ ലഭ്യമായില്ല. എത്രവർഷം മുമ്പാണ് ഈ വിദ്യാലയം ഗവൺമെൻറ് സ്ഥാപനമായി മാറിയതെന്ന് കൃത്യമായി പറയുവാൻ അതുകൊണ്ടു തന്നെ കഴിയുകയില്ല. ഗവൺമെൻറ് ലോവർ പ്രൈമറി ബോയ്സ് സ്കൂൾ എന്നാണറിയപ്പെടുന്നതെങ്കിലും ഇവിടെ പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഇതിൻെറ കാരണം അകപ്പറമ്പിൽ

തന്നെ പ്രവർത്തിച്ചിരുന്ന ഗവ:എൽ.പി.ജി.എസ്സുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ആകാരം അബലയും ചരിത്രം ചപലയും ആയി ചിത്രീകരിച്ചിരുന്ന സ്ത്രീ സങ്കൽപ്പവും മാറ്റത്തിനു വിധേയമായി. ഇന്ത്യ സ്വതന്ത്രമാവുന്നതിനു തൊട്ടുമുമ്പ് 1946 - 47ൽ സ്ത്രീകൾക്കു മാത്രമായി 59 ആർട്ട്സ് - സയൻസ് കോളേജുകൾ ഇന്ത്യയിലുണ്ടായിരുന്നു. പെൺകുട്ടികളുടെ 2370 സെക്കൻററി വിദ്യാലയങ്ങളും 21479 പ്രൈമറി വിദ്യാലയങ്ങളും ഉണ്ടായിരുന്നു. 21479 പ്രൈമറി വിദ്യാലയങ്ങളിൽ ഒന്ന് നമ്മുടെ ഈ പഞ്ചായത്തിലായിരുന്നുവെന്നത് അഭിമാനാർഹമാണ്.

അകപ്പറമ്പ് ലെവൽക്രോസിനു സമീപം 1904 ലാണ് ഗവ:എൽ.പി.ജി.എസ് പ്രവർത്തനം തുടങ്ങിയത്. നീണ്ട 89 വർഷങ്ങൾ.....ബാലമനസ്സുകളിൽ അറിവിൻെറ കിരണങ്ങൾ എത്തിച്ച ഈ വിദ്യാലയം അൺ എക്കണോമിക് എന്ന കാരണത്താൽ 1993ൽ അടച്ചുപൂട്ടി. പിഞ്ചുബാലികമാർ ഓടിച്ചാടിയാർത്തുതിമിർത്ത ആ കൊച്ചങ്കണം രാമപാദസ്പർശത്താൽ മോക്ഷം ലഭിക്കുവാൻ കാത്തുകിടന്ന അഹല്യയെപ്പോലെ നിശ്ശബ്ദമായി നിലകൊള്ളുന്നു. നഷ്ടസ്വർഗ്ഗത്തിൻെറ ദുഃഖസ്മരണകൾ അയവിറക്കുന്ന ആ വിദ്യാലയം നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. അടച്ചുപൂട്ടലിനും ഏറെ മുമ്പുതന്നെ ഗവ:എൽ.പി.ജി.എസ് ആൺകുട്ടികൾക്കും പ്രവേശനം നൽകി നിലനിൽപ്പിനൊരു ശ്രമം നടത്തിനോക്കിയെന്നു വേണം കരുതാൻ. കാരണം അടച്ചുപൂട്ടിപ്പോയ 1993ൽ ആ വിദ്യാലയത്തിൽ ആൺകുട്ടികളും പഠിച്ചിരുന്നു. ഇരുകൂട്ടരും ഗവ:എൽ.പി.ബി.എസ്സിൽ ചേർന്നപ്പോൾ ഗവ:എൽ.പി.ബി.എസ് മിക്സഡ് സ്കൂളായി.

അറിയുവാനുള്ളതറിയുവാനും അറിഞ്ഞതറിയിക്കാനും അറിവു പകരാനുമുള്ള ത്വര പഴയ തലമുറയിൽപെട്ടവർക്ക് ഈ തലമുറയേക്കാൾ കൂടുതലായുണ്ടായിരുന്നുവെന്നത് ഒരു കേവലസത്യമാണ്. ഈ ത്വരയും അർപ്പണബോധവും ത്യാഗസന്നദ്ധതയും ഏകത്ര സമന്വയിച്ചപ്പോൾ മേയ്ക്കാട് പ്രദേശത്ത് ഒരു സ്കൂളിനു രൂപഭാവം കൈക്കൊണ്ടതാണ് പടപ്പമന ശ്രീവിലാസം സ്കൂൾ. കാലാന്തരത്തിൽ ഈ കലാലയവും പൊതുവിദ്യാലയമായി. ഈ വിദ്യാലയം ഇന്നും അറിയപ്പെടുന്നത് ഗവ. ശ്രീവിലാസം ലോവർ പ്രൈമറി സ്കൂൾ എന്നാണ്.

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന വ്യവസായകേന്ദ്രമായ അത്താണിയിൽ ദേശീയപാതയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന, തുരുത്തിശ്ശേരി ഗവ:എൽ.പി.സ്കൂളിൽ ഇന്ന് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന ഈ സ്കൂൾ 1900 ൻെറ ആദ്യകാലങ്ങളിലാണ് പ്രവർത്തനത്തിനു തുടക്കം കുറിച്ചത്. ഒരുപറ്റം നിസ്വാർത്ഥമതികളുടെ ആത്മാർത്ഥപ്രവർത്തനത്തിൻെറ ബാക്കിപത്രമാണിത്. തുരുത്തിശ്ശേരിയിൽ ഒരു ഓലഷെഡ്ഡിലാണ് ഈ സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്. ലഭ്യമായ കണക്കുകൾ കാണിക്കുന്നത് 1912ൽ ഇതൊരു ഗവൺമെൻറ് സ്കൂളായി പ്രവർത്തനം തുടങ്ങിയെന്നാണ്. എന്നാൽ 4-ാം ക്ലാസ്സ് ആരംഭിച്ച് ലോവർ പ്രൈമറിയായി പൂർണ്ണത പ്രാപിച്ചത് 1924 ൽ ആണ്. 1-2-3-4-എന്നീ ക്രമത്തിൽ ക്ലാസ്സുകൾ ക്രമപ്പെടുത്തിയെടുക്കുവാൻ 12 വർഷം വേണ്ടിവന്നു. ഇതിൻെറ കാരണമെന്തെന്നു വ്യക്തമല്ല.

ഭാരതത്തിൻെറ മൂവർണ്ണപതാക ചെങ്കോട്ടയ്ക്ക് മുകളിൽ പാറിയ 1947. അസ്വാതന്ത്ര്യത്തിൻെറ അടിമച്ചങ്ങലയിൽ നിന്നും മോചനം നേടിയ വർഷം. പൊയ്ക്കാട്ടുശ്ശേരി നിവാസികൾക്കു ലഭിച്ച സ്വാതന്ത്ര്യസമ്മാനമായിരുന്നു ഗവ:എൽ.പി.എസ്. പൊയ്ക്കാട്ടുശ്ശേരി.

നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്കൂളാണ് മാർ അത്തനേഷ്യസ് ഹൈസ്കൂൾ, നെടുമ്പാശ്ശേരി, നാട്ടുകാരുടെ സഹകരണത്തോടെ തൃക്കുന്നത്തു സെമിനാരിയുടെ മേൽനോട്ടത്തിലാണ് പ്രസ്തുത ഹൈസ്കൂളിനു തുടക്കം കുറിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഈ കലാലയം ഹരിശ്രീ കുറിച്ചു. 1939ൽ അഞ്ചാം ക്ലാസ്സ് ആരംഭിച്ചപ്പോൾ ആദ്യം അഡ്മിഷൻ നേടിയ വ്യക്തി ഇന്ന് നമ്മുടെ പഞ്ചായത്തിൽ തന്നെ ആതുരസേവനരംഗത്ത് കർമ്മനിരതനായിരിക്കുന്നു എന്നത് യാദൃശ്ചികവും ശ്രദ്ധേയവുമാണ്. മാർ അത്തനേഷ്യസ് ഹൈസ്കൂളിൻെറ തുടക്കത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നി:വ:ദി:ശ്രീ. ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മയ്ക്കു മുൻപിൽ ഒരു പിടി പൂക്കളർപ്പിക്കാം. സ്കൂൾ വളർച്ചയുടെ പടവുകൾ താണ്ടിയ നാളുകളെക്കുറിച്ചു സ്മരിക്കുമ്പോൾ റവ. ഫാദർ തരിയൻ K.V. കോർഎപ്പിസ്കോപ്പയുടെ നാമധേയം നാവിൻതുമ്പിൽ നടനം ചെയ്യേണ്ടതുണ്ട്. ഈ സ്കൂളിൻെറ പുരോഗതിക്കായി ഏറെ യത്നിച്ച ആദ്യത്തെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ. വയലിപ്പറമ്പിൽ വർഗ്ഗീസിനെ സ്മരിക്കാതെ പോകുന്നത് ശരിയല്ല. മാർ അത്തനേഷ്യസ് ഹൈസ്കൂളിനെ ഒരു കോളേജ് ആക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഏറെ യത്നിച്ച ഗി: വ: ദി: ശ്രീ. ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് അതിനായി അദ്ദേഹം നടത്തിയ ശ്രമങ്ങൾ തുടരാൻ നമുക്കായില്ല.

പൊതുമേഖലയിൽ ഇന്നു പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ലഘു വിവരമാണ് മുകളിൽ നടത്തിയിരിക്കുന്നത്. 1970കൾക്കു ശേഷമാണ് വീണ്ടും വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. രണ്ടും സ്വകാര്യമേഖലയിൽ ആണ്. അംഗീകൃത അപ്പർ പ്രൈമറി സ്കൂളായ സെൻറ്. ഫ്രാൻസിസ് അസ്സീസി യു.പി. സ്കൂൾ അത്താണിയും സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാധിരാജാ വിദ്യാഭവനും (മേയ്ക്കാട്)

MAHSൽ ആദ്യം അഡ്മിഷൻ നേടിയ വിദ്യാർത്ഥി ഡോ. പൗലോസ് മാത്യു ആയിരുന്നുവെന്നു നാം പരാമർശിച്ചിരുന്നുവല്ലോ. അകപ്പറമ്പ് ഗവ:എൽ.പി.ബി.എസ്സിൽ പഠിച്ച ഭാരതമറിഞ്ഞ മഹാകവിയാണ് ജി. പ്രമുഖ ശാസ്ത്രജ്ഞനും എച്ച്. എ. എൽ. എം. ഡിയുമായ ശ്രീ. കൃഷ്ണദാസ്. മുൻസ്പീക്കർ പി.പി.തങ്കച്ചൻ തുടങ്ങിയവർ

MAHAൻെറ അഭിമാനസ്തംഭങ്ങളാണ്. ഇവരൊക്കെ പഠിച്ചുപോയ നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഇന്നത്തെ സ്ഥിതി നാമറിയണം. ഓരോ സ്കൂളിലേയും വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5,2

| സ്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
| ഗവ:എൽ.പി.ബി.സ്കൂൾ അകപ്പറമ്പ് | 21 | 31 | 31 | 39 | | | | | | | 122 |
| ഗവ:എൽ.പി.എസ് തുരുത്തിശ്ശേരി | 65 | 57 | 71 | 72 | | | | | | | 265 |
| ഗവ: എസ്.വി.എൽ.പി.എസ് മേയ്ക്കാട് | 23 | 25 | 36 | 35 | | | | | | | 119 |
| ഗവ: എൽ.പി.എസ് പൊയ്ക്കാട്ടുശ്ശേരി | 30 | 25 | 39 | 32 | | | | | | | 126 |
| എം.എ.എച്ച്.എസ് നെടുമ്പാശ്ശേരി | | | | | 157 | 215 | 233 | 271 | 277 | 232 | 1385 |
| സെ.ഫ്രാൻസിസ് അസ്സീസി യു.പി.എസ്. അത്താണി | 240 | 243 | 209 | 223 | 186 | 145 | 140 | | | | 1386 |

ഈ കണക്കുകൾ വ്യക്തമാക്കുന്നത് നമ്മുടെ ഗവ: സ്ക്കൂളുകളിൽ ഒരോ വർഷവും കുട്ടികൾ കുറഞ്ഞുവരുന്നുവെന്നാണ്. നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ നെടുമ്പാശ്ശേരി എം. എ. എച്ച്. എസിൻെറ സ്ഥിതിയും ആശാവഹമല്ല. 5-ാം സ്റ്റാൻഡേർഡിന് നാല് ഡിവിഷനുകൾ നിലവിലുണ്ട്. എന്നാൽ രണ്ടു മൂന്നു വർഷം മുമ്പ് 5-ാം സ്റ്റാൻഡേർഡിന് 6 ഡിവിഷനുണ്ടായിരുന്നുവെന്ന് നാം ഓർക്കണം രണ്ടു ഡിവിഷൻ വളരെ അകലെയല്ലാത്ത ഭൂതകാലത്തിൽ കുറവുവന്നതായി കാണാം. റിട്ടയർമെൻറുകൾ നടന്നതു കൊണ്ട് അധ്യാപകരുടെ കാര്യത്തിൽ ഇപ്പോൾ സുരക്ഷിതത്വം ഉണ്ട്. എന്നാൽ സമീപഭാവി പ്രശ്നസങ്കീർണ്ണമാകാനാണ് സാധ്യത. എം. എ. എച്ച്. എസ്സിൻെറ പ്രധാന ഫീഡിംഗ് സ്ക്കൂളായ അകപ്പറമ്പ് ഗവ. എൽ. പി. ബി. എസിയും തുരുത്തിശ്ശേരി ഗവ: എൽ. പി. എസ്സിലും കുട്ടികൾ ഒരോ വർഷവും കുറഞ്ഞു വരുന്നു. ഈ നില തുടർന്നാൽ ഇതിലെത്ര വിദ്യാലയങ്ങൾക്ക് നിലനില്ക്കുവാനാകും എന്നും നാം ചിന്തിക്കേണ്ടതുണ്ട്. അദ്ധ്യാപകരുടെ കണക്കു പരിശോധിക്കുമ്പോൾ (പട്ടിക 3 നോക്കുക എൽ. പി. വിഭാഗത്തിൽ ഏറ്റവുംകൂടുതൽ വനിതകളാ

പട്ടിക 5.3

| സ്കൂളിൻെറ പേര് | ആവശ്യത്തിനുവേണ്ട അധ്യാപകർ | നിലവിലുള്ള അധ്യാപകർ | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| ഗവ:എൽ.പി.ബി.എസ് അകപ്പറമ്പ് | 4 | 4 | 4 | |
| ഗവ: എൽ.പി.എസ് തുരുത്തിശ്ശേരി | 9 | 7 | 7 | |
| ഗവ: എസ്.വി.എൽ.പി.എസ് മേയ്ക്കാട് | 5 | 5 | 4 | 1 |
| ഗവ: എൽ.പി.എസ് പൊയ്ക്കാട്ടുശ്ശേരി | 4 | 4 | 1 | 3 |
| സെൻറ്. ഫ്രാൻസിസ് അസ്സീസി, യു.പി.എസ് | 36 | 36 | 35 | 1 |

പട്ടിക 5.4

| സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഡെസ്ക് | ബെഞ്ച് | ലൈബ്രറി | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | PTA |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗവ.എൽ.പി.ബി.എസ് അകപ്പറമ്പ് | | 2 | 44 | ഉണ്ട് | ഇല്ല | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ഗവ.എൽ.പി.എസ് തുരുത്തിശ്ശേരി | 37സെൻറ് | 2 | 70 | ഉണ്ട് 125പുസ്തകം | ഇല്ല | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| ഗവ.എസ്.വി.എൽ.പി.എസ് മേയ്ക്കാട് | 14സെൻറ് | 1 | 58 | | ഇല്ല | ഉപയോഗ ശൂന്യമാണ് | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| ഗവ.എൽ.പി.എസ് പൊയ്ക്കാട്ടുശ്ശേരി | 25സെൻറ് | 2 | 49 | ഉണ്ട് | ഉപകരണങ്ങൾ ഉണ്ട് | 1 | 2 | ഉപയോഗക്ഷമമല്ല | ഭാഗികം | ഉണ്ട്. അപര്യാപ്തം | ഉണ്ട് | ഉണ്ട് |
| എം.എ.എച്ച്.എസ് നെടുമ്പാശ്ശേരി | | 310 | 300 | ഉണ്ട് | ഉണ്ട് | 3 | 3 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| സെൻറ്.ഫ്രാൻസിസ് അസ്സീസി, യു.പി. എസ് അത്താണി | | 278 | 306 | | | 4 | 4 | | ഉണ്ട് | ഉണ്ട് | | ഉണ്ട് |

ണെന്നുകാണാം. നിഷ്കരായ കുട്ടികളുടെ സ്വഭാവ രൂപികരണത്തിന് വലിയ സംഭാവന നൽകാൻ ഇവർക്കു കഴിയുമെന്നതിന് തർക്കമില്ല. എന്നാൽ പാഠ്യേതര വിഷയങ്ങളിൽ വേണ്ടത്ര ഊന്നൽ നൽകി മുമ്പോട്ടു പോകുവാൻ ഇവർക്കു സമയക്കുറവുണ്ടാകും. കാരണങ്ങൾ പലതാകാം. വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കുവാൻ ചുമതലപ്പെട്ട വീട്ടമ്മമാർ കൂടിയാണല്ലോ അവർ. പൊതുവേ വാഹനസൗകര്യങ്ങൾ കുറവായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ ക്ലാസ് സമയം കഴിഞ്ഞാൽ വീട്ടിലേയ്ക്കുളള യാത്ര, വീട്ടുജോലികൾ, ക്ഷീണം, തളർച്ച കാരണങ്ങളുടെ പട്ടിക നീണ്ടതാണ്. ഉറച്ച ശരീരത്തിനേ ഉറച്ച മനസുണ്ടാകൂ. പാഠ്യേതര വിഷയങ്ങൾക്ക് ഊന്നൽ നൽകേണ്ടത് ബാല്യകാലത്തുതന്നെയാണ്.

- പട്ടിക നാല് സൂചിപ്പിക്കുന്നത് പല സ്കൂളുകളുടെയും ഭൗതിക സാഹചര്യം തൃപ്തികരമല്ലെന്നാണ്. നമ്മുടെ പഞ്ചായത്തിലെ പല സ്കൂളിനും ആവശ്യാനുസരണം മൂത്രപ്പുരപോലുമില്ല. ഓഫീസും സ്റ്റാഫറൂമും പല സ്കൂളിനും ഒന്നുതന്നെ. കാലപ്പഴക്കത്താൽ ജീർണിച്ച കെട്ടിടങ്ങളും ഇവിടുണ്ട്. ദൃശ്യശ്രവ്യമാധ്യമങ്ങൾ ഈ പഞ്ചായത്തിലെ ഒരു ഗവ: സ്കൂളിൽ പോലും ഇല്ല. കളി സ്ഥലം അല്പമെങ്കിലും ഉളളത് പൊയ്ക്കാട്ടുശ്ശേരി ഗവ: എൽ. പി. സ്കൂളിനു മാത്രമാണ്. ഇതും അപര്യാപ്തമാണ്. എന്തിനേറെ, കുടിവെളളം പോലും ലഭ്യമല്ലാത്ത സ്കൂളും ഇവിടെയുണ്ട് എന്നത് ദു:ഖകരമായ സത്യമാണ്.

ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിനും, വ്യക്തിഗതവികാസത്തിനും അടിസ്ഥാന ശിലകൾ പാകേണ്ട പ്രൈമറി വിദ്യാഭ്യാസ കാലയളവിൽ അതിനുതകുന്ന യാതൊരുവിധക്രമീകരണവും നമ്മുടെ പ്രൈമറി തലത്തിൽ ഉന്നു ലഭിക്കുന്നില്ലെന്നത് വേദനാജനകമാണ്.

പട്ടിക 4.5

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ കുട്ടികൾ | | | | ആൺകുട്ടികൾ | | | | പെൺകുട്ടികൾ | | | |
| | 1 | 2 | 3 | 4 | 1 | 2 | 3 | 4 | 1 | 2 | 3 | 4 |
| ഗവ:എൽ.പി.ബി.സ്കൂൾ അകപ്പറമ്പ് | 21 | 31 | 31 | 39 | 11 | 17 | 15 | 23 | 10 | 14 | 16 | 16 |
| ഗവ:എൽ.പി.എസ് തുരുത്തിശ്ശേരി | 65 | 57 | 71 | 72 | 33 | 30 | 43 | 49 | 32 | 27 | 28 | 23 |
| ഗവ: എസ്.വി.എൽ.പി.എസ് മേയ്ക്കാട് | 23 | 25 | 36 | 35 | 6 | 18 | 17 | 14 | 17 | 7 | 19 | 21 |
| ഗവ: എൽ.പി.എസ് പൊയ്ക്കാട്ടുശ്ശേരി | 30 | 25 | 39 | 32 | 15 | 15 | 19 | 16 | 15 | 10 | 20 | 16 |

| എം.എ.എച്ച്.എസ് നെടുമ്പാശ്ശേരി | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|
| ആകെ കുട്ടികൾ | 157 | 215 | 233 | 271 | 277 | 232 |
| ആൺകുട്ടികൾ | 98 | 132 | 135 | 159 | 157 | 115 |
| പെൺകുട്ടികൾ | 59 | 83 | 98 | 112 | 120 | 117 |

ആൺകുട്ടികളുടെയും പെൺകുട്ടികളുടെ പഠന പങ്കാളിത്തം പരിശോധനാ വിധേയമാക്കിയാൽ വലിയ അന്തരമില്ലെന്ന് ഒററ നോട്ടത്തിൽ കാണാം. സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കുമ്പോൾ ആൺകുട്ടികൾക്കാണ് മുൻതൂക്കമെന്നും കാണാം.

വിദ്യാലയവും വീടും തമ്മിലുളള ദൂരവും നാം വിലയിരുത്തേണ്ടതുണ്ട്. ചിലവാർഡുകളിലെങ്കിലും സ്കൂൾ നിലകൊളളുന്നത് വാർഡിന്റെ ഒരറ്റത്താണ് ഈ (10-ാം വാർഡ്) അത്തരം സ്ഥലങ്ങളിൽ കുട്ടികൾ ഏറെ ദൂരം നടക്കേണ്ടതായി വരുന്നു. ചെറിയ വാപ്പാലശ്ശേരി ആവണംകോട് തുടങ്ങിയ സ്ഥലങ്ങളിൽ യാത്രാസൗകര്യം പരിമിതമാണ്.

പട്ടിക 5.6

| സ്ക്കൂളിലേയ്ക്കുളള ദൂരം | | | |
|---|---|---|---|
| LSP | മിനിമം | മാക്സിമം | അവറേജ് |
| LSP | | 3 കിലോ മീറ്റർ | |
| LSP | | 3 കിലോ മീറ്റർ | |
| LSP | | 3 കിലോ മീറ്റർ | |

പഠന നിലവാരവും പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. പത്താം ക്ലാസിന്റെ വിജയശതമാനം പട്ടിക 5.7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5.7

എസ്.എസ്.എൽ.സി. വിജയം

| | വർഷം | പരീക്ഷ എഴുതിയവർ | പാസ്സായവർ | ഫസ്റ്റ്ക്ലാസ് |
|---|---|---|---|---|
| എം.എ.എച്ച്.എസ് നെടുമ്പാശ്ശേരി | 1991 - 92 | 262 | 201 | 30 |
| | 1992 - 93 | 252 | 150 | 28 |
| | 1993 - 94 | 233 | 173 | 30 |
| | 1994 - 95 | 231 | 163 | 38 |
| | 1995 - 96 | 223 | 131 | 35 |

പത്താം ക്ലാസിന്റെ ഈ വിജയശതമാനം മാത്രം അളവുകോലായി ഗണിക്കുന്നത് ശരിയല്ല. എസ്. എസ്. എൽ. സി. പരീക്ഷയെഴുതുന്ന കുട്ടികളിൽ 10% പോലും യാഥാർത്ഥ വിജയം കരസ്ഥമാക്കാത്ത സാഹചര്യത്തിൽ മോഡറേഷൻ എന്ന ഓമനപ്പേരു നൽകി 48-50% എത്തിക്കുന്ന രീതിയാണല്ലോ നിലവിലുളളത്.

ഈ രീതിയിൽ നിന്നുകൊണ്ടു വിജയശതമാനം ഗണിക്കുന്നത് ശരിയല്ല. ഇന്ന് പത്താം ക്ലാസ് പാസ്സായി വരുന്ന കുട്ടികളോട് എന്തു പഠിച്ചു അല്ലെങ്കിൽ എത്രമാത്രം പഠിച്ചു എന്നതിനെക്കാൾ ഉപരി ചോദിക്കുന്നത് എത്ര മാർക്കു കിട്ടിയെന്നാണ്. അറിവിന്റെ മാനദണ്ഡം നാം മാർക്കിന്റെ രൂപത്തിൽ മാററിയിരിക്കുന്നു.

അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിലും കാതലായ മാറ്റം വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ജീർണ്ണിച്ച മൂല്യബോധങ്ങൾകൊണ്ട് കാപട്യപൂർണവും അസമത്വജടിലവും ദുരയിൽ അധിഷ്ഠിതവുമായ ഇന്നത്തെ സമുദായത്തിനു നേരെ അശാന്തവും അദമ്യവുമായ ധാർമ്മികം സ്വസ്ഥത നിറഞ്ഞു നിൽക്കുന്ന സാമൂഹ്യ വ്യവസ്ഥതിക്കെതിരെ തത്വാധിഷ്ഠിതമായി പ്രതികരിക്കുവാൻ കഴിയുന്ന ഒരു തലമുറയെ വാർത്തെടുക്കുന്ന രൂപത്തിലേയ്ക്ക് വിദ്യാഭ്യാസ ക്രമത്തെ ചിട്ടപ്പെടുത്തേണ്ടതുണ്ട്. കേവലം ഒരു പഞ്ചായത്തിനുമാത്രം ചെയ്യാനാകുന്നതല്ല. ഇതെങ്കിലും കൂട്ടായ ശ്രമത്തിലൂടെ നേരിയ മാറ്റം വരുത്താൻ നമുക്കാവും.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നുപോലും നിലവിലില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. മേൽപറഞ്ഞ വിദ്യാവിതരണകേന്ദ്രങ്ങൾ കഴിഞ്ഞാൽ ഒരുടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും 2 തയ്യൽ പരിശീലനകേന്ദ്രങ്ങളുമാണുളളത്. ഗ്രാൻറു കിട്ടുന്ന രണ്ടു ബാലവാടി മാത്രം പ്രവർത്തിക്കുന്ന ഇവിടെ ഒരൊറ്റ അങ്കണവാടി പോലുമില്ലെന്നത് വേദനയോടെ നാമറിയണം. ഉപരിപഠനത്തിന് അയൽപക്കനഗരങ്ങളെയാണ് നാമിന്നാശ്രയിക്കുന്നത്.

അയൽപക്ക നഗരപ്രദേശങ്ങളിൽ പോയി പഠിക്കുന്നത് തെറ്റാണെന്ന ധാരണ നമുക്കില്ല. പരിമിതമായ സീറ്റുകൾ മാത്രമുളള ആലുവ യൂ. സി., കാലടി ശ്രീ ശങ്കരാ, മോർണിങ്ങ്സ്റ്റാർ കോളേജ് അങ്കമാലി, സെൻറ് സേവിയേഴ്സ് ആലുവ എന്നിവയാണ് നമുക്കാശ്രയത്തിനായടുത്തുളളത്. അവിടെ അഡ്മിഷൻ ലഭിക്കുവാൻ ഉളള ബുദ്ധിമുട്ടും ലഭിച്ചാൽ തന്നെ എത്തിച്ചേരുവാനുളള സാങ്കേതിക വൈഷമ്യവും നമ്മുടെ ചർച്ചയിൽ പരാമർശിക്കപ്പെടണം. മാള, കണക്കൻകടവ് ഭാഗത്തുനിന്നും വരുന്ന ബസ്സുകൾ നിൽക്കുവാൻ പോലും ഇടമില്ലാത്ത വിധത്തിലാണ് നമ്മുടെ പഞ്ചായത്തതിർത്തിയിൽ എത്തുന്നത്. ഇതിനൊരു പരിഹാരം അടിയന്തിര പ്രാധാന്യത്തോടെ കണ്ടെത്തേണ്ടതുണ്ട്.

ഇതുവരെയെഴുതിയ വാക്കുകളുടെ പൊരുൾതിരിച്ചും, ഗ്രമസഭാചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ചർച്ചകളെ സംഗ്രഹിച്ചും കൂട്ടിവായിക്കുമ്പോൾ പൊതുപ്രശ്നങ്ങളെ താഴെ പറയും വിധത്തിൽ ചുരുക്കി പറയാമെന്നു തോന്നുന്നു.

### പ്രശ്നങ്ങൾ

1. നിലവിലുളള സ്കൂളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല.
2. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷനുകൾ കുറയുന്നു.
3. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
4. അക്ഷരങ്ങളും അക്കങ്ങളും പ്രയോഗങ്ങളും, അറിയാത്ത കുട്ടികൾ എണ്ണത്തിൽ വർദ്ധിച്ചുവരുന്നു.
5. കാര്യക്ഷമമല്ലാത്ത, പി.ടി.എ. കൾ

6. കുട്ടികൾക്കാവശ്യമുള്ള കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങൾ
7. ആവശ്യത്തിന് കക്കൂസും, മൂത്രപ്പുരയും, ഇല്ലാത്ത സ്ക്കൂളുകൾ
8. കുടിവെള്ളം പോലും ലഭ്യമല്ലാത്ത സ്ക്കൂളുകൾ
9. സാമ്പത്തികത്തിന്റെ അന്തരം കുട്ടികളുടെ വേഷവിധാനത്തിൽ തന്നെ പ്രകടമായി കാണുന്നു.
10. പഠന നിലവാരം മെച്ചപ്പെടുത്തുവാനാവശ്യമായ ലൈബ്രറി, ലബോറട്ടറി എന്നിവയുടെ അഭാവം.
11. കാലപ്പഴക്കത്താൽ ജീർണ്ണിച്ചകെട്ടിടങ്ങൾ എതുസമയത്തും തകർന്നുവീഴാവുന്ന അവസ്ഥയിലുള്ളതു പോലുമുണ്ട്
12. വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത സ്ക്കൂളുകൾ

**ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1. പി. ടി. എ. സജീവമാക്കുക.
2. മാതൃസംഗമം ഇല്ലാത്ത സ്ക്കൂളുകളിൽ സംഘടിപ്പിക്കുകയും ഉള്ളവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക
3. ആവശ്യത്തിന് കളിസ്ഥലം കണ്ടെത്തുക.
4. യൂണിഫോം നിർബന്ധമാക്കുകയും, യൂണിഫോമിന് ഒരേകീകൃതഭാവം കൈവരുത്തുവാൻ യൂണിഫോം സ്ക്കൂളിൽ നിന്നും വിതരണം ചെയ്യുവാൻ വേണ്ട ക്രമീകരണം നടത്തുക.
5. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് - സാമൂഹ്യപിന്നോക്കാവസ്ഥക്കു പ്രധാന്യം നൽകി - സൗജന്യ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.
6. ഗവ: ലോവർ പ്രൈമറി സ്ക്കൂളുകൾക്ക് എൻ. സി. ആർ. ടി. വിതരണം ചെയ്തിട്ടുള്ള ലബോട്ടറി കിററുകൾ പ്രയോജനപ്രദമായ വിധത്തിൽ ഉപയോഗിക്കുക.
7. എല്ലാവാർഡിലും അങ്കണവാടികൾ ആരംഭിക്കുക.
8. എം. എ. എച്ച്. എസിൽ +2 കോഴ്സ് ആരംഭിക്കുക.
9. വിദ്യാർത്ഥികളുടെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
10. ഈ പഞ്ചായത്തിൽ ഒരു സങ്കേതികവിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.
11. കാലനുസൃതമായ പരിശീലനം അദ്ധ്യാപകർക്ക് ലഭ്യമാക്കുവാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
12 പ്രദേശിക സമൂഹത്തിന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടുവാനുള്ള അവസരം ലഭ്യമാക്കുക.

**നിർദ്ദേശങ്ങൾ വാർഡു തിരിച്ച്**

(പൊതുവായി വന്ന നിർദ്ദേശങ്ങൾ പൊതുനിർദ്ദേശത്തിൽ പെടുത്തിയിരിക്കുന്നതുകൊണ്ട് വർഡടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടുണ്ട്.

**വാർഡ് 1**

1. അടുത്ത അധ്യയനവർഷം മുതൽ ഒരു എൽ.പി. സ്കൂൾ തുടങ്ങാൻ അനുവാദം നൽകുക.
2. നിലവിലുള്ള ബാലവാടി വികസിപ്പിക്കുകയും പറമ്പുശ്ശേരിയിൽ ഒരു ബാലവാടി അനുവദിക്കുകയും ചെയ്യുക.
3. സാക്ഷരതയുടെ തുടർപ്രവർത്തനം വാർഡു കേന്ദ്രീകരിച്ച് നടപ്പാക്കണം.

**വാർഡ് 2**

1. വായനശാലകളും ഗ്രന്ഥശാലകളും പ്രവർത്തനക്ഷമമാക്കണം
2. മേയ്ക്കാട് സ്ക്കൂളിലേയ്ക്ക് നിലവിലുള്ള റോഡ് നന്നാക്കുകയും കൂടുതൽ ഗതാഗതസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

**വാർഡ് 3**

1. സാക്ഷരതാ പ്രവർത്തനം രണ്ടാംഘട്ടം തുടങ്ങണം.
2, അനാഥരായ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തുക.

**വാർഡ് 4**

വയോജന വിദ്യാഭ്യാസം ആരംഭിക്കുക.

വാർഡ് 5

1. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കണം.
2. പൊയ്ക്കാട്ടുശ്ശേരിയിലുള്ള എൽ. പി. എസ് അങ്കമാലി - കണക്കൻകടവ് റോഡിൽ സമാന്തരമായി സ്ഥിതിചെയ്യുന്നു. സ്കൂളിൻെറ മുൻവശം മതിൽ പൂർണ്ണമല്ല. ഇത് അപകടസാധ്യതയ്ക്ക് കാരണമാകും. സത്വരനടപടികൾ സ്വീകരിക്കുക.
3. സ്ക്കൂൾ കോമ്പൗണ്ടിൻെറ പടിഞ്ഞാറുഭാഗത്തുള്ള ഗ്രൗണ്ട് നിരപ്പാക്കി കുട്ടികൾക്കു കളിസ്ഥലമാക്കി തീർക്കേണ്ടതുണ്ട്.
4. സ്ക്കൂളിലെ ഉച്ച ഭക്ഷണം തയ്യാറാക്കുന്നതിന് വിറക്, ഭക്ഷണസാധനങ്ങൾ എന്നിവ സൂക്ഷിക്കുതിന് ഒരു കെട്ടിടം അനിവാര്യമാണ്.

വാർഡ് 6

1. രണ്ടുകിലോമീറ്ററിലധികം നടന്നു സ്ക്കൂളിൽ പോകേണ്ട സാഹചര്യമാണ് ഈ വാർഡിൽ ഉള്ളത്. അങ്കണവാടികൾ പോലെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുതകുന്ന ഒരു സ്ഥാപനവും ഈ വാർഡിലില്ല.
2. അത്താണി കേന്ദ്രമാക്കി ഒരു ഗ്രന്ഥശാലയും സാംസ്കാരികകേന്ദ്രവും അനുവദിക്കണം
3. അസ്സീസി. എൽ. പി. സ്ക്കൂളിന് അംഗീകാരം നല്കി സംരക്ഷിക്കണം.
4. യു. പി. സ്ക്കൂളിനോട് ചേർന്ന് ഒരു അങ്കണവാടിയും നഴ്സറിയും ഉണ്ടാകുന്നത് നല്ലതാണ്.
5. സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കുക.

വാർഡ് 8

1. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും യൂണിഫോമും സൗജന്യമായി നൽകുക.
2.. സ്ക്കൂളുകളുമായി ബന്ധപ്പെടുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുക.
3. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.
4. ജനവിദ്യാകേന്ദ്രവും വായനശാലയും അനുവദിക്കുക.

വാർഡ് 9.

1. കുട്ടികൾക്ക് പഠനസംബന്ധമായ അറിവുമെച്ചപ്പെടുത്തുന്നതിന് സൗജന്യട്യൂഷൻ സെൻററുകൾ തുടങ്ങുന്നതിന് സഹായം ചെയ്യുക.
2. ചെറിയ വാപ്പാലശ്ശേരിയിൽ L.P. സ്ക്കൂൾ ആരംഭിക്കുക.
3. നിർദ്ധനരായ കുട്ടികൾക്ക് പാഠപുസ്തകങ്ങളും യൂണിഫോമും സൗജന്യമായി വിതരണം ചെയ്യുക.

വാർഡ് 10.

1. അകപ്പറമ്പ് എൽ. പി. ബി. എസ്സിൻെറ അറ്റകുറ്റപണികൾ തീർക്കുക
2. എൽ. പി. ബി. എസ്. ഒരു യു. പി. സ്ക്കൂളാക്കി സ്ഥാപിക്കണമെന്ന മുൻനിർദ്ദേശം നടപ്പിലാക്കുക.
3. പ്രീ പ്രൈമറിതലത്തിലും പ്രൈമറിതലത്തിലും ബോധനഭാഷ മലയാളമാക്കുവാൻ സമ്മർദ്ദം ചെലുത്തുക.
4. വാപ്പാലശ്ശേരി ഭാഗത്ത് ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക.
5. നിരക്ഷരരായവരെ കണ്ടെത്തി അവരെ സാക്ഷരരാക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുക.
6. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പഠനനിലവാരം ഉയർത്തുവാൻ സൗജന്യട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

വാർഡ് 11

1. അകപ്പറമ്പ് ഗവ: എൽ. പി. ബി. എസ്സിൻെറ ഇപ്പോഴുള്ള ശോചനീയാവസ്ഥ പരിഹരിക്കുക.

വാർഡ് 12

1. ബാലവാടിയോടനുബന്ധിച്ച്, പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യമുണ്ടായാൽ അതു പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളുടെ കുട്ടികളെ സ്കൂളിൽ അയ്ക്കുവാനുള്ള ഒരു വലിയ പ്രേരണയായിത്തീരും.
2. സാക്ഷരതാ പദ്ധതിയുടെ തുടർ നടത്തിപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുക.

201

**സാദ്ധ്യതകൾ**

1. പഞ്ചായത്തു മെമ്പറും, സന്നദ്ധ സംഘടനാ പ്രവർത്തകരും യോജിച്ച് ഹെഡ്മാസ്റ്ററുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ പി. ടി. എ കളെ കാര്യക്ഷമമാക്കാനാവും.
2. തുരുത്തുശ്ശേരി ഗവ: എൽ. പി. എസ്സിനു സമീപം കിടക്കുന്ന എം. എ. എച്ച്. എസ്സ്. വക ഗ്രൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചാൽ തുരുത്തുശ്ശേരി എൽ. പി. എസ്സിനും ഫലപ്രദമായി ഉപയോഗിക്കാനാവും.
3. പൊയ്ക്കാട്ടുശ്ശേരി ഗവ: എൽ. പി. എസ്സിനു സമീപത്തുള്ള പഞ്ചായത്തു വക സ്ഥലം പൊതുജനസഹകരണത്തോടെ ഭംഗിയായി നികത്തിയിട്ടുണ്ട്. പൂർണ്ണതോതിൽ ഒരു ഗ്രൗണ്ടാക്കി മാററിയാൽ എൽ. പി. എസ്. കുട്ടികൾക്കും മററുള്ളവർക്കും ഗ്രൗണ്ടെന്ന നിലയിൽ ഫലപ്രദ മായി ഉപയോഗിക്കാനാവും.
4. എല്ലാവാർഡിലും അങ്കണവാടി തുടങ്ങാൻ ആവശ്യമായ സ്ഥല ലഭ്യതയുള്ളതിനാൽ അങ്കണ വാടി തുങ്ങാനാവും.
5. പി. ടി. എ. കാര്യക്ഷമമാക്കിയാൽ യൂണിഫോം വിതരണം അതിലൂടെ നടത്താം. ഇതിൽനിന്നും ലഭിക്കുന്ന ലാഭം സ്ക്കൂളിൻെറ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.
6. പഞ്ചായത്തുതല സ്ക്കൂൾ കോംപ്ലക്സുകൾ എം. എ. എച്ച്. എസ്, ലീഡ് സ്ക്കൂളായി കണ്ട് തുടങ്ങുവാനുള്ള സാദ്ധ്യതകൾ ഉണ്ട്.
7. പാറക്കടവ് ബ്ലോക്കിൽ ഒരു കോളേജ് ഇന്നില്ല. ഒരു കോളേജ് തുടങ്ങിയാൽ കുന്നുകര, പാറക്കടവ്, ചെങ്ങമനാട് തുടങ്ങിയ പഞ്ചായത്തുകൾക്കും പ്രയോജനപ്രദമാകും.

**ആനുഷംഗികമായി പറയുവാനുള്ളത്**

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായതൃതിലും നിലനിന്നിരുന്ന സംവിധാനം നിലത്തെഴുത്താശാൻ പള്ളിക്കൂടങ്ങളായിരുന്നു. മണലും പനയോലയും വച്ചുള്ള ഈ വിദ്യാഭ്യാസം ഉറച്ച അക്ഷരജ്ഞാനം, ശരിയായ ഭാഷാ ഉച്ചാരണം എന്നിവ ഉറപ്പാക്കിയിരുന്നു. ഉച്ചാരണശുദ്ധിയിലും അക്ഷരവടിവിലും സ്ഫുടതയിലും ഊന്നി നിന്ന ഈ സമ്പ്രദായം ഏറെ ശ്രദ്ധേയമായിരുന്നു. പുതിയ പ്രീ പ്രൈമറി വിദ്യഭ്യാസരീതിയിലേക്കു നീങ്ങിയപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് അക്ഷരവടിവും ഭാഷാശുദ്ധിയുമാണ്. വളരെ വിരളമായി ഇപ്പഴും നിലത്തെഴുത്താശാന്മാർ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു കാലത്ത് സമൂഹത്തിന് ഹരിശ്രീ കുറിച്ച ഇവരെല്ലാം മറ്റു തൊഴിൽ മേഖലയിലേക്ക് ചേക്കേറേണ്ടതായി വന്നിട്ടുണ്ട്. ഈ രംഗത്ത് വളരെക്കാലം പ്രവർത്തിച്ച് സാധ്യതകൾ നഷ്ടപ്പെട്ട ഇവർക്ക് സർക്കാർ നല്കുന്ന നാമമാത്ര പെൻഷൻ മാത്രമാണംഗീകാരം. ഇത്തരത്തിൽ പെൻഷൻ ലഭിക്കുന്ന ഒൻപതുപേർ നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. ഇവർ നിശ്ശബ്ദരായപ്പോൾ.. നമുക്ക് നഷ്ടപ്പെട്ടത് നമ്മുടെ ബാല്യത്തിൻെറ ദിശാബോധവും ഭാഷയുടെ അടിത്തറയുമാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവന്നപ്പോൾ ദീർഘമായ വാഹനയാത്രക്ക് കുഞ്ഞുങ്ങൾ വിധേയരായി. ബാല്യങ്ങളുടെ സുവർണ്ണസുരഭില ലോകം തകർന്നുവീണു. അത്യന്താധുനിക കംപ്യൂട്ടർ ശൃംഖലയുടെ മുമ്പിലിരുന്ന് വിജ്ഞാനമാർജ്ജിക്കാൻ നിർബന്ധിതരാക്കപ്പെടുന്ന കുഞ്ഞുങ്ങൾ, കമ്പിയും മുത്തും ചേർന്ന പുരാതന കണക്കു പഠിക്കാൻ യന്ത്ര സാമഗ്രികൾ പുതിയ രൂപഭാവങ്ങൾ കൈക്കൊണ്ടു ജനിക്കുമ്പോൾ നാമോർക്കണം -നമ്മുടെ ആ പഴയ നിലത്തെഴുത്താശാന്മാർ ആധുനിക തലമുറയ്ക്കന്യമാണോ? ഇവർക്ക് പ്രോത്സാഹനവും സഹായവും നൽകിയാൽ പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള പോരായ്മകൾ നികത്താനും ഈ വിഭാഗക്കാർക്ക് തൊഴിൽസാധ്യത വർദ്ധിപ്പിക്കുവാനും കഴിയും.

# ആരോഗ്യം - കുടിവെള്ളം പരിസരശുചിത്വം

# ആരോഗ്യം

ആരോഗ്യമെന്നത് രോഗത്തിനുള്ള ചികിത്സയല്ല. രോഗം വരാതിരിക്കുവാനുള്ള പ്രതിരോധമാണ്. ആരോഗ്യമുള്ള ജനത രാഷ്ട്രത്തിൻെറ സമ്പത്താണ്. ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം ലോകനിലവാരത്തിൽ തന്നെ മുന്നിലാണ്. ഈ രംഗത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ നാം നടപ്പിലാക്കിപ്പോന്ന പല പദ്ധതികളും ലോകനിലവാരത്തിലേക്കു നമ്മുടെ സംസ്ഥാനത്തെ എത്തിക്കുവാൻ സഹായകമായിട്ടുണ്ട്. ഗർഭസ്ഥ ദശ മുതൽ തന്നെ ആരോഗ്യപരിപാലനവും രോഗപ്രതിരോധ നടപടികളും കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിലവിൽ നിരവധി സംവിധാനങ്ങൾ ഈ രംഗത്ത് നമുക്കുണ്ട്. രണ്ടായിരമാണ്ടോടെ നമ്മുടെ രാജ്യം കൈവരിക്കുവാൻ ഉദ്ദേശിച്ച ആരോഗ്യരംഗത്തെ മുഴുവൻ ലക്ഷ്യങ്ങളും ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും കൂടുതൽ കൂടുതൽ നേട്ടങ്ങൾക്കു വേണ്ടിയുള്ള ആസൂത്രിതമായ പദ്ധതികൾ നാം തനതായി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികളും നാം കൈവരിച്ച നേട്ടങ്ങളും ആരോഗ്യത്തെപ്പറ്റിയുള്ള നമ്മുടെ ജനതയുടെ അവബോധമാണെന്നുള്ള വസ്തുത ഇത്തരുണത്തിൽ നാം മറക്കരുത്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആരോഗ്യനിലവാരത്തെപ്പറ്റി പരിശോധന നടത്തുമ്പോൾ മരണനിരക്ക്. ശിശുമരണനിരക്ക് മാതൃമരണനിരക്ക്, ജനനനിരക്ക് എന്നിവ സംസ്ഥാനശരാശരിയേക്കാൾ താഴെയാണെന്നു കാണുവാൻ കഴിയും.

പട്ടിക 6.1

അവലംബം : പി. എച്ച്. സെന്റർ പഞ്ചായത്ത് മരണ രജിസ്റ്റർ

| ആകെ ജനസംഖ്യ | പൊതുമരണം | ശിശു മരണം | മാതൃമരണം | ജനനം |
|---|---|---|---|---|
| 32286 | 108 | ഇല്ല | ഇല്ല | 212 |

പട്ടിക 6.2

സംസ്ഥാനനിരക്ക്

| പൊതു മരണനിരക്ക് 1000ന് | ശിശുമരണ നിരക്ക് 1000ന് | മാതൃമരണ നിരക്ക് 1000ന് | ജനന നിരക്ക് 1000ന് |
|---|---|---|---|
| 5.9 | 16 | 1 നു താഴെ | 17 |

പട്ടിക 4.5

നെടുമ്പാശ്ശേരി പഞ്ചായത്തിലെ നിരക്ക്

| പൊതു മരണനിരക്ക് 1000ന് | ശിശുമരണ നിരക്ക് 1000ന് | മാതൃമരണ നിരക്ക് 1000ന് | ജനന നിരക്ക് 1000ന് |
|---|---|---|---|
| 3.35 | ഇല്ല | ഇല്ല | 6.57 |

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിലെ ആയുർദൈർഘ്യം കൂടുതലാണ്. ആയുർദൈർഘ്യം കൂടുന്നതുകൊണ്ട് വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് ഏറെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

പട്ടിക 4.6

അംഗവൈകല്യമുളളവരുടെ എണ്ണം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വികലാംഗരുടെ എണ്ണം | 21 | 20 | 22 | 27 | 31 | 17 | 37 | 21 | 25 | 14 | 12 | 11 | 264 |

1000 ന് 9.32 ആണ് വികാലനിരക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ. ഇവരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള സഹായങ്ങൾ തുടർന്നും നൽകേണ്ടതാണ്. വികലാംഗസംവരണത്തിൽപ്പെടുത്തി ജോലി ലഭിക്കുന്ന

വികലാംഗരുടെ അലവൻസുകൾ നിർത്തലാക്കുകയും തൊഴിലില്ലാത്ത മറ്റു വികലാംഗരുടെ ക്ഷേമപ്രവർത്തനത്തിന് ഈ തുക വിനിയോഗിക്കേണ്ടതുണ്ട്.

ക്ഷയം, കുഷ്ഠം, തിമിരം എന്നീ രോഗങ്ങളുടെ കണക്കുകൾ P.H സെൻററുകളിൽ നിന്നു ലഭ്യമല്ല. നിലവിൽ നമ്മുടെ പഞ്ചായത്തിൽ മലമ്പനി ഇല്ല. എന്നാൽ സംസ്ഥാനത്തിന് പുറത്തുനിന്നും വന്ന 3 രോഗികൾ ചികിത്സക്ക് വിധേയമായിട്ടുണ്ട്. ഇവരുടെ വീടുകൾക്ക് സമീപമുള്ളവർക്ക് അസുഖം പിടി പെടാതിരിക്കുവാൻ പ്രതിരോധപ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടിക 6.5

ചികിത്സയ്ക്കെത്തുന്ന രോഗികളും രോഗവിവരങ്ങളും

| ആരോഗ്യ സ്ഥാപനത്തിൻെറ പേര് | വർഷം | ഔട്ട് പേഷ്യൻറ് | രോഗവിവരങ്ങൾ പ്രതിവർഷം എണ്ണം | | | | |
|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ |
| P. H. C | | 92.93 | 5191 | 188 | 28 | 1836 | - 3139 |
| P. H. C | | 93-94 | 3971 | 176 | 20 | 1061 | - 2712 |
| P. H. C. | | 94-95 | 6555 | 230 | 24 | 2129 | - 4172 |
| P. H. C | | 95-96 | 5799 | 391 | 21 | 1719 | - 3668 |
| ആയുർവേദം | 92-93 | 22670 | 6801 | 11335 | 80 | 50 | 4404 |
| | 93-94 | 24491 | 6122 | 13714 | 150 | 80 | 4425 |
| | 94-95 | 25230 | 5150 | 12110 | 76 | 40 | 7454 |
| | 95-96 | 26172 | 6540 | 14100 | 85 | 76 | |

രോഗാതുരത നമ്മുടെ ഗ്രാമപഞ്ചായത്തിൽ വളരെ കുറവാണ്. ഇതു സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല. ആരോഗ്യരംഗത്തു നമ്മുടെ പ്രവർത്തനങ്ങൾ രോഗാതുരതയുടെ കാര്യത്തിലും ഏറെ ശ്രദ്ധേയമാണ്.

മുകളിൽ കാണിച്ചിരിക്കുന്ന കണക്കനുസരിച്ച് ത്വക്ക്രോഗങ്ങളും വാതരോഗങ്ങളുമാണ് വേർതിരിഞ്ഞു കിട്ടിയിട്ടുള്ളത്. രണ്ട് ആശുപത്രികളിലുമായി വന്നുപോകുന്ന മൊത്തം രോഗികളുടെ എണ്ണവും ഈ ആശുപത്രികളിലേക്കുള്ള മരുന്നിൻെറ അലോട്ട്മെൻറും പരിശോധിച്ചാൽ എല്ലാവർക്കും ഫലപ്രദമായ രീതിയിൽ മരുന്നുകൾ നൽകാൻ കഴിയില്ല എന്നു കാണുന്നു. ഇത് ശ്രദ്ധ അർഹിക്കുന്ന ഒരു വിഷയമാണ്. ആസ്ത്മ, വാതം, അനീമിയ തുടങ്ങിയ രോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്. P.H സെൻററിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ജലജന്യരോഗങ്ങളെക്കാൾ വായുജന്യരോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്.

പട്ടിക 6.6

ജലരോഗങ്ങളും വായുജന്യരോഗങ്ങളും

| വർഷം | 93 | 94 | 95 | 96 |
|---|---|---|---|---|
| ജലജന്യരോഗങ്ങൾ | 93 | 142 | 172 | 62 |
| വായുജന്യരോഗങ്ങൾ | 12845 | 1461 | 1590 | 1218 |

വർഷക്കാലത്തും വരൾച്ച അനുഭവപ്പെടുമ്പോഴും വയറിളക്കം കൂടുതലായി കണ്ടുവരുന്നു.

ഒരു P.H സെൻററും 4 സബ്സെൻററുകളും ഒരു ആയുർവേദ ഡിസ്പെൻസറിയുമാണ് ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ. P.H. സെൻറർ, 1 സബ്സെൻറർ, ആയുർവേദാശുപത്രി എന്നിവ 2-ാം വാർഡിലും 7,9,11 വാർഡുകളിൽ ഓരോ സബ്സെൻററും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിലായി ഇപ്പോൾ 13 പേർ ജോലി ചെയ്യുന്നു. എന്നാൽ സ്വകാര്യമേഖലയിൽ 4 അലോപ്പതി ആശുപത്രികളും 2 ഹോമിയോ ക്ലിനിക്കുകളും 4 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ ചികിത്സക്കെത്തുന്ന രോഗികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

P.H സെൻററിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് ഒരുവയസ്സിനു താഴെയുള്ള 212 കുട്ടികൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. 208 കുട്ടികൾക്ക് പ്രതിരോധകുത്തിവയ്പ്പുകൾ നടത്തിയിട്ടുണ്ട്. ഗർഭിണികൾ 216 പേരുണ്ട്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 212 ആണ്. പ്രതിരോധ കുത്തിവയ്പ്പുകൾ ഈ പഞ്ചായത്തിൽ

തുടരുന്നുണ്ട്. പോഷകാഹാരവിതരണം ഈ പഞ്ചായത്തിൽ നിലവിലില്ല. സ്കൂളുകളിലെ ഉച്ചഭക്ഷണപരിപാടി സാമാന്യം നന്നായി നടക്കുന്നുണ്ട്. സ്കൂളുകളിൽ വൈദ്യപരിശോധന ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

P.H സെൻററിന് സ്വന്തമായി കെട്ടിടമില്ല. P.H സെൻറർ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വന്തമായി സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും അതിൻെറ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. നിലവിലുള്ള നാലു സബ്സെൻററുകളിൽ പ്രാഥമിക സൗകര്യങ്ങൾ പോലും നിലവിലില്ല. ജനസംഖ്യാനുപാതികമായി ആരോഗ്യസ്ഥാപനങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനമേഖല മാറ്റി തീരുമാനിക്കേണ്ടതായിട്ടുണ്ട്. 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സബ്സെൻറർ നിർദ്ദിഷ്ട വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപ്പെടുന്നു. ഇതു മാറ്റി സ്ഥാപിക്കുമ്പോൾ മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ഊന്നൽ നൽകുന്നത് നന്നായിരിക്കും.

ആയുർവേദ ഡിസ്പെൻസറിക്കു സ്വന്തമായി കെട്ടിടമുണ്ടെങ്കിലും പ്രാഥമിക സൗകര്യവും മരുന്നും വേണ്ടത്ര ലഭ്യമല്ല. ഈ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്ത് കിടത്തി ചികിത്സിക്കുന്നതിനുള്ള ഒരു ആയുർവേദാശുപത്രിയായി ഉയർത്തണം.

ആരോഗ്യരംഗത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അലോപ്പതി ആശുപത്രികളുടെ പ്രവർത്തനം തൃപ്തികരമല്ല. ആരോഗ്യരംഗത്ത് സന്നദ്ധപ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന സംഘടനകൾ ഉണ്ടെങ്കിലും നാളിതുവരെ ഈ രംഗത്തു കാര്യമായ പ്രവർത്തനങ്ങൾക്കു തയ്യാറായിട്ടില്ല.

രക്തദാനം, നേത്രദാനം, അവയവദാനം തുടങ്ങിയ കാര്യങ്ങളിൽ സന്നദ്ധസംഘടനകൾക്ക് കാര്യമായ പങ്കു വഹിക്കുവാൻ കഴിയുന്ന മേഖലയാണ്. ഇതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ പഞ്ചായത്തു തലത്തിൽ നടത്തുന്നത് നല്ലതാണ്.

### ശുചിത്വം

കേരളീയരായ നാം ശുചിത്വത്തിൻെറ കാര്യത്തിൽ വളരെ മുന്നിലാണ്. എന്നാൽ പരിസരശുചീകരണത്തിൻെറ കാര്യത്തിൽ നാം വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. ഇതുയർത്തുന്ന സാമൂഹ്യപ്രശ്നം വളരെ ഗൗരവമേറിയതായി കാണേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ജനസാന്ദ്രതയേറിയ പൊതുസ്ഥലങ്ങളിൽ പൊതുകക്കൂസുകൾ നിലവിലില്ല. പൊതുനിരത്തുകളും പൊതുസ്ഥലങ്ങളും മാലിന്യങ്ങളുടെ കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വ്യവസായസ്ഥാപനങ്ങളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ഒഴുകുന്ന മലിനജലവും വേസ്റ്റുകൾ കത്തിക്കുന്നതുമൂലമുണ്ടാകുന്ന വായുമലിനീകരണവും നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി കാണുന്നു. വീടിനോടനുബന്ധിച്ചുള്ള തൊഴുത്തിൽ കന്നുകാലിവളർത്തൽ ഇവിടെ വ്യാപകമായി കണ്ടുവരുന്നു.

കൂടാതെ മലിനജലം വീടിനു സമീപം പല സ്ഥലങ്ങളിലും കെട്ടിക്കിടക്കുന്നു. ഇത് കൊതുകുകളുടെ ക്രമാതീതമായ വളർച്ചക്ക് ഇടയാകുന്നു. ലഭ്യമായ കണക്കനുസരിച്ച് നിലവിൽ 1140 കുടുംബങ്ങളിൽ കക്കൂസുകളില്ല. ഇതു സൂചിപ്പിക്കുന്നത് പൊതുസ്ഥലങ്ങളിൽ ഇവർ വിസർജ്ജനം നടത്തുന്നതായിട്ടാണ്. ഇതുയർത്തുന്ന ആരോഗ്യപ്രശ്നം വളരെ വലുതാണ് എന്നു നാം മനസ്സിലാക്കണം. നിരവധി കോളനികൾ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ പല കോളനികളിലും പൊതു കിണറുകളും ഒറ്റക്കുഴി കക്കൂസുകളും വളരെ അടുത്തടുത്തായി കാണുന്നു. പഞ്ചായത്തു പ്രദേശത്ത് നിരവധി അറവുശാലകൾ ഒരുതരത്തിലുമുള്ള നിയന്ത്രണം പാലിക്കാതെ യഥേഷ്ടം പ്രവർത്തിക്കുന്നു. ഈ പ്രശ്നം ഗ്രാമപഞ്ചായത്തു തലത്തിൽ കർശനമായ നിയന്ത്രണങ്ങൾക്കു വിധേയമാക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. മരുന്നുകളുടെ ദൗർലഭ്യം
2. ഡോക്ടറുടെ സേവനസമയം മാറ്റം വരുത്തൽ
3. രക്തഗ്രൂപ്പ് നിർണ്ണയം.
4. ജീവൻ രക്ഷാ മരുന്നുകളുടെ ക്രമാതീതവിലവർദ്ധന
5. ഭക്ഷണസാധനങ്ങളിലെ മായം ചേർക്കൽ

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. പകർച്ചവ്യാധിക്കും കൊതുകിനുമെതിരെ എല്ലാ വാർഡുകളിലും മരുന്നു തളിക്കണം
2. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തണം
3. P.H സെൻറർ അപ്ഗ്രേഡ് ചെയ്ത് ആശുപത്രിയാക്കണം.
4. ആയുർവേദ ഡിസ്പെൻസറി, ആശുപത്രിയായി ഉയർത്തണം.
5. മരുന്നുകൾ കൃത്യമായി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണം
6. പൊതുസ്ഥലങ്ങളിൽ വേസ്റ്റുബിന്നുകൾ സ്ഥാപിക്കണം
7. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കണം. ലൈസൻസ് ഏർപ്പെടുത്തണം
8. 6-ാം വാർഡിൽ സൗജന്യമായി നൽകിയ സ്ഥലത്ത് സബ്സെൻറർ തുറക്കണം
9. അത്താണിയിൽ പൊതു മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക
10. റീ അഡിക്ഷൻ സെൻറർ സ്ഥാപിക്കുക.

11. ഈ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.
12. ജീവൻ രക്ഷാ മരുന്ന് സാമ്പത്തികശേഷി ഇല്ലാത്തവർക്ക് സൗജന്യമായി നൽകണം.
13. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ഔഷധചെടി നട്ടുവളർത്തണം.
14. പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ മൃഗങ്ങളെ വളർത്തുന്നത് ഒഴിവാക്കുന്നതിന് പഞ്ചായത്ത് നിർദ്ദേശം നൽകണം.
15. 'AIDS' ബോധവൽക്കരണം.
16. ജഡം (മൃതദേഹം) വീട്ടിൽ സംസ്കരിക്കുന്നത് ഒഴിവാക്കി പൊതുശ്മശാനത്തിലാക്കുന്നതിന് പഞ്ചായത്ത് നിയമനിർമ്മാണം നടത്തണം.
17. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും നേത്രദാനം ചെയ്യുന്നതിന് ബോധവൽക്കരണം നടത്തണം.

സാധ്യത

1. P.H സെൻറർ അപ്ഗ്രേഡ് ചെയ്ത 25 കിടക്കകളുള്ള ആശുപത്രിയാക്കുക.
2. അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.
3. മരുന്നുകളുടെ അലോട്ട്മെൻറ് വർദ്ധിപ്പിക്കുക.
4. പരിസരശുചീകരണത്തിന് സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5. പൊതുസ്ഥലങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം.
6. ഫാക്ടറികൾ, ഹോട്ടലുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് മലിനജലം റോഡുകളിലേക്കും തോടുകളിലേക്കും ഒഴുക്കാതിരിക്കുക. വായുമലിനീകരണം തടയുക.
7. കൊതുകു നിവാരണത്തിന് മരുന്നു തളിക്കൽ നടത്തുക.
8. ഹെൽത്തുക്ലബ്ബുകൾ തുടങ്ങുക.
9. P.H. സെൻററിനോട് ചേർന്ന് ക്ലിനിക്കൽ ലബോറട്ടറി ആരംഭിക്കുക.

# കുടിവെള്ളം

ജലലഭ്യതയിൽ ഇൻഡ്യയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഉപയുക്തമായ 43000 ദശലക്ഷം ക്യൂബിക് മീറ്റർ ജലം ഓരോ വർഷവും നമ്മുടെ നദികളിലൂടെ ഒഴുകിയെത്തുന്നു. ഭൂഗർഭ ജലപോഷണത്തിൻെറ വാർഷികനിരക്ക് 7900 ദശലക്ഷം ക്യൂബിക് മീറ്ററാണ്. അതായത് ഓരോ മനുഷ്യനും അവൻെറയും മറ്റു ജീവജാലങ്ങളുടേയും ആവശ്യത്തിനുള്ള പ്രതിദിനശുദ്ധജലലഭ്യത 4500 ലിറ്റർ ആണ്. ജലസമ്പന്നമായ കേരളത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവും ഒരു പ്രശ്നമായി മാറിക്കഴിഞ്ഞു.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളസ്രോതസ്സ് കിണറുകളാണ്. കിണറിലെ ജലം പ്രകൃതിദത്തമാണ്. അതുകൊണ്ട് കിണർജലം ജൈവജലമാണ്. പരമ്പരാഗത ജലസ്രോതസ്സുകളായ ചിറകൾ, കുളങ്ങൾ, തോടുകൾ എന്നിവയിൽ നിന്നും ജലലഭ്യത വേണ്ടത്ര ഉണ്ടെങ്കിലും ആവശ്യമായ രീതിയിൽ അതു പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല. അതിനാൽ ഈ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളപ്രശ്നം വളരെ സങ്കീർണ്ണമായിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളും പ്രദേശങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നു.

**വാർഡ് പ്രദേശങ്ങൾ**

2 മേയ്ക്കാട് ഭാഗം
3 കിഴക്കുഭാഗം
4 പൂർണ്ണമായും
5 പൊയ്ക്കാട്ടുശ്ശേരി ഭാഗം
6 പകുതി ഭാഗം
7 ചില ഭാഗങ്ങൾ
8 തുരുത്തുശ്ശേരി, തിരുവിലാം കുന്ന്
9 പൂർണ്ണമായും
10 വലിയ വാപ്പാലശ്ശേരി ഭാഗം
11 അകപ്പറമ്പു ഭാഗം

ജലക്ഷാമം അനുഭവപ്പെടുന്ന മുകളിൽ പറഞ്ഞിരിക്കുന്ന വാർഡുകളിലെ ജലസ്രോതസ്സുകൾ

വാർഡ് 5

2 പൂർത്തീകരിച്ചിട്ടില്ലാത്ത ആനപ്പാറ ലിഫ്റ്റ് ഇറിഗേഷൻ
3 വേത്ചിറ, വഴിത്തോട്
4 കാരയ്ക്കാട്ടുചിറ, ഏറച്ചൽ കുളം
5 കൊളത്താപ്പിള്ളി ഇറിഗേഷൻ
6 പുത്തൻതോട്
7 കുറന്തലക്കോട് ചിറ
8 ചടയൻ കുളം, വൈലോപ്പി കുളം, കൈതക്കുളം, കുണ്ടോക്കുളം, പണ്ടാരക്കുളം
9 ഈ വാർഡിലെ പാഴായിക്കിടക്കുന്ന കുളങ്ങൾ
10 പഴംചിറ, കുഴൽകിണർ
11 കുഴൽകിണർ

ഈ ഗ്രാമപഞ്ചായത്തിൽ 66 പൊതു കിണറുകളും 8 പൊതു കുഴൽകിണറുകളുമുണ്ട്. ലഭ്യമായ കണക്കനുസരിച്ച് വിവിധ വാർഡുകളിലായി 56 തോടുകളും 18 കുളങ്ങളുമുണ്ട്. ചുരുക്കം ചില വാർഡുകളിൽ (2,3,9,10) അങ്കമാലി മുൻസിപ്പാലിറ്റിയിൽ നിന്നും പൊതുടാപ്പുകൾ വഴി പരിമിതമായി കുടിവെള്ളം കിട്ടുന്നുണ്ട്.

പൊതുകിണറുകളിൽ പലതും കാലാകാലങ്ങളിൽ വൃത്തിയാക്കി സൂക്ഷിക്കാത്തതിനാൽ വേനൽക്കാലത്ത് കുടിവെള്ളലഭ്യത വളരെ കുറവാണ്. 18 കുളങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ടെങ്കിലും കുളങ്ങളുടെ സംരക്ഷണം യഥാസമയം വേണ്ട രീതിയിൽ നടത്തുന്നില്ല. കുളങ്ങൾ വേണ്ട രീതിയിൽ സംരക്ഷിച്ച് ജലം സംഭരിച്ചാൽ ഈ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കിണർജലത്തിൻെറ ലഭ്യത ഉറപ്പാക്കാൻ കഴിയും. അതുപോലെതന്നെ ലിഫ്റ്റ് ഇറിഗേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ കുടിവെള്ളക്ഷാമം ഒരുപരിധി വരെ പരിഹരിക്കാൻ കഴിയുന്നതാണ്.

നെടുമ്പാശ്ശേരി, ചെങ്ങമനാട് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൻെറ ത്വരിതഗ്രാമീണ ജലവിതരണപദ്ധതിയിൽ പെടുത്തി നിർമ്മാണം ആരംഭിച്ച നെടുമ്പാശ്ശേരി, ചെങ്ങമനാട് ശുദ്ധജലവിതരണപദ്ധതി തിരുവിലാംകുന്നിൽ ഇന്നൊരു നോക്കുകുത്തിയായി നിൽക്കുന്നു. 1981ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കു രൂപം കൊടുക്കുകയും 1988ൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. 60 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് ആരംഭിച്ച പദ്ധതി കാലതാമസം മൂലം 104 ലക്ഷം രൂപ അടങ്കൽ തുകയായി വർദ്ധിപ്പിക്കേണ്ടിവന്നു. ലഭ്യമായ കണക്കനുസരിച്ച് 31.10.96 വരെ ഈ പദ്ധതിക്കുവേണ്ടി 103.85 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പണി ഏകദേശം 60% മാത്രമാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ബാക്കി 40% പണി പൂർത്തീകരിക്കുന്നതിനുവേണ്ടി ഇനിയും ഒരു കോടിയിലധികം

രൂപ ചെലവഴിക്കേണ്ടതായിട്ടുണ്ട്. പദ്ധതി വിഭാവനം ചെയ്യുമ്പോൾ നിർദ്ദിഷ്ട അന്താരാഷ്ട്രവിമാനത്താവളം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഭൂപടത്തിലുണ്ടായിരുന്നില്ല. വിമാനത്താവളത്തിനു കൂടി ജലം ലഭ്യമാകുന്ന തരത്തിൽ പദ്ധതി വികസിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. ഈ പദ്ധതി മൂലം നെടുമ്പാശ്ശേരി, ചെങ്ങമനാട് ഗ്രാമപഞ്ചായത്തുകളിലെ 42,846 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 211 പൊതുടാപ്പുകൾ ആണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ വീടുകൾക്ക് ജലം നൽകുന്നതിനുള്ള സംവിധാനവും. ഈ പദ്ധതി 31.3.97ൽ പണി പൂർത്തീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. വസ്തുതകൾ ഇതാണെങ്കിലും ഇനിയെങ്കിലും ഈ പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1. ചില വാർഡുകളിൽ പൂർണ്ണമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. കുഴൽകിണറുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
3. പൊതു കിണറുകളുടെ സംരക്ഷണം
4. കുളങ്ങൾ, ചിറകൾ, ലിഫ്റ്റ് ഇറിഗേഷനുകൾ എന്നിവയുടെ സംരക്ഷണം
5. ശുദ്ധജലവിതരണപദ്ധതിയുടെ അഭാവം

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. തിരുവിലാംകുന്ന് പദ്ധതിയുടെ പ്രയോജനം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന എല്ലാ വാർഡിലും ലഭ്യമാക്കണം. എല്ലാ പഞ്ചായത്തുറോഡിൽ കൂടിയും പൈപ്പുലൈനുകൾ കടന്നുപോകുകയും പൊതുടാപ്പുകൾ സ്ഥാപിക്കുകയും വീടുകൾക്കു കണക്ഷൻ നൽകുകയും ചെയ്യണം.
2. പൂർത്തീകരിക്കപ്പെടാത്ത ലിഫ്റ്റ്ഇറിഗേഷനുകൾ പൂർത്തീകരിക്കുകയും നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വേണം.
3. കുഴൽകിണറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം തീർക്കണം
4. പൊതു കിണറുകൾ വൃത്തിയാക്കി സംരക്ഷിക്കണം
5. ടാങ്കർജലം സുലഭമായി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
6. അങ്കമാലി മുൻസിപ്പാലിറ്റിയിൽ നിന്നുള്ള ശുദ്ധജലവിതരണം 9,10 വാർഡുകളിൽ കൂടി ലഭിക്കുവാൻ നടപടി സ്വീകരിക്കണം.
7. കൂടുതൽ പൊതുകിണറുകൾ സ്ഥാപിക്കുക
8. വേതുചിറ, കാരയ്ക്കാട്ടുചിറ, ഏറച്ചൽ കുളം, കുറുന്തലക്കോട്ടു ചിറ, ചടയൻ കുളം, ഇടത്തിച്ചിറ, വൈലോപ്പിള്ളി കുളം, കൈതക്കുളം, കുണ്ടോക്കുളം, പണ്ടാരക്കുളം, ആലിലച്ചിറ എന്നിവ സൈഡ് കരിങ്കൽ കെട്ടി താഴ്ത്തി സംരക്ഷിക്കുകയും പഴഞ്ചിറയുടെ ആഴം വർദ്ധിപ്പിക്കുകയും വേണം.
9. കൊളത്താപ്പിള്ളി ലിഫ്റ്റ് ഇറിഗേഷന്റെ രണ്ടാം ഘട്ടം പൂർത്തീകരിക്കുക.

**സാധ്യത**

1. തിരുവിലാംകുന്നിൽ സ്ഥിതി ചെയ്യുന്ന നെടുമ്പാശ്ശേരി, ചെങ്ങമനാട് ശുദ്ധജലവിതരണപദ്ധതി എത്രയും വേഗം നടപ്പിലാക്കുക.
2. നിലവിലുള്ള ചിറകൾ, കുളങ്ങൾ, തോട് എന്നിവ സംരക്ഷിച്ച് കിണർജലം ഉയർത്തുന്നതിന് നടപടിയുണ്ടാക്കുക.
3. ജലമലിനീകരണം തടയുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുക.
4. 200 മീറ്റർ ചുറ്റളവിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

# ഊർജ്ജം - ഗതാഗതം

# ഊർജ്ജം - ഗതാഗതം

ഒരു പ്രദേശത്തിൻെറ വികസനവും പുരോഗതിയും ആ പ്രദേശത്തെ ഗതാഗതസൗകര്യങ്ങളേയും ഊർജ്ജലഭ്യതയേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വികസനാസൂത്രണത്തിൻെറ ചുമതലകൾ ത്രിതല പഞ്ചായത്തുകൾക്കു ലഭിക്കുകയാണ്. ഗതാഗത-ഊർജ്ജമേഖലകൾ പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ്. ഗതാഗത-ഊർജ്ജമേഖലകളെ പരിശോധിക്കുമ്പോൾ ജില്ലയിൽത്തന്നെ വളരെ സുപ്രധാനമായ സ്ഥാനമാണ് നെടുമ്പാശ്ശേരി പഞ്ചായത്തിനുള്ളത്. കൊച്ചി അന്താരാഷ്ട്രവിമാനത്താവളം, ദേശീയപാത -NH - 47 ആലുവ - എറണാകുളം വ്യവസായ-വാണിജ്യമേഖലകളുമായുള്ള ബന്ധം, വിനോദസഞ്ചാരകേന്ദ്രങ്ങളായ കാലടി-മലയാറ്റൂർ പ്രദേശങ്ങളുമായുള്ള അടുപ്പം, ഉപരിജല ഗതാഗത സാധ്യതകൾ എന്നിവ കണക്കിലെടുക്കുമ്പോൾ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നിറവേറ്റാനുണ്ട് എന്നു കാണാം. നിലവിലുള്ള ഗതാഗത സൗകര്യങ്ങൾ സമകാലീന ആവശ്യങ്ങൾക്കുപയുക്തമല്ലെന്നതും പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നുവെന്നതും ശാസ്ത്രീയമായി പരിശോധിക്കുകയും പരിഹരിക്കേണ്ടതുമായ വിഷയങ്ങളാണ്.

1. ഒന്നാമതായി അന്തർദേശീയവിമാനത്താവളം പ്രവർത്തനസജ്ജമാകുമ്പോഴുള്ള ഗതാഗത-ഊർജ്ജസംബന്ധമായ ആവശ്യങ്ങൾ
2. അങ്കമാലി -മാഞ്ഞാലി കനാൽ വികസനസംബന്ധമായ പ്രവർത്തനങ്ങൾ. ഇതു പഞ്ചായത്തുമേഖലയിലെ കൃഷി, ജലസേചനം, ജലഗതാഗതം, വിനോദസഞ്ചാരം, മത്സ്യബന്ധനം, തൊഴിൽ വർദ്ധന എന്നിവയുമായി ഇതിൻെറ വികസനം ബന്ധപ്പെട്ടിരിക്കുന്നു.
3. ദേശീയപാത - N.H. 47നുമായി ബന്ധപ്പെട്ട ഗതാഗതസൗകര്യങ്ങളുടെ വികസനം - അത്താണി - കൊരട്ടി ബൈപാസ് -" സംബന്ധിച്ച്.
4. നിലവിലുള്ള PWD, പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികളും വികസനവും സംബന്ധിച്ച്.
5. പഞ്ചായത്തുനിവാസികൾ അനുഭവിക്കുന്ന ഊർജ്ജപ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച്.

a. ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കാവുന്ന മൈക്രോ പവ്വർ പ്രോജക്ടുകൾ
b. നിലവിലുള്ള സബ്സ്റ്റേഷൻെറ വികസനം
c. ക്ഷമതക്കുറവുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കൽ
d. വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ
e. പട്ടികജാതി വാസകേന്ദ്രങ്ങളുടെ വൈദ്യുതീകരണം
f. ഊർജ്ജം ലാഭിക്കാനുതകുന്ന അടുപ്പുകൾ, പ്രഷർകുക്കർ, സോളാർ ഉപകരണങ്ങൾ എന്നിവയുടെ പ്രചാരണം എന്നിവയെല്ലാം പ്രത്യേകം ശ്രദ്ധയർഹിക്കുന്നവയാണ്.

### ഊർജ്ജം

സംസ്ഥാനതലത്തിൽ മൊത്തത്തിലും നമ്മുടെ പഞ്ചായത്തിൽ പ്രത്യേകിച്ചും ഊർജ്ജപ്രതിസന്ധി നേരിടുകയാണല്ലോ. ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിൻെറ അഭാവവും ആവശ്യവും, ലഭ്യതയും പൊരുത്തപ്പെടാത്തതും സാങ്കേതിക, ധന മാനേജ്മെൻറുകളുടെ വൈകല്യങ്ങളും ഭരണകർത്താക്കളുടെ അശ്രദ്ധയും മൂലധനാദിവിഭവങ്ങളുടെ അപര്യാപ്തതയും ഊർജ്ജവിനിയോഗത്തിൽ പൊതുജനബോധവൽക്കരണത്തിൻെറ കുറവും, ക്രമമായും സമയബന്ധിതമായും വിലയിരുത്താൻ കഴിയാത്തതും ഊർജ്ജക്ഷമമായ പുതിയ ഉപകരണങ്ങളുടെ പ്രചാരണക്കുറവും ഊർജ്ജപ്രതിസന്ധിയുടെ രൂക്ഷത വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ഗവൺമെൻറുതലത്തിലുള്ള നയരൂപീകരണവും പ്രവർത്തനവും പഞ്ചായത്തുതലത്തിലുള്ള ജനങ്ങളുടെ പങ്കാളിത്തവും ഉറപ്പു വരുത്തേണ്ടതാണ്.

### നിലവിലുള്ള ഊർജ്ജസ്രോതസ്സുകൾ.

1. പരമ്പരാഗത ഊർജ്ജം - വിറക്, തെങ്ങ് ഉല്പന്നങ്ങൾ, ചാണകം, സൂര്യാതപം മുതലായവ.
2. വൈദ്യുതി
3. പെട്രോൾ ഉല്പന്നങ്ങൾ
4. ഗ്യാസിനങ്ങൾ - എന്നിവയാണ് ഊർജ്ജസ്രോതസ്സുകൾ.

### നിലവിലുള്ള വൈദ്യുതി സൗകര്യങ്ങൾ

പഞ്ചായത്തു പ്രദേശത്ത് വൈദ്യുതി ലഭ്യമാകുന്നത് അങ്കമാലി, അത്താണി, ചെങ്ങമനാട്, ചൊവ്വര, കാലടി സെക്ഷനുകൾ വഴിയാണ്. പഞ്ചായത്തിൽ മൊത്തം 32 ട്രാൻസ്ഫോർമറുകൾ സ്ഥാപിതമായിട്ടുണ്ട്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

### നിലവിലുള്ള വൈദ്യുതി കണക്ഷനുകൾ

ഗാർഹികം - 8994
വ്യാപാരം - 645
വ്യവസായം - 249
കാർഷികം -1233
ആകെ - 11121

സ്ട്രീറ്റ് ലൈറ്റ്

12 വാർഡുകളിലായി 384 ട്യൂബുകളും 540 ബൾബുകളും സ്ഥാപിതമായിട്ടുണ്ട്.

**ഊർജ്ജസംബന്ധമായ മുഖ്യ ആവശ്യങ്ങൾ**

1. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മൈക്രോ പവ്വർ പ്രൊജക്ടുകൾ ആരംഭിക്കുക.
2. ക്ഷമത കുറഞ്ഞ ട്രാൻഫോർമറുകൾ മാറ്റി ക്ഷമതയുള്ളവ സ്ഥാപിക്കുക
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുക
4. ഗാർഹീക-കാർഷിക ആവശ്യങ്ങൾക്കായുള്ള കണക്ഷനുകളും ബന്ധപ്പെട്ട സേവനങ്ങളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക
5. തെരുവ് വിളക്കുകൾ സ്ഥാപിക്കുക
6. ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുക
7. നിലവിലുള്ള വൈദ്യുതിലൈനുകളുടെ അപാകതകൾ പരിഹരിക്കുക
8. സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും ലഭ്യമാക്കാവുന്ന ഊർജ്ജപദ്ധതികൾ സ്ഥാപിക്കുക
9. ബയോഗ്യാസ്, ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക

**പരിഹാരനിർദ്ദേശങ്ങൾ**

1. അഗ്രോ മെഷീനറി കോർപ്പറേഷനോടു ചേർന്നുള്ള 17 ഏക്കർ സ്ഥലം മൈക്രോ പവ്വർ പ്രോജക്ട് സ്ഥാപിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
2. ഇപ്പോൾ നിലവിലുള്ള 66 KV അങ്കമാലി സബ്സ്റ്റേഷൻ 110KV ആയി ഉയർത്തുക.
3. അനർട്ടിന്റെ സൗരോർജ്ജവിളക്കുകളും അടുപ്പുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
4. അനർട്ടിന്റെ ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.
5. ഗോബർഗ്യാസ് പ്ലാൻറുകൾ സബ്സിഡി നൽകി സ്ഥാപിക്കുക.
6. പഞ്ചായത്തിലെ എല്ലാം വാർഡുകളിലും അൺഇക്കണോമിക്കലായി പറമ്പുകളിലൂടെ വലിച്ചിരിക്കുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലൂടെ ക്രമീകരിച്ചാൽ വോൾട്ടേജ് ക്ഷാമവും കണക്ഷൻ നൽകുന്നതിലുള്ള പരാതികളും പരിഹരിക്കുവാൻ സഹായമാകും.
7. സൗരോർജ്ജം പ്രയോജനപ്പെടുത്തി, സോളാർ ഹീറ്റർ, ഡ്രയർ, കുക്കർ, വിളക്ക്, റാന്തൽ എന്നിവ സബ്സിഡി നൽകി സ്ഥാപിക്കുക.
8. ഇന്ധനക്ഷമമായ അടുപ്പുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
9. വൈദ്യുതി ലൈനുകളിലെ വൃക്ഷത്തലപ്പുകൾ കാലാകാലങ്ങളിൽ സന്നദ്ധസേവനം വഴി, KSEB യുടെ മേൽനോട്ടത്തിൽ മുറിച്ചുമാറ്റുക.
10. മുഴുവൻ വാർഡിലും വെളിച്ചം എന്ന VI-ാം വാർഡിലെ ഗ്രാമസഭയുടെ മുദ്രാവാക്യം മറ്റുവാർഡുകളും മാതൃകയാക്കാവുന്നതാണ്. 50 Tube കൾ വാർഡിലെ ജനങ്ങളുടെ ചെലവിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം വന്നിട്ടുണ്ട്.
11. പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കുക.
12. തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ ദക്ഷതയേറിയ (CFL) കൊമ്പാക്റ്റ് ഫ്ലൂറസൻറ് ലാമ്പുകൾ സ്ഥാപിക്കുക.
13. ഗ്രാമീണ കുടിവെള്ള -ജലസേചനപദ്ധതികൾക്കുള്ള വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുക.
    1. മള്ളുശ്ശേരി ജീവൻ ധാരാ പദ്ധതി - അങ്കമാലി സബ്സ്റ്റേഷനിൽ പെട്ടത്.
    2. മേയ്ക്കാട് - ആനപ്പാറ പദ്ധതി.
14. ദക്ഷത കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
15. പ്രധാന റോഡുകളിലും കേന്ദ്രങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

**ട്രാൻസ്ഫോർമറുകൾ അടിയന്തിരമായി സ്ഥാപിക്കേണ്ട വാർഡുകൾ**

1. മള്ളുശ്ശേരി, പറമ്പുശ്ശേരി കരകളിൽ അനുവദിച്ചുകിടക്കുന്നവ ഉടൻ സ്ഥാപിക്കുക.
2. ആനപ്പാറ കവലയിൽ

**ഊർജ്ജം**

തെരുവുവിളക്കുകൾ പട്ടിക -എല്ലാം ട്യൂബുലൈറ്റുകൾ

വാർഡ് I

1. പറമ്പുശ്ശേരിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുക

വാർഡ് II

2. ആനപ്പാറ മുതൽ മധുരപ്പുറം കടത്തുവരെ
3. ജാക്കബൈറ്റു പള്ളി മുതൽ കപ്പോള വരെ
4. ജാക്കബൈറ്റുപള്ളി തെക്കേ റോഡ് സ്കൂൾ വരെ
5. കാവാട്ടെ പീടിക മുതൽ L.P സ്കൂൾ വഴി കാരക്കാട്ടുകുന്നുവരെ

വാർഡ് III

6. പാറയിൽ റോഡ്
7. മാഞ്ഞാലി -പൂഞ്ചപ്പാടം റോഡ്

8. ചമ്പന്നൂർ കവലയിൽ നിന്നും രണ്ടാം വാർഡിലേക്കുള്ള റോഡ്
9. ചെറിയ വാപ്പാലശ്ശേരി ഡിപ്പോയ്ക്കു സമീപം

**വാർഡ് IV**

10. വല്ലക്കാട് കോളനി
11. M.A.H.S കൊങ്ങോത്തറ റോഡ്

വാർഡ് V

12. L.P. സ്കൂൾ - ചുടല റോഡ് - 5 എണ്ണം
13. മാമ്പിള്ളി പള്ളം - നെടുവത്തു റോഡ് - 18 എണ്ണം
14. കൊളത്താപ്പിള്ളി ഇറിഗേഷൻ - 5
15. പാറപ്പുറം - കുണ്ടോത്തറ റോഡ് - 3
16. തേലക്കാട് റോഡ് - 3
17. കുറുപ്പനം റോഡ് - 2
18. കരുമ്പാടം - ഇറിഗേഷൻ - 4
19. പെരുമ്പിള്ളി - 4
20. മാധവൻ റോഡ്, കറുപ്പറമ്പു റോഡ് - 1+10

**വാർഡ് VI**

21. ഫാർമസി മൃഗാസ്പത്രി റോഡ് - 5
22. കാവ് - പോട്ട റോഡ് - 3
23. പുത്തൻതോട് - കുന്നിശ്ശേരി -1
24. മാർ ബഹനാം പള്ളി - കുറുപ്പനയം - 7
25. കാവ് - ചെങ്ങമനാട് ചിറ - 6
26. P.W.D - പള്ളിക്കുരിശ് - 3
27. അത്താണി - പുത്തൻ തോട് - 5
28. പുത്തൻതോട് - കുറുപ്പനയം - 7
29. പള്ളി - പൂക്കൈത റോഡ് - 5

**വാർഡ് VII**

30. പോസ്റ്റോഫീസ് റോഡ്
31. കല്പക നഗർ
32. നെടുംകണ്ടം ഹരിജൻ കോളനി
33. കേരള ഫാർമസി -വാളേപ്പുറം റോഡ്
34. അസ്സീസി -തുരുത്തിശ്ശേരി റോഡ്
35. ഗാന്ധിഗ്രാമം റോഡ്

**വാർഡ് VIII**

36. കരിയാട് - കാലടി റോഡ് അകപ്പറമ്പു റെയിൽ വരെ
37. പഞ്ചായത്തിൻെറ മുൻവശം

**വാർഡ് IX**

38. തിരുവിലാം കുന്ന് - വള്ളിറോഡ്
39. വള്ളിറോഡ് - മേക്കാവ് റോഡ്
40. ഹരിജൻ കോളനി റോഡ്
41. കൈതക്കാട് റോഡ്

കരിയാട് - കാലടി റോഡ്

42. ഹോം സയൻസ് കോളേജ് - ചെറിയ വാപ്പാലശ്ശേരി റോഡ്

**വാർഡ് X**

43. വാർഡിൽ എല്ലാ സ്ഥലത്തും വിളക്കുകൾ സ്ഥാപിക്കുക.

**വാർഡ് XI**

44. കരിയാട് - റെയിൽവേഗേറ്റ്
45. വാർഡിലെ പഞ്ചായത്തുറോഡുകളിൽ

**വാർഡ് XII**

46. വാർഡിലെ പ്രധാന റോഡുകളിൽ എല്ലാം.

### ട്രാൻസ്ഫോർമറുകൾ

1. **വാർഡ് I**

പറമ്പുശ്ശേരി, വള്ളുശ്ശേരി

2. വാർഡ് II

ജാക്കോബൈറ്റ് പള്ളി, ആനപ്പാറ

3. വാർഡ് V

പാറപ്പുറം -100KVA, പള്ളിക്കവല 100 KVA, കൊളത്തിപ്പിള്ളി 100 KVA, വിമല കവല 100KVA

4. വാർഡ് VI

പൊയ്ക്കാട്ടുശ്ശേരി മാർബഹനാം പള്ളി അങ്ങാടി - 100 KVA

കുന്നിശ്ശേരി _ 100 KVA

കാവ് - ചെങ്ങമനാട് ചിറ റോഡ് - 100 KVA

5. വാർഡ് - VIII

സിംഹാസന പള്ളിക്കു സമീപം

6. വാർഡ് IX

ഹരിജൻ കോളനി

7. വാർഡ് X

വാർഡിൽ ഒരെണ്ണം

8. വാർഡ് III

നിലവിലുള്ള രണ്ടു ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കുക.

## ഗതാഗതം

പഞ്ചായത്തിൻെറ വികസനപ്രക്രിയയിൽ ഗതാഗതസൗകര്യങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണല്ലോ. ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതകൾ ഗൗരവമായി പരിഗണിക്കണമെന്നും പരിഹരിക്കണമെന്നും ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട മുഖ്യാവശ്യങ്ങൾ പരിശോധിക്കാം.

1. അന്താരാഷ്ട്രവിമാനത്താവളവുമായി ബന്ധപ്പെട്ട ഗതാഗത പ്രശ്നങ്ങൾ
2. അങ്കമാലി - മാഞ്ഞാലി കനാൽ വികസനവും ഉപരിജലഗതാഗത സാധ്യതകളും
3. ദേശീയപാതയുമായി ബന്ധപ്പെട്ട - അത്താണി കൊരട്ടി - ബൈപാസ് നിർമ്മാണം
4. മധുരപ്പുറം, ആലുങ്കൽ കടവ്, കുഴിപ്പള്ളം, വള്ളിത്തോട്, തേൻകുളം തോട് പാലങ്ങളുടെ നിർമ്മാണം.
5. P.W.D റോഡുകളുടെ വികസനം
6. പഞ്ചായത്ത് റോഡുകളുടെ വികസനം

**നിലവിലുള്ള റോഡുകൾ**

പഞ്ചായത്ത് റോഡുകൾ -കച്ച-161-85 Km

പക്ക - 16.55

മെറ്റൽസ് - 15.65

ആകെ - 196. 05 Km

P.W.D റോഡുകൾ - 14 Kms

N.H - 4.5 Kms

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണത്തിൽ 5% റോഡുകളാണ്. മൊത്തം 214 Kms റോഡുകൾ പഞ്ചായത്തു പരിധിയിലുണ്ട്. സംസ്ഥാനശരാശരിയേക്കാൾ രണ്ടിരട്ടിയാണിത്. പഞ്ചായത്തിലെ 16.55 കി.മീ. റോഡാണ് ടാർ ചെയ്തിട്ടുള്ളത്. മെറ്റൽ ചെയ്തിട്ടുള്ളത് 15.65 Kms കളാണ്. 161.85 കി.മീ റോഡുകൾ വികസനം കാത്തുകിടക്കുന്നു. ഇത്രയും റോഡുകൾ ടാർ ചെയ്ത് ഡ്രയിനേജുകൾ ഉണ്ടാക്കി വികസിപ്പിക്കുന്നതിന് 10 കോടി രൂപ ആവശ്യമായി വരുന്നതാണ്. ഇതിനുള്ള വിഭവങ്ങൾ കണ്ടെത്തുകയും പ്രത്യുൽപ്പാദനപരമായ വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ നടപ്പിലാക്കുകയും ചെയ്യുകയെന്നത് നാം നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്.

അതുപോലെതന്നെ പഞ്ചായത്ത് - P.W.D റോഡുകളുടെ സർവേ നടത്തുകയും വ്യക്തികൾ കയ്യേറി കൈവശം വച്ചിരിക്കുന്ന സ്ഥലങ്ങൾ വീണ്ടെടുക്കുകയും വേണം. പഞ്ചായത്തീരാജ് നിയമങ്ങൾ ഈ രംഗങ്ങളിൽ കർശനമായി നടപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ജലഗതാഗതം**

അങ്കമാലി - മാഞ്ഞാലി കനാൽ ഈ പഞ്ചായത്തിൻെറ 1,2,5 വാർഡുകളിലൂടെ കടന്നുപോകുന്നു. 1970വരെ വളരെ പ്രധാനപ്പെട്ട ഒരു ജലഗതാഗതമാർഗ്ഗമായിരുന്നു പ്രസ്തുത കനാൽ. നൂറോളം കെട്ടുവള്ളങ്ങൾ ദിനം പ്രതി എറണാകുളം, പറവൂർ ഭാഗത്തേക്കു ചരക്കുഗതാഗതം നടന്നിരുന്നതാണ്. എന്നാൽ റോഡുഗതാഗതം വികസിച്ചതും തോട് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താതെ നികന്നതും വഴി ജലഗതാഗതം തടസ്സപ്പെടുകയായിരുന്നു. ഇതിൻെറ അനന്തരഫലമായി 600 ഹെക്ടറോളം ഫലഭൂയിഷ്ഠമായ പുഞ്ചനിലങ്ങൾ വെള്ളക്കെട്ടുമൂലം കൃഷിയിറക്കാൻ കഴിയാതെ വന്നിരിക്കുന്നു. എന്നാൽ ഈ കനാൽ താഴ്ത്തി, വീതി കൂട്ടി, ഉപരിജലഗതാഗതത്തിന് പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് അതു വലിയ മുതൽക്കൂട്ടായിരിക്കുന്നതാണ്.

214

## റയിൽവേ ഗതാഗതം

ഷൊർണ്ണൂർ - കൊച്ചി റെയിൽപാത ഈ പഞ്ചായത്തിൻെറ 9,10,11,12 വാർഡുകളിലൂടെ കടന്നുപോകുന്നു. അകപ്പറമ്പിൽ റയിൽക്രോസ്സും ഗെയിറ്റും സ്ഥാപിതമായിട്ടുണ്ട്.

## വ്യോമഗതാഗതം

കൊച്ചി അന്തർദേശീയ വിമാനത്താവളം ഈ പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥിതി ചെയ്യുന്നു. നിർമ്മാണപ്രവർത്തനം നടന്നുവരുന്ന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സത്വരമായി കൈക്കൊള്ളേണ്ടതുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ പട്ടികയായി നൽകിയിരിക്കുന്നു.

## ഗ്രാമപഞ്ചായത്തിൻെറ പൊതുനിർദ്ദേശങ്ങൾ

1. പറമ്പുശ്ശേരി - മേയ്ക്കാട് കരകളെ ബന്ധിപ്പിക്കുന്ന പറമ്പുശ്ശേരി പാലം നിർമ്മിക്കുക. നെടുമ്പാശ്ശേരി, പാറക്കടവു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് ഗൾഫ് മലയാളിയായ R.C നായരുടെ 3 ലക്ഷം രൂപായുടെ വാഗ്ദാനം പ്രയോജനപ്പെടുത്തുക.

2. നെടുമ്പാശ്ശേരി പഞ്ചായത്തിനേയും ചെങ്ങമനാട് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കാവ് - ചെങ്ങമനാട് ചിറ റോഡ് ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുക. ഈ പഞ്ചായത്തിൻെറ തന്നെ ഏറ്റവും പഴക്കം ചെന്ന ഒരു റോഡ് (27 വർഷം) പ്രസിദ്ധമായ ചെങ്ങമനാട് മഹാദേവർ ക്ഷേത്രത്തിലും അവിടെനിന്നും പൊയ്ക്കാട്ടുശ്ശേരി കാവിലേക്കും വിശ്വാസികൾക്കു വരുവാൻ വളരെ എളുപ്പം (1-6 Km നീളം 6 മീറ്റർ വീതി) എസ്റ്റിമേറ്റുതുകയുടെ 5% ജനപങ്കാളിത്തം.

3. ചെങ്ങമനാട് പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശത്തേയും നെടുമ്പാശ്ശേരി പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കപ്രശ്ശേരി - തുരുത്തിശ്ശേരി റോഡ് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക.

4. അങ്കമാലി - മാഞ്ഞാലി തോട് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിൻെറ സഹായത്തോടെ വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

5. കുറുപ്പനയം ഹരിജൻ കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. (ഒരു കി.മീ. 6 മീ.വീതി)

6. കയ്യാലപ്പടി - തുരുത്ത്റോഡ് നീളം കൂട്ടി നിർദ്ദിഷ്ട വിമാനത്താവളത്തിലേക്ക് ദീർഘിപ്പിക്കുക - സ്ഥലവും ശ്രമദാനവും വാഗ്ദാനം ചെയ്തിരിക്കുന്നു.

7. നാഷണൽ ഹൈവേ പദ്ധതിയിൽ പെടുത്തി മധുരപ്പുറം പാലം പണിയുക.

8. കല്പകനഗർ റോഡ് ടാർ ചെയ്യുക.

9. സിംഹാസനപ്പള്ളി - കോരത്തോട് മുൻഗണന നൽകി പണിയുക.

10. അങ്കമാലി സബ്സ്റ്റേഷൻ - ചമ്പന്നൂർ കവല റോഡ് ലിങ്ക് ചെയ്യുക.

11. കാരക്കാട്ട്കുന്ന് - അമ്പലം റോഡ് ടാർ ചെയ്യുക.

12. മേയ്ക്കാട് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.

13. ടെൽക്ക് - അത്താണി, ടെൽക്ക് - കുറുമശ്ശേരി എന്നീ P.W.D റോഡ് അറ്റകുറ്റപ്പണികൾ നടത്തി ആവശ്യമായ സ്ഥലത്ത് കൾവെർട്ടുകൾ സ്ഥാപിച്ച് സഞ്ചാരയോഗ്യമാക്കുക.

14. കരിയാട് - അകപ്പറമ്പ് P.W.D റോഡ് വേണ്ടത്ര ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തി സഞ്ചാരയോഗ്യമാക്കുക.

15. പറമ്പയം മുതൽ - കരിയാടുവരെയുള്ള N.H. 47ൽ ആവശ്യമുള്ള ഡ്രൈനേജുസൗകര്യം നിർമ്മിച്ചു റബ്ബറൈസ്ഡ് റോഡാക്കി ടാർ ചെയ്യുക.

16. നെടുമ്പാശ്ശേരി അന്തർദ്ദേശീയ വിമാനത്താവളത്തിൻെറ ഭാഗമായി വരുന്ന കാർഗോ സർവീസ് അനുബന്ധഗതാഗതവും മറ്റും ഒരു വിദഗ്ദസർവ്വേയുടെ അടിസ്ഥാനത്തിൽ വിമാനത്താവളത്തിനു വേണ്ടി വളരെ ത്യാഗം സഹിച്ച നെടുമ്പാശ്ശേരി പഞ്ചായത്തിൽ തന്നെ സ്ഥാപിക്കുക.

## ഗതാഗതം - ഊർജം

നെടുമ്പാശ്ശേരി പഞ്ചായത്ത് സെമിനാർ - സ്ഥലം -M.A.H.S.N

ഗ്രൂപ്പ് ലീഡർ :- M.V. കുഞ്ഞവര, മഴുവഞ്ചേരി വീട്, പൊയ്ക്കാട്ടുശ്ശേരി, പി.ഒ. , ചെങ്ങമനാട്.

തീരുമാനങ്ങൾ:- ഊർജ്ജം

1. ആഗ്രോ മെഷീനറി കോർപ്പറേഷൻെറ പടിഞ്ഞാറു ഭാഗത്ത് തരിശായി കിടക്കുന്ന 15 ഏക്കറോളം വരുന്ന സ്ഥലത്ത് 50 M.W. ശേഷിയുള്ള ഒരു ഡീസൽ വൈദ്യുതി നിലയം സ്വകാര്യപങ്കാളിത്തത്തോടുകൂടി സ്ഥാപിക്കുക.

2. ഇപ്പോൾ അങ്കമാലിയിൽ സ്ഥാപിച്ചിരിക്കുന്ന 66 K.V.A സബ്സ്റ്റേഷൻ 110K.V.A ആയി ഉയർത്തി ഈ പഞ്ചായത്തിലേയും സമീപപഞ്ചായത്തിലേയും മുൻസിപ്പാലിറ്റിയിലേയും വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

3. അനർട്ടിൻെറ കീഴിൽ നിർമ്മിക്കുന്ന സൗരോർജ്ജവിളക്കുകൾ 50% സബ്സിഡി നിരക്കിൽ ഒരു വീട്ടിൽ ഒരെണ്ണം എന്ന തോതിൽ കൊടുക്കുക. ആയതിൻെറ യൂണിറ്റ് VI-ാം വാർഡിലെ വനിതാസമാജം വക സ്ഥലത്ത് സ്ഥാപിക്കുകയോ മറ്റുയൂണിറ്റിൽ നിന്നു വാങ്ങുകയോ ചെയ്യുക.

4. പഞ്ചായത്തിൻെറ എല്ലാ വാർഡിലും ഗോബർഗ്യാസ് പ്ലാൻറുകൾ കഴിയുന്നതും വീടുകളിൽ

സബ്സിഡി നിരക്കിൽ നിർമ്മിക്കുക.

5. പഞ്ചായത്തിലെ എല്ലാ വാർഡിലും പുരയിടങ്ങളിൽ കൂടി പോകുന്ന വൈദ്യുതി ലൈനുകൾ സർവ്വേ നടത്തി കണ്ടുപിടിച്ച് പഞ്ചായത്തിൻെറ തീരുമാനപ്രകാരം പഞ്ചായത്തുറോഡിൽ കൂടി ആക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

6. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സോളാർ സെല്ല് പ്ലാൻറ് പുകയില്ലാത്ത അടുപ്പുകൾ,ഡ്രൈയറുകൾ എന്നിവ ജനപങ്കാളിത്തത്തോടുകൂടി സർവ്വേ നടത്തി ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

7. ലൈനുകളിൽ മുട്ടിനിൽക്കുന്ന ടച്ചിങ്ങ് വാർഡുതലത്തിൽ കമ്മറ്റികൾ രൂപീകരിച്ച് K.S.E.Bയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ വെട്ടിമാറ്റുക.

8. വാർഡ് VI മുഴുവൻ വെളിച്ചം എന്ന ലക്ഷ്യത്തോടെ അമ്പതു ട്യൂബുലൈറ്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചു. എസ്റ്റിമേറ്റുതുകയുടെ 50% ജനപങ്കാളിത്തം മറ്റു വാർഡുകൾക്കും മാതൃകയായി.

9. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കാത്തവ എത്രയും വേഗം പൂർത്തിയാക്കുക.

10. ജലസേചനപദ്ധതികളുടെ പൂർത്തീകരണത്തിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വേണ്ട നടപടികൾ K.S.E.B യെക്കൊണ്ട് എത്രയും വേഗം നടപ്പിലാക്കുക.

11. അങ്കമാലിയിൽ നിന്നും മാളയിൽ നിന്നും മേയ്ക്കാട് - പൊയ്ക്കാട്ടുശ്ശേരി കാവ് വഴി ബസ് സർവ്വീസ് പുനഃസ്ഥാപിക്കുക. ഏകദേശം 500-കുടുംബങ്ങൾ 1 Km നടന്നാണ് വാഹനസൗകര്യം തരപ്പെടുത്തുന്നത്.

12. ആലുവായിൽ നിന്നും പ്രൈവറ്റ് ബസ് സർവീസ് അങ്കമാലിയിലേക്കു നീട്ടുക.

13. ഈ പഞ്ചായത്തിൻെറ പ്രധാനകവലയായ അത്താണിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുക. വൺവേ ട്രാഫിക്ക് കർശനമായി നടപ്പിലാക്കുക. പഞ്ചായത്ത് വെയിറ്റിങ്ങ് ഷെഡ് സ്ഥാപിക്കുക.

14. റോഡ് പണികളിൽ ദുർവ്യയം അവസാനിപ്പിക്കുക. എല്ലാ റോഡുകളും പണിയുന്നതിൻെറ മുന്നോടിയായി കാനകൾ തീർത്ത് ഡ്രൈനേജുസൗകര്യം കർശനമായും ഉറപ്പുവരുത്തുക.

15. കരിയാട് - അകപ്പറമ്പു റോഡ് P.W.D വെള്ളം ഒഴുകിപ്പോകുവാൻ കാനകൾ തീർത്ത് സുരക്ഷിതമാക്കുക.

16. അകപ്പറമ്പുവഴി - അങ്കമാലിക്ക് K.S.R.T.C ബസ് ഏർപ്പെടുത്തുക.

17. മാഞ്ഞാലി - കാലടി ബസ്റൂട്ട് അകപ്പറമ്പു വഴി ആക്കുക.

18. കാരക്കാട്ടുകുന്നു - പൊയ്ക്കാട്ടുശ്ശേരി P.W.D റോഡിൽ മില്ലിനു സമീപം കൾവെർട്ടു നിർമ്മിച്ച് ശ്രീ. കെ. സി. അയിപ്പിൻെറ പുരയിടത്തിൻെറ പടിഞ്ഞാറ് വശത്തുകൂടി വാച്ചനാട്ടികുളത്തേക്കു പോകുന്ന തോട് തെളിച്ചു വൃത്തിയാക്കുക.

**താഴെ പറയുന്ന റോഡുകൾ ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.**

1. കാവ് - ചെങ്ങമനാട് ചിറ റോഡ് 5% വിഭവസമാഹരണം
2. കപ്രശ്ശേരി - തുരുത്തിശ്ശേരി റോഡ്
3. കാരക്കാട്ടുകുന്ന് - അമ്പലം റോഡ്
4. മേയ്ക്കാട് ഹരിജൻ കോളനി റോഡ്
5. P.W.D അരപ്പന പാടം റോഡ്
6. മള്ളുശ്ശേരി പള്ളി റോഡ്
7. പറമ്പുശ്ശേരി അമ്പലം റോഡ്
8. മള്ളുശ്ശേരി ചാത്തൻ പടവുറോഡ്
9. കാവാട്ടുപീടിക - മനയ്ക്കപുഞ്ച റോഡ്
10. കാരയ്ക്കാട്ടു കുന്നു L.P.S വഴി - കാവാട്ടെ പീടിക
11. കുരിശുതൊട്ടിൽ - ആലുക്ക മാത്യൂസാറിൻെറ മുൻവശം
12. ജാക്കോബൈറ്റ് പള്ളി - തെക്കുവശം - കിഴക്കോട്ട് - L.P.S വരെ
13. ജാക്കോബൈറ്റ് പള്ളി വടക്ക് - മധുരപ്പുറം റോഡ്
14. വിദ്യാധിരാജാ മുതൽ കിഴക്ക് ആലും തറ റോഡ്
15. ഇഗ്നേഷ്യസ് ട്യൂഷൻസെൻറർ - D.R പിഷാരടിയുടെ വീട്.
16. മേയ്ക്കാട് ഹരിജൻ കോളനി
17. മാടക്കുടി റോഡ്
18. കുറുപ്പനയം - പള്ളി റോഡ് ഐപ്പുകവല വരെ
19. കുന്നിശ്ശേരി - കുറുപ്പനയം
20. കുറുപ്പനയം - അയ്യങ്കാളി റോഡ്
21. കുന്നിശ്ശേരി - പാലക്കാത്തറ റോഡ്
22. കുന്നിശ്ശേരി - തേമാലി
23. കുന്നിശ്ശേരി - കനാൽ
24. ഫാർമസി - മൃഗാസ്പത്രി റോഡ്
25. വാളേപ്പുറം - അസ്സീസി തുരുത്തിശ്ശേരി
26. തുരുത്തിശ്ശേരി - അമ്പലം റോഡ്
27. ഗാന്ധിഗ്രാമം - കപ്രശ്ശേരി റോഡ്

28. കല്പകനഗർ - തുരുത്തിശ്ശേരി ലിങ്ക് റോഡ്
29. കരിയാട് - പുത്തനങ്ങാടി റോഡ്
30. കരിയാട് - സിംഹാസനപ്പള്ളി റോഡ്
31. തുരുത്തിശ്ശേരി - സിംഹാസനപ്പള്ളി കിഴക്കോട്ട്
32. പള്ളി - മേയ്ക്കാവ് റോഡ്
33. ഹോംസയൻസ് - അച്ചൻ കോളനി
34. മേയ്ക്കാവ് പഴയ ബാങ്ക്റോഡ് ബാക്കിഭാഗം
35. തിരുവിലാംകുന്ന് - അമ്പലം റോഡ്
36. മാപ്പിരിയാരം കലുങ്ക് മുതൽ - കുഴിപ്പള്ളം തോട്

താഴെ പറയുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും വീതി കൂട്ടുകയും ചെയ്ത് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

1. കാവ് - പോട്ട റോഡ്
2. പാലത്താൻ കുഴി - പുത്തൻറോഡ്
3. മന - മുക്കത്ത്കടവ്
4. കാവൽ - മരങ്ങാട്
5. മറ്റംതുരുത്ത് റോഡ്
6. ഗീ:സഹദാ കുരിശ് - P.W.D റോഡ്
7. പുഞ്ച കുളം റോഡ്
8. വാപ്പാലശ്ശേരി ഡിപ്പോ കോളനി
9. നെടുമ്പാടം കണക്കൻ കടവ്
10. ബോംബെ ഓയിലിന് അരികിലുള്ള ഡവലപ്മെൻറ് പ്ലോട്ട്
11. കണ്ണംപുഴ ലോഡ്ജ് - പാറയിൽ റോഡ്
12. മാഞ്ഞാലി റോഡിൽ നിന്നും - പുഞ്ചപ്പാടം റോഡ്
13. ചാണ്ടി കവല മുതൽ കിഴക്കോട്ടുള്ള വഴി
14. വല്ലക്കാട്ട് കോളനി
15. ഹെൽത്ത് സബ്സെൻറർ - പോസ്റ്റ് ഓഫീസ് റോഡ്
16. ചെഞ്ഞിച്ചേരിപ്പടി - പേരേപ്പാടം റോഡ്
17. മംഗലത്തറ - നെടുമ്പാശ്ശേരി പി.ഒ. റോഡ്
18. മേയ്ക്കാവ് ഹരിജൻ കോളനി
19. തിരുവിലാം കുന്ന് - ശ്രീകൃഷ്ണൻ നായരുടെ വീടിനു മുൻവശം
20 തുരുത്ത് റോഡ് - കരിയാട് മറ്റൂർ റോഡുമായി
21. ചാറ്റുപാടം - കളപ്പുര പീടികവഴി
22. ആശാരി കോളനി റോഡ്
23. പാറപ്പുറം അമ്പലം റോഡ്
24. അകപ്പറമ്പ് റെയിൽവേഗേറ്റ് - അമ്പലം റോഡ്
25. പി.ഒ. കുണ്ടേലി റോഡ്

**റോഡ് നിർമ്മാണത്തിനു മുൻപ് അത്യാവശ്യമായി പരിഗണിക്കേണ്ട നിർദ്ദേശങ്ങൾ**

1. എല്ലാ റോഡുകളുടേയും സൈഡുകൾ, കാനകൾ കരിങ്കല്ലുകൊണ്ടു കെട്ടി കോൺക്രീറ്റു ചെയ്ത് വെള്ളം ഒഴുകുവാൻ സൗകര്യമുണ്ടാക്കുക. ആയതിൻെറ ചിലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുക.
2. എല്ലാ റോഡിലും ആവശ്യമായ സ്ഥലത്ത് കൾവെർട്ടുകൾ നിർമ്മിക്കുക.

**യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിൽ വേണ്ട നടപടികൾ**

1. അങ്കമാലിയിൽ നിന്നും മാളയിൽ നിന്നും കാരക്കാട്ട്കുന്ന്, പൊയ്ക്കാട്ടുശ്ശേരി കുറുമ്പക്കാവു വഴി K.S.R.T.C ബസ്സുകളും പ്രൈവറ്റുബസ്സുകളും അടിയന്തിരമായി അനുവദിക്കുക.
2. കുന്നിശ്ശേരി പുത്തൻതോടു ബസ്സ്റ്റോപ്പ്, വെയിറ്റിംഗ് ഷെഡ് ഇവ അനുവദിക്കുക.
3. സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ്ബസ്സുകൾ മുതലായവക്ക് അത്താണിയിൽ സ്റ്റോപ്പ് അനുവദിക്കുക.
4. ചെറിയ വാപ്പാലശ്ശേരിയിൽ വെയിറ്റിംഗ് ഷെഡ്
5. അങ്കമാലി K.S.R.T.C സ്റ്റാൻഡിൽ നിന്നും വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം മേക്കാട് വഴി ആലുവ K.S.R.T.C ബസ് അനുവദിക്കുക.
6. ചെങ്ങമനാടു നിന്നും വരുന്ന ആലുവ ബസ് കാംകോ വഴി തിരിച്ച് N.H. ൽ നിറുത്തണം.
7. അത്താണിയിലും പോസ്റ്റോഫീസ് കവലയിലും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
8. കരിയാടിനും ചെറിയ വാപ്പാലശ്ശേരിക്കും ഇടയ്ക്ക് ബസ്സ്റ്റോപ്പ് അനുവദിക്കുക.
9. കരിയാട്ടിൽ L.S. എക്സ്പ്രസ്സ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.
10. കരിയാട് നായത്തോട് - കാലടി ബസ്സ് അനുവദിക്കുക.

# ഭവനനിർമ്മാണം

# ഭവനനിർമ്മാണം

പകലന്തിയോളം പണിയെടുക്കുന്നവന് അന്തിയുറങ്ങുവാൻ സ്വന്തമായൊരു കൂര എന്ന സ്വപ്നം ഏതൊരു മനുഷ്യന്റെയും പ്രാഥമിക ആവശ്യങ്ങളുടേയും പട്ടികയിൽ ഒഴിച്ചുകൂടാനാവാത്തതാണ്. പാർപ്പിടങ്ങളുടെ നിർമ്മാണത്തിലും രൂപകൽപ്പനയിലും ഓരോരുത്തരുടേയും സാമ്പത്തികഭദ്രതയെ അടിസ്ഥാനമാക്കി സാധാരണസൗകര്യങ്ങളുള്ള പാർപ്പിടം മുതൽ രമ്യഹർമ്മങ്ങൾ വരെ ഇന്നു സ്ഥാനം പിടിച്ചിട്ടുണ്ട്. എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം ചിന്താവിഷയമാക്കേണ്ടത് കയറിക്കിടക്കുവാൻ കൂരയെന്നുള്ള സാധാരണ ജനവിഭാഗങ്ങളുടെ സ്വപ്നത്തെയാണ്. ദുസ്സഹമായ ജീവിതസാഹചര്യങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന ഇത്തരക്കാരുടെ പാർപ്പിടമെന്ന ആഗ്രഹം അവരുടെ മാത്രം കൈകളിൽ ഒതുങ്ങുന്നതല്ല എന്ന സത്യം ഇത്തരുണത്തിൽ നാം സ്മരിക്കേണ്ടതുണ്ട് കൂട്ടുകുടുംബമെന്ന പഴയ ചിന്താഗതി മാറുകയും, സ്വതന്ത്രമായ ചെറിയ കുടുംബമെന്ന ആശയത്തിന് കൂടുതൽ അർത്ഥവ്യാപ്തി കൽപ്പിക്കുകയും ചെയ്യുന്ന പുതിയ സാമൂഹ്യചുറ്റുപാടിനും, നാഗരികജീവിതത്തിന്റെ തിക്കുംതിരക്കിലും, ബഹളങ്ങളിൽ നിന്നും മോചനം തേടി ഗ്രാമാന്തരീക്ഷത്തിലേക്കു ചേക്കേറുന്ന ഒരു വലിയ വിഭാഗം പാർപ്പിടരംഗത്ത് ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിലും സമീപമുള്ള ആലുവാ, അങ്കമാലി, മുൻസിപ്പാലിറ്റികളിലും സ്ഥിതിചെയ്യുന്ന വ്യവസായസ്ഥാപനങ്ങളിൽ വന്ന് പണിയെടുക്കുന്ന തൊഴിലാളികളും പാർപ്പിടനിർമ്മാണത്തിനായി ഈ ഗ്രാമപഞ്ചായത്തിൽ വന്നു ചേരുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ അന്താരാഷ്ട്രവിമാനത്താവളത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരും കുടിയൊഴിപ്പിക്കലിനെ കാത്തിരിക്കുന്നവരും കൂടി ഈ പട്ടികയിൽ സ്ഥാനം പിടിക്കുമെന്നുള്ള ഒരു സാഹചര്യം നിലനിൽക്കുന്നതിനാൽ "പണ്ടേ ദുർബല പിന്നെ ഗർഭിണി" എന്ന സ്ഥിതിയിലേക്കാണ് പാർപ്പിടപ്രശ്നത്തിന്റെ അവസ്ഥ.

1991ലെ സെൻസസ് കണക്കനുസരിച്ച് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ 5974 വീടുകളാണുള്ളത്. ഇതിൽ 6104 കുടുംബങ്ങൾ താമസിക്കുന്നു.

പട്ടിക 8.1

വാർഡ് തിരിച്ചുള്ള കണക്ക്

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| കെട്ടിടം | 319 | 566 | 595 | 710 | 815 | 562 | 669 | 602 | 389 | 268 | 479 |

പഞ്ചായത്തിലെ ആകെ ജനസംഖ്യ 28316 ആണ്. വാർഡു തിരിച്ചുള്ള ജനസംഖ്യ താഴെ ചേർക്കുന്നു.

പട്ടിക 8.2

വാർഡ് തിരിച്ചുള്ള കണക്ക്

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| ജനസംഖ്യ | 1635 | 2860 | 2802 | 3289 | 3671 | 2586 | 3146 | 2625 | 1985 | 1477 | 2240 |

ആകെ വീടുകളിൽ 30% കോൺക്രീറ്റുകെട്ടിടങ്ങളും 70% ഓടുമേഞ്ഞതും, ഓല മേഞ്ഞതുമായ കെട്ടിടങ്ങളുമാണ്. ഇതിൽ 20% ത്തിലധികവും ദുർബലമായ പാർപ്പിടങ്ങളാണ്. ഈ കണക്കും വാർഡിലെ ജനസംഖ്യയും വീടുവയ്ക്കുന്നതിനു ലഭ്യമാകുന്ന ഭൂമിയുടെ വിസ്തീർണ്ണവും ഒരു വീട്ടിൽത്തന്നെ ഒന്നിച്ചുതാമസിക്കുന്ന രണ്ടോ അതിലധികമോ കുടുംബങ്ങളുടെ കണക്കും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയാൽ അടുത്ത പത്തുവർഷത്തിനുള്ളിൽ ആവശ്യമായി വരുന്ന പുതിയ പാർപ്പിടങ്ങളുടെ എണ്ണം നമ്മെ ഭയപ്പെടുത്തുന്നതായിരിക്കും.

വീടില്ലാത്തവരിൽ സ്വന്തമായി വീടു നിർമ്മിക്കുവാൻ കഴിയുന്നവർ 5% ത്തിൽ താഴെയാണ്. വായ്പ, മറ്റു സഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി വീടുവയ്ക്കുവാൻ കഴിയുന്നവർ 65% വരും. 30%പേർ ധനസഹായം അർഹിക്കുന്നവരാണ്. പുറംപോക്കിൽ 27 കുടുംബങ്ങൾ കുടിൽ കെട്ടി താമസിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു ആശ്വാസമെന്ന നിലയിൽ 23 കോളനികൾ സ്ഥാപിച്ചിട്ടുണ്ട്.

ഈ കോളനികളിൽ സ്ഥിതി ചെയ്യുന്ന പാർപ്പിടങ്ങളുടെ സ്ഥിതി പരിതാപകരമാണ്. ഇവയുടെ പരിഹാരവും, തുടർന്നു സ്വന്തമായി വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവരുടെ എണ്ണവും പരിശോധിക്കുമ്പോൾ ഈ പദ്ധതികൾ ആസൂത്രിതമായി തുടരേണ്ടതിന്റെ ആവശ്യകത മനസ്സിലാകും. നിലവിലുള്ള ലക്ഷംവീടുകൾ ഏറെയും നിലം പൊത്താറായ അവസ്ഥയിലാണ്. ഇത്തരം പാർപ്പിടം നിർമ്മിച്ചുകൊടുക്കുമ്പോൾ കാണിക്കേണ്ടിയിരുന്ന ദീർഘവീക്ഷണത്തിന്റെ പോരായ്മ ഇവരേയും താമസിയാതെ പാർപ്പിടപ്രശ്നത്തിലെ അന്തേവാസികളാക്കിത്തീർക്കും. പാർപ്പിടനിർമ്മാണത്തിനായി നിലവിൽ കിട്ടുന്ന ധനസഹായവും വായ്പയും, കെട്ടിടനിർമ്മാണസാമഗ്രികളുടെ അനിയന്ത്രിതമായ വിലവർദ്ധനവും, കൂലിനിരക്കുകളുമായും തട്ടിച്ചുനോക്കുമ്പോൾ ലഭ്യമാകുന്ന തുകകൊണ്ട് വീട് പൂർത്തീകരിക്കുവാൻ നിർബന്ധിതരാക്കപ്പെട്ടാൽ ഇവരും വൈകാതെ പാർപ്പിടമില്ലാത്തവരുടെ പട്ടികയിലേക്ക് വീണ്ടും തള്ളപ്പെടുമെന്ന യാഥാർത്ഥ്യം പദ്ധതികൾ രൂപകല്പന ചെയ്യുന്നവർ ബോധപൂർവ്വം മറക്കുന്നതായി തോന്നുന്നു.

ഭവനനിർമ്മാണവായ്പാരംഗത്ത് ഈ പഞ്ചായത്തിൽ നെടുമ്പാശ്ശേരി സർവീസ് സഹകരണബാങ്ക്,

25,17,854 രൂപയും കാംകോ എംപ്ലോയീസ് ഹൗസിങ്ങ് സൊസൈറ്റി 25,71,000 രൂപ 44 പേർക്കും ഭവനനിർമ്മാണത്തിന് വായ്പ നൽകിയിട്ടുണ്ട്. ഈ രംഗത്ത് വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹകരണമേഖലകൾ ഉണ്ടാകേണ്ടതുണ്ട്.

ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി (IAY) ഈ പഞ്ചായത്തിൽ 22 വീടുകൾ അനുവദിക്കുകയും 18 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മൈത്രീ ഭവനനിർമ്മാണപദ്ധതിയിലേക്ക് 124 അപേക്ഷകൾ ലഭിച്ചുവെങ്കിലും 10 പേർക്ക് ആദ്യഗഡുമായി അനുവദിച്ചിട്ടുണ്ട്. ഈ രംഗത്തെ കാലതാമസം ഒഴിവാക്കേണ്ടതായിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ കോൺക്രീറ്റുവീടുകളും ഓടുമേഞ്ഞ വീടുകളുമാണ് നിലവിലുള്ളത്. കോൺക്രീറ്റുവീടുകളോടുള്ള ഭ്രമം കൂടി വരുന്നു. കെട്ടിട നിർമ്മാണശൈലികളിൽ ആഡംബരം ഏറുന്നതുകൊണ്ട് കൂടുതൽ ദുർവ്യയം ഉണ്ടാകുന്നുണ്ട്. ഇഷ്ടിക, മണൽ, വെട്ടുകല്ല്, ഓട് എന്നിവ ഈ പഞ്ചായത്തിൽ ലഭ്യമാണ്.

ഓട്, ഇഷ്ടിക, എന്നിവ വ്യവസായികാടിസ്ഥാനത്തിൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഉൽപ്പാദനച്ചെലവും വിലയും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ ഇഷ്ടികയുടെ വില വളരെ ഉയർന്നതായി കാണുന്നു. ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിലുള്ള സംരംഭങ്ങളില്ല. മതിലുകളും ജൈവവേലികളും സമ്മിശ്രമായി വീടുകൾക്കു ചുറ്റും കാണുന്നു.

കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ അപര്യാപ്തത ഈ രംഗത്ത് പ്രകടമാണ്. 80 രൂപ മുതൽ 150 രൂപ വരെ കെട്ടിടനിർമ്മാണത്തിന്റെ വിവിധരംഗങ്ങളിൽ പണിയെടുക്കുന്നവർക്കു കൂലിയായി നൽകേണ്ടിവരുന്നുണ്ട്. 1985 കാലഘട്ടത്തെ അപേക്ഷിച്ച് ഇപ്പോൾ 200% വർദ്ധന അനുഭവപ്പെടുന്നുണ്ട്. പാർപ്പിടരംഗത്ത് ഇന്നുള്ള ഈ അവസ്ഥ പരിഹരിക്കപ്പെടണമെങ്കിൽ ദീർഘവീക്ഷണത്തോടുകൂടിയ ആസൂത്രണം അനിവാര്യമാണ്.

**പ്രശ്നങ്ങൾ**

1. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും അപര്യാപ്തയും
2. കെട്ടിടനിർമ്മാണത്തിന് ആവശ്യമുള്ള സാമഗ്രികളുടേയും ഭൂമിയുടേയും അമിതമായ വിലക്കയറ്റം.
3. നിർമ്മാണത്തൊഴിലാളികളുടെ കുറവ്
4. ആൾട്ടർനേറ്റ് നിർമ്മാണസാമഗ്രികളുടെ ലഭ്യത, സാങ്കേതികവിദ്യ, വ്യാപനം എന്നിവയുടെ കുറവ്.
5. ദുർവ്യയം ഇല്ലാത്തവീട് നിർമ്മിക്കുന്നതിന് വിദഗ്ദരുടെ അഭാവം.

**സാധ്യത**

1. ഭവനനിർമ്മാണസഹകരണസംഘം രൂപീകരണം
2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലകുറയ്ക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഉൽപ്പാദനവും വിതരണവും.
3. ചിലവു കുറഞ്ഞ ഭവനനിർമ്മാണരീതികളുടെ പ്രചാരണം, മേൽനോട്ടം, രൂപകല്പന എന്നിവയിൽ നിർമ്മിതി പോലുള്ള ഏജൻസികളുടെ സഹായം.
4. നിർമ്മാണതൊഴിലാളികൾക്ക് പ്രായോഗികപരിശീലനം നൽകുകയും സാങ്കേതികതലത്തിലുള്ള അംഗീകാരവും
5. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണപദ്ധതി.
6. ദുർവ്യയം കൂടിയ ഭവനനിർമ്മാണം നിരുൽസാഹപ്പെടുത്തൽ
7. കെട്ടിടനിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും ആവശ്യമായ വായ്പകൾ.
8. പുതിയ കോളനികൾ ആരംഭിക്കൽ.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1. പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുക.
2. മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് മുൻഗണന നൽകണം.
3. സ്വന്തമായി വീടില്ലാത്ത ഭവനരഹിതർക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് എത്രയും വേഗം വീടുകൾ നിർമ്മിച്ചു നൽകണം.
4. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വില്ലേജ് ആഫീസുകളിൽ എത്തുന്ന അപേക്ഷകളിൽ താമസം വിനാ, നടപടികൾ സ്വീകരിക്കണം.
5. ലക്ഷംവീടുകോളനികളിൽ വീടു നിർമ്മിച്ചുകൊടുക്കാത്തവർക്ക് എത്രയും വേഗം വീടു നിർമ്മിച്ചുനൽകണം.
6. ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കണം.

# സാമൂഹ്യക്ഷേമം

ഇൻഡ്യയിൽ ഏറ്റവും വിപുലവും പ്രയോജനകരവുമായ സാമൂഹ്യക്ഷേമപദ്ധതികൾ നിലവിലുള്ള സംസ്ഥാനം കേരളമാണ്. നമ്മുടെ സംസ്ഥാനത്തെ അസംഘടിതമായ മേഖലകളിലെ ബഹു ഭൂരിപക്ഷം വരുന്ന ജനങ്ങളെ സാമൂഹ്യസുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ കൊണ്ടുവരുവാൻ സാമൂഹ്യക്ഷേമപദ്ധതികൾ മുഖേന നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരുടെ ക്ഷേമപ്രവർത്തനങ്ങളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ , ധനസഹായ പദ്ധതികളുമാണ് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ ഈ രംഗത്ത് നടത്തിവരുന്നത്.

ദാരിദ്ര്യരേഖയ്ക്കു താഴെ സ്ഥിതി ചെയ്യുന്നവരുടെ ഇന്നു ലഭിക്കാവുന്ന ആധികാരികരേഖ ഐ. ആർ. ഡി. പി. സർവ്വെയാണ്.

## പട്ടിക 8.4
## ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ (അവലംബം IRDP സർവ്വെ 91)

| സാമൂഹ്യ വിഭാഗം | | | | | | |
|---|---|---|---|---|---|---|
| SC | ST | മറ്റുള്ളവർ | ആകെ | കുടുംബനാഥ സ്ത്രീകളുടെ എണ്ണം | വികലാംഗർ | കക്കൂസോടു കൂടിയ വീടുള്ളവർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 298 | - | 1750 | 2048 | 422 | 9 | 776 |

ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന കുടുംബങ്ങളുടെ ശതമാനം 33.55 ആണ്. പട്ടിക ജാതിക്കാർ 298 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്കു താഴെയുള്ളത്. ഐ. ആർ. ഡി. പി. സർവ്വെയിൽ വരുന്ന കുടുംബങ്ങളെ ഒന്നായി സഹായിക്കുന്നതിനുള്ള പദ്ധതികൾ ഇന്നു നിലവിലില്ലായെന്ന് താഴെപ്പറയുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാകും.

## പട്ടിക 8.5
## I.R.D.P. ധനസഹായം ലഭിച്ചവരുടെ പട്ടിക

| വർഷം | S.C | S.T | മറ്റുള്ളവർ | ആകെ കുടുംബങ്ങൾ | വികലാംഗർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 92-93 | 39 | - | 12 | 51 | 1 |
| 93-94 | 41 | - | 31 | 72 | 1 |
| 94-95 | 39 | - | 44 | 83 | - |
| 95-96 | 31 | - | 45 | 76 | 2 |

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2048 കുടുംബങ്ങളിൽ 282 കുടുംബങ്ങൾക്ക് മാത്രമാണ് സഹായധനം നല്കിയിട്ടുള്ളത്. കഴിഞ്ഞ 4 വർഷം കൊണ്ടാണ് ഈ ധനസഹായം നൽകിയിട്ടുള്ളതെന്ന വസ്തുത ഈ പദ്ധതിയുടെ ഒരു പോരായ്മയായി ചൂണ്ടി കാണിക്കാം. 282 കുടുംഹങ്ങൾക്ക് ധനസഹായം കിട്ടിയെങ്കിലും 120 കുടുംബങ്ങളെ മാത്രമാണ് ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുള്ളതെന്ന് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വിഷയം ധനസഹായത്തിൻെറ ദുരുപയോഗമോ പദ്ധതിയുടെ മേൽനോട്ടത്തിലും ഉപദേശത്തിലുമുള്ള വൈകല്യങ്ങളാണെന്ന് മനസ്സിലാക്കാം.

ദാരിദ്ര്യനിർമ്മാർജനത്തിൻെറ ഭാഗമായി D. W. C. R. A. പദ്ധതിപ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിൽ 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവ താഴെ പട്ടിക 8.6 ൽ ചേർക്കുന്നു.

## പട്ടിക 8.6

| ക്രമ നമ്പർ | അനുവദിച്ച വർഷം | യൂണിറ്റിൻെറ പേര് | സ്വഭാവം | ട്രൈസം പരിശീലനം ലഭിച്ചവർ | മൂലധനം | ലോൺ | സബ്സിഡി | R.F. | ആകെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ | SC/ST |
|---|---|---|---|---|---|---|---|---|---|---|
| 1 6 | 95-96 | സ്വാതി ഇൻഡസ്ട്രീസ് ആവണംകോട് | ഗ്ളൗസ് യൂണിറ്റ് | | 5 | 105000 | 58199 | 46801 | 25000 | 7 |
| 2 | 93-94 | പ്രകാശിനി മള്ളുശ്ശേരി | ഡയറി യൂണിറ്റ് | - | 148500 | 98500 | 50,000 | 15,200 | 11 | 3 |
| 3 | 94-95 | ഭാവന ചെറിയ വാപ്പാലശ്ശേരി | പിഗ്ഗറി യൂണിറ്റ് | - | 117846 | 83846 | 34,000 | 15,200 | 8 | 1 |
| 4 | 94-95 | അന്നപൂർണ്ണ പൊയ്ക്കാട്ടുശ്ശേരി | ഓട്ടോമൊബൈൽ ഫിൽട്ടർ | 10 | 150000 | 100000 | 50000 | 15,200 | 12 | 1 |
| 5 | 95-96 | ഐശ്വര്യ മേയ്ക്കാട് | റെഡി മെയ്ഡ് | 2 | 105000 | 73000 | 32,000 | 25,000 | 7 | 2 |

ഈ യൂണിറ്റുകൾ ലാഭകരമാണെങ്കിലും മാർക്കറ്റിംഗ് കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സ്കീമിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതികൾ ഇനിയും തുടങ്ങേണ്ടതായിട്ടുണ്ട്.

ട്രൈസം 92-95 കാലയളവിൽ പരിശീലനം കിട്ടിയവരുടെ പട്ടിക.

പട്ടിക 8.7
ട്രൈസം പരിശീലന വിഭവങ്ങൾ

| ട്രൈസം പരിശീലനം ലഭിച്ചവർ | പരിശീലനം കഴിഞ്ഞ് സ്വയം തൊഴിൽ കണ്ടെത്തിയവർ | പരിശീലനം ശേഷം ഇതര തൊഴിലിൽ ഏർപ്പെട്ടവർ | പരിശീലനം ശേഷം തൊഴിൽ ഒന്നും ലഭിക്കാത്തവർ |
|---|---|---|---|
| 41 | 11 | 18 | 12 |

പരിശീലനം കഴിഞ്ഞ് സ്വയം തൊഴിൽ കണ്ടെത്തിയവരും ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കുന്നതിന് യാതൊരു രേഖകളും ലഭ്യമല്ല. ഈ രംഗത്ത് സാധ്യതകൾക്കനുസരണമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഗ്രാമീണകൈതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 156 പേരുണ്ട്. എന്നാൽ കൈതൊഴിൽ ഉപകരണവിതരണപദ്ധതിയുടെ ഭാഗമായി 10 പേർക്ക് മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇത് വളരെ പരിമിതമാണ്.

സാമൂഹ്യക്ഷേമപദ്ധതിയിലൂടെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു 32 കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. എന്നാൽ 1140 പേർ ഇനിയും ഈ പട്ടികയിൽ ബാക്കി നിൽക്കുന്നു.

തുടങ്ങിയവ ആവശ്യങ്ങൾക്ക് ഇവ വാടകയ്ക്ക് നൽകാൻ കഴിയും. ഇത് പഞ്ചായത്തിൻെറ വരവുവർദ്ധനവിനുതകും.

2. വാർഡ് 12ൽ അംബേദ്കർ കോളനിയോടു ചേർന്ന് ഒരു മിനി കമ്മ്യൂണിറ്റി ഹാൾ പണിയുക.
3. ഉടൻ സ്ഥലം ലഭ്യമാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജനസഹകരണത്തോടെ വായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുക. കേരള ഫാർമസിക്കുസമീപം പ്രവർത്തിക്കുന്ന വനിതാസമാജം - വായനശാലയായി ഉയർത്തിയാൽ 6,7 വാർഡുകൾക്ക് ഗുണപ്രദമാകും. എല്ലാ വാർഡിലുമുള്ളവർക്ക് അംഗത്വം നൽകുവാൻ ക്രമീകരണമുണ്ടായാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ഉപയോഗപ്രദമാണത്.
4. വാർഡ് ഒന്നിൽ ഒരു വായനശാലക്കായി പണി പൂർത്തീകരിച്ച കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുവാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.
5. വാർഡ് 9ൽ വാർഡിൻെറ മധ്യഭാഗത്തായി വള്ളിപ്പാടത്തിൻെറ ഓരത്ത് ലഭ്യമാക്കാവുന്ന സ്ഥലത്ത് വായനശാല തുടങ്ങുക.
6. വാർഡ് 11ൽ തിരുവില്വാംകുന്നിൽ പുഷ്പാഞ്ജലിവക ഒന്നരസെൻറു സ്ഥലത്ത് വായനശാല തുടങ്ങുക
7. അന്യാധീനപ്പെട്ടുപോയ ജനവിദ്യാകേന്ദ്രം പുനരുജ്ജീവിപ്പിച്ച പഞ്ചായത്തിൻെറ ചുമതലയിൽ നടത്തുക.
8. M.A.H.S ഗ്രൗണ്ട് ഒരു സ്റ്റേഡിയമാക്കി മാറ്റുക.
9. പഞ്ചായത്തുവകയായുള്ള സ്ഥലത്ത് കായികരംഗത്തിൻെറ വികാസത്തിനായി നല്ലൊരു ഗ്രൗണ്ട് നിർമ്മിക്കുക.
10. വർഷത്തിലൊരിക്കൽ കലാകായികമൽസരങ്ങൾ വിപുലമായ തോതിൽ നടത്തുക.
11. കൊച്ചുകുട്ടികൾക്കായി കലാ -കായികമൽസരങ്ങൾ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തുക.
12. വാൻഡ് 3ൽ ഏഴ് ഏക്കറോളം വരുന്ന വേതു ചിറയിൽ ഒരു നല്ല നീന്തൽക്കുളനിർമ്മാണത്തിന് സാധ്യതയുള്ളതുപയോഗിക്കുക.

തുടങ്ങിയവ ആവശ്യങ്ങൾക്ക് ഇവ വാടകയ്ക്ക് നൽകാൻ കഴിയും. ഇത് പഞ്ചായത്തിൻെറ വരവുവർദ്ധനവിനുതകും.

2. വാർഡ് 12ൽ അംബേഡ്കർ കോളനിയോടു ചേർന്ന് ഒരു മിനി കമ്മ്യൂണിറ്റി ഹാൾ പണിയുക.
3. ഉടൻ സ്ഥലം ലഭ്യമാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജനസഹകരണത്തോടെ വായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുക. കേരള ഫാർമസിക്കുസമീപം പ്രവർത്തിക്കുന്ന വനിതാസമാജം - വായനശാലയായി ഉയർത്തിയാൽ 6,7 വാർഡുകൾക്ക് ഗുണപ്രദമാകും. എല്ലാ വാർഡിലുമുള്ളവർക്ക് അംഗത്വം നൽകുവാൻ ക്രമീകരണമുണ്ടായാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ഉപയോഗപ്രദമാണത്.
4. വാർഡ് ഒന്നിൽ ഒരു വായനശാലക്കായി പണി പൂർത്തീകരിച്ച കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുവാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.
5. വാർഡ് 9ൽ വാർഡിൻെറ മധ്യഭാഗത്തായി വള്ളിപ്പാടത്തിൻെറ ഓരത്ത് ലഭ്യമാക്കാവുന്ന സ്ഥലത്ത് വായനശാല തുടങ്ങുക.
6. വാർഡ് 11ൽ തിരുവില്വാംകുന്നിൽ പുഷ്പാഞ്ജലിവക ഒന്നരസെൻറു സ്ഥലത്ത് വായനശാല തുടങ്ങുക
7. അന്യാധീനപ്പെട്ടുപോയ ജനവിദ്യാകേന്ദ്രം പുനരുജ്ജീവിപ്പിച്ച പഞ്ചായത്തിൻെറ ചുമതലയിൽ നടത്തുക.
8. M.A.H.S ഗ്രൗണ്ട് ഒരു സ്റ്റേഡിയമാക്കി മാറ്റുക.
9. പഞ്ചായത്തുവകയായുള്ള സ്ഥലത്ത് കായികരംഗത്തിൻെറ വികാസത്തിനായി നല്ലൊരു ഗ്രൗണ്ട് നിർമ്മിക്കുക.
10. വർഷത്തിലൊരിക്കൽ കലാകായികമൽസരങ്ങൾ വിപുലമായ തോതിൽ നടത്തുക.
11. കൊച്ചുകുട്ടികൾക്കായി കലാ -കായികമൽസരങ്ങൾ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തുക.
12. വാൻഡ് 3ൽ ഏഴ് ഏക്കറോളം വരുന്ന വേതു ചിറയിൽ ഒരു നല്ല നീന്തൽക്കുളനിർമ്മാണത്തിന് സാധ്യതയുള്ളതുപയോഗിക്കുക.

തുടങ്ങിയവ ആവശ്യങ്ങൾക്ക് ഇവ വാടകയ്ക്ക് നൽകാൻ കഴിയും. ഇത് പഞ്ചായത്തിന്റെ വരവുവർദ്ധനവിനുതകും.

2. വാർഡ് 12ൽ അംബേദ്കർ കോളനിയോടു ചേർന്ന് ഒരു മിനി കമ്മ്യൂണിറ്റി ഹാൾ പണിയുക.
3. ഉടൻ സ്ഥലം ലഭ്യമാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജനസഹകരണത്തോടെ വായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുക. കേരള ഫാർമസിക്കുസമീപം പ്രവർത്തിക്കുന്ന വനിതാസമാജം - വായനശാലയായി ഉയർത്തിയാൽ 6,7 വാർഡുകൾക്ക് ഗുണപ്രദമാകും. എല്ലാ വാർഡിലുമുള്ളവർക്ക് അംഗത്വം നൽകുവാൻ ക്രമീകരണമുണ്ടായാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ഉപയോഗപ്രദമാണത്.
4. വാർഡ് ഒന്നിൽ ഒരു വായനശാലക്കായി പണി പൂർത്തീകരിച്ച കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുവാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.
5. വാർഡ് 9ൽ വാർഡിന്റെ മധ്യഭാഗത്തായി വള്ളിപ്പാടത്തിന്റെ ഓരത്ത് ലഭ്യമാക്കാവുന്ന സ്ഥലത്ത് വായനശാല തുടങ്ങുക.
6. വാർഡ് 11ൽ തിരുവില്വാംകുന്നിൽ പുഷ്പാഞ്ജലിവക ഒന്നരസെൻറു സ്ഥലത്ത് വായനശാല തുടങ്ങുക
7. അന്യാധീനപ്പെട്ടുപോയ ജനവിദ്യാകേന്ദ്രം പുനരുജ്ജീവിപ്പിച്ച പഞ്ചായത്തിന്റെ ചുമതലയിൽ നടത്തുക.
8. M.A.H.S ഗ്രൗണ്ട് ഒരു സ്റ്റേഡിയമാക്കി മാറ്റുക.
9. പഞ്ചായത്തുവകയായുള്ള സ്ഥലത്ത് കായികരംഗത്തിന്റെ വികാസത്തിനായി നല്ലൊരു ഗ്രൗണ്ട് നിർമ്മിക്കുക.
10. വർഷത്തിലൊരിക്കൽ കലാകായികമൽസരങ്ങൾ വിപുലമായ തോതിൽ നടത്തുക.
11. കൊച്ചുകുട്ടികൾക്കായി കലാ -കായികമൽസരങ്ങൾ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തുക.
12. വാൻഡ് 3ൽ ഏഴ് ഏക്കറോളം വരുന്ന വേതു ചിറയിൽ ഒരു നല്ല നീന്തൽക്കുളനിർമ്മാണത്തിന് സാധ്യതയുള്ളതുപയോഗിക്കുക.

തുടങ്ങിയവ ആവശ്യങ്ങൾക്ക് ഇവ വാടകയ്ക്ക് നൽകാൻ കഴിയും. ഇത് പഞ്ചായത്തിൻെറ വരവുവർദ്ധനവിനുതകും.

2. വാർഡ് 12ൽ അംബേദ്കർ കോളനിയോടു ചേർന്ന് ഒരു മിനി കമ്മ്യൂണിറ്റി ഹാൾ പണിയുക.
3. ഉടൻ സ്ഥലം ലഭ്യമാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജനസഹകരണത്തോടെ വായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുക. കേരള ഫാർമസിക്കുസമീപം പ്രവർത്തിക്കുന്ന വനിതാസമാജം - വായനശാലയായി ഉയർത്തിയാൽ 6,7 വാർഡുകൾക്ക് ഗുണപ്രദമാകും. എല്ലാ വാർഡിലുമുള്ളവർക്ക് അംഗത്വം നൽകുവാൻ ക്രമീകരണമുണ്ടായാൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ഉപയോഗപ്രദമാണത്.
4. വാർഡ് ഒന്നിൽ ഒരു വായനശാലക്കായി പണി പൂർത്തീകരിച്ച കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുവാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.
5. വാർഡ് 9ൽ വാർഡിൻെറ മധ്യഭാഗത്തായി വള്ളിപ്പാടത്തിൻെറ ഓരത്ത് ലഭ്യമാക്കാവുന്ന സ്ഥലത്ത് വായനശാല തുടങ്ങുക.
6. വാർഡ് 11ൽ തിരുവില്വാംകുന്നിൽ പുഷ്പാഞ്ജലിവക ഒന്നരസെൻറു സ്ഥലത്ത് വായനശാല തുടങ്ങുക
7. അന്യാധീനപ്പെട്ടുപോയ ജനവിദ്യാകേന്ദ്രം പുനരുജ്ജീവിപ്പിച്ച പഞ്ചായത്തിൻെറ ചുമതലയിൽ നടത്തുക.
8. M.A.H.S ഗ്രൗണ്ട് ഒരു സ്റ്റേഡിയമാക്കി മാറ്റുക.
9. പഞ്ചായത്തുവകയായുള്ള സ്ഥലത്ത് കായികരംഗത്തിൻെറ വികാസത്തിനായി നല്ലൊരു ഗ്രൗണ്ട് നിർമ്മിക്കുക.
10. വർഷത്തിലൊരിക്കൽ കലാകായികമൽസരങ്ങൾ വിപുലമായ തോതിൽ നടത്തുക.
11. കൊച്ചുകുട്ടികൾക്കായി കലാ -കായികമൽസരങ്ങൾ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തുക.
12. വാൻഡ് 3ൽ ഏഴ് ഏക്കറോളം വരുന്ന വേതു ചിറയിൽ ഒരു നല്ല നീന്തൽക്കുളനിർമ്മാണത്തിന് സാധ്യതയുള്ളതുപയോഗിക്കുക.

# വനിത

# വനിത

'സ്ത്രീ ന: സ്വാതന്ത്ര്യ മർഹതി' എന്ന ചൊല്ലിന് പല നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. പുക കുരുങ്ങി കലങ്ങിയ കണ്ണുകളുമായ് പുരയ്ക്കകത്ത് ഹോമിക്കപ്പെടുവാൻ മാത്രമുള്ളതല്ല അവരുടെ ജീവിതമെന്നും സാമൂഹ്യ ജീവിതത്തിൽ പുരുഷനൊപ്പം സ്ഥാനം സ്ത്രീക്കും നൽകണമെന്നുമുള്ള വാദം തുടരുന്ന കാലഘട്ടത്തിലാണ് നാമെങ്കിലും അതു പ്രാപ്യമായിട്ടുണ്ടോ? നിത്യജീവിതത്തിൽ സ്ത്രീകൾക്കു ചുറ്റും അദൃശ്യമായ ചതിക്കുഴിളുടെ എണ്ണം പെരുകിവരുന്ന കാലയളവിലാണ് ഈ വിഷയം നാം ചർച്ചചെയ്യുന്നത്. നഗരവൽക്കരണ വേഗതയേറി വരുന്ന ഇന്നുകൾ, നാളെകൾക്കുവഴിമാറുമ്പോൾ നാം കൂടുതൽ ജാഗരൂകരാകേണ്ടി വരുമെന്ന് ആമുഖമായി ഓർമ്മിപ്പിച്ചുകൊണ്ട് ഇന്നിന്റെ പ്രശ്നങ്ങൾ നമുക്ക് പരിശോധിക്കാം.

ജനസംഖ്യയുടെ ആനുപാതിക ക്രമം പരിശോധിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാരാണെന്നു കാണാം. പട്ടിക – 1 നോക്കുക.

പട്ടിക – 10–1

| ജനസംഖ്യ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | അനുപാതം |
|---|---|---|---|---|
| | 28316 | 14180 | 14136 | 1000 ന് 990 |
| 6 വയസ്സിൽ താഴെയുള്ളവർ | 3086 | 1593 | 1493 | 1000 ന് 937 |
| പട്ടിക ജാതി/ പട്ടിക വർഗ്ഗം | 4030 | 1990 | 2040 | 1000 ന് 1020 |

അവലംബം – 1991 ലെ സെൻസസ്

സ്ത്രീ – പുരുഷ സംസ്ഥാന ശരാശരി 1000 പുരുഷന്മാർക്ക് 1040 സ്ത്രീകൾ എന്നാണ്. ജില്ലാ ശരാശരിയാകട്ടെ 1000 പുരുഷന്മാർക്ക് 1000 സ്ത്രീകൾ എന്നാണ്. ഈ കണക്ക് നമ്മുടെ പഞ്ചായത്തിൽ വരുമ്പോൾ 1000 പുരുഷന്മാർക്ക് 990 സ്ത്രീകൾ എന്നാകുന്നു. ഈ അന്തരം ഇനിയും വർദ്ധിക്കുവാനാണ്. സാധ്യത. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കണക്ക് പരിശോധിക്കുമ്പോൾ 1000 പുരുഷന്മാർക്ക് 937 സ്ത്രീകൾ എന്നു വരുന്നു. സാക്ഷരതാ നിരക്ക് പരിശോധിക്കുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. 93.30% പുരുഷന്മാരും സാക്ഷരരെങ്കിൽ സ്ത്രീ സാക്ഷരതാ 86.94% എന്നാണ്.

തൊഴിൽ മേഖലയിലേക്കു കടക്കുമ്പോൾ സ്ത്രീ പങ്കാളിത്തം കുറവാണെന്നു കാണാം. നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെ കണക്ക് പട്ടിക 2–ൽ നോക്കുക.

പട്ടിക – 10–2

| സ്ഥാപനം | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| കാംകോ | 450 | 403 | 47 |
| ക്രോംപ്ടൺ ഗ്രീവ്സ് ലി: | 758 | 533 | 225 |
| കേരള ഫാർമസി | 84 | 64 | 20 |

ഈ കണക്ക് സൂചിപ്പിക്കുന്നത് പ്രധാന തൊഴിൽ ശാലകളിലെ തൊഴിലാളികളിൽ നല്ലൊരു ശതമാനവും പുരുഷന്മാരാണെന്നാണ് വിദ്യാലയങ്ങളിലെ കണക്കു പരിശോധിക്കുമ്പോൾ പട്ടിക 3 നോക്കുക.

പട്ടിക – 3

| സ്കൂളിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| ഗവ. എൽ.പി.ബി അകപ്പറമ്പ് | 4 | - | 4 |
| ഗവ. എൽ.പി.എസ് തുരുത്തിശ്ശേരി | 7 | - | 7 |
| ഗവ. എസ്.വി.എസ്.എസ്. മേയ്ക്കാട് | 5 | 4 | 1 |
| ഗവ. എസ്.വി.എസ്. പൊയ്ക്കാട്ടശ്ശേരി | 4 | 3 | 1 |
| എം.എ.എച്ച്.എസ്സ് നെടുമ്പാശ്ശേരി | 48 | 36 | 12 |
| അസ്സീസ്സി യു.പി.എസ്. അത്താണി. | 36 | 1 | 35 |

സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടേതിനേക്കാൾ ഏറെ മുമ്പിലാണെന്നു കാണാം. അദ്ധ്യാപനരംഗത്തോടുള്ള പുരുഷ വിമുഖതയാണോ സ്ത്രീകളുടെ താല്പര്യമാണൊ ഇതിനുകാരണം എന്ന തർക്കത്തിലേക്കു കടക്കുന്നില്ല.

വിവിധ മേഖലകളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം നമുക്കല്പം പരിശോധിക്കാം.

പട്ടിക – 10–4

| | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| പ്രധാന തൊഴിലുകൾ | 6968 | 2476 |
| കർഷകരും, കർഷക തൊഴിലാളികളും | 2699 | 1197 |
| മൃഗപരിപാലനം | 180 | 53 |
| കുടിൽ വ്യവസായം | 66 | 41 |
| നിർമ്മാണ തൊഴിലാളികൾ | 397 | 52 |
| ഇതര മേഖല | 568 | 399 |

അവലംബം – 1991–ലെ സെൻസസ്

ഈ കണക്കും സൂചിപ്പിക്കുന്നത് തൊഴിൽ മേഖലകളിൽ സ്ത്രീ പങ്കാളിത്തം കുറവാണെന്നാണ്. ഇഷ്ടിക നിർമ്മാണം, ഓട് നിർമ്മാണം തുടങ്ങിയ ചില മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം പുരുഷന്മാർക്ക് ഒപ്പമോ അതിൽ കൂടുതലോ ആണെന്ന് കാണാം. ഇതിന്റെ കണക്ക് കൃത്യമായി ലഭ്യമല്ല. ഇത്തരം മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായി നടത്തിയ വർത്തമാനങ്ങളിലൂടെ കിട്ടിയ അറിവാണ് ഇതിനാധാരം.

വനിതകൾക്ക് ഏറ്റവും സജീവമായി പ്രവർത്തിക്കുവാൻ കഴിയുന്ന മേഖലകളാണ് ബാലവാടികളും, അങ്കണവാടികളും. എന്നിട്ടും നമ്മുടെ പഞ്ചായത്തിൽ ഗ്രാന്റ് കിട്ടി പ്രവർത്തിക്കുന്ന 2 ബാലവാടികൾ മാത്രമേ

(വാർഡ് 1-ലും 12-ലും) നിലവിലുള്ളു എന്നത് വേദനാജനകമാണ്. ഗ്രാന്റ് കിട്ടാതെതന്നെ കീഴ്പെരിയാരത്തു പ്രവർത്തിക്കുന്ന ബാലവാടിയെക്കുറിച്ച് ഓർക്കാതെയല്ല ഇത് കുറിക്കുന്നത്. ഒരു സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്തായ നെടുമ്പാശ്ശേരിയിൽ ഒരൊറ്റ അങ്കണവാടിപോലുമില്ലെന്നത് വേദനയോടെ നാമറിയണം.

പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകൾ പരിശോധിച്ചാലും സ്ത്രീ പങ്കാളിത്തം കുറവാണെന്നു കാണാം. പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നപ്പോൾ 30% വനിതാ പ്രാതിനിധ്യം നിലനിർത്തുന്നതിലേക്ക് വനിതാ സ്ഥാനാർത്ഥികളെ കണ്ടെത്തുവാൻ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കുപോലും ഏറെ ബുദ്ധിമുട്ടേണ്ടതായി വന്നിട്ടുണ്ട്. നേതൃത്വ നിരയിലേക്ക് വനിതകൾ എത്തിച്ചേരുന്നില്ല. സ്ത്രീകൾ പൊതുപ്രവർത്തകരായാൽ എല്ലാം തകിടം മറിഞ്ഞു എന്നു കരുതുന്നവർ ഇന്നും സമൂഹത്തിലുണ്ട് എന്ന സത്യം നാം അംഗീകരിച്ചേ പറ്റു എതിർപ്പിനെ അതിജീവിച്ച് ഒഴുക്കിനെതിരെ നീന്തി കരയെത്തുവാനുള്ള കഴിവാകട്ടെ സ്ത്രീകൾക്കില്ലതാനും. എം.ബി. ഭട്ടതിരപ്പാട് തന്റെ 'ഋതുമതി' യിൽ പറഞ്ഞതുപോലെ തത്ത തന്നെ തത്തയുടെ കൂട് തകർക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഇതിനുള്ള ശ്രമം അവരുടെ ഭാഗത്തും ഉണ്ടാകുന്നില്ല എന്നതിന് ഗ്രാമസഭ കണക്കുകൾ സാക്ഷ്യം വഹിക്കുന്നു.

പട്ടിക - 10-5

| വാർഡ് | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1 | 204 | 170 | 34 |
| 2 | 113 | 110 | 3 |
| 3 | 245 | 207 | 41 |
| 4 | 83 | 79 | 4 |
| 5 | 228 | 168 | 60 |
| 6 | 241 | 215 | 26 |
| 7 | 125 | 106 | 19 |
| 8 | 85 | 83 | 2 |
| 9 | 217 | 148 | 69 |
| 10 | 73 | 67 | 6 |
| 11 | 76 | 65 | 11 |
| 12 | 210 | 160 | 50 |
| ആകെ | 1902 | 1578 | 325 |

പൊതുവേദികളിൽ കടന്നുവരുവാൻ സ്ത്രീകൾ പൊതുവെ വിമുഖത കാണിക്കുന്നുവെന്നാണ് ഈ കണക്ക് വ്യക്തമാക്കുന്നത്.

സ്ത്രീകൾ നേതൃത്വസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടനകൾ മഹിളാസമാജങ്ങളും, വനിതാസമാജങ്ങളും നമ്മുടെ ചില വാർഡുകളിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തനതു പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനുള്ള ഇഛാശക്തി അവർ കാണിക്കുന്നില്ല എന്നത് നാമറിയേണ്ടതുണ്ട്.

അപൂർവ്വം ചില വനിതാ വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലെ ചില വാർഡുകളിൽ പ്രവർത്തിക്കുന്നു.

വാർഡ് - 5

1. ചന്ദനത്തിരി ഉല്പാദന യൂണിറ്റ് (പൊയ്ക - പൊയ്ക്കാട്ടുശ്ശേരി)

2. അന്നപൂർണ്ണ ഫിൽട്ടർ യൂണിറ്റ് (പൊയ്ക്കാട്ടുശ്ശേരി)

3. പുതുശ്ശേരി ഇൻഡസ്ട്രീസ് (അലുമിനിയ പാത്ര നിർമ്മാണം)

4. ലേഡീസ് ടെയ്ലറിംഗ് & എംബ്രോയിഡറി വർക്സ്

വാർഡ് - 1

5. നൂൽ നൂൽപ്പു കേന്ദ്രം

വാർഡ് - 12

6. പ്രിയദർശിനി (ഗ്ലൗസ് നിർമ്മാണം)

വാർഡ് - 2

7. ലേഡീസ് ഗാർമന്റ്സ് & ടെയ്ലറിംഗ്

മഹിളാ സംഘടനകളുടെ ആഭിമുഖ്യത്തിൽ വനിതാ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഏറെ സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടേത്. വനിതാ വികസന കോർപ്പറേഷനും, ജില്ലാ വ്യവസായ കേന്ദ്രവും, സംസ്ഥാന സർക്കാരുമൊക്കെ വനിതാ വ്യവസായ കേന്ദ്രങ്ങൾക്ക് ഒട്ടേറെ ധനസഹായം നൽകി വരുന്നുണ്ട്. എന്നാൽ അതിനെ കുറിച്ചുള്ള അറിവ് വനിതകൾക്കില്ലാഞ്ഞിട്ടോ, അറിഞ്ഞിട്ടും കർമ്മരംഗത്തു വരുവാനുള്ള അലസതയോ? ഈ വിഷയം വളരെ ഗൗരവമായി ഈ സെമിനാർ ചർച്ച ചെയ്യണം.

പച്ചക്കറി കൃഷിയുടെ വ്യാപനത്തിലും വനിതകൾ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. നാലുകോടി അമ്പത്തിയാറു ലക്ഷം രൂപയുടെ പച്ചക്കറി നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം വിറ്റഴിക്കപ്പെടുന്നുണ്ടെന്നാണ് ഏകദേശ കണക്കുകൾ പറയുന്നത്. ഓരോ വീട്ടിലും അടുക്കള തോട്ടങ്ങൾ ഉണ്ടാക്കിയാൽ നമ്മുടെ പഞ്ചായത്തിനു പുറത്തേക്കു പോകുന്ന ഈ ഭീമമായ തുകയിൽ നല്ലൊരു ശതമാനം ഇവിടെ വിനിയോഗിക്കുവാൻ കഴിയും. മാത്രമല്ല നമ്മുടെ ആരോഗ്യസംരക്ഷണത്തിനും അതു പ്രയോജനപ്രദമാകും.

തുല്യ ജോലിക്കു തുല്യവേതനം എന്ന തത്വം ഇനിയും പ്രാബല്യത്തിൽ വന്നിട്ടില്ല. ഇഷ്ടിക കളങ്ങൾ കെട്ടിട നിർമ്മാണ രംഗം എന്നീ മേഖലകളിലൊക്കെ സ്ത്രീയുടെ അധ്വാനശേഷി ഏറെ ചൂഷണം ചെയ്യപ്പെടുന്നുവെന്നാണ് ഖേദകരമായ നിഷ്ഠുരതയാണ്. ഈ ശോചനീയവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.

പൊതുപ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവാണ്.
2. തൊഴിൽ രംഗത്ത് വനിതകൾ വളരെ കുറച്ചേ എത്തിപ്പെടുന്നുള്ളു.
3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതവും, ആസൂത്രിതവുമായ ശ്രമം കാണുന്നില്ല.
4. ജനസംഖ്യാനുപാതികമായി വനിതകളെ നേതൃത്വനിരയിലേക്ക് ഉയർത്തികൊണ്ട് വരുന്നതിന് സംഘടനയിലെ മുൻനിരപ്രവർത്തകൾ ശുഷ്കാന്തി കാണിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ബാലവാടികളും, അംഗണവാടികളും രൂപികരിക്കുക.
2. പട്ടക്കറികൃഷി വ്യാപനം, കോഴിവളർത്തൽ, മുയൽവളർത്തൽ ആടുവളർത്തൽ തുടങ്ങിയവ

കൂടുതൽ വനിതകളെ പങ്കാളികളാക്കുവാൻ കഴിയണം. പച്ചക്കറി കൃഷി വ്യാപനത്തിനായി വിത്തും വളവും സൗജന്യമായി നൽകുക. മുയൽ, ആട്, കോഴി, തുടങ്ങിയവ വളർത്തുന്നതിനായി അർഹതപ്പെട്ട ആവശ്യക്കാർക്ക് ബാങ്കുലോൺ ലഭ്യമാക്കുക. എടുത്ത ലോൺ എടുത്ത ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

3. തയ്യൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി തയ്യൽ മെഷീൻ തുടങ്ങിയവർക്ക് ആവശ്യമായ പണം ലഭ്യമാക്കുവാൻ വേണ്ട ഏർപ്പാടുകൾ പഞ്ചായത്തിൽ നിന്നും ചെയ്യുക.
4. സ്ഥിരമായി തൊഴിലുള്ളവരെ ഇൻഷുറൻസ് പദ്ധതിയിൽ ഏർപ്പെടുത്തുക.
5. തുല്യജോലിക്കു തുല്യവേതനം നടപ്പിലാക്കുക.
6. വിധവകളുടെ ക്ഷേമത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുക.
7. സഹകരണ മേഖലയിൽ വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
8. വ്യവസായം തുടങ്ങുവാൻ ഉദ്ദേശിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ സൊസൈറ്റികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. വനിതാ വ്യവസായ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ ഒരു നിശ്ചിത ശതമാനം - വ്യവസായങ്ങൾ നിന്നു പോകാതിരിക്കുവാൻ ആവശ്യമായ - വില്ക്കുവാനുള്ള വിപണനകേന്ദ്രങ്ങൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് മുൻകൈയ്യെടുക്കുക.
10. സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സെൽ രൂപീകരിക്കുക.
11. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
12. വനിതകൾക്കായി പ്രത്യേക ബസ് സർവ്വീസുകൾ ആരംഭിക്കുക.
13. വനിതകൾക്കായി പ്രത്യേക സഹകരണ സംഘങ്ങൾ രൂപികരിക്കുക.
14. വനിതാക്ഷേമ സമിതികൾ രൂപികരിക്കുക.
15. വനിതകൾക്കായി പഞ്ചായത്തു തലത്തിൽ മൊബൈൽ ലൈബ്രറി സൗകര്യം ഏർപ്പെടുത്തുക.
16. വിധവകൾക്ക് വീട് വെയ്ക്കുവാൻ സാമ്പത്തിക സഹായം നൽകുക.
17. നിരർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ സഹായധനം നൽകുവാൻ വേണ്ട ക്രമീകരണം ഏർപ്പെടുത്തുക.
18. സ്വകാര്യ പൊതു മേഖലാസ്ഥാപനങ്ങളിലെ നിയമങ്ങളിൽ 30% സ്ത്രീ സംവരണം ഏർപ്പെടുത്തുക.
19. ഇന്ധനചിലവു കുറഞ്ഞ അടുപ്പുകളുടെ വ്യാപനത്തിനായി ബോധവൽക്കരണ ക്ലാസുകളും അത്തരം അടുപ്പുകളുടെ പ്രദർശനവും സംഘടിപ്പിക്കുക.

# സഹകരണമേഖല

# സഹകരണമേഖല

"എല്ലാവരും ഒരോരുത്തർക്കുവേണ്ടിയും ഒരോരുത്തരും എല്ലാവർക്കുവേണ്ടിയും" എന്ന മഹത്തായ തത്വത്തിലധിഷ്ഠിതമായ സഹകരണപ്രസ്ഥാനം സാമൂഹ്യപുരോഗതിയിൽ പ്രധാനമായ പങ്കുവഹിക്കുന്ന ഒരു സംവിധാനമാണ്. 'തുറന്ന അംഗത്വം, ജനകീയ നിയന്ത്രണം, നീതിനിഷ്ഠമായ ലാഭവിതരണം, മതപരവും രാഷ്ട്രീയപരവുമായ നിഷ്പക്ഷത, റൊക്കവില്പന, സഹകരണ വിദ്യഭ്യാസം ഇവയെല്ലാം സഹകരണ പ്രസ്ഥാനത്തിന്റെ പ്രകടമായ സവിശേഷതകളാണ്.

ഇന്ത്യയിൽ പൊതുവേയും, കേരളത്തിൽ വിശേഷിച്ചും സഹകരണമേഖലയ്ക്ക് ശക്തമായ വേരോട്ടം ഉണ്ടായിട്ടുണ്ടെന്ന് പറയാൻ കഴിയും. നമ്മുടെ പഞ്ചാത്തിലെ സാദ്ധ്യതയുമായി പൊരുത്തപ്പെടുത്തുമ്പോൾ, സഹകരണ മേഖലയ്ക്ക് കാര്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആറ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഉൾപ്പെടെ മൊത്തം 12 സഹകരണ സംഘങ്ങളാണ് വിവധ മേഖലകളിലായി ഇവിടെ പ്രവർത്തിക്കുന്നത്. ഇതിൽ 6 എണ്ണം വായ്പേതര സംഘങ്ങളും മറ്റുള്ളവ വായ്പാ സംഘങ്ങളുമാണ്.

1965-ൽ സ്ഥാപിതമായ "നെടുമ്പാശ്ശേരി പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം" ആണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം. ആ കാലഘട്ടത്തിൽ കൃഷിക്കാരും മറ്റ് തൊഴിലാളികളും വായ്പയ്ക്ക് പ്രധാനമായും ആശ്രയിച്ചിരുന്നത് അന്ന് നാട്ടുമ്പുറങ്ങളിൽ പ്രവർത്തിച്ചിരുന്ന "മണി ലെൻഡേഴ്സിനെ" ആയിരുന്നു. ഇവർ ഈടാക്കിയിരുന്ന അന്യായമായ പലിശയുടെ തീച്ചൂളയിൽനിന്ന് രക്ഷ പ്രാപിക്കാൻ, കൃഷിക്കാരും മറ്റ് തൊഴിലാളികളും നടത്തിയ കഠിന പ്രയത്നങ്ങളുടെ സാക്ഷാത്കാരമായിരുന്നു ഈ പഞ്ചായത്ത് സർവീസ് സഹകരണ സംഘം. സംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ് പൊയ്ക്കാട്ട്ശ്ശേരിയിലുള്ള ശ്രീ. വി. സി. അബ്രഹാം വല്ലത്തുകാരൻ ആയിരുന്നു. ശ്രീ പി. കെ. ഇട്ടൂപ്പ് സംഘത്തിന്റെ ചീഫ് പ്രമോട്ടറായിരുന്നു. സർവശ്രീ. വർക്കിമത്തായി വയലിപ്പറമ്പിൽ, അമ്പാട്ട് പൗലോസ്, പൗലോസ് വട്ടേക്കാട്ട്, കുരിയപ്പൻ പ്ലാക്കൽ, കെ. എ. ഇട്ടിയച്ചൻ കോട്ടക്കൽ, എ. എം. വർഗ്ഗീസ് ആലുക്കൽ, ജേക്കബ് മാസ്റ്റർ, പി. പി. പത്മനാഭൻനായർ, കുഞ്ഞി പൗലോ തുകലിൽ, തുടങ്ങിയ നിരവധി വ്യക്തികളായിരുന്നു ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ. ആദ്യത്തെ സെക്രട്ടറിയായിരുന്ന ശ്രീ പി. പി. പത്മനാഭൻനായരുടെ 23 വർഷക്കാലത്തെ സേവനം, സംഘത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

പടിപടിയായി വളർന്നുകൊണ്ടിരിക്കുന്ന ഈ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം 23 ലക്ഷം രൂപയും അംഗീകൃത ഓഹരി മൂലധനം 847530 (8.48ലക്ഷം)രൂപയും ആണ്. ഒരുലക്ഷം രൂപയുടെ സർക്കാർ ഓഹരിയും ഉണ്ട്. 6496അംഗങ്ങൾ ഉള്ള ഈ സംഘത്തിലെ ഒരു ഓഹരിയുടെ വില 10 രൂപയാണ്. കർഷകർക്ക് വിത്തും വളവും കൊടുക്കുക, ആവശ്യമായ വായ്പാസൗകര്യങ്ങൾ കൊടുക്കുക, ബാങ്കിലെ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുക, നിയന്ത്രിതവിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ വിതരണം നടത്തുക, സഹകാരികളുമായി ബാങ്കിംഗ് ഇടപാടുകൾ നടത്തുക എന്നിവയാണ് സംഘം നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ. സംഘത്തിന്റെ മുഖ്യലക്ഷ്യം കാർഷികവായ്പ കൊടുക്കുകയാണ് എങ്കിലും കൃഷിക്കാർ ഫലപ്രദമായി ഈ വായ്പകൾ ഉപയോഗപ്പെടുത്തുന്നില്ല. അംഗങ്ങൾ എടുക്കുന്ന വായ്പയുടെ ഉദ്ദേശത്തിനുതന്നെയാണോ തുക വിനിയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്തുവാൻ സംഘത്തിനു കഴിയുന്നില്ല. നിരവധി പ്രവർത്തനവൈകല്യങ്ങൾ സംഘത്തിന്റെ വളർച്ചക്ക് തടസ്സമായിത്തീരുന്നു. ആവശ്യമായ ജോലിക്കാരുടെ അഭാവവും, കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരവുമെല്ലാം സംഘത്തിന്റെ വളർച്ചക്ക് വിഘാതം സൃഷ്ടിക്കുന്നു. എന്നിരുന്നാലും സംഘം ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 8 പേർ ജോലി ചെയ്യുന്ന സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. P.V. പൗലോസ് അവർകൾ ആണ്.

സംഘം കൊടുത്തിട്ടുള്ള വായ്പകളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

234

പട്ടിക- 11.1

സർവ്വീസ് സഹകരണബാങ്ക്-മേയ്ക്കാട്

(അവലംബം - ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ)

| വായ്പയുടെ പേര് | നല്കിയ തുക | കാലാവധി കഴിഞ്ഞു കഴിഞ്ഞു കിട്ടാനുള്ളത് |
|---|---|---|
| A.A.P Loan | 249889 | 5288 |
| M.T. Loan | 141 | |
| Massive M.T. Loan | 133741 | |
| House Loan | 231754 | 46894 |
| IRDP | 241829 | |
| Education Loan | 57118 | |
| C.T. Loan | 62012 | 22950 |
| Gold Loan + Deposition | 2832368 | 116104 |
| Special Loan | 11054244 | 1008689 |
| | 13687096 | 1199925 |

പഞ്ചായത്തിലെ 9,10,11,12 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മേയ്ക്കാവ് സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് ഈ . പഞ്ചായത്തിലെ രണ്ടാമത്തെ സർവ്വീസ് സഹകരണബാങ്കാണ്. പുതിയ സംഘം എന്ന നിലയിൽ ഇതിൻെറ പ്രവർത്തനം മെച്ചപ്പെട്ടു വരുന്നതേയുള്ളു. ആവശ്യമായ മൂലധനത്തിൻെറയും ജീവനക്കാരുടേയും അഭാവവും, സ്വന്തമായി കെട്ടിടം ഇല്ലാത്ത അവസ്ഥയും മറ്റും സംഘത്തിൻെറ വളർച്ചക്ക് വിഘാതങ്ങളായി നില്ക്കുന്നു.

പഞ്ചായത്തിലെ കാംകോ ഫാക്ടറി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കാംകോ എംപ്ലോയീസ് ക്രെഡിറ്റ് സൊസൈറ്റി ഈ പഞ്ചായത്തിലെ മറ്റൊരു വായ്പാ സംഘമാണ്. 470 അംഗങ്ങൾ ഉള്ള ഈ സംഘം അംഗങ്ങളിൽ നിന്നും ഡെപ്പോസിറ്റ് സ്വീകരിക്കുക, വായ്പ കൊടുക്കുക, അംഗങ്ങൾക്കു വേണ്ടി ചിട്ടി നടത്തുക എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇതിൻെറ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ നടത്തുന്നുണ്ട്. കൂടാതെ അംഗങ്ങൾക്കുവേണ്ടി മറ്റു ഏജൻസി സർവ്വീസസും ചെയ്യുന്നു. സംഘത്തിൻെറ അംഗീകൃത ഓഹരി മൂലധനം 10 ലക്ഷം രൂപയും പിരിഞ്ഞുകിട്ടിയ മൂലധനം 617525(6.18 ലക്ഷം) രൂപയും ആകുന്നു. 1974ൽ ആരംഭിച്ച ഈ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു വായ്പാ സംഘമാണ്.

ഈ സംഘം അംഗങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം 3292175 രൂപയാണ്. (32.92ലക്ഷം) ജില്ലാ കോ -ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പയായി സ്വീകരിച്ചത് 1287590 രൂപയാണ്. (12.88 ലക്ഷം) അംഗങ്ങൾക്ക് വായ്പയായി ആകെ കൊടുത്തത് 4227309 രൂപയാണ്. (42.27ലക്ഷം)

1979ൽ ആരംഭിച്ച കാംകോ എംപ്ലോയീസ് കോ -ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി മറ്റൊരു വായ്പാ സംഘമാണ്. 372 അംഗങ്ങൾ ഉള്ള ഈ സംഘം അംഗങ്ങളുടെ ഭവനനിർമ്മാണത്തിന് ആവശ്യമായ വായ്പ കൊടുക്കുന്നതിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൻെറ അംഗീകൃത ഓഹരിമൂലധനം 10 ലക്ഷം രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 461510 രൂപയാണ്. (4.61 ലക്ഷം)

1979ൽ പ്രവർത്തനം ആരംഭിച്ച ക്രോംപ്റ്റൺ ഗ്രീവ്സ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഫാക്ടറി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പഞ്ചായത്തിലെ മറ്റൊരു വായ്പാസംഘമാണ്. 716 അംഗങ്ങൾ ഉള്ള ഈ സംഘം വിവിധങ്ങളായ നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ അനുവദിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്ക് ബാങ്കിംഗ് സംബന്ധമായ സേവിംഗ്സ് ബാങ്ക് ഓപ്പറേഷൻ, ചെക്ക് കളക്ഷൻ മുതലായ സേവനങ്ങൾ നൽകുന്നു. സംഘം തലയാളായി ചിട്ടി നടത്തുന്നു. ഓണത്തോടനുബന്ധിച്ച് ഹാൻടെക്സ് തുണിത്തരങ്ങളും കേര ഫേഡറേഷൻെറ ഉല്പന്നങ്ങളും അംഗങ്ങൾക്കു ലഭ്യമാക്കുന്നു. സംഘാംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസപ്രോത്സാഹനാർത്ഥം ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നു. സംഘം സ്വീകരിച്ച മൊത്തം നിക്ഷേപം 98,21,623.43 രൂപയാണ്(98.22ലക്ഷം). ജില്ലാ സഹകരണബാങ്കിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ളത് 21,77,950 രൂപയാണ്. (21.78 ലക്ഷം). സംഘം അംഗങ്ങൾക്കു വായ്പയായി കൊടുത്തിരിക്കുന്നത് മൊത്തം 1,37,42,299രൂപയാണ്. (137.42 ലക്ഷം). അംഗങ്ങൾക്കു നൽകിയ വായ്പയിൽ കാലാവധി കഴിഞ്ഞു കിട്ടാനുള്ളത് മൊത്തം 34,552 രൂപയാണ്. സംഘ

ത്തിൻെറ അംഗീകൃത ഓഹരിമൂലധനം 25 ലക്ഷം രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 20,43,100 രൂപയാണ്. (20.43 ലക്ഷം). തികച്ചും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു വായ്പാ സംഘമാണ് ഇത്.

1991ൽ ആരംഭിച്ച വനിതാ വ്യവസായ സഹകരണസംഘം അത്താണി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു വായ്പേതര സഹകരണസംഘമാണ്. ബുക്ക് നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന ഈ സഹകരണസംഘത്തിൽ 25 അംഗങ്ങളാണുള്ളത്. ഒരോഹരിയുടെ വില 1000 രൂപയും സർക്കാർ ഓഹരി 1,80,000 രൂപയുമാണ്. (1.80 ലക്ഷം). പ്രാദേശിക കമ്പോളത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ആ സംഘം നേരിടുന്ന പ്രധാനപ്രശ്നം പ്രവർത്തനമൂലധനത്തിൻെറ അപര്യാപ്തതയാണ്.

സഹകരണസംഘങ്ങൾ ഏറെ പ്രകടമായി പ്രവർത്തിക്കുന്ന മറ്റൊരു മേഖലയാണ് പാലുല്പാദനവും വിപണനവും. മിൽമയുടെ കീഴിലുള്ള സഹകരണസംഘങ്ങളാണ് ഇതിൽ പ്രധാനമായും. കാലടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന P.D.D.P യുടെ നേതൃത്വത്തിലുള്ള ക്ഷീരസഹകരണസംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇത്തരത്തിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ വിവരണപ്പട്ടിക 11.1 ൽ കൊടുക്കുന്നു.

**പട്ടിക 11.1**

**പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങൾ**

**അവലംബം : ദ്വിതീയസ്ഥിതിവിവരണ കണക്കുകൾ**

| പേര് | പ്രവർത്തനമേഖല | നേതൃത്വം |
|---|---|---|
| 1. കരിയാട് ക്ഷീരോല്പാദക സഹകരണസംഘം | 8,9,7 വാർഡുകൾ | മിൽമ |
| 2. മേക്കാവ് ക്ഷീരോല്പാദക സഹകരണസംഘം | 10,11,12 വാർഡുകൾ | മിൽമ |
| 3. പൊയ്ക്കാട്ടുശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം | 5,6,4 വാർഡുകൾ | മിൽമ |
| 4. മേയ്ക്കാട് ക്ഷീരോല്പാദക സഹകരണസംഘം | 2,3,4 വാർഡുകൾ | മിൽമ |
| 5. വലിയ വാപ്പാലശ്ശേരി ക്ഷീരോല്പാദക സഹകരണസംഘം | വാർഡ് 10 | P.D.D.P |
| 6. മേക്കാട് P.D.D.P. ക്ഷീരോല്പാദക സഹകരണസംഘം | 2,4, വാർഡുകൾ | P,D.D.P |

ഇതു കൂടാതെ മള്ളുശ്ശേരിയിൽ മിൽമയുടെ കീഴിലുള്ള ഒരു കളക്ഷൻ സെൻററും പ്രവർത്തിക്കുന്നുണ്ട്.

വിവിധക്ഷീരോല്പാദക സഹകരണസംഘങ്ങളിലെ ശരാശരി പാലുല്പാദനവും വിനിയോഗവും പട്ടിക 11.2 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 11.2**

**പാൽ സംഭരണവും വിനിയോഗവും**

**അവലംബം ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ**

| സഹകരണസംഘം | ദിനം പ്രതി ശരാശരി പാൽശേഖരണം(ലിറ്റർ) | പ്രാദേശിക വില്പന (ലിറ്റർ) | മാതൃസഹകരണസംഘത്തിൽ വിൽക്കുന്നത് (ലിറ്റർ) |
|---|---|---|---|
| കരിയാട് | 700 | 150 | 550 |
| മേക്കാവ് | 400 | 40 | 360 |
| പൊയ്ക്കാട്ടുശ്ശേരി | 400 | 50 | 350 |
| മേക്കാട് | 380 | 42 | 338 |
| മേക്കാട് (P.D.D.P ) | 160 | 18 | 142 |
| വാപ്പാലശ്ശേരി (P.D.D.P) | 384 | 30 | 354 |

മേൽ പട്ടിക പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിൻെറ മൊത്തം സഹകരണസംഘങ്ങൾ മുഖേനയുള്ള പാൽശേഖരണം ദിനം പ്രതി 2400 ലിറ്ററോളമാണെന്നു കാണാം. ഇതിൽ തന്നെ 85%ത്തിലധികം

മാതൃസഹകരണസംഘങ്ങളിലേക്കു കയറ്റിയയയ്ക്കുകയാണ്.

പഞ്ചായത്തനുഭവിക്കുന്ന ജലക്ഷാമം, കൃഷിസ്ഥലങ്ങളുടെ കുറവ്, പുല്ലു കിട്ടാനുള്ള വിഷമം എന്നിവ ക്ഷീരോൽപാദനത്തെ കാര്യമായി ബാധിക്കുന്നു. ഇത്തരത്തിൽ കാർഷികപ്രവർത്തനങ്ങളിൽ നിന്നുള്ള തീറ്റ കുറയുന്നതിൽ കൂടുതൽ കൃത്രിമാഹാരത്തെ ആശ്രയിക്കേണ്ടതായി വന്നിട്ടുണ്ട്. ഇത് പശുക്കളുടെ രോഗസാധ്യത കൂട്ടുകയും, പാലുല്പാദനത്തിൻെറ ചിലവ് ക്രമാതീതമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉല്പാദനച്ചിലവിന് ആനുപാതികമായി പാലിൻെറ വില വർദ്ധിപ്പിക്കുവാൻ കഴിയില്ല, കാരണം കമ്പോളത്തിനതു സ്വീകാര്യമല്ലെന്നതു തന്നെ.

മറ്റൊന്ന് ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽ സംസ്കരണം കൂടാതെ മാതൃസഹകരണസംഘത്തിനു കൈമാറുകയാണ്. ഇത് ക്ഷീരകർഷകന് വില കൂടുതൽ നൽകുന്നതിന് ക്ഷീരസഹകരണസംഘങ്ങളെ തടസ്സപ്പെടുത്തുന്നു. ഇവിടെ ലഭ്യമാകുന്ന പാൽ സംസ്കരിച്ച് മറ്റുൽപ്പന്നങ്ങളാക്കിമാറ്റാനുള്ള സംവിധാനം അനിവാര്യമാണ്. ഇക്കാര്യത്തിൽ ഈ പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങളുടെ കൂട്ടായ പ്രവർത്തനമാണ് പ്രധാനമായും വേണ്ടത്.

ഇതു കൂടാതെ ക്ഷീരസഹകരണസംഘങ്ങൾ മുഖേന അതിലെ അംഗങ്ങൾക്ക് കൂടുതൽ സഹായങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. കുറഞ്ഞ ചിലവിൽ കാലിത്തീറ്റ, പശുക്കൾക്കുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കുകയും കൂടുതൽ ഉല്പാദനശേഷിയുള്ള ഗോവിഭാഗങ്ങളെ ലഭിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതുമാണ്.

പശു പോലെ തന്നെ ലാഭകരമായി വളർത്താവുന്നതും എന്നാൽ കൂടുതൽ എളുപ്പവും, വിഷമം കുറഞ്ഞതുമായ മറ്റൊന്നാണ് ആടുകളുടെ പരിപാലനം. കുറഞ്ഞ അളവിലുള്ള തീറ്റയും, ഔഷധഗുണമുള്ളതിനാൽ പാലിനു ലഭിക്കുന്ന കൂടുതൽ വിലയും, ഇതിനെ ആദായകരമാക്കുന്നുണ്ട്. ഈ രംഗത്തെ പഞ്ചായത്തിലെ ഇന്നുള്ള പ്രവർത്തനം തീരെ അപര്യാപ്തമാണ്. വീടൊന്നിന് ഒരാട് എന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയാൽ പാലുല്പാദനം ഏറെ വർദ്ധിപ്പിക്കാനും ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കഴിയും.

**ഗ്രാമസഭകളിൽ നിന്നു വന്നിട്ടുള്ള ചർച്ചകളുടെ ക്രോഡീകരണം.**

1. നിരവധി കാർഷികവിഭവങ്ങൾ ലഭ്യമാകുന്ന നമ്മുടെ പഞ്ചായത്തിൽ കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയുമായി ബന്ധപ്പെടുത്തി ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം.

2. കർഷകർക്ക് ദീർഘകാല വായ്പ കൊടുക്കുന്ന കാർഷികവികസനബാങ്കിൻെറ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കണം.

3. ജില്ലാ വ്യവസായകേന്ദ്രത്തിൻെറ നാനാവിധത്തിലുള്ള സഹായങ്ങൾ ഉപയോഗിച്ചുകൊണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് വനിതാ വ്യവസായ സഹകരണസംഘങ്ങൾ കൊണ്ടുവരണം.

4. പുഷ്പകൃഷി വികസിപ്പിച്ചുകൊണ്ട് പുഷ്പങ്ങൾ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സഹകരണസംഘങ്ങൾക്ക് സാദ്ധ്യതയുണ്ട്.

5. പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുകയും, മള്ളുശ്ശേരിയിലും അത്താണിയിലും ഓരോ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുകയും വേണം. പഞ്ചായത്തും സർവ്വീസ് സഹകരണബാങ്കും തമ്മിലുള്ള ബന്ധം ശക്തമാക്കണം. യഥാർത്ഥത്തിൽ സർവീസ് സഹകരണബാങ്ക് പഞ്ചായത്തിൻെറ ബാങ്കായി മാറണം. കക്ഷിരാഷ്ട്രീയ തിമിരത്തിൽ നിന്നു ബാങ്കിനെ രക്ഷിക്കണം. കാലോചിതമായി സൊസൈറ്റി ആക്ട് പരിഷ്കരിച്ച് സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനം ശക്തിപ്പെടുത്തണം.

7. മേക്കാവ് സർവീസ് സഹകരണബാങ്കിൻെറ കീഴിൽ ആവണംകോട് കേന്ദ്രീകരിച്ച് ഒരു വളംഡിപ്പോ തുടങ്ങുന്നത് അവിടുത്തെ കൃഷിക്കാർക്ക് ഏറെ സഹായകരമായിരിക്കും.

8. മള്ളുശ്ശേരി, നെടുമ്പാശ്ശേരി എന്നിവിടങ്ങളിൽ മിൽമാസൊസൈറ്റികൾ ആരംഭിക്കേണ്ടതാണ്.

9. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കണം.

10. വീട് ഉണ്ടാക്കുവാൻ സാമ്പത്തികസഹായം ലഭിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കണം.

11. വിലക്കയറ്റത്തിൻെറ തീഷ്ണതയിൽ നിന്ന് ആശ്വാസം ലഭിക്കുവാൻ കഴിയത്തക്കവിധം ചുരുങ്ങിയത് രണ്ടു മാവേലിസ്റ്റോർ എങ്കിലും പഞ്ചായത്തിൽ പ്രവർത്തിക്കണം.

12. നിലവിലുള്ള വ്യവസായശാലകളിലെ സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഇത്തരത്തിലുള്ള സഹകരണസംഘങ്ങൾ മറ്റ് ഇടത്തരം വ്യവസായശാലകളിലും തുടങ്ങുവാനുള്ള സാദ്ധ്യത പരിശോധിക്കണം.

13. പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങളും മറ്റു ചെറുകിട കച്ചവടക്കാരും സാമ്പത്തികാവശ്യങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് ബ്ലെയിഡ് കമ്പനികളെയാണ്. ബ്ലെയിഡ് കമ്പനികൾ ഈടാക്കുന്ന കൊള്ളപ്പലിശ ഇത്തരം ബിസിനസ്സുകാരെ ഉലയ്ക്കുകയും ചെയ്യുന്നു. ഇത്തരം വ്യാപാരികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു വായ്പാ സഹകരണസംഘത്തിന് സാദ്ധ്യതയുണ്ട്.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ഈ വികസന സെമിനാറിലും, നേരത്തെ വാർഡുകൾ തോറും നടന്ന ഗ്രാമ സഭകളിലും പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം ഒരു പ്രത്യേക വിഷയമായിത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ളത് ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്യുകയും പരിഗണിക്കുകയും വേണം എന്നുള്ളതുകൊണ്ടാണ്. 9-ാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽതുകയുടെ 35-40% പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ചിലവഴിക്കപ്പെടുമ്പോൾ ആയതിന്റെ 10-12% പട്ടികജാതി പട്ടികവർഗക്ഷേമപ്രവർത്തനങ്ങൾക്ക് മാത്രമായി ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നത് പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിന്റെ ഏറ്റവും താഴേക്കിടയിലും മറ്റുള്ളവർക്കൊപ്പം അവകാശങ്ങളും ഇല്ലാതെ ഉച്ചനീചത്വം അനുഭവിക്കേണ്ടിവന്നിട്ടുള്ളവരുമാണിവർ. ഇവരെ മറ്റുള്ളവർക്കൊപ്പം ഉയർത്തികൊണ്ടുവരുന്നതിന് വേണ്ടിയുള്ള പരിശ്രമം വിവിധസാമൂഹ്യ പരിഷ്ക്കർത്താക്കളും ജനനേതാക്കന്മാരും വളരെക്കാലങ്ങൾക്ക് മുൻപ്തന്നെ ആരംഭിച്ചിരുന്നു. നമ്മുടെ ഭരണഘടനാശില്പിയായിരുന്ന Dr. Br. അംബേദ്ക്കറിൽനിന്നുതുടങ്ങി രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയും സ്വാതന്ത്ര്യസമരത്തോടൊപ്പം ഇക്കാര്യത്തിലും ശ്രദ്ധിച്ചിരുന്നു.

മറ്റുള്ളവർക്കുവേണ്ടി പണിയെടുക്കുക, ഒന്നും ആഗ്രഹിക്കുവാൻ കഴിയാതിരിക്കുക ഇതായിരുന്നു ഇവരുടെ പിൻകാല ചരിത്രം. രാവിലെ മുതൽ ഇരുട്ടുന്നതു വരെ പണിയെടുക്കുകയും പ്രതിഫലമായി ജന്മിയുടെ മുറ്റത്ത് മണൽക്കുഴിയുണ്ടാക്കി അതിൽ വയ്ക്കുന്ന വാഴയിലയിൽ കിട്ടുന്ന ഉച്ചഭക്ഷണം കഴിക്കേണ്ടതായും വൈകുന്നേരം പണിനിർത്തി പോകുമ്പോൾ നെല്ല് (വല്ലി) കൊണ്ടുപോയി കുത്തി അരിയാക്കി ഭക്ഷണമുണ്ടാക്കിക്കഴിക്കേണ്ടതായും വന്നിരുന്ന സ്ഥിതിവിശേഷം ഇവിടെ ഒരു കാലത്ത് നിലനിന്നിരുന്നു. ജന്മിനാട് വാഴിത്തം നിലനിന്നിരുന്ന അക്കാലത്ത് തന്റെ ജന്മിയുടെ കീഴിലില്ലാതെ പുറത്ത് പോയി പണി എടുക്കാനും അനുവാദം ഉണ്ടായിരുന്നില്ല. ഇവർക്ക് ഓണം, വിഷു, തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിൽ നെല്ല് പച്ചക്കറി സാധനങ്ങൾ എന്നിവക്ക് പുറമെ മറ്റ് സമ്മാനങ്ങൾ നൽകുന്ന പതിവ് ഉണ്ടായിരുന്നു. ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയതിന് ശേഷമാണ് സമഗ്രമായ മാറ്റത്തിന്റെ ഒരു തുടക്കം ഈ മേഖലയിൽപ്പെട്ട വിഭാഗത്തിന് ഉണ്ടായിട്ടുള്ളത്. നൂറ്റാണ്ടുകളായി അടിമകളെപോലെ പണിയെടുക്കാൻ ഇട വന്നവർ സമൂഹത്തിലെ മറ്റുയർന്ന വിഭാഗങ്ങൾക്കൊപ്പം എത്തിച്ചേരുന്നതിന് സാമൂഹ്യ പരിഷ്കർത്താക്കളും ജനനേതാക്കന്മാരും നടത്തിയ പരിശ്രമങ്ങളും അതിന്റെ തുടർച്ചയെന്നോണം ഭരണ ഘടനാപരമായും നിയനിർമ്മാണങ്ങൾ വഴിയായും നൽകിയ പ്രത്യേക പരിഗണനകളും ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും ചെയ്തത് ഇതിന്റെ പ്രാധാന്യം ചൂണ്ടികാണിക്കുന്ന സംഗതികളാണ്. ഇവരുടെ സാമൂഹ്യ സാമ്പത്തിക വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരുന്നു. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രത്യേകഘടകപദ്ധതികൾ തുടങ്ങിയവ.

വളരെ താഴ്ന്ന നിലവാരത്തിൽ നിന്നും മറ്റുള്ളവർക്കൊപ്പം പെട്ടെന്ന് എത്തിച്ചേരാൻ സ്വയംമായി കഴിയാത്ത സാമൂഹ്യ സാമ്പത്തിക അവശതകൾ ഉണ്ടായിരുന്നതുകൊണ്ടാണ് ഇവർക്ക് വേണ്ടി പ്രത്യേക ഘടകപദ്ധതികൾ വഴി വികസനപ്രവർത്തനങ്ങളും സർക്കാർ ജോലികളിൽ സംവരണവും ഏർപ്പെടുത്തിയത്. പരമോന്നത നിയമനിർമ്മാണ സഭയായ പാർലമെന്റിലേക്കും നിയമസഭകളിലേക്കും മറ്റു സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ഇവരുടെ പ്രാതിനിധ്യം സംവരണം വഴി ഉറപ്പാക്കിയതിന്റെ ലക്ഷ്യം ഇത് തന്നെയായിരുന്നു.

ഇത്തരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ട് എന്ന് പരിശോധിക്കേണ്ടതാണ്. ഇത്തരം സഹായങ്ങളും ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ ഇവർ വിജയിച്ചിട്ടുണ്ടോ? ഈ വിഭാഗങ്ങൾക്ക് വേണ്ടി വർഷങ്ങളായി നടപ്പാക്കിയിട്ടുള്ള ക്ഷേമവികസന പ്രവർത്തനങ്ങൾ ഇവരിൽ തന്നെ എത്തിച്ചേരുന്നതിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ടോ? അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിൽ അത് എപ്രകാരം സംഭവിക്കുന്നു എന്ന് ഇത് ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് വേണ്ടി നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായ പുതിയ സംവിധാനങ്ങൾ കണ്ടെത്തേണ്ടത് ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 28316 ൽ പട്ടികജാതിക്കാർ 4030 പേരാണ് ഉള്ളത് ഇവർ 628 വീടുകളിലായി താമസിക്കുന്നു. ഇതിൽ 1990 പേർ പുരുഷന്മാരും 2040 പേർ സ്ത്രീകളുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 11 പുരുഷന്മാരും 13 സ്ത്രീകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കോളനികളും പട്ടികജാതി സങ്കേതങ്ങളും ഉണ്ടെങ്കിലും അവിടെ ഇതരസമുദായത്തിൽപ്പെട്ട വരും താമസിക്കുന്നുണ്ട് ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലായിട്ടുള്ള 23 കോളനികളിലും പട്ടികജാതി ക്കാരുണ്ട്. എല്ലാകോളനികളിലും ഇവർ ഭൂരിപക്ഷമാണ്. വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പട്ടിക ജാതിക്കാർ കൂടുതലായി അധിവസിക്കുന്നത് യഥാക്രമം 12, 8, 7, 17 വാർഡുകളിലാണ്. തലമുറകളായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത് വരുന്നവരാണ് ഇവർ.

11നും, 12ഉം വാർഡുകളിലായി കൊച്ചി അന്തരാഷ്ട്ര വിമാനതാവളനിർമ്മാണവുമായി ബന്ധപ്പെട്ട് ഏതാണ്ട് 112 പട്ടികജാതി കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്ന ഗൗരവതരമായ ഒരു പ്രത്യേക സ്ഥിതിവിശേഷം നില നിൽക്കുന്നു.

വിദ്യാഭ്യാസമാണ് പുരോഗതിയിലേക്കുള്ള അടിസ്ഥാനമെന്ന് മനസ്സിലാക്കിയിട്ടുള്ള ഇവർ കുട്ടികളെ വിദ്യാ ഭ്യാസം ചെയ്യിക്കുന്നതിൽ താൽപര്യമെടുക്കുന്നുണ്ട്. സാമാന്യവിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നേടിയിട്ടുള്ളവരാണ് ഇപ്പോഴത്തെ പുതിയ തലമുറയിലുള്ളത്. സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരും ബിരു ദധാരികളും ഉണ്ടെങ്കിലും അതിനു മുകളിലേക്ക് പോയിട്ടുള്ളവരുടെ എണ്ണം വിരളമാണ്. ഇതരവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്നും പിന്നോക്കാവസ്ഥയാണ് നിലനിൽക്കുന്നത്.

ഇവർ താമസിക്കുന്ന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രതിപാദിക്കുമ്പോൾ കുടിവെള്ള ലഭ്യദ തൃപ്തികരമല്ല. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ നിരവധിയാണ് സേഫ്റ്റിടാങ്കുകൾ ഉള്ള കക്കൂസുകളേ ഇല്ല. മറ്റുതരം കക്കൂസുകൾ നിലവാരമുള്ളതല്ല. ആരോഗ്യ ശുചിത്വപ്രശ്നങ്ങൾ ഉണ്ടാക്കുന്നവയുമാണ്. പട്ടികജാതി ക്കാർ എണ്ണത്തിൽ കൂടുതലായി താമസിക്കുന്ന ചില കോളനികൾ മലിനീകരണപ്പെട്ടതും സഞ്ചാരയോഗ്യമല്ലാത്ത തുമാണ്. പൊതുവെ തൃപ്തികരമല്ലാത്ത പരിതസ്ഥിതികളാണ് കാണാൻ കഴിയുന്നത്. നിലവിലുള്ള വീടുകൾ പലതും ജീർണ്ണാവസ്ഥയിലും അറ്റകുറ്റപ്പണികൾ ഉടനെ ആവശ്യമുള്ളവയുമാണ്. ഇപ്പോൾ താമസിക്കുന്ന കൂടുംബങ്ങ ളിൽ അംഗസംഖ്യ വർദ്ധിച്ച് മാറി താമസിക്കാൻ കഴിയാതെയുള്ളവരും വളരെയധികം ഉണ്ട്.

കാർഷിക പണികൾ, ഇഷ്ടികാനിർമ്മാണ ജോലികൾ മുതലായവയിൽ ഏർപ്പെട്ടിട്ടുള്ളവരാണ് കൂടുതൽ ആളുകൾ ഇപ്പോഴത്തെ യുവാക്കളിൽ മറ്റ് മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുമാണ്. വ്യവസായ മേഖലകളിൽ പണിയെടുക്കുന്നവർ വളരെ കുറവാണ്. ഇതരമേഖലകളിൽ വേണ്ടത്ര കടന്ന് ചെല്ലുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. പുതിയ തലമുറയിൽ നിരക്ഷരർ കുറവാണ്.

സാമ്പത്തികമായി ഉന്നതികൾ കൈവരിച്ചിട്ടില്ലെങ്കിൽ പോലും വിദ്യാഭ്യാസം ലഭിക്കുകുയം സമൂഹവുമായി കാലാകാലങ്ങളിൽ ഇടപഴകുകയും ചെയ്യുന്നത്കൊണ്ട് ഇവരിൽ പലരും ബഹു ജനസംഘടനകളുടെ നേതൃത്വം വഹിക്കുന്നവരും ശ്രദ്ധേയരായ പ്രവർത്തകരായി അറിയപ്പെടുന്നവരുമാണ്.

പട്ടിക ജാതിക്കാരുടെ സാമൂഹ്യ സ്ഥിതിയെക്കുറിച്ച് പറയുമ്പോൾ ആശവഹമായ മാറ്റം ഈ കാര്യത്തിൽ വന്നിട്ടുള്ളതായാണ് കാണാൻ കഴിയുന്നത്. പണ്ട് കാലത്ത് നിലനിന്നിരുന്ന ജാതിപരമായ ഉച്ചനിചത്വം ഇന്നില്ല. ഇവരുടെ വീടുകളിൽ നടക്കുന്ന വിവാഹം തുടങ്ങിയ ചടങ്ങുകളിൽ മറ്റ് വിഭാഗങ്ങളിലുള്ളവർ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് എടുത്ത് പറയേണ്ട സംഗതിയാണ്. സാധാരണ സന്ദർഭങ്ങളിലും ഇവ രുടെ വീടുകളിൽ നിന്നും ഭക്ഷണം കഴിക്കുന്നതിൽ വിമുഖത കാണിക്കാറില്ല. ജാതി പറഞ്ഞ് ആക്ഷേപാർഹമായി സംസാരിക്കുന്ന രീതിയും ഇപ്പോഴില്ല.

പട്ടിക ജാതിക്കാർ കൂട്ടമായി താമസിക്കുന്ന കോളനികളിലും സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യ ങ്ങൾ ഉണ്ടാക്കുവാനും, പരിമിതമായി ഉള്ളിടത്ത് അവ വർദ്ധിപ്പിക്കുവാനും ധാരാളം വികസന പ്രവർത്തനങ്ങൾ നട ത്തേണ്ടതായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, കുടിവെള്ളലഭ്യത ഉറപ്പു വരുത്തുക നവീനരീതിയിലുള്ള കക്കൂസുകൾ നിർമ്മിക്കുക, പരിസരമലിനീകരണം സൃഷ്ടിക്കുന്ന സാഹചര്യ ങ്ങൾ ഒഴിവാക്കുക. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക, ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവ യാണ്.

പട്ടികജാതി വിഭാഗങ്ങൾക്കായി ഇതുവരെ നടത്തിയക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ പൂർണ്ണമായി ലഭ്യമല്ല. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നടപ്പാക്കുന്ന പദ്ധതികളിൽ നിശ്ചിത ശതമാനം തുകയാണ് ഇതിനായി നീക്കിവയ്ക്കുന്നത് ഇതിൽ പഞ്ചായത്ത് വഴി നടപ്പാക്കുന്ന J.R.Y. അൺടൈയിഡ് ഫണ്ടുകളുടെ 22.5%ത്തിൽ കുറയാത്ത തുകയാണ് ചിലവിടുന്നത്. ശുദ്ധജല വിതരണ പദ്ധതി ജില്ലാതലത്തിലാണ് ചർച്ച ചെയ്ത് തീരുമാനിക്കുന്നത്. I.R.D.P. ട്രയസം പരിശീലനം, ഭവന നിർമ്മാണം, തുടങ്ങിയ ബ്ലോക്ക് തലത്തിലും,.താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പട്ടകി ജാതി പട്ടിക വർഗ്ഗ വികസന ഓഫീസുകൾ വഴി ഭവന നിർമ്മാണം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടങ്ങിയവയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ സർക്കാരിന്റെ മറ്റു വകുപ്പുകളിൽ നിന്നും പട്ടിക ജാതി ക്ഷേമത്തിനായി തുക വകയിരുത്തി ചിലവഴിക്കുന്നുണ്ട്. I.R.D.P. അനുസരിച്ച് ദാരിദ്ര രേഖക്കു താഴെ 298 പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളാണുള്ളത്. ഇതിൽ 150 പേർക്ക് I.R.D.P. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിൽ ധന സഹായം കിട്ടിയിട്ടുണ്ട്. ട്രൈസം പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 16 പേർക്ക് 1992-96 കാലഘട്ടത്തിൽ പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

പരസ്പര ബന്ധമില്ലാത്ത വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നിശ്ചയിക്കപ്പെടുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാറില്ല. കൃഷി, മൃഗസംരക്ഷമ വകുപ്പ് എന്നിവയെക്കൂടി കൂട്ടിയിണക്കി ഒരു ഏക മുഖ പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ രൂപം കൊടുക്കുന്നത് വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിന് സഹായകമാകും.

പട്ടിക ജാതിക്കാരുടെ മാത്രം പ്രശ്നപരിഹാരത്തിനോ ഉന്നമനത്തിനോ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന യാതൊരു സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല. പട്ടിക ജാതി വിഭാഗങ്ങൾക്ക് അംഗത്വമെടുത്ത് പലിശരഹിത വായ്പ വാങ്ങാൻ കഴിയുന്ന പഞ്ചായത്ത് തല പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘം സംബന്ധിച്ച വിശദമായ ചർച്ചകൾ നമ്മുടെ സെമിനാറിൽ ഉയർന്നു വരേണ്ടതാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമത്തിന് വേണ്ടി നീക്കിവയ്ക്കപ്പെടുന്ന തുക അവർക്ക് നേരിട്ട് ലഭ്യമാകാത്ത വിധത്തിൽ മറ്റു കാര്യങ്ങൾക്കായി പൊതുവായി ചെലവഴിക്കപ്പെടുന്നതായി കാണപ്പെടുന്നുണ്ട്. നിലവിലുള്ള ക്ഷേമ പദ്ധതികൾ നില നിർത്തുന്നതോടൊപ്പം കൂടുതൽ തുക ഇതിന് വേണ്ടി വകയിരുത്തേണ്ടത് പട്ടിക ജാതിക്കാരുടെ പുരോഗതിക്ക് ആവശ്യമാണ്.

241

പട്ടിക - 12.1

## പട്ടികജാതി കോളനികളും സങ്കേതങ്ങളും

| ക്രമ നമ്പർ | കോളനികളുടേയും സങ്കേതങ്ങളുടേയും പേര് | ആകെ വീടുകൾ | SC/ST |
|---|---|---|---|
| 1 | ആവണംകോട് ഹരിജൻ | 100 | 100 |
| 2 | മള്ളുശ്ശേരി ന്യൂ കോളനി | 11 | 11 |
| 3 | ഇരിയാട്ടുതറ കോളനി | 18 | 18 |
| 4 | ലക്ഷം വീട് കോളനി ആവണംകോട് | 23 | 21 |
| 5 | O.L.H. തുരുത്തിശ്ശേരി | 19 | 17 |
| 6 | പാറപ്പുറം | 26 | 26 |
| 7 | വലിയ വാപ്പാലശ്ശേരി തുരുത്ത് | 24 | 22 |
| 8 | വലിയ വാപ്പാലശ്ശേരി ലക്ഷം വീട് കോളനി | 17 | 12 |
| 9 | ഗാന്ധി ഗ്രാമം ഹരിജൻ കോളനി | 26 | 19 |
| 10 | കാരക്കാട്ട് കുന്ന് ഹരിജൻ കോളനി | 78 | 46 |
| 11 | ചുടുക്കട്ടിൽ ഹരിജൻ കോളനി | 21 | 18 |
| 12 | തുരുത്തിശ്ശേരി കുറ്റിക്കാടൻ പറമ്പ് ഹരിജൻ കോളനി | 10 | 10 |
| 13 | കാളൻകുഴി ഹരിജൻ കോളനി | 18 | 18 |
| 14 | കാരേലി ഹരിജൻ കോളനി | 13 | 13 |
| 15 | പൊയ്ക്കാട്ട്ശ്ശേരി | 34 | 31 |
| 16 | കാരക്കാട്ട് കുന്ന് ഈസ്റ്റ് ഹരിജൻ കോളനി | 19 | 15 |
| 17 | O.L.H. മേയ്ക്കാട് | 30 | 22 |
| 18 | കൊങ്ങോത്തറ | 22 | 14 |
| 19 | മേയ്ക്കാട് ഹരിജൻ കോളനി | 60 | 49 |
| 20 | അത്താണി ഹരിജൻ കോളനി | 29 | 24 |
| 21 | ചെറിയ വാപ്പലശ്ശേരി | 110 | 100 |
| 22 | പുൽപ്രതാഴം | 16 | 10 |
| 23 | കുന്നുശ്ശേരി | 15 | 12 |
| | ആകെ | 739 | 628 |

പട്ടിക - 12-2

## പട്ടികജാതി ജനസംഖ്യ വാർഡടിസ്ഥാനത്തിൽ

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 111 | 135 | 246 |
| II | 73 | 85 | 158 |
| III | 143 | 149 | 292 |
| IV | 178 | 181 | 359 |
| V | 267 | 231 | 498 |
| VI | 141 | 154 | 295 |
| VII | 133 | 131 | 264 |
| VIII | 339 | 376 | 715 |
| IX | 146 | 149 | 295 |
| X | 286 | 270 | 556 |
| XI | 173 | 179 | 352 |
| ആകെ | 1990 | 2040 | 4030 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

### ഗ്രാമ സഭകളിൽനിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

1. പട്ടിക ജാതി കോളനികളിലേയും സങ്കേതങ്ങളിലേയും വീടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം (വീടുകളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ)
2 വീടില്ലാത്തവർക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകണം.
3. ഭവന നിർമ്മാണ വായ്പ കുടിശിക എഴുതിതള്ളണം.
4. പട്ടയം ലഭിച്ചിട്ടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കണം.
5. 10ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ അംഗീകൃത പട്ടിക ജാതി സങ്കേതങ്ങൾ ആക്കണം.
6. പട്ടിക ജാതി സങ്കേതങ്ങളിൽ നൽകിയിട്ടുള്ള ടി.വി. സെറ്റുകൾക്ക് ആവശ്യമായ വൈദ്യുതി സൗജന്യമാക്കണം.
7. പട്ടിക ജാത സങ്കേതങ്ങളിൽ മാതൃശിശു ക്ഷേമ കേന്ദ്രങ്ങൾ, പ്രീ പ്രൈമറി സ്കൂളുകൾ അങ്കൺ വാടികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വായനാശാലകൾ, സ്പോർട്സ് ക്ലബുകൾ മുതലായവ സ്ഥാപിക്കണം
8. S.L.L.C.യ്ക്ക് ശേഷം പഠനം തുടരുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര തുടങ്ങിയ പഠനോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കണം. S.L.L.C. തോറ്റ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകണം.
9. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംസം ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കുകയും യഥാകാലം ലഭ്യമാക്കുകയും ചെയ്യണം.
10. എല്ലാത്തരം ക്ഷേമപെൻഷനുകളും കാലോചിതമായി വർദ്ധിപ്പിക്കുകയും അർഹരായവരെ തെരെഞ്ഞെടുക്കന്നതിൽ പഞ്ചായത്ത തല ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തുകയും വേണം.

11. സാക്ഷരതാ പ്രവർത്തനം എല്ലാം വാർഡുകളിലും പുനരാരംഭിക്കണം.

12. പട്ടിക ജാതി വിഭാഗങ്ങൾക്ക് പണിയായുധങ്ങൾ സൗജന്യമായി ലഭ്യമാക്കണം.

13. പട്ടികാജാതി സഹകരണ സംഘവും സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കണം.

14. പഞ്ചായത്തിലുള്ള പൊതു ശ്മശാനം വിപുലീകരിച്ച് സംരക്ഷിക്കുകയും ആധുനീകരിക്കുകയും വേണം.

15. വിമാന താവള നിർമ്മാണ ആവശ്യത്തിലേയക്കായ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് അവർ ചൂണ്ടികാട്ടിയിട്ടുള്ള അകപറമ്പ് റെയിൽവെ ഗെയിറ്റിന് പടിഞ്ഞാറ് കരിയാട് കാലടി റോഡിന് വടക്ക് ഭാഗത്ത് പുനരധിവാസ സൗകര്യം ലഭ്യമാക്കണം. പുനരധിവസിപ്പിക്കപ്പെടുന്ന പ്രസ്തുത സ്ഥലത്ത് ഒരു ആധുനിക പൊതു ശ്മശാനം നിർമ്മിക്കണം.

16. പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു പഞ്ചായത്ത് തല സമിതി രൂപീകരിക്കണം പ്രസ്തുത സമിതി വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്യണം. വാർഡ്തല യോഗങ്ങൾ സെമിനാറുകൾ മുതലായവ നടത്തി എല്ലാ തലത്തിലുമുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

17. അനതികൃത മദ്യഷാപ്പുകൾ തടയുകയും മദ്യപാനത്തിനെതിരെ ബോധവൽക്കരണ സെമിനാറുകളും കോഡ് പ്രവർത്തനങ്ങളും നടത്തുകയും വേണം.

244

# വിഭവ സമാഹരണം

# വിഭവസമാഹരണം

എറണാകുളം ജില്ലയിലെ ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് നെടുമ്പാശ്ശേരി. കാർഷികപ്രധാനമായ ഈ പഞ്ചായത്തിന്റെ വികസന സംബന്ധമായ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്. വിഭവസമാഹാരണത്തിലുണ്ടായ പരിമിതികളും ലഭ്യമായ വിഭവങ്ങളുടെ വിനിയോഗത്തിലെ പോരായ്മകളും മൂലം വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് കഴിയാതെ വരുന്നു. കാർഷികമേഖലയെ പോഷിപ്പിക്കുന്നതിനും തദ്ദാര വിഭവമേഖലകൾ സംയോജിപ്പിച്ച് വികസിപ്പിക്കുന്നതിനും പഞ്ചായത്തിന്റെ പരിമിതമായ വിഭവങ്ങളുടെ ഒരു വലിയ പങ്കു മരാമത്ത് പണികൾക്കാണ് മുഖ്യമായും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ദീർഘവീക്ഷണത്തോടും ആസൂത്രിമായും ലഭ്യമായ ഫണ്ട് വിനിയോഗിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ ആവർത്തന ചെലവുകളുടെ ദുർവ്യയവും ഒഴിവാക്കാൻ കഴിയുമായിരുന്നു.

പഞ്ചായത്തിന്റെ ദൈനദിനചെലവുകളും അനുബന്ധമായ ആവർത്തനചെലവുകളും വരുമാനത്തിന്റെ മുഖ്യപങ്കും ശോഷിപ്പിക്കുന്നുവെന്ന വസ്തുത ചൂണ്ടിക്കാട്ടാതെ വയ്യ. പരിമിതമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തന്നെ കോൺട്രാക്ടർമാരുടെയും മധ്യവർത്തികളുടെയും കൈകളിലൂടെ വികസന ഫണ്ട് ചോർന്ന് പോകുന്നുവെന്നു കാണാതിരിക്കുവാൻ വയ്യ. അതുകൊണ്ട് സ്വാഭാവികമായും ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ വികസനത്തിന് നിലവിലുള്ളതും വർദ്ധിതസാദ്ധ്യതയുള്ളതുമായ ഒരു വിഭവസമാഹരണമാണ് ലക്ഷ്യമിടേണ്ടത്. പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ സ്ഥിരമായ വിഭവസ്രോതസുമാർ തന്നെ. പ്രകൃതിജന്യമായ വിഭവങ്ങളോടൊപ്പം മനുഷ്യശക്തിയും വികസനഫണ്ടുകൾ, ഗ്രാൻറുകൾ എന്നിവയും പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റുവാനും വികസനാവശ്യങ്ങൾ ഒരു വലിയ പരിധി വരെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടിക. 13.1

## വരവ് ചെലവ് കണക്കുകൾ

| | വരുമാനം | 1991-1992 | 1995-1996 |
|---|---|---|---|
| 1) | കെട്ടിടനികുതി | 353359.00 | 545990.00 |
| 2) | തൊഴിൽനികുതി | 388556.00 | 582735.00 |
| 3) | ഭൂകൈമാറ്റനികുതി | 76582.00 | 333809.00 |
| 4) | പ്രത്യേകനിയമപ്രകാരമുള്ള വസൂലാക്കൽ | 21691.00 | 28958.00 |
| 5) | റവന്യൂവരുമാനം | 5045.00 | 4620.00 |
| 6) | ഫീസിനങ്ങൾ | 10659.00 | 42542.00 |
| 7) | ഗവ. ഗ്രാൻറ് | 37397.00 | 1111570.00 |
| 8) | റവന്യൂപലവക | 9937.00 | 16110.00 |

പട്ടിക 13.2

## ചെലവിനങ്ങൾ

| | 1991 - 92 | 1995 - 96 |
|---|---|---|
| ഭരണചെലവ് | 420703.00 | 712784.00 |
| മരാമത്ത് | 550343.00 | 878441.00 |
| വിദ്യാഭ്യാസം | 77644.00 | 42091.00 |
| വാട്ടർസപ്ലൈ ഡ്രെയിനേജ് | - | 47512.00 |
| ആരോഗ്യം | 17719.00 | 11000.00 |
| വൈദ്യുതി | 134121.00 | 217676.00 |
| കൃഷി | - | 3000.00 |
| സാമൂഹ്യക്ഷേമം | 2128.00 | 1408.00 |
| | 12,02,658.00 | 19,13,912.00 |

1991-92 വർഷത്തേ അപേക്ഷിച്ച് വരവിനങ്ങളിൽ 100% വർദ്ധന കാണുന്നു. എന്നാൽ ഈ വർദ്ധനവ് ഇനം തിരിച്ച് പരിശോധിക്കുമ്പോൾ ഭൂകൈമാറ്റനികുതിയിൽ 400% വർദ്ധനയുണ്ടായിട്ടുണ്ട്. അന്താരാഷ്ട്രവിമാനത്താവളവുമായി ബന്ധപ്പെട്ടുള്ള സ്ഥലവിലവർദ്ധനയാണ് അതിനുകാരണം. അതുകൊണ്ട് തന്നെ ഇത് ഇങ്ങനെ തുടരുമെന്ന് കരുതാനാവില്ല. കെട്ടിടനികുതി, തൊഴിൽനികുതി എന്നിവയിൽ 60-70% വർദ്ധന ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിൻെറ തനതായ വരുമാനത്തിൻെറ 50%ത്തിലധികം പൊതുമരാമത്തു പണികൾക്കായി ചിലവാക്കിയതായി കാണാം. ചെലവുകൾ നിയന്ത്രിക്കുകയും ജനപങ്കാളിത്തത്തോടെ സന്നദ്ധസേവനം വഴി വിഭവചോർച്ച ഒഴിവാക്കുകയും ചെയ്യാം.

കൃഷി, ഊർജ്ജം, സാമൂഹ്യക്ഷേമം, വിദ്യഭ്യാസം, പൊതുജനാരോഗ്യം, ജലവിതരണം, എന്നീ മേഖലകളിലെ വിഭവവിതരണം പരിമിതമാണ്. ഉല്പാദനക്ഷമവും സാമൂഹ്യക്ഷേമകരവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

മരാമത്തു പണികൾ പലതും സീസണൽ ആയ താൽക്കാലികപ്പണികളാണ്. ഒരോ വർഷവും ചെലവാകുന്ന തുക, ആസൂത്രിത-സമയബന്ധിതപദ്ധതികളാക്കി നിർവഹിച്ചാൽ,പണികളുടെ ഈടും നിലനിൽപ്പും ഗുണമേൻമയും വർദ്ധിക്കുകയും നിർമ്മാണച്ചെലവ് കുറയ്ക്കുകയും ചെയ്യാവുന്നതാണ്.

പഞ്ചായത്ത് ഭരണച്ചെലവുകൾ ഗവൺമെൻറ് നേരിട്ട് വഹിക്കുന്നതാണ് വരുമാനച്ചോർച്ചഒഴിവാക്കന്നതിനുള്ള ഒരുപാധി. പ്രസ്തുത തുക കൂടി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാൽപ്രത്യേക ഗ്രാൻറുകളും ഫണ്ടുകളും നൽകുന്നതിലും ലഭ്യമാക്കുന്നതിലുമുള്ള ഭരണപരമായ നൂലാമാലകളും ദുർവ്യയവും കാലതാമസവും ഒഴിവാക്കാവുന്നതാണ്.

പഞ്ചായത്ത് വരവ് - ചിലവിനങ്ങൾ പ്രസിദ്ധീകരിക്കുകയും സുതാര്യമാക്കുകയും ചെയ്താൽചെലവിനങ്ങളിൽ സ്വയം നിയന്ത്രണവും യഥാതഥമായ വലയിരുത്തലും സാദ്ധ്യമാകുന്നതാണ്.

### വിഭവസമാഹരണമേഖലകൾ

**ബാങ്കുകൾ**

| | | |
|---|---|---|
| ദേശസാൽകൃതബാങ്ക് | - | യൂണിയൻ ബാങ്ക്അത്താണി |
| ഷെഡ്യൂൾഡ് ബാങ്ക് | - | ഫെഡറൽ ബാങ്ക് - മേയ്ക്കാവ് |
| സഹകരണ ബാങ്ക് | - | മേയ്ക്കാട്, അകപ്പറമ്പ് |

| ബാങ്ക് നിക്ഷേപങ്ങൾ | വായ്പാവിതരണം |
|---|---|
| 3.50 കോടി | 1.70 കോടി |

പഞ്ചായത്തിലെ വിവിധ വ്യവസായ - കാർഷിക - ഉല്പാദന മേഖലകൾക്ക് ബാങ്കുകളുടെ സേവനം പ്രയോജനപ്പെടുന്നുണ്ട്. എന്നാൽ നിക്ഷേപ - വായ്പാ അനുപാതം തൃപ്തികരമല്ല

24

ഇൻഡ്യൻ ബാങ്ക് - ചെങ്ങമനാട് ശാഖ പൊയ്ക്കാട്ടുശ്ശേരി ഗ്രാമത്തെ സേവനമേഖലയായി തിരഞ്ഞെടുത്ത് പ്രവർത്തിച്ചുവരുന്നു. കാർഷിക മേഖലയ്ക്ക് നൽകുന്ന സമയബന്ധിത വായ്പകളാണ് മേൽപ്പറഞ്ഞ ബാങ്കുകളിൽ നിന്നും മുഖ്യമായി ലഭ്യമാകുന്നത്.

പഞ്ചായത്തിലെ രണ്ടു സഹകരണ ബാങ്കുകളുണ്ട്. ഇവയുടെ സേവനം കൃഷിവായ്പകളായും വളങ്ങൾ, കീടനാശിനികൾ ലഭ്യമാക്കുന്നതിലും പ്രയോജനപ്പെടുന്നുണ്ട്. പഞ്ചായത്ത്സമിതിയും ബാങ്കുഭരണസമിതികളും പരസ്പരം സഹകരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായ സേവനം കാഴ്ചവെക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സഹകരണബാങ്കുകളുടെ പങ്കാളിത്തം വിഭവസമാഹരത്തിൻെറ ഉറപ്പാക്കേണ്ടതാണ്.

**വിഭവസമാഹരണത്തിനുള്ള തനതായ മാർഗ്ഗങ്ങൾ**

1) മനുഷ്യശക്തി പ്രയോജനപ്പെടുത്തുക - സന്നദ്ധസംഘങ്ങൾ - തൊഴിൽസേനകൾ എന്നിവയുടെ രൂപീകരണം - ഒരു വർഷത്തിൽ ഒരു കുടുംബം - 5 തൊഴിൽ ദിനം വാഗ്ദാനം ചെയ്യുക.
2) കെട്ടിട നികുതി - 5 ലക്ഷത്തിലധികം ചെലവു വരുന്ന കെട്ടിടങ്ങൾക്ക് 1/2% സർചാർജ്ജ് ഈടാക്കുക.
3) പഞ്ചായത്ത് മാർക്കററുകൾ സ്ഥാപിക്കുക.
4) വിവാഹങ്ങൾ പഞ്ചായത്തിൽ രജിസ്ററർ ചെയ്യുക. നിശ്ചിത ഫീസ് ഈടാക്കുക.
5) വളർത്തു നായ്ക്കൾക്ക് ലൈസൻസും ഫീസും ഈടാക്കുക.
6) ഉതകുന്ന സ്ഥലങ്ങളിൽ ബാക് ഷോപ്പുകൾ അനുവദിക്കുക. a)ഇഷ്ടികക്കളങ്ങൾ - ക്രഷറുകൾ എന്നിവ നികുതിപരിധിയിൽ പെടുത്തുക. b)ദുർവ്യയങ്ങൾ ഒഴിവാക്കുന്നതിലൂടെയുള്ള വരുമാനം.
7) പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളെ ചേർത്ത് - വിഭവസമാഹരണം നടത്തുക.
8) കെട്ടിടനികുതി ന്യായമായ നിരക്കിൽ ക്രമീകരിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം. കെട്ടിടനികുതി നിരക്കുകൾ സുതാര്യമാക്കുക - പ്രസിദ്ധീകരിക്കുക.
9) പരസ്യബോർഡുകൾ സ്ഥാപിക്കുക.
10) വാഹനങ്ങൾ - പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി - ലേലം ചെയ്യുക.
11) പഞ്ചായത്ത് പ്രസിഡൻറിൻെറ പേരിൽ ഒരു നിധി സ്വരൂപിക്കുക.

**മററു പ്രതീക്ഷിത വരുമാനങ്ങൾ**

1) നെടുമ്പാശ്ശേരി അന്താരാഷ്ട്രവിമാനത്താവളം പൂർത്തീകരിക്കുന്ന ക്രമത്തിൽ ലഭ്യമാകുന്ന വരുമാനം.
2) അങ്കമാലി - മാഞ്ഞാലി കനാൽ വീതി കൂട്ടി താഴ്ത്തിയാൽ ഉപരിജലഗതാഗതം വഴി ലഭ്യമാകന്ന വരുമാനം.
3) ഗൾഫ് മലയാളികളടക്കം സമ്പന്നസ്വകാര്യ വ്യക്തികളിൽനിന്നും സ്വരൂപിക്കാവുന്ന വരുമാനം
4) കമ്പനികളുടെ ലാഭവീതത്തിൽ നിന്നും 2% പഞ്ചായത്തിന് നൽകുക.
5) ബാങ്കുകളുടെ സഹകരണത്തോടെ നടപ്പിലാക്കുവാൻ കഴിയുന്ന പദ്ധതികൾ - ഗ്രാമവികസന പദ്ധതികൾ.

**ഗവ: ഫണ്ടുകൾ**

1) **വികസനഫണ്ട്**
2) **അൺടൈഡ് ഫണ്ട്**
3) **ഗ്രാൻറുകൾ**
4) JRY മുതലായ ഫണ്ടുകൾ
5) M.P. ഫണ്ടുകൾ

കാലതാമസം ഒഴിവാക്കുക

സമയബന്ധിതരായി നടപ്പിലാക്കുക - ഫലപ്രദമായ മുൻഗണന നൽകുക

എന്നിവ വളരെ പ്രധാനപ്പെട്ടതുതന്നെ.

**പ്രശ്നങ്ങൾ**

1) ഫണ്ടിൻെറ അപര്യാപ്തത.
2) ആസൂത്രണത്തിലെ അപാകതകൾ.
3) ഭരണചെലവ്.
4) വരുമാനം - ഉല്പാദനക്ഷമയില്ലാത്ത രംഗങ്ങളിലേക്ക് ചോരുന്നു.
5) ദുർവ്യയം, കാലതാമസം
6) വിഭവസമാഹരണങ്ങളിൽ ഈ പങ്കാളിത്തത്തിൻെറ കുറവ്.
7) പഞ്ചായത്തിൻെറ വിഭവങ്ങളും വിനിയോഗങ്ങളും സംബന്ധിച്ചു കണക്കുകളുടെ സുതാര്യതയില്ലായ്മ
8) പഞ്ചായത്ത് സമിതികളുടെ ഫണ്ടും ഗ്രാൻറും അന്വേഷണം - രാഷ്ട്രീയ പ്രാദേശിക-വ്യക്തി സ്വാധീനങ്ങൾ മൂലം, - മുൻഗണന ക്രമം നഷ്ടപ്പെടുന്നു.
9) നികുതി-നികുതിയേതരവരുമാനങ്ങൾ, ശാസ്ത്രീയമായോ-നിയമാനുസൃതമായോ-നിശ്ചിതമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലോ ക്രമീകരിക്കാത്തതുകൊണ്ട്-വരുമാനചോർച്ചയുണ്ടാകുന്നു.
10) പഞ്ചായത്ത് അടിസ്ഥാനത്തിലോ-ബ്ലോക്കടിസ്ഥാനത്തിലോ, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക്-വിഭവ സമാഹരണം നടക്കുന്നില്ല.

**പ്രശ്നപരിഹാരങ്ങൾ**

1) അധികാരവികേന്ദ്രീകരണത്തിന്-നിയമനിർമ്മാണം വഴി ഭരണഘടനപരമായ സംരക്ഷണം ഉറപ്പ് വരുത്തുക.
2) വിഭവസമാഹരണത്തിൽ-ഉല്പാദന-വികസനലക്ഷ്യം വച്ചുള്ള-വികസന സംസ്കാരം വളർത്തിയെടുക്കുക.
3) ഭരണച്ചിലവുകൾ-ഗവൺമെൻറ് വഹിക്കുക
4) വിഭവലഭ്യതാനുസരണം-ഉല്പാദനക്ഷമമായ പദ്ധതികൾക്ക് മുൻഗണന നൽകി-വിഭവവർദ്ധന ഉറപ്പാക്കുക.
5) ദുർവ്യയം, കാലതാമസം-എന്നിവ വിഭവമൂല്യം നഷ്ടപ്പെടുത്തുകയും, ഗുണമേന്മ ക്ഷയിപ്പിക്കുകയും ചെയ്യും.
6) ജനകീയപങ്കാളിത്തം വിഭവസമാഹരണത്തിൽ പരോക്ഷമായും പ്രത്യക്ഷമായും ഉറപ്പിക്കുക.
7) വിഭവ-സംഭരണ-വിനിയോഗങ്ങൾ സുതാര്യമാക്കുക.
8) പഞ്ചായത്ത് സമിതി-പ്രാദേശിക, രാഷ്ട്രീയ വ്യക്തി സ്വാധീനങ്ങൾ വിധേയമായി ഗ്രാൻറ്, ഫണ്ട് എന്നിവ വിനിയോഗിക്കുന്നതിൽ, ആവശ്യാധിഷ്ടിത മുൻഗണന നൽകുക.
9) നികുതി-നികുതിയേതര വരുമാനങ്ങൾ നിശ്ചിതമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി ക്രമീകരിക്കുക വഴി ഉദ്യോഗസ്ഥതലത്തിലുള്ള അശാസ്ത്രീയവും അഴിമതിസാധ്യതകളുള്ളതുമായ നികുതി നിശ്ചയിക്കൽ ഒഴിവാക്കുകയും, വിഭവചോർച്ച ഒഴിവാക്കുകയും ചെയ്യാവുന്നതാണ്.
10) തൊഴിൽദാന പദ്ധതികൾക്ക് വിഭവസമാഹരണം നടത്തുകയും, അതിനുവേണ്ടി ഒരു Core Group രൂപികരിക്കുയും പദ്ധതികൾ ആവിഷ്കരിക്കുകയും-തൊഴിൽ സേന-സന്നദ്ധ സേവനത്തിൽ പങ്കെടുക്കുന്നവർക്ക് മുൻഗണന നൽകി-ചെയ്യുന്നതിലൂടെ-വിഭവ സമാഹരണ സാദ്ധ്യതകൾ വർദ്ധിക്കുന്നതാണ്.

എല്ലാ വിഭവങ്ങളും വിലയേറിയതും അമൂല്യവുമാണ്. ഒന്നും പാഴാക്കാനില്ല-എല്ലാം പ്രയോജനപ്പെടുത്താം.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

<u>വാർഡ് - 1</u>

1. മനുഷ്യപ്രയത്നത്തിൻെറ 25% സമാഹരിക്കാം.
2. താഴെതട്ടിൽ നിന്നും കൂടുതൽ വരുമാനപരിധിയിൽ വരുമാന ജനങ്ങൾക്ക് വീടുനിർമ്മാണത്തിന് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ.

<u>വാർഡ് - 2</u>

1. മനുഷ്യശക്തിയും, സഹകരണമേഖലയും ഉപയോഗപ്പെടുത്തുവാൻ കഴിയും.
2. പൗരസമിതിയെ സംഘടിപ്പിക്കുക.
3. പണി ചെയ്യുന്നവർക്ക് ഭക്ഷണം സൗജന്യമായി സമാഹരിക്കുക.
4. ഏകദേശം 50 പേർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്.

24

വാർഡ് - 3

1. വികസനപ്രവർത്തനത്തിൽ വികസനസമിതികൾ രൂപികരിച്ച് വിഭവസമാഹരണം നടത്താവുന്നതാണ്.

വാർഡ് - 4

1. മനുഷ്യപ്രയത്നങ്ങൾ സംഘടിപ്പിക്കുവാൻ കഴിയും.
2. പൊതുമാർക്കറ്റ് ആരംഭിക്കുക.

വാർഡ് - 5

1. പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന 2 ലക്ഷത്തിലധികം ചെലവു വരുന്ന കെട്ടിടങ്ങൾക്ക് 1% സർചാർജ്ജ് ഈടാക്കുക.
2. വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതു വഴി നിശ്ചിതഫീസ് ഈടാക്കുക.
3. കാർഷികോല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിണനം ചെയ്യുന്നതിനും ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക. ഇതുവഴി സാമ്പത്തികം സ്വരൂപിക്കുവാൻ കഴിയും.
4. മനുഷ്യാദ്ധ്വാനം സ്വരൂപീക്കാൻ കഴിയും.
5. വളർത്തുനായ്ക്കൾക്ക് നിശ്ചിതഫീസ് സഹിതം ലൈസൻസ് ഏർപ്പെടുത്തുക.
6. ദേശീയ സാമ്പാദ്യപദ്ധതിയിൽ എല്ലാ കുടുംബങ്ങളേയും അംഗങ്ങളാക്കുക.
7. ഉതകുന്ന സ്ഥലങ്ങളിൽ ബങ്ക് ഷോപ്പുകൾ അനുവദിച്ചിട്ട് വിഭവസമാഹരണം നടത്താവുന്നതാണ്.

വാർഡ് - 6

വാർഡ് - 7

1. കെട്ടിടനികുതികളിലെ അപാകതകൾ പരിഹരിക്കുന്നതിലൂടെ, ഈ വാർഡിലെ കെട്ടിട നികുതി ചേർത്ത ലിസ്റ്റ് 3 കേന്ദ്രങ്ങളിലെങ്കിലും പ്രസിദ്ധീകരിക്കുക.
2. പഞ്ചായത്തതിർത്തിയിലുള്ള പരസ്യബോർഡുകാർക്ക് നല്ല നികുതി ഏർപ്പെടുത്തുക.
3. അത്താണിയിലുള്ള ടാക്സി വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി. അവരിൽനിന്ന് നികുതി പിരിക്കുക.
4. പഞ്ചായത്തിൽനിന്നും ബങ്ക് ഷോപ്പുകൾ നിർമ്മിച്ച് നികുതി ഏർപ്പെടുത്തുക.
5. വികസനസേന രൂപിക്കുക.
6. വിനോദനികുതികളിൽ നിന്ന് ജനങ്ങളെ ഒഴിവാക്കി കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.


വാർഡ് - 9

1. വികസനപ്രവർത്തനങ്ങളിൽ വികസനസമിതികൾ രൂപീകരിച്ച് വിഭവസമാഹരണം നടത്തുക.
2. ദേശീയ സമ്പാദ്യപദ്ധതിയിൽ എല്ലാ കുടുംബങ്ങളേയും അംഗങ്ങളാക്കുക.


വാർഡ് - 11

1. ഇറച്ചി വെട്ടുന്നതിന് ലൈസൻസ് ഫീ ഏർപ്പെടുത്തുക.
2. കരിയാട്ടുകവലയിൽ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ഒരു ഷെഡു നിർമ്മിച്ച് വർഷാവർഷം ലേലം ചെയ്ത് കൊടുക്കുന്നതുവഴി വരുമാനമാർഗ്ഗമാകും.
3. വളർത്തു നായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് ഫീ ഏർപ്പെടുത്തുക.

❖❖❖❖❖❖❖❖❖❖❖



വട്ടപ്പറമ്പ്
വഴിത്തോട്
തോട്
ചെങ്ങമനാട്
N
W
E
S
PHC
AKU
KAMB
MAHS
PWD
പള്ളി.
അമ്പലം
സ്കൂൾ.
പാടം, നെല്ല്.
വെള്ളക്കെട്ട്, ചിറ, കുളം.
തോട്, കനാൽ
ലൈൻ, മില്ല് റോഡ്
മറ്റിനങ്ങൾ




നെടുമ്പാശ്ശേരി പഞ്ചായത്ത് ഭൂപടം

# ഇതൊരവസാനമല്ല!!!!

ഇതൊരവസാനമല്ല. തുടക്കം മാത്രമാണ്.

ഇത് നമ്മുടെ നാടിന്റെ ഭാവി കരുപ്പിടിപ്പിക്കുന്ന യജ്ഞത്തിന്റെ ഒരു തുടക്കം മാത്രമാണ്. ഭരണാധികാരികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ സാംസ്കാരിക സാമൂഹ്യപ്രവർത്തകർ എന്നിവരുടെ മാത്രമല്ല നമ്മുടെ ഓരോരുത്തരുടേയും ഉത്തര വാദിത്വവും അധികാരവും അരക്കിട്ടുറപ്പിക്കുന്ന ഇതിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിച്ച എല്ലാവരോടും കൃതജ്ഞതയുണ്ട്, വിശിഷ്യ ഈ റിപ്പോർട്ട് കൂടുതൽ സമ്പന്നമാക്കുന്നതിനും, ചിത്രങ്ങൾ നിർമ്മിക്കുന്നതിനും പഞ്ചായത്ത് ആസൂത്രണ സമിതിയെ സഹായിച്ച സർവ്വശ്രീ ജലാലുദ്ദീൻ, സി. പി. സദാനന്ദൻ, എം. പി. തങ്കച്ചൻ, എം. എം. വാസുദേവൻ എന്നിവരോട്. ഇനിയുള്ള പ്രവർത്തനങ്ങളിൽ, അതായത് ഈ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്തിന്റെ വികസനം ഉറപ്പുവരുത്തുന്നതിന് ഇതുവരെയുള്ള എല്ലാം ജഡത്വവും അവസാനിപ്പിച്ച് ഉണർന്ന് അക്ഷീണം യത്നിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തു കമ്മിറ്റി

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി


## പാറക്കടവ് ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

1996 നവംബർ 30

ഗവ യു. പി. സ്ക്കൂൾ കുറുമശ്ശേരി

# പാറക്കടവ് ഗ്രാമ പഞ്ചായത്ത്



255

## വികസന റിപ്പോർട്ട് തെയ്യാറാക്കിയവർ

കെ. കെ. വേലായുധൻ മാസ്റ്റർ,
പി. എൻ. രഘുനാഥ പിഷാരടി,
പി. എൻ. ഷാജി, പുളിയനം
എൻ. പി. ചന്ദ്രൻ, വി.ഇ.ഒ. പുളിയനം.
കെ.പി. അഗസ്റ്റിൻ
എം. കെ. മോഹനൻ
എം. സുധീഷ് കുമാർ

## സാഹായിച്ചവർ

എൻ. വി. ഉണ്ണിമോൻ, (കൃഷി ഓഫീസർ )
പി. കെ. ജയകുമാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)
പി. ജെ. വർഗീസ് - ( സഹരണ ബാങ്ക് പ്രസിഡൻറ് )
എം. എൻ. പുരുഷോത്തമൻ നമ്പൂതിരി, ബി. എം. വാസു ദേവൻ നമ്പൂതിരപ്പാട്,
വി. എൻ. അജയകുമാർ പ്രേംകുമാർ, അഡ്വ. ഗോപിനാഥ്, വി. കെ. അനിൽകുമാർ,
സി. പി. ദേവസ്സി, ഡോ. സദാനന്ദൻ ( വെറ്റിനറി ഡോക്ടർ)
പേരെഴുതാത്ത മറ്റനേകം പേർ...

256



## ഉള്ളടക്കം


ആമുഖം

ഭൂപ്രകൃതി - ജനപ്രകൃതി

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വിദ്യാഭ്യാസം

കുടിവെള്ളവും, പൊതുജനാരോഗ്യവും

വ്യവസായം

ഗതാഗതവും, ഊർജ്ജവും

പാർപ്പിടവും സാമൂഹ്യക്ഷേമവും

സംസ്ക്കാരം,

വനിത

സഹകരണ മേഘല

പട്ടികജാതി പട്ടികവർഗക്ഷേമം

വിഭവ സമാഹരണം

ഉപസംഹാരം

'ഒൻപതാം പദ്ധതി ജനകീയപദ്ധതി' എന്ന സന്ദേശം ഉൾകൊണ്ടു കൊണ്ട് പ്രവർത്തിക്കുന്നതിനായി ജില്ലാ തല പരിശീലനത്തിനയി ഈ പഞ്ചായത്തിൽ നിന്നും 7 പേർ ഒന്നാം ഘട്ടത്തിൽ പങ്കെടുക്കുകയും പഞ്ചായത്ത് തല പരിശീലനത്തിൽ 63 പേർ പങ്കെടുക്കുകയും ചെയ്തു. ഗ്രാമസഭകളെ സജീവമാക്കാൻ ഇവരുടെ സേവനം ലഭിച്ചിരുന്നു. എന്നാൽ രണ്ടാം ഘട്ട പരിശീലനത്തിലും തുടർന്നിങ്ങോട്ടുള്ള പ്രവർത്തനങ്ങളിലും ഭൂരിഭാഗം DRP, LRP മാരുടേയുംസേവനം വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ല. എന്നിരുന്നാൽ തന്നെയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ നിരവധിയാണ്. അവരെ നന്ദിയോടെ സ്മരിക്കുന്നു. തുടർ പ്രവർത്തനങ്ങളിലും സഹകരണം പ്രതീക്ഷിക്കുന്നു.

എന്ന്

കെ. കെ. വേലായുധൻ മാസ്റ്റർ

കൺവീനർ

ജനകീയാസൂത്രണ സമിതി

പാറക്കടവ്.

# ആമുഖം

പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് നമ്മുടെ ഭരണഘടന അധികാരം ഉറപ്പുനൽകുന്നുണ്ട്. ജനാധിപത്യവ്യവസ്ഥയിൽ ഭരണകൂടവും ജനങ്ങളും തമ്മിലുള്ള ആരോഗ്യപൂർണ്ണമായ ബന്ധത്തിന് അധികാരവും ജനങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ ഒഴിവാക്കേണ്ടതുണ്ട് യഥാർത്ഥത്തിൽ അധികാരം ജനങ്ങൾക്ക് പ്രയോഗിക്കാൻ കഴിയുമ്പോഴെ ജനാധിപത്യം അർത്ഥസമ്പന്നമാകൂ അധികാരവികേന്ദ്രീകരണം എന്ന സങ്കല്പത്തിൻെറ അടിസ്ഥാനം ഇതാണ്. സ്വാതന്ത്ര്യ പ്രാപ്തി മുതൽ ഇന്നേവരെ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ആകർഷകമായ മുദ്രാവാക്യത്തിൻെറ തലത്തിൽ മാത്രമാണ് ഒതുങ്ങിയിരുന്നത് .

എന്നാൽ അധികാര വികേന്ദ്രീകരണവും വീകേന്ദ്രീകൃത അസൂത്രണത്തിലൂടെയുള്ള വികസനവും കേരളത്തിൽ പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു ജനകീയ പ്രസ്ഥാനം രൂപപ്പെട്ടുവരികയാണ്. സ്വാതന്ത്യപ്രാപ്തിക്ക് മുമ്പും പിമ്പുമായി നടന്നിട്ടുള്ള സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടേയും രാഷ്ട്രീയ പോരാട്ടങ്ങളുടേയും ഫലമായി ലോകമാകെ ചർച്ചചെയ്യപ്പെടുന്ന ഒരു കേരളമാതൃക രൂപം കൊണ്ടിട്ടുണ്ട് . വിദ്യാഭ്യാസം ആരോഗ്യം, സാമൂഹ്യക്ഷേമം ആദിയായ മേഖലകളിൽ വികിസിത നാടുകളിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളോട് കിടപിടിയ്ക്കാൻ കഴിയുന്ന അഭിവൃദ്ധി കേരളത്തിന് ഉണ്ടായിട്ടുണ്ട് മൂന്നാം ലോകരാജ്യങ്ങളുടെ വികസനപ്രശ്നം ചർച്ചചെയ്യുന്ന തലങ്ങളിൽ എല്ലാം കേരഴളമാതൃക ചർച്ച ചെയ്യുന്നുണ്ട്.

സമഗ്രമായ കാർഷിക ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ഇൻഡ്യയിലെ ഏകസംസ്ഥാനമാണ് കേരളം. എന്നാൽ എഴുപതുകളുടെ രണ്ടാം പകുതിമുതൽ കാർഷിക - വ്യാവസായിക മേഖലകളിൽ മുരടിപ്പ് അനുഭവപ്പെടാൻ തുടങ്ങി. വിദേശങ്ങളിൽ തൊഴിൽ ചെയ്യുന്നവരിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന പണത്തിൻെറ പ്രവാഹത്തിൽ കാർഷിക വ്യവസായിക മേഖലയിലെ മുരടിപ്പിൻെറ ഫലമായി ഉളവായ സാമൂഹ്യതകർച്ച ശ്രദ്ധയിൽപ്പെട്ടില്ല എന്നതാണ് വസ്തുത. ഈ പശ്ചാതലത്തിലാണ് കേരളത്തിൻെറ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടുക്കൂടി രൂപപെടുത്തുന്നതിനുവേണ്ടിയള്ള പരിശ്രമങ്ങക്ക് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും രൂപം നല്കിയത് . വികസനത്തെ സംബന്ധിച്ച നിലവിലുള്ള ബോധത്തിൽ മൗലീകമായ നവീകരണം വരുത്തികൊണ്ട് മാത്രമേ കാർഷിക - വ്യവസായിക മേഖലയിലെ മുരടിപ്പിനെ മുറിച്ചുകടക്കാൻ കഴിയൂ.

ഒരോ പ്രദേശത്ത് തങ്ങൾക്ക് എന്ത് വേണമെന്ന് ജനങ്ങൾ കൂട്ടായി ചിന്തിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നു. ആസൂത്രണത്തിൻേറയും വികസനത്തിൻേറയും ഊന്നൽ കൃഷി, വ്യവസ,ായം എന്നീ മേഖലകളിൽ നൽകുന്നു. പ്രാദേശിക പിന്നോക്കാവസ്ഥ ഏതേത് മേഖലകളിൽ ആണോ അവയ്ക്ക് പരിഹാരം കാണാൻ ജനങ്ങളുടെ കൂട്ടായ്മ എന്നതാണ് ജനകീയ ആസൂത്രണത്തിൻെറ കതൽ. എന്നാൽ ഇതേവരെ തങ്ങൾക്ക് എന്ത് കിട്ടും എന്ന് ചോതിച്ചിരുന്ന സ്ഥാനത്ത് തങ്ങളാൽ എന്ത് ചെയ്യാൻ കഴിയും എന്നു കൂടി ചിന്തിക്കയാണ് നാമിപ്പോൾ

നമ്മുടെ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ ജനകീയ പങ്കാളിത്തത്തോടുകൂടിയ പദ്ധതി രൂപീകണത്തിൻെറ ആദ്യഘട്ടം എന്ന നിലയിൽ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെ നീണ്ടുനിന്ന ഗ്രാമസഭകളിൽ ആകെ 1401 പേർ പങ്കെടുത്തു. ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തത് 9-ാം വാർഡിലായിരുന്നു - 300 പേർ . ഏറ്റവും കുറവ് 2-ാം വാർഡിൽ 33 പേർ. ഗ്രാമസഭകളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ അന്യത്ര ചേർക്കുന്നുണ്ട്. നടപ്പ് പദ്ധതികളുടെ അവലോകനം, ദ്വിതീയ സ്ഥിതി വിവരകണക്കുകളുടെ ശേഖരണം എന്നിവ പൂർത്തികരിച്ചിട്ടുണ്ട് . ഭൂപ്രകൃതി പഠന പര്യടന സംഘം പഞ്ചായത്തിൽ നടന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ജനകീയ. ആസൂത്രണ പ്രസ്ഥാനത്തിൻെര പഞ്ചായത്ത് പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

## പാറക്കടവ് ഗ്രാമപഞ്ചായത്ത്

## ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ

1. 17. 9. 96 - പഞ്ചായത്ത് ശില്പശാല ഒന്നാംഘട്ടം പങ്കെടുത്തവർ -63, വനിതകൾ - 4 പുരുഷന്മാർ 49, ഉദ്യോഗസ്ഥർ - 10
2. സെപ്റ്റംബർ 29 മുതൽ ഒക്റ്റോബർ 13 വരെ ഗ്രാമസഭകൾ
3. 29-10-96 - ശില്പശാല രണ്ടാം ഘട്ടം പങ്കെടുത്തവർ - 16, വനിതകൾ - 3 പുരുഷന്മാർ 13
4. നവംമ്പർ 1 - പുനരർപ്പണദിനം 7-ാം വാർഡിലെ കനാൽ ബണ്ട് റോഡ് നിർമ്മിച്ചു.
5. 5-11-96- ഉദ്യോഗസ്ഥരുടെ അവലോകന യോഗം പങ്കെടുത്തവർ 16
6. 7.11. 96 മുതൽ 9 .11 .96 വരെ - പഠനപര്യടനം
7. 14.11. 96 ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം.
8. 19.11. 96 - വിദഗ്ധന്മാരുടേയും പഞ്ചായത്ത് അംഗങ്ങളുടേയും യോഗം 49 പേർ പങ്കെടുത്തു.

ഗ്രാമസഭകൾ സമ്മേളിച്ചതിയതിയും മറ്റുവിവരവും താഴെ കൊടുക്കുന്നു.

| വാർഡ് | തിയ്യതി | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | 29-9-96 | 84 | 01 | 85 |
| 2 | 13-10-96 | 32 | 01 | 33 |
| 3 | 2-10-96 | 87 | 02 | 95 |
| 4. | 13-10-96 | 94 | 12 | 106 |
| 5. | 13-10-96 | 146 | 02 | 148 |
| 6. | 29-9-96 | 77 | 06 | 83 |
| 7. | 6-10-96 | 74 | 00 | 74 |
| 8. | 6-10-96 | 167 | 71 | 238 |
| 9. | 6-10-96 | 230 | 70 | 300 |
| 10. | 2-10-96 | 110 | 12 | 122 |
| 11. | 2-10-96 | 92 | 25 | 117 |
| ആകെ | | 1193 | 208 | 1401 |

# പഞ്ചായത്ത് പൊതുവിവരങ്ങൾ .

260

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | പാറക്കടവ് |
| വില്ലേജ് | : | പാറക്കടവ് |
| ബ്ലോക്ക് പഞ്ചായത്ത് | : | പാറക്കടവ് |
| താലൂക്ക് | : | ആലുവ |
| ജില്ല | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | വടക്കേകര |
| വിസ്തീർണ്ണം | : | 24.665 ചതുരശ്ര കി.മീറ്റർ |
| ജനസംഖ്യ | : | 27702 |
| പുരുഷൻമാർ | : | 13764 |
| സ്ത്രീകൾ | : | 13938 |
| വാർഡുകൾ | : | 11 (പതിനൊന്ന് ) |
| പ്രസിഡൻറ് | : | ബേബി ജെ ഇരുമ്പൻ |
| വൈസ് പ്രസിഡൻറ് | : | സിഎസ്സ് രാധാകൃഷ്ണൻ |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | എം കെ രാമകൃഷ്ണൻ |
| മെമ്പർമാർ | | |
| വാർഡ് 1 | : | എൻ.വി.രാമകൃഷ്ണൻ |
| വാർഡ് 2 | : | ആനി ജോസ് |
| വാർഡ് 3 | : | സി. എസ്സ്. രാധാകൃഷ്ണൻ |
| വാർഡ് 4 | : | തങ്കമ്മ ടീച്ചർ |
| വാർഡ് 5 | : | എസ്.ബി. ചന്ദ്രശേഖര വാര്യർ |
| വാർഡ് 6 | : | പൗലോസ് ചാറ്റുകുളം |
| വാർഡ് 7 | : | സി.എം.ജോയി |
| വാർഡ് 8 | : | ശാന്ത അപ്പു |
| വാർഡ് 9 | : | എം.കെ രാമകൃഷ്ണൻ |
| വാർഡ് 10 | : | ബേബി ജെ. ഇരുമ്പൻ |
| വാർഡ് 11 | : | ജയ മുരളീധരൻ |
| പഞ്ചായത്ത് രൂപീകരണം | : | 1961 ഡിസംബർ |

മുൻ പ്രസിഡൻറുമാർ

| | | |
|---|---|---|
| 1. പ്രഥമപ്രസിഡൻറ് | : | ഭദ്രകാളി മറ്റപ്പിള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട്. |
| 2. 1963 വരെ | : | കെ.സി. ദാമോദരമേനോൻ |
| 3. 19-12-63- 2-8-79 | : | ജോൺ ഡി. പാത്താടാൻ. |
| 4. 29-9-79-29-10-84 | : | വി.വി.രാജൻ. |
| 30-10-84-7-2-88 | : | ഉദ്യോഗസ്ഥഭരണം (താലൂക്ക് പഞ്ചായത്ത് ഓഫീസർ.) |
| 5. 8.2.88-4.5.91 | : | പി. വി. ജോസ് |
| 6. 14.3.91-3.10.96 | : | പൗലോസ് ചാറ്റുകുളം. |
| 7. 4.10.96-18.11.96 | : | സി. എസ്. രാധാകൃഷ്ണൻ-വൈസ് പ്രസിഡിൻറ് (പ്രസിഡണ്ടിൻെറ അധികചുമതല) |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങാം | : | (1) എം. കെ. മോഹനൻ<br>(2) ആൻറണി പാലമറ്റം |

ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലം മുതൽ ഇന്നേ വരെ അതിർത്തി പുനർനിർണ്ണയം ചെയ്തിട്ടില്ല. എന്നാൽ 1977 വരെ പാറക്കടവ് പഞ്ചായത്ത് അങ്കമാലി നിയോജകമണ്ഡലത്തിൻെറ ഭാഗമായിരുന്നു.

## അതിർത്തികൾ

| | | |
|---|---|---|
| വടക്ക് | : | അന്നമനട, കൊരട്ടി പഞ്ചായത്തുകൾ |
| കിഴക്ക് | : | അങ്കമാലി മിനിസിപ്പാലിറ്റി, കറുകുറ്റി പഞ്ചായത്ത് |
| തെക്ക് | : | നെടുമ്പാശ്ശേരി, കുന്നുകര പഞ്ചായത്തുകൾ. |
| പടിഞ്ഞാറ് | : | കുഴൂർ,കുന്നുകര,അന്നമനട പഞ്ചായത്തുകൾ. |

പഞ്ചായത്തിൻെറ പടിഞ്ഞാറൻ പ്രദേശത്തുകൂടിയൊഴുകുന്ന ചാലക്കുടിപ്പുഴ പഞ്ചായത്തിനെ രണ്ടായിതിരിക്കുന്നു.

## സാമൂഹ്യ-സാംസ്കാരിക ചരിത്രപശ്ചാതലം.

കേരളത്തിലെ ആദിമ ജനാധിവാസ കേന്ദ്രങ്ങളിൽ ഒന്നാണ് പാറക്കടവ് പഞ്ചായത്ത് ഉൾപ്പെടെയുള്ള പെരിയാറിനും ചാലക്കുടി പ്പുഴക്കും ഇടക്കുള്ള നദീതടപ്രദേശം. കി.മു. 2000-ാം മാണ്ട് തുടങ്ങിയുള്ള മഹാശിലായുഗം മുതൽ ഇവിടെ ജനങ്ങൾ പാർത്തിരുന്നതായി പുരാവസ്തു അവശിശഷ്ടങ്ങൾ തെളിയിക്കുന്നു.

പ്രാചീന കേരളത്തിൻെറ ചരിത്രത്തിൽ നമ്മുടെ പഞ്ചായത്തിൽപ്പെട്ട മൂഴിക്കുളത്തിന് സുപ്രധാനമായ സ്ഥാനമാണുള്ളത്. 'മൂഴിക്കുളം കച്ചം' എന്നറിയപ്പെടുന്ന ചട്ടങ്ങൾ സാമൂഹ്യബന്ധങ്ങൾക്ക് ആസ്പദമായ വഴക്കങ്ങളെ ക്രമീകരിക്കുന്നതിന് മലനാട്ടിലാകെ പ്രാബല്യമുണ്ടായിരുന്ന സംഹിതയായിരുന്നു.

ഡോക്ടർ രാഘവവാരിയരും, ഡോ. രാജൻഗുരുക്കളും ചേർന്നെഴുതിയ, 'കേരളചരിത്രത്തിൽ' പറയുന്നു-'പരമ്പരാഗത ബ്രാഹ്മണഗ്രാമങ്ങളിൽ പലതുകൊണ്ടും പ്രാധാന്യമുള്ള ഒന്നാണ് മൂഴിക്കുളം. മലനാട്ടിലെ പാടൽപെറ്റ പതിമൂന്ന് ദിവ്യദേശങ്ങളിൽ ഒന്നാണിത്. പെരുമാളുടെ ആസ്ഥാനമായ മഹോദയപുരത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഈ ഗ്രാമം നാലു തളികകളിലൊന്നായ മേത്തളിയായിരുന്നു. നാലു തളികപ്പെരുമാളുടെ ഉപദേശക സമിതി എന്ന നിലയിലുണ്ടായിരുന്ന പ്രാധാന്യം ഇവിടെ സ്മരിക്കേണ്ടതുണ്ട്. പാരമ്പര്യവിശ്വാസമനുസരിച്ച് നാലുതളികൾ 32 ബ്രാഹ്മണഗ്രാമങ്ങളുടേയും നേതൃഘടകങ്ങളാണ്. ഇവിടുത്തെ വഴക്കം മറ്റ് ബ്രാഹ്മണീയ ക്ഷേത്രങ്ങൾ മാതൃകയായി സ്വീകരിച്ചതിൽ അൽഭുതമില്ല.'

മൂഴിക്കുളം കച്ചത്തെ പ്പറ്റിയുള്ള ഏറ്റവും പഴയ സൂചന ക്രി. വ. 898-ലാണ്. അവസാനമായി സൂചനയുണ്ടായത് 1028-1029 കാലത്താണ്.പെരുമാൾ വാഴ്ചയുടെ തിരോധാനത്തോടൊപ്പം 'മൂഴിക്കുളം കച്ച'ത്തിൻെറ അസ്തമയം സംഭവിച്ചതായി നിരീക്ഷക്കപ്പെടുന്നു.

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്മണ ക്ഷേത്രം മൂഴിക്കുളത്താണ്. ലക്ഷ്മണപ്പെരുമാൾ എന്നറിയപ്പെടുന്നതുതന്നെ പെരുമാൾ വാഴ്ചക്കാലവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. പൗരാണികകാലത്തെ ബ്രാഹ്മണ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഒന്നായിരുന്നു മൂഴിക്കുളം. ഓത്തു പഠിക്കുന്ന ഉണ്ണികൾക്ക് വേണ്ടി നീക്കിവച്ചിരുന്ന ഭൂമി ഇപ്പോഴും 'ഉണ്ണിപ്പാടം' എന്നറിയപ്പെടുന്നു. ശ്രീ ലക്ഷ്മണ ക്ഷേത്രത്തിലെ ശില്പചാരുത അനന്യസാധാരണമാണ്.

ആര്യ-ദ്രാവിഡ-ബുദ്ധ-ജൈന ഹൈന്ദവ സംസ്ക്കാരങ്ങളെ മാറിമാറി പുൽകിയതാണ് ഈ നാട്. എ. ഡി. ആദിശതകങ്ങളിൽ രൂപപ്പെട്ട ക്രൈസ്തവ സംസാക്കാരത്തിൻെറ ആദിമ കേന്ദ്രങ്ങളിലൊന്നായിരുന്നു.മൂഴിക്കുളം. മൂഴിക്കുളത്തുള്ള പള്ളി ഏറ്റവും പുരാതനമായ ക്രൈസ്തവ ദേവാലയങ്ങളിലൊന്നാണ്.

മതവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏറിയ കൂറും ക്രൈസ്തവരും ഹിന്ദുക്കളുമാണ്.മുസ്ലിം അനുപാതം

നന്നേ ചെറുതാണ്. പ്രാചീന കാലം മുതൽ തന്നെ കാർഷികവൃത്തിയാണ് മുഖ്യ തൊഴിലും ജീവിതമാർഗ്ഗവും. ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വരുന്നതുവരെ സാമൂഹ്യബന്ധങ്ങളുടെ അടിത്തറ ജന്മികുടിയാൻ ബന്ധമായിരുന്നു. തന്മൂലം അമ്പതുകളിലും അറുപതുകളിലും ജന്മിത്വത്തിനെതിരായി നിരവധിപോരാട്ടങ്ങൾ ഈപ്രദേശങ്ങളിൽ നടന്നിട്ടുണ്ട്. എറണാകുളം ജില്ലയിൽ തന്നെ ഏറ്റവും പഴക്കമുള്ള കർഷക-കർഷക തൊഴിലാളിപ്രസ്ഥാനം രൂപപ്പെട്ടത് പാറക്കടവ് പഞ്ചായത്തിലെ കുറുമശ്ശേരിയിലായിരുന്നു.

ദേശീയ പ്രസ്ഥാനം വളരെ ശക്തിയായ സ്വാധീനം ചെലുത്തിയ പ്രദേശമല്ല ഇവിടം. എന്നാൽ ശ്രീ. കെ.ജി. നമ്പ്യാരെപ്പോലുള്ള സർവ്വാദരണീയരായ സ്വാതന്ത്ര്യസമരപ്പോരാളികളെ ഇവിടെ വിസ്മരിക്കുന്നില്ല. കർഷകപ്രസ്ഥാനത്തിന്റെ നേതാവ് എന്ന നിലയിൽ ശ്രീ. ടി. എ. അയ്യപ്പൻകുട്ടിയുടെ പങ്ക് നിസ്തുലമാണ്. കർഷകതൊഴിലാളികളെ ഒരു സംഘടിത ശക്തിയാക്കി വളർത്തുന്നതിൽ നിരവധി പ്രക്ഷോഭങ്ങളിൽ അദ്ദേഹവുംഅന്തരിച്ച ടി. സി. കണ്ണനും എം. കെ. കുമാരനും വലിയ പങ്കുവഹിച്ചിട്ടുണ്ട്. അവയിൽ ശ്രദ്ധേയമായ ഒരു ഏടാണ് 1952-ൽ പൂവത്തുശ്ശേരിയിൽ നടന്ന മാലായി സത്യാഗ്രഹം.

സാംസ്ക്കാരിക-സാമൂഹ്യ ചരിത്രങ്ങളിൽ സുപ്രധാന സ്ഥാനമുള്ള പാറക്കടവ് പഞ്ചായത്തിൽ എല്ലാ സമാദായങ്ങളും സഹവർത്തിത്തോടെയാണ് കഴിഞ്ഞുവരുന്നത്. ഇന്നലെയുടെ ചരിത്രം നാളെയുടെ പാതയിലെ വഴികാട്ടിയായി മാറ്റിയെടുക്കുന്നതിൽ എന്നും കരുത്തുപകരേണ്ടതാണ്.

# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പാറക്കടവ് പഞ്ചായത്തിനെ പൊതുവെ മൂന്നായി തിരിക്കാവുന്നതാണ്.

1. സമതലപ്രദേശങ്ങൾ.
2. കുന്നിൻ പ്രദേശങ്ങൾ.
3. ചരിവുപ്രദേശങ്ങൾ.

### 1. സമതലപ്രദേശങ്ങൾ:

പുഴയോട് ചേർന്നുള്ള പ്രദേശങ്ങളാണ് സമതല പ്രദേശങ്ങൾ. 4,7,9,10,11 വാർഡുകൾ ഇതിൽ പ്പെടുന്നു. ഈ പ്രദേശത്തെ ഭൂമി വളരെ ഫലഭൂയിഷ്ഠതയുള്ള എക്കൽ മണ്ണുനിറഞ്ഞതാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്തു കൂടിയൊഴുകുന്ന ചാലക്കുടിപ്പുഴ ഈ പ്രദേശത്തെ രണ്ടായിതിരിക്കുന്നുണ്ട്. ചാലക്കുടിപ്പുഴക്ക് ഈ പേര് ലഭിച്ചത് തന്നെ പ്രസിദ്ധമായിരുന്ന മൂഴിക്കുളം ശാലയുടെ അരികിലൂടെ ഒഴുകുന്ന പുഴ എന്ന അർത്ഥത്തിലായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നതിൽ ചാലക്കുടി പുഴയ്ക്കുള്ള പങ്ക് വളരെ വളരെ വലുതാണ്.

സമതലങ്ങളിലെ പ്രധാനകൃഷി നെല്ലും തെങ്ങുമാണ്. കവുങ്ങ്, ജാതി, ഗ്രാമ്പു, കുരുമുളക്, പ്ലാവ്, മാവ്, പുളി, മുരിങ്ങ, പച്ചക്കറികൾ, എന്നിവയും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്.

### 2. കുന്നിൻ പ്രദേശങ്ങൾ:

പഞ്ചായത്തിൻെറ കൂടുതൽ പ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളാണ്. പ്രത്യേകിച്ച് കിഴക്കൻ മേഖല (1,2,3,5,6,8 വാർഡുകൾ). ഇവിടെ കാണപ്പെടുന്ന മണ്ണ് പ്രധാനമായും ലാറ്ററൈറ്റ് വിഭാഗത്തിലുള്ളതാണ്. ഒരുകാലത്ത് ഏറെ പ്രശസ്തമായിരുന്നു ഇവിടുത്തെ പാറക്കെട്ടുകൾ. അമിതോപഭോഗം മൂലം ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ പാറക്കെട്ടായിരുന്ന 'എളവൂർ പാറ' ഇന്ന് ചരിത്രത്തിൻെറ ഭാഗമായി മറികഴിഞ്ഞിരിക്കുന്നു. 'മൈലാട്ടും പാറ' തുടങ്ങിയ കരിങ്കൽ മേടുകളും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണിവ. ഇവിടെ പ്രധാന കൃഷി ഇപ്പോൾ റബ്ബർ ആയി മാറിതുടങ്ങിയിട്ടുണ്ട്. തെങ്ങ്, നെല്ല്, ഫലവൃക്ഷങ്ങൾ, ജാതി, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

### 3. ചരിവുപ്രദേശങ്ങൾ:

കുന്നിൻ പ്രദേശങ്ങൾക്കും സമതലങ്ങൾക്കും ഇടയിലുള്ള പ്രദേശങ്ങളാണിവ. 1,2,3,4,5,6,8 വാർഡുകളിലെ കുറച്ചുഭാഗങ്ങൾ ഇതിൽ പ്പെടുന്നു.

കേരളത്തിലെ സമതലപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാലാവസ്ഥ തന്നെയാണ് പൊതുവെ ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നത്. ജൂൺ മുതൽ സെപ്തംബർ വരെ നീണ്ടു നില്ക്കുന്ന ഇടവപ്പാതിയും (കാലവർഷം) തുടർന്ന് തുലാവർഷവും, മഞ്ഞുകാലവും, പിന്നീട് വേനൽ എന്നിവയും അനുഭവപ്പെടുന്നു. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടക്ക് അല്പം കയറിയും ഇറങ്ങിയും ഇരുന്നുവെന്ന തൊഴിച്ചാൽ മഴയുടെ അളവിൽ കാര്യമായ വ്യത്യാസമില്ല.

### മണ്ണ്

മണ്ണിനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തെമൊത്തത്തിൽ 13 മേഖലകളായി തിരിച്ചിട്ടുള്ളതിൽ പാറക്കടവ് പഞ്ചായത്ത് ഉൾപ്പെടുന്നത് 'Central Midland Zone' വിഭാഗത്തിലാണ്. അതുകൊണ്ട് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന മണ്ണ് ലാറ്ററൈറ്റ് വിഭാഗത്തിൽ പ്പെട്ടതാണ്. പുഴയോട് ചേർന്നുള്ള സമതലപ്രദേശങ്ങളിൽ അലൂവിയൽ (എക്കൽ) മണ്ണും കാണപ്പെടുന്നുണ്ട്.

### വിളകൾ

പഞ്ചായത്തിലെ പ്രധാനവിളകൾ തെങ്ങും നെല്ലുമാണ്. മൊത്തം കൃഷിയിടങ്ങളുടെ ഏതാണ്ട് മുക്കാൽ പങ്കും തെങ്ങു കൃഷിയാണുള്ളത്. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ റബ്ബർ കൃഷി തഴച്ചു വളരുകയാണ്. കവുങ്ങ്, ജാതി, ഫലവൃക്ഷങ്ങൾ, മരച്ചീനി, പച്ചക്കറികൾ, പൈനാപ്പിൾ, കുരുമുളക്, ഗ്രാമ്പൂ, മഞ്ഞൾ, ഇഞ്ചി, വെറ്റില എന്നിവയും കൃഷി ചെയ്തു വരുന്നുണ്ട്.

### ജലസ്രോതസ്സുകൾ

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് ചാലക്കുടിപുഴയാണ്. മാഞ്ഞാലിതോടും പഞ്ചായത്തിലെ മറ്റൊരു പ്രധാന ജലസ്രോതസ്സാണ്. കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള

പൊതുക്കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയും അപ്രധാനങ്ങളല്ലാത്ത ജലവിഭവങ്ങളാണ്. പഞ്ചായത്തിൽ ആകെ 57 പൊതുകിണറുകളാണുള്ളത്. പഞ്ചായത്തിലെ പ്രധാനകുളങ്ങളേയും തോടുകളെയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

കുളങ്ങൾ

1. വാർഡ് I - രാമകുളം, നടുവിലെകുളം, പുത്തൻകുളം, മൂടാൻ കുളം
2. വാർഡ് II - കാട്ടുചിറ, പരിയാക്കുളം, കല്ല്യാക്കുളം
3. വാർഡ് III - മാടവന ചിറ (ചിറയ്ക്കൽ ചിറ) ലിഫ്റ്റ് ഇറിഗേഷൻ കുളം.
4. വാർഡ് IV - ഉപ്പിളിക്കുളം, മാങ്കുളം,
5. വാർഡ് V - വാരണിക്കുളം, പുത്തൻകാവ് ചാൽ കുളം, കൊളച്ചാൽ കുളം, തൃക്കക്കുളം.
6. വാർഡ് VI - ഏളവൂർ പാറക്കുളം, ചാത്തൻകുളം, പാരണിക്കുളം
7. വാർഡ് VII - ചെട്ടിക്കുളം., ഇറിഗേഷൻ കുളം.
8. വാർഡ് VIII - ഇറിഗേഷൻ കുളം
9. വാർഡ് IX - ബണ്ട് കുളം, വട്ടേക്കാട്ട് ചിറ
10. വാർഡ് X - വലിയകുളം, പാലുപ്പാടംകുളം
11. വാർഡ് XI - അഞ്ചലാക്കൽ കുളം, കാർത്തികകുളം, കൊണ്ടോട്ടി കുളം

തോടുകൾ

ആലുവാ തോട്, എലഞ്ഞിക്കുഴി - കൈപ്പാലം തോട്, ഉദിമറ്റം- കൈപ്പാലം തോട്, ചെട്ടിക്കുളം - മധുരപ്പുറം തോട്, കരിപ്പാശ്ശേരി തോട്, കുളച്ചാൽ തോട്, കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ തോടുകൾ , കനാൽ തോടുകൾ.

പരിസ്ഥിതി പ്രശ്നങ്ങൾ

അമിത വളപ്രയോഗങ്ങളുടേയും കീടനാശിനികളുടേയും ഫലമായി ജലസമ്പത്താകെ വിഷമയമായിരിക്കുകയാണ്. ഒരു കാലത്ത് കുടിക്കാൻ പോലും വേണ്ടത്ര ശുദ്ധമായിരുന്ന ചാലക്കുടി പുഴയിലെ വെള്ളം ഇന്ന് കുളിക്കുവാൻ പോലും കൊള്ളാതായിരിക്കുന്നു. ചാലക്കുടിയിലെ പോൾസൺ ഡിസ്റ്റിലറി, കാതിക്കുടത്തെ ഓഷ്യൻ പ്ളാൻറ് എന്നിവ ചാലക്കുടിപ്പുഴയെ മലിനമാക്കുന്നതനൽ പ്രധാന പങ്കു വഹിക്കുന്നു. അമിതമായ മണൽ വാരൽ പുഴയ്ക്ക് മറ്റൊരു ഭീഷണിയാണ്. പുഴയോരമാകെ ഇടിഞ്ഞുപൊളഞ്ഞു തുടങ്ങിയിരിക്കുന്നു. ഇത് കെട്ടി സംരക്ഷിക്കേണ്ടതാണ്. കുറുമശ്ശേരി, എളവൂർ പ്രദേശങ്ങളിലെ ഇഷ്ടിക കളങ്ങളുയർത്തുന്ന ഭീഷണിയും കണ്ടില്ലെന്ന് നടിക്കുന്നത് വിഡ്ഢിത്തമാണ്. ചരിഞ്ഞ പ്രദേശങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ട് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. മാമ്പ്ര പുളിയനം, എളവൂർ പ്രദേശങ്ങളിലെ യാതൊരു നിയന്ത്രണങ്ങളുമില്ലാത്ത പാറപൊട്ടിക്കൽ നിയന്ത്രിക്കേണ്ടതാണ്. നെൽപ്പാടങ്ങൾ മണ്ണിട്ട് നികത്തുന്നതും, ഒഴിക്കുന്നതും കർശനമായി നിരോധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവ കൃഷിരീതികളെ മാത്രമല്ല. പ്രകൃതിയെ തന്നെ മാറ്റി മറിച്ചേക്കും. ഡ്രെയിനേജ് സംവിധാനങ്ങളുടെ അപര്യാപ്തതമൂലം പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ അനുഭവപ്പെടുന്ന വെള്ളക്കെട്ട് കൃഷിയേയും പരിസ്ഥിതിയേയും സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ ഈ ഭാഗങ്ങളിലെ കിണറുകളിലെ ജലവും കുടിക്കാൻ വയ്യാത്ത വിധം ചേറും മാലിന്യങ്ങവും നിറഞ്ഞതായി മാറിയിട്ടുണ്ട്.

# ജനപ്രകൃതി

(അവലംബം 1991 കനേഷുമാരി)

പാറക്കടവ് പഞ്ചായത്തിലെ ആകെ ജനസംഖ്യ 27702 ആണ്. ഇതിൽ പുരുഷന്മാരുടെ എണ്ണം 13764 ഉം സ്ത്രീകൾ 13938 ഉം ആണ്. പുരുഷ-സ്ത്രീ അനുപാതം 1000:1007 ആണ് ( 1000 പുരുഷന് 1007 സ്ത്രീ) സംസ്ഥാനശരാശരി 1000:1040 ആണ്. 6 വയസിൽ താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 3003 കുട്ടികളുടെ കാര്യത്തിൽ ആൺകുട്ടികളാണ് കൂടുതലുള്ളത്. ആൺകുട്ടികൾ 1536, പെൺകുട്ടികൾ = 1464.

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളേക്കാൾ മുന്നിൽ പുരുഷന്മാരാണ്. 11530 പുരുഷന്മാരും 10956 സ്ത്രീകളും സാക്ഷരരാണ്. എന്നാൽ ബാക്കിയുള്ളവരിൽ ഭൂരിപക്ഷവും കേവലസാക്ഷരത (സ്വന്തം പേരെഴുതാനും ഒപ്പിടാനും അറിയുന്നവർ) നേടിയവരാണ്. അങ്ങിനെ ആകെ ജനസംഖ്യയുടെ ഏതാണ്ട് 81% പേരും സാക്ഷരതകൈവരിച്ചവരുടെ പട്ടികയിൽ പ്പെടുന്നു. ഇത് സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. (സംസ്ഥാനശരാശരി - 91%) ജനസംഖ്യയുടെ പകുതിയിലധികം പത്താം തരമങ്കിലും പൂർത്തികരിച്ചവരാണ്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ പകുതിയോളം പേർക്കുമാത്രമേ എന്തെങ്കിലും തൊഴിൽ ലഭിച്ചിട്ടുള്ളൂ. തൊഴിലെടുക്കുന്നവരുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.

| | പുരുഷൻ | സ്ത്രീകൾ | ആകെ |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 6973 | 2439 | 9412 |
| ഭാഗിക തൊഴിലുകൾ | 325 | 403 | 728 |
| ആകെ | 7298 | 2842 | 10140 |

വിവിധ മേഖലയിൽ പണിയെടുക്കുന്നവരുടെ വിതരണമെടുത്തു പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ കൃഷിപ്പണിയാണ്. ഇതിൽതന്നെ കൃഷിക്കാരേക്കാൾ ഏതാണ്ട് ഇരട്ടിയോളം കർഷകതൊഴിലാളികളാണ്. എന്നാൽ ഒരു കാർഷിക പ്രദേശമായിരുന്നിട്ടു കൂടി കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണംമറ്റു മേഖലകളെ അപേക്ഷിച്ച് കുറവാണെന്ന് പറയേണ്ടിയിരിക്കുന്നു.

വിവിധ മേഖലകളിൽ പണിയെടുക്കുന്നവരുടെ പട്ടിക ശ്രദ്ധിക്കുക.

(അവലംബം 1991 കാനേഷുമാരി)

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 1334 | 176 | 1510 |
| കർഷകതൊഴിലാളികൾ | 1455 | 1272 | 2727 |
| പാറപൊട്ടിക്കൽ | 367 | 136 | 503 |
| കുടിൽ വ്യവസായം | 859 | 178 | 1037 |
| നിർമ്മാണം | 562 | 342 | 904 |
| വാണിജ്യം- വ്യവസായം | 1002 | 70 | 1072 |
| സർവീസ് ആൻറ് റിയപ്പർ | 143 | 116 | 259 |
| മൃഗം- മത്സ്യം | 301 | 28 | 329 |
| മറ്റ് സർവീസ് | 523 | 412 | 935 |

# കൃഷിയും ജലസേചനവും

കാർഷിക പ്രധാനമാ യൊരു ഭൂ പ്രദേശമാണ് പാറക്കടവ് പഞ്ചായത്ത്. പഞ്ചായത്തി ൻെറ ഏതാണ്ട് എല്ലാഭാഗത്തും കൃഷിയുടെ വ്യാപനം ആദ്യകാലത്തേ ഉണ്ടായിരുന്നു. കാർഷിക ചരി ത്രം പരി ശോധിക്കു മ്പോൾ പഞ്ചായത്തിനെ രണ്ടു മേഖലകളായി തിരിക്കാവുന്നതാണ്.

## 1. പടിഞ്ഞാറൻ മേഖല

പഞ്ചായത്തി ൻെറ 7, 8, 9, 10, 11 വാർഡുകളാണ് ഈ മേഖലയിൽ ഉൾപ്പെടുന്നത്. ഈ മേഖലയിൽ പ്പെടുന്ന കുറുമശ്ശേരി പ്രദേശമൊഴിച്ച് നിറുത്തിയാൽ മുഴുവൻ പ്രദേശങ്ങളും സമതലപ്രദേശങ്ങളാണ്. വളരെ പണ്ടേ മുതൽക്കു തന്നെ ഈ പ്രദേശങ്ങൾ മണ്ണി ൻെറ ഫലഭൂയിഷ്ഠതയുടെ കാര്യത്തിലും ജലസേചന സൗകര്യങ്ങളുടെ കാര്യത്തിലും സമ്പന്നമായിരുന്നു.
ആദ്യകാലങ്ങളിൽ ഇവിടെ പ്രധാനമായും കൃഷി ചെയ്തു പോന്നിരുന്നത് പറമ്പുകളിൽ കവുങ്ങും പാടങ്ങളിൽ നെല്ലും ആയിരുന്നു. കരിമ്പ്, മുതിര തുടങ്ങിയ ഇനങ്ങളും ഈ പ്രദേശങ്ങളിൽ സുലഭമായിരുന്നു വെന്നാണ് പറയപ്പെടുന്നത്. പിന്നീട് കൂടുതൽ ആദായകര മെന്നു തോന്നിയ തെങ്ങു കൃഷി പറമ്പുകളിൽ വ്യാപകമായി ആരംഭിച്ചു. നെൽകൃഷി ആദായകരമല്ലാത്ത ഒരവസ്ഥ സംജാതമായപ്പോൾ നെൽവയലുകൾ മണ്ണിട്ട് നികത്താനും അവിടങ്ങളിൽ തെങ്ങ് കൃഷി ഇറക്കുവാനുമുള്ള പ്രവണത വ്യാപകമായി. (ഇങ്ങനെ നെൽ വയലുകൾ വ്യാപകമായി നികത്തപ്പെടുന്നതിൽ പാർപ്പിട നിർമ്മാണങ്ങൾക്കും വലിയ പങ്കുണ്ട്) ഇതി ൻെറ ഫലമായി നെൽവയലുകളുടെ വിസ്തൃതിയിൽ പകുതി യോളമെങ്കിലും കുറവുണ്ടായിട്ടുണ്ട്. കാലകാലങ്ങളിലുണ്ടായ വിള ക്രമങ്ങൾക്കനുസരണമായി ഈ പ്രദേശത്ത് വിവിധയിനം വിളകളുടെ വിതരണം നടന്നിട്ടുണ്ട്. ഒരു കാലത്ത് വ്യാപകമായി കൃഷി ചെയ്തിരുന്ന വകൊ ക്കോ ഇന്ന് തീരെ അപ്രത്യക്ഷമായിരിക്കുന്നു. ജാതി, വാഴ, കുരുമുളക്, മാവ്,പ്ലാവ്, പച്ചകറികൾ, തുടങ്ങിയ വിവിധയിനം കൃഷികൾ ഈ മേഖലയിൽ നിലവിലുണ്ട്.

നൈസർഗീഗമായി തന്നെ ഫലഭൂയിഷ്ഠമാ യിരുന്ന ഈ പ്രദേശം ഇന്ന് ഈ കാര്യത്തിൽ വളരെ പിന്നോക്കം പോയിരിക്കുന്നു. അമിതോല്പാദനത്തിനായി കാലത്തും അകാലത്തും മണ്ണി ലേക്ക് ചേർക്കപ്പെട്ട രാസവളങ്ങളുടേയും കീടനാശിനികളു ടേയും ഫലമായി ഈ പ്രദേശത്തെ മണ്ണ് മരിച്ചതിന് സമാനമായിരിക്കുന്നു. ഈ വിധം മരവിച്ചു പോയ മണ്ണിലാണ് ഇപ്പോൾ കൃഷി ചെയ്തു വരുന്നത്. അതു കൊണ്ട് തന്നെ ഈ പ്രദേശത്ത് കാണപ്പെടുന്ന പ്രധാന വിളകളെല്ലാം ഏതെങ്കിലും വിധത്തിലുള്ള രോഗാണുക്കൾക്ക് വിധേയമായി കഴിഞ്ഞിരിക്കുന്നു. തൽഫലമായി ഉല്പാദനക്ഷമതയിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക രംഗത്തെ ഇത് ഗുരുതരമായ ഒരവസ്ഥയിലെത്തിച്ചിരിക്കുകയാണ്. കാർഷികവൃത്തി മൊത്തത്തിൽ ലാഭകരമല്ലാ യെന്നും അതു കൊണ്ട് ഈ രംഗത്ത് പിടിച്ചുനിൽക്കാൻ ശ്രമി ക്കേണ്ടതില്ല എന്നുള്ള ഒരു അസാധാരണ ധാരണ പൊതുവേ വ്യാപകമായിട്ടുണ്ട്.

## 2. കിഴക്കൻ മേഖല

പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ നിന്നും തികച്ചും ഭിന്നമായ പ്രദേശങ്ങളാണ് കിഴക്കൻ മേഖലയിലുള്ളത്. ആദ്യകാലം മുതലേ രൂക്ഷമായ ജലക്ഷാമം അനുഭവിച്ചു പോന്നിരുന്ന പ്രദേശങ്ങളാണിവ. പൂളിയനം, മാമ്പ്ര, എളവൂർ പ്രദേശങ്ങൾ ഏതാണ്ട് കുന്നിൻ പ്രദേശങ്ങളാണ്. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതികളായിരുന്നു ഇവി ടെ പ്രചാരത്തിലുണ്ടായിരുന്നത്. പറമ്പുകളിൽ മരച്ചീനി ഇഞ്ചിപ്പുല്ല് തുടങ്ങിയ ഇനങ്ങളായിരുന്നു. ജലസേചന സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്നതുമൂലം പാടങ്ങൾ ധാരാളമായി കുളങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു. ഈ കുളങ്ങളെയും മഴയെയും മാത്രം ആശ്രയിച്ചിരുന്നതിനാൽ പലപ്പോഴും നെൽകൃഷി വിളവെടുക്കാൻ കഴിയാതെ നശിച്ചു പോകുക പതിവായിരുന്നു. എന്നാൽ 1962കളു ടെ അവസാനത്തിൽ ചാലക്കുടി ഇടതുകര കനാലി ൻെറ പൂർത്തികരണത്തോടെ ഈ പ്രദേശത്തും കാർഷിക വിളകാം ധാരാളമായി കൃഷിയിറക്കാൻ ആരംഭിച്ചു. തെങ്ങ്, വാഴ, ജാതി, പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ എന്നിവ വ്യാപകമായി.

ചാലക്കടി ഇടതുകരകനാൽ ഇന്ന് ഈ മേഖലയുടെ ഒരു ശാപമായി മാറിയിരിക്കുകയാണ്. കനാൽ ഉണ്ട് എന്നതല്ലാതെ അതിൽ നിന്നും വേണ്ട സമയത്ത് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. കനാൽ വന്നു എന്നതു കൊണ്ടുമാ ത്രം ഈ മേഖലയിൽ മറ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിൽ പണ്ടുമുതൽക്കേ യാതൊരു വിധ ശ്രദ്ധയും നല്കിയിരുന്നുമില്ല. അതു കൊണ്ട് തന്നെ ഏക്കറ് കണക്കിന് കൃഷി ഈ പ്രദേശത്ത് ഉണങ്ങി നശിച്ചു പോകുന്ന അവസ്ഥ നിത്യസംഭവമായി മാറിയിരിക്കുകയാണ്. ജലക്ഷാമം വീണ്ടും രൂക്ഷമായതോടെ പറമ്പുകളിൽ റബ്ബർ കൃഷി ആരംഭിക്കുക്യും ഇപ്പോൾ

ഈ പ്രദേശത്തെ മുഖ്യവിളയായി റബ്ബർ മാറുകയും ചെയ്തിട്ടുണ്ട്. ഈ അടുത്ത കാലത്തായി ഈ മേഖലയിൽ ഏതാും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുള്ളത് അല്പം ആശ്വാസം പകരുമെന്നാണ് കരുതുന്നത്. (മാമ്പ്ര, കൈപ്പിള്ളിക്കുന്ന്, കുന്നപ്പിള്ളിശ്ശേരി, ലിഫ്റ്റ് ഇറി ഗേഷൻ പദ്ധതികൾ) (എളവൂർ പുളിയനം ലിഫ്റ്റ് ഇറിഗേഷൻ) പഞ്ചായത്തിലെ വിവിധ വിളകളു ടെ ഭൂവിതരണം സംബന്ധിച്ച കണക്കുകൾ പട്ടികയായി താഴെ കൊടുക്കുന്നു.

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നെല്ല് | |
| ഒന്നാം വിള | 540 |
| രണ്ടാം വിള | 565 |
| മൂന്നാം വിള | 525 |
| തെങ്ങ് | 1065 |
| ഏത്തവാഴ | 190 |
| റബ്ബർ | 185 |
| മരച്ചീനി | 85 |
| പ്ലാവ് | 20 |
| മാവ് | 15 |
| കവുങ്ങ് | 95 |
| ഇഞ്ചി | 10 |
| കുരുമുളക് | 35 |
| ജാതി | 65 |
| പൈനാപ്പിൾ | 5 |
| കശുമാവ് | 8 |
| പച്ചക്കറികൾ | 50 |

വാർഡ്
നമ്പർ

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**
**ഹെക്ടറിൽ**

| | |
|---|---|
| പുരയിടം | 1164 |
| നിലം | 750 |
| പുറമ്പോക്ക് | 168.03 |
| കൃഷിയോഗ്യ മല്ലാത്ത തരിശ് | 4.88 |
| ആകെ | 2078.91 |

പഞ്ചായത്തിലെ മുഖ്യവിളകളായ നെല്ലി ൻെറ ഉല്പാദനക്ഷമത ഏതാണ്ട് ഒരുപറക്ക് 21 വിളവ് എന്നതും തെങ്ങുകളിൽ 25 നാളീ കേരവുമാണ് (ഒരു തെങ്ങിൽ നിന്നും ഒരു വർഷം ലഭിക്കുന്നത്)

രാസവളങ്ങളു ടെയും കീടനാശിനികളു ടെയും കണക്കുകൾ പരി ശോധിക്കു മ്പോൾ 1993-94 വർഷങ്ങളിൽ സഹകരണ മേഖല മുഖേന 97.79 ടൺ രാസവളവും സ്വകാര്യസ്ഥാപനങ്ങൾ വഴി 456 ടൺ രാസവളവും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതേ വർഷത്തിൽ സഹകരണ മേഖലയിലൂടെ 250 ലിറ്റർ ദ്രവ കീടനാശിനിയും 106.75 ടൺ ഖരകീടനാശിനിയും വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. 1994-95 വർഷമായപ്പോൾ സഹകരണമേഖലകളിലും സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയും ആകെ വിറ്റഴിക്കപ്പെ രാസവളങ്ങളുടെ അളവിൽ നേരിയ വർദ്ധനവുണ്ടായപ്പോൾ കീടനാശിനികളുടെ കാര്യത്തിൽ നേരിയ കുറവു ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തി ൻെറ കാർഷിക മേഖലയിൽ യന്ത്രങ്ങളുടെ ഉപയോഗം ഇനിയും വേണ്ട തോതിൽ പുരോഗമിച്ചിട്ടില്ല.

പഞ്ചായത്തിൽ ആകെയുള്ള കർഷകരിൽ നല്ലൊരു ശതമാനവും നാമമാ ത്രകർഷകരാണ്. 6783 പേർ 10 സെൻറിനു താഴെ ഭൂമിയുള്ളവരാണ്. 10 സെൻറ് മുതൽ 25 സെൻറ് വരെയുള്ളവർ 3083 ഉം, 25 സെൻറ് മുതൽ 50 സെൻറ് വരെയുള്ളവർ 1603ഉം, 50 സെൻറിനും ഒരു ഏക്കറിനും ഇടക്ക് ഭൂമിയുള്ളവർ 370 ഉം ആണ്. 1 ഏക്കറിനും 2 ഏക്കറിനും ഇടക്ക് ഭൂമിയുള്ളവർ 246 ഉം, 2 മുതൽ 5 ഏക്കർ വര രെയുള്ളവർ 202 ഉം, 5 ഏക്കറിന് മുകളിൽ ഭൂമിയുള്ളവർ 47 പേരുമാണ്.

പഞ്ചായത്തി ലൊട്ടാ കെയുള്ള തെങ്ങുകളിൽ നല്ലൊരു ശതമാനവും വിവിധ രോഗങ്ങളാൽ ഉല്പാദന ശേഷി നശിച്ച് മുരടിച്ച് നില്ക്കുകയാണ്. തെങ്ങുകളെ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ തെങ്ങുകൾ | – 186375 |
| കായ്ക്കുന്നത് | – 120462 |
| കായ്ക്കാത്തത് | – 55913 |
| റൂട്ട്വിൽറ്റ് രോഗം | – 7827 |
| ലീഫ്റോട്ട് രോഗം | – 1305 |
| ബഡ്റൂട്ട് രോഗം | – 3000 |
| മറ്റുള്ളവ | – 868 |

കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ പഞ്ചായത്തിൽ വിതരണം ചെയ്ത വിവിധയിനം നടീൽ വസ്തുക്കളെ സംബന്ധിച്ച് വിവരം പട്ടികയായി താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1150 | 1240 | 1150 |
| കശുമാവ് | – | – | 240 |
| കുരുമുളക് | 2500 | 11100 | – |
| കവുങ്ങ് | 200 | – | 800 |
| ജാതി | 100 | 1120 | 400 |
| പച്ചക്കറി | 1642 പായ്ക്കറ്റ് | 3320 പായ്ക്കറ്റ് | 1230 പായ്ക്കറ്റ് |
| പയറ് | 700 പായ്ക്കറ്റ് | 64 കി.ഗ്രാം | 52 കി.ഗ്രാം |

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ പ്രചാരണം വേണ്ടത്ര പഞ്ചായത്തിൽ വ്യാപകമായിട്ടില്ല കാർഷികരംഗത്ത് പണി യെടുക്കുന്ന തൊഴിലാളികളെ പലപ്പോഴും അവശ്യത്തിന് കിട്ടാ തെവരുന്നുണ്ട്. കാരണവന്മാരായ കുറേ, കർഷകതൊഴിലാളികളെ മാത്രമേ ഈ രംഗത്ത് പണി യെടുക്കുവാൻ ലഭിക്കുന്നുള്ളു. പുത്തൻ തലമുറക്കാർക്ക് കൃഷി യോടും കാർഷികവൃത്തി യോടുമുള്ള ആഭിമുഖ്യവും ഒട്ടും തന്നെയില്ലായെന്ന് പറയാം. ഇവർ സ്വന്തം കൃഷിയിടങ്ങളിൽ പോലും പണി യെടുക്കാൻ വേണ്ടി മറ്റു തൊഴിലാളികളെ ആശ്രയിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തി ൻെറ കാർഷികമേഖലയുടെ വികാസത്തിന് വിലങ്ങുതടിയായി നില്ക്കുകയാണ്. ജലസേചന ഉപാധികളുടെ കാര്യത്തിൽ പഞ്ചായത്തി ൽ കിഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ കാര്യമായ പുരോഗതിയുണ്ടായതായി കാണുന്നില്ല. പഞ്ചായത്തി ൻെറ പടിഞ്ഞാറൻ മേഖലയിൽ പ്പെടുന്ന പാറക്കടവ്, മൂഴിക്കുളം, പുവത്തുശ്ശേരി പ്രദേശങ്ങളൊഴി കെയുള്ള ഭാഗങ്ങളെല്ലാം ഇന്നും രൂക്ഷമായ ജലക്ഷാമത്തി ൻെറ പിടിയിലാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളൊന്നും ജലസേചന സംവിധാനങ്ങൾക്കൊരു ശാശ്വത പരിഹാരമായി കാണുന്നില്ല.

പഞ്ചായത്തി ൻെറ ഏതാണ്ട് പകുതിയിലധികം അതിർത്തികളും ജലാതിർത്തികളായിട്ടും പഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്നു വെന്നുള്ളത് ഒരു വിരോധാഭാസമായി തോന്നേണ്ടതാണ്.
പഞ്ചായത്തിൽ പണി പൂർത്തിയായിട്ടുള്ള ജലസേചന കനാലുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | പൂർത്തിയായ വർഷം | ആയക്കെട്ട് വിസ്തീർണ്ണം |
|---|---|---|
| 1. പാറക്കടവ് ന.1 ഇറിഗേഷൻ | 1949 | 227.67 ഹെ. |
| 2. പാാക്കടവ് ന.2 ഇറിഗേഷൻ | 1949 | 226.26 ഹെ. |
| 3. പൂവത്തുശ്ശേരി ഇറിഗേഷൻ | 1953 | 75.46 ഹെ. |
| 4. എരയാംകുടി ഇറിഗേഷൻ | 1953 | 13.48 |

ഇവ കൂടാതെ വിവിധ വാർഡുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ലിഫ്റ്റ് ഇറി ഗേഷനുകളും പഞ്ചായത്തി ൻെറ കാർഷികമേഖലക്ക് നേരിയ തണൽ നൽകുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന കൈപ്പിള്ളിക്കുന്ന്, മാമ്പ്ര, കുന്നപ്പിള്ളി ശ്ശേരി, കുറുമശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻ പദ്ധതികളുടെ നിർമ്മാണം ഉടനെ പൂർത്തികരി ക്കേണ്ടതുണ്ട്. രേഖകളിൽ മാത്രം കാണപ്പെടുന്ന നിരവധി പൊതുക്കുളങ്ങൾ ഉപയോഗമാ ക്കേണ്ടതുണ്ട്. കാലങ്ങളായിപറഞ്ഞു കേൾക്കുന്നു പാലുപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടനെ പ്രാവർത്തികമാ ക്കേണ്ടതുണ്ട്. 1962-ൽ ആരംഭിച്ചതും ഇപ്പോഴും എങ്ങുമെത്താതെ നില്ക്കുന്നതുമായ കുറമശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ചുള്ള അനിശ്ചിതാവസ്ഥയും മാറ്റേണ്ടതുണ്ട്.

ഇങ്ങനെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമ്പോൾ തന്നെ വർഷക്കാലങ്ങളിൽ വെള്ളക്കെട്ടിനാൽ ഏക്കർ കണക്കിന് കൃഷിനശിച്ചു പോകുന്ന ഒരവസ്ഥയും പഞ്ചായത്തിൽ നില നില്ക്കുന്നുണ്ട്. ഈ അവസ്ഥക്കും ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തിലുള്ള പൊതുകുളങ്ങളുടെയും തോടുകളുടേയും പരിതാപകരമായ അവസ്ഥക്ക് മാറ്റം വരുത്താനും അവ കെട്ടി സംരക്ഷിക്കുന്നതിനും വേണ്ടുന്ന പദ്ധതികൾ രൂപപ്പെടുത്തണം.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും വിവിധതലങ്ങളിൽ നിന്നും വിദഗ്ധന്മാരിൽ നിന്നും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കപ്പെടേണ്ടുന്ന പ്രധാന പ്രശ്നങ്ങളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

1. കൃഷി ലാഭകരമാകണമെങ്കിൽ കാർഷികരംഗത്ത് പൂർണ്ണമായും യന്ത്രവൽക്കരണം കൂടിയേതീരു. നടീൽ, കൊയ്ത്, മെതി, ഉഴവ്, തുടങ്ങിയ തലങ്ങളിലെല്ലാം യന്ത്രവൽക്കരണമില്ലാതെ മുന്നോട്ട് പോകുക ഇനി അസാധ്യമാണ്.
2. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വാങ്ങുന്നതിനും വാടകനിരക്കിൽ ലഭ്യമാക്കുന്നതിനും പറ്റിയ തരത്തിൽ കാർഷിക യന്ത്രസാമഗ്രികളുടെ വിതരണ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭി ക്കേണ്ടതാണ്.

3. രാസവളങ്ങളുടെ ഉപയോഗം പരമാവധി കുറക്കുകയും ജൈവവളങ്ങളുടെ പ്രയോഗം വിപുലമാക്കുകയും ചെയ്യണം.

4. ജൈവ വളങ്ങൾ സുലഭമായി ലഭിക്കുന്നതിനും ജൈവവളങ്ങളുടെ ഉപയോഗക്രമങ്ങളെ സംബന്ധിച്ചും കൃഷിക്കാരിൽ വേണ്ടത്ര അവബോധം ഉണ്ടാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ വേണ്ട പദ്ധതികൾ നടപ്പിലാക്കണം.

5. ഗ്രൂപ്പ് ഫാമിങ്ങ് കൃഷിസമ്പ്രദായം പുനസംഘടിപ്പിക്കണം.

6. തെങ്ങുകൾക്കുള്ള മരുന്ന് (ബോ ഡോ മിശ്രിതം) തളിക്കൽ കൃത്യമായും നിർവ്വഹിക്കുകയും ജൈവവളങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുകയും ചെയ്താൽ തെങ്ങുകളെ രോഗബാധയിൽ നിന്ന് ഒരു പരിധിവരെയെങ്കിലും രക്ഷിക്കാം. ഇതിനായി കേരസമിതികളുടെ പഴയ സ്വഭാവം വീണ്ടും കൊണ്ടുവരേണ്ടതാണ്.

7. എലിനശീകരണം പഞ്ചായത്ത് ഏറ്റെടുക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും വേണം.

8. പുളിയനം ആസ്ഥാനമായുള്ള നിർദ്ദിഷ്ടജലസേചന പദ്ധതി ഉടനെ പൂർത്തികരിച്ചാൽ കിഴക്കൻ മേഖലയെ കാർഷിക തകർച്ചയിൽ നിന്നും രക്ഷിക്കാം.

9. കാർഷി കോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ ആരംഭിക്കണം. ഈ സഹകരണ സംഘങ്ങളുടെ നിലനില്പിനും വിജയത്തിനുമായി പഞ്ചായത്തിന്റെ മധ്യഭാഗത്ത് ആഴ്ചയിലൊരിക്കലോ, രണ്ടുവട്ടമോ ചന്തകൾ ആരംഭിക്കണം.

10. യന്ത്രവൽക്കരണത്തെ സഹായിക്കുന്ന തരത്തിൽ പാടങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തണം.

### ഗ്രാമസഭാ പ്രത്യേക നിർദ്ദേശങ്ങൾ

**വാർഡ് -ഒന്ന്.**

1. ചാലക്കുടി മേജർ ഇറിഗേഷൻ പ്രൊജക്ടിനെ ഇടമലയാർ ഇറിഗേഷൻ പ്രൊജക്ടിൽപ്പെടുത്തിയെങ്കിലും കനാലിന്റെ മെയിൻറനൻസ് നടത്തിയിട്ടില്ല. ഇത് അടിയന്തരമായി നടത്തി രണ്ടാം വിളയ്ക്ക് എങ്കിലും വെള്ളം എത്തിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

2. എല്ലാവർഷവും ജൂൺ മാസം മുതൽ തന്നെ കനാലിൽ വെള്ളം തുറന്ന് വിട്ട് ഒന്നാം വിളമുതൽ തന്നെ നെൽകൃഷിക്ക് വെള്ളം ലഭ്യമാക്കണം.

3. കനാലിലെ സ്പൗട്ടുകൾ ക്രമീകരിച്ച് താഴെ അറ്റം വരെ വെള്ളം എത്തിക്കണം. കനാൽ വെള്ളം എത്തിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഈ മേഖലയിലെ കൃഷിക്കാർക്ക് വെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി ചാലക്കുടിപ്പുഴയിൽ നിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിപ്പിച്ച് കനാലിലൂടെ വെള്ളമൊഴുക്കണം.

4. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങ് വയ്ക്കുന്നതിനുള്ള പദ്ധതിയിൽ പാറക്കടവ് പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തണം. തെങ്ങിന് മരുന്ന് തളിക്കുന്നതിനുവേണ്ട ഉപകരണങ്ങളും കീടനാശിനികളും സബ്സിഡി നിരത്തിൽ ലഭ്യമാക്കണം.

5. നാളികേര വികസനപരിപാടിയിൽ പ്പെടുത്തി മാമ്പ്രക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ പെട്ടെന്ന് പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.

6. മാമ്പ്ര-ഒന്നാം വാർഡിലെ ജനങ്ങൾക്ക് കുളിക്കുന്നതിനും മറ്റുമായി പഞ്ചായത്ത് വകയായിട്ടുള്ള -രാമകുളം നടുവി

ലെകുളം, പുത്തൻകുളം, മൂടാൻകുളം എന്നിവയുടെ വശങ്ങൾ കരിങ്കൽ ഭിത്തി കെട്ടി ആഴം കൂട്ടണം. ഇങ്ങനെ ചെയ്താൽ 'തൊട്ടടുത്ത കൃഷിഭൂമികളിൽ ജലസേചന സൗകര്യവും നടത്താം.

7. കൃഷിക്കാർക്കായുള്ള ആനുകൂല്യങ്ങൾ യഥാസമയം അറിയുന്നതിനും കൃഷിയെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ യഥേഷ്ടം ലഭിക്കുന്നതിനും കൃഷിഭവന്റെ ഒരു സബ്-സെൻർ മാമ്പ്രയിൽ സ്ഥാപിക്കണം.

8. നെൽകൃഷിക്കുണ്ടാകുന്ന കീടബാധ അകറ്റുന്നതിനും വേണ്ടി കീടനാശിനികൾ, സ്പ്രേയറുകൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാകണം.

9. ഉയർന്ന പ്രദേശങ്ങളിൽ കയ്യാലകെട്ടി മണ്ണൊലിപ്പ് തടഞ്ഞ് മണ്ണ് ഫലഭൂയിഷ്ഠമാക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

10. മാമ്പ്ര-ഒന്നാം വാർഡ് മുഴുവൻ വാട്ടർ ഷെഡ് സ്കീമിൽ ഉൾപ്പെടുത്തി വേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

11. കൃഷി തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്ക് ഉപജീവനമാർഗ്ഗമായി ആട്, പശു, കോഴി, പന്നി എന്നിവ വളർത്തുന്നതിന് വായ്പാ സൗകര്യങ്ങൾ നല്കണം.

12. കൃഷി സംരക്ഷണത്തിന് തോടുകൾ വൃത്തിയാക്കി വശങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കണം.

13. നെൽപ്പാടങ്ങളിൽ നിന്നും അനധികൃതമായി മണ്ണെടുക്കുന്നത് തടയണം.

വാർഡ് -2

1. കൃഷി ആവശ്യത്തിനുള്ള മോട്ടോറുകൾക്ക് സൗജന്യമായി കറൻറ് നൽകുക.

2. വളത്തിനും യന്ത്രസാമഗ്രികൾക്കും സബ്സിഡി നല്കുക.

3. തെങ്ങിന്റെ കാറ്റു വീഴ്ച രോഗം തടയുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുകയും കേടുവന്നവ വെട്ടിമാറ്റി പുതിയവ കൃഷി ചെയ്യുവാൻ തൈകൾ സൗജന്യമായി നൽകുക.

4. നെൽപ്പാടങ്ങളിൽ ഫാം റോഡുകൾ നിർമ്മിക്കുക.

5. നിലവിലുള്ള പാടങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി തോടുകളുടെ വീതി കൂട്ടുകയും വശങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

6. മരുന്ന് സ്പ്രേചെയ്യുന്നതിനുള്ള പമ്പുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

7. മരുന്ന് സബ്സിഡി നിരക്കിൽ വിതരണം നടത്തുക.

8. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ സൗജന്യനിരക്കിൽ നൽകുക.

9. കൃഷിയെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പെടുത്തുക.

10. കനാൽ വെള്ളം ലഭിക്കാത്തതു കൊണ്ട് കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നഷ്ടപരിഹാരം നല്കുക.

11. മണ്ണിന്റെ അമ്ളം കുറക്കുന്നതിന് ഇത്തൾ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുക.

12. കംപോസ്റ്റ് കുഴികൾ നിരമ്മിക്കുന്നതിന് സഹായം ഏർപ്പെടുത്തി ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.

13. ഗ്രൂപ്പ് ഫാമിങ്ങ് കൃഷിസമ്പ്രദായം ഏർപ്പെടുത്തുക.

14. ട്രാക്റ്റർ, ടില്ലർ എന്നീ യന്ത്രസാമഗ്രികൾ പകുതി വിലക്ക് നൽകുക.

15. പച്ചക്കറികൃഷിക്ക് വിത്തും വളവും സൗജന്യമായി നൽകുക.

16. C.C.D.P യിൽ പെടുത്തി അനുവദിച്ചിട്ടുള്ള എളവൂർ പുളിയനം ലിഫ്റ്റ് ഇറിഗേഷനുകൾ എത്രയും പെട്ടെന്ന് നടത്തുവാനുള്ള നടപടി സ്വീകരിക്കുക.

17. കൃഷി ആവശ്യത്തിനുള്ള മോട്ടോറുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

18. ജലസേചന സൗകര്യങ്ങൾക്കായി പുതിയ കിണറുകൾ കുഴിക്കുന്നതിന് സബ്സിഡി നൽകുക.

19. രണ്ടാം വാർഡിലെ പൊതുകുളങ്ങൾ കെട്ടി സംരക്ഷിക്കുക.

വാർഡ് -3

1. ചാലക്കുടി ഇടതുകരകനാലിലൂടെ വെള്ളം വിട്ടു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കനാൽ മെയിൻറനൻസ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതാണ്.

2. നെല്ല്, തെങ്ങ്, വാഴ, റബ്ബർ, ജാതി, കമുക് മുതലായവയക്ക് യഥാസമയം വരുന്ന വരൾച്ച പ്രകൃതി ക്ഷോഭം രോഗബാധ എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.

3. മറ്റപ്പിള്ളി, മാലിപ്പാടം തോട് ഇരുവശവും കെട്ടി മണ്ണൊലിപ്പ് തടയുന്നതിനും കൃഷിയെ സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

4. ഭാരണിപ്പാടം തോട് താഴ്ത്തി ഇരുവശവും കെട്ടി കൃഷിയെ സംരക്ഷിക്കുക.

5. കോടുശ്ശേരി പാടശേഖരത്ത് പണിപൂർത്തിയായി കൊണ്ടിരിക്കുന്ന പെട്ടിയും പറയും എത്രയും വേഗം

പ്രവർത്തനശേഷിയുള്ളതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. രണ്ട് പാടശേഖരങ്ങൾക്ക് ഒരു പൂവ് കൂടി കൃഷിക്ക് ഉപകരിക്കുന്ന പാലുപ്പുഴ ലിഫ്റ്റ് ഇറി ഗേഷൻ പദ്ധതി എത്രയും അടിയന്തരമായി നടപ്പിലാക്കുക.

7. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് സമയാസമയങ്ങളിൽ വിത്ത്, വളം, കീടനാശിനി, ഇത്തൾ മുതലാവ സബ്സിഡി നിരക്കിൽ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച് തരിക.

8. അമ്മൻ കുളം – കാ ങ്കോളി തോടി ൻെറ ഇരുവശവും താഴ്ത്തികെട്ടി സംരക്ഷിക്കുക.

9. നെൽകൃഷിയിടങ്ങളിൽ ചോലവരുന്ന രീതിയിൽ അടുത്തുള്ള നിലങ്ങളിലും പുരയിടങ്ങളിലും വൃക്ഷതൈകൾ വയ്ക്കുന്നത് കർശനമായി നിരോധിക്കുകയും നിലവിലുള്ളവ വെട്ടിമാറ്റുകയും ചെയ്യുക.

10. പുളിയനം ഈസ്റ്റ് പാടശേഖരത്തി ൻെറ പരിധിയിൽ വരുന്ന സ്ഥലത്ത് മെറ്റൽ ക്രഷർ വരുന്നത് ഒരു കാരണവശാലും അനുവദിക്കരുത്.

11. കൃഷിസ്ഥലങ്ങളി ലേക്ക് ടെമ്പോ, ട്രില്ലർ എന്നിവ കടന്നു പോകുന്നതിനുള്ള വഴികൾ നന്നാക്കുക.

വഴികൾ:– (1) സെൻറ്. ഫ്രാൻസീസ് എൽ.പി. സ്കൂളിന് കിഴക്കുവശം പാടത്തേക്കുള്ള വഴി.

(2) മനയ്ക്കപ്പടിയിൽ നിന്നും പാടശേഖരത്തേക്കുള്ള വഴി.
(3) സാരഥി അവൽമില്ല് പരിസരത്തു നിന്നു കുണ്ടേലി പുഞ്ചപ്പാടം റോഡ്. ടി. റോഡ് 1/2 കിലാമീറ്റർ കരിങ്കല്ലിന് കെട്ടി വീതി കൂട്ടണം.

12. കേടുവന്ന തെങ്ങിൻ തൈകൾ വെട്ടിമാറ്റുന്നതിനും പുതിയവ വയ്ക്കുന്നതിനും സഹായം നൽകുക.

13. നിലവിലുള്ള മാടവനചിറ നാലുവശവും കെട്ടി സംരക്ഷിക്കുക.

14. പടക്കുളങ്ങര ലിഫ്റ്റ് ഇറി ഗേഷൻെറ പ്രവർത്തന രഹിതമായ പഴയ 15 ഌ.ഗ്ല. യുടെ മോ ട്ടോറും അനുബന്ധ ഉപകരണങ്ങളും നിലവിലുള്ള കാങ്കോളി ഇറി ഗേഷൻ ഷെഡിൽ ഉൾ പ്പെടുത്തി സ്ഥാപിച്ചു കൊണ്ട് പുളിയനം ഈസ്റ്റ് പാടശേഖരത്തേക്ക് ജലസേചനം നടത്തുന്നതിന വേണ്ട നടപടികൾ സ്വീകരിക്കുക.

### വാർഡ് -4

1. അമ്മൻ കുളത്ത് ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള 50 ഌ.ഗ്ല. മോ ട്ടോറിന് ഇലക്ട്രിക് കണക്ഷൻ വാങ്ങുകയും എത്രയും വേഗം പ്രവർത്തനക്ഷമമാ ക്കേണ്ടതുമാണ്.

2. കോടു ശ്ശേരി പാടശേഖരത്തിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയും പറയും എത്രയും പെട്ടെന്ന് തന്നെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

3. പെട്ടിയും പറയു ടെയും അരികിൽ കോടു ശ്ശേരി പാടത്തിൻെറ നടുവിലൂടെ പോകുന്ന തോട് പുളിയനം ഇറി ഗേഷൻ കുളം മുതൽ മാഞ്ഞാലി തോട് വരെ താഴ്ത്തി വീതികൂട്ടിയാൽ ഇറി ഗേഷനുകൾക്ക് ആവശ്യമായ വെള്ളം കിട്ടുകയും 300 ഏക്കറോളം നിലം സൗകര്യ പ്രദമായി കൃഷി ചെയ്യാനും കഴിയും.

4. ചിറക്കോട് പാടത്തി ൻെറ നടുവിൽ കൂടി പോകുന്ന തോട് വീതി കൂട്ടി രണ്ടു വശവും കെട്ടിയാൽ കൃഷിനാശം സംഭവിക്കുന്നത് തടയാവുന്നതാണ്.

5. കോടുശ്ശേരി ലിഫ്റ്റ് ഇറി ഗേഷനിൽ ഇപ്പോഴുള്ള 20 HP മോട്ടോർ മാറ്റി 50 HP മോട്ടോർ ആക്കിയാൽ ഈ പ്രദേശത്തെ ജലക്ഷാമം കുറെക്കൂടി പരിഹരിക്കാൻ കഴിയുന്നതാണ്.

6. പെട്ടിയും പറയുടെ പടിഞ്ഞാറ് വശത്ത് കണിയാങ്ങാൽ ലിഫ്റ്റ് ഇറി ഗേഷനി ലേക്ക് പോകുന്ന തോട് മാഞ്ഞാലി തോടുവരെ താഴ്ത്തി വീതി കൂട്ടണം.

7. മധുരപ്പുറം തുടങ്ങി കൂത്തുകുളങ്ങര വരെ ഇപ്പോഴുള്ള വരമ്പ് മണ്ണിട്ട് വീതിയിൽ കെട്ടിയാൽ ഏകദേശം 150 ഏക്കറോളം നിലം സമയത്തിന് കൃഷി ചെയ്യുവാൻ സാധിക്കുകയും അതു മൂലം കൃഷിക്കാർക്ക് ഇപ്പോൾ അനുഭവിക്കുന്ന ദുരിതാശ്വാസ ഫണ്ടുകൾ ഒഴിവാക്കുവാനും സാധിക്കും.

8. കോടു ശ്ശേരിപടിഞ്ഞാറെ പാടത്തി ൻെറ നടുവിൽ കൂടി പോകുന്ന തോട് ഭരണിപാടം തുടങ്ങി ഊപ്പിളകുളം വരെ താഴ്ത്തി വീതികൂട്ടി രണ്ടുവശവും കെട്ടികൃഷി സംരക്ഷി ക്കേണ്ടതാണ്.

9. ഊപ്പിളകുളം താഴ്ത്തി വീതി കൂട്ടി നാലുവശവും കെട്ടി ഒരു 15 ഌ.ഗ്ല മോ ട്ടോർ സ്ഥാപിച്ചാൽ ഏകദേശം 100 വീട്ടുകാർക്ക് കൃഷി ഉണങ്ങി പോകുന്നത് തടയുവാനും കുടി വെള്ളത്തിനും ഉപകരിക്കും.

10. കുളക്കാട് പാടത്തി ൻെറ നടുവിൽ കൂടി പോകുന്ന തോട് വാച്ചാൽ വരെ നിരന്നുകിടക്കുകയാണ്. ഒരു ചെറിയ മഴ പെയ്താൽപ്പോലും കൃഷിയിടങ്ങൾ മുങ്ങി പോകുകയാണ്. ഈ തോട് താഴ്ത്തി വീതി കൂട്ടി വാച്ചാൽ വരെ കെട്ടി സംരക്ഷിച്ചാൽ കൃഷിനാശം ഒഴിവാക്കാൻ കഴിയും. കൂടാതെ മാങ്കുളം താഴ്ത്തി വിസ്തീർണ്ണം തിട്ടപ്പെടുത്തി കെട്ടിയാൽ മുകൾ ഭാഗത്തുള്ള പുരയിടങ്ങളിലെ ഉണക്ക് പരിഹരിക്കാവുന്നതും കുളക്കാട്ടിൽ ഏകദേശം 50 ഏക്കറോളം പുഞ്ചകൃഷി ചെയ്യാവുന്നതുമാണ്.

11. പോതിര പുത്താനം ബണ്ട് തകർന്ന നിലയിലാണ് ഈ ബണ്ട് കെട്ടി സംരക്ഷിച്ചി ല്ലെങ്കിൽ പടിഞ്ഞാറുവശത്ത്

കൃഷി തുടങ്ങുവാൻ സാധിക്കാതെ വരും. അതു കൊണ്ട് ഈ ബണ്ട് സുരക്ഷിതമാക്കാൻ അടിയന്തിര നടപടി സ്വീകരി ക്കേണ്ടതാണ്.

12. അങ്കമാലി – മാഞ്ഞാലി തോട് താഴ്ത്തി വീതി കൂട്ടി ഈ പ്രദേശത്തെ കൃഷി സംരക്ഷി ക്കേണ്ടതാണ്.

13. കൃഷി ഓഫീസിൽ നിന്നും സബ്സിഡി കൊണ്ട് സ്ഥാപിച്ചിട്ടുള്ള മോ ട്ടോറുകൾക്ക് എത്രയും പെട്ടെന്ന് കണക്ഷനുകൾ കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരി ക്കേണ്ടതാണ്.

14. കാർഷിക മേഖലിയിൽ ഏറ്റവും ഉപദ്രവകാരികളായ കീടങ്ങളെ നശിപ്പിക്കുന്നതിനു വേണ്ട സംവിധാനം പഞ്ചായത്തി ൻെറ ഭാഗത്തുനിന്നും എടു ക്കേണ്ടതാണ്.

വാർഡ് - 5

1. വാർഡിൽ നിന്നും പച്ചക്കറി കൃഷിക്ക് 25 പേരെ തിരഞ്ഞെടുത്ത് അവർക്ക് വിത്തും വളവും സൗജന്യമായി നൽകുകയും മരുന്ന് കുറ്റികളും കീടനാശിനികളും സൗജന്യനിരക്കിൽ നൽകേണ്ടതുമാണ്.

2. ഹോർട്ടികൾ ച്ചർ സ്കീമിൽ കൂടുതൽ കർഷകരെ ഉൾ പ്പെടുത്തണം. ഏത്തവാഴയ്ക്കു പുറമേ മറ്റ് വാഴകളേയും പ്രോത്സാഹിപ്പിക്കാൻ നടപടിയുണ്ടാകണം.

3. നെൽകൃഷിക്ക് രാസവളസബ്സിഡി വർദ്ധിപ്പിക്കുകയും വിത്തും വളവും സൗജന്യ നിരക്കിൽ തരികയും വേണം. മരുന്ന് അടിക്കുന്നതിനുള്ള കുറ്റിയും. ഇതളും സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

4. പച്ചക്കറിസ്റ്റോർ ഈ പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച് കൃഷിക്കാരുടെ കയ്യിൽ നിന്നും ന്യായവിലക്ക് സംഭരിച്ച് ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലക്ക് നൽകാൻ നടപടിയുണ്ടാകണം.

5. നെൽകൃഷി സ്ഥലങ്ങൾ ഇഷ്ടികകളങ്ങൾക്കും മറ്റുമായി മണ്ണിട്ട് നികത്തുന്നതും കുഴിക്കുന്നതും കർശനമായി നിരോധിക്കണം.

6. കൃഷിക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിക്കണം.

7. അഞ്ചാം വാർഡിനെ വാട്ടർ ഷെഡ് പദ്ധതിയുലുൾ പ്പെടുത്തണം. കേട് വന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് 500 രൂപ സബ്സിഡി നൽകുകയും, പുതിയത് വയ്ക്കുന്നതിന് പകുതി വിലക്ക് മേൽത്തരം തൈകൾ നൽകുകയും വേണം.

8. കൂമ്പ് ചീയൽ, ഓല ചീയൽ, രോഗങ്ങൾ ഒരു പരിധിവരെ തടയുന്നതിന് തുരിശ് തളിക്കാൻ കൃത്യമായ സംവിധാനം ഉണ്ടാകണം.

9. സർക്കാർ ഉടമസ്ഥതയിൽ കൊപ്രാ സംസ്ക്കരണശാല ഈ പഞ്ചായത്തിൽ ഒരെണ്ണമെങ്കിലും ഉണ്ടാകണം.

10. പാരണികുളത്തിൻെറ അതിർത്തി മുതൽ തെക്കോട്ട് പോകുന്ന തോട് വികസിപ്പിച്ച്. ഷട്ടർ സ്ഥാപി ക്കേണ്ടിടത്ത് സ്ഥാപിച്ച് ആ തോടിൻ പുത്തൻ കടവ് ചാലി ൻെറ കൊളചാൽ തോട് വരെ പണി പൂർത്തിയാക്കണം.

11. പേര്യേപ്പാടം വഴിയുടെ പടിഞ്ഞാറ് വശത്ത് നിന്ന് പോകുന്ന നടു ത്തോടും വികസിപ്പിച്ച് പാടത്തി ൻെറ വെള്ളക്കെട്ട് മാറ്റിത്തരണം.

12. എളവൂർ പാടത്ത് നിന്ന് കൊളച്ചാൽ വരെ കിടക്കുന്ന തോട് വികസിപ്പിച്ച് താഴ്ത്തിയാൽ ആ പ്രദേശത്തെ വെള്ളക്കെട്ട് മാറ്റി യെടുക്കാൻ കഴിയും. കൊളച്ചാലി ൻെറ കിഴക്ക്ഭാഗത്ത് 10 ഍ഗ്ഗ യുടെ മോ ട്ടോർ സ്ഥാപിച്ചാൽ 50 ഏക്കറോളം വരുന്ന സ്ഥലത്ത് നനക്കാൻ കഴിയും.

13. പുത്തൻ കാവ് ചാലി ൻെറ തെക്കു വശത്തുള്ള വെള്ളക്കെട്ട് മാറ്റി യെടുക്കുന്നതിന് വേണ്ടി കൊ ളോച്ചാലി ൻെറ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള ഷട്ടറി ൻെറ അടുത്ത് തന്നെ മറ്റൊരു തോട് സ്ഥാപിച്ചാൽ ചാലിലെ വർഷത്തിലെ വെള്ളക്കെട്ട് മാറ്റിയെടുക്കാൻ കഴിയും.

14. കുന്നപ്പിള്ളിശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻെറ പണി എത്രയും വേഗം പൂർത്തിയാക്കണം.

15. തിരുപറമ്പ് കടത്തുകടവി ൻെറ സമീപമുള്ള കെട്ടി ൻെറ ഇടിഞ്ഞു പോയ സ്ഥലങ്ങൾ കെട്ടുകയും പഴുതുകൾ സിമൻെറ് കൊണ്ട് അടയ്ക്കുകയും വേണം.

16. സർക്കാരിൻെറ ഭീമമായ സംഖ്യ ഓരോ ഇറിഗേഷൻ പദ്ധതിക്ക് ചെലവാക്കുകയും അതി ൻെറ ആയക്കെട്ട് അതിർത്തിയിൽ ഉൾപ്പെടുത്തുകയും വെള്ളം കിട്ടുകയും ചെയ്യുന്നിടത്ത് കൃഷി ചെയ്യാതെ ഭൂമി തരിശിടുന്ന നടപടി അവസാനിപ്പിക്കണം.

17. കുന്നപ്പിള്ളിശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻ നമ്പർ ഒന്നി ൻെറ എളവൂർ പാടത്തേയ്ക്കുള്ള വാർക്കബണ്ട് കിഴക്കോട്ടും തെക്കോട്ടും നീട്ടിവാർത്ത് തരാനുള്ള സംവിധാനം ഉണ്ടാക്കണം.

18. പാലുപ്പുഴ ലിഫ്റ്റ് ഇറി ഗേഷൻ എത്രയും വേഗം പൂർത്തിയാക്കണം. കുന്നിപ്പിള്ളി ശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻെറ ബണ്ടിൽ 4 സെൻറ് കോളനിയുടെ പരിസരത്ത് മോ ട്ടോർ വെച്ച് റീലിഫ്റ്റ് ചെയ്ത് വടക്കോട്ട് വെള്ള മെത്തിക്കണം. ടി. ബണ്ടി ൻെറ വടക്കേവശത്തുള്ള ആദ്യത്തെ സ്പൗട്ടിൽ നിന്നും വടക്കേ വഴിയുള്ള കയ്യാണി(തോട്) വാർത്ത് ശരിയാക്കണം. അതു പോലെ തന്നെ ടി. ബണ്ടി ൻെറ ടി. ഒ. തോമൻെറ പറമ്പിൽ നിന്നും ആരംഭിക്കുന്ന കയ്യാണി കിഴക്കേ വഴിവരെ വാർത്ത് തരണം.

18. എളവൂർ പാടത്തു നിന്നും കൂളോച്ചാൽ തോട്ടി ലേക്ക് ജല നിർഗ്ഗമനതോട് നിർമ്മിക്കണം.

വാർഡ് 6

1. 6-ാം വാർഡിലെ കുന്നപ്പിള്ളിശ്ശേരി എളവൂർ,

കുരിയാക്കുളം ചെട്ടിക്കുന്ന് പള്ളി പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ കൃഷിക്ക് വെള്ളം എത്തിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കണം. C.C.D.P പദ്ധതി പ്രകാരം പാലുപ്പുഴയിതിനിന്നും പമ്പിംഗ് നടത്തി വിവിധ മേഖലയിലേക്ക് പ്രത്യേകം പദ്ധതികളാക്കി വെള്ളം എത്തിക്കണം. പാലുപ്പുഴ പദ്ധതി നടപ്പിലാക്കുക.

2. അയിരൂർ പാടത്ത് നിന്നും ശ്രാമ്പിയ്ക്കൽ പാടവുമായി ബന്ധപ്പെട്ട തോട് വികസിപ്പിച്ച് ശ്രാമ്പിക്കൽ പാടത്ത് മഴക്കാ ലത്ത് വരുന്ന വെള്ളകെട്ട് ഒഴിവാക്കുന്നതിനും. നിലവിൽ പാലുപ്പുഴയിൽ എരയാം കുടി 5-ാം നമ്പർ മോട്ടോർ കപ്പാസിറ്റി കൂട്ടി കുറച്ച് തോടു കൂടി എടുത്ത് ആപ്രദേശം മുഴുവനും വെള്ളം എത്തിക്കണം.

3. മാമ്പ്രപാടം കണ്ടോത്ത് ചിറതോട് ആഴം കൂട്ടി മഴക്കാലത്ത് വെള്ളകെട്ട് ഒഴിവാക്കുന്നതിന് നടപടി വേണം.

4. ജലസേചനം ഒരു വിധത്തിലും എത്തിക്കുവാൻ കഴിയാത്ത പ്രദേശത്ത് സബ്സിഡി നിരക്കിൽ പമ്പ് സെറ്റ് എത്തിക്കാൻ നടപടി വേണം.

5. എരയാം കുടി പാടത്ത് 6-ാം വാർഡിൽ വരുന്ന ഭാഗങ്ങളിൽ ക്രഷർ തുടങ്ങിയ വ്യവസായങ്ങൾ കടന്നു വരുന്നത് തടയണം.

6. എരയാം കുടി പാടത്ത് ഇഷ്ടികകളങ്ങൾ വരുന്നത് കൊണ്ട് പാടശേഖരങ്ങളി ലേക്ക് പോകുന്ന വഴികൾ പൊതുവഴിയായി പ്രഖ്യാപിക്കണം.

7. 6-ാം വാർഡി ന്റെ മുഴുവൻ പ്രദേശങ്ങളും വാറൂർ ഷെഡ് പദ്ധതിയിൽപ്പെടുത്തണം.

8. നെൽകൃഷിക്കാർക്ക് ട്രില്ലർ, മെതിയന്ത്രം, മരുന്നടിക്കുന്നതിനുള്ള പമ്പ് മുതലായവ സബ്സിഡി നിരക്കിൽ എത്തിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

വാർഡ് -7

1. കൃഷി ഭൂമിയിൽ ഇഷ്ടിക കളങ്ങൾ അനുവദിക്കരുത്.

2. നെൽകൃഷിക്കാരന് ന്യായവില ലഭിക്കുന്നതിന് നെല്ല് സഹകരണ സംഘങ്ങൾ വഴി സംഭരിക്കുക.

3. മെതിയന്ത്രവും കൊയ്ത്ത് യന്ത്രവും സൗജന്യ നിരക്കിൽ നൽകുക. വളവും കീടനാശിനികളും സബ്സിഡിയായി നൽകുവാൻ നടപടി ഉണ്ടാകണം.

4. വാപ്പാലകടവിൽ നിന്നും ജലനിർഗമനതോട് ഉണ്ടാക്കുക.

5. എൽഞ്ഞികുഴി - കൈപ്പാലം തോട് പുനസ്ഥാപിക്കുക. വാപ്പാലക്കാട്ടി ലേക്ക് വെള്ളം ലഭിക്കുന്നതിന് കോൺക്രീറ്റ് ചാനൽ നിർമ്മിക്കുക.

6. പഞ്ചായത്തിൽ ഒരു വിത്തുല്പാദനകേന്ദ്രം തുടങ്ങുക.

7. 10 സെൻറ് സ്ഥലത്തിന് മുകളിലുള്ള എല്ലാവർക്കും പച്ചക്കറി കൃഷി തുടങ്ങുവാനുള്ള സഹായം എത്തിക്കുക.

8. ചൂരക്കടവ് - പാണ്ടുകുഴി കൈപ്പാലം തോട്, പേരേപ്പാടം- പുത്തൻകായിചാൽ കുളച്ചാൽ തോട്, ഉതിമറ്റം കൈപ്പാലം തോട്, ചെട്ടികുളം- മധുരപ്പുറം തോട്, കരിപ്പാ ശ്ശേരി- മുതുകുളം ഡ്രെയി നേജ് എന്നിവയുടെ നിർമ്മാണം പ്രവർത്തനങ്ങളിലൂടെ കൃഷി അഭിവൃദ്ധി പ്പെടുത്തുക.

9. പവർ ടില്ലറുകൾ, പമ്പു സെറ്റുകൾ, കിണർ, സ്പ്രേയറുകൾ എന്നിവ കാർഷികാവശ്യങ്ങൾക്ക് ആവശ്യാനുസരണം സബ്സിഡിയായി അനുവദിക്കുക.

10. പാറക്കടവ് നമ്പർ-ഒന്ന് (No-1) ലിഫ്റ്റ് ഇറി ഗേഷൻ ലൈനിങ്ങ് നടത്തുക.

11. ചെട്ടിക്കുളം, കരിപ്പാ ശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻ പദ്ധതികൾ ഉടനെ നടപ്പിലാക്കുക.

വാർഡ് - 8

1. കുറുമശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻ സ്കീം നടപ്പാക്കുന്നതിൽ സത്വര നടപടികൾ സ്വീകരിക്കുക. ഈ പദ്ധതി നടപ്പിലായാലും വെള്ള മെത്തി ച്ചേരാൻ സാധ്യതയില്ലാത്ത ചൂണ്ടാൻ തുരത്ത് ഭാഗത്ത് പഞ്ചായത്ത് വക പമ്പ് സെറ്റ് സ്ഥാപിക്കുക.

2. കുറുകപ്പാടത്തി ന്റെ തെക്കേ അറ്റത്ത് മാണിക്കാടിനേയും പള്ളപ്പുറത്ത് പറമ്പി നേയും ബന്ധിപ്പിച്ചു കൊണ്ട് ചിറകെട്ടിയാൽ ഒരു പൂവ് കൃഷി ചെയ്യുന്ന പ്രദേശത്ത് മുപ്പൂവ് കൃഷി യിറക്കാൻ കഴിയും.

3. അങ്കമാലി- മാഞ്ഞാലി തോടി ന്റെ തുളച്ചാൽ മുതൽ അയിരൂർ തോട് വരെയുള്ള ഭാഗം ആഴം കൂട്ടി ഇരുകരകളെയും സംരക്ഷിക്കുക.

4. ഗ്രൂപ്പ് ഫാമിംഗ് പുനസ്ഥാപിച്ച് വിത്ത്, വളം, കീടനാശിനി എന്നിവക്ക് 50% സബ്സിഡി അനുവദിക്കുക.

5. കേരസംരക്ഷണസമിതി വാർഡ് തലത്തിൽ കൊണ്ടുവരിക.

6. പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത് വിതരണം നടത്തുക.

7. കൃഷിഭൂമി നികത്തൽ മണ്ണെടുക്കൽ എന്നിവ നിരോധിക്കുക. പഞ്ചായത്ത് വക മോ ട്ടോറുകളുടെ പ്രവർത്തനം പഞ്ചായത്ത് നേരിട്ട് ഏറ്റെടുക്കുക.

വാർഡ് -9

1. തുളച്ചാൽ പുഴയിൽ നിന്നും ആരംഭിക്കുന്ന വിവിധ കൈത്തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് തുളച്ചാൽ - കുണ്ടോത്തറ പാടശേഖരത്തിലെ കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുക.

2. പുഞ്ചകൃഷി സമയത്ത്, കുന്നുകര പഞ്ചായത്ത്

പരിധിയിൽ വരുന്ന കോരൻെറ കടവിലെ ഷട്ടർ യഥാസമയം തുറന്ന് വെള്ളത്തി ൻെറ ഗതിവിഗതികൾ നിയന്ത്രിക്കുക.

3. വടക്കേപ്പാടത്തിൻെറ മധ്യഭാഗത്ത് കൂടെ ഒഴുകുന്ന കൈപ്പാലം തോടിൻറ ആഴം കൂട്ടി ഇരു വശങ്ങളും കെട്ടി സംരക്ഷിച്ചാൽ ഈ ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കാം.

4. പാറക്കടവ് നമ്പർ - ഒന്ന് (No:1) കനാലി ൻെറ പണിപൂർത്തികരിക്കാതെ കിടക്കുന്ന ഭാഗം പൂർത്തികരിച്ച് ബണ്ട് റോഡിൻെറ നിർമ്മാണം പൂർത്തിയാക്കിയാൽ 10 ഏക്കർ കൃഷി ഭൂമിയി ലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കാം.

5. വട്ടേക്കാട്ട് ചിറ ലിഫ്റ്റ് ഇറി ഗേഷൻ സ്കീം ത്വരിതപ്പെടുത്തുക.

## വാർഡ് -10

1. പാക്കര മുതൽ പാലുപ്പാടം വരെ കനാൽ കോൺ ക്രീറ്റ് ചെയ്ത് പട്ടിക ജാതിക്കാരുടെ കൃഷി സ്ഥലങ്ങളി ലേക്ക് വെള്ളം എത്തിക്കുവാനുള്ള സാധ്യത ഉണ്ടാക്കണം.

2. കേളൻ കുളത്ത് നിന്നും മഞ്ഞക്കേരി വരെ 600 മീറ്റർ നീളത്തിൽ കോൺ ക്രീറ്റ് കനാൽ നിർമ്മിക്കണം.

3. പൂവ്വത്തു ശ്ശേരി ഇറി ഗേഷൻ മെയിൻ കനാൽ ഒരു സൈഡി ലേക്ക് മാറ്റി ഒരു ജീപ്പ് റോഡ് നിർമ്മിക്കണം.

4. കാർഷികോല്പന്നങ്ങൾ സർക്കാർ ഏജൻസികൾ നേരിട്ട് സംഭരിക്കണം.

5. തിരുവരമ്പ് ചിറയുടെ ഇപ്പോഴുള്ള ഷട്ടർ പൊളിച്ച് വലുതാക്കണം.

6. പാറക്കടവ് നമ്പർ-2 മെയിൻ കനാലിൻെറ പറയമൂല മുതൽ തെക്കോട്ട് 600 മീറ്റർ നീളത്തിൽ കോൺ ക്രീറ്റ് ചെയ്യണം.

7. പൂവത്തുശ്ശേരി ലിഫ്റ്റ് ഇറി ഗേഷൻ സ്കീമിൻെറ മോ ട്ടോർ മാറ്റി ഉയർന്ന H.P മോ ട്ടോർ സ്ഥാപിക്കുക.

8. പാതത്തോട് 1500 മീറ്ററോളം കോൺ ക്രീറ്റ് ചെയ്ത 25 ഏക്കർ ഭൂമിയിലെ വെള്ളക്കെട്ട് ഒഴിവാക്കുക.

9. ചാലാതുരുത്ത് മുതൽ ഏലാ ത്തോട് ഏതാണ്ട് 1500 മീറ്റർ കയ്യാണി കോണക്രീറ്റ് ചെയ്യുക.

10. പാറക്കടവ് No:2 കനാലി ൻെറ ബ്രാഞ്ച് കനാൽ പൂവത്തു ശ്ശേരി മെയിൻ കനാലി നോട് ബന്ധിപ്പിക്കണം.

11. വാർഡ് അടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിച്ചു കൊണ്ട് എലിനശീകരണ പ്രവർത്തനം ത്വരിതപ്പെടുത്തണം.

12. പാറക്കടവ് No:2 കനാലി ൻെറ മൊതക്കാട്ടിൽ നിന്നും ഇരുമ്പുങ്ങൽ വരെ പോകുന്ന കയ്യാണി കോൺ ക്രീറ്റ് ചെയ്ത് ജലസേചനം വ്യാപിപ്പിക്കണം. (600 മീറ്റർ)

13. മയ്യാറിൽ നിന്നും ഏമാതിവരേയും മയ്യാറിൽ നിന്നം പരിയകുന്ന് വരെയും പോകുന്ന കയ്യാണികൾ കോൺ ക്രീറ്റ് ചെയ്യണം.

14. ഏലാത്തോട് പണിപൂർത്തിയാക്കണം.

15. പുറക്കുളം മുതൽ അഞ്ചാലക്കൽ കുളം വരെയുള്ള കയ്യാണി (1500 മീറ്റർ) കോൺ ക്രീറ്റ് ചെയ്യണം.

16. ചാലാതിരുത്തി മുതൽ കണ്ണങ്കേരി വരെ റോഡിനു വേണ്ടി തിരിച്ചിട്ടുള്ള ഭൂമി ഉടനെ തന്നെ റോഡാക്കി മാറ്റി കാർഷിക പ്രവർത്തനത്തെ ശക്തി പ്പെടുത്തണം.

17. കുത്തി ത്തോട്ടിൽ നിന്നും ഏലത്തോട് വരെ 1000 മീറ്റർ നീളം തോട് കോൺ ക്രീറ്റ് ചെയ്ത് 50 ഏക്കർ ഭൂമിയിലെ വെള്ളക്കെട്ട് ഒഴിവാക്കണം.

18. തിരുപറമ്പ് മേലാരം ഡ്രെയി നേജ് ഉടൻ പൂർത്തിയാക്കണം.

## വാർഡ് -11 (പതി നൊന്ന്)

1. നിവവിലുള്ള ഇറി ഗേഷൻ കനാലുകളും ഡ്രെയി നേജ് കനാലുകളും കോൺ ക്രീറ്റ് ചെയ്യുകയും ഒരു ഭാഗം ജീപ്പ് റോഡാക്കി മാറ്റുകയും ചെയ്യുക.

2. ഏലാ ത്തോട് പാഴാ റത്തോടുമായി ബന്ധിപ്പിക്കുക.

3. കൊച്ചുകടവ് കേന്ദ്രീകരിച്ച് ഒരു 100 H.P മോ ട്ടോർ സ്ഥാപിക്കുക.

4. നിലവിലുള്ള കുളങ്ങൾ കെട്ടിസംരക്ഷിക്കുക.

5. കൃഷിയന്ത്രങ്ങൾ നെല്ലുൽപാദക സമിതികൾ, കേരവികസന സമിതികൾ എന്നിവ വഴിയായും ലഭ്യമാക്കുക.

6. കർഷക തൊഴിലാളികളുടെ സംഘം രൂപീകരിച്ച് അവർക്ക് ക്ഷേമനിധി, ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുക.

# മൃഗസംരക്ഷണം

നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. കൃഷിയുടെ ഒരു അവിഭാജ്യഘടകം എന്ന നിലയിലാണ് കാലിവളർത്തൽ ആരംഭിച്ചത്. ഉഴവുമാടുകൾ എന്ന നിലയിലും പാലുല്പാദിപ്പിക്കുക എന്ന ലക്ഷ്യ ത്തോടേയും മാ ത്രമല്ല, കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സ് എന്ന നിലയ്ക്കും കന്നുകാലികൾക്ക് പ്രാധാന്യമുണ്ട്.

ഇന്ന് കാലിവളർത്തൽ ഒരു തൊഴിലും ഉപജീവനമാർഗ്ഗവുമായി വികസിച്ചിട്ടുണ്ട്. ആദ്യകാലത്തേതു പോലെ കാലിവളർത്തൽ ഒരു ലാഭകരമായ തൊഴിലായി കൊണ്ടു പോകുവാൻ വയ്യാത്തവിധം ഈ മേഖല വമ്പിച്ച പ്രതിസന്ധി നേരിട്ടു കൊണ്ടുരിക്കുകയാണ്. ആവശ്യാനുസരണം മേഞ്ഞു നടക്കുവാൻ പുൽ മേടുകളോ, പുല്ലോ ഇന്ന് കിട്ടാനില്ല. വയ്ക്കോൽ കാലിത്തീറ്റ എന്നിവയുടെ ഭീമമായ വില വർദ്ധനവ് താങ്ങാവുന്നതിലും അപ്പുറത്തായിരിക്കുന്നു. കന്നുകാലി വളർത്തൽ ഒരു തൊഴിവായി സ്വീകരിച്ചിട്ടുള്ളവർ പഞ്ചായത്തൽ നിരവധി പേരുണ്ട്. അവർ ക്കെല്ലാം ഇപ്പോൾ നഷ്ടത്തിൻെറ കഥകളേ പറയാനുള്ളു.

മൃഗസംരക്ഷണ മേഖലയിൽ ഇന്ന് നാം നേരിടുന്നതും ഉല്പാദകരെ പ്രതികൂലമായി ബാധിക്കുന്നതുമായ ഏറ്റവും വലിയ പ്രശ്നം അത്യുൽപാദനശേഷിയുളള കറവമാടുകൾക്ക് അടിയ്ക്കടിയുണ്ടാകുന്ന സാംക്രമീക രോഗങ്ങളും അകിടുവീക്കം, മെറ്റ ബോളിക് ഡിസിസ്, കന്നുകുട്ടികളിലെ വിരബാധ എന്നിവയാണ്.

പഞ്ചായത്തിൽ ഇന്ന് കോഴിവളർത്തൽ വ്യാപകമായി നടക്കുന്നുണ്ട്. പക്ഷേ ഈ വ്യവസായം വളരെ പ്രതിസന്ധിയെ നേരിടുകയാണ്. ഉല്പാദനചെലവും രോഗങ്ങളും ഈ മേഖലയിൽ നിന്നും ആളുകളെ പിന്നോട്ടടിക്കുകയാണ്. ആട്, പന്നി, താറാവ്, മുയൽ തുടങ്ങിയിനങ്ങളും ചിലയിടങ്ങളി ലെല്ലാം കണ്ടുവരുന്നുണ്ട്. ഉഴവു ജോലികൾക്കായി വളർത്തിവന്നിരുന്ന മൃഗങ്ങളെല്ലാം ഏതാണ്ട് അന്യംവന്നതു പോ ലെയായിട്ടുണ്ട്. പഞ്ചായത്തിലെ കന്നുകാലികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. ആകെ പശു | 5042 |
| 2. സങ്കരയിനം | 2237 |
| 3. എരുമ | 572 |
| 4. ആട് | 118 |
| 5. പന്നി | 84 |
| 6. താറാവ് | 1775 |

കൂടാതെ ഇറച്ചി കോഴിവളർത്തൽ വ്യവസായമായി നടത്തുന്ന യൂണിറ്റുകൾ മൂഴിക്കുളം, വട്ടപ്പറമ്പ്, കുറുമശ്ശേരി, എളവൂർ, പുളിയനം എന്നിവിടങ്ങളിൽ നിലവിലുണ്ട്. ഒരുവർഷത്തിൽ ഏകദേശം ഒരു ലക്ഷം ഇറച്ചി കോഴികൾ ഇവിടങ്ങളിൽ നിന്നും വിപണനം ചെയ്യപ്പെടുന്നുണ്ട്. മുട്ടക്കോഴിവളർത്തൽ പഞ്ചായത്തിൽ ഒരിടത്തും നിലവില്ല.

ക്ഷീരവിപണനരംഗത്ത് പഞ്ചായത്തിൽ സഹകരണമേഖലയിൽ (APCOS) 5 ക്ഷീരസംഘങ്ങളും സ്വകാര്യ മേഖലയിലായി P.D.D.P സൊ സൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. ഇവയിലു ടെ പ്രതിദിനം ഏതാണ്ട് 3500 ലിറ്റർ പാൽ സംഭരിക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക വില്പന കഴിഞ്ഞ് മൂവായിരത്തിലധികം ലിറ്റർ പാൽ കയറ്റി അയ്ച്ചു വരുന്നു. പാലുല്പാദനചെലവും പാൽ വിലയും തമ്മിൽ ഒരു പൊരുത്തമില്ലാതെ മുന്നോട്ടു പോകുകയാണ്. ഇടയ്ക്കിടെ പാൽ വിലവർദ്ധിപ്പിക്കുമ്പോൾ ഇതിനേക്കാൾ ഇരട്ടി തീറ്റ വില വർദ്ധിക്കുന്ന പ്രവണതയാണ് എല്ലായ്പ്പോഴും കണ്ടുവരുന്നത്. അതുകൊണ്ട് തന്നെ പാൽ വില വർദ്ധിപ്പിക്കുന്നത് പശു വളർത്തലിന് ഒരിക്കലും ഒരു സഹായമായി മാറുന്നുമില്ല. സമയാസമയങ്ങളിൽ ലഭി ക്കേണ്ടുന്ന ചികിത്സാ-സൗകര്യങ്ങളുടെ അപര്യാപ്തത - പ്രസവങ്ങൾ തമ്മിലുള്ള അകലങ്ങളുടെ ഏറ്റകുറച്ചിലുകൾ എന്നിവ ക്ഷീരോല്പാദനത്തേയും മൃഗപരിപാലനത്തി നേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

### ക്ഷീരോല്പാദനമേഖലയിൽ സ്വീകാര്യമായ ചില നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ തരിശുകിടക്കുന്ന തരിശുഭൂമികളി ലോ, സ്വകാര്യഭൂമികൾ പാട്ടത്തി നെടു ത്തോ, തീറ്റപ്പുൽകൃഷി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യണം. ഇതിന് പ്രാദേശീക ക്ഷിരസഹകരണസംഘങ്ങൾ മുൻ കൈ എടുക്കണം.

2. പോഷകാഹാരപ്രദമായ യൂറിയചേർത്ത വൈയ്ക്കോൽ ഉപയോഗിക്കുന്നതിനുളള സംഭരണ അറകൾ നിർമ്മിക്കുന്നതിനും, പുൽകൃഷിക്കാവശ്യമായ സഹായങ്ങളും കർഷകർക്ക് സൗജന്യമായി തന്നെ ലഭ്യമാക്കണം.

3. കടുത്ത വയ്ക്കോൽ ക്ഷാമം അനുഭവിക്കുന്ന നമ്മുടെ

പ്രദേശത്ത് ഇപ്പോൾ പാലക്കാട് നിന്ന് ഇടനിലക്കാർ വഴിയാണം വയ്ക്കോൽ കർഷകർക്ക് ലഭിക്കുന്നത്. അതു കൊണ്ട് തന്നെ ഇതിന് കനത്ത വില നൽക്കേണ്ടിവരുന്നുണ്ട്. പ്രാ ദേശിക സൊ സൈറ്റികൾ മുൻകൈയെടുത്ത് പഞ്ചായത്തിൽ നിലവിലിള്ള മൃഗാശുപത്രിയുടെ സേവനം വിപുലമാക്കണം. ഇവ നേരിട്ടു വാങ്ങുകയും കർഷകർക്ക് വിതണം ചെയ്യുകയും ചെയ്താൽ വൻലാഭമുണ്ടാക്കാൻ കഴിയും.

4. പഞ്ചായത്ത് തലത്തിൽ കർഷകക്ലബ്ബുകൾ രൂപികരിക്കുകയും അതിലൂടെ സാങ്കേതിക പരിജ്ഞാനം കർഷകർക്ക് പകർന്നു നൽകേണ്ടതുമാണ്.

5. പഞ്ചായത്തിലെ അത്യുല്പാദന ശേഷിയുള്ള എല്ലാ പശുക്കളേയും മാസ്റ്റർ ഇൻഷ്യൂറൻസ് പോളിസിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. ഇതിനു വേണ്ടുന്ന തുക ഭാഗീകമാ യോ പൂർണ്ണമാ യോ പഞ്ചായത്ത് വഹി ണ്ടേതാണ്.

6. കാലിത്തിറ്റ കർഷകർക്ക് അവരുല്പാദിപ്പിക്കുന്ന പാലിനനുസൃതമായി പഞ്ചയാത്ത് തലത്തിൽ സബ്സിഡി നല്ക്കണം. മൊത്തം കാലിത്തീറ്റക്കുവ ന്ന ചിലവിൻെറ 25 % മെങ്കിലും സബ്സിഡി നല്ക്കണം.

7. പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളേയും രജിസ്റ്റർ ചെയ്യുകയും ഊർജ്ജിത കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ ഏർപ്പെടുത്തി ആനുകൂല്യം നല്കേണ്ടതുമാണ്.

8. ഉല്പാദനക്ഷമത കുറഞ്ഞതും, ലാഭകരമല്ലാത്തതുമായ പശുക്കളെ നിർബന്ധമായും ഒഴിവാ ക്കേണ്ടതാണ്.

9. പഞ്ചായത്തിൽ ക്ഷീരവിപണനത്തിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സ്വതന്ത്ര ക്ഷീ രോല്പാദക സംഘങ്ങളോ, നിലവിലുള്ള സംഘങ്ങളുടെ കളക്ഷൻ സെൻററുകളോ, തുടങ്ങാവുന്നതാണ്.

അതു പോലെ ഇറച്ചിക്കോഴികളെ സർക്കാർ ഏജൻസികൾ നേരിട്ടുവാങ്ങുകയും കോഴത്തീറ്റ, മരുന്നുകൾ, കോഴിക്കുഞ്ഞ് എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാ ക്കേണ്ടതുമാണ്. പന്നിവളർത്തൽ ആട് വളർത്തൽ തുടങ്ങിയവരുടെ പരിപാലനരംഗത്തും സഹായങ്ങൾ ലഭ്യമാ ക്കേണ്ടതുണ്ട്.

10. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കേണ്ടാതാണ്.

### മത്സ്യ മേഖല

നമ്മുടെ പഞ്ചായത്തിൽ അപ്രധാനമൊ യൊരു മേഖലയാണ് മത്സ്യ മേഖല. ഈ മേഖലയിൽ പണി യെടുക്കുന്നവർ നന്നേ ചുരുക്കമാണ്. ഉൾനാടൻ മത്സ്യബന്ധനമാണ് ഇവിടെ പ്രധാനമായും നുലവിലുള്ളത്. ചാലക്കുടിപ്പുഴ, മാഞ്ഞാലി തോട്, പഞ്ചായത്തിലെ പാടശേഖരങ്ങളിലുള്ള ചാലുകൾ കുളങ്ങാഠഎന്നിവയാണ് പ്രധാന മത്സ്യസമ്പത്ത് വളരെ സമ്പന്നമായിരുന്ന ഈ സ്രോതസ്സുകൾ ഇന്ന് നാശത്തിൻെറ വക്കിലാണ് അമിതവളപ്രയോഗങ്ങളു ടേയും മറ്റു മലീനികരണങ്ങളു ടേയും ഫലമായി മത്സ്യ ആവാസപ്രദേശങ്ങളെല്ലാം ഇന്ന് ഇല്ലാതായി കൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് സുലഭമായിരുന്ന വരാൽ, കരിമീൻ തുടങ്ങിയ ഇനങ്ങളൊന്നും ഇന്ന് കാണാനേ ഇല്ലാതായിരിക്കുന്നു.

ഈ രംഗത്ത് വിപുലമായ സാധ്യതകളുള്ള നിരവധി ജലാശയങ്ങൾ ഉപയോഗപ്പെടു ത്തേണ്ടതുണ്ട്. പൊതുകുളങ്ങൾ, ചിറകൾ ഇവയിൽ സഹകരണ അടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കേണ്ടതാണ്. അതിനായി തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംഘടിപ്പിച്ചു കൊണ്ട് സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അത്യുൽപ്പാദനശേഷിയുള്ള മത്സ്യകുഞ്ഞുകൾ, വള്ളം, വല എന്നില സൗജന്യ നിരക്കിൽ ലഭ്യമാക്കുകയം ചെയ്യേണ്ടതാണ്.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ.

### WARD - 1

മൃഗശുപ ത്രി ആരംഭിക്കുക

### WARD -II

മൃഗാശുപത്രി ആരംഭിക്കുക, പശു, ആട്, കോഴി ഫാമുകൾ തുടങ്ങുക. ഹരിജനങ്ങൾക്ക് സൗജന്യ സേവനം നൽകുക.

### WARD III

വീടുകളോടനുബന്ധിച്ച് മത്സ്യം വളർത്തുന്നതിന് ധനസഹായം നൽകുക. അത്യുൽപ്പാദനശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. അലഞ്ഞു തിരിയുന്ന നായ്ക്കളെ നിയന്ത്രിക്കുക. മൃഗാശുപത്രി സ്ഥാപിക്കുക.

### WARD IV

ഒഴിഞ്ഞു കിടക്കുന്ന മടകളിൽ മത്സ്യകൃഷി ചെയ്യുവാൻ സഹായം നൽകണം.

### WARD V

ക്ഷീരസംഘത്തിൽ ശരിയായ രീതിയിൽ ടെസ്റ്റ് നടത്തുക. കാലിത്തീറ്റയുടെ അമിത വിലകുറക്കുക. പാൽ വിലകുറച്ച് വില്ക്കുക. ഉരുക്കൾക്ക് വായ്പ അനുവദിക്കുക. പട്ടിക ജാതിക്കാർക്ക് സൗജന്യ സേവനം നൽക്കുക. I.V.D.P. ഹോസ്പിറ്റലായി ഉയർത്തന്നതിനുള്ള പഞ്ചായത്ത് Resolution പരിഗണിച്ച് ഹോസ്പിറ്റലാക്കുക. പുറമ്പോക്കുകളിൽ പുൽകൃഷി നടത്തുക. പഞ്ചായത്തിൽ

കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക (APCOS ൻ, കർഷകരുടെ സഹായത്തിൽ) ഏളവൂർ ക്ഷീരസംഘത്തിൽ വയർ ലെസ് സംവിധാനം വേണം. ഒരു മീറ്റ് ഫാക്ടറി അടുത്ത പരിസരങ്ങളിൽ സ്ഥാപിക്കുക. പുത്തൻകാവ് ചാൽകുളവും, കൊ ളച്ചാലും, പിച്ചേലി ത്തോടും കെട്ടിവൃത്തിയാക്കി മത്സ്യകൃഷി തുടങ്ങുക. മറ്റു സ്വകാര്യവ്യക്തികൾക്ക് ഇതിനുള്ള സഹായം നൽകുക.

## WARD VI

മൃഗാശുപത്രി അനുവദിക്കുക. 9 ഏക്കറോളം വരുന്ന ഏളവൂർ പാറതടാകത്തിൽ മത്സ്യകൃഷി ആരംഭിക്കുക - അതിനായി തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സംഘം ഉണ്ടാക്കുക, കോഴിവളർത്താനും, പന്നി വളർത്താനും സഹായങ്ങൾ നല്കുക.

## WARD VII

മൃഗസംരക്ഷണകേന്ദ്രവും, ബീജസങ്കലന കേന്ദ്രവും വാർഡിൽ വേണം. പുല്ലുവളർത്തുന്നതിനുള്ള സാഹായങ്ങൾ വേണം പശുവാങ്ങുവാൻ ലോൺ വ്യാപകമാക്കണം.

## WARD VIII

200 വീട്ടുകാ രെങ്കിലും ഉൾകൊള്ളുന്ന പശു വളർത്തൽ സംരംഭം ആരംഭിക്കാണം (വളർത്തി യെടുക്കണം) 24 മണിക്കൂറും മൃഗഡോക്റ്ററുടെ സേവനം ലഭ്യമാക്കണം. ഗുണനിലവാരമുള്ള കാലിതീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കണം കന്നുകാലി ഇൻഷുറൻസ് സൗജന്യമായി ചെയ്യണം. ആട്, കോഴി, കൃഷിക്കാരുടെ Society രൂപീകരിക്കണം. മൃഗങ്ങളുടെ Waste ആരോഗ്യപരമായ രീതിയിൽ സൂക്ഷിക്കാൻ സൗജന്യമായി കുഴികാം പണിതു കൊ ടുക്കാൻ നടപടി വേണം. മത്സ്യം വളർത്തുന്നതിനും, വല, വഞ്ചി ഇവ സൗജന്യ നിരക്കിൽ നല്കാനും സഹായങ്ങളുണ്ടാക്കണം.

## WARD IX

ആട്, കോഴി വളർത്താൻ സന്നദ്ധരായവർക്കെല്ലാം സഹായം നൽകണം. ഒരു വീടിന് 2 ആടും ഇരച്ചി ക്കോഴി വളർത്തുവാൻ ധനസഹായമോ കോഴിക്കുഞ്ഞുകളും കൂടുമോ. സൗജന്യനിരക്കിൽ നല്കണം. Tie - up (കെട്ട് ബന്ധം) രീതിയിൽ സഹകരണബാങ്കുമുഖേന milma വഴി പശുക്കളെ വിതരണം ചെയ്യണം, തൊഴുത്തിന് ലോൺ കൊടുക്കണം. മൃഗഡോക്ടർ പ്രവർത്തനസമയത്ത് കൃത്യമായി എത്തുവാൻ നടപടി വേണം. കൂടാതെ ഡോക്ടർ 2 .ണ്ഡ. ചുറ്റുപാടിൽ താമസിക്കണം. കന്നുകാലികളെ സർക്കാർ ചെലവിൽ ഇൻഷ്വൂർ ചെയ്യണം. നല്ലയിനം വളർത്തുമൃഗങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. മാരാതൃക്കച്ചിറ മത്സ്യം വളർത്തൽ കേന്ദ്രമാക്കുക. മത്സ്യ തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

## WARD X

മൃഗസംരക്ഷണ രംഗത്ത് ആധുനികസേവനങ്ങൾ ലഭ്യമാക്കുക.

## WARD XI

മൃഗാശുപത്രിയുടെ സേവനം വിപുലമാക്കണം. ഉൾനാടൻ മത്സ്യകൃഷിക്ക് വേണ്ട സഹായങ്ങൾ വേണം. കാലിത്തീറ്റ സബ്സിഡി അനുവദിക്കുക.

# വിദ്യാഭ്യാസം

വിദ്യാഭ്യാസ്ത്തിൻെറ അന്തിമ ലക്ഷ്യം വ്യക്തിയുടെ സമഗ്ര വികസനവും അതു വലി ജനാധിപത്യ വ്യവസ്തയുടെ അടിസ്ഥാനഘടകമായ ഉത്തമ പൗരന്സാരെ വാർത്തെടുക്കുക എന്നതുമാണ്. പക്ഷേ സ്വാതന്ത്ര്യത്തിൻെറ സുവർണ്ണ ജൂബില ആഘോഷിക്കുന്ന വേളയിൽ അമ്പതു ശതമാനത്തിലേറെ ഭാരതീയർ നിരക്ഷരരാണ്. എന്നാൽ കേരളത്തിൻെറ സ്ഥിതി തികച്ചും വ്യത്യസ്തമാണം. ഇന്ത്യൻ ഭരണഘടന ്നുശാസിക്കുന്ന സാർവത്രികവും സൗജന്യവും നിർബന്ധവും ആയ വിദ്യാഭ്യാസം എന്ന ലക്ഷ്യം ഒരു പരിധി വരെ നേടാൻ കഴിഞ്ഞു എന്നതാണ് നമ്മുടെ വദ്യാഭ്യാസ രംഗത്തിൻെറ പ്രത്യേകത. കേരളത്തിൻെറ ഈ നേട്ടത്തിന് പിന്നിൾ പ്രവർത്തിച്ചിട്ടുള്വ ശക്ഥികൾ നിരവധിയാണ്. സ്വാതന്തെത്യ പൂർവ്വ കേരളത്തിൽ ഭരണം നടത്തിയിരുന്ന വിശാലമനസ്കരായ രാജാക്കന്മാരും ക്രിസ്ത്യൻ മിഷനറി പ്രവർത്തകരും വിദ്യാഭ്യാസ വ്യാപനത്തിനം വമ്പിച്ച സംഭാവനകൾനൽകിയിട്ടുണ്ട്. പുരോഗമന ജനാധിപത്യ പ്രസ്ഥാനഭ്ഭളും സാമൂഹ്യ പരിഷ്കർത്താക്കളായ മഹദ് വ്യക്തികളും മത സ്ഥാപനങ്ങളുംമെല്ലാം കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അവരുടേതായ പങ്ക് നൽകിയിട്ടുള്ളവരാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിലാകട്ടെ, ജിവിതത്തിൻെറ നാനാമണ്ഡലങ്ങളിലെന്നപോലെ വമ്പിച്ച പ്രതികരണമാണം ഭൂ പരിശ്കരണ പ്രസ്ഥാനവും വിദ്യാഭ്യാസ ബില്ലും സൃഷ്ടിച്ചത്. ദുർബന വിഭാഗങ്ങളിലെ അഞ്ച് വയസ്സായ കുട്ടികളെ സ്കൂളി എത്തിക്കുന്നതിന് ഈ കാർഷിക വിദ്യാഭ്യാസ നിയമങ്ങൾ വമ്പിച്ച പ്രേരമയാണ് ചെലുത്തിയത്.

എന്നാൾ കേരളത്തിലെ പൊതു വിദ്യാഭ്യാസമേഖല ഇന്ന് തകർച്ചയെ നേരിടുകയാണ്. നമ്മുടെ പഞ്ചായത്തിനേയും വാധിച്ചിട്ടുണ്ട് . പൊതു വിദ്യാഭ്യാസത്തിൻെറ നിലവാര തകർച്ച സർക്കാർ അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ കുറവുകളിലേക്കും, അൺ എയിഡഡ് സ്കൂളുകളുടെ വളർച്ചയിലേക്കും നയിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലും ഈ പ്രവണത കാണാൽ കഴിയും.

ഈ നൂറ്റാണ്ടിറെ ആദ്യ ക്ഷദഖതത്തിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിലുള്ള സൗകര്യം പരിമിതമായെങ്കിലും നമ്മുടെ പ്രദേശത്ത് ലഭിച്ചിരുന്നു. ലഭ്യമായ വിരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം സർക്കാർമേഖലയിൽ 1910 ൽ ആരംഭിച്ചകുറുമശ്ശേരി എൽ. പി. സ്കൂളായിരുന്നു. 1980- 81മുതൽ യു.പി. ആയി അപ് ഗ്രേഡ് ചെയ്യുകയും ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചു വരികയുമാണം. ഈ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിച്ചതിൽദിവാൻ പേഷ്കാർ നാരായണമേനോൻെറ സഹോദരൻ ശ്രി കണ്ടനാട്ട് കുട്ടൻ പിള്ളയുടെ വങ്ക് നിസ്തുലമാണം. തുടർന്ന് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചു. കാലം ചെയ്ത അത്യാന്നത കർദ്ദിനാൽ ജോസഫ് പാറേക്കാട്ടിൽ മൂലിക്കുളം സെൻറ് സേരീസ് സ്ക്കൂളിൻെറ പൂർവ്വ വിദ്യാർത്ഥിയും മഹാകവി ജ. ശങ്കരക്കുറുപ്പ് ആദ്യകാല അദ്യാപകരിൽഒരാളുമായിരുന്നു.

ഹൈസ്ക്കൂൾ തലം വരെയുള്ള വിദ്യാഭ്യാസത്തിൽ പഞ്ചായത്തം ഏറെക്കുറ സ്വയം പര്യാപ്തമാണ്. മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും മൂന്ന് ഹൈസ്ക്കൂളുകളും ആറ് ലോവർ പ്രൈണറി സ്കൂളുകളും ഉൾപ്പെടെ പന്ത്രണ്ടം വിദ്യാലയങ്ങൾപ്രവർത്തിക്കുന്നു. ിവയഅക്കു പുറമേ മൂന്ന് പാരലൾ കോളേജുകളും നിരവധി ട്യൂഷൻ സെൻററുകളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നണ്ട്. ഒരു വാർജിൽ ഒരു സ്കൂൾഎന്ന നിലയിൽ വിദ്യാഭ്യാസ സൗകര്യം ലഭ്യമാണ്. ആറാം വർഡിൽമാത്രം രണ്ട് സ്ക്കൂളുകൾപ്രവർത്തിക്കുന്നു. എന്നാൽ സെഖ്കണ്ടറി വിദ്യാഭ്യാസത്തിന് മുകളിൽ പഠന സൗകര്യമുള്ള ്ംഗീകൃത ത്ഥാപനങ്ഹൾഇല്ല തന്നെ. ഒറ്റപ്പെട്ട ചില പാരലൽകോളേജുകൾഉന്നത വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസകാര്യത്തിലും നമ്മുടെ പഞ്ചായത്ത് തികച്ചും വന്ധ്യമാണ്. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾപ്രവർത്തി

ക്കുന്നുണ്ട്. സെൻറ് സേരീസ് യു. പി. സ്കൂൾ മൂഴിക്കുളം കേന്ദ്രമാക്കി സഹകരണ സംഘം പ്രവർത്തിച്ചിരുന്നെങ്കിലുംിപ്പോൾ അതിഒൊറ പ്രവർത്തനം നടക്കുന്നില്ല.

പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നു. ആകെ 12 സ്കൂളുകളിലുമായി 4737 വിദ്യാർത്ഥികൾ പഠിക്കുന്നു. അവരിൽ 2491 വിദ്യാർത്ഥിനികളാണ്. ആകെ അദ്ധ്യാപകരുടെ എണ്ണം 170. അതിൽ ഭൂരിപക്ഷം (141) സ്ത്രീകളാണ്. പാറക്കടവ് ഗവ. എൽ.പി.സ്ക്കൂളിനോട് അനുബന്ധിച്ച് മാത്രാണ്. പ്രീപ്രൈമറി വിദ്യാലയം പ്രവർത്തിക്കുന്നത്. അതിൽ 16 കുട്ടികൾ ഉണ്ട്.

പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങളുടെ പട്ടിക 2 ൽ കാണിച്ചിരിക്കുന്നു. പട്ടിക 2 ലെ കണക്കുകൾഅനുസരിച്ച് 3 ഹൈസ്ക്കൂളുകൾക്കും ആവശ്യത്തിന് സ്ഥല സൗകര്യമുണ്ട്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും സ്കൂളുകൾപൊതുവെ പിന്നിലല്ല. കക്കൂസില്ലാത്തതും ഉള്ളമൂത്രപ്പുര ഉപയോഗശൂന്യവുമായിട്ടുള്ളതുമായ ഏക സ്ഥാപനം മാമ്പ്ര ഗവ. എൽ.പി. സ്കൂളാണ്. മറ്റ് ഭൗതിക സൗകര്യങ്ങളും തീരെയില്ല. കേവലം 57 വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഈ സകൂൾ അൺ ഇക്കണോമിക്സ് പട്ടികയുടെ കരിനിഴലിൽ നില്ക്കുന്നു.

പട്ടിക 3 അക്കാദമിക് സൗകര്യങ്ങളും പഠന നിലവാരവും സൂചിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിൽ നിന്ന് ലഭിച്ച സ്ഥിതി വിവര കണക്കുകൾഅനുസരിച്ച് കൊഴിഞ്ഞ് പോക്ക് കുറവാണ്. പൂർണ്ണമായും ഒഴിവാക്കുന്നതിന് ആദ്ധ്യാപകരും രക്ഷകർത്താക്കളും യൊജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

പൊതുവെ നിലവിലുള്ള സൗകര്യങ്ങളുടെയും, നിലവാരത്തിൻെറയും വിശകലനം സൂചിപ്പിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽസമ്പന്നമാണെങ്കിലും നിലവാരത്തിൽ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട് എന്നാണ്.

താഴെപ്പറയുന്ന പൊതു ദൗർബല്യങ്ങൾ നിരീക്ഷിക്കുന്നു.

1. ആധുനിക അക്കാദമിക് സൗകര്യങ്ങൾ എങ്ങും ഇല്ല. അതായത് ടി.വി., കംമ്പ്യൂട്ടർ പ്രൊജക്ടർഎന്നിവ ഇപ്പോഴും സ്കൂളുകളിൽഇല്ല.

2. ലൈബ്രറി സൗകര്യങ്ങൾ അപര്യാപ്തമാണ് ഉള്ളവ തന്നെഫലപ്രദമായി ുപയോഗിക്കുവാൻ കലിയുന്നവിധം വിദ്യാർത്ഥികൾത്തായി തുറന്ന് കൊടുക്കുന്നില്ല. പൊതുവെ ദൃഷ്യമാദ്ധ്യമങ്ങളുടെ തള്ളിക്കയറ്റത്തിൽ വായനാശിലം കുറഞ്ഞുവരുന്നു. സ്കൂൾ അധികൃതുടെ സമിപനം ഈ പ്രവണതയെ ശകഅതിപ്പെടുത്തുന്നു.

3. പരീക്ഷണശാലയും പരീക്ഷണ സൗകര്യങ്ങളും ആവശ്യത്തിന് ഇല്ല. ഉള്ളവ തന്നെ ശരിയാം വണ്ണം ുപയോഘിക്കുന്നില്ല.

4. മാതൃ സംഗമം സജീവമാണെന്ന് ചില സ്കൂളുകൾ അവകാശപ്പെട്ടിട്ടുണ്ട്. അവ എത്രത്തോളം ശരിയാണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

5. എല്ലാ സ്കൂളുകളിലും പ.ടി.എ. പ്രവർത്തിക്കുന്നുണ്ട്. പലപ്പോഴും അവയുടെ പ്രവർത്തനം ുച്ചക്ഷണത്തിൽ ഒതുങ്ങിപ്പോകുന്നു. പി.ടി.എ കുരെക്കൂടി ഉൾക്കാഴ്ച്ചയോടും അർപ്പണ ബോധത്തോടും കൂടി പ്രവർത്തിച്ചാൽ മാത്രംമെ പൊതു വിദ്യാഭ്യാസത്തെ പുഷ്ടിപ്പെടുത്താനാവു.

6. വിദ്യാധ്യാസ സ്ഥാപങ്ങളുടെ ഇല്ലായ്മകളും നിലവാരത്തകർച്ചയും മുതലെടുകൊണ്ടാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ധാരാളമായി വരുന്നത്. അദ്ധ്യാരകരുടെയും രക്ഷകർക്കാക്കളുടെയും സംയോജിതമായ ഇടപ്പെടലിലൂടെ ഈ പരാധിനതകൾക്ക് പരിഹാരം കാണാൻ രഴിയും. സ്കൂൾകോപ്ലക്സ് എന്ന സങ്കല്പത്തിൻെറ പ്രസക്തി ഇവിടെയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇപ്പോൾ ഓൽ.പി. സ്കൂൾവരെയുള്ള നിയന്തണാധികാരം മാത്രമെഉള്ളു. എന്നാൽസെക്കൻററി തലം വരെയുള്ള്വ വിദ്യാഭ്യാസം ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ആ തലം വരെയുള്ള നിയന്ത്രണം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. അദ്ധ്യാപകരുടെ പു പരിശീലനം അടക്കമുള്വ കാര്യങ്ങങ്ങൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കണം.

നമ്മുടെ പഞ്ചായത്തിൽ സെക്കൻററി വിദ്യാഭ്യാസത്തിന് മുകളിൽ സാങ്കേതിക പ്ലസ് ടു വിദ്യാഭ്യാസ സൗകര്യങ്ങവികസിപ്പിച്ചെടുക്കാനുള്ള എല്ലാ സാദ്ധ്യതകളും ുണ്ട്. ഈ മൂന്ന് ഹൈസ്ക്കൂളിൽഏതെങ്കിലും ഒന്ന് വോക്കേ

ഷണൽഹൈയർ സെക്കൻററിയായും ഒന്ന് പ്ലസ് ടു ആയും പുന സംഘടിപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തി ലുള്ള ഹൈസ്ക്കൂളുകളിൽനിന്നും മറ്റുമായി ഒരു വർഷം 500 ൽപരം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. കഴിയുന്നുണ്ട് അവരിൽകുറെ പേരെയെങ്കിലും ഉൾക്കൊള്ളാൻ കഴിയുന്ന വിധം ഐ. ടി.ഐ. ഐ. ടി.സി.തുടങ്ങാവുന്നതാണ്.

നിലവിലുള്ള സ്കൂളുകളുടെ അറ്റകുറ്റപ്പണികളോ ലഭ്യമായ ഫർണിച്ചറുകളുടെ കേടുപാട് തീർക്കലോ തക്കസമയത്ത് നടക്കാത്തതിൻെറ ഫലമായി കെട്ടിടങ്ങൾ ജീർണ്ണിക്കുവാനും ഫർണിച്ചറുകൾനശിക്കാനും ഇടവരുന്നു. ഈ രംഗത്ത് പൊതുജനപങ്കാളിത്തത്തോടെ പുനരുദ്ധാരണ പ്രവർത്തനം ഏറ്റെടുക്കാവുന്നതാണ്.

സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകനിയമനത്തിൽഅനുഭവപ്പെടുന്ന കാലതാമസം സ്ഥാപനത്തിൻെറ പ്രവർത്തനത്തെ വികലപ്പെടുത്തുന്നു. തൽഫലമായി പൊതുജനങ്ങളുടെ ഇടയിൽഈ സ്ഥാപനത്തിൻെറ വിശ്വാസ്യത തകരുന്നു. ഈ സ്ഥിതിക്ക് അറുതി വരുത്തേണ്ടതാണ്. പാഠ പുസ്തകങ്ങൾസമയത്തിന് ലഭ്യമാക്കേണ്ടതാണ്.

ഗൈഡുകളേയും ട്യൂഷനേയും അമിതമായി ആശ്രയിക്കാനുള്ള പ്രവണത അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും ഭാഗത്ത് നിന്നുണ്ട്. ഇത് വിദ്യാർത്ഥികളുടെ സ്വതസിദ്ധമായ കഴിവുകളെ മുരടിരപ്പിക്കും. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസമെന്നാൽ വിദ്യാലയങ്ങളുമായി മാത്രം ബന്ധപ്പെട്ടു നടക്കുന്ന പ്രക്രിയയല്ല. നന്നായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും. ജന വിദ്യാ കേന്ദ്രങ്ങളും അക്ഷര സംഘങ്ങളും അനൗപചാരിക വിദ്യാഭ്യാസത്തിൽ വഹിക്കുന്ന പങ്ക് വളർത്തികൊണ്ട് വരേണ്ടതാണ്.

കലാകായിക വാസനകൾപ്രോത്സാഹിപ്പിക്കുന്നതിന് ശരിയായ നയം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിൽആധുനിക സൗകര്യങ്ങളോട് കൂടിയ മിനി സ്റ്റേഡിയം ഉണ്ടാക്കുന്നത് കായിക താല്പര്യം വളർത്തിയെടുക്കാവാൻ സഹായിക്കും. എല്ലാ സ്കളുകളിലും കായിക പഠനത്തിന് അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. ഇപ്പോൾ പേരിന് കായിക അദ്ധ്യാപകരുള്ളത് പൂവത്തുശ്ശേരി സ്കൂളിൽമാത്രമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

ഏറ്റവും കുറഞ്ഞ സൗകര്യങ്ങളുള്ള വാർഡാണ് എൽ.പി. സ്കൂളിനെ യു.പി. യാക്കുക. അനുബന്ധമായി നഴ്സറി ആരംഭിക്കുക. സ്കൂളിൽ സ്വീപ്പറെ നിയമിക്കുക. സ്കൂളിന് വൈദ്യുതി ലഭ്യമാക്കുക. ചുറ്റുമതിൽ, കെട്ടിടത്തിന് വരാന്ത, മൂത്രപ്പുര ഇവ നിർമ്മിക്കുക.ശുദ്ധജലം ലഭ്യമാക്കുക.

കുട്ടികൾക്കുകൂടി ഉപയോഗ്യമാകും വിധം വായനശാല പുനർനിർമ്മിക്കുക. നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കുക. തൊഴിലധിഷ്ഠിത കോഴ്സ് ഉണ്ടാക്കുക, സാക്ഷരതാ , നഴ്സറി ഇവയുടെ പ്രവർത്തനം പുനരാരംഭിക്കുക. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ ഉപരിപഠനത്തിന് ധനസഹായം നല്കുക.

വാർഡ് 2

സിലബസ് ആധുനികവൽക്കരിക്കുക. അദ്ധ്യാപകർക്കു പരിശീലനം നൽകുക, വാർഡിൽ വായനശാല ആരംഭിക്കുക. കരിയർ ഗയിഡൻസ് കേന്ദ്രം വേണം , ബിരുദാനന്തര തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് കൂടുതൽ അവസരം നല്കുക. സ്റ്റേഡിയം നിർമ്മിക്കുക. പരിശീലന കളരികൾ ആരംഭിക്കുക. അക്ഷര സംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും സജീവമാക്കുക. ആവശ്യ പരിസ്ഥിതി ബോധ വൽക്കരണം നല്കണം. നാട്ടരങ്ങുകൾ സംഘടിപ്പിക്കണം.

വാർഡ് 3

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഹൈസ്ക്കൂളിൻെറ അറ്റകുറ്റ പണികൾ ഉടനെ നടത്തണം. തുടർന്നും ക്രമമായി നടത്തണം. ഏറ്റവും പഴക്കം കൂടിയതായ ഒരു കെട്ടിടം ഉടനെ പൊളിച്ചുമാറ്റി മറ്റൊന്ന് പണിയണം. വിദ്യാഭ്യാസരംഗത്തെ നിലവാരതകർച്ച മാറ്റിയെടുക്കുന്നതിനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾലഭ്യമാക്കുക. ഇതിൽ പി.ടി.എ. യുടെ സ്ഥാനം കണക്കിലെടുക്കുക. വിദ്യാഭ്യാസപ്രസിദ്ധികരണങ്ങൾ സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കുക. ഉച്ചഭക്ഷണ പരിപാടി വ്യാപകമാക്കുക. സാക്ഷരതാ പ്രവർത്തനത്തിൽ തുടർ വിദ്യാഭ്യാസ പരിപാടികൾനിലച്ചുപോകരുത് G.H.S. പുളിയനത്തിൽ പ്ലസ് ടു അല്ലെങ്കിൽ VHSC അത്യാവശ്യമാണ്.

# വിദ്യാലയ വിവരങ്ങൾ

## പട്ടിക I

| വാർഡ് | | സ്കൂളിന്റെ പേര് | മാനേജമെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | | യോഗ്യത | | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | TTC | Bed. | |
| I | | എൽ. പി. സ്കൂൾ, മാമ്പ്ര | സർക്കാർ | 36 | 21 | 57 | 2 | 2 | 4 | | | 1947 |
| II | | സെന്റ് ഫ്രാൻസിസ് പുളിയനം | സ്വകാര്യം | 118 | 119 | 237 | 1 | 7 | 8 | | | 1915 |
| III | | ഗവ : ഹൈ സ്കൂൾ, പുളിയനം | സർക്കാർ | 606 | 527 | 1133 | 11 | 29 | 40 | | | 1948 |
| IV | | എൽ. പി. സ്കൂൾ മള്ളുശ്ശേരി | സർക്കാർ | 100 | 99 | 199 | 1 | 7 | 8 | | | 1916 |
| V | | എൽ. പി. സ്കൂൾ എളവൂർ | സർക്കാർ | 81 | 58 | 141 | 2 | 2 | 4 | | | 1948 |
| VI | 1 | സെന്റ് ആന്റണീസ് യു. പി എസ. എളവൂർ | സ്വകാര്യം | 143 | 116 | 259 | 2 | 7 | 9 | | | 1983 |
| | 2 | സെന്റ് റോക്കീസ് എളവൂർ | സ്വകാര്യം | 70 | 67 | 137 | 0 | 4 | 4 | | | 1928 |
| VII | | സെന്റ് മേരീസ് യു. പി. എസ്. മുഴിക്കുളം | സ്വകാര്യം | 163 | 123 | 286 | 1 | 10 | 11 | | | 1916 |
| VIII | | എൻ. എസ്. എസ്. എച്ച്. എസ്. പാറക്കടവ് | സ്വകാര്യം | 266 | 196 | 462 | 2 | 19 | 21 | | | 1936 |
| IX | | യു. പി. എസ്. കറുമശ്ശേരി | സർക്കാർ | 280 | 284 | 564 | 5 | 11 | 16 | | | 1910 |
| X | | സെന്റ് തോമസ് ഗേൾസ് ഹൈസ്കൂൾ, പൂവ്വത്തുശ്ശേരി | സ്വകാര്യം | 314 | 828 | 1142 | – | 40 | 40 | | | 1916 |
| XI | | എൽ. പി. എസ്. പാറക്കടവ് | സർക്കാർ | 67 | 53 | 120 | 2 | 3 | 5 | | | 1947 |
| | | ആകെ | | 2246 | 2491 | 4737 | 29 | 141 | 170 | | | |

● : *പാറക്കടവ് ഗവ: എൽ. പി. എസ്സിൽ പ്രീ പ്രൈമറി ക്ലാസുണ്ട്. 16 കുട്ടികൾ.*

# വിദ്യാലയ സൗകര്യങ്ങൾ

പട്ടിക - II

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കാമ്പസിന്റെ വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകപ്പുര | വൈദ്യുതി | കളിസ്ഥലം | കുടിവെള്ളം | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | GLPS, മാമ്പ്ര | 60 സെന്റ് | ✓ | ✗ | ✗ | ✗ | ഉപയോഗ ശൂന്യമാണ | ✗ | ✓ | ✗ | ✗ | ✗ | ✗ |
| 2 | St. FLPS, പുളിയനം | 56 സെന്റ് | ✓ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 3 | GH. S, പുളിയനം | 4 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ഒരേക്കർ | ✓ | ✓ |
| 4 | GLPS, മള്ളുശ്ശേരി | 50 സെന്റ് | ✓ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✓ | അപര്യാപതം | ✓ | പൂർണ്ണ |
| 5 | GLPS, എളവൂർ | | ✓ | ✓ | ✗ | ✗ | ✓ | ✓ | ✓ | ✓ | പര്യാപതമല്ല | മൂന്നു മാസം ദൗർലഭ്യം | പൂർണ്ണ |
| 6 | St. Antony's യു. പി. എസ്. എളവൂർ | ഒരേക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | മൂന്നു മാസം ദൗർലഭ്യം | ✗ |
| 7 | St. റോക്കീസ് എൽ. പി. എസ. എളവൂർ | ഒരേക്കർ 5 സെന്റ് | ✓ | ✓ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 8 | St. മേരീസ്. യു. പി. എസ്. മൂഴിക്കുളം | | ✓ | ✓ | ✗ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 9 | എൻ. എസ്. എസ്. എച്ച്. എസ്. പാറക്കടവ | ഒരേക്കർ 16 സെന്റ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ഓഫീസിൽ മാത്രം | ഒരേക്കർ | ✓ | പൂർണ്ണ |
| 10 | UPS, കുറുമശ്ശേരി | ഒരേക്കർ | ✓ | ✓ | ✓ | പേരിന | ✓ | ✓ | ✓ | ✓ | അപര്യാപതം | ✓ | ✓ |
| 11 | സെന്റ്. ജോസഫസ് GHS പൂവത്തുശ്ശേരി | 3 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 12 | GLPS, പാറക്കടവ് | 50 സെന്റ് | ✓ | ✗ | ✗ | ✗ | ✓ | ✓ | ✓ | ✓ | പര്യാപതമല്ല | ✓ | ഇ |

# അക്കാദമിക സൗകര്യങ്ങളും പഠന നിലവാരവും

പട്ടിക III

| നമ്പർ | സ്കൂളിന്റെ പേര് | റേഡിയോ | ഓവർഹെഡ് പ്രൊജക്ടറുകൾ | T.V, VCP, Tape, Projector, Slide Projector, Computer | ബ്ലാക്ക് ബോർഡ് | മറ്റുപകരണങ്ങൾ | മാതൃസംഗമം സജീവമാണോ? | ക്ലാസ്സ് റൂം P. T. A. പ്രവർത്തിക്കുന്നു/ഇല്ല | നിലവാരം SSLC 45 % | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | 91–92<br>10 | 92–93<br>11 | 93–94<br>12 | 94–95<br>13 | 95–96<br>14 |
| 1. | GLPS, മാമ്പ്ര | ✗ | ✗ | ✗ | ആവശ്യത്തിനുണ്ട് | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 2. | St. F. LPS പുളിയനം | ✓ | ✗ | ✗ | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | 80% | 70% | 75% | 67% |
| 3. | GHS, പുളിയനം | ✓ | ✓ | ✓ | " | | സജീവമല്ല | പ്രവർത്തിക്കുന്നു. | | | | | |
| 4. | GLPS, മള്ളുശ്ശേരി | ✓ | ✗ | ടേപ്പ് റിക്കാർഡർ ഉണ്ട് | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 5. | GLPS, എളവൂർ | ✗ | ✗ | ✗ | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 6. | St A UPS, എളവൂർ | ✓ | ✗ | ✗ | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 7. | St RLPS, എളവൂർ | ✓ | ✗ | ✗ | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 8. | St MUPS, മുഴിക്കുളം | ✓ | ✗ | ✗ | " | | സജീവമല്ല | പ്രവർത്തിക്കുന്നു. | | | | | |
| 9. | NSSHS, പാറക്കടവ് | ✓ ഉപയോഗശൂന്യം | ✗ | ✗ | " | | സജീവമല്ല. | പ്രവർത്തിക്കുന്നു. | 68.96 | 46.47 | 41.01 | 47.58 | 70.64 |
| 10. | GUPS, കുറുമശ്ശേരി | ✓ | ✗ | ടേപ്പ് റിക്കാർഡർ ഉണ്ട് | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |
| 11. | St JGHS, പൂവ്വത്തുശ്ശേരി | ✓ | ✗ | ടേപ്പ് റിക്കാർഡർ ഉണ്ട് | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | 95.6 | 92.8 | 93.4 | 94.6 |
| 12. | GLPS, പാറക്കടവ് | ✗ | ✗ | ✗ | " | | സജീവമാണ് | പ്രവർത്തിക്കുന്നു. | | | | | |

283

വാർഡ് – 4

L.P. School ന് Compound Wall നിർമ്മിക്കുക. Water tank നിർമ്മിക്കുക. ഉച്ചകഞ്ഞി വിതരണം നടത്തുക. Pre-Primary Education centre സ്ഥാപിക്കുക. മള്ളുശ്ശേരി L.P.S.ൻെറ പേരിൽ കോടുശ്ശേരി കൂടി ചേർക്കണം.

വാർഡ് – 5

ഗവ: L.P.S. നോടനുബന്ധിച്ച്Pre-Primary School അനുവദിച്ചുതരണം. സ്കൂളിൽ ഒരു part-time മിനിയലിൻെറ നിയമനം നടത്തണം. സ്കൂളിൻെറ വടക്കു - കിഴക്കു ഭാഗത്തെ മതിൽ പൂർത്തിയാക്കണം. School ൻെറ ജനലഴികൾ സ്ഥാപിക്കണം.

വാർഡ് – 6

ഗവ. ഹൈസ്കൂൾ അനുവദിച്ചുതരണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കണം. സ്കൂൾതലത്തിൽ പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും അദ്ധ്യയനവർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യണം. ഉച്ചഭക്ഷണം വിതരണപോരായ്മ തീർക്കണം. യു. പി. ഹൈസ്കൂൾ ആയി ഉയർത്തണം. സ്കൂൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്യണം. സാക്ഷരത പുനരുദ്ധരിക്കണം. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനോപകരണങ്ങളും യൂണിഫോമും നല്കണം. ഫീസാനുകൂല്യം നല്കണം, പഠിക്കുവാൻ മുൻപന്തിയിൽ നില്ക്കുന്ന നിർദ്ധന വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സൗജന്യസഹായം നല്കുക.

വാർഡ് – 7

ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് പഠനോപകരണങ്ങളും ഉച്ചഭക്ഷണവും നല്കുക. പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുക. വിദ്യാഭ്യാസരീതിയും സമ്പ്രദായങ്ങളും പഞ്ചായത്തുതലത്തിൽ ഏകീകരിക്കുക. ഒരു റസിഡൻഷ്യൽസ്ക്കൂൾ അനുവദിക്കുക.

വാർഡ് – 8

L.P.,U.P. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സൗജന്യസേവനത്തിന് തയ്യാറുള്ള അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കണം. 8-ാം വാർഡിൽ ബാലവാടി തുടങ്ങണം. പാറക്കടവ് പഞ്ചായത്തിൽ ഒരു V.H.S School ഉം, I.T.I യും, T.T.I ഉം തുടങ്ങണം. ഒന്ന് കുറുമശ്ശേരിയിൽ വേണം. ഒരു Art College തുടങ്ങണം. കുറുമശ്ശേരിയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കായികരംഗത്ത് മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് Special Coaching നല്കണം. Recreation ground ഉപയോഗപ്പെടുത്തണം.

വാർഡ് – 9

കൊച്ചുകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി നിലവിലുള്ള അംഗനവാടിയുടെ നിലവാരം ഉയർത്തുകയോ, അംഗനവാടിയുടെ സമീപത്ത് ഒരു പുതിയ അംഗനവാടി തുടങ്ങുകയോ, സ്വകാര്യ വ്യക്തിനടത്തുന്ന അംഗൻവാടി മെച്ചപ്പെടുത്തുകയോ ചെയ്യുക.

വാർഡിലുള്ള യു. പി. സ്കൂളിൻെറ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഠനോപകരണങ്ങൾ സംഘടിപ്പിക്കുകയും നവീനരീതിയിലുള്ള ബോധന സമ്പ്രദായങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

പി. ടി. എ യുടെ കാര്യമായ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ ഈ സ്കൂളിലേയും അടുത്ത NSSHS സ്കൂളിലേയും പഠനനിലവാരം ഉയർത്താൻ കഴിയുകയുള്ളു. ആയതിനാൽ അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും ശ്രദ്ധ ഇതിൽ കുറച്ചു വരുത്തുക.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ വാർഡിൽ ഒന്നും തന്നെയില്ല. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ട ഇത്തരം സ്ഥാപനങ്ങൾ കുറുമശ്ശേരിയിൽ ആരംഭിക്കാൻ ശുപാർശചെയ്യുക.

വാർഡ് – 10

പെൺകുട്ടികൾക്കുമാത്രമേ ഹൈസ്കൂൾ നിലവിലുള്ളു; ആൺകുട്ടികൾക്കുകൂടി ഒരു ഹൈസ്കൂൾ അനുവദിക്കണം. ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം വാർഡിൽ തുടങ്ങേണ്ടതുണ്ട്.

എറണാകുളം ജില്ലയിലേക്ക് അനുവദിച്ചിട്ടുള്ള പട്ടികജാതിവികസനവകുപ്പിൻെറ കീഴിൽ അനുവദിച്ചിട്ടുള്ള റെസിഡൻഷ്യൽ സ്കൂൾ 10, 11 വാർഡിൻെറ മദ്ധ്യഭാഗത്ത് സ്ഥാപിക്കുക.

സെൻറ് ജോസഫ് ഹൈസ്കൂളിൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കണം. നാലുവയസ്സിനു താഴെയുള്ള കുട്ടികളെ വിദ്യാഭ്യാസത്തിനുവിടുന്നത് നിരോധിക്കണം.

അംഗനവാടികളുടെ സൗകര്യം മെച്ചപ്പെടുത്തി അതിനോടനുബന്ധിച്ച് നഴ്സറിക്ലാസ്സുകൾ ആരംഭിക്കണം.

വാർഡിൽ പഞ്ചായത്തുവക ഭൂമിയിൽ വായനശാല സ്ഥാപിക്കണം.

വാർഡ് – 11

വർഷാരംഭം മുതൽ അവസാനംവരെ സ്കൂളിൽ ഹെഡ്മാസ്റ്റർ ഉണ്ടായിരിക്കണം. അദ്ദേഹം തദ്ദേശവാസിനിതന്നെയാവണം.

നിലവിലുള്ള ബാലവാടിയിൽ എൽ. കെ. ജി, യു. കെ. ജി. ക്ലാസുകൾ കൂടി ഉൾപ്പെടുത്തണം.

എൽ. പി. സ്കൂൾ, ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യണം.

സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം. സാക്ഷരതാപ്രസ്ഥാനത്തെ തുടർവിദ്യാഭ്യാസപ്രസ്ഥാനമാക്കി പുനഃരാരംഭിക്കണം. പാറക്കടവ് എൽ.പി. സ്കൂളിന് ഗ്രൗണ്ട്വാൾ, വരാന്ത എന്നിവ നിർമ്മിക്കുകയും അനുബന്ധമായി ബാലവാടിയും നിർമ്മിക്കണം.

ടി. വി. യും ലൈബ്രറിയോടും കൂടിയ ഒരു വയോജന വിദ്യാഭ്യാസകേന്ദ്രം വാർഡിൽ തുടങ്ങണം.

# ആരോഗ്യം - കുടിവെള്ളം

കേരളത്തിലെ പൊതുജനാരോഗ്യസംവിധാനം ലോകത്തിന്റെ തന്നെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഉദ്ദേശിച്ചിട്ടുള്ള ആരോഗ്യലക്ഷ്യങ്ങൾ വർഷങ്ങൾക്കു മുമ്പുതന്നെ കൈവരിച്ച സംസ്ഥാനമാണ് കേരളം. മൂന്നാം ലോക രാജ്യങ്ങളിൽ പൊതുജനരോഗ്യസംവിധാനത്തിൽ ഇത്രയും വിപുലമായ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തെ സഹായിച്ചത് വിദ്യാഭ്യാസം, സ്ത്രീക്കളുടെ പദവി, പോഷകാഹാരങ്ങൾ, ശുചിത്വം, പരിസ്ഥിതി നവീകരണം എന്നി മേഖലകളിൽ ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ്.

ഒരു സമൂഹത്തിന്റെ ആരോഗ്യസംവിധാനത്തിന്റെ ഗുണമേന്മാ സൂചകമായി പരിഗണിക്കപ്പെടുന്ന ജനനനിരക്ക്, ശിശുമരണനിരക്ക്, ആയുർ ദൈർഘ്യം എന്നിവയുടെ മേഖലകളിൽ ചില വികസിത നാടുകൾക്ക് ഒപ്പം നിൽക്കാവുന്ന ശേഷി നാം കൈവരിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ മേഖലയിലുമായി ആയിരക്കണക്കിന് ആശുപത്രികളും ആധുനിക രോഗനിർണ്ണയ സൗകര്യങ്ങളുമായി കേരളത്തിലെ ആരോഗ്യസംരക്ഷണ സംവിധാനം പടർന്നു നിൽക്കുന്നു.

**ആരോഗ്യസൂചികൾ - താരതമ്യപഠനം**

| ക്രമ | ആരോഗ്യസുചികൾ | സംസ്ഥാന ശരാശരി | പഞ്ചായത്ത് ശരാശരി |
|---|---|---|---|
| 1 | പൊതുമരണനിരക്ക് | 5.9 | 3.7 |
| 2 | ശിശുമരണനിരക്ക് | 16 | 5.7 |
| 3 | മാതൃമരണനിരക്ക് | 1 ൽ താഴെ | 0 |
| 4 | ജനനനിരക്ക് | 17 | 13 |

അവലംബം 1991 ലെ സെൻസസ്

കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നിന്നും പഞ്ചായത്തിൽ നിന്നും

എന്നാൽ മുൻപറഞ്ഞ സംവിധാനങ്ങളൊക്കെ ലഭ്യമാണെങ്കിലും കേരളീയരുടെ രോഗാതുര നിരക്ക് വർദ്ധിച്ചു. പരിസ്ഥിതി സന്തുലിതാവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റം, ജീവിതരീതിയിൽ ഉണ്ടാകുന്ന മാറ്റം. ആരോഗ്യസംരക്ഷണ ചിലവുകളിൽ ഉണ്ടാകുന്ന വർദ്ധനവ് ഇതെല്ലാം ഇതിന് കാരണമായിട്ടുണ്ട്. സ്വകാര്യ മേഖലയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന് ആനുപാതികമായി ധർമ്മാശുപത്രികൾ എന്നറിയപ്പെടുന്ന പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ പങ്ക് കുറഞ്ഞുവരികയാണ്.

പൊതുവേ രോഗനിർണ്ണയത്തിനും ചികിത്സക്കും പ്രാമുഖ്യം നൽകുന്ന സ്വകാര്യ മേഖല ശക്തിപ്പെടുകയും സർക്കാർ മേഖല പിൻതള്ളപ്പെടുകയും ചെയ്യുന്നതോടെ രോഗപ്രതിരോധ നടപടികൾ ഗണ്യമായി കുറഞ്ഞു. ഇതിന്റെ ഫലമായി താരതമ്യേന അപ്രത്യക്ഷമായിരുന്ന മലമ്പനി തിരിച്ചുവരുന്നു; പുതിയ പകർച്ച വ്യാധികൾ പ്രത്യക്ഷപ്പെടുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പൊതു ആരോഗ്യ കേന്ദ്രം പാറക്കടവ് ഹെൽത്ത് സെൻറ് മാത്രമാണ്. കോടുശ്ശേരിയിൽ പ്രവർത്തിച്ചു വന്ന ഗവ: ഡിസ്പെൻസറി പ്രൈമറി ഹെൽത്ത് സെൻററിന്റെ പദവിയിലേക്ക് ഉയർത്തപ്പെട്ടു. എന്നാൽ ഡിസ്പെൻസറി ആയിരിക്കുമ്പോഴം ലഭിച്ചിരുന്നതിനേക്കാൾ കൂടുതൽ സൗകര്യങ്ങൾ ഒന്നും ഇപ്പോഴും ലഭ്യമല്ല. തന്നെയുമല്ല മുമ്പ് ലഭിച്ചിരുന്ന കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പോലും ഇപ്പോൾ ലഭിക്കുന്നില്ല. മൊത്തം ജീവനക്കാർ 19 മാത്രമാണ്.

കേരളത്തിലെ ആരോഗ്യസംവിധാനത്തിൽ സർക്കാർ മേഖലയുണ്ടായ അപചയത്തിന്റെ ഒന്നാന്തരമൊരു ദൃഷ്ടാന്തമാണ് പാറക്കടവ് പ്രൈമറി ഹെൽത്ത് സെൻററിന്റെ ഇപ്പോഴത്തെ നില. PHA ക്കുണ്ടായ തളർച്ച നിരവധി സ്വകാര്യ ആശുപത്രികൾക്ക് പ്രയോജനം ചെയ്യുന്നു. രോഗപ്രതിരോധ കുടുംബക്ഷേമസേവനങ്ങൾ ലഭ്യമാക്കുന്ന അഞ്ച് സബ്സെൻററുകൾ PHC യുടെ കീഴിൽ പ്രവർത്തിക്കുന്നു. ഉപകേന്ദ്രങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

1. മാമ്പ്ര ഉപകേന്ദ്രം
2. കുന്നുപ്പിള്ളിശ്ശേരി ഉപകേന്ദ്രം
3. പുളിയനം ഉപകേന്ദ്രം
4. പൂവത്തുശ്ശേരി ഉപകേന്ദ്രം
5. കുറുമശ്ശേരി ഉപകേന്ദ്രം

അവലംബം - പഞ്ചായത്ത് സ്ഥാപന രജിസ്റ്റർ

ആധുനിക രോഗനിർണ്ണയോപാധികളുടെ അഭാവവും വിദഗ്ധ ഡോക്ടർമാരുടെ അസാന്നിധ്യവും ജീവൻ രക്ഷാമരുന്നുകൾ അടക്കമുള്ള ആവശ്യമരുന്നുകളുടെ ഇല്ലായ്മയും പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ

ദുർബലമാക്കുന്നു. സാമ്പത്തികമായി പിൻ നിലയിലുള്ള ജനങ്ങളുടെ വർദ്ധിച്ചു വരുന്ന രോഗാതുരതയെ പ്രതിരോധിക്കാൻ തന്മൂലം കഴിയുന്നില്ല. നമ്മുടെ ജില്ലയിൽ തന്നെ ഏറ്റവും അധികം അർബ്ബുദരോഗികൾ ഉള്ള മേഖലകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ദൗർബ്ബല്യം മൂലം പാവപ്പെട്ടവരിൽ ഉണ്ടാകുന്ന മാരകരോഗങ്ങൾ പ്രാരംഭത്തിൽ കണ്ടെത്തിചികിത്സിക്കാൻ കഴിയാതെ വരുന്നുണ്ട്.

പഞ്ചായത്തിൽ അഞ്ച് സ്വകാര്യാശുപത്രികൾ ആണുള്ളത്. ഇവയിൽ ആധുനിക സൗകര്യങ്ങൾ അല്പമെങ്കിലും ലഭ്യമായിട്ടുള്ളത് പൂവ്വത്തുശ്ശേരി സെൻറ് ജോസഫസ് മിഷൻ ആശുപത്രിയിലാണ്. എക്സ്-റേ, ഈ.സി.ജി. തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ലഭ്യമായിരുന്നു ഒരു ഘട്ടത്തിൽ. എന്നാൽ ഇടക്കാലത്ത് പ്രവർത്തനരഹിതമായി. ഇപ്പോൾ വീണ്ടും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. മറ്റ് ആശുപത്രികൾ കിടത്തി ചികിത്സിക്കാനുള്ള പരിമിതമായ സൗകര്യങ്ങ ളോടുകൂടിയ ക്ലിനിക്കുകളാണ്.

സർക്കാർ മേഖലയിൽ ആയുർ വ്വേദ-ഹോമിയോ ഡിസ്പെൻസറികൾ ഈ പഞ്ചായത്തില്ല. ചില സ്വകാര്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മൂഴിക്കുളത്ത് പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന പ്രകൃതി ചികിത്സ കേന്ദ്രമുണ്ട്. അലോപതി ആയുർ വേദ-ഹോമിയോ പദ്ധതികളുടെ ഉദ്ഗ്രഥനം ആരോഗ്യസുരക്ഷാ സംവിധാനത്തിൽ അതി പ്രധാനമാണ്.

ശുദ്ധജലത്തിന്റെ ലഭ്യതയേയും അതിലൂടെ മെച്ചപ്പെട്ട ആരോഗ്യസംവിധാനത്തേയും ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് പരിസരശുചിത്വം. തുറന്ന പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യുക, നിക്ഷേപിക്കുക, വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കുക എന്നിവയാണ് മലിനീകരണത്തിന്റെ പ്രധാന ശ്രോതസ്സുകൾ. പഞ്ചായത്തിൽ 80% വീടുകളിൽ മാത്രമെ കക്കൂസ്സുകൾ ഉള്ളൂ. ഇതിൽ എത്ര എണ്ണം ശുചിത്വപൂർണ്ണമായവയാണ് എന്ന് വ്യക്തമല്ല. കോളറ, വയറിളക്കം, വയറുകടി, വിരശല്യം, മഞ്ഞപ്പിത്തം, സന്നിപാതജ്വരം, പിള്ളവാതം തുടങ്ങിയ രോഗങ്ങൾ കാരണം ശുദ്ധജലദൗർലഭ്യവും, കക്കൂസ്സുകളുടെ അഭാവുമാണ്. ശുചിത്വമുള്ള കക്കൂസ്സുകൾ ആരോഗ്യസംരക്ഷണത്തിന് അനിവാര്യമാണ്.

അശാസ്ത്രീയമായ കക്കൂസ് നിർമ്മാണം ജലസ്രോതസ്സുകളെ മലിനീകരിക്കുന്നു. തദ്വാരാ രോഗാണുകൾ പകരുന്നു. ജനകീയാസൂത്രണത്തിന്റേയും അതിലൂടെയുള്ള വികസനത്തിന്റേയും അടിയന്തിര ലക്ഷ്യങ്ങളിലൊന്ന് എല്ലാ വീടുകൾക്കും ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള കക്കൂസുകൾ ഉണ്ടാക്കുക എന്നതായിരിക്കണം. ഡബിൾ പിറ്റ് കക്കൂസുകൾ, വാട്ടർ ടൈപ്പ് ക്ലോസറ്റുകൾ, പൊതു മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തണം. ഇതിനായി സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. പൊതുജനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണം ഉറപ്പാകാൻ ഗ്രാമപഞ്ചായത്തിന് കഴിയണം. ഗാർഹിക ശുചിത്വവും പരിപാലിക്കുന്നതിൽ ഓരോരുത്തർക്കും ഉള്ള പങ്കിനെക്കുറിച്ച് വിപുലമായ ബോധവൽക്കരണം നടത്തണം.

പേ നായ്ക്കൾ, എലികൾ, അലഞ്ഞുതിരിയുന്ന മറ്റ് രോഗവാഹകരായ മൃഗങ്ങൾ, കൊതുകുകൾ എന്നിവയെ നിർമ്മാർജ്ജനം ചെയ്യാനുള്ള സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. മൃതദേഹങ്ങൾ ദഹിക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതാക്കാൻ വൈദ്യുത ശ്മശാനത്തിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്. അല്ലാത്തപക്ഷം മലിനീകരണ സാധ്യതയില്ലാത്ത ശവദാഹ സംവിധാനമെങ്കിലും നിഷ്കർഷിക്കേണ്ടതാണ്.

ഓരോ ഗവ: ആശുപത്രിക്കും ഉപകരണങ്ങൾ വാങ്ങൽ, നിയമനം, പുതിയ സേവനങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും സ്വയം തീരുമാനത്തിനുള്ള അവകാശമുണ്ടായിരിക്കും.

ഉപഭോക്താവിന് സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ സർക്കാർ സ്വകാര്യാശുപത്രികൾ തമ്മിൽ ആരോഗ്യകരമായി മത്സരം വേണം.

മാതൃശിശുസംരക്ഷണം, പ്രതിരോധകുത്തിവയ്പ്, ഗർഭിണികളുടെ ശുശ്രൂഷ, സാംക്രമികരോഗങ്ങളുടെ നിയന്ത്രണം എന്നിവക്ക് സർക്കാർ - സ്വകാര്യ ആശുപത്രികളിൽ മുൻഗണന നൽകണം. ഈ മുൻഗണന മേഖലകളിൽ പ്രവർത്തിക്കുവാൻ സ്വകാര്യസ്ഥാപനങ്ങൾക്ക് പ്രേരണനൽകുവാൻ നികുതി ഇളവ് ഏർപ്പെടുത്താവുന്നതാണ്.

ആരോഗ്യസംബന്ധമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുവാനും അതു ക്രോഡീകരിക്കാനും പൊതുജനാരോഗ്യ ശാസ്ത്രത്തിൽ പരിശീലനം ലഭിച്ചവരുടെ സേവനം ഉപയോഗപ്പെടുത്തണം.

സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം പരിശോധനയിലൂടെ ഉറപ്പുവരുത്തണം. എല്ലാ തലത്തിലവം ആവശ്യമരുന്നുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. ആവശ്യമായ മരുന്നുകൾ കാലവിളംബം കൂടാതെ വാങ്ങാനുള്ള അധികാരം അതാത് മെഡിക്കൽ ഓഫിസർമാർക്ക് നൽകുന്നത് നന്നായിരിക്കും.

എല്ലാ ആശുപത്രികളിലും വാഹനം, ടെലിഫോൺ, ക്വാർട്ടേഴ്സ് നിർമ്മാണവും, അറ്റകുറ്റപ്പണികളും, കുടി

വെള്ളം എന്നീ സൗകര്യങ്ങൾ ലഭ്യമാക്കണം.

ന്യൂ ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ജലമലിനീകരണമുണ്ടാക്കുന്ന തൊഴിൽ, വ്യവസായം എന്നിവയുടെ നിയന്ത്രണം.

അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ശുചിത്വരഹിതമായ ചുറ്റുപാടിൽ മാംസം വില്പന തടയുകയും വേണം. ആധുനിക സൗകര്യങ്ങളോടുകൂടിയ കേന്ദ്രീകൃത അറവുശാല സ്ഥാപിക്കുക.

## കുടി വെള്ളം

എറണാകുളം ജില്ലയിലെ പല പഞ്ചായത്തുകളിലും അനുഭവപ്പെടുന്നതു പോലെ നമ്മുടെ പഞ്ചായത്തിലും കുടി വെള്ളക്ഷാമം രൂക്ഷമാണ്. നിരവധി കാരണങ്ങൾ മൂലമാണ് ഈ പ്രശ്നം. ഇത്ര സങ്കീർണ്ണമാകുന്നത്. ഇവ ഓരോന്നും യുക്തി സഹമായി അപഗ്രന്ഥിച്ച് പ്രശ്നപരിഹാരങ്ങൾ കണ്ടെത്തിയാൽ ഈ രംഗത്തെ ഇന്നത്തെ സ്ഥിതി മാറ്റാൻ കഴിയും.

കിണറുകൾ ടാപ്പുകൾ, കുളങ്ങൾ, ചിറകൾ, നദികൾ, കുഴൽ കിണറുകൾ എന്നിവയാണ് പാറക്കടവ് പഞ്ചായത്തിലെ മുഖ്യകുടി വെള്ള സ്രോതസ്സുകൾ. ഈ ഗ്രാമ പഞ്ചായത്തിലെ 6294 കുടുംബങ്ങളിലെ മിക്ക ആളുകളും കുടി വെള്ളത്തിനും ഗാർഹികാവശ്യങ്ങൾക്കും അവലംബിക്കുന്നത് കിണറുകളെയാണ്. ഉദ്ദേശം 65 ശതമാനം പേർക്കം സ്വന്തമായി കിണറുകൾ ഉണ്ട്. പൊതുകിണറുകളേയും ടാപ്പുകളേയും ആശ്രയിക്കുന്നവർ 10 ശതമാനത്തോളം പരും. പൊതുകിണറുകൾ ഉൾപ്പെടെയുള്ള മൊത്തം കിണറുകളിൽ പകിതിയി ലധികവും മാർച്ച് ഏപ്രിൽ മേയ് മാസങ്ങളിൽ വറ്റി പ്പോകുന്നവയാണ്.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി അനുസരിച്ച് പൈപ്പു വെള്ളം ലഭ്യമാകുന്നത് പഞ്ചായത്തിലെ 8,9 വാർഡുകളായ കുറുമശ്ശേരിയിൽ മാത്രമാണ്. എട്ടാം വാർ ഡിലാണ് ടാങ്ക് നിർമ്മിച്ചിരിക്കുന്നത്. പമ്പ് ഹൗസ് ചാലക്കുടിപ്പുഴയിൽ മുഴിക്കുളത്തും 33 പൊതുടാപ്പുകളും 578 ഹൗസ് കണക്ഷനുകളും ഈ പദ്ധതിയുടെ കീഴിലുണ്ട്. പൊതുടാപ്പുകൾ 100-150 മീറ്റർ അകലത്തിലാണ്. ഒമ്പതാം വാർഡിലെ പലടാപ്പുകളിലും വെള്ളം ലഭിക്കാത്തവയുമാണ്.

ടാങ്കിന്റെ ഉയരക്കുറവ് സംഭരണശേഷിയിലുള്ള കുറവ്, വൈദ്യുതി തകരാർ, പമ്പിംഗിലുണ്ടാകാവുന്ന കാരണങ്ങൾ എന്നിവ നിമിത്തം പലപ്പോഴും പൈപ്പു വെള്ളം ക്രമമായി ലഭിക്കാത്ത സ്ഥിതിയാണ് അനുഭവപ്പെടുന്നത്.

ആരോഗ്യസംരക്ഷണത്തിന് ഏറ്റവും അനു പേക്ഷണീയമായ മൂന്നുപാധിയാണ് കുടി വെള്ളം.

നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ കുന്നിൻ പ്രദേശങ്ങളിലും കുറുമശ്ശേരി വാർഡുകളിലും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഒരു കാലത്ത് പുഴയോരത്തുള്ള വാർഡുകളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ അമിതമായി മണൽ വാരൽ നിമിത്തം പുഴയോരക്കിണറുകളിലെ ജലലഭ്യത വളരെ കുറഞ്ഞിരിക്കുന്നു. ഇവിടങ്ങളിലെ ചില കിണറുകളി ലെങ്കിലും വേനൽക്കാലത്ത് വെള്ളം വറ്റുന്ന അനുഭവും ഉണ്ട്. ഇതിനു പുറമെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ പാടശേഖരങ്ങളിൽ നടന്നിട്ടുള്ള അമിതമായ രാസവള കീടനാശിനി പ്രയോഗങ്ങളുടെ ഫലമായി ജലം മലിനികരിക്കപ്പെട്ടിട്ടുണ്ട്. പാടശേഖരങ്ങളിൽ നിന്നും പുറന്തളളപ്പെടുന്ന ജലം ശുദ്ധീകരണ പ്രകിയക്ക് വിധേയമാക്കാത്തതിനാൽ അതെത്തി ച്ചേരുന്ന ജലാശയങ്ങളെ വിഷലിപ്തമാക്കുന്നു. ചില വ്യവസായശാലകളിൽ നിന്ന് ചാലക്കുടിപ്പുഴയി ലേക്ക് ഒഴുക്കി വിടുന്ന മലിനജലം കൂടിയാകു മ്പോൾ അവസ്ഥ ഏറെ ഭീകരമായിത്തീരുന്നു.

പഞ്ചായത്തിൽ ഒട്ടാകെ 14 പൊതുകുഴൽ കിണറുകളും 57 പൊതുകിണറുകളുമാണ് ഉള്ളത്. ഇവയിൽ പലതും ഉപയോഗ ശൂന്യവും വേനൽക്കാലങ്ങളിൽ ജലം ലഭിക്കാത്തവയുമാണ്.

വേനൽക്കാലത്ത് രൂക്ഷമായ കുടി വെള്ളം ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിലെ മിക്കവാർഡുകളിലും ടാങ്കർ ലോറികളിലാണ് വെള്ളമെത്തിക്കുന്നത്. ഈ സംവിധാനവും പലപ്പോഴും ചിട്ടയായി സംഘടിപ്പിക്കുവാൻകഴിയാറില്ല. റോഡുകളുടെ ഇരുവശങ്ങളിലുമുള്ളവർക്ക് നിശ്ചിത കേന്ദ്രങ്ങളിൽ വച്ച് വെള്ളം വിതരണം ചെയ്യുകയാണ് പതിവ്. അവശേഷിക്കുന്നവർക്കം ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

നമ്മുടെ ആശുപത്രികളിൽ റിപ്പോർട്ടു ചെയ്യുന്ന രോഗങ്ങളിൽ ഏറെയും ഉദരസംബന്ധമായവയാണ്. കുടി വെള്ളവുമായി ഇതിനുള്ള ബന്ധം സ്പഷ്ടമാണ്. മേല്പറഞ്ഞ വസ്തുതകളുടെ പശ്ചാത്തലത്തിൽ ആരോഗ്യപൂർണ്ണമായ ഒരു ജനതയെ വാർത്തെടുക്കാൻ കുടി വെള്ളം പ്രശ്നത്തിൽ അടിയന്തിരവും ഗൗരവ പൂർണ്ണമായ ഇടപെടൽ ആവശ്യമാണ്.

1) ചാലക്കുടിപ്പുഴയെ മലിനീകരിക്കുന്നത് തടയണം.

2) മണൽ വാരൽ കർശനമായി നിയന്ത്രിക്കണം.

3) പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളി ലേക്കും, കുറുമശ്ശേരിയി ലേക്കും ശുദ്ധജലമെത്തിക്കുന്നതിനുള്ള ബൃഹത്തായ സംവിധാനം ഉണ്ടാകണം.

4) പാടശേഖരങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന ജലം

വിമുക്തമാക്കുന്നതിനുള്ള ആധുനിക സംവിധാനം ഉണ്ടാകണം.

5) കുടി വെള്ളം മലിനമാകാതെ സൂക്ഷി ക്കേണ്ടതി ൻേറയും മാലിന്യവിമുക്തമായ വെള്ളം ഉപയോഗി ക്കേണ്ടതി ൻേറയും പ്രാധാന്യം ജനങ്ങൾക്കിടിയിൽ നല്ലവണ്ണം പ്രചരിപ്പിക്കണം.

6) നിലവിലുള്ള കുളങ്ങളും കിണറുകളും തോടുകളും ചിറകളും വൃത്തിയാക്കി ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ജനകീയ പദ്ധതി നടപ്പിലാക്കണം.

7) ജലസേചനപദ്ധതികൾ പ്രാവർത്തികമാക്കു മ്പോൾ കുടി വെള്ള ലഭ്യത വർദ്ധിക്കും. അതിനാൽ അത്തരം പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളണം.

8) പാറക്കടവ് - അയിരൂർ - പുത്തൻ വേലിക്കര ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ ജലക്ഷാമം ഒട്ടൊക്കെ പരിഹൃതമാകും.

9) കേടുവരുന്ന ടാപ്പുകളും പൈപ്പുകളും കാലവിളംബം കൂടാതെ നന്നാക്കുവാനും നിലവിലുള്ള പദ്ധതിയുടെ ദൈനം ദിന പ്രശ്നങ്ങൾ യഥാസമയം പരിഹാരം ഉണ്ടാക്കാനും ബന്ധപ്പെട്ട വാട്ടർ അതോട്ടറി ഉദ്യോഗസ്ഥൻെറ സേവനം ലഭ്യമാക്കണം.

## ഗ്രാമസഭാറി പ്പോർട്ട് - ആരോഗ്യം, കുടി വെള്ളം, പരിസരശുചിത്വം നിർദ്ദേശങ്ങൾ

### WARD I

1. ആരോഗ്യരംഗത്ത് ഈ വാർഡിൽ പരമപ്രധാനമായ ആവശ്യം ഇവി ടത്തെ ഹെൽത്ത് സെൻറർ, വിപുലീകരിക്കമന്നൊണ്. ഇതിനെ ഒരു ആശുപത്രിയാക്കി ഉയർത്തി ഒരു ഡോക്ടറെ നിയമിക്കണം.

2. ഈ വാർഡിലെ പ്രധാനപ്പെട്ട രണ്ടു അസുഖങ്ങളാണു ടി.ബി.യും ക്യാൻസറും. ഈ രോഗത്തിനു ഫലപ്രഥമായ ചികിത്സയും സഹകരണവും നൽകുക.

3. പേപ്പട്ടി വിഷബാധ ഇവിടെ പ്രധാനപ്പെട്ട സംഭവമാണു ഇതി നെതിരെ നടപടി യെടുക്കുക.

4. അഞ്ചു സെൻറ് ഭൂമിയുള്ളവർക്ക് മുതൽ കിണർ കുഴിക്കാൻ സഹായം നൽകുക.

5. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനു വൈറ്റമിൻ ഗുളികകൾ, പോഷക ആഹാരങ്ങൾ എന്നിവ നൽകുക.

6. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ പുനരുദ്ധരിക്കുക.

7. വാരഡിൽ ഒരു മൃഗാശുപത്രി അനുവദിക്കുക.

8. കന്നുകാലികളുടെ രോഗപ്രതി രോധ കുത്തിവയ്പ് നടത്തുക.

### WARD - II

1. കോളനിയി ലേയ്ക്ക് ശുദ്ധജലവിതരണവും ജലസംഭരണിയും ഏർപെടുത്തുക.

2. കാട്ടുചിറ ഹരിജൻ കോളനിയിലെ പൊതുകുളത്തിൽ പഞ്ചമി എല്ലു പൊടി കമ്പനിയിൽ നിന്നും മലിനജലം പ്രവഹിച്ച് പഞ്ചായത്ത് കുളം മലിനമാകുന്നു.

3. അന്തരീക്ഷം കൃമികീടങ്ങളാൽ മലിനമാക്കപ്പെട്ടി രിക്കുന്നു. കാക്ക, പട്ടി, ഈച്ച എന്നിവയുടെ നിരന്തര ശല്യം വർദ്ധിക്കുന്നു മാരക രോഗത്തിനു കാരണമാകുന്നു.

4. ശുദ്ധജല സംഭരണികളിൽ കാക്കഎല്ലിൻ കഷണം കൊണ്ടിട്ട് മലിനമാകുന്നു. തുകൽ ചീയുന്നതും എല്ല് ചിയുന്നതും തടയാൻ വേണ്ട സംവിധാനം വേണം. ശുചീകരണ പ്രവർത്തനത്തിനു സത്തുര നടപടി സ്വീകരിക്കുക.

5. ഹരിജൻ കോളനിയിൽ ആയുർ വേദ ഡിസ്പെൻ സറിയും ഡോക്ടറുടെ സേവനവും ലഭ്യമാക്കുക.

6. കോടു ശ്ശേരി ഗവൺ മെൻറ് ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വാർഡ് നിർമ്മിക്കുക.

### WARD III

1. ഈ വാർഡിൽ 80 വീടുകൾക്ക് കക്കൂസ് ഇല്ല. കക്കൂസ് നിർമ്മിക്കാനുള്ള സഹായം ലഭ്യമാക്കണം.

2. മൂന്നാം വാർഡിൽ ആശുപത്രിയില്ല. ചികിത്സാസൗകര്യം ലഭിക്കുണമെങ്കിൽ 2 കിലോമീറ്റർ ദൂരം പോ കേണ്ടി ഇരിക്കുന്നു. അവിടെ 2 മണിക്കൂർ മാത്രമേ ചികിത്സാ-സൗകര്യം ഉള്ളൂ. ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യഉപകേന്ദ്രം നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും, പ്രാഥമിക ചികിത്സക്കുള്ള മരുന്നുകൾ സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനം ഉണ്ടാക്കുക.

3. ഗർഭിണികൾക്കും, കുട്ടികൾക്കും പോഷക ആഹാരപരിപാടികൾ തൃപ്തികരമല്ല. അതിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം ഇതിനു വേണ്ടി പരിപൂർണ്ണസഹായം ഗ്രാമസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നതായിരിക്കും.

4. ഈ വാരഡിൽ നിത്യ രോഗത്തിന് അടിമപ്പെട്ട് മരുന്നു വാങ്ങിക്കുവാൻ പോലും കഴിവില്ലാത്ത 7 പേർ ഉണ്ട്.

അവർക്കു എത്രയും വേഗം ധനസഹായം എത്തിക്കണം.

5. 3-ാം വാർഡിൽ ആരോഗ്യത്തിനു ഹാനികരമാകുന്ന ഒരു ക്രഷർ കൊണ്ടുവരുന്നതിനു താത്ക്കാലിക സ്റ്റേവാങ്ങി നിർത്തിയിരിക്കുകയാണ്. ഇവിടെ 100 ഓളം വീട്ടുകാർ തിങ്ങിപാർക്കുന്നുണ്ട്. ദൂരപരിധി ലംഘിച്ചാണു ഇത് പണിതിരിക്കുന്നത്. അതു കൊണ്ട് സ്ഥാപനം ഇവിടെ നിന്നു മാറ്റിതരണം. ഈ സ്ഥാപനം കാരണം ശബ്ദമലിനീകരണവും, പൊതുശല്യവും കാരണം ജനങ്ങൾക്ക് ഹാനീകരമായ മാരകരോ ഗാണുകൾ വരെ ഉണ്ടാകുവാൻ ഇടയുണ്ട്. ഇതുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതു കൊണ്ട് എത്രയും വേഗം നിറുത്തിവയംക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

## WARD IV

1. വട്ടപ്പറമ്പിൽ വർഷകാലങ്ങളിൽ കെട്ടികിടക്കുന്ന മലിനജലം നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

2. വെയ്സറ്റ് ബോക്സുകൾ സ്ഥാപിക്കണം.

3. ശുദ്ധജലം എത്തിക്കാൻ സംവിധാനം ഏർപ്പെടുത്തണം.

4. പാറക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു ചുറ്റും മതിൽ കെട്ടി പുനരുദ്ധരിക്കണം.

5. നിലവിലുള്ള ആശുപത്രിയിൽ ഡോക്ടർമാർക്കും, നേഴ്സുമാർക്കും ക്വാർട്ടേഴ്സ് നിർമ്മിച്ചുകൊടുക്കുക. ഡോക്ടർ, സ്റ്റാഫ്, നേഴ്സ് എന്നിവരെ സ്ഥിരമായി നിയമിക്കണം. നിലവിലുള്ള കെട്ടിടത്തിനു മെയിൻറ്നൻസ് നടത്തുക.

6. വാർഡിൽ പൈപ്പ് ലൈൻ സംവിധാനം ഏർപ്പെടുത്തുക.

7. കിണർ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണർ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

8. വരൾച്ചകാലത്ത് കുടിവെള്ളവിതരണം കുറ്റമറ്റതാക്കണം.

9. വട്ടപ്പറമ്പിലുള്ള ഇറച്ചി വെട്ടു സ്ഥലം. പരിസരമലിനീകരണത്തിനു കാരണമാകുന്നു. അതിനാൽ ആ സ്ഥലം ശാസ്ത്രീയമായ രീതിയിൽ കുറ്റമറ്റതാക്കണം. മത്സ്യ-മാംസാദിക്കുള്ള ഒരു മാർക്കറ്റ് (സ്ഥലം) ഉണ്ടാക്കണം.

10. എല്ലാ ദിവസവും ജംഗ്ഷൻ വൃത്തിയാക്കണം.

11. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസും വിതരണം നടത്താൻ സംവിധാനം ഉണ്ടാക്കുക.

12. മാങ്കുളം, ഊപ്ലിടിക്കുളം കെട്ടി വൃത്തിയാക്കണം. കുളിക്കടവ് ഉണ്ടാക്കണം.

289

## വാർഡ് V

കുടി വെള്ളം എല്ലാ പ്രദേശത്തേയ്ക്കും എത്തിക്കുന്നതിന് ഏർപ്പാട് ചെയ്യുക. നിലവിലുള്ള കനാൽ മുഖേന വെള്ളം വീട് കൃഷി യേയും, കുടി വെള്ളക്ഷാമത്തേയും പരിഹരിക്കു. (ഇടതുകരകനാൽ) കോളനി പ്രദേശത്ത് കിണറി ൻേറയും, കക്കൂസി ൻേറയും സംരക്ഷണം ഉറപ്പാക്കി മലിനീകരണം തടയുക മണൽ വാരൽ നിരോധിച്ച് ജലനിരപ്പു വർദ്ധിപ്പിച്ച് കുടി വെള്ളപ്രശ്നം പരിഹരിക്കുക. വാർഡിൽ ഒരു ആയ്യുർ വേദ ആശുപത്രി സ്ഥാപിക്കുകയും, നിലവിലുള്ള ഗവർ മെൻറു ആശുപത്രിയിൽ കിടത്തി ചീകത്സയ്ക്കുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്യുക. പാടശേഖരങ്ങൾ നികത്തുന്നത് നിരോധിച്ചും പരിസര മലിനീകരണവും, കുടി വെള്ളക്ഷാമവും പരിഹരിക്കുക. കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകാംക്കും കക്കൂസ് ഉണ്ടാക്കി കൊടുക്കുക. ക്യാൻസർ നിർണ്ണയക്യാമ്പും, നേത്രരോഗനിർണ്ണയ ക്യാമ്പുകളും, കുട്ടിക്കളു ടേയും, ഗർഭിണികളു ടേയും പോഷകംഹാരപരിപാലനം ശക്തി പ്പെടുത്തുക. എല്ലാ പൊതുകിണറുകളു ടേയും വെള്ളം ശുദ്ധികരിക്കുകയും, അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയും ചെയ്യുക. അഴുക്ക് വെള്ളം ഒഴുകി പോകുന്നതിന് ചാനലുകൾ നിർമ്മിക്കുക. മത്സ്യമാംസ്യ, വിൽപ്പനകൾക്ക് പൊതുസ്ഥലം കണ്ടെത്തുകയും, പരിസരശുദ്ധകരണത്തിനായി കർശനനിയമം കൊണ്ടുവരിക. കാലാകാലങ്ങളിൽ രോഗപ്രതി രോഗകുത്തി വെയ്പ്പുകൾ നടത്തുക. വാർഡിലെ തിരുപറമ്പ് സമീപമുള്ള ഡ്രൈനേജ് പദ്ധതി നീട്ടുക. പുകവലി, മദ്യപാനം പുകലമുറുക്ക് എന്നിവ കർശനമായി നിയന്ത്രിക്കുകയും, ബോധവൽക്കരണ നടപടികൾ സ്വീകരിക്കുക.

## WARD VI

മാതൃശിശു സംരക്ഷണകേന്ദ്രം ആരംഭിക്കുക. കുന്നപ്പിള്ളി ശ്ശേരിയിലെ കുടുംബക്ഷേമ ഉപകേന്ദ്രത്തിലെ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുക. കുടുംബ അസൂത്രണബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. ശുദ്ധജലിവിതരണം കാര്യക്ഷമം ആക്കണം. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് ഉണ്ടാക്കി കൊടുക്കുക.

## WARD VII

ചാലകുടിപ്പുഴയിലെ മലീനികരണം തടയുക. സമഗ്ര ഡ്രൈനേജ് സംവിധാനത്തിനു വേണ്ട പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. കള്ളുഷാപ്പുകൾ ആൾ പാർപ്പില്ലാത്ത സ്ഥലത്ത് സ്ഥാപിക്കുക. ബിസിനസ്സ് ആവശ്യത്തിനായി കെട്ടിട്ടങ്ങൾ പണിയു മ്പോൾ മലമൂത്രവിസർജ്ജനത്തനുളളസൗകര്യ ഉണ്ടെന്ന്

ഉറപ്പുവരുത്തുക. മണൽ വാരൽ, തോട്ടപൊട്ടിക്കൽ, ഇഷ്ടികകളങ്ങൾ എന്നിവനി രോധിക്കുക.

## WARD VIII

വാർഡിൽ പടിഞ്ഞാറെ കോളനിയിൽ ഒരു ശ്മശാനം പണിയുക. നരിമുറ്റം കാളുകുറുമ്പൻെറ വീട്ടിൽ നിന്നും ഇരുപത്തി ഒന്ന് (21 വീട്) മണേക്കാട്ടിൽ സുബ്രൻെറ വീടു കൂടി - കോക്കുളത്തിലേയ്ക്ക് ഉദ്ദേശം രണ്ടു മീറ്റർ വീതിയിൽ 50 മീറ്റർ നീളത്തിൽ ഒരു തോട് ഉണ്ടാക്കുകയും, എല്ലാ വീടുകളേയും ബന്ധിച്ചു സമാന്തരഓടകൾ നിർമ്മിച്ച് അഴുക്കു വെള്ളത്തെ പുറത്തേയ്ക്ക് ഒഴുക്കിക്കളയുക. കോളനിയിൽ ഒരു പൊതു കിണർ സ്ഥാപിക്കുക. ബേക്കറിപടി ജങ്ഷനിൽ നിന്നും വടക്കോട്ട് ശേഷിക്കുന്ന ഭാഗം പൈപ്പു ലൈയിൻ സ്ഥാപിച്ച് പൊതു ടാപ്പുകൾ സ്ഥാപിച്ചുകൂടിവെള്ളക്ഷാമം പരിഹരിക്കുക. നിലവിലുള്ള വാട്ടർ ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക. സബ്സെൻറർ വൈദ്യുതീകരിച്ച് ടാബ്ബിങ് ലെയിൻ സ്ഥാപിക്കുക. ഓരോ മൂന്നു മാംസം കൂടു മ്പോഴും പബ്ളിക് ഹെൽത്ത് ഡിപ്പാർട്ട്മെൻറിൻേറയും, പഞ്ചായത്തിൻേറയും കൂട്ടായ നേതൃത്വത്തിൽ രക്ത നിർണ്ണയം, ത്വകം രോഗനിർണ്ണയക്യാമ്പ്, ക്യാൻസർ നിർണ്ണയക്യാമ്പ്, രക്ത നിർണ്ണയക്യാമ്പ് മുതലായവ സംഘടിപ്പിച്ച് വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റുകൾ ശേഖരിച്ച് സൂക്ഷിക്കുകയും സ്കൂൾ അടിസ്ഥാനത്തിൽ ആരോഗ്യരക്ഷണ ബോധോൽകരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും, പഞ്ചായത്തിലെ മുഴുവൻ കിണറുകളുടേയും ശുദ്ധികരണവാരാചരണം സംഘടിപ്പിക്കുകയും ചെയ്യുക. കുറുമശ്ശേരി ജംങ്ഷനിലെ ഓട കാലാകാലത്ത് വൃത്തിയാക്കുകയും, ഒരു പൊതു കംഫർട്ടബിൾ സ്റ്റേഷൻ ആരംഭിക്കുകയും ഒരു ആയുർ വേദ ആശുപത്രിസ്ഥാപിക്കുകയും ചെയ്യുക. നാല്പതോളം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസം ഇല്ല. അവർക്ക് കക്കൂസ് കൊടുക്കുക. കുറുമശ്ശേരി ജംങ്ഷനിൽ ട്രാഫിക് പോലീസിൻെറ സേവനം ലഭ്യമാക്കണം,

## WARD IX

നിലവിലുള്ള വാട്ടർടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിച്ച് പൊതുടാപ്പുകൾ സ്ഥാപിച്ച്, ഹൗസ് കണക്ഷൻ ആവശ്യമുള്ളവർക്ക് അനുവദിച്ചും കുടി വെള്ളപ്രശ്നം പരിഹരിക്കുക.

## WARD X

പുവ്വത്തു ശ്ശേരി പ്രൈമറി ഹെൽത്ത് സെൻററിനോടു അനുബന്ധിച്ചുള്ള പഞ്ചായത്തുവക ഭൂമിയിൽ ഒരു ആയുർ വേദ ആശുപത്രി പണിയുക. ചിറയ്ക്ക് സമീപമുള്ള ഗവർ മെൻറുവക ഭൂമിനിരത്തി ഒരുകളിസ്ഥലം നിർമ്മിക്കുക.

## WARD XI

ഈ വാർഡിൽ ബൈവീക്കിലി, ആശുപത്രിക്കു വേണ്ടി എടുത്തിട്ടുള്ള പഞ്ചായത്ത് വക സ്ഥലത്ത് ആയൂർ വേദം, ഹോമിയോപ്പതി, ഡിസ്പെൻസറി സ്ഥാപിക്കുക. പാറക്കടവ്, പുവ്വത്തു ശ്ശേരി ശുദ്ധജലവിതരണപദ്ധതി വിപുലീകരിച്ച്പതിനൊന്നാം വാർഡിൻെറ മുഴുവൻ ഭാഗത്തും ശുദ്ധജലം എത്തിക്കുക. വെള്ളൂർ ത്തറ, കണ്ണക്കുളം പൂന്നിലക്കാവ് എന്നിവിടങ്ങളിലെ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തുക. കൊതുക് നശീകരണത്തിന് വേണ്ടി. ഡി.ഡി.റ്റി. മുതലായ കീടനാശിനകൾ തളിക്കുക. ഹെൽത്ത് വിസിറ്ററുടെ സേവനം ഊർജ്ജിതപ്പെടുത്തുക. പുത്തനംക്കാട് ഹരിജനശ്മാശാനം മതില് കെട്ടി സംരക്ഷിക്കുക.

# വ്യവസായം

ആധുനിക വൻകിട വ്യവസായങ്ങൾ ഇല്ലാത്ത ഒരു പഞ്ചായത്താണ് പാറക്കടവ്. പരമ്പരാഗത വ്യവസാങ്ങളും കുറവാണ്. കുറുമശ്ശേരിയിൽ ഒരു വ്യവസായ സഹകരണസംഘം പ്രവർത്തിക്കുന്നു. അലുമിനിയം പാത്ര നിർമ്മാണം. നല്ല രീതിയിൽ നടക്കുന്നു. 4 സ്ത്രീകളും 5 പുരുഷൻമാരും ജോലി ചെയ്യുന്നു.

പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലെ പ്രധാന വ്യവസായം പാറപൊട്ടിക്കൽ ആണ്. ഈ മേഖലയിൽ ഇപ്പോൾ 27 പാറമടകൾ പ്രവർത്തിക്കുന്നു. ഈ മേഖലയിൽ 800 -ാളം തൊഴിലാളികൾ ജോലിചെയ്യുന്നു. 50 ശതമാനത്തോളം സ്ത്രീ തൊഴിലാളികളാണ്. തൃപ്തികരമായ കൂലി വ്യവസ്ഥ ഈ മേഖലയിൽ നില നില്ക്കുന്നുണ്ട്.

1 ഓട്ടുകമ്പനിയും 6 ഇഷ്ടികക്കളങ്ങളും ഉണ്ട്. ഇവിടങ്ങളിലായി 105 പുരുഷന്മാരും 200 സ്ത്രീകളും ജോലി പ്രയ്യുന്നു.

മരുന്നുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 3 സ്ഥാപനങ്ങളും ഒരു കെമിക്കൽ സ്ഥാപനവും പ്രവർത്തിക്കുന്നു. ഇവിടങ്ങളിലായി 25 - ാളം പേർ ജോലി ചെയ്യുന്നു.

പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ പൂട്ടപ്പെടുകയാണ് ഇപ്പോൾ നിലവിലുള്ള 2 യൂണിറ്റിൽ 16 പേർ ജോലിചെയ്യുന്നു.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഒരു എല്ലുപൊടി നിർമ്മാണയൂണിറ്റും മൂന്ന് നെല്ലുപുഴുക്ക് മില്ലുകളും രണ്ട് റബ്ബർ ഉല്പാദക സംഘങ്ങളും പഞ്ചായത്തിലുണ്ട്. ഇവിടങ്ങളിലായി 20 പുരുഷന്മാരും 12 സ്ത്രീകളും ജോലി ചെയ്യുന്നു.

വനിതാ ഇൻഡസ്ട്രീസ് സ്കീമിൽ പുളിയനത്ത് കറിപൗഡർ യൂണിറ്റും കുറുമശ്ശേരിയിൽ പ്രസ്സും ഉണ്ട് DWCRA യിൽ കുറുമശ്ശേരിയിൽ ചിപ്സ് നിർമ്മാണ യൂണിറ്റും എളവൂരിൽ സീലിംഗ് ടൈൽസ് നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നു. ഇവിടങ്ങളിലായി 25 -ൽ പരം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്.

പല പ്രദേശങ്ങളിലായി ബ്രഡ് നിർമ്മാണം, ചെറുതരം ഇലക്ട്രിക്, ഇലക്ട്രോണിക്സ് സാമഗ്രികൾ, കെട്ടിട നിർമ്മാണ വസ്തുക്കൾ റബ്ബർ എൻജിനിയറിംഗ് എന്നിവയുമായി ബന്ധപ്പെട്ട് ചെറുകിടയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 10 ൽ താഴെ സ്ത്രീകളും പുരുഷന്മാരും ഈ മേഖലയിൽ ജോലിചെയ്യുന്നു. ഈ മേഖലകളിൽ താരതമ്യേന കൂലി കുറവാണ്.

പഞ്ചായത്തിൽ ഖാദി യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നത് നിർത്തി. വ്യവസായ എസ്റ്റേറ്റ് ഇല്ല.

കാർഷിക ഉല്പന്നങ്ങളായ തെങ്ങിൻ തടി, നാളികേരം, ചിരട്ട, പച്ചതൊണ്ട്, റബ്ബർ ഉമി, കശുവണ്ടി, ചക്കക്കുരു എന്നിവ ഉപയോഗിച്ച് W.I.P യിലും DWCRA യിലും ധാരാളം യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. ഈ മേഖലകളിൽ ഖാദി ബോർഡിന് സഹായിക്കാൻ സാധിക്കുന്നതാണ്.

മലിനീകരണ പ്രശ്ന മുണ്ടാക്കുന്ന വ്യവസായങ്ങൾ കുറവായതിനാൽ അതുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ ഇവിടെ കുറവാണ്.

## വ്യവസായവുമായി ബന്ധപ്പെട്ട പൊതു പ്രശ്നങ്ങൾ

കർഷക പ്രധാനമായ പഞ്ചായത്തായതിനാൽ സ്ഥല പരിമിതി വ്യവസായം തുടങ്ങാൻ തടസ്സം നില്ക്കുന്നു.
ഭൂമിയുടെ അമിതമായ വിലവർദ്ധന സംരംഭകരെ പിന്നോട്ടു വലിക്കുന്നു.
പരിസ്ഥിതി പ്രശ്നം പറഞ്ഞ് സംരഭകരെ തടയുന്ന പ്രവണതയുള്ളതിനാൽ ഗൾഫ് പണം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
പരമ്പരാഗത നിർമ്മാണ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ല.
ഗവൺമെൻറുടമയിലുള്ള പരമ്പരാഗത വ്യവസായ യൂണിറ്റിൽ നിന്നും വേണ്ടത്ര കൂലി ലഭിക്കുന്നില്ല.
K.S.E.B. വൈദ്യുതി കണക്ഷൻ കിട്ടാൻ കാലതാമസം അനുഭവപ്പെടുന്നു. ലളിതമായ വ്യവസ്ഥയിൽ വായ്പകൾ ലഭിക്കാൻ ബുദ്ധിമുട്ട് വ്യവസായം തുടങ്ങാൻ ആവശ്യമായ സാങ്കേതിക പരിശീലനത്തിൻെറ അപര്യാപ്തത
കുത്തകകളോട് മത്സരിച്ച് മാർക്കറ്റ് നേടാനുള്ള ബുദ്ധിമുട്ട്

കരിങ്കൽ തൊഴിലാളികൾക്ക് തൊഴിലുറപ്പില്ല.

## പരിഹാരനിർദ്ദേശങ്ങൾ സാധ്യതകൾ

'വ്യവസായയൂണിറ്റുകൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്നതിനായി ഗതാഗതസൗകര്യം, ജലം, വൈദ്യുതി എന്നിവയുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് മുൻകയ്യെടുത്ത് വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക

പൊതുജന സഹകരണത്തോടെ പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ പഞ്ചായത്ത് മുൻകയ്യെടുത്ത് ഗൾഫ് പണക്കാരെയും മടിച്ചുനില്ക്കുന്നവരെയും ഊഹക്കച്ചവടത്തിനു പോകുന്നവരെയും വ്യവസായ രംഗത്തേക്ക കൊണ്ടുവരാൻ സാധിക്കും.

പനമ്പ് നെയ്ത്തുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനത്തിനായി ബാംബു കോർപ്പറേഷനുമായി സഹകരിച്ച് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള നടപടിയുണ്ടാക്കണം. വ്യവസായാടിസ്ഥാനത്തിൽ തുടങ്ങുന്ന യൂണിറ്റുകൾക്ക് കാലതാമസം കൂടാതെ വൈദ്യുതി ലഭ്യമാക്കാൻ നടപടിയുണ്ടാക്കണം. വ്യവസായം തുടങ്ങാൻ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം. ഒരേ തരത്തിലുള്ള വ്യവസായങ്ങൾക്ക് ഒരുമിച്ച് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

D.W.C.R.A. യിലും, W.I.P. യിലും റെഡിമെയ്ഡ്, ലതർബാഗ്, കറിപൗഡർ, സ്ക്വാഷ്, കരകൗശല വസ്തുക്കൾ ഇലക്ട്രിക് ഇലക്ട്രോണിക്സ് അസംബ്ളിംഗ് യൂണിറ്റുകൾ, നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ്, ഫയൽ, കിടക്ക നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിച്ചാൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാം.

കാർഷിക മേഖലയിൽ മുട്ടക്കോഴിവളർത്തൽ, ഇറച്ചിപ്പന്നി വളർത്തൽ, ഡയറി യൂണിറ്റ് എന്നിവ DWCRA യിൽ ആരംഭിക്കാവുന്നതാണ്.

കൺസ്യൂമർ സഹകരണസംഘങ്ങൾ ഉണ്ടാക്കി ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താം.

കരിങ്കൽ തൊഴിലാളികളുടെ തൊഴിൽ ഭദ്രത ഉറപ്പുവരുത്തണം.

## വിവിധ ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ

### വാർഡ് 1

അഭ്യസ്ഥവിദ്യരായ ധാരാളം പെൺകുട്ടികൾ ഈ വാർഡിലുണ്ട്. ഇവർക്കായി ടയിലറിംഗ് യൂണിറ്റുകൾ ആരംഭിക്കുക.

ഈ വാർഡിൽ റബ്ബർ കൃഷി ധാരാളം ഉള്ളതിനാൽ സഹകരണ അടിസ്ഥാനത്തിൽ ഒരു അനുബന്ധ വ്യവസായം തുടങ്ങുക

സഹകരണമേഖലയിൽ ഒരു കരിങ്കൽ ക്വോറി അനുവദിക്കുക.

കരിങ്കൽ ചീളുകളും പൊടിയും ധാരാളം ലഭിക്കുമെന്നതിനാൽ ഒരു ഹോളോ ബ്രിക്സ് യൂണിറ്റ് തുടങ്ങുക

ക്ഷീരോല്പാദനം ലാഭകരമാക്കുവാൻ വേണ്ട നടപടികൾ തുടങ്ങുക.

അഭ്യസ്ഥ വിദ്യരായ തൊഴിലില്ലാത്തവർക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക

ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

### വാർഡ് 2

നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഖാദി ബോർഡ് കൈത്തറി എന്നിവയുമായി ബന്ധപ്പെട്ട് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ആരംഭിക്കുകയും തയ്യൽ പഠിച്ചിട്ടുള്ളവർക്ക് തയ്യൽ മെഷിൻ വിതരണം ചെയ്തും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക.

കരിങ്കല്ലുകൊണ്ടുള്ള കരകൗശല നിർമ്മാണത്തിന് ആവശ്യമായ പ്രോത്സാഹനം നല്കി തൊഴിൽ അവസരങ്ങൾ സ്വരൂപിക്കുക.

ചെറുപ്പക്കാർക്ക് തെങ്ങുകയറ്റത്തിനാവശ്യമായ യന്ത്രം കുറഞ്ഞവിലക്ക് നല്കി തൊഴിൽ അവസരവും വ്യവസായവും വികസിപ്പിക്കുക.

## വാർഡ് 3

കാർഷിക അസംസ്കൃത വസ്തുക്കളായ തേങ്ങ, തെങ്ങിൽ നിന്നും ലഭിക്കുന്ന ചിരട്ട, ചകിരി മുതലായവ കൊണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ, സ്ത്രീകൾക്കായി ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ മുതലായവ ആരംഭിക്കുക.
വ്യവസായം തുടങ്ങുന്നതിനാവശ്യമായ ലൈസൻസ് മറ്റ് തടസ്സങ്ങൾ കാരണം പഞ്ചായത്തിൽ നിന്നും ലഭിക്കാതിരിക്കുന്നത് ലഭിക്കാൻ വേണ്ടുന്ന സത്വര നടപടികൾ ഉണ്ടാക്കുക.
കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് ഓരോ പ്രദേശത്തും വിറ്റഴിക്കുന്നതിനായി ഒരു സഹകരണ വിപണന സംഘം രൂപീകരിക്കുക.
കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും, വിറ്റഴിക്കുന്നതിനും വേണ്ടുന്ന തൊഴിൽ താല്പര്യമുള്ള വ്യക്തികളെ വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ കണ്ടെത്തി തൊഴിൽ അറിവുകൾക്ക് വേണ്ടുന്ന പരിശീലനങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്ത് തലത്തിൽ കൊടുത്ത് സഹായിക്കുക.
പഞ്ചായത്ത് തലത്തിൽ ചെറിയ യൂണിറ്റുകൾ സ്ഥാപിച്ച് ആവശ്യമായ വെള്ളവും വെളിച്ചവും, വൈദ്യുതിയും പഞ്ചായത്ത് മുൻകയ്യെടുത്ത് എത്തിച്ചുകൊടുക്കുക.
വാർഡുകളിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് മുൻഗണന നല്കുക. പഞ്ചായത്ത് തലത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ പഞ്ചായത്ത് മുൻകയ്യെടുക്കുക.

## വാർഡ് 4

ഈറ്റ പനമ്പ് വ്യവസായത്തിന് ആവശ്യമായ സാമ്പത്തിക സഹായവും, അസംസ്കൃത വസ്തുവായ ഈറ്റ വേണ്ടത്രയും പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, P.M.R.Y യിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്നതിനും ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ വേഗത്തിൽ ലഭ്യമാക്കി തൊഴിൽ അന്വേഷകരെ സഹായിക്കുക.
പ്രാദേശിക വ്യവസായത്തിന് വിഘാതമായി നില്ക്കുന്ന അഴിമതി നിർമ്മാർജ്ജനം ചെയ്യുക വ്യവസായ പുരോഗമനത്തിനായി ജനങ്ങളെ ബോധവല്ക്കരിക്കുക.
ഈറ്റ ഉപയോഗിച്ച് പനമ്പ് നിർമ്മിക്കുന്നതിന് വാർഡ് തലത്തിൽ പൊതു സ്ഥാപനം സ്ഥാപിക്കുക.
കൺസ്യൂമർ സൊസൈറ്റികൾ വാർഡ് തലത്തിൽ സ്ഥാപിച്ച് വിലനിലവാരം കുറച്ച് വ്യവസായ പുരോഗതി കൈവരിക്കുക.

## വാർഡ് 5

തയ്യൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക
ഖാദിബോർഡിലെ മന്ദീഭവിച്ച അവസ്ഥക്ക് പരിഹാരം കണ്ട് സർക്കാർ ഏറ്റെടുത്ത് തൊഴിൽ മേഖലയും തൊഴിൽ അവസരവും ഊർജ്ജിതപ്പെടുത്തുക.
ബീഡിതെറുപ്പ് നടത്തുന്ന ഈ വാർഡിലെ 20% വരുന്ന തൊഴിലാളികൾക്ക് ഒരു സഹരണസംഘം രൂപീകരിച്ച് വില്പന നടത്തുന്നതിന് ചെറുപ്പക്കാരെ നിയോഗിച്ച് വ്യവസായവും തൊഴിലും ഊർജ്ജിതപ്പെടുത്തുക.
കശുവണ്ടി സംഭരണം സർക്കാർ ഏറ്റെടുത്ത് പഞ്ചായത്ത് തലത്തിൽ പൊതുസംസ്ക്കരണശാലയും വില്പന കേന്ദ്രവും കണ്ടെത്തി കൃഷിക്കാർക്ക് ന്യായമായ വില നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്ത് വ്യവസായവും കാർഷിക നിലവാരവും അഭിവൃദ്ധിപ്പെടുത്തുക.
കല്ല് ഉരക്കുന്ന കമ്പനി സ്ഥാപിച്ച് വാർഡിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും വില്പനക്കാർക്കും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക.
ഷോപ്പിംഗ് കോംപ്ലക്സ് വാർഡ് തലത്തിൽ സ്ഥാപിച്ച് ബിസിനസ് രംഗം ശോഭിപ്പിച്ച് പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കുക.
കുട നിർമ്മാണ ഫാക്ടറികൾ സ്ഥാപിച്ച് വാർഡിൽ വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുക.
വാർഡ് തലത്തിൽ മാവേലി സ്റ്റോറുകൾലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക.
പഴവർഗ്ഗ സംസ്ക്കരണ ശാല സ്ഥാപിക്കുക.
കാർഷിക വിഭവങ്ങൾക്ക് വാർഡ് തലത്തിൽ സംസ്ക്കരണ ശാലകൾ സ്ഥാപിച്ച് ഇടത്തട്ട് ഒഴിവാക്കി കർഷകർക്കും തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർക്ക് അവസരങ്ങൾ

നല്കി വ്യവസായത്തേയും കാർഷിക മേഖലയെയും അഭിവൃദ്ധിപ്പെടുത്തുക.
ഈറ്റ പനമ്പ് വ്യവസായം ഈ വാർഡിൽ പരിപോഷിപ്പിക്കുന്നതിന് തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കുന്നതിന് ബാംബുകോർപ്പറേഷൻെറ ഒരു ഡിപ്പോ സ്ഥാപിക്കുക.

### വാർഡ് 6

എളവൂർ വേളാർ കോളനിയിൽ പ്രവർത്തിക്കുന്ന സംഘം പോട്ടറി വർക്കേഴ്സ് എന്ന സ്ഥാപനം വാടക സ്ഥലത്താണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലം വാങ്ങുവാൻ പഞ്ചായത്തിൽ നിന്നും സൗകര്യം ചെയ്താൽ ഏതാനും പേർക്ക് തൊഴിൽ കൊടുക്കാം, വ്യവസായ പുരോഗതി നേടാം.
പെട്രോളിയം കമ്പനി സ്പോൺസർ ചെയ്തിരിക്കുന്ന വേളാർ സൊസൈറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പ്രോത്സാഹനം ചെയ്യുക.
എളവൂർ പുഷ്പാലയം മഹിളാസമാജത്തിന് സ്വന്തമായ അഞ്ചു സെൻറ് സ്ഥലത്ത് പരിശിലന കേന്ദ്രവും റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണ കേന്ദ്രവും ആരംഭിക്കുന്നതിന് പഞ്ചായത്തിൽ നിന്നും നടപടികൾ സ്വീകരിച്ചാൽ ഏതാനും പെൺകുട്ടികൾക്ക് തൊഴിൽ ലഭിക്കും.
ഈറ്റ പനമ്പ് വ്യവസായവുമായി ബന്ധപ്പെട്ട് ഈ വാർഡിലുള്ളവർക്ക് പരമ്പരാഗത തൊഴിൽ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ഈറ്റ ലഭ്യമാക്കുന്നതിന് ബാംബു കോർപ്പറേഷൻ സബ് ഡിപ്പോ വാർഡിൽ സ്ഥാപിക്കുക.
വാർഡിലെ പ്രധാന കൃഷിയായ റബ്ബർ സംബന്ധമായ വ്യവസായം സ്ഥാപിച്ച് സംസ്ക്കരണ സാധനങ്ങൾ നിർമ്മിച്ചും വിപണനം നടത്തി കൃഷിക്കാർക്കും, തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കും, വ്യവസായികൾക്കും പുരോഗതി ഉണ്ടാക്കുക. കുന്നപ്പിള്ളിശ്ശേരി മഹിളാ സമാജം ഇത്തരം ഏതെങ്കിലും പ്രോജക്ടുമായി ബന്ധപ്പെട്ടും പഞ്ചായത്തിൽ നിന്നും താല്പര്യമെടുത്തും പാവപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

### വാർഡ് 7

മൾബറി കൃഷിയെ പ്രോത്സാഹിപ്പിച്ച് വാർഡ് തലത്തിൽ സഹായം നല്കി വ്യവസായ മേഖല വാർഡിൽ ആരംഭിക്കുക.
സഹകരണ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുത്ത്കൊണ്ടുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്ത് മുൻകയ്യെടുത്ത് വാർഡ് തലത്തിൽ സഹായം എത്തിക്കുക. മുട്ടയ്ക്കും, മാംസത്തിനുമായി കോഴി വളർത്തലിന് സാമ്പത്തിക സഹായം വാർഡിൽ എത്തിക്കുക.

### വാർഡ് 8

കൈത്തറി വ്യവസായത്തിന് സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിച്ചാൽ സ്ത്രീകളായ 50 പേർക്ക് തൊഴിൽ നല്കുവാൻ കഴിയും. ഇതിനോടനുബന്ധിച്ച് റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റാരംഭിക്കുക, കിടക്ക, തലയിണ നിർമ്മാണ യൂണിറ്റും ആരംഭിക്കുക.
പനമ്പ് വ്യവസായം വികസിപ്പിക്കൽ : ബാംബു കോർപ്പറേഷനിൽ നിന്നും ഈറ്റ ലഭ്യമാക്കാനും നെയ്ത സാധനങ്ങൾ ബാംബൂകോർപ്പറേഷനുതന്നെ നല്കുകയും ചെയ്താൽ ഈ വ്യവസായം വികസിപ്പിക്കാം.
കൊപ്ര സംസ്ക്കരണ യൂണിറ്റ് : സഹകരണാടിസ്ഥാനത്തിൽ തേങ്ങയും കൊപ്രയും സംഭരിച്ച് സംസ്ക്കരിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിച്ചാൽ ഈ പ്രദേശത്തുള്ള കേര കർഷകരുടെ വിളകൾക്ക് ന്യായമായ വില ലഭ്യമാക്കാൻ കഴിയും.
പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

### വാർഡ് 9

പനമ്പ് നെയ്ത്ത് വ്യവസായം വിപുലീരിക്കുക - സഹകരണ മേഖലവഴി വികസിപ്പിക്കാവുന്നതാണ്.
അച്ചാർ, മസാലകൾ എന്നിവയുടെ വ്യവസായം തുടങ്ങുക

മരപ്പണി ഊർജ്ജിതപ്പെടുത്തുന്നതിനായി 'സുരഭി' പോലെയുള്ള ഏജൻസികളെ കണ്ടെത്തിയോ അല്ലെങ്കിൽ സ്വന്തമായി ഏജൻസി എടുത്ത് വിപണി കണ്ടെത്താവുന്നതാണ്.

തയ്യൽ വ്യാവസായികാടിസ്ഥാനത്തിൽ പുനരാരംഭിച്ച് വിപണി കണ്ടെത്താം.

**വാർഡ് 10**

സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സഹകരണാടിസ്ഥാനത്തിൽകുടനിർമ്മാണം, ബുക്ക് ബയൻറിംഗ്, റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണം തുടങ്ങിയവയ്ള്ള യൂണിറ്റുകൾ തുടങ്ങുക

**വാർഡ് 11**

പഴ സംസ്ക്കരണ യൂണിറ്റ് തുടങ്ങുക

കൊപ്ര സംസ്കരണയൂണിറ്റ് ആരംഭിക്കുക

കൈത്തറി വ്യവസായം തുടങ്ങുക

കരിക്കിൻവെള്ളം സംസ്കരിച്ച് ശീതള പാനിയം നിർമ്മിക്കുന്ന യൂണിറ്റുകൾതുടങ്ങുക.

# റോഡുകൾ - ഗതാഗതം - വാർത്താവിനിമയം

ഏതൊരു മേഖലയുടെയും വികസനത്തിൽ സ്വാധിനം ചെലുത്തുന്ന അതി പ്രധാനമായ ഒരു മേഖലയാണ് റോഡ് ഗതാഗതമേഖല. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖല റോഡ് ഗതാഗത കാര്യത്തിൽ വളരെ മുൻ പന്തിയിൽനില്ക്കുന്നു..

പഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളെ പി.ഡബ്ളിയു. ഡി. റോഡുകൾ, ഗ്രാമീണ റോഡുകൾ എന്നിങ്ങനെ രണ്ടായിതിരിക്കാം. പഞ്ചായത്ത് പ്രദേശത്ത് എട്ട് പി.ഡബ്ളിയു.ഡി റോഡും തൊണ്ണൂറ്റിയൊമ്പത് ഗ്രാമീണറോഡുകളും ഉണ്ട്. പി.ഡബ്ളിയു.ഡി. റോഡിന് 26 കി.മീ. നീളവും ഗ്രാമീണറോഡുകൾക്ക് 84.86 കി.മീ. നീളവും കണക്കാക്കിയിരിക്കുന്നു. ഗ്രാമീണറോഡുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ പിന്നിട്ട പത്തു വർഷങ്ങളിലെ മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നില്ല. എന്നിരുന്നാലും കൂടുതൽജനകീയ പങ്കാളിത്തത്തോടെ അടുത്ത അഞ്ചു വർഷം കൊണ്ട് കാര്യമായ പുരോഗതി റോഡ് രംഗത്ത് വരുത്താൻ കഴിയണം.

പി.ഡബ്ളിയു.ഡി. റോഡ് മുഴുവനും ടാറിംഗ് നടത്തിയതും ഗതാഗത സൗകര്യമുള്ളതുമാണ്. എന്നാൽ വീതിയില്ലായ്മയും വെള്ളക്കെട്ടും മൂലം റോഡുകൾ എല്ലായ്പ്പോഴും മോശമായിക്കിടക്കുന്നതും, റോഡിന് താങ്ങാവുന്നതിൽ കൂടുതൽവാഹനപ്പെരുപ്പവും പലപ്പോഴും യാത്രക്കാർക്ക് സമയനഷ്ടവും അപകടസാദ്ധ്യതയും വിളിച്ചുവരുത്തുന്നു.

കഴിഞ്ഞ എട്ടാം പദ്ധതിക്കാലത്ത് പഞ്ചായത്തിലെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും വേണ്ടി ജെ. ആർ.വൈ, അൺടൈഡ്, പഞ്ചായത്ത് ഫണ്ട് എന്നിവയിൽ നിന്നായി അരകോടിയ്ക്കടുത്ത് തുക ചിലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് റോഡുകളിൽ 12.5 കി.മീ. നീളം ടാറിംഗ് പൂർത്തിയായിട്ടുണ്ട്. ഇതിൻെറ ആഞ്ചിരട്ടി ഇനിയും ടാറിംഗ് നടത്തുവാൻ ബാക്കി നില്ക്കുന്നു.

### ജലഗതാഗതം

പഞ്ചായത്ത് പ്രദേശം ചാലക്കുടിപ്പുഴയാലും അങ്കമാലി മാഞ്ഞാലി തോടിനാലും ചുറ്റപ്പെട്ട് കിടക്കുന്നുണ്ടെങ്കിലും ജലഗതാഗതം പ്രയോജനപ്പെടുത്തപ്പെട്ടിട്ടില്ല. എളവൂർ-പൂവത്തുശ്ശേരി പ്രദേശങ്ങളിലെ കടത്തുവഞ്ചികൾ മാത്രമാണ് ഈ രംഗത്ത് നിലവിലുള്ളത്. വളരെ സാധ്യതകൾ ഉള്ള ഒരു രംഗമാണിത് ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ കാർഷികാഭിവൃത്തിക്കും വ്യവസായ വാണിജ്യ രംഗത്തും ഉപകരിക്കും.

## ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ

### വാർഡ് 1

തൃശൂർ - എറണാകുളം ജില്ലകളെ വേർതിരിക്കുന്ന ബൗണ്ടറി റോഡ് P.W.D. ഏറ്റെടുത്ത് ടാറിംഗ് നടത്തുക
മാമ്പ്ര - കൊട്ടിലിങ്ങൽ റോഡ് വീതികൂട്ടി ടാറിംഗ് നടത്തുക
മാനുഷ്യ ക്ലബ് മുതൽ അസീസിനഗർവരെയുള്ള റോഡ് ഫാം റോഡായി ഏറ്റെടുത്ത് നന്നാക്കുക. മാനുഷ്യ ക്ലബ് റോഡ് ബൗണ്ടറി റോഡുമായി ബന്ധിപ്പിക്കുക.
ആറങ്ങാടി റോഡ്, കുന്നത്തങ്ങാടി റോഡ്, L.P. സ്കൂൾ കാട്ടുചിറ - പുളിയനം റോഡ് എന്നിവ വീതി കൂട്ടി ടാറിംഗ് നടത്തുക.
കറുകുറ്റി - തേലപ്പുറം - മാമ്പ്ര - പുളിയനം റോഡ് P.W.D. അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് റീ ടാറിംഗ് നടത്തുക.
മൈലാടും കുന്ന് കനാൽ റോഡ് നന്നാക്കുക.
L.P. സ്കൂൾ - പള്ളി റോഡ് കനാൽ ബണ്ടിൽ ഉള്ള പാലം വീതി കൂട്ടി സഞ്ചാര യോഗ്യമാക്കുക.
കൃഷി സ്ഥലങ്ങളിലേക്ക് പോകുന്നതിന് ഫാം റോഡുകൾ നിർമ്മിക്കുക.
മുസ്ലീം പള്ളി റോഡ് ടാറിംഗ് നടത്തുക.

### വാർഡ് 2

പുളിയനം ത്രിവേണി റോഡ്, പുളിയനം കാട്ടുചിറ റോഡ്, പുളിയനം ഹരിജൻ കോളനി റോഡ് എന്നിവ ടാറിം

ഗ് നടത്തുക.

പുളിയനം - പാലുപ്പുഴ റോഡിൽനിന്നും ആരംഭിക്കുന്ന റോഡ് കോൾപാടം വഴി ക്രോസ് ചെയ്ത് ഫാം റോഡ് ആക്കുക.

പള്ളിത്താഴം - റേഷൻകട റോഡ് കിഴക്കോട്ട് ക്രോസ് ചെയ്ത് ഫാം റോഡ് നിർമ്മിക്കുക.

പൊതു ശ്മശാനത്തിലേക്കുള്ള വഴി സഞ്ചാര യോഗ്യമാക്കുക പുളിയനം മൂഴിക്കുളം റോഡിൽ നിന്നും കിഴക്കേ പാടത്തേക്കുള്ള റോഡ് സഞ്ചാര യോഗ്യമാക്കുക.

PD.D.P. ഡയറിയുടെ സൈഡിൽക്കൂടിയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക

വൃന്ദാവൻ സ്റ്റോപ്പിൽ നിന്നും കനാൽ റോഡ് നന്നാക്കുക.

## വാർഡ് 3

മനയ്ക്കപ്പടി - മാത്തലാങ്ങ റോഡ് 8 മീറ്റർ വീതി ആക്കിയിരിക്കുന്നത് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ കലുങ്കുകളും നിർമ്മിച്ച് റോഡിൻെറ ടാറിംഗ് നടത്തുക.

ഹൈസ്ക്കൂൾ - കൈപ്പിള്ളിക്കുന്ന് കോടുശ്ശേരി റോഡ് പുനരുദ്ധാരണ പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

മനയ്ക്കപ്പടി - താബോർ ചർച്ച് റോഡ് പുനരുദ്ധാരണ പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

മോറേലിപ്പടി - കപ്പേളറോഡ് മുഴുവനായും പഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തുക.

മറ്റപ്പിള്ളി - മനയ്ക്കപ്പടി മാത്തലാങ്ങ ലിങ്ക് റോഡ് ഐക്യാട്ടുകടവ് റോഡുമായി ബന്ധിപ്പിച്ച് അറ്റകുറ്റ പ്പണികൾ നടത്തി പഞ്ചായത്ത് ഏറ്റെടുക്കുക.

എൽ.പി. സ്ക്കൂൾകപ്പേളപ്പടി കനാൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുക.

മൊറേലി കപ്പേളയിൽ നിന്നും ത്രിവേണി കവലയിലേക്ക് പകുതിയോളം പണി പൂർത്തിയാക്കിയിട്ടുള്ള റോഡ് പൂർത്തീകരിക്കുക.

## വാർഡ് 4

കോടുശ്ശേരി അതിർത്തിയിൽ നിന്നും കുന്നപ്പിള്ളിശ്ശേരിക്കുള്ള റോഡിൻെറ നിർമ്മാണംസാധ്യമാക്കുക.

മാങ്കുളം റോഡ് പുനർനിർമ്മിക്കുക (നിലവിൽ 7 അടി വീതിയുണ്ട്)

വട്ടപ്പറമ്പിൻെറ വടക്കുവശത്തുള്ള കനാൽ ബണ്ടിൽക്കൂടി റോഡ് നിർമ്മിക്കുക.

കോടുശ്ശേരി മള്ളുശ്ശേരി വാച്ചാൽ റോഡിൻെറ ടാറിംഗ് പണി വേഗത്തിൽ നടത്തുക.

കോടുശ്ശേരി കണിയാങ്കുളം റോഡിൻെറ വികസനം നടത്തുക.

കോടുശ്ശേരി ഓർക്കാട് റോഡിൻെറ വീതി കൂട്ടൽ നടപ്പാക്കുക.

കോടുശ്ശേരിയിൽനിന്നും പുളിയനത്തേക്ക് പാടത്തുകൂടി പുതിയ റോഡ് നിർമ്മിക്കുക.

കോടുശ്ശേരി ലക്ഷം വീട് കോളനി റോഡിൻെറ വീതി കൂട്ടി ടാറിംഗ് നടത്തുക

കോടുശ്ശേരി അമ്പലം റോഡിലൂടെ കോടുശ്ശേരി ഭഗവതി ക്ഷേത്രത്തിൻെറ സമീപത്തുള്ള റോഡിൻെറ നീളം കണക്കിലെടുത്ത് ടാറിംഗ് നടത്തിക്കുക.

മധുരപ്പുറം പാലം നിർമ്മിക്കുന്നതിനായി സമ്മർദ്ദം ചെലുത്തുക.

അങ്കമാലി കോടുശ്ശേരി റൂട്ടിൽ അപകട സാദ്ധ്യതയുള്ള വളവുകളിൽ അടയാള ബോർഡുകൾ സ്ഥാപിക്കുക.

## വാർഡ് 5

തിരുപറമ്പ് കടത്തുമുതൽ എളവൂർ അമ്പലക്കവല വരെയുള്ള റോഡ് ടാറിംഗ് നടത്തണം.

കുന്നപ്പിള്ളി നമ്പ്യാർപടി കനാൽപാലം മുതൽവടക്കോട്ട് കനാൽ തീരം ഇരുവശങ്ങളും ലോറി ഗതാഗതത്തിന് തക്ക വീതി ഉണ്ടാക്കി അറ്റകുറ്റപ്പണികൾ നടത്തുക.

പീച്ചേലിക്കടവിൻെറ വടക്കുവശത്തെ റോഡിന് പാലം ഉൾപ്പെടെ ഗതാഗത യോഗ്യമാക്കണം. വെള്ളപ്പൊക്കക്കാലത്ത് പടിഞ്ഞാറുഭാഗത്തുള്ളവർ ഒറ്റപ്പെടാതിരിക്കാൻ ഇത് ഉടനെ ചെയ്യണം. ശ്രമദാനം ലഭിക്കുന്നതാണ്.

കുന്നപ്പിള്ളിശ്ശേരി പള്ളിയുടെ വടക്കുവശത്ത് ലക്ഷംവീട് കോളനികൂടി നാലുസെൻറ് കോളനിതീരുന്നിടം വരെയുള്ള റോഡ് വീതി കൂട്ടി ടാറിംഗ് ചെയ്യുക. മേൽപറഞ്ഞ റോഡിൽനിന്നും കിഴക്കും പടിഞ്ഞാറും പൂർത്തിയാകാ

തെ കിടക്കുന്ന റോഡുകൾ പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക. മനുഷ്യപ്രയത്നം സംഭാവനയായി ലഭിക്കും.
കുന്നപ്പിള്ളിശ്ശേരിയിൽ നിന്ന് കരിപ്പാശ്ശേരിവഴി ചെട്ടിക്കുളം റോഡ് നിലവിലുള്ളത് ഗതാഗതയോഗ്യമാക്കുക തിരുപറമ്പ് കടത്ത് കടവിൽ ഒരു കടത്തുവഞ്ചികൂടി അനുവദിക്കുകയും കടത്ത് സമയം രാത്രി 9 മണിവരെ ദീർഘിപ്പിക്കുകയും വേണം.
നേരത്തേ ഉണ്ടായിരുന്ന എളവൂർ ചന്തക്കടവ് പൂവത്തുശ്ശേരി മറ്റത്തിക്കടവിലെ കടത്തു വഞ്ചി പുനസ്ഥാപിക്കുക.
കുന്നപ്പിള്ളിശ്ശേരി ഷാപ്പിന് പടിഞ്ഞാറ് എളവൂർ ബ്രാഞ്ച് കനാൽ ഭാഗത്തേക്ക് ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുക.
കുന്നപ്പിള്ളിശ്ശേരി സെമിത്തേരിവഴി കരിപ്പാശ്ശേരി റോഡ് കലുങ്ക് സ്ഥാപിച്ച് ഗതാഗതയോഗ്യമാക്കണം.
തിരുപറമ്പ് കടത്തിൽ വാഹനങ്ങൾ കടത്തുന്നതിന് ഫെറി സർവ്വീസ് ആരംഭിക്കുക.
ഏറാഡുകൾക്ക് കാലകൾ ഉണ്ടാക്കുക. വീതി കുറയ്ക്കുന്ന പ്രവണതകൾ അവസാനിപ്പിക്കാൻ സത്വര നടപടിയെടുക്കുക.

## വാർഡ് 6

താഴെപ്പള്ളി - എളവൂർ റോഡും, പുത്തൻകാവ് - തൃക്ക - പുളിയനം റോഡും റീ ടാറിംഗ് നടത്തുക.
വേളാർ കോളനി റോഡും ശ്രാമ്പിക്കപ്പാടം റോഡും ടാറിംഗ് നടത്തുക
പാറക്കടവ് ബ്രാഞ്ച് എളവൂർ കനാലിൻെറ ഒന്നാം കിലോമീറ്റർവരെ ഇടതുവശവും തുടർന്നുള്ള ദൂരം വലതുവശവും റോഡ് നിർമ്മിക്കുക.
എളവൂർ പാറയിൽ നിന്നും കുറുമുട്ടി വഴി വേളാർകോളനിയിൽ അവസാനിക്കുന്ന റോഡ് വീതികൂട്ടി വികസിപ്പിക്കുക.
എളവൂർ പാറമുതൽ വിൻസൻറ് ഡീപ്പോൾ കപ്പേളവരെയുള്ള റോഡ് വികസിപ്പിക്കുക.
താഴെപ്പള്ളി റോഡിൽ L.F. കപ്പേളയുടെ വടക്കുവശത്തുനിന്നും ആരംഭിച്ച് കിഴക്കോട്ട് പുത്തൻകാവ് - തൃക്ക പുളിയനം റോഡിൽ ചെന്നു ചേരുന്ന ഇടവഴി വീതി കൂട്ടി നന്നാക്കുക.
കുന്നപ്പിള്ളിശ്ശേരി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് പാരണപ്പാടത്ത് എത്തുന്ന റോഡ് ഉടനെ നിർമ്മിക്കണം.
കനാൽബണ്ട് ശ്രാമ്പിക്കപ്പാടം റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കണം.
കുന്നപ്പിള്ളിയിൽ നിന്നും ചന്തയിലേക്കുള്ള വഴി നന്നാക്കുക.
ചെട്ടിക്കുന്ന് ത്രിവേണിക്കവലവഴി പുളിയനം റോഡ് പണിപൂർത്തിയാക്കുക.

## വാർഡ് 7

ചെട്ടിക്കുളം - കുറുമശ്ശേരി റോഡ്, ചെട്ടിക്കുളം കരിപ്പാശേരി വട്ടപ്പറമ്പ് റോഡ്, ചെട്ടിക്കുളം മുതുകളംചാൽ റോഡ് എന്നിവ നന്നാക്കുക.
മൂഴിക്കുളം അമ്പലനട റോഡ്, മൂഴിക്കുളം കിഴക്കേനടറോഡ് എന്നിവ നന്നാക്കുക.
കരിപ്പാശ്ശേരി - കുന്നപ്പിള്ളിശ്ശേരി റോഡ്, കരിപ്പാശ്ശേരി - കണ്ണൻകുഴിശ്ശേരി റോഡ് എന്നിവ നന്നാക്കുക.
ചീരോത്തിത്തോട് റോഡ് J.R.Y. ടാറിംഗ് നടത്തുക
മൂഴിക്കുളം സ്ക്കൂൾ റോഡിൽ കാന നിർമ്മിക്കുക.
മൂഴിക്കുളം കവലക്ക് തെക്ക്വശം കൽവർട്ട് സ്ഥാപിക്കുക.

## വാർഡ് 8

കുറുമശ്ശേരിയിൽ ടാക്സി, ഓട്ടോ, ടെംപോ വാഹനങ്ങൾക്ക് വേണ്ടി സ്റ്റാൻഡ് നിർമ്മിക്കുക.
വാഹനഗതാഗതം നിയന്ത്രിക്കുന്നതിന് കുറുമശ്ശേരി കവലയിൽ സ്ഥിരമായി പോലീസിനെ നിയോഗിക്കുക.
റിക്രിയേഷൻ ഗ്രൗണ്ടിന് തെക്കുവശത്തുള്ള റോഡ് ഗ്രൗണ്ടിനു വടക്കുവശത്തേക്കുള്ള റോഡ് ടാർ ചെയ്ത് ശരിയാക്കി പാടം ക്രോസ് ചെയ്ത് മൂഴിക്കുളം റോഡുമായി ബന്ധിപ്പിക്കുക.
ഇലഞ്ഞിപ്പുഴനിന്നും അടുവാശ്ശേരി ലക്ഷം വീട് കോളനിയുമായി ഒരു ഏറാഡ് നിർമ്മിച്ച് ബന്ധിപ്പിക്കുക.
ബേക്കറിപ്പടിയിൽ നിന്നും വടക്കോട്ട് തുറക്കടവ് റോഡ് സൈഡ് കെട്ടി ടാറിംഗ് നടത്തി മൂഴിക്കുളത്തേക്ക് സമാന്തര റോഡ് ഉണ്ടാക്കുക.
ലക്ഷംവീട് കോളനി റോഡിൻെറ വീതി കൂട്ടുക.

പള്ളിപ്പുറത്ത്പറമ്പ് കോളനി റോഡ്, ബ്ലോക്കാഫീസിനു മുൻപിലൂടെ പടിഞ്ഞാറോട്ടുള്ള റോഡ്, പ്രിയ ആശുപത്രിക്ക് സമീപത്തുനിന്നും കറുകപ്പാടത്തേക്കുള്ള വഴി എന്നിവ അറ്റകുറ്റപ്പണികൾ നടത്തിക്കുക.

എല്ലാറോഡുകൾക്കും കാനകൾ ഉണ്ടാക്കുക, അവ വൃത്തിയാക്കാൻ വേണ്ട സംവിധാനം ഏർപ്പാടാക്കുക.

### വാർഡ് 9

ബണ്ട് റോഡ് പണി പൂർത്തീകരിക്കുക.

ലിങ്കുറോഡുകൾ നന്നാക്കുക.

മാരാത്യക്കൾ, കുണ്ടോന്ത്ര റോഡുകൾ ഗതാഗതയോഗ്യമാക്കുക

പറമ്പുശ്ശേരി റോഡ് കാന നിർമ്മിച്ച് നന്നാക്കുക.

A.K.G. കവലയിൽനിന്നും തെക്കോട്ട് ക്ഷേത്രം വഴി തുളച്ചാൽറോഡ് നന്നാക്കി ടാറിംഗ് നടത്തുക

റോഡുകളിലെ കാനകൾ വൃത്തിയാക്കുക, ശരിയാക്കുക.

### വാർഡ് 10

കൊച്ചുകടവിൽ നിന്നുള്ള ആറടിപ്പാത വീതികൂട്ടി വാഴാറ വരെ എത്തിച്ച് ഐനിക്കത്താഴം റോഡുകൂടി ആലുവാതോടിൻെറ സൈഡിൽക്കൂടി പുതിയറോഡ് നിർമ്മിക്കുക.

ഐനിക്കത്താഴം തിടുക്കേലി റോഡ് നിർമ്മിക്കുക.

പൂവ്വം മുതൽ ഇരുമ്പുങ്ങൽ വരെയുള്ള റോഡ് നിർമ്മിക്കുക പൂവ്വം കവലമുതൽ നമ്പർ 2 ഇറിഗേഷൻ പമ്പ് ഹൗസ് വരെ ടാറിംഗ് നടത്തുക.

ഉണ്ണിശോ റോഡ്, തറമൂലറോഡ് Y.M.C.A റോഡ്, തിരുപറമ്പ് - പറയൻമൂല റോഡ് എന്നിവ ടാറിംഗ് നടത്തുക.

ഉണ്ണിശോ നഗർ കുറ്റിക്കാട് കനാൽറോഡ് ടാറിംഗ് ചെയ്യുക

തറേപ്പറമ്പ് - പാലുപ്പാടം റോഡ് നിർമ്മിച്ച് കാർഷികാഭിവൃദ്ധി ഉറപ്പാക്കുക.

പറക്കര - പാലുപ്പാടം വരെ കനാൽ റോഡുണ്ടാക്കി പട്ടികജാതിക്കാരുടെ കൃഷിസ്ഥലം ഉപയോഗയോഗ്യമാക്കുക.

പറക്കര തേമാലി റോഡ് നിർമ്മിക്കുക.

മണക്കുന്ന് തിടുക്കേലി റോഡ് ടാറിംഗ് നടത്തുക

കുറ്റിക്കാടു മുതൽ വെമ്പാവ് വലിയകുളം വരെ ഇറിഗേഷൻ കനാൽ ഒരു സൈഡിലേക്ക് മാറ്റി റോഡ് നിർമ്മിക്കുക.

പൂവത്തുശ്ശേരി എൽ. ഐ. മെയിൻകനാൽ കൊട്ടത്തറ മുതൽ ഹൈസ്ക്കൂൾ വരെ റോഡുണ്ടാക്കുക.

ഐനിക്കത്താഴം റോഡ് റീ ടാറിംഗ് നടത്തുക.

പൂവ്വത്തുശ്ശേരി ജംഗ്ഷനിൽ ഡ്രയിനേജ് സംവിധാനമുണ്ടാക്കി റോഡ് വീതികൂട്ടി റീ ടാറിംഗ് നടത്തുക.

### വാർഡ് 11

പാറക്കടവ് കൊച്ചുകടവ് റോഡിൽ നിന്നും കുണ്ടിലങ്ങ എന്ന സ്ഥലത്തുകൂടി ഇറിഗേഷൻ കനാലുമായി ബന്ധിപ്പിച്ച് നടപ്പാത തുറക്കുക.

കണ്ണംകുളം ശ്മശാനം റോഡ് ടാറിംഗ് റോഡുമായി ബന്ധിപ്പിക്കുക. പള്ളിയുടെ ഒരുവശത്തുകൂടി പുഴയിലേക്ക് പോകുന്ന റോഡും പാറക്കടവ് കവലയിൽ നിന്ന് ഇറിഗേഷൻ കനാലുമായി ബന്ധിപ്പിക്കുന്ന റോഡും നന്നാക്കുക. ഈ റോഡ് വെള്ളൂർത്തറ വരെ നീട്ടുക.

കവലക്കൽ കണ്ടത്തിൻെറ സൈഡിലൂടെ കണ്ണംകുളം റോഡ് നന്നാക്കുക.

കണ്ണംകുളം ഇരുമ്പങ്ങൽ ആറടിപ്പാത പൂർത്തിയാക്കുക

കടുവാക്കടവ് കെട്ടി സംരക്ഷിക്കുക. കുളിക്കാൻ പ്രയോജനമാക്കുക

തുരുത്തുമ്മൽക്കടവ് ഇടിഞ്ഞത് നന്നാക്കുക.

വട്ടോലിക്കടവ് കെട്ടി സംരക്ഷിക്കുക.

പെരുവഴിക്കടവ് P.W.D. നന്നാക്കാത്തപക്ഷം പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കുക.

പാറക്കടവ് കവലയിൽ നിന്നും ആരംഭിച്ച് ആശാരിപ്പടി വഴി കനാലുമായി ബന്ധിപ്പിക്കുക.

മതിൽ കെട്ടിടം എന്നിവ പണിയുമ്പോൾ പഞ്ചായത്ത് നിയമം കർശനമായി നടപ്പിലാക്കുക.

## മുഖ്യ പ്രശ്നങ്ങൾ

റോഡുകൾക്ക് ആവശ്യമായ ഓടകൾ (കാനകൾ) ഇല്ല.

അറ്റകുറ്റപ്പണികൾക്ക് നിലവാരമില്ലായ്മ.

രണ്ടുവരിഗതാഗതത്തിനുപോലും വീതിയില്ല

നിലവിലുള്ള കലുങ്കുകൾക്ക് ആവശ്യത്തിനു വീതിയില്ല

വെള്ളക്കെട്ടുള്ള പലസ്ഥലങ്ങളിലും കലുങ്കുകൾ ഇല്ല.
ഭാരം കയറ്റിയ വണ്ടികളുടെ അമിതമായ സഞ്ചാരം.
സമാന്തരമായ റോഡുകളില്ലായ്മമൂലം ഗതാഗത പ്രശ്നം
നിലവിലുണ്ടായിരുന്ന കാനകളും തോടുകളും നികത്തുന്നു.
റോഡിലേക്ക്ഇറക്കി വേലികളും മതിലുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നു.
റോഡ് പുറമ്പോക്കുകൾ വളച്ച് കെട്ടപ്പെടുന്നു.
ഭൂമിയുടെ അമിതമായ വിലവർദ്ധന.

## പരിഹാര നിർദ്ദേശങ്ങൾ - സാദ്ധ്യതകൾ

നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തിയാൽ കാനകളും ഓടകളും സന്നദ്ധസേവനത്തിലൂടെ നിർമ്മിക്കാം.
അറ്റകുറ്റപ്പണികൾ പ്രാദേശിക കമ്മറ്റികളുടെമേൽനോട്ടത്തിലും നിയന്ത്രണത്തിലുമാക്കിയാൽ നിലവാര തകർച്ച പരിഹരിക്കാം
വെള്ളക്കെട്ടുള്ളിടങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുകയും വീതിയില്ലാത്ത കലുങ്കുകൾ വീതികൂട്ടുകയും ചെയ്യുക.
അമിതമായ ഭാരം കയറ്റിയ വണ്ടികളുടെ ഓട്ടം ചെറിയ റോഡുകളിൽ നിയന്ത്രിക്കുകയും സമാന്തര റോഡുകൾ നിർമ്മിച്ച് ഗതാഗതം തിരിച്ച് വിടുകയും ചെയ്യുക.
കാനകളും തോടുകളും നികത്തുന്നതിനെതിരെ പൊതുജന ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക
പുറമ്പോക്ക് കയ്യേറ്റം തടയാൻ ജനങ്ങൾതന്നെ മുന്നിട്ടിറങ്ങുക. കയ്യേറ്റ നിരോധന നിയമം കർശനമായി നടപ്പിലാക്കുക.
പൊതു ജന സഹകരണത്തോടെ സ്ഥലമെടുത്ത് റോഡുകൾക്ക് വീതി കൂട്ടുകയും അവയ്ക്ക് റോഡ് സംരക്ഷണ സമിതികൾ ഉണ്ടാക്കി വീതി കുറയാതിരിക്കാൻ യത്നിക്കുക.

## ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
### (ഗ്രാമസഭകളിൽ നിന്നും ലഭിച്ചത്)

കറുകുറ്റി - മാമ്പ്ര റയിൽവേക്രോസിൽ ഓവർബ്രഡ്ജ് പണിയുക
എളവൂർ കവല റയിൽവേ ക്രോസിൽ ഓവർ ബ്രിഡ്ജ് പണിയുക
ചെങ്ങമനാട് പഞ്ചായത്തിലെ പനയക്കടവിൽ പാലം നിർമ്മിച്ച് ആലുവയ്ക്കുള്ള യാത്രാ ദൂരം 4-5 കിലോമീറ്റർ കണ്ടു കുറയ്ക്കാം. ആലുവ - എറണാകുളത്തേക്കുള്ള വാഹനങ്ങൾ വഴിതിരിച്ച് വിടാവുന്നതാണ്. പ്രൈവറ്റ് ബസ് സർവ്വീസ് നടത്താൻ സാധിക്കും.
നെടുമ്പാശേരി പഞ്ചായത്തിലെ ആലുങ്ങക്കടവിലോ മധുരപ്പുറത്തോ പാലം നിർമ്മിച്ചാൽ അങ്കമാലി - കണക്കൻകടവ് യാത്രാ ദൂരം 4 കിലോമീറ്റർ കുറയ്ക്കാം അത്വഴി ചെറിയ വാഹനങ്ങൾ വഴി തിരിച്ചുവിടാവുന്നതാണ്.
ആലുവായിൽ നിന്നും കുറുമശ്ശേരി, എളവൂർ, ചെട്ടിക്കുന്ന് മാമ്പ്ര വഴി ചാലക്കുടിക്ക് ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ആരംഭിക്കുക.
ആലുവായിൽ നിന്നും കോടുശ്ശേരി പൂളിയനം മാമ്പ്ര വഴി അങ്കമാലിക്ക് ബസ് സർവ്വീസ് ആരംഭിക്കുക.
കോടുശ്ശേരി വഴി അങ്ങാടിക്കടവുകൂടി ആലുവ - മാമ്പ്ര, മാള - അങ്കമാലി, കണക്കൻകടവ് - അങ്കമാലി റൂട്ടുകൾ ഉടനെ ആരംഭിക്കുക.

ആലുവ എളവൂർ ബസുകൾ ട്രിപ്പ് മുടക്കാതിരിക്കാൻ ശ്രദ്ധിക്കണം. ആലുവ എളവൂർ ബസ് പാലുപ്പുഴവഴി പുളിയനത്തേക്ക് ദീർഘിപ്പിക്കുക.
അങ്കമാലി പുളിയനം എളവൂർ KSRTC ബസ് ഓടിക്കുക
വട്ടപ്പറമ്പിൽ വരുന്ന എല്ലാപ്രൈവറ്റ് ബസുകളും മൂഴിക്കുളത്തേക്ക് സർവ്വീസ് നീട്ടുക.
എല്ലാ K.S.R.T.C. ബസുകൾക്കും മൂഴിക്കുളത്ത് ഫെയർ സ്റ്റേജ് അനുവധിക്കുക.
ആലുവ - കുറുമശ്ശേരി ഷട്ടിൽ സർവ്വീസ് പൂവ്വത്തുശ്ശേരിയിലേക്ക് നീട്ടുക.
അങ്കമാലി - മാള ബസ് സ്ഥിരമായി ഓടിക്കുക.

**വാർത്താവിനിമയ രംഗത്തെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ**

ടെലഫോൺ ഉപഭോക്താക്കൾക്ക് പഞ്ചായത്തതിർത്തിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഇളവുകൾ ഈ പഞ്ചായത്തിലും ബാധകമാക്കുക.
നിലവിലുള്ള ടെലിഫോൺ എക്സ്ചേഞ്ചിൻെറ ശേഷി വർദ്ധിപ്പിക്കുക. (2000 ആക്കുക)
അനുവദിക്കപ്പെട്ടിട്ടുള്ള ടെലികോം സെൻറർ പ്രവർത്തനം കുറുമശ്ശേരിയിൽ ആരംഭിക്കുക.
മൂഴിക്കുളത്ത് പബ്ലിക്ക് ടെലഫോൺ ബൂത്ത് ആരംഭിക്കുക.
മൂഴിക്കുളം, ചെട്ടിക്കുളം കുന്നപ്പിള്ളിശ്ശേരിക്കവല എന്നിവിടങ്ങളിൽ തപാൽ പെട്ടികൾ സ്ഥാപിക്കുക.
മാമ്പ്ര ഒന്നാം വാർഡിൽ പോസ്റ്റാഫിസ് ആരംഭിക്കുക.
ഇപ്പോൾ കിലോമീറ്ററുകൾ അകലെയുള്ള കറുകുറ്റിയിലാണ് ഈ പ്രദേശം പെടുന്നത്.

# ഊർജ്ജം

പഞ്ചായത്തിലെ ഊർജ്ജസ്രോതസ്സുകളിൽ മുഖ്യമായവ വൈദ്യുതി, മണ്ണെണ്ണ, വിറക്, ഗ്യാസ്, ചാണകം എന്നിവയാണ്. ഗാർഹിക ഉപയോഗത്തിനാണ് ഊർജ്ജസ്രോതസ്സുകളിൽ മുന്തിയ പങ്കും പ്രയോജനപ്പെടുത്തുന്നത്. ബയോ ഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിലിപ്പോൾ വിരലിലെണ്ണാവുന്നത് മാത്രമേയുള്ളു. പാചക ആവശ്യത്തിന് വളരെയധികം ഉപയോഗപ്പെടുത്താവുന്ന ഒരു മേഖലയാണ് ബയോഗ്യാസ് പ്ലാൻറുകൾ ഇന്ന് പാചകാവശ്യങ്ങൾക്ക് ജനങ്ങൾഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വിറകിനേയാണ്. വിറകിൻെറ കാര്യത്തിൽ തെങ്ങുല്പന്നങ്ങൾ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട് . 100ൽ പരം വീടുകളിൽ മാത്രമാണ് എൽ.പി.ജി.ഗ്യാസ് പാചകാവശ്യത്തിനുപയോഗിക്കുന്നത്.

വൈദ്യുതി മുഖ്യമായും ഉപയോഗപ്പെടുത്തുന്നത് വെളിച്ചത്തിനുവേണ്ടിയാണ്. കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നത് മുഖ്യമായും ജലസേചനത്തിനാണ്. പാചകാ ആവശ്യത്തിന് മണ്ണെണ്ണയുടെ ഉപയോഗം വളരെ കുറവാണ്. പാചകത്തിന് വാതകം ഉപയോഗിക്കുന്നവർ തന്നെ മറ്റാവശ്യങ്ങൾക്ക് വിറകിനെ ആശ്രയിക്കുന്നു. കൂടുതൽ കുടുംബങ്ങൾപാചക വാതക കണക്ഷനുവേണ്ടി കാത്തിരിക്കുന്നുണ്ട്. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത മേഖലകൾ ഇല്ല എന്നു പറയാം. എന്നാൽ സാധാരണ രീതിയിൽകണക്ഷൻ കിട്ടാൻ ഒരു പദ്ധതിയുടെ കാലതാമസം അനുഭവപ്പെടുന്നു. തെരുവ് വിളക്കുകൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 76000/- ൽ പ്പരം രൂപ ഓരോ വർഷവും ചിലവാക്കുന്നു. അതു പ്രകാരം തെരുവിൽ വിളക്കുകൾ തെളിയുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സംഗതിയാണ്.

പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിന് ഏകീകൃത സ്വഭാവമില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇപ്പോൾ കറുകുറ്റി, കൊരട്ടി, അന്നമനട, ചെങ്ങമനാട്, അങ്കമാലി സെക്ഷനുകളുടെ കീഴിലായി പഞ്ചായത്ത് പ്രദേശങ്ങൾ വേർ തിരിക്കപ്പെട്ടിരിക്കുകയാണ്. വട്ടപ്പറമ്പിൽ ഒരു സബ് എൻജിനിയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. അത് മേജർ സെക്ഷനാക്കി ഉയർത്തി ഈ പഞ്ചായത്ത് മുഴുവൻ ആ സെക്ഷൻെറ കീഴിലാക്കേണ്ടതാണ്.

പുളിയനം കുന്ന് I.H.D.P. കോളനി വൈദ്യുതികരിച്ചിട്ടുണ്ട്. എളവൂർ I.H.D.P ാകാളനി വയറിംഗ് കഴിഞ്ഞ് കണക്ഷനായി കാത്തിരിക്കുന്നു. മറ്റ് അംഗീകൃത കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ട്.

## മുഖ്യ പ്രശ്നങ്ങൾ

വിറകിൻെറ ലഭ്യതക്കുറവ്, വിലവർദ്ധന വൈദ്യുതി വോൾട്ടേജ് പ്രശ്നം, ദുരുപയോഗം, പ്രസാരണ നഷ്ടം.
മറ്റ് ഊർജ്ജ ശ്രോതസ്സുകളെക്കുറിച്ച് അറിവില്ലായ്മയും, അറിയുന്നവർക്ക് പരിചയമില്ലായ്മയും.
ബയോഗ്യാസ് പ്ലാൻറുകൾക്കാവശ്യമായ ചാണകത്തിൻെറ ലഭ്യതക്കുറവ്.
സബ്സിഡിയിൽ വരുത്തിയ കുറവ്, ബാങ്കുകളുടെ താല്പര്യക്കുറവ്
വിദഗ്ദരായ നിർമ്മാണതൊഴിലാളികളുടെ അഭാവം
തെരുവ് വിളക്കുകൾ കത്തുന്നില്ല.
അറിയിച്ചും അറിയിക്കാതെയും നടപ്പിലാക്കുന്ന പവർ കട്ടുകൾ

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും

നിലവിലുള്ള വോൾട്ടേജ് ക്ഷാമംപരിഹരിക്കാൻ അത്യാവശ്യം സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.വൈദ്യുതി എത്താത്ത മേഖലകളിൽ എത്തിക്കുക, പൊതു വഴികളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക, പ്രധാന കേന്ദ്രങ്ങളിൽ ട്യൂബ്ലൈറ്റുകളും, ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കുക. നിലവിലുണ്ടായിരുന്ന കളക്ഷൻ സെൻറുകൾ പുന:സ്ഥാപിക്കുക, ചാർജ്ജ് ചെയ്യാത്ത ട്രാൻസ്ഫോർമറുകൾ ചാർജ്ജ് ചെയ്യുക കത്താത്ത ബൾബുകളും ട്യൂബുകളും യഥാസമയങ്ങളിൽ മാറ്റിയിടുക.

2 - ാം വാർഡിലേക്ക് പുളിയനം മില്ലുപടിയിൽ നിന്നും പോകുന്ന കേടുവന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി

സ്ഥാപിക്കുക. കോടുശ്ശേരി പള്ളിക്ക് സമീപമുള്ള ട്രാൻസ് ഫോർമറിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

കണക്ഷനായി വർഷങ്ങളായി കാത്തിരിക്കുന്നവർക്ക് ഉടനെ കണക്ഷൻ നല്കുക.

വേളാർ കോളനി ട്രാൻസ്ഫോർമറിൽ നിന്നും പടിഞ്ഞാറുവശത്തേക്കും താഴെപ്പള്ളി റോഡിലെ ട്രാൻസ് ഫോർമറിൽ നിന്നും തെക്ക് ഭാഗത്തേക്കു കണക്ഷൻ നൽകി ആ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

കുളിക്കടവുകളിൽ ലൈറ്റ് ഏർപ്പെടുത്തുക.

ഇഷ്ടികക്കളങ്ങൾക്ക് മോട്ടോർ കണക്ഷൻ നൽകാതിരിക്കുക.

9- ാം വാർഡിലെ കിഴക്കേ കോളനിയിൽ കണക്ഷൻ ലഭിക്കാത്തവർക്ക് ഉടൻ കണക്ഷൻ നല്കുക.

ഊർജ്ജിത മിതവ്യയ ബോധവല്ക്കരണം നടത്തുക.

ഗതാഗത തടസ്സം ഉണ്ടാക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

വൈദ്യുതി ലൈനിലെ ടച്ചിംഗുകൾ വെട്ടുക. പറമ്പുകളിലൂടെ തലങ്ങും വിലങ്ങും കടന്നുപോകുന്ന ലൈനുകൾ റോഡ് സൈഡുകളിലേക്ക് മാറ്റി പ്രസരണനഷ്ടം ഒഴിവാക്കുക

പുഴയോരത്തു കൂടി കടന്നു പോകുന്ന ത്രീ ഫേസ് ലൈനുകൾ റോഡ് സൈഡിലേക്ക് മാറ്റുക.

പഞ്ചായത്തിൽ ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആരംഭിക്കുക. (വട്ടപ്പറമ്പിൽസ്ഥാപിക്കുക) പൂവ്വം മുതൽ ഇരുമ്പുങ്ങൽഏലാത്തോട് പ്രദേശങ്ങൾ വൈദ്യുതീകരിക്കുക.

10-ാം വാർഡിൽ പാചകവാതക വിതരണ ഏജൻസി ആരംഭിക്കുക.

3. H.P. ക്ക് മുകളിലുള്ള മോട്ടോറുകൾ പ്രവർത്തിക്കുന്നതിന് വൈകിട്ട് 6 മുതൽരാത്രി 10 മണിവരെ നിരോധനം ഏർപ്പെടുത്തുക.

തഴെപറയുന്ന സ്ഥലങ്ങളിൽ വഴി വിളക്കുകളും ട്രാൻസ് ഫോർമറുകളും അടിയിരമായി സ്ഥാപിക്കുക.

**(1) വഴിവിളക്ക്**- എളവൂർ പോസ്റ്റാഫീസ് മുതൽ ശ്രീകണ്ഠേശ്വരം വരെയും, ശ്രീ കണ്ഠേശ്വരം കിഴക്കേ നട മുതൽ നമ്പ്യാർ പടിവരെ.

കുന്നപ്പിള്ളിശ്ശേരി 4 സെൻറ് കോളനി മുതൽ കോട്ടശ്ശേരി പൂരാടത്ത് മന ജംഗ്ഷൻ വരെ

തിരുപറമ്പ് ചിറമൂതൽ എളവൂർ ചന്തവരെ

കുന്നപ്പിള്ളിശ്ശേരി ലക്ഷം വീട് 4 സെ%റ് കോളനി റോഡിൽമുട്ടത്തറ കൊളച്ചാൽവഴി കണ്ണംകുഴിശ്ശേരി റോഡിൽ.

പൂവ്വത്തുശ്ശേരി കടത്തുകടവിൽ കപ്പേളയുടെ പുറകിൽ കുന്നപ്പിള്ളിശ്ശേരി L.I. കനാലിൻെറ പ്രാരംഭസ്ഥലത്ത്.

കുന്നപ്പിള്ളിശ്ശേരി ചെട്ടിക്കുളം റോഡിലും നാലുസെൻറ്സങ്കേതങ്ങളിലും സോളാർ വിളക്കുകൾ സ്ഥാപിക്കുക.

നിലവിൽ വഴിവിളക്കുകൾഇല്ലാത്ത റോഡുകളിൽ അവ സ്ഥാപിക്കുക.

**ട്രാൻസ്ഫോർമർ**- കുന്നപ്പിള്ളിശ്ശേരി ജംഗ്ഷനിൽ ഏഴാം വാർഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

## സാധ്യതകൾ

വിറക് ലഭിക്കുന്നതിനായി പെട്ടെന്ന് വളരുന്ന മരങ്ങൾ വച്ച് പിടിപ്പിക്കാൻ പ്രോത്സാഹനം നല്കുക. പ്രഷർകുക്കറിൻെറ ഉപയോഗം പ്രചരിപ്പിക്കുക. ദക്ഷത കൂടിയ അടുപ്പുകൾഉണ്ടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽപരിശീലന പരിപാടി സംഘടിപ്പിക്കുക.

ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾപ്രദർശിപ്പിക്കുക, അതിനായ പ്രദർശന വില്പന ശാലകൾസംഘടിപ്പിക്കുക.കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്നതിനും ഉപയോഗിക്കുന്നതിനും പ്രചാരണ പ്രവർത്തനങ്ങൾസംഘടിപ്പിക്കുക. ഉപകരണങ്ങൾ സബ്സിഡി നിരക്കിൾ വിതരണം നടത്തുക. എക്സിബിഷനുകൾ സംഘടിപ്പിക്കുക. പകൽസമയങ്ങളിൽതെരുവു വിളക്കുകൾകത്താതിരിക്കാൻവേണ്ട ഊർജ്ജിത ബോധവല്ക്കരണ നടപടികൾ വേണം. തെരുവിലെ വിളക്കുകൾ കത്തുന്നതിന് വേണ്ടി വരുന്ന വൈദ്യുതിക്ക് മാത്രം തുക ഈടാക്കുന്നതിനായി പ്രത്യേക മീറ്റർ സംവിധാനം ഏർപ്പെടുത്തുക. ഇതുവഴി ഇപ്പോൾചിലവാകുന്ന തുകകൊണ്ട് പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും തെരുവ് വിളക്കുകൾ കത്തിക്കാൻ സാധിക്കുന്നതാണ്. തെരുവ് വിളക്കുകൾ കത്തിക്കാനുള്ള അവകാശം ഗ്രാമ പഞ്ചായത്തുകളെ ഏല്പിക്കുക. ഇത്വഴി ദുരുപയോഗവും പ്രസരണ നഷ്ടവും ഒഴിവാക്കാം. ടച്ചിംഗ് വെട്ടാനുള്ള ചുമതല പഞ്ചായത്തിനെ ഏല്പിച്ച് സന്നദ്ധസംഘടനകൾ മുഖേന നടപ്പിൽ വരുത്തുക. കച്ചവട സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും വൈദ്യുതി നല്കുന്നതിനായി അവരുടെ സഹകരണത്തോടെ പ്രധാന ജംഗ്ഷനുകളിൽ ജനറേറ്ററുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കുക. ഒരു യൂണിറ്റ് വൈദ്യുതി ലാഭിക്കുന്നത് ഉല്പാദിപ്പിക്കുന്നതിന് തുല്യമാണെന്ന് ജനങ്ങളെ ബോധവല്ക്കരിക്കുക. പഞ്ചായത്ത് പ്രദേശത്തേക്കുമാത്രമായി 11 K.V. സബ് സ്റ്റേഷൻ ആരംഭിക്കുക. അങ്കമാലിയിലുള്ള 66 K.V. സബ് സ്റ്റേഷൻ 110 K.V. യായി ഉയർത്തുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

എറണാകുളം ജില്ലയുടെ വടക്കുപടിഞ്ഞാറ് അതിരിൽ സ്ഥിതിചെയ്യുന്ന പാറക്കടവ്. പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സമീപ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പൊതുവെ തൃപ്തികരമല്ല എന്നു വേണം പറയുവാൻ

യുവാൻ. പഞ്ചായത്തിൽ താമസയോഗ്യമായ ആകെ വീടുകളുടെ എണ്ണം 6294 ആണ്. വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | വാർക്കവീട് | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 219 | 498 | 38 | 12 | 767 |
| 2 | 113 | 306 | 38 | 6 | 463 |
| 3 | 122 | 376 | 17 | 5 | 520 |
| 4 | 156 | 346 | 43 | 9 | 554 |
| 5 | 131 | 428 | 73 | 2 | 634 |
| 6 | 168 | 398 | 33 | 3 | 602 |
| 7 | 176 | 378 | 7 | 2 | 563 |
| 8 | 173 | 346 | 37 | 7 | 563 |
| 9 | 167 | 386 | 14 | 9 | 576 |
| 10 | 182 | 289 | 77 | 1 | 549 |
| 11 | 138 | 322 | 39 | 4 | 503 |
| ആകെ | 1745 | 4073 | 416 | 60 | 6294 |

കൂടാതെ 1,2 വാർഡുകളിലായി 21 ക്വാർട്ടേഴ്സുകളും നിലവിലുണ്ട്. ആകെയുള്ള വീടുകളിൽ 91 എണ്ണം ഒന്നിൽക്കൂടുതൽ നിലകളുള്ളതാണ്. ലക്ഷം വീടു കോളനികളും, 4 സെൻറ് കോളനികളും ലഭ്യമാക്കിയതിനാലാണ് ഇത്രയും വീടുകളെങ്കിലും ഉള്ളത്. കഴിഞ്ഞ 5 വർഷം കൊണ്ട് 543 വീടുകളാണ് നിർമ്മിച്ചത്.

ചെറുകിട കർഷകരും, തൊഴിലാളികളും ഭൂരിപക്ഷം വരുന്ന നമ്മുടെ പഞ്ചായത്തിൽ ദുർവ്യയം വിളിച്ചോതുന്ന ആഢംബര കെട്ടിടങ്ങൾവിരളമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി പുതിയതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളും തന്നെ കോൺക്രീറ്റിലുണ്ടാക്കിയവയാണ്. വാസ്തു ശില്പ മാതൃകയിലുള്ള ഭവന നിർമ്മാണം ഇല്ല എന്നതാണ് സത്യം. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് നിയന്ത്രണാതീതമായതിനാൽ നിർമ്മാണ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾഉണ്ടാക്കുന്നു.

1996- ൽ നടത്തിയ സർവ്വെ പ്രകാരവും, ഗ്രാമ സഭാ റിപ്പോർട്ടുകൾ പ്രകാരവും, ഗ്രാമ സഭാ റിപ്പോർട്ടുകൾ പ്രകാരവും വീട് ആവശ്യമുള്ളവരുടെ എണ്ണം താഴെ പറയുന്ന വിധമാണ്.

| | | |
|---|---|---|
| വാർഡ് | 1 | 89 |
| | 2 | 74 |
| | 3 | 79 |
| | 4 | 85 |
| | 5 | 126 |
| | 6 | 31 |
| | 7 | 85 |
| | 8 | 86 |
| | 9 | 49 |
| | 10 | 93 |
| | 11 | 75 |
| | ആകെ | 872 |

അടുത്ത പദ്ധതിക്കാലവും കൂടി കണക്കിലെടുക്കു

മ്പോൾ ഏറ്റവും ചുരുങ്ങിയത് 3000 പേർക്കെങ്കിലും പാർപ്പിടം ആവശ്യമായി വരും എന്നു കാണുന്നു. ഇവരിൽഭൂരിപക്ഷം പേരും ഭവന നിർമ്മാണ വായ്പകൾ ലഭിക്കേണ്ടവർ ആണ്. സ്വന്തമായി ഭൂമിയില്ലാത്തവർക്കും, പുറമ്പോക്കിൽ താമസിക്കുന്നവർക്കും ഭൂമിയും വീടും സൗജന്യമായി നല്കേണ്ടി വരും .

നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ സഹകരണ ബാങ്കുകൾ, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, H.D.F.C, L.I.C തുടങ്ങിയവയുടെ വായ്പാ സഹായം ചില വീടുകൾക്ക് ലഭിച്ചിട്ടുണ്ട്. കേരള സർക്കാരിൻെറ പുതിയ ഭവന നിർമ്മാണ പദ്ധതി 'മൈത്രി' പ്രകാരം വായ്പ ലഭിക്കുന്നതിന് അപേക്ഷിച്ച 210 പേരിൽ 101 പേർക്ക് വായ്പ ലഭിച്ചു. അർഹരായ മുഴുവൻ അപേക്ഷകർക്കും കാലതാമസം കൂടാതെ വായ്പ ലഭിക്കും എന്നാണ് അറിയുന്നത്.

പഞ്ചായത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും, പട്ടിക ജാതി വിഭാഗത്തിനും, വേണ്ടി IAY, JRY, MWS പദ്ധതികൾ പ്രകാരം നടപ്പു പദ്ധതിക്കാലത്ത് 94 വീടുകൾസൗജന്യമായി നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

| | |
|---|---|
| 1992-93 | 13 എണ്ണം |
| 93-94 | 28 ,, |
| 94-95 | 20 ,, |
| 95-96 | 33 ,, |
| ആകെ | 94 ,, |

ലക്ഷം വീടു കോളനികളിലും, 4 സെൻറ് കോളനികളിലും നിർമ്മിച്ച വീടുകൾയഥാസമയം അറ്റകുറ്റ പ്പണികൾ നടത്താത്തതിനാൽ പല വീടുകളും സുരക്ഷിതമല്ല എന്നു കാണുന്നു. സ്വന്തമായി കക്കൂസ് ഇല്ലാത്ത ഏകദേശം 1200 വീടുകളും ഈ പഞ്ചായത്തിലുണ്ട്. സർക്കാരിൻെറ സൗജന്യ പദ്ധതികളായ സി. ആർ. എസ്. പി. പ്രകാരം 43 കക്കൂസുകളും നല്കിയിട്ടുണ്ട്. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കേണ്ടത് ആരോഗ്യ പരമായ ഒരു അത്യാവശ്യം കൂടിയാണ്. കൂടാതെ വീടുകളിലെ മലിന ജലം മറ്റുള്ളവർക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ ഒഴുക്കി കളയുന്നതിന് വേണ്ട സൗകര്യം എല്ലാ വീടുകളിലും ഉണ്ടാകേണ്ടതാണ്.

നിർമ്മാണ രംഗത്തെ അനാവശ്യ ചിലവുകൾ ഒഴിവാക്കുന്നതിന് ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതിക്ക് നല്ല പ്രചാരണം കൊടുക്കുകയും, ആവശ്യമായ ബോധ വൽക്കരണം നടത്തുകയും വേണം. ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ കേന്ദ്രം (നിർമ്മിതി) ജില്ലാ കേന്ദ്രത്തിൽഉണ്ടെങ്കിലും, ആയതിൻെറ ഗുണം പഞ്ചായത്തിൽ ലഭിക്കുന്നില്ല. വിദഗ്ധരായ തൊഴിലാളികളുടെ കുറവാണ് മറ്റൊരു പ്രശ്നം. മെച്ചപ്പെട്ട വേതന വ്യവസ്ഥ ഉണ്ടായിട്ടും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന പരാതി എല്ലാ വാർഡിലും ഉണ്ട്.

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതി ആകുന്നു. നികുതി ചുമത്തലിലെ അപാകത മൂലം പഞ്ചായത്തിന് ന്യായമായി ലഭിക്കേണ്ട നികുതി ലഭിക്കുന്നില്ല എന്ന വിമർശനം നിലനില്ക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ വാർഷിക കെട്ടിട നികുതി വരുമാനം 3,73,507/- രൂപയാകുന്നു.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

### വാർഡ് 1

വീട് ഇല്ലാത്ത എല്ലാവർക്കും വീടു നിർമ്മിക്കുന്നതിന് സബ്സിഡികളും വായ്പയും അനുവദിക്കുക.
ലക്ഷംവീട് കോളനികൾ പുതുക്കിപ്പണിയുക.
സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും വാടകക്ക് താമസിക്കുന്നവർക്കും ഭൂമി വാങ്ങി വീട് വച്ചുകൊടുക്കുക.

### വാർഡ് 2

വീടില്ലാത്ത എല്ലാവർക്കും വീട് നല്കുക. മുൻപ് സൗജന്യമായി നല്കിയതും, ഇപ്പോൾ അപകടാവസ്ഥയിലുമായ വീടുകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുക.

### വാർഡ് 4

ഭവന രഹിതരായവർക്കെല്ലാം പഞ്ചായത്ത് മുർ

കൈഎടുത്ത് വീട് നിർമ്മിച്ചു നല്കണം. പുറമ്പോക്കുകാർക്ക് പഞ്ചായത്ത് സ്ഥലം നല്കി വീട് നല്കണം.

**വാർഡ് 5**

ലക്ഷം വീട് കോളനികൾ പുനരുദ്ധരിക്കുന്നതിന് സഹായം നല്കുക. 4 സെൻറ് കോളനികളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നല്കുക. വീടുകൾ ഇല്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് സൗജന്യ സാമ്പത്തിക സഹായം നല്കുക. സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കാൻ സഹായം നല്കുക. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ച് നൽകുക, പഴയ വീടുകൾ പുതുക്കി പണിയുന്നതിന് സഹായം നല്കുക.

**വാർഡ് 6**

ദുർബലജനവിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും ഭവന നിർമ്മാണത്തിന് മുൻഗണന നല്കണം.

**വാർഡ് 7**

വീടുകളില്ലാത്ത പട്ടികജാതിക്കാർക്ക് വീട് നല്കുക. ഭൂമിയില്ലാത്തവരേയും, പുറമ്പോക്കിൽ താമസിക്കുന്നവരേയും പുനരധിവസിപ്പിക്കുക. ദുർബ്ബല വിഭാഗങ്ങളിൽ പെട്ടവർക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചു കൊടുക്കുക. കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കുക.

**വാർഡ് 8**

വാർഡിൽ 30 പട്ടികജാതി കുടുംബങ്ങൾ കുടിലുകളിൽ കഴിയുന്നു. അവർക്ക് വീട് പണിയുന്നതിന് സഹായം എത്തിക്കണം. കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കണം.

**വാർഡ് 9**

വീടുകൾ ഇല്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുക. സ്വന്തമായി ഭൂമിയില്ലാത്തഹരിജനങ്ങൾക്ക് സ്ഥലവും വീടും കൊടുക്കുക. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുക. ഭവന നിർമ്മാണ സംഘം രൂപികരിക്കുക. ഭവനനിർമ്മാണ വിദഗ്ധരെ സംഘടിപ്പിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുക. കെട്ടിട നിർമ്മാണ സാമഗ്രികൾ വില്ക്കുന്ന ഒരു സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

**വാർഡ് 10**

വീടുകളില്ലാത്ത താഴെക്കിടയിലുള്ളവർക്ക് വീടുകൾ പണിതു കൊടുക്കുക. പഴയ വീടുകൾ പുതുക്കി പണിയുന്നതിന് ധനസഹായം കൊടുക്കുക.

**വാർഡ് 11**

വീട് ഇല്ലാത്തവർക്ക് വീടും, കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസും നിർമ്മിച്ചു കൊടുക്കുക.

ഗ്രാമസഭകളിൽ ഉയർന്നു വന്ന കാര്യങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട മേഖലയിലെ പ്രശ്നങ്ങളും, സാദ്ധ്യതകളും നമുക്ക് നോക്കാം. എല്ലാവർക്കും വീട് എന്ന സ്വപ്ന സാക്ഷാൽക്കാരത്തിന്, പുതിയ പദ്ധതികൾക്ക് രൂപം കൊടുത്ത്, പരിപൂർണ്ണതയിൽ എത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ജനകീയ ആസൂത്രണത്തിലൂടെ നമ്മുടെ കൂട്ടായ്മയും സഹകരണവും വളർത്തിയെടുക്കുവാൻ സാധിക്കട്ടെ.

## പ്രശ്നങ്ങൾ

പുറമ്പോക്കിൽ താമസിക്കുന്നവരുടെയും, സ്വന്തമായി ഭൂമി ഇല്ലാത്തവരുടെയും

സൗജന്യ ഭവന നിർമ്മാണ പദ്ധതികൾപ്രകാരം അനുവദിക്കുന്ന വീടുകളുടെ എണ്ണത്തിലുള്ള കുറവ്.

ഭൂമിയുടെയും, നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യവും, വിലക്കയറ്റവും.

ഭവന നിർമ്മാണ വായ്പ നല്കുന്ന സ്ഥാപനങ്ങളുടെ കുറവ്. വായ്പ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്.

കോളനികളിൽപ്രാധമി സൗകര്യങ്ങൾ ഇല്ലാത്തത്.

നിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യവും, ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന വിദഗ്ധരുടെ അഭാവവും.

സൗജന്യമായി നല്കിയ പഴയ വീടുകളുടെ ജീർണ്ണാവസ്ഥ.

## സാദ്ധ്യതകൾ

പഞ്ചായത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിലെ നിശ്ചിത ശതമാനം തുകയും, 2000 ചതുരശ്ര അടിയിൽ കൂടുതൽവിസ്തൃതിയുള്ള കെട്ടിട ഉടമകളിൽനിന്നും നിശ്ചിത നികുതി ഈടാക്കി ലഭിക്കുന്ന തുകയും കൂട്ടി കുറഞ്ഞ വിലക്ക് ഭൂമി വാങ്ങി ചിലവുകുറഞ്ഞ വീടുകളും, കക്കൂസും നിർമ്മിച്ചു കൊടുക്കുക.

IAY, JRY, M.W.S പദ്ധതികൾ പ്രകാരം ദുർബ്ബല വിഭാഗങ്ങൾക്കും, പട്ടികജാതിക്കാർക്കും അനുവദിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുക.

നിർമ്മാണ സാമഗ്രികളുടെ ഒരു പൊതു വിതരണ കേന്ദ്രം തുടങ്ങുക. മിതവിലക്ക് സാധനങ്ങൾലഭ്യമാക്കുക. പഞ്ചായത്തിൽ ലഭ്യമായ മണൽ, കല്ല് മുതലായവക്ക് വില നിശ്ചയിക്കുക. കൃത്രിമ ദൗർലഭ്യം ഒഴിവാക്കുക. പഞ്ചായത്തിലെ എല്ലാ വീടുകളേയും ഉൾപ്പെടുത്തി ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. കുറഞ്ഞ ിശക്ക് വയ്പ നല്കുക. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിയിലെ നിക്ഷേപത്തിൻെറ ഒരു നിശ്ചിത ശതമാനം കുറഞ്ഞ പലിശക്ക് ഭവന നിർമ്മാണ വായ്പക്കായി മാറ്റി വക്കുക.

കോളനികളിൽ സൗജന്യമായി പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക.

പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമ്മാണതൊഴിലാളികളുടെ ഒരു സഹകരണ സംഘം രൂപീകരിക്കുക. തൊഴിലാളികളുടെ വൈദഗ്ധ്യം കൂട്ടുന്നതിന് പരിശീലനം നല്കുക. തൊഴിലില്ലാത്ത യുവാക്കൾക്ക് കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെടുന്നതിന് വേണ്ട പരിശീലനം കൊടുക്കുക. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് പ്രചാരണം നല്കുക.

ദുർബ്ബല ജന വിഭാഗത്തിനും, പട്ടിക ജാതിക്കാർക്കും നിർമ്മിച്ചു കൊടുത്ത പഴയ വീടുകളുടെ അറ്റകുറ്റ പണിക്കായി നിശ്ചിത തുക നീക്കി വക്കുക.

## സാമൂഹ്യ ക്ഷേമം

രണ്ട് വിധത്തിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

(1) ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ.

(2) വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ, ധനസഹായ പദ്ധതികൾ.

നമ്മുടെ പഞ്ചായത്തിൽ I.R.D.P സർവ്വെ പ്രകാരം (1992)ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും, ആനുകൂല്യങ്ങൾ ലഭിച്ചവരുടെ എണ്ണവും വിശദീകരിക്കുന്നു.

| വാർഡ് | ദാരിദ്ര്യരേഖക്ക് താഴെയുള്ളകുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായം ലഭിക്കേണ്ടവർ |
|---|---|---|---|---|---|
| 1 | 372 | 9 | 11 | 8 | 361 |
| 2 | 149 | 7 | 15 | 5 | 134 |
| 3 | 274 | 4 | 32 | 3 | 242 |
| 4 | 238 | 12 | 26 | 11 | 212 |
| 5 | 316 | 11 | 17 | 10 | 299 |
| 6 | 227 | 10 | 3 | 2 | 224 |
| 7 | 180 | 27 | 19 | 9 | 161 |
| 8 | 21 | 33 | 34 | 22 | 287 |
| 9 | 188 | 7 | 16 | 5 | 172 |
| 10 | 232 | 22 | 13 | 10 | 219 |
| 11 | 343 | 19 | 24 | 14 | 319 |
| ആകെ | 2840 | 161 | 210 | 99 | 2630 |

ദാരിദ്ര്യരേഖക്ക് താഴെയുള്ള 2840 കുടുംബങ്ങളിൽ കേവലം 210 കുടുംബങ്ങക്ക് മാത്രമേ I.R.D.P ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ളു ഇതിൽ തന്നെ 145 കുടുംബങ്ങളേ ദാരിദ്ര്യ രേഖക്ക് മുകളിൽ അത്തിയിട്ടുള്ളു. ഇനിയും 2630 കുടുംബങ്ങൾക്ക് സഹായം ലഭിക്കേണ്ടിയിരിക്കുന്നു. അനർഹരായ കുറച്ചു പേരെങ്കിലും I.R.D.P. ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെന്ന പരാതിയും, അർഹരായ ധാരാളം കുടുംബങ്ങൾ ലിസ്റ്റിൽ ഇല്ല എന്ന പരാതിയും നിലനില്ക്കുന്നു. 1997 ലാണ് അടുത്ത I.R.D.P സർവ്വേ നടക്കേണ്ടത്.

TRYSEM പരിപാടി അനുസരിച്ച് പദ്ധതി കാലയളവിൽ 36 പേർക്ക് വിവിധ തൊഴിലുകളിൽ പരിശിലനം നല്കിയിടുണ്ട്. അതിൽ 31 പേർ വിവിധ തൊഴിലുകളിൽഏർപ്പെട്ടിരിക്കുന്നു. 5 പേർക്ക് ഇനിയും തൊഴിൽ ആയിട്ടില്ല. പരിശീലനം കഴിഞ്ഞവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ അനുവദിക്കുന്നതിൽബാങ്കുകൾവിമുഖത കാണിക്കുന്നുണ്ട്.

D.W.C.R.A. പദ്ധതിപ്രകാരം 2 യൂണിറ്റുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. 7-ാം വാർഡിൽ ഒരു ടൈൽസ് നിർമ്മാണ യൂണിറ്റും, 8-ാം വാർഡിൽഒരു ചിപ്സ് നിർമ്മാണ യൂണിറ്റും. രണ്ടും നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഒരു വാർഡിൽഒരു യൂണിറ്റെങ്കിലും വേണമെന്നാണ് സർക്കാർ തീരുമാനം. ഔദ്യോഗിക തലത്തിൽ എത്ര ശ്രമിച്ചിട്ടും സഹകരണാടിസ്ഥാനത്തിൽ തൊഴിൽചെയ്യുന്നതിന് സ്ത്രീകൾതയ്യാറായി വരുന്നില്ല. D.W.C.R.A യൂണിറ്റുകൾ കൂടുതൽ തുടങ്ങുന്നതിന് എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമീണ കൈതൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾനല്കുന്ന പരിപാടിയിൽ ഇതുവരെ 24 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. 262തൊഴിലാളികളാണ് അർഹരായിട്ടുള്ളത്ഇനിയും 238 പേർക്ക് സഹായം ലഭിക്കേണ്ടിയിരിക്കുന്നു.

3 ബാലവാടികളും, 6 ഫീഡിംഗ് സെൻറുകളും, 11 മഹിളാ സമാജങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ബാലവാടി കെട്ടിടങ്ങൾയഥാസമയം നന്നാക്കുന്നതിനു വേണ്ട സംവിധാനം ആവശ്യമാണ്. മഹിളാ സമാജങ്ങളിൽകാര്യക്ഷമമായി പ്രവർത്തിക്കുന്നവ കുറവാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്തതും, അംഗസംഖ്യയിലുള്ള കുറവുമാണ് പ്രധാന പ്രശ്നങ്ങൾ

വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവ പഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 27 പേർക്കാണ് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നത്. മറ്റുള്ള പെൻഷൻ പദ്ധതികൾ ഒന്നും ഇതുവരെ പഞ്ചായത്തിന് കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല. പുതിയതായി പെൻഷൻലഭിക്കുന്നതിന് 410 അപേക്ഷകൾപഞ്ചായത്തിൽ ലഭച്ചിട്ടുണ്ട്. അപേക്ഷകരുടെ ബാഹുല്യം കാരണം അർഹരായവരെ കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്നു. നിലവിലുള്ളവർക്ക് മാസങ്ങളായി പെൻഷൻ ലഭിക്കുന്നില്ല. ഈ അവസ്ഥ മാറുന്നതിനുള്ള കൃത്യമായ സംവിധാനം വേണം.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ 2400 പേരും, നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ7506 പേരും അംഗങ്ങളായി ചേർന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിർ രജിസ്റ്റർ ചെയ്ത വികലാംഗരുടെ എണ്ണം 161 ആണ്. ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പരിപാടികൾഒന്നും ഇതുവരെയില്ല. വികലാംഗർക്ക് മാത്രമായി പ്രത്യേക ക്ഷേമ പദ്ധതികൾആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ് 1

വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള പെൻഷനുകൾഅർഹരായവർക്ക് ഉടനെ നല്കണം.

### വാർഡ് 2

I.H.D.P കോളനിയിൽസർക്കാർ സർക്കാർ സഹായങ്ങൾ ലഭ്യമാക്കുക. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് (60 വയസ്സ് കഴിഞ്ഞ) പെൻഷൻ, രോഗചികിത്സാ സഹായം നല്കുക.

**വാർഡ് 6**

ഒരു മാവേലി സ്റ്റോർ വേണം. പോലിസ് ഔട്ട് പോസ്റ്റ് വട്ടപ്പറമ്പിൽവേണ്. 6-ാം വാർഡിന്റെ ബാങ്കിംഗ് സർവ്വീസ് ഏരിയ പുവത്തുശ്ശേരിയിൽ നിന്ന് പുളിയനത്തിലേക്ക് മാറ്റണം.

**വാർഡ് 7**

വാർഡിന് മൊത്തം ഒരു വി.ഇ.ഒ യുടെ സേവനം ഉറപ്പുവരുത്തുക, ഓഫീസ് മൂഴിക്കുളത്ത് ആക്കുക. മൂഴിക്കുളത്ത് ഉണ്ടായിരുന്ന പോലീസ് ഔട്ട് പോസ്റ്റ പുനസ്ഥാപിക്കുക. സാമൂഹ്യ ക്ഷേമ പെൻഷനുകൾ യഥാസമയം കാലോചിതമായ വർദ്ധനയോടെ നല്കുക. മൂഴിക്കുളത്ത് ഒരു പോസ്റ്റ് ബോക്സ് സ്ഥാപിക്കുക.

**വാർഡ് 10**

ബാലവാടിയിലെ ശോചനീയാവസ്ഥ പരിഹരിക്കുക. ഒരു വെയ്റ്റിംഗ് ഷെഡ് വേണം.

നാടിന്റെ വികസന മെന്നാൽനിർമ്മാണ പരിപാടികൾ മാത്രമാണെന്ന ധാരണ മൂലമാകാം ഈ വിഷയം ഗ്രാമ സഭകളിൽകാര്യമായി ചർച്ച ചെയ്യാതിരുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സാമൂഹ്യ ക്ഷേമ പദ്ധതികൾക്കും കൂടുതൽഊന്നൽകൊടുത്താൽ മാത്രമെ ദരിദ്ര രാഷ്ട്ര മെന്ന ഇന്ത്യയുടെ പേര് മാറുകയുള്ളു, വികസനം പൂർത്തിയാവുകയുള്ളു. ആയതിന് ജനകീയ ആസൂത്രണത്തിലൂടെ നമുക്ക് പരിശ്രമിക്കാം.

## പ്രശ്നങ്ങൾ

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള സഹായം വളരെ കുറച്ച് കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളു.

I.R.D.P. ലിസ്റ്റിലെഅപാകതകൾ.

ഗുണ ഭോക്താക്കൾക്ക് പരിപാടികളുടെ ശരിയായ വിവരം അറിയാത്തതിനാൽ ഇടത്തട്ടുകാരുടെ ചൂഷണം.

ആനുകൂല്യങ്ങൾലഭിക്കുന്നതിനുള്ള കാലതാമസം.

## സാദ്ധ്യതകൾ

വായ്പ എടുക്കുന്നതിന് ബാങ്കുകൾക്ക് നിശ്ചയിച്ചുകൊടുക്കുന്ന എണ്ണത്തിൽ വർദ്ധനവ് വരുത്തുക. I.R.D.P. വായ്പ ലഭിക്കുന്നതിന് സഹകരണ ബാങ്കുകൾ ജാമ്യമായി ഭൂമി ആവശ്യപ്പെടുന്നത് അവസാനിപ്പിക്കുക.

സർവ്വേ ലിസ്റ്റ് കുറ്റമറ്റതാക്കുക. 1997 ലാണ് അടുത്ത സർവ്വേ നടക്കേണ്ടത്. ജന പ്രതിനിധികളും, സാമൂഹ്യ പ്രവർത്തകരും ശ്രദ്ധിച്ചാൽ കുറ്റമറ്റ സർവ്വേ ലിസ്റ്റ് ഉണ്ടാക്കുവാൻ സാധിക്കും.

നിലവിലുള്ള ക്ഷേമ പെൻഷൻ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾഎല്ലാവരേയും അറിയിക്കുന്നതിന് പ്രചാരണവും, ബോധവൽക്കരണവും നടത്തുക. വാർഡുകൾ തോറും സെമിനാറുകൾസംഘടിപ്പിക്കുക. സാമൂഹിക സംഘടനകൾക്ക് ഇക്കാര്യത്തിൽവളരെയധികം സഹായിക്കാൻ സാധിക്കും.

പെൻഷൻ, സഹായധനങ്ങൾയഥാസമയം നല്കുന്നതിന് ആവശ്യമായ തു ക പഞ്ചായത്ത് ഫണ്ടിൽ നിന്നും കൃത്യമായി മാറ്റിവക്കുക.

# സംസ്ക്കാരം

കേരളീയ സംസ്കാരത്തി ൻെറ പല സവി ശേഷതകളും പഞ്ചായത്തിൽ നിലനിന്നിരുന്നു. ചരി ത്രത്തിൽ എന്തു കൊണ്ടും മുന്നിൽ നിന്നുരുന്ന ഒരു ഗ്രാമമായുരിന്നു. മൂഴിക്കുളം. ചേരസാ മ്രാജ്യത്തിലെ 13 ദിവ്യ ദേശങ്ങളിൽ പ്രഥമ പരിഗണന മൂഴിക്കുളത്തി നായിരുന്നു. ആകെ 64 ഗ്രാമങ്ങളുണ്ടായിരുന്ന ചേരാസാ മ്രാജ്യത്തി ൻെറ സ്ഥിതി പരിഗണിക്കു മ്പോൾ മൂഴിക്കളത്തി ൻെറ പരിധിപാറക്കടവ് പഞ്ചായത്തിൽ മാത്രം ഒതുങ്ങിയിരുന്നില്ല എന്ന് കാ ണേണ്ടിയിരിക്കുന്നു ആദ്യകാലത്ത് പഞ്ചായത്തിൽ നിലനിന്നിരുന്നത് ക്ഷേത്രസംസ്കാരമായിരുന്നു. അതായത് സവർണ്ണരായ നമ്പൂതിരിമാർക്ക് ആധിപത്യമുണ്ടായിരുന്ന ഒരു സംസ്ക്കാരം നമ്പൂതിരിമാർക്ക് ആധിപത്യമു ണ്ടായിരുന്ന ഒരു സംസ്ക്കാരം. കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങൾക്കും വേണ്ടിയുള്ള ഒരു ഭരണവ്യവസ്ഥ മൂഴിക്കുളം കച്ചം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മൂഴിക്കുളം ക്ഷേത്രത്തിൽ നടന്നുവന്നിരുന്ന വാരവുമായി ബന്ധപ്പെട്ട് തിരുമൂഴിക്കളം രേഖ എന്നൊന്ന് ചരി ത്രത്തിലുണ്ട്. വേദപഠനത്തിനായി തിരുമൂഴിക്കളം ശാലയും ഉണ്ടായിരുന്നു. അതി ൻെറ സ്ഥാനം ഇന്നത്തെ ചാലക്കുടിപ്പുഴയിലാ ണെന്നും – പിന്നീട് പുഴമാറി യൊഴുകി യെന്നുമാണ് പറയപ്പെടുന്നത്. ചാലക്കുടിപ്പുഴയുടെ പേരു പോലും ശാലയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചേര സാമ്രമാജ്യത്തി ൻെറ നീതി ബോധവുമായി ബന്ധപ്പെട്ടു കൊണ്ട് ക്ഷേത്രത്തിനും മുന്നിൽ ഒരു കരിങ്കൽ പരിഹാരം സ്ഥാപിച്ചിരുന്ന. കരിങ്കൽ കൊണ്ടുള്ള ഒരു മനുഷ്യ പ്രതിമ ശൂലത്തിൽ കുത്തി നിറുത്തിയ പോലെ സ്ഥാപിച്ചിരുന്നു. ശിക്ഷയുടെ കാഠിന്യം സാമാന്യ ജനങ്ങളെ ബോധ്യ പ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു ഇത്.

സാമൂഹ്യ ജീവിതവുമായി ക്ഷേത്രങ്ങളെ ബന്ധപ്പെടുത്തിയിരുന്നുവെന്നതിനുള്ള ഒരു തെളിവ് മൂഴിക്കുളം ക്ഷേത്രത്തിലുണ്ട്. കിഴക്കേ ഗോപുരത്തിലെ വാതിലി നോട് ചേർന്നുള്ള കരിങ്കൽ ചട്ടത്തി ൻെറ ഇരുവശങ്ങളിലുമായി മരപ്പണിക്കാർക്കുള്ള അളവു കോൽ കൊത്തിയിട്ടുണ്ട്. തെക്കേ വശത്തുള്ളത് തെക്കു ഭാഗത്തു ള്ളവർക്കും വേണ്ടിയായിരുന്നു. ക്ഷേത്രകലകൾക്കും നല്ല വളർച്ചയുണ്ടായിരുന്നു. പ്രധാനമായും കൂത്ത്, കൂടിയാട്ടം ഇവയുടെ അവകാശം ചാക്യാർ കുടുംബത്തിനായിരുന്നു. അമ്മന്നൂർ ചാക്യാർ ഈ കലയിലെ അതികായനായിരുന്നു. ഈ രംഗത്തെ ഇന്നു ജീവിച്ചിരിക്കുന്നവരിൽ പ്രമുഖർ അമ്മൂർ മാധവ ചാക്യാരും പത്മശ്രീ അമ്മന്നൂർ കൊച്ചു കുട്ടചാക്യാരുമാണ്. ഭാവിയിലെ വാഗ്ദാനങ്ങൾ എന്ന നിലയിൽ കൊച്ചുകുട്ട ചാക്യാരുടെ മക്കൾ – മധു, സജി, എന്നിവരെ എടുത്തുപറയേണ്ടതാണ്. 41 ദിവസത്തെ കൂത്തും കൂടിയാട്ട് നിന്നു പോയിട്ട് അധികനാളായിട്ടില്ല. കഥകളി പ്രിയരുടെ എണ്ണം നമ്മുടെ നാട്ടിൽ വളരെ കൂടുതലായതും ഈ ക്ഷേത്ര സംസ്ക്കാരത്തി ൻെറ സവി ശേഷതകൊണ്ടാണ്.

A.D. ആദിശതങ്ങൾക്കു ശേഷം രൂപപ്പെട്ട ക്രൈസ്തവസംസ്ക്കാരത്തി ൻെറ ആദിമ ക്രേന്ദ്രങ്ങളി ലൊന്നായിരുന്നു മൂഴിക്കുളം. മൂഴിക്കുളത്തുള്ള പള്ളി കേരളത്തിലെ ഏറ്റവും പഴക്കമുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ ഒന്നാണുതാനും.

1974 -ൽ പാലക്കാട് ബിഷപ്പായിരുന്ന റൈറ്റ് റവ: ഡോ: ജോസഫ് ഇരുമ്പൻ, മലങ്കര കത്തോലിക്കാ സുറിയാനി സഭയുടെ ചരി ത്രഗതിയെ സാരമായ വിധത്തിൽ നിയന്ത്രിച്ച ഏഴു വ്യാകുലങ്ങളിൽ ഒരാളായിരുന്നു ഇരുമ്പൻ പെ. ബ. ഗീവർഗീസച്ചൻ എന്നിവർ ഈ പഞ്ചായത്തിൽ ജനിച്ച മഹാപുരുഷന്മാരാണ്.

1980 കളിൽ പഞ്ചായത്തിൽ സജീവമായിരുന്ന അമചർ നാടകസംഘങ്ങളും, തെരുവുനാടകസംഘലും ഇന്ന് ഏതാണ്ട് അന്യം നിന്നു ടെ മട്ടാണ് പ്രശസ്തരായ മിമി ക്രി കലാകാരന്മാർ നമ്മടെ പഞ്ചയാത്തിലുണ്ട് എന്നത് നമ്മുക്ക് അഭിമാനിക്കാൻ വകയുള്ളതാണ്. സാംസ്ക്കാരിക സംഘടനകളെല്ലാം ഇപ്പോൾ സമുദായസംഘടനകളുടെ വാലറ്റങ്ങളായി മാറിയിരിക്കുന്ന കാഴ്ചയാണ് എവി ടേയും കാണുന്നത്.

ക്ഷേത്രസംസ്കാരത്തി ൻെറ മറ്റൊരു സംഭാവനയാണ് നമ്മുടെ നാട്ടിലെ കളരി സംസ്ക്കാരം. കളരിപ്പയറ്റ് ഒരു കലയും അയോധനമുറയുമാണ്. പാറക്കടവിലായിരുന്നു കളരിയുടെ ആസ്ഥാനം പൂളിയനം ചിറയ്ക്കൽ ക്ഷേത്രത്തിന് തെക്കുവശം കളരി നിലവിലുണ്ടായിരുന്നു. വീരഭദ്രക്ഷേ ത്രവുമായി ബന്ധപ്പെട്ട് ഇന്നും കളരി സംസ്കാരം തുടരുന്നു. കളരിമുറകളുടെ ഒരു പ്രകടനം എന്ന നിലയിലായിരിക്കും ആദ്യ മൊക്കെ വിശാലമായ കുന്നിൻ ചെരിവുള്ള പുത്തൻ കാവിൽ തുക്കവും മറ്റും അരങ്ങേറിയിരുന്നത് – കളരികൾക്ക് ക്ഷയം വന്നപ്പോൾ അതൊരു ക്ഷേത്രാവാരമായി മാറിയതാകാം. എന്തായാലും പുത്തൻ കാവിലെ തുക്കവും പാറക്കടവി ലെ കളരിയും

പറവൂർ കമ്പതുക്കവും തമ്മിൽ ബന്ധമുണ്ടായിരുന്നു എന്നത് വാസ്തവം. പ്രാകൃത ആചാരം എന്ന നിലയിൽ തുക്കത്തിനെതിരെ ഉയർന്നുവന്ന ജനകീയ പ്രക്ഷോപത്തിൻെറ ഫലമായി പ്രസിദ്ധമായിരുന്ന തുക്കവും 1987-ാമാണ്ടോടെ നിന്നു പോയി.

മന്ത്രത്തിലും തന്ത്രത്തിലും പേരു കേട്ട ഭദ്രക്കാളി മറ്റപ്പിള്ളി മന നമ്മുടെ പഞ്ചായത്തിലെ പുളിയനത്തിലാണ്. സേവകൊണ്ട് ഭദ്രകാളിയെ പ്രത്യക്ഷപ്പെടുത്തിയതിൻെറ പേരിൽ കേരളമൊട്ടുക്കും ഇന്നും ഈ മനക്ക് പേരും പെരുമയും ഉണ്ട്. പ്രശസ്തമായ വൈക്കം ക്ഷേത്രത്തിലെ തന്ത്ര മുഖ്യൻ മറ്റപ്പിള്ളി മനയ്ക്കലെ നാരായണൻ നമ്പൂതിരിപ്പാടാണ്. പുളിയനം ഗവ: ഹൈസ്ക്കൂൾ കോടുശ്ശേരി പ്രാഥമീക ആരോഗ്യ കേന്ദ്രം എന്നിവ മറ്റപ്പിള്ളിമനയുടെ സംഭാവനകളാണ്.

ക്ഷേത്രവുമായി ബന്ധപ്പെട്ട മറ്റ് കലാരൂപങ്ങളാണ് മുടിയേറ്റ്, കളമെഴുത്ത് പാട്ട് എന്നിവ പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ ഇന്നും ഇവ നടന്നുവരുന്നുണ്ട്. ഏളവൂർ പുത്തൻ കാവിലും, ഭദ്രകാളിമറ്റപ്പള്ളി മന ക്ഷേത്രത്തിലും മുടയേറ്റ് ഇപ്പോഴും കൃത്യമായി നടന്നുവരുന്നുണ്ട്. ഓട്ടൻ തുള്ളൽ കലാരംഗത്ത് പ്രശസ്തനായ ചെമ്പകശ്ശേരി പരമേശ്വരൻ നായർ, കവി എം. എൻ.പാലൂർ എന്നിവർ ഈ പഞ്ചായത്തിൻെറ സാംസ്ക്കാരിക സ്തംഭങ്ങളാണ്.

ഗ്രന്ഥശാലകൾ.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ ചിത്രം വളരെ ദയനീയമാണ്. മുൻകാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന പലതും ഇന്ന് ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തനം നിലച്ചവയാണ്. പഞ്ചായത്തിൽ ഇന്നുള്ള വായനശാലകളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് പുളിയനം മൂന്നാം വാർഡിലുള്ള ദേശസേവിനി ഗ്രാമീണവായനശാലയാണ്. സ്വന്തമായി കെട്ടിടവും ഏഴായിരത്തോളം പുസ്തകങ്ങളുമുള്ള ടി. വായനശാലക്ക് ബി ഗ്രേഡാണുള്ളത്. ഇതൊരു എ ഗ്രേഡ് വായനശാലയാക്കി മാറ്റേണ്ടതുണ്ട്. കുറുമശ്ശേരിയിൽ പ്രവർത്തിക്കുന്ന A.K.G. വായനശാലയുടെ പ്രവർത്തനങ്ങൾ ഇനിയും വേണ്ടത്ര വിപുലമായിട്ടില്ല. വട്ടപ്പറമ്പിൽ ഉള്ള വായനശാല ഒരു വായനശാലയടേതായ. എന്തെങ്കിലും ധർമ്മം നിർവഹിക്കന്നതായി കാണുന്നില്ല. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ പറയാതിരിക്കുന്നതാണ് ഉചിതം. വൈകുന്നേരങ്ങളിൽ വഴിപാടിന് തുറന്ന് വെക്കുന്ന പഞ്ചായത്ത് ലൈബ്രറി പുസ്തകങ്ങളുടെ കാര്യത്തിലും മറ്റു വിവരങ്ങളുടെ കാര്യത്തിലും ദരിദ്രമാണ്.

വായനശാലകൾ പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലൊന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നതായി അറിവില്ല. വായനാശീലം പൊതുവേ കുറഞ്ഞു വരുന്നുവെന്ന് എല്ലാവും സമ്മതിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചയാത്തിൽ മിക്കവാറും പ്രദേശങ്ങളിൽ അതിനുള്ള സൗകര്യ പോലുമില്ലായെന്നുള്ളത് കണ്ണതുറന്ന്നാം കാണേണ്ടതാണ്.

വിജ്ഞാനവിതരണത്തിൻെറ സജീവ സാന്നിദ്ധ്യമായി വായനശാലകൾ മാറണമെങ്കിൽ വായനശാലകളുടെ ഇന്നത്തെ ദുരവസ്ഥകൾ മാറ്റേണ്ടതുണ്ട്. വായനശാലകളിലെല്ലാം ദൃശ്യ-സ്രാവ്യമാദ്ധ്യങ്ങൾ, പത്ര-മാസികകൾ, എന്നിവ അവശ്യമായും ഉണ്ടായിരിക്കേണ്ടതാണ്.

കലാ-സംസ്കാരികരംഗത്ത് നല്ല പരമ്പര്യം സൃഷ്ടിച്ചുള്ള നാം- കായികലോകത്തിന് കാര്യമായ സംഭാവനയൊന്നും ചെയ്തീട്ടില്ല. കായികരംഗത്ത് ഇപ്പോൾ കത്തിപ്പടരുന്ന ക്രിക്കറ്റ് ഭ്രാന്ത് നഴ്സറി കുട്ടികളിൽ പോലും ദൃശ്യമാണ്. ഫുട്ബാൾ, വോളി ബോൾ തുടങ്ങിയവ ഇന്ന് ഒരിടത്തും കാണുന്നില്ല. പഞ്ചായത്തിൽ ഒരു നല്ല മൈതാനം പോലുമില്ലാത്ത അവസ്യുണ്ട്. കുറുമശ്ശേരിയിലുള്ള റിക്രിയേഷൻ മതാനം നല്ല രീതിയിൽ പുനരുദ്ധരിക്കേണ്ടതുണ്ട്.

കലാ-കായിക-സാംസ്ക്കാരിക രംഗത്തെ പൊവേയുള്ള മുരടിപ്പ് ഉപഭോഗസംസ്ക്കാരത്തിൻെറ തള്ളിക്കയൻറത്തിനും കടന്നാക്രമണത്തിനും ഇടയാക്കുന്നുണ്ട്. നമ്മുടെ ചരിത്രവും സംസ്ക്കാരങ്ങളേയും അവയുടെ വെല്ലുവിളികളേയും നാം തിരിച്ചറിയേണ്ടതുണ്ട്. അതിന് നമുക്ക് പിൻബലം നൽകുന്നവയാണ് നമ്മുടെ സാംസ്ക്കാരിക ചരിത്രം.

ആരാധനാലയങ്ങൾ : എളവൂർ കുന്നേൽപള്ളി, മൂഴിക്കുളം ഫെറോനപള്ളി, കോട്ടശ്ശേരി പള്ളി, എന്നിവ പ്രധാനപ്പെട്ട ക്രിസ്ത്യൻ ദേവാലയങ്ങളാണ്. മൂഴിക്കുളം ലക്ഷണപെരുമാൾ ക്ഷേത്രം,പുത്തൻകാവ് ഭദവതി ക്ഷേത്രം, പന്നിലക്കാവ് ക്ഷേത്രം, തൃക്കശ്രീകൃഷണക്ഷേത്രം എന്നിപ്രധാന ഹൈന്ദവക്ഷേത്രങ്ങളാണ്. പഞ്ചയാത്തിലെ ഏക മുസ്ലിം ദേവാലയം മാമ്പ്രയിലുളളതാണ്.

ഗ്രാമസഭാ നിദ്ദേശങ്ങൾ

## WARD - I

പഞ്ചായത്ത് വക ഗ്രൗണ്ട് അനുവഹിക്കുക. വായനസാല പുനർനിമ്മിക്കുക.

## WARD - II

സ്റ്റേഡിയം നിർമ്മിക്കുക. വായനശാല പ്രവർത്തനം തുടങ്ങക. പരമ്പരംഗതകലകൾക്കയി പരിശീലനകളരികൾ ഉണ്ടാക്കുക. നാട്ടരങ്ങുകൾ സംഘടിപ്പിക്കുകയും ക്ലബ്ബുകൾ സജീവമാക്കുകയും ചെയ്യുക.

## WARD - III -

ദേശസേവിനി ഗ്രാമീണ വായനശാലക്ക് ദൃശ്യ-ശ്രംവ്യ

ഉപകരണങ്ങൾ സൗദന്യമായി നൽകുക. വായനശാലക്കുളള ധനസഹായം വർദ്ധിപ്പിക്കുക. പ്രസിദ്ധീകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുക. വാർഡിൽ ഒരു കളിക്കളം നിർമ്മിക്കുക.

## WARD - IV

വായനശാല പുനരുദ്ധരിക്കുക.

## WARD - V

വായനശാലയും അതി നോടനുബന്ധമായി ഒരു ക്ഷേമസന്ധ ൻറ ( ്ഞഗനത്സന്ധനഥ ക്ലബും തുടങ്ങണം. വായനശാലയിൽ ടി.വി, റേഡിയോ ഇവ പഞ്ചായത്ത് അനുവദിച്ചുതരണം.

## WARD - VI

വായനശാല ഉടനെ സ്ഥാപിക്കണം. ഒരു സ്റ്റേഡിയം നിർമ്മിക്കണം - എളവൂർ ചന്തഭാഗത്ത്.

## WARD - VII

പഞ്ചായത്ത് ലൈബ്രറി മുഴുവൻ സമയവും പ്രവർത്തിപ്പിക്കുക. ഇതൊരു രഫറൻസ് ലൈബ്രറിയായുർത്തണം. വാർഡിൽ ഒ ആഡിറ്റോറിയം സ്ഥാപിക്കുക.

## WARD - VIII

പഞ്ചായത്ത് വക ഗ്രൗണ്ടിൽ മേൽപ്പുരയോടുകൂടിയ ഫ്ളാറ്റ്ഫോം നിർമ്മിക്കണം. വായനശാല സ്ഥാപിച്ച് ഗ്രന്ഥശാലയിൽ അഫിലിയേറ്റ് ചെയ്യണം.

## WARD - IX

പഞ്ചായത്തിന്റെ പഴയ സ്ലം സാംസ്കാരികസംഘടനക്ക് വിട്ടു കൊടുക്കുക. 9-ാം വാർഡിലെ വായനശാലയുടെ ശോചനനീയാവസ്ഥമാറ്റിതരുക.

## WARD - X

വായനശാല ആരംഭിക്കണം.

## WARD - XI -

പൊതുവായി ഒരു സാംസ്ക്കാരിക കേന്ദ്രവും സ്റ്റേഡിയവും ഉണ്ടാക്കണം.

# വനിത

സ്ത്രീകളുടെ വളർച്ച സമൂഹത്തിൻെറ വളർച്ചയുടെ നിലവാരത്തെ പ്രതിഫലിപ്പിക്കും. പൗരാണിക ഭാരത ചരിത്രം പരിശോധിച്ചാൽ സ്ത്രീകൾക്ക് ഉന്നതമായ സ്ഥാനം ലഭിച്ചിരുന്നതായി കാണാം. സ്ത്രീകൾ ആദരിക്കപ്പെട്ടിരുന്നു ബഹുമാനിക്കപ്പെട്ടിരുന്നു. ഒരുകാലത്ത് സ്ത്രീകളെ അടുക്കളയിൽ തളച്ചിട്ടിരുന്നുവെങ്കിൽഇന്ന് അവളെ ശരീരം പ്രദർശിപ്പിച്ച് പട്ടങ്ങൾവാങ്ങുന്നവളാക്കി മാറിറിയിരിക്കുന്നു. വില്പനച്ചരക്കാക്കി മാറ്റുന്ന പ്രവണതഇന്ന് കൂടിവരുന്നു.

അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽമറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. അതിനാൽസാക്ഷരതാനിരക്കിലും കേരളം മുൻപന്തിയിലാണ്. ഈ കാര്യങ്ങളിൽ സ്ത്രീ പുരുഷ അന്തരം വളരെ കുറവാണ്. ഏതൊരു പ്രസ്ഥാനത്തിൻെറ വളർച്ചക്കും വിജയത്തിനും സ്ത്രീകളുടെ പങ്കാളിത്തം കൂടിയേതിരു. 'സമ്പൂർണ്ണ സാക്ഷരതായജ്ഞം' പോലുള്ള പ്രവർത്തനങ്ങളിൽ അത് തെളിയിക്കപ്പെട്ടിരിക്കുന്നു.

എന്നിരുന്നാലും ഇതിനനുയോജ്യമായ രീതിയിൽ ഒരു പുരോഗതി സാമൂഹ്യരംഗതതേ് സ്ത്രീകൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചാൽ ഇല്ല എന്ന ഉത്തരം ലഭിക്കും. ആയതിനാൽസ്ത്രീകളെ ഉൾപ്പെടുത്താതെയും കണക്കിലെടുക്കാതെയുമുള്ള നയരൂപീകരണവും വികസന പ്രക്രിയകളും മൊത്തത്തിലുള്ള വികസനത്തിന് സഹായകമാകുന്നില്ല.

അതുകൊണ്ട്തന്നെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളിൽ മൂന്നിലൊന്ന് സ്ഥാനങ്ങൾസ്ത്രീകൾക്ക് സംവരണം ചെയ്തുകൊണ്ടുള്ള ഭരണഘടനയുടെ 73 - ഭേദഗതി നേർദിശയിലേക്ക് വഴികാണിക്കുന്നുണ്ട്. നയമസഭകളിലേക്കും പാർലമെൻറിലേക്കും കൂടി ഈ വ്യവസ്ഥ ബാധകമാക്കാൻ നടപടികൾഅരംഭിച്ചിരിക്കുന്നതും ആശ്വാസകരം തന്നെ എന്നാൽ ഈരംഗത്തേക്ക് കടന്നു വരുവാനുള്ള ശേഷി സ്ത്രീകൽക്ക് ലഭിക്കണമെങ്കിൽ സ്ത്രീകളുടെ സാമ്പത്തിക രംഗത്തെ സ്വയം പര്യാപ്തത വർദ്ധിക്കേണ്ടതുണ്ട്. വിദ്യാസമ്പന്നരായ സ്ത്രീകൾ പലരും സാമ്പത്തിക കാര്യങ്ങളിൽ പുരുഷനെ ആശ്രയിക്കാതെ നിവൃത്തിയില്ല എന്ന അവസ്ഥയിനായതിനാൽ പൊതു രമഗത്തേക്ക് കടന്നു വരാൻ ക്കുന്നു. മറ്റ് പ്രേരണകളാൽ കടന്നുവരുന്നവർക്ക് ശോഭിക്കാൻ കഴിയുന്നില്ല. പൊതുരംഗത്തേക്ക് രുന്ന സ്ത്രീകളെ പുച്ഛത്തൊടെ കാണുന്ന അവസ്ഥ മാറണം.

**1991 ലെ സെൻസസ് അനുസരിച്ച് തൊഴിൽ വിഭജനം താഴെ കാണിക്കുന്ന പട്ടിക പ്രകാരമാണ്.**

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് : | പാറക്കടവ് | |
| ജനസംഖ്യ: | 27702 | |
| പുരുഷന്മാർ : | 13764 | 1000 പുരുഷൻ |
| സ്ത്രീകൾ : | 13938 | 1007 സ്ത്രീകൾ |

**തൊഴിൽ വിഭജനം**

| നമ്പർ | മേഖല | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1. | കൃഷി | 1334 | 176 | 1510 |
| 2. | കർഷകതൊഴിലാളികൾ | 1445 | 1272 | 2717 |
| 3. | മൃഗസംരക്ഷണം-മത്സ്യബന്ധനം | 301 | 28 | 329 |
| 4. | പാറപൊട്ടിക്കൽ, മെറ്റൽ നിർമ്മാണം | 367 | 136 | 503 |
| 5. | സർവ്വീസ് മേഖലകൾ, വീട്ടുജോലികൾ | 143 | 116 | 259 |
| 6. | കുടിൽ വ്യവസായം | 859 | 178 | 1037 |
| 7. | നിർമ്മാണ രംഗം | 562 | 20 | 582 |
| 8. | കച്ചവടം, വ്യവസായം | 1002 | 70 | 1072 |
| 9. | ഗതാതം, വാർത്താവിനിമയം | 427 | 31 | 458 |
| | മറ്റു വിഭാജോലികൾ | 523 | 412 | 935 |
| 10. | നാമാത്ര ജോലിക്കാർ | 325 | 403 | 728 |
| | ആകെ : | 7288 | 2842 | 10130 |
| | തൊഴിൽ രഹിതർ | 6476 | 11096 | 17572 |

6 വയസ്സിനു താഴെയുള്ള കുട്ടികൾ 3003 പേർ
വിദ്യാർത്ഥികൾ വിദ്യാർത്ഥിനികൾ 5500 പേർ എന്നു കണക്കാക്കിയാൽ 3003+5500=8508 പേർ.
ഇതിൽ 4250 ആൺകുട്ടികളും 4258 പെൺകുട്ടികളും ആണെന്നു കണക്കാക്കിയാൽ
ബാക്കി 6467-4250=2217 പുരുഷന്മാരും
11096-4258=6838 സ്ത്രീകളും തൊഴിൽ രഹിതരായി കണക്കാക്കാം
പല കാരണങ്ങളാൽതൊഴിലിന് പോകാൻ സാധിക്കാത്തവർ 30% വരും.

സ്ത്രീകളുടെ തൊഴിൽ ലഭ്യതക്കുറവ് തൊഴിൽ രംഗത്ത് പ്രകടമായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവയും പൊതുരംഗത്ത് നിന്നും സ്ത്രീകളെ പിന്നോട്ടു വലിക്കുന്നു. കാർഷികരംഗത്തെ കൂലിക്കുറവും, വളർച്ചാമുരടിപ്പും സ്ത്രീകളെ കൂട്ടത്തോടെ തന്നെ താരതമ്യേന കടുപ്പമേറിയ മേഖലകളായ പാറപൊട്ടിക്കൽ ഇഷ്ടിക നിർമ്മാണം, കെട്ടിടനിർമ്മാണം, റോഡുപണികൾ മുതലായ രംഗങ്ങളിലേക്ക് മാറാൻ നിർബന്ധിതരാക്കുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഇതു തന്നെയാണ്. മേൽപറഞ്ഞ ജോലികൾക്കായി അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രകളും മറ്റും സ്ത്രീകളുടെ ആരോഗ്യത്തേയും ബാധിക്കുന്നു. കൂടാതെ വളരുന്ന തലമുറയായ കുട്ടികളുടെ ആരോഗ്യ ഭക്ഷണ ക്രമത്തിലോ, വിദ്യാഭ്യാസ കാര്യത്തിലോ ശ്രദ്ധിക്കാൻ സ്ത്രീകൾക്ക് സാധിക്കാതെ വരുന്നു.

ജോലികളുടെ സ്വഭാവം വ്യത്യസ്ഥമായതിനാൽമേൽപറഞ്ഞ രംഗങ്ങളിൽകൂലിവ്യവസ്ഥയിൽ സത്രീ പുരുഷ അന്തരം നിർണ്ണയിക്കാൻ കഴിയില്ല. മേൽ പറഞ്ഞ ജോലികൾക്കൊന്നും പോകാതെ ഗൃഹ ജോലികളിൽമാത്രം ശ്രദ്ധിച്ചിരിക്കുന്നവരും മറ്റു കാരണങ്ങളാൽപെറുതെയിരിക്കുന്നവരും, വിദ്യാസമ്പന്നരുമായ സ്ത്രീകൾനമ്മുടെ പഞ്ചായത്തിൽധാരാളമുണ്ട്. ഇവരെ സമൂഹത്തിന്റെ മുഘ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സ്വയം തൊഴിൽസംരംഭങ്ങൾതുടങ്ങേണ്ടത് അടിയന്തിരപ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. D.W.C.R.A. പോലുള്ള സംരംഭങ്ങൾ ഈ വഴിക്ക് പ്രയോജനപ്പെടുത്താം.

സ്ത്രീകളുടെ ആരോഗ്യരംഗം കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്ക് കുടുംബാസൂത്രണ രംഗത്ത് വൻ വിജയം വരിക്കാൻ കേരളത്തെ സഹായിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെയും പ്രവർത്തനം പൊതുജന സഹകരണത്തോടെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾപരിഹരിക്കാം.

എന്നാൽ ഈ രംഗത്തെല്ലാം വളരെയധികം ചെയ്യാൻ സാധിക്കുന്ന വിഭാഗമാണ്മഹിളാസമാജങ്ങൾ. നമ്മുടെ പഞ്ചായത്തിൽ പത്തോളം മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം ഒട്ടും തന്നെ ആശാവഹമല്ല എന്നാണ് മനസ്സിലാക്കുന്നത്. ഇന്ന് നിലവിലുള്ള മഹിളാസമാജങ്ങളുടെ അവസ്ഥ പരിശോധിച്ചാൽ ചില സത്യങ്ങൾകണ്ടല്ലെന്ന് നടിക്കാനാവില്ല. സാമൂഹ്യ രംഗങ്ങളിലേക്ക് സ്ത്രീകളെ ആകർക്കേണ്ടതിനു പകരം അവരെ പിന്നോട്ട് വലിക്കുന്ന പ്രവണതകൂടിവരുന്നു. അധികാര മത്സരത്തിൽപ്പെട്ട് പ്രവർത്തനം നിലച്ചുപോയ സമാജങ്ങളിൽപ്രധാന ഉദാഹരണമാണ് ഒന്നാം വാർജിലെ മന്ന മഹിളാസമാജം. അവിടെ നല്ല രീതിയിൽ ടന്നുകൊണ്ടിരുന്ന ബാലവാടിയും ഉപ്പുമാവു കേന്ദ്രവും പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി. മാത്രമല്ല സർക്കാർ സഹായത്തോടെയും പൊതുജനസഹകരണത്തോടെയും പണി തിർത്ത കെട്ടിടം ആരും ശ്രദ്ധിക്കാനില്ലാതെ നനഞ്ഞ് കുതിന്ന് ഇടിഞ്ഞ് വീണ് നശിച്ചുകൊണ്ടിരിക്കുന്നു.

ബാലവാടിയും ഉപ്പുമാവു കേന്ദ്രങ്ങളും (C.P.W.P. സെന്ററുകളും A.N.P. സന്റെറുകളും)ലഭിച്ചിട്ടുള്ള സമാജങ്ങൾ പ്രവർത്തനം അവിടം കൊണ്ട് അവസാനിപ്പിക്കുന്നു സർക്കാരിൽ നിന്നും ലഭിക്കുന്നത് വിതരണം ചെയ്യുന്ന ഒരു കേന്ദ്രം മാത്രമായി അധ:പതിച്ചിരിക്കുന്നു. ചില സമാജങ്ങൾ പേരിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. സ്ത്രീകളുടെ ശത്രു സ്ത്രീകൾ തന്നെ എന്ന നിലയിലേക്ക് കാരങ്ങൾപോകുന്നു.

കുറുമശ്ശേരിയിലെ ചൈതന്യ മഹിളാസമാജം, പാറക്കടവ് സമാജം ന്നിവ അല്പം ചില ശ്രമങ്ങൾ നട

ത്തുന്നത് ആശാവഹമാണ്. സ്ത്രീകളിൽ ആരോഗ്യ ബൊധവല്ക്കരണ ക്ലാസുകളും തൊഴിൽ സംരഭകത്വ പരിശിലന ക്ലാസുകളും DWCRA കേന്ദ്രങ്ങളും തുടങ്ങുന്നതിന് മഹിളാ സമാജങ്ങൾക്ക് നേതൃത്വം കൊടുക്കാവുന്നതാണ്. കാര്യമായ ഒരു ശ്രമവും മഹിളാസമാജങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. പഞ്ചായത്തിലെ മഹിളാ സമാജങ്ങൾമുൻകയ്യെടുത്താൽ ഏറ്റവും കുറഞ്ഞത് പത്ത് DWCRA യുണിറ്റുകളെങ്കിലും തുടങ്ങുവാനും അതുവഴി ഏറ്റവും കുറഞ്ഞത് 100 സ്ത്രീകൾക്കെങ്കിലും സ്വയം തൊഴിൽ കൊടുക്കാൻ സാധിക്കുന്നതാണ്.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന രണ്ട് DWCRA യൂണിറ്റുകളുണ്ട് ഇവക്ക് സമാജങ്ങളുമായി ബന്ധമില്ല. എളവൂർ DWCRAy യുണിറ്റിൽസീലിംഗ് ടൈൽസ് നിർമ്മാണവും കുറുമശ്ശേരിയിലെ DWCRA യുണിറ്റിൽ ചിപ്സ്, കറിപൗഡർ മുതനായവയും ഉണ്ടാക്കുന്നു കൃഷി വകുപ്പിൻെറ വാട്ടർഷെഡ് സ്കീമിൻെറ പുളിയനം കല മഹിളാസമാജത്തിൽ ഒരു ചിപ്സ് നിർമ്മാണ കേന്ദ്രം ആരംച്ചിട്ടുണ്ട്. പാറക്കടവ് സമാജത്തിൽ തയ്യൽ ക്ലാസ് ആരംഭിച്ചിട്ടുണ്ട്.

അതിനാൽ സമയാസമയങ്ങളിൽജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പുകൾ നടക്കുകയും കൂടുതൽ പേരെ പുതിയതായി ആകർഷിക്കുകയും അത്യാവശ്യം തൊഴിൽ സംരംഭങ്ങളിൽ നേതൃത്വം കൊടുക്കുകയും ചെയ്യാൻ മഹിളാസമാജങ്ങൾക്ക് സാധിച്ചാൽ സ്ത്രീകൾ മടി കൂടാതെ പൊതു രംഗത്തേക്ക് കടന്നുവരും. അതുവഴി പഞ്ചായത്ത് രാജ് ഭരണഘടനാ സ്ഥാപനങ്ങളിൽ ലഭിക്കുന്ന സ്ഥാനങ്ങളിൽ പുരുഷന്മാരോടൊപ്പം ശോഭിക്കാനും, നയരൂപികരണത്തിലും വികസല പ്രക്രിയയിലും നേതൃത്വം വഹിക്കാനും സ്ത്രീകൾക്ക് കലിയുകയും സമൂഹത്തിൽ സ്തീകളുടെ സ്ഥാനം ഉയരുകയും അവർ ബഹുമാനിക്കപ്പെടുന്നവരും ആദരിക്കപ്പെടുന്നവരുമായിത്തീരും. സ്ത്രീപീഠനം, സ്ത്രി ധന പീഠനം എന്നിവ ഇല്ലാതാകും, സ്ത്രീകൾസമൂഹത്തിൻെറ മാർഗ്ഗ ദീപമാകും.

## മുഖ്യ പ്രശ്നങ്ങൾ

പൊതുരംഗത്തേക്ക് കടന്നുവരുന്നതിന് സ്ത്രീകൾ വിമുഖത കാണിക്കുന്നു.

മഹിളാസമാജങ്ങൾ വേണ്ടത്രയില്ല. നിലവിലുള്ളവ വേണ്ടത്ര കാര്യക്ഷമയോടെ പ്രവർത്തിക്കുന്നില്ല.

വിധവാ പെൻഷൻ പലർക്കും ലഭിക്കുന്നില്ല.

ഭൂരിഭാഗം വാർഡിലും ബാലവാടികളില്ല.

വികസന പ്രവർത്തനങ്ങളിലും സർക്കാർ പരിപാടികളിലും സ്ത്രീകൾക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല.

സർക്കാർ സ്കീമുകളെക്കുറിച്ചും വായ്പാ സൗകര്യങ്ങളെക്കുറിച്ചും അറിവില്ലായ്മ.

## പരിഹാരനിർദ്ദേശങ്ങൾ സാധ്യതകൾ

സ്ത്രീകളെ പൊതുപ്രവർത്തനത്തിൽപങ്കാളികളാക്കുന്നതിനായി നിലവിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും പുതിയ സമാജങ്ങൾ രൂപീകരിക്കുകയും വേണം.

മഹിളാസമാജം പ്രവർത്തകർക്കായി നിയമബോധവല്ക്കരണ ക്ലാസുകൾ, ആരോഗ്യബോധവല്ക്കരണ ക്ലാസുകൾ, നേതൃത്വ പരിശിലന ക്ലാസുകൾ എന്നിവയും ചർച്ചാ ക്ലാസുകളും പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ സംഘടിപ്പിക്കുക.

അർഹതപ്പെട്ട എല്ലാ വിധവകൾക്കും വിധവാ പെൻഷൻ കൊടുക്കുക.

ബാലവാടികളുടെ പ്രവർത്തനം ജനങ്ങൾതിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക.

പഞ്ചായത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുക.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും ക്ഷേമ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തവും വിഹിതവും ഉറപ്പുവരുത്തിയാൽധാരാളം സ്തീകൾക്ക് പ്രയോജനം ലഭിക്കും.

മൃഗ സംരക്ഷണ വകുപ്പിൽ നിന്നും, കൃഷി വകുപ്പിൽനിന്നും നടപ്പിലാക്കുന്ന വികസന പരിപാടികളിൽ സ്ത്രീ പങ്കാളിത്തം ുറപ്പുവരുത്താൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുക.

വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ചെറുതരം ഗ്രൂപ്പുകളുണ്ടാക്കി D.W.C.R.A യിലും വനി

താ ഇൻഡസ്ട്രീസ് പ്രോഗ്രാമിലും യൂണിറ്റുകളുണ്ടാക്കാൻ ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്താൽ ധാരാളം വനിതകൾക്ക് സ്വയം തൊഴിൽ ലഭക്കും.

വിവിധ ഡിപ്പാർട്ടുമെൻറുകൾ വ്യവസായ സ്ഥാപനങ്ങൾബാങ്കുകൾ എന്നിവരുടെ സഹായത്തോടെ സ്ത്രീകൾക്കായി സ്വയം തൊഴിൽ സംരംഭക പരിശിലന പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

സ്ത്രീ പുരുഷ സമത്വം പാഠ്യ പദ്ധതിയിൽ ഒരു വിഷയമാക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

സ്ത്രീ പീഠനം, സ്ത്രീധനസമ്പ്രദായം സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പ്രവണത ഇവയ്ക്കെതിരെ ഫലപ്രദമായ ബൈാധവല്ക്കരണ ക്ലാസുകൾഗ്രാമ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്തണം.

എല്ലാവിധ വികസന പരിപാടികളിലും സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് മുൻഗണന നല്കുക.

പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽസ്ത്രീകൾക്കായി കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കണം.

## വിവിധ ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ

**വാർഡ് 1, 6, 7**എന്നിവിടങ്ങളിൽ നിന്നും ബാലവാടി, അംഗൻവാടി നഴ്സറി സ്കൂൾഎന്നിവ ആരംഭിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

**വാർഡ്** 2 വനിതാ വികസന കോർപ്പറേഷൻ പദ്ധതികൾഎല്ലാ വനിതകൾക്കും എത്തിക്കുക, സൗജന്യപോഷകാഹാര കേന്ദ്രങ്ങൾ തുറക്കുക, വിധവകൾക്ക് പെൻഷനും അവരുടെ പെൺമക്കൾക്ക് കല്യാണത്തിന് സഹായവും വർദ്ധിപ്പിക്കുക. സ്ത്രീകളുടെ കടമകളും അവകാശങ്ങളും സംബന്ധിച്ച് ബോധവല്ക്കരണ ക്ലാസ് നടത്തുക. വനിതകൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾആരംഭിക്കുക.

**വാർഡ്** 3 വനിതാസഹകരണസംഘം രൂപീകരിച്ച് വനിതാ വ്യവസായ യൂണിറ്റിൽ റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമ്മാണം കുടങ്ങുവാൻ സഹായം വേണം. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൻെറ അറ്റകുറ്റപ്പണികൾ ഉടൻ നടത്തുക, ജലം ലഭ്യമാക്കുക.

**വാർഡ്** 4വനിതാ സമാജം തുടങ്ങണം. ഇതുമായി ബന്ധപ്പെട്ട് അച്ചടിശാല, ഫോട്ടോസ്റ്റാറ്റ്, തയ്യൽമെഷീൻ, ഞൂൽനൂൽപ്പ് കേന്ദ്രം ലേഡീസ് സെൻറർ കോഴി വളർത്തൽ മുയൽ വളർത്തൽ, ചിപ്സ് നിർമ്മാണം, അച്ചാർ നിർമ്മാണം, ആട് വളർത്തൽ, എന്നിവയ്ക്കായി സഹായങ്ങൾ ഉണ്ടാകണം. വ്യാജമദ്യവില്പന പൂർണ്ണമായും തടയണം, ബോധവല്ക്കരണ സെമിനാറുകൾ നടത്തണം.

**വാർഡ്** 5 വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക. സ്ത്രീതൊഴിലാളികൾക്ക് P.F. ആനുകൂല്യങ്ങളുറപ്പാക്കുക.

**വാർഡ്** 8 എട്ടാം വാർഡിലും ഒമ്പതാം വാർഡിലുമുള്ള 500 ൽ പരം സ്ത്രീകൾ അംഗങ്ങളായുള്ള ചൈതന്യ മഹിളാസമാജം സ്വന്തമായി വാങ്ങിയിരിക്കുന്ന 5 സെൻറ് സ്ഥലത്ത് J.R.Y. പോലുള്ള പദ്ധതികളിൽ പ്പെടുത്തി 1000 ച: അടി വലിപ്പമുള്ള ഹാളോടുകൂടിയ ഒരു കെട്ടിടം നിർമ്മിച്ച് ഏതെങ്കിലും ഫണ്ടിൽ വനിതകൾക്കായി 10 തയ്യൽ മെഷീനോടുകൂടിയ ഒരു തയ്യൽ പരിശീലന കേന്ദ്രം തുടങ്ങാൻ സാധിക്കുമെങ്കിൽ പ്രതിവർഷം 100 ൽ പരം വനിതകൾക്ക് സൗജന്യമായ തയ്യൽ പരിശിലനം നൽകാൻ സാധിക്കുകയും അതുവഴി അത്രയും കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താനും കഴിയും ിതിനായി പഞ്ചായത്ത് മുൻകയ്യെടുക്കണം. ഇവിടെ ഒരു ക്രഷും അംഗൻവാടിയും ആരംഭിക്കണം. സൗജന്യ പരിശോധനയും വിറ്റാമിൻ ഗുളികയും ലഭ്യമാക്കണം. 5 സെൻറിൽകൂടുതൽ സ്ഥലമുള്ള വനിതകൾക്ക് പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ വിത്തും വളവും സൗജന്യമായി നല്കണം. പച്ചക്കറികൾ വില്ക്കാൻ പഞ്ചായത്ത് തലത്തിൽ മാർക്കറ്റ് ഉണ്ടാക്കണം. ആട് വളർത്തലിന് താല്പര്യമുള്ളവർക്ക് ആടുകളെ വാങ്ങാൻ സഹായം നല്കണം. കോഴി വളർത്തൽ, ഓലമെടച്ചിൽ പനമ്പ് നെയ്ത്ത് എന്നിവയ്ക്ക് പരിശീലനം നല്കണം ആയുർവ്വേദ ആശുപത്രി കുറുമശ്ശേരിയിൽ തുടങ്ങണം. സ്ത്രീ പീഠന കേസുകൾ കുറയ്ക്കുന്നതിനും സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വനിതാകമ്മീഷൻെറ പ്രവർത്തനം ഗ്രാമതലങ്ങളിക്ക് വ്യാപിപ്പിക്കണം. മദ്യ നിരോധനം ഫലപ്രദമായി നടപ്പിലാക്കണം. വ്യാജമദ്യം തടയുന്നതിന് ബോധവല്ക്കരണ ക്ലാസുകൾ നടത്തണം. പെൻഷൻ അനുവദിക്കണം. സ്വന്തമായി വിടില്ലാത്ത വിധവകൾക്ക് സഹായധനം അനുവദിക്കണം.

**വാർഡ് 9** വനിതകൾക്കായി ഒരു തൊഴിൽ പരിശിലന ശാല നിർമ്മിക്കുക, പനമ്പ്പായ നെയ്ത്ത്, തയ്യൽ തുടങ്ങിയവ പരിശീലിപ്പിക്കുക. വനിതകൾക്കായി ഒരു വ്യവസായ ശാല ഉണ്ടാക്കുക. തൊഴിൽ ചെയ്യുന്ന സ്തീകളുടെ വേതനം ഉറപ്പുവരുത്തുക, അംഗൻവാടി തുടങ്ങുക. ചൈതന്യ മഹിളാ സമാജം സ്ഥലത്ത് ഹാൾ പണിത് വനിതാ തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക. പച്ചക്കറി കൃഷി ചെയ്യുവാൻ വനിതകൾക്ക് വിത്തും വളവും സൗജന്യമായി നല്കുക.

**വാർഡ് 10** വനിതകൾക്കായി സഹകരണമേഖലയിൽ ഒരു തൊഴിൽ സ്ഥാപനം തുടങ്ങുക. മഹിളാസമാജം കാര്യക്ഷമമല്ലാത്തതിനാൽ തൊഴിൽ സംരംഭത്തിന് മറ്റേതെങ്കിലും അവസരം ഉണ്ടാക്കണം.

**വാർഡ് 11** വനിതകൾക്കായി സഹകരണമേഖലയിൽ ഒരു കൈത്തറി യൂണിറ്റ് ആരംഭിക്കുക. കൃഷിക്കാവശ്യമായ വിത്തും വളവും, കുറഞ്ഞ പലിശ നിരക്കിൽ വായ്പയും ലഭ്യമാക്കുക. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പശു വളർത്തൽ, തയ്യൽ മെഷീൻ, റെഡിമെയ്ഡ് വസ്ത്രങ്ങൾ ഉണ്ടാക്കൽ എന്നിവയ്ക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക. 11-ാം വാർഡിലെ മഹിളാസമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറിക്കും തയ്യൽ ക്ലാസിനും വേണ്ട കെട്ടിട വികസനത്തിന് ആവശ്യമായ ധനസഹായം അനുവദിക്കുക. സ്തീകളുടെ ഉന്നമനത്തിനുവേണ്ടി പൊതു വികസന പ്രക്രിയകളിൽ സജീവമായ പങ്കാളിത്തം ഉറപ്പാക്കാൻ പഞ്ചായത്ത് സമിതികളിലും മറ്റും വനിതളെ കൂടുതലായി ഉൾപ്പെടുത്തുക.

# സഹകരണം

"എല്ലാവരും ഒരുവന്, ഒരുവൻ എല്ലാവർക്കും" എന്നാണ് സഹകരണത്തിൻെറ പ്രധാന ആശയം. സമത്വത്തിലും ജനാധിപത്യത്തിലും സംഘടിത ശക്തിയിലും അധിഷ്ഠിതമാണ് സഹകരണം. സ്വമധേയായും തുറന്നതുമായ അംഗത്വം, ജനാധിപത്യനിയന്ത്രണം, അംഗത്തിൻെറ സാമ്പത്തിക പങ്കാളിത്തം, സ്വയംഭരണവും സ്വാതന്ത്ര്യവും വിദ്യാഭ്യാസം, പരിശീലനം, അറിവുപകരൽ, സംഘങ്ങൾ തമ്മിലുള്ള സഹകരണം. സാമൂഹിക പ്രതിബദ്ധത എന്നിവയാണ് സഹകരണ തത്വങ്ങൾ. ആസേതുഹിമാചലം പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സൃംഖലയാണ് സഹകരണം.

സഹകരണ മേഖല ഇന്ന് നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനത്തിൻെറ ചരിത്രം ഇടവിട്ടഴള്ള വളർച്ചയുടേയും മുരടിപ്പിൻേറയും പുനഃസംഘടനയുടേയും ചരിത്രമാണ്. ഈ മേഖലയിലുള്ള നിക്ഷേപത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. അംഗങ്ങളുടെ കാര്യത്തിൽ രണ്ടാം സ്ഥാനത്തും. കേരളത്തിലെ സഹകരണ പ്രസ്ഥാനം ശക്തമാണ് എന്നതിന് മറ്റ് തെളിവുകൾ ആവശ്യമില്ല. സഹകരണ സംഘം രജിസ്ട്രാറുറുടെ നിയന്ത്രണത്തിൽ പതിനാലായിരത്തോളം സഹകരണ സംഘങ്ങൾ ഈ കൊച്ചു കേരളത്തിൽ പ്രവർത്തിക്കുന്നു.

ഇത്രയേറെ ശക്തമായ ഈ പ്രസ്ഥാനത്തിന് കൃഷിയുടെ വളർച്ചയ്ക്കുവേണ്ടി നിർണ്ണായകമായ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞു എന്നു പറഞ്ഞുകൂടാ. ആയിരത്തിതൊള്ളായിരത്തി എൺപതുകഴിൽ മൊത്തം വായ്പയുടെ 60% ൽ പ്പരം കാർഷികാവശ്യങ്ങൾക്ക് നല്കിയിരുന്നത് തൊണ്ണൂറുകളിൽ അത് 35% ആയി കുറഞ്ഞു. കാർഷിക വായ്പാ വിതരണത്തിലുള്ള അപാകതകളാണ് ഈ ദുഃസ്ഥിതിക്ക് ഹേതുവായിട്ടുള്ളത് സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി ജനങ്ങളുടെ ബാങ്കിംഗ് സ്വഭാവത്തിൽ വന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾക്കൊപ്പം സഹകരണ മേഖലയ്ക്ക് മാറാൻ കഴിയുന്നില്ല.

ജനകീയാസൂത്രണത്തിൻെറ നെടുംതൂണായി സഹകരണ മേഖല നില്ക്കാനും പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഫൈനാൻസിംഗ് ഏജൻസിയായി സഹകരണ പ്രസ്ഥാനം മാറണം.

ഇത് പ്രായോഗികമാകണമെങ്കിൽ കാർഷിക വ്യവസായ മേഖലകളുടെ വളർച്ചയ്ക്കു സഹായകരമായ വായ്പാ നയങ്ങൾ രൂപപ്പെടേണ്ടതുണ്ട്.

**നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങൾ**

1. ഏളവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 1009

പാറക്കടവ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സഹകരണ സ്ഥാപനം എളവൂർ സഹകരണ ബാങ്കാണ്. 1100 മിഥുനം 30 ന് രജിസ്റ്റർ ചെയ്യപ്പെട്ട പുളിയിനം പരസ്പര സഹായസംഘമാണ് ഇപ്പോഴത്തെ എളവൂർ ബാങ്കിൻെറ ആദ്യരൂപം . 1100 ചിങ്ങം 28-ാം തീയതി പ്രവർത്തനം ആരംഭിച്ച് 1109 മുതൽ എളവൂരിലേയ്ക്ക് മാറി. 1961 ൽ പാറക്കടവ് വില്ലേജ് സർവ്വീസ് സഹകരണ സംഘമായി രൂപാന്തരപ്പെട്ടു. പാറക്കടവ് വില്ലേജ് മുഴുവൻ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിരുന്നു. പിന്നീട് പൂനിലക്കാവ് സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തപ്പോൾ പൂവ്വത്തുശ്ശേരി, പാറക്കടവ്, മൂഴിക്കുളം, കുറുമശ്ശേരി എന്നീ കരകൾ അതിൻെറ കീഴിലായി. 1980 ൽ സർവ്വിസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു. സംഘത്തിൻെറ ആദ്യകാല പ്രവർത്തകരിൽ എ. രാമയ്യൻ, പി. ഗോപാലപിള്ള, കെ.ജി. പരമേശ്വരൻ നായർ, എസ്. എസ്. പരമേശ്വരവാര്യർ, കെ.എ. കൃഷ്ണപിള്ള, എം.വി. തോമൻ, ലോന തുടങ്ങിയവർ ഉൾപ്പെടുന്നു.

പ്രാരംഭഘട്ടത്തിൽ അംഗങ്ങളുടെ മൂലധനം ഉപയോഗിച്ചാണ് വായ്പകൾ നൽകിയിരുന്നത് പിന്നീട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിച്ചുവന്ന കാർഷിക - കാർഷികേതര വായ്പകളും നിക്ഷേപങ്ങളും പ്രവർത്തന മൂലധനമായി ലഭിച്ചു. ഇപ്പോൾ ജില്ലാ സഹകരണബാങ്കിൻെറ വായ്പ കൂടാതെ സ്വന്തം ഫണ്ടുകൾ മാത്രം ഉപയോഗിച്ചാണ് എല്ലാത്തരം വായ്പകളും നൽകുന്നത്. ബാങ്കിൻെറ പ്രവർത്തന പരിധിയസൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു ശാഖമാത്രമേയുള്ളു എന്നുള്ളതുകൊണ്ട് പാറക്കടവ് സർവ്വീസ് സഹകരണ ബാങ്കിനെ പ്പോലെ വാണിജ്യ ബാങ്കുകളിൽ നിന്ന് മത്സരം നേരിടേണ്ടിവരുന്നില്ല. എളവൂർ ബാങ്കിൻെറ പ്രവർത്തന സൂചിക പട്ടിക 1 ൽ നിന്നും ലഭിക്കുന്നതാണ് ആകെ അംഗങ്ങൾ 6718

2. പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 2843

കൊല്ലവർഷം 1124 വൃശ്ചികം 5 ന് പ്രവർത്തനം ആരംഭിച്ചു. പൂനിലക്കാവ് ലിഫ്റ്റ് ഇറിഗേഷൻ സംഘം എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച് 1966 ൽ സർവ്വീസ്

സഹകരണ സംഘമായി രൂപാന്തരപ്പെട്ടു. പഞ്ചായത്തിലെ പൂവ്വത്തുശ്ശേരി, പാറക്കടവ്, മൂഴിക്കുളം, കുറുമശ്ശേരി എന്നീ കരകളാണ് പ്രവർത്തന പരിധി. പ്രാരംഭഘട്ടത്തിൽ പ്രധാനമായും കാർഷിക വായ്പാ സംഘമായാണ് പ്രവർത്തിച്ചത്. അംഗങ്ങളിൽ ഭൂരിപക്ഷവും ദരിദ്ര-ഇടത്തരം കൃഷിക്കാരായിരുന്നു എന്നതുകൊണ്ട് വായ്പയുടെ തിരിച്ചടവിൽ അനുഭവപ്പെട്ട കാലതാമസം ദീർഘകാലം സംഘത്തിൻെറ പ്രവർത്തനങ്ങളെ മുരടിപ്പിച്ചു നിർത്തി. 1979ൽ സർവ്വീസ് സഹകരണ ബാങ്കാക്കി ഉയത്തപ്പെട്ടതോടെ ഈ പരിമിതി മറികടന്നു വരികയാണ്. ആദ്യകാല പ്രവർത്തകർ കെ. എം. നാരായണൻ നമ്പൂതിരി (പ്രസിഡൻറ്) വിശ്വനാഥൻ നായർ, ഭാസ്കരപിള്ള, കൃഷ്ണൻ നായർ, ഭാസ്കരൻ നായർ, രാമൻ നായർ, രാഘവൻ മുതൽ പേരായിരുന്നു അംഗങ്ങളുടെ എണ്ണം 6283 .

വിവിധ ഇനങ്ങളിലായി ബാങ്ക് നല്കിയിട്ടുള്ള വായ്പകളിൽ ബാക്കി നില്പ് പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പാറക്കടവ് പഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കിലേയും വായ്പാ നയം പരിശോധിച്ചാൽ തഴെ പറയുന്ന പ്രത്യേകതകൾ കാണാം

1. മൊത്തം വായ്പയുടെ വളരെ ചെറിയ ഭാഗം മാത്രമാണ് കാർഷിക വായ്പയായി നല്കിയിട്ടുള്ളത്.

2.സാധാരണ വായ്പകളും സ്വർണ്ണപ്പണയ വായ്പകളും ആണ് ഏറ്റവും കൂടുതൽ.

3.ഹൗസ് ലോൺ ഐ.ആർ.ഡി.പി. വായ്പകൾ തുടങ്ങിയ മുൻഗണനാ വായ്പകൾ താരതമ്യേന കുറവാണ്.

ഇതിൽ നിന്നും പ്രത്യുൽപ്പാദന പരമായ ആവശ്യങ്ങൾക്കായി നല്കുന്ന വായ്പകൾ തുലോം വിരളമാണെന്ന് വ്യക്തമാണ്. സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപത്തിൻെറ വായ്പയായി കൊടുക്കാവുന്ന ഭാഗം പൂർണ്ണമായും ആ സംഘത്തിൻെറ പരിധിയിൽത്തന്നെ കൊടുക്കുന്നുണ്ട്. അതർത്ഥം രണ്ടു ബാങ്കുകളുടേയും നിക്ഷേപത്തിൽ ഗണ്യമായ പങ്കും ഈ പഞ്ചായത്തിൽ ഉപയോഗിക്കാൻ കഴിയും എന്നതാണ്. ഈ വായപ്കൾ കാർഷിക വ്യവസായികാവശ്യങ്ങൾക്കായി തിരിച്ചു വിടാൻ കഴിഞ്ഞാഴി വികസനത്തിൽ വലിയ നേട്ടം കുറിക്കാനാവും

വാണിജ്യ ബാങ്കുകളിൽ നിന്നും കടം വാങ്ങുന്ന കർഷകർക്ക് പലിശയിനത്തിൽ കുറഞ്ഞചെലവേ വരുന്നുള്ളു. സഹകരണ ബാങ്കുകളിൽ (സംഘങ്ങളിൽ ) അംഗങ്ങളുടെ മൂലധന നിക്ഷേപം മിക്കവാറും 'മൃതനിക്ഷേപമായി' കിടക്കുകയാണ് പതിവ്.

വർദ്ധിച്ചു വരുന്ന വായ്പാ കുടിശ്ശികയും പിരിയാത്ത പലിശയും ആണ് സഹകരണ പ്രസ്ഥാനം നേരിടുന്ന മറ്റൊരു വൈഷമ്യം. വായ്പ കൈപ്പറ്റിയാൽ ഏറെപ്പേരും സ്ഥാപനവുമായി ബന്ധപ്പെടാറില്ല.

സഹകരണ സ്ഥാപനങ്ങളിലും ദേശസാൽകൃത ബാങ്കുകളിലും നിക്ഷേപങ്ങൾക്കുള്ള പലിശയുടെ അന്തരം വലുതാണ്.

ബാങ്കിംഗ് മേഖലയിലും ക്ഷീരമേഖലയിലും ഉള്ള സ്വകാര്യ സ്ഥാപനങ്ങളുടെ രംഗപ്രവേശം.

നമ്മുടെ പഞ്ചായത്തിൽ ആനന്ദ് മാതൃകയിലുള്ള 5 ക്ഷീരോല്പാദക സഹകരണ സംഘങ്ങളുണ്ട്. അവയിലാകെ 1846 അംഗങ്ങളുണ്ട്. ഇവയിൽ ഏറ്റവും ദുർബലമായ സംഘം കുറുമശ്ശേരിയിലെ Apcos ആണ്. ക്ഷീരസംഘങ്ങൾ സാധ്യതകൾക്കൊത്ത് വളർന്നിട്ടില്ല.

ചാരിറ്റിബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള PDDP യുമായി APCOS' ന് മത്സരിക്കേണ്ടിവരുന്നുണ്ട്. ഈ മത്സരത്തിൽ പിടിച്ചു നില്ക്കുന്നതിന് APCOS സംഘങ്ങൾ ഘടനാപരമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. അതുവഴി ഗ്രാമീണ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാനാവും.

പഞ്ചായത്തിൽ എളവൂരിൽ പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി പ്രവർത്തിക്കുന്നു 70 അംഗങ്ങൾ ഉണ്ട്. സംഘം ലാഭത്തിലല്ല.

വട്ടപ്പറമ്പ് കേന്ദ്രമാക്കി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഇതിൻെറ പുനരുദ്ധാരണം പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

കുറുമശ്ശേരിയിൽ അലൂമിനിയം വ്യവസായസഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. ഭാരത് വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് സൊസൈറ്റി LTD NO. KVIND (E) 152. കുറുമശ്ശേരി എന്നപേരിൽ 25 - 8- 94 ൽ പ്രവർത്തനം തുടങ്ങി. അംഗങ്ങൾ 87 അലൂമിനിയ പാത്ര നിർമ്മാണ നടത്തുന്നു ഓഹരി മൂലധനം 75400/- 95-96 ലെ ടേൺഓവർ 6,97,276/- 9 ജീവനക്കാർ ഉണ്ട്. സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ആലുവ താലൂക്ക് പ്രവർത്തന പരിധിയായി ജനറൽ മാർക്കറ്റിംഗ് ആൻറ് പ്രോസസ്സിംഗ് സഹകരണ സംഘം മ്മന. ഞ്ഞ 872 എന്നപേരിൽ വട്ടപ്പറമ്പ് കേന്ദ്രമാക്കി ഒരു സ്ഥാപനം രജിസ്റ്റർചെയ്തിട്ടുണ്ട്. അംഗങ്ങൾ 250. ഓഹരി മൂലധനം 25000/- പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വ്യാവസായിക സ്ഥാപനത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുവാനുള്ള വിപുലമായ സാധ്യതകൾ ഇനിയും ഉണ്ട്. ആവശ്യമായ മുൻകൈ ഗ്രാമപഞ്ചായത്ത് എടുക്കേണ്ടതാണ്.

സഹകരണ രംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് താഴെ പറയുന്ന വിധം പരിഹാരം കാണാവുന്നതാണ്.

സഹകാരികളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടാക്കണം. വായ്പയും പലിശയും കൃത്യമായി തിരിച്ചടക്കുക. എടുത്ത വായ്പകൾ അതേ ആവശ്യത്തിനു മാത്രം ഉപയോഗിക്കുക. നിക്ഷേപങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ മാത്രം നിക്ഷേപിക്കുക. ജീവനക്കാരുടെ മനോഭാവത്തിൽ വാണിജ്യ ബാങ്കുകളുമായി മത്സരിക്കാൻ അനുയോജ്യമായ മാറ്റം വേണം.

സഹകരണ സംഘം ഭരണ സമിതി സംഘം ഭരണത്തിലും, വായ്പകൾ തിരിച്ചടപ്പിക്കുന്നതിലും ജാഗരൂകരായിരിക്കണം. ആധുനിക മാനേജ്മെൻറ് നിയമങ്ങളിൽ അവർക്ക് പരിജ്ഞാനം ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം.

ഗ്രാമീണ മേഖലയെ ചൈതന്യവത്താക്കാൻ കഴിയുമാറ് വിഭവസമാഹരണത്തിന് അനുകൂലമായ വിധം സാഹചര്യങ്ങൾ ആക്കിക്കൊടുക്കുക - നിക്ഷേപസമാഹരണം വിജയിപ്പിക്കുക.

## വായ്പാ സംവിധാനം

### പട്ടിക 1 സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തന സൂചിക

| ക്രമ നമ്പർ | പേര് | അംഗങ്ങൾ | ഓഹരി മൂലധനം | സർക്കാർ മൂലധനം | നിക്ഷേപങ്ങൾ | വായ്പകൾ കാർഷിക വായ്പ | സ്വർണ്ണപ്പണയ വായ്പ | സാധാരണ വായ്പ | ഹൗസിങ് വായ്പ | മറ്റുള്ളവ | ലാഭം | നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | എളവൂർ SCB 1009 | 6718 | 2292680.00 | 99600.00 | 2,37,02.490.00 | 128713.00 | 2667353.00 | 13727858.00 | 213070.00 | 941118.00 | | |
| 2. | പാറക്കടവ് CB 2843 | 6495 | 1193350.00 | 49000.00 | 13930913.00 | 55162.00 | 4697225.00 | 6206572.00 | 750621.00 | 622751.00 | | |

## വായ്പേതര സംഘങ്ങൾ

### പട്ടിക 2 ക്ഷീര സഹകരണ സംഘം (APCOS)

| ക്രമനമ്പർ | സംഘത്തിൻെറ പേര് | അംഗങ്ങൾ | ഓഹരി | ടേണോവർ | ലാഭം/നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|
| 1. | പാറക്കടവ് APCOS | 392 | | 999895.00 | ലാഭം | 3 |
| 2. | പുളിയനം | 402 | 4020.00 | 1500000.00 | ലാഭം | 3 |
| 3. | എളവൂർ | 519 | 66192.00 | 1689343.00 | ലാഭം | 3 |
| 4. | കുറുമശ്ശേരി | 231 | 2310.00 | 1300000.00 | നഷ്ടം | 3 |
| 5. | മാമ്പ്ര | 302 | 3090.00 | 358880.00 | ലാഭം | 2 |

## ഗ്രാമസഭാറിപ്പോർട്ട്

### വാർഡ് നമ്പർ II

എളവൂർ സഹകരണ ബാങ്കിൻെറ ഒരു ശാഖ പുളിയനത്ത് ആരംഭിക്കുക. കേരകർഷക സംഘങ്ങൾ, നെല്ലുല്പാദക സമിതികൾ തുടങ്ങിയവയിൽ എല്ലാ കർഷകരേയും അംഗങ്ങളാക്കി മേൽപ്പറഞ്ഞ സംഘങ്ങൾ സജീവമാക്കുക.

### വാർഡ് നമ്പർ 3

പുളിയനം 3-ാം വാർഡ് കേന്ദ്രമായി ഒരു സർവ്വീസ് സഹകരണ സംഘം തുടങ്ങുകക.

### വാർഡ് നമ്പർ 4

വട്ടപ്പറമ്പിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ഉടനെ തുടങ്ങണം. സഹകരണ ബാങ്ക് സൗകര്യം വേണം.

### വാർഡ് നമ്പർ 5

മറ്റു ബാങ്കുകൾ നല്കുന്നതുപോലെ വായ്പാ സൗകര്യങ്ങൾ സഹകരണ ബാങ്കുകളിൽ ഉദാരമാക്കേണ്ടതാണ്.

സഹകരണബാങ്കിലെ ഗോൾഡ് ലോൺ സമയം ബാങ്കിൻെറ മുഴുവൻ പ്രവൃത്തനസമയം നടത്തുക

വാണിജ്യ വായ്പകൾ പ്രാഥമീക സഹകരണ ബാങ്കുകൾ നടപ്പാക്കുക.

വാർഡിൻെറ വികസനത്തിനുള്ള വിഭവ സമാഹരണത്തിന് സഹകരണ ബാങ്ക് സഹകരിക്കുക.

### വാർഡ് നമ്പർ 6

ആറാം വാർഡിൻെറ ബാങ്കിംഗ് സർവ്വീസ് ഏരിയ പൂവ്വത്തുശ്ശേരിയിൽ നിന്നും പുളിയിനത്തിലേക്ക് മാറ്റുക.

വികസന ഫണ്ട് . വരുമാനത്തിൻെറ അടിസ്ഥാനത്തിൽ കുടുംബമൊന്നുക്ക് ഒരു നിശ്ചിത തുക പിരിച്ചെടുത്ത് ഒരു വികസന ഫണ്ട് ഉണ്ടാക്കുക.

### വാർഡ് നമ്പർ 7

സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി ഒരു ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുക.

### വാർഡ് നമ്പർ 8

ഇല്ല.

### വാർഡ് നമ്പർ 9

ജില്ലാ സഹകരണ ബാങ്കുകൾ വഴിയുള്ള കൂടുതൽ വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കുക; സഹകരണ ബാങ്കിലുള്ള കുടുശ്ശിക മാസ്സത്തിൽ അടക്കാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുക.

### വാർഡ് നമ്പർ 10

തെങ്ങുകൃഷിക്കാർക്കായി ഒരു തെങ്ങു സംരക്ഷണത്തിനും കേരോല്പന്നങ്ങളുടെ സംസ്കരണത്തിനായും സഹകരണ മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കണം.

പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമത്തിന് ഒരു സഹകരണ സംഘം രൂപീകരിക്കണം.

### വാർഡ് നമ്പർ 11

കൈത്തറി മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി ഒരു കൈത്തറി യൂണിറ്റ് ആരംഭിക്കുക.

# പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

കാലങ്ങളായി സമൂഹത്തിൻെറ ഏറ്റവും താഴത്തെ തട്ടിൽ ഉൾപ്പെടുത്തി അവകാശങ്ങളും അഭിവൃദ്ധിയും നിഷേധിക്കപ്പെട്ടു കിടന്നിരുന്ന ജനവിഭാഗമെന്ന നിലയിൽ നിന്ന ഒട്ടേറെ മുന്നോട്ട് പോകുവാൻ പട്ടികജാതി-പട്ടികവർഗ്ഗ ജനസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ വാർഡുകളിൽ നിന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ ഈ രംഗത്ത് ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ പ്രതീക്ഷക്കനുസരിച്ച് ഉയർന്നിട്ടില്ല. എന്നത് ഒരു ഖേദകരമായ വസ്തുതയാണ്. ആയതിനാൽ റിപ്പോർട്ടിൽ എല്ലാ വാർഡുകളിൽ നിന്നും വന്നിട്ടുള്ള അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനോടൊപ്പം അവശ്യം ചേർക്കേണ്ട ചില നിർദ്ദേശങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ഈ ജനവിഭാഗത്തിൽപ്പെടുന്നവരുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്യുന്നതിനു മുമ്പ് നിലവിലുള്ള അവസ്ഥ എന്താണെന്ന് നമുക്ക് പരിശോധിക്കാം.

പഞ്ചായത്തിലെ ആകെയുള്ള ജനസംഖ്യ 27,702 (91 സെൻസസ്)

| പട്ടികജാതിക്കാർ | | | പട്ടികവർഗ്ഗക്കാർ | | |
|---|---|---|---|---|---|
| പുരുഷന്മാർ | സ്ത്രീകൾ | ആകെ. | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 1320 | 1408 | 2728 | 26 | 24 | 50 |

ആകെ ജനസംഖ്യ- 2778

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 10% ഈ വിഭാഗത്തിൽ പ്പെടുന്നവരാണ് എന്ന് മേൽപ്പറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.

പഞ്ചായത്ത് അതിർത്തിയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| സ്കൂളുകളുടെ എണ്ണം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| 12 | 238 | 264 | 502 |

ആകെയുള്ള വിദ്യാർത്ഥികൾ - 4737

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്ന സർക്കാർ ഗ്രാൻറുകളുടെയും മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന തുകയുടേയും കണക്ക്

| ഇനം | തുക |
|---|---|
| JRY | 59091 |
| ആൺടൈഡ് | 107800 |
| പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് | |
| പദ്ധതിയേതരം | 2000 |
| ആകെ. | 168891 |

ഈ വിഭാഗത്തിനു വേണ്ടി 1,6,8,891 രൂപ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നതാണ്

വായപകളെ സംബന്ധിച്ചുള്ള വിവരം

| ഇനം | തുക |
|---|---|
| കൃഷിവകുപ്പ് | 50,000 |
| ഭവന രഹിതർ (4) | 15,000 |
| ഭൂരഹിതർ (3) | 25,0000 |
| ആകെ. | 90,000 |

മറ്റ് ബാങ്ക് വായ്പകളെക്കുറിച്ചുള്ള വിവരം IRDP മാത്രം

| ബാങ്ക് | തുക |
|---|---|
| എളവൂർസഹകരണ ബാങ്ക് | 1,59,550 |
| പാറക്കടവ് സഹകരണ ബാങ്ക് | 7989 |
| ജില്ലാ സഹകരണ ബാങ്ക്, കുറുമശ്ശേരി | - |
| SBI (മൂഴിക്കുളം) | 25,00,000 |
| SBI (പുളിയനം) | - |
| ഫെഡറൽ ബാങ്ക്, പൂവത്തുശ്ശേരി | 1,38,000 |
| ആകെ. | 28, 05, 539 |

പഞ്ചായത്ത് അതിർത്തിയിലുള്ള ഹരിജൻ കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു

വാർഡ് I

1. ഒരു ലക്ഷം വീട് കോളനി

വാർഡ് 2

2. പുളിയനം കുന്ന് പട്ടികജാതി കോളനി

വാർഡ് 3

3 അമ്പാട്ട് പറമ്പ് പട്ടികജാതി കോളനി

വാർഡ് 4

4. 4 Cent കോളനി

5. വട്ടപ്പറമ്പ് കോളനി

വാർഡ് 5

6. എലഞ്ഞിലൊടി കോളനി

7. ലക്ഷംവീട് കോളനി

8. കുന്നപ്പിള്ളിശ്ശേരി പട്ടികജാതി കോളനി

9. എളവൂർ കോളനി

10. മുട്ടത്തറ പട്ടികജാതി കോളനി

വാർഡ് 6

11. എരണ്ടത്തേരി പട്ടികജാതി കോളനി

വാർഡ് 7

12. ചെട്ടിക്കുളം പട്ടികജാതി കോളനി

13. ലക്ഷം വീട് കോളനി

14. മുക്കിനമറ്റം പട്ടികജാതി കോളനി

15. പേത്തുരുത്തി പട്ടികജാതി കോളനി

വാർഡ് 8

16. പള്ളിപ്പുറത്തെ പറമ്പ് പട്ടികജാതി കോളനി

17. ലക്ഷംവീട് കോളനി

18. 4 സെൻറ് കോളനി

19. തൃക്കല്ലൂർക്കുന്ന് പട്ടികജാതി കോളനി

20. മാണിയക്കാട് കോളനി

വാർഡ് 9

21. കുറുമ്മശ്ശേരി ഈസ്റ്റ്

22. കണ്ണൻകുളങ്ങര കോളനി

വാർഡ് 10

23. ഐനിക്കത്താഴം കോളനി

24. തിടുക്കേലി പട്ടികജാതി കോളനി

25. സെൻ ജോർജ് കോളനി

26. ഇരുമ്പുങ്ങൽ കോളനി

27. ചാണത്തിപ്പറമ്പ് കോളനി

വാർഡ് 11

28. ലക്ഷം വീട് കോളനി

29. വെള്ളൂർത്തറ കോളനി

30. കണ്ണംകുളം പട്ടികജാതി കോളനി

മേൽപ്പറഞ്ഞ മുപ്പത് കോളനികളിൽ ഒമ്പത് കോളനികൾ പട്ടികജാതി കോളനികളായി അംഗീകരിച്ചിട്ടുണ്ട്. മറ്റു കോളനികൾ വലതും മറ്റ് പല വിഭാഗങ്ങളും ഈ ജനവിഭാഗത്തോടൊപ്പം താമിസിക്കുന്നുണ്ട്. അതുപോലെ തന്നെ മറ്റ് സ്ഥലങ്ങളിലും ഈ ജനവിഭാഗത്തിൽപ്പെട്ട ചിലർ താമസിക്കുന്നതായി കാണാവുന്നതാണ്.

മേൽപ്പറഞ്ഞ കണക്കുകളിൽ നിന്നും പഞ്ചായത്ത് തലത്തിൽ ഈ വിഭാഗത്തിനുവേണ്ടി ചിലവിടുന്നതായ കാർഷികവും സർക്കാർഗ്രാൻറുകളും മറ്റ് വായ്പകളും ഉൾപ്പെടെ ഉള്ള തുക വളരെ കുറവാണ്. എന്ന് കാണാവുന്നതാണ്. പഞ്ചായത്ത് അതിർത്തിയിലെ ആകെയുള്ള ജനസംഖ്യ 2778 ആണ്. ഇത്രയും തുക വേണ്ട രീതിയിൽ വിനിയോഗിക്കാൻ സാധിച്ചില്ല എന്നുള്ളത് ഇന്നത്തെ ഈ വിഭാഗത്തിരെറ അവസ്ഥയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിനിടയിൽ വിദ്യാഭ്യാസപരമായി വേണ്ടത്ര ഉയർച്ച ഇനിയും ഉണ്ടായിട്ടില്ല. ഏകദേശം പത്താംക്ലാസ് വരെയുള്ള പഠനനിലവാരം ഈ വിഭാഗത്തിലെ ചെറുപ്പക്കാർക്ക് ഉണ്ടെങ്കിലും സാങ്കേതിക പരിഞ്ജാനവും ഉയർന്ന വിദ്യാഭ്യാസവും ഉള്ളർ വളരെ കുറവാണ്. എന്നാണ് കാണുന്നത്. ഇതിൻെറപ്രധാന കാരണം ഈ വിഭാഗത്തിൻെറ ഇടയിതൽ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയും അതേപോലെ തന്നെ ഉദ്യോഗങ്ങളിലും മറ്റും ഇവർക്ക് ലഭ്യമായിട്ടുള്ള സംവരണ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയുമാണെന്ന് കാണാവുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുകളും ഇവരുടെ വിദ്യാഭ്യാസത്തെ പലപ്പോഴും ബാധിക്കുന്നുണ്ട്. അതിനാൽ ഈ വിഭാഗത്തിൽ വരുന്ന ഭൂരിപക്ഷം ജനങ്ങളും കർഷികത്തൊഴിലാളികളും മറ്റുമായി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതായി കാണാം.

മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട്തന്നെ ഈ വിഭാഗത്തിനിടയിൽ ഇന്നും സാമ്പത്തികമായ അഭിവൃദ്ധി ഇനിയും ലഭിച്ചിട്ടില്ല എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. എന്നാൽ സാമൂഹ്യമായി ഈ വിഭാഗത്തിന് ആശാവഹമായ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കി തന്നെയും ഈ ജനവിഭാഗം തിങ്ങിപ്പാർക്കുന്നിടത്ത് വെള്ളം, വെളിച്ചം, തുടങ്ങിയ അസൗകര്യങ്ങളും കുളിമുറി, കക്കൂസ്, ഗതാ

ഗതം പൊതുശ്മശാനം എന്നിങ്ങനെയുള്ള മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

പഞ്ചായത്തിൻെറ വകയായി ലഭ്യമാക്കുന്ന തുക ഈ ജനവിഭാഗത്തിരെറ പുരോഗതിക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വികസതനത്തിന് വേണ്ടി ഉപയോഗിക്കുന്ന തുകയിൽ റോഡ് നിർമ്മാണം, വൈദ്യുതി വിതരണം തുടങ്ങിയവയ്ക്കാണ് മുൻഗണന നല്കുന്നത്. എന്നാൽ ഓലപ്പുരകൾ മാറ്റി പുതിയ വീട് വയ്ക്കുന്നതിനോ യുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായമോ നല്കുവാൻ ഇതു വരെ ശ്രദ്ധിച്ചിട്ടില്ല. എന്ന് കാണുവാൻ കഴിയും.

പഞ്ചായത്ത് അതിർത്തിയിൽ ഈ വിഭാഗത്തിൽ പെടുന്നവർക്ക് വീട് വയ്ക്കുന്നതിനും ഭൂമി ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനും വേണ്ടി 40,000 രൂപയോളം നല്കിയതായി കാണാം എന്നാൽ ഈ തുക വളരെ പരിമിതമാണ്. എന്ന് ചർച്ചകളിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. എല്ലാ വാർഡുകളിലെയും കണക്ക് ലഭ്യമല്ലെങ്കിലും 8-ാം വാർഡിൽ മാത്രം വീട് ആവശ്യമുള്ളവർ അഞ്ചുപേരുണ്ട്. അതുപോലെ തന്നെ കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ വേണ്ട രീതിയിൽ വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല.

കോളനികളിൽ മെച്ചപ്പെട്ട അവസ്ഥ ഉണ്ടാക്കുന്നതിന് ഈ വിഭാഗത്തിൽ പെടുന്ന കോളനി നിവാസികളുടെ ഭാഗത്ത് നിന്നും വേണ്ടത്ര സഹകരണം ലഭ്യമാകുന്നില്ല എന്നതും വികസനത്തിന് തടസ്സമാകുന്നു. വീട് നല്കാ വായ്പ നല്കുകയും തുടർന്ന് അതിനുണ്ടാകുന്ന അറ്റകുറ്റ പണികൾ നടത്തുവാനും പഞ്ചായത്തിനെ ആശ്രയിക്കുക എന്നതുൾപ്പെടെ മിക്ക ആവശ്യങ്ങൾക്കും പഞ്ചായത്തിനേയും മറ്റ് സ്ഥാപനങ്ങളേയും ആശ്രയിക്കുക എന്ന പ്രവണത കാണുവാൻ സാധിക്കുന്നതാണ്.

പഞ്ചായത്ത് അതിർത്തിയിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം അറിയിക്കുന്നതിനും വായ്പകൾ ലഭ്യമാക്കുന്നതിനുമുമ്പുള്ള സംവിധാനിതൻെറ അഭാവം ഈ വിഭാഗത്തിൻെറ ഉന്നമനത്തിൻെറ തടസ്സമാകുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തനം നടത്തിയിരുന്ന പട്ടികജാതി സഹകരണസംഘം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നും ചർച്ചകളിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇത് കൊണ്ട് തന്നെ ഇവർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി പഞ്ചായത്തിൽ നിന്നും മറ്റ് സ്ഥാനങ്ങളിൽ നിന്നും സാമ്പത്തികസഹായത്തിനായി കാത്തു നില്ക്കേണ്ടി വരുന്നു. അതുപോലെ തന്നെ ഈ വിഭാഗത്തിലെ ജനസംഖ്യയുടെ 11% വിദ്യാർത്ഥികളാണ്. എന്നാൽ അവർക്ക് വേണ്ടത്ര വിദ്യാഭ്യാസ സഹായങ്ങളും ലഭ്യമല്ല.

1. പഞ്ചായത്ത് വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവാക്കുന്ന മൊത്തം തുകയിൽ നിന്നും പട്ടികജാതി- പട്ടികവർഗ്ഗ വികസനത്തിന് വേണ്ടി കൂടുതൽ തുക ഉൾപ്പെടുത്തുക.

ഉദാഹരണമായി JRY , അൺടൈഡ് തുടങ്ങിയ ഫണ്ടുകളുടെ ശതമാനം വർദ്ധിപ്പിക്കുക.

2. പഞ്ചായത്ത് തലത്തിൽ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അവയ്ക്ക് വേണ്ട നിർദ്ദേശങ്ങളും ലഭ്യമാക്കാൻ ഒന്നോ രണ്ടോ സെൻററുകൾ പഞ്ചായത്തിൽ ആരംഭിക്കുക.

3. പഞ്ചായത്തിൽ ഈ വിഭാഗത്തിന് വായ്പകൾ പലിശയില്ലാതെ ലഭ്യമാക്കാനും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി പട്ടികജാതി സഹകരണ സംഘം ആരംഭിക്കുക.

4. പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ നല്കുന്ന ന്തശ്മണ്ഡന്മന്ഥശ്മണ്ഡ ട്ടത്സൻറ ന്ധ തുക വർദ്ധിപ്പിക്കുക.

5. ഉന്നത വിദ്യാഭ്യാസ രംഗത്തും മറ്റ് സാങ്കേതിക രംഗത്തും ഉള്ള സാധ്യതകളെപ്പറ്റിയും തൊഴിൽ സാധ്യതകളെപ്പറ്റിയും ബോധവത്കരണം നടത്തുവാൻ പഞ്ചായത്ത് തലത്തിൽ ഈ രംഗത്ത് വൈദഗദ്ധ്യമുള്ളവരുടെ ഒരു സമിതി രൂപീകരിക്കുക.

6. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. പരിശീലനം കഴിയുന്നവർക്ക് സ്വയം തൊഴസൽ സംരംഭകരാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ ഭാഗമായിട്ടായിരിക്കണം മേൽപ്പറഞ്ഞ കേന്ദ്രങ്ങളുടെ പ്രവർത്തനം

7. ഈ വിഭാഗത്തിൽപ്പെടുന്ന അവശവിഭാഗങ്ങാക്കും, വിധവകൾക്കും, ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടവർ തുടങ്ങിയവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് പട്ടികജാതി ഫണ്ടിൻെറ ഒരു ഭാഗം വിനിയോഗിക്കുക.

8. പഞ്ചായത്തിൽപ്പെടുന്ന മുപ്പതോളം കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളായ ശുദ്ധജലവിതരണം, വെളിച്ചം മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

a. ശുദ്ധജല വിതരണത്തിന് കോളനികളിൽ ഓരോ പൊതുകിണർ സ്ഥാപിക്കുക

b വൈദ്യുതി, കോളനികളിൽ ലഭിക്കുന്നതിന് വേണ്ടി സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വിളക്കുകളും മറ്റും കോളനിയിലെ വീടുകൾക്ക് മൊത്തമായി ഉപകരിക്കുന്ന ഒരു വൈദ്യുതസമ്പ്രദായം സ്വീകരിക്കുക. വളരെക്കുറച്ച് വീടുകളുള്ള കോളനികൾ പോലുള്ള സ്ഥലങ്ങളിൽ ഈ രീതികൊണ്ട് വളരെ പ്രയോജനമുണ്ട്.

c പൊതു ശ്മശാനം, കക്കൂസുകൾ, കുളിമുറി, ഇത്തരത്തിൽ ആവശ്യമായ സൗകര്യങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി നിർമ്മിച്ചുകൊടുക്കുക.

9. പട്ടികാതി പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതികളുടെ പങ്കാളിത്തത്തോടെ വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം ചിപ്സ് തുടങ്ങിയ സാധനങ്ങളുടെ നിർമ്മാണം, മറ്റ് ആഡംബര വസ്തുക്കളുടെ നിർമ്മാണം എന്നി വ നടത്തുവാൻ സാധിക്കുന്ന തരത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുക. തന്മൂലം ഇതിനു വേണ്ടി ഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുക പാഴാക്കാതെ ഈ യൂണിറ്റിൽ നിന്നും ലഭിക്കാവുന്ന ലാഭമായി മാറുന്നതിന് ഉപകരിക്കുന്നു.

10. പഞ്ചായത്തിൽ നിന്നും കൃഷിവകുപ്പിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നല്കുന്ന ധനസഹായം വേണ്ടരീതിയിൽ വിനിയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. അതിനുവേണ്ടി പട്ടികജാതി സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം തന്നെ കൃഷിവകുപ്പിലേയും പഞ്ചായത്തിലേയും മറ്റ് ബാങ്കുകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ച് വായ്പകളുടെ വിനിയോഗം സംബന്ധിച്ച് ഉറപ്പുവരുത്തുക.

11. പഞ്ചായത്തിൽ കോളനികളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിൽ പെടുന്ന തൊഴിലാളികളുടെ സഹായം ഉറപ്പാക്കുക

ഉദാ:- കുളിമുറി, കക്കൂസ് തുടങ്ങിയവ നിർമ്മിക്കുമ്പോൾ അതാത് കോളനികളിലെ തൊഴിലാളികൾ തന്നെ ഈ നിർമ്മാണത്തിനു വേണ്ടി പ്രവർത്തിക്കുക.

12. പഞ്ചായത്തിൻെറ രണ്ട് മേഖലകളായി തിരിക്കുകയും ഒരു രേഖയിൽ ഒന്ന് എന്ന നിലയിൽ 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻസെൻററുകൾ സ്ഥാപിക്കുകയും അവയുടെ നടത്തിപ്പിനായി പഞ്ചായത്തിൻെറ അൺടൈഡ് ഫണ്ടിൽ നിന്നൊ പൊതുവിദ്യാഭ്യാസ സെസ്സിൽ നിന്നൊ ഈടാക്കുകയും ചെയ്യുക.

## പട്ടികജാതി/പട്ടികവർഗ്ഗം ക്ഷേമം

### ഗ്രാമസഭ നിർദ്ദേശങ്ങൾ

### Ward 1

വീടില്ലാത്ത പട്ടികജാതിക്കാർക്ക് വീട് സൗജന്യമായി കൊടുക്കണം

### Ward II

കാട്ടുചിറയിൽ ടെലിഫോൺ ബൂത്ത് സ്ഥാപിക്കുക. കോളനിയിൽ വൈദ്യുതശ്മശാനം സ്ഥാപിക്കുക.

### Ward III

മുഴുവൻ പട്ടികജാതി-വർഗ്ഗ കുടുംബങ്ങൾക്കും ഉടനെ വൈദ്യുതി നല്കുക.

### Ward IV

പട്ടികജാതി -വർഗ്ഗക്കാർക്കായി മാത്രം പ്രത്യേക സാക്ഷരതാ പരിപാടിതുടർച്ചയായി നടത്തണം. സിവിൽ സർവ്വീസ് പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കായി സൗജന്യ പരിശീലന കേന്ദ്രം തുടങ്ങണം. ഹരിജൻ കോളനിയിൽ ടെലഫോൺ ബൂത്ത് തുടങ്ങണം. ഓലപ്പുരകൾ മാറ്റി വീടുവെയ്ക്കാൻ സഹായം നല്കണം

### Ward V

മുട്ടത്തറ കോളനിയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഹരിജനങ്ങൾക്കായി പൊതുശ്മശാനം ഉണ്ടാക്കുക. കോളനികളിൽ പൈപ്പുവെള്ളം എത്തിക്കുക. ടെലിവിഷൻ കോളനികളിൽ സ്ഥാപിക്കുക ണ്ടണ്ണഗ്ഗ്ഗ 4 ്യന്ദ ന്ധ കോളനിയിൽ വെള്ളം, വെളിച്ചം, വീട് ഇവ സൗകര്യപ്പെടുത്തുക. കുന്നുപ്പള്ളിശ്ശേരി 4 സെൻറ് കോളനി ഹരിജൻ കോളനിയായി ഉയർത്തുക. ഓല മേഞ്ഞ വീടുകൾ പുനഃരുദ്ധരിക്കുക. ഹരിജൻ കോളനിയുമായി ഗതാഗത സൗകര്യം ഏർപ്പെടുത്തുക. കുന്നപ്പിള്ളിശ്ശേരി കോളനി ഐ.എച്ച്.സി.പി. ആക്കുക. ഹരിജൻ കോളനികളിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.

### Ward VI

നിർദ്ദേശങ്ങൾ ഇല്ല

### WARD VII

ഹരിജൻ കോളനിയിലെ വീടുകളിുടെ ഭൂമിയുടെ അരിക് കെട്ടി മണ്ണൊലിപ്പ് തടയുക. വീടുകളുടെ അറ്റകുറ്റപണികൾക്ക് ധനസഹായം നല്കുക. കോളനിയിൽ ടി.വി. സ്ഥാപിക്കുക. വൈദ്യുതി ലഭിക്കാത്തവർക്ക് സൗജന്യമായി ലഭ്യമാക്കുക. ഹരിജൻ യുവാക്കൾക്കായി ഒരു വ്യവസായ യൂണിറ്റിന് ധനസഹായം നല്കുക.

### WARD VIII

വീട് ആവശ്യമുള്ള പട്ടികജാതിക്കാക 5. കർഷകത്തൊഴിലാളി പെൻഷൻ ആവശ്യമുള്ളവർ കുടിവെള്ളം ലഭ്യ

മല്ലാത്തവർ 11. കുളിമുറി കക്കൂസ് ആവശ്യമുള്ളർ 7 വിധവാ പെൻഷൻ ആവശ്യമുള്ളവർ 5 വീട് അറ്റകുറ്റപ്പണിക്ക് ഗ്രാൻറ് ആവശ്യമുള്ളവർ 10 സ്വയംതൊഴിൽ, കൈത്തൊഴിൽ ധനസഹായം ആവശ്യമുള്ളവർ 10

പള്ളിപ്പുറത്ത് പറമ്പ് ഹരിജൻ കോളനിയലെക്കു പോകുന്നതിന് കാറു പോകുന്നരീതിയിൽ റോഡും, റോഡിൽ വൈദ്യുതിയും ലഭ്യമാക്കണം. എൻ.എസ്. എസ്. സ്കൂളിനു വടക്കുഭാഗംചേർന്നനിലയിലുള്ള റോഡ് വീതികൂട്ടിയാൽ ഇതു സാദ്ധ്യമാകുംകഈ കോളനിയിൽ ശുദ്ധജലമാർഗ്ഗമില്ല.

തൃക്കല്ലൂർക്കുന്ന് കോളനിറോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാർക്കു പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം കഴിയുന്നവർക്ക് ലോണും ഗ്രാൻറും അനുവദിച്ചു സ്വയം തൊഴിൽ സംരംഭകരാക്കി മാറ്റുന്നതിന് ഉള്ള പദ്ധതിക്ക് രൂപം നല്കണം.

## Ward IX

50 കുടുംബങ്ങളുള്ള ഹരിജൻ കോളനിയിൽ അടിസ്ഥാസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ് ഇവ ഇല്ല. ഹരിജൻ സഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ കുറുമശ്ശേരിയിൽ സ്ഥാപിക്കുക.

ഉറതങ്കൽ കോളനികളിൽ സാക്ഷരതാ പ്രവർത്തനം പുനഃരാരംഭിക്കുക.

നമ്പർ 1 കണ്ണങ്കുഴിയ്ൽ നിന്നാരംഭിച്ചു കിഴക്കെ അത്താണിവരെയുള്ള ബണ്ട് റോഡ് നിർമ്മിച്ചു ഹരിജൻ കോളനികളിലെക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തണം.

## WARD X

പൂവത്തുശേരി ഹരിജൻ കുടുംബങ്ങൾക്ക് വൈദ്യുതി ലക്ഷ്യമാക്കാൻ സത്വരനടപടി സ്വീകരിക്കുക. നിലവിലുള്ള പൊതുശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും, ശ്മശാനത്തിലേക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കുകയും ചെയ്യുക.

സാംബവശ്മശാനം കെട്ടി സംരക്ഷിക്കുകയും, സഞ്ചാരയോഗ്യമായ റോഡു നിർമ്മിക്കുകയും ചെയ്യുക.

കൊളനി നിവാസികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുക.

സാമ്പത്തിക ബുദ്ധിമുട്ടിനാൽ വിദ്യാഭ്യാസം നിന്നുപോകുന്നവർക്ക് പുനർ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ഉറപ്പുവരുത്തുക.

## WARD XI

പുത്തനങ്കാട്ട് ഹിങ്കൽ ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

പട്ടികജാതി വിഭാഗത്തിലെ വിധവകൾക്കും വികലാംഗർക്കും, ക്യാൻസർ, ക്ഷയം, മുതലായ രോഗങ്ങൾക്ക് അടിമകളായവർക്ക് പെൻഷൻ സാമ്പത്തിക സഹായം തുടങ്ങിയവയടക്കം പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക.

പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട ചെറുപ്പക്കാരെ സഹകരണാടിസ്ഥാനത്തിൽ സ്വയംതൊഴിൽ യൂണിറ്റുകൾ സ്ഥാപിച്ചു പരാധീനത അവസാനിപ്പിക്കുക.

# വിഭവസമാഹരണവും സാമ്പത്തികവും

വിഷയത്തിൻെറ ദുർഗ്രഹത കൊണ്ടും കാഴ്ചപ്പാടിൻെറ അഭാവത്താലും മേല്പ്പറഞ്ഞ വിഷയത്തെക്കുറിച്ച് ഗ്രാമസഭകളിൽ നടന്നിട്ടുള്ള ചർച്ചകൾ മാമൂലുകളിൽ അധിഷ്ഠിതവും ഉപരിപ്ലവങ്ങളുമായിരുന്നു. ചില വാർഡുകളിൽ ഇതിനെ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല: നടന്നിട്ടുള്ള വാർഡുകളിലെ നിർദ്ദേശങ്ങളാകടടെ സന്നദ്ധസേവനത്തിലും കർമ്മസേനരൂപീകരണത്തിലും ഒതുങ്ങി നില്ക്കുകയാണ്. ഉണ്ടായത്. ആയതിനാൽ ഈ റിപ്പോർട്ട് ഗ്രാമസഭകളിൽ നിന്ന് ലഭിച്ച ചർച്ചകളുടെ പ്രതിഫലനമല്ലെന്ന് തന്നെ പറഞ്ഞുകൊള്ളട്ടെ.

വികസന റിപ്പോർട്ടിൻെറ ഘടന തന്നെ നിലവിലുള്ള സ്ഥിതി, അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ, അവയുടെ പരിഹാരം എന്ന ക്രമത്തിൽ ആയതിനാൽ നിലവിലുള്ള സ്ഥിതി പരിമിതമായ അറിവിൽ നിന്നുകൊണ്ട് നമുക്ക് പരിശോധിക്കാം.

സാമ്പത്തിക വിവരങ്ങൾ വരവ് 1995-96

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 373507 | 346460 | 24731 |
| തൊഴിൽ നികുതി | 181870 | 180215 | 105 |
| വിനോദനികുതി | 18178.77 | 18178.77 | - |
| അധിക വിനോദനികുതി | 11023.55 | 11023.55 | - |
| പ്രദർശന നികുതി | 2268 | 2268 | - |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 567 | 567 | - |
| ലൈസൻസ് ഫീസ് | 16444 | 164444 | - |
| വസ്തുകൈമാറ്റ നികുതി (75%) | 355555 | 355555 | - |
| വസ്തുകൈമാറ്റ നികുതി (25%) | 300000 | 300000 | - |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള വരവ് | 390592..73 | 390233.03 | 359.70 |
| ഡിപ്പോസിറ്റ് | 59535 | 59535 | - |
| ഗ്രാൻറുകൾ | 683707 | 683707 | - |
| ആകെ. | 2393248.05 | 2364186.35 | 25195.70 |

നമ്മുടെ പഞ്ചായത്ത് 1995 - 96 സാമ്പത്തിക വർഷം വരവ് പ്രതീക്ഷിച്ചത് 23,93248 രൂപ 5 പൈസ ആണെങ്കിലും ലഭിച്ച തുക 23,64186 രൂപ 35 പൈസ മാത്രമാണ്.

സാമ്പത്തിക വിവരങ്ങൾ ചെലവ് 1995-96

| ഇനം | തുക |
|---|---|
| ഭരണം | 550295.65 |
| പൊതുമരാമത്ത് | 625787 |
| വിദ്യാഭ്യാസം | 31707 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 141070 |
| തെരുവു വിളക്ക് കത്തിക്കൽ | 76385 |
| മറ്റുള്ളവ | 22,2097 |
| ആകെ | 16,47341.65 |

## പൊതു സാമ്പത്തിക നില

| | പൊതുക്കണക്ക് | മൂലധനക്കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 2288158.40 | - | 77435.20 |
| ചെലവ് | 1582718.00 | - | 64623.50 |

സർക്കാർ ഗ്രാൻറുകളും മറ്റും

| ഇനം | തുക |
|---|---|
| അടിസ്ഥാന നികുതി | 48513 |
| വി.ടി.സി | 222883 |
| വി.ആർ.എം. | 3857 |
| അൺറ്റൈഡ് (ജനറൽ) | 198375 |
| എസ്. സി. പി. | 107800 |
| സ്പെഷ്യൽ ഗ്രാൻറ് | 10000 |
| എം.ഐ. ഗ്രാൻറ് | 23750 |
| ജെ.ആർ. വൈ(ജനറൽ) | 203536 |
| എസ്. സി. പി. | 59091 |
| ആകെ | 877805 |

മറ്റു വകുപ്പുകളിൽ നിന്നു ലഭിച്ച തുക

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതരം | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| മൃഗസംരക്ഷണം | - | 700 | 700 |
| ആരോഗ്യം | - | 79600 | 79600 |
| കൃഷി | - | 3031300 | 3031300 |
| പി.ഡബ്ല്യു.ഡി | - | - | - |
| പട്ടികജാതി- | | | |
| പട്ടികവർഗ്ഗക്ഷേമം | - | 2000 | 2000 |
| മറ്റുള്ളവ | - | - | - |
| ആകെ | - | 3113600 | 3113600 |

മേൽവിവരിച്ച സ്ഥിതിവിവരക്കണക്കിൽ നിന്നും പഞ്ചായത്തിൻെറ 1995-96 സാമ്പത്തിക വർഷത്തിൽ, പഞ്ചായത്തിൻെറ തനത് വരുമാനവും സർക്കാർഗ്രാൻറുകളും മറ്റുമായും ,, വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നുമായും പഞ്ചായത്തിൻെറ വികസനവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് ലഭ്യമായിട്ടുള്ള തുക ഏകദേശം 63,55591 രൂപയാണെന്ന് കാണാവുന്നതാണ്.

പരിമിതമായ ഈ വിഭവത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണപരവും വികസനപരവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു വലിയ വെല്ലുവിളിയാണ്. പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗം കെട്ടിടനികുതിയും തൊഴിൽ നികുതിയും പോലെയുള്ള പരിമിതമായ വരുമാനമേഖലയാണെന്ന് കാണാമല്ലോ. വ്യവസായ ശാലകളുടേയും വാണിജ്യകേന്ദ്രങ്ങളുടേയും അഭാവം വിനോദകേന്ദ്രങ്ങളുടെ പരിമിതിയും മുതലയാവ വരുമാനം ലഭ്യമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളാണ്. നിത്യനിദാന ച്ചെലവുകൾ കഴിഞ്ഞുപോകുന്നത് തന്നെ ചാലക്കുടിപ്പുഴയിൽ നിന്നും ലേലം ചെയ്യുന്ന മണലിൻെറ വരുമാനത്തിൽ നിന്നത്രെ. ഒരുപാട് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രകൃതിവിഭവത്തിൻെറ ഈ ചൂഷണം ചെയ്യലി ന് പരിമിത ഉണ്ടെന്ന് പറയാതെതന്നെ അറിയാമല്ലോ.

മാമൂൽ ധാരണകളിൽ നിന്ന് വിട്ടുമാറി പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും പ്രയോഗിക്കുന്നതിനും കാലകാലങ്ങളിൽ രൂപംകൊണ്ടിരുന്ന ഭരണസമിതികൾക്ക് പോരായ്മകൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, 1973ൽ പാസ്സാക്കിയ പഞ്ചായത്ത് ഭേദഗതി ആക്ട് അനുസരിച്ച് "ലാൻഡ് സെസ്സ്" (25 സെൻറിന് മുകളിൽ) ഏർപ്പെടുത്തുവാൻ അംഗീകാരം നല്കിയെങ്കിലും, ഈ വരുമാനമാർഗ്ഗം നടപ്പിലാക്കുവാൻ നമ്മുടെ പഞ്ചായത്തടക്കം പല പഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടില്ല.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഗ്രാൻറുകൾ സാധാരണയായി സാമ്പത്തിക വർഷത്തിൻെറ അവസാനമാണ് ലഭ്യമാകുന്നത്. തന്മൂലം വികസന പ്രവർത്തനങ്ങൾക്ക് വർഷാവർഷം ചെലവഴിക്കേണ്ട തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് മാറ്റിവെയ്ക്കേണ്ടതായി വരുന്നു ഇത് വികസനപ്രവർത്തനങ്ങളുടെ നിർമ്മാണ ചെലവു വർദ്ധിക്കുന്നതിനും കാലതാമസത്തിനും ഇടക്കുന്നുണ്ട്.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന പരിമിതമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ നിലവിലുള്ള സംവിധാനത്തിൻ കീഴിൽ കഴിയുന്നില്ല. (ഒരു വികസന പ്രവർത്തനത്തിനും വേണ്ടി അനുവദിക്കപ്പെടുന്ന പണത്തിൻെറ ഒരു ഭാഗം വിവിധ തട്ടുകളിലായി കമ്മീഷനുകളുടെ രൂപത്തിൽ വിഭജിക്കപ്പെടുന്നു) പ്രാദേശിക വികാരത്തെ മാനിക്കുന്നതിൻെറ ഭാഗമായി നിന്നുകണ്ട് തെരഞ്ഞെടുക്കപ്പെടുന്ന സമിതിയംഗങ്ങൾ പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിന് ലഭ്യമാകുന്ന പരിമിതമായ വിഭവത്തെ പത്തോ പന്ത്രണ്ടോ ഭാഗങ്ങളായി തുല്യനിലയിൽ വിഭജിക്കുക എന്ന കീഴ്വഴക്കമാണ് പാലിക്കുന്നത്. ഇതിൻെറ ഭാഗമായി വിഭജിക്കപ്പെടുന്ന മൂലധനത്തെ പ്രത്യുല്പാദനപരമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾക്കായി വഴിതിരിച്ചുവിടുന്നു. തന്മൂലം പ്രത്യുല്പാദനപരവും സ്ഥായിയുമായ സാമൂഹ്യസമ്പത്ത് രൂപപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു.

വികസനപ്രവർത്തനങ്ങളിൽ ഉള്ള സാമൂഹ്യമായ കാഴ്ചപ്പാടിൻെറ അഭാവം മൂലം എന്തിനും ഏതിനും പ്രാദേശിക ഭരണകൂടത്തേയോ സംസ്ഥാന സർക്കാരിനേയോ ആശ്രയിക്കുന്ന സ്ഥിതി വിശേഷം നിലനില്ക്കുകയാണ് (ഉദാഹരണമായി സ്വന്തം വീടിനു മുന്നിൽ നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റിലെ ബാംബ് മാറുന്നതിനു പോലും പഞ്ചായത്തിനെ ആശ്രയിക്കുക എന്നതാണ് ജനങ്ങളുടെ കീഴ്വഴക്കം.) തന്മൂലം പരിമിതമായ വിഭവങ്ങളെ ആവർത്തനചെലവുകളിലേക്ക് വഴിതിരിച്ചുവിടുന്നതിന് ഇടവരുത്തുന്നു.

## പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് ഇന്ന് ലഭിക്കുന്ന വിഭവങ്ങളേക്കാൾ പതിന്മടങ്ങ് വിഭവസമാഹരണം നടത്തേണ്ടതുണ്ട് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ജനകീയാസൂത്രണത്തിൻെറ ഭാഗമായി വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന പുത്തൻ വികസന അവബോധത്തിലൂടെ വിഭവസമാഹരണത്തിലുള്ള പുതിയ മേഖലകൾ തുറന്നുകിട്ടുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

## വിഭവസമാഹരണത്തിനുള്ള ശ്രോതസ്സുകൾ

| പണരൂപത്തിൽ | സന്നദ്ധപ്രവർത്തനവും മറ്റും |
|---|---|

| | |
|---|---|
| നിലവിലുള്ള നികുതികളെ കാര്യക്ഷമമാക്കുക | കർമ്മസേന രൂപീകരണം |
| പുതിയ നികുതി മാർഗ്ഗങ്ങൾ സ്വീകരിക്കുക | പ്രാദേശികമായ സന്നദ്ധ |
| പ്രവർത്തനത്തെ | ഉപയോഗപ്പെടുത്തൽ |
| സാമ്പത്തിക നിക്ഷേപം | ഉല്പാദന പ്രവർത്തനത്തിൽ നേരിട്ട് ഇടപെടൽ |
| ഫണ്ട് റെയ്സിംഗ് പ്രാഗ്രാമുകൾ | അസംസ്കൃത വസ്തുക്കളുടെ സംഭരണം |
| വായ്പകൾ | പുത്തൻ അവബോധത്തിൻെറ മിച്ച വിഭവം |
| വിദ്യാഭ്യാസ സെസ്സ് | |

## നിലവിലുള്ള നികുതി കാര്യക്ഷമമാക്കൽ

1995 -96 സാമ്പത്തിക വർഷം പഞ്ചായത്ത് സമിതി ധനാഭ്യർത്ഥന നടത്തിയിട്ടുള്ളത് 2393248 രൂപ 05 പൈയായിരുന്നു. എങ്കിലും പിരിച്ചെടുക്കാുവാൻ കഴിഞ്ഞത് 364186 രൂപ 35 പൈസ മാത്രമായിരുന്നു. പിരിച്ചെടുക്കാുവാനുള്ള ബാക്കി സംഖ്യ ഏതാണ്ട് 25195 രൂപ 70 പൈസയോളം ഉണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ടല്ലോ. ഈ രീതി അവസാനിപ്പിച്ച് നിശ്ചയിക്കപ്പെടുന്ന തുക പിരിച്ചെടുക്കാനുള്ള ജാഗ്രതപൂർവ്വമായ പ്രവർത്തനം സംഘടിപ്പിക്കേണ്ടതുണ്ട്.

## പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

- ഭരണഘടനയുടെ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിശേഷിച്ച് ഗ്രാമപഞ്ചായത്തിന് ഒട്ടേറെ പുതിയ നികുതി സാധ്യത കൈവന്നിരിക്കുകയാണല്ലോ. ഈ നികുതി സാധ്യതകൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ പഞ്ചായത്ത് സമിതികൾ ആർജ്ജവം കാണിക്കുമെന്ന് പ്രതീക്ഷിക്കാമല്ലോ. ചില പുതിയ മേഖലകൾ ചുവടെ ചൂണ്ടിക്കാണിക്കുന്നു.

1973 പഞ്ചായത്ത് ആക്ട് ഭേദഗതി നിയമത്തിലൂടെ കൈവന്നിട്ടുള്ള പുതിയ നികുതി മാർഗ്ഗമായ 'ലാൻഡ് സെസ്സ്' സമ്പ്രദായം നടപ്പിലാക്കുക.

പഞ്ചായത്ത് അതിർത്തിയിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.

ക്വോറികൾക്ക് നികുതി ഏർപ്പെടുത്തുക

ടി.വി. ഫ്രിഡ്ജ്, വാഷിംഗ്മെഷീൻ, എ.സി. തുടങ്ങിയ വീട്ടുപകരണങ്ങളെ ആഡംബരവസ്തുക്കളായി പ്രഖ്യാപിക്കുകയും പ്രത്യേകമായി നികുതി ചുമത്തുകയും ചെയ്യുക.

## സാമ്പത്തിക നിക്ഷേപം -

സേവനമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വകാര്യ നിക്ഷേപങ്ങൾ സ്വീകരിക്കുക.

(ഉദാ: വാട്ടർ സപ്ലൈ)

## വികസന ഫണ്ട് സമാഹരണം -

ഓരോ വർഷവും പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഒരു നിശ്ചിത തുക ഓരോ കുടുംബത്തിൻേറയും സാമ്പത്തികശേഷി അനുസരിച്ച് നിശ്ചയിക്കുകയും സമാഹരിക്കുകകയും ചെയ്യുക.

## Fund Raising Programmes -

പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ സന്നദ്ധസംഘടനകളേയും സമിതിയംഗങ്ങളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഓരോ വർഷവും നിശ്ചിത എണ്ണം പരിപാടികൾ സംഘടിപ്പിച്ച് വിഭവസമാഹരണം നടത്തുക.

## വായ്പകൾ

വായ്പാ സ്രോതസ്സുകൾ:- പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ വിവരങ്ങൾ

## സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - മൂഴിക്കുളം, പുളിയനം ബ്രാഞ്ച്

ഫെഡറൽ ബാങ്ക് - പൂവ്വത്തുശ്ശേരി ബ്രാഞ്ച്

പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്

എളവൂർ സർവ്വീസ് സഹകരണ ബാങ്ക്

ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് - കുറുമശ്ശേരി ബ്രാഞ്ച്

മറ്റ് സ്വകാര്യ പടമിടപാട് സ്ഥാപനങ്ങൾ

## പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്

1124-ാം ആണ്ടിൽ സ്ഥാപിതമായ ഈ സ്ഥാപനം 6283 അംഗങ്ങളെ ഉൾക്കൊള്ളുന്നതും സ്ഥിരനിക്ഷേപവും താല്ക്കാലിക നിക്ഷേപവുമായി 1,23,47110 രൂപയോളം മൂലധനമുള്ളതുമായ ബൃഹത്തായ ഒരു സ്ഥാപനമാണ്. 1955-96 സാമ്പത്തിക വർഷത്തിൽ കാർഷികവും അല്ലാത്തതുമായ വായ്പകളായി 1,12,89607 രൂപയോളം നമ്മുടെ പഞ്ചായത്തിൻെറ തെക്ക് പടിഞ്ഞാറൻ മേഖലകളിൽ വിനിയോഗിച്ചിട്ടുണ്ട്.

## എളവൂർ സർവ്വീസ് സഹകരണ ബാങ്ക് -

1101 -ാം ആണ്ടിൽ സ്ഥാപിതമായ ഈ സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപവും താല്ക്കാലിക നിക്ഷേപവുമായി 50,60,000 രൂപ മൂലധനമുള്ള ഒരു സഹകരണ സ്ഥാപനമാണ് 1995-96 സാമ്പത്തിക വർഷത്തിൽ കാർഷികം ഐ.ആർ.ഡി.പി. പി.എം.ആർ.വൈ. എന്നിങ്ങനെയുള്ള വായ്പകൾ നൽകിയ വകയിൽ 46,50,000 രൂപയോളം നമ്മുടെ പഞ്ചായത്തിൽ വിനിയോഗിച്ചിട്ടുണ്ട്.

### ജില്ലാ സഹകരണ ബാങ്ക് കുറുമശ്ശേരി -

ചുരുങ്ങിയ കാലയളവിലെ പ്രവർത്തനം കൊണ്ട് തന്നെ ഈ സഹകരണ സ്ഥാപനം 2,68,81,422 രൂപയോളം നിക്ഷേപം സമാഹരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാർഷികവും മറ്റ് വായ്പകളും ഉൾപ്പെടെ 1,23,08,969 രൂപയോളം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വിനിയോഗിച്ചിട്ടുണ്ട്.

### സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (മൂഴിക്കുളം ബ്രാഞ്ച്) -

ഈ ബാങ്കിന്റെ മൂലധനം സ്ഥിരവും താല്ക്കാലികവുമായ നിക്ഷേപമുൾപ്പെടെ 2,35,00,000 രൂപയാണ് . ബാങ്കിന്റെ വായ്പകൾ കാർഷികവും അല്ലാത്തതുമായത് ഉൾപ്പെടെ 1995-96 വർഷത്തിൽ 1,80,00,000 രൂപയാണെന്ന് കാണാവുന്നതാണ്.

### സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ(പുളിയനം ബ്രാഞ്ച്)-

പുളിയനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ സ്ഥിരവും താല്ക്കാലികവുമായ നിക്ഷേപം 2,20,48,545 രൂപയാണ്. ഈ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ കാർഷികവും മറ്റുമായ വികസനങ്ങൾക്കുവേണ്ടി വായ്പ ഇനത്തിൽ 1,29,02,670 രൂപ നല്കിയിട്ടുണ്ട്.

### ഫെഡറൽ ബാങ്ക് (പൂവ്വത്തുശ്ശേരി (ബ്രഞ്ച്) -

പഞ്ചായത്തിലെ ഫെഡറിൽ ബാങ്കിന്റെ ഏക ബ്രാഞ്ചായ പൂവ്വത്തുശ്ശേരി 2,22,00,000 രൂപയാണ് ഉള്ളത്. ഈ മേഖലയിലെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൊത്തം 5,31,00,000 രൂപയോളം കാർഷികവും മറ്റുമായി വായ്പ ഇനത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### മറ്റ് ധനകാര്യ സ്ഥാപനങ്ങൾ -

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിരവധിയുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ പല തരത്തിലുണ്ട്. പലിശനിരക്കിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുവാൻ വേണ്ട ഫണ്ട് പഞ്ചായത്ത് പരിശ്രമിക്കേണ്ടതാണ്.

### വിദ്യഭ്യാസ സെസ്സ് -

നിലവിലുള്ള ലൈബ്രറി സെസ്സ് പിരിക്കുന്നതുപോലെ പൊതുവിദ്യാഭ്യാസത്തിനുവേണ്ടി സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തുക.

### കർമ്മസേന രൂപീകരിക്കുക-

സാങ്കേതിക വിദഗ്ദർ, പ്രത്യേക തൊഴിൽ വൈദഗ്ദ്യമുള്ളവർ, സന്നദ്ധപ്രവർത്തനത്തിന് സന്നദ്ധരായിട്ടുള്ളവർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥിരം കർമ്മസേന രൂപീകരിക്കുക.

### പ്രാദേശിക സന്നദ്ധപ്രവർത്തനത്തെ ഉപയോഗപ്പെടുത്തൽ

പഞ്ചായത്തിന്റെ ഒരേ നിർമ്മാണപ്രവർത്തനം നടക്കുന്തോറും അതതു പ്രദേശത്തെ ജനങ്ങളിൽനിന്നും നിർമ്മാണചെലവിലേ ഒരു നിശ്ചിത തുകയ്ക്ക് സമമായ കായിക പ്രവർത്തനം സ്വീകരിക്കുക.

### ഉല്പാദനത്തിൽ നേരിട്ട് ഇടപെടുക :

പഞ്ചായത്തിന്റെ സ്വന്തമായ ഭൂമിയിലോ (തരിശ്, പുറമ്പോക്ക് തുടങ്ങിയവ) സ്വകാര്യഭൂമി പാട്ടമായി സ്വീകരിച്ചോ സേവന-വ്യാവസായിക-കാർഷിക പ്രവർത്തിയിൽ നേരിട്ട് ഇടപെടുക.

### അസംസ്കൃത വസ്തുക്കളുടെ സംഭരണം

വികസനപ്രവർത്തനങ്ങൾക്ക് ഒരേ പ്രദേശത്ത് നിന്നും ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ സംഭാവനയായി സ്വീകരിക്കുക (ഉദാ: തടയിണ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന വാഴത്തടകൾ, മടലുകൾ, മുതലായവ)

### പുത്തൻ അവബോധത്തിന്റെ മിച്ചവിഭവം

വികസന പ്രവർത്തനങ്ങളേക്കുറിച്ച് ജനങ്ങളിൽ പുത്തൻ അവബോധം ഉണ്ടാകുന്ന മുറയിൽ, വിഭവങ്ങളുടെ ദുർവ്യയം അവസാനിപ്പിക്കുന്നതോടെ ലഭ്യമാകുന്ന അധികവിഭവം സമാഹരിക്കുക (ഉദാ: പൊതുടാപ്പുകളിൽ നിന്നും ലഭ്യമാകുന്ന വെള്ളം പശുവിനെ കുളിപ്പിക്കുക, കാർ കഴുകുക, തുടങ്ങിയ ദുർവ്യയ പ്രവർത്തനങ്ങൾ അവസാനിക്കുന്നതോടെ ലഭ്യമാകുന്ന മിച്ച ജലം Etc)

പഞ്ചായത്ത് അതിർത്തിയിൽ വിഭവസമാഹരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വന്നിട്ടുള്ള ഈ നിർദ്ദേശങ്ങൾ ഇനിയും വിപുലമായി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്ത് സെമിനാറിൽ ഉന്നയിക്കപ്പെടുന്ന മറ്റ് നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

## വാർഡ് 1

വാർഡിൻെറ വികസനപ്രവർത്തനങ്ങളുടെ വിഭവസമാഹരണത്തിലും ശാരീരിക അദ്ധ്വാനത്തിലും കർമ്മസേന രൂപീകരിച്ച് പ്രവർത്തിക്കാൻ ഈ ഗ്രൂപ്പ് നിശ്ചിയിച്ചു.

## വാർഡ് 3

എ. 3-ാം വാർഡിൽ ജനപങ്കാളിത്തത്തോടെ കർമ്മസേന രൂപീകരിക്കും

ബി. വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടേയും അദ്ധ്യാപകരുടെയും പി.ടി.എ. സഹകരണത്തോടെ സ്കൂൾ വളപ്പിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുക

സി. ഈ വാർഡിൽ ഏറ്റവും മോശമായിക്കിടക്കുന്ന റോഡിൻെറ കുണ്ടും കുഴിയും നികത്തി സഞ്ചാരയോഗ്യമാക്കും (വെള്ളിപപ്പൊങ്ങുറോഡും )

ഡി. 12-10-96ൽ പി.ടി.എ. യോടു സഹകരിച്ചു ക്ലാസുകൾ ശുചീകരണം നടത്തുവാൻ തീരുമാനിച്ചു. ((ട്രണ്ണ്ഗ്ഗ)

ഇ. കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ നെല്ലുല്പാദനം വർദ്ധിപ്പിക്കണം

## വാർഡ് 4

സന്നദ്ധപ്രവർത്തനത്തിന് തയ്യാറാണ്

## വാർഡ് 5

എ. ഗതാഗതസംബന്ധമായ എല്ലാ ജോലികൾക്കും സാങ്കേതിക നിർദ്ദേശം ലഭിക്കാൻ ശ്രമദാനത്തിനുള്ള തയ്യാറാണ്.

ബി. വഴിവിളക്കുകൾ കേടുവരുന്നതിനും പകരം സ്ഥാപിക്കുന്നത് പരിസരവാസികൾക്ക് അനുവദനിയമെങ്കിൽ ഞങ്ങൾ തയ്യാറാണ്.

## വാർഡ് 6

എ. ഏക്കറോളം വരുന്ന എളവൂ പാറതടാകത്തിൽ മത്സ്യകൃഷിക്കു വേണ്ടി തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സംഘടനയെ ഏൽപ്പിക്കുക.

ബി. ഈ വാർഡിലെ മുഖ്യമായ അവികസിതാവസ്ഥ ജലക്ഷാമമാണ്. 100 ശതമാനവും ചെറുകിടകർഷക തൊഴിലാളികളുമുള്ള ഈ വാർഡ് ജലസേചനസൗകര്യമേർപ്പെടുത്തിയാൽ കാർഷികവിളവർദ്ധനയും അതുവഴി കർഷകത്തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതയും കുടിവെള്ള ക്ഷാമവും പരിമിതമായിരിക്കും.

സി. വികസന പ്രവർത്തനത്തിൽ 15 ശതമാനത്തിൽ കുറയാത്ത ശ്രമദാനം ഉറപ്പുവരുത്തുക.

ഡി. ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യസംഘടനകളിൽ നിന്നും സ്പോൺസർ ചെയ്യാവുന്ന കാര്യങ്ങളിൽ പരമാവധി വിനിയോഗിക്കുക.

ഇ. വികസനഫണ്ടും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ കുടുംബമെന്നുക്ക് ഒരു നിശ്ചിത തുക പിരിച്ചെടുത്ത് ഒരു വികസനഫണ്ട് ഉണ്ടാക്കുക.

## വാർഡ് 7

## വാർഡ് 8

എ. മനുഷ്യശേഷി ഉപയോഗപ്പെടുത്തും

ബി. ലിഫ്റ്റ് ഇറിഗേഷന് പ്രഥമസ്ഥാനം നല്കണം

സി. സഹകരണസ്ഥാപനങ്ങളിൽ നിന്നും ബാങ്കിൽനിന്നും സ്പോൺസർഷിപ്പ് . ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കും.

ഡി. നമ്മുടെ വാർഡിൽ നിന്നും വിദേശ ങ്ങളിൽ ജോലിക്കായി ഏകദേശം 20 പേർ പോയിട്ടുണ്ട്. ഇത്തരം ആളുകളിൽനിന്നും നമ്മുടെ വാർഡിൻെറ വികസന പ്രവർത്തനങ്ങൾക്കു സംഭാവന സ്വീകരിക്കേണ്ടതാണ്.

ഇ. നമ്മുടെ വാർഡിൽ പ്രവർത്തിക്കുന്ന സിനിമാ തീയ്യേറ്ററിൻെറ ഒരു ദിവസത്തെ കളക്ഷൻ വികസനത്തിനായി വിനിയോഗിക്കുക.

എഫ്. വാർഡിലുള്ള ഏകദേശം 30 കടകളിൽനിന്നും 600 വീടുകളിൽ നിന്നും ഉള്ള വാർഷിക വരുമാനം പഞ്ചായത്തിൽ ലഭിക്കുന്നത് നമ്മുടെ വാർഡിൻെറ വിഭവസമാഹരത്തിൽ പെടുത്തേണ്ടതാണ്.

ജി. 8-ാം വാർഡിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലെയും ആവശ്യമായ ട്യൂബ് ലൈറ്റുകൾ വാർഡിലെ ജനങ്ങൾ സംഭരിച്ചുനല്കുന്നതാണ്. പിന്നീട്ടുള്ള അതിൻെറ കൃത്യമായ സുരക്ഷിതത്വം പ്രവർത്തനം പഞ്ചായത്തും ഉറപ്പുവരുത്തണം.

എച്ച്. ക്രെയേഷൻ ഗ്രൗണ്ട് ചുറ്റും മതിൽ കെട്ടി വടക്കുവശം ഗ്രില്ലുവയ്ക്കണം. അതിനാവശ്യമായ ശ്രമദാനം വാർഡിലെ ജനങ്ങളിൽ നിന്നുണ്ടാകും. ഗ്രൗണ്ടിൽ വിനോദപരിപാടികൾ നടത്തി സാമ്പത്തിക മൂലധനം പഞ്ചായത്തിന് സ്വരൂപിക്കാൻ കഴിയും

329

ഐ. ആവശ്യമുള്ള സ്ഥലത്ത് വെയ്സ്റ്റ് ബോക്സ് സ്ഥാപിക്കണം. വ്യാപാരസ്ഥാപനങ്ങളോവ്യക്തികളോ സ്പോസർ ചെയ്യുന്നതാണ്.

ജെ. പുഴ, തോട് തുടങ്ങിയ സ്ഥലത്ത് കൈതവച്ചു പായനെയ്ത്തിനും ഉപയോഗിക്കുന്ന അസംസ്കൃതവസ്തു ലഭിക്കുന്നതാണ്.

കെ. വിഭവ ഭൂപട സർവ്വേശാസ്ത്രീയമായി നടത്തണം

എൽ. വസർക്കാർ., മറ്റ് സാമ്പത്തിക ഏജൻസികൾ തുടങ്ങിയവയിൽ നിന്നുള്ള സാമ്പത്തിക സഹായവും ജനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും ലഭ്യമാക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തണം.

## വാർഡ് 9

വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതിപോസ്റ്റുകൾ ഇടുവാൻ ഉള്ള മൂലധനം സംവിധാനം വ്യക്തികളിൽ നിന്നും സ്പോൺസർ ചെയ്യുക.

ബി. റോഡുപണി, കാനവൃത്തിയാക്കാൻ മുതലായവ ജനങ്ങളുടെ സേവനം മുതലാക്കി ബഹുജനസംഘടനകളുടെ സഹായത്തോടെ ചെയ്യുവാൻ സാധിക്കണം.

സി. പാവപ്പെട്ടവർക്ക് പണിയുന്ന വീടുകൾക്കും ഇതേ തരത്തിലുള്ള സേവനം നല്ലതാണ്.

ഡി. ഒരു തിയ്യേറ്റർ കൂടി സ്ഥാപിച്ചു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണം.

## വാർഡ് 10

ജനപങ്കാളിത്തം എല്ലാ പദ്ധതികളിലും പ്രതീക്ഷിക്കാം.

## വാർഡ് 11

വികസന പ്രവർത്തനങ്ങളിൽ വീടൊന്നിന് ഒരാൾ വീതം അദ്ധ്വാനം സംഭാവന ചെയ്യുക.

എ. ആവശ്യമായ ലിസ്റ്റ് തയ്യാറാക്കും

ബി. സ്ഥാപനങ്ങൾക്കും, വ്യക്തികൾ, തൊഴിലുടമകൾ എന്നിവരിൽ നിന്നും സാമ്പത്തിക സംഭാനയായി സ്വരൂപിക്കും

സി. മുഴുവൻ വീടുകളും കയറി ഉൽപാദനങ്ങൾ ശേഖരിച്ചു ഓരോ വികസന പ്രവൃത്തിക്കും ഉല്പന്നങ്ങൾ സമാഹരിക്കുക.

ഡി വിദേശത്തുള്ളവരിൽ നിന്നും സാമ്പത്തികമായി സമാഹരണം ഉറപ്പാക്കുക. അവരുടെ ലിസ്റ്റ് ശേഖരിക്കുക.

# ഉപസംഹാരം

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നടന്ന ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾഉൾക്കൊള്ളിച്ചുകൊണ്ടും നമ്മുടെ പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലേയും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കിയും വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ വിദഗ്ധന്മാരോടും പ്രായം ചെന്ന കാരണവന്മാരോടും ചോദിച്ചറിഞ്ഞും തയ്യാറാക്കിയതാണ്. ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയ കെ.ആർ.പി ശ്രീ. കെ. പരമുമാസ്റ്റർക്കും, ജനകീയ ആസൂത്രണ പരിപാടിയുടെ തുടക്കം മുതൽ ജനപ്രതിനിധികളോടൊപ്പം നിന്ന് അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡി.ആർ.പി. കെ.കെ. വേലായുധൻ മാസ്റ്റർ, എൽ. ആർ.പി. പി. എൻ. ഷാജി, പുളിയനം വി. ഇ.ഒ. എൻ.പി. ചന്ദ്രൻ എന്നിവർക്കും റിപ്പോർട്ട് എഴുതിയ മറ്റുള്ളവർക്കും, ഇതിനായി സഹായിച്ച ഉദ്യോഗസ്ഥന്മാർക്കും, മറ്റ് പ്രവർത്തകർക്കും പഞ്ചായത്ത് ഭരണ സമിതിയുടെ പേരിൽ ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും എല്ലാവരുടേയും സഹായങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,
ബേബി. ജെ. ഇരുമ്പൻ
പ്രസിഡൻറ്,
പാറക്കടവ് ഗ്രാമപഞ്ചായത്ത്

മൂഴിക്കുളം
25-11-96

പഞ്ചായത്ത് ഭരണ സമിതിക്കുവേണ്ടി പ്രസിഡൻറ് ബേബി. ജെ. ഇരുമ്പൻ.
അങ്കമാലി ജെ.കെ. പ്രിൻേറഴ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്.

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## വികസന സെമിനാർ 1996

# കുന്നുകര ഗ്രാമ പഞ്ചായത്ത്

**J. B. S.**

കുററിപ്പുഴ (കുന്നുകര)

27-11-1996

ജില്ലാ പഞ്ചായത്ത് മെമ്പർ

ശ്രീ. P. P. പൗലോസ് മാസ്റ്റർ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

1 ശ്രീമതി വാസന്തി വേണുഗോപാൽ (പ്രസിഡന്റ്)

2 ശ്രീ. ഡേവീസ് പനക്കൽ

മുൻപഞ്ചായത്ത് പ്രസിഡന്റ്മാർ

1 ശ്രീ. കുറ്റിപ്പുഴ 1-ാം മുറ കുലസൂനായ്ക്കർ

2 ,, A. പ്രഭാകരൻനായർ


3 ,, ഫ്രാൻസീസ് താടിക്കാരൻ

4 ,, E. P. സെബാസ്റ്റ്യൻ

5 ,, P. K. ജോസഫ്

6 ,, T. V. ജോസഫ്

## കുന്നുകര ഗ്രാമപഞ്ചായത്ത്



## ഉള്ളടക്കം


1 ആമുഖം

2 ഭൂപ്രകൃതി

3 കൃഷിയും, ജലസേചനവും

4 മത്സ്യബന്ധനം, മൃഗപരിപാലനം

5 ഗതാഗതം, ഊർജ്ജം

6 വിദ്യാഭ്യാസം

7 ആരോഗ്യം, കുടിവെള്ളം പരിസര ശുചിത്വം

8 വ്യവസായം

9 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

10 സഹകരണ മേഖല

11 ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

12 സംസ്കാരം

13 വനിതാക്ഷേമം

14 വിഭവസമാഹരണം

# കുന്നുകര ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്—1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | കുന്നുകര ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | കുന്നുകര, പുത്തൻവേലിക്കര<br>കരുമാല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | — | പാറക്കടവ് |
| ഡിവിഷൻ | — | പാറക്കടവ് ഡിവിഷൻ |
| താലൂക്ക് | — | N. പറവൂർ |
| അസംബ്ലി മണ്ഡലം | — | വടക്കേക്കര |
| വിസ്തീർണ്ണം | — | 21.25 sq. k.m. |
| അതിരുകൾ : വടക്ക് | — | ചാലക്കുടിയാറ് |
| കിഴക്ക് | — | പാറക്കടവ്<br>ചെങ്ങമനാട് } പഞ്ചായത്ത് |
| തെക്ക് | — | പെരിയാർ |
| പടിഞ്ഞാറ് | — | പുത്തൻവേലിക്കര പഞ്ചായത്ത് |
| ജനസംഖ്യ (1991) | — | 19742 |
| പുരുഷൻ | — | 9653 |
| സ്ത്രീ | — | 10089 |
| വാർഡുകൾ | — | 10 |
| പ്രസിഡൻറിന്റെ പേര് | — | ശ്രീമതി കലാദേവി ദിനകരൻ |
| വൈസ് പ്രസിഡൻറിന്റെ പേര് | — | ശ്രീ. V. M. ജോതിഷ് |
| സ്ററാൻറിംഗ് കമ്മിററി ചെയർപേഴ്സണൽ | — | ശ്രീമതി അമ്മിണി ഔസേപ്പ് |

മെമ്പർമാർ :-

സുഹറാ സെയ്തുമുഹമ്മദ്, D. രാധാകൃഷ്ണൻ,

T. M. സതീശൻ, T. M. ഫ്രാൻസീസ്,

ജോസഫ് മഞ്ഞളി, റോസി വർഗ്ഗീസ്, N. A. മണി

# ആമുഖം

ജനകീയാസൂത്രണം എന്നാൽ............
"നാടിനെ അറിയൂ നാടിനെ മാററു"

എന്നതാണ് ജനകീയാസൂത്രണത്തിൻെറ മുഖമുദ്ര. ഒരു വ്യക്തിയെ മാററിയെടുക്കണമെങ്കിൽ ആ ആളെ ശരിക്കും മനസ്സിലാക്കിയിരിക്കണം. നമ്മൾ തന്നെ നമ്മെ മനസ്സിലാക്കുകയും മാററിയെടുക്കാനുള്ള നിർദ്ദേശം ഏകോപിപ്പിക്കുകയും ചെയ്യുന്ന അസാധാരണമായ ഒരു രേഖയാണ് ഈ റിപ്പോർട്ട്. ഒരു വലിയ കൂട്ടായ്മയുടെ, കുറെ നാളത്തെ ശ്രമഫലമാണിത്. പഞ്ചായത്ത് മെമ്പർമാർ ജീവനക്കാർ, മററു ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാർ, അദ്ധ്യാപകർ, നാട്ടിൽ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവർ, അങ്ങനെ നിരവധിപേർ ഇവിടെ ഒന്നിക്കുന്നു. ഇങ്ങനെയൊരു അന്വേഷണത്തിൻെറ ആവശ്യമെന്ത് എന്ന് ചിലർ ചോദിച്ചേക്കാം. നമ്മൾ വലിയൊരു പ്രസ്ഥാനത്തിലേക്ക് കാൽവയ്ക്കുമ്പോൾ - നമ്മൾ എവിടെ നിൽക്കുന്നു, നമുക്കു എന്തുണ്ട്, ഇനി എന്ത് ഉണ്ടാകണം, എങ്ങനെ ഒരുക്കണം എന്ന് ചിന്തിക്കുന്നത് ഏററവും ആവശ്യം. ഇനിയങ്ങോട്ടുള്ള പ്രവർത്തനത്തിൻെറ ആധാരം ഈ രേഖയായിരിക്കും.

1996 ജൂലൈ 14 ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച് തീരുമാനമെടുത്തത്. ജനകീയ ക്യാമ്പയ്ൻ പ്രവർത്തനം ആരംഭിക്കുന്നതിന്മുമ്പ് തന്നെ ഒട്ടേറെ ഔദ്യോഗിക മീററിംഗുകൾ ആസൂത്രണ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ഒന്നാമതായി, പ്രതിപക്ഷ നേതാവ് ഉൾപ്പടെ പ്രധാന രാഷ്ട്രീയ പ്രവർത്തകർ, പ്രധാന വ്യക്തികൾ എന്നിവരുമായി ബോർഡ് വൈസ് ചെയർമാൻ ചർച്ച നടത്തി. പിന്നീട് ജില്ലാതലത്തിൽ, ഗ്രാമപഞ്ചായത്തു പ്രസിഡൻറുമാരുടേയും സംസ്ഥാനതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർ എന്നിവരുടേയും കോൺഫറൻസുകൾ ചേരുകയുണ്ടായി. മൂന്നാമതായി, ബഹുജന സംഘടനകളുടെ പ്രത്യേക യോഗങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിൽ വച്ച് ചേർന്നു. ഇപ്രകാരം മൊത്തം 27 യോഗങ്ങൾ, ക്യാമ്പയ്ൻ ആരംഭിക്കുന്നതിന് മുമ്പ് ചേരുകയുണ്ടായി.

സംസ്ഥാനതലം, ജില്ലാതലം, പഞ്ചായത്തുതലം എന്ന ത്രിതല മേഖലയിലുള്ളപരിശീലനത്തോടെ ജനകീയ ആസൂത്രണത്തിൻെറ രണ്ടാം ഘട്ടം ആരംഭിച്ചു. ആലുവ U. C. കോളേജിൽ വച്ചു നടന്ന ജില്ലാതല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് 3 പേർ പങ്കെടുത്തു. എല്ലാ ക്യാമ്പുകളിലും പ്രതീക്ഷിച്ചതിലധികം പേർ പങ്കെടുത്തു എന്നത് ഒരു സവിശേഷതയാണ്. സംസ്ഥാന തലത്തിൽ 250-300 പേരെയാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പരിശീലകരുടെ എണ്ണം 370 ആയി വർദ്ധിച്ചു. 5000-6000 പേരെ ജില്ലാ തലത്തിൽ പ്രതീക്ഷിച്ചപ്പോൾ, പങ്കെടുത്തവർ

11716 പേരായിരുന്നു. ഗ്രാമതലത്തിലും പരിശീലന പരിപാടികൾ പൊതുവിൽ വിജയപ്രദമായിരുന്നുവെങ്കിലും കുറ്റമറ്റതായിരുന്നു എന്ന് അവകാശപ്പെടുന്നില്ല. പഞ്ചായത്തുതല പരിശീലനത്തിനായി പ്രത്യേക പഠന സാമഗ്രികളുടെ ന്യൂനത, സമർത്ഥരായ പരിശീലകരുടെ അഭാവം, സ്ഥല പരിമിതി ഇങ്ങനെ പല കാരണങ്ങൾ കൊണ്ടും ചിലയിടങ്ങളിലെങ്കിലും പാളിച്ചകൾ പറ്റി എന്നുപറയാൻ മടിക്കേണ്ടതില്ല.

വിവിധ തലങ്ങളിലെ പരിശീലനങ്ങൾക്കുശേഷം ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ ആദ്യത്തെ ഫീൽഡുപ്രവർത്തനം വിശേഷാൽ ഗ്രാമസഭകളുടെയും വാർഡുകൺവെൻഷനുകളുടെയും സംഘാടനമായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം മിക്കവാറും ഒരു മാസക്കാലം ജനങ്ങളുടെ മുഖ്യപ്രവർത്തനം ഗ്രാമസഭാ സംഘാടനമായിരുന്നു എന്നു പറയാം. ഇത്രയും സമയബന്ധിതമായി ഒരു പ്രവർത്തനം അടുത്തകാലത്തെങ്ങും കേരളത്തിൽ നടന്നിട്ടില്ല ഗ്രാമസഭകൾ പൊതുവെ വിജയകരമായി എന്നു പറയുമ്പോൾതന്നെ, ചില അപാകതകളിലേക്കും വിരൽ ചൂണ്ടേണ്ടതുണ്ട്. ചിലയിടത്തെങ്കിലും, ചർച്ചകൾ ഫലപ്രദമായിരുന്നില്ല. ആവശ്യങ്ങൾ ഉന്നയിക്കുന്നതിനുള്ള വേദിയായി അത് ചുരുങ്ങിപ്പോയി. പ്രശ്നങ്ങൾ കണ്ടെത്തുക മാത്രമായിരുന്നില്ല ഗ്രാമസഭകളുടെ ലക്ഷ്യം. പ്രശ്നങ്ങളുടെ കാരണങ്ങളെ തങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനും തങ്ങൾക്കെന്ത് ചെയ്യാൻ കഴിയും എന്നാലോചിക്കുന്നതിനും കൂടിയായിരുന്നല്ലോ ഗ്രാമസഭകൾ ലക്ഷ്യമിട്ടിരുന്നത് എന്നാൽ, ഇത്തരത്തിൽ ചർച്ചകൾ നയിക്കുന്നതിന് പരിശീലകരെ വേണ്ടത്ര പ്രാപ്തരാക്കുന്നതിന് പ്രാദേശിക പരിശീലനത്തിലെ പോരായ്മകൾ മൂലം ചിലയിടങ്ങളിൽ കഴിഞ്ഞില്ല. ഇതു മൂലം ഇത്തരംസ്ഥലങ്ങളിൽ അമിതപ്രതീക്ഷകൾ രൂപംകൊണ്ടിട്ടുണ്ട്. പ്രതീക്ഷയറ്റസ്ഥാനത്ത് പ്രതീക്ഷകൾ നാമ്പെടുക്കുന്നത് എന്തുകൊണ്ടും നന്നുതന്നെ. ജനങ്ങൾക്കിടയിലുണ്ടായിരിക്കുന്ന പ്രതീക്ഷകളെയും ആവേശത്തെയും അടിയന്തിരമായി, ക്രിയാത്മകമായ പന്ഥാവിലൂടെ തിരിച്ചുവിടേണ്ടിയിരിക്കുന്നു. ഈ പരിമിതികളൊക്കെയുണ്ടായിരുന്നെങ്കിലും സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന പ്രവർത്തനങ്ങൾ മൊത്തത്തിൽ ആശാവഹമാണ്.

ഗ്രാമസഭകളുടെ ശ്രദ്ധിക്കപ്പെടേണ്ട പ്രത്യേകത അതിവിപുലമായ സ്ത്രീ പങ്കാളിത്തമാണ്. കേരളത്തിൽ സ്ത്രീകൾ ഭൂരിപക്ഷമുണ്ടായിരുന്ന ഗ്രാമസഭകൾ പോലുമുണ്ടായിരുന്നു. ഇത്തരുണത്തിൽ കുന്നുകരയിലെ ഗ്രാമസഭകളിൽക്കൂടിയുള്ള ഒരു എത്തിനോട്ടം ഇവിടെ സംഗതമായിരിക്കുമല്ലോ.

പഞ്ചായത്തുതല പരിശീലന ക്യാമ്പു മുതൽ തുടങ്ങാം. ഏകദിന ശില്പശാല 12-9-96 ൽ കുന്നുകര കൃഷിഭവൻ ഓഡിറ്റോറിയത്തിൽ നടന്നു. ഈ പഞ്ചായത്തു പരിധിയിൽ വരുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, വിദ്യാലയങ്ങളെ പ്രതിനിധീകരിച്ച് അദ്ധ്യാപകർ, കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വിവിധ രംഗങ്ങളിലെ പ്രശസ്തരായ വ്യക്തികൾ, സാങ്കേതിക വിദഗ്ധർ, വിവിധ രാഷ്ട്രീയ സംഘടനാ പ്രവർത്തകർ തുടങ്ങി 66 പേർ പങ്കെടുത്തു.

## വിശേഷാൽ ഗ്രാമസഭകൾ

ഗ്രാമസഭകളുടെ മുന്നോടിയായി സ്വാഗതസംഘം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ ഗ്രാമസഭ വികസിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തിരുന്നു. നമ്മുടെ ഗ്രാമസഭകൾ പൊതുവെ നിലവാരം പുലർത്തിയിരുന്നെങ്കിലും സ്ത്രീകളുടെ സാന്നിദ്ധ്യം താരതമ്യേന കുറവായിരുന്നു.

| വാർഡ് | പങ്കെടുത്തവർ |
|---|---|
| 1 | 137 |
| 2 | 163 |
| 3 | 58 |
| 4 | 148 |
| 5 | 113 |
| 6 | 157 |

| | |
|---|---|
| 7 | 196 |
| 8 | 112 |
| 9 | 157 |
| 10 | 184 |

മൊത്തം 1452 പേർ പങ്കെടുത്തതിൽ സ്ത്രീകളുടെ സാന്നിദ്ധ്യം 219 പേർ ആയിരുന്നു. അതായത് 15%.

ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ 12 ആയിതരംതിരിച്ചാണ് ഗ്രാമസഭകളിൽചർച്ച കേന്ദ്രീകരിച്ചിരുന്നത്. നമ്മുടെ ഗ്രാമസഭകളിലും പ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിക്കുന്നതിലായിരുന്നു ജനങ്ങളുടെ ആവേശം എന്നുപറയാം. പരിഹാരവും അതിന്റെ സാധ്യതകളും പ്രധാന ഘടകമാണ്. ചില സഭകൾ അത് മറന്നിട്ടില്ല എന്ന് റിപ്പോർട്ടുകൾ സാക്ഷ്യം വഹിക്കുന്നു. 12 വിഷയങ്ങൾ പല സഭകളിലും അഞ്ചോ ആറോ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും ഒന്നിലധികം വിഷയങ്ങൾ ചർച്ച ചെയ്ത് എഴുതി തയ്യാറാക്കി. റിപ്പോർട്ടുകളിൽ നിന്ന് ഓരോ വിഷയവും വീണ്ടും വേർതിരിച്ച് എഴുതി തയ്യാറാക്കേണ്ടി വന്നത് ശ്രമകരമായ ഒരു ജോലിയായിത്തീർന്നു. ഓരോ വാർഡിൽ നിന്നും 24 പേരെ വീതം വികസന സെമിനാറിലേക്ക് തെരഞ്ഞെടുത്തിരുന്നു. ഒക്ടോബർ 23, 24, 25 തീയതികളിൽ പൂവത്തുശ്ശേരിയിൽ നടന്ന ബ്ലോക്കുതല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും 5 പേർ പങ്കെടുത്തു. 26-10-1996 ൽ പഞ്ചായത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള പ്രതിനിധികളെ ക്ഷണിച്ചുകൂട്ടിയുള്ള ഒരു അസാധാരണ യോഗം അഹന തിയ്യേററിൽ K. R. P. ശ്രീ. K. പരമുമാസ്ററുടെ സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി 84 പേർ സന്നിഹിതരായിരുന്നു. ആ യോഗത്തിൽ, ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും പിന്നീടുള്ള പരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. അതനുസരിച്ച് 28-10-96 ൽ L. R. P. മാർക്കു വേണ്ടി വീണ്ടും ഒരു ശില്പശാല സംഘടിപ്പിച്ചു. അതിൽ വിദഗ്ധർ ഉൾപ്പെടെ 48 പേർ പങ്കെടുത്തു. തുടർന്നുള്ളദിവസങ്ങളിൽപഞ്ചായത്തിന്റെ എല്ലാമുക്കുംമൂലയുംസ്പർശിച്ചുകൊണ്ടുള്ള പഠന പര്യടനം നടന്നു. മറെറാരു സംഘം ദ്വിതീയ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിൽ ഏർപ്പെട്ടു. ഇതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും പഞ്ചായത്തു മെമ്പർമാരും ജീവനക്കാരും സമയ വ്യത്യാസം മറന്നുള്ള സഹകരണം കാഴ്ച വച്ചിട്ടുണ്ടെന്ന് തുറന്ന് പറഞ്ഞുകൊള്ളട്ടെ.

## അല്പം ചരിത്രം

മങ്ങാട്ടു കൈമൾമാർ ഭരിച്ചിരുന്ന ആലങ്ങാട്ടു രാജ്യത്തിൽപ്പെട്ട ഒരു ഗ്രാമമായിരുന്നു അയിരൂർ. 1795 ൽ ആലങ്ങാട് രാജ്യം തിരുവിതാംകൂറിന്റേതായി. പഴയ അയിരൂർ ഗ്രാമത്തിന്റെ ഭാഗമായിരുന്ന വെളിയത്തുനാട്, കരുമാല്ലൂർ പ്രദേശങ്ങൾ 1961 ൽ പുനർനിർണ്ണയം ചെയ്തപ്പോൾ മറെറാരു വില്ലേജായി. ഇന്നും കുന്നുകര പഞ്ചായത്തിന്റെ 3-ാം വാർഡിൽ കാരയ്ക്കാത്തുരുത്തിൽ കുറെ സ്ഥലങ്ങളും, വയൽക്കരയിലെ പുഴയോരത്തെ കുറെ ഭാഗങ്ങളും, കരുമാലൂർ വില്ലേജിലും ചാലാക്കലും കുത്തിയതോടും ചെറിയതേയ്ക്കാനത്തിന്റെ കുറെ ഭാഗങ്ങളും പുത്തൻവേലിക്കര വില്ലേജിലും പെട്ടുകിടക്കുന്നു. 1953 ലാണ് ഇന്നുകാണുന്ന കുന്നുകര പഞ്ചായത്ത് രൂപീകൃതമായത്. ഈ നില ഇവിടുത്തെ ജനങ്ങളെ സംബന്ധിച്ച് ഭദ്രമാണെന്ന് പറഞ്ഞുകൂടാ.

### അതിരുകൾ

വടക്കു ചാലക്കുടിയാറും കിഴക്ക് പാറക്കടവ്, ചെങ്ങമനാട് പഞ്ചായത്തുക്കളും തെക്ക് പെരിയാറും പടിഞ്ഞാറ് പുത്തൻവേലിക്കര പഞ്ചായത്തും ഈ ഗ്രാമത്തിന് അതിരിടുന്നു. കേരളത്തിലെ രണ്ടു പ്രധാന നദികൾ തേരു ചാർത്തുന്ന കുന്നുകര ഗ്രാമത്തെ രണ്ടായി പകുക്കുന്ന കസവു നൂൽപോലെ വളഞ്ഞുപുളഞ്ഞ് മൂന്നാമതൊരു അയ്യം പുഴയും, പെരിയാറിൽ വലയം പ്രാപിക്കുന്നു. അയ്യംപുഴയുടെ അങ്കമാലി മാഞ്ഞാലി ത്തോടിന്റെ ആവശ്യത്തിലധികമായ വളവും പുളവും കാണുമ്പോൾ ഇതിൽ ആരുടേയോ

338

കരവിരുതില്ലെ എന്നു സംശയിച്ചു പോകും കുത്തിയതോട് എന്ന പേരിന്റെ ഉത്ഭവം തോടിന്റെ സ്വഭാവമുള്ള ഈ പുഴയല്ലെ എന്ന് കരുതുന്നവരുണ്ട്. എല്ലാ വാർഡുകളും ഏതെങ്കിലും ഒരു പുഴയുമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്.

തിരുവിതാംകൂർ ചരിത്രത്തിൽ ഖ്യാതി നേടിയ തച്ചിൽ മാത്തുതരകനും, ദാത്യൂഹ സന്ദേശകാരനായ ശ്രീവൊള്ളിയും കേരളത്തെ സംബന്ധിച്ച് 20-ാം നൂററാണ്ടിന്റെ ബൗദ്ധിക മണ്ഡലം വിരചിക്കുന്നതിൽ അനല്പമായ സംഭാവനനൽകിയ കുററിപ്പുഴ കൃഷ്ണപിള്ളയും ഈ കുന്നുകര ഗ്രാമത്തിന്റെ സന്താനങ്ങളാണെന്ന് പറയാൻ ഏറെ സന്തോഷമുണ്ട്. ചരിത്രമുറങ്ങുന്ന കുത്തിയതോട് പഴയ പള്ളിയും, നാവല്ലൂർ ക്ഷേത്ര പരിസരവും, ഷാരേക്കൽ ഭഗവതിക്ഷേത്രവും ചരിത്രമുണർത്തുന്ന കുലസ്നായ്ക്കരുടെ കളരിയും ഈ ഗ്രാമത്തിന്റെ സവിശേഷതകളത്രെ. അടുത്തകാലത്ത്, കാലത്തിന്റെ യവനികയിൽ മറഞ്ഞുപോയ ഷെവലിയർ തച്ചിൽ കുഞ്ഞുവറീതും ഊഴത്ത് കേശവൻ വൈദ്യരും, കുന്നുകര ഇറിഗേഷൻ സ്കീമിനും കോരൻകടവു പാലത്തിനും രൂപം കൊടുത്ത മുഹമ്മദുണ്ണി മൗലവിയും ഈ നാടിന്റെ അഭിമാന ഭാജനങ്ങളായിരുന്നു. അതോടൊപ്പം കോരൻകടവു പാലത്തിനും കുന്നുകര ഇറിഗേഷൻ സ്കീമിനും വേണ്ടി അക്ഷീണം യത്നിച്ച അന്നത്തെ M. L. A. ശ്രീ K. R. വിജയനോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു. ഡൽഹി സെക്രട്ടറിയേററിൽ, വകുപ്പുതലവൻ എന്ന നിലയിലും രാജ്യാന്തര രംഗങ്ങളിൽ ഇന്ത്യാ ഗവൺമെൻറിനെ പ്രതിനിധീകരിച്ച് പ്രശോഭിച്ച ശ്രീ. ചതപ്പേലിൽ കൃഷ്ണമേനോൻ, കേരളാ സ്റേററ് ചീഫ് എൻജിനീയറായി റിട്ടയർ ചെയ്ത ശ്രീ. T. P. ജോസഫ്, കേരളാ സ്റേററ് സയൻസ് ടെക്നോളജി പരിസ്ഥിതി ചെയർമാനായിരുന്ന Dr C. G. രാമചന്ദ്രൻ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് M. D., Dr. C. G. കൃഷ്ണദാസ് ഇങ്ങനെ മുൻനിരയിൽ നിൽക്കുന്ന ചില പേരുകൾ സ്മരിക്കുന്നു. Dr. ശ്രീവൊള്ളി നാരായണൻ കുരുന്നിലേ കൊഴിഞ്ഞുപോയ ഒരു കുസുമമായിരുന്നു.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളും കുന്നുകരയിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചതായോ നേതൃനിരയിലേക്ക് ആരെങ്കിലും കടന്നുവന്നതായോ പറയാനില്ല 1930 – കളിൽ ഈ നാടിനെ പ്രതിനിധീകരിച്ചിരുന്ന M. L. C, A. G മേനോന്റെ സംഭാവനയാണ്. (അദ്ദേഹത്തിന്റെ ജന്മദേശം പുത്തൻവേലിക്കര) പറവൂർ മുതൽ മലയാററൂർ വരെ നേർവരയായി കിടക്കുന്ന റോഡ്. ഇത് പറവൂർ- നിന്ന് മാഞ്ഞാലി കുന്നുകര – അകപ്പറമ്പ് – മററൂർ – കൈപ്പട്ടൂർ കൂടി കൊററമം പാലത്തിൽ ചെന്നു ചേരുന്നു. ഈ റോഡ് അതുകടന്നു പോകുന്ന ഇടനാട്ടുകാർക്ക് വലിയൊരു വരദാനമായിരുന്നു. കേരളത്തിന് കുറുകെ കിടക്കുന്ന ഏററവും നീളമുള്ള നേർരേഖ ഇതായിരിക്കും.

10ാം വാർഡിൽ സ്ഥിതിചെയ്യുന്ന 1904 —ൽ സ്ഥാപിതമായ ഗവ. L. P. S. ഏതാണ്ട് അതേകാലത്ത് സ്ഥാപിതമായ അയിരൂർ സെൻറ്. തോമസ് L. P. S (ഇത് പിന്നീട് പൂട്ടപ്പെട്ടു) ഈ ഗ്രാമത്തിലെ ആദ്യകാലത്തെ വിദ്യാലയങ്ങളാണ്.

ഇവിടത്തെ നിലങ്ങൾ ബഹുഭൂരിപക്ഷവും ജൻമിമാരുടേതായിരുന്നു. പുറത്തുള്ള ജൻമിമാർക്കും ഇവിടെ ഭൂമിയുണ്ടായിരുന്നു. പാടവും പറമ്പുമായി കഴിയുന്ന ഈ നാട്ടിലെ സാധാരണക്കാരന്റെ ജീവിതത്തിൽ ഒരു 'ചലനം' സൃഷ്ടിച്ചു എന്നു പറയാവുന്ന ആദ്യത്തെ സംഭവം 1959-ൽ നിലവിൽ വന്ന കാർഷിക ബന്ധ ബില്ലാണ്. അത് ഒട്ടേറെ കർഷകർക്ക് ആശ്വാസം പകർന്നു. എന്നാൽ ഇന്ന് ആഘട്ടവും കഴിഞ്ഞു ഇപ്പോൾ ഇവിടത്തെ ജനത ഒരു തിരിഞ്ഞു നടത്തത്തിലാണെന്ന് പറയാം. ഇവിടെ വ്യവസായ ശാലകളൊന്നും തന്നെയില്ല. ഉണ്ടെന്ന് പറയാവുന്നത് ഏതാനും റൈസ് മില്ലുകളും ഒരു ഐസ് പ്ലാൻറുമാണ് പിന്നെ ജീവൻ കെടാതെ നില്ക്കുന്ന ഒരു ഖാദികേന്ദ്രവുമുണ്ട്. പ്രധാന

ജീവനോപാധിയായിരിക്കുന്ന നെൽകൃഷി മുരടിപ്പിലെത്തി നില്ക്കുന്നു. ടാറിട്ട റോഡുകളും വാഹനങ്ങളും കുറച്ചു ഉദ്യോഗസ്ഥൻമാരും ഗൾഫു പണവും ചില കെട്ടിടങ്ങളും കുറെയൊക്കെ മുഖച്ഛായ മാററിയിട്ടുണ്ട്. എങ്കിലും ഗ്രാമത്തിൻെറ അന്തരാത്മാവു പാടയുന്നു. അതിൻെറ ചില കാരണങ്ങൾ ചൂണ്ടിക്കാണിക്കാം.

1. കാർഷികമേഖലയുടെ ശോച്യാവസ്ഥ
2. ജനങ്ങളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്ന ഇഷ്ടികകളങ്ങളും മണൽവാരലും
3. തൊഴിലില്ലായ്മ
4. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുക്ഷേമസൗകര്യങ്ങളുടെ അഭാവം
5. സ്ത്രീകളുടെ പിന്നോക്കാവസ്ഥ.

## ചില സ്ഥല നാമങ്ങൾ

**അയിരൂർ** :- ലോഹം കലർന്ന മണ്ണിന് അയിര് എന്ന് പറയും. അതുള്ള സ്ഥലമല്ല നമ്മുടെ അയിരൂർ. നീളമുള്ള ഒരുതരം പുല്ലിന് തമിഴിൽ അയിരം എന്നു പറയും. നമ്മുടെ ഈരം പുല്ലാകാം, മറെറാരുതരം വൃക്ഷത്തിനും അയിരം എന്നു പേരുണ്ട് അയിരമുള്ള ഊര് അയിരൂർ. വളരെ പണ്ട് നമ്മുടെ നാട്ടിൽ തമിഴ് പ്രയോഗിച്ചിരുന്നു എന്നതിന് തെളിവ് 'ഊര്' തന്നെ തമിഴ് പദമാണ്. 'അഴിയൂർ' അയിരൂർ ആയതാണെന്നും വിദഗ്ധാഭിപ്രായമുണ്ട്. ആഴിയോട് അടുത്ത ഊര്.

**അടുവാശ്ശേരി** : അടിവാരമായ ചേരി. മാലായിക്കുന്നിൻെറ കീഴെയുള്ള രണ്ടു ചേരികൾ – തെക്കും വടക്കും.

**കുററിപ്പുഴ** : പുഴയോട് ചേർന്നുള്ള കുററി. കുററി നിലത്തിൻെറ അതിര്. കുററിക്ക് മേലുള്ള സ്ഥലം ആലങ്ങാട്ടു രാജാവ് പട്ടനായകനായ കുലസ്നായർക്ക് പതിച്ചുകൊടുത്തു അങ്ങനെ കുററിപ്പുഴയുണ്ടായി.

**ചാലാക്കൽ** : ചാല്ആക്കിയെടുത്ത സ്ഥലം. നെല്ല് കൃഷി ചെയ്യുന്നതിന് വേണ്ടി.

**നാവല്ലൂർ** : ഞാവൽ, തമിഴിൽ നാവൽ എന്ന വൃക്ഷമുള്ള സ്ഥലം.

**പായിത്തുരുത്ത്** : പായി-പായൽ-വടക്കൻ പ്രദേശങ്ങളിൽ പായലിനു പായി എന്നു പറയും.
പായി അടിഞ്ഞുകൂടുന്ന സ്ഥലം.

**ചെറിയതേയ്ക്കാനം** : തേക്കാനം-തേക്കിൻ കാട് എന്നർത്ഥം. അവിടത്തെ അമ്പലത്തിനു ചുററും തേക്കുവൃക്ഷങ്ങളും കാടും ഉണ്ടായിരുന്നു. തൊട്ടടുത്ത് തേൻതുരുത്തിക്കാവ്. കാവ് എന്ന പദം തന്നെ കാടുള്ളതിൻെറ തെളിവാണ്. 'ചെറിയ' എന്ന പദം കൊണ്ട് ഇന്നത്തേക്കാൾ വളരെ വലുപ്പം കുറവായിരുന്നു എന്ന് മനസ്സിലാക്കാം. കുന്നുകരയിലെ കുന്നിന് തേക്കാനത്തു കുന്ന് എന്നാണ് സാക്ഷാൽ പേര്. അപ്പോൾ വലിയതേക്കാനം ഈ കുന്നും പരിസരവുമാകാം.

ആററുപുറവും, കുന്നുകരയും, വയൽകരയും വാക്കുകൊണ്ടുതന്നെ അന്വർത്ഥമായിരിക്കുന്നു.

340

# ഭൂപ്രകൃതിയും, വിഭവങ്ങളും

## ഭൂപ്രകൃതി

പൊതുവായ ഭൂപ്രകൃതി കാലാവസ്ഥ, മണ്ണ്, ജലം, സസ്യസമ്പത്ത്, മനുഷ്യ വിഭവശേഷി, വിവിധ വിഭവങ്ങളുടെ ഇന്നത്തെ ഉപയോഗ രീതി എന്നിങ്ങനെ വിവിധങ്ങളായ ഘടകങ്ങളെ വിലയിരുത്തിയ ശേഷമേ ഒരു പ്രദേശത്തിന്റെ വികസന റിപ്പോർട്ടു രൂപകൽപ്പന ചെയ്തെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ മുഖ്യമായത് ഭൂപ്രകൃതിയാണ്.

ഈ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 21.25 ചതുരശ്ര കിലോമീറ്ററാണ്. പ്രകൃതിദത്തമായി തന്നെ മനുഷ്യ വികാസത്തിനും ഉപജീവനത്തിനുമുള്ള ജീവിതോപാധികൾ കണ്ടെത്തുന്നതിനും ഇതിന്റെ ഭൂപ്രകൃതി ഒരനുഗ്രഹം തന്നെയാണ്. നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും ഫലവൃക്ഷങ്ങളും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വ്യന്യസിച്ചിരിക്കുന്നത്. എല്ലാ മുക്കിലും മൂലയിലും മനുഷ്യവാസത്തിന് കളമൊരുക്കിയിരിക്കുന്നു.

പച്ച പുതച്ച പുല്ലുകളും, ചരിവുകളും, താഴ്വാരങ്ങളും തീരപ്രദേശങ്ങളുമായി ഇതിന്റെ വിസ്തൃതി വിഭജിക്കപ്പെട്ടിരിക്കുന്നു.

പടിഞ്ഞാറ് ഒമ്പതാം വാർഡായ ചാലയ്ക്കയിൽ നിന്നു നേരെ കിഴക്കോട്ടു സഞ്ചരിച്ചാൽ, ഒരു സമതലം കടന്ന്, പടിപടിയായി ഉയർന്നു വരുന്ന ഭൂമിയുടെ നിരപ്പ്, കുന്നുകര ഒന്നും രണ്ടും വാർഡുകളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്ന തേയ്ക്കുനാത്തു കുന്നിൽ അതിന്റെ മൂർധന്യത്തിലെത്തി, മെല്ലെ താഴ്ന്ന് കുററിപ്പുഴപാടം വീണ്ടും ഒരു സമതലമാക്കിക്കൊണ്ട്. മെല്ലെ ഉയർന്നു തെക്കേ അടുവാശ്ശേരി വാർഡിന്റെ കിഴക്കേ അതിരോടു ചേർന്നു കിടക്കുന്ന, ചുങ്കം കുന്നു റബർ തോട്ടത്തിലെത്തിച്ചേരുമ്പോൾ, തലയെടുത്തുയർത്തി നിൽക്കുന്നു.

പഠനപര്യടന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന വിഭവഭൂപടം, അനുബന്ധമായി ചേർത്തിരിക്കുന്നത് കാണുക.

ഭൂപ്രകൃതി, മൺതരം, സസ്യാവരണം, പരിസ്ഥിതിപ്രശ്നങ്ങൾ എന്നിവയൊക്കെ ഒററനോട്ടത്തിൽ ഇതിൽ നിന്നു ഗ്രഹിക്കാം

പഞ്ചായത്തിൽ മൊത്തം മൂന്നു കുന്നുകളാണുള്ളത്.

1 ഗ്രാമപഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന തേയ്ക്കാനത്തുക്കുന്ന്, കുന്നുകര വെസ്ററു വാർഡിൽ.

2 അഞ്ചാംവാർഡായ വടക്കേ അടുവാശ്ശേരിയിലെ—മാലായിക്കുന്ന്

3 തെക്കേ അടുവാശ്ശേരി വാർഡിന്റെ കിഴക്കെ അതിരിനോട് ചേർന്നു കിടക്കുന്ന ചുങ്കം മീങ്കരക്കുന്ന്

ഇതിന്റെ മൊത്തം വിസ്തൃതി ഏകദേശം 15 ഹെക്ടറോളം വരും. ഈ കുന്നുകളുടെ ചരിവുകൾ എല്ലാം തന്നെ വാസകേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിന്റെ വിസ്തൃതി 250 ഹെക്ടറോളം വരും ഇത് മൊത്തം (2214 ഹെ) വിസ്തൃതിയുടെ 11% ത്തോളം വരും.

പാങ്ങോറച്ചാലിൽ സ്ഥിതിചെയ്യുന്ന 15 സെൻറ് ചതുപ്പുമാത്രമാണ് പ്രാകൃത്യാലുള്ളതിൽ ഇപ്പോൾ തരിശായി ശേഷിക്കുന്നത്. എന്നാൽ ഇഷ്ടികക്കളങ്ങളുടെ ഭയാനകമായ വർദ്ധന, ഫലഭൂയിഷ്ടമായിരുന്ന നെൽപാടങ്ങളെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. ഇഷ്ടികക്ക് വേണ്ടമൺഖനനം മൂലം കുന്നുകര ഈസ്ററ്, വെസ്ററ്, വയൽകര വടക്കെ അടുവാശ്ശേരി, ആററുപുറം, കുത്തിയതോട്, ചാലാക്ക, കുററിപ്പുഴ എന്നീ വാർഡുകളിലെ മൊത്തം കൃഷിനിലത്തിന്റെ നല്ലൊരു ഭാഗം വെള്ളക്കെട്ടു മൂലം ചതുപ്പുകളായി മാറിക്കഴിഞ്ഞിരിക്കുന്നു.

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 640 ഹെ: കൃഷിനിലവും, 880 ഹെ:

പുരയിടവുമാണ്. ആകെയുള്ള 65 ഹെ: പുറമ്പോക്കു ഭൂമികളിൽ 30 ഹെക്ടറർ കൃഷിയോഗ്യമായ തരിശുകളാണ്.

ഈ 880 ഹെ: പുരയിടത്തിൽ പ്രധാന വിള തെങ്ങും, ഇടവിളയായി വാഴ, കവുങ്ങ്, മാവ്, പ്ളാവ്, കശുമാവ്, കുരുമുളക്, മററുപച്ചക്കറികൾ, ജാതി എന്നിവ കൃഷി ചെയ്യുന്നു. അനുബന്ധ പട്ടിക കാണുക (ഭൂവിനിയോഗത്തിൽ). 6 ഹെ: സ്ഥലത്ത് റബ്ബറും കൃഷി ചെയ്യുന്നു.

# കാലാവസ്ഥ

(എ) മഴ, മഞ്ഞ്, വേനൽ

ഭൂമദ്ധ്യരേഖയോടടുത്താണെങ്കിലും സമുദ്രസാമീപ്യം ഏറെക്കുറെ സമശീതോഷ്ണാ കാലാവസ്ഥ നൽകുന്നു.

നമ്മുടെ പഞ്ചായത്തിലെ കാലാവസ്ഥ ജില്ലയുടെതിൽ നിന്നു വ്യത്യാസമില്ലാതെ തുടരുന്നു. ഇവിടെ അനുഭവപ്പെടുന്ന കാലാവസ്ഥയുടെ മാററത്തിലുള്ള, വ്യത്യസ്ത കാലയളവുകളാണ് ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നമ്പ | കാലാവസ്ഥ | കാലയളവ്/ഊഷ്മാവ് | അനുഭവപ്പെടുന്ന മാസങ്ങൾ |
|---|---|---|---|
| 1 | കാലവർഷം | $3\frac{1}{2}$ മാസം<br>28₀ 24°c<br>കൂടുതൽ കുറവ് | ജൂണിൽ ആരംഭിച്ച് സെപ്തംബർ മാസം പകുതിയോടെ തീരുന്നു. |
| 2 | തുലാവർഷം | $1\frac{1}{2}$മാസം<br>30°c 26°c | സെപ്തംബർ രണ്ടാം പകുതിയിൽ തുടങ്ങി ഒക്ടോബർ അവസാനം വരെ |
| 3 | ശീതകാലം | $3\frac{1}{2}$ മാസം<br>32°c 28°c | നവംമ്പറിൽ തുടങ്ങി ഫെബ്രുവരി ആദ്യ ആദ്യ പകുതി വരെ |
| 4 | വേനൽകാലം | $3\frac{1}{2}$ മാസം<br>34°c 29°c | ഫെബ്രുവരി രണ്ടാം പകുതി മുതൽ മെയ് അവസാനം വരെ. |

വർഷപാതം

| വർഷം | അളവ് |
|---|---|
| 1987 | 2402 മി. മി. |
| 1988 | 2810 |
| 1989 | 2844 |
| 1990 | 2467 |
| 1991 | 3328 |

തുലാവർഷമൊഴിച്ച് മറെറല്ലാം തുല്യ കാലളവുകളിൽ അനുഭവപ്പെടുന്നു. മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഒന്നോ രണ്ടോ വീതം ഇടമഴകൾ ലഭിക്കാറുണ്ട്.

(ബി) കാററ്

കാലവർഷത്തിന്റെ ആരംഭത്തിൽ മിക്ക വർഷങ്ങളിലും ശക്തിയായ കാററു വീശുന്നു. ചില വർഷങ്ങളിൽ കാററിന്റെ വേഗത 60-65 കി. മീ. വരെ എത്താറുണ്ട് കൃഷികൾക്കും വൃക്ഷങ്ങൾക്കും വൻ നാശനഷ്ടങ്ങൾ വിതച്ചുകൊണ്ടാണ് ഇതിന്റെ സംഹാരം അവസാനിക്കുന്നത്. ശക്തമായ കാററ് അനുഭവപ്പെടുന്നത് കാലവർഷ, കാ കാലയളവിൽ മൂന്നോ നാലോ ദിവസങ്ങളിലാണ് അപൂർവ്വമായി ജീവഹാനിയും, വീടുകൾക്ക് നാശവും സംഭവിക്കുന്നതും പതിവാണ്.

കൊടുങ്കാററിന്റെയും വെള്ളപ്പൊക്കത്തിന്റെയും ഫലമായി കഴിഞ്ഞ രണ്ടു വർഷങ്ങളിലും ദുരിതാശ്വാസം നൽകേണ്ടി വന്നിട്ടുണ്ട്.

342

ദുരിതാശ്വാസം ലഭിച്ചവർ

| വർഷം | കൊടുങ്കാററ് | വെള്ളപ്പൊക്കം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1994 – 95 | 477 | 44 | Rs. 1,32,130 |
| 1995 – 96 | 601 | 48 | Rs. 11,50,120 |

മേൽ വിവരങ്ങളിൽ നിന്നും കാററുവിതച്ചിരിക്കുന്ന നാശനഷ്ടങ്ങളുടെ ചിത്രം നമുക്ക് ലഭിക്കുന്നു.

വൃശ്ചിക മാസത്തിൽ, പാലക്കാടൻ ചുരം കടന്നു വരുന്നു എന്ന് പറയപ്പെടുന്ന ശീതക്കാററ് ഒന്നുരണ്ടാഴ്ചയെങ്കിലും നീണ്ടുനിൽക്കും. ഇതിന് 'വൃശ്ചികക്കാററെ'ന്നും പറയുന്നു.

ആരോഗ്യ പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ ശീതകാലമാണ് ഏററവും പ്രതികൂലമായി അനുഭവപ്പെടുന്നത്.

## ജലലഭ്യത

ജല സ്രോതസുകളുടെ കാര്യത്തിൽ നാം അനുഗ്രഹീതരാണ്. പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിൽക്കൂടി 'പെരിയാറും' വടക്കെ അതിരിൽ കൂടി ചാലക്കുടിയാറും' പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ എത്തിച്ചേരുന്നു.

ഊഴംപുഴ വടക്കുകിഴക്കു നിന്നു, തെക്കു പടിഞ്ഞാറോട്ടൊഴുകി പെരിയാറിൻെറ കൈവഴിയായ ചാലാക്ക - ചെറിയതേക്കാനം ഇടപ്പുഴയിലെത്തി വീണ്ടും പെരിയാറിൽ സന്ധിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൻെറ 'ക്രോസ് ബൽ'ടാണ് ഈ പുഴ.

കുത്തിയതോട് ചാലാക്കൽ വാർഡുകളെ തമ്മിൽ മുട്ടാതെ വേർതിരിച്ചു കൊണ്ട് മാഞ്ഞാലിതോട് പടിഞ്ഞാറോട്ടൊഴുകുന്നു.

മൊത്തം വാർഡുകളിലേയും സമതല പ്രദേശങ്ങളിലേക്ക് ജലവാഹികളായി നിരവധി കൈതോടുകൾ ഉണ്ട്. ഇത്തരുണത്തിൽ അതേതെല്ലാമാണെന്ന് താഴെപരിശോധിക്കാം.

### കുന്നുകര ഈസ്ററ് വാർഡ് I

(1) അടപ്പാത്തോട്.
(2) വേറോണത്തുതോട്.
(3) മണ്ടങ്കേരി-കിടങ്ങാംതോട്
(4) ചീക്കേലി-മീൻമുഖത്തോട്
(5) വയലിക്കാട്-മണ്ടങ്കേരിതോട്

### കുന്നുകര വെസ്ററ്-വാർഡ് II

(1) അടപ്പാത്തോട്(തുടർച്ച)
(2) പടുവായിത്തോട്
(3) പുത്തൻപുഞ്ചതോട്
(4) ഇടയക്കുളം-മഠത്തുംചാൽതോട്

### വയൽകര-വാർഡ് III

(1) കുററിക്കാട്ടുപാടംതോട്
(2) പടിഞ്ഞററുപടി-കൽപ്പാട്ടുചാൽതോട്
(3) കുററിയാൽ പുളിക്കത്തോട്
(4) പുറമിററം-കട്ടപ്പുഞ്ചത്തോട്

### തെക്കേഅടുവാശ്ശേരി വാർഡ് IV

(1) കാലമിററം-കുററിയാൽത്തോട്
(2) മൂയാത്തുതോട്
(3) മുപ്പോറത്തോട്

### വടക്കേഅടുവാശ്ശേരി വാർഡ് V

(1) മീൻമുഖം-പാങ്കോറത്തോട്
(2) മുയാത്ത്-ചീക്കേലിതോട്
(3) കൊടിയംകാട്-വലിയപടവുതോട്
(4) മാടപ്പുറം-തലോടിത്തോട്

34

**അയിരൂർ വാർഡ് VI**

(1) അയിരൂർ പുത്തൻതോട്
(2) ഒടിയപ്പാടംതോട്
(3) ആര്യക്കാട്തോട്
(4) ചിരട്ടപ്പാടംതോട്
(5) പുറത്തായിതോട്

**ആററുപുറം-വാർഡ് VII**

(1) ആര്യക്കാട്തോട്

**കുത്തിയത്തോട് വാർഡ് VIII**

(1) ശൂദ്രക്കാട്തോട്
(2) കാഞ്ഞിരക്കാട്ടുചിറ

**ചാലായ്ക്കൽ – ചെറിയത്തേയ്ക്കാനം വാർഡ് IX**

(1) ചെട്ടിക്കാട്–കണ്ണാക്കത്തോട്
(2) കണ്ണാക്കചിറയ്ക്കൽതോട്
(3) വെളിയാംതോട്
(4) പുറമ്പോക്ക്തോട്

**കുററിപ്പുഴ വാർഡ് X**

(1) അടപ്പാത്തോട്(തുടർച്ച)
(2) തുമ്പരംപെരുമനത്തോട്
(3) കൊല്ലാറ–കുററിയാൽതോട്

എന്നിവയെല്ലാം എടുത്തുപറയാവുന്ന ജലസ്രോതസ്സുകളാണ്. കൃഷിക്കാവശ്യമായ ജലം എത്തിച്ചുകൊടുക്കുന്നതോടൊപ്പം വെള്ളക്കെട്ടനുഭവപ്പെടുമ്പോൾ നിർഗ്ഗമന മാർഗ്ഗങ്ങളായും ഇവ ഉപയോഗപ്പെടുന്നു.

ഉയർന്ന പ്രദേശങ്ങളിൽ വിളകൾക്ക് വെള്ളമെത്തിക്കുന്നതിനും സമതലങ്ങളിൽ ഒന്നിൽ കൂടുതൽ 'പൂവ്' കൃഷിയിറക്കുന്നതിനും മൂന്നു മേജർ ജലസേചനപദ്ധതികളുംഉണ്ട് കുററിപ്പുഴ, വയൽകര, കുന്നുകര യഥാക്രമം നമ്പർ (1, 2, 3) M I സ്കീമുകൾ കുന്നുകര ഒന്നും രണ്ടും വാർഡുകൾക്കും, തെക്കെ–വടക്കെ അടുവാശ്ശേരി, കുററിപ്പുഴ വാർഡുകൾക്കും പ്രയോജനം നൽകുന്നവയാണ്. ഈ മൂന്നു സ്കീമുകളുടേയും കനാലുകൾ തമ്മിൽ സന്ധിച്ച് ഒരു സംയോജിത പദ്ധതിയായി ആണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് നേരിട്ടുസ്ഥാപിച്ചിട്ടുള്ള താഴെവിവരിക്കുന്ന ഒമ്പതുചെറുകിട ജലസേചനപദ്ധതികളും കൃഷിക്ക് വെള്ളമെത്തിക്കുന്നുണ്ട്. 1969മുതൽ 78 വരെയുള്ള കാലയളവിൽ സ്ഥാപിച്ചതാണ് ഇവയെല്ലാം തന്നെ.

| ക്ര. ന. | പദ്ധതി സ്ഥാപിച്ചിട്ടുള്ള സ്ഥലം | H. P. | ആയക്കട്ട് വിസ്തീർണ്ണ | വാർഡ് |
|---|---|---|---|---|
| 1 | ഒടിയപ്പാടം | 25 HP. | 96.780 ഏ: | അയിരൂർ |
| 2 | പുറത്തായിപ്പാടം | 15 HP. | 69.150 | അയിരൂർ |
| 3 | തേർച്ചപ്പാടം | 20 HP. | 80.340 | ആററുപുറം |
| 4 | ആഞ്ഞേക്കാട് | 25 HP. | 96.495 | അയിരൂർ |
| 5 | തുമ്പരത്തേരി | 10 HP. | 45.000 | കുന്നുകര |
| 6 | ചാലാക്കൽ | 15 HP. | 94.310 | ചാലാക്കൽ |
| 7 | മളേക്കാട് | 10 HP. | 71.610 | ആററുപുറം |
| 8 | ചെറിയതേക്കാനം | 10 HP. | 50 000 | ചാലാക്കൽ |
| 9 | ചുട്ടാട് | 15 HP. | 140.700 | കുന്നുകര |

ആകെ പ്രയോജനപ്പെടുന്ന സ്ഥലം 744. 385 ഏക്കർ(301.73ഹെ:).

കൂടാതെ വടക്കേഅടുവാശ്ശേരയിലെ കാങ്കപ്പാടം L.I. സ്കീം 40HP കർഷകസമിതിയുടെ കീഴിൽ നടത്തപ്പെടുന്നതാണ്. ആററുപുറംL.I.S. 20HP കെയർ സംഘടന സംഭാവന ചെയ്ത് ബ്ലോക്ക് വഴി സ്ഥാപിച്ചത് കർഷകസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കുന്നുകര വെസ്ററ് വാർഡിലെ ആനക്കുളം ഈസ്ററ് വാർഡിലെ ചാൽ പുഞ്ചകളും ജലസ്രോതസ്സുകളാണ്.

28പൊതുക്കിണറുകൾ വിവിധ വാർഡുകളിലായി വിന്യസിച്ചിരിക്കുന്നു. ഇടത്തരക്കാർ മുതൽ മേലോട്ടുള്ളവർ മിക്കവാറും വീടുകളിൽ സ്വന്തമായി കിണർ കുഴിച്ചിട്ടുണ്ട്:

കുന്നുകര സർവ്വീസ് സഹകരണബാങ്ക് ഒരു കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളത്തിനും മററാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. പരിസരവാസികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

സാധാരണ കിണറുകൾ കുഴിച്ചാൽ കുടിവെള്ളം ലഭ്യമാണെന്നതിനാൽ ഭൂഗർഭ ജലം ചൂഷണം ചെയ്യുന്നതിന് കുഴൽ കിണറുകളെ ആശ്രയിക്കേണ്ട സ്ഥിതി ഇവിടെ തുലോം ചുരുക്കമാണ്.

കുന്നുകര ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതിയിൻ കീഴിൽ 18 ടാപ്പുകൾ ഒന്നും രണ്ടും വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

വാട്ടർറിസോഴ്സസ് വകുപ്പിൽ നിന്നു ശേഖരിച്ച കണക്കനുസരിച്ച് പെരിയാറിലെ ഓരോ മാസത്തിലെയും നീരൊഴുക്കാണ് താഴെ കൊടുത്തിരിക്കുന്നത്.

പെരിയാറിലെ ജലപ്രവാഹ നിരക്ക് (കാലടി പരിസരം)

| മാസം | ജനു: | ഫെ: | മാർ: | ഏ: | മെ: | ജൂൺ | ജൂല: | ഓ: | സെ: | ഒ: | ന: | ഡി: |
|---|---|---|---|---|---|---|---|---|---|---|---|---|
| ജലപ്രവാഹം മില്ല്യൻ കു. മീ. | 72.13 | 58.16 | 89.83 | 43.28 | 192.93 | 655.52 | 1580.94 | 621.59 | 729.09 | 604.59 | 314.64 | 167.23 |

ജൂണിൽ ആരംഭിക്കുന്ന കാലവർഷത്തോടെ വർദ്ധിക്കുന്ന നീരൊഴുക്ക് ജൂലൈയിൽ അതിന്റെ മൂർധന്യത്തിലെത്തി ഓഗസ്ററ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ തുല്യ വർദ്ധനവിൽ നിലനിന്ന് കുറഞ്ഞ് കുറഞ്ഞ് ഫെബ്രുവരിയോടെ പരമാവധി കുറവിലെത്തുന്നു. ജൂണിൽ ആരംഭിക്കുന്ന കാലവർഷം സെപ്തംബർ മാസം ഒന്നാം പകുതിയിൽ അവസാനിക്കുന്നതോടെ തുലാവർഷം ആരംഭിക്കുകയും ഒക്ടോബർ അവസാനം തീരുകയും ചെയ്യുന്നു. ഈ കാലാവസ്ഥയും പെരിയാറിലെ നീരൊഴുക്കും പരസ്പരം ബന്ധപ്പെട്ടതാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികകളും വ്യക്തമാക്കുന്നു.

ജലസ്രോതസുകളെ ബാധിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വഴിയെ പ്രതിപാദിക്കുന്നുണ്ട്.

# മണ്ണ്

പാനപര്യടന ഭൂപടം പരിശോധിച്ചാൽ ഗ്രാമത്തിന്റെ മദ്ധ്യേക്കൂടി കിഴക്കു പടിഞ്ഞാറു ദിശയിൽ ഭൂമിയുടെ മൺപാളികളുടെ ഏകദേശ ചിത്രം മനസ്സിൽ തെളിഞ്ഞു വരും.

തീരസമതലം പൂഴി കലർന്ന എക്കൽ മണ്ണും, താഴ്വര മണൽ കലർന്ന പശിമരാശിമണ്ണും (കളിമണ്ണ്), കുന്നിൻ ചരിവുകൾ മുകൾഭാഗം ചെമ്മണ്ണും (ചരൽമണ്ണ് ഒരു മീററർ ആഴം ശരാശരി), കീഴെ വെട്ടുകല്ലും, കുന്നിൻ പ്രദേശങ്ങളിൽ വെട്ടുകല്ലും എന്നിങ്ങനെയാണ് മണ്ണിന്റെ ഘടന.

വാർഡുതല ഭൂപടങ്ങൾ നിർമ്മിച്ചിട്ടുള്ളതിൽ നിന്ന് അതാതു വാർഡുതല മൺതിരങ്ങൾ ഏതൊക്കെ ഭാഗത്താണെന്ന് മനസ്സിലാക്കാം. കുന്നുകര ഈസ്ററ്, വെസ്ററ്, വടക്കെ അടുവാശ്ശേരി, തെക്കെ അടുവുവാശ്ശേരി എന്നിവിടങ്ങളിലെ കുന്നും, ചരിവുകളും കഴിച്ചാൽ എല്ലാ വാർഡുകളും പുഴകളുടെയും വലിയ തോടുകളുടേയും സാന്നിദ്ധ്യമുള്ളതിനാൽ, തീര പ്രദേശങ്ങളിൽ എക്കലും, സമതലങ്ങളിൽ പശിമരാശി മണ്ണും ആണുള്ളത. ഇതിന് ഭൂമിയുടെ നിരപ്പിൽ നിന്ന് നാലഞ്ച് മീററർ ആഴം കാണും.

345

ഇത്തരം മണ്ണ് ഫലഭൂയിഷ്ടമായതിനാൽ നെൽകൃഷിക്കും, തെങ്ങുകൃഷിക്കും അനുയോജ്യമാണ്.

തീരപ്രദേശങ്ങളിലും കുന്നിൻചരുവുകളിലും മഴക്കാലത്ത് മാത്രമാണ് മണ്ണിന് ഈർപ്പം പിടിച്ചു നിർത്താൻ കഴിയുന്നത്. മഴയകലുന്നതോടെ ഈർപ്പം കുറയുന്നതിനാൽ ഫലവൃക്ഷങ്ങൾക്ക് പ്രത്യേകിച്ച് തെങ്ങ്, കവുങ്ങ്, വാഴ എന്നിവയ്ക്ക് ജലസേചനം അത്യാവശ്യമായി തീരുന്നു.

സമതലങ്ങളിൽ പൊതുവെ മണൽ കലർന്ന പശിമരാശി മണ്ണാണെന്നു പറഞ്ഞല്ലോ. വർഷകാലങ്ങളിൽ വെള്ളം കെട്ടി നിറുത്തുന്ന സ്വഭാവമാണ് ഈ മണ്ണിന്. വേനലിൽ വെള്ളം വററുന്ന മുറക്ക് മണ്ണുണങ്ങി വിണ്ടുകീറുകയും ചെയ്യുന്നു. എന്നാൽ മിക്ക സമതലങ്ങളിലും ജലസേചന സൗകര്യമുള്ളതിനാൽ, മണ്ണിലെ ജലാംശം വററാതെ കൃഷിയിറക്കുന്നതിന് കഴിയുന്നു.

കുന്നിൻ പ്രദേശങ്ങളിൽ മേലാവരണം തന്നെ വെട്ടുകല്ലാണ്. ചുരുക്കംചിലയിടങ്ങളിൽ നരിപ്പാറയും (കരിമ്പാറ) കാണുന്നുണ്ട്. ഈ മണ്ണ് ഫലവൃക്ഷങ്ങൾക്ക് താരതമ്യേന പററിയതല്ല.

**മണ്ണിൻെറ ഘടന:** അമ്ലാംശം (P.H.) 4.5 മുതൽ 6.5 വരെ.

മണൽകലർന്ന പശിമരാശി മണ്ണ് 60%
എക്കൽ മണ്ണ് 30%
വെട്ടുകല്ല് 10%

വൻകിട ജലസേചന പദ്ധതികളായ ഭൂതത്താൻകെട്ട്, ഇടുക്കി, ഇടമലയാർ എന്നിവയൊക്കെ വന്നതോടെ നെൽപ്പാടങ്ങളിലും പറമ്പുകളിലും 'മലവെള്ളം' കയറുന്ന പതിവ് വർഷങ്ങളായി നിലച്ചിരിക്കുന്നു. മലവെള്ളത്തിൻെറ ഫലമായി കൃഷിയിടങ്ങളിൽ അടിഞ്ഞു കൂടിയിരിക്കുന്ന 'എക്കൽ' കർഷകന് നല്ല വിള കിട്ടാൻ സഹായിച്ചിരുന്നു. ഇന്ന് വളം പ്രത്യേകം ചേർക്കാതെ വിളവ് കിട്ടാത്ത സ്ഥിതിയായി.

# ഭൂവിനിയോഗം

ഗ്രാമപഞ്ചായത്തിൻെറ ഭൂവിസ്തൃതി 2214 ഹെക്ടറാണ്. ഇതിൽ 1526 ഹെക്ടർ സ്ഥലത്തായി വിവിധ വിളകൾ കൃഷി ചെയ്യുന്നുണ്ട്. ഇത് ആകെ ഭൂമിയുടെ 70% വരും. നെൽകൃഷി ഭൂമിയിൽ നല്ലൊരു പങ്ക് ഇഷ്ടികക്കും മററു വ്യാവസായിക ആവശ്യങ്ങൾക്കും മണ്ണെടുത്തത്കൊണ്ട് വെള്ളക്കെട്ടു വ്യാപിച്ച് ചതുപ്പായി തീർന്നിട്ടുണ്ട്. അതിനാൽ താഴെ കൊടുത്തിരിക്കുന്ന ഭൂവിനിയോഗ പട്ടികയിൽ, നെൽകൃഷിക്ക് വിനിയോഗിക്കുന്ന ഭൂമിയിൽ നാലിൽ ഒരു ഭാഗമെങ്കിലും ചതുപ്പായി മാറികൊണ്ടിരിക്കുകയാണ്.

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ക്ര. നം. | ഇനം | വിസ്തീർണ്ണം | |
|---|---|---|---|
| 1 | നിലം | 640 ഹെ: (നെൽകൃഷി | (a) ഒന്നാംവിള 560 ഹെ:<br>(b) രണ്ടാംവിള 610 ഹെ:<br>(c) മൂന്നാം വിള 640 ഹെ: |
| 2 | പുരയിടം | 880 ഹെ: | തെങ്ങ് മുഖ്യം<br>ഇടവിളകൾ വാഴ, ജാതി, കവുങ്ങ്, മററു പച്ചക്കറികൾ |
| 3 | പുറമ്പോക്ക് | 63 ഹെ: | |
| 4 | കൃഷിയോഗ്യ തരിശ് (പുറമ്പോക്ക്) | 30 ഹെ: | |
| 5 | കൃഷിയോഗ്യമല്ലാത്തത് | 33 ഹെ: | |

ഇതിൽനിന്നും ഇവിടത്തെ മുഖ്യവിള തെങ്ങാണെന്നു കാണാം. രണ്ടാം സ്ഥാനം നെല്ലും. ഇതായിരുന്നില്ല 25 കൊല്ലം മുമ്പുള്ള സ്ഥിതി. നെല്ലിനു തന്നെയായിരുന്നു മുൻതൂക്കം. എന്നാൽ വിശാലമായ നെൽപ്പാടങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പാടം നികത്തലും മൺഖനനവും വ്യാപകമായതാണ് ഇതിനു കാരണം.

പഴയ പാടങ്ങൾ തെങ്ങിൻ തോപ്പുകളും മണ്ണിട്ടു നികത്തി പുരയിടമാക്കി പണി കഴിച്ചിട്ടുള്ള വീടുകളും കൊണ്ടും നിറഞ്ഞിരിക്കുന്നു. ജനസംഖ്യാ വർദ്ധനയും, നെൽകൃഷി ആദായകരമല്ലാത്തതും ഇതിന്റെ മുഖ്യ കാരണങ്ങളാണ്.

വിവിധയിനം റോഡുകൾക്കായി 68 കിലോമീററർ നീളം വിവിധ വീതികളിൽ വിനിയോഗിക്കുന്നുണ്ട്.

## ജൈവ സമ്പത്ത്

വിവിധ വിളകളുടെയും വിസ്തൃതിയുടെയും ഉത്പാദന ക്ഷമതയുടെയും വിവരങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു

### വിളവിസ്തീർണ്ണവും ഉത്പാദനവും

| ക്ര: നം: | വിള | വിസ്തീർണ്ണം (ഹെ:) | മൊത്തം ഉത്പാദനം | ഉൽപ്പാദനക്ഷമത |
|---|---|---|---|---|
| 1 | നെല്ല്-ഒന്നാംവിള | 560 | 1428 ടൺ | 2.55 ടൺ/ഹെ |
| 2 | ,, രണ്ടാംവിള | 619 | 1464 ,, | 2.40 ടൺ/ഹെ |
| 3 | ,, മൂന്നാംവിള | 640 | 1568 ,, | 2.45 ടൺ/ഹെ |
| 4 | പയർ | 45 | 33.75 ,, | 750 kg./ഹെ |
| 5 | പച്ചക്കറികൾ | 35 | 350 ,, | 10 ടൺ/ഹെ |
| 6 | തെങ്ങ് | 830 | 15,84,000 എണ്ണം | 30എണ്ണം/തെങ്ങ് |
| 7 | വാഴ | 250 | 56,25,000 കിലോ | 17500കി/ഹെ |
| 8 | മരച്ചീനി | 20 | 240 ടൺ | 20ടൺ/ഹെ |
| 9 | മാവ് | 20 | 140 ടൺ | 7 ടൺ/ഹെ. |
| 10 | കവുങ്ങ് | 95 | 1050 ടൺ | 5 ടൺ/ഹെ. |
| 11 | ചേന | 50 | 1250 ടൺ | 20 ടൺ/ഹെ. |
| 12 | ജാതി | 40 | 50 ടൺ | 1.25 ടൺ/ഹെ. |
| 13 | കുരുമുളക് | 40 | 15750 കി. | 400 kg./ഹെ. |
| 14 | പ്ലാവ് | 5 | 15000 എണ്ണ. | 3000/ഹെ. |
| 15 | കശുമാവ് | 20 | 34 ടൺ | 1.7 ടൺ/ഹെ. |
| 16 | റബ്ബർ | 6 | 120കി /ദിവസം | 30 കി /ദിവസം/ഹെ. |

പശു വളർത്തലിന് ആഭിമുഖ്യം വന്നതിനാലും മേച്ചിൽ സ്ഥലങ്ങളുടെ വിസ്തൃതി ചുരുങ്ങിയതിനാലും പോഷക മൂല്യമുള്ള പുതിയ ഇനം തീററപ്പുൽ ചുരുക്കം ചില പുരയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുന്നുണ്ട്.

നെല്ലിലെ കളകൾ ഉല്പ്പാദനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. മണ്ണിൽ മുളച്ചുണ്ടാകുന്ന പോട്ട, മഞ്ഞുപുല്ല്, കൗണ്ടപ്പുല്ല്, കരിങ്കൂവളം, പടരൻപുല്ല് എന്നിവക്ക് പുറമെ ഏതാണ്ട് 25 വർഷം മുമ്പ് എങ്ങുനിന്നോ വന്നെത്തിയ 'ആഫ്രിക്കൻ പായലും' കൃഷിക്കാർക്ക് പ്രശ്നം സൃഷ്ടിക്കുന്ന കളകളാണ്.

നമ്മുടെ ഗ്രാമം ഒരു അമ്പതു കൊല്ലം മുമ്പ് വരെ ഔഷധ സസ്യങ്ങളുടെ കാര്യത്തിൽ സമ്പന്നമായിരുന്നു. ആയുർവ്വേദ വൈദ്യൻമാർ മുഖ്യമായും ചികിൽസ നടത്തിയിരുന്ന അക്കാലത്ത് 'പച്ചമരുന്നുകൾ'

മുഖ്യ ഘടകമായിരുന്നു. വിസ്തൃതമായ പറമ്പുകളിലും, കുന്നിൻപ്രദേശങ്ങളിലും, സർപ്പക്കാവുകളിലും ധാരാളം ഔഷധ സസ്യങ്ങൾ ഉണ്ടായിരുന്നു.

കുറുന്തോട്ടിയും, കരിങ്കുറിഞ്ഞിയും, ആടലോടകവും, പാതിരി, പലകപ്പയ്യാണി, കുമ്പിൾ, കൂവളം, ചെത്തി, നിലപ്പന, ബ്രഹ്മി, അമൃത് എന്നിത്യാദി ആയുർവേദത്തിലെ മിക്ക മരുന്നുകളും ലഭ്യമായിരുന്നു. എന്നാൽ മേൽ പ്രസ്താവിച്ചിട്ടുളള പല കാരണങ്ങൾ കൊണ്ടും ഇവയെല്ലാം നാമാവിശേഷമായിരിക്കുന്നു. ഇന്ന് ഈ പച്ച മരുന്നുകളുടെ സ്ഥാനത്ത് ഉണക്കിക്കിട്ടുന്ന 'പച്ചമരുന്നു'കളാണ് നമുക്ക് അങ്ങാടിക്കടകളിൽ കിട്ടുന്നത്. ഇതിലെ 'വ്യാജനെ' തിരിച്ചറിയാനും പ്രയാസമാണ്.

കന്നുകാലി സമ്പത്തിൽ നമ്മുടെ പഞ്ചായത്ത് ഒരു പരിധി വരെ അനുഗ്രഹീതമാണെന്ന് താഴെ കാണുന്ന കണക്കുകൾ വ്യക്തമാക്കുന്നു. 1996 ലെ കന്നുകാലി സെൻസസ് അനുസരിച്ചുളള കണക്കുകളാണ് കൊടുത്തിരിക്കുന്നത്.

കന്നുകാലികൾ (1996 ലെ കന്നുകാലി സെൻസസ്)

| ക്രമനമ്പർ | ഇനം | എണ്ണം | ആൺ | പെൺ | കന്നുകാലികളെ വളർത്തുന്ന വീടുകൾ |
|---|---|---|---|---|---|
| 1 | ക്രോസ്ബ്രീഡ് | 2396 | 312 | 2084 | 1188 |
| 2 | നാടൻ | 728 | 293 | 435 | |
| 3 | ബഫല്ലോ | 353 | 222 | 131 | |
| 4 | ആടുകൾ | 1347 | 297 | 950 | 520 |
| 5 | പന്നി | 26 | ,, | ,, | |
| 6 | പട്ടി | 202 | ,, | ,, | |
| 7 | പൗൾട്രി | | ,, | ,, | |
| a) | താറാവ് | 1907 | ,, | ,, | |
| b) | കോഴി | 14133 | ,, | ,, | |
| | മൊത്തം | 16040 | | | |

കുറിപ്പ്: ഒന്നിനേയും വളർത്താത്ത വീടുകൾ 1840.

കഴിഞ്ഞ കാലങ്ങളിൽ കന്നുകാലികളെ വളർത്തിയിരുന്നത് മുഖ്യമായും കൃഷിക്ക് വേണ്ടി നിലം ഉഴുന്നതിനായിരുന്നു. എന്നാൽ നിലം ഉഴുകുന്ന ജോലിയന്ത്രക്കലപ്പകൾ കയ്യടക്കിയിരിക്കുന്നു.

പൗൾട്രിഫാം നടത്തുന്നത് മുഖ്യമായും ഇറച്ചിക്കു വേണ്ടിയാണ്. പാൽസംഭരണ വിതരണ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ വിവിധ സൊസൈററികൾ രൂപമെടുത്തതോടെ പശു വളർത്തൽ വ്യാപകമായിട്ടുണ്ട്.

ക്ഷേത്ര പരിസരത്തുളള ആലുകളിൽ വവ്വാലുകൾ ധാരാളമുണ്ടായിരുന്നു. ഇപ്പോൾ അവയുടെ എണ്ണവും കുറഞ്ഞിരിക്കുന്നു. നെൽപാടത്ത് കൊററികളേയും ധാരാളമായി കാണുന്നു.

1996 ൽ വയൽകര പാടശേഖരങ്ങളിലെ വിളഞ്ഞു കിടന്നിരുന്ന നെൽകൃഷിയിൽ 'വെട്ടുക്കിളി' എന്നപേരിൽ അറിയപ്പെടുന്ന പക്ഷികൾ പററമായി വന്നു, നെല്ലും ഊരിയെടുത്തിരുന്നു. ഒററ രാത്രി കൊണ്ട് ഒരു ഭാഗം മുഴുവൻ തന്നെ ഇവയുടെ ആക്രമണത്തിൽ നശിച്ചിരുന്നു. ഉറക്കം കളഞ്ഞിരുന്നു കൂകിയും, പാട്ടകൊട്ടിയും പടക്കം പൊട്ടിച്ചുമാണ് ഇവയെ ഓടിച്ചിരുന്നത്. ഇത് ഒരു പുതിയ പ്രശ്നം തന്നെയായിരുന്നു.

ചില പ്രത്യേക കാലങ്ങളിൽ (നെല്ലു) വിളയുമ്പോഴും ഞാറുപാകുമ്പോഴും പ്രത്യേകമായും) തത്തകളും, ആററകളും പ്രാവുകളും, കൂട്ടത്തോടെ എത്തുന്നു. അമ്പലങ്ങൾ, പളളികൾ, എന്നിവയുടെ കുരകളിലും പ്രാവുകളെ ധാരാളമായി കാണാം.

മേടമാസക്കാലത്ത് 'വിഷുപക്ഷി'യും (കൃഷ്ണപക്ഷി) വന്നുപോകാറുണ്ട്. നാടൻ പക്ഷികളായ കാക്ക, കൂമൻ, മാടത്ത, കുരുവികൾ എന്നിവയൊക്കെ നമ്മുടെ ഗ്രാമത്തിലുമുണ്ട്.

വലിയ വൃക്ഷങ്ങൾ നാമാവശേഷമായതോടെ പരുന്ത് വർഗ്ഗത്തെയും തീരെ കാണുന്നില്ലെന്നു തന്നെ പറയാം.

# കാവുകൾ

വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന കാവുകൾ 17 എണ്ണം വരും. (വാർഡ് ഒന്നിൽ 3, രണ്ടിൽ 1, മൂന്നിൽ 5, അഞ്ചിൽ 2, ഒൻപതിൽ 3, പത്തിൽ 3) ഇവിടെ കാവുകൾ എന്നു വിവക്ഷിക്കുന്നത് അമ്പലങ്ങളെ ഉദ്ദേശിച്ചാണ്.

ഇതിൽ മിക്ക കാവുകളോടും അനുബന്ധിച്ച് കുളങ്ങളോ കിണറുകളോ ഉണ്ട്.

പണ്ട്കാലത്ത്, ഏതാണ്ട് 40–50 വർഷങ്ങളിൽ, മിക്ക ഹിന്ദു പുരയിടങ്ങളിലും 'സർപ്പക്കാവുകൾ' നിലനിന്നിരുന്നു. നൂറും പാലും കൊടുത്ത് സർപ്പാരാധനയും നടത്തിയിരുന്നു. എന്നാൽ കൂട്ടു കുടുംബ വ്യവസ്ഥ അവസാനിക്കുകയും 'അണു കുടുംബങ്ങൾ' ഉടലെടുക്കുകയും ചെയ്തതോടെ പുരയിടങ്ങളുടെ വിസ്തൃതി നാലും അഞ്ചും സെൻറായി ചുരുങ്ങുകയും ചെയ്തതോടെ സർപ്പക്കാവുകൾ നീക്കം ചെയ്യപ്പെടുകയും ചെയ്തു. ജനസംഖ്യാ വർദ്ധന മൂലം പറമ്പുകളുടെ വിസ്താരം ചുരുങ്ങിയതും മറെറാരു കാരണമായി ചൂണ്ടിക്കാട്ടാം.

പ്രകൃതി സന്തുലനത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്ന കാവുകൾ ഇന്നു നാമാവശേഷമായി - എന്നുതന്നെ പറയാം. ഇതോടെ പാമ്പുകളുടെ എണ്ണം കുറവു വന്നിരിക്കുന്നു.

മറെറാന്ന് തവളകളുടെ എണ്ണത്തിലെ കുറവാണ്. തവളപിടുത്തം ഇതിന് മുഖ്യ കാരണമായിരുന്നു. പാമ്പുകളുടെ വംശനാശം കർഷകൻെറ ശത്രുവായ എലികളുടെ വർദ്ധനവിന് ഒരു കാരണമാണ്. നാട്ടറിവനുസരിച്ച് പണ്ടത്തേക്കാൾ കൊതുക് വർദ്ധിച്ചിരിക്കുന്നു. തവളയുടെ വൻനാശം ഇതിന് കാരണമാക്കിയിരിക്കുന്നു.

# മനുഷ്യവിഭവം

എ. ജനസംഖ്യ

1991ലെ സെൻസസ് പ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 19742 ആണ്. വിശദവിവരങ്ങൾ താഴെ പട്ടികയായി ചേർത്തിരിക്കുന്നു.

ഗ്രാമപഞ്ചായത്ത്-ജനസംഖ്യ (1991 കനേഷുമാരി)

| Cod No | ഗ്രാമ പഞ്ചായത്ത് | വിസ്തീർണ്ണം | ആൾതാമസമുള്ള വീടുകൾ | ആകെ വീടുകൾ | മൊത്തം ജനസംഖ്യ | പു | സ്ത്രീ | 0-6 വയസുള്ള കുട്ടികൾ | | | പട്ടികജാതി | | പട്ടികവർഗം | | സാക്ഷരൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | മൊത്തം | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| Ward | കുന്നുകര | 21.5 ച.കി.മി | 3857 | 3863 | 19742 | 9653 | 10089 | 2142 | 1074 | 1068 | 1308 | 1311 | 2 | 1 | 7993 | 7820 |
| 1 | | | 403 | 403 | 1889 | 914 | 975 | 173 | 92 | 81 | 81 | 94 | ... | ... | 780 | 822 |
| 2 | | | 387 | 387 | 1856 | 894 | 962 | 216 | 106 | 110 | 193 | 205 | ... | .... | 698 | 676 |
| 3 | | | 593 | 598 | 3075 | 1502 | 1573 | 353 | 183 | 170 | 228 | 217 | 2 | 1 | 1196 | 1132 |
| 4 | | | 573 | 573 | 3099 | 1554 | 1545 | 329 | 160 | 169 | 55 | 52 | ... | ... | 1330 | 1221 |
| 5 | | | 439 | 440 | 2182 | 1073 | 1109 | 235 | 116 | 119 | 174 | 171 | ... | ... | 866 | 848 |
| 6 | | | 609 | 609 | 2031 | 971 | 1060 | 245 | 109 | 139 | 104 | 124 | ... | ... | 841 | 848 |
| 7 | | | 173 | 174 | 1969 | 982 | 987 | 210 | 108 | 102 | 100 | 96 | ... | ... | 840 | 823 |
| 8 | | | 277 | 277 | 1552 | 766 | 786 | 160 | 84 | 76 | 153 | 147 | ... | ... | 609 | 609 |
| 9 | | | 403 | 407 | 2089 | 997 | 1092 | 221 | 116 | 105 | 220 | 205 | ... | ... | 833 | 814 |
| 10 | | | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... | ... |

കുറിപ്പ്: ഈ കണക്കുകൾ 10-ാം വാർഡിന്റെ രൂപീകരണത്തിന് മുമ്പെടുത്തവയാണ്. 3, 4 വാർഡുകൾ വിഭജിച്ചാണ് ഇപ്പോൾ വാർഡ് 10-ാം വാർഡ് രൂപീകരിച്ചിട്ടുള്ളത്.

# WORK PARTICIPATION (1991 CENSUS)

(ബി) തൊഴിൽ പങ്കാളിത്തം

| Pt. Ward | Total Main Workers | | Cultivators | | Agl. Labourers | | Live Stock, For Stery, Fishing Hunting Plantation Etc. | | Mining Quarry | | Manufacturing Processing Repair in House Hold Industry | | Other Than House Hold | | Constn | | Trader Commerce | | Transport Storage & Communication | | Other Services | | Marginale Wokrers | | Non Workers | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F | M | F |
| Ku. | 4518 | 1617 | 747 | 54 | 958 | 928 | 256 | 13 | 62 | 4 | 43 | 20 | 929 | 301 | 214 | 7 | 680 | 44 | 273 | 19 | 356 | 227 | 489 | 546 | 4646 | 7926 |
| Wards | | | | | | | | | | | | | | | | | | | | | | | | | | |
| 1 | 448 | 154 | 77 | 7 | 182 | 98 | 6 | ... | ... | ... | 2 | ... | 54 | 6 | 17 | 2 | 54 | 6 | 23 | ... | 33 | 35 | 33 | 48 | 433 | 773 |
| 2 | 415 | 188 | 37 | 4 | 72 | 111 | 12 | 1 | 6 | 3 | 6 | 2 | 131 | 48 | 17 | 2 | 61 | 2 | 39 | 3 | 34 | 12 | 31 | 16 | 448 | 758 |
| 3 | 703 | 145 | 132 | 11 | 174 | 70 | 67 | 1 | 8 | .... | 2 | ... | 100 | 39 | 24 | ... | 114 | 4 | 35 | 6 | 47 | 14 | 33 | 102 | 766 | 1326 |
| 4 | 683 | 172 | 68 | 6 | 47 | 95 | 56 | 1 | 16 | 1 | 11 | 6 | 159 | 23 | 28 | .... | 128 | 7 | 69 | 1 | 101 | 32 | 114 | 86 | 757 | 1287 |
| 5 | 545 | 254 | 109 | 10 | 124 | 152 | 38 | ... | 3 | ... | 9 | 10 | 123 | 51 | 24 | ... | 59 | 2 | 20 | ... | 36 | 29 | 57 | 71 | 471 | 784 |
| 6 | 601 | 213 | 93 | 9 | 139 | 145 | 21 | 6 | 3 | ... | 1 | ... | 59 | 12 | 45 | 3 | 88 | 4 | 23 | 2 | 29 | 32 | 17 | 33 | 453 | 814 |
| 7 | 491 | 202 | 127 | 5 | 126 | 140 | 33 | 1 | 4 | ... | 1 | 2 | 44 | 15 | 42 | ... | 65 | 4 | 22 | 3 | 29 | 32 | 31 | 11 | 458 | 774 |
| 8 | 369 | 192 | 64 | 2 | 74 | 103 | 9 | .... | 19 | ... | ... | ... | 97 | 48 | 10 | ... | 45 | 6 | 23 | 3 | 28 | 30 | 24 | 41 | 373 | 553 |
| 9 | 361 | 97 | 40 | ... | 20 | 14 | 14 | ... | 3 | ... | 11 | .... | 162 | 59 | 7 | ... | 66 | 9 | 19 | 1 | 19 | 11 | 149 | 138 | 487 | 857 |

35

(സി) സ്ത്രീ പുരുഷ അനുപാതം

മേൽ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ 1000 പുരുഷന് 10 45 സ്ത്രീ എന്നാണ് കണക്ക്. ഇതിന്റെ സംസ്ഥാന, ജില്ലാ പഞ്ചായത്ത് അനുപാതത്തിന്റെ താരതമ്യം താഴെ കൊടുക്കുന്നു.

| സ്ത്രീ: പു: അനുപാതം 1000 പുരുഷന്/സ്ത്രീ | വർഷം | അനുപാതം |
|---|---|---|
| കേരളം | 1040 | സംസ്ഥാന |
| എറണാ : ജില്ലാ | 1002 | ജില്ലാ ഗ്രാമ പഞ്ചായത്ത് |
| ഗ്രാമപഞ്ചായത്ത് | 1045 | 33.7:32:5:33.9 |

ജില്ലയെ അപേക്ഷിച്ച് 1.40% കൂടുതലാണ് ഗ്രാമ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം

(ഡി) ജനസാന്ദ്രത: (ച. കി. മീ. ന്)

| വർഷം | ഇന്ത്യ | കേരളം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1981 | 216 | 655 | | 837 |
| 1991 | 267 | 747 | 1168 | 929 |

ജനസാന്ദ്രത 81 ൽ നിന്ന് വർദ്ധന 92

ഇ) ജനസംഖ്യാവർദ്ധന(ശതമാനകണക്കിൽ)

| വർഷം | കേരളം | ജില്ലാ | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1981-1991 | 14,06 | 11.12 | 10.97 (19742-17990)<br>1991-1931 |

ഗ്രാമ ജനസംഖ്യാ വർദ്ധന സംസ്ഥാന ജില്ലാ വർദ്ധന വിനേക്കാൾ കുറവാണ് ഗ്രാമ പഞ്ചായത്തിൽ. നമ്മുടേത് 10. 97% മാത്രമാണ്. ഇത് എടുത്ത് പറയത്തക്കനേട്ടം തന്നെയാണ്.

(എഫ്) സാക്ഷരത: ഗ്രാമപഞ്ചായത്ത്.

| ജനസംഖ്യ 1991 | സ്ത്രീ | പു |
|---|---|---|
| 19742 | 10089 | 9653 |
| സാക്ഷരത 15813 | 7820 | 7993 |
| ശതമാനം 80. 10 | 77. 51 | 82. 80 |

352

സാക്ഷരത—സംസ്ഥാന–ജില്ല–പഞ്ചായത്ത് താരതമ്യം % കണക്കിൽ.

| സംസ്ഥാനം | | ജില്ല. | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| ആകെ | 90.59 | 82.14 | 80.10 |
| സ്ത്രീ | 86.93 | 79.65 | 77.51 |
| പു: | 94.45 | 84.63 | 82.80 |

സംസ്ഥാന-ജില്ലാ സാക്ഷരതാ കണക്ക് ഗ്രാമപഞ്ചായത്തിലേതുമായി താരതമ്യം ചെയ്യുമ്പോൾ നാം രണ്ടിനും പിന്നിലാണെന്ന് കാണാം. സ്ത്രീ സാക്ഷരത പുരുഷൻമാരേക്കാൾ 5.3% പുറകിലാണെന്നും കാണാം. ഇതിന്റെയടിസ്ഥാന കാരണങ്ങൾ പരിശോധിച്ചു പരിഹാരം കാണേണ്ടിയിരിരിക്കുന്നു.

മറെറാന്ന് വളരെ ഗൗരവമുള്ളതാണ്. ഗ്രാമപഞ്ചായത്തിലെ 19742 പേരിൽ തൊഴിലില്ലാത്തവർ 12572 ആണെന്നു കാണുന്നു അതിൽതന്നെ തൊഴിലില്ലാത്ത സ്ത്രീകൾ 7926 ആണ്. ഇത് ഭാവി ആസൂത്രണത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

നിലവിലുള്ള തൊഴിൽ മേഖലകളിൽ മുഖ്യമായത് കാർഷിക മേഖല തന്നെയാണ്. ഇഷ്ടിക കളങ്ങളുടെ തള്ളിക്കയററം ആ രംഗത്തേക്ക് തൊഴിലാളികളെ ആകർഷിക്കുകയും കാർഷിക രംഗത്ത് പണിയെടുക്കാൻ തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുമാണ് ഇപ്പോഴുള്ളത്. പ്രത്യേകിച്ച് കൊയ്ത്തിന് ആളെ കിട്ടുന്നില്ല.

# പരിസ്ഥിതി പ്രശ്നങ്ങൾ

ഇഷ്ടികക്ക് വൻഖനനം

(എ) അതിപ്രധാനമായ പ്രശ്നങ്ങളാണ് ഈ രംഗത്തുളളത് ഒന്നാമതായി കൃഷിനിലം കുഴിച്ച് ഇഷ്ടികക്കും മററാവശ്യങ്ങൾക്കും മണ്ണെടുക്കൽ യാതൊരുനിയന്ത്രണവുമില്ലാതെ കൃഷിനിലം ഫലഭൂയിഷ്ഠമായ മേൽമണ്ണുംപ്പെടെ താഴ്ത്തി 5–0, 6–0 മീററർ വരെ അടിത്തട്ടിൽ എത്തുന്നു. ഈ നിലങ്ങൾ മേലിൽ ഉപയോഗിക്കാൻ പററാത്തവിധം വെള്ളക്കെട്ടുമൂലം ചതുപ്പുകളായി തീർന്നിരിക്കുന്നു. കൊതുക് വർദ്ധനക്ക് ഇതുകാരണമാകുന്നു. അടുത്ത ഭൂമിയിൽ നീർവാർച്ചയുണ്ടായി അവിടെയും കൃഷി അസാദ്ധ്യമാക്കുന്നു.

ബി) ഇഷ്ടിക കളങ്ങളുടെ വർദ്ധന മൂലം പരിസര മലിനീകരണവും ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കും ഇതുകാരണമാക്കുന്നു. ഇഷ്ടിക ചുടുന്നതിനാവശ്യമായ വിറകിനു വേണ്ടി നാട്ടിലെ വൃക്ഷങ്ങൾ മുറിച്ചും നീക്കപ്പെടുന്നു.

(സി) മണൽവാരൽ

അതിപുരാതനവും പഞ്ചായത്തിലെ നല്ല ജലസ്രോതസ്സുകളുമായ പുഴകളുടെ സ്ഥിതി ഇന്ന് പരിതാപകരമാണ്. പണ്ടൊക്കെ വെള്ളത്തിൽ മുങ്ങി 'തൊട്ടിയിൽ' മണൽ കോരി വള്ളങ്ങളിൽ നിക്ഷേപിക്കുകയായിരുന്നുപതിവ്. എന്നാൽ അതിൽ ആധുനിക വൽക്കരണം നടത്തി, വഞ്ചിയിൽ നിന്നുകൊണ്ടുതന്നെ മുളംകമ്പുകളിൽ വളയവും

പ്ളാസ്ററിക്ക് സഞ്ചിയും കെട്ടി വളരെ ആഴത്തിൽ വരെ മണൽ വാരുന്നു. ഇതു മൂലം പുഴയുടെ ആഴം വർദ്ധിക്കുന്നതു മൂലം തീരപ്രദേശങ്ങളിലെ ജലനിരപ്പ് താഴുകയും കിണറുകൾ വററുകയും കുടിവെള്ളം മുട്ടുകയും ജലസേചനം അസാധ്യമാക്കുകയും ചെയ്യുന്നു. പുഴ മ ട്ട ഇടിഞ്ഞു പുഴയിൽ ലയിക്കുന്നു, മണ്ണൊലിപ്പിന് കാരണമാക്കുന്നു.

ഡി) പെരിയാററിൽ, വേനൽകാലമായാൽ ജലനിരപ്പു താഴുന്നതിനാൽ വേലിയേററ സമയത്ത് കടലിലെ ഓരുവെള്ളം തള്ളിക്കയറുന്നു. ഈ പ്രശ്നം, ചാലക്കുടിയാററിലും സംഭവിക്കുന്നു. ഇതു തടയുന്നതിനായി കരുമാല്ലൂർ ഭാഗത്ത് പുറപ്പിള്ളിക്കാവ് പരിസരത്തും കണക്കൻകടവിലും പുഴക്ക് കുറുകെ മണൽകൊണ്ട് താൽക്കാലിക ബണ്ടു നിർമ്മിക്കുന്നു. ഈ ബണ്ടു നിർമ്മാണങ്ങൾതക്കസമയത്തു ചെയ്യാത്തതിനാൽ ഓരുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നു. ഇതിന് ശാശ്വത പരിഹാരം കാണേണ്ടിയിരിക്കുന്നു.

TRANSECT W TO E.




DATUM 80m.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| DISTANCE. m. | 0 | 1200 | 1300 | 2300 | 2700 | 4000 | 5200 | 6000 | 6450 |
| GROUND LEVEL. | 100 | 95 | 95 | 125 | 115 | 95 | 95 | 120 | 120 |
| ഭൂപ്രകൃതി | തീരസമതലം | താഴ്‌വര | കുന്നിൻ-ചരിവ് | കുന്നിൻ-മുകൾ | ചെറിയ ചരിവ് | താഴ്‌വര | ചെറിയ ചരിവ് | കുന്നിൻ-മുകൾ |
| മൺതരം | പൂഴികലർന്ന പശിമക്കൽ, കളിമണ്ണ് | കളിമണ്ണ്(മണൽ കലർന്നത്) | വെട്ടുകല്ല്-ചെമ്മണ്ണ് | വെട്ടുകല്ല് | ചരൽമണ്ണ്-വെട്ടുകല്ല് | കളിമണ്ണ്(മണൽകലർന്നത്) | ചരൽമണ്ണ്-വെട്ടുകല്ല്. | ചെമ്മണ്ണ്-വെട്ടുകല്ല് |
| സസ്യാവരണം. | തെങ്ങ്-ഇടവിള, നെല്ല്. | നെല്ല്-തെങ്ങ് | തെങ്ങ്-ഫലവൃക്ഷങ്ങൾ. | ഫലവൃക്ഷങ്ങൾ. | തെങ്ങ് ഫലവൃക്ഷങ്ങൾ ജാതി | നെല്ല്-തെങ്ങ് | ഫലവൃക്ഷങ്ങൾ തെങ്ങ് | റബ്ബർ. |
| പരിസ്ഥിതി-പ്രശ്നങ്ങൾ. | പ്ലാസ്റ്റിക മൺഖനനം, വെള്ളക്കെട്ട്, പരിസരമലിനീകരണം | പ്ലാസ്റ്റിക മൺഖനനം, പാടം നികത്തൽ. | മണ്ണൊലിപ്പ്. | മൺഖനനം-മണ്ണൊലിപ്പ്. | മണ്ണൊലിപ്പ്. | പാടം നികത്തൽ. വെള്ളക്കെട്ട്. | മണ്ണൊലിപ്പ്. | വെട്ടുകല്ല് ഖനനം. |

# പ്രാഥമിക മേഖല

## കൃഷിയും ജലസേചനവും.

### കാർഷിക ചരിത്രം:-

ആയിരത്തി തൊള്ളായിരത്തി അമ്പത്തി ഒൻപതിലാണ് ഈ രംഗത്ത് ഒരു വിപ്ലവകരമായ മാറ്റം സംഭവിച്ചത്. സമഗ്രമായ ഒരു ഭൂ പരിഷ്കരണ നിയമം ഉടലെടുത്തത് അന്നാണ്. ഈ നിയമം മൂലം ഭൂഉടമാ-കർഷക രംഗത്ത് നടന്ന മാറ്റങ്ങൾ കൃഷിയുടെ വികാസത്തിന് പുത്തൻ മാനം നൽകി.

ഈ നിയമം വരുന്നതിനു മുമ്പുള്ള പഞ്ചായത്തിലെ സ്ഥിതി ചെറുതായി ഒന്നവലോകനം ചെയ്യുന്നത് പ്രസക്തമാണെന്നു തോന്നുന്നു. യഥാർത്ഥ ഉടമ കർഷകന് ഭൂമി നൽകി, അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് പാട്ടമായും വാരമായും വിളയുടെ പങ്ക് കൈപ്പറ്റിയിരുന്നു.

ഒറ്റി, പണയം, പാട്ടം, വാരം, കാണം എന്നിങ്ങനെ ചില രേഖകളുടെ അടിസ്ഥാനത്തിലായിരുന്നു കർഷകരെ ഭൂമി ഏല്പിത്തിരുന്നത്.

വിത്ത്, വളം, സംരക്ഷണം എന്നിവയൊക്കെ കർഷകൻെറ ചുമതലയിലായിരുന്നു. കൃഷി നാശം സംഭവിച്ചാലും ഭൂ ഉടമയുടെ ഭോഗം, വീഴ്ചയില്ലാതെ നൽകണമായിരുന്നു. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ ആഘോഷത്തിനുവേണ്ട വാഴക്കുല, വെളിച്ചെണ്ണ, പപ്പടം, ഇത്യാദി 'കാഴ്ചകൾ' കർഷകർ നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 'കാഴ്ച' വക്കുന്നവർക്ക് മൂന്നാം ഓണനാൾ കൊലച്ചോറെന്ന് പഴമക്കാർ പറയുന്ന അവിട്ടസദ്യയും നൽകിയിരുന്നു.

കൃഷിയിലുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഏറ്റക്കുറച്ചിൽ, കർഷകൻെറ ജീവിതത്തെയും ബാധിച്ചിരുന്നു.

അക്കാലത്തെ പഞ്ചായത്തു പരിധിയിൽപ്പെട്ട വൻകിട ഭൂ ഉടമകൾ ആരൊക്കെയായിരുന്ന എന്നു പരിശോധിക്കാം. ഇന്നത്തെ തലമുറക്ക് ഇതൊരു പുതിയ അറിവായിരിക്കും.

1. എടപ്രാം പിള്ളിമന.
2. മാളിയേയ്ക്കൽ മന.
3. ഊരുമന.
4. വളവല്ലൂർ മന.
5. ശൂവോള്ളിമന.
6. വയലിക്കോടത്തുമന.
7. പാലിയം.
8. കുത്തിയതോടുപള്ളി.
9. അമ്മണത്തു വീട്.
10. തിരുവഞ്ചിക്കുളം ദേവസ്വം
11. അയിരൂർ ഭഗവതി ദേവസ്വം
12. കുറ്റിപ്പുഴകുലസുതായ്ക്കർ.
13. കണ്ടനാട്ടു ഗോപാലകൃഷ്ണമേനോൻ.

കർഷകത്തൊഴിലാളികളും കർഷകരും തമ്മിലുള്ള ബന്ധവും വ്യത്യസ്തമായിരുന്നു. കൂലി പണമായല്ല നൽകിയിരുന്നത്. നെല്ല്, മറ്റു വിളയുൽപ്പന്നങ്ങൾ എന്നിവയായിട്ടായിരുന്നു. ഓണത്തിനും വിഷുവിനും ഓണപ്പുടവയും വിഷുക്കൈനീട്ടവും നൽകിയിരുന്നു.

കൊയ്തുപതം ആറിന് ഒന്നായിരുന്നു. പാടം കൊയ്ത്, കറ്റ തലച്ചുമടായിട്ടായിരുന്നു കളങ്ങളിൽ എത്തിച്ചിരുന്നത്.

മുഖ്യമായും ഒരുപ്പൂവ് കൃഷിയായിരുന്നു. പുഞ്ചയായാലും, വിരുപ്പായാലും, മുണ്ടകനായാലു. കാരണം ജലസേചന സൗകര്യമോ ഓരുവെള്ളം തടയുന്നതിനോ ഉള്ള സംവിധാനമോ അന്നുണ്ടായിരുന്നില്ല. മഴയെ മാത്രം ആശ്രയിച്ചിരുന്ന ദേവ-മാതൃകയിലായിരുന്ന കൃഷി ചെയ്തിരുന്നത്. മഴ പിഴച്ചാൽ കർഷകന് കഞ്ഞിയില്ലാത്ത സ്ഥിതിയായിരുന്നു.

അന്നത്തെ പ്രധാന വിത്തിനങ്ങൾ ഓണമൂട്ടൻ, പൊക്കാളി, ചീമച്ചീര, ജീരകത്തരി, ഞവര, എരുമക്കാരി, ആര്യൻ തുടങ്ങിയവയായിരുന്നു. ഇന്നതെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. I.R.മട്ടയും, പാലക്കാടൻ മട്ടയും, പൊന്മണി, ജ്യോതി, തുടങ്ങി പലതും ഇന്നാസ്ഥാനം കയ്യടക്കിയിരിക്കുന്നു.

വളക്രമവും വ്യത്യസ്തമായിരുന്നു. ചാണകം, ചാരം, പച്ചിലവളങ്ങൾ എന്നിവയായിരുന്നു അന്നത്തെ കർഷകർ നിലത്തിൽ വളമായി ചേർത്തിരുന്നത്. ഓലപ്പുഴു, ചാഴിവീഴ്ച എന്നിവയ്ക്കെന്നും ഫലപ്രദമായ പ്രതിവിധികളില്ലായിരുന്നു.

നിലമൊരുക്കുന്നത് കന്നുപൂട്ടിയായിരുന്നു. കരിയും നുകവും, ചെരുപ്പ്, ഞവരി (എല്ലാം മരത്തിൽ തീർത്തത്) ആയിരുന്നു ഉപകരണങ്ങൾ, ജലസേചനത്തിന് വേത്ത്, തുലാവ്, കുട്ട എന്നിവയും ഉപയോഗിച്ചിരുന്നു. മറ്റൊന്ന് കാളത്തേക്കായിരുന്നു. വലിയചാൽ പുഞ്ചകളില വെള്ളം വറ്റിക്കന്നതിനും, ഒരു ചെറിയ പരിധി വരെ ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിനും 'ചക്രം ചവിട്ടു'ന്നതും അന്നത്തെ രീതിയായിരുന്നു.

തേകുമ്പോഴും ചക്രം ചവിട്ടമ്പോഴും - നാടൻ പാട്ട് - ഈണത്തിൽ പാടിയിരുന്നു. ജോലി ഭാരം ലഘൂകരിക്കുന്നതിനും; ചെയ്യുന്ന പണിയുടെ അളവറിയുന്നതിനും ഇത് സഹായിച്ചിരുന്നു. ഈ

356

ഗതകാല സ്മരണകൾ അയവിറക്കുന്നചിലരെയെങ്കിലും കണ്ടെത്തിയപ്പോൾ പഴയ സ്മരണകളിലേക്കുള്ള എത്തിനോട്ടത്തിനിടയിൽ - അവരുടെ - കണ്ണിലേയും മനസ്സിലേയും തിളക്കം ആഹ്ളാദകരമായിരുന്നു. ഇന്ന് തേക്കുപാട്ടിൻെറ ഈണം പോയ്മറഞ്ഞിരിക്കുന്നു.

നെല്ല് മാത്രമായിരുന്നില്ല അന്ന് പാടത്ത് കൃഷി ചെയ്തിരുന്നത്. ചാലായ്ക്കൽ പാടം ചെറിയതേയ്ക്കാനം, വടാത്തടം, വയൽകര പാടം കുത്തിയതോട് പാടം എന്നിവിടങ്ങളിലൊക്കെ കരിമ്പുകൃഷിയും നടന്നിരുന്നു. കരിമ്പാട്ടി ശർക്കരയാക്കുന്നതും ഇവിടെ വച്ചുതന്നെയായിരുന്നു. കരിമ്പുകൃഷി നാമാവശേഷമായതോടെ 'ജംബുക' വർഗ്ഗവും നാട്ടിൽ നിന്ന് അപ്രത്യക്ഷമായി.

ഇന്നത്തെ വിളച്ചേരുവ:

മുഖ്യ വിളകൾ തെങ്ങ്, നെല്ല്, കവുങ്ങ്, വാഴ തുടങ്ങി 14-ഓളം ഇനം വരും. ഇവയുടെ ഇനങ്ങളും ഓരോന്നിൻേറയും വിസ്ത്രിതിയും 'ഭൂവിനിയോഗ'ത്തിൽ പ്രതിപാദിച്ചിട്ടുള്ളത് കാണുക. ഉത്പാദനക്ഷമതയുടെ ശരാശരിയാണ് അതിൽ കാണിച്ചിരിക്കുന്നത്. ഓരോ പ്രദേശത്തേയും വിള ഉത്പാദനം വ്യത്യസ്തമായിരിക്കും.

ഇത് കേരളത്തിലെ മറ്റു പലപ്രദേശങ്ങളിലേയും ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. മുൻപ് പ്രതിപാദിച്ചിട്ടുള്ളതുപോലെ, മലവെള്ളത്തിൽക്കൂടി എത്തിക്കൊണ്ടിരുന്നതും പണം മുടക്കില്ലാതെ, സുലഭമായി കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയിരുന്നതുമായിരുന്ന 'എക്കൽ' വളം ഇപ്പോൾ ലഭിക്കുന്നില്ല. നിരന്തരമായി രാസവളപ്രയോഗം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ഭൂമിയിലെ ഫലഭൂയിഷ്ടത നഷ്ടപ്പെടുന്നതായി കർഷകർ പറയുന്നു. പണ്ടു കാലത്ത് ചേർത്തിരുന്നതുപോലെ പച്ചിലവളങ്ങൾ ഇന്ന് ചേർക്കുന്നില്ല. ഒരുപ്പൂ മാത്രം കൃഷി ചെയ്തിരുന്ന കാലത്ത് നിലം വളരെക്കാലം കൃഷി ചെയ്യാതെ കിടന്നിരുന്നു. നിലം ഉഴുതിരുന്നത് കന്നുകാലികളെക്കൊണ്ടായിരുന്നതിനാൽ ഇവയുടെ മേച്ചിൽ പുറങ്ങളായിരുന്നു പാടങ്ങൽ. ധാരാളം 'കാലിവളങ്ങൾ' അങ്ങനെ പാടത്ത് സുലഭമായി കിട്ടിയിരുന്നു.

ജലസേചന സൗകര്യങ്ങൾ:

ജലസ്രോതസ്സുകളെപ്പറ്റി മേൽ വിവരിച്ചപ്പോൾ, പഞ്ചായത്തിലെ യന്ത്രവൽകൃത ജലസേചന പദ്ധതികളെപ്പറ്റിയും വിശദമായും വാർഡുതിരിച്ചും പ്രസ്ഥാവിക്കുകയും, പട്ടികയായി ചേർക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രസക്തമായ ഒരു ലിസ്റ്റ് താഴെ കൊടുക്കുന്നു.

1. കുറ്റിപ്പുഴ നമ്പർ (i), ലി.ഇ. ജലസേചന പദ്ധതി.

2. വയൽകര നമ്പർ (ii), ലി.ഇ. ജലസേചന പദ്ധതി.

3. കുന്നുകര നമ്പർ (iii), ലി.ഇ. ജലസേചന വദ്ധതി.

ഇവ മൂന്നും പഞ്ചായത്തിനെ സംബന്ധിച്ചു പറയുമ്പോൾ മേജർ ജലസേചന പദ്ധതികളാണ്.

കൂടാതെ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് താഴെ പറയുന്നവ.

| ക്ര.ന. | പദ്ധതികൾ | വാർഡുകൾ |
|---|---|---|
| 1. | ഒടിയപ്പാടം 25.H.P. | അയിരൂർ. |
| 2. | പുറത്തായിപ്പാടം 15 H.P. | ആറ്റുപുറം. |
| 3. | തേച്ചപാടം 20 H.P. | ആറ്റുപുറം. |
| 4. | ആണേക്കാട് 25 H.P | അയിരൂർ. |
| 5. | തുമ്പരത്തേരി 10 H.P | കുന്നുകര. |
| 6. | ചാലായ്ക്കൽ 15 H.P. | ചാലായ്ക്കൽ. |
| 7. | മാളേക്കാട് 10 H.P. | ആറ്റുപുറം. |
| 8. | ചെറിയതേക്കാനം 10 H.P. | ചാലായ്ക്കൽ. |
| 9. | ചുട്ടാട് 15 H.P. | കന്നുകര. |

ഈ പദ്ധതികളെല്ലാം കൂടി 640 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് ഉപകാരപ്പെടുന്നു.

ഇതിനു പുറമെ പഞ്ചായത്തിൽ വ്യാപകമായി തന്നെ സ്വകാര്യവ്യക്തികൾ ചെറിയ പമ്പുസെറ്റുകളും, കൃഷിഭവൻ വഴി വിവിധ പദ്ധതിയിൻ കീഴിൽ 8- ാം പദ്ധതിയിൽ സ്ഥാപിച്ച പമ്പുസെറ്റുകളും (അനുബന്ധമായി നടപ്പു പദ്ധതികളുടെ കീഴെ വരുന്നുണ്ട്.) ജലസേചനം നടത്തുന്നുണ്ട്. ആറ്റുപുറം Li : S 20 H.P. കെയർ സംഘടന സംഭാവന ചെയ്ത് ബ്ലോക്കുവഴി സ്ഥാപിച്ചത് കർഷക സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പുഴകളെയും പാടങ്ങളെയും തമ്മിൽ കോർത്തിണക്കി കൃഷിക്കു വെള്ളമെത്തിച്ചിരുന്ന നീർചാലുകൾ ഭൂമികയ്യേറ്റം മൂലവും സംരക്ഷണ ജോലികൾ കാലാകാലങ്ങളിൽ ച്രയ്യാതി

രുന്നതിനാലും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. നിലവിലുണ്ടായിരുന്ന ചിറകളും കുളങ്ങളും വ്യാപകമായിത്തന്നെ കയ്യേറി, നികത്തിയും മറ്റാവശ്യങ്ങൾക്കുമായി, സംരക്ഷിക്കേണ്ടവർതന്നെ നികത്തിയും നശിച്ചുപോയിരിക്കുന്നു.

ഉത്പന്നങ്ങളുടെ വിലയും വിപണനവും:

പഞ്ചായത്തിനെ സംബന്ധിച്ചു വിലയിരുത്തുമ്പോൾ, കർഷകരെ കുഴക്കുന്ന ഒരു പ്രശ്നമാണ് ഇത്. കർഷകൻെറ ഉല്പന്നത്തിന് വില നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം അവനില്ല. കൃഷിക്കുവേണ്ട എല്ലാ ഘടകങ്ങൾക്കും വിതരണക്കാർ വില നിശ്ചയിക്കുന്നു. കർഷകൻ യാതൊരു തർക്കവുമില്ലാതെ വാങ്ങി ഉപയോഗിക്കാൻ ബാദ്ധ്യസ്ഥനാകുന്നു.

നാളികേരത്തിൻെറ കാര്യം തന്നെ പരിശോധിക്കാം. ഇന്ന് ഏറ്റവും വില ഇടിഞ്ഞിരിക്കുന്ന വസ്തു നാളികേരമാണല്ലോ? നാളികേരത്തിന് വില നിശ്ചയിക്കുന്നത്, വെളിച്ചെണ്ണക്ക് വ്യാപാരികൾ നിശ്ചയിക്കുന്ന വിലയെ അടിസ്ഥാനമാക്കിയാണ്. മാർക്കറ്റിൽ വെളിച്ചെണ്ണക്ക് ക്വിൻറലിന് 3500 രൂപയുണ്ടെങ്കിൽ, കർഷകന് നാളികേരത്തിന് 3 രൂപ. 75 പൈസയാണ് നിശ്ചയിച്ചുകിട്ടുന്നത്. ഇതിൽ നിന്ന് കയറ്റക്കൂലി, തെങ്ങ് വെള്ളപ്പിക്കുന്നതിനും കുലകെട്ടുന്നതിനും പ്രത്യേക കൂലി, കമ്മീഷൻ എന്നിവ നൽകണം. കർഷകരെ സഹായിക്കാൻ താങ്ങു വില നിശ്ചയിക്കുന്നത്, ഈ കൃഷിയുമായി യാതൊരു ബന്ധവുമില്ലാത്തവർ, ദന്തഗോപുരങ്ങളിലിരുന്നാണ്.

സംസ്ഥാനം ശുപാർശ ചെയ്യുന്ന വിലയുടെ അടുത്തെങ്ങും എത്താത്ത, വളരെ താഴ്ന്ന വിലയാണ് 'താങ്ങു വില'യായി നിശ്ചയിക്കുന്നത്. ഈ രീതിക്കൊരു മാറ്റം ആവശ്യമാണ്. ജനകീയാവശ്യം യഥാർത്ഥ പ്രശ്നങ്ങളെ വിലയിരുത്തിത്തന്നെ അംഗീകരിക്കപ്പെടണം.

ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും, മറ്റു സ്വകാര്യ വ്യക്തികളുമാണ് വാങ്ങിക്കൊണ്ടു പോകുന്നത്. ഈ നാളികേരം വിറ്റ് ലാഭമെടുത്ത ശേഷമാണ് കർഷകന് വിലകിട്ടുന്നത്. ഉല്പന്നം കൈമാറുമ്പോൾ തന്നെ വിലകിട്ടാനുള്ള നടപടിയും ആവശ്യമായിരിക്കുന്നു.

നെല്ലിൻെറ കാര്യവും വ്യത്യസ്തമല്ല. സ്വകാര്യ വ്യക്തികൾ മാത്രമാണ് രംഗത്തുള്ളത്. നെല്ലു തൂക്കികൊടുത്താൽ, അത് വിറ്റു ലാഭമെടുത്ത് പിന്നീടാണ് വിലകിട്ടുന്നത്. അപ്പോഴാണ് വിലനിശ്ചയിക്കുന്നതും. മിക്കവാറും നെല്ല് പഞ്ചായത്തിന് വെളിയിലേക്കാണ് പോകുന്നത്. പഞ്ചായത്തിലുള്ള നാലഞ്ചോളം സ്വകാര്യമില്ലുകളാണ് ഈ രംഗത്തുള്ളത് ബാക്കി വരുന്ന നെല്ലു പുറത്തുള്ള മില്ലുകളിലേക്ക് പോകുന്നു.

## കാർഷികബന്ധങ്ങൾ :

താഴെ കൊടുതിതിട്ടുള്ള പട്ടികയിൽ നിന്നുകൃഷികയിടങ്ങളുടെ വലിപ്പച്ചെറുപ്പ വിതരണത്തിൻെറ വിവരങ്ങൾ മനസ്സിലാക്കാം.

| വില്ലേജ് | ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1-10 സെൻറ് | 10-50 സെൻറ് | 50-100 സെൻറ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനുമേൽ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കുന്നുകര | 363.8973 | 837.4721 | 63.1474 | 0.0983 | 1264.6151 | 730 | 1513 | 682 | 325 | 157 | 60 | 3467 |

## കൈവശഭൂമി വിസ്തീർണ്ണം.

| വാർഡ് നമ്പർ | നാമമാത്ര കർഷകർ എണ്ണം (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ എണ്ണം (1-2 ഹെക്ടർ) | വൻകിട കർഷകർ എണ്ണം (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 518 | 14 | Nil |
| 2 | 620 | 9 | - |
| 3 | 502 | 22 | - |
| 4 | 618 | 20 | - |
| 5 | 694 | 23 | - |

| | | | |
|---|---|---|---|
| 6 | 586 | 28 | - |
| 7 | 545 | 18 | - |
| 8 | 483 | 30 | - |
| 9 | 620 | 18 | - |
| 10 | 515 | 12 | - |
| മൊത്തം | 5898 | 194 | 3 |

വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ഭൂഉടമകളുടെ എണ്ണം 3467 ആയിരിക്കാമ്പോൾ യഥാർത്ഥ കൃഷി ഭൂമി കൈവശ ഭൂമിക്കാരുടെ എണ്ണം കൃഷിഭവൻ റിക്കാർഡുകൾ പ്രകാരം 5898 ഈണെന്നു കാണാം. കർഷകരുടേയും കർഷകത്തൊഴിലാളികളുടെയും ആകെ കണക്കെടുത്താൽ 7784 വരും. ഇതിൽ 1886 ആണ് കർഷകത്തൊഴിലാളികളുടെ എണ്ണം. ഇത് 24% വരും.

പഞ്ചായത്തിൽ 5898 പേരും നാമമാത്ര കർഷകരാണ്. ഇവരിൽ 90 ശതമാനവും നേരിട്ട് ഭൂമിയിൽ പണിയെടുക്കുന്നവരാണ്.

## കൂലിസേവന വ്യവസ്തകൾ:

| തൊഴിൽ വിവരം | ദിവസക്കൂലി (രൂപയിൽ) 1991 സ്ത്രീ: | 1991 പു: | 1996 സ്ത്രീ: | 1996 പു: |
|---|---|---|---|---|
| കിളയ്ക്കൽ | , | 45.00 | , | 85.00 |
| ഞാറു നടീൽ | 25.00 | , | 50.00 | , |
| കളപറയ്ക്കൽ | 25.00 | , | 35.00 | , |
| തേങ്ങയിടൽ | , | 1.00 തെങ്ങൊന്നിന് | , | 2.00 തെങ്ങൊന്നിന് |
| കീടനാശിനി തളി | , | 5.00 (1 കുറ്റിക്ക്) | , , | 10.00 (1 കുററിക്ക്) |

## ഉഴവ്/കൊയ്ത്ത്

| തരം | 1991 | 1996 |
|---|---|---|
| ട്രാക്റ്റർ | രൂ. 120/മണിക്കൂർ | 170/മണിക്കൂർ |
| ടില്ലർ | രൂ. 50/ ' | 75/ ' |
| ഏർക്കാള | രൂ. 60/ദിവസം | 100/ദിവസം |
| കൊയ്ത് പതം | 6 ന് 1 | 5 ന് 1 |

എല്ലാ രംഗത്തും കൂലി വർദ്ധിച്ചിരിക്കുന്നതായി കാണാം. അതിന് ആനുപാതികമായി സേവനനിലവാരം ഉയരുന്നില്ല, ഉത്പന്നങ്ങൾക്ക് വിലവർദ്ധിക്കുന്നുമില്ല.

## വളഉപഭോഗം :

രാസവള-കീടനാശിനി വിപണനം

| ക്ര. ന: | സ്ഥാപനത്തിൻെറ പേർ | 1993-94 രാസവളം കി.ഗ്രാം. | 1993-94 കീടനാശിനി ദ്രവം | 1993-94 കീടനാശിനി ഖരം | 1994-95 രാസവളം കി.ഗ്രാം. | 1994-95 കീടനാശിനി ദ്രവം | 1994-95 കീടനാശിനി ഖരം | 1995-96 രാസവളം കി.ഗ്രാം. | 1995-96 കീടനാശിനി ദ്രവം | 1995-96 കീടനാശിനി ഖരം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 3 | 4 | 5 | 3 | 4 | 5 |
| 1 | സഹകരണം | 544427 | 395.05 | 3521.80 | 627629 | 302.60 | 438.60 | 837760 | 354.15 | 2911.10 |
| 2 | സ്വകാര്യം | , | 83.00 (ലിറ്റർ) | 701.00 | , | 88.45 (ലിറ്റർ) | 1054.60 | , | 67.30 (ലിറ്റർ) | 1483.70 |

ചാണകവും, പച്ചിലവളവും ചുരുങ്ങിയ തോതിൽ ഉപയോഗിക്കുന്നു. 93-94 ൽ നിന്ന് 95-96 ൽ രാസ വള ഉപഭോഗത്തിൽ 54% വർദ്ധനവുണ്ടായിട്ടുണ്ട്.

# നടപ്പു പദ്ധതികളുടെ അവലോകനം.

## കൃഷിഭവൻ - കുന്നുകര.

(എ)

8- ാം പദ്ധതിയിൽ കുന്നുകരകൃഷി ഭവൻ വഴി നടപ്പാക്കിയ വിവിധ പദ്ധതികളും സബ്സിഡി തുകയും.

(a)

| ക്രമ നമ്പർ | -ഇനവിവരം- | ഗുണഭോക്താക്കൾ വിസ്തീർണ്ണം | സർക്കാർ സഹായം കൊടുത്ത -തുക- |
|---|---|---|---|
| 1. | നെൽകൃഷി സംയോജിത വികസനം ഗ്രൂപ്പ് ഫാമിംഗ് | | |
| | a. നെൽ വിത്ത് വിതരണം | 6.5 MT | 12,736 |
| | b. കീടനാശിനി സഹായം (IPRD) | - | 47,000 |
| | c. പവ്വർ ടില്ലർ | 7 Nos | 72,000 |
| | d. സ്പെയറുകൾ (നാപാസാക്) | 36 ' | 21,405 |
| | e. കുമ്മായം, കളനാശിനി, കീടനാശിനി | 1,19,000 | |
| 2. | വിത്തുല്പാദന പദ്ധതി (C.C.D.P) | | |
| | a. നെൽ വിത്തുല്പാദനം | 25 H.A | 62,500 |
| | b. സ്റ്റോറേജ് ബിൻസ് | 6 Nos | 6,000 |
| | c. പക്കാ കോത്തി | 1 Nos | 5,000 |
| 3. | സമഗ്ര കേര വികസന പദ്ധതി (C.C.D.P) | | |
| | a. പുതിയ കിണർ | 70 Nos | 1,35,505 |
| | b. പമ്പുസെറ്റ് | 60 ' | 1,39,380 |
| | c. കേടുബാധിച്ച തെങ്ങു വെട്ടൽ | 1,000 ' | 2,000,00 |
| | d. രാസവള കിറ്റ് (തെങ്ങ്) | 20,000 | 1,60,000 |
| | e. ഹരിജനങ്ങൾക്കുള്ള കിണർ | 2 Nos | 19,000 |
| | f. ഇടവിള തൈകൾ വിതരണ് | 80 HA | 16,000 |
| | g. കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം | | |
| | i. ആനക്കുളം L.I. സ്കീം | 100 HA | 7,54,800 |
| | ii പാറശേരികക്കുന്ന് L.I. സ്കീം (work in progress) | 100 HA | 12,52,900 |
| 4. | പ്രത്യേക ഘടക പദ്ധതി (SCP) | | |
| | a. അഗ്രോ സർവീസ് സെൻറർ | 1 No | 1,03,000 |
| | b. കിണർ | 6 Nos | 65,000 |
| | c. ഫാം ഹൗസ് | 2 ' | 50,000 |
| | d. ബയോഗ്യാസ് (IM3) | 15 ' | 75,000 |
| 5. | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി | | |
| | a. ഒടിയപ്പാടം L.I. സകീം | 40 HA | 6,03,755 |
| | b. കണ്ണാക്ക - ചെട്ടിക്കാട് തോട് | 100 HA | 8,50,000 |
| 6. | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ ധനവിതരണം | 1,521 Nos | 15,11,250 |
| 7. | സംയോജിത ധാന്യ വികസന പദ്ധതി | | |
| | a. സംയോജിത കീടനിയന്ത്രണ്(IPM) | 160 HA | 32,000 |
| | b. പഞ്ചായത്തിനുള്ള അവാർഡ് | 1 No | 25,000 |
| 8. | കാർഷിക യന്ത്രവൽക്കരണം (പാടശേഖര സമിതികൾക്ക്) | | |
| | a. പപ്പർ ടില്ലർ | 2 Nos | 1,00,000 |
| | b. മെതിയന്ത്രം | 2 ' | 8,000 |
| | c. കൊയ്ത്തുയന്ത്രം | 1 ' | 20,080 |

| | | | |
|---|---|---|---|
| 9. | ഡ്രിപ്പ് ഇറിഗേഷൻ സ്കീം | | |
| | a. ഡ്രിപ്പ് ഇറിഗേഷൻ | 5 HA | 75,000 |
| | b. ഗ്രീൻ ഹൗസ് | 500 Sq:M | 31,250 |
| 10. | ബയോഗ്യാസ് വികസനം | 10 Nos | 24,000 |
| 11. | പയർ വർഗ്ഗ വികസനം | 40 HA | 5,800 |
| 12. | സംയോജിത കുരുമുളകു വികസനം | | |
| | a. കുരുമുളകുതണ്ട് വിതരണം | 15,000 Nos | 15,000 |
| 13. | പച്ചക്കറി വികസനം | | |
| | a. സ്കൂൾ കിറ്റ് വിതരണം | 2000 | (100%) |
| 14. | ജൈവവള പ്രചരണം | | |
| | a. ചണമ്പു വിത്ത് വിതരണം | 8 MT | 24,000 |
| | b. കമ്പോസ് വിറ്റ് | 925 Nos | 23,125 |
| | c. ബയോഫെർട്ടിലൈസർ (Demonstratie) | 5 Plot | 2,500 |
| 15. | അടിയന്തിര കീടരോഗ നിയന്ത്രണം | 25 ha | 2,500 |
| 16. | ഫലവർഗ്ഗ വികസനം | 880 Nos | (100%) |
| 17. | അംഗീകൃത നേഴ്സറി പ്രോത്സാഹനം | 1 No | 25,000 |
| 18. | നടീൽ വസ്തുക്കൾ വിതരണം | | |
| | a. തെങ്ങിൻ തൈകൾ | | |
| | b. ജാതി | | |
| | c. ഗ്രാമ്പു | | |
| | d. അടക്കാമരം | | |
| 19. | വിള ഇൻഷ്വറൻസ് (കർഷകർ) | 115 | - |
| 20. | ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതി (പെൻഷൻ) | 103 | |
| 21. | സെമിനാറുകൾ (ജനകീയ പങ്കാളിത്തം) | 30 | |
| | മികച്ച കർഷകർക്കുള്ള അവാർഡുകൾ | 15 | 7,500 |
| 22. | നെൽകൃഷി വൈദ്യുതി സൗജന്യം | | |
| | a. ഗുണഭോക്താക്കൾ | 16 Nos | |
| 32. | മണ്ണു പരിശോധന | | |
| | a. പരിശോധിച്ച മണ്ണുസാമ്പിളുകൾ | 1,365 Nos | |
| 42. | നെൽകർഷകർക്കുള്ള ഉൽപ്പാദക ബോണസ് | | |
| | a. 94-95 വർഷം | 2,368 Nos | 2,83,204 |
| | b. 95-69 (വിരിപ്പ് മാത്രം) | 516 ' | 60,000 |

(B)നടീൽ വസ്തു വിതരണം :

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 1200 | 2164 | 1350 |
| കുരുമുളക് | 8500 | 1500 | 12,500 |
| വുങ്ങ് | 4200 | 500 | 100 |
| ഫലവൃക്ഷങ്ങൾ | - | 410 | 470 |
| ജാതി | 100 | 2120 | - |
| ഗ്രാമ്പു | 40 | 80 | 100 |

(C)ദുരിതാശ്വാസ വിതരണം

| ക്ര.ന. | ഇനവിവരം | 1994-95 ധനസഹായം ലഭിച്ചവരുടെ എണ്ണം | 1994-95 വിതരണം ചെയ്തതുക | 1995-96 ധനസഹായം ലഭിച്ചവരുടെ എണ്ണം | 1995-96 വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | വെള്ളപ്പൊക്കം | 44 | 10,100 | 48 | 20,270 |
| 2 | കൊടുങ്കാറ്റ് | 477 | 1,22,030 | 601 | 11,29,850 |

(ബി)പണി പൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്ര.ന. | പ്രവൃത്തിയുടെ പേർ | അരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | അയക്കട്ട് വിസീർണ്ണം (ഹെ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ആനക്കുളം L.I.S | 95-96 | 96-97 | 8,88,000/- | 100 ഹെ |
| 2 | ഒടിയപ്പാടം L.I.S | 93-94 | 95-96 (ലക്ഷ്യം) | 7,10,300/- | 100 ഹെ |
| 3 | പാറശ്ശേരിക്കുന്നു L.I.S | 95-96 | പൂർത്തി ആയിട്ടില്ല | 14,74,000/- | 100 ഹെ |

(സി)നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്ര.ന. | പദ്ധതിയുടെ പേർ | ആയക്കട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | അയിരൂർ കൊച്ചു കടവ് L.I.S | 50 | - | തെങ്ങുകൃഷി ജലസേചനം |
| 2 | പള്ളിക്കുന്നു L.I.S | 30 | - | |

കൂടാതെ 8- ാം പദ്ധതിയിൽ നടപ്പിലാക്കിയ സ്കീമുകൾ മണ്ണു സംരക്ഷണത്തിനും ജല സംരക്ഷണത്തിനും ഊന്നൽ നൽകി നടപ്പിലാക്കാവുന്നതാണ്.

362

| | | | |
|---|---|---|---|
| 9. | ഡ്രിപ്പ് ഇറിഗേഷൻ സ്കീം | | |
| | a. ഡ്രിപ്പ് ഇറിഗേഷൻ | 5 HA | 75,000 |
| | b. ഗ്രീൻ ഹൗസ് | 500 Sq:M | 31,250 |
| 10. | ബയോഗ്യാസ് വികസനം | 10 Nos | 24,000 |
| 11. | പയർ വർഗ്ഗ വികസനം | 40 HA | 5,800 |
| 12. | സംയോജിത കുരുമുളകു വികസനം | | |
| | a. കുരുമുളകുതണ്ട് വിതരണം | 15,000 Nos | 15,000 |
| 13. | പച്ചക്കറി വികസനം | | |
| | a. സ്കൂൾ കിറ്റ് വിതരണം | 2000 | (100%) |
| 14. | ജൈവവള പ്രചരണം | | |
| | a. ചണമ്പു വിത്ത് വിതരണം | 8 MT | 24,000 |
| | b. കമ്പോസ് വിറ്റ് | 925 Nos | 23,125 |
| | c. ബയോഫെർട്ടിലൈസർ (Demonstratie) | 5 Plot | 2,500 |
| 15. | അടിയന്തിര കീടരോഗ നിയന്ത്രണം | 25 ha | 2,500 |
| 16. | ഫലവർഗ്ഗ വികസനം | 880 Nos | (100%) |
| 17. | അംഗീകൃത നേഴ്സറി പ്രോത്സാഹനം | 1 No | 25,000 |
| 18. | നടീൽ വസ്തുക്കൾ വിതരണം | | |
| | a. തെങ്ങിൻ തൈകൾ | | |
| | b. ജാതി | | |
| | c. ഗ്രാമ്പു | | |
| | d. അടക്കാമരം | | |
| 19. | വിള ഇൻഷ്വറൻസ് (കർഷകർ) | 115 | - |
| 20. | ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതി (പെൻഷൻ) | 103 | |
| 21. | സെമിനാറുകൾ (ജനകീയ പങ്കാളിത്തം) | 30 | |
| | മികച്ച കർഷകർക്കുള്ള അവാർഡുകൾ | 15 | 7,500 |
| 22. | നെൽകൃഷി വൈദ്യുതി സൗജന്യം | | |
| | a. ഗുണഭോക്താക്കൾ | 16 Nos | |
| 32. | മണ്ണു പരിശോധന | | |
| | a. പരിശോധിച്ച മണ്ണുസാമ്പിളുകൾ | 1,365 Nos | |
| 42. | നെൽകർഷകർക്കുള്ള ഉൽപ്പാദക ബോണസ് | | |
| | a. 94-95 വർഷം | 2,368 Nos | 2,83,204 |
| | b. 95-69 (വിരിപ്പ് മാത്രം) | 516 | 60,000 |

(B) നടീൽ വസ്തു വിതരണം :

| ഇനം | എണ്ണം 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 1200 | 2164 | 1350 |
| കുരുമുളക് | 8500 | 1500 | 12,500 |
| വുങ്ങ് | 4200 | 500 | 100 |
| ഫലവൃക്ഷങ്ങൾ | - | 410 | 470 |
| ജാതി | 100 | 2120 | - |
| ഗ്രാമ്പു | 40 | 80 | 100 |

(ഡി) മറ്റു വിവരങ്ങൾ (കൃഷി ഭവനിൽ നിന്നു ശേഖരിച്ചത്)

## (a) തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം (ഏക്കർ) | തെങ്ങ് എണ്ണം കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ച തെങ്ങ് റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | 212 | 3110 | 4730 | 7840 | 816 | 516 | 64 | 2 | 1396 |
| II | 238 | 1815 | 3925 | 5740 | 583 | 483 | 46 | - | 1112 |
| III | 263 | 6410 | 12000 | 18410 | 3615 | 1632 | 112 | - | 5359 |
| IV | 235 | 6925 | 7632 | 14557 | 1815 | 1012 | 132 | - | 2959 |
| V | 235 | 6115 | 8318 | 14433 | 2315 | 818 | 85 | - | 3218 |
| VI | 291 | 8123 | 6647 | 14770 | 2511 | 943 | 147 | - | 3601 |
| VII | 183 | 7818 | 6925 | 14743 | 1817 | 812 | 84 | - | 2713 |
| VIII | 235 | 10345 | 8312 | 18657 | 2832 | 935 | 132 | - | 3899 |
| IX | 167 | 5190 | 5815 | 11005 | 932 | 1018 | 83 | - | 2033 |
| X | 115 | 2835 | 5318 | 8153 | 1832 | 886 | 64 | - | 2782 |
| | 2174 | | | 1,28,308 | | | | | 29,071 |

ആകെയുള്ള 1,28,308 തെങ്ങുകളിൽ 29,071 തെങ്ങുകളും 23% രോഗബാധിതമാണ്. ഓരോ വാർഡിലെയും രോഗബാധിതതെങ്ങുകളുടെ ശതമാനക്കണക്കാണ് താഴെ പട്ടിക കാണിക്കുന്നത്.

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| രോഗബാധിതതെങ്ങ് ശതമാന കണക്കിൽ | 18 | 19 | 29 | 20 | 22 | 24 | 18 | 21 | 18 | 34 |

ഓരോ വാർഡുകളും പരിശോധിച്ചാൽ ഏറ്റവും കൂടുതൽ തെങ്ങുകൾക്ക് രോഗം ബാധിച്ചിരിക്കുന്നത് വാർഡ് X (34%), III (29%) എന്നു കാണാം

## (b) കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ ടില്ലർ | നാടൻ കലപ്പ | മരുന്നു തളി ഉപകരണങ്ങൾ റോക്ക് സ്പ്രെയർ | നാപ് സ്റ്റോക്ക് സ്പ്രെയർ | മെതി യന്ത്രം | തെങ്ങു കയറ്റയന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|
| I | 5 | 11 | 1 | 6 | 1 | - | 2 |
| II | 3 | 15 | 2 | 8 | 1 | 2 | 5 |
| III | 3 | 8 | 2 | 6 | - | - | 3 |
| IV | 3 | 6 | 1 | 9 | 1 | - | 4 |
| V | 4 | 12 | 2 | 12 | - | 1 | 5 |
| VI | 3 | 5 | - | 15 | - | - | 6 |
| VII | 3 | 5 | 2 | 12 | - | - | 2 |
| VIII | 1 | 4 | 4 | 16 | - | - | 2 |
| IX | 1 | 2 | 3 | 6 | - | - | 6 |
| X | 3 | 8 | 2 | 12 | 3 | 1 | 2 |

1. കൃഷിമേഖലയിലെ വികസന പ്രശ്നങ്ങൾ

ഗ്രാമസഭാ റിപ്പോർട്ട് അവലോകലവും ക്രോഡീകരണവുമാണ് താഴെ നടത്തിയിരിക്കുന്നത്.

(എ) കൃഷിയിടങ്ങളിലെ തോടുകൾ

താഴെ വിവരിക്കുന്ന, നിലവിലുള്ള തോടുകൾ ആഴവും വീതിയും കൂട്ടി സൈഡുകൾ കെട്ടി (സിമൻറ് കോൺക്രീറ്റ് ചെയ്യുന്നതുൾപ്പെടെ) സംരക്ഷിക്കുക, നീളം വർദ്ധിപ്പിക്കുക തുടങ്ങിയ ജോലികൾ :-

1. കുന്നുകര ഈസ്റ്റ് വാർഡിലെ, കുറ്റ്യാറപടി വരെ എത്തി നിൽക്കുന്ന ഇറിഗേഷൻ ബ്രാഞ്ചുകനാൽ പെരുങ്കുളം വരെ നീട്ടി ജലസേചന സൗകര്യം ഊ ഭാഗത്തും കിട്ടാറാക്കണം.

2. അടപ്പാതോട് പടിഞ്ഞാറോട്ട് പറയങ്കാടു തുമ്പിൽ കുഴി വരെ.

3. വേറോണത്തു തോട്.

4. ചീക്കേലി - മീൻ മുഖതോട് - പാങ്കോറത്തോട് (മുയാത്തതോട് - ചീത്തേലി തോടുൾപ്പെടെ.)

5. a. പടുവായി മുതൽ ഊഴംപുഴ വരെയുള്ള തോട്,

b. മണ്ടങ്കേരി - ക്കടങ്ങൻ തോട് ,വയലിക്കാട് - മണ്ടങ്കേരിതോട്.

6. പുത്തൻ പുഞ്ചത്തോട് പടുവായിതോട് വരെ.

7. ഇടയക്കുളം മഠത്തുംചാൽതോട് 750 മീറ്റർ നീളത്തിൽ.

8. കുന്നുകര L.I. പമ്പിൽ നിന്നു 50 മീറ്റർ കഴിഞ്ഞു വരുന്ന സബ് കനാൽ.

9. ചുട്ടാട് സ്ഥാപിച്ചിട്ടുള്ള M.I. സ്കീമിൻെറ നിലവിലുള്ള കനാലിൻെറ കിഴക്കോട്ടുള്ള 250 മീറ്റർ.

10. കുറ്റിക്കാട്ടു പാടം വഴി പോകുന്ന തോട്.

11. കൊല്ലുത്തുപടി മുതൽ പടിഞ്ഞാറ്റുപടി വഴി കല്പാട്ടുചാൽ വരെയുള്ള തോട്.

12. കുറ്റിയാൽ - പുളിയ്ക്കതോടിൻെറ പള്ളിക്കാതം മുതൽ ചാലായ്ക്കത്തോട് വരെയുള്ള ഭാഗം.

13. പുറമിറ്റം - കട്ട പുഞ്ചതോട്.

14. അമ്മണത്തു വള്ളം പുഞ്ചക്കണ്ണിയിൽ നിന്നു പുഴയിലേക്ക് പുതിയതോട്.

15. വയൽകര തമ്പക കനാലിൽ കല്പാട്ടുചാലിൽ നിന്നു കൊളമ്പിലേക്കു പുതിയിതോട്.

16. കാലമിറ്റം - കുറ്റ്യാൽ തോട്.

17. കൊല്ലാറ - കുളക്കര - കാലമിറ്റം - മീൽകരക്കടവ് തോട് P.W.D റോഡിലെ കലങ്ക് വീതി കൂട്ടുന്നതുൾപ്പെടെ

18. കൊടിയംകാട് - വലിയപടവുതോട്.

19. മാടപ്പുറം - തലോടിതോട്.

20. അങ്കമാലി - മാഞ്ഞാലി തോട്.

21. ഒടിയപ്പാടം (റോടിനു വടക്കവശം)

22. ആര്യക്കാട് തോട് - മാഞ്ഞാലി തോടുവരെ )

23. ചിരട്ടപ്പാടം തോട്.

24. പുറത്തായിതോട്

25. ചെട്ടിക്കാട് - കണ്ണാക്കതോട്.

26. കണ്ണായ്ക്കൽ - ചിറയ്ക്കൽ തോട്.

27. മുമ്പുണ്ടായിരുന്ന വെള്ളിയം തോട് പുനർ നിർമ്മാണം, (ചെട്ടിക്കാട് മുതൽ ചെറിയതേയ്ക്കാനം വരെ).

28. മുട്ടത്തിപ്പള്ളം മുതൽ വടക്കോട്ടു കുറ്റിയാൽ വരെയുള്ള തോട്.

30. കോവാട്ടു മുതൽ കളത്തിൻ കടവു വരെയുള്ള പഞ്ചായത്തു റോഡിൻെറ സൈഡിലുള്ള പറമ്പുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് റോഡിൻെറ സൈഡിൽക്കൂടി പുതിയ C.C കാന നിർമ്മാണം.

(ബി.) മൈനർ ഇറിഗേഷൻ സ്കീമുകളുടെ ഇന്നത്തെ സ്ഥിതിയും പരിഹാര നിർദ്ദേശങ്ങളുമാണ് അടുത്തത്.

പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള 9-M.I. സ്കീമുകളാണ് നിലവിലുള്ളത്. പഞ്ചായത്തു റിക്കോഡുകളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വയൽകര വാർഡിലെ 'ഇടക്കുഴി' സ്കീം ഇതിന് പുറമെയുണ്ട്. ഇവയിൽ ഓരോന്നിൻേറയും പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

1. ചുട്ടാട്ടിൽ സ്ഥാപിച്ചിട്ടുള്ള 15 H.P .യുടെ സ്ഥാനത്ത് 25 HP യുടെ മോട്ടോർ സ്ഥാപിച്ചു കൂടുതൽ വെള്ളം വിതരണം ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കണം. അതിനായി നിലവിലുള്ള സ്കീം, മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിക്കണം.

2. വയൽകര ഇടക്കുഴിയിൽ സഥാപിച്ചിട്ടുള്ള പമ്പ് സെറ്റ് കഴിഞ്ഞ 4 വർഷമായി പ്രവർത്തിക്കുന്നില്ല. പമ്പിൻേറയും കനാലിൻേറയും അറ്റകുറ്റപ്പണികൾ നടത്തി സ്കീം പ്രവർത്തനക്ഷമമാക്കണം.

3. വടക്കേ അടുവാശ്ശേരി വാർഡിലെ കാങ്കപ്പാടം M.I. സ്കീമിലെ കനാലുകൾ ഇപ്പോൾ എതിതിയിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് നീട്ടുകയും കൂടുതൽ പ്രദേശങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനു സൗകര്യപ്പെടുത്തുകയും വേണം. ഇപ്പോൾ ഇതിൻെറ നടത്തിപ്പ് നാട്ടുകാരുടെ സമിതിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഇതിൻെറ ചുമതല ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കണമെന്നു താല്പര്യപ്പെടുന്നു.

4. അയിരൂർ വാർഡിലെ - 'പുറത്തായി' M.I. സ്കീമിൻെറ പൂർതിതിയാകാനുള്ളള കനാൽ കോൺക്രീറ്റു ചെയ്യുന്നതുൾപ്പെടെയുള്ള പണികൾ നടത്തുക.

അയിരൂർ വാർഡിലെ 'ആണേക്കാട്' M.I. സ്കീമിൻെറ നിലവിലുള്ള പമ്പ് ഷെഡ് പുതുക്കിപ്പണി, കുളത്തിന്െറ നാലുവശവും കെട്ടി ബലപ്പെടുത്തൽ, പൂർത്തിയാകാത്ത കനാൽ കോൺക്രീറ്റു ചെയ്യുന്നതുൾപ്പെടെയുള്ള പണികൾ നടത്തുക.

6. അയിരൂർ 'ഒടിയപ്പാടം' M.I. സ്കീമിൻെറ പണിപൂർത്തിയാകാനുള്ള കനാൽ കോൺക്രീറ്റിംഗ് നടത്തുകയും പുതിയതായി സ്ഥാപിച്ചിട്ടുള്ള 50 H.P. പമ്പിന് പവർ അലോക്കേഷൻ ലഭിക്കാനുള്ള നടപ

ടികളും പഞ്ചായത്തും കൃഷിഭവനും ചേർന്ന് സ്വീകരിക്കുക.

7. ആറ്റുപുറം 'തുമ്പരത്തേരി' M.I. സ്കീമിൻെറ മണ്ണു കൊണ്ടു നിർമ്മിച്ചിട്ടുള്ള താൽക്കാലിക ബണ്ട്, ഇരുവശവും ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി മണ്ണു താഴ്ത്തിയതുകൊണ്ട് ഇടിഞ്ഞു നശിച്ചു കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരമായി 350 മീ. നീളത്തിൽ കനാൽ കോൺക്രീറ്റു ചെയ്തു ബലപ്പെടുത്തണം.

8. ആറ്റു പുറം വാർഡിലെ മറ്റൊരു M.Iസ്കീമായ 'തേർച്ചപ്പാടം' പദ്ധതിയുടെ ബണ്ടും വളരെ മോശമാണ്. രണ്ടു ഭാഗമായി 1500 മീ. നീളത്തിൽ കനാൽ കോൺക്രീറ്റു ചെയ്തു ബലപ്പെടുത്തണം.

8. ആറ്റുപുറത്തെ ആറ്റുപുറം L.I. സ്കീമിൻെറ ഇന്നത്തെ പ്രവർത്തനം നിർജ്ജീവമാണ്. ഉപഭോക്താക്കളുടെ കമ്മറ്റിയുണ്ടാക്കി, രണ്ടു ഭാഗത്തായി ഏകദേശം 1000 മീ. ബണ്ടുകോൺക്രീറ്റു ചെയ്തുറപ്പിക്കുകയും പമ്പു ഹൗസിൻെറ അറ്റ കുറ്റപ്പണികൾ നടത്തുകയും വേണം.

10. കുത്തിയതോട് കൃഷിയാവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള 20,25 HP പമ്പുസെറ്റുകൾ ആവശ്യമായ സമയങ്ങളിൽ പ്രവർത്തിപ്പിക്കാതെ, ഇഷ്ടിക നിർമ്മാണത്തിന് സൗകര്യം ചെയ്തുകൊടുക്കുന്നതായി കർഷകർ പരാതിപ്പെട്ടിരിക്കുന്നു. ഈ പദ്ധതിയുടെ കനാലുകളുടെ സൈഡിൽക്കൂടി 10 ലിംഗ്സ് വീതിയുള്ള വഴിയുണ്ട്. കനാൽ സൈഡുകെട്ടി, പദ്ധതി നല്ല രീതിയിൽ നടത്തുവാനും നടപടി വേണം.

11. കുത്തിയതോടിൻെറ താഴ്ന്ന കൃഷി സ്ഥലത്തെ നെൽകൃഷിക്കാർക്കുവേണ്ടി 'കർഷകസമിതി' വഴി കുന്നുകര കൃഷിഭവനിൽ നിന്നു സബ്സിഡിയോടുകൂടി അനുവദിച്ച പമ്പുസെറ്റു, സമിതിയുടെ പേരിൽ വാങ്ങിയെങ്കിലും, അതൊരു വ്യക്തിയുടെ പേരിലായിമാറുകയും സ്വകാര്യാവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുകയുമാണ്. കർഷക സമിതിക്ക് പമ്പുതിരിച്ചു കിട്ടുന്നതിനുള്ള നടപടി വേണം.

12. കായക്കുടം സ്കീം നിലനിർത്തുക

ജലസേചന വകുപ്പിൻെറ കിഴിലുള്ള 25 H.P പമ്പുസെറ്റു ഒരു സ്വകാര്യ വ്യക്തിയുടെ വസ്തുവിലാണ് ഇന്നിരിക്കുന്നത്. പമ്പിംഗ് നടത്തുന്നതിന് കനാൽ ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. 40 ൽ അധികം ഏക്കറിൽ ജലസേചനം, സൗകര്യപ്പെടുത്താത്തതിനാൽ, വിളയിറക്കാൻ പറ്റുന്നില്ല. ഇത് പഞ്ചായത്ത്ഏറ്റെടുത്ത് പമ്പിംഗ്സംവിധാനം സ്ഥിരമായി ഏർപ്പെടുത്തണം.

(സി.) പുതിയ M.I. സ്കീമുകൾ

1. കുന്നുകര ഈസ്റ്റ് വാർഡിലെ കരഭൂമികളിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലസേചന സൗകര്യത്തിന് വേണ്ടി മൈനർ ഇറിഗേഷൻ പദ്ധതിയായി അനുവദിച്ചിട്ടുള്ള 'കരിശുപള്ളി' സ്കീം വേഗം നടപ്പിലാക്കണം. ടി. പദ്ധതിയുടെ പ്രയോജനം കുറ്റിപ്പുഴ പള്ളിക്ക് സമീപത്തുള്ളവർക്കുകൂടി കിട്ടത്തക്ക വിധം വ്യാപിപ്പിക്കണം.

2. കുന്നുകര വെസ്റ്റ് വാർഡിലെ 'ആനക്കുളം' M.I. സ്കീം പൂർത്തീകരിക്കുന്നതനുസരിച്ച് വാർഡിൻെറ എല്ലാ ഭാഗത്തും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ സബ് കനാലുകൾ പണിതുഅധിക ജലം പാഴാകാതെ സംരക്ഷിക്കുക. രണ്ടാമതായി ഇപ്പോൾ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 30 H.P. ക്ക് പകരം 50 H.P പമ്പ് സെറ്റ് സ്ഥാപിക്കാൻ നടപടി വേണം.

3. തെക്കെ അടുവാശ്ശേരി വാർഡിലെ 'പാറശ്ശേരിക്കുന്ന്' L.I. സ്കീം സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നതിനായി അടിയന്തിരമായി നടപടി വേണം. 95 - 96 ൽ C.C.D.P പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗിച്ച് പണികൾ പൂർത്തീകരണത്തിലെത്താത്ത അവസ്ഥയാണ്. ഇന്നുള്ളത്. ഈ പദ്ധതികൊണ്ട് കൃഷിവികസനം നടക്കുന്നതോടൊപ്പം, കുടിവെള്ളത്തിനു ബുദ്ധിമുട്ടുന്ന തദ്ദേശവാസികൾക്ക് വലിയൊരനുഗ്രഹം കൂടിയാണ്. നിലവിലുള്ള കിണറുകൾ വറ്റാതെ സംരക്ഷിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുകൂടി ഉപകരിക്കുന്നതിനാൽ മുൻഗണന നൽകി, പദ്ധതിയുടെ പൂർത്തീകരണത്തിന് ഫണ്ടു അനുവദിച്ചു സമയബന്ധിതമായി പദ്ധതി കമ്മീഷൻ ചെയ്യണം.

4. ഇതേ വാർഡിലെ 'പള്ളിക്കുന്നത്ത്' പുതിയതായി ഒരു L.I. സ്കീം നടപ്പിലാക്കണം. വാർഡിൻെറ പടിഞ്ഞാറു ഭാഗത്തെ പള്ളിക്കുന്നത്തെ 40 -ഓളം വീട്ടുകാർ ജലസേചന സൗകര്യമില്ലാതെയും കുടിവെള്ള ക്ഷാമം മൂലവും ബുദ്ധിമുട്ടുകയാണ്. 100 ഏക്കറിൽ അധികം വരുന്ന പ്രദേശത്ത് കൃഷി വിളകൾക്കും പ്രയോജനപ്പെടുന്ന ഒരു L.I. പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

5. വടക്കെ അടുവാശ്ശേരിയിലെ 'മാലായിക്കുന്നിൽ' L.I. സക്കീം സ്ഥാപിക്കണം. ജലസേചനത്തിനും കിണറുകളിൽ വേനൽക്കാലത്ത് ഉറവ വറ്റാതെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഈ സ്കീം ഉപകരിക്കും.

6. കേര സംരക്ഷണ പദ്ധതിയിൽപെടുത്തി അയിരൂർ 'കൊച്ചുകടവ്' L.I. സ്കീം എത്രയും വേഗത്തിൽ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഫണ്ടു അനുവദിക്കുകയും വേണം.

7. കുത്തിയതോടു വാർഡിൻെറ കിഴക്കേവശം 'എലിത്തുരുത്ത്' പാടത്ത് 10 ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിന് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

8. ചാലായ്ക്കൽ വാർഡിലെ കണ്ണാക്കതോടിന് പടിഞ്ഞാറു വശം 25 H.P. പമ്പുസെറ്റു സ്ഥാപിച്ചു ചാലായ്ക്ക പ്രദേശത്താകെ ജലസേചന സൗകര്യം ലഭ്യമാക്കണം.

9. ചെറിയതേയ്ക്കാനത്ത് നിലവിലുള്ള കുളം നന്നാക്കി 15 H.P. പമ്പുസെറ്റു സ്ഥാപിക്കണം.

(ഡി). മൈനർ ഇറിഗേഷൻ വകുപ്പിൻെറ കിഴിൽ നിലവിലുള്ള പദ്ധതികളെ പുനരുദ്ധരിക്കൽ.

1. കുന്നുകര M.I. സ്കീം 111 (കോരൻ കടവു പദ്ധതി)

(1) കനാലുകളിൽ സംരക്ഷണത്തിനായി ചാരിയിരിക്കുന്ന സ്ലാബുകളുടെ വിടവുകളിൽക്കൂടി വെള്ളം ചോർന്നു നഷ്ടപ്പെടുന്നതൊഴിവാക്കാൻ C.C. കനാൽ ആക്കുക.

(2) കനാലിൻെറ സൈഡിലുള്ള പാടങ്ങളിൽ ടില്ലർ, ട്രാക്റ്റർ എന്നിവ കൊണ്ടുചെന്ന് ഇറക്കുന്നതിനായി, കനാൽ പുതുക്കി നിർമ്മിക്കുമ്പോൾഒരു സൈഡിലേക്ക് ഒതുക്കി സ്ഥലം സൗകര്യപ്പെടുത്തി റോഡു സൗകര്യം ഏർപ്പെടുത്തണം.

(3) പള്ളിക്കാനത്തു വന്നു നിൽക്കുന്ന കനാൽ 150 മീറ്ററും പുറംചാലിലേക്കുള്ളത് 50 മീറ്ററും കൂടി നീട്ടി ജലസേചനത്തിന് സൗകര്യപ്പെടുത്തുക.

(4) പമ്പുഹൗസിൽ നിന്നു 50 മീറ്റർ കഴിഞ്ഞു വരുന്ന ജലനിർഗമനക്കുഴലിൽ നിന്നു തെക്കോട്ടുള്ള 30 മീ. സബ് കനാൽ C.C. ആക്കുക.

(5) ഈ സ്കീമിൽ നിലവിലുള്ളത് 50 H.P. പമ്പുസെറ്റാണ്. ഇതിൽനിന്നു ലഭിക്കുന്ന വെള്ളം കൃഷിക്ക് മതിയാകാത്തതിനാൽ, കൂടെ ഒരു 25 H.P. പമ്പുസെറ്റുകൂടി സ്ഥാപിക്കണം.

2. വയൽകര നമ്പർ 2 M.I. സ്കീം

(1) കനാലിൻെറ പടിഞ്ഞാറു ഭാഗം ട്രാൻസ്ഫോർമർ മുതൽ ഇടിഞ്ഞുപോയിരിക്കുന്ന ഭാഗം കെട്ടി സംരക്ഷിക്കുകയും കനാലിൻെറ വടക്കു വശം സൈഡു കെട്ടി നീർവാർച്ച തടയുകയും വേണം.

(2) പമ്പുസെറ്റിൻെറ സക്ഷൻ പൈപ്പ്, വേലിയിറക്ക സമയത്ത് വെള്ളതിതിൽ മുട്ടാത്തതിനാൽ പമ്പിംഗ് അടിക്കടി മുടങ്ങുന്നു. അതിനാൽ പൈപ്പിൻെറ നീളം വർദ്ധിപ്പിക്കണം, നിലവിലുള്ള മോട്ടോർ കേടുവന്നാൽ സ്പെയർ സെറ്റില്ലാത്തതിനാൽ പമ്പിംഗ് മുടങ്ങുന്നു. ഉടനെ സ്പെയർ മോട്ടോർ സ്ഥാപിക്കാൻ നടപടിയെടുക്കണം.

(3) വടക്കോട്ടുള്ള കനാലിൻെറ ഇരുവശത്തുമുള്ള നിലങ്ങളിലേക്ക് ടില്ലർ, ട്രാക്റ്റർ ഇവ കൊണ്ടുപോകുന്നതിനും, കൊയ്തു കറ്റയും മറ്റു കൃഷി സാമഗ്രികളും കൊണ്ടു പോകുന്നതിനും വഴി അത്യാവശ്യമാണ്. 'തുമ്പരം' മുതൽ തൂമ്പിൽ കുഴി' വരെ സൈഡിൽ കൂടി ജീപ്പ് റോഡ് നിർമ്മിക്കണം.

(4) വയൽകര No. II പമ്പിംഗ് സ്റ്റേഷനിൽ നിന്ന് പടിഞ്ഞാറോട്ടുള്ള ഇറിഗേഷൻ കനാൽ റോഡ് മെറ്റൽ ഇളകി തകർന്നു കിടക്കുകയാണ്. പമ്പു മുതൽ പടിഞ്ഞാറോട്ട് മിൽമ ജംഗ്ഷൻ വരെ മെറ്റലിംഗും ടാറിഗും നടത്തണം.

(5) മിൽമ ബൂത്തു മുതൽ പടിഞ്ഞാറോട്ട് കനാൽ റോഡ് നിർമ്മിച്ച് പുറപ്പിള്ളിക്കാവ് കുന്നുകര റോഡിൽ എത്തിക്കണം.

3. കുറ്റിപ്പുഴ നമ്പർ 1 M.I. സ്കീം

(1) മെയിൻ കനാൽ പുല്ലന്ത്രപടി മുതൽ അടപ്പഭാഗം വരെ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നത് പുതുക്കി പണിയണം.

(2) കനാലിൻെറ കേടുവന്ന ഭാഗത്തു നിന്നും പടിഞ്ഞാറോട്ടു പഞ്ചായത്തു റോഡിൻെറ വശത്തു കുടിതുമ്പരത്ത് ഭാഗം വരെ എത്തുന്ന സബ് - കനാൽ പണിയണം.

(3) കനാലിൻെറ 'മടവര' ഭാഗം മുതൽ 'കുടിൽപീടിക' വഴി കിഴക്കോട്ടുള്ള ഭാഗം പുതുക്കി പണിയണം.

(4) കനാലിൻെറ D.F. ബ്രാഞ്ചിൻെറ പുനരുദ്ധാരണ ജോലികൾ നടത്തണം.

(5) കോരൻ കടവ്, കാരയ്ക്കാത്തുരുത്ത് എന്നിവിടങ്ങളിൽ ഓരു തടയുന്നതിന് സ്ഥാപിച്ചിട്ടുള്വ സ്ലൂയിസ് ചോർച്ചമാറ്റി, കൃത്യസമയങ്ങളിൽ തുറക്കുകയും അടക്കുകയും ചെയ്ത്, ഓരു തന്നതിന സംവിധാനം പ്രവർത്തനമാക്കുന്നതിന് പഞ്ചായത്തും കൃഷിഭവനും ചേർന്നു നടപ്പാക്കണം.

കോരൻ കടവു സ്ലൂയിസ്സിലെ രണ്ടു ഷട്ടർ മാത്രം തുറക്കുക, മറ്റു ഭാഗം മണ്ണും പനമ്പും ഉപയോഗിച്ച് അടക്കുകയും വേണം. വാച്ചർമാരുടെ പ്രവർത്തികളിൽ കർശ്ശനമായ നിയന്ത്രണം ആവശ്യമാണ്. തുറന്നുവിടാവുന്ന വെള്ളത്തിന് അളവുകോൽ നിശ്ചയിക്കുകയും നിയന്ത്രണം ഏർപ്പെടുത്തുകയും വേണം.

(6) വാച്ചർമാരുടെ സേവനം എല്ലാ സ്കീമുകളിലും കാര്യക്ഷമമാക്കണം.

(7) കനാലിൽ നിലവിലുള്ള ജലനിർഗ്ഗമനക്കുഴലുകൾ ആവശ്യമായ സമയങ്ങളിൽ നിയന്ത്രിക്കുന്നതിന് സംവിധാനമില്ല. ഇതിനേർപ്പാടുണ്ടാക്കണം. പാടശേഖര സമിതികളുടെ സഹകരണതേതോടെ നിലവിലുള്ളകുഴലുകൾ പുനസംവിധാനം ചെയ്ത് ആവശ്യാനുസരണം ഥാപിക്കുകയോ അടച്ചുകളയുകയോ ച്രയ്യണം. ഈകുഴലുകളിൽ നിന്നു കൃഷി നിലങ്ങളിൽ വെള്ളമെത്തിക്കുന്ന തോടുകൾ കോൺക്രീറ്റു ചെയ്തു സംരക്ഷിക്കണം.

(ഇ) മറ്റു പ്രശ്നങ്ങൾ

(1) കുറ്റിപ്പുഴ വാർഡിൽ കൊറ്റംകുളം ഭാഗത്ത് വന്നു ചേരുന്ന നിലവിലുള്ള നടപ്പാത 'ഫാംറോഡായി' നിർമ്മിക്കണം.

(2) കുന്നുകര വെസ്റ്റ് വാർഡിൽക്കൂടി കടന്നുപോകുമെന്നു പറയുന്ന ഇടമലയാർ സ്കീമിൻെറ കനാൽ ജനസാന്ദ്രത കുറഞ്ഞഭാഗത്തേക്ക് മാറ്റി റി അലൈൻ ചെയ്യണം.

അയിരൂർ കൂടി കടന്നു പോകുന്ന കനാൽ ഭൂനിരപ്പിൽ നിന്ന് താഴ്ത്തിയാണു നിർമ്മിക്കുന്നതെങ്കിൽ കനാലിൽ വെള്ളമില്ലാത്ത സമയം മേൽഭൂമികളിൽ ീർവാർച്ചക്കു കാരണമാകും, അതിനാൽ ഇതു സംഭവിക്കാതിരിക്കുന്നതിനുള്ള നടപടികൾ ആസൂ

ത്രണം ചെയ്തു നടപ്പിലാക്കണം.

(3) കൃഷി ഭൂമികളിലേക്ക് പോകുന്നതിനുള്ള നടപ്പാതകൾ കയ്യേറി യാത്രക്ക് തടസ്സം വരുന്ന പ്രവണത തടയണം.

(4) കൃഷി നാശത്തിന് സർക്കാരിൽനിന്നു അനുവദിക്കുന്ന നഷ്ട പരിഹാരത്തുക നിലവിലുള്ളതിൽ നിന്നു വർദ്ധിപ്പിക്കുക, നാശം സംഭവിക്കുന്ന എല്ലാ ഇനം വാഴകൾക്കും നഷ്ടപരിഹാരം അനുവദിക്കുക.

(5) കർഷകർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്നു അനുവദിക്കുന്ന കാർഷിക വായ്പക്ക് പലിശ നിരക്കു നിലവിലുള്ളതിൽ നിന്നു കുറക്കുകയും നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

(6) തെങ്ങുകൾക്ക് കൂട്ടായി മരുന്ന തളിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

(7) കർഷക സമിതികൾ പുനരുദ്ധരിച്ച് കൂടുതൽ അധികാരങ്ങൾ നൽകി ശക്തിപ്പെടുത്തുക.

(8) അയിരൂർ പുത്തൻ തോട്ടിൽ കിടക്കുന്ന പാറകൾ മാറ്റുകയും ഇരു കരകളും ഇടിഞ്ഞു പോകാതിരിക്കവാനുള്ള നടപടി സ്വീകരിക്കുയും ചെയ്യുക.

(9) അയിരൂർ വാർഡിൽ നിലവിലുള്ള L.I. സ്കീമുകൾ പഞ്ചായത്ത് ഏറ്റെടുത്ത് അതിൻെറ പരിധിയിൽ വരുന്ന കർഷകർക്ക് വെള്ളം എത്തിച്ചു കൊടുക്കുകയും വേണം.

(10) ആലുവ-കണക്കൻ കടവുറോഡിൻെറ കുത്തിയതോട് ഭാഗത്തുള്ള കലുങ്കുകൾ തുറന്നു, വടക്കുഭാഗത്തുള്ള വെള്ളം തെക്കു ഭാഗത്തുള്ള താഴ്ന്ന പ്രദേസങ്ങളിലേക്ക് ഒഴുകുന്നതിനുവഴിയുണ്ടാക്കി കൃഷിക്ക് സൗകര്യം ചെയ്യണം.

(11) കുത്തിയതോടു വാർഡിലെ കരിയിൽ പുഞ്ചയിൽ നിന്നു അക്കരെ പോകാനുള്ള തോട്ടിൽ കൃഷിക്ക് നടന്നു പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

(12) ചെറിയതേയ്ക്കാനത്ത് വെള്ളക്കെട്ടൊഴിവാക്കുന്നതിന് പഞ്ചായത്തു വഴിക്ക് കുറുകെ കലുങ്ക് നിർമ്മിക്കണം.

(13) കുറ്റിപ്പുഴ വാർഡിൽ ഒരു വളം ഡിപ്പോ വേണം

II. കാർഷികരംഗത്തെ പ്രശ്നങ്ങൾ.

1. കർഷകർ നേരിടുന്ന വെല്ലുവിളികൾ.

(a) നെല്ല്, തെങ്ങ്, മറ്റു ഇടവിളകൾ എന്നിവയെ ആശ്രയിച്ചു കൃഷി മുഖ്യതൊലിലായി ജീവിതം നയിക്കന്നവരാണ് ഭൂരിഭാഗവും. വർദ്ധിച്ച ഉത്പാദനക്കുറവും, കാർഷിക വിളകളുടെ വിലയിടിവും മൂലം കൃഷിയോടുള്ള താല്പര്യം കുറഞ്ഞുകൊണ്ടിരിക്കുന്നു. രാസവളത്തിൻെറ അടിക്കടിയുള്ള ക്രമാതീതമായ വില വർദ്ധന കൃഷിക്കാരുടെ മടിശീല ചോർത്തുകയും, കൃഷി ലാഭകരമല്ലാതാക്കുകയും ചെയ്യുന്നു.

(b) ഇതിന് പരിഹാരമായി സർക്കാർ തലത്തിൽ പല പദ്ധതികളുമുണ്ട്. പക്ഷെ കർഷകന് ഈ പദ്ധതികൾ സഹായകമായ വിധത്തിൽ ലഭ്യമാകുന്നില്ല.

(c) കൃഷിഭൂമിയിലുള്ള അമിതമായ രാസവളപ്രയോഗവും തുടർച്ചയായ വിളവെടുപ്പും മണ്ണിൻെറ ഫലപുഷ്ടി നശിപ്പിക്കുന്നു.

(d) യാതൊരു നയന്ത്രണവുമില്ലാതെ കൃഷിനിലം ആഴത്തിൽ താഴ്ത്തിഇഷ്ടികക്കും മറ്റു വ്യാവസായിക ആവശ്യങ്ങൾക്കും മണ്ണെടുക്കുന്നു. വെള്ളക്കെട്ടുമൂലം ഈ സ്ഥലങ്ങൾ ചതുപ്പുകളും കൊതുകവളർത്തൽ കേന്ദ്രങ്ങളുമായി മാറിയിരിക്കുന്നു. മാത്രമല്ല അയൽനിലങ്ങളിൽ നീർവാർച്ച മൂലം കൃഷി അസാദ്ധ്യമാകുന്നു. ഇതു തടയുന്നതിന് നിലവിൽ യാതൊരു നിയമവുമില്ല.

(e) നെൽപ്പാടം മണ്ണിട്ടു നികത്തി തെങ്ങിൻതോപ്പുകളും വീടുകളും നിർമ്മിക്കുന്നതിനാൽ കൃഷി നിലത്തിൻെറ വിസ്തൃതി ചുരുങ്ങുകയും അയൽ നിലങ്ങളിൽ കൃഷിക്ക് നാശനഷ്ടങ്ങളും സംഭവിക്കുന്നു. നിലവിലുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങളും തടയപ്പെടുന്നു.

(f) പഞ്ചായത്തതൃത്തിയിലൂടെ ഒഴുകുന്ന പെരിയാർ, ചാലക്കുടിയാർ, മറ്റു ഇടപ്പുഴകൾ എന്നിവയിൽ നിന്നും നിയന്ത്രണമല്ലാതെ, പുഴയുടെ അടിത്തട്ട് ആഴത്തിൽ തുരന്നുള്ള മണൽ വാരൽ, പുഴകളിലെയും കുളങ്ങളിലേയും, കിണറുകളിലെയും ജലനിരപ്പ് താഴുന്നതിനിടയാക്കിയിരിക്കുന്നു. പുഴമട്ടകൾ ഇടിഞ്ഞു പുഴയിൽ ലയിച്ചു ചേരുന്നു. ഇത് കുടിവെള്ളം മുട്ടിക്കുന്നതിനും, കൃഷിക്കു ജലസേചനം അസാദ്ധ്യമാക്കി തീർക്കുന്നതിനും ഇടയാക്കുന്നു. പുഴയിൽ നിന്നു വേണ്ട സമയങ്ങളിൽ കൃഷിക്ക് വെള്ളം പമ്പു ചെയ്യാൻ പറ്റുന്നില്ല. പൈപ്പുകൾ വെള്ളത്തിൽ എത്താത്ത നിലയും സൃഷ്ടിക്കുന്നു.

(g) കൃഷി സ്ഥലത്ത് എലി ശല്യം വർദ്ധിച്ചു വരുന്നു.

(h) മുമ്പ് പ്രതിപാതിച്ചിട്ടുള്ള കണക്കുകൾ പ്രകാരം എല്ലാ വാർഡിലെയും തെങ്ങുകൾക്ക് വ്യാപകമായി രോഗം ബാധിച്ചിരിക്കുന്നു. തെങ്ങു വെട്ടി മാറ്റുന്നതിനും പുതിയ തൈ നടുന്നതിനുമുള്ള പദ്ധതികൾ 'എട്ടിലെപശു'വായി അനുഭവപ്പെട്ടിരിക്കുന്നു. നിലവിലുള്ള സംവിധാനം പരിമിതവും ഫലപ്രദവുമല്ല.

(i) പെരിയാറിലേക്കും ചാലക്കുടിയാറിലേക്കും ഓരുവെള്ളം കയറി കൃഷി നാശം സംഭവിക്കുന്നത് തടയാൻ സ്ഥിര സംവിധാനമില്ല. ഉള്ളവതന്നെ സമയത്തു ചെയ്യാത്തതിനാൽ നിഷ്ഫലവുമാണ്.

III. പരിഹാരങ്ങളും സാദ്ധ്യതകളും.

(എ ) പരിഹാര നിർദ്ദേശങ്ങൾ -

(1) ഇഷ്ടിക നിർമ്മാണത്തിനോ മറ്റു ആവശ്യങ്ങൾക്കോ കൃഷിനിലം താഴ്ത്തി മണ്ണെടുക്കുന്നത് നിയമം മൂലം കർശ്ശനമായി തടയുക. മറ്റുസ്ഥലങ്ങളിൽ ശേഖരിച്ച് ഇഷ്ടിക നിർമ്മാണം നടത്തുന്നതും കർശനമായി തടയണം. നിയമം ആവിഷ്കരിച്ചു നടപ്പിൽ വരുത്തുന്നതുവരെയുള്ള കാലയളവിൽ, ഇഷ്ടിക നിർമ്മാണത്തിന് ബന്ധപ്പെട്ടവർ ലൈസൻസ് നൽകാതിരിക്കുക.

(2) നദികളിലെ മണൽ വാരൽ തടയുന്നതിന് വിവിധ നിർദ്ദേശങ്ങളാണ് ഗ്രാമസഭകൾ മുന്നോട്ടു വച്ചിട്ടുള്ളത്.

i. മണൽ വാരൽ എന്നന്നേക്കമായി നിരോധിക്കുക.

ii. തുടർച്ചയായി ഒരു നിശ്ചിത സമയത്ത് 6 മാസം മണൽവാരൽ നിർത്തി വയക്കുക. തൽഫലമായി പുഴകളിൽ, വർഷക്കാലത്ത് മണൽ ശേഖരണവും രൂപീകരണവും നടക്കും. തന്മൂലം ജലനിരപ്പ് ഉയർന്നുകിട്ടുകയും ആവശ്യമായ നീരുറവ ഭൂമിക്കടിയിൽ നിലനിൽക്കുകയും ചെയ്യും.

iii. മണൽവാരൽ നിയന്ത്രിക്കുക, ഇപ്പോഴത്തെ രീതിയിൽ വളയവും പ്ലാസ്റ്റിക്ക് സഞ്ചിയും കമ്പിൽകെട്ടി പുഴയുടെ അടിത്തട്ട് കാർന്നെടുക്കുന്ന വാരൽ നിരോധിക്കുക.

iv. ഒക്ടോബർ, നവമ്പർ, ഡിസമ്പർ മാസങ്ങളിൽ മാത്രമായി നിയന്ത്രിക്കണം.

v. കൃഷിഭൂമിയിൽ വിളവു വർദ്ധിപ്പിക്കുന്നതിനും സമൃദ്ധിയായി വളർത്തിക്കൊണ്ടുവരുന്നതിനും -

(1) വാർഡു തലത്തിൽ കാലാകാലങ്ങളിൽ കൃഷിഭവനിലുടെ മണ്ണുപരിശോധന നടത്തി, കർഷകന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി കാര്യക്ഷമമാക്കണം

(2) വിത്ത്, നടീൽ വസ്തുക്കൾ, വളം കീടനാശിനി, കുമിൾനാശിനി, നീറ്റുകക്ക, സ്പെയർ എന്നിവ സബ്സിഡി നൽകിവിളയിറക്കേണ്ട കൃത്യ സമയത്ത് വിതരണം ചെയ്യണം. സബ് സിഡി 50% ആയി വർദ്ധിപ്പിക്കണം.

(3) കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ യന്ത്രങ്ങൾ കൃഷിക്കാരന് ലഭ്യമാക്കണം.

(4) നെൽകൃഷിക്കാർക്കുവേണ്ട സർക്കാർ തലത്തിൽ നൽകിവരുന്ന ഉത്പാദന ബോണസ്സ് ഹെക്റ്ററിന് 1000/- രൂപയായി വർദ്ധിപ്പിക്കുക.

(5) വിള ഇൻഷ്വറൻസ് എല്ലാ കാർഷിക വിളകൾക്കും നാമമാത്രമായ പ്രീമിയത്തിൽ ഏർപ്പെടുത്തുക. ആനുകൂല്യം കാലോചിതമായി പരിഷ്കരിക്കുക. നെല്ല്, തെങ്ങ്, ഏത്തവാഴ, ഇവക്ക് പലിശ രഹിതവായ്പകൾ സഹകരണബാങ്ക്, മറ്റ് ബാങ്കുകൾ എന്നിവയിൽനിന്നും ലഭ്യമാക്കുക.

(6) കാർഷികാവശ്യത്തിന് മുൻഗണനാക്രമത്തിൽ വൈദ്യുതി നൽകുക, എല്ലാ കൃഷിക്കും ഉപയോഗിക്കുന്ന വൈദ്യുതി, സൗജന്യമായി നൽകുക.

(7) കൃഷിക്കാർക്കു കൃഷിഭവൻ ഉഴി നൽകിവരുന്ന ശാസ്ത്രീയ നിർദ്ദേശങ്ങൾ, കർഷകത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി, ഇരു കൂട്ടരെയും കോർത്തിണക്കി, ശാസ്ത്രീയമായ അവബോധം വളർത്തി, കൃഷിയുടെ പരിരക്ഷക്ക് ഉറപ്പു വരുത്തുക.

(8) കൃഷിഭൂമിയിലുള്ള അമിതമായ രാസവളപ്രയോഗവും തുടർച്ചയായ വിളവെടുപ്പും മണ്ണിൻെറ ഫലപുഷ്ടി നശിപ്പിക്കുന്നു. മണ്ണിൻെറ ഘടനയും പരുവവും രൂപപ്പെടുത്തുന്നതിൽ ജൈവവളത്തിന് പ്രധാനസ്ഥാനം കൊടുക്കണം.

വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പയറു കൃഷി നിർബന്ധമായും ചെയ്തു പൂവിടുന്ന പരുവമാകുമ്പോൾ മണ്ണിൽ ഉഴുതുചേർത്തു മണ്ണിൻെറ ജൈവവളപാക്യ ജനകസംരക്ഷണം ഉറപ്പുവരുത്തണം.

(9) രാസവള പ്രയോഗം കുറച്ചുകൊണ്ടുവരുന്നതിൻെറ ഭാഗമായി, കൃഷിഭവൻ വഴി, വീട്ടിൽ ജൈവവള കമ്പോസ്റ്റുകുഴികൾ നിർമ്മിച്ചു, കമ്പോസ്റ്റ് കുഴി നിർമ്മാണത്തിന് ഇപ്പോൾ നാമമാത്രമായി നൽകുന്ന സബ് സിഡി യഥാർത്ഥ ചെലവിൻെറ 50%മായി വർദ്ധിപ്പിക്കണം.

(10) ഇഷ്ടികക്ക് മണ്ണെടുത്ത് വെള്ളക്കെട്ട് മൂലം ചതുപ്പായി മാറിയിട്ടുള്ള സ്ഥലങ്ങൾ വീണ്ടും കൃഷിനിലമാക്കുന്നതിന് ഉടമസ്ഥർ തയ്യാറായില്ലെങ്കിൽ റവന്യൂ വകുപ്പ് ഏറ്റെടുത്ത് നിർദ്ദിഷ്ട ഭൂമി, കൃഷിക്ക് ഉപയുക്തമാക്കണം.

(11) വിളകളെ നശിപ്പിക്കുന്ന എലികളെ നശിപ്പിക്കുന്നതിന് കൂട്ടായ പ്രവർത്തനത്തിന് കൃഷിഭവൻ വഴി നേതൃത്വം നൽകണം.

(12) കയറ്റുമതി സാദ്ധ്യതയുള്ളതും നാട്ടിൽതന്നെ മാർക്കറ്റുള്ളതുമായ പുഷ്പകൃഷി, കൂൺകൃഷി, ഓർക്കിഡ് എന്നിവ ഉപജീവനമാർഗ്ഗമായി വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കി, സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി എല്ലാ വാർഡിലും 100 യൂണിറ്റ് വീതമെങ്കിലും 50% സബ് സിഡി നൽകി സ്ഥാപിക്കുക.

(13) ഉല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നതിന് ഇടത്തട്ട് വ്യാപാരികളെ ഒഴിവാക്കി, പൊതു സംഭരണകേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക, ഉല്പന്നം കൈമാറുമ്പോൾ തന്നെ കർഷകന് വില നൽകുന്നതിനുള്ള സംവിധാനവും വേണം.

(14) കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈ നടുന്നതിന് ഇന്നു നൽകുന്ന സഹായം എങ്ങും എത്താത്ത സ്ഥിതിയാണ്. കേടുവന്ന എല്ലാ തെങ്ങുകളും സമയബന്ധിതമായി വെട്ടിമാറ്റുന്നതിനും എല്ലാവർക്കും കിട്ടത്തക്കവും, വർദ്ധിപ്പിച്ചു നൽകണം. അതൊടൊപ്പം മറ്റു തെങ്ങുകളെ പ്രതിരോധിക്കുന്നതിനുള്ള സംരക്ഷണ നടപടികൾ ശാസ്ത്രീയമായ പ്രവർത്തനം, കൃഷിഭവൻ ജീവനക്കാർ വഴി വാർഡുതോറും ഉണ്ടാക്കണം.

(15) അതിപ്രധാമായ മറ്റൊന്ന്, നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരം ഇന്ന് സ്വകാര്യ വ്യക്തികൾ വഴി പുറത്തേക്കു കടന്നുപോകുന്നു. കർഷകർക്ക് ന്യായമായ വിലകിട്ടുന്നുമില്ല.

പൊതുവെ മിക്ക വാർഡുകളിൽ നിന്നും വന്നിരിക്കന്ന നിർദ്ദേശം, സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിച്ചു ന്യായമായ വിലക്ക് തേങ്ങ സംഭരിച്ചു കൊപ്രായും വെളിച്ചെണ്ണയുമാ

ക്കി വിപണനം ചെയ്യുന്നതിനുള്ള സംവിധാനം, സാദ്ധ്യമായ കേന്ദ്രങ്ങളിലൊക്കെ നമ്മുടെ പഞ്ചായത്തതൃത്തിയിൽ ഉണ്ടാക്കണമെന്നാണ്.

(16) ഓരുകയറ്റം തടയുന്നതിന് കണക്കൻകടവിലും പുറപ്പിള്ളിക്കടവിനു സമീപവും ഇപ്പോൾ മണൽ കൊണ്ടു താല്കാലികബണ്ടു നിർമ്മിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. തക്കസമയത്ത് മിക്കവർഷവും ബണ്ടിടുന്നതിന് സാധിക്കാറില്ല. ഇതുമൂലം ഓരു കയറി കൃഷി നശിക്കുന്നു. ഇതിനു പരിഹാരമായി, ചെറിയ തേയ്ക്കാനം കടവിൽ അനുവദിച്ചിട്ടുള്ള Regulator - cum - bridge പണിയും, മാഞ്ഞാലി പുഴക്കടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന Regulator - cum - bridge പണിയുന്നതിനുള്ള നടപടികളും ഉടനെ ആരംഭിക്കണം. കണക്കൻകടവു പാലത്തിൻെറ പണി വേഗം തീർത്ത് റെഗുലേറ്ററിൻെറ പ്രയോജനവും ലഭ്യമാക്കണം.

(17) നമ്മുടെ സംസ്ഥാനത്ത് ഇന്ന് പുറത്തുനിന്നാണ് പച്ചക്കറിയെത്തുന്നത് . ഓരോ വീട്ടിലും സ്വന്തം ആവശ്യത്തിനെങ്കിലും പച്ചക്കറി ഉത്പാദിപ്പിക്കാൻ കഴിയും. ഇതിനാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ കൃഷിഭവൻ വഴി നൽകി വീടൊന്നിന് ഒരു അടുക്കളത്തോട്ടമെങ്കിലും ഉണ്ടാക്കാൻ പ്രോത്സാഹനം നൽകണം.

(18) ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കി കൃഷി നടത്തിപ്പിൽ കർഷകരെ സഹായിക്കണം.

(19) ജൈവവളം വികസനത്തിൻെറ ഭാഗമായി 50% സൗജന്യമായി ജൈവവളം, ചാണകം, മുതലായവ കർഷകർക്ക് പ്രത്യേകിച്ച് നെൽകൃഷിക്കാക്ക് ലഭ്യമാക്കണം.

(ബി) സാദ്ധ്യതകൾ

(1) തെക്കെ അടുവാശ്ശേരി വാർഡിലെ 'കായക്കുടം' M.I. സ്കീം പഞ്ചായത്ത് ഏറ്റെടുക്കുന്ന പക്ഷം, കനാൽ ആവശ്യാനുസരണം നിർമ്മിക്കുന്നതുൾപ്പെടെ ഉള്ള ജോലികൾ ബെനിഫിഷ്യറികളുടെ സഹായത്തോടെ ശ്രമദാനമായി ചെയ്യാവുന്നതാണ്.

(2) ഒരു നാടിൻെറ പുരോഗതിക്കും നിലനില്പിനും പ്രധാനമായി പിന്തുണ നൽകുന്നത് അവിടുത്തെ കർഷകരാണ്. എന്നാൽ കൃഷിലാഭകരമായി മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കണമെങ്കിൽ ആദായകരമായി കൃഷി നടത്താൻ കഴിയണം. അതിന് സാങ്കേതിക വിദ്യയുടെയും കൃഷി രീതികളുടെയും, എല്ലാം അറിവ് ഇന്ന് കർഷകന് ലഭ്യമാണ്. എന്നാൽ കർഷകന് അടിയന്തിരഘട്ടങ്ങളിൽ കാർഷിക വായ്പകൾ കുട്ടുന്നതിന് ഇന്ന് നിലവിലുള്ള സഹകരണബാങ്കുകളും മറ്റു സ്വകാര്യ ബാങ്കുകളും നിയമക്കുരുക്കുകളുടെ നൂലാമാലകളിൽ കുരുക്കി അവനെ നിരാശനാക്കി മടക്കി അയക്കുന്നു. ഇത്തരുണത്തിൽ ഈ പഞ്ചായത്തുമേഖല യിലെ എല്ലാ ബാങ്കുകളുടേയും നിക്ഷേപ - കൃഷി വായ്പാ അനുപാതം പരിശോധിച്ച് ഇതിലെ അന്തരങ്ങൾ കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബാങ്കുകൾക്ക് ബാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ ബാങ്കുകൾക്ക് കർഷകരെ വളരെയധികം സഹായിക്കാൻ കഴിയും 'നാടിൻെറ നട്ടെല്ല്', കർഷകനാണെന്നുള്ള കാര്യം ആരും മറന്നുപോകാതിരുന്നെങ്കിൽ!

(3) അടുത്തതായി ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള പല ആവശ്യങ്ങളിലും ബാങ്കുകൾക്ക് കാര്യമായ സഹായം ചെയ്യാൻ കഴിയും, പ്രത്യേകിച്ച് സഹകരണബാങ്കുകൾക്ക്. നാട്ടിലുത്പാദിപ്പിക്കുന്ന നാളികേരം, നെല്ല് എന്നിവ ന്യായമായ വില നൽകി നേരിട്ട് സംഭരിച്ചു ചെറുകിട റൈസ് മില്ലുകളും കൊപ്രാമില്ലുകളും ആരംഭിച്ച് തൊഴിൽ രഹിതക്ക് തൊഴിലും, കർഷകർക്ക് ലാഭവിഹിതവും ന്യായ വിലയും നൽകാനും മുൻകൈയ്യെടുക്കാവുന്നതാണ്.

# മൃഗസംരക്ഷണം, മത്സ്യബന്ധനം

തൊടി നിറയെ പച്ചപ്പുല്ലും വിസ്താരമേറിയ പുരയിടങ്ങളും മേച്ചിൽ പുറങ്ങളുമുണ്ടായിരുന്ന പഴയ കാലം ഇന്ന് സങ്കൽപ്പിക്കാൻ കഴിയുമോ. അക്കാലത്ത് മൃഗസംരക്ഷണം ഒരു പ്രശ്നമായിരുന്നില്ല. രാവിലെ മേച്ചിൽ സ്ഥലങ്ങളിലേക്ക് തെളിച്ചു വിട്ടാൽ പണം മുടക്കില്ലാതെ വയർ നിറച്ചു താനെ തിരിച്ചെത്തിയിരുന്ന കാലിക്കൂട്ടങ്ങൾ - ഈ ഓർമ്മകളുടെ കണ്ണികളായിരുന്ന പഴമക്കാരുടെ കുലവും അറ്റുപോയിരിക്കുന്നു.

എന്നാൽ പുതിയ വെല്ലുവിളികൾ ഏറ്റെടുത്തു കൊണ്ട് കന്നുകാലികളുടെ സംരക്ഷക്കും, പുതിയ ബ്രീഡുകളുടെ പ്രജനനത്തിനും അത്ത്യുല്പാദന ശേഷിയുള്ള പശു, ആട്, കോഴി, പന്നി, എന്നിത്യാദി മൃഗങ്ങളുടെ പുതിയ കണ്ടെത്തലുകൾക്ക് ഇന്ന് പ്രചാരം ഏറിവന്നിട്ടുണ്ട്.

ക്ഷീരോല്പാദന മേഘലയിൽ വൻ മാറ്റങ്ങൾക്ക് വഴി തെളിഞ്ഞു കഴിഞ്ഞിരിക്കുന്ന ഇന്ന് ഭാവി നമുക്ക് ആശയ്ക്കും പ്രതീക്ഷക്കും വക നൽകുന്നു. ഈ രംഗത്തെ വളർച്ചയുടെ ഒരു താരതമ്യം ഒന്നു പരിശോധിച്ചു നോക്കാം.

## കന്നുകാലികൾ 1987 സെൻസസ്സ്

| ക്രമ നമ്പർ | ഇനം | എണ്ണം | ആൺ | പെൺ |
|---|---|---|---|---|
| 1. | ക്രോസ് ബ്രീഡ് | 1570 | 212 | 1358 |
| 2. | നാടൻ | 1517 | 193 | 1324 |
| 3. | ബഫല്ലോ | 335 | 222 | 113 |
| 4. | ആട് | 912 | 197 | 715 |
| 5. | പന്നി | 21 | | |
| 6. | പട്ടി | 430 | | |
| 7. | പൗൾട്രി | 12,000 | | |

## കന്നുകാലികൾ (1996 ലെ കന്നുകാലി സെൻസസ്സ് പ്രകാരം)

| ക്രമ നമ്പർ | ഇനം | എണ്ണം | ആൺ | പെൺ | കന്നുകാലികളെ വളർത്തുന്ന വീടുകൾ |
|---|---|---|---|---|---|
| 1. | ക്രോസ് ബ്രീഡ് | 2396 | 312 | 2084 | |
| 2. | നാടൻ | 728 | 293 | 435 | 1188 |
| 3. | ബഫല്ലോ | 353 | 222 | 131 | |
| 4. | ആടുകൾ | 1347 | 297 | 950 | 520 |
| 5. | പന്നി | 26 | | | 6 |
| 6. | പട്ടി | 202 | | | |
| 7. | പൗൾട്രി | | | | |
| | a) താറാവ് | 1907 | | | |
| | b) കോഴി | 14133 | | | |

*കുറിപ്പ് : ഒന്നിനെയും വളർത്താത്ത വീടുകൾ 1840.*

ക്രോസ്ബ്രീഡിൻെറ 1570 – ൽ നിന്ന് 2396 ആയും, ബഫല്ലോ 335 – ൽ നിന്ന് 353 ആയും ആട് 912 – ൽ നിന്ന് 1347 ആയും പന്നി 21 – ൽ നിന്ന് 26 ആയും പൗൾടി 12000 – ൽ നിന്ന് 16040 ആയും വർദ്ധിച്ചിട്ടുണ്ട്.

ഇത് എടുത്ത് പറയത്തക്ക നേട്ടമാണ്. അതെ സമയം നാടൻ ഇനം 1517 – ൽ നിന്ന് 728 ആയും പട്ടികൾ 430 – ൽ നിന്ന് 202 ആയും കുറഞ്ഞിരിക്കുകയാണ്.

ഈ രംഗത്തെ സർക്കാർ തലത്തിലുള്ള പ്രവർത്തനത്തിൽ നേട്ടമാണ് കാണുന്നത്. സങ്കരയിനം പശുക്കളുടെ എണ്ണത്തിലെ വർദ്ധന എടുത്തു പറയാവുന്നതാണ്.

സർക്കാർ മൃഗാശുപത്രിയിലെ സ്ഥിതിവിവരക്കണക്കുകളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ

## കൃത്രിമ ബീജ സങ്കലന വിവരങ്ങൾ (കുന്നുകര മൃഗാശുപത്രി)

| വളർത്തുമൃഗം ഇനം | ആകെ എണ്ണം (Breedable) | ക്രിത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 925 | 248 | 145 |
| കിടാരി | 475 | 199 | 73 |
| എരുമ | 55 | 34 | 16 |

*കുറിപ്പ് – 1/96 to 10/96 ലെ കണക്ക്*

**രോഗവിവരങ്ങൾ (1/96 to 10/96)**

| ക്രം. നം: | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | പൂച്ച | റിമാർക്സ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ദഹനസംബന്ധമായവ | 285 | 15 | 166 | " | 5 | 42 | | |
| 2 | ശ്വാസകോശസംബന്ധം | 49 | 6 | 21 | " | " | " | " | |
| 3 | ഉപാപചയസംബന്ധം | 53 | 1 | 24 | " | " | " | " | |
| 4 | ത്വക്‌രോഗങ്ങൾ | 60 | 2 | 8 | " | 5 | " | 1 | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 113 | 12 | 56 | 1 | 1 | " | " | |
| 6 | പരാദരോഗങ്ങൾ | 299 | 17 | 64 | " | 2 | " | " | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 24 | 3 | 5 | 1 | " | " | " | |
| 8 | വന്ധ്യത | 135 | " | " | " | " | " | " | |
| 9 | അകിടുവീക്കം | 64 | 1 | 13 | " | " | " | " | |
| 10 | മുടന്തൻ പനി | 49 | " | 4 | " | " | " | " | |
| 11 | പകർചവ്യാധികൾ | " | " | " | " | " | " | " | |

## പേവിഷബാധ – പ്രതിരോധവും ചികിത്സയും (1/96–90/96)

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| ഭപ്രതിരോധ കുത്തി വയ്പ് എണ്ണം | " | " | " | 103 | " | " |
| കടിയേറ്റതിന് ശേഷം കുത്തിവയ്പു നടത്തിയവയുടെ എണ്ണം | " | " | 103 | " | " | " |

രംഗത്തുപ്രവർത്തിക്കുന്ന മിൽമ സ്ഥാപനമായ APCOS, സ്വകാര്യസ്ഥാപനമായ PDDP തുടങ്ങിയവയിൽനിന്നും അതുമായി ബന്ധപ്പെട്ട കർഷകരുടെ കന്നുകാലികൾക്കും മേൽസേവനങ്ങൾ അവർ വഴിക്കും ലഭ്യമാകുന്നുണ്ട്. ആ കണക്കുകൾ ഇവിടെ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ സൊസൈറ്റികൾ വഴി ശേഖരിക്കുന്ന പാലിന്റെ 71 o/o വും പുറത്തേക്കുപോകുന്നു. എന്നാൽ ഈ കണക്കുകൾ ഇവിടെയുത് പാതിപ്പിക്കുന്ന പാലിന്റെ യഥാർത്ഥക്കണക്കുമായി ഒരു ബന്ധവുമില്ല, അതാണ്. കാരണം ഈ സൊസൈറ്റികൾക്ക് ഒട്ടും തന്നെ കൊടുക്കാതെ സ്വന്തം ആവശ്യത്തിന് വേണ്ടി പശുവിനെ വളർത്തി പാൽ ഉപയോഗിക്കുന്നവർ ധാരാളമുണ്ട്. അവർ ഉത്പാദിപ്പിക്കുന്ന പാലിന്റെ കണക്കു ലഭ്യമല്ല.

എന്നാൽ ഒന്നു തീർച്ച പറയാം. കഴിഞ്ഞ 10 കൊല്ലം മുമ്പുള്ള സ്ഥിതിയുമായി തായതമ്യപ്പെടുത്തിയാൽ ഇന്നത്തെ പാൽ ഉത്പാദനത്തിന്റെ തോത് രണ്ടിരട്ടിയിൽ കൂടുതൽ വർദ്ധിച്ചിട്ടുണ്ടെന്നാണ് ഏകദേശക്കണക്ക്.

എ) ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം.

പ്രശ്നങ്ങൾ:

(1) കന്നുകാലികൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന പലവിധ അസംഖ്യകൾക്കും പ്രതിവിധികണ്ടെത്താൻ എല്ലാ വിധ സൗകര്യങ്ങളോടുക്കൂടിയ മുഴുവൻ സമയം പ്രവർത്തിക്കുന്ന വെറ്റിനറി സംവിധാനം വേണം.

(2) കാലി തീറ്റയുടെ വില മാസം തോറും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അത്യുത്പാദനം ശേഷിയുള്ള പശുക്കളായതിനാൽ, വില വർദ്ധിച്ചാലും തീറ്റവാങ്ങിക്കൊടുക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ഇതിനൊരു പരിഹാരം കാണാനാണ്. വിലനിയന്ത്രിച്ചു നിർത്താൻ നടപടി വേണം. കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാണ്.

(3) തീറ്റക്കൂലിയും സാരക്ഷണചെലവും വർദ്ധിക്കുന്നതിന് അനുപാതികമായി പാൽ വില വർദ്ധിക്കുന്നില്ല. പാലിനു വില നിശ്ചയിക്കുന്നത് ഉത്പാദകരല്ല. കർഷകരുടെ പങ്കാളിത്തമുള്ള സമിതികൾ വേണം എല്ലാ പ്രശ്നങ്ങളും വിലയിരുത്തി പാലിന്റെ വില നിശ്ചയിക്കാൻ. പാൽ വില സംരക്ഷണചെലവിന് ആനുപാതികമായി വർദ്ധിപ്പിക്കണം.

(4) അത്യുത്പാദന ശേഷിയുള്ള കാലി സമ്പത്തിനുള്ള സംവിധാനവും സാമ്പത്തിക സഹായവും നല്കണം. 50 o/o സബ്സിഡിനിരക്കിൽ ഓരോ വാർഡിലും 200 കുടുംബങ്ങൾക്ക് വീതമെങ്കിലും ഇത് ലഭ്യമാക്കുകും വിദഗ്ദ പരിശീലനം നൽകുകയും വേണം.

---

## വിവിധ പാൽ ശേഖരണ, വിതരണ സ്ഥാപനങ്ങളിൽ നിന്നു ശേഖരിച്ച കണക്കുകൾ

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേർ | പാൽ അളക്കുന്നവരുടെ എണ്ണം | മൊത്തം ശേഖരിക്കുന്നവൻ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്. | പുറത്തേക്ക് അയക്കുന്നത്. |
|---|---|---|---|---|---|
| 1 | പി. ഡി. ഡി. പി കുത്തിയതോട് | 95 | 500 ലി. | 100 ലി. | 400 ലി. |
| 2 | എസ്. കെ. എസ് | 15 | 85 ലി. | 15ലി. | 70 ലി. |
| 3 | മിൽമ, ഐരൂർ | 292 | 7250 | 2250 ലി. | 5000 ലി. |
| 4 | മിൽമ, കുന്നുകര, | 201 | 723 | 160 ലി. | 563 ലി. |
| 5 | പി. ഡി. ഡി. പി. കുന്നുകര. | | 330 | 40 | 290 ലി. |
| 6 | മിൽമ. ച. അടുവാശ്ശേരി ആകെ. | 75 | 8888 | 2565 | 6323 ലി. |

(5) പാലിൽ നിന്ന് മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും, ചെറുകിട യൂണിറ്റുകൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനവും വേണം.

(6) കാലികൾക്കും മനുഷ്യർക്കും ഭീഷണിയായായാത്തീരുന്ന പേ വിഷബാധയ്ക്കെതിരെ സമയ ബന്ധിതമായ സ്ഥിരം സംവിധാനം വേണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കയ്യോടെ നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് പേ വിഷബാധയ്ക്കെതിരായ കുത്തി വെയ്പ് മൃഗാശുപത്രി വഴി സൗജന്യമായി നല്കുകയും, ലൈസൻ നിർബന്ധമാക്കുകയും ചെയ്യുക. നിയമം പാലിക്കാൻ തയ്യാറാകാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.

(7) സ്ഥല വിസ്തൃതി കുറഞ്ഞു വരുന്ന ഇക്കാലത്ത്, കുറഞ്ഞ സ്ഥലത്ത് അത്ത്യുല്പാദന ശേഷിയുള്ള തീറ്റിപ്പുൽ കൃഷി നടത്തുന്നതിന് പ്രോത്സാഹനം നല്കുക. കർഷകരെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിന് വ്യാധകമായ പ്രചരണം ആവശ്യമുണ്ട്.

(8) നല്ലയിനം കോഴി, കാട, മുയൽ, ആട്, തുടങ്ങിയവയെ സബ്സിഡി നൽകി ഗൃഹാടിസ്ഥാനത്തിൽ ലാഭകരമായി വളർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. മൃഗാസ്പത്രികൾ വഴി കോഴികൾക്കും കന്നുകാലികൾക്കും രോഗപ്രതിരോധ കുത്തിവെയ്പ് മൂന്നു മാസത്തിൽ ഒരിക്കൽ ചെയ്യുന്നതിനു നടപടിയെടുക്കുക. ഓരോ വാർഡിലും രണ്ടി ദിവസം സിറ്റിംഗ് എന്ന ക്രമത്തിൽ സബ് സെന്റർ ആരംഭിക്കുക.

(9) ക്ഷീര വികസന രംഗത്ത് ഹരിജനങ്ങൾ കുറവാണ്. ഒരു ഇടത്തൊഴിലായി ചെയ്യാവുന്നതാണ് കന്നുകാലിവളർത്തൽ. മുതൽ മുടക്ക് ഭീമമായതാണ് ഹരിജനങ്ങൾ ഈ രംഗത്ത് കുറയാൻ കാരണം. ക്ഷീര വീകസന ഏജൻസികൾ പലിശയില്ലാത്ത വായ്പക്കളും പരിശീലനങ്ങളം നല്കി അവരെ ഈ രംഗത്ത് കൊണ്ടു വരണം.

(10) കുന്നുകര മൃഗാസ്പത്രിയിൽ ആവശ്യമായി വരുന്ന മരുന്നുകൾ ലഭ്യമാക്കുക.

(11) മൃഗങ്ങളുടെ ബീജ സങ്കല ഫീസ് സൗജന്യമാക്കുക.

(12) D. C. B. യുടെ സഹായത്തോടെ പശു തൊഴുത്ത് നിർമ്മിക്കുന്നതിന് ലോൺ അനുവദിക്കുക.

(13) ബയോ ഗ്യാസ് പ്ലാന്റിനുള്ള ബാങ്ക് വായ്പ 15,000 രൂപയ്ക്ക് സാങ്കേതിക സഹായവും സബ്സിഡി 50 നൽകുക.

(14) ആറ്റുപുറം, അയിരൂർ, കുത്തിയത്തോട് എന്നീ വാർഡുകൾക്കായി ഒരു മൃഗാസ്പത്രി തുടങ്ങണം.

(15) പത്താം വാർഡിലെ ക്ഷീര കർഷകരുടെ സൗകര്യാർത്ഥം സ്വതന്ത്ര ക്ഷീരോൽപാദക സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള സാമ്പത്തികവും , സാങ്കേതികവുമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുണ്ടാകണം.

(16) ഈ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റോ, മിക്സിംഗ് യൂണിറ്റോ പ്രവർത്തനം ആരംഭിക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

(17) കാലികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തണം.

(18) കുന്നുകര മൃഗാസ്പത്രിയുടെ പുനനിർമ്മാണത്തിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും കാലികളെ കയറ്റി നിർത്താനുള്ള ഒരു ട്രെവിഡ് പണിയണമെന്നും വെറ്റിനറി സർജൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമ സഭകളിൽ പൊന്തി വന്നിട്ടുള്ള പ്രശ്നങ്ങൾ ഈ രംഗത്ത് പശു കർഷകരും , ആട്, കോഴി, മാട്, എന്നിവയെ വളർത്തുന്നവരുടെ അനുഭവ പ്രശ്നങ്ങളാണ്. നിരവധി പദ്ധതികൾ ഈ രംഗത്ത് സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും അത് ആർക്കും അനുഭവവേദ്യമാകുന്നില്ലെന്നാണ് ഈ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അത് കൊണ്ട് ഉള്ളവ ഫലപ്രദമാക്കുന്നതിനും, പുതിയ പ്രശ്ങ്ങൾ പരിഹരിക്കുന്നതിനുമുള്ളവരുടെ നടപടികളും വേണ്ടിയിരിക്കുന്നു.

ഈ രംഗത്തു പ്രവർത്തിക്കുന്ന സൊസൈറ്റികൾ വഴി, കിട്ടാവുന്ന ആനുകൂല്യങ്ങളുടെയും പരിശീലനങ്ങളുടെയും ഇന്നത്തെ സ്ഥിതി ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും. നിലവിലുള്ള കാര്യങ്ങളെ പറ്റി പശു കർഷകരുടെയും നടത്തിപ്പുകാരുടെയും

കൂട്ടായ്മയോടെയുള്ള ചർച്ചയും തുറന്ന പ്രവർത്തനങ്ങളും ആവശ്യമാണ്. ഗ്രാമ സഭാ റിപ്പോർട്ടുകൾ പരിശോധിച്ചാൽ, നിലവിലുള്ള സൗജന്യങ്ങളോ ആനുകൂല്യങ്ങളോ അവർക്ക് അനുഭവേദ്യമാകുന്നില്ലെന്ന് വേണം അനുമാനിക്കാൻ. ഇതിലെ ചോർച്ചകൾ- അങ്ങനെയുണ്ടെങ്കിൽ- അതു തടയുന്നതിനുള്ള നടപടാകളും ആവശ്യമാണ്.

പശു കൃഷി ഇന്നത്തെപ്പോലെ വ്യാപകമായത്, അത്ത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെയാണ്. നാടൻ പശുക്കളിൽ നിന്ന് ലഭിച്ചിരുന്ന 2 - 3 ലിറ്റർ പാലിന്റെ സ്ഥാനത്തി ഇന്ന് 5 - 10 ലിറ്റർ വരെ പുതിയ ജനുസ്സുകളിൽ നിന്ന് ലഭിക്കുന്നുണ്ട്, സംഭരണകേന്ദ്രങ്ങൾ വഴി ശേഖരിക്കുന്ന പാലിന് 9 രൂപ ലിറ്ററിന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ലാറി മീറ്റർ റീഡിംഗും കൊഴുപ്പു പരിശോധനയുമൊക്ക നടത്തി കഴിയുമ്പോൾ കർഷകന്, നിശ്ചയിച്ചു കിട്ടുന്ന വില 7-8 രൂപ മാത്രമാണ്.

വില്പന വിലയായി നിശ്ചയിച്ചിട്ടുള്ളത് ലിറ്ററിന് 11 രൂപയാണ്. ഇത് ഉപഭോക്താവിന് നൽകുന്നത് പാലിലെ കൊഴുപ്പിന്റെ മറ്റു ഖരപദാർത്ഥങ്ങളും മാറ്റിയതിന് ശേഷമാണ്. എന്നിട്ടും പാലിന്റെ വില്പന വില ലിറ്ററിന് 11 രൂപയാണ്. ഇവിടെ കമ്മീഷനായും ഇടത്തട്ടായും ചേർന്നു പോകുന്നത് ലാറ്ററിന് നേരിട്ട് 3 രൂപയാണ്.

**ബി) സാധ്യതകൾ :-**

1. ഉത്പാദന ചെലവിന് ആനുപാതികമായി വില നിശ്ചയിച്ചു കിട്ടുന്നതിന് ഇന്നുള്ള സംവിധാനം ഫലപ്രദമല്ല. പശു കർഷകരുടെ പങ്കാളിത്തത്തോടെയുള്ള സമിതികൾ വേണം, എല്ലാക്കാര്യങ്ങളും വിലയിരുത്തി വില നിശ്ചയിക്കാൻ.

2. മൃഗസംരക്ഷണ പരിപാലന രംഗത്ത് നിരവധി സർക്കാർ ഏജൻസികൾ വഴി ആനുകൂല്യങ്ങളും പരിശീലനങ്ങളും ഏർപ്പെടുത്തിട്ടുണ്ട്. ഇതിന്റെ ഫലം, അനുഭവിക്കേണ്ട യഥാർത്ഥ കർഷകന് അനുഭവേദ്യമാക്കുന്നതിന് ഇന്നു പോരായ്മകൾ തീർക്കണം.

3. പേവിഷബാധക്കെതിരെയുള്ള നടപടികൾ തീരെ അപര്യാപ്തമാണ്. ഇന്നത്തെ സ്ഥിതി, എവിടെയെങ്കിലും പേവിഷബാധയുണ്ടായാൽ മാത്രം ഉണർന്നു പ്രവർത്തിക്കുക എന്നതാണ്. ഇതിന് മാറ്റം വരുത്തി - മുൻ കൂട്ടി ഇത് തടയുന്നതിനുള്ള നടപടിവേണം. ചുരുങ്ങിയത് പ്ല മാസത്തിലൊരിക്കലെങ്കിലും പേബാധക്കെതിരെ പ്രതിരോധകുത്തിവയ്പുകൾ നടത്തണം. ഇത് നടക്കുന്നുണ്ടെന്ന് പഞ്ചായത്തും, വെറ്ററിനറി സർജനും നിഷ്കർഷമായ പരിശോധനകൾ നടത്തിരേഖപ്പെടുത്തി വയ്ക്കണം. നായ്ക്കളെ വീടിന് പുറത്ത് അലഞ്ഞു തിരിയാൻ വിടുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കണം. ഇന്നുള്ള നിയമത്തിൽ പോരായ്മയുണ്ടെങ്കിൽ പരിഹരിക്കണം.

4. വർദ്ധിച്ചു തീറ്റിച്ചെലവു ഒരു പരിധിവരെ കുറക്കാൻ കഴിയുന്നതിന് അത്യുത്പാദനശേഷിയുള്ള തീറ്റിപ്പുൽ കൃഷി വ്യാപകമാക്കണം. കന്നുകാലികളുള്ള ഓരോ വീട്ടിലും സ്ഥലപരിമിതികൾ കണക്കിലെടുത്ത് ഒരു നിശ്ചിത സ്ഥലത്ത് തീറ്റിപ്പുൽ കൃഷി ഏർപ്പെടുത്തണം. കൂടാതെ കൃഷി ചെയ്യാവുന്ന പുറമ്പോക്കുകളിലോ മറ്റു സ്ഥലങ്ങളിലോ സൊസൈറ്റികൾ നേരിട്ട് തീറ്റിപ്പുൽ കൃഷി നടത്തി ന്യയമായ വിലക്ക് കർഷകർക്ക് കൊടുക്കുവാനുള്ള നടപടി വേണം.

5. ഗ്രൂപ്പ് ഇൻഷ്വറൻസ് വ്യാപിപ്പിക്കുക.

6. പൊതുജനങ്ങളിൽനിന്ന് ഉയർന്നു വന്നിട്ടുള്ള മറ്റൊരു കാതലായ നിർദ്ദേശം അറവുശാലകളെപ്പറ്റിയാണ്. നിലവിലുള്ള അറവുശാലകൾക്കൊന്നും അംഗീകൃതലൈസൻസ് ഇല്ലെന്നുള്ളതാണ് അത്. അറക്കപ്പെടുന്ന ആടുമാടുകൾക്ക് ഹെൽത്ത് അധികാരികളുടെ പരിശോധനകളോ, അംഗീകാരമോ കിട്ടിയശേഷമല്ല ഇത് നടത്തുന്നത്. അതിനാൽ രോഗം വന്ന ആടുമാടുകളുടെ ഇറച്ചിഭക്ഷിക്കുന്നതിന് ജനങ്ങൾ അറിഞ്ഞോ അറിയാതെയോ നിർബന്ധിതരാകുന്നു. ഇതൊഴിവാക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെങ്കിൽ വേണ്ട ഭേദഗതികൾ വരുത്തി, പഞ്ചായത്ത്, വെറ്ററിനറി സർജൻ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിൽ ആവശ്യമാണ്, യാതൊരു കാരണവശാലും ജനങ്ങളുടെ ആരോഗ്യം പന്താടപ്പെടാൻ അനുവദിക്കരുത്. നേരത്തെ സൂക്ഷിച്ചാൽ ദു:ഖിക്കേണ്ടിവരില്ലെന്ന ചൊല്ല് ഇക്കാര്യത്തിൽ അർത്ഥവത്താണ്.

മാംസ സംസ്കരണത്തിനും ഒരു പ്രത്യേക സ്ഥലം കണ്ടുപിടിച്ച് അതിനായി സൗകര്യപ്രദമായ

കേന്ദ്രങ്ങളിലൊക്കെ മാർക്കറ്റുകൾ സ്ഥാപിക്കണം.

**സി) ക്ഷീരവികസന വകുപ്പ് പാറക്കടവ് ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ:-**

പാലുൽപാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിന് ഗ്രാമീണതലത്തിൽ പരിപാടികൾ നടപ്പിലാക്കി സഹകരണമേഖലയിൽ കൂടി ക്ഷീരവികസനം സാദ്ധ്യമാക്കുക എന്നതാണ് ലക്ഷ്യം. ടി വകുപ്പ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.

1. ഗ്രാമീണ ക്ഷീരവികസന വിജ്ഞാന വ്യാപന പ്രവർത്തനം:

ഈ പദ്ധതിപ്രകാരം ക്ഷീരോൽപാദകരെ ശാസ്ത്രീയമായ പശുപരിപാലനം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബോധവാൻമാരാക്കുന്നതിന് ചർച്ചക്ളാസുകൾ, സെമിനാറുകൾ, പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരോൽപന്ന നിർമ്മാണ പരിശീലന പരിപാടികൾ കന്നുകാലി പ്രദർശനം തുടങ്ങിയവ നടത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മാതൃക കന്നുകാലി തൊഴുത്തുകൾ, മാതൃകാ ഡയറി ഫാം യൂണിറ്റുകൾ എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുവാനും പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

**എ. ബ്ലോക്ക്തല കന്നുകാലി പ്രദർശനം:**

സ്ഥൂല ലക്ഷ്യം -1
സാമ്പത്തിക ലക്ഷ്യം - 900/- രൂ.

ബ്ലോക്കിലെ ക്ഷീരവികസനം യൂണിറ്റിന്റെയും ഗ്രാമ പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിലാണ് ഈ പരിപാടി സംഘടിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

**ബി. കർഷകസമ്പർ ക്ക പരിപാടി:**

സ്ഥൂല ലക്ഷ്യം -28 എണ്ണം
സാമ്പത്തിക ലക്ഷ്യം - 5600/- രൂ.

ശാസ്ത്രീയ പശുവളർത്തൽ, ശുദ്ധമായ പാലുൽപാദനം, കന്നുകാലികളുടെ രോഗപ്രതിരോധം, പുൽകൃഷി വികസനം, സഹകരണം തുടങ്ങിയ വിവിധവിഷയങ്ങളെ സാംബന്ധിച്ച് കർഷകരെ ബോധവാൻമാരാക്കുന്നതിനുള്ള പദ്ധതിയാണിത്. ഒരു പരിപാടിക്ക് 200/- രൂ. അനുവദിച്ചിട്ടുണ്ട്.

**സി. ക്ഷീരോൽപന്ന നിർമ്മാണപരിശീലന പരിപാടി:**

സ്ഥൂല ലക്ഷ്യം - 28 എണ്ണം
സാമ്പത്തികലക്ഷ്യം - 2800 രൂ.

പാലിന്റെയും പാൽ ഉല്പന്നങ്ങളുടേയും ഉപഭോഗം വർദ്ധിപ്പിക്കുന്ന ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന ഒരു പരിപാടിയാണിത്. ഒരു ക്ഷീരോൽപന്നനിർമ്മാണ പരിപാടിക്ക് 100/- രൂ. അനുവദിച്ചിട്ടുണ്ട്.

**ഡി. മാതൃകാ കാലിതൊഴുത്ത് നിർമ്മാണം:**

സ്ഥൂല ലക്ഷ്യം - 24 എണ്ണം
സാമ്പത്തികലക്ഷ്യം -30,000 രൂ.

ശാസ്ത്രീയപശുപാലനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് ശുചിത്വമുള്ളതും ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചതുമായ കാലിതൊഴുത്തുകൾ. ഒരു തൊഴുത്തിന് 12.50 രൂ. ധനസഹായം നൽകുന്നു.

**ഇ. ധാതുലവണ മിശ്രിതം, വിറ്റാമിൻ എന്നിവയുടെ വിതരണം:**

പശുക്കളുടേയും കന്നുകുട്ടികളുടേയും ആരോഗ്യ പരിപാലനത്തിന് പ്രാധാന്യം നൽകി ആവശ്യമായ നിർദ്ദേശം നൽകിക്കൊണ്ട് ധാതുലവണങ്ങളും വിറ്റാമിനുകളും കർഷകർക്ക് ക്ഷീരവികസനയൂണിറ്റു മുഖേന വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. നടപ്പുവർഷം 49 ലിറ്റർ വിറ്റാമിൻ എ. സപ്ലിമെന്റും 400 കി. ഗ്രാം ധാതുലവണ മിശ്രിതവും 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ആയതു ക്ഷീരവികസന ഡയറക്ടറേറ്റിൽ നിന്നുമാണ് ലഭിക്കുക. ക്ഷീരവികസന യൂണിറ്റു മുഖാന്തിരം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

**എഫ്. ശുദ്ധമായ ക്ഷീരോൽപാദന കിറ്റുകൾ:**

ശുദ്ധവും ഗുണമേന്മയുള്ളതുമായ പാലുൽപാദനം എന്ന ലക്ഷ്യം മുൻനിർത്തി ശുചിയായ പാലുൽപാദനത്തിന് സഹായിക്കുന്ന ഘടകങ്ങളായ ബ്രഷ്, പൊട്ടാസ്യം പെർമാഗനേറ്റ്, അണുനശക ലോഷൻ തുടങ്ങിയ ശുദ്ധമായ ക്ഷീരോൽപാദന കിറ്റ് സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാനുദ്ദേശിക്കുന്നു.

നടപ്പുവർഷം 150 കിറ്റുകൾ ക്ഷീരവികസന യൂണിറ്റു മുഖാന്തിരം വിതരണം ചെയ്യാനുദ്ദേശക്കുന്നു.

**2. തീറ്റപുൽ കൃഷി വികസന പദ്ധതികൾ :**

ആദായകരമായ പാലുൽപാദനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് പുർകൃഷി. പരമാവധി സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപീക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവിധ പുല്ലിനങ്ങളുടെ വിത്തുകൾ സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുന്നു.

**എ. ദീർഘകാല പുല്ലിനങ്ങൾ:**

സ്ഥൂല ലക്ഷ്യം - 8.5ഹെ.
സാമ്പത്തികലക്ഷ്യം - 4250 രൂ.

ദീർഘകാല പല്ലിനങ്ങളായ ഗ്രാസ് ലെഗ്യും ഹക്ചർ, ഗിനി, സ്റ്റൈലോ സാൻതസ് എന്നിവയുടെ വിത്തുകൾ 50 ശതമാനം സബ്സിഡി നിരക്കിൽ ക്ഷീരവികസന യൂണിറ്റിൽ നിന്നും വിതരണം ചെയ്യുന്നു. ഗ്രാസ്ലെഗ്യും ഹക്ചർ 6 ഹെക്ടർ സ്ഥലത്തും, ഗിനി 1 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യാനുദ്ദേശിക്കുന്നു. ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടപ്പിലാക്കുന്നതിന് രാസവളം സബ്ഡിയായി ഹെക്ടറിന് 500 രൂ. അനുവദിക്കുന്നതാണ്. ആകെയുള്ള വിത്തിന്റെ 20 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് നൽകുന്നതാണ്.

**ബി. പുൽകട ഉപയോഗിച്ചുള്ള പുൽകൃഷി:**

സ്ഥൂലലക്ഷ്യം -12 ഹെക്ടർ
സാംപത്തികലക്ഷ്യം-12,000 രൂ.

വിവിധ പുല്ലിനങ്ങളുടെ കടകൾ ഉപയോഗിച്ചുള്ള പുൽകൃഷി പദ്ധതിയാണിത്. 1 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം പുൽകൃഷി നടത്തുന്നതിന് പുൽകടക്ക് ഹെക്ടറിന് 500/- രൂ. യും രാസവളത്തിന് 500 രൂപയും അടക്കം 100 രൂ. സബ്സിഡി നൽകുന്നു.

**സി. ഹൃസ്വകാല തീറ്റ പുൽകൃഷി:**

സ്ഥൂലലക്ഷ്യം- 34 ഹെക്ടർ
സാംപത്തിക ലക്ഷ്യം-17800/-രൂ.

ഹൃസ്വകാല തീറ്റ പുല്ലിനങ്ങളായ മക്കച്ചോളവും വൻപയറും കൂടി 34 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 700/- രൂപയും, വൻപയർ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 300/- രൂപയും രാസവളത്തിന് സബ്സിഡി അനുവദിക്കുന്നത്.

**മാതൃകാഡയറി ഫാം യൂണിറ്റുകൾ സ്ഥാപിക്കൽ**

പ്രതിദിനം 10 ലിറ്ററിൽ കുറയാതെ ഉല്പാദിപ്പിക്കുന്ന രണ്ട് സങ്കരയിനം പശുക്കളെ വാങ്ങി ശാസ്ത്രിയമായ കാലിത്തൊഴുത്. പൽകൃഷി (25 സെന്റ്) ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി ലാഭനഷ്ടക്കണക്കുകൾ സൂക്ഷിച്ച് ഒരു മാതൃകാമിനി ഡയറി ഫാം യൂണിറ്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ, ആകെ 21000/= (ഇരുപതിനായിരം രൂപയും മാത്രം) മതിപ്പു ചിലവുകണക്കാകുന്ന ഈ പദ്ധതിയുടെ 1/2 ധനസഹായമായി പരമാവധി രൂപ 7000/= നൽകുന്ന ഈ പദ്ധതി ക്ഷീരകർഷകർക്ക് ഏറെ സ്വീകാര്യമായ ഒരു പദ്ധതിയാണ്.

**വൈക്കോൽ സംപുഷ്ടികരണപദ്ധതി.**

പോഷകഗുണം കുറഞ്ഞ വൈക്കോലിനെ കന്നുകാലികൾക്ക് കൂടുൽ ദഹനയോഗ്യമാക്കുന്നതിനും ക്ഷീരോല്പാദനം കൂടുന്നതിനു വളരെ ഫലപ്രദമായ ഈ പദ്ധതിക്ക് ധനസഹായമായി പരമാവധി 500/= വരെ നൽകുന്നു.

**സൈലേജ് നിർമ്മാണം**

മഴക്കാലത്ത് കടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന പുല്ലിനെ വേനൽക്കാലത്തെ ഉപയോഗത്തിനായി അച്ചാർ രൂപത്തിൽ സുക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. 500 സഴ വരെ പുല്ല് ഈ വിധം സംസ്ക്കരിക്കുന്നു. കർഷകന് പരമാവധി 625/= ധനസഹായം നൽകുന്നു ഈ പദ്ധതി.

**ഹെനിർമ്മാണം.**

പച്ചപ്പുല്ലിനെ 20 o/o വരെ ജലാംശം നിർത്തി ഉണക്കി സൂക്ഷിക്കുന്ന ഈ പദ്ധതിയിൽ പ്പെടുത്തി 200/= ധനസഹായമായി (1 ടണ്ണിന്) ഒരു കർഷകരു നൽകും ഫലപ്രദമായ ഒരു പദ്ധതിയാണിത്.

**ഇനി തുടങ്ങാവുന്ന പദ്ധതി.**

പഞ്ചായത്തു തലത്തിൽ കന്നുകാലി തീറ്റ മിക്സിംഗ് യൂണിറ്റുകളും (നാട്ടിൽ ലഭ്യമാകുന്ന

അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് തുടങ്ങാവുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഡി. സാധ്യതകൾ - (മൃഗ സംരക്ഷണവകുപ്പുവഴി)**

**കന്നുകാലി വികസനപദ്ധതികൾ**

കുന്നുകര വെറ്റിനറി ആശുപത്രി വഴി 9-ാം പദ്ധതിയിൽ നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ.

**(1) രണ്ടു പശുക്കളുടെ യൂണിറ്റ്.**

രണ്ടു പശുക്കളെ ആറുമാസത്തെ ഇടവേളയിൽ വാങ്ങി ശാസ്ത്രിയമായ പരിപാലന മുറകളുപയോഗിച്ച് പരമാവധി വരുമാനം ഉറപ്പാക്കുകയും ജനങ്ങൾക്ക് ശുദ്ധമായ പാൽ വിതരണം ചെയ്യുകയുമാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. കുന്നുകര പഞ്ചായത്തിൽ 9-ാം പദ്ധതിയിൽ ഘട്ടംഘട്ടമായി 100 യൂണിറ്റു വരെ സ്ഥാപിക്കാവുന്നതാണ്.

| മൊത്തം മൂലധന ചെലവ് | സബ്സിഡിയിനത്തിൽ സർക്കാർ/പഞ്ചായത്ത് വഹിക്കേണ്ടത്. |
|---|---|
| Rs. 27,00,000/- | Rs. 9,00,000/- (1/3) |

**(2) ആടുവളർത്തൽ,**

നമ്മുടെ സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെയും ഇടത്തര കഷർകരുടെയും സാമ്പതിക പരിമിതികൾക്ക് അനുയോജ്യമായതുകൊണ്ടും വൈവിധ്യമാർന്ന പരിതസ്ഥിതികളോട് വേഗം ഇണങ്ങിച്ചേരുന്നതുകൊണ്ടും, ആടുവളർത്തൽ വ്യാപകമായി അംഗീകരിക്കപ്പെടുന്ന ആദായമാർഗ്ഗമാണ്.

ഔഷധഗുണവും നല്ല വിലയുമുള്ള ആട്ടിൻമാംസത്തിനും, ആട്ടിൻ പാലിനും ആവശ്യക്കാർ ഏറെയാണ്. ആട്ടിൻ കാഷ്ഠം നല്ല വളമായും ആട്ടിൻ തോൽ വ്യാവസായിക ആവശ്യങ്ങൾക്കും ഉപയോഗിച്ചുവരുന്നുണ്ട്.

കുന്നുകര പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 100 ഉപഭോക്താക്കൾക്ക് 8 മാസം പ്രായമുള്ള രണ്ടു പെണ്ണാടുകളെ വീതം നൽകുകയും പെണ്ണാടുകൾക്ക് തുണചേർക്കാനായി 'ഗ്ഥനാപാരി' ഇനത്തിൽ പെട്ട ഒരു മുട്ടനാടിനെയും നൽകുന്നു.

Rs. 4,20,000/- Rs. 1,40,000/- (1/3)

**(3) അടക്കള മുറ്റത്തെ കോഴിവളർത്തൽ.**

2000-ാം നൂറ്റാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാൻ മുട്ടയുത്പാദനമേഖലയിൽ നാം വളരെയധികം ഊന്നൽ നൽകേണ്ടിയിരിക്കുന്നു. താരതമ്യേന വളരെ വിലകുറഞ്ഞ കോഴി ഇറച്ചി നാം കൂടുതൻ ഇഷ്ടപ്പെടുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഇക്കാര്യത്തിലുള്ള സ്വയം പര്യാപ്തക്കുള്ള പദ്ധതിയാണ് താഴെ വിവരിക്കുന്നത്.

ഈ പദ്ധതി പ്രകാരം 45-ാം ദിവസം വരെ പ്രായമായ അഞ്ചു മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം ഓരോ ഗുണ ഭോക്താവീതം വിതരണം ചെയ്യാവുന്നതാണ്. 1000 യൂണിറ്റ് നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശിക്കുന്നത്.

Rs. 2,00,000/- Rs. 66,666/- (1/3)

**(4) എഗ്ഗർനേഴ്സറി-**

ഗുണമേന്മയുള്ള മേൽത്തരം കോഴിക്കുഞ്ഞുങ്ങൾ ലഭിക്കാത്തത് ഗ്രാമപഞ്ചായത്തിൽ കോഴിവളർത്തലിന് വിഘാതമായി നിൽക്കുന്നു. ചുരുങ്ങിയത് 25,000 കോഴിക്കുഞ്ഞുങ്ങൾ വേണ്ടിവരും ഇതിന്. 500 കുഞ്ഞുങ്ങൾ വീതമുള്ള 5 യൂണിറ്റ് നമ്മുടെ പഞ്ചയത്തിൽ തുടങ്ങേണ്ടതാണ്. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയമായി വളർത്തി വിവണനത്തിന് തയ്യാറാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിതെരഞ്ഞെടുത്ത് മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിൽ പരിശീലനം നൽകുന്നതാണ്.

Rs. 15,000/- Rs. 7,500/- (1/2)

**(5) ഇറച്ചിക്കോഴിവളർത്തൽ.**

വരുന്ന പദ്ധതിയിൽ കീഴിൽ നമ്മുടെ പഞ്ചായത്തിൽ 500 ഇറച്ചിക്കോഴികൾ വീതമുള്ള 25 യൂണിറ്റ് തുടങ്ങാവുന്നതാണ്. 500 ഇറച്ചിക്കോഴികളെ രണ്ടു മാസത്തിലൊരിക്കൽ വില്പനക്കു തയ്യാറാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

Rs. 12,25,000/- Rk. 4,08,333 (1/3)

**(6) സമഗ്ര പേവിഷ ബാധ നിർമ്മാർജ്ജന പദ്ധതി.**

കുന്നുകര ഗ്രാമ പഞ്ചായത്തിലെ 1000 നായ്ക്കളെ പേവിഷബാധക്കെതിരായി കുത്തിവയ്ക്കാനുള്ളതാണ് പദ്ധതി.

**(7) അകിടു വീക്ക നിയന്ത്രണ പദ്ധതി.**

അകിടുവീക്കം ശരാശരി 5 ഠ/ഠ ഉല്പാദന നഷ്ടം ഉണ്ടാക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 100 അകിടു വീക്ക 'കിറ്റ്' നൽകേണ്ടതാണ്. തുടക്കത്തിലെ അകിടുവീക്കം കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ഈ കിറ്റുകൾ വിതരണം ചെയ്യുന്നത്.

Rk. 30,000/- Rk. 10,000/- (1/3)

ഇതിലെ കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത് 1996 നവമ്പറിലെ വിലകളെ ആധാരമാക്കിയാണ്. രണ്ടാം വർഷം മുതൽ മൂലധനത്തിലേക്ക് ആവർത്തന ചെലവ് വരുന്നില്ല. പദ്ധതിചെലവിന്റെ ആനുപാതികമായ സബ്സിഡികൾ കഴിച്ചുള്ള ബാക്കി തുക, ബാങ്ക് വായ്പയായി എടുക്കാവുന്നതാണ്.

**ഇ) ക്ഷീരവികസന വകുപ്പ്**

**8-ാം പദ്ധതിയിൽ നടപ്പിലാക്കിയ പദ്ധതികൾ**

(1) ഗ്രാമീണ ക്ഷീരവികസനവും ഉപദേശക പ്രവർത്തനങ്ങളും.

(a) ജില്ലാതല കന്നു കാലി പ്രദർശനം, 1994 മാർച്ചിൽ കുന്നുകരയിൽ വച്ച്.
(b) മാതൃകാഡയറി ഫാം യൂണിറ്റുകൾ - 94-95 ൽ
(c) കർഷകസമ്പർക്ക പരിപാടി. (93-94) ൽ 11, (94-95)ൽ 6, 95-96 ൽ 2, (96-97) ൽ 6.
(d) നാടൻ ക്ഷീരോത്പന്ന നിർമ്മാണ യൂണിറ്റ് (93-94) ൽ 11, (94-95) ൽ 6, (95-96) ൽ 2, (96-97) ൽ 6.
(e) മാതൃകാ കാലിതൊഴുത്ത് നിർമ്മാണം. (92-93) ൽ 1, (94-95) ൽ 2, (95-96) ൽ 13, (96-97) ൽ 5,

**കുറിപ്പ്.**

(b) അടുത്ത പദ്ധതിയിലേക്ക് ശുപാർശ ചെയ്യാവുന്ന പദ്ധതിയാണ്.
(c) കർഷകർക്ക് കൂടുതൽ വിജ്ഞാന പ്രദമാണ്.
(d) സ്വയം തൊഴിൽ കണ്ടെത്താവുന്ന മേഖലയാണ് - അടുത്ത പദ്ധതിയിലും പെടുത്താം.
(a) അടുത്ത പദ്ധതിയിലും പ്രയോജനപ്പെടുത്താവുന്നതാണ്.

**(2) പ്രത്യേക ഘടക പദ്ധതി.**

(92-93) ൽ 6, (93-94) ൽ 8, (94-95)ൽ 6, (965-96) ൽ 8. ഹരിജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി കോളനിതലത്തിൽ അർഹരായവരെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്.

**(3) പുൽകൃഷി വികസന പദ്ധതി.**

(a) ഹ്രസ്വകാല കാലിത്തീറ്റ വിളകൾ, ദീർഘകാല വിളകൾ (92-93) ൽ 5 ഹെ:,

(93-94) ൽ 3 ഹെ:, (94-95) ൽ 3 ഹെ:,

(95-96) ൽ 3.58 ഹെ:, (96-97) ൽ 3.8 ഹെ:,

***കുറിപ്പ്:*** - ക്ഷീര കർഷകർക്ക് അവശ്യം ആവശ്യമായ പദ്ധതി.- 9-ാം പദ്ധതിയിൽ വ്യാപകമാകണം.

(b) സൈലേജ് നിർമ്മാണം. (93-94 ൽ) 1,

കുറിപ്പ് :- വളരെ ശ്രദ്ധിച്ചു ചെയ്താൽ മാത്രമേ ഫലപ്രദമാകൂ.

(4) സംഘങ്ങൾക്കുള്ള ധന സഹായം.

(a) മാനേജീരിയൽ സബ്സിഡി.

(92-93), (93-94), (94-95) നടപ്പാക്കി.

(b) നാടൻ ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ (93-94) ൽ -1, (95-96) ൽ 1

***കുറിപ്പ്:***- കുന്നുകര KUCSനോടനുബന്ധിച്ച് (93-94) ൽ തുടങ്ങിയത് അടച്ചിട്ട് അടുവാശ്ശേരി നന്നായി പ്രവർത്തിക്കുന്നു. ഇത് സ്വയം തൊഴിൽ സംരഭമായി സ്വീകരിക്കാം.

(5) വൈയ്ക്കോൽ സംപുഷ്ടീകരണ പദ്ധതി.

(94-95) ൽ 12 (95-96) ൽ 15, ക്ഷീരോല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നിർദ്ദേശങ്ങൾ-

(a) പഞ്ചായത്ത് തലത്തിൽ അതത് പ്രദേശത്ത് ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലി തീറ്റ കുറഞ്ഞ ചിലവിൽ ഉൽപാദിപ്പിക്കാനുതകും വിധം ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

(b) തീറ്റപ്പുൽ കൃഷിവികസന പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

(c) പഞ്ചായത്ത് തലത്തിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നത് ഈ മേഖലയിൽ കൂടുതൽ വികസനം കൈവരിക്കാൻ സഹായിക്കും.

# മത്സ്യബന്ധനം

**അവലോകനം.**

ഈ പഞ്ചായത്തിലുള്ള നദികളാണ് പ്രധാനമായും മത്സ്യ സമ്പത്തിന്റെ ഉറവിടം. കൂടാതെ ഇന്നും അവശേഷിച്ചുട്ടുള്ള ചില കുളങ്ങളിലും ചെറിയതോതിൽ മത്സ്യ സമ്പത്തുണ്ട്.

പുഴയിൽ നിന്ന് പരമ്പരാഗത രീതിയിൽ 'അടക്കം കൊല്ലിവല' ഉപയോഗിച്ചും ധാരാളം മത്സ്യം പിടിച്ചിരുന്നു. ഇന്ന് ഈ രംഗം ശുഷ്ക്കമാണ്. ഇതിന്റെ മുഖ്യകാരണം പുഴയിൽ നിന്ന് നിരന്തരമായും വ്യാപകമായും മണൽ വാരുന്നതായിരിക്കാം. മത്സ്യങ്ങൾക്ക് സൈ്വര്യ വിഹാരം നടത്തുന്നതിന് ഇത് തടയിടുന്നുണ്ട്. അശ്ഗാലത്ത് പുഴയിൽ നിന്ന് വാള, തൂളി, കരിമീൻ, തിരുത, കണമ്പ് മുതലായ മത്സ്യങ്ങളാണ് ലഭിച്ചിരുന്നത്. ഒറ്റാൽ, കൂട്, വീശുവല, എന്നിവ ഉപയോഗിച്ചും മീൻ പിടിച്ചിരുന്നു. വരാൾ, മുഴി എന്നിവയാണ് കുളങ്ങളിൽ നിന്ന് കിട്ടിയിരുന്നത്. ഇപ്പോൾ വളരെ അപൂർവ്വമായി "വെള്ളവും വലയും" ഉപയേഗിച്ച് ചെറുവഞ്ചിയിൽ മീൻ പിടിക്കുന്നുണ്ട്. ഇത് ഒരു ഭാഗീക തൊഴിൽ വൃത്തിയായി മാത്രമേ സ്വകരിക്കാൻ കഴിയുന്നുള്ളു.

ഈ പ്രദേശത്തെ ആവശ്യത്തിനുള്ള മത്സ്യം സമീപ പട്ടണങ്ങളായ ആലുവാ, പറവൂർ എന്നിവിടങ്ങളിൽ നിന്നാണ് ഇവിടെയെത്തുന്നത്. ജനങ്ങളിൽ ഏറിയപങ്കും മത്സ്യം ഉപയോഗിക്കുന്നവരാണ്. അതിനാൽ മത്സ്യത്തിന് നല്ല ഉപഭോഗസാധ്യതയാണ് പഞ്ചായത്തിലുള്ളത്. സൈക്കിൾ, വിവിധയിനം ഇരുചക്രവാഹനങ്ങൾ എന്നിവയിലാണ് ഈ പ്രദേശത്ത് മത്സ്യമെത്തുന്നത്. ഓരോ സീസണിലും മത്സ്യത്തിന്റെ വില ഏറിയും കുറഞ്ഞും ഇരിക്കും. 1 കിലോക്ക് 10 രൂപാ മുതൽ 70 രൂപാവരെ ഇത് ഏറിയും കുറഞ്ഞുമിരിക്കും.

ഈ മേഖലയിൽ തൊഴിലിലേർപ്പെട്ടി രിക്കുന്നവരുടെ പഞ്ചായത്തു തല കണക്ക് ലഭിച്ചിട്ടില്ല. എങ്കിലും മൊത്തം 250 ന് അടുത്തെത്തുമെന്നാണ് ഏകദേശക്കണക്ക്.

ഈ രംഗത്ത് സഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല.

**എ) ഗ്രാമസഭാ റിപ്പോർട്ടുകളുടെ അവലോകനവും ക്രോഡീകരണവും**

(1) പരമ്പരാഗത ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞനിരക്കിൽ തൊഴിലുപകരണങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കണം.

(2) സഹകരണാടിസ്ഥാനത്തിൽ നിലവിലുള്ള പൊതുക്കുളങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും മറ്റും മത്സ്യകൃഷിക്ക് ഓരോ വാർഡിലും പ്രോത്സാഹനം നൽകണം.

(3) ഇന്ന് മത്സ്യക്കച്ചവടം വഴിയോരങ്ങളിലാണ് നടത്തുന്നത്, പ്രത്യേകിച്ച് ഒന്നുകര പഞ്ചായത്തിന്റെ ജനസാന്ദ്രതയേറിയ പഞ്ചായത്ത് കവാടത്തിലാണ്. പരിസര മലിനീകരണം തടയുന്നതിനും ആരോഗ്യത്തിന് ഹാനികരമാകാത്ത രീതിയിലും ഇതിന് പറ്റിയ സ്ഥലം കണ്ടുപിടിച്ചു മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.

(4) നിർദ്ധനരായ മത്സ്യതൊഴിലാളികൾക്ക് വീടും, കക്കൂസും നിർമ്മിച്ചു നൽകണം. കുറഞ്ഞ പലിശനിരക്കൽ ലോൺ അനുവദിച്ച് ചെറുകിട മത്സ്യക്കച്ചവടക്കാരെ സഹായിക്കണം. മത്സ്യത്തൊഴിലിലേർപ്പെട്ടിരിക്കുന്ന നിർദ്ധനരായവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകണം.

(5) പുഴയിൽ തോട്ട പൊട്ടിച്ചും, കറന്റ് ഉപയോഗിച്ചും മീൻ പിടിക്കുന്ന നടപടി കർശനമായി തടയുകയും മതിയായ ശിക്ഷ നൽകുകയും വേണം.

**ബി) സാധ്യതകൾ**

(1) പ്രാദേശിക പ്രത്യേകതകൾ പഠിച്ച് ഈ പഞ്ചായത്തിൽ മത്സ്യസംസ്കരണ വിപണന സംരഭങ്ങൾ വികസിപ്പിക്കാൻ നേതൃത്വം നൽകണം.

(2) ഉൾനാടൻ ജലമേഖലയിൽ സാദ്ധ്യമായ കുളങ്ങളിലും, വെള്ളക്കെട്ടു പ്രദേശത്തും ജനകീയപങ്കാളിത്തത്തോടെ മത്സ്യ/ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കണം.

(3) സർക്കാർ തലത്തിൽ, മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുള്ള മത്സ്യ ഭവനുകൾ ഈ പഞ്ചായത്തിലും സ്ഥാപിക്കണം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ചരിത്രത്തിന്റെ ഏതോ ദശാസന്ധിയിൽ വെച്ച് സമൂഹത്തിൽ നിന്നും പിൻതള്ള പ്പെട്ടുപോയ ഒരു സമൂഹമാണ് പട്ടികജാതി പട്ടികവർഗ്ഗം. സമൂഹത്തെയാകെ തീറ്റിപോറ്റുന്ന തിനുവേണ്ടി പ്രധാന ഉല്പ്പാദനമേഖലയായ കാർഷികരംഗത്ത് പണിയെടു ക്കുന്ന കർഷക തൊഴിലാളികളാണ് ഇവരിൽ ഏറിയകുറും.

"മറ്റുള്ളോർക്കായി ഉഴാനും നടുവാനും,
കറ്റകൊയ്യാനും മെതിക്കുവാനും"

എന്ന കവിവാക്യം ഈ അവസരത്തിൽ അന്വർത്ഥമാണ്. മറ്റുള്ളോർക്കായ് അദ്ധ്വാനി ക്കുമ്പോഴും സ്വന്തമായൊന്നും നേടാനാകാതെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടുപോകുന്ന ഇക്കൂട്ടരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി പല സാമൂഹ്യപരിഷ്കർത്താക്കളും സംഘട നകളും പല കാലഘട്ടങ്ങളിലായ് മുന്നോട്ടുവന്നി ട്ടുണ്ട്. അതിന്റെയെല്ലാം ഫലമായ് ഇന്ന്, ജാതീയമായ ഉച്ചനീചത്വങ്ങളിൽ നിന്നും അല്പമെങ്കിലും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക അസമ ത്വങ്ങളും സാമൂഹ്യ അസമത്വങ്ങളും ഇന്നും നിലനിൽക്കുന്നു. നമ്മുടെ ആസൂത്രണ പരിപാടിയിൽ ഒരു വിഭാഗമായി തന്നെ ഇതിനെ കണ്ട് ചർച്ചചെയ്യണമെന്നുള്ളതിൽ നിന്നു തന്നെ ഇതിന്റെ പ്രാധാന്യം വിളിച്ചോതുന്നുണ്ടല്ലോ.

നാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സ്വയം മുന്നിലെത്താൻ ഇവർക്ക് കഴിയില്ല എന്ന യാഥാർത്ഥ്യം കണക്കിലെടുത്താണ് നിരവധി ക്ഷേമപദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചി രിക്കുന്നത്. എന്നാൽ "കോരനു കഞ്ഞി കുമ്പിളിൽ തന്നെ" എന്ന സ്ഥിതിയാണ് ഇന്നും നിലനിൽക്കുന്നത്. പല പദ്ധതികളും പ്രഖ്യാപനങ്ങളും കടലാസിൽ മാത്രമാണെന്നും യഥാർത്ഥത്തിൽ ഇത് ഗുണഭോക്താക്കൾക്ക് കിട്ടുന്നില്ലെന്നും ഗ്രാമസഭകൾ പറയുന്നു. "നൂലാമാലകളും കുത്തിക്കെട്ടും" സമയവും തൊഴിലും നഷ്ടപ്പെടുത്തുകയാണെന്നും അതിനനുസരിച്ചുള്ള ആനുകൂല്യം കിട്ടുന്നി ല്ലെന്നും പലരും അഭിപ്രായപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 19742 ൽ 2603 പേർ പട്ടിക ജാതിക്കാരാണ്. 3 പേർ പട്ടിക വർഗ്ഗക്കാരായും നമ്മുടെ പഞ്ചായത്തിലുണ്ട്. പട്ടികജാതിക്കാ രുടെ വാർഡു തിരിച്ചുള്ള കണക്ക് താഴെക്കൊ ടുക്കുന്നു.

| വാർഡ് | ആകെ | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1 | 175 | 81 | 94 |
| 2 | 402 | 197 | 205 |
| 3 | 445 | 228 | 217 |
| 4 | 107 | 55 | 52 |
| 5 | 345 | 174 | 171 |
| 6 | 228 | 104 | 124 |
| 7 | 196 | 100 | 96 |
| 8 | 300 | 153 | 147 |
| 9 | 405 | 200 | 205 |
| **ആകെ** | **2603** | **1292** | **1311** |

(91 ലെ സെൻസസ് പ്രകാരമുള്ള കണക്കായതിനാൽ 10-ാം വാർഡും ഇതിൽ ഉൾപ്പെടുന്നു.)

പട്ടികവർഗ്ഗക്കാരെ കുറിച്ചുള്ള ഒരു ഏകദേശവിവരം ഈ കണക്കുകളിൽ നിന്നും കിട്ടുമല്ലോ. സ്റ്റേറ്റിന്റെ സാക്ഷരതാനിരക്കിൽ SC വിഭാഗക്കാരുടെ സാക്ഷരതാനിരക്ക് വളരെ താഴ്ന്നതാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ സ്റ്റേറ്റിനെ അപേക്ഷിച്ചു നോക്കുമ്പോൾ നില മെച്ചമാണെന്ന് കാണാവുന്നതാണ്. സാക്ഷര താനിരക്കിൽ വലിയ മാറ്റമില്ലെങ്കിലും പൊതു സർവ്വീസ് മേഖലയിൽ ഇവരുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തിലെ SC വിഭാഗക്കാർ അധികവും വിവിധ കോളനികളി ലായ് താമസിക്കുന്നവരാണ്.

സ്വന്തമായി വീടില്ലാത്ത പലരും ഈ വിഭാഗത്തിലുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയാണ് നിലവിലുള്ള വീടുകളിൽ പലതും. കുടിവെള്ളം കിട്ടുന്നതിന് പല കോളനി വാസികളും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. സുരക്ഷിതമായ കക്കൂസു

കൾ ഇല്ലാത്തവയാണ് പല വീടുകളും. വീടുകൾ വൈദ്യുതീകരിക്കാൻ കഴിയാത്ത നിരവധി വീട്ടുകാർ ഈ വിഭാഗത്തിലുണ്ട്. വീടുവെയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനും പട്ടികജാതി ക്ഷേമവകുപ്പു മുഖേന അനുവദിക്കുന്ന വീടുകൾ പരിമിതമാണെന്നും ഇതിന്റെ സഹായ തുക വർദ്ധിപ്പിക്കണമെന്നും ഗ്രാമസഭകൾ ആവശ്യപ്പെടുന്നു. വിവിധ പദ്ധതികളിലായ് പട്ടികജാതി ക്ഷേമവകുപ്പ് നൽകിയ സഹായങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

സർക്കാർ പ്രഖ്യപിക്കുന്ന പല പദ്ധതികളും ഫലപ്രദമാണോയെന്നും യഥാർത്ഥത്തിൽ ഈ വിഭാഗത്തിനു ലഭിക്കുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

കാർഷിക മേഖലയിൽ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറയുകയും മറ്റു മേഖലകളെ അപേക്ഷിച്ച് കാർഷിക രംഗത്തെ കൂലികുറവും കർഷകതൊഴിലാളികളെ മറ്റു തൊഴിലുകളിലേക്ക് ആകർഷിക്കാൻ കാരണമാകുന്നുണ്ട്.

കാർഷിക രംഗത്തെ തൊഴിലുകൂടാതെ ഇഷ്ടിക വ്യവസായവുമായി ബന്ധപ്പെട്ടാണ് കുറെ ആളുകൾ പ്രവർത്തിക്കുന്നത്. സീസൺ വ്യവസായമായതിനാൽ ഈ തൊഴിലും ജീവിതോപാധിയാക്കാൻ കഴിയില്ല. അതുകൊണ്ട് പുതിയ തൊഴിലുകൾ കണ്ടെത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളെകുറിച്ച് കാര്യമാത്ര പ്രസക്തങ്ങളായ നിരവധി പ്രശ്നങ്ങൾ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

**ഗ്രാമസഭയിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങൾ**

- ഹരിജൻ കോളനി നിവാസികൾക്ക് പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുക.
- ഹരിജനങ്ങൾക്ക് കുളിമുറിയും കക്കൂസും അനുവദിക്കുക.
- ഹരിജനങ്ങൾക്ക് സൗജന്യമായി വീട് നിർമ്മിച്ച് നൽകുകയും ഇപ്പോൾ സർക്കാർ

| വാർഡ് | കോളനികൾ | SC വീടുകൾ | ജനസംഖ്യ |
|---|---|---|---|
| 1 | കളിനിപൊക്കം ലക്ഷം വീട് കോളനി. | 10 | 46 |
| 2 | ഹരിജൻ കോളനി | 57 | 243 |
| | ലക്ഷം വീട് | 12 | 42 |
| 3 | കാരയ്ക്കാതുരുത്ത് ഹരിജൻ കോളനി | 19 | 80 |
| | വയൽക്കര ഹരിജൻ കോളനി | 17 | 73 |
| | കത്തനാരുപള്ളം | 19 | 78 |
| | അമ്മണത്ത് പള്ളം | 28 | 133 |
| 4 | മീൻങ്കരകുന്ന് കോളനി | 14 | 56 |
| 5 | മലായ് കുന്ന് ഹരിജൻ കോളനി | 24 | 89 |
| | ,, ,, | 19 | 79 |
| | അടുവാശ്ശേരി കോളനി (കാകപ്പാടം) | 10 | 44 |
| | ആലി കുന്ന് ഹരിജൻ കോളനി | 20 | 86 |
| 6 | അയിരൂർ | 18 | 83 |
| | ഊഴം അയിരൂർ ഹരിജൻ കോളനി | 11 | 46 |
| 8 | പുല്ലാർക്കാട്ടുപാടം | 24 | 121 |
| | കുത്ത്യതോട് ഹരിജൻ കോളനി | 35 | 178 |
| 9 | ചാലാക്കൽ ഹരിജൻ കോളനി | 95 | 208 |
| | കിഴക്കേ മണപ്പുറം | 10 | 41 |
| | പുതുവേലിപ്പള്ളം | 11 | 45 |
| 7 | തറാക്കരതെറ്റ കോളനി | 10 | 50 |
| | അഞ്ചങ്ങാടി കോളനി | 10 | 60 |

അനുവദിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സഹായതുക കൂട്ടുകയും ചെയ്യുക.

- കുന്നുകര ഹരിജൻ കോളനിയിൽ ഹരിജൻ കമ്മ്യൂണിറ്റി ഹാൾ പണിയുക.
- ഹരിജൻ കോളനിയിലുള്ള ഇടവഴികൾ വീതികൂട്ടി ടാറിംഗ് നടത്തുക.
- ഹരിജൻ കോളനിയിൽ പണികഴിപ്പിച്ചിട്ടുള്ള ആനക്കുളം ഇറിഗേഷൻ പദ്ധതി പ്രകാരം ജലസേജനം കോളനിയിൽ എല്ലായിടത്തും എത്തിക്കുവാൻ C. C കനാൽ നിർമ്മിക്കുക.
- കുന്നുകര ഹരിജൻ കോളനിൽ സ്ഥാപിച്ചിട്ടുള്ള കിണറും പമ്പും ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുക.
- കുന്നുകര ഹരിജൻ കോളനിയിൽ കുഴൽ കിണർ സ്ഥാനിക്കുക.
- ഹരിജൻ കോളനിയിൽ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- ഹരിജനങ്ങളായ വിധവകൾക്കും വികലാംഗർക്കും പെൻഷൻ അനുവദിക്കുക.
- ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വീടുകൾ മെയിന്റനൻസ് ചെയ്യാനും വയറിംഗ് നടത്താനുമുള്ള സഹായം അനുവദിക്കുക.
- പുരകെട്ടിമേയുന്നതിന് കൂടുതൽ തുക അനുവദിക്കുക.
- ഹരിജനങ്ങളായ വനിതകൾക്ക് കൂടുതൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സഹായം അനുവദിക്കുക.
- കുന്നുകര പഞ്ചായത്തിൽ അനുവദി

<u>പട്ടിക മൂന്ന്</u>

**കുന്നുകര ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ക്രമ. ന. | പദ്ധതിയുടെ പേര് | വർഷം | അനുവദിച്ചത് | പൂർത്തിയാക്കിയത് |
|---|---|---|---|---|
| 1 | സംയോജിത്ഭവന നിർമ്മാണ ധന സഹായം | 1992–93 | 3 | 3 |
| | | 1993–94 | 2 | 2 |
| | | 1994–95 | 1 | 1 |
| | | 1995–96 | 1 | 1 |
| | | 1996–97 | 1 | നടപ്പിലാക്കികൊണ്ടിരിക്കുന്നു. |
| 2 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി | 1992–93 | 3 | 3 |
| | | 1993–94 | 1 | 1 |
| | | 1994–95 | 1 | 1 |
| | | 1995–96 | 1 | 1 |
| | | 1996–97 | 1 | നടപ്പിലാക്കികൊണ്ടിരിക്കുന്നു |
| 3 | പുരകെട്ടിമേച്ചിൽ ധന സഹായം | 1992–93 | 6 | 6 |
| | | 1993–94 | 1 | 1 |
| | | 1994–95 | – | – |
| | | 1995–96 | 1 | 1 |
| | | 1996–97 | 1 | 1 |
| 4 | വിവാഹ ധന സഹായം | 1992–93 | 1 | – |
| | | 1993–94 | 1 | – |
| | | 1994–95 | 2 | – |
| | | 1995–96 | 2 | – |
| 5 | തിവ്ര സങ്കേത വികസന പരിപാടി മലായ് കുന്ന് ഭവന നിർമ്മാണം | 1993–94 | 5 | 5 |
| | വയറിംഗ് | 1993–94 | 3 | 3 |

383

ച്ചിട്ടുള്ള സർക്കാർ ആശുപത്രി 2-ാം വാർഡിൽ പണിയുക.

- തൊഴിൽ രഹിതരായ പട്ടികജാതിയുവാക്കൾക്ക് വ്യവസായം തുടങ്ങുന്നതിനുള്ള സഹായം ചെയ്യുക.
- കുന്നുകര ഹരിജൻ കോളനിയിൽ വേസ്റ്റ് ബോക്സ് സ്ഥാപിക്കുക.
- രക്ഷകർത്താക്കൾ ഇല്ലാത്ത പട്ടികജാതി കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹം നടത്തുന്നതിനും സാമ്പത്തിക സഹായം നൽകുക.
- ഹരിജനങ്ങളുടെ നാലും അഞ്ചും വീടുകൾ ഉള്ളിടത്ത് ഒരു കിണർ സ്ഥാപിക്കുക.
- വിദ്യാഭ്യാസരംഗത്തും തൊഴിൽ രംഗത്തും ഗ്രാമപഞ്ചായത്ത് വളരെ ശോചനീയമായ അവസ്ഥയാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് സ്ക്കൂളുകളിൽ സ്പെഷ്യൽ ക്ലാസ്സ് കൊടുക്കുകയും ഹരിജനയുവതിയുവാക്കളുടെ ഗ്രൂപ്പുകളായ് തിരിച്ച് വ്യവസായരംഗത്ത് സാങ്കേതിക പരിശീലനം കൊടുക്കണം.
- കൃഷി ഭൂമി തരിശ്ശിടൽ പാടില്ലെന്നുള്ള നിയമം കർശനമാക്കുകയും കൃഷിഭൂമിയിൽ തെങ്ങുകൾ വയ്ക്കുന്നതും ഭൂമി നികത്തുന്നതും തടയുകയും വേണം.
- പഞ്ചായത്തിലെ 50 % ജോലികളും ഹരിജനങ്ങളെകൊണ്ട് ചെയ്യിക്കുക.
- സാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കണം.
- ക്ഷീരവികസനരംഗത്ത് ഹരിജനങ്ങൾക്ക് പലിശയില്ലാത്ത വായ്പകൾ നൽകുക.
- എല്ലാ വാർഡുകളിലും കലാകായിക സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങുക.
- ഗ്രാമ പഞ്ചായത്തിൽ ഒരു വാഹനം വാങ്ങുക.
- കുന്നുകര പഞ്ചായത്തിൽ വൈക്കോൽ ധാരാളമായി കിട്ടുന്നതിനാൽ വൈക്കോൽ ഉപയോഗിച്ചുള്ള പൾപ്പ് നിർമ്മാണം ആരംഭിക്കാവുന്നതാണ്.
- ഹരിജൻ കോളനികളിലുള്ള പഞ്ചായത്ത് കിണർ മെയിന്റൻസ് ചെയ്യുന്നതിനും പുതിയ കിണർ അനുവദിക്കുന്നതിനും സഹായം ചെയ്യുക.
- പഞ്ചായത്തിൽ ആബുലൻസ് സംവിധാനം ഏർപ്പെടുത്തുക.
- കൂടുതൽ മാർക്ക് വാങ്ങുന്ന ഹരിജനങ്ങളായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
- പട്ടികജാതിവിഭാഗക്കാർക്ക് കൃഷിഭവൻ മുഖേന കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുക.
- കുന്നുകര ഹരിജൻകോളനിയിലുള്ള പൈപ്പ് ലൈൻ നീട്ടി ടാപ്പ് ഫിറ്റ് ചെയ്യുക.
- കാരയ്ക്കാതുരുത്ത് കോളനിയിൽ ടെലിവിഷൻ സ്ഥാപിക്കുക.
- മീനങ്കറകുന്ന് ഹരിജൻ കോളനിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി മണ്ണൊലിപ്പ് തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
- മീനങ്കറകുന്ന്, അടുവാശ്ശേരി ലക്ഷം വീട്, കായകൂടം എന്നിവിടങ്ങളിൽ ഇലട്രിക് ട്യൂബ് സ്ഥാപിക്കുക.
- പട്ടികജാതി വിഭാഗക്കാർക്ക് കൃഷിഭൂമി വാങ്ങാനുള്ള വായ്പ പഞ്ചായത്ത് വഴി ലഭ്യമാക്കുക.
- പരമ്പരാഗത തൊഴിലുകൾക്ക് സഹായം ചെയ്യുക.
- കോളനികളിലെ വെള്ളകെട്ട് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- അഞ്ചാം വാർഡിലെ ഹരിജനങ്ങൾക്ക് ഒരു കമ്മ്യൂണിറ്റിഹാളും പൊതു സ്മശാനവും നിർമ്മിക്കുക. ആലികുന്ന കോളണിയിൽ ടി. വി. സ്ഥാപിക്കുക.
- ആറാം വാർഡിലെ കോളനികളിൽ അതിരുകൾ ഇടിഞ്ഞ് ഭൂമിയുടെ അളവ് കുറഞ്ഞുകൊണ്ടിരിക്കുന്നു. മാത്രമല്ല ഇതുമൂലം വീടുകളുടെ അകത്ത്പോലും നീരുറവ ഉണ്ടാകുന്നു. അതുകൊണ്ട് അതിർത്തികൾ കെട്ടി സംരക്ഷിക്കണം.
- എട്ടാം വാർഡിലെ കോളനി പരിസരത്ത് P.H.C. സെന്റർ സ്ഥാപിക്കുക.
- പുല്ലാർകാട്ട് പാടം കോളനിയിൽ പൊതുവഴിയില്ല. സ്ഥലം സൗജന്യമായി ലഭിച്ചാൽ റോഡ് വെട്ടിയുണ്ടാക്കാൻ കോളനി നിവാസികൾ തയ്യാറാണ്.
- പുല്ലാർകാട്ടുപാടം കണ്ണാകൽതോട് കുളിക്കടവ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരി ക്കുക.
- ഒരുമിച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രത്യേകം വീട് അനുവദിച്ച് മാറിപാർക്കാൻ ആവശ്യമായ സഹായം ചെയ്യുക.
- കുറപ്പിന്റെകുളം സ്മശാനവും തുറന്ന് കൊടുക്കുക.

## സാദ്ധ്യതകൾ

- റോഡുകൾ നിർമ്മിക്കുന്നതിനുള്ള കായികാദ്ധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ്.
- വീടുകൾ പണിയുന്നതിന് കൂട്ടായ പ്രവർത്തനം നടത്താവുന്നതാണ്.

# ഗതാഗതം, ഊർജ്ജം

## ഗതാഗതം

നാടിന്റെ പുരോഗതിയിൽ പ്രധാനമായ സ്ഥാനം വഹിക്കുന്നവയിൽ ഒന്നാണ് ഗതാഗതമാർഗ്ഗങ്ങൾ. പ്രധാനമായും റോഡു ഗതാഗതം മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. 1930 കളിൽ പണികഴിപ്പിച്ച, പഞ്ചായത്തിന്റെ ഇരു ഭാഗങ്ങളിലൂടെ കടന്ന് പോകുന്ന അങ്കമാലി മാഞ്ഞാലി റോഡും കുറുമശ്ശേരി കണക്കൻകടവ് റോഡുമാണ് പ്രധാന റോഡുകൾ. മാഞ്ഞാലിയിൽ നിന്ന് ചാലാക്ക വഴി ചാലക്കുടിയിലേയ്ക്കും വയൽക്കരയിൽ നിന്ന് ആലുവയിലേക്കും പരിമിതമായ യാത്ര സൗകര്യമുണ്ടെങ്കിലും ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നതാണ് വാസ്തവം. നിലവിലുള്ള ബസ്സ് സർവ്വീസുകൾ കൂടാതെ കൂടുതൽ ബസ്സുകൾ ഈ ഭാഗങ്ങളിലേക്ക് അനുവദിക്കേണ്ടതുണ്ട്. കൂടാതെ തടിക്കൽ കടവിലേക്കും പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കണം. ബസ്സ് സ്റ്റോപ്പുകളിൽ വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യമുയർന്നിട്ടുണ്ട്. മൂന്നാം വാർഡിലെ ബസ്സ് സ്റ്റോപ്പുകവലയിലുള്ള കലുങ്ക് വീതികൂട്ടി ബസ്സ് സർവ്വീസ് മിൽമാ ബൂത്ത് വരെ എത്തിക്കാവുന്നതാണ്.

പഞ്ചായത്തിൽ മൊത്തം 68.219 കിലോമീറ്റർ റോഡാണുള്ളത്. അതിൽ 28.611 കിലോമീറ്റർ PWD റോഡും 39.608 കിലോമീറ്റർ പഞ്ചായത്തുവക റോഡുകളുമാണ്. PWD ക്ക് നിലവിലുണ്ടായിരുന്ന കുറുമശ്ശേരി കണക്കൻകടവ് റോഡ്, അങ്കമാലി മാഞ്ഞാലി റോഡ്, കുത്തിയ തോട് മാഞ്ഞാലി റോഡ് എന്നിവ കൂടാതെ കണ്ടൂർ കടവ് റോഡ്, കുറ്റ്യാൽ കൊച്ചു കടവു റോഡ്, പട്ടം മാഞ്ഞാലി റോഡ് എന്നിവ അടുത്ത കാലത്തായി PWD ഏറ്റെടുത്തതാണ്.

പഞ്ചായത്തിൽ ആകെയുള്ള 73 റോഡുകളിൽ 14 റോഡുകൾ ടാർ ചെയ്തതും 10 റോഡുകൾ മെറ്റൽ വിരിച്ചതും 26 റോഡുകൾ ഗ്രാവൽ വിരിച്ചതും ബാക്കി വരുന്ന 23 റോഡുകൾ മണൽ റോഡുകളുമാണ്. 10-ാം വാർഡിൽ മാത്രമാണ് ടാർ ചെയ്ത ഒറ്റ റോഡ് പോലും ഇല്ലാത്തത്. റോഡുകളെ സംബന്ധിക്കുന്ന വാർഡുതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

## റോഡുകളെ സംബന്ധിച്ചുള്ള വിവരം

| വാർഡ് | പേര് | നീളം | മണൽ | ഗ്രാവൽ | മെറ്റൽ | ടാർ |
|---|---|---|---|---|---|---|
| I | കറ്റിയാറ ചന്ദ്രത്തിൽ കടവ് റോഡ് | 1350 | 300 | – | 1050 | – |
| | ക്രിസ്തു രാജ്ഹൈസ്കൂൾ റോഡ് | 100 | – | 100 | – | – |
| | മുതുകാട് വയലികാട് ബണ്ട് റോഡ് | 800 | 400 | – | – | 400 |
| | കപ്പേളപ്പടി റോഡ് | 450 | – | 450 | – | – |
| | കുന്ന് കപ്പേളപ്പടി (പുഞ്ചവരെ) | 250 | – | 250 | – | – |
| | കണലിപൊക്കം പള്ളം റോഡ് | 240 | – | 240 | – | – |
| | **ആകെ** | **3190** | **700** | **1040** | **1050** | **400** |

വൈദ്യുതി നമുക്ക് നഷ്ടപ്പെടുന്നു. ഒരു സ്ഥലത്തുള്ള രണ്ട് കേന്ദ്രങ്ങളിലേക്ക് രണ്ട് മാർഗ്ഗത്തിലൂടെ വൈദ്യുതി എത്തിക്കുന്നത് വളരെയധികം വൈദ്യുതിനഷ്ടപ്പെടുന്നതിന് സഹായിക്കുന്നു. വൃക്ഷ കമ്പുകളും മറ്റും ലൈനിൽ വീണു കിടക്കുന്നതുകൊണ്ടും വൈദ്യുതി നഷ്ടമാകുന്നുണ്ട്. ഇത് യഥാസമയം നീക്കം ചെയ്യുന്നതിന് തയ്യാറായാൽ വളരെയധികം വൈദ്യുതി നമുക്ക് ലാഭിക്കാവുന്നതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം ഓഫ് ചെയ്യാത്തതും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നു. ആകെ 355 സ്ട്രീറ്റ് ലൈറ്റുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. അതിൽ 40 വാൾട്ടിന്റെ 229 ബൾബുകളും 60 വാട്ടിന്റെ 50 ബൾബുകളും 66 ട്യൂബ് ലൈറ്റുകളുമാണ് ഉള്ളത്. ഇനിയും പല റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ പ്രധാന സ്ഥലങ്ങളിലും കവലകളിലും ട്യൂബ് ലൈറ്റുകളും സ്ഥാപിക്കണം.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വ്യവസായം ഇഷ്ടികനിർമ്മാണമാണ്. ഏകദേശം 65 ഓളം വയർ കട്ട്. കമ്പനികൾ നമ്മുടെ പഞ്ചായത്തിലുണ്ട് നവംബർ ഡിസംബർ മാസങ്ങളിൽ ഇവയെല്ലാം പ്രവർത്തിച്ച് തുടങ്ങും. നല്ലൊരു ശതമാനം വൈദ്യുതിയും ഈ മേഖലയ്ക്ക് വേണ്ടിവരും. മറ്റ് വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ അംഗുലീപരിമിതങ്ങളാണ്.

തികച്ചും കാർഷിക പ്രധാനമായ നമ്മുടെ പഞ്ചായത്തിൽ കാർഷിക ആവശ്യത്തിന് വൈദ്യുതി ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. നിരവധി സ്വകാര്യ പമ്പ സെറ്റുകളും പഞ്ചായത്ത്, ഇറിഗേഷൻ പമ്പു സെറ്റുകളും നവംബർ മാസത്തോടെ പ്രവർത്തിച്ചു തുടങ്ങും. ഈ പ്രശ്നങ്ങൾ എല്ലാം കൊണ്ടുതന്നെ നവംബർ മുതൽ ഏപ്രിൽ മാസം വരെ രൂക്ഷമായ വൈദ്യുതിക്ഷാമം നമുക്ക് അനുഭവപ്പെടും.

കാർഷിക രംഗത്തെ പരമ്പരാഗതമാർഗ്ഗങ്ങൾ ഒന്നും ഇന്ന് നിലവിലില്ല. എങ്കിലും ജലം പാഴായ്പോകാതെ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അനാവശ്യമായി ജലം ഒഴുകിപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗാർഹിക ഉപയോഗത്തിനാണ് നാം വൈദ്യുതി ഉപയോഗിക്കുന്ന മറ്റൊരു മേഖല നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചതാണ്. എങ്കിലും നിരവധി വീടുകൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്. നിലവിലുള്ള എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിച്ചതാണ്. വീട്ടുകളിൽ പ്രധാനമായും വൈദ്യുതി ഉപയോഗിക്കുന്നത് കാറ്റിനും വെളിച്ചത്തിനും ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്കുമാണ്. പല സ്ഥലങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം, അപ്രഖ്യാപിത പവർകട്ട്, കേടുവന്ന ലൈനുകൾ അറ്റകുറ്റപ്പണിചെയ്യാതിരിക്കൽ എന്നിവയെല്ലാം വൈദ്യുതരംഗത്തെ എടുത്ത് പറയാവുന്ന പ്രശ്നങ്ങളാണ്. വൈദ്യുതി ഉപയോഗത്തിന്റെ കാര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ നമുക്ക് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പകലുപോലും ബൾബുകൾ പ്രകാശിപ്പിക്കേണ്ട രീതിയിലാണ് ഇപ്പോൾ നമ്മുടെ വീടുകളുടെ മാതൃക മുറികളിൽ വെളിച്ചം കിട്ടുന്ന രീതിയിലും കാറ്റ് കടക്കുന്ന രീതിയിലും പുതിയ വീടുകൾ പണിയുമ്പോൾ ശ്രദ്ധിച്ചാൽ പകൽ സമയം ബൾബുകൾ പ്രകാശിപ്പിക്കാതിരിക്കാനും ശുദ്ധവായുവിന്റെ സഞ്ചാരത്തിനും വഴി തെളിക്കുന്നതാണ്.

പാചകത്തിനായ് പ്രധാനമായും നാം ഉപയോഗിക്കുന്നത് വിറകുല്പന്നങ്ങളാണ്. കൂടാതെ മണ്ണെണ്ണയും ഇലട്രിക് സ്റ്റൗവും പാചകവാതകവും ഉപയോഗിക്കുന്നു. വിറകിന്റെ ദൗർലഭ്യം ഏറി വരുന്നത് നമ്മളെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. മുൻകാലങ്ങളെ പോലെ മരവിറകുകൾ ഇപ്പോൾ കിട്ടാനില്ലാത്തതുകൊണ്ട്പാചകത്തിന് മണ്ണെണ്ണ സ്റ്റൗവുകൾ വ്യാപകമായ് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. വൈദ്യുതി ആവശ്യസമയങ്ങളിൽ കിട്ടാത്തതുമൂലം ഇലട്രിക് സ്റ്റൗവുകൾ പ്രവർത്തിക്കുന്നില്ലെന്നു തന്നെ പറയാം. പാചകവാതകത്തിന്റെ ഉപയോഗവും കൂടിയിട്ടുണ്ട്. പാചകരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്ന് വന്നിട്ടുണ്ട്. വ്യാപകമായ രീതിയിൽ വൃക്ഷങ്ങൾവെച്ചുപിടിപ്പിക്കലാണ് അതിലൊന്ന്. കൂടാതെ ക്ഷമത കൂടിയ അടുപ്പുകൾ നിർമ്മിക്കുക എന്നുള്ളതാണ്. നാം നൽകുന്ന ചൂടിന്റെ 70 ശതമാനവും നഷ്ടപ്പെട്ടുപോകുന്ന രീതിയിലാണ് നമ്മുടെ അടുപ്പിന്റെ മാതൃകകൾ ഇത് പരിഹരിക്കുന്നതിന് പരിഷത്ത് അടുപ്പുകളോ. സെറ്റിൽമെന്റ് അടുപ്പുകളോ സ്ഥാപിക്കാവുന്നതാണ്. കച്ചിപ്പെട്ടികളും ക്ഷമത കൂടിയ പ്രഷർകുക്കറുകളും വ്യാപകമാക്കാവുന്നതാണ്. കൂടാതെ ബയോഗ്യാസ് പ്ലാന്റുകൾ ഓരോ വീട്ടിലേക്കോ ഒരു

പ്രദേശത്തേക്കോ നിർമ്മിക്കാവുന്നതാണ്. പശുവളർത്തലുമായി ബന്ധപ്പെട്ട് നമ്മുടെ പ്രദേശത്ത് 700 റോളം കുടുംബങ്ങൾ ഉണ്ട് അതുകൊണ്ടുതന്നെ ഈ രംഗത്ത് നമുക്ക് വളരെയേറെ സാദ്ധ്യതയുണ്ട്.

**ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്ന പ്രശ്നങ്ങൾ**

1. വാർഡ് 1, 4, 3, 10 എന്നീ വാർഡുകളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്നു. ഇത് എത്രയും പെട്ടെന്ന് പരിഹരിക്കണം.
2. 5 – ാം വാർഡിൽ നിലവിലുള്ള ട്രാൻസ് ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കണം.
3. V –ാം വാർഡിലെ ആലികുന്നിലും 1–ാം വാർഡിലും ഓരോ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം.
4. ഒരാൾ പൊക്കത്തിൽ പോലും പല സ്ഥലങ്ങളിലും ലൈൻ കമ്പികൾ താഴ്ന്ന് കിടക്കുന്നു. ഇത് വൻ അപകടങ്ങൾക്ക് വഴി തെളിക്കും അതുകൊണ്ട് അവ എത്രയും വേഗം ഉയർത്തികെട്ടണം.
5. ലൈൻമാന്മാരുടെ സേവനം പഞ്ചായത്തു വഴി ലഭ്യമാക്കണം.
6. X –ാം വാർഡിൽ റോഡിൽ നിൽക്കുന്ന വൈദ്യുതികാലുകൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ട് അവ മാറ്റി സ്ഥാപിക്കണം.
7. 9–ാം വാർഡിലെ ചെറിയ തേയ്ക്കാനത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
8. സ്ലാബ് സമ്പ്രദായം എടുത്തുകളഞ്ഞു. ഉപയോഗിക്കുന്ന വൈദ്യുതിക്ക് ചാർജ്ജ് ഈടാക്കണം.
9. 3–ാം വാർഡിൽ No:2 പമ്പ് മുതൽ പള്ളം വരെയുള്ള ലൈൻ ഏതാണ്ട് 50 വർഷം മുമ്പ് സ്ഥാപിച്ചതാണ് ഇത് പലപ്പോഴും പഴകിപൊട്ടിവീഴുന്നു അതുകൊണ്ട് ഇത് എത്രയും വേഗം മാറ്റി സ്ഥാപിക്കണം.
10. ലൈനുകളിൽ പൊട്ടിവീണു കിടക്കുന്ന പച്ചിലകളും ഓലകളും യഥാസമയം വെട്ടിമാറ്റുകയും അതുവഴിയുള്ള പ്രസരണ നഷ്ടം ഒഴിവാക്കുകയും വേണം.
11. താഴ്ന്ന വരുമാനക്കാർക്ക് വൈദ്യുതി സൗജന്യമായി നൽകണം.
12. VII–ാം വാർഡിൽ ഹരിജനങ്ങളും മറ്റു പാവപ്പെട്ടവരും തിങ്ങിപാർക്കുന്ന കുണ്ടോട്ടിപ്പുറം ഭാഗത്ത് ഇന്നേവരെ വൈദ്യുതി എത്തിയിട്ടില്ല. എത്രയും വേഗം ഇവിടെ വൈദ്യുതി ലഭ്യമാക്കണം.
13. VII–ാം വാർഡിലെ ലൈനുകൾ റോഡിലൂടെ കൊണ്ടുപോകണം. സ്വകാര്യവ്യക്തികളുടെ സ്ഥലത്തു കൂടി ലൈനുകൾ പോകുന്നതുകൊണ്ട് പുതിയ കണക്ഷൻ കിട്ടുന്നതിന് തടസ്സം നേരിടുന്നു.
14. VII–ാം വാർഡിലെ അമ്പലത്തിട്ട ഭാഗത്തു നിന്നും കിഴക്കോട്ടുപോകുന്ന 11.K.V. ലൈൻ റോഡിലൂടെ ഊഴം കടവ് ട്രാൻസ്ഫോർമറിലേക്ക് കൊണ്ടുപോയാൽ 300 മീറ്റർ ലൈൻ മിച്ചമാക്കാവുന്നതാണ്.
15. സി.ഡി. അടച്ച് വർഷങ്ങളായി കാത്തിരിക്കുന്ന പലർക്കും കണക്ഷൻ നൽകിയിട്ടില്ല.
16. VII–ാം വാർഡിലെ കക്കേരപ്പറമ്പ് റോഡിൽ ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല.
17. അമ്പലപ്പറമ്പിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണം.
18. പരിഷത്ത് അടുപ്പുകൾ പഞ്ചായത്ത് വഴി വിതരണം നടത്തണം.
19. പാചകവാതകം പഞ്ചായത്തിൽ വ്യാപകമായ് എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് I,VI,X എന്നീ ഗ്രാമസഭകൾ ആവശ്യപ്പെടുന്നുണ്ട്.
20. പ്രത്യേക പ്രദേശങ്ങൾ തെരഞ്ഞെടുത്ത് സോളാർ പാനൽ ബോർഡുകൾ സ്ഥാപിക്കണമെന്ന് IX–ാം വാർഡ് ഗ്രാമസഭ നിർദ്ദേശിക്കുന്നു.
21. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും സഹായം ചെയ്യുക.
22. എല്ലാവാർഡിലും നിലവിലുള്ള എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. കൂടാതെ പ്രധാന കവലകളിൽ ട്യൂബ്ലൈറ്റുകളും സ്ഥാപിക്കുക.

**സാദ്ധ്യതകൾ**

1. നിലവിലുള്ള ട്രാൻസ് ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
2. നിലവിലുള്ള ലൈനുകളുടെ വഴിയും ഉപഭോക്താക്കളുടെ സൗകര്യവും പുനഃർനിർണ്ണയം ചെയ്ത് ആവശ്യമില്ലാത്ത സ്ഥലങ്ങളിലൂടെ പോയിരിക്കുന്ന ലൈനുകൾ ഒഴിവാക്കുക.
3. ടച്ചുകൾ നീക്കം ചെയ്യുന്നതിന് കർശനമായ് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
4. സ്ട്രീറ്റ് ലൈറ്റുകൾക്ക് ഓപ്പറേറ്റർമാരെ നിയമിക്കുക.
5. ക്ഷമത കൂടിയ അടുപ്പുകൾ നിർമ്മിക്കുന്നതിനും സാങ്കേതി വിദഗ്ദരായ വരെ കണ്ടെത്തി അവരുടെ സേവനം ഉറപ്പ് വരുത്തുക.
6. പരിഷത്ത് അടുപ്പുകൾ പഞ്ചായത്ത് മുഖേനേ വിതരണം നടത്താവുന്നതാണ്.
7. സാമൂഹ്യവനവത്ക്കരണം പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്തിൽ മൊത്തം 68.210 കിലോമീറ്റർ റോഡുണ്ടെങ്കിലും 37.206 കിലോമീറ്റർ റോഡാണ് ടാർ ചെയ്തിട്ടുള്ളത്. ഏകദേശം പകുതിയോളം റോഡുകൾ ഇനിയും ടാറിംഗ് നടത്താനുണ്ട്. ഉള്ള റോഡുകളുടെ സ്ഥിതി വളരെ മോശപ്പെട്ടതാണ്. വേണ്ടത്ര കാനകളോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതാണ് ഭൂരിപക്ഷം റോഡുകളും. അതുകൊണ്ടുതന്നെ വർഷകാലമായാൽ ഇതിലൂടെയുള്ള യാത്ര ദുഃഷ്ക്കരവുമാണ്. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം വാഹനങ്ങൾ പോകുന്നതിനും ജനസഞ്ചാരത്തിനും ഭീഷണിയാകുന്നവയാണ് P.W.D റോഡുകൾ. അപകടസാദ്ധ്യതകൾ പതിയിരിക്കുന്ന ഇത്തരം റോഡുകൾ പുതുക്കി പണിയേണ്ടതുണ്ട്. റോഡിനോട് ചേർന്ന് മതിലുകൾ തീർക്കുന്നത് റോഡിൽ നിന്നും വെള്ളം ഒഴുകിപോകുന്നതിന് തടസമായി നിൽക്കുന്ന ഒരു ഘടകമാണ്. കുറ്റ്യാൽ ഊഴം കടവ് റോഡും അയിരൂർ ഊഴം കടവു റോഡും ഊഴത്തു പുഴയിൽ അവസാനിക്കുന്നു. ഈ പുഴയിൽ ഊഴം കടവ് പാലം നിർമ്മിച്ചാൽ പഞ്ചായത്തിന്റെ ഇരു ഭാഗങ്ങളെയും ബന്ധിപ്പിക്കുന്നതിന് ഏറെ സഹായകരമാണ്. കണക്കൻകടവ് പാലം പൂർത്തിയാകുന്നതോടെ ആ വഴിക്കുള്ള ഗതാഗതം സുഗമമാകുമെങ്കലും മാഞ്ഞാലിയിൽ കൂടി പാലം വരുമ്പഴേ മറ്റു പ്രദേശങ്ങളുമായുള്ള ഈ പഞ്ചായത്തിന്റെ ഗതാഗത ബന്ധം പരിഹരിക്കപ്പെടുകയുള്ള. ചാലാക്ക ചെറിയതേയ്ക്കാനും സ്ലൂയിസ് കം/ബ്രിജിന്റെ തറക്കല്ലിടൽ നടന്നെങ്കിലും കോൺട്രാക്ടർ പണി തുടങ്ങിയില്ലെന്നാണ് പരാതി ഗ്രാമസഭയിലെത്തിയിരിക്കുന്നത്. ഇത് കാലതാമസം കൂടാതെ പൂർത്തികരിക്കണമെന്ന് ഗ്രാമസഭ പറയുന്നു.

## കടത്ത് സംബന്ധിക്കുന്ന വിവരങ്ങൾ

ഊഴം കടവ്, കൊച്ചു കടവ്, തടിക്ക കടവ്, കുന്ന് കളത്തി കടവ്, ആറ്റുപുറം പായതുരുത്ത്, ചെറിയ തേക്കാനും കടത്ത്, മാമ്പ്ര കടത്ത്, എന്നിങ്ങനെ 7 കടത്താണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വർഷകാലമായാൽ ഇതിലൂടെയുള്ള യാത്ര ദുഃഷ്ക്കരമാണെന്ന് പറയേണ്ടതില്ലല്ലോ? കടത്തുകൾ സമയനിഷ്ഠ പാലിക്കാത്തതും സ്ഥിരമായി കടത്തുക്കാരൻ ഇല്ലാത്തതും കടത്തിനെ സംബന്ധിക്കുന്ന പ്രധാന പ്രശ്നങ്ങളായി ചൂണ്ടി കാണിക്കുന്നു.

### ഗ്രാമസഭയിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങൾ

താഴെ പറയുന്ന റോഡുകൾ പുനഃരുദ്ധരിച്ച് ടാറിംഗ് നടത്തണം.

**വാർഡ് 1**

കുന്നുകര കപ്പേള റോഡ്, കണലിപ്പൊക്കം റോഡ്, കുറ്റിപ്പുഴ വൈദ്യശാല റോഡ്, കണലിപ്പൊക്കം ആശാരിപ്പറമ്പ് റോഡ്.

**വാർഡ് 2**

കുന്നു കൽപാത്ത്ചാൽ റോഡ്, കുന്നുകര മോസ്ക്ക് റോഡ്, കുന്നുകര ആനകുളം റോഡ്, കുന്നുകര പള്ളിക്കര റോഡ്.

**വാർഡ് 3**

അമ്മണത്ത് ഇടവഴി റോഡ്, വയൽ കണ്ടെലി പാടം റോഡ്, അമ്മണത്ത് ആലുക്കൽ റോഡ്, കൂട്ടാലപ്പറമ്പ് പുറപ്പിള്ളിക്കാവ് റോഡ്, അമ്മണത്ത് പടിമട്ടപ്പുറം റോഡ്, അമ്മണത്ത് കൊളമ്പ് റോഡ്, ചുള്ളിപ്പറമ്പ് ചെങ്ങനീലി റോഡ്, വയൽക്കര ബസ്സ് സ്റ്റോപ്പ് മുതൽ പടിഞ്ഞാറോട്ട് മിൽമാ വരെയുള്ള ഇറിഗേഷൻ റോഡ് ടാറിംഗ്.

**വാർഡ് 4**

ചുങ്കം – മീങ്കറക്കുന്ന് റോഡ്, പുളിക്കപ്പടി തടിക്ക കടവ്, കടുവേലി പാടം, ഷേണായി റോഡ്.

**വാർഡ് 5**

അടുവാശേരി മാലായിക്കുന്ന് കോളനി റോഡ്, പീടികപ്പടി അങ്ങാടിക്കടവ് റോഡ്, മഹിളാസമാചം റോഡ്, അടുവാശ്ശേരി പടിഞ്ഞാറെ മൂല റോഡ്, ആലു കുന്ന് മാലായ്ക്കുന്ന് റോഡ്.

**വാർഡ് 6**

അയിരൂർ മൂഴിക്കുളം ചീരകത്തിൽ റോഡ്, പുറത്തായിപാടം റോഡ്, മഠത്തിതറ റോഡ്, പുറത്തായിപാടം ലിങ്ക് റോഡ്.

**വാർഡ് 7**

പ്ലാച്ചേരി ജംഗ്ഷൻ ആറാട്ടുകാവ് റോഡ്, കോഴിക്കവള്ളം റോഡ്, ഈളായി തോട് റോഡ്, പ്ലാച്ചേരി ജംഗ്ഷൻ-പ്ലാച്ചേരി കടവ് റോഡ്, തേർച്ചപാടം പമ്പുസെറ്റ് റോഡ്.

**വാർഡ് 8**

കുത്തിയ തോട്, ജട്ടി റോഡ്, കുത്തിയ തോട് അങ്ങാടിക്കടവ് ചർച്ച് റോഡ്, രാജഗിരി റോഡ്.

**വാർഡ് 9**

ചെറിയ തേയ്ക്കാനം ടെമ്പിൾ റോഡ്, ഹരിജൻ സെറ്റിൽ മെന്റ് റോഡ്, ചാലാക്ക കണക്കന്റെ വള്ളം റോഡ്, ചാലാക്ക ഹരിജൻ

കോളനി റോഡ്, ചാലാക്ക ചുദ്രകാട് റോഡ്, രാമന്തര നടപാത.

**വാർഡ് 10**

കുറ്റിപ്പുഴ ഭജനമഠം കളത്തികടവ് റോഡ്, ആർ. എൻ. റോഡ്, കൂട്ടുങ്കൽ കടവ് റോഡ്, തടിക്കൽ കടവ് ചന്ദ്രത്തിൽ റോഡ്.

## പുതിയതായി ആവശ്യമുള്ള റോഡുകൾ

**വാർഡ് 1**

മുതുകാട് വയൽകാട് കൊല്ലാറ റോഡ്, ഇടപ്രാമ്പിള്ളി മന റോഡ്, എലിതുരുത്തു റോഡ്, കണലിപൊക്കം ആശാരിപ്പറമ്പ് റോഡ്.

**വാർഡ് 2**

കുന്നുകര കൂട്ടാല റോഡ്, ഞാറ്റു വീട്ടിൽ കരുവേലി റോഡ്, കുന്നുകര കളത്തും കടവ് റോഡ്, അംബേദ്ക്കർ റോഡിൽ നിന്നുള്ള റോഡ്.

**വാർഡ് 3**

മദ്രസപ്പടി റോഡ്, കൂട്ടാല ഇറിഗേഷൻ കനാൽ റോഡ്, മിൽമാ ബൂത്ത് മുതൽ കനാൽ സൈഡിൽ കൂടി പടിഞ്ഞാറോട്ട് പുറപ്പിള്ളി-കുന്നു റോഡു വരെ.

**വാർഡ് 4**

മന്ന്യം ഫാം റോഡ്, ഇടവഴികടവ് റോഡ്.

**വാർഡ് 5**

കുടിൽപടി മലായ് കുന്ന് റോഡ്, മലായ് കുന്ന് എസ്റ്റേറ്റ് റോഡ്, വടക്കേ അടുവാശ്ശേരി പടിഞ്ഞാറെ മൂല മുതുക്കാട് റോഡ്, വടക്കേ അടുവാശ്ശേരി മഹിളാസമാജം വഴി പള്ളി സ്കൂൾ റോഡ്, തെക്കേ അടുവാശ്ശേരിയിലേ കുമ്പിടിശ്ശേരി റോഡ്, കിഴക്കൻ മൂല റോഡ്, ഞാറക്കാട് റോഡ്, മലായ്ക്കുന്ന്-ഞാറക്കാട് റോഡ്.

**വാർഡ് 6**

ചർച്ചുമുതൽ തെക്കേ അടുവാശ്ശേരി വരെയുള്ള റോഡ്.

**വാർഡ് 7**

മങ്ങാട്ടപ്പടി കോഴിക്കവള്ളം റോഡ്, കീതായ്പ്പടി വെളിയത്തു കടവ് ഫുട്ട്പാത്ത്, കൊച്ചാപ്പുത്തിപടി ആറാട്ടുകടവ്, മാളേക്കാട്, വേലം കടവ് അമ്പശകടവ് റോഡിൽ ബന്ധിക്കുന്ന ലിങ്ക് റോഡ്.

**വാർഡ് 8**

കണക്കൻകടവ് കണ്ണാക്കൽ റോഡ്, ചെറുകപ്പുറത്ത് നിന്നും ഹരിജൻ കോളനി റോഡിലേക്കുള്ള റോഡ്.

**വാർഡ് 9**

ചെറിയതേയ്ക്കാനം കടവിൽ നിന്നും കിഴക്കോട്ട് വയൽ കരയിലേക്കുള്ള റോഡ്, M.L.A റോഡിൽ നിന്നും പട്ടേരികണ്ടം ചാലാക്കൽ ഹരിജൻ കോളനി റോഡ്. ഐക്കരേത്ത് വെളുത്തേടൻ ചിറ റോഡ്.

3. നിലവിലുള്ള ടാർ റോഡുകൾ പൊളിഞ്ഞു കിടക്കുന്നു.

4. അമ്മണത്ത് നിന്നും കാരയ്ക്കാതുരുത്തിലേക്കുള്ള നടപ്പാലം വീതികൂട്ടണം

5. K.S.R.T.C. തിരുവനന്തപുരത്തേക്ക് ഒരു ഫാസ്റ്റ് സർവ്വീസ് ആരംഭിക്കണം.

6. ആലുവ മാഞ്ഞാലി റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും വീതി കൂട്ടുകയും ചെയ്യുക.

7. എല്ലാ റോഡുകൾക്കും കാനകൾ നിർമ്മിക്കണം.

8. റോഡ് കയ്യേറുന്നത് തടയണം.

9. അങ്കമാലി മാഞ്ഞാലിതോട് വീതി കൂട്ടി ആഴം വർദ്ധിപ്പിച്ചാൽ നെൽപാടങ്ങളിലെ വെള്ളം കെട്ട് ഒഴിവാക്കാനും ഗതാഗതത്തിനും ഉപകരിക്കും.

10. VII-ാം വാർഡിലെ പായ്തുരുത്തിലേക്ക് നടപ്പാലം നിർമ്മിക്കണം.

## സാദ്ധ്യതകൾ

1. യുവജനങ്ങളുടെ കായികശേഷി ഉപയോഗപ്പെടുത്തണം.

2. നിർമ്മാണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തണം.

## ഊർജ്ജം

ഊർജ്ജരംഗത്ത് നമ്മുടെ സംസ്ഥാനമിന്ന് ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് നമ്മുടെ പരമ്പരാഗത ഊർജ്ജ സ്രോതസുകളെയും പാരമ്പര്യേതര സ്രോതസുകളെയും നാം ഉപയോഗപ്പെടുത്തിയേ കഴിയൂ.

നമ്മുടെ പ്രധാന ഊർജ്ജം വൈദ്യുതിയാണ്. മറ്റ് ഊർജ്ജ സ്രോതസുകളെ സംബന്ധിച്ച് കാര്യമായ ചർച്ചകൾ നമ്മുടെ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടില്ല. എന്നാൽ വൈദ്യതിയെ സംബന്ധിച്ച് പല ചർച്ചകളും ഉണ്ടായിട്ടുണ്ട്. വൈദ്യതി, വിറക്, മണ്ണെണ്ണ എന്നവയാണ് പ്രധാനമായും നാം ഉപയോഗിക്കുന്ന ഊജ്ജ സ്രോതസ്.

പറവൂർ - മാന്നം ഫീഡറിൽ നിന്നും. അങ്കമാലി ഫീഡറിൽ നിന്നും ചെങ്ങമനാട് ഇലട്രിസിറ്റി സബ് സ്റ്റേഷൻ വഴിയാണ് നമുക്ക് വൈദ്യുതി എത്തുന്നത്. പഞ്ചായത്തിൽ മൊത്തം 22 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. അതിൽ 100 KV ന്റെ 14 ഉം, 160 KV 4, 25 KV 3, 150 KV 1 എന്നിവയാണ്. വൈദ്യുതി രംഗത്തെ അശാസ്ത്രീയ വിതരണം മൂലം പ്രസരണ നഷ്ടം വഴിയും അനാവശ്യദൂരം വഴിയും

| വാർഡ് | പേര് | നീളം | മണൽ | ഗ്രാവൽ | മെറ്റൽ | ടാർ |
|---|---|---|---|---|---|---|
| II | കുന്ന് കളത്തികടവ് | 1000 | – | – | 650 | 350 |
| | കുന്ന് കൽ പാത്ത് ചാൽ റോഡ് | 700 | 500 | 200 | – | – |
| | കുന്നുകര മോസ്ക് റോഡ് | 700 | – | – | 700 | – |
| | കോളനിറോഡ്, കുന്നുകര | 360 | – | – | – | 360 |
| | കുന്നുകര ആനക്കുളം റോഡ് | 350 | – | 350 | – | – |
| | കുന്നുകര OLH കോളനി ഇറിഗേഷൻ ബണ്ട് വരെയുള്ള പള്ളിക്കടവ് റോഡ് | 300 | – | 300 | – | – |
| | **ആകെ** | **3410** | **500** | **850** | **1350** | **710** |
| III | അമ്മണത്ത് ഇടവഴിവയൽകര | 250 | 250 | – | – | – |
| | കുന്ന് കോട്ടപ്പുറം റോഡ് | 2000 | 300 | – | – | 1700 |
| | വയൽ കുണ്ടേലിപ്പാടം റോഡ് | 1000 | 650 | – | 350 | – |
| | അമ്മണത്ത് ആലുക്കൽ റോഡ് | 500 | – | 500 | – | – |
| | കുട്ടാലപ്പറമ്പ് പുറപ്പിള്ളിക്കാവ് | 450 | 450 | – | – | – |
| | അമ്മണത്ത്പടി മട്ടപ്പുറം റോഡ് | 500 | 500 | – | – | – |
| | കുന്ന് പുറപ്പിള്ളികാവ് റോഡ് | 1800 | – | 870 | 330 | 600 |
| | അമ്മണത്ത് കൊളമ്പ് റോഡ് | 950 | 950 | – | – | – |
| | ചുള്ളിപ്പറമ്പ് ചെങ്ങനീലി റോഡ് | 700 | 700 | – | – | – |
| | **ആകെ** | **8650** | **3800** | **1370** | **680** | **2300** |
| IV | പെരിയാർ റോഡ് | 300 | – | – | – | 300 |
| | ചുങ്കം–മീങ്കറക്കുന്ന് റോഡ് | 500 | – | 500 | – | – |
| | പുളിക്കപ്പടി തടിക്കകടവ് | 450 | – | 450 | – | – |
| | കടുവേലിപ്പാടം | 750 | – | 750 | – | – |
| | ഷേണായ് റോഡ് | 1200 | – | 1200 | – | – |
| | **ആകെ** | **3200** | **2900** | **–** | **300** | |
| V | അടുവാശ്ശേരി മലയ്ക്കുന്നത് കോളനി റൊഡ് | 1400 | 450 | – | 450 | 500 |
| | പീടികപ്പടി അങ്ങാടിക്കടവ് റോഡ് | 1200 | – | 1200 | – | – |
| | മഹിളാസമാജം റോഡ് | – | – | – | 600 | – |
| | അടുവാശ്ശേരി പടിഞ്ഞാറെ മൂല റോഡ് | 900 | – | 900 | – | – |
| | ആലുകുന്ന് മാലായ് കുന്ന് | 1300 | – | 1300 | – | – |
| | **ആകെ** | **4888** | **88** | **4800** | **–** | **–** |
| VI | അയിരൂർ മൂഴിക്കുളം (ചീരകത്തിൽ) | 900 | – | – | 900 | – |
| | പുറത്തായ് പാടം റോഡ് | 350 | 350 | – | – | – |
| | മടത്തിത്തറ റോഡ് | 450 | – | 450 | – | – |

| വാർഡ് | പേര് | നീളം | മണൽ | ഗ്രാവൽ | മെറ്റൽ | ടാർ |
|---|---|---|---|---|---|---|
| VI | പുറത്തായ് പാടം ലിങ്ക് റോഡ് | 450 | – | 450 | – | – |
| | അയിരൂർ ഊഴം കടവ് റോഡ് | 750 | – | – | – | 750 |
| | അയിരൂർ കൊച്ച് കടവ് റോഡ് | 500 | – | – | – | 500 |
| | **ആകെ** | **3400** | **350** | **900** | **900** | **1250** |
| VII | കുറ്റ്യാൽ വേലം കടവ് റോഡ് | 815 | – | 400 | – | 415 |
| | അമ്പലത്തിട്ട ആറാട്ടുകടവ് റോഡ് | 900 | – | – | – | 900 |
| | പ്ലാച്ചേരി ജംഗ്ഷൻ പ്ലാച്ചേരികടവ് | 400 | – | 400 | – | – |
| | കോഴിക്കപള്ളം റോഡ് | 400 | – | 400 | – | – |
| | ഈളായ് തോട് റോഡ് | 100 | – | 100 | – | – |
| | ആറ്റുപുറം ആമ്പലക്കടവ് റോഡ് | 800 | 200 | – | 600 | – |
| | തേർച്ചപ്പാടം പമ്പ്സെറ്റ് റോഡ് | 400 | 400 | – | – | – |
| | **ആകെ** | **3815** | **600** | **1300** | **600** | **1315** |
| VIII | കുത്തിയതോട് ജെട്ടി റോഡ് | 275 | – | – | 275 | – |
| | കുത്തിയതോട് അങ്ങാടികടവ് റോഡ് (ചർച്ച് റോഡ്) | 120 | 120 | – | – | – |
| | രാജഗിരി റോഡ് | 575 | 575 | – | – | – |
| | അങ്ങാടികടവ് റോഡ് | 525 | – | – | – | 525 |
| | കളത്തിക്കടവ് കുത്തിയതോട് റോഡ് | 700 | 100 | – | – | 600 |
| | **ആകെ** | **2195** | **795** | **–** | **275** | **1125** |
| IX | ചെറിയ തേയ്ക്കാനം ഫെറി റോഡ് | 600 | – | – | – | 600 |
| | ചാലാക്ക കടുക്കാവ് റോഡ് | 900 | – | – | 450 | 450 |
| | പട്ടം മാഞ്ഞാലി റോഡ് | 475 | 475 | – | – | – |
| | ചെറിയ തേയ്ക്കാനം ടെമ്പിൾ റോഡ് | 950 | 950 | – | – | – |
| | ഹരിജൻ സെറ്റിൽ മെന്റ് റോഡ് | 620 | 620 | – | – | – |
| | ചാലാക്ക കണക്കന്റെ പള്ളം റോഡ് | 225 | 225 | – | – | – |
| | കുരിശുപടി മനയക്കലപറമ്പ് | 445 | – | – | – | 445 |
| | ചാലക്ക ഹരിജൻ കോളനി | 65 | 65 | – | – | – |
| | **ആകെ** | **4280** | **2335** | **00** | **450** | **1495** |
| X | കുറ്റിപ്പുഴ ഭജനമഠം കളത്തിക്കടവ് റോഡ് | 530 | 530 | – | – | – |
| | RN റോഡ് | 400 | – | 400 | – | – |
| | കൂട്ടുങ്കൽ കടവ് റോഡ് | 400 | – | 400 | – | – |
| | തടിയ്ക്കക്കടവ് ചന്ദ്രത്തിൽ റോഡ് | 1750 | – | 1210 | 540 | – |
| | **ആകെ** | **3080** | **530** | **2010** | **540** | **–** |

# സഹകരണം

കുന്നുകര പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം പരിശോധിച്ചാൽ ഏകദേശം 75 വർഷം മുൻപുതന്നെ ഇവിടെ സഹകരണ പ്രസ്ഥാനത്തിൻെറ ആരംഭം കുറിച്ചതായി ചരിത്ര രേഖകൾ പറയുന്നു.

72 വർഷം മുൻപ് കുന്നുകര കേന്ദ്രമാക്കി ശ്രീ വെളുത്തിനം വീട്ടിൽ കേശവപിള്ള പ്രസിഡണ്ടായി ശ്രീ അറക്കൽ പങ്കൻ പിള്ള, ശ്രീ കാങ്കുഴി രാഘവൻനായർ, ശ്രീ തറമൽ ശിവരാമമേനോൻ മുതലായവരുടെ നേതൃത്വത്തിൽ രൂപീകൃതമായ നായർ സർവ്വീസ് സൊസൈറ്റി പിന്നീട് കൂടുതൽ അംഗങ്ങളെ ചേർത്ത് വിവിധോദ്ദേശ സംഘമായും അതിനുശേഷം ഇന്നു കാണുന്ന കാർഷികക്രെഡിറ്റ് സംഘം കുന്നുകര സർവ്വീസ് സഹകരണബാങ്കായി വളർന്നു പന്തലിച്ച് ഇന്ന് 5000 ത്തിൽ അധികം അംഗങ്ങളും 15 കോടിയിലധികം രൂപ വാർഷിക ടേൺഓവറുമായി മാറിയിരിക്കുന്നതിൻെറ മുഴുവൻ ബഹുമതിയും ഈ നാട്ടിലെ കർഷകർക്കും സാധാരണക്കാർക്കുമാണെന്നു പറയേണ്ടതില്ലല്ലൊ. ഇന്ന് ഈ ബാങ്കിൻെറ പ്രവർത്തനം I, II, III, IV, Vഎന്നീ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു.

V, VI, VII, VIII വാർഡുകളുടെ പ്രവർത്തന മേഖലയിലുള്ള അയിരൂർ സർവ്വീസ് സഹകരണബാങ്കിൻെറ ചരിത്രം 1940-41 കാലഘട്ടത്തിലേക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. അന്ന് കൊടുമ്പിരിക്കൊണ്ടിരിക്കുന്ന യുദ്ധ കെടുതികൾമൂലം ഭക്ഷണ സാധനങ്ങൾ കിട്ടാതെ ജനങ്ങൾ വലയുന്ന കാലം. ഇതിൽ നിന്ന് ഈ നാട്ടുകാർക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിനും ഭക്ഷണ സാധനങ്ങൾ ലഭിക്കന്നതിനും ശ്രീ പാനിക്കുളങ്ങര ഔസേഫ് പൗലോസ് പ്രസിഡണ്ടായി ശ്രീ പൗലോ ജോസഫ്, ശ്രീ ഔസേഫ് കുഞ്ഞിപൗലോ, ചിറക്കമണവാളൻ ശ്രീ മാത്തുണ്ണി ഔസേഫ്, ശ്രീ കുഞ്ഞു വറീത് മാത്തുണ്ണി, വെളിയത്ത് ശ്രീ ശങ്കരൻ നായർ, ശ്രീ കേശവപ്പിള്ള ശങ്കരപ്പിള്ള എന്നിവരുടെ നേതൃത്വത്തിൽ രൂപീകൃതമായ സംഘമാണ് പിന്നീട് അയിരൂർ സെൻറ് ജോസഫ് സ്കൂളിൻെറ (ഇന്നത്തെ ഗവ: L.P.S) പിത്തടനപ്പ് ഏറ്റെടുക്കുകയും ഇന്നത്തെ നിലയിൽ 4000 അംഗങ്ങളെ സ്വരൂപിച്ചുകൊണ്ട് കർഷകരുടെ അത്താണിയായി നിലനിൽക്കുന്നത്.

ഇതു കൂടാതെ പുത്തൻവേലിക്കര പഞ്ചായത്തിലെ ചെറുകടപ്പുറം സഹകരണസംഘം നമ്മടെ പഞ്ചാചായത്തിൻെറ IX- ാം വാർഡിലെ പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും ഭൂമിശാസ്ത്രപരമായി ഈ വാർഡ് കുന്നുകര സഹകരണബാങ്കിനോട് കൂടുതൽ അടുത്തുകിടക്കുകയും കർഷകർക്ക് സൗകര്യപ്രദവുമായതിനാൽ ഈ വാർഡ് കുന്നുകര സഹകരണബാങ്കിലോട് ചേർക്കണമെന്ന ഈ വാർഡിലെ മുഴുവൻ കർഷകരുടെയും ആവശ്യം ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല.

കുന്നുകര-അയിരൂർ സഹകരണബാങ്കുകളെ സംബന്ധിച്ച പ്രവർത്തന പുരോഗതി താഴെ കൊടുത്തിരിക്കുന്നു.

| | സഹകരണ ബാങ്ക് | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | ലാഭമൊ നഷ്ടമൊ |
|---|---|---|---|---|---|---|
| 1. | കുന്നുകരസർവ്വീസ് സഹകരണബാങ്ക് No. 827 | 5489 | 12 | 20 ലക്ഷം | 15 കോടി | ലാഭം |
| 2. | അയിരൂർ സർവ്വീസ് സഹകരണബാങ്ക് No. 2237 | 4000 | 12 | 10 ലക്ഷം | 11 കോടി | ലാഭം |

ഈ സഹകരണ ബാങ്കുകൾ കർഷകരുടെയും മറ്റു സാധാരണക്കാരുടെയും സബകാരികളുടെയും ഉന്നമനത്തിനു വേണ്ടി ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട് എന്ന വസ്തുത വിസ്മരിച്ചു കൂടാ. ബാങ്ക് വഴി ഇന്ന് കൃഷി, സ്വയം തൊഴൽ, കെട്ടുതെങ്ങ്, വീട്, ഗൃഹോപകരണങ്ങൾ വാങ്ങൽ, വസ്തു വാങ്ങൽ എന്നിങ്ങനെ വിവിധതരം വായ്പകൾ അംഗങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് നൽകി പ്രവർത്തിച്ചു വരുന്നു. കൂടാതെ വിത്ത്, വളം, കീടനാശിനി, പച്ചിലവളവിത്ത് വിതരണം എന്നിവ പൊതുവായും കുന്നുകര ബാങ്കിൻെറ കീഴിൽ രണ്ടു കൺസ്യൂമർ സ്റ്റോറുകളും അയിരൂർ ബാങ്കിൻെറ കീഴിൽ ഒരു ടെക്സ്റ്റയിൽ സ്റ്റോറും നല്ല നിലയിൽ നടക്കുന്നുണ്ട്.

എന്നിരുന്നാലും കൺസ്യൂമർ സ്റ്റോറുകൾ, വളം, കീടനാശിനി ഡിപ്പോകൾ എന്നിവ കൂടുതൽ ആരംഭിക്കേണ്ടതിൻെറ ആവശ്യകതയും. തേങ്ങ, സംഭരണവും വിപണനവും മുതലായവ ബാങ്ക് നേരിട്ട് ആരംഭിക്കേണ്ടതാണെന്നും പൊതുവെ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

സഹകരണ ബാങ്കുകളുടെ സേവനം കൂടുതൽ കർഷകർക്കും കുടുംബങ്ങൾക്കും ലഭ്യമാക്കുന്ന വിധം പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ലളിതമായ പലിശവ്യവസ്ഥയിൽ ജാമ്യ വ്യവസ്ഥകൾലഘൂകരിച്ചുകൊണ്ട് ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം പഞ്ചായത്തിലെ ഓരോ കുടുംവത്തിൻെറയും വരുമാനമിച്ചം മറ്റു ധനകാര്യസ്ഥാപനങ്ങളിലൊ, ബാങ്കുകളിലൊ നിക്ഷേപിക്കുന്നത് നിർബന്ധമായും ഒഴിവാക്കി നമ്മുടെ പഞ്ചായത്തിൻെറയും നാം ഓരോരുത്തരുടെയും പുരോഗതിക്കുവേണ്ടി മാത്രം നിലകൊള്ളുന്ന നമ്മുടെ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചാൽ പഞ്ചായത്തിൻെറ മൊത്തം വികസന പുരോഗതിയിൽ നാം പങ്കാളിയാകുന്നതോടൊപ്പം ഉയർന്ന പലിശയും ലഭ്യമാകും എന്ന യാഥാർത്ഥ്യം നാം ഓരോരുത്തരും കാണേണ്ടതാണ്. (നമ്മുടെ സഹകരണബാങ്കുകളെ സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്)

സഹകരണ മേഖലയിൽ ഇനിയുള്ളത് പാൽ വിപണന സംഘങ്ങളാണ്. ഇരുപത് വർഷങ്ങൾക്കു മുൻപുതന്നെ നാം ഈ രംഗത്ത് ചുവടുവയ്പുനടത്തിയതിൻെറ ഉദാഹരണമാണ് കുന്നുകരയിൽ ആരംഭിച്ച ഡയറി. കുറെ നാളുകൾക്കുശേഷം നഷ്ടത്താൽ ഇത് പൂട്ടപ്പെട്ടുവെങ്കിലും ഇന്ന് ഈ രംഗത്തെ ഒരു വഴികാട്ടിയായിരുന്നു അന്നത്തെ ഡയറി.

ഇന്ന് മിൽമയുടെ കീഴിൽ കുന്നുകര, അടുവാശേരി, അയിരൂർ പാൽസംഘങ്ങളും അവയുടെ വിവിധ ബ്രാഞ്ചുകളെയും കൂടാതെ P.D.D.P. ഡ.റി, തേലത്തുരുത്ത് സ്വതന്തെ ഡയറിയും നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ട് ഒരു പരിധിവരെ പഞ്ചായത്തിലെ പാലുല്പാദക കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്.

## സാദ്ധ്യതകൾ

വനിതകൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും അവരുടെ ക്ഷേമത്തിനും സ്വയം പുരോഗതിക്കുമുതകുന്ന ഒരു വനിതാ ക്ഷേമസഹകരണസംഘം പഞ്ചായത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും മേലിൽ പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുവാനും വേണ്ടി ഒരു ഹൗസിംഗ് സൊസൈറ്റി, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ നിരവധി പ്രശ്നങ്ങൾ ഇന്നും പരിഹരിക്കാതെ ബാക്കി നിൽക്കുന്നു. ഇത് ഒരളവുവരെ പരിഹരിക്കാനും അവരുടെ ക്ഷേമത്തിനും തൊഴിലിനുമുതകത്തക്കവിധമുള്ള ഒരു സംഘം എന്നിവ രൂപീകരിക്കേണ്ടതിൻെറ ആവശ്യകത പൊതുവെ ഉന്നയിക്കപ്പെട്ട ഒരു വിഷയമായതിനാൽ ഈ സംഘങ്ങൾ പ്രാവർത്തികമാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## വാർഡ് 1

കാലിത്തീറ്റ നിർമ്മാണം, തീറ്റപുൽ കേന്ദ്രം എന്നിവ ആരംഭിക്കേണ്ടതും കാർഷിക ഉല്പന്നങ്ങൾ സഹകരണ മേഖലയിൽ സംഘം രൂപീകരിച്ചുകൊണ്ടൊ നിലവിലുള്ള ബാങ്കുവഴിയൊ Collect ചെയ്യുകയും വില്പന നടത്തുകയും ചെയ്യണം. സ്വയം തൊഴിൽ, പശു വളർത്തൽ മുതലായവയ്ക്ക് നാമമാത്ര പലിശയിലും ലളിതവ്യവസ്ഥയിലും സഹകരണ ബാങ്കിൽ നിന്ന് വായ്പ ലഭ്യമാക്കേണ്ടതാണ്.

## വാർഡ് 2

സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. കേരവികസന സമിതി, പാടശേഖര സമിതി എന്നിവ വഴി കർഷകർക്കാവശ്യമുള്ള വിത്ത്, വളം മുതലായവ ലഭ്യമാക്കുകയും ഇവക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം. സഹകരണ ബാങ്കുവഴി വായ്പാ ചട്ടങ്ങൾ ലഘൂകരിക്കണം. വസ്തു ഈടിനു പുറമെ ആൾ ജാമ്യം എന്ന വ്യവസ്ഥ ഒഴിവാക്കേണ്ടതാണ്.

## വാർഡ് 3

ഏറ്റവും കൂടുതൽ നെൽകർഷകരായതിനാൽ സഹകരണാടിസ്ഥാനത്തിൽ നെല്ല് സംഭരണം, സംസ്കരണം എന്നിവക്കായി മില്ല് സ്ഥാപിക്കണം. കാർഷിക യന്ത്രോപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കണം കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കണം.

## വാർഡ് 4

കൊപ്ര സംസ്കരണ യൂണിററ് കുന്നുകര സഹകരണബാങ്കിൻെറ ധനസഹായത്തിലും മേൽനോട്ടത്തിലും ആരംഭിക്കുകയും കർഷകരുടെ തേങ്ങക്ക് ന്യായവിലയ്ക്ക് ഇവിടെ സംഭരിക്കാനുള്ള സംവിധാനം ചെയ്യുകയും വേണം. വനിതകൾക്കും, യുവാക്കൾക്കും സ്വയം തൊഴിൽ വായ്പ ലഭ്യമാക്കി സഹകരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക. സഹകരണാടിസ്ഥാനത്തിൽ ഒരു ടൈൽ ഫാക്ടറി ആരംഭിക്കാവുന്നതാണ്. ഇതിനുവേണ്ടതായ ഉപാധികൾ സുലഭമായി വാർഡിൽ ലഭ്യമാണ്. കുന്നുകര സഹകരണബാങ്കിൻെറ ഒരു എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കേണ്ടതാണ് തെക്കെ അടുവാശേരിയിൽ.

## വാർഡ് 5

അയിരൂർ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് വടക്കെ അടുവാശ്ശേരിയിൽ തുടങ്ങേണ്ടതാണ്. 5 -ാം വാർഡിൽ ഒരു റേഷൻ കട തുടങ്ങേണ്ടതാണ്. മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു വളം

ഡിപ്പോ അയിരൂർ സഹകരണ ബാങ്കിൻെറ ഉടമസ്ഥതയിൽ നടത്തേണ്ടതാണ്.

## വാർഡ് 6

K.K.D.P യുടെ സഹകരണത്തോടെ പഴം പച്ചക്കറി സംസ്ക്കരണയൂണിറ്റ് ആരംഭിക്കണം. പശു, തൊഴുത്ത്, കാലിത്തീറ്റവിത്ത്, കാർഷികയന്ത്രങ്ങൾ മുതലായവ അർഹമായ സഹായധനത്തോടെ ബാങ്കിൽ നിന്ന് വായ്പാ വ്യവസ്ഥയിൽ ലഭ്യമാക്കുക. ബീഡി തെറുപ്പു തൊഴിലാളികൾ ധാരാളമുള്ള ഒരു വാർഡാണ് ഇത്. ഇവരെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ബീഡി തെറുപ്പു നിർമ്മാണ യൂണിറ്റ് ആരംഭിക്കേണ്ടതാണ്.

## വാർഡ് 7

പരമ്പരാഗത പനമ്പു നെയ്ത്ത് തൊഴിലാളികൾ ധാരാളമുണ്ട്. ഇവർക്കായി ബാംബൂ കോർപ്പറേഷൻെറ സഹകരണത്തോടെ ഈറ്റ ലഭ്യമാക്കി ഒരു പനമ്പുനെയ്ത്ത്, സംഭരണവും ഉൾക്കൊള്ളുന്ന സെൻെറർ ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ ഒരു ഓട്ടു കമ്പനി ആരംഭിക്കേണ്ടതാണ്.

## വാർഡ് 8

നാളികേര കർഷകരുടെ ഉന്നമനത്തിനുതകുന്ന നാളികേരം വിൽപ്പന സൊസൈററി രൂപീകരിക്കുക. വനിതാ വ്യവസായ സഹകണസംഘം ആരംഭിക്കുക. അയിരൂർ SCB യുടെ Extention Counter N. കുത്തിയതോടിൽ ആരംഭിക്കുക. കോഴി വളർത്തൽ മറ്റു ചെറുകിട യൂണിറ്റുകൾ എന്നിവക്ക് ധനസഹായം ചെയ്ത് നടപ്പിലാക്കുക.

## വാർഡ് 9

ഈ വാർഡ് കുന്നുകര സഹകരണ ബാങ്കിൻെറ പരിധിയിൽപ്പെടുത്തേണ്ടതാണ്. അതോടൊപ്പം സഹകരണബാങ്കിൻെറ ഒരു Extension Counter ചാലാത്തൽ ആരംഭിക്കേണ്ടതാണ്. സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കണം. ചെറുകിട വ്യവസായ യൂണിറ്റുകൾ ധന സഹായം നൽകി ആരംഭിക്കണം. പഴം പച്ചക്കറി സംഭരണയൂണിറ്റ് ആരംഭിക്കുക

## വാർഡ് 10

കുന്നുകര സഹകരണ ബാങ്കിൻെറ കീഴിൽ ഒരു വളം Depotആരംഭിക്കണം. സഹകരണ മാവേലി സ്റ്റോറോ, കൺസ്യൂമർ സ്റ്റോറോ ആരംഭിക്കണം. വാർഡിൽ ധാരാളം ക്ഷീര കർഷകരുണ്ടെങ്കിലും പാൽരണ്ടു മൂന്നു കിലോമീറ്റർ അകലെവരെ കൊണ്ടുപോയി കൊടുക്കേണ്ട ബുദ്ധിമുട്ടിനു പരിഹാരമായി ഒരു ഡയറി അനിവാര്യമാണ്. ചെറുകിട -പരമ്പരാഗത വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

കുന്നുകര പഞ്ചായത്ത് 9 - ാം വാർഡിൻെറ ഭാഗങ്ങൾ ചെറുകടപ്പുറം സഹകരണ സംഘത്തിൻെറ പരിധിയിലാണ്.

## അനുബന്ധം

### . സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര് | കുന്നുകര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 827 |
| 2. | പ്രവർത്തന പരിധി | കുന്നുകര വയൽകര S. അടുവാശ്ശേരി. |
| 3. | ക്രെഡിറ്റ് | |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 20-6-1100 |
| 5. | ആകെ അംഗങ്ങൾ | 5489 |
| 6. | ഒരു ഓഹരിയുടെ വില | 10 ക |
| 7. | അംഗീകൃത ഓഹരി മൂലധനം | 20 ലക്ഷം |
| 8. | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 1616110 |
| 9. | സർക്കാർ ഓഹരിയുണ്ടോ ? | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | 50000 |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | 245 ലക്ഷം |

### . പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | |
|---|---|---|
| a. | സ്ഥിരം | 125 ലക്ഷം |
| b. | ഹ്രസ്വകാലം | 75 ലക്ഷം |

### I. നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | ST | 2821575 |
| 2. | MT | 2385 |
| 3. | OL | 11760219 |

b. മറ്റ് വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | GL സ്വർണ്ണപണയം | 4495875 |
| 2. | KT Loan | 325190 |
| 3. | Others | 779215 |
| 4. | IRDP | 181315 |
| 5. | HL | 329733 |

c. പ്രത്യേക വായ്പകൾ

| | ഇനം | തുക |
|---|---|---|

IV. സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച വായ്പകൾ

| | സ്ഥാപനം | സ്വഭാവം | തുക |
|---|---|---|---|
| 1. | ജില്ലാ സഹകരണബാങ്ക് | കൃഷിവായ്പ | 2280116 |
| 2. | | ഓവർഡ്രാഫ്റ്റ് | 70768 |
| 3. | | NCDC | 106497 |
| 4. | | House Loan | 207210 |
| 5. | | | |

V. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| | വായ്പാസ്വഭാവം | തുക |
|---|---|---|
| 1. | കൃഷി വായ്പ | 6,95,000 |
| 2. | സാധാരണവായ്പ | 45,86,000 |
| 3. | സ്വർണ്ണ പണയം | 3,85,000 |
| 4. | മറ്റു വായ്പകൾ | 2,15,200 |
| 5. | | |

VI. സ്ഥാപനത്തിൻെറ ചെലവുകൾ

| | | |
|---|---|---|
| 1. | Establishments charges | 731685.00 |
| 2. | Contingennies | 370538.00 |

VII. വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. നിക്ഷേപങ്ങൾ സ്വീകരിക്കുക
2. വിവിധതരം വായ്പകൾ നൽകുക (കൃഷി, കെട്ടുതെങ്ങ്, സ്വയംതൊഴിൽ, വീട്, വാഹനം, മറ്റാവശ്യങ്ങൾ
3. വളം, കീടനാശിനി, പച്ചിലവള വിത്ത് മുതലായവ വില്പന
4. കൺസ്യൂമർ സ്റ്റോർ നടത്തുക

## അനുബന്ധം

I. സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര് | അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. 2237 |
| 2. | പ്രവർത്തന പരിധി | അയിരൂർ, ആറ്റുപുറം N. കുത്യതോട്, N. അടുവാശ്ശേരി |
| 3. | ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 5-8-1118 (M.E) |
| 5. | ആകെ അംഗങ്ങൾ | 4000 |
| 6. | ഒരു ഓഹരിയുടെ വില | 10 ക |

| | | |
|---|---|---|
| 7. | അംഗീകൃത ഓഹരി മൂലധനം | Rs. 1000000/- |
| 8. | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | Rs. 800000/- |
| 9. | സർക്കാർ ഓഹരിയുണ്ടോ ? | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ച തുക | Rs. 49500/- |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | Rs. 100000/- (Member level) |

II. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | |
|---|---|---|
| a. | സ്ഥിരം | Rs. 21300000/- |
| b. | ഹ്രസ്വകാലം | Rs. 3300000 |
| | ആകെ | Rs. 24600000/- |

III. നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | തെങ്ങ്, കമുക്, വാഴ, ചേന, കപ്പ | Rs. 2705222/- |
| 2. | പമ്പ് സെറ്റ് | 68709/- |
| 3. | | |

(b) മറ്റ് വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | കെട്ടുതെങ്ങ് വായ്പ | 559545/- |
| 2. | സ്വയം തൊഴിൽ വായ്പ | 1155900/- |
| 3. | ഗോൾഡുലോൺ | 7028000/- |
| 4. | മറ്റു ഗാർഹികാവശ്യങ്ങൾ | 6844667/- |
| 5. | | |

(c) പ്രത്യേക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | I.R.D.P | 718927 |
| 2. | കക്കൂസ് നിർമ്മാണം | 52835 |
| 3. | ഭവന നിർമ്മാണം | 406195 |
| | മൊത്തം വായ്പ | 19000000/- |

IV. സ്ഥാപനങ്ങളിൽ നിന്ന് സ്വീകരച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ജില്ലാ സഹ:ബാങ്ക് | House Loan | 300000/- |

V. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുവള്ളവ

| | വായ്പാസ്വഭാവം | തുക |
|---|---|---|
| 1. | കാർഷിക വായ്പ | 902800 |
| 2. | മറ്റു വായ്പകൾ | 3058000 |
| | ആകെ | 3960800 |

VI. സ്ഥപനത്തിൻെറ ചെലവുകൾ

| | | |
|---|---|---|
| 1. | Establishments charges | Rs. 650000/- |
| 2. | Contingennies | Rs. 250000/- |

VII. സ്ഥാപനത്തിൻറ ചെലവുകൾ

1. വായ്പാ വിതരണം
2. വളം കീടനാശിനി വില്പന
3. തുണിത്തരങ്ങൾ വില്പന

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | ചുറ്റു മതിൽ | ഉച്ചഭക്ഷണം അടുക്കള | ശുദ്ധ ജലം | ടോയലറ്റ് | P.T.A. | സ്ഥലം | സ്ക്രീൻ | S.S.L.C വിജയ ശതമാനം 1996 | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | | | | | | | | |
| ക്രിസ്തുരാജ് ഹൈസ്ക്കൂൾ കുറ്റിപ്പുഴ | 670 | 733 | 1403 | 16 | 39 | 55 | ഒരു വശം | ഉച്ചഭക്ഷണം ഉണ്ട് അടുക്കള കാര്യക്ഷമമല്ല | ടാങ്ക് ഉണ്ട് | 2 | ഉണ്ട് | 2 ഏക്കർ | ഉണ്ട് | 62% | |
| സെൻറ് തോമസ് ഹൈസ്ക്കൂൾ അയിരൂർ | 839 | 594 | 1433 | 12 | 37 | 49 | ഉണ്ട് | ഉച്ചഭക്ഷണം ഉണ്ട് അടുക്കള ഉണ്ട് | കിണർ | 4 | ഉണ്ട് | 1 ഏ:36 സെൻറ് | ഉണ്ട് | 91% | റേഡിയോ ഇല്ല മെയൻറനൻസ് നടക്കുന്നില്ല |
| J.B.S കുന്നുകര | 216 | 167 | 383 | 3 | 8 | 11 | രണ്ടു വശം | ഉച്ചഭക്ഷണം ഉണ്ട് അടുക്കള ഉണ്ട് | ടാങ്ക് ഉണ്ട് | 2 | ഉണ്ട് | 66 സെൻറ് | പോരാ | -- | റേഡിയോ ഇല്ല മെയൻറനൻസ് നടക്കുന്നില്ല |
| ഗവ:L.P.S കുന്നുവയൽ | 54 | 47 | 101 | 2 | 3 | 5 | ഇല്ല | ഉച്ചഭക്ഷണം ഉണ്ട് അടുക്കള ഉറപ്പില്ല | ടാങ്ക് ഉണ്ട് | 1 | ഉണ്ട് | 1 ഏക്കർ | ഒന്നും ഇല്ല | -- | മെയൻറനൻസ് നടക്കുന്നില്ല |
| ഗവ:L.P.S ചാലാക്ക | 92 | 98 | 190 | - | 6 | 6 | ഇല്ല | ഉച്ചഭക്ഷണം ഉണ്ട് അടുക്കള ഉണ്ട് | കിണർ ഉണ്ട് | 1 | ഉണ്ട് | 75 സെൻറ് | പോരാ | -- | റേഡിയോ ഇല്ല മെയൻറനൻസ് നടക്കുന്നില്ല |
| സെൻറ് ജോസഫ് L.P.S അയിരൂർ | 86 | 76 | 162 | 1 | 4 | 5 | ഉണ്ട് | ഉച്ചഭക്ഷണം ഉണ്ട് അടുക്കള ഉണ്ട് | കിണർ | 1 | ഉണ്ട് | 36 സെൻറ് | ഉണ്ട് | -- | റേഡിയോ ഇല്ല |
| സെൻറ് ഫ്രാൻസീസ് L.P.S കുത്യതോട് | 110 | 107 | 217 | 2 | 6 | 8 | ഉണ്ട് ഇല്ല | ഉച്ചഭക്ഷണം അടുക്കള ഉണ്ട് | കിണർ | 2 | ഉണ്ട് | 50 സെൻറ് | ഉണ്ട് | -- | |
| സെൻറ് ജോസഫ് L.P.S കുറ്റിപ്പുഴ | 98 | 131 | 229 | - | 7 | 7 | ഉണ്ട് | അൺ എയിഡ് സ്കൂൾ | കിണർ | 2 | ഉണ്ട് | 1 ഏക്കർ | ഉണ്ട് | -- | |

# വിദ്യാഭ്യാസം

60ലക്ഷം കുട്ടികൾ! 2ലക്ഷം അദ്ധ്യാപകർ! 20ലക്ഷം രക്ഷാകർത്താക്കൾ! 1994-95 ലെ ഹൈസ്കൂൾ തലംവരെയുള്ള കണക്കാണിത്. നമ്മുടെ വിദ്യാഭ്യാസ ലോകത്തിന്റെ വലുപ്പം എത്രകേമം!! വലുപ്പത്തിൽ നമ്മെവെല്ലാൻ ആരുമില്ല. എന്നാൽ നമ്മുടെ ക്വാളിറ്റി (ഗുണപരത) ചോദ്യംചെയ്യപ്പെട്ടിരിക്കുന്നു. 30-40% കുട്ടികൾക്ക് കണക്കു കൂട്ടാൻ അറിയില്ല. വായനക്കുറവ്. 85%പേരും വേണ്ടവിധം മാർക്കുവാങ്ങിയല്ല പാസാകുന്നത്. ഓണപ്പരീക്ഷയുടെ മാർക്കു നോക്കിയാലറിയാം യഥാർത്ഥത്തിൽ പാസാകുന്നവരെത്രയുണ്ടെന്ന്. S.S.L.C. ക്കു വിജയശതമാനം ഉയരുന്നു മാനിപ്പുലേറ്റഡ് റിസൽറ്റ് മായംചേർത്തത്.

അദ്ധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരമില്ലായ്മ; പഴഞ്ചൻ ബോധനരീതി; മോണിറ്ററിംഗിന്റെ അഭാവം(നാഥനില്ലാക്കളരി) പാഠ്യേതരവിഷയങ്ങളോടുള്ള അലംഭാവം; പ്രാദേശിക സമൂഹത്തിനു വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ; അങ്ങനെ പോകുന്നു കാരണങ്ങൾ. പഞ്ചായത്തീരാജ് 163-1 ഉപവകുപ്പു പ്രകാരം ജനകീയ സംഘടനകൾക്ക് വിദ്യാഭ്യാസ രംഗത്ത് ഇടപെടാൻ അധികാരം നൽകുന്നു.

## വാർഡുകളിൽ നിന്നുള്ള പൊതു നിർദ്ദേശങ്ങൾ

പ്രീപ്രൈമറി-അങ്കണവാടി കുഞ്ഞുങ്ങൾക്ക് സൗജന്യ ഭക്ഷണം നൽകണം 2,5,10വാർഡുകളിൽ ഇത്തരം വിദ്യാലയങ്ങൾ പുതുതായി തുടങ്ങണം. ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് പ്രതിഫലം നൽകണം കുട്ടികൾക്കു പഠനോപകരണങ്ങളും കളിക്കോപ്പുകളും നൽകി സഹായിക്കണം. 2,4,5 വാർഡുകളിൽ L.P സ്കൂൾ ആരംഭിക്കാൻ നിർദ്ദേശമുണ്ട്. 3,7,8വാർഡുകളിൽ നിലവിലുള്ള L.Pസ്കൂളുകൾ U.P ആയി അപ്ഗ്രേഡ് ചെയ്യാൻ ആവശ്യപ്പെടുന്നു. ഫർണിച്ചർ, പുകയില്ലാത്ത അടുപ്പ്, വാട്ടർടാങ്ക്, മൈക്ക്സെറ്റ്, മോട്ടോർ, പൈപ്പ്, മതിൽ കക്കൂസ്, ഗെയിംസ് വസ്തുക്കൾ മുതലായവ പലരും ആവശ്യപ്പെടുന്നു. വികലാംഗസഹായമാണ് മറ്റൊന്ന്. സാക്ഷരതാ പ്രവർത്തനവും, വയോജന വിദ്യാഭ്യാസവും എല്ലാവരും ഉന്നയിക്കുന്നു. പഠിപ്പിക്കുന്നവർക്കു പ്രതിഫലം നൽകണം. 2-ാം വാർഡിലെ ലൈബ്രറി പ്രവർത്തനം ഊർജിതമാക്കാൻ1-ാംവാർഡുകാർ ഓർമ്മിപ്പക്കുന്നു. മറ്റെല്ലാ വാർഡിലും വായനശാല വേണം. വിദ്യാഭ്യാസ രംഗത്ത് പ്രാദേശിക സമൂഹത്തിന്റെ ഇടപെടൽ ഉറപ്പു വരുത്തണം. മാനേജ്മെന്റ് സ്കൂളുകളിൽ സാമ്പത്തികം നോക്കാതെ മെറിറ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തണം. അനധികൃതമായി നടത്തുന്ന സ്കൂളുകൾ ഗവ: സ്കൂളിനെ ശോഷിപ്പിക്കുന്നു. പ്രീപ്രൈമറി തലത്തിൽ സംഭാഷണം, കളി മുതലായവയിൽ കൂടി പഠനം നടത്തിക്കുക. സ്കൂളുകളിൽ 4മണിക്കുശേഷം കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് പരിപാടികൾ സംഘടിപ്പിക്കുക. ഉപരിപഠനത്തിനുള്ള സൗകര്യം പഞ്ചായത്ത് അതിർത്തിയിൽ ഉണ്ടാകണമെന്ന് എല്ലാവരും ആവശ്യപ്പെടുന്നു. അതായത് കോളേജ്, I. T. I., പോളിടെക്നിക് മുതലായവ.

### വാർഡു തല നിർദ്ദേശങ്ങൾ

വാർഡ് 1 സാമ്പത്തികമായി അവശതയനുഭവിക്കുന്ന കുട്ടികൾക്കു സ്കോളർഷിപ്പു നൽകണം. കുന്നുകര L. P. S.ൽ ഭൗതിക സാഹചര്യങ്ങൾ പരിഷ്കരിക്കുന്നതിലേക്ക് 1.15000 രൂപയുടെ ബഡ്ജറ്റ് ഗ്രാമസഭയിൽ സമർപ്പിച്ചിരിക്കുന്നു രണ്ടുവശം മതിൽ, വാട്ടർടാങ്ക്, സ്ക്രീൻ ഇവയാണ് നിർദ്ദേശങ്ങൾ. കൂടാതെ ഈ സ്കൂളിനു തൊട്ടടുത്ത് അംഗീകാരമില്ലാത്ത ഒരു L. P. സ്കൂൾ പ്രവർത്തിക്കുന്നതിനാൽ

ഈ സ്ഥാപനത്തിന് ഭീഷണി ഉയർത്തിയിരിക്കുന്നുഎന്നും രേഖപ്പെടുത്തിയിരിക്കുന്നു ഈ വാർഡിലെ വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടണമെന്നാണ് മറെറാരു അഭിപ്രായം. ഹൈസ്ക്കൂളിലെ കഴിഞ്ഞ വർഷത്തെ വിജയം 62% ആണ്.

**വാർഡ് II** ഈ വാർഡിൽ ഒരു പഞ്ചായത്ത് ഓഡിറേറാറിയം വേണം. ഹരിജൻ കോളനിയിൽ വയോജന വിദ്യാഭ്യാസം തുടങ്ങണം. S. S. L. C. തോററവർക്കു തുടർന്നു പഠിക്കാൻ സാമ്പത്തിക സഹായം നൽകണം. പൊതു ശ്മശാനം തുറന്നു കിട്ടണം, വെയിററിംഗ് ഷെഡ് വേണം, പഞ്ചായത്ത് ലൈബ്രറി വർക്കിംഗ് സമയം രേഖപ്പെടുത്തണം ശാസ്ത്രീയ ഗ്രന്ഥങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, കളർ T. V. എന്നിവ വേണം.

**വാർഡ് III**

നിലവിലുള്ള നേഴ്സറി സ്ക്കൂൾപഞ്ചായത്ത് ഏറെറടുത്ത് ഒരു അംഗീകൃത നേഴ്സറി ടീച്ചറെ നിയമിക്കണം. താഴത്തുവീട്ടി ക്കടവിനു സമീപം സ്ക്കൂളിൻെറ കൈവശമിരിക്കുന്ന പുറമ്പോക്ക് സ്ക്കൂളിൻെറ പേരിൽ പതിച്ചു വാങ്ങണം. സ്ത്രീകൾക്കനുകരം വേണം കക്കൂസ്, കുളിമുറി, പരിഷ്ക്കരിക്കണം. പഠന സൗകര്യം കുറവായതു കൊണ്ട് കുട്ടികളുടെ എണ്ണം കുറയുന്നു.

**വാർഡ് IV**

പ്രൈമറി - പ്രീപ്രൈമറി സ്ക്കൂൾ സ്ഥാപിക്കണം. ഇപ്പോൾ ഉള്ള ബാലവാടിക്ക് ആവശ്യമായ കെട്ടിടവും ഉപകരണങ്ങളും ഏർപ്പെടുത്തണം. ഭക്ഷണവും, പ്രതിരോധ കുത്തിവയ്പുകളും യഥാസമയം നിർവ്വഹിക്കണം. ഒരു പാരലൽ കോളേജ് ഏർപ്പെടുത്തണം. സമീപ വിദ്യാലയങ്ങളിലെ പഠനനിലവാരം മോശം. P. T. A കാര്യക്ഷമമാക്കണം, വയോജന വിദ്യാഭ്യാസ കേന്ദ്രം തുറക്കണം.

**വാർഡ് V** ആലുക്കുന്ന് മാലായിക്കുന്നു ഉൾപ്പെടുത്തി ഒരു നഴ്സറി സ്ക്കൂൾ ആരംഭിക്കണം. പഠനം സൗജന്യമാക്കണം. ഈ വാർഡിൽ S. C വിഭാഗത്തിന് എല്ലാ കോളനിയിലും ഓരോ കളർ T V നൽകണം അവർക്കായി ഒരു കമ്മ്യൂണിററി ഹാളും പൊതു മൈതാനവും വേണം. ഒരു പ്രൈമറി സ്ക്കൂൾ ഏററവും ആവശ്യം.

**വാർഡ് VI** ഇവിടത്തെ L P S നോടു ചേർന്ന് ഒരു പ്രീ പ്രൈമറി സ്ക്കൂൾ അനുവദിക്കണം. ശിശുവേദിയുടെ കീഴിൽ നടന്നു വരുന്ന വിദ്യാലയത്തിലെ കുട്ടികൾക്കു ഉച്ച ഭക്ഷണവും, കളിക്കോപ്പുകളും സൗജന്യമായി ലഭിക്കണം. കിണറിൽ മോട്ടോർ വയ്ക്കണം, ഒരു സ്റേറാർ മുറിയും വേണം L P S ലെ കുടി വെള്ളപ്രശ്നം പരിഹരിക്കണം. ഹൈസ്ക്കൂളിലെ ലൈബ്രറിയും ലാബറററിയും വികസിപ്പിക്കാൻ ധന സഹായം ചെയ്യണം.

**വാർഡ് VII**

St. തോമസ് H. S. ഹയർ സെക്കൻററിയായി ഉയർത്തണം. ഒരു I. T. I. സ്ഥാപിക്കണം. അമ്പലക്കുളം നികത്തി ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുക. വായനശാലാ, ചിൽഡ്രൻസ് പാർക്ക് എന്നിവ നിർമ്മിക്കാം. ഏകദേശം അര ഏക്കർ സ്ഥലം കാണും. ഇവിടെയുള്ള അംഗൻവാടി വിപുലീകരിക്കുക.

**വാർഡ് VIII**

സന്തോഷ് ബാലവാടി മന്ദീഭവിക്കുന്നു കാരണങ്ങൾ:

1] ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, 2) സെൻറ് ഫ്രാൻസിസ് എൽ. പി. എസിൽ 5 വയസിൽ താഴെയുള്ള കുട്ടികളെ ചേർക്കുന്നു. കൊച്ചുകുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ പ്രായം ചേർത്ത് ഒന്നിൽ ചേർത്തു പഠിപ്പിക്കുന്ന സമ്പ്രദായം നിറുത്തണം. ഉച്ചഭക്ഷണം കുട്ടികൾക്ക് മുടങ്ങാതെ കിട്ടണം. പുതിയ ബാലവാടി തീർത്തതിലുള്ള സാമ്പത്തിക ബാധ്യത തീർക്കാൻ സഹായിക്കണം. സ്ക്കൂളിൻെറ അടുത്തുകൂടി ഇഷ്ടിക ലോറിയുടെ മരണപ്പാച്ചിൽ നിയന്ത്രിക്കണം. ഇഷ്ടിക കളങ്ങളിലെ പുക ദുസ്സഹം. എൽ. പി സ്ക്കൂൾ

പുതുക്കി പണിയണം അപ്ഗ്രേഡ് ചെയ്യുകയും വേണം. വാട്ടർ ടാങ്ക് ശുദ്ധീകരിക്കണം. അദ്ധ്യാപകർ പഠിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഗ്രൗണ്ടിലെ വെള്ളം ചോർന്നു പോകാൻ കൽവെർട്ടു തെളിച്ചു കൊടുക്കണം. ഗ്രൗണ്ട് മണ്ണടിച്ച് ഉയർത്തണം. സ്കൂൾ ടീച്ചേഴ്സിന്റെ കുട്ടികളെ അതാതു സ്കൂളിൽ ചേർത്തു പഠിപ്പിക്കണം. അവനവന്റെ കുട്ടികളെ മററു സ്കൂളുകളിൽ ചേർത്തു സ്വന്തം സ്കൂൾ എങ്ങനെയുമാവട്ടെ എന്നു വിചാരിക്കരുത്.

## വാർഡ് IX

ചാലാക്കൽ മഹിളാ സമാജത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉപകരണങ്ങൾ നൽകി സഹായിക്കണം. L. P. സ്കൂളിനു ചുററും മതിൽ കെട്ടണം. സ്കൂളിൽ വേണ്ടത്ര അദ്ധ്യാപകരില്ല. പാഠപുസ്തകങ്ങൾ വൈകിക്കരുത്. കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടാക്കണം. വികലാംഗരായ കുട്ടികൾക്ക് പഠന സൗകര്യങ്ങളുണ്ടാകണം.

## വാർഡ് X

കുററിപ്പുഴ കോവാട്ടു ഭഗവതി ക്ഷേത്രത്തിനു സമീപമുള്ള 'ഗ്രാമിക'യുടെ കെട്ടിടത്തിൽ ഒരു ഗ്രന്ഥാലയം ആരംഭിക്കാനുള്ള സഹായം നൽകണം. ഭജനമഠത്തോടനുബന്ധിച്ച് ഒരു അംഗൻവാടി തുടങ്ങണം. വയൽകര L. P. S. ക്രിസ്തുരാജ് H S. പഠന നിലവാരം മോശമാണ്. H.S. ലെ നിയമനം മെരിററ് അടിസ്ഥാനത്തിലാക്കുന്നത് ഒരു പരിഹാരമായിരിക്കും.

രക്ഷകർത്താക്കളുടെ നിസ്സഹകരണം, അദ്ധ്യാപക സമിതിയെ നിർജ്ജീവമാക്കുന്നു. പി. ടി. എ. യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. യൂണിററുടെസ്ററ്, സ്പെഷൽ ക്ലാസുകൾ എന്നിവ നടത്തി S. S. L. C. വിജയ ശതമാനം വർദ്ധിപ്പിക്കണം. H S നോടനുബന്ധമായി ഹയർ സെക്കൻററി അനുവദിക്കണം. സ്കൂൾ ലൈബ്രറി വിപുലീകരിക്കണം. വിദ്യാർത്ഥികളുടെ കായിക രംഗം പ്രോൽസാഹിപ്പിക്കണം. ടൈപ്പ് റൈററിംഗ് ഇൻസ്ററിട്യൂട്ട്, കമ്പ്യൂട്ടർ, കോച്ചിംഗ് സെൻറർ, I T I എന്നിവ സ്ഥാപിക്കണം. വയോജന വിദ്യാഭ്യാസം തുടങ്ങണം.

# പ്രശ്നങ്ങൾ

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽകുട്ടികൾ പൊതുവെ കുറഞ്ഞു വരുന്നതായി കാണുന്നു. നല്ല സ്ക്കൂളുകൾ നോക്കി പോകുന്നതാണു കാരണം. മിക്ക വിദ്യാലയങ്ങളെക്കുറിച്ചും പഠന നിലവാരം പോരാ എന്ന പരാതിയുണ്ട്. അതിൽ കാര്യമില്ലാതില്ല. ഉപരിപഠന സൗകര്യമില്ലാത്തത് മറെറാരു പ്രശ്നം. ചില വാർഡുകളിൽ L. P. സ്ക്കൂൾ അനുവദിക്കണം. ചില L. P. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം. ബാലവാടികളും ആവശ്യപ്പെട്ടിരിക്കുന്നു. എല്ലാ രംഗത്തും പൊതുജന പങ്കാളിത്തത്തിന്റെ അഭാവം എല്ലാവരും ചൂണ്ടിക്കാണിക്കുന്നു. കായിക രംഗത്തെയും അലംഭാവം ചിലർ ചൂണ്ടിക്കാണിക്കുന്നു. ചില പ്രധാന പ്രശ്നങ്ങളാണ് ഇവിടെ വീണ്ടും എടുത്തുപറഞ്ഞത്. T.V. ഒരു വിദ്യാലയത്തിലും ഇല്ല.

# സാധ്യതകൾ

പൊതുജനപങ്കാളിത്തത്തോടെ ഒരു പരിധി വരെ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നതിനു സംശയമില്ല. പഠനനിലവാരമുയർത്തുന്നതിൽ രക്ഷാകർത്താക്കൾക്കുള്ള പങ്ക് ഏററയാണ്. അക്കാദമിക് കാര്യങ്ങളോടു ബന്ധപ്പെട്ട ഏതു കമ്മിററിയിലും രക്ഷാകർത്താക്കളുടെ സാന്നിധ്യം ഉറപ്പു വരുത്തണം. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വളർത്തുന്നതിൽ ബഹുജനങ്ങളുടെ പങ്ക് അപാരമാണ്. നമ്മുടെ പ്രശ്നങ്ങൾക്കു ഒരളവോളം നമുക്കു തന്നെ പരിഹാരം തേടാൻ കഴിയും അത് ഏററവും എളുപ്പമാർഗമാണ്. ഒരു കുട്ടിയുടെ ഭാവി പഠനത്തെ വളരെ സ്വാധീനിക്കുന്ന ഒന്നാണ് SSLC റിസൽററ്. താഴെ തൊട്ട് ശ്രമിച്ചാലെ മുകളിലെത്തുമ്പോൾ നല്ല ഫലം കിട്ടുകയുള്ളു. നാട്ടിലെ സ്ക്കൂളുകളുടെ അപരാപ്തതകുട്ടികളെപുറത്തുവിട്ടുപഠിപ്പിക്കാൻപ്രേരിപ്പിക്കുന്നു. പാഠ്യേതര വിഷയങ്ങൾ പരിശീലിപ്പിക്കുന്നതിലും പ്രത്യേക കൗൺസിലുകൾ വേണം. സ്റേററു തലത്തിലുള്ള അവാർഡുകൾ ഒന്നും കിട്ടിയതായി കണക്കുകൾ കാണിക്കുന്നില്ല. കുന്നുവയൽ ഗവ: LPSൽ ഒററ സ്ക്രീൻ പോലുമില്ല. ഈ നിലയിൽ അവിടത്തെ പഠനം എത്രമാത്രം കാര്യക്ഷമമാകും എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. മററു സ്ക്കൂളിലും ആവശ്യത്തിനു മാത്രമില്ല എന്നതും കണക്കിലെടുക്കണം

| സ്ക്കൂളുകൾ | ഗവ: | പ്രൈവററ് | അൺ എയ്ഡ്ഡ് |
|---|---|---|---|
| ഹൈസ്ക്കൂൾ | — | 2 | — |
| LPS | 4 | 1 | 2 |
| പ്രീ പ്രൈമറി | 4 | [PTA യുടെ ഉത്തരവാദിത്തത്തിൽ നടക്കുന്നു] | |

# ആരോഗ്യവും, കുടിവെള്ളവും

"ഇൻഡ്യക്ക് ആവശ്യം മെഡിക്കൽ കോളേജോ ഡോക്ടർമാരോ അല്ല; ശുദ്ധമായ കുടിനീർ ആണ്." ഇത് പറഞ്ഞത് ലോകാരോഗ്യ സംഘടനയാണ്. കേരളത്തിൽ ജലം സുലഭം. രണ്ട് മൺസൂൺ, ആറുകൾ നിരവധി വീടുതോറും കിണർ, കുളങ്ങളും ചിറകളും ജലസ്രോതസുകളുമേറെ ഇതെല്ലാം പഴയ സങ്കല്പം. ഇപ്പോൾ ജലക്ഷാമം രൂക്ഷമായ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളവും കയറിപ്പററിയിരിക്കുന്നു. 8% ജനസംഖ്യയ്ക്കു മാത്രമേ പൂർണ്ണമായും ശുദ്ധജല ലഭ്യതയുള്ളൂ. 32% പേർക്ക് ഭാഗികമായി ശുദ്ധജലം കിട്ടുന്നു. 19% ഗ്രാമീണർ മാത്രമാണ്. പൊതു ജല വിതരണം ഉപയോഗപ്പെടുത്തുന്നത്. ഇന്നത്തെ സ്ഥിതിയിൽ കേരളത്തിലെ ഗ്രാമങ്ങളിൽ മുഴുവൻ ശുദ്ധജലം എത്തിക്കുന്നതിന് 21 വർഷമെടുക്കും. അതിനായി 1992–93 ലെ വിലനിലവാരമനുസരിച്ച് ഇനിയും 1535 കോടിരൂപ ആവശ്യമാണ്. സംസ്ഥാന ബജററിന്റെ 17% ആരോഗ്യ പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവാക്കിയിട്ടും എങ്ങും എത്തുന്നില്ല എന്നതാണ് പരമാർത്ഥം

## ഗ്രാമസഭയിലെ ചില പൊതു നിർദേശങ്ങൾ

നെൽപ്പാടങ്ങളിലെ മണ്ണെടുക്കലും, പുഴയിൽ നിന്നുള്ള മണൽ വാരലും മൂലം കിണറിലെ ജലം താഴോട്ടു പോകുന്നു ചിലത് ഇടിഞ്ഞു പോകുന്നുമുണ്ട്. 9–ാം വാർഡ് മണൽവാരലും മണ്ണെടുക്കലും കർശനമായി നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പല വീടുകളെയും പുററിപ്പററിയുള്ള ഇഷ്ടിക കളങ്ങൾ കുട്ടികളുടെ ജീവൻ പോലും അപകടത്തിലാക്കുമെന്ന് അവർ ഭയപ്പെടുന്നു. 1, 2, 3, 4, 5, 6 ഈ വാർഡുകാർ ഇഷ്ടിക നിർമ്മാണം നിയന്ത്രണ വിധേയമാക്കാൻ ആവശ്യപ്പെടുന്നു. പൊടി പരത്തിക്കൊണ്ടു പൂഴികൊണ്ടുപോകുന്ന വണ്ടികൾ, പുക, ഗന്ധകത്തിന്റെ രൂക്ഷഗന്ധം മുതലായവ സമീപവാസികളെ വിഷമിപ്പിക്കുന്നു. കുളങ്ങളോടു ചേർന്നു താമസിക്കുന്ന തൊഴിലാളികൾക്ക് കക്കൂസ് സൗകര്യമില്ലാത്തത് സമീപവാസികളെ ബാധിക്കുന്നു. 2, 3, 4, 6, വാർഡുകാർക്ക് മണൽവാരൽ നിയന്ത്രിക്കണം എന്നാണഭിപ്രായം. ആറുമാസത്തേക്ക് നിയന്ത്രിക്കണം എന്ന് 4–ാം വാർഡുകാർ മണൽ വാരൽ കഴിയുന്നതും വേഗം നിരോധിക്കണമെന്നുതന്നെ 7–ാം വാർഡുകാർ ആവശ്യപ്പെടുന്നു. കൊതുകുനിവാരണം, നായ്ക്കളെ കുത്തി വയ്ക്കൽ, ലക്ഷംവീടുകളുടെ മെയിൻറനൻസ്, സ്ട്രീററു ലൈററ്, ടാപ്പുകൾ റിപ്പയറിംഗ്, പൊതു യൂറിൻഷെഡ്, കക്കൂസ്, കലുങ്കുകൾ, ഭവനനിർമ്മാണം, സ്ക്കൂളുകളിൽ വൈദ്യപരിശോധന, പുഴയോരങ്ങളിലെ കടവുകൾ കെട്ടിക്കൽ, ഡ്രെയിനേജ്, പരിസര ശുചീകരണം, പുതിയ വൈദ്യുതി കണക്ഷൻ തുടങ്ങിയവ എല്ലാവരും മുന്നോട്ടു വച്ചിട്ടുള്ള ആവശ്യങ്ങളാണ്. മൽസ്യം, മാംസം, വിൽപ്പന പ്രത്യേക കേന്ദ്രങ്ങളിലാക്കണം. അറവുമാടുകൾക്ക് വൈദ്യപരിശോധന കർശനമാക്കണം. സ്ഥലം വൃത്തിയായി സൂക്ഷിക്കണം റോഡരുകിൽ വച്ച് മൃഗങ്ങളെ കൊല്ലരുത്. പൊതുജനാരോഗ്യ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കണം. നിർദ്ധനർക്കു കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം വികലാംഗരെ സംരക്ഷിക്കണം.

402

### വാർഡ് I

1 ഗവ ആശുപത്രിയിൽ വൈദ്യ പരിശോധന സൗകര്യപ്പെടുത്തണം.

2 മാനായിക്കുടം പഞ്ചായത്തു കിണർ ഉപയോഗ യോഗ്യമാക്കുക.

3 വാട്ടർ അതോറിട്ടിയുടെ ജലവിതരണം ലഭ്യമാക്കുക.

4 ഒന്നും രണ്ടും വാർഡുകളിൽ കിട്ടുന്ന ജലം അഴുക്കു നിറഞ്ഞതാണ്. അതുമാററി കൂടുതൽ സ്ഥലങ്ങളിലേക്കും ശുദ്ധജലം എത്തിക്കണം.

### വാർഡ് II

1 ഒരു സ്വീപ്പറെ വച്ചു മാർക്കററു പരിസരം ശുചിയാക്കുക.

2 പഞ്ചായത്തു പറമ്പിൽ മററു സംസ്ഥാനക്കാരുടെ കടന്നുകയററം നിയന്ത്രിച്ചു പരിസര മലിനീകരണം തടയുക.

3 ഒരു പൊതു കംഫർട്ടുസ്റേറഷൻ വേണം

4 വാട്ടർ സപ്ളൈ കിണർ മാററി സ്ഥാപിക്കുക. കുന്നുകര കോളനിയിൽകുഴൽ കിണർ വേണം. കുടിവെള്ളം പെറിയ വണ്ടികളിൽ കൊണ്ടു വരണം.

5 പ്രൈമറി ഹെൽത്തു സെൻററിൻെറ ശോച്യാവസ്ഥ പരിഹരിക്കുക: കുട്ടികൾക്കു പോഷകാഹാരം ലഭ്യമാക്കുക.

6 വീടുകൾക്കു ടാപ്പു കണക്ഷൻ ഏർപ്പെടുത്തുക.

7 ആനക്കുളം കാളീചാത്തന് ക്യാൻസർ ചികിൽസാ സഹായം എത്തിക്കുക.

8 പഞ്ചായത്തിന് ഒരു പൊതു കളി സ്ഥലം വേണം.

9 പട്ടിപിടിത്തം പരിശീലനത്തിനു 2 പേരെ അയക്കുക.

### സർക്കാർ ഹോമിയോ ഡിസ്പൻസറി

10 അററകുററപ്പണി നടത്തണം. മുമ്പ് 2 നിവേദനങ്ങൾ കൊടുത്തിരുന്നു. കെട്ടിടം ഏതു നിമിഷവും തകർന്നു വീഴാം. ജീവനക്കാർക്കു ടോയ്ലററു സൗകര്യമേർപ്പെടുത്തണം. ശുദ്ധജലം ലഭ്യമാക്കണം. വരാന്തയിൽ കാലികൾ കയറി മലമൂത്ര വിസർജനം ചെയ്യുന്നതുകൊണ്ട് ചുററു മതിലും വരാന്തക്കു ഗ്രില്ലും നിർമ്മിക്കണം.

11 ഹോട്ടലുകൾ ശുചിത്വം പാലിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കണം. ആയുർവേദ ആശുപത്രി ആവശ്യം.

### വാർഡ് III

1 ഒരു ഹെൽത്തു സെൻറർ വേണം. നിർദ്ധനരായ രോഗികൾക്കു സഹായം. 2 മാസത്തിലൊരിക്കൽ വൈദ്യപരിശോധന ഇവ വേണം.

2 പെരിയാറിൻെറ തീരത്ത് ഒരു കിണറും പമ്പും നിർമ്മിച്ച് 2 കിലോമീററോളം പൈപ്പു ലൈൻ ഇട്ട് കുന്നുകരയിൽ നിലവിലുള്ള ടാങ്കിൽ ശുദ്ധജലം എത്തിക്കുക പുതിയ ലൈനിൽനിന്ന് 3-ാം വാർഡിലും വെള്ളമെത്തിക്കാം.

3 കാരയ്ക്കാതുരുത്ത് ഹരിജൻ കോളനിയിൽ ഒരു പൊതു കിണർ കൂടി വേണം.

### വാർഡ് IV

1 കുടി വെള്ളക്ഷാമം ഏറെയുള്ളവാർഡ് ചുങ്കം കുന്നുമ്മേൽഭാഗം, മുതലാളിപ്പടി, പാറശേരിക്കുന്ന്, അടുവാശേരി ലക്ഷം വീടുഭാഗങ്ങൾഇവിടങ്ങളിൽ കുടിവെള്ളം എത്തിക്കണം.

2 ജലദൗർലഭ്യം സ്ഥിരമായി പരിഹരിക്കുന്നതിനു പാറശേരിക്കുന്ന് L. I. സ്കീം ഉടൻ ശരിയാക്കണം.

3 കായക്കുടം 4 സെൻറു കോളനിയിൽ 2 പൊതു കിണർ വേണം.

4 10-ാം വാർഡിലെ ഹെൽത്തു സെൻററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

5 മാർക്കററു പരിസരം ശുചിയായിരിക്കാൻ വേണ്ട നടപടികൾ വേണം.

6 മൽസ്യ സ്ററാൾ ഏററവും ആവശ്യം. ഇറച്ചി വെട്ടും നിയമവിധേയമാക്കണം.

7 കവലയിലെ പഞ്ച്യ പന്തലിൽ നിന്നുള്ള ഗന്ധകപ്പുക ദുസ്സഹം അതു ഒഴിവാക്കണം.

8 ലക്ഷം വീടു കോളിനിയിൽ പൊതു ടോയ്‌ലററു ഏർപ്പെടുത്തുക.

9 ഒരു ആയുർവേദ ആശുപത്രി അനുവദിക്കുക.

## വാർഡ് V

1 ഒരു ഹെൽത്ത് സബ്സെൻറർ സ്ഥാപിക്കണം.

2 കുടിവെള്ളം വേണ്ടിടത്ത് മോട്ടോർ ഘടിപ്പിച്ചുള്ള സംവിധാനം വേണം.

3 വാട്ടർ അതോറിററിയുടെ മലായിക്കുന്നു ശുദ്ധജല പദ്ധതി കഴിയുന്നതും വേഗം ആരംഭിക്കണം.

4 കാഞ്ഞപ്പാടം, ഞാറക്കാട് ഭാഗങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ് ഉണ്ടാക്കുക.

5 ആലുക്കുന്നു മലായിക്കുന്നു റോഡിലെ വെള്ളം ഒഴിഞ്ഞുപോകാനുള്ള സംവിധാനം വേണം.

6 മില്ലുകളിലെും, തൊഴുത്ത്കളിലെയും മാലിന്യങ്ങൾ പൊതു നിരത്തിൽ വരുന്നതു തടയണം.

7 കുററ്യാൽ കവലയിൽ വെയിററിംഗ് ഷെഡ്, റേഷൻകട, പോസ്ററ് ആഫീസ് എന്നിവ വേണം.

## വാർഡ് VI

1 അയിരൂർ—കൊച്ചുകടവ് L I പദ്ധതി വേഗം നടപ്പാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക.

2 അയിരൂർ—ആററുപുറം നിവാസികൾക്കു വേണ്ടിയുള്ള ഹെൽത്തു സെൻററിന്റെ ശോച്യാവസ്ഥ പരിഹരിക്കുക. ഒരു ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക.

3 കുന്നുകരയിൽ നിലവിലുള്ള ഹോമിയോ ഡോക്ടറുടെ സേവനം ആറാം വാർഡിലേക്കും ലഭ്യമാക്കുക.

4 പഞ്ചായത്തിൽ നിന്നും സ്ഥിരം സ്ററാഫിനെ വച്ച് പ്രധാന ജംഗ്ഷൻ ശുചിയായി സൂക്ഷിക്കണം.

## വാർഡ് VII

1 ഹെൽത്തു സെൻറർ പാർട്ടുടൈം ആശുപത്രിയാക്കുക. നാലുവശവും മതിലു കെട്ടണം.

2 വ്യാജ മദ്യവിൽപ്പനക്കെതിരെ ശക്തമായ നടപടി വേണം.

## വാർഡ് VIII

1 കുടിവെള്ളം കിട്ടുമാറാക്കണം കോളനികളിൽ പൊതു കിണർ സ്ഥാപിക്കണം.

2 പൊതു കുളങ്ങളിൽ നിന്നും വെള്ളം ഒഴുകി പോകാനുള്ള ചാലുകൾ ഉണ്ടാക്കണം.

3 ശിശു സംരക്ഷണ കേന്ദ്രം തുറക്കണം ഒരു ഗവ: ഡിസ്പൻസറിയും ഉണ്ടാക്കണം.

4 ചെത്തു തൊഴിലാളികൾ അനധികൃത മദ്യം വിൽക്കുന്നതു തടയണം.

## വാർഡ് IX

1 വർഷങ്ങൾക്കു മുമ്പ് ചെറിയതേക്കാനത്ത് ഒരു ഹെൽത്ത് സെൻറർ അനുവദിച്ചു. എത്രയും വേഗം അത് പണി തീർത്ത് പ്രവർത്തനം തുടങ്ങണം.

2 പഞ്ചായത്തുതല ഇൻഷുറൻസ് പദ്ധതിയും ക്യാൻസർ യൂണിററും ഈ വാർഡിലും നടപ്പാക്കണം.

3 സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഭവന രഹിതർക്കു വീടു നിർമ്മിക്കുക.

4 റോഡുകളുടെ ഇരുവശവുമുള്ള കുണ്ടും കുഴിയും നികത്തി മാലിന്യങ്ങൾ നീക്കി സഞ്ചാരയോഗ്യമാക്കുക.

5 കൂടുതലായി 10 കിണറുകൾ കൂടി വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം.

6 കോയിമത കോളനി, കടുവക്കാവ് ഭാഗം, ചാലാക്ക ജംഗ്ഷൻ, സ്ക്കൂൾ ഇവ ഉൾപ്പെടുത്തി എത്രതും വേഗം ശുദ്ധ ജല പദ്ധതി നടപ്പാക്കണം.

7 ഇഷ്ടിക കളങ്ങൾ നിരോധിച്ച് തൊഴിലാളികൾക്ക് തൊഴിലവസരം ഉണ്ടാക്കി കൊടുക്കണം.

8 ഈ വാർഡിൽ അനുവദിച്ച ശ്മശാനം പണിതീർക്കണം.

9 കുട്ടികൾക്ക് പോഷകാഹാര പരിപാടി നടപ്പാക്കണം.

10 ചാലാക്ക ജംഗ്ഷനിലും, ചെറിയതേയ്ക്കാനം ജംഗ്ഷനിലും വെയിററിംഗ് ഷെഡ് വേണം.

## വാർഡ് X

1 വാർഡിൽ ഹെൽത്തു സെൻറർ പരിസരത്ത് കുടിവെള്ളമെത്തിക്കണം.

2 പടിഞ്ഞാറു ഭാഗത്തെ തൂമ്പിലെ കുഴിയുടെ പരിസരത്ത് കുടിവെള്ളം കിട്ടാൻ കുന്നുകരയിൽനിന്നും പൈപ്പ് ലൈൻ സ്ഥാപിക്കണം.

3 മനക്കപ്പള്ളം റോഡ് നികത്തി വെള്ളക്കെട്ടു ഒഴിവാക്കണം. കൊതുകു ശല്യം ദുസ്സഹമാണ്.

4 ഹെൽത്തുസെൻററിലേക്കുള്ള വഴി സഞ്ചാര യോഗ്യമാക്കി സ്ട്രീററു ലൈററു സ്ഥാപിക്കണം.

5 ഈ വാർഡിൽ ഏതാണ്ടു 80 വീടുകൾക്കു കക്കൂസില്ല. പരിഹരിക്കണം.

6 സർക്കാർ ഹോമിയോ ആശുപത്രിയും ആയുർവേദാശുപത്രിയും സ്ഥാപിക്കണം.

7 മഞ്ഞപ്പിത്തം, ന്യുമോണിയ, ചിക്കൻ പോക്സ് ഈ രോഗങ്ങൾക്കു ഹെൽത്തു ഉദ്യോഗസ്ഥരുടെ സഹായം ലഭിക്കണം. കുട്ടികൾക്കു പോഷകാഹാരം കൊടുക്കണം.

## സാധ്യതകൾ

1 ചികിത്സാ സൗകര്യങ്ങൾ വളരെ പരിമിതമാണ്, ഈ പഞ്ചായത്തിൽ അടുത്ത ദിവസങ്ങളിലാണു ഒരു ഗവ. ആശുപത്രി നിലവിൽ വന്നത്. ഒരു പരിധി വരെയുള്ള ആവശ്യങ്ങൾ നിറവേററാൻ ഇനിയും സംവിധാനങ്ങൾ ഏറെ വേണം. കഴിയുന്നതും വേഗം അത് സ്വന്തം കെട്ടിടത്തിൽ സൗകര്യങ്ങളോടെ പ്രവർത്തിക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങണം.

2 ആരോഗ്യത്തിന്റെ അടിസ്ഥാന ഘടകമായ ശുദ്ധവായു, ശുദ്ധജലം, ഭക്ഷണ സാധനങ്ങൾ, പാർപ്പിടം ഇങ്ങനെ പല കാര്യങ്ങളിലും പട്ടണത്തെ അപേക്ഷിച്ചു നമുക്കു ചില സൗകര്യങ്ങളുണ്ട്. ഗ്രാമങ്ങൾ പട്ടണങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. മേജർ പദ്ധതികൾ വരട്ടെ. അതു കാത്തിരിക്കുന്നതിനേക്കാൾ എളുപ്പം നമ്മുടെ കിണറുകൾ തന്നെയാണ്. കുഴൽ കിണറുമാകാം. പഞ്ചായത്തിനു ആകെ 36 പൊതു കിണറുകളുണ്ട്. 28 എണ്ണം ഉപയോഗമുള്ളവയാണ്. ഉപകാരപ്പെടാത്തതു എന്തുകൊണ്ട്? കാരണമന്വേഷിച്ച് പരിഹാരമുണ്ടാക്കണം.

3 ചിലയിടങ്ങളിൽ പുതിയത് ആവശ്യപ്പെട്ടിട്ടുണ്ട്. അവയും പരിഗണിക്കണം.

4 കക്കൂസുകൾ, മലിനീകർണത്തിനു കാരണമായിത്തീരുന്നു. ഇത് ഇല്ലാത്ത വീടുകളുമുണ്ട്. അടുത്തടുത്തു വീടുകൾ ഉണ്ടാകുന്നതുകൊണ്ട് കുടിവെള്ളത്തെ ബാധിക്കാനിടയുണ്ട്. പല വീടുകൾക്കു

ഒരു സ്ഥലത്തു കക്കൂസ് ആയാൽ നല്ല രീതിയിൽ പണിയാം. കിണറുകളെ ബാധിക്കയുമില്ല.

5 ഹോമിയോ, ആയുർവ്വേദാശുപത്രികരം പല വാർഡുകളും ആവശ്യപ്പെടുന്നു. അതും പരിഗണിക്കേണ്ടതാണ്. ആയുർവ്വേദത്തിൽ വളരെ പ്രസിദ്ധി കേട്ട ഒരു പാരമ്പര്യം നമുക്കുണ്ട്. ചികിൽസ അന്വേഷിച്ച് നമ്മരം പുറം നാടുകളിലേക്ക് പോകേണ്ടി വന്നിരിക്കുന്നു. അടുത്ത തലമുറ പരമ്പരാഗത രീതിയിലേക്ക് വരാൻ പ്രോൽസാഹിപ്പിക്കണം.

6 പ്രൈമറി ഹെൽത്തുസെൻററുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തണം. P. H. സെൻററർ ഇല്ലാത്ത സ്ഥലത്ത് അനുവദിക്കണം, പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്പ് യഥാവസരം സെൻററർ മുഖേന കാര്യക്ഷമമായി കൈകാര്യം ചെയ്യണം.

7 ഇഷ്ടികക്കളങ്ങരം മണൽ വ്വാരൽ ഇക്കാര്യത്തിൽ ഒട്ടും ഗൗരവം കുറച്ചു കാണരുത്. എല്ലാ വാർഡുകളും ഇത് ഒരു ജ്വവൽ പ്രശ്നമായി കാണുന്നു. ഏററവും വേഗം പരിഹാരം കാണണം.

# വ്യവസായം

വ്യവസായ മേഖലയിൽ ഏറെ പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണിത്. പൊതുമേഖലയിലൊ, പ്രൈവററ് മേഖലയിലോ ലാർജ് സ്കെയിൽ വ്യവസായങ്ങൾ ഒന്നും തന്നെയില്ല എന്നത് ഒരു ദുഃഖ സത്യമായി അവശേഷിക്കുന്നു. ആകെയുള്ള വ്യവസായം എന്ന് പറയാവുന്നത് ഇഷ്ടിക വ്യവസായം മാത്രമാണ്. അതുതന്നെ കൃഷിയുടെയും പരിതസ്ഥിതി പ്രശ്നങ്ങളുടേയും ഇടയിൽപ്പെട്ട് പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുന്നു.

പരമ്പരാഗത വ്യവസായമായ കുട്ടനെയ്ത്ത്, ലോഹായുധ നിർമ്മാണം, പപ്പട നിർമ്മാണം മുതലായവ നാമമാത്രമായി അവശേഷിക്കുന്നുണ്ടെങ്കിലും വേണ്ടതായ പ്രോൽസാഹനവും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കിയാൽ വളരെയധികം വികസന സാദ്ധ്യതകൾ ഉണ്ടാക്കാൻ സാധിക്കും. അതേപോലെ സഹകരണ മേഖലയിൽ വളരെയധികം വ്യവസായങ്ങൾക്കു വേണ്ട അനുകൂല സാഹചര്യങ്ങൾ ഉണ്ടെന്നിരിക്കെ വേണ്ടവിധം ഇവ പ്രയോജനകരമാക്കുവാൻ ശ്രദ്ധിച്ചു കാണുന്നില്ല. മുഖ്യ വിളയായ തേങ്ങയെ ആസ്പദമാക്കി വിവിധ വ്യവസായങ്ങൾക്കു വേണ്ട മുതൽമുടക്ക് നിലവിലുള്ള സഹകരണ ബാങ്കുകൾ ഏറെറടുത്തോ പുതിയതായി ഇതിനെ ആസ്പദമാക്കി സഹകരണാടിസ്ഥാനത്തിൽ കൊപ്ര സംസ്ക്കരണം, ചകിരി നിർമ്മാണം, ചിരട്ടയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ മുതലായവ ആരംഭിച്ചാൽ പുതിയ തൊഴിൽ മേഖല തുറക്കാനാവുന്നതോടൊപ്പം നാളികേര കർഷകർക്ക് വളരെയധികം ആശ്വാസകരമാവുകയും ചെയ്യും.

അതേപോലെ പാലുൽപ്പാദന രംഗത്ത് നാം വേണ്ടവിധം ശ്രദ്ധ വച്ചാൽ ഇതിനെ ആസ്പദമാക്കിയുള്ള പാലുൽപ്പന്ന വ്യവസായ യൂണിററുകൾ, കാലിത്തീററ യൂണിററുകൾ എന്നിവയും ആരംഭിക്കാവുന്നതും ഇത് പാലുൽപ്പാദക കർഷകരെ സംബന്ധിച്ചും വളരെയധികം പ്രയോജനം ചെയ്യുകയും ചെയ്യും. നെൽകൃഷിയുടെ ഉപഉൽപ്പന്നമായ വൈക്കോൽ ഉപയോഗിച്ച് നിരവധി യൂണിററുകൾക്കുള്ള സാദ്ധ്യതകളും നാം കാണേണ്ടിയിരിക്കുന്നു.

## വാർഡ് I

ഇഷ്ടിക വ്യവസായം നാടിൻെറ പുരോഗതിക്ക് ആവശ്യമെങ്കിലും കൃഷിയിടങ്ങൾ നിലവിട്ട് താഴ്ത്തുന്നതു മൂലം വളരെയധികം ബുദ്ധിമുട്ടുകൾ പല തരത്തിലും അനുഭവപ്പെടുന്നു. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ വാർഡിൽ രണ്ട് അരി നിർമ്മാണ മില്ലുകൾ, രണ്ട് എഞ്ചിനീയറിംഗ് വർക്ക് യൂണിററ് ഒരു ചകിരി നിർമ്മാണ യൂണിററ് എന്നിവയേ എടുത്തു പറയത്തക്കതായുള്ളൂ. വാർഡിൽ ചിരട്ടയും ചകിരിയും ഉപയോഗിച്ചുള്ള കൗതുക വസ്തുക്കളും, ചവിട്ടി, പരവതാനി, തുടങ്ങിയ അലങ്കാര വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിന് യൂണിററ് തുടങ്ങുക.

തേനീച്ച വളർത്തൽ കുടിൽ വ്യവസായമായി ആരംഭിക്കണം, മെഴുകുതിരി വ്യവസായത്തിനുമുള്ള യൂണിററ് തുടങ്ങുക ഇഷ്ടികക്കു താഴ്ത്തിയ വെള്ളക്കെട്ടു പ്രദേശങ്ങളിൽ മൽസ്യ കൃഷിയും അതിനോടനുബന്ധിച്ചുള്ള വ്യവസായങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. വനിതകൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാകുന്നതിനുതകുന്ന കൈത്തററി യൂണിററ് ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കണം.

## വാർഡ്: II

രണ്ടാം വാർഡിൽ കുറച്ച് വയർകട്ട് ഇഷ്ടിക നിർമ്മാണയൂണിററ് ഒരുകറിപൗഡർ നിർമ്മാണ യൂണിററ് എന്നിവയൊഴിച്ചാൽ മററു യാതൊരു വ്യവസായങ്ങളുമില്ല.

ഇഷ്ടികവ്യവസായത്തെ പ്രതിസന്ധിയിലെത്തിക്കുന്ന നിയമനടപടികൾ ലഘൂകരിക്കേണ്ടതാണ്. ഈ വാർഡിൽ പരമ്പരാഗത തൊഴിലാളികളുടെ ലഭ്യതയുള്ളതിനാൽ ഓല മെടയൽ, തഴപ്പായനെയ്ത്ത്, മൺകലം കരകൗശലവസ്തുക്കൾ, കുട്ട, പനമ്പുനെയ്ത്ത് എന്നിവക്കു വേണ്ട ധനസഹായത്തോടൊപ്പം കൂടുതൽ സാങ്കേതിക സഹായവും നൽകേണ്ടതാണ്.

പശു, ആട്, കോഴി എന്നിവയെ ആസ്പദമാക്കിയുള്ള യൂണിററുകൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തു വക കുന്നുകര കവലയിൽ ഷോപ്പിംഗ് കോംപ്ളക്സ് പണിയുകയും മത്സ്യ മാർക്കററ് ഉചിതമായ സ്ഥലത്തേക്ക് മാററി നിർമ്മിക്കുകയും ചെയ്യുക. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുക.

## വാർഡ് III

ഇവിടെ സുലഭമായി കിട്ടുന്ന നാളികേരം ഇന്ന് സ്വകാര്യ വ്യക്തികൾ വഴിയും, സഹകരണ സ്ഥാപനങ്ങൾ വഴിയും ഗ്രാമപഞ്ചായത്തിൽനിന്നും പുറത്തേക്ക് പോകുകയാണ് കർഷകന് മതിയായ വില കിട്ടുന്നതിനും തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ ഒരു കൊപ്രാക്കളവും കൊപ്രയാട്ടി വെളിച്ചെണ്ണയാക്കി വിപണിയിലെത്തിക്കുന്നതിനും വെളിച്ചെണ്ണ മില്ലും ആരംഭിക്കണം. സഹകരണ ബാങ്കുകൾ ഇക്കാര്യത്തിൽ കാര്യമായ സഹായമോ, നേരിട്ട് ഈ രംഗത്ത് പ്രവേശിക്കുന്നതിനോ സാദ്ധ്യതയുള്ളതാണ്.

## വാർഡ് IV

വാർഡിൽ വ്യവസായരംഗത്ത് തൊഴിലൊ ഉൽപ്പാദനമൊ ലഭ്യമാകുന്ന യാതൊരു വിധ തൊഴിൽ യൂണിററുകളുമില്ല. ആകെയുള്ളത് സീസൺ യൂണിററുകളായ 2 വയർ കട്ട യൂണിററുകളും ഒരു പഞ്ഞ്യ സംസ്കരണ യൂണിററ്, ഒരു വർക്ക്ഷോപ്പ് എന്നിവയാണ്. എന്നാൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരും, സാങ്കേതിക യോഗ്യതയുള്ളവരും ധാരാളം പേർ ഈ വാർഡിലുണ്ടുതാനും ഇവരെ പ്രയോജനപ്പെടുത്തി സഹകരണാടിസ്ഥാനത്തിലൊ കൂട്ടായ്മയിലൊ, പലതരം വ്യവസായങ്ങൾക്കും ധാരാളം സാധ്യതകളുണ്ട്. സംയുക്തമായി പുഷ്പകൃഷി, ഓർക്കിഡ്-കൂൺകൃഷികക്ക് വളരെ സാധ്യതകളുണ്ട്. ഇതിനുവേണ്ട സാമ്പത്തിക സഹായം സബ്സിഡിയോടുകൂടി അനുവദിക്കുക പശു, ആട്, കോഴി വളർത്തൽ യൂണിററ് ആരംഭിക്കുക

സഹകരണാടിസ്ഥാനത്തിൽ ടൈൽ ഫാക്ടറിക്ക് വേണ്ടതായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. കൊപ്ര സംസ്കരണ യൂണിററ് ആരംഭിക്കുക. വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാനുതകുന്ന കറി പൗഡർ, അച്ചാർ, ഗാർമെൻറ് യൂണിററുകൾ ആരംഭിക്കുക. പരമ്പരാഗത വ്യവസായമായ കുട്ട പനമ്പുനെയ്ത്ത്, ലോഹായുധ നിർമ്മാണം എന്നിവക്ക് സാധ്യതകൾ വളരെ കൂടുതലുള്ളതിനാൽ ഇതിനുവേണ്ട സാമ്പത്തിക സഹായവും പ്രോൽസാഹനവും ചെയ്തു കൊടുക്കുക.

## വാർഡ് V

വാർഡിൽ 15ലധികം വയർകട്ട യൂണിററുകളും ഒരു തീപ്പെട്ടിക്കൊള്ളി നിർമ്മാണ യൂണിററും ഒരു അരിയുൽപ്പാദന മില്ലും പ്രവർത്തിക്കുന്നുണ്ട്.

ഇഷ്ടിക കളങ്ങൾ മൂലമുള്ള പരിതസ്ഥിതി പ്രശ്നങ്ങളും മലിനീകരണ പ്രശ്നവും പരിഹാരം കാണേണ്ടതാണ്. മഹിളാസമാജം കേന്ദ്രമാക്കി വനിതാ വ്യവസായ ചെറുകിട യൂണിററ് ആരംഭിക്കേണ്ടതാണ് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ സംഘടിപ്പിച്ചുകൊണ്ട് വ്യവസായ യൂണിററുകൾ ആരംഭിക്കുന്നതിന് വേണ്ടതായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. മലായിക്കുന്നിൽ മരണാനന്തരസഹായസംഘം വക കെട്ടിടത്തിൽ ഒരു ടെയിലറിംഗ് സെൻറർ ആരംഭിക്കേണ്ടതാണ്.

## വാർഡ് VI

വ്യവസായ യൂണിററുകൾ ഒന്നും തന്നെയില്ലാത്ത ഒരു വാർഡാണ്. ആകെയുള്ളതായ നാമമാത്രയൂണിററുകൾ ഒരു പഞ്ഞ്യസംസ്കരണ യൂണിററും. ഒരു ഫർണിച്ചർ നിർമ്മാ

ണയൂണിററുമാണ്. ഫർണിച്ചർ നിർമ്മാണ സാങ്കേതിക വിദ്യ അറിയാവുന്നവർ ധാരാളമുണ്ട് എന്നതിനാൽ ഇവരെ സംഘടിപ്പിച്ച് ഈ യൂണിററുകൾ ആരംഭിക്കുകയും അതോടൊപ്പം ഒരു തൊഴിൽ പഠിപ്പിക്കുന്നതിനുള്ള യൂണിററുകൂടി സാമ്പത്തിക സഹായം നൽകി ആരംഭിക്കണം.

കൈത്തറി വസ്ത്ര നിർമ്മാണം അറിയാവുന്ന വനിതകളുണ്ട്. ഇവരെ ഉൾപ്പെടുത്തിയും കൂടാതെ മററുള്ളവനിതകളെയും സംഘടിപ്പിച്ച് കൈത്തറി വസ്ത്ര നിർമ്മാണ യൂണിററും പഠനകേന്ദ്രത്തിനും പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നൽകി ആരംഭിക്കുക.

അഭ്യസ്തവിദ്യരായ പട്ടിക ജാതിക്കാർക്ക് തൊഴിൽ തുടങ്ങുന്നതിനുള്ള ഉപകരണങ്ങളും സാമ്പത്തിക സഹായവും നൽകുക.

മേൽ യൂണിററുകളെല്ലാം ഉൾക്കൊള്ളുന്ന ഒരു മിനി ഇൻഡസ്ട്രിയൽ എസ്റേററ് തുടങ്ങുവാൻ നടപടിയെടുക്കുക.

## വാർഡ് VII

യാതൊരുവിധ വ്യവസായങ്ങളുമില്ലാത്ത ഒരു വാർഡാണിത്. എന്നാൽ പലവിധ വ്യവസായങ്ങൾക്കും വേണ്ടതായ സാഹചര്യങ്ങൾ ഉള്ള ഒരുവാർഡു കൂടിയാണ് ഈ വാർഡ്.

ഈ പ്രദേശത്ത് വളരെയധികം പരമ്പരാഗത മൽസ്യ തൊഴിലാളികളുണ്ട്. ഇവരെ ഉൾപ്പെടുത്തി ഒരു മൽസ്യ സംസ്കരണ യൂണിററ് ആരംഭിക്കാവുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു ഓട്ടു കമ്പനിക്കുള്ളഎല്ലാ സാധ്യതകളുമുള്ളതിനാൽ ഇതിനുള്ളനടപടികൾ എടുക്കേണ്ടതാണ്.

പരമ്പരാഗത വ്യവസായമായ പനമ്പു നെയ്ത്ത് അറിയാവുന്നവർക്കായി ബാംബു കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ ഈററ വിതരണവും പനമ്പു സംഭരണവും ആരംഭിക്കേണ്ടതാണ്. കോഴി വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ യൂണിററുകളും ആരംഭിക്കേണ്ടതിനുവേണ്ട സാമ്പത്തിക സഹായം സബ്സിഡിയോടുകൂടി അനുവദിക്കേണ്ടതാണ്.

## വാർഡ്-VIII

വയർകട്ടയൂണിററുകൾ 4 എണ്ണവും ഒരു സ്റെറബ്ലൈസർ ഇൻവെർട്ടർ നിർമ്മാണ യൂണിററും നിലവിൽ ഉണ്ട്. മററു യാതൊരുവിധ വ്യവസായങ്ങളുമില്ല. വയർക്കട്ട യൂണിററുകൾ മൂലം അന്തരീക്ഷ മലിനീകരണത്തോടൊപ്പം പലവിധ രോഗങ്ങളും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. അതോടൊപ്പം നെൽകൃഷി ഉല്പാദനം കുറയുകയും ഈ മേഖലയിൽ തൊഴിൽ നഷ്ടവും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യേണ്ടതാണ്.

അഭ്യസ്തവിദ്യരായവരെ ഉൾപ്പെടുത്തി വിവിധതരം വ്യവസായ യൂണിററുകൾക്കു വേണ്ട സാങ്കേതിക–സാമ്പത്തിക സഹായം നൽകി ആരംഭിക്കേണ്ടതാണ്. ബാങ്ക്, സഹകരണ ബാങ്ക് മുഖേന വായ്പ ലഭ്യമാകാനുള്ള വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. അതോടൊപ്പം സബ്സിഡി നിരക്കിൽ വൈദ്യുതിയും ലഭ്യമാക്കേണ്ടതാണ്. വനിതകൾക്കുവേണ്ടി അച്ചാറുകൾ, റെഡിമെയ്ഡ് ഗാർമെൻറ്, വറുത്ത ആഹാര സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിററുകൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകേണ്ടതാണ്.

P. M. R. സ്കീം അനുസരിച്ചുള്ള വായ്പ കഴിവതും കൂടുതൽ പേർക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതും, ഇതിനുള്ള സബ്സിഡി പഞ്ചായത്തുവഴി ലഭ്യമാക്കേണ്ടതുമാണ്.

## വാർഡ് IX

വാർഡിലെ പ്രധാന വ്യവസായം ഇഷ്ടിക വ്യവസായമാണ്. ഇതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. കൃഷിനിലം അശാസ്ത്രീയ താഴ്

ത്തൽ മൂലം നെൽകൃഷി നശിക്കുന്നതോടൊപ്പം പരിസ്ഥിതി പ്രശ്നം, മലിനീകരണപ്രശ്നം എന്നിവ മൂലം പലവിധ രോഗങ്ങളും സംഭവിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ ഇത് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ലൈസൻസ് കൊടുക്കുമ്പോൾ മേൽദൂഷ്യങ്ങൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതോടൊപ്പം മണൽവാരൽ പരിസ്ഥിതിയുടെ സംതുലിതാവസ്ഥയെ തകിടം മറിക്കുന്നതോടൊപ്പം കുടിവെള്ള ക്ഷാമ രൂക്ഷതയും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് നിർത്തലാക്കുകയും മണൽ ലേല സമ്പ്രദായം നിർത്തേണ്ടതുമാണ്.

ഇഷ്ടികക്കു താഴ്ത്തിയ സ്ഥലങ്ങൾ മണ്ണിട്ടു നികത്തി ഇവിടെ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതുമൂലം സ്ഥലദൗർലഭ്യം ഒഴിവായി കിട്ടുകയും ചെയ്യും. ഗവൺമെൻറ് തലത്തിൽ അനുവദിക്കുന്ന വ്യവസായങ്ങൾ ഈ വാർഡിൽ ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

ചെറുകിട വ്യവസായ മേഖല KITCO SIDBI മുതലായവയുടെ സഹായത്തോടെ സെമിനാറുകൾ, പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും വ്യവസായ യൂണിററുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതുമാണ്.

മുടങ്ങിക്കിടക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുന്ന സാങ്കേതിക—സാമ്പത്തിക സഹായങ്ങൾ ചെയ്യുകയും തടസങ്ങൾ നീക്കികൊടുക്കുകയും ചെയ്യുക. വനിതകൾക്കു വേണ്ടി വനിതാ വ്യവസായ യൂണിററുകൾ ആരംഭിക്കേണ്ടതാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുതകുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കേണ്ടതാണ്.

## വാർഡ് X

വാർഡിൽ ആകെ ഒരു ഐസ്പ്ലാൻറ് മാത്രമാണു ഏക വ്യവസായ സ്ഥാപനം പലവിധ യൂണിററുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ധാരാളമുണ്ടുതാനും. വാർഡിൽ സഹകരണാടിസ്ഥാനത്തിൽ സ്വയം തൊഴിൽ യൂണിററുകൾ ആരംഭിക്കേണ്ടതാണ്. കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള യൂണിററ് ആരംഭിക്കുകയും വിപണനകേന്ദ്രം ആരംഭിക്കുകയും ചെയ്യുന്നതിനുള്ള വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

തൊഴിലില്ലാത്ത യുവതി യുവാക്കൾക്കായി കോഴിവളർത്തൽ, ചിപ്സ് യൂണിററ് ഗാർമെൻറ് യൂണിററ്, ചപ്പൽ യൂണിററ് എന്നിവ ആരംഭിക്കുന്നതിനുവേണ്ടതായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

വാർഡിൽ പരമ്പരാഗത വ്യവസായമായ പപ്പട നിർമ്മാണം ഇന്ന് നാശോൻമുഖമായി കൊണ്ടിരിക്കുകയാണ്. ഇവരെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ വേണ്ട സാങ്കേതിക-സാമ്പത്തിക സഹായം നൽകി പപ്പട നിർമ്മാണ യൂണിററ് ആരംഭിച്ച് ഈ വ്യവസായം വിപുലീകരിക്കേണ്ടതാണ്.

# പാർപ്പിടം, സാമൂഹ്യക്ഷേമം

മനുഷ്യ ജീവിതത്തിന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണല്ലോ വീടുകൾ. ഓരോരുത്തരും അവരുടെ കഴിവിനും ഭാവനക്കും അനുസരിച്ച് പല തരത്തിലുള്ള വീടുകൾ നിർമ്മിക്കുന്നു. മുൻ കാലങ്ങളിൽ മൂന്ന് രീതിയിലുള്ള വീടുകളാണ് പൊതുവെ ഉണ്ടായിരുന്നത്. ഒന്ന് നാലുകെട്ടും നടുമുറ്റവും തെക്കിനിയും വടക്കിനിയും അറപ്പുരകളുമെല്ലാം ചേർന്ന വലിയ മാളികവീടുകൾ മറ്റൊന്ന് ഇടത്തരക്കാരായ കർഷകരുടെ ഓടുമേഞ്ഞ ചെറിയ വീടുകൾ കൂടാതെ തൊഴിലാളികളുടേയും താഴ്ന്ന വരുമാനക്കാരുടേതുമായ ഓല, വൈക്കോൽ മേഞ്ഞതുമായ വീടുകൾ. പനയോലയും വീടു മേയുന്നതിന് ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നു.

കൂട്ടുകുടുംബ വ്യവസ്ഥ അവസാനിക്കുകയും ഭൂമികൾ താവഴികൾക്ക് വിതരണം ചെയ്യുകയും ചെയ്തതോടെ വലിയ മാളികപ്പുരകൾ അപ്രത്യക്ഷമാവുകയും പകരം പുതിയ കോൺക്രീറ്റ് ഭവനങ്ങൾ രൂപപ്പെടുകയും ചെയ്തു. ഇടത്തരക്കാരുടെ വീടുകൾ വലിയ മാറ്റങ്ങളൊന്നുമില്ലാതെ ഇന്നും നിലനിൽക്കുന്നുണ്ട്. ഓലപ്പുരകൾക്ക് ഈ അടുത്ത കാലങ്ങളിൽ മാറ്റം സംഭവിക്കുന്നുണ്ടെന്നത് ശുഭാർഹമാണ്.

ഉറപ്പും ബലവും സൗകര്യങ്ങളുമുള്ള വീടുകൾ എല്ലാവരുടേയും ആഗ്രഹമാണ്. എന്നാൽ കഴിവും സാമ്പത്തിക പ്രാപ്തിയും പ്രതിഫലിപ്പിക്കാനുള്ള ഒരു മാനദണ്ഡമായി വീടുകളുടെ മോടിയും വലുപ്പവും വർദ്ധിപ്പിക്കുന്ന മനോഭാവത്തിലേക്ക് നാം മാറുന്നുണ്ടോ എന്ന് സംശയിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ മൂവ്വായിരത്തി എണ്ണൂറ്റി അൻമ്പത്തിയേഴ് (3857) വീടുകളാണ് ഉള്ളത് അതിൽ ആയിരത്തിഒരുനൂറ്റി എൺപതു വീടുകൾ വാർക്കപ്പുരകളും രണ്ടായിരത്തി നാനൂറ്റി അമ്പത്തിയഞ്ച് വീടുകൾ ഓടുമേഞ്ഞതും മുന്നൂറ്റി പതിനാറ് വീടുകൾ ഓലമേഞ്ഞ കുടിലുകളുമാണ്. ഓലമേഞ്ഞ വീടുകൾ പ്രധാനമായും വിവിധ കോളനികളിലായ് സ്ഥിതി ചെയ്യുന്നു. ഓടുമേഞ്ഞ വീടുകളിലും കുറെയെണ്ണം പുതുക്കി പണിയേണ്ടതുണ്ട്. വിവിധ ഏജൻസികളുടെ സഹായത്തോടെ പണികഴിപ്പിച്ച വീടുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഭവനനിർമ്മാണരംഗത്തെ ഏജൻസികളുടെ പ്രവർത്തനം നല്ല രീതിയിലാണെന്ന് പറയാൻ കഴിയില്ല. സർക്കാർ ധനസഹായവും ആവശ്യത്തിനനുസരിച്ച് ലഭിക്കുന്നില്ല. അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റം വീടു നിർമ്മാണത്തെ സാരമായ് ബാധിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷകാലം കൊണ്ട് മാത്രം കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില 80% കണ്ട് വർദ്ധിച്ചിട്ടുണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും ഈ രംഗത്തെ ഒരു പ്രശ്നമാണ്. ഇക്കാരണങ്ങളാൽ തന്നെ ഭവനനിർമ്മാണം പൊതുവെ ചെലവേറിയതാണ്. 1994, 95 ൽ അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച് കെട്ടിടങ്ങളും 1995—96 ൽ അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് കെട്ടിടങ്ങളുമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. കെട്ടിടങ്ങളുടെ എണ്ണവും തരവും താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ 1991-നികുതി രജിസ്ററർ

| വാർഡ് | ആകെ എണ്ണം | രണ്ടുനില | വാർക്ക | ഓട് | ഓല | മററുളളവ |
|---|---|---|---|---|---|---|
| 1 | 611 | 9 | 178 | 316 | 50 | 58 |
| 2 | 557 | 12 | 174 | 280 | 78 | 13 |
| 3 | 678 | 6 | 112 | 395 | 140 | 25 |
| 4 | 587 | 3 | 115 | 371 | 48 | 20 |
| 5 | 617 | 7 | 142 | 412 | 50 | 6 |
| 6 | 556 | 22 | 217 | 370 | 38 | 9 |
| 7 | 531 | 13 | 128 | 320 | 66 | 4 |
| 8 | 461 | 27 | 135 | 239 | 54 | 6 |
| 9 | 571 | 6 | 125 | 280 | 151 | 9 |
| 10 | 454 | 4 | 92 | 308 | 34 | 16 |

കഴിഞ്ഞ ഒന്ന് രണ്ട് വർഷക്കാലം കൊണ്ട് നമ്മുടെ പഞ്ചായത്തിൽ പണി കഴിപ്പിച്ച 40% വീടുകളും വലിയ തുക മുതൽ മുടക്കി പണി കഴിപ്പിച്ചതാണെന്ന് പഞ്ചായത്ത് അസസ്സ്മെൻറ് രജിസ്റററിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആവശ്യത്തിൽ കൂടുതൽ ചെലവേറിയതാണ് ഇതിൽ കൂടുതലും വീടുകൾ. കൂട്ടുകുടുംബവ്യവസ്ഥ നാമാവിശേഷമായ ഇന്നത്തെ പരിതസ്ഥിതിയിൽ ഇത്തരംവിസ്തൃതിയേറിയ ആർഭാടങ്ങളോടെയുള്ള വീടുകൾ ആവശ്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.

പണി തുടങ്ങി പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളും പുതുതായി പണി കഴിപ്പിക്കേണ്ട നിരവധി വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. സർക്കാരിൽ നിന്നുള്ള ധനസഹായം കൃത്യമായി കിട്ടാത്തതും കിട്ടുന്നതുക തികയാതെ വരുന്നതും ഇതിനൊരുകാരണമാണ്. കൈരളി ഭവന നിർമ്മാണ പദ്ധതി പ്രകാരം 7 വർഷം മുമ്പ് അനുവദിച്ച വായ്പയുടെ ആദ്യഗഡു മാത്രം നൽകി നിർത്തി വച്ചിരിക്കുകയാണ്. ഇത് ഉള്ള കൂര കൂടി ഇല്ലാതാക്കാൻ മാത്രമേ ഉപകരിച്ചുള്ളൂ എന്ന് പറയേണ്ടതില്ലല്ലോ? കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് സർക്കാരിന്റെ വിവിധ തരത്തിലുള്ള ധനസഹായം കൊണ്ട് പൂർത്തീകരിച്ച വീടുകൾ 58 എണ്ണമാണ്. പണി തുടങ്ങി പൂർത്തീകരിക്കാത്തവ 9 എണ്ണവും.

ചെലവ് കുറഞ്ഞതും ആവശ്യത്തിനു മാത്രം സൗകര്യങ്ങൾ ഉള്ളതുമായ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം തൊഴിലാളികൾ നേടിയെടുക്കേണ്ടതുണ്ട്. അസംസ്കൃത വസ്തുക്കൾ സ്ഥലത്ത് എത്തിക്കുന്നതിനുള്ള ഭാരിച്ച കൂലിച്ചിലവ് സുഗമമായ ഭവനനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. സ്വന്തമായി വീട് നിർമ്മിക്കാൻ കഴിയാത്തവർക്ക് ഇപ്പോൾ നൽകുന്ന സർക്കാർ ധനസഹായം കൊണ്ട് കഴിയില്ലെന്ന അഭിപ്രായം ഗ്രാമസഭയിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്.

പഞ്ചായത്തിൽ അടുത്ത കാലത്തുണ്ടായ ഭൂമിയുടെ വില വർദ്ധനവ് പുതിയ വീടുകൾ നിർമ്മിക്കുന്നത് ദുസ്സഹമായി തീർത്തിരിക്കുന്നു. ഭൂമി വാങ്ങുന്നതും വിൽക്കുന്നതും ഒരു വ്യവസായമായി മാറികഴിഞ്ഞിരിക്കുന്ന ഇന്നത്തെ സ്ഥിതി മാററി തീർക്കേണ്ടത് അത്യാവശ്യമാണ്. കുറച്ച് പണം മുൻകൂർ കൊടുത്ത് കുറെയധികം ഭൂമി വാങ്ങി വില വർദ്ധിപ്പിക്കുന്നതും സാധാരണമായിട്ടുണ്ട്.

മുൻകാലങ്ങളിൽ സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും ധനസഹായത്തോടെ പൂർത്തീകരിച്ച പല വീടുകളും ഇന്ന് ജീർണ്ണാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഈ വീടുകൾ അററകുററപ്പണികൾ ചെയ്യേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞവർഷങ്ങളിൽ വിവിധ സഹായ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

412

## വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ

| വർഷം | എണ്ണം | സഹായ പദ്ധതി |
|---|---|---|
| 1992—93 | 8 | ജെ. ആർ. വൈ |
| ,, | 3 | സംയോജിത ഭവന നിർമ്മാണം |
| ,, | 3 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി |
| 1993—94 | 8 | ജെ. ആർ. വൈ. |
| ,, | 1 | സംയോജിത ഭവന നിർമ്മാണം |
| ,, | 1 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി |
| 1994—95 | 3 | ജെ. ആർ വൈ. |
| ,, | 1 | സംയോജിത ഭവന നിർമ്മാണം |
| ,, | 1 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി |
| 1995—96 | 8 | ജെ. ആർ. വൈ. |
| ,, | 1 | സംയോജിത ഭവന നിർമ്മാണം |
| ,, | 1 | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി |

കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിൽനിന്നും 21 വീടുകൾ 1992, 93 വർഷം മുതൽ വിതരണം ചെയ്തിട്ടുണ്ട്.

## ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

1 ഭൂമിയുടെ അമിതമായ വില വർദ്ധനവ്.

2 ഭാരിച്ച കൂലിച്ചിലവ്

3 അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം

4 ഭവന നിർമ്മാണ രംഗത്തെ ഏജൻസികളുടെ പ്രവർത്തനക്കുറവ്.

5 സർക്കാർ ധനസഹായത്തിന്റെ കുറവും കാലതാമസവും

6 കൂടിയ പലിശ നിരക്ക്

7 ഗഡുക്കൾ അനുവദിക്കുന്നതിലുള്ള കാലതാമസം

8 അററകുററ പണികൾക്ക് ധനസഹായം നൽകാതിരിക്കൽ

9 പട്ടയമില്ലാത്തതിനാൽ ധനസഹായത്തിന് അപേക്ഷിക്കുവാൻ കഴിയുന്നില്ല

10 മതിലുകൾ തീർക്കുന്നത് വെള്ളക്കെട്ടിനും ദുർവ്യയത്തിനും കാരണമാകുന്നു

11 ജീർണ്ണിച്ച ലക്ഷം വീടുകൾ പൊളിച്ച് പ്രത്യേകം പ്രത്യേകം വീടുകൾ പണിയണം

12 ഡ്രെയ്നേജ് സൗകര്യം ഇല്ല

13 ലക്ഷം വീടുകോളനികളിൽ ഓരോ വീടിനും സുരക്ഷിതമായ കക്കൂസുകൾ നിർമ്മിക്കണം

14 സർക്കാർ ധനസഹായത്തോടെ പണിയുന്ന വീടുകൾക്ക് സൗജന്യമായി വയറിംഗ് നടത്താനുള്ള സഹായം ചെയ്യണം

15 കോളനികളിൽ താമസിക്കുന്നവർക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുക

### സാദ്ധ്യതകൾ

(1) ഏതെങ്കിലും പ്രത്യേക ആവശ്യത്തിനു മാത്രമേ ഭൂമി കൈമാററം ചെയ്യാൻ പാടുള്ളു എന്ന നിബന്ധന ഏർപ്പെടുത്തുകയും ഭൂമിയുടെ കൈമാററത്തിന് പൊതുമാനദണ്ഡവും ഏർപ്പെടുത്തുക.

2) അഞ്ചോ പത്തോ ആളുകൾ സഹകരിച്ച് ഒരേ സമയം വീടുപണി നടത്തിയാൽ കൂലി ചെലവ് കുറയ്ക്കുന്നതിന് വളരെയേറെ സഹായിക്കും.

(3) പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണത്തിനു മാത്രമായി സഹകരണ സംഘം തുടങ്ങാവുന്നതാണ്.

4 സർക്കാർ ധനസഹായം കൂടാതെ ബാങ്കുകൾ, സഹകരണസംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ സഹായം ഭവനനിർമ്മാണ രംഗത്ത് കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ.

5 വീടില്ലാത്തവരെ കണ്ടുപിടിക്കുന്നതിനും, കുററമററ രീതിയിൽ അതിന്റെ പണി പൂർത്തീകരിക്കുന്നതിനും ധനസഹായം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പഞ്ചായത്ത്തല ജനകീയ സമിതികൾ രൂപപ്പെടുത്താവുന്നതാണ്. ഈ സമിതിയുടെ നേതൃത്വത്തിൽ ഭവനരഹിതരെ ഗ്രൂപ്പുകളായി വിളിച്ച് ചേർത്ത് ഒരേ സമയം വീടുപണി തുടങ്ങാനും പൂർത്തീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

5 ചെലവുകുറഞ്ഞ വീടുകൾ പണിയുന്നതിന് കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ധോപദേശം ലഭ്യമാക്കണം.

7 ആവശ്യത്തിൽ കൂടുതൽ സൗകര്യങ്ങളോടെ ആർഭാടകരമായ രീതിയിൽ വീടുകൾ പണിയുന്നവരിൽ നിന്നും കൂടുതൽ നികുതി ഈടാക്കി ഈ രംഗത്തെ ദുർവ്യയം നിയന്ത്രിക്കാവുന്നതാണ്.

8 ജൈവ വേലികൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകണം. ഇതൊരു പച്ചിലവളത്തിനും കൂടി ഉപകരിക്കുന്നതാണ്.

9 മത്സ്യ തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്ത് വഴി വിതരണം നടത്താവുന്നതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് വളരെയേറെ പിന്നിട്ടു നിൽക്കുന്ന ഒരു പഞ്ചായത്താണ് കുന്നുകര. പ്രധാനമായും ബ്ലോക്കുവഴിയാണ് ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നത് ഈ രംഗത്തെ സർക്കാർ പ്രവർത്തനം കാര്യക്ഷമമല്ലെന്നു തന്നെ പറയാം. ദരിദ്ര ജനവിഭാഗങ്ങളെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ഒന്നും ലഭ്യമല്ലെങ്കിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

| വാർഡ് | I. R. D. P. സർവ്വേ പ്രകാരം ദാരിദ്ര രേഖക്ക് താഴെയുള്ളവരുടെ എണ്ണം | ഇതിൽ SC/ST | നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖക്ക് മുകളിലെത്തിയവർ | ദാരിദ്രരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചത് ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 1(7 | 9 | 8 | 3 | 5 | 102 |
| 3 | 120 | 29 | 14 | 6 | 7 | 113 |
| 3 | 220 | 26 | 23 | 12 | 16 | 204 |
| 4 | 314 | — | 30 | — | 5 | 309 |
| 5 | 203 | 10 | 18 | 8 | 4 | 199 |
| 6 | 127 | 8 | 26 | 8 | 14 | 113 |
| 7 | 71 | 2 | 8 | 2 | 4 | 67 |
| 8 | 82 | 13 | 12 | 8 | 8 | 74 |
| 9 | 230 | 23 | 28 | 13 | 18 | 206 |
| 10 | 17 | — | 1 | — | — | 17 |
| ആകെ | 1491 | 120 | 168 | 60 | 81 | 1404 |

I. R. D. P. സർവ്വേ പ്രകാരം 1491 കുടുംബങ്ങൾ ദാരിദ്ര രേഖക്ക് താഴെ നിൽക്കുന്നവരാണ്. ഇതിൽ മുൻവർഷങ്ങളിൽ മുന്നിലെത്തിയവർ 81 പേരാണ്. ദാരിദ്ര നിർമ്മാർജ്ജനത്തിൻെറ ഭാഗമായ് 168 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചെങ്കിലും അതൊന്നും കാര്യക്ഷമമായി എന്നു പറയാനാവില്ല. പശു വളർത്തൽ പോലുള്ള പരിപാടികൾ ഏറെ സാദ്ധ്യതകൾ ഉണ്ടായിട്ടും പല കാരണങ്ങളാൽ മുന്നോട്ടു പോയില്ല. അമിതമായ പലിശ നിരക്ക്, വായ്പ തിരിച്ചടക്കുന്നതിനുള്ള കഴിവില്ലായ്മ, ഒരു പശുവിനെ വളർത്തുന്നതിനുള്ള ചെലവും അതിൽ നിന്നും കിട്ടുന്ന വരുമാനവും തമ്മിൽ ഒത്ത് പോകാതിരിക്കുന്നതും ഇതിനു കാരണമായി ചൂണ്ടികാട്ടുന്നു.

ട്രൈസം തൊഴിൽദാന പദ്ധതി പ്രകാരം 12 പേർക്ക് തൊഴിൽ പരിശീലനം നൽകിയെങ്കിലും തയ്യൽ പരിശീലനം നേടിയ രണ്ടുപേരും പ്ളസ്ററിക് നെയ്ത്ത് പരിശീലിച്ച 2 പേരും മാത്രമേ ഈ രംഗത്ത് നിലവിലുള്ളു. പെൻഷനുകളും മററ് സാമ്പത്തിക സഹായങ്ങളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അർഹരായവരിൽ 80% പേർക്കും ഇത് ലഭിക്കുന്നില്ല. സർക്കാരിൽ നിന്നും വിവിധ സഹായധനം ലഭിക്കുന്നവരുടെ ലിസ്ററ് താഴെ ചേർക്കുന്നു

### ധന സഹായം ലഭിക്കുന്നവരുടെ കണക്ക്

| ഇനം | | എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | — | 26 |
| വിധവാപെൻഷൻ | — | 48 |

പൊതു വിതരണ രംഗത്ത് കുറെയേറെ മുന്നിട്ടു നിൽക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ഒട്ടേറെ കാര്യങ്ങൾ ഈ രംഗത്ത് ചെയ്ത് തീർക്കേണ്ടതുണ്ട്. 10 റേഷൻകടകളും 2 കൺസ്യൂമർ സ്റേറാറും നമ്മുടെ പഞ്ചായത്തിലുണ്ട് ഇതിലൂടെ 4100 ക്വിൻറൽ അരിയും 19800 ലി മണ്ണെണ്ണയും 114000 കിലോഗ്രാം പഞ്ചസാരയും വിതരണം നടത്തുന്നു. തികച്ചും കാർഷിക പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിൽ ഇത്രയും അരി വിതരണം നടത്തുന്നുണ്ടെന്നത് വിരോധാഭാസമായ് തോന്നാം കഴിഞ്ഞ ഒരു വർഷക്കാലത്തെ സ്ഥിതി പരിശോധിച്ചാൽ റേഷൻ കടയിലൂടെയുള്ള അരിയുടെ വിൽപ്പന കുറഞ്ഞിട്ടുണ്ടെന്ന് കാണാം. പുറം മാർക്കററിലെ വിലയും പൊതു മാർക്കററിലെ വിലയും വലിയ മാററമില്ലാതെ തുടർന്നത് ഇതിനൊരു കാരണമാകാം. പൊതു വിതരണ രംഗത്ത് കൂടുതൽ ഇളവുകൾ അനുവദിച്ച് വില കുറക്കേണ്ടത് ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ 8 മഹിളാ സമാജങ്ങളും 1 അംഗൻവാടിയുമുണ്ട്. എന്നാൽ പല മഹിളാ സമാജങ്ങളും ഇന്ന് പ്രവർത്തന രഹിതങ്ങളാണ്. നിലവിലുള്ള മഹിസമാജങ്ങളിലൂടെ 65 ഓളം പേർക്ക് മാത്രമേ പ്രയോജനം ലഭിക്കുന്നുള്ളു. നിലവിലുള്ള മഹിളാസമാജങ്ങളും അംഗൻവാടിയും നല്ല രീതിയിൽ നടത്തികൊണ്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മഹിളാ സമാജങ്ങളിൽ പഠന ക്ലാസുകളും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ രേഖകളും എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തൊഴിൽ പരിശീലനവും ഇതിൻെറ ഭാഗമായ് നടത്താവുന്നതാണ്. പഞ്ചായത്തിലുള്ള അങ്കൺവാടിയിൽ ഭൗതിക സാഹചര്യങ്ങൾ വളരെ കുറവാണ്. ഉപകരണങ്ങളുടെ കുറവും ആവശ്യമായ സ്ഥലത്തിൻെറ അഭാവവും എടുത്ത് പറയാവുന്ന കാര്യങ്ങളാണ്. ആകെ 38 കുട്ടികളാണ് ഈ അംഗൻവാടിയിൽ ഉള്ളത് 29 കുട്ടികൾക്ക് ഭക്ഷണം ലഭ്യമാകുന്നുണ്ട്. എങ്കിലും പോഷകാഹാരത്തിൻെറ കുറവ്, രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ കുറവ് എന്നിവയെല്ലാം അംഗൻവാടിയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്.

ജനങ്ങളുടെ സൗകര്യാർത്ഥം പുഴയോരങ്ങളിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും കുളികടവുകൾ നിർമ്മിച്ച് നൽകുകയും കടവുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് കടവുകളുടെ പരിസരങ്ങളിൽ നിന്ന് മണൽ വാരുന്നത് നിയന്ത്രിക്കണമെന്നും ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന ഒരു പ്രധാന നിർദ്ദേശമാണ്. ജനങ്ങളുടെ സൗകര്യാർത്ഥം കൂടുതൽ ലെററർ ബോക്സുകൾ സ്ഥാപിച്ച് ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

കൂടുതൽ വായനശാലകൾ ആരംഭിക്കുകയും ജനങ്ങളെ വായനയിലേക്ക് ആകർഷിക്കാനാവശ്യമായ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്. അനധികൃത മദ്യവിൽപ്പനയും പണം വെച്ചുള്ള ചീട്ടുകളിയും തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്ന് ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ തലത്തിലുള്ളബോധവൽക്കരണ പരിപാടികൾ വ്യാപിപ്പിക്കുകയും അത് ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.

കുറച്ച് നാൾമുമ്പ് നാട്ടിനെയാകെ വെളിച്ചത്തിലേക്ക് നയിച്ച ഒരു യജ്ഞമായിരുന്നു സാക്ഷരതപ്രവർത്തനം. പൂർണ്ണമല്ലെങ്കിലും കുറെയേറെ നേട്ടങ്ങൾ നമ്മുടെ നാടിനു അത്മൂലം നേടിയെടുക്കാൻ കഴിഞ്ഞിട്ട് ജനങ്ങളെ അജ്ഞതയുടെ ലോകത്തുനിന്നും കൈപിടിച്ചുയർത്തുന്നതിന് സഹായകരമായ ആ പദ്ധതി മാറി വന്ന ചില പ്രത്യേക പരിതസ്ഥിതിയിൽ നിന്ന് പോവുകയാണ് ഉണ്ടായത്. ഇത് തുടർന്ന് കൊണ്ട് പോവുകയും പൂർണ്ണമായ അർത്ഥത്തിൽ തന്നെ വിജയിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി തുടർ സാക്ഷരത പരിപാടിയും വയോജന വിദ്യാഭ്യാസവും പുനഃരാരംഭിക്കണം.

## ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങൾ

1 ദാരിദ്ര നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി നൽകുന്ന ധനസഹായം വേണ്ട രീതിയിൽ ഉപയോഗപ്പെടുന്ന തരത്തിലല്ല വിതരണം ചെയ്യുന്നത്.

2 പെൻഷൻ പോലുള്ള പദ്ധതികൾ അർഹരായവർക്ക് ലഭിക്കുന്നില്ല.

3 വായ്പകളുടെ അമിതമായ പലിശ നിരക്ക് ഗുണഭോക്താവിനെ തുക തിരിച്ചടക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു.

4 ട്രൈസം പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5 1, 2, 10 എന്നീ വാർഡുകളിൽ മഹിളാസമാജങ്ങൾ ഇല്ല.

6 4-ാം വാർഡിൽ പ്രവർത്തിക്കുന്ന ഉഷസ് മഹിളാസമാജത്തിന് ആവശ്യമായ സഹായം ലഭിക്കുന്നില്ല.

7 10-ാം വാർഡിലേക്ക് ഒരു റേഷൻ കട അനുവദിക്കണം.

8 7-ാം വാർഡിൽ അമ്പലകുളം നികത്തി വായനശാലയും കമ്മ്യൂണിററി ഹാളും നിർമ്മിക്കണം.

9 6, 7, വാർഡുകളിൽ മാവേലി സ്റേറാർ) അനുവദിക്കണം.

10 6-ാം വാർഡിലെ മഹിളാസമാജത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധന സഹായം ചെയ്യണം.

11 5-ാം വാർഡിലെ മഹിളാസമാജം പുനഃരുദ്ധരിക്കണം. കൂടാതെ ഒരു ഗ്രന്ഥശാലയും ഒരു കളർ ടെലിവിഷനും സ്ഥാപിക്കണം. വടക്കേ അടുവാശ്ശേരിയിൽ ആരോഗ്യ ഉപകേന്ദ്രം അനുവദിക്കണം.

12 വാഹനങ്ങളിൽ മണ്ണടിക്കുന്നതു മൂലമുള്ള പൊടിശല്യം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

13 ബ്ലോക്ക് വഴി അഞ്ച് വയസിൽ താഴെയുള്ള കുട്ടികൾക്ക് കൊടുത്തിരുന്ന കഞ്ഞിയും പയറും പുനഃസ്ഥാപിക്കണം

14 എല്ലാ വാർഡിലും അംഗൻവാടികൾ ആരംഭിക്കണം

15 പൊതുവിതരണ കേന്ദ്രങ്ങൾ ആവശ്യത്തിനനുസരിച്ച് ഇല്ല

16 10-ാം വാർഡിലെ കളത്തിക്കടവ്, 4-ാം വാർഡിലെ കായകൂടം കടവ്, ഇടവഴിക്കടവ്, തടിക്കൽക്കടവ്, എന്നിവിടങ്ങളിൽ കുളിക്കടവുകൾ സ്ഥാപിക്കണം.

17 5-ാം വാർഡിൽ ഒരു റേഷൻകട അനുവദിക്കണം

## സാദ്ധ്യതകൾ

1 ദാരിദ്ര നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നൽകുന്ന സഹായ തുക വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നവയ്ക്ക് മാത്രം നൽകുക

2 പെൻഷൻ, മററ് ധനസഹായങ്ങൾ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും അർഹരായവർക്ക് മാത്രം കിട്ടുന്നുള്ളൂ എന്നി ഉറപ്പ് വരുത്തുകയും ചെയ്യുക

3 ട്രൈസം പദ്ധതി സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കുക

4 ആററുപുറം വാർഡിലെ അമ്പലക്കുളം നികത്തി വായനശാല കമ്മ്യൂണിററി ഹാൾ എന്നിവ നിർമ്മിക്കാവുന്നതാണ്

# സംസ്കാരം

ഗതകാലജീവിതം അവശേഷിപ്പിക്കുന്ന മൂല്യങ്ങൾ അതാണു സംസ്കാരം. ഇത് ഒരു തുടർച്ചയാണ്. പരിവർത്തന വിധേയവു മത്രേ. ആര്യദ്രാവിഡ സംസ്കാരം വാർത്തെടുത്തല്ല രൂപപ്പെട്ടതാണ്. ജനകീയാസൂത്രണം തന്നെ ഒരു പുത്തൻ വികസന സംസ്കാരമാണെന്നു പറയാം. ചരിത്രം അവശേഷിപ്പിച്ചു പോയിട്ടുള്ള നീക്കിയിരിപ്പിനെ നാം തേച്ചുമിനുക്കിയെടുക്കണം. പഴയതിനെ പുച്ഛരിക്കുന്നതു നന്നല്ല. നമ്മുടെ സംസ്കാരത്തെക്കുറിച്ചുള്ള അഭിമാനം കൈവെടിയരുത്. നമ്മുടെ സംസ്ഥാനത്ത് കീഴ്ശ മുന്നേററം ചെറുതല്ല, പാശ്ചാത്യ മിഷനറിമാർ സാംസ്കാരിക രംഗത്ത് വളരെയേറെ ചെയ്തു എന്നതു ശരി എന്നാൽ ഇൻഡ്യൻ ജനതയുടെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ മുതലെടുത്തു. അതൊരു ചൂഷണമായിരുന്നു അനാചാരങ്ങളോടൊപ്പം നമ്മുടെ സമ്പത്തും ചോർന്നു പോയതു നാം അറിഞ്ഞില്ല. കാവു തീണ്ടാൽ കുളം വററില്ല. സർപ്പക്കാവ് അന്ധ വിശ്വാസത്തിന്റെ ചിഹ്നമാണ്. അതുവെട്ടി. കുളം വററുകയും ചെയ്തു. നിത്യകല്യാണി ബ്ലഡ് ക്യാൻസറിനു പററിയ പ്രത്യേകൗഷധമാണെന്നു ആധുനിക വൈദ്യശാസ്ത്രം തെളിവു നൽകുന്നു. നമ്മൾ അതും വെട്ടി പകരം അക്കേഷ്യ നട്ടു.

കാലാകാലങ്ങളിലായി ഇവിടെ നിലനിന്നു പോന്നിട്ടുള്ള സമുദായ സൗഹാർദം നല്ലൊരു മാതൃകയാണ്. സാംസ്കാരിക രംഗത്ത് വിവിധ മതങ്ങളുടെ സംഭാവന കരുത്തുററതാണ്. ഉൽസവങ്ങൾ, പെരുന്നാളുകൾ, സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വാർഷികങ്ങൾ എന്നിങ്ങനെ അവയുടെ പട്ടിക നീണ്ടുപോകുന്നു. ആദ്യമായി ഈ ഗ്രാമാതിർത്തിയിലുള്ള സംസ്കാര കേന്ദ്രങ്ങളിലൂടെ ഒരു വിഗ്രഹ വീക്ഷണം ആരംഭിക്കട്ടെ. പുരാതന കാലം മുതലേ നമ്മുടെ സംസ്കാര കേദാരമായിരുന്ന ദേവാലയം മുതൽ ആരംഭിക്കാം.

## ചെറിയതേയ്ക്കാനം ചിറമുഖംവിഷ്ണു ക്ഷേത്രം

നരസിംഹമൂർത്തി, അവതാരോദ്ദേശ്യമായ ഹിരണ്യ കശിപു നിഗ്രഹത്തിനുശേഷം ഹിരണ്യ പുത്രനായ പ്രഹ്ളാദന്റെ ഭക്തി നിറഞ്ഞ സ്തുതി കേട്ട് കോപം കെട്ടടങ്ങി ഭക്തന് അനുഗ്രഹം നൽകുന്ന ഭാവമാണു പ്രതിഷ്ഠ. കുംഭമാസത്തിലെ 8 ദിവസം ഉൽസവമുണ്ടാകും.

## തേൻതുരുത്തിക്കാവ് ഭഗവതി ക്ഷേത്രം

വിഷ്ണു ക്ഷേത്രത്തോടു ചേർന്നു സ്ഥിതി ചെയ്യുന്നു. ദാരുക വധത്തിനു ശേഷമുള്ള ഉഗ്രരൂപിയായ ഭദ്രകാളിയാണു പ്രതിഷ്ഠ. വർഷക്കാലം മുഴുവൻ ശ്രീകോവിലിനു മുകളിലുള്ള ദ്വാരത്തിൽ കൂടി മഴവെള്ളം വിഗ്രഹത്തിന്റെ ശിരസ്സിൽ വീഴുന്നു. അതിനാൽ നനദുർഗ എന്നും പറയും. ഈ രണ്ടു ക്ഷേത്രങ്ങളും നൂററാണ്ടുപഴക്കമുള്ളതാണ്.

## ചാലാക്ക കടുവക്കാവ് ഭഗവതി ക്ഷേത്രം

ദാരുകവധവുമായി ബന്ധപ്പെട്ടുള്ള പ്രതിഷ്ഠ. കുരുതി, വിശേഷിച്ച് കുഷ്മാണ്ഡ ഗുരുതി (കുമ്പളങ്ങ കുരുതി) ശത്രുസംഹാര, പുഷ്പാഞ്ജലി മുതലായചടങ്ങുകൾ പ്രധാനം. മകരമാസത്തിലെ ഭരണിയാണ് ഉൽസവദിനം. താലപ്പൊലി പ്രധാന ഇനമാണ്. 1984 ൽ പുനഃപ്രതിഷ്ഠയും നടത്തി.

## ആറാപുറം രുദ്രമാലാ ഭഗവതി ക്ഷേത്രം

ദാരുകവധത്തിനു ശേഷം കോപം കെട്ടടങ്ങിയിട്ടില്ലാത്ത രൂപമാണു പ്രതിഷ്ഠ. പാനിറ, ദേവികളം, യക്ഷിക്കളംഇവയുണ്ട് മുത്തപ്പൻ സർപ്പം ഉപപ്രതിഷ്ഠകൾ, പട്ടു കൊടുക്കൽ പ്രധാന വഴിപാട്. ഉൽസവം മീനമാസത്തിലെ ഭരണി നാളിൽ.

## പാർത്ഥസാരഥി ക്ഷേത്രം

ചാലക്കുടിയാറിനോടു ചേർന്നു സ്ഥിതി ചെയ്യുന്നു. കുരുക്ഷേത്രത്തിൽ തേരുതെളിക്കുന്ന രൂപം.1994 ൽപുനഃപ്രതിഷ്ഠ. നിത്യപൂജയുണ്ട്. ഗണപതിഹോമം, അർച്ചന ഉൽസവമില്ല.

## അയിരൂർ ഷാരയ്ക്കൽ ദുർഗാ ക്ഷേത്രം

പരശുരാമൻ സ്ഥാപിച്ച 98 ക്ഷേത്രങ്ങളിൽ ഒന്നാണത്രെ ഇത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രം. നിത്യപൂജയുണ്ട്. കുരുതി, പുഷ്പാഞ്ജലി, അർച്ചന, തുലാഭാരം എന്നിവ പ്രധാന അനുഷ്ഠാനങ്ങൾ. ഓടക്കുഴൽ ഊതുന്ന ഗോപാലകൃഷ്ണൻ ഉപപ്രതിഷ്ഠ വൃശ്ചിക മാസത്തിലെ കാർത്തികയാണ് ഉൽസവനാൾ. ക്ഷേത്രം ടിപ്പുവിന്റെ ആക്രമണത്തിൽ നശിച്ചുപോയത്രേ. 1990 ൽ പുതുക്കി പണിതു.

## നാവല്ലൂർ ശിവക്ഷേത്രം

കുന്നുകരയുടെ കിഴക്കേ അററത്ത് L. P സ്കൂളിന് അല്പം വടക്കു മാറി സ്ഥിതി ചെയ്യുന്ന നാവല്ലൂർ പറമ്പ് പല കാരണങ്ങളാലും അറിഞ്ഞിരിക്കേണ്ടതു തന്നെ. രണ്ടു കൊല്ലം മുമ്പ് ആർക്കിയോളജി വകുപ്പുകാർ ഖനനം നടത്തി ക്ഷേത്ര പരിസരത്തു നിന്ന് കുറെ ചരിത്രാവശിഷ്ടങ്ങൾ കണ്ടെടുത്തു. 1000 കൊല്ലത്തിനപ്പുറം പഴക്കമുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടു. തെക്കെ അടുവാശ്ശേരിയിൽ മാളിയേക്കൽ മനയാണ് ഈ ക്ഷേത്രത്തിന്റെ ഊരാഴ്മ. പണ്ട് അവിടെ നിത്യവും പൂജയുണ്ടായിരുന്നു. ആണ്ടിലൊരിക്കൽ വാരവുമുണ്ടാകും. ക്ഷേത്രങ്ങളിൽ വച്ചു നടത്തുന്ന സദ്യയാണു വാരം. അന്നു അടുത്ത പ്രദേശത്തുള്ള അനേകം ബ്രാഹ്മണർ ഒത്തുകൂടുമായിരുന്നു. പിൻകാലത്ത് ജൻമി സമ്പ്രദായത്തിനുണ്ടായ തകർച്ച ദൈവങ്ങളെയും ബാധിച്ചു. കുറെക്കാലമായി അവിടെ നടക്കുന്ന ആഘോഷം മണ്ഡലക്കാലത്തേതാണ്. മണ്ഡലം പിറന്നാൽ എന്നും പൂജയും ഭജനയും വഴിപാടും മറെറല്ലാ അനുഷ്ഠാനങ്ങളും ഉണ്ടാവുകയായി. വിളക്ക് വളരെ മോടിയായിരിക്കും. അന്നത്തെ എതിരേൽപ്പ് എല്ലാവരേയും ആകർഷിക്കുന്നു ജാതിമത ഭേദമെന്യേ ആളുകൾ എതിരേല്പിൽ പങ്കെടുക്കുകയും കാവടി തുള്ളുകയും ചെയ്യുന്നു. പറയെടുപ്പും പതിവു പടി വഴിപാടുകളും ഉണ്ടാകും. അമ്പലമുററത്ത് 8 ആകൃതിയിലുള്ള ഇരട്ട കിണർ പ്രസിദ്ധം. ശിവനാണ് പ്രതിഷ്ഠ. കാവൽ നിൽക്കുന്ന നന്ദിയും അവിടെയുണ്ട്.

## പടുവത്തിൽ തേവർ

നഷ്ട പ്രതാപങ്ങളോടെ വാഴുന്ന ഒരു തേവർ. ഇടപ്രാമ്പിള്ളി മനയോടു ചേർന്ന ക്ഷേത്രം. ശ്രീകൃഷ്ണനാണു പ്രതിഷ്ഠ അഞ്ജനക്കല്ലിൽ നിർമ്മിച്ച വിഗ്രഹം. പാൽപ്പായസം പ്രധാന നിവേദ്യം. അമ്പലക്കുളം വളരെ വലുത്. കൂട്ടുകുടുംബ തകർച്ച തേവരേയും ബാധിച്ചു. പത്താമുദായം നാളാണ് പ്രധാന ഉത്സവം 6 ദിവസത്തെ ആഘോഷങ്ങൾക്ക് ആന നിർബന്ധം. കലാപരിപാടികൾ അനവധി വലിയ വിളക്കും എതിരേല്പും വെടിക്കെട്ടും വെറും ഓർമ്മകൾ മാത്രം. ഇന്നും നിത്യവും രണ്ടു നേരം പൂജയുണ്ട്. ഉത്സവം നാമമാത്രമായി കൊണ്ടാടുന്നു.

## വേങ്ങപ്പിള്ളി ഭദ്രകാളി ക്ഷേത്രം

കുന്നുകരയിലെ കണലിപ്പൊക്കത്തിനു വടക്കു ഭാഗമാണ് വേങ്ങപ്പിള്ള പ്പറമ്പ്. വളരെ പഴക്കമുള്ള ഒരു ക്ഷേത്രമാണിത്. മാസത്തിലൊരിക്കൽ പൂജ. അവിടെ പ്രസിദ്ധി കേട്ട ഒരു പടിപ്പുര മാളികയുണ്ടായിരുന്നു. ആദ്യകാലത്തെ വിദ്യാകേന്ദ്രമായിരുന്നു ആ പടിപ്പുര മാളിക. ഇപ്പോഴും അവിടെയും

ഉള്ള പടുക്കൂററൻ ആലും, സർപ്പക്കാവും അതിൻെറ പഴക്കം വിളിച്ചു പറയുന്നു. വവ്വലുകളുടെ സങ്കേതമായിരുന്നു ആ ആൽമരം. കശുമാങ്ങയും പഴുക്കടയ്ക്കയും ഈമ്പിക്കുടിക്കുന്ന 'കിഴുക്കാംചാതി' ഇക്കാലത്ത് അപൂർവ്വമായി വേങ്ങപ്പിള്ളിയിൽ വരുന്ന വിരുന്നുകാരായി മാറിയിരിക്കുന്നു.

## കൂട്ടാല ഭഗവതി ക്ഷേത്രം

കൊച്ചി ദേവസ്വത്തിൽ പതിനെട്ടര കൂട്ടാലകളുള്ളതിൽ അരകൂട്ടാലയാണ് ഈ ക്ഷേത്രം. തിരുവഞ്ചിക്കുളം ദേവസ്വമാണ് ഊരാഴ്മ. 200കൊല്ലത്തിലധികം പഴക്കമുണ്ട്. ദാരുകനെ വധിച്ച രൗദ്രഭാവത്തിലുള്ള ദേവിയാണ് പ്രതിഷ്ഠ. നനദുർഗയാണ്.

## കളരിക്കൽ ഭഗവതി ക്ഷേത്രം

3-ാം വാർഡിലെ മറെറാരു ക്ഷേത്രം ചുററും നെൽപ്പാടങ്ങൾ കളരിക്കുറുപ്പൻമാരുടെ അധീനത്തിലായിരുന്നു. നാട്ടുകാരുടെ ഉത്സാഹത്തോടെ പുനരുദ്ധാരണംനടത്തി. കുംഭമാസത്തിൽ 3 ദിവസത്തെ ഉത്സവം. കളമെഴുത്തും പാട്ടും നടക്കുന്നു.

## മാളിയേക്കൽ ഭഗവതി ക്ഷേത്രം

മാനത്തിൽ പകുതി മകരാമററം എന്ന് കാരണവൻമാരുടെ ചൊല്ല്. മാനത്തിനുകീഴെ പകുതി ഭാഗവും മാരാമററത്തു മനവക എന്നുസാരം. അതിൻെറ ഒരു ഘടകമാണ് തെക്കെ അടുവാശ്ശേരിക്കരയുടെ തെക്കു പടിഞ്ഞാറു ഭാഗത്തു പുഴയോടു ചേർന്ന് സ്ഥിതി ചെയ്യുന്ന മാളിയേക്കൽ മന. മനയോടു ചേർന്ന് ഭഗവതിയെ പ്രതിഷ്ഠിച്ചിരിക്കുന്നു. മാളിയേക്കൽ ഭഗവതിയും, കോവാട്ട്, അകത്തൂട്ട്, കുററ്യാൽ ഭഗവതിമാരും ജ്യേഷ്ഠാനുജത്തിമാരാണെന്നു സങ്കല്പം. മകരാമററം മനയിൽ നിന്നും ഒരു കാരണവർ ഒരു ഓലക്കുടയുമായി ഇന്നത്തെ മാളിയേക്കൽ മനഭാഗത്ത് ചെന്നു. ഓലക്കുട താഴെ വച്ച് പുഴയിൽ ഇറങ്ങി കുളിയും ജപവും കഴിഞ്ഞ് കുടയെടുത്തപ്പോൾ പോരുന്നില്ല കുട ഉറച്ചിരിരിക്കുന്ന മകരാമററത്തെ ഭഗവതി ആ ഓലക്കുടയിലൂടെ ഇവിടെ വന്നെന്നും അതുകൊണ്ട് ഭഗവതിയെഇവിടെ പ്രതിഷ്ഠിച്ചെന്നും ഐതിഹ്യം. മാളികയുള്ള മനയാണ് മാളിയേക്കൽ മന. 400 വർഷത്തിൽപരം പഴക്കമുള്ള മാളിക ഇന്നും പൂർണ്ണാരോഗ്യത്തോടെ നിൽക്കുന്നു. ഇത്തരം മാളിക കേരളത്തിൽ അപൂർവ്വമാണ്.

## എരയമ്പലം

കുററിയാൽ ക്ഷേത്രം എരയാൽ ഭഗവതികാവ് എന്നും പറയും. ഭദ്രകാളിയാണ് പ്രതിഷ്ഠ. കോവാട്ടു ഭഗവതിയുടെയും മാളിയേക്കൽ ഭഗവതിയുടെയും ചേച്ചി. മാളിയേക്കൽ മനയാണ് ഊരായ്മ. എങ്കിലും നാട്ടുകാർ ചേർന്ന് വർഷംതോറും മകരച്ചൊവ്വക്ക് കലംപൂശലും അയ്യപ്പൻവിളക്കും നടത്തിപ്പോരുന്നു.

## കുററിപ്പുഴ അകത്തുട്ട് കളരി

ഭരദേവതയും വിഷ്ണു ക്ഷേത്രവും 'വിളിച്ചാൽ വിളി കേൾക്കുന്ന ഭരദേവത' എന്നാണ് കളരിഭരദേവതയെ വിശേഷിപ്പിക്കുക. ബ്രഹ്മണിപ്പാട്ട്, കുരുതി ഏഴുദിവസത്തെ ഉത്സവം, ഒരു മുടിയേററ് 3 ദിവസത്തെ ഭഗവതിസേവ, 3 ദിവസത്തെ പൂജവയ്പ് എന്നിവ മുടങ്ങാതെ നടത്തിവരുന്നു. ആലങ്ങാട്ടു രാജാവിൻെറ പടത്തലവനായി തുളുനാട്ടിൽ നിന്നുംവന്ന കുലസ്നായ്ക്കർ പണികഴിപ്പിച്ചതാണ്. ഇപ്പോഴും അവരുടെ അധീനതയിൽ തന്നെ. 60 വർഷത്തിൽപരം പഴക്കമുള്ള മാളികയും കളരിയും പുരാതന സാമഗ്രികളും ഐതിഹ്യങ്ങളുടെ നിലവറതന്നെയാണ്. യജമാനൻെറ രക്ഷയ്ക്കായി ജീവൻ ബലിയർപ്പിച്ച് മുതലയുടെ വായിലേക്ക് എടുത്തുചാടിയ പട്ടിയും പട്ടിച്ചാത്തവും ഒരു ഉദാഹരണം മാത്രം. വിഷ്ണു ക്ഷേത്രവും കുലസ്നായ്ക്കർ കുടുംബംവക തന്നെ.

## ശ്രീ കോവാട്ടു ഭഗവതീ ക്ഷേത്രം

അടുവാശ്ശേരിയുടെ പടിഞ്ഞാറെ അതിരിൽ പെരിയാറിനോടു ചേർന്നു സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ പ്രധാന പ്രതിഷ്ഠ ഉഗ്രരൂപിയായ ഭദ്രകാളിയാണ്. ആണ്ടു

തോറും 7ദിവസത്തെ ഉത്സവവും പുനഃപ്രതിഷ്ഠാമഹോത്സവവും മകരചൊവ്വയ്ക്കു കലം പൂശലും മുടങ്ങാതെ നടത്തിവരുന്നു. ഉത്സവത്തിലെ മുണ്ടിയൻകളവും, കളമെഴുത്തുപ്പാട്ടും വളരെ പ്രധാനം. ഈ ക്ഷേത്രത്തിലെ ദേവീചൈതന്യത്തിനു 400വർഷത്തിൽപരം പഴക്കം പറയപ്പെടുന്നു.

## കുററിപ്പുഴ ശ്രീരാമഭജനമഠം

വയൽകര തെക്കേ അടുവാശ്ശേരി, വടക്കേഅടുവാശ്ശേരി കുന്നുകര എന്നീ പ്രദേശത്തുള്ളവർക്കു വേണ്ടി അകത്തുട്ടുകുടുംബംസ്ഥാപിച്ചതാണ് ഈ ഭജനമഠം. 20കൊല്ലത്തോളമായി മണ്ഡലമാസം രണ്ടാം ശനിയാഴ്ച അയ്യപ്പൻ വിളക്കും 41ദിവസത്തെ മണ്ഡലപൂജയും നടത്തിവരുന്നു. മകരപ്പൂയത്തോടനുബന്ധിച്ച് നടത്തിയിരുന്ന 'കാവടിയാട്ട'മായിരുന്നു പ്രധാന ആഘോഷം. അടുത്തകാലത്ത് അത് നടത്താറില്ല.

## ആലങ്ങാടുയോഗവും കുററിപ്പുഴയും

ആലങ്ങാടുമുതൽ ഏതാണ്ട് ചാലക്കുടിക്കപ്പുറം വരെ വ്യാപിച്ചു കിടക്കുന്ന ആലങ്ങാടു യോഗക്കാരിൽ കുററിപ്പുഴക്കുള്ളപങ്ക് സ്തുത്യർഹം തന്നെ. ശബരിമലയിൽ ആദ്യമായി വിളക്കുവച്ചത് അലങ്ങാടു യോഗക്കാരും രണ്ടാമതു ആലപ്പുഴക്കാരുമാണെന്നുഐതിഹ്യം. ഇന്നു മുഖ്യസ്ഥാനം ആലങ്ങാടു യോഗത്തിനു തന്നെ ആലങ്ങാടു യോഗത്തിന്റെ മുഖ്യനടത്തിപ്പുകാരും വെളിച്ചപ്പാടും കുററിപ്പുഴക്കാർതന്നെ പന്തളം രാജാവ് ആലങ്ങാട് യോഗത്തിനു സമ്മാനമായി നൽകിയ 'കൊടി' ഇന്നും അമ്മണത്തു ഗോപിനാഥൻ നായരുടെ ഗൃഹത്തിലിരിക്കുന്നു എന്നത് കുററിപ്പുഴക്കാർക്ക് അഭിമാനാർഹമാണ്.

## ഊഴത്ത് അമ്പലം

ഊരുമന കുററിപ്പുഴ (കൃഷ്ണപിള്ളയുടെപത്രഭവനം) യുടെ വകയായിരുന്നു. ഊഴത്ത്അമ്പലം. ഇപ്പോൾ നാട്ടുകാർ കാര്യങ്ങൾ നടത്തുന്നു മുഖ്യപ്രതിഷ്ഠ ഉഗ്രമൂർത്തിയായ ദുർഗ്ഗ. ക്രൗര്യം കുറക്കുന്നതിനു വേണ്ടി വെയിലും മഞ്ഞും മഴയും കൊള്ളുന്നവിധത്തിൽ മേൽക്കൂരയില്ലാത്ത ക്ഷേത്രമാണിത് അതുകൊണ്ട് വനദുർഗ്ഗ എന്നുപറയും. കൃഷ്ണൻ, നാഗരാജാവ്, നാഗയക്ഷി, ഘണ്ടകർണ്ണൻ, ഉപപ്രതിഷ്ഠകൾ. ചാക്യാർകൂത്ത് കൃഷ്ണനാട്ടം ഓട്ടംതുള്ളൽ തുടങ്ങി പുരാതന കലാരൂപങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആണ്ടുതോറും 7 ദിവസത്തെ ഉത്സവം കൊണ്ടാടുന്നു. ഒരു ദിവസത്തെ കളമെഴുത്തുപാട്ടും താലപ്പൊലിയും ആണ് ഏററവും പ്രധാനം

## വാസുദേവപുരം ശ്രീകൃഷ്ണ ക്ഷേത്രം

തെക്കെ അടുവാശ്ശേരിക്കരയുടെ വടക്കുകിഴക്കെ മൂലയിൽ ഒരു ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം ഇന്ന് ജീർണ്ണതയുടെ പടിവാതിൽക്കലാണ് ഇപ്പോൾ ആഘോഷം നാമമാത്രമായി മാത്രം മാർത്താണ്ഡവർമ്മ മഹാരാജാവ് പിള്ളമാരിൽ നിന്നു രക്ഷപ്പെടാൻ അഭയം തേടിയത് വയലിക്കോടത്തു മനയിലായിരുന്നു. തിരുമേനി രാജാവിനെ നിലവറയിലിട്ടു പൂട്ടി താക്കോൽ ആവണിപ്പലകയുടെ അടിയിൽ വച്ച് അതിൻമേലിരുന്നു. എട്ടുവീട്ടിൽ പിള്ളമാരെ തിരുമേനി തന്ത്രപൂർവ്വം തിരിച്ചയച്ചു. അങ്ങനെ മാർത്താണ്ഡ വർമ്മയെ പോററി സംരക്ഷിച്ചതിന് പ്രതിഫലമായി 'പോററി' എന്ന സ്ഥാനപ്പേരു നൽകി. വാസുപുരത്ത് മനയോടു ചേർന്ന് ചേകൽ തമ്പുരാനെ കുടുംബ പരദേവതയായി പ്രതിഷ്ഠിച്ചിട്ടുണ്ട്. ഏഴ് ചൂരൽ വടിയാണ് പ്രതിഷ്ഠ.

## ചേറേറ്റുപ്പിള്ളി ഭഗവതി ക്ഷേത്രം

നിരവധി ഉപപ്രതിഷ്ഠകളോടെ കാരണവന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ക്ഷേത്രം 'കൊല്ലമാരുടെ അമ്പലം' എന്നറിയപ്പെടുന്നു. മുമ്പ് ഒരു ശൂലം മാത്രമുണ്ടായിരുന്നുള്ളു എന്ന് പഴമക്കാർ പറയുന്നു. 25 വർഷമായി പുരോഗതിയുടെ പാതയിലാണ്.

## അമ്മണത്ത് കാരണവമാരുടെ ക്ഷേത്രവും ആലുക്കൽ ഭഗവതി ക്ഷേത്രവും

കേൾവികേട്ട കൊരട്ടി വാരണാട്ടു കുടുംബക്കാർ ഇവിടെ മുടങ്ങാതെ മുടിയേററം കളമെഴുത്തും പാട്ടും നടത്തി വരുന്നു. അമ്മണത്തെ വിളക്ക് പ്രസിദ്ധമാണല്ലോ.

## കൊടശ്ശ്

തെക്കെ അടുവാശേരിയിൽ തുരുത്തിയേത്തുവീട്ടുപറമ്പിൽ(വെണ്ണപ്പറമ്പ്) സ്ഥാപിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ കാരണവമാരെ പ്രതിഷ്ഠിച്ചിരിക്കുന്നു. പുളിയാംപുള്ളി, ചാവുണ്ണി, കണ്ടാരമുത്തപ്പൻ എന്നിവർ പുറം പ്രതിഷ്ഠകളും ഒരു കോവിലിനകത്ത് വടക്കും തെക്കും ഭാഗങ്ങളിൽ യഥാക്രമം മുത്തപ്പൻ, ചാത്തൻ, എന്നീ പ്രതിഷ്ഠകളുമുണ്ട്. മകര ചൊവ്വക്കു കലംപൂശൽ ഇപ്പോഴും നടന്നു വരുന്നു.

## മാലായിക്കുന്ന് ധർമ്മശാസ്താ ക്ഷേത്രം

അടുവാശേരി വെളവല്ലൂർ മനവക ക്ഷേത്രം. പ്രധാന പ്രതിഷ്ഠ അയ്യപ്പനാണ്. എറണാകുളം ജില്ലയിൽ വളരെ ചുരുക്കമായി കാണുന്ന അയ്യപ്പ ക്ഷേത്രങ്ങളിലൊന്ന്. ഉൽസവങ്ങളും ആഘോഷങ്ങളുമുണ്ടായിരുന്ന ഈ ക്ഷേത്രം ഇന്ന് തർക്ക ഭൂമിയായിത്തീരുകയും തുടർന്ന് പൂജാദികൾ മുടങ്ങി ജീർണ്ണിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

## കുററിപ്പുഴ സെ: സെബാസ്ററ്യൻസ് പള്ളി

1899 ഫെബ്രുവരി 13നു സ്ഥാപിച്ചു നൂറിലധികം വരുന്ന ക്രിസ്ത്യൻ കുടുംബങ്ങളേ അന്നുണ്ടായിരുന്നുള്ളു. കുന്നുകര തെക്കു വടക്കോട്ടുള്ള കുടുംബങ്ങൾ കുത്തിയതോടു പഴയ പള്ളിയിലും, തെക്കുഭാഗത്തുള്ളവർ ആലങ്ങാടും പോയിരുന്നു. ഭക്ത സംഘടനകൾ, സാധുജനസഹായസംഘം വിൻസെൻറുഡിപോൾ സൊസൈററി, ലൈബ്രറി ഇങ്ങനെ വിവിധ മേഖലകളിൽ പള്ളിയുടെ സേവനം നിസ്തുലവും വിപുലവുമാണ്. ഇതുവരെ 750ലധികം പേർക്ക് പാർപ്പിട സഹായം നൽകിയിട്ടുണ്ട്. സാധുജനസഹായത്തിൽ ജാതിമത കക്ഷി വ്യത്യാസങ്ങൾ നോക്കാറില്ല. 1948-ൽ ആരംഭിച്ച ക്രിസ്തുരാജ് ഹൈസ്ക്കൂൾ അന്നു വികാരിയായിരുന്ന ഫാ. ജോസഫ് പുതുവയുടെ ശ്രമഫലമാണെന്ന കാര്യം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. 1968ൽ ഹൈസ്ക്കൂൾ ആയി ഉയർത്തുന്നതിലേക്ക് കുററിപ്പുഴ കൃഷ്ണപിള്ള സാറിന്റെ ശ്രമം ശ്ലാഘനീയമാണ്. പള്ളിയിലെ പ്രധാന പെരുന്നാൾ ഫെബ്രുവരി രണ്ടിനുശേഷം വരുന്ന രണ്ടാമത്തെ ഞായറാഴ്ചയായിരിക്കും. 4ദിവസത്തെ ആഘോഷങ്ങളും അഞ്ചാംപക്കം സിമിത്തേരി സന്ദർശനവു കഴിഞ്ഞ് പെരുന്നാൾ സമാപിക്കുന്നു. തലേ നാളായ ശനിയാഴ്ച എല്ലാ കരകളിലേക്കും അമ്പെടുക്കുന്നു. തലേന്നും പിറേറന്നുമായി പ്രദക്ഷിണം നടക്കുന്നു. ഇടവകാംഗങ്ങൾ എല്ലാവരും തന്നെ ഇതിൽ പങ്കെടുക്കും. പൊൻവെള്ളിക്കുരിശുകൾ മുത്തു കുടകൾ, ചെണ്ട, തപ്പ്, ബാൻറ് തുടങ്ങിയ താളമേളകൊഴുപ്പോടെ മന്ദം മന്ദം നീങ്ങുന്ന പ്രദക്ഷിണം ആളുകൾക്കു ഹരം പകരുന്നു. അതു കുന്നിൽ വി. കൊച്ചുത്രേസ്യയുടെ കപ്പേള വരെ നീളും. ഏതു പ്രദക്ഷിണവും നാട്ടിൽ പൊതുവെയുണ്ടാക്കുന്ന ഗതാഗതക്കുരുക്കുകളെ ഇവിടെ മറക്കുന്നില്ല. ഈ തടസം എല്ലാവരും ഉൾക്കൊള്ളുന്നു എന്നത് ഒരു സുകൃതമാണ്.

പണ്ടുകാലത്തു നാടകങ്ങൾ നാട്ടിലുള്ളവർ തന്നെ അഭിനയിക്കുമായിരുന്നു. കർട്ടനും പെട്രോമാക്സും വാടകക്ക് എടുക്കും, കുടിലിൽ നടക്കുന്ന കഥയ്ക്കു പിന്നണി കർട്ടൻ കൊട്ടാരമായിരിക്കും. എങ്കിലും ആളുകൾ സഹിക്കുകയും രസിക്കുകയും ചെയ്യുമായിരുന്നു. പുരുഷനെ വേഷം കെട്ടിച്ചു സ്ത്രീയാക്കും. ചിലപ്പോൾ ഒത്തിരിക്കും. ചിലതു മോശമാകും. എങ്കിലും നാട്ടിലുള്ള പരിചയക്കാർ ആണു പെണ്ണായും, ചക്രവർത്തിയും ഭിക്ഷക്കാരനും മററുമായി വരുന്നതു ഒരു കൗതുകം തന്നെയാണ്. ഏതാനും ദിവസത്തേക്ക് സംസാര വിഷയം ഈ നാടകമായിരിക്കും. നടമാരെ മാററിയും മറി

ച്ചും കലഹിച്ചും നാടകപാനം തന്നെ ഒരു മാസമെടുക്കും. ചിലപ്പോൾ കൂടുതൽ സമ്മാനമായി ലഭിച്ചെന്നും വരും. ഇത്തരം നാടകങ്ങൾ ഇന്നും അപൂർവ്വമായി നടക്കുന്നുണ്ട്.

കുററിപ്പുഴ പള്ളിയോടനുബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ മിക്കവാറും മററു പള്ളികൾക്കും യോജിക്കുന്നവയാണ്. മററു പള്ളികളെക്കുറിച്ച് പറയുമ്പോൾ അത്തരം കാര്യങ്ങൾ ആവർത്തിക്കുന്നതല്ല.

## വി: കൊച്ചുത്രേസ്യയുടെ കപ്പേള

ആദ്യകാലത്ത് അവിടെ ഒരു കുരിശുമാത്രമാണുണ്ടായിരുന്നത്. അമ്പതുവർഷങ്ങൾക്കുമുമ്പ്. പിന്നീട് ഒരു കപ്പേളയായി. വി. കൊച്ചുത്രേസ്യയെ പ്രതിഷ്ഠിച്ചു അതോടെ ചിലഅത്ഭുതങ്ങളും ഇഷ്ടകാര്യസിദ്ധിയും ചിലർക്ക് അനുഭവമായി ഇന്നും അതുനില നിന്നുപോരുന്നതായി പലരും വിശ്വസിക്കുന്നു. ജാതിമത ഭേദമന്യേ ആളുകൾ വി:കൊച്ചുത്രേസ്യയുടെ അനുഗ്രഹം തേടുന്നു.

## കുത്തിയതോട് St. സേവ്യർ ചർച്ച്

ഏകദേശം 200 വർഷം പഴക്കമുള്ള ഈ പള്ളി 1948 ൽ പുതുക്കി പണി ചെയ്തു. പള്ളിയും ഷെവ: തച്ചിൽ കുഞ്ഞുവറീതുമായുള്ള ബന്ധം പ്രസിദ്ധം. നവംബർ 30 നാണ് ഇവിടത്തെ പെരുന്നാൾ. തുലാസ് പിടിച്ചു നിൽക്കുന്ന മിഖായേൽ മാലാഖയുടെ രൂപം മറെറാരിടത്തുമില്ലാത്ത കാഴ്ചയാണ് മരണശേഷം ഓരോരുത്തരുടെയും നന്മ തിന്മകൾ തൂക്കി നോക്കുന്നതായിട്ടുള്ള ഭാവന. നന്മയുടെ തട്ടു താണിരുന്നാൽ നിത്യായുസിലേക്ക് പ്രവേശിക്കാമെന്ന് സങ്കല്പം. ഇവിടത്തെ പെരുന്നാളിനു ഒരു പ്രത്യേകതയുണ്ട് പലതരം ചേമ്പുകൾ, കാച്ചിൽ നനകിഴങ്ങ്, ചെറുകിഴങ്ങ് തുടങ്ങിയവിത്തുകളും, ചട്ടി, കലം, പായ, തൂമ്പ, പറ, ഇടങ്ങഴി, ഉലയ്ക്ക, തുടങ്ങിയ വീട്ടുപകരണങ്ങളും പെരുന്നാളിനു എത്തുന്നു. കിഴക്കൻ പ്രദേശങ്ങളിൽനിന്ന് ഫർണിച്ചറും വില്പനക്കു വരും. സ്വദേശക്കാർക്ക് അവ കൊള്ളാനും കൊടുക്കാനും ഇത് അവസരം നൽകുന്നു. വള, മോതിരം, മാല എന്നിവ ചാർത്തുകഇവിടത്തെ പ്രധാന വഴിപാടാണ്.

ഹോളി ഏയ്ഞ്ചൽസ് കോൺവെന്റുകാർ നടത്തുന്ന പീയൂസ് 12, 15 ഹോസ്പിററലും വൃദ്ധ ജനങ്ങൾക്കുവേണ്ടിയുള്ള സെൻറ് ജോസഫ്സ് ഹോമും പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഹോസ്പിററലിനു കെട്ടിടവും സൗകര്യങ്ങളും ദാനം ചെയ്ത ഷെവ: കുഞ്ഞുവറീതിനെ പ്രത്യേകം സ്മരിക്കുന്നു.

## കുത്തിയതോട് സെൻറ് തോമസ് പള്ളി (പഴയപള്ളി)

A D. 1301 ൽ സ്ഥാപിച്ചു. 1975 ൽ പുതുക്കി പണിയിച്ചു. സെൻറ് തോമസ് സെൻറ് ജോസഫ്, സെൻറ് മേരി ഇവരുടെ കലാമൂല്യമുള്ള പോർട്ടുഗീസ് ശിൽപ്പങ്ങൾ അവിടെയുണ്ട്. വ്യാകുലമാതാവിന്റെ രൂപവും, (പിയാത്ത), ഉയർപ്പു രൂപവും, മാതാവിന്റെ സാൽവേ രൂപവും മികവുററതു തന്നെ. ജനുവരി ആദ്യ ഞായർ പ്രധാന പെരുന്നാൾ. 4 ദിവസത്തെ ആഘോഷം. സെൻറ് തോമസ് അഡോറേഷൻ കോൺവെൻറ് നിസ്തുലമായ സേവനം കാഴ്ചവയ്ക്കുന്നു. കൂടാതെ C. L. C., വിൻസെൻറു ഡിപോൾ സൊസൈററി, വിമൺ വെൽഫയർ, തയ്യൽ പഠന കേന്ദ്രം, ബാലവാടി സാമ്പത്തിക അടിസ്ഥാനത്തിൽ ഭവന നിർമ്മാണം അങ്ങനെ ബഹുമുഖ സേവന രംഗങ്ങളിൽ പള്ളി മുൻകയ്യെടുക്കുന്നു. എല്ലാ പള്ളികളോടും ബന്ധപ്പെട്ട് ഇത്തരം പ്രവർത്തനങ്ങളുണ്ട് എന്ന് ആവർത്തിച്ച് പറഞ്ഞുകൊള്ളട്ടെ.

## മല്പാനേററ്

പണ്ട് വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്ന ഒരു കേന്ദ്രമായിരുന്നു മല്പാനേററ് ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മൽപാനും വിദ്യാർത്ഥികളും പാലായ്ക്കടുത്തുള്ള മുട്ടുചിറയിലേക്ക് പലായനം ചെയ്തു. പഴയപള്ളി അക്കാലത്ത് നശിപ്പിക്കപ്പെട്ടു. തച്ചിൽ മാത്തുതരകൻ പള്ളി പുതുക്കി പണിതു അന്നത്തെ അൾത്താര കൊത്തുപണികൾ നിറഞ്ഞതായിരുന്നു

## അങ്കമാലി പടിയോല

കേരള തിരുസഭാചരിത്രത്തിലെ ഒരു പ്രധാനഏട്. മാത്തുതരകന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ വച്ചുകൂടിയ യോഗതീരുമാനപ്രകാരം പോർട്ടുഗീസ് രാജ്ഞിക്ക് അയച്ച നിവേദനമാണ് ഇത്. മാത്തുതരകന്റെ സ്മാരകസ്തൂപം പള്ളിക്ക് 100മീററർ പടിഞ്ഞാറു മാറി സ്ഥിതി ചെയ്യുന്നു. സെൻറ് തോമസ് ആർട്ട്സ് സൊസൈററി 3 വർഷമായി പ്രവർത്തിച്ചു പോരുന്നു.

## St. ആൻറണീസ് ചർച്ച് അയിരൂർ

1925 സെപ്തംബർ 8 ന് സ്ഥാപിച്ചു. 1976 മുതൽ വികാരി സ്ഥിരമായിട്ടുണ്ട്. നവംബർ അവസാന ഞായറാഴ്ച പ്രധാന പെരുന്നാൾ. മൂന്നുദിവസത്തെ ആഘോഷം. പുണ്യവാന്റെ രൂപത്തിൽ മോതിരം, മാല ചാർത്തൽ പ്രധാന വഴിപാട്. കരിമരുന്നു പ്രയോഗം പണ്ടേ കേൾകേട്ടതു തന്നെ. സംഘടനാ രംഗത്തും സേവനരംഗങ്ങളിലും ഇതര പള്ളികളെപ്പോലെ തന്നെ ശോഭിക്കുന്നു. തുടക്കം മുതലെ തന്നെ St. തോമസ് ഹൈസ്ക്കൂളിനെ നല്ല നിലയിലെത്തിച്ച ശ്രീമാൻ K. K. ജോർജ് മാസ്ററെ ഇവിടെ പ്രത്യേകം സ്മരിക്കുന്നു. (ഹെഡ്മാസ്റററായിരുന്ന ജോർജ് മാസ്ററർ കഴിഞ്ഞ വർഷം റിട്ടയർ ചെയ്തു). ആരാധനാമഠത്തിന്റെ ഒരു ശാഖ ഇവിടെയുണ്ട്. നിസ്സഹായരായ വൃദ്ധജനങ്ങൾക്ക് വേണ്ടി ശാന്തിനിവാസ് എന്ന സ്ഥാപനവും അവർ നടത്തുന്നു. പള്ളിയുടെ കീഴിൽ സെൻറ് ജോർജിനെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു കപ്പേളയുണ്ട് ഏപ്രിൽ മാസത്തിൽ പെരുന്നാൾ കൊണ്ടാടുന്നു.

വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള ‘പ്രണിധാൻ ഹർമ്മ്യം’ എന്ന ഒരു മഠം അയിരൂരിലുണ്ട്. അതിനോടനുബന്ധിച്ച് ഒരു ചാപ്പലുമുണ്ട്.

## ജുവാൻജ്യോതി ആശ്രമം

1992 ൽ തുടങ്ങിയ മറെറാരു ആശ്രമം വൈദിക വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള തിയോളജി ഹോം ആണിത് തേലത്തുരുത്തിലുള്ള ഉണ്ണിമിശിഖാപള്ളി ഈ ആശ്രമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

## ജുമാമസ്ജിദുകൾ

ഈ പഞ്ചായത്തിൽ ആകെ 3ജുമാമസ്ജിദുകളുണ്ട്. വയൽകര, കുന്നുകര, ചാലാക്ക എന്നിവിടങ്ങളിൽ. ഏററവും പഴക്കമുള്ളതു വയൽകരയിലുള്ളതാണ്. അടുത്തത് കുന്നുകര2-ാം വാർഡിലുള്ളതും ഇവ രണ്ടുമാണ് ഏററവും പ്രധാനം. ഈ മസ്ജിദുകളിലേ കബറടക്കമുള്ളൂ.

## ചാലാക്ക ജുമാമസ്ജിദ്

മാഞ്ഞാലി ജുമാമസ്ജിദിന്റെ കീഴിലുള്ള ജുമാമസ്ജിദ്. ഇവിടെ വെള്ളിയാഴ്ച നമസ്കാരമുണ്ട്. ഭക്തജനങ്ങളുടെ സൗകര്യത്തിനു വേണ്ടിയുള്ള ഒരു ക്രമീകരണം. കബറടക്കം മാഞ്ഞാലിപ്പള്ളിയിലായിരിക്കും. കുന്നുകര 2-ാം വാർഡിലും വയൽകര പടിഞ്ഞാറു ഭാഗത്തും തെക്കെ അടുവാശേരിയിലുമുള്ളതാണ് മററുനമസ്കാരപ്പള്ളികൾ. തെക്കെ അടുവാശേരിയിലുള്ള പള്ളി ‘മുഹ്യിദീൻ മസ്ജിദ്’ എന്നപേരിൽ അറിയപ്പെടുന്നു. പാലപ്രശേരി ജുമാമസ്ജിദാണു പ്രധാന പള്ളി. വെള്ളിയാഴ്ച ജുമായും കബറടക്കവും അവിടെയാണ്:

## മസ്ജിദുകൾക്കുള്ള ചില പ്രത്യേകതകൾ

സ്വത്തുക്കളില്ല പൊന്നും വെള്ളിയുമില്ല നിത്യനിദാന ചെലവുകൾ സമുദായം നിർവ്വഹിക്കുന്നു. ഈശ്വരോപാസന തന്നെ പ്രധാനം. അഞ്ചു പ്രാവശ്യം നമസ്കാര സമയം വിളിച്ചറിയിച്ചു കൊണ്ടുള്ള ബാങ്കു വിളിയല്ലാതെ മററു കോലാഹലങ്ങളൊന്നുമില്ല ഒച്ചപ്പാടും ബഹളവും ജാടകളൊന്നുമില്ലാതെ ഈശ്വരനെ ധ്യാനിക്കാമെന്ന് മസ്ജിദുകൾ മൂകമായ ഭാഷയിൽ നമ്മോടു ഓതുന്നു.
പള്ളിയോടു ചേർന്നു മദ്രസകളുണ്ട്. മതപഠന കേന്ദ്രങ്ങളാണവ. മദ്രസകളും നടത്തികൊണ്ടു പോകുന്നതു സമുദായമാണ്. കബ്ററടക്കിയ കുഴികൾ തുറക്കാറില്ല. സ്ഥലപരിമിതിയുള്ള പട്ടണങ്ങളിൽ തുറന്നെന്നു വരും. മറവു ചെയ്യുന്നതിനു പ്രത്യേക ഫീ

സില്ല. കവി ഭാഷയിൽ പറഞ്ഞാൽ സ്ഥാന വലിപ്പമോ, പ്രഭുത്വമോ, സജ്ജാതിയോ. ഇല്ല സാക്ഷാൽ അദ്ധ്യാത്മ വിദ്യാലയം തന്നെയാണ് മസ്ജിദുകളിലെ ശ്മശാനം എന്നു പറയാം.

## കുന്നുകര ജവഹർ ലൈബ്രറി

കുററിപ്പുഴ കൃഷ്ണപിള്ള സ്മാരക ലൈബ്രറി സ്ഥാപിതമായപ്പോൾ അതിൻെറ പേര് ജവഹർ ലൈബ്രറി എന്നായിരുന്നു. പഞ്ചായത്ത് കാമ്പൗണ്ട് അതിൻെറ 3-ാം മത്തെ ഇല്ലമാണ്. ഇന്ന് ലൈബ്രറിക്ക് നല്ല കെട്ടിടവും മററു സൗകര്യങ്ങളുമുണ്ട്. എന്തെങ്കിലുമൊരു കുറവുണ്ടെങ്കിൽ വായനക്കാരില്ല എന്നതു മാത്രം. ഇന്നുള്ള കെട്ടിടവും സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് സഹായിച്ചവർ പലരുമുണ്ട്. എങ്കിലും അന്നത്തെ പഞ്ചായത്തു പ്രസിഡൻറായിരുന്ന ശ്രീ. പ്രഭാകരൻ പിള്ളയുടെ നാമം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു.

ഗ്രാമങ്ങളിലെ സർവ്വകലാശാലകളാണ് വായനശാലകളെന്ന് മഹാൻമാർ പറയുന്നു കുററിപ്പുഴ സാറിൻെറ അശ്രാന്ത ശ്രമം കൊണ്ട് നമ്മുടെ നാട്ടിലും അങ്ങനെയൊരു സർവ്വകലാശാല ഉയർന്നുവന്നു. മിക്ക പുസ്തകങ്ങളും അദ്ദേഹത്തിൻെറ സംഭാവനയായിരുന്നു. ആദ്യം അത് ഒരു ചെറിയ മുറിയിൽ തുടങ്ങി. കുറച്ച് പുസ്തകങ്ങൾ ഒരു അലമാര. കുറേനാൾ കഴിഞ്ഞപ്പോൾ സ്വന്തം കെട്ടിടത്തിലേക്ക് മാറി. അതിനുള്ള സ്ഥലം അമ്മണത്തു രാമൻനായർ ദാനംചെയ്തു. അക്കാലങ്ങളിൽ ജവഹർ ലൈബ്രറിയുടെ വാർഷികം ഗ്രാമത്തിലെ ഏററവും വലിയ സാംസ്കാരിക മേളയായിരുന്നു. ചിലപ്പോൾ ആഘോഷങ്ങൾ ദിവസങ്ങളെടുക്കും. മഹാകവി ജി. ശങ്കരകുറുപ്പ് യുക്തിവാദി M. C. ജോസഫ് കാരൂർ നീലകണ്ഠപിള്ള K. P. കേശവമേനോൻ, പുത്തേഴത്തു രാമൻമേനോൻ, ആനി തയ്യിൽ പ്രൊഫ: M. ലീലാവതി പനമ്പിള്ളി ഗോവിന്ദമേനോൻ, സുകുമാർ അഴീക്കോട് ഇങ്ങനെ കേരളത്തിലെ മുൻപന്തിയിൽ നിൽക്കുന്ന മഹാരഥൻമാർ ഈ വാർഷികം പ്രമാണിച്ചു ഇവിടെ എത്തിനോക്കിയവരിൽ ചിലർ മാത്രം അവരെ കാണാനും ചെവികൊള്ളാനും കഴിഞ്ഞത് അന്നുണ്ടായിരുന്നവരുടെ ഭാഗ്യം, ഒരു വാർഷികത്തോടനുബന്ധിച്ച് കലാമണ്ഡലം കൃഷ്ണൻ നായരുടെ പൂതനാമോക്ഷം അരങ്ങാടിയത് ഇന്നും ഓർക്കുന്നവരുണ്ടാകും

വളരെക്കാലം പ്രതിഫലമില്ലാതെ സേവനം ചെയ്ത ലൈബ്രേറിയൻ വേലുണ്ണി ആശാനെ വിസ്മരിക്കുക വയ്യ. ജോലിയിൽ നിന്നു പിരിഞ്ഞു പോയതിനു ശേഷം ലൈബ്രറിയുടെ ശോച്യാവസ്ഥയെകുറിച്ചു പറയുമ്പോഴെല്ലാം ആശാൻെറ കണ്ണു നിറയും. അങ്ങനെ വിങ്ങിപ്പൊട്ടി കരച്ചിലിൽ അവസാനിക്കും. ഓരോ പുസ്തകം കൊടുക്കുമ്പോഴും തിരിച്ചെടുക്കുമ്പോഴും പേജ് പോലും നോക്കി പരിശോധിച്ച് അടയാളം വച്ച മടക്കുകൾ നിവർത്തി ഉറപ്പുവരുത്തുന്ന വേലുണ്ണി ആശാൻെറ ആത്മാവ് ഇന്നത്തെ നിലകണ്ട് പിടയുന്നുണ്ടാകണം. ഇന്ന് ശമ്പളം പററുന്ന ലൈബ്രേറിയനുണ്ട്. 2 മുതൽ 5 മണിവരെ പ്രവർത്തിക്കുന്ന ഇന്നത്തെ രീതി വായനക്കാർക്കു വേണ്ടിയാണെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. പാററ, ഇരട്ടവാലൻ തുടങ്ങിയ 'പ്രമാണി' മാർക്കു വായിച്ചു രസിക്കാൻ പററിയ ഇന്നത്തെ രീതി മാററിയെ പററൂ നാട്ടുകാർക്കു ലൈബ്രറിയുമായി ആകെ ഒരു ബന്ധം ലൈബ്രറിസെസ്സ് കൊടുക്കുന്നു എന്നതുമാത്രമായിട്ടുണ്ട്.

## ഡിവൈൻ ലിററററി സൊസൈററി ലൈബ്രറി

കുററിപ്പുഴ പള്ളിയങ്കണത്തിൽ 199_ൽ ഈ പേരിൽ ഒരു ലൈബ്രറി ആരംഭിച്ചു. ജനങ്ങളിൽ നിന്ന് നല്ല പ്രതികരണമായിരുന്നു. 500 നല്ല പുസ്തകങ്ങൾ ആരംഭത്തിൽ തന്നെ സ്വരൂപിച്ച് 130 വരിക്കാരും, സ്ഥാപനാംഗങ്ങൾ വേറെ. ER-6/94 എന്ന നമ്പറിൽ രജിസ്ററർ ചെയ്തു. അതിൻെറ നേതൃത്വത്തിൽ കുടുംബ ദൂത് എന്ന മാസികയും തുടങ്ങി. രണ്ടു ലക്കം പുറത്തു വന്നു പുസ്തകങ്ങൾ മിക്കവാറും ആളുകൾ വായിച്ചു. ഒന്നു രണ്ടു വർഷമായി ആ സ്ഥാപനവും മരവിച്ചു നിൽക്കുന്നു. സഹകരിക്കേണ്ടവർ നിസ്സഹകരിച്ചാൽ ഇതും ഇതിലപ്പുറവും സംഭവിക്കും.

## സെവൻ സ്ററാഴ്സ് കുററിപ്പുഴ

ആണ്ടുതോറും ക്രിസ്തുരാജ് ഹൈസ്ക്കൂൾ മൈതാനിയിൽ അരങ്ങേറുന്ന ഫുട്ബാൾ മേള ഈ ക്ലബ്ബിൻെറ സംഭാവനയത്രെ അവശതകളേറെയുണ്ടെങ്കിലും പ്രവർത്തകരുടെ ഉശിരുകൊണ്ട് അതു നിലകൊണ്ടു പോരുന്നു. നാട്ടുകാരുടെ സഹകരണവും പ്രസ്താവ്യമത്രെ.

## കുത്തിയതോട് K. F. C. A. R. C. ക്ലബ്

(കുത്തിയതോട് ഫാർമേഴ്സ് ചാരിററബിൾ റിക്രിയേഷൻ ക്ലബ്ബ്)

ഈ പ്രദേശത്തിൻെറ എന്നല്ല അടുത്തുള്ള പ്രദേശങ്ങളുടെ ആകെത്തന്നെ ക്ലബ്ബുകളുടെ മാതാവ് എന്ന് വിശേഷിപ്പിക്കാവുന്ന ഒരു സ്ഥാപനമാണിത്. നൂററാണ്ടുപഴക്കം ചെന്നാൽ അതിൽ അതിശയോക്തിയില്ല. 5 സെൻറു സ്ഥലത്ത് വിശാലമായ ഹാളുകൾ ഉൾക്കൊള്ളുന്ന സ്വന്തമായ കെട്ടിടം. ഇരിപ്പിട സൗകര്യങ്ങൾ വൃദ്ധരും മദ്ധ്യവയസ്ക്കരും ചെറുപ്പക്കാരും വിശ്രമവേളകളിൽ അവിടെ ഒത്തു കൂടുന്നു. ഇതിൻെറ സ്ഥാനം കുത്തിയതോട് പടിഞ്ഞാറെപള്ളിജംഗ്ഷനാണ്. ക്ലബ്ബിൻെറ പ്രധാന ഉദ്ദേശ്യം വെറും വിനോദം മാത്രമല്ല. നിർധനരെ പഠനം, രോഗാവസ്ഥ തുടങ്ങിയ അവസരങ്ങളിൽ സഹായിക്കുക എന്നത് തന്നെ പ്രധാനമായ ലക്ഷ്യം.

## ഗ്രാമിക കുററിപ്പുഴ

മുമ്പ് ഒരു വായനശാല നടത്തിയിരുന്നു സ്വന്തമായ കെട്ടിടമില്ലാതിരുന്നതിനാൽ വായനശാലയുടെ പ്രവർത്തനം നിർജ്ജീവമായി. പുതുതായി വാങ്ങിയ ഭൂമിയിൽ വായനശാലക്കുള്ള കെട്ടിടം അർദ്ധ പൂർണ്ണാവസ്ഥയിൽ നിൽക്കുന്നു. ഓണം തുടങ്ങിയ വിശേഷ ദിവസങ്ങൾ കൊണ്ടാടുന്നു. ഗ്രാമിക എന്ന കൈയെഴുത്തു മാസികയും നടത്തുന്നു.

## സിൽവർസ്ററാർ ആർട്ട്സ് & സ്പോർട്ട് ക്ലബ്

വയൽകര ആസ്ഥാനം. സ്വന്തമായി മന്ദിരമില്ല. വാർഷികാഘോഷം മുടക്കാറില്ല. രജിസ്റേറഡ് സംഘടനയാണ്.

## സിൽഫിലിയ ആർട്ട്സ് & സ്പോർട്ട്സ്

1988 ൽ രജിസ്ററർ ചെയ്തു. തെക്കെ അടുവാശ്ശേരിയാണ് കേന്ദ്രം. ഭേദപ്പെട്ട നിലയിൽ ഓണവും വാർഷികവും ആഘോഷിക്കുന്നു.

## പ്രിയദർശിനി N. അടുവാശ്ശേരി

ദേശീയമായ ആഘോഷങ്ങൾ കൊണ്ടാടാറുണ്ട്. ഇപ്പോൾ പ്രവർത്തനമില്ല.

## യുവധാര തിയേറേറഴ്സ് N. അടുവാശ്ശേരി

മുമ്പ് നാടകട്രൂപ്പായിരുന്നു. ഓണം ആഘോഷിക്കാറുണ്ട് ഇക്കൊല്ലം അഖില കേരള വടംവലി മത്സരം നടത്തി.

## മഹിളാസമാജം N. അടുവാശ്ശേരി

പാറക്കടവ് ബ്ലോക്കിലെ ആദ്യത്തെ സമാജം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. 30 സെൻറ് സ്ഥലവും കെട്ടിടവുമുണ്ട്. കുട്ടികൾക്ക് പോഷകാഹാര പരിപാടി നടക്കുന്നുണ്ട്. നല്ലനിലയിൽ പ്രവർത്തിക്കേണ്ടതുണ്ട്.

## മെറിൽബോൺ ആർട്ട്സ് & സ്പോട്ട്സ്, കുന്നുകര Reg: No. 313/92

സജീവമായ പ്രവർത്തനം 2 ക്യാൻസർ ക്യാമ്പ് 2 നേത്രചികിത്സാക്യാമ്പ് 2 ആരോഗ്യ സെമിനാർ ഈ കാലഘട്ടത്തിനിടക്ക് നടത്തിയിട്ടുണ്ട്. നെഹ്റു യുവകേന്ദ്രവുമായി അഫിലിയേററു ചെയ്തിരിക്കുന്നു. രജിസ്ട്രേഷൻ പുതുക്കുന്നതിൽ ഇന്നോളം വീഴ്ച വരുത്തിയിട്ടില്ല.

സാംസ്ക്കാരിക രംഗത്തെക്കുറിച്ച് വാർഡുതല ഗ്രൂപ്പുകളുടെ അഭിപ്രായം എന്താണെന്ന് പരിശോധിക്കാം. ഗ്രന്ഥശാലകളെക്കുറിച്ചുള്ള പരിദേവനമാണു പ്രധാനം. 2-ാം വാർഡിലെ കൃഷ്ണപിള്ള സ്മാരക ലൈബ്രറി ഉഷാറാക്കണമെന്ന് 1-ാം വാർഡുകാരും X-ാം വാർഡുകാരും ആവശ്യപ്പെടുന്നു. 3-ാം വാർഡിലെ കാരയ്ക്കാത്തുരുത്തിൽ, വായനശാലക്കുള്ള സ്ഥലം തരാമെന്ന് 'മൈനാകം' സാംസ്ക്കാരിക വേദി ഉറപ്പു നൽകുന്നു. അയിരൂരിൽ അടുത്ത കാലം വരെ പ്രവർത്തിച്ചു പോന്ന ജനത ലൈ

ബ്രറി പുനരുദ്ധരിക്കണമെന്ന് അവിടെയുള്ളവരുടെ നിർദ്ദേശം. കുററിപ്പുഴയിലെ 'ഗ്രാമിക' ഗ്രന്ഥാലയത്തിനുള്ള കെട്ടിടം സൗകര്യപ്പെടുത്തി തരാമെന്നു ഏൽക്കുന്നു. അങ്കണവാടികളും പ്രീപ്രൈമറി വിദ്യാലയങ്ങളും മിക്കപേരും ആവശ്യപ്പെട്ടിരിക്കുന്നു. ചിലരുടെ ആവശ്യം ഉള്ളതു നല്ലനിലയിൽ പ്രവർത്തിക്കണമെന്നാണ്. അതുപോലെ മഹിസമാജം, പാരമ്പര്യകലകളുടെ പുനരുദ്ധാരണം, നാടകസംഘം, വയോജന വിദ്യാഭ്യാസം, പാരലൽ കോളേജ്, വാർഡുതോറും കായികമേള, പൊതുമൈതാനം അങ്ങനെ സാംസ്ക്കാരികോന്നമനത്തിന് ഉതകുന്നതെന്തല്ലാമോ അതെല്ലാം എല്ലാവരും ഉന്നയിച്ചിട്ടുണ്ട്. ടി. വി. സ്ഥാപിച്ചു കിട്ടണമെന്നാണ് മറെറാരാവശ്യം. സാഹിത്യ ലോകത്ത് ലബ്ധ പ്രതിഷ്ഠ നേടിയ 'കുററിപ്പുഴ' എന്ന പേര് നിലനിർത്തി മുന്നോട്ടു പോകുന്ന കുററിപ്പുഴ രാധാകൃഷ്ണനെ 1-ാം വാർഡുകാർ പ്രത്യേകം അനുമോദിക്കുന്നു. ഈ രംഗത്ത് പ്രതിഭാശാലികൾ പലരും നമ്മുടെയിടയിലുണ്ട്. ഡോ: ഇന്ദുകുമാർ ശ്രീ. A. കുമാരൻ (A. K. കുററിപ്പുഴ) എന്നിവരെ പ്രത്യേകം സ്മരിക്കുന്നു. ഉദ്യോഗം അവരുടെ പ്രതിഭയെ ഞെരുക്കിക്കളഞ്ഞില്ലേ എന്ന് സംശയിച്ചു പോകുന്നു.

എല്ലാവരും തന്നെ എടുത്തു പറഞ്ഞിട്ടുള്ള മറെറാരാവശ്യം പ്രത്യേകം സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഉപരിപഠന സൗകര്യം സെക്കൻററി സ്ക്കൂൾ, കോളേജ് I. T. I. പോളി ടെക്നിക് അങ്ങനെ പോകുന്നു പട്ടിക ഇത് ഏററവും ആവശ്യമാണെന്നതിനു സംശയമില്ല. അതുപോലെ പഞ്ചായത്തിലെവിടെയെങ്കിലും കേന്ദ്രീകരിച്ച് ഒരു ലൈബ്രറിയും ആവശ്യമാണ്. നമ്മുടെ കുട്ടികൾ പുസ്തകങ്ങൾ തേടി എറണാകുളം പബ്ലിക് ലൈബ്രറി വരെ അന്വേഷിച്ചു പോകുന്നു. കുട്ടികളുടെ പഠനത്തിൽ T. V. വരുത്തിവച്ച വിന പലരും ചൂണ്ടിക്കാണിക്കുന്നു. മലയാള സിനിമ കണ്ടില്ലെങ്കിൽ പിന്നെ ജീവിതമില്ല എന്ന മട്ടാണ് പലർക്കും. സ്ത്രീകൾ പ്രത്യേകിച്ചും. സിനിമ ഒഴിവാക്കാൻ പറഞ്ഞുപോയാൽ സ്ത്രീകൾ മുഖം വീർപ്പിക്കും T. V യിലൂടെ നമ്മുടെ മുറിക്കകത്തു കടന്നു വരുന്ന അശ്ലീലവും ചിലർ സൂചിപ്പിക്കുന്നു. അശ്ലീല പോസ്ററുകളും മതസൗഹാർദ്ദം ഹനിക്കുന്ന ചുമരെഴുത്തുകളും അവസാനിപ്പിക്കണം. പട്ടണത്തിലെന്തും നടക്കട്ടെ. 'നൻമകളാൽ സമൃദ്ധമായ നാട്ടിൻ പുറങ്ങ'ളുടെ സൗഭാഗ്യം കെടാതെ നോക്കണം

N. അടുവാശ്ശേരിയിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു മഹിളാസമാജമുണ്ടായിരുന്നു. ആ സ്ഥലവും കെട്ടിടവും നശിച്ചു കൊണ്ടിരിക്കുന്നു. അതു പുനഃരുദ്ധരിക്കണം. ആററുപുറത്തെ അമ്പലക്കുളം ഒരു പൊതു സാംസ്ക്കാരിക വേദിയായി കെട്ടിപ്പെടുക്കണം. നാടൻ പന്തുകളിയുടെ ഈററില്ലമായിരുന്നു അയിരൂർ ആററുപുറം പ്രദേശങ്ങൾ അതും വീണ്ടെടുക്കണം. നാടൻ കളികളായ കുട്ടിയുംകോലും, കിളിത്തട്ട്, കോട്ടകളി, ഒന്നും ഇന്നില്ല. ഉണ്ടവച്ചു കളിക്കാത്തതുകൊണ്ട് സുല്ലുപറിച്ചിലുമില്ല തല, ഒററ, ഇരട്ട, കാക്കൂട് സാദ, മുറി, നാഴി അയ്ററി, ആറേക്കുകൾ എല്ലാം നാടുനീങ്ങി ആ സ്ഥാനം പിച്ചും, ക്രിസും ഇന്നിംഗ്സും ക്യാച്ചും കാബ്ലിയും കൂബ്ലേയും മൂങ്ങയും കൈയടക്കി.

1 നമ്മുടെ പഞ്ചായത്തിൻെറ അതിർത്തിക്കകത്തെങ്ങും ഒരു നല്ല പൊതു കളിസ്ഥലമില്ല ഉള്ളത് എതാനും സ്കൂൾ ഗ്രൗണ്ടുകളാണ്. അതിൻെറ പരിമിതി സ്ഥിത വിവരകണക്കുകളിൽ നിന്നു മനസ്സിലാക്കാം. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായി നാലു പൊതു മൈതാനമെങ്കിമെങ്കിലും ഉണ്ടാകേണ്ടത് അവശ്യം. പണ്ടുകാലത്ത് പാടങ്ങൾ, പറമ്പുകൾ ഒഴിഞ്ഞു കിടക്കുമായിരുന്നു. വിശാലമായ ഇടങ്ങൾഇന്നും നമുക്ക് കിട്ടാനുണ്ട്. പൊതുജനങ്ങളും പഞ്ചായത്തും ഒത്തൊരുമിച്ച് പരിഹാരം കാണണം.

2 കാലത്തെ അതിജീവിക്കുന്ന ക്ലബ്ബുകൾ നാട്ടിൽ വളരെ കുറവ് സ്വന്തമായി കെട്ടിടമില്ലാത്തതു തന്നെ പ്രധാന കാരണം സ്ഥലമോ, കെട്ടിടമേ ഇല്ലാത്തിടത്ത് അവയുണ്ടാക്കുന്നതോടൊപ്പം ഉള്ളിടത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

3 വയോജന വിദ്യാഭ്യാസം, ആരോഗ്യ രംഗത്തെക്കുറിച്ച് ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങളിൽ ക്ലബ്ബുകൾക്കു നേതൃത്വം കൊടുക്കാൻ സാധിക്കും.

# ★ വനിതാ ക്ഷേമം ★

നമ്മുടെ സംസ്ഥാനത്തിന്റെ വികസനമുരടിപ്പിന്റെ കാരണങ്ങളിൽ ഒന്ന് വികസനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പല രംഗങ്ങളിലും സ്ത്രീകൾ അദൃശ്യരാണെന്നും അതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്നും വിദഗ്ധൻമാർ നിർദ്ദേശിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ ഉയർന്നതാണ്. മൊത്തം ജനസംഖ്യയിൽ 9653 പേർ പുരുഷൻമാരും 10089 പേർ സ്ത്രീകളുമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ പുരുഷൻമാരോടൊപ്പം നിൽക്കുന്നുണ്ടെങ്കിലും തൊഴിൽ രംഗങ്ങളിലും പൊതുപ്രവർത്തനരംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തമില്ലായ്മ നിഴലിച്ചു കാണുന്നു. പലപ്പോഴും തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നതായാണ് കാണുന്നത്. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്തതായിരിക്കാം ഇതിന് ഒരുകാരണം. മറ്റൊന്ന് രൂക്ഷമായ തൊഴിലില്ലായ്മയാണ് അഭ്യസ്ത വിദ്യരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ ഇത് ഒരു അനുമാനത്തിലെത്താനെ കഴിയൂ. കുടുംബപരമായ കാരണങ്ങളാലും സാമൂഹ്യപരമായ ചില തെറ്റായ ധാരണകളാലും സ്ത്രീകൾ ഉൾവലിയുന്നുണ്ടെന്നതും ഒരു യാഥാർത്ഥ്യമാണ്. ''സ്ത്രീകളെക്കൊണ്ട് തൊഴിൽ ചെയ്യിക്കുന്നത് ശരിയല്ല'' എന്നുള്ള തെറ്റായ ധാരണ പുരുഷൻമാരിലുണ്ടെന്ന് പല വനിതകളും ചൂണ്ടികാണിക്കുന്നു. സ്വന്തം കാലിൽ നിൽക്കാനും പുരുഷൻമാരോടൊപ്പം മറ്റു തൊഴിലുകളിൽ ഏർപ്പെടാനുമുള്ള സാഹചര്യം ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് മറ്റു ചിലർ അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടും തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാകാനുള്ള കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്.

കാർഷിക മേഖലയിലും ഇഷ്ടിക മേഖലയിലുമാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ തൊഴിൽ ചെയ്യുന്നത് ചുരുക്കം ചിലർ നിമ്മാണ തൊഴിലാളികളായുണ്ട്. എന്നാൽ മൊത്തം വനിതകളുടെ ഒരു ചെറിയ ശതമാനം മാത്രമേ ഇത്തരം തൊഴിലുകളിൽ ഉള്ളൂ ഭൂരിപക്ഷം സ്ത്രീകളും 'ഗൃഹഭരണം' എന്ന തരത്തിൽ കുടുംബ ജോലികളിലാണെന്ന് സെൻസസ് റിപ്പോർട്ടുകളിൽ കാണുന്നു. സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന ഒരു കൈത്തറി ശാലയും 2 റെഡിമെയ്ഡ് സെന്ററും രണ്ട് തയ്യൽശാലയും മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾക്ക് നല്ലൊരു ശതമാനം തുക സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്താൻ നമ്മുടെ പഞ്ചായത്തിലെ വനിതകൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതിയെ കുറിച്ചുള്ള അജ്ഞതയും നേതൃത്വപരമായ പങ്കിന്റെ കുറവുമായിരിക്കും ഇതിന്റെ കാരണം.

രോഗാതുരതയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ തന്നെയാണ് മുൻപന്തിയിലെന്ന് P. H. C. മുതലായ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും കിട്ടിയ സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കുന്നു.

1550 പേർ മുലയൂട്ടുന്നമ്മമാരാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും ചികിത്സാ സൗകര്യം സ്വീകരിക്കുന്ന ഗർഭിണികൾ 257 പേരാണ്. 1991 ലെ സെൻസസ് പ്രകാരം ആറ് വയസുവരെയുള്ള കുട്ടികളുടെ അമ്മമാർ 2142 പേരാണ്.

428

വിധവകളായ നിരവധി വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ അവർക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളോ പരിരക്ഷകളോ കിട്ടുന്നില്ലെന്ന് ഗ്രാമസഭകളിൽ നിന്ന് മനസിലാക്കാവുന്നതാണ് നമ്മുടെ ഞ്ചായത്തിലെ മഹിളാ സമാജങ്ങളുടേയും പ്രവർത്തനം തൃപ്തികരമല്ലെന്ന് പറയേണ്ടതില്ലല്ലോ? ഏതാനും ചിലത് നന്നായ് പ്രവർത്തിക്കുന്നുണ്ടെന്നത് ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ഭൗതിക സാഹചര്യങ്ങളുടെ കുറവുകൾ ഇതിൻെറ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ആകെയുള്ള ഒരു അങ്കണവാടിയിൽ മുലയൂട്ടുന്ന 6 അമ്മമാരും ഗർഭിണികളായ രണ്ടു പേരുമാണ് ഉള്ളത് 38 പേർ കുട്ടികളായുമുണ്ട്. ഈ അങ്കണവാടിയുടെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടു പോകേണ്ടതാണ്.

### ഗ്രാമ സഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

- വനിതകൾക്ക് റെഡിമെയ്ഡ് സെൻറർ തുടങ്ങുന്നതിനുള്ള കെട്ടിടവും സ്ഥലവും ഉപകരണങ്ങളും പഞ്ചായത്തിൽ നിന്ന് നൽകണം
- കസേര നെയ്ത്ത്, പശു വളർത്തൽ, കോഴി വളർത്തൽ, തഴപായ് നിർമ്മാണം, പനമ്പ് നിർമ്മാണം, സോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ബാഗ് നിർമ്മാണം, കറി പൗഡർ നിർമ്മാണം, ചിപ്സ് തരങ്ങൾ എന്നീ കുടിലു വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സഹായങ്ങൾ ചെയ്യുക
- പട്ടുനൂൽപുഴു കൃഷി, പൂവ് കൃഷി, കൂൺകൃഷി, എന്നീ കൃഷികൾക്കു വേണ്ട സഹായങ്ങൾ ചെയ്യുക.
- വനിതാ സമാജങ്ങളുടെ നേതൃത്വത്തിൽ അടുക്കള തോട്ടം നിർമ്മിക്കുന്നതിന് വിത്തും വളവും സൗജന്യമായ് നൽകുക.
- സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതിക ട്രെയിനിംഗ് നൽകുക.
- പോഷകാഹാരവും പ്രതിരോധ കുത്തിവെയ്പിനുമുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
- അവശരായ വിധവകൾക്ക് സാമ്പത്തിക സഹായം നൽകുക
- വനിതകൾക്ക് മാത്രമായി ഒരു സഹകരണ സംഘം തുടങ്ങുക
- വായനശാലയുടെ പ്രവർത്തനം സുഗമമാക്കുക
- 4-ാം വാർഡിലെ 'ഉഷസ്' മഹിളാ സമാജത്തിൻെറ കെട്ടിടം പണിക്കാവശ്യമായ സഹായം പഞ്ചായത്തിൽ നിന്നും നൽകുക
- 10-ാം വാർഡിൽ മഹിളാസമാജം രൂപീകരിക്കുക
- 1-ാം വാർഡിലെ ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കു നിർമ്മിക്കുക 1-ാം വാർഡിൽ മഹിളാസമാജം അനുവദിക്കുക
- 6-ാം വാർഡിലെ മഹിളാസമാജത്തിന് കെട്ടിടം അനുവദിക്കുക
- കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, മററ് വനിതകൾക്കുള്ള ആനുകൂല്യങ്ങൾ പഞ്ചായത്ത് വഴി വിതരണം നടത്തുക
- 2-ാം വാർഡിൽ മഹിളാസമാജം അനുവദിക്കുക
- 5-ാം വാർഡിൽ പ്രവർത്തിക്കുന്ന മഹിളാസമാജത്തിന് വേണ്ട സഹായങ്ങൾ നൽകുക
- പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതകൾക്കായ് യൂറിൻ ഷെഡ് നിർമ്മിക്കുക കുട്ടികൾക്കു വേണ്ടി പോഷകാഹാര കേന്ദ്രം ആരംഭിക്കുക
- 9-ാം വാർഡിലെ മഹിളാസമാജത്തിന് കളർ ടി. വി. അനുവദിക്കുക

### സാദ്ധ്യതകൾ

- വനിതകൾക്കായ് പഞ്ചായത്ത് തലത്തിൽ വനിതാ എംപ്ളോയ്മെൻറ് സെൻറർ ആരംഭിച്ച് കുടിൽ വ്യവസായങ്ങൾക്കു വേണ്ട സഹായം ചെയ്തു കൊടുക്കാവുന്നതാണ്
- വനിതാ സഹകരണ സംഘം തുടങ്ങാവുന്നതാണ്
- മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വാളണ്ടിയർ പ്രവർത്തനം തുടങ്ങണം. സംഭാവനകൾ സ്വീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്
- കൂടുതൽ തുക വനിത പ്രവർത്തനത്തിന് മാററി വയ്ക്കണം.
- ബാങ്കുകളുടേയും സഹകരണ സ്ഥാപനങ്ങളുടേയും സഹായം തേടാവുന്നതാണ്

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങളെകുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ നിരവധി കാര്യങ്ങളാണ് നമ്മുടെ മുമ്പിൽ ഉയർന്ന് വരുന്നത്. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് നമുക്ക് വമ്പിച്ച തോതിലുള്ള വിഭവങ്ങൾ കണ്ടെത്തേണ്ടതുണ്ട്. നമുക്കിപ്പോൾ നിലവിലുള്ള സംഖ്യ കൊണ്ടൊന്നും ഇത് സാദ്ധ്യമാകില്ലെന്ന് മാത്രമല്ല, സർക്കാർ അനുവദിക്കുന്ന കൂടുതൽ തുകപോലും നമുക്ക് തികയാതെ വരുമെന്നതിൽ സംശയമില്ല ഇതിനെല്ലാം നാം തന്നെ പരിഹാരം കാണേണ്ടിയിരിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ ധന സ്ഥിതിയെക്കുറിച്ച് ഈ അവസരത്തിൽ നാം പരിശോധിക്കുന്നത് നന്നായിരിക്കും.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | | തുക |
|---|---|---|
| കെട്ടിടനികുതി | — | 198905.75 |
| സർവ്വീസ് ചാർജ്ജ് (ലേലം ഉൾപ്പെടെ) | — | 211809.00 |
| തൊഴിൽനികുതി | — | 85225.00 |
| വിനോദനികുതി | — | 6257.75 |
| അഡീ: വിനോദനികുതി | — | 3826.15 |
| പ്രദർശനനികുതി | — | 2484.00 |
| ,, സർചാർജ് | — | 621.25 |
| മാർക്കററ് | — | 90.00 |
| ലൈസൻസ് ഫീസ് | — | 5245.00 |
| വസ്തു കൈമാററ നികുതി | — | 139395.00 |
| ഡിപ്പോസിററ് | — | 45725.00 |
| മററുള്ളവ | — | 33106.65 |
| ആകെ | — | 732690.45 |

## ചെലവ് സംബന്ധിച്ച വിവരം

| | | |
|---|---|---|
| ഭരണചെലവ് | — | 431841.40 |
| പൊതുമരാമത്ത് | — | 437521.50 |
| വിദ്യാഭ്യാസം | — | 10842.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | — | 31450 00 |
| തെരുവ് വിളക്ക് | — | 76465.00 |
| ആകെ | — | 988119.90 |

പഞ്ചായത്ത് തല വരവ് ചെലവ് കണക്ക് പ്രകാരം 2,55429.45 രൂപ അധിക ചെലവാണെന്ന് നമുക്ക് കാണാവുന്നതാണ്. മുൻനീക്കിയിരിപ്പും സർക്കാർ ഗ്രാൻറുകളുമാണ് പഞ്ചായത്ത് പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്ത് വരുമാനത്തിന്റെ നല്ലൊരു പങ്ക് വഹിക്കുന്നത്, പഞ്ചായത്തതിർത്തിയിലെ മണൽ ലേലവും കെട്ടിടനികുതിയും 70 – ഓളം വരുന്ന വയർകട്ടും മററ് ഇഷ്ടിക വ്യവസായങ്ങളുമാണ്. പുതിയ പരിതസ്ഥിതിയിൽ ഈ വരുമാനങ്ങൾ (കെട്ടിട നികുതി) ഒഴിച്ച് സ്ഥായിയായി നിൽക്കുന്നതല്ലെന്നും കണക്കാക്കുമ്പോൾ നമ്മുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ കണ്ടെത്തേണ്ടതിന്റെ പ്രാധാന്യം മനസിലാക്കാമല്ലോ?

431841.40 രൂപയാണ് നമ്മുടെ ഭരണ ച്ചെലവ് ഭരണച്ചെലവിന്റെ അത്രയും തുക നാം കഴിഞ്ഞ വർഷം നാം പൊതുമരാമത്ത് പണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഓടകൾ നന്നാക്കുന്നതിനും പൊതുജനാരോഗ്യത്തിനും 1,4500 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിഞ്ഞാൽ ഈ ചെലവ് നമുക്ക് കുറയ്ക്കാൻ കഴിയുന്നതാണ്. ഭരണചെലവും പരമാവധി കുറയ്ക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. പൊതു സാമ്പത്തികനില പരിശോധിച്ചാൽ പദ്ധതി വിഹിതവും സർക്കാർ ഗ്രാൻറുകളും ഉൾപ്പെടെ 3627628.95 രൂപയാണ് നമുക്ക് കിട്ടിയിട്ടുള്ളത്. ചെലവ് 1200245.35 രൂപയും 1,20000 രൂപയാണ് മൂലധനം.

പുതിയ വിഭവങ്ങൾ കണ്ടെത്തേണ്ടതിനെക്കുറിച്ച് ചില നിർദേശങ്ങൾ ഗ്രാമ സഭകളിൽനിന്നും വന്നിട്ടുണ്ട് അതിൽ പ്രധാനം പഞ്ചായത്ത് കോമ്പൗണ്ടിൽഷോപ്പിംഗ് കോംപ്ളക്സ് പണിയുകയെന്നതാണ്. മറ്റൊന്ന് വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക പ്രധാന കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് മാർക്കററും പണികഴിപ്പിക്കണമെന്നും നിർദേശങ്ങളുണ്ട്. പഞ്ചായത്ത് അധീനതയിലുള്ള ഭൂമി ഏറ്റെടുത്ത് സംരക്ഷിച്ച് അതിൽ പീടിക മുറികൾ പണിയാവുന്നതാണ്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

## നിർദ്ദേശങ്ങൾ

- വികസന പ്രവർത്തനങ്ങളിൽ യുവാക്കളുടെ കായികശേഷി ഉപയോഗപ്പെടുത്തുക
- ബാങ്കുകൾ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുക
- വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളുടെ സംഭാവനകൾ സ്വീകരിക്കുക
- ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണത്തിനും കേന്ദ്രങ്ങൾ നിർമ്മിക്കുക
- ഇഷ്ടിക കളങ്ങൾക്ക് 10,000 രൂപ ആയി ഫീസ് വർദ്ധിപ്പിക്കുക
- നിലവിലുള്ള കെട്ടിട നികുതി 50% വർദ്ധിപ്പിക്കുക
- മണൽ വാരുന്നതിൽ നിന്നും കിട്ടുന്ന ലേലതുക മുഴുവനായും പഞ്ചായത്തിന് ലഭ്യമാക്കുക
- ഇഷ്ടിക കളങ്ങളുടേയും, വയർകട്ട് യൂണിററുകളുടേയും ലൈസൻസ്ഫീ മിനിമം 2500 രൂപയും പ്രൊഡക്ഷൻ അനുസരിച്ച് 10,000 ത്തിനു മുകളിൽ ഓരോ ആയിരത്തിനും 500 രൂപയും ആക്കുക
- പഞ്ചായത്തിൽ നിർമ്മിക്കുന്ന വലിയ വീടുകൾക്ക് (above 1500 sq. Feet) 2000 രൂപ സർചാർജ് ഈടാക്കുക
- കടകൾക്ക് നൽകുന്ന ലൈസൻസ് ഫീ കടകളുടെ തരമനുസരിച്ച് മിനിമം 500 രൂപയും കൂടിയത് 2500 രൂപയുമാക്കുക
- നെല്ല്, അരിമില്ലുകളുടെ ലൈസൻസ് ഫീ 10,000 രൂപയാക്കുക
- മണ്ണെടുക്കുന്നതിനുള്ള ഫീസ് ഒരു സെൻറിന് 250 രൂപാക്രമത്തിൽ ഈടാക്കുക
- പഞ്ചായത്തിലെ വ്യക്തിഗത വാഹനങ്ങളുടെ നികുതിയിൽ നിന്നും 50% പഞ്ചായത്തിന് ലഭ്യമാക്കുക
- വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഫീസ് ഈടാക്കുക
- കള്ള്ഷാപ്പ് ലേലതുകയുടെ പകുതി പഞ്ചായത്തിന് ലഭ്യമാക്കുക
- അഭ്യുദയകാംക്ഷികളിൽ നിന്ന് ബോണ്ടു വഴി പണം സ്വരൂപിക്കുക
- മത്സ്യം, മാംസം, പച്ചക്കറി എന്നിവയ്ക്കും മററ് ഉൽപ്പന്നങ്ങൾക്കും മാർക്കററ് നിർമ്മിച്ച് നൽകി നിശ്ചിത ഫീസ് ഈടാക്കുക.
- പഞ്ചായത്ത് കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ച് വാടക ഈടാക്കുക
- അമ്മണത്ത് ആലുക്കൽ റോഡ് പുനർനിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾ പഞ്ചായത്ത് സഹായത്തിന് പുറമേ വേണ്ടി വരുന്ന തുകയും മനുഷ്യവിഭവവും നൽകുന്നതാണ്.
- മദ്രസ–മട്ടപ്പുറം റോഡ് പുനർനിർമ്മാണത്തിന് പഞ്ചായത്ത് സഹായത്തിന് പുറമെ പണവും അദ്ധ്വാനവും വാഗ്ദാനം ചെയ്തിരിക്കുന്നു.
- കാരയ്ക്കാതുരുത്തിൽ വായനശാല നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ആ പ്രദേശത്തെ യുവാക്കൾ സൗജന്യമായ് നൽകുന്നതാണ്

431

# ഉപസംഹാരം

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും, വിവിധ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ ആസ്പദമാക്കിയും പ്രായം ചെന്ന നിരവധി കാരണവൻമാരോട് ചോദിച്ചറിഞ്ഞും തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ജനകീയ ആസൂത്രണ പരിപാടിയുടെ മുഖ്യ ലക്ഷ്യം ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുക എന്നതാണ്. നാടിന്റെ വളർച്ച എന്നു പറഞ്ഞാൽ എല്ലാ വിഭാഗം ജനങ്ങളുടേയും സർവ്വതല സ്പർശിയായ വികാസമാണ്. അങ്ങനെയുള്ള നാടിന്റെ വികസനത്തിൽ പങ്കാളിയാകാൻ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

**റിപ്പോർട്ട് തയ്യാറാക്കിയവർ**

1. ശ്രീ. P. L. പൗലോസ് മാസ്ററർ (ജില്ലാ പരിശീലകൻ)
2. ,, I. K. കുഞ്ഞുമോൻ ,,
3. ,, M K. അംബുജാക്ഷൻ നായർ ,,
4. ,, ഫ്രാൻസിസ് തച്ചിൽ ,,
5. ,, A. V. രാജഗോപാൽ (കൃഷിഭവൻ)

**സഹായിച്ചവർ**

V. പൗലോസ് മാസ്ററർ, G. സതീശ് കുമാർ, G. പ്രദീപ് കുമാർ, P. A. ദേവസിക്കുട്ടി, എന്നിവർക്കും വിവിധ വകുപ്പ് മേധാവികളോടും, ജീവനക്കാരോടും മററുള്ളവരോടും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്,

I. K. കുഞ്ഞുമോൻ

(കൺവീനർ)